KOTTAYAM PUBLIC LIBRARY

Call No. 297.12 Acc. No. 86190

Author [illegible]

Title ഖുറാൻ പരിഭാഷ .Vol-I

1057

# ترجمۂ القرآن المجید
# تفسیرِ القولِ البدیع

DISTRICT ... No. ... KOTTAYAM

KOTTAYAM PUBLIC LIBRARY
86190
KOTTAYAM.

★

أفضل العلماء مولانا المولوی الفاضل ابو راجحہ محمد بن عبد القادر البیدشیری الباقوی

3175

اسلامک لٹریچر پبلشنگ ہاؤس بسونگڈی بنگلور

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا

الأحزاب ٣٣

അല്ലയോ (സത്യത്തിൽ) വിശ്വസിച്ചിട്ടുള്ളവരെ,
സാക്ഷാൽ സത്യമായ ദൈവത്തെ ഭയന്നു,
നിങ്ങൾ (ദോഷബാധയെ) സൂക്ഷിക്കുവിൻ;
നിങ്ങൾ പറയുകയും ചെയ്‌വിൻ,
പഴുതടഞ്ഞതായൊരു വാക്കിനെ; (എന്നാൽ)
നിങ്ങൾക്കവൻ നന്നാക്കിത്തീർക്കുന്നതാണ്,
നിങ്ങളുടെ പ്രവൃത്തികളെ;
നിങ്ങൾക്കവൻ പൊറുത്തുതരുന്നതുമാണ്,
നിങ്ങളുടെ പാപങ്ങളെ;
ഇനിയും ആർതന്നെ അനുസരിക്കുന്നു,
സാക്ഷാൽ സത്യമായ ദൈവത്തെ,
അവന്റെ ദൂതനേയും (അനുസരിക്കുന്നു എങ്കിൽ)
അപ്പോൾ അസന്നിഗ്ദ്ധമായിട്ട് അവൻ
നേടിയിരിക്കുന്നു, ഗംഭീരമായൊരു നേട്ടത്തെ.

[ പരിശുദ്ധ ഖുർആൻ സംഹിത 33 രേഖ 70–71 ]

DISTRICT ... LIBRARY KOTTAYAM
DM 3495

# പരിശുദ്ധ ഖുർആൻ പരിഭാഷ

പരിഭാഷകൻ :—

അഫ്സലുൽ-ഉലമാ; അൽ-ഫാസിൽ, അൽ-ബാഖവി

**മൗലവി പി. മുഹമ്മദ് എടശ്ശേരി**

(ഫോർമർ ലക്ചറർ ഇൻ അറബിക്,
മഹാരാജാസ് കോളെജ്, യൂനിവെർസിററി ഓഫ് ട്രാവൻകൂർ &
മെമ്പർ, നിർവ്വാഹകസമിതി, സമസ്തകേരള സാഹിത്യപരിഷത്ത്.)

86190

★

വാല്യം I ഭാഗം I

പ്രസാധകൻ :—

എ. ജെ. ഖലീൽ, ബി.എ., ബി.എൽ., (അഡ്വക്കെററ്)
ഇസ്ലാമിക സാഹിത്യ പ്രസിദ്ധീകരണശാല,
ബാങ്കളൂർ–4.

വിതരണാവകാശികൾ :—

വിശ്വസാഹിതി കൾച്ചറൽ റിസർച്ച് സെൻറർ, ബാങ്കളൂർ–4.

CURRENT BOOKS
PUBLISHERS & BOOK SELLERS
TRICHUR

3175

Islamic World Classics

# THE HOLY QUR'AN

**(Text, literal Translation in blank verse, its Exposition in prose order, Notes and Commentary in Malayalam language)**

*Approved and classified under "A" Grade by the Book Selection Committee of the Central Organisation of Libraries of Travancore Cochin (Kerala State).*
*Ref: General Secretary's Communication, No. 2543 Dated 7th June 1956.*

## VOLUME I — PART I

(Chs. 1 & 2 Verses 1—141)

297.12
MAH K

— ★ —

*Translated by:*

**Afzal-ul-Ulema, Tehsil-ul-Fazil-ul Baquavi**
**MOULVI P. MUHAMMED EDASSERY**
Former Lecturer in Arabic, Maharaja's College, University of Travancore &
Member, Executive Committee Samasta Kerala Sahithya Parishad)

First Impression, Copies 5050
August 1954

— ★ —

*Published by:*
**A. J. KHALEEL, B.A., B.L., (Advocate)**
**THE ISLAMIC LITERATURE PUBLISHING HOUSE**
**BASAVANGUDI : : BANGALORE-4**

— ★ —

*Sole Distributors;*
VISVA-SAHITHI CULTURAL RESEARCH CENTRE, BANGALORE-4.

All Rights including that of reproduction are reserved by the Translator.

DISTRIBUTING LIBRARY,
No.
KOTTAYAM.

TO

HIS EXALTED HIGHNESS

THE NIZAM OF HYDERABAD

The translator dedicates this
Exposition of the Holy Qur'an
in the Language of Kerala
in memory of His Exalted
Highness's kind patronage
conferred upon such works
to disseminate knowledge
to humanity at
large

★

With all humility P. M. Edassery

DISTRIBUTING LIBRARY, No. ............ KOTTAYAM.

بسم الله الرحمن الرحيم

# പ്രസ്താവന

## ചില യാഥാർത്ഥ്യങ്ങൾ

പരിശുദ്ധ ഖുർആൻ മലയാളത്തിൽ പരിഭാഷപ്പെടുത്തുവാൻ പരിശ്രമിക്കുന്നതു ഇതു ആദ്യമായിട്ടല്ല. എന്നാൽ വിശേഷാത്തരമായ പ്രസ്തുത ഗ്രന്ഥത്തിൻെറ തികഞ്ഞ മുപ്പതു ഭാഗങ്ങൾ സമഗ്രമായി, പരിഭാഷയുടെ രൂപത്തിൽ, കേരളത്തിൻെറ ചരിത്രത്തിൽ, മുദ്രാലയത്തിൽ പ്രവേശിക്കുന്നതു ഈയിടെ മാത്രമാണ്. നിങ്ങളുടെ വായനക്ക് ഇപ്പോൾ വിഷയമായിരിക്കുന്നതു അതിൻെറ മുപ്പതു ഭാഗങ്ങളിൽ നിന്നു ഒന്നാമത്തെ ഭാഗമാണ്. ഞങ്ങളുടെ അഭ്യുദയകാംക്ഷികളായ ഓരോ സുഹൃത്തുക്കളുടെയും ക്ഷമയെ പരീക്ഷിക്കരുതെന്നു ഉദ്ദേശിച്ചുകൊണ്ടാണ് ഇതു ഇപ്പോൾ ഇങ്ങിനെ തന്നെ പുറത്തിറക്കുന്നതു്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളേയും ഹാർദ്ദവമായ സഹകരണത്തേയും കാംക്ഷിച്ചുകൊള്ളുന്നു.

## ഖുർആനും കേരള മുസ്ലിംകളും

ഖുർആൻ അതിൻെറ സ്വന്തമായ മൂലഭാഷയിൽ—അറബിയിൽ—ഭംഗിയായി വായിക്കുവാൻ കഴിയാത്തവർ, മുസ്ലിം കേരളത്തിലെ മുതിന്ന കുട്ടികൾക്കിടയിൽത്തന്നെ കാണപ്പെടുകയില്ലെന്നാണറിയുന്നതു. കൂടാതെ ഖുർആനിലും മററു ഖുർആനിക വിജ്ഞാനങ്ങളിലും മഹത്തായ പാണ്ഡിത്യം നേടിയിട്ടുള്ള മതപണ്ഡിതന്മാരും, അതിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പണ്ഡിത സംഘടനകളും കേരളത്തിൽ കുറവല്ല. പക്ഷെ, ഖുർആൻ വായിക്കുവാൻ കഴിയുന്നവരുടെ സംഖ്യ വെച്ചുനോക്കുമ്പോൾ വായിക്കുന്നതു മനസ്സിലാക്കുവാൻ കഴിവുള്ളവരുടെ ശതമാനം വളരെ തുച്ഛമാണ്.

## പരിഭാഷ എന്തിന്നു?

ഖുർആൻ അറബിയിൽ അറിയുകയാണ് മുസ്ലിമിൻെറ കടമ. പരിഭാഷ ഖുർആനിന്നു പകരമാവുകയില്ലതന്നെ. ഖുർആൻ മനസ്സിലാക്കി വായിക്കുവാനുതകുന്ന വിധത്തിൽ ഓരോ മുസ്ലിമും അതു പഠിക്കുകയാണ് വേണ്ടതു്. എന്നാൽ ഈ ലക്ഷ്യത്തിൽ എത്തുന്നതിന്നു, കലപ്പില്ലാത്തൊരു പരിഭാഷ വളരെ സഹായകമാകുമെന്നതിൽ സന്ദേഹമില്ല. പരിഭാഷ കൂടാതെ ഖുർആൻ മനസ്സിലാക്കുവാൻ കഴിയുന്ന അറിവിൻെറ നിലവാരത്തിൽ വായനക്കാർ പൊതുവിൽ എത്തുന്നതു വരെ, പരിഭാഷയുടെ സഹായത്താൽ കാര്യമറിഞ്ഞു ജീവിക്കുവാൻ സാധിക്കുന്നതുമാണ്. തന്നെയല്ല, പ്രാദേശികമായ അർത്ഥവ്യത്യാസങ്ങൾ പരിഹരിക്കുവാനും അഭ്യസനത്തിൽ ഐകരൂപ്യം ഉളവാക്കുവാനും ഉപകരിക്കുന്നതുമാണ്.

## ഒരു അടിസ്ഥാനസംഗതി

ഖുർആൻ പഠിക്കുവാൻ വേണ്ടിയാണ്, പഠിക്കുന്നതിന്നു പരിഹാരമായിട്ടല്ല, പരിശുദ്ധ ഖുർആൻ പരിഭാഷ പ്രസിദ്ധീകരിക്കുന്നതെന്നു വ്യക്തമാക്കിക്കൊള്ളട്ടെ.

## രണ്ടു പതിപ്പുകൾ

അതിനാൽ പാവനമായ മൂലവാക്യങ്ങൾ ചേർക്കാത്ത പരിഭാഷാപ്രസിദ്ധീകരണത്തിന്നു മുസ്ലിംകളെ സംബന്ധിച്ചേടത്തോളം പ്രസക്തിയില്ലെന്നു പറയേണ്ടതില്ലല്ലോ? ആയതുകൊണ്ടു മുസ്ലിം വായനക്കാർക്കു വേണ്ടിയാണ് മൂലഗ്രന്ഥത്തോടുകൂടിയ പതിപ്പു പ്രസിദ്ധീകരിക്കുന്നതു്.

## ഒഴിച്ചുകൂടാത്ത അധികച്ചിലവുകൾ

എന്നാൽ അറബി അക്ഷരങ്ങൾ മുദ്രണത്തിന്നു നിരത്തുമ്പോൾ അച്ചടിപ്പിഴകൾ വന്നുപോകാമെന്നുള്ളതുകൊണ്ടു, കുററകരമായ പ്രസ്തുത സാഹസത്തിന്നു മുതിരുകയുണ്ടായില്ല. പരിശുദ്ധ ഗ്രന്ഥത്തിൻെറ ഓരോ ആയത്തു (രേഖ) കളേയും വളരെ സൂക്ഷ്മതയോടെ എഴുതിച്ചു ഫോട്ടോ ബ്ലോക്ക് എടുക്കുകയാണ് ചെയ്തതു്. ഭാരിച്ചതായൊരു സംഖ്യ അതിന്നുവേണ്ടി ചിലവായെങ്കിലും പരിഭാഷയ്ക്കും കുറിപ്പുകൾക്കും കൂടുതൽ സ്ഥലം വിനിയോഗിക്കുവാനും മുദ്രണം മനോഹരവും സുഗമവും ശീഘ്രവുമാക്കുവാനും അതുകൊണ്ടു സാധിക്കുന്നുവെന്നതിൽ സന്തോഷമുണ്ടു്.

## പരിഭാഷയുടെ പദ്ധതി

ഖുർആൻ വാക്യങ്ങളെ നേക്കനേരെ മനസ്സി ലാക്കവാനുള്ള ലക്ഷ്യത്തിൽ പരിഭാഷ പ്രധാനമായി താരതമ്യേന, പദാനുപദമായിട്ടാണ് ചെയ്തിട്ടുള്ളതു്. മലയാളസാഹിത്യത്തിൽ പ്രചരിച്ചുവരുന്ന ഗദ്യകവിതാരീതി അതിന്നു കൂടുതൽ സഹായകമായിട്ടുണ്ടു്. മൂലവാക്യത്തിലെ പദങ്ങളുടെ അട്ടക്കകളിലുള്ള ആഴവും ആശയാഭിവ്യദ്ധിയും ലാളിത്യസമേതമായ ഗാംഭീര്യവും കൂടുതൽ പ്രതിഫലിപ്പിക്കുവാൻ ഗദ്യകവിതാശൈലിക്ക സാധിക്കുമെന്നു വിശ്വസിക്കപ്പെടുന്നു.

## അനുവാചകനെ അവഗണിച്ചിട്ടില്ല

പക്ഷെ ഗദ്യകവിതാരീതി സാധാരണക്കാൎക്ക സുപരിചിതമല്ല. കുറച്ചൊന്നു പരിചയപ്പെട്ടാൽ അതു അവൎക്ക ഏററവും സുഗമവും ഹൃദ്യതരവുമായി ത്തീരുന്നതാണ്. എന്നിരുന്നാലും സാധാരണ വായനക്കാരുടെ താല്ക്കാലികനിലയെ പരിഗണിക്കേണ്ടതാണല്ലോ? അതിനാൽ ഓരോ വാക്യത്തിൻെറയും ലളിതമലയാളത്തിലുള്ള ഗദ്യഭാഷ സാധാരണ പരിഭാഷയുടെ രൂപത്തിൽത്തന്നെ കൊടുത്തിട്ടുണ്ടു്. ഗദ്യഭാഷയുടെ താഴെക്കാണുന്നതു വ്യഖ്യാനക്കുറിപ്പുകളാണ്.

## ഖുർആൻ പ്രവൃത്തിയിലേക്ക

ചിന്തിക്കുന്ന ലോകം, മനസ്സോടെയോ, വിമനസ്സോടെയോ, ഖുർആനിലേക്ക അടുത്തുവരികയാണ്. പല പ്രശ്നങ്ങളുടെ പരിഹാരത്തിന്നും, ഖുർആനിൻെറ പേരു പറയുന്നില്ലെങ്കിലും അതിൻെറ നിർദ്ദേശങ്ങളെയവർ പ്രയോഗിക്കുന്നു.

## ചില വൈപരീത്യങ്ങൾ

എങ്കിലും അതിന്നു വിപരീതമായ പ്രചാരവേലയും അതുവഴി ഖുർആനിനെ സംബന്ധിച്ച ലോകത്തിലുള്ള തെററിദ്ധാരണയും കുറച്ചൊന്നുമല്ല. ഇതു തിരുത്തുവാൻ ഖുർആനിൽ വിശ്വസിക്കുന്നവർ പ്രായോഗികബുദ്ധിയോടെ മുൻകയ്യെടുത്തു പ്രവൎത്തിക്കാതെ നിവൃത്തിയില്ല.

## നമ്മുടെ കടമ

നമ്മെ സംബന്ധിച്ചു നാം ശരിക്ക പഠിക്കുകയും, അങ്ങിനെ നമ്മെക്കുറിച്ചുള്ള ശരിയായ അറിവു് നാം അന്യൎക്ക ലഭിക്കാറാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## മൂലഗ്രന്ഥവും അമുസ്ലിംകളും

മൂലഗ്രന്ഥത്തോടുകൂടിയ പരിഭാഷ മുസ്ലിംകളല്ലാത്തവൎക്ക കൊടുക്കുന്നതു ഉവ്വ്യമാണ്; അതിനാൽ മലയാള പരിഭാഷ മാത്രമായി ഒരു പതിപ്പുകൂടി പുറത്തിറക്കുവാൻ സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ടു്. "വായിക്കാനാഗ്രഹമുള്ളവൎക്ക് വായിക്കേണ്ടതു എത്തിച്ചുകൊടുക്കുക" എന്ന തത്വംവെച്ചു പ്രവൎത്തിക്കേണ്ടതാണ്. കഴിവുള്ളവർ കഴിവില്ലാത്തവരെ സഹായിക്കേണ്ടതുമാണ്.

## ഞങ്ങളുടെ സജ്ജീകരണങ്ങൾ

ബാംഗളൂരിലെ ഇസ്ലാമിക സാഹിത്യ പ്രസിദ്ധീകരണശാലയാണ് ഇതു പ്രസിദ്ധീകരിക്കുന്നതു്. ഇസ്ലാമിക സാഹിത്യത്തിൻെറ മുദ്രണത്തിന്നു മാത്രമായി നവീന യന്ത്രോപകരണത്തോടുകൂടിയ ഒരു അച്ചുക്കൂടം, യൂണിയൻ പ്രിൻറേഴ്സ് എന്ന പേരിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. പരേതനായ മാർമഡ്യൂക്ക് പിക്കത്താളിൻെറ ഖുർആൻ പരിഭാഷ രണ്ടു പതിപ്പുകളായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. കന്നാടകത്തിലും ഖുർആൻ പൂൎണ്ണമായി പരിഭാഷപ്പെടുത്തി അച്ചടിച്ചു വരികയാണ്.

## വേറെയും പരിഭാഷകൾ

മേല്പറഞ്ഞ ഭാഷകളിൽ മാത്രമല്ല, ദക്ഷിണേന്ത്യയിലെ എല്ലാ ഭാഷകളിലും പരിശുദ്ധ ഗ്രന്ഥത്തിൻെറ പരിഭാഷകൾ പുറത്തിറക്കുവാനാണ് ഇസ്ലാമിക സാഹിത്യ പ്രസിദ്ധീകരണശാല നിലകൊള്ളുന്നതു്. തമിഴ്, തെലുങ്കു, മറാട്ടി, ഹിന്ദി എന്നീ ഭാഷകളിൽ ഇപ്പോൾതന്നെ പരിഭാഷ ചെയ്തുവരികയാണ്.

## ഐക്യം അനുഭവത്തിൽ

പ്രാമാണികന്മാരായ കേരള മുസ്ലിം മതപണ്ഡിതന്മാരിൽനിന്നു, ഞങ്ങൾ സമീപിക്കുവാൻ സംഗതിയായ ചിലർ, ഖുർആൻ പരിഭാഷയുടെ ഓരോ പദവും, ഓരോ പ്രയോഗവും പരിശോധിക്കുകയും, ആത്മാൎത്ഥമായ ഉപദേശങ്ങൾവഴിയായും മററു പ്രകാരേണയും, ഈ പരിശ്രമത്തോടു ഹാൎദ്ദവമായി സഹ

കരിക്കയും ചെയ്തിട്ടുണ്ട്; അവരുടെ നിർദ്ദേശങ്ങൾ ഉണ്ടായപ്പോഴൊക്കെ, അവ എല്ലാം പരിഭാഷകനു സ്വീകാര്യമായി അനുഭവപ്പെട്ടിരിക്കുന്നു എന്നതിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു.

## കൃതജ്ഞത

അതുപോലെത്തന്നെ കേരളത്തിലെ മുസ്ലിം നേതാക്കന്മാരും പൌരപ്രധാനികളും പൊതുജനങ്ങളും മേലെക്കിടയിലുള്ള സാഹിത്യ നായകന്മാരും ഈ ഉദ്യമത്തെ വിജയിപ്പിക്കുന്നതിനുള്ള ഔത്സുക്യവും ആത്മവിശ്വാസവും ഔചിത്യബോധവും പ്രദർശിപ്പിക്കയുണ്ടായി; മലയാളപത്രങ്ങളും പണ്ഡിതലോകവും പൊതുവെയും നല്ല താല്പര്യവും പ്രോത്സാഹന മനസ്ഥിതിയും പ്രദർശിപ്പിച്ചതായിക്കാണുന്നു. എല്ലാവർക്കും എന്റെയും പരിഭാഷകന്റെയും ഇസ്ലാമിക സാഹിത്യ പ്രസിദ്ധീകരണശാലാ പ്രവർത്തകരുടേയും കൃതജ്ഞതയെ ആത്മാർത്ഥമായി രേഖപ്പെടുത്തുന്നു.

## അടുത്ത അവസരത്തിലേക്ക്

എന്നാൽ അവരിൽ ചിലർ പ്രത്യേകമായ സ്മരണയെ അർഹിക്കുന്നവരായിട്ടുണ്ട്. അവരുടെ പേരുകൾ ഖുർആൻ പരിഭാഷയുടെ അവസാന ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിലേക്ക് ഉത്തമവിശ്വാസത്തോടുകൂടെ ഞങ്ങളുടെ ഹൃദയത്തിൽ ഒതുക്കിവെക്കുകയാണ്. ഖുർആൻ പരിഭാഷയുടെ വിപുലമായ മുഖവുര, വിഷയസൂചിക, അകാരാദി, ഖുർആനിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന അറബി പദാന്വയങ്ങളുടെ സംക്ഷിപ്തനിഘണ്ടു, ഖുർആനിക വിജ്ഞാനത്തിന്റെ മൌലികമൂല്യങ്ങൾ മുതലായ അനുബന്ധങ്ങളും പരിഭാഷയുടെ പര്യവസാന ഭാഗങ്ങളോടുകൂടെയാണ് പ്രസിദ്ധീകരിക്കുവാനുദ്ദേശിക്കുന്നത്.

## ഇനിയും ചില പരമാർത്ഥങ്ങൾ

അദ്ധ്വാനത്തേയും ക്ഷീണത്തേയും അലക്ഷ്യമാക്കിക്കൊണ്ട് ഇതിൽ സഹകരിക്കുന്ന എല്ലാവരും പ്രയത്നിക്കുകയാണ്; വായനക്കാരെ ഒരു വിധത്തിലും മുഷിപ്പിക്കരുതെന്ന ഉത്തമബോധത്തോടുകൂടെ എല്ലാ പരിശ്രമങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ മലയാളവകുപ്പിലെ സാഹിത്യമൂലമായ എല്ലാ പ്രവൃത്തികളും ഒരു വ്യക്തിയുടെ കൈകളിൽക്കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. ഞാൻ ഇതുകൊണ്ടു ഉദ്ദേശിക്കുന്നതു പരിഭാഷകനെയാണ്; എല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നു; അതിന്നായി നമ്മുടെ എല്ലാവരുടെയും പ്രാർത്ഥനയും ഐക്യവും പരിശ്രമവും ഉപകരിക്കുമാറാകട്ടെ! ഈ അവസരത്തിൽ പരിശുദ്ധ ഖുർആൻ പരിഭാഷയുടെ ഒന്നാംഭാഗം സഹൃദയരായ മലയാള വായനക്കാരുടെ വായനക്കായി പ്രസിദ്ധീകരിച്ചുകൊള്ളുന്നു; മററു ഭാഗങ്ങൾ കൂടുതൽ വേഗത്തിൽ പുറത്തിറക്കുന്നതാണ്—"ഇൻശാ അല്ലാഹു"

എ. ജെ. ഖലീൽ ബി.എ., ബി.എൽ.,
(അഡ്വക്കേററ്)

ഇസ്ലാമിക സാഹിത്യ പ്രസിദ്ധീകരണശാല,
ബാങ്കളൂർ–4.
7—8—1954

ذلك الكتاب لا ريب فيه

# പരിഭാഷയെപ്പററി രണ്ടു വാക്കു്

1939-ൽ വെല്ലൂരിലെ "ബാഖിയാത്തുസ്സാലിഹാത്ത്" മദ്റസയിൽ, സർവ്വകലാശാലാ വിദ്യാർത്ഥിയായിരുന്ന കാലത്താണു്, മലയാള വായനക്കാരന്നു, ഖുർആനികവിജ്ഞാനങ്ങളുടെ ബലവത്തായ കവാടങ്ങളെ തുറന്നുപിടിക്കുവാൻ സാധിച്ചെങ്കിൽ എന്നു ഞാൻ ആദ്യമായി ആശിച്ചതു്; യാതൊരു വീണ്ടാലോചനയും ഇല്ലാത്ത ഒരാശ! അന്നു ഞാൻ ഒരു ഇരുപതുകാരൻ മാത്രമായിരുന്നു. ആ പ്രായത്തിന്നു സഹജമായിട്ടുള്ള, ഇടവും വലവും നോക്കാതെ രൂപമെടുക്കുന്ന അനേകം ആഗ്രഹങ്ങളുടെ കൂട്ടത്തിൽ, ബാഖിയാത്തുസ്സാലിഹാത്തിൻെറ ആദ്ധ്യാത്മികമായ സ്വാധീനശക്തിയിൽനിന്നു ഉടലെടുത്ത ഒരു ആഗ്രഹം മാത്രമായിരുന്നു അതു്. എന്നാൽ പ്രായത്തിൽ വന്ന മാററങ്ങൾ ജീവിതത്തിൻെറ നാനാ മുഖമായ വശങ്ങളിൽ അവ അർഹിക്കുന്ന മാററങ്ങൾക്കു് ഹേതുവാകാതിരുന്നില്ല. കൂടാതെ ബാഖിയാത്തുസ്സാലിഹാത്തിൻെറ ശാന്തഗംഭീരവും സുരക്ഷിതവും പ്രയത്നമധുരവുമായ മതിൽക്കെട്ടിന്നകത്തുനിന്നു, സ്നേഹശാലികളായ ഗുരുജനങ്ങളുടെ ഹൃദയപൂർവ്വമായ പ്രാർത്ഥനകളും സുഹൃത്തുക്കളുടെ ക്ഷേമാശംസകളും, ശുഭ്രമായ മദ്റസപ്പള്ളിയുടേയും വിശാലമായ വായനശാലാകെട്ടിടത്തിൻെറയും മൗനസമ്മതങ്ങളും, "മുഹസ്സില്"കളുടെ ഭൗതികസിദ്ധികളായ വെള്ളത്തലപ്പാവും കറുത്ത നീളൻകുപ്പായവും പൊടിച്ചുകൂട്ടുന്ന സേവനദീക്ഷകളുംകൊണ്ടു കണക്കില്ലാത്ത ശുഭപ്രതീക്ഷകളോടുകൂടെ കലാശാലയുടെ പടിപ്പുര കടന്നപ്പോൾ, സ്വന്തനിലക്കു് കണ്ടുകിട്ടിയതു് ദയനീയമായ നിസ്സഹായത മാത്രമായിരുന്നു. നാളതുവരെയുള്ള ദിവസങ്ങളിൽ, ഹൃദയത്തിൽ കുന്നുകൂട്ടിക്കൊണ്ടുവന്ന പ്രതീക്ഷകളെ—സേവനതൃഷ്ണകളെ—പാടെ തകർത്തുകളയുവാൻ കെൽപുള്ള കഠിനമായ നിസ്സഹായത തന്നെ. പക്ഷെ, മലയാള വായനക്കാരന്നുവേണ്ടി ഖുർആനികവിജ്ഞാനങ്ങളുടെ കവാടങ്ങളെ തുറന്നുവെക്കുവാനുള്ള പഴയ പ്രത്യാശ നശിക്കുവാൻ കൂട്ടാക്കിയില്ല. 1942-ൽ തുടങ്ങിയ മഹായുദ്ധത്തിൻെറയും, നാണ്യപ്പെരുപ്പത്തിൻെറയും അന്യോന്യമുള്ള അമർച്ചക്കിടയിൽ കൂടി ഞെരുങ്ങി ഞെരുങ്ങി നീങ്ങിക്കൊണ്ടിരുന്ന അന്നത്തെ ഇടുക്കുവഴികളിൽ വീണ അതും അതിൻെറ അഭിവൃദ്ധിക്കാവശ്യമായ ഉപകരണങ്ങളും ചതഞ്ഞുപോവുകയുണ്ടായില്ല. നേരെമറിച്ചു, ജീവിതത്തിൻെറ ഭാവിപരിപാടികളുടെ മീതെ തൊട്ടും തോടാതെയും തങ്ങിനില്ക്കുന്നതായൊരു ചൈതന്യസ്വപ്നമായി രൂപമെടുക്കുകയാണുണ്ടായതു്; സ്തുതി സാക്ഷാൽ സത്യമായ ലോകരക്ഷിതാവിന്നു! അങ്ങിനെ ഈ ആഗ്രഹത്തെ അനുഭവത്തിൻേറതായ ഒരു അന്തരീക്ഷത്തിലേക്കു് അടുപ്പിക്കുന്നതിന്നു, അന്നത്തെ പ്രായത്തിൻെറ സ്വന്തമായ ആലോചനക്കുറവിന്നു അനുസരിച്ച ഒരു ആത്മവിശ്വാസത്തോടുകൂടെ ഉററ പരിശ്രമിക്കുകയുണ്ടായിരുന്നു. എന്നാൽ, അതിന്നു കണ്ടുവെച്ചിരുന്ന ഓരോ വഴിയും അടഞ്ഞുപോകുന്നതായിട്ടാണു് തെളിയിച്ചതു്. അതിന്നു മിക്കവാറും, പരിശ്രമത്തിന്നു രൂപംകൊടുക്കുന്നതിലുള്ള അപകചതയും അന്തരീക്ഷത്തെസ്സംബന്ധിച്ച അറിവില്ലായ്മയുമാണു് കാരണമായിരുന്നതു്. അന്തരീക്ഷവും അത്ര നല്ലതൊന്നുമായിരുന്നില്ല; അതിനാൽ അന്തരീക്ഷത്തിൻെറ ഗതിയെ അനുസരിക്കുവാനോ അവഗണിക്കുവാനോ നില്ക്കുകയുണ്ടായില്ല; അങ്ങിനെ പരിശുദ്ധ ഖുർആൻ മലയാള ശൈലിയിലേക്കു് പകക്കുകയെന്നതൊഴിച്ചു്, മററ മാർഗ്ഗങ്ങളെല്ലാം തന്നെ മേല്പറഞ്ഞ ജീവിതസ്വപ്നത്തെ യാഥാർത്ഥ്യത്തിലേക്കു് കൊണ്ടുവരുന്ന വിഷയത്തിൽ പ്രതികൂലമായി കാണപ്പെട്ടു. അതിനാൽ, എനിക്കുവേണ്ടിയെന്നപോലെ ഒഴിഞ്ഞും, വിജനമായും കിടന്നിരുന്ന ആ മാർഗ്ഗത്തെ ഉത്തമവിശ്വാസത്തോടും അനുഗ്രഹബോധത്തോടുംകൂടെ ഉപകാരപ്പെടുത്തുവാൻ തീരുമാനിക്കയാണുണ്ടായതു്. അതിലെയും, ആരും അതിന്നു മുമ്പു് നടന്നുപോയിട്ടില്ലെന്നു

പറയുവാൻ എനിക്കു ഉദ്ദേശമില്ല; എൻേറതിനേക്കാൾ എത്രയോ ഉറച്ച കാൽവെപ്പുകളുടെ ആഴമുള്ള അടയാളങ്ങൾ, ഒഴിഞ്ഞുകിടക്കുന്നുവെന്നു പറഞ്ഞ ഈ വഴിയിലും കാണുകയുണ്ടായി. എന്നാൽ ആ കാൽപാടുകൾ ദൂരവ്യാപകമായ ആ പാതയുടെ ഏതാനും ചില നാഴികക്കല്ലുകൾവരെ ചെന്നു, യാത്ര നിറുത്തിയിരുന്നു; അതു എൻെറ എളിയ പരിശ്രമത്തിൽ അസ്വാസ്ഥതയും അനുഭവഭീതിയും ഉളവാക്കുകയാണുണ്ടായതു്. എങ്കിലും എൻെറ ആഗ്രഹത്തിൻെറ സാക്ഷാൽക്കാരത്തിനു ഒഴിഞ്ഞു കിടക്കുന്ന ഒരേ ഒരു മാർഗ്ഗമെന്ന നിലയിൽ ഞാൻ സന്തോഷിക്കുകയും സമാധാനിക്കുകയുംതന്നെ ചെയ്തു.

പരിശുദ്ധ ഖുർആൻ ഉൾക്കൊള്ളുന്ന വിശ്വവിജ്ഞാനശേഖരങ്ങളെ, അതിൻെറ അവതരണഭാഷയിൽ—അറബിയിൽ—കൂടിത്തന്നെ സ്വജനങ്ങൾക്കു മനസ്സിലായിക്കിട്ടുവാൻ ചെയ്ത പരിശ്രമങ്ങൾ പ്രവൃത്തിരൂപത്തിൽ സ്ഥലംപിടിക്കുന്നതിനെ പരിതസ്ഥിതികൾ നിഷേധിച്ചപ്പോൾ, മറെറാരു പോംവഴി എന്ന നിലയിൽ കണ്ടെത്തിയ കർമ്മപരിപാടിയാണു് ''പരിശുദ്ധ ഖുർആൻ പരിഭാഷ.'' പക്ഷെ പരിഭാഷ ചെയ്തുകൊണ്ടിരുന്നപ്പോൾ വളരെ പ്രോത്സാഹജനകമായ സാദ്ധ്യതകളാണു് മേല്പറഞ്ഞ മാർഗ്ഗത്തിൽ കാണുവാൻ സാധിച്ചതു്; എൻെറ എളിയ കഴിവുകളെ ഏററവും ഉപകാരപ്രദമായ വിധത്തിൽ ഉപയോഗിക്കുവാനാവശ്യമായ ആനുകൂല്യങ്ങൾ, ഗത്യന്തരമില്ലാതെ കൈക്കൊണ്ട ഈ കർമ്മപദ്ധതിയിലാണു് ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നതെന്നു എനിക്കു അനുഭവപ്പെട്ടു. ''ബാക്കിയാത്തി''ൽനിന്നു ഉടലെടുത്ത എൻെറ ആഗ്രഹം അതിൻെറ ലക്ഷ്യസ്ഥാനത്തിലേക്കു് ഞാൻ അറിയാത്ത വിധത്തിൽ നയിക്കപ്പെട്ടിരുന്നു എന്നു എനിക്കു ബോദ്ധ്യമായിരിക്കുന്നു. സ്തുതി സർവ്വശക്തനായ ലോകരക്ഷിതാവിന്നു!

ഖുർആനിൻെറ നൈസർഗ്ഗികമായ സവിശേഷത നിർബ്ബാധമായി നേരിട്ടു രസിച്ചറിയണമെങ്കിൽ, അതിൻെറ അവതരണഭാഷയിൽ തന്നെ അതിനെ മനസ്സിലാക്കുവാൻ ശീലിച്ചാലേ സാധിക്കുകയുള്ളു. അതിനുള്ള ഒരു ഒതുങ്ങിയതും ശ്രമസാദ്ധ്യവുമായ പോംവഴി എന്ന നിലയിൽ, ഖുർആൻ പരിഭാഷ, അനുഭവകരമാണെന്നു മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ അലൗകികങ്ങളായ ആശയാനുഭൂതികൾ അസംഖ്യമായി അമർന്നും അങ്കുരിച്ചും ഓരോ അക്ഷരത്തിലും അന്വയത്തിലും അലയിട്ടുകൊണ്ടിരിക്കുന്ന സജീവമായൊരു ചൈതന്യശൈലിയാണു് ഖുർആനിൻെറ സവിശേഷതകളിലൊന്നു. മേൽപറഞ്ഞ ചൈതന്യശക്തിയിലേക്കു് വായനക്കാരനെ അടുപ്പിക്കുന്നതിന്നു, വളരുവാൻ വിസമ്മതിക്കുന്നതായൊരു ഭാഷാശൈലിക്കു സാദ്ധ്യമാവുകയില്ല. അതിനാൽ മനുഷ്യജീവിതത്തിൻെറ അവസാനദശയിൽക്കൂടി, മനുഷ്യാത്മാക്കളുടെ ബഹുമുഖങ്ങളായ ആവശ്യങ്ങളെ നേരിട്ടു, പരിഹാരങ്ങൾ നിർദ്ദേശിച്ചു, കാലത്തിൻെറ അടിയൊഴുക്കുകളേയും വൈപരീത്യങ്ങളേയും അതിജീവിച്ചുകൊണ്ടിരിക്കുന്ന ഖുർആൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുകയെന്നതു സാഹസികമായി തോന്നാതിരുന്നില്ല; പക്ഷെ ജീവിതചിന്തയിൽനിന്നു മാററിനിറുത്തിയാൽ മാറിനില്ക്കാത്ത ഒരു മനോവൃത്തിയുടെ നിലയിലേക്കു അതു വളർന്നുകഴിഞ്ഞിരുന്നു. അതിനാൽ ഏതു നിലയിലെങ്കിലും അതു അനുഭവത്തിൽ കൊണ്ടുവരുവാൻ ഉറച്ചു പ്രയത്നിക്കുകയാണുണ്ടായതു്.

മലയാളഭാഷ വളർന്നു മുരടിച്ചിട്ടില്ലെന്ന വസ്തുത പരിഭാഷകനെ കൂടുതൽ ധൈര്യപ്പെടുത്തിയിട്ടുണ്ടു്; അറബിഭാഷയുടെ അംഗഭംഗികളെ അലങ്കോലപ്പെടുത്താതെ അനുവാചകൻെറ ആലോചനയിലേക്കു അടുപ്പിക്കുന്നതിന്നും മേല്പറഞ്ഞ വസ്തുത വളരെ സഹായകമായിട്ടുണ്ടു്. എന്നാൽ മലയാളശൈലിയെ ഒരിക്കലും അവഗണിച്ചിട്ടില്ലതന്നെ. എങ്കിലും ഖുർആനിൻെറ ആഴവും അസന്നിദ്ധ

തയും ആശയാനുഭൂതിയും പ്രസന്നതയും അന്വയവീര്യവും, മലയാളഭാഷയുടെ ശബ്ദശേഷിയിൽക്കൂടി എത്ര അധികം പ്രതിഫലിപ്പിക്കാമോ അത്രയുംതന്നെ ഈ പരിഭാഷയിൽ സാധിക്കണമെന്നുകൂടി ആത്മാർത്ഥമായി ആഗ്രഹിക്കയുണ്ടായി; അതിനാൽ ആ വിഷയത്തിൽ എല്ലാററിന്നുമാദ്യമായി, നല്ലൊരു മലയാള തൂലിക സമ്പാദിക്കുവാനും, അതിനെ ഉചിതമായി കൈകാര്യം ചെയ്യുവാനാവശ്യമായ ധൈര്യവും അടിയുറപ്പും നേടുവാനും, എല്ലാററിലും ഉപരിയായി, ഖുർആനിന്റെ പദാങ്കുരങ്ങളിൽനിന്നും സ്ഫുരിച്ചു, മനുഷ്യാത്മാവിൽക്കൂടി വട്ടമിട്ടു വ്യാപിച്ചു വളരുന്ന ശബ്ദാർത്ഥവീചികൾ ഗ്രാഹ്യമായിത്തീരുമാറ് ലളിതമായൊരു മലയാള രചനാരീതി കണ്ടുപിടിക്കുവാനുമാണ് പരിശ്രമിച്ചതു്.

ഈ അവസരങ്ങളിലെല്ലാംതന്നെ നിത്യവൃത്തിയുടെ പ്രശ്നങ്ങൾ അവ അർഹിക്കുന്നതിലേറെ അശരണങ്ങളായിരുന്നു; അതിനാൽ അവയ്ക്കു പരിഹാരം കാണുന്നതു ഈ ആശയപരിപാടിക്കു ഉടച്ചിൽ വരാത്ത ക്രമത്തിൽ വേണ്ടിയിരുന്നു. അങ്ങിനെ അറിയുവാനും അന്വേഷിക്കുവാനും, അറിഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി ആലോചിക്കുവാനും അവസരം ഉളവാക്കുന്ന ഒരു ഉപജീവനത്തിന്നുള്ള തിരച്ചിൽ 1943-ൽ കഷ്ടിച്ചു വിജയിച്ചപ്പോൾ, എന്റെ അന്നത്തെ അനുഭവത്തിൽ, ഖുർആൻ പരിഭാഷക്കുള്ള പ്രാരംഭമായ സജ്ജീകരണങ്ങൾ ചെയ്തു തുടങ്ങിയിരുന്നു. സജ്ജീകരണങ്ങളിൽ ഏററവും പ്രധാനമായി ഏടുത്തതു എഴുത്തും വായനയും തന്നെയായിരുന്നു. എന്നാൽ എഴുതിയതു, ചില ഉത്തരക്കടലാസ്സുകളും അത്യാവശ്യം ചില കത്തുകളും കുറിപ്പുകളും ഒഴിച്ചാൽ ശേഷമുള്ളതു ആകെ, കവിതയും; വായിച്ചതു, എന്തിൽനിന്നു് എന്നും എന്തിന്നെന്നുമില്ലാത്ത നിലയിൽ കണ്ണിൽപെട്ടതു എല്ലാംതന്നെയുമായിരുന്നു. എഴുതിയതു തന്നെ ചിലക്കു മനസ്സിലാകുകയും പലക്കും മനസ്സിലാകാതിരിക്കുകയും, അവരും, മനസ്സിലായവരുടെ കൂട്ടത്തിൽ കടന്നിരുന്നു തെററിദ്ധരിപ്പിക്കുവാൻ കൗതുകം കാണിക്കയും ചെയ്യുന്ന തരത്തിൽ പെട്ടതായിരുന്നു. പക്ഷെ, കവിതകൾക്കു പൊതുവെയും എന്റെ കവിതകൾക്കു പ്രത്യേകിച്ചും പ്രചാരം കുറവായിരുന്നതിനാൽ, അവയെ സംബന്ധിച്ച തെററിദ്ധാരണകളും അധികം ആരെയും അലട്ടിയില്ല.

അവ എല്ലാം തന്നെ എന്റെ സജ്ജീകരണങ്ങളുടെ അംശങ്ങളായിരുന്നു. അവയുടെ സ്വന്തം നിലയിൽ അവ ഉത്തമമോ അധമമോ എന്തായിരുന്നു എന്നുള്ളതു എന്റെ പ്രശ്നമല്ല; ഒരു മലയാള തൂലികയെ സ്വാധീനപ്പെടുത്തുന്നതിന്നു അവ എനിക്കു ഉപകരിച്ചിട്ടുണ്ടു. എനിക്കു് ആവശ്യമുള്ളതു എഴുതുവാൻ എന്റെ തൂലിക സമ്മതിക്കുമോ ഇല്ലയോ എന്ന സംഗതി തീരുമാനിക്കുക മാത്രമായിരുന്നു അന്നത്തെ എഴുത്തുകളിൽ അടിസ്ഥാനപരമായി ഉദ്ദേശിച്ചതു്. എങ്കിലും അതിൽ അടങ്ങിയിരുന്ന ആശയങ്ങളുടെ ആത്മാർത്ഥതയെ അതു എഴുതിയ ആൾ അവകാശപ്പെടാതിരിക്കുന്നില്ല. എന്റെ വായനയോ, ആവശ്യമുള്ളതു, എങ്ങിനെയെന്നില്ലാതെ കൈ എത്തിച്ചു എടുക്കുവാൻ ഉള്ള ഒരുതരം വായനയായിരുന്നു അതു; നിത്യവൃത്തിക്കുവേണ്ടി സ്വീകരിച്ചിരുന്ന തൊഴിൽ അതിന്റെ താല്ക്കാലികമായ ഉദ്ദേശത്തിന്നു അത്ര നല്ലതായിരുന്നില്ലെങ്കിലും, ഉടഞ്ഞുപോകാതെ സൂക്ഷിക്കുവാൻ ഞാൻ ഉദ്ദേശിച്ചിരുന്ന ആഗ്രഹത്തിന്നും അതിന്നു വേണ്ടതായ, അങ്ങിനെയുള്ള, സജ്ജീകരണത്തിന്നും അസന്നിഗ്ദ്ധമായും അനുകൂലമായിരുന്നു; എന്റെ തൊഴിൽ അദ്ധ്യാപകന്റേതായിരുന്നു എന്നു വിവക്ഷ. വിദ്യാർത്ഥിയായിരുന്നപ്പോഴത്തേക്കാൾ കൂടുതൽ അന്നു എനിക്കു പഠിക്കുവാൻ സാധിച്ചിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. അങ്ങിനെ 1946-ൽ ഖുർആൻ പരിഭാഷചെയ്യുവാൻ തുടങ്ങിയപ്പോൾ, പൂർത്തിയായെന്നു ഞാൻ വിചാരിച്ച സജ്ജീകരണങ്ങൾ, അവയുടെ പ്രാരംഭത്തെയാണ് കുറിക്കുന്നതെന്നു മനസ്സിലായി; അങ്ങിനെ പരിശുദ്ധ ഖുർആനിന്റെ തികഞ്ഞ മുപ്പതു

ഭാഗങ്ങൾ കരടുപകർപ്പിന്റെ നിലയിൽ പൂർത്തിയായപ്പോൾ മാത്രമാണ്, ജനമദ്ധ്യത്തിൽ വെക്കുവാനുതകുന്ന യഥാർത്ഥമായ പരിഭാഷക്കു വേണ്ടതായ സജ്ജീകരണങ്ങൾ താരതമ്യേന ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നു ബോദ്ധ്യമായതു്. വളരെ നിശ്ശബ്ദമായൊരു വിധത്തിലാണ് കരടുപകർപ്പു ചെയ്തുകൊണ്ടിരുന്നതു്; പിന്നിടു അതുതന്നെ, ശബ്ദിക്കുവാനുള്ള ധൈര്യത്തിന്നു സംഗതിയായി. വിജ്ഞാനത്തിന്റെ വിഭിന്ന തുറകളിൽ പ്രാപ്തിനേടിയിട്ടുള്ള മഹാ പണ്ഡിതന്മാരിൽനിന്നു നിർദ്ദേശങ്ങൾ വാങ്ങുവാനുള്ള സന്ദർഭങ്ങൾ മേല്പറഞ്ഞ കരടുപകർപ്പിന്റെ സജ്ജീകരണത്തിൽനിന്നു സംജാതമായി; മൂലവചനങ്ങളും നേർക്കുനേരെയുള്ള മലയാള ഭാഷാന്തരവുമെന്നതു വിട്ടു ലളിതമായൊരു ഗദ്യഭാഷയും വിസ്തരമുള്ള വ്യാഖ്യാനക്കുറിപ്പുകളും മററും വന്നുചേർന്നതു പ്രസ്തുത പണ്ഡിതവൃത്തങ്ങളുടെ നിർദ്ദേശങ്ങളെ കാര്യക്ഷമമായി സ്വീകരിച്ചതിനാലാണ്. അവരുടെ നിർദ്ദേശങ്ങളെല്ലാം വളരെക്കാലമായി ഞാൻ വെച്ചു പുലർത്തിവന്ന ആഗ്രഹത്തിന്നു അനുകൂലമായിരുന്നു. മുസ്ലിം പണ്ഡിതവൃത്തങ്ങളിൽ സമസ്തകേരള ജംഇയ്യത്തുൽ ഉലമായിലേയും, അതുപോലെത്തന്നെ കേരള ജംഇയ്യത്തുൽ ഉലമായിലേയും മഹാ പണ്ഡിതന്മാരായ ചില മഹാ വ്യക്തികളുടെ സദുപദേശങ്ങൾ പരിഭാഷകന്നു വലിയ പ്രോത്സാഹനങ്ങൾ ചെയ്തിട്ടുണ്ടു്. കരടുപകർപ്പു പൂർത്തിയാക്കി കയ്യെഴുത്തുപ്രതി പുറത്തുകൊണ്ടുവന്നു പരിഭാഷയെപ്പററി ശബ്ദിച്ച തീയ്യതി മുതൽക്കു മേല്പറഞ്ഞ പ്രോത്സാഹനങ്ങൾ, പരിഭാഷകന്നു കാണുവാൻ സാധിച്ചിട്ടുണ്ടു്. അതു ഇന്നും അനുഭവപ്പെട്ടുകൊണ്ടു വരുന്നു.

അനുഗ്രഹവശാൽ അവഗണിക്കത്തക്ക എന്തെങ്കിലും അഭിപ്രായങ്ങൾ അവർ കൊണ്ടുവരികയോ, അവർ കൊണ്ടുവന്നതു എന്തെങ്കിലും അവഗണിക്കുകയോ ഉണ്ടായിട്ടില്ല. അതും കൂടാതെ, പരിഭാഷയുടെയും വ്യാഖ്യാനക്കുറിപ്പുകളുടെയും ഓരോ അക്ഷരവും അന്വയവും അവരിൽപെട്ട ചില മഹാ വ്യക്തികളുടെ പാകത ഘടിപ്പിക്കപ്പെട്ട കണ്ണടകളിൽക്കൂടി, വളരെ അടുത്തു, അസന്നിഗ്ദ്ധമായ നിലയിൽ കടന്നുപോയിട്ടുണ്ടു്. അവരുടെ ആത്മാർത്ഥത, ഉത്തമമായ ഉപദേശങ്ങളുടെയും അസന്നിഗ്ദ്ധമായ ആസ്വാദനത്തിന്റെയും, രണ്ടു നിലയിലും അനുഭവപ്പെട്ടുവരുന്നു. അവർക്കു പുറമേയും പല അനുഭാവികൾ ഈ പരിശ്രമവുമായി അഭേദ്യമായ സഹകരണബന്ധങ്ങൾ പുലർത്തിപ്പോരുന്നവരുണ്ടു്; അവരോടു എല്ലാവരോടും പരിഭാഷകൻ പ്രത്യേകമായി കൃതജ്ഞതയുള്ളവനാണ്. കൂടാതെ, നാളിതുവരെ മനുഷ്യൻ സത്യവിജ്ഞാനത്തിന്റെ മാർഗ്ഗത്തിൽ ചെയ്തിട്ടുള്ള ഗവേഷണങ്ങൾക്കു പരിഭാഷകൻ കടപ്പെട്ടിരിക്കുന്നു; ഖുർആൻ പരിഭാഷ, കുറിപ്പുകടലാസ്സുകളുടെ കൂമ്പാരങ്ങളെപ്പിന്നിട്ടു്, സഹൃദയ ജനങ്ങളുടെ സമീപത്തിലേക്കു് പുറത്തിറങ്ങുകയാണ്.

പരിശുദ്ധ ഖുർആനുമായി സമ്പർക്കത്തിൽ കഴിയുന്ന മനുഷ്യാത്മാക്കളിൽ സ്ഫുരിച്ചു വിരിഞ്ഞു വ്യാപിച്ചുകൊണ്ടിരിക്കുന്ന സത്യവിജ്ഞാന വീചികളെ മലയാണ്മയിലേക്കു് പ്രസരിപ്പിക്കുവാനുള്ള പ്രയത്നത്തിന്റെ കടിഞ്ഞൂൽപ്പൂവാണിതു്. സ്തുതി പരമദയാലുവായ ലോകരക്ഷിതാവിന്നു്!

ബാങ്കളൂർ
7—8—'54

പി. മുഹമ്മദ് എടശ്ശേരി.

# പരിശുദ്ധ ഖുർആൻ പരിഭാഷ

(അറബി മൂലഗ്രന്ഥവും, മലയാള ഗദ്യഭാഷയും,
വ്യാഖ്യാനക്കുറിപ്പുകളും കൂടിയതു്)

بسم الله الرحمن الرحيم

## ഭാഗം ഒന്നു

## സംഹിത 1 ഉൽഘാടനം

വിഷയസൂചന

പരിശുദ്ധ ഖുർആൻ സാക്ഷാൽ സത്യമായ ദൈവത്തിന്റെ നാമത്തിൽ സമാരംഭിക്കുന്നു. അവന്റെ സവിശേഷതകളിൽ പരമമായ ദയയും മഹത്തായ ദാക്ഷിണ്യവും മുന്നിട്ടുനില്ക്കുന്നു. പുകഴ് (സ്തുതി)സകലവും ലോകരക്ഷിതാവായ ദൈവത്തിന്നു സ്വന്തമാണു്. പ്രവൃത്തികളുടെ പ്രതിഫലങ്ങൾ നല്കുന്നതിൽ പരമാധികാരിയാണു് അവൻ. സാമൂഹ്യജീവിയായ മനുഷ്യൻ സേവ ചെയ്യേണ്ടതു, തന്നെ നേരിട്ടുകാണുന്നവനായ ദൈവത്തെയാണു്. സഹായമർത്ഥിക്കപ്പെടുവാൻ അർഹതയുള്ളവൻ ദൈവം മാത്രമാണു്. മാർഗ്ഗദർശനത്തിന്നായി പ്രാർത്ഥിക്കേണ്ടതു ദൈവത്തോടാണു്. നേരായ മാർഗ്ഗമാണു് തിരഞ്ഞെടുക്കേണ്ടതു. ദൈവാനുഗ്രഹങ്ങൾ നേടിയിട്ടുള്ളവരുടെ മാർഗ്ഗത്തെയാണു് അനുസരിക്കേണ്ടതു. ദൈവകോപത്തിന്നു പാത്രമായിട്ടുള്ളവരുടെ പന്ഥാവിൽനിന്നു ഭിന്നമായതും വ്യതിയാനികളുടേതല്ലാത്തതുമായ വഴിയിൽ ചരിക്കുവാൻ സത്യസാന്നിദ്ധ്യമുള്ള മനുഷ്യൻ തല്പരനായിരിക്കേണ്ടതാണു്.

ایاتها (١) سُورَةُ الفَاتِحَةِ مَكِّيَّةٌ (٥) ركوعها ١

## സംഹിത 1 അൽ-ഫാതിഹ:[1]

# ഉൽഘാടനം[2]

7 രേഖകൾ. മക്കായിൽ അവതരിച്ചതു്[3]

പരിഭാഷ

1. പരമദയാലുവായ, ദാക്ഷിണ്യശാലിയായ[4] അല്ലാഹുവിൻെറ നാമത്തിൽ.[5]

١- بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

ഗദ്യഭാഷ

1. പരമദയാലുവും, ദാക്ഷിണ്യശാലിയുമായ അല്ലാഹുവിൻെറ നാമത്തിൽ (തുടങ്ങുന്നു)

---

1. പരിശുദ്ധ ഖുർആനിൻെറ വിഭജനത്തിൽ രണ്ടു പരിഗണനകൾ പ്രധാനമായി കാണപ്പെടുന്നു; വായനയും വിഷയവും. വായനയുടെ അല്ലെങ്കിൽ ഗ്രന്ഥത്തിൻെറ ആകമാനമുള്ള വലിപ്പത്തിൻെറ പരിഗണനയിൽ 30 ഭാഗമായിട്ടാണതു തിരിക്കപ്പെട്ടിരിക്കുന്നതു്. ഖുർആനികവിജ്ഞാനത്തിൽ "ജുസ്ഉൻ" എന്നാണു് ഇതിൽ ഓരോ ഭാഗത്തിന്നും ഉള്ള പേരു്. എന്നാൽ വിഷയത്തിൻെറ അല്ലെങ്കിൽ പ്രതിപാദനത്തിൻെറ അടിസ്ഥാനത്തിൽ ഖുർആനിൻെറ ഓരോ ഘടകവും "സൂറത്തുൻ" അഥവാ സൂറ: എന്ന പേരിൽ അറിയപ്പെടുന്നു. ഖുർആനിൽ ആകെ 114 സൂറകളുണ്ടു്. ഖുർആനിൽ ആസകലമുള്ള 30 ഭാഗങ്ങളിൽ 3 ഭാഗങ്ങൾവരെ വ്യാപിച്ചുകിടക്കുന്ന സൂറയുണ്ടു്. എന്നാൽ 3 ചെറിയ വാക്യങ്ങൾ മാത്രമുൾക്കൊള്ളുന്ന സൂറയുമുണ്ടു്. ഏതു നിലയിലായാലും ഏതാനും വാക്യങ്ങളുടെ സംഹിതയാണു് സൂറയെന്നുള്ളതുകൊണ്ടു സൂറ: എന്ന വാക്കിന്നു സംഹിത എന്ന പദമാണു് പരിഭാഷയായി കൊടുത്തിട്ടുള്ളതു്. സൂറകൾ പൊതുവെ ഒരു വിഷയത്തെക്കുറിച്ചു പ്രതിപാദിച്ചു അവസാനിക്കുന്നില്ലാത്തതുകൊണ്ടു അദ്ധ്യായമെന്ന വാക്കിനേക്കാൾ സംഹിത എന്നതാണു് പരിഭാഷക്കു കൂടുതൽ യോജിച്ചതായി കണ്ടതു്.

ഒരു സംഹിതയിൽ ഒന്നിലേറെ "ആയത്തു"കൾ ഉണ്ടു്. ആയത്തു എന്ന പദത്തിന്നു രേഖ എന്നാണു് പരിഭാഷയായിച്ചേർത്തിരിക്കുന്നതു്. വാക്യം എന്നു് പരിഭാഷപ്പെടുത്തുന്നതു വ്യാപകമായിരിക്കയില്ല. ഒരു ആയത്തു ഒരു വാക്യമോ ഒരു വാക്യത്തിൻെറ ഒരു അംശം മാത്രമോ ആകാം. ചിലപ്പോൾ ഒന്നിലധികം വാക്യങ്ങൾ ഒരു ആയത്തിൻെറ പരിധിയിൽ പെട്ടിരിക്കുന്നതായും കാണാം. എന്നാൽ ഏതു വിവക്ഷയിലും വിശുദ്ധ ഗ്രന്ഥത്തിൻെറ ഓരോ "ആയത്തും" സത്യവിജ്ഞാനത്തിൻെറ ഓരോ രേഖയാണെന്നതിൽ സന്ദേഹമില്ല.

ഭാഗം, സംഹിത, രേഖ, ഇങ്ങിനെയാണു് വിഭജനത്തിൻെറ വ്യവസ്ഥ. ഓരോ രേഖയ്ക്കും, ഭാഗത്തോടും സംഹിതയോടും തുല്യബന്ധമുണ്ടു്. ഒന്നിലേറെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന സംഹിതയും, പത്തിലധികം സംഹിതകൾ ഉൾക്കൊള്ളുന്ന ഭാഗങ്ങളുമുണ്ടു്. ദീർഘിച്ചതായ സംഹിതകൾക്കു് പാരായണമുറയ്ക്കനുസരിച്ചു് "റുകൂഉൻ" എന്നറിയപ്പെടുന്ന സന്ധികൾ ഉണ്ടു്.

ഒരു റുകൂഅ് ഒരു ആശയത്തെ മാത്രമോ അല്ലെങ്കിൽ ആകമാനമോ വിസ്തരിക്കുന്നതായിക്കാണുന്നില്ല. അതിനാൽ ഖണ്ഡികയെന്ന വാക്ക് നമുക്കു സുപരിചിതമാണെങ്കിലും റുകൂഅ് എന്ന പദത്തിന്റെ പരിഭാഷയാവാൻ പററിയതല്ല. ഭാഗം, സംഹിത സന്ധി, രേഖ ഇവകളെ വകതിരിച്ചു മനസ്സിലാക്കേണ്ടതാണ്.

ചിലപ്പോ൦ സംഹിതകൾ പൂർണ്ണമായി ഒരേ അവസരത്തിൽ അവതരിക്കാറുണ്ട്. ചിലപ്പോ൦ ചില വശങ്ങൾ മാത്രമേ ഒരിക്കൽ അവതരിപ്പിക്കപ്പെടാറുള്ളു. ശേഷമുള്ളതു മറെറാരിക്കലാണ് പ്രവാചകനു ലഭിക്കാറുള്ളത്. എന്നാൽ അതും പ്രവാചകന്റെ നിർദ്ദേശത്തിന്നനുസരിച്ച് ക്രോഡീകരിക്കപ്പെടാറുണ്ട്. അങ്ങിനെ ഓരോ സംഹിതയും അതിലെ ഓരോ രേഖയും ഹൃദയസ്പർശകമായൊരു പൂർവ്വാപരബന്ധത്താൽ പരസ്പരം ഇണങ്ങിനില്ക്കുന്നു. അവയുടെ അട്ടുകളിൽ അമർന്നുകിടക്കുന്ന ആശയങ്ങൾ അറിയുമ്പോഴാണതു ബോദ്ധ്യപ്പെടുക.

2. "ഫാത്തിഹ:" എന്ന വാക്കിന്നു ഉൽഘാടനം എന്നാണ് അർത്ഥം. ഈ സംഹിതയ്ക്കു വേറെയും പേരുകൾ ഉണ്ട്. "സബ്ഉൻ മിനൽ-മസാനീ:" സമാവർത്തിത സപ്തകങ്ങൾ എന്നു ഖുർആനിൽതന്നെ ഇതിന്നു പേരു പറയപ്പെട്ടിരിക്കുന്നു. സംഹിത 15ൽ രേഖ 87 നോക്കുക. എന്തുകൊണ്ടെന്നാൽ അതിന്റെ ഏഴു രേഖകൾ ഏററവും ചുരുങ്ങിയാൽ 17 പ്രാവശ്യം ഓരോ മുസ്ലിമിന്റേയും പ്രാർത്ഥനകളിൽ ആവർത്തിക്കപ്പെടുന്നു. കൂടാതെ, മനുഷ്യനു പരമ്പരകളായി കൈവന്നിരിക്കുന്ന നിവേദനങ്ങളിൽ സമാവർത്തിക്കപ്പെട്ടുകൊണ്ടിരുന്ന തത്വങ്ങളുടെ സംക്ഷേപമാണ് പ്രസ്തുത സംഹിതയിലെ സപ്തരേഖകൾ.

"ഫാത്തിഹ:" ഖുർആനിന്റെ പ്രാരംഭമല്ല; ഉൽഘാടനമാണ്. ഫാത്തിഹത്തുൽകിത്താബ് ഗ്രന്ഥോൽഘാടനമെന്നും ഇതിന്നു പേരുണ്ട്. ഗ്രന്ഥോൽഘാടനത്തെ പാരായണംചെയ്തിട്ടില്ലാത്തവന്നു പ്രാർത്ഥന തന്നെയില്ല എന്നു വിശുദ്ധനബിയുടെ പ്രവചനമുണ്ട്. (ബുഖാരി & മുസ്ലിം) അതിനാൽ ഇതിന്നു പ്രാർത്ഥനയുടെ സംഹിത "സൂറത്തുസ്സലാത്ത്" എന്നുകൂടി പേരുണ്ട്. അപേക്ഷയുടെ സംഹിത (സൂറത്തുൽദുആ) എന്നും ഇതിന്നു പറയപ്പെടുന്നു. ഗ്രന്ഥത്തിന്റെ മാതാവ് (അടിത്തറ) "ഉമ്മുൽകിതാബ്" എന്നും ഇതു വിളിക്കപ്പെടുന്നു. ഉൽഘാടനസംഹിത പരിശുദ്ധഖുർആനിന്റെ രത്നച്ചുരുക്കമാണ്. വേറെയും പല പേരുകൾ ഉൽഘാടനസംഹിതയ്ക്കു പ്രചാരത്തിൽഉണ്ട്.

3. ഉൽഘാടനസംഹിത 7 രേഖകൾ ഉൾക്കൊള്ളുന്നു. പരിപൂർണ്ണമായി ഒരുമിച്ചു ഒരവസരത്തിൽ അവതരിപ്പിക്കപ്പെട്ട ആദ്യത്തെ സംഹിതയാണിത്. എന്നാൽ ഖുർആനിന്റെ പ്രാരംഭം സംഹിത 96ൽ ഒന്നാമത്തെ രേഖയിൽനിന്നാണ്. ദൈവീകപ്രബോധനത്തിന്റെ ആദ്യകാലങ്ങളിലാണ്, മക്കായിൽവെച്ചാണ് ഉൽഘാടനസംഹിത അവതരിച്ചിട്ടുള്ളത്.

4. ഈ രേഖ സാക്ഷാൽ ദൈവത്തിന്റെ അറബിഭാഷയിലുള്ള സംജ്ഞാനാമവും രണ്ടു വിശേഷകനാമങ്ങളും ഉൾക്കൊള്ളുന്നു. സംജ്ഞാനാമത്തെ പരിഭാഷപ്പെടുത്തുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു പരിഭാഷയിലും അതു അങ്ങിനെത്തന്നെ പ്രയോഗിക്കയാണ് ചെയ്തിട്ടുള്ളതു. അതിനാൽ "അല്ലാഹു" എന്ന പദത്തിന്റെ അക്ഷരാന്തരമെന്ന നിലയിൽ അല്ലാഹു എന്ന ശബ്ദമാണ് പരിഭാഷയിലും ഉപയോഗിച്ചുകാണുക. യഥാർത്ഥ ദൈവത്തെ മനുഷ്യന്റെ ഭാവനാസൃഷ്ടികളായ പട്ടികദൈവങ്ങളിൽനിന്നും വ്യത്യസ്തനായിക്കാണിക്കുവാനായിട്ട് ഏകവചനമായ "ഇലാഹ്" (ദൈവം) എന്ന പദത്തെ "സാക്ഷാൽ ദൈവ"മെന്നു സവിശേഷമായി പ്രയോഗിച്ചിട്ടുണ്ട്; പക്ഷെ വ്യാഖ്യാനക്കുറിപ്പുകളിൽ മാത്രമാണ് അങ്ങനെ ചെയ്തിട്ടുള്ളത്.

സാക്ഷാൽ ദൈവത്തിന്റെ വിശേഷണ നാമങ്ങളിൽ സർവ്വപ്രധാനമായ രണ്ടു പദങ്ങളാണ് "അൽറഹ്മാനു" പരമദയാലു എന്നതും, "അൽ റഹീമു്" ദാക്ഷിണ്യശാലി എന്നതും. രണ്ടു പദങ്ങളും ഒരേ ധാതുവിൽനിന്നു ഉടലെടുത്തതാണ്. എങ്കിലും ദൈവീകമായ കാരുണ്യത്തിന്റെ വ്യത്യസ്തമായ രണ്ടു അവസ്ഥാഭേദങ്ങളെ അവ കുറിക്കുന്നു. പരമദയാലു അൽ-റഹ്മാനു് എന്നതു, ദാക്ഷണ്യശാലി അൽ-റഹീമ് എന്ന വിശേഷണത്തെ മുന്നിട്ടു നില്ക്കുന്നു. പരമദയാലുവെന്നതു സാക്ഷാൽ ദൈവത്തിന്നു ലോകത്തോടുള്ള നിരുപാധികവും സർവ്വവ്യാപകവുമായ ദയയെയാണ് കുറിക്കുന്നതു. ലോകത്തിന്റെ പ്രവർത്തനത്തിന്നു നിദാനമായി നില്ക്കുന്നതു പ്രസ്തുത വിശേഷണത്തിന്റെ പ്രകടമായ സാക്ഷാൽക്കാരമാണ്. മനുഷ്യന്നു അതു പ്രവൃത്തിക്കുവാനുള്ള സാദ്ധ്യതകൾ നല്കുന്നു.

എന്നാൽ ദൈവത്തിന്റെ മഹത്തായ ദാക്ഷിണ്യമാകട്ടെ, ശരിയായ പ്രവൃത്തിയുടെ ഫലാപ്തിയിലാണ് പ്രത്യക്ഷമാവുക. നമുക്ക് പ്രവൃത്തികൾ സാധിക്കുന്നതു പരമമായ ദയകൊണ്ടും നമ്മുടെ പ്രവൃത്തികൾ ഫലിക്കുന്നതു മഹത്തായ ദാക്ഷിണ്യംകൊണ്ടുമാണ്. രണ്ടിലും കരുണ കലർന്നിരിക്കുകയും ചെയ്യുന്നു.

2. സ്തുതി,[6] ലോകങ്ങളുടെ[7] രക്ഷിതാവായ[8] അല്ലാഹുവിന്നു്[9] ;

3. പരമദയാലുവായ ദാക്ഷിണ്യശാലിയായവന്നു്;[10]

4. പ്രതിഫല[11] ദിനത്തിന്റെ സർവ്വാധിപന്നു്;[12]

٢- اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ

٣- الرَّحْمٰنِ الرَّحِيْمِ ۙ

٤- مٰلِكِ يَوْمِ الدِّيْنِ ۗ

ഗദ്യഭാഷ

2. സ്തുതി ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്നാണു്.

3. പരമദയാലുവും ദാക്ഷിണ്യശാലിയുമായവന്നാണു്;

4. പ്രതിഫലം (നല്കപ്പെടുന്ന) ദിവസത്തിന്റെ സർവ്വാധിപന്നാണു്.

---

"അൽ റഹീമ്" ദാക്ഷിണ്യശാലി എന്ന പദം, അല്ലാഹു എന്ന നാമത്തിന്റെ ദ്വിതീയ വിശേഷണമാണു്; വിശേഷണസന്ധിയല്ല. അതിനാൽ പരിഭാഷയിൽ, പരമദയാലു എന്ന പ്രഥമ വിശേഷണത്തിന്റേയും ദാക്ഷിണ്യശാലി എന്ന വിശേഷണത്തിന്റേയും മദ്ധ്യത്തിൽ സന്ധി പ്രത്യയമായ "ഉം" ചേർക്കുകയുണ്ടായില്ല. വിശേഷണപ്രത്യയങ്ങൾ രണ്ടു വിശേഷണങ്ങൾക്കും വേറെ വേറെ ചേർക്കുകയാണു് ചെയ്തിട്ടുള്ളതു്. സന്ധിപ്രത്യയത്തിന്നു പ്രഥമവിശേഷണത്തിന്റെ പ്രാധാന്യത്തെ വാങ്മൂപത്തിൽ മാത്രമേ നിലനിർത്തുവാൻ സാധിക്കയുള്ളൂ. അർത്ഥഭാവത്തിൽ വിശേഷണസന്ധിക്കു വിശേഷണത്തിന്റെ സ്ഥാനമാണുണ്ടാവുക. മലയാളത്തിൽ "ഉം" എന്ന അർത്ഥത്തെക്കുറിക്കുന്ന "വ" മൂലവാക്യത്തിൽ പ്രയോഗിച്ചിട്ടില്ലെന്നുള്ളതു ഇവിടെ സ്മരിക്കേണ്ടതാണു്.

5. "ബിസ്മില്ലാഹി" അല്ലാഹുവിന്റെ നാമത്തിൽ എന്നു ആരംഭിക്കുന്ന പ്രഥമരേഖ, പ്രഥമസംഹിതയുടെ ശിരോഭാഗമാണു്. സംഹിത തുടങ്ങുന്നതു അല്ലാഹുവിന്റെ (സാക്ഷാൽ സത്യമായ ദൈവത്തിന്റെ) നാമത്തിലാണു്. ഖുർആനിലെ 114 സംഹിത (സൂറ:) കളിൽ 9-ാമത്തേതു ഒഴികെയുള്ള സകല സംഹിതയും സമാരംഭിക്കുന്നതു ഈ രേഖയോടുകൂടെയാണു്. കൂടാതെ 27-ാമത്തെ സംഹിതയുടെ മദ്ധ്യത്തിലും ഈ രേഖ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. സംഹിത 27ൽ രേഖ 30 നോക്കുക. അങ്ങിനെ ഖുർആനിൽ ആദ്യാവസാനമായി 114 സ്ഥാനങ്ങളിൽ ഈ രേഖ സ്ഥലം പിടിച്ചിരിക്കുന്നു. സത്യത്തിന്നു വിധേയനായ മനുഷ്യൻ തന്റെ ചുമതലകളെ വീക്ഷിക്കുന്നതും നിർവ്വഹിക്കുന്നതും സാക്ഷാൽ സത്യമായ ദൈവത്തിന്റെ പേരിലാണു്. സ്വന്തം താല്പര്യത്തിന്റെ പേരിലല്ല. വിശുദ്ധ പ്രവാചകൻ പ്രസ്താവിച്ചിരിക്കുന്നു: സാക്ഷാൽ ദൈവത്തിന്റെ പേരിൽ സമാരംഭിക്കപ്പെടാത്ത സകല പ്രവൃത്തിയും ഭംഗപ്പെട്ടതാണു്. (ബുഖാരി & മുസ്ലിം)

6. "അൽ-ഹംദു്" എന്ന പദത്തിന്നു സ്തുതി എന്നാണർത്ഥം; അതിനോടുകൂടെയുള്ള "അൽ" എന്ന പ്രത്യയം വർഗ്ഗാർത്ഥത്തെയാണു് കുറിക്കുന്നതു്. അതിനാൽ പ്രസ്തുത പദത്തിന്നു സ്തുതി അതിന്റെ വർഗ്ഗത്തോടുകൂടെയെന്നർത്ഥമാണു്. (അബൂഹയ്യാൻ:)

മലയാളഭാഷയിലും സ്തുതിയെന്നു നിരുപാധികമായി പറഞ്ഞാൽ സ്തുതിയുടെ ഏതെങ്കിലും ഒരു വിഭാഗത്തെയല്ല, സ്തുതിയുടെ സർവ്വവിധമായ വകഭേദങ്ങളുടെ സമൂഹത്തെയാണതു കുറിക്കുന്നതു്.

7. സൃഷ്ടിയുടെ ഓരോ വകുപ്പും ഓരോ ലോകമാണു്. സ്തുതി അതിന്റെ വർഗ്ഗത്തോടുകൂടെ അല്ലാഹുവിന്നാണെന്നു പ്രഖ്യാപിച്ചിട്ടു അതിന്നുള്ള ന്യായാവകാശത്തെയാണു്, ലോകങ്ങളുടെ രക്ഷിതാവാണു് അവൻ എന്നുള്ള നിഗമനത്തിൽ നിന്നു ചൂണ്ടിക്കാണിക്കപ്പെടുന്നതു. സ്തുതി മേന്മയുടെ പ്രഖ്യാപനമാണു്. ലോകങ്ങളുടെ രക്ഷിതാവായ സാക്ഷാൽ ദൈവമാണു്, തന്നത്താൻ സംരക്ഷിക്കുവാനാകാത്ത സൃഷ്ടികളല്ല അതിന്നു അവകാശി.

8. രക്ഷിതാവു് "റബ്ബ്" എന്നതുകൊണ്ടു പരിപാലകൻ മാത്രമല്ല; നിയന്താവു്, വിധാതാവു്, സംസ്കർത്താവു്, വളർച്ചയുടെ പരിപൂർണ്ണതയെ പ്രാപിപ്പിക്കുന്നവൻ എന്നും കൂടി അതിന്നർത്ഥമുണ്ടു്. തന്റെ സൃഷ്ടികളായ ലോകങ്ങളെ അവയുടെ രക്ഷിതാവു് സൂക്ഷിക്കയും, പരിരക്ഷിക്കയും ചെയ്യുന്നു.

9. സ്വയംസമ്പൂർണ്ണനായ ദൈവത്തിന്നു നമ്മുടെ സ്തുതി ആവശ്യമില്ല. എല്ലാ സ്തുതികൾക്കും ഉപരിയാണവൻ. അവന്നു അറിയുവാൻ ആരും ഒരു അപേക്ഷയും പറയണമെന്നില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ആവശ്യങ്ങളെ നാം തന്നെ അറിയുന്നതിനേക്കാൾ കൂടുതൽ അവൻ അറിയുന്നു. അവന്റെ സൌജന്യങ്ങൾ നമ്മുടെ

അപേക്ഷകൾ ഉണ്ടാകുന്നതിന്നു മുമ്പുതന്നെ നമുക്കു തുറന്നുകിടക്കുന്നവയാണ്. പുണ്യവാന്മാർക്കും പാപികൾക്കും തന്നെയവ പൊതുവിൽ പ്രാപ്യമാണ്. എന്നാൽ ആവശ്യവും അതുകൊണ്ടു ഉളവാകുന്നതായ അപേക്ഷയും മനുഷ്യന്റെ ജന്മസിദ്ധാന്തമാണ്. ആവശ്യമാണ് മനുഷ്യനെ പ്രവൃത്തിക്കു പ്രേരിപ്പിക്കുന്നതു്. അപേക്ഷയും അതിൽനിന്നുത്ഭവിക്കുന്ന കർമ്മമുഖമായ പ്രാർത്ഥനയും മനുഷ്യനെ വിജയത്തിൽ എത്തിക്കുകയും ചെയ്യുന്നു. പ്രാർത്ഥന ദൈവത്തിന്റെ ആവശ്യത്തിന്നുവേണ്ടിയല്ല. മനുഷ്യന്റെ ശാശ്വതമായ വിജയത്തിന്നുവേണ്ടിയുള്ളതാണ്. അതുകൊണ്ടാണ് ഈ സംഹിത പ്രാർത്ഥനയിൽ നാം ഉരുവിടേണ്ടതായ പദങ്ങളുടെ രൂപത്തിൽ നമുക്കു് നല്കപ്പെട്ടിരിക്കുന്നതു്. നമ്മുടെ ആത്മാർത്ഥത പ്രാർത്ഥനയുടെ അർത്ഥവ്യാപ്തിയോളമെത്തുമ്പോൾ പ്രാർത്ഥനയുടെ നൈസർഗ്ഗികമായ മഹിമ നമുക്കു് അനുഭവപ്പെടുന്നതാണ്.

10. സ്തുതി സാക്ഷാൽദൈവത്തിന്നാണെന്ന നിഗമനത്തെപ്പിന്നിട്ടു്, സ്തുതിക്കു പ്രേരകമായി നില്ക്കുന്ന ദൈവീകമായ പ്രവർത്തനവിശേഷത്തെ—ലോകങ്ങളുടെ രക്ഷിതാവാണവനെന്ന വിശേഷണബോധത്തെക്കടന്നു—പ്രാർത്ഥിക്കുന്നവന്റെ മനസ്സ് തനിക്കു പ്രാർത്ഥിക്കുവാനുള്ള സന്ദർഭമേകിയ പരമമായ ദയയെ പരാമർശിക്കുന്നു. വിധേയത്വത്തോടെ പ്രാർത്ഥിക്കുന്നവന്നും ധിക്കാരത്താൽ നിഷേധിക്കുന്നവന്നും തുല്യാവകാശമായി വിലസുന്ന പ്രസ്തുത കാരുണ്യവിശേഷതയുടെ പിറകിലായി പ്രവൃത്തികളെ ഫലങ്ങളിലേക്കെത്തിക്കുന്ന ദാക്ഷിണ്യമഹിമയെ സ്മരിക്കുന്നു. തദ്വാരാ, തന്റെ സ്തുതി തന്നെക്കൊണ്ടു നിർവ്വഹിക്കുവാൻ കരുണ കാണിച്ച ലോകരക്ഷിതാവ്തന്നെ തന്റെ പ്രവൃത്തിയെ സാഫല്യത്തിൽ എത്തിക്കുന്നവനാണെന്ന ആശാവഹമായ ആശയത്തിൽ എത്തുന്നു.

11. "യൗമുൻ" എന്നതിന്നു ദിനം എന്നാണ് പരിഭാഷ. പരിശുദ്ധ ഖുർആനിൽ സമയത്തിന്റെ ഭാഗങ്ങളിൽ നിന്നു, ഒരു നിമിഷം മുതൽക്കു അൻപതിനായിരം വർഷങ്ങൾവരെയുള്ള അളവിന്നു ദിവസം എന്ന വാക്കു് ഉപയോഗിക്കപ്പെട്ടിട്ടുണ്ടു. സംഹിത 55ൽ രേഖ 29ഉം സംഹിത 70ൽ രേഖ 4ഉം നോക്കുക. അതിനാൽ കാലത്തിന്റെ അഖണ്ഡിതമായൊരു അളവിനെയാണ് അതു കുറിക്കുന്നതു എന്നു വ്യക്തമാണ്.

"യൗമുൻ" എന്ന പദം കാലത്തിന്റെ ഒരു മുഹൂർത്തത്തെക്കുറിക്കുന്നു. അതു ഏതു തരത്തിൽ പെട്ടതായാലും വിരോധമില്ല. എന്നു ഇമാം റാഗ്വിബ്(റ) പറയുന്നു. സൂര്യോദയം തുടങ്ങി അസ്തമയം വരെയുള്ള സമയം എന്നും അതിന്നർത്ഥമുണ്ടു്. പ്രതിപാദ്യമായ രേഖയിൽ ഇമാംറാഗ്വിബിന്റെ നിർവചനമാണ് കൂടുതൽ യുക്തമായിക്കാണുന്നതു. മനുഷ്യൻ പ്രവൃത്തിച്ചു കഴിഞ്ഞ കാലമൊക്കെ പ്രതിഫലത്തിന്റെ കാലമാണ്. പ്രതിഫലം നല്കുകയെന്നതു ലോകവ്യവസ്ഥിതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവീകമായൊരു നിയമമാണ്.

പ്രസ്തുത നിയമത്തിന്റേയും അതു പ്രവൃത്തിയിൽ നില്ക്കുന്ന കാലത്തിന്റേയും പരമസ്വതന്ത്രനായ സർവ്വാധിപതിയാണ് അല്ലാഹ്. സാക്ഷാൽ ലോകരക്ഷിതാവ്.

12. തന്റെ പ്രവൃത്തികളെ സാഫല്യത്തിലെത്തിക്കുന്നതു പ്രവൃത്തികൾക്കു് സന്ദർഭമേകിയവൻ തന്നെയാണെന്ന ബോധത്തോടുകൂടെ തന്റെ രക്ഷിതാവിന്റെ പരമസ്വതന്ത്രമായ ക്രയവിക്രയശേഷിയാണ് അവന്നു (പ്രാർത്ഥിക്കുന്നവന്നു) ചിന്താവിഷയമാകുന്നതു. തന്റെ രക്ഷിതാവു് വെറും 'നിയമങ്ങൾ' വെച്ചു വിധി പറയുന്ന ന്യായസേവകനല്ല. പ്രതിഫലദിനത്തിന്റെ സർവാധിപനാണവൻ. ബാഹ്യമായ പ്രകടനങ്ങളാൽ കബളിക്കപ്പെടുന്നവനല്ല. ഹൃദയത്തിന്റെ ഹൃദയമറിഞ്ഞു കൂലി കൊടുക്കുന്നവനാണവൻ. അങ്ങിനെയുള്ളവനെയാണ് മനുഷ്യൻ സ്തുതിക്കേണ്ടതു. അവന്റെ മേന്മയെയാണ് പ്രഖ്യാപിക്കേണ്ടതു.

## വിചാരഗതി

സ്തുതി മനുഷ്യന്നല്ല; സ്തുതിയുടെ അവകാശം ദൈവത്തിന്നാണ് എന്നു പ്രഖ്യാപിച്ചുകൊണ്ടു അവന്റെ ദയാദാക്ഷിണ്യങ്ങളുടെ സവിശേഷതകളെപ്പററി മനുഷ്യൻ ഗാഢമായി ചിന്തിക്കാൻ തുടങ്ങുന്നു. ശാരീരികവും ബാഹ്യവുമായ വിദൂരതയിൽ, ദൈവത്തിന്റെ സംജ്ഞാനാമത്തിന്റെ പ്രതിപാദനത്തിൽ കൂടിയാണതു സമാരംഭിക്കുന്നതു്. ദൈവകാരുണ്യത്തിന്റെ സാർവ്വികത്വവും അവന്റെ നാമത്തിൽ നിർവ്വഹിക്കപ്പെടുന്ന നന്മയുടെ പ്രതിഫലസ്ഥിരതയും, സർവ്വോപരി, അവന്റെ പരമസ്വതന്ത്രമായ സർവ്വാധികാരശക്തിയും ഒന്നിന്നുപിറകൊന്നായി അവന്റെ മനസ്സിൽ സ്ഥലം പിടിച്ചു കഴിയുന്നു. അങ്ങിനെ പ്രാർത്ഥനയുടെ ആരംഭത്തിൽ പ്രാർത്ഥിക്കുന്നവന്നു ദൈവത്തോടുണ്ടായിരുന്ന വിദൂരത അപ്രത്യക്ഷപ്പെടുകയായി; ശാരീരികവും ബാഹ്യവുമായ അകൽച്ചയുടെ സ്ഥാനത്തിൽ ആത്മീയവും ആന്തരവുമായ അടുപ്പം അവന്നു അനുഭവപ്പെടുന്നു. അങ്ങിനെ നാമത്തിൽനിന്നു വിശേഷണത്തിൽക്കൂടി സാക്ഷാൽ ആസ്തികൃത്തിലേക്കു അവന്റെ ആത്മാനുഭൂതി നീങ്ങുന്നു; അങ്ങിനെ അവൻ സാക്ഷാൽ ആസ്തികൃത്തിന്റെ ആന്തരസത്യമായ അല്ലാഹുവിന്നു അഭിമുഖമായി നില്ക്കുന്ന അവസ്ഥയെ പ്രാപിക്കുന്നു. മറവിന്റെ നിഴൽ നീങ്ങി; നേരിടലിന്റെ വെളിച്ചത്തേക്കവൻ എത്തുന്നു. തന്റെ താഴ്മയും തന്റെ രക്ഷിതാവിന്റെ മഹിമയും നേരിൽതന്നെയവന്നു കൂടുതൽ ബോദ്ധ്യപ്പെടുന്നു. അതോടെ സാമീപ്യത്തിന്റെ സാക്ഷാൽക്കാരമായ ആരാധനയിൽ അവൻ ലയിക്കുകയും നേരിട്ടു പറയുന്നവന്റെ ഭാഷയിൽ നിന്നെയാണ് ഞാൻ ആരാധിക്കുന്നുവെന്ന തന്റെ ജീവിതാനുഭവത്തെ സ്വയം പ്രഖ്യാപിക്കയും ചെയ്യുന്നു.

5. നിന്നെയാണ് ഞങ്ങളാരാധിക്കുന്നു;[13]
നിന്നോടാണ് ഞങ്ങൾ[14] സഹായവുമർത്ഥിക്കുന്നു.[15]

6. നീ ഞങ്ങളെ നയിക്കേണമേ![16]
നിവർന്നതായ പാതയിലേക്ക്—.[17]

7. യാതൊരുത്തരുടെ പാതയിലേക്ക്—
നീയവർക്കു അനുഗ്രഹം ചെയ്തിരിക്കുന്നു;[18]
കോപിക്കപ്പെട്ടവരല്ലാത്തവരുടെ[19] (പാതയിലേക്ക്)
വ്യതിയാനികളുടേതിലേക്കുമല്ല.[20]

٥- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝
٦- اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝
٧- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ
الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ۝

ഗദ്യഭാഷ

5. നിന്നെ (മാത്രമാണ്) ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് (മാത്രമാണ്) ഞങ്ങൾ സഹായവുമപേക്ഷിക്കുന്നു.

6–7. കോപബാധിതരല്ലാത്തവരുടേതായതും, വഴിപിഴച്ചവരുടേതല്ലാത്തതുമായ—നേരായ മാർഗ്ഗത്തിലേക്ക്—നീ അനുഗ്രഹിച്ചിട്ടുള്ളവരുടെ മാർഗ്ഗത്തിലേക്ക്—നീ ഞങ്ങളെ നയിക്കേണമേ!

---

13. നിന്നെയാണു ഞങ്ങൾ ആരാധിക്കുന്നു എന്ന വാക്യത്തിന്നു മലയാള ഭാഷാരീതി വെച്ചുനോക്കുമ്പോൾ ചില പ്രത്യേകതകൾ കാണാവുന്നതാണ്: മൂലവാക്യത്തിന്റെ പ്രത്യേകതയാണതിൽ നിഴലിച്ചു കാണുന്നതു.

അറബിഭാഷ, സെമിററിക് വിഭാഗത്തിൽപ്പെട്ട ഒരു സജീവമായ സംസാര ഭാഷയാണ്. മററു ഭാഷകളെപ്പോലെ അതിൽ വാക്യങ്ങൾക്ക് ക്രിയ ഉണ്ടായിരിക്കുക നിർബ്ബന്ധമില്ല. അതിനാൽ അറബിഭാഷയിൽ ക്രിയാരഹിതമായ വാക്യങ്ങൾ സുലഭമാണ്. രണ്ടു നാമങ്ങൾ ആഖ്യയുടെയും ആഖ്യാതത്തിന്റെയും നിലയിൽ ഇണങ്ങിച്ചേർന്നാൽ അറബിയിൽ ഒരു തികഞ്ഞ വാചകമായി. അവയെ ഇണക്കുവാൻ ഒരു പ്രത്യയവും കൂടി ആവശ്യമില്ല; ഇവയെ നാമാത്മകവാക്യങ്ങൾ "ജുമ്ലതുൻ ഇസ്മിയ്യതുൻ" എന്നു വ്യാകരണസങ്കേതത്തിൽ വിളിക്കപ്പെടുന്നു; ക്രിയകളുള്ള വാക്യങ്ങളും അറബിയിൽ ധാരാളമുണ്ട്. വാക്യത്തിന്നു കാലവുമായുള്ള ബന്ധം കാണിക്കുവാനാണ് അറബിഭാഷയിൽ ക്രിയാത്മകവാക്യങ്ങൾ "ജുമ്ലതുൻ ഫിഅ്‌ലിയ്യതുൻ" ഉപയോഗിക്കപ്പെടുന്നതു.

"നിന്നെയാണു ഞങ്ങൾ ആരാധിക്കുന്നു" എന്ന പ്രതിപാദ്യമായ വാക്യം ക്രിയാത്മകമാണ്. അറബിഭാഷയിൽ ക്രിയാത്മകവാക്യം തുടങ്ങുന്നതു ക്രിയയിൽ നിന്നാണ്; എന്നാൽ കർത്തൃപദത്തെക്കൊണ്ടോ കർമ്മപദത്തെക്കൊണ്ടോ തുടങ്ങുന്ന വാക്യങ്ങളും അറബിഭാഷയിലുണ്ടു. അപ്പോൾ അവയ്ക്കു ചില പ്രത്യേക സന്ദർഭാപേക്ഷകളും അവയ്ക്കു ഉചിതമായ ചില അർത്ഥഭേദങ്ങളുമുണ്ടാവും.

നമ്മുടെ പ്രതിപാദ്യവാക്യം ക്രിയാത്മകമാണ്. അതിൽ ക്രിയ ഉണ്ടു എന്നർത്ഥം. ക്രിയയേക്കാൾ അതിൽ കർമ്മത്തിന്നു മുൻഗണനനല്കപ്പെട്ടിരിക്കയും ചെയ്തിരിക്കുന്നു. ക്രിയയുടെ ബന്ധത്തെ കർമ്മത്തിന്നു പ്രത്യേകപ്പെടുത്തുകയാണ് അതു ചെയ്യുന്നതു. നിന്നെ "മാത്രം" ഞങ്ങൾ ആരാധിക്കുന്നു എന്ന സാരം അതിൽ അടങ്ങിയിരിക്കുന്നു. എന്നാൽ "മാത്രം" എന്ന ധ്വനി പരിഭാഷയിൽ ഉൾക്കൊള്ളിക്കുവാനുള്ള ബദ്ധപ്പാടിൽ മൂലവാക്യത്തിൽ പദബന്ധങ്ങളുടെ അടുക്കിൽ അമർത്തി വെക്കപ്പെട്ടിരിക്കുന്ന പ്രസ്തുത അർത്ഥത്തെ ഒരു സ്വതന്ത്രമായ പദത്തെ പ്രത്യക്ഷമായി പ്രയോഗിച്ചുകൊണ്ടു പുറത്തേക്കു തള്ളിനിർത്തുകയാണ് ചെയ്തുകാണുന്നതു. മലയാളഭാഷയിൽ കർമ്മപദത്തിന്നു സാധാരണയായി ക്രിയാപദത്തിന്റെ മുമ്പിൽ നില്ക്കാവുന്നതുകൊണ്ടു മലയാള ശൈലിയിൽ ക്രിയയേക്കാൾ കർമ്മം മുന്നിട്ടു നില്ക്കുന്നുവെന്നതു പ്രത്യേകമായി യാതൊന്നും കുറിക്കുന്നില്ല. പ്രത്യേകത പാലിക്കാതെയും നിവൃത്തിയില്ല; പക്ഷെ, അതിന്നു, "മാത്രം" എന്ന സ്വതന്ത്രപദം പ്രയോഗിക്കുന്നതു യുക്തമാണെന്നും വരുന്നില്ല; അതിനാൽ 'നിന്നെയാണ് ഞങ്ങളാരാധിക്കുന്നു' എന്നാണ് പ്രസ്തുത വാക്യത്തിന്നു പരിഭാഷ കൊടുത്തിരിക്കുന്നതു്.

എങ്കിലും "നിന്നെയാണ്" എന്നു പറഞ്ഞു കഴിഞ്ഞാൽ വാചകം പൂരിപ്പിക്കുവാൻ "ഞങ്ങൾ ആരാധിക്കുന്നതു" എന്നു പറയുന്നതാണ് മലയാളഭാഷാരീതിക്കു സുപരിചിതമായ ശൈലി; എന്നാൽ അങ്ങിനെ പറയുകയാണെങ്കിൽ മൂലവാക്യത്തിന്റെ മറെറാരു പ്രത്യേകതയായ ക്രിയാത്മകത്വവും അതുവഴി വാക്യത്തിന്നു വർത്തമാനകാലത്തോടുള്ളബന്ധവും നഷ്ടപ്പെടുന്നതാണ്. മലയാളശൈലി വളരെ മുരടിച്ചിട്ടില്ലെന്നു നമുക്കു സമാധാനിക്കുക.

14. നിന്നെയാണു ഞങ്ങൾ ആരാധിക്കുന്നു എന്ന ഖുർആൻ വാക്യത്തിൽ രണ്ടു പ്രസ്താവനകൾ ഉണ്ടു. ഒന്നാമത്തെതു ഞങ്ങൾ നിന്നെ ആരാധിക്കുന്നു എന്നു തന്നെ. അതു പ്രത്യക്ഷമാണ്. രണ്ടാമത്തെ പ്രസ്താവന

അന്തർമുഖമാണ്. നിന്നെയല്ലാതെ മറ്റൊന്നിനേയും അല്ലെങ്കിൽ മററാരെയും ഞങ്ങൾ ആരാധിക്കുന്നില്ല എന്നാണതു വിവക്ഷിക്കുന്നതു. "ഞങ്ങൾ" എന്ന ബഹുവചനപ്രയോഗം സൂക്ഷിച്ചുനോക്കുക. അതു സൂചിപ്പിക്കുന്നതു സത്യമായ ദൈവത്തിൽ വിശ്വസിച്ചു പ്രവൃത്തിക്കുന്നവർക്കു സഹകരണമനസ്ഥിതിയും പരസ്പരധാരണയും സമൂഹബോധവും ഏകനായിരിക്കുമ്പോഴും കൂടി ഒഴിച്ചുകൂടാത്തതാണെന്ന തത്വത്തെയാണ്. തൻെറ സത്യമായ വിശ്വാസപ്രമാണത്തോടു യോജിക്കുന്നവർ ഏതു അവസ്ഥയിലും തന്നോടുകൂടെ ജീവിക്കുന്നതായി ഒരു യഥാർത്ഥവിശ്വാസി വിചാരിക്കേണ്ടതുണ്ടു. താൻ അവരിൽ പെട്ടവനാണെന്നതു അവൻ വിസ്മരിക്കരുതു.

15. സാക്ഷാൽ സത്യത്തിൻെറ പേരിൽ ചെയ്യപ്പെടുന്ന നിർദ്ദോഷമായ പ്രവൃത്തികളെല്ലാം തന്നെ യഥാർത്ഥ ദൈവാരാധനയിൽ പെട്ടതാണ്. സാക്ഷാൽ ദൈവത്തിൻെറ പേരിൽ സൽകർമ്മങ്ങൾ പ്രവൃത്തിക്കുകയെന്നതാണ് ദൈവത്തിൽ നിന്നു സഹായമർത്ഥിക്കുവാനുള്ള അർഹത. അതിനാൽ മനുഷ്യൻ ദൈവത്തോടു സഹായമപേക്ഷിക്കേണ്ടതു യഥാർത്ഥ ദൈവാരാധനയുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. പ്രതിപാദ്യവാചകത്തിൽ ആരാധനയ്ക്കു സഹായാർത്ഥനയേക്കാൾ പ്രാധാന്യം നല്കിയിരിക്കുന്നതു നോക്കുക. പ്രവൃത്തിയുടെ നിർദ്ദോഷത്വവും ഉദ്ദേശത്തിൻെറ മേന്മയുമാണ് മനുഷ്യനെ ശാശ്വതമായ സഹായ ലബ്ധിക്കും വിജയത്തിനും പാത്രമാക്കുന്നതു. സാക്ഷാൽ ദൈവത്തിൻെറ പേരിൽ മാത്രമാണ് താൻ പ്രവൃത്തിക്കുന്നതെന്ന നിഗമനമാണ് ദൈവത്തോടു മാത്രമാണ് താൻ സഹായമർത്ഥിക്കുന്നതെന്ന പ്രസ്താവനയ്ക്കു മനുഷ്യനെ സന്നദ്ധനാക്കുന്നതു.

16. സഹായാർത്ഥനയുടെ തത്വത്തെക്കുറിച്ചു വ്യക്തമായി ധരിച്ചതിനുശേഷമായി മനുഷ്യൻ തൻെറ ജീവിതവിജയത്തിന്നാവശ്യമായ പ്രധാനസഹായത്തെ പൊതുവിൽ വ്യക്തമാക്കുന്നു. ആവശ്യത്തെ അറിഞ്ഞെങ്കിലേ അതു നിവർത്തിച്ചു കിട്ടുവാനുള്ള അർത്ഥനയ്ക്കു ആത്മാർത്ഥതയുണ്ടാകയുള്ളൂ; അർത്ഥനയ്ക്കു ആത്മാർത്ഥതയില്ലെങ്കിൽ അതിൻെറ സാഫല്യത്തിന്നായി അവൻ പരിശ്രമിക്കയുമില്ല. അങ്ങിനെ അവൻെറ അർത്ഥനയെ അവൻ തികഞ്ഞ ആത്മാർത്ഥതയോടെ ദൈവകാരുണ്യത്തിങ്കൽ സമർപ്പിക്കുന്നു. അവൻ പറകയും ചെയ്യുന്നു, അവനെ നിവർന്ന പാതയിലേക്കു നയിക്കേണമേയെന്നു. ബഹുവചനരൂപമായ പ്രാർത്ഥന ഇവിടെയും അവൻെറ സാമൂഹ്യ താല്പര്യത്തെ തുടർന്നു പ്രത്യക്ഷപ്പെടുത്തുന്നതു വിസ്മരിക്കരുതു.

17. നിവർന്നതായ പാതയെന്നാൽ നേരായ നിഷ്കപടമായ ജീവിത പന്ഥാവു് എന്നർത്ഥമാണ്. നയിക്കുകയെന്നതിന്നു വഴി കാണിക്കുക; വഴിയിൽ കൂടി ലക്ഷ്യസ്ഥാനത്ത് എത്തിച്ചു കൊടുക്കുകയെന്നും അർത്ഥമുണ്ടു. നിവർന്ന പാതയിൽ കൂടി സർവ്വപര്യാപ്തനായ നിയന്താവിനാൽ നയിക്കപ്പെടുന്നവർ ലക്ഷ്യസ്ഥാനത്തെ പ്രാപിക്കാതിരിക്കയില്ല.

18. ദൈവത്തിങ്കൽ നിന്നുള്ള മാർഗ്ഗദർശനത്തിൻെറ ആവശ്യകത ബോദ്ധ്യംവന്നാൽ അതിനെ അംഗീകരിക്കുന്ന മനുഷ്യൻ അതിന്നു അർഹനായിത്തീരുന്നു. അതിനുവേണ്ടി അവൻ അപേക്ഷിക്കുന്നതുവഴി അവൻ അതിനെ സ്വീകരിക്കയും ചെയ്യുകയായി; അതു വഴി സ്വന്തം കഴിവുകളെയവൻ ദൈവഹിതമനുസരിച്ചു വിനിയോഗിക്കുന്നു. മനുഷ്യൻെറ മാർഗ്ഗദർശനത്തിന്നായി ദൈവത്താൽ നൽകപ്പെട്ടിരിക്കുന്ന മഹാനുഗ്രഹങ്ങളിൽ പെട്ടതാണ് സദുദ്ദേശപരമായ ജീവിതചിന്ത; അങ്ങനെ അവൻ, താൻ ആഗ്രഹിക്കുന്ന ജീവിത പന്ഥാവിനെക്കുറിച്ചുള്ള സ്വന്തമായ ബോധത്തെ ദൈവസന്നിധിയിൽ പ്രകാശിപ്പിക്കുന്നു. അതോടെ മനുഷ്യൻെറ ഭൂതകാലചരിത്രത്തിലേക്കാണ് അവൻെറ മനസ്സു നീങ്ങുന്നതു. ഭിന്നമാർഗ്ഗചാരികളായ വ്യക്തികളുടെ ജയാപജയങ്ങൾ കെട്ടിക്കിടക്കുന്ന വലിയൊരു ഭണ്ഡാഗാരമാണതു. വ്യക്തിഗതമായ പ്രതാപത്തിന്നല്ല; വ്യക്തികളെ സജ്ജനസമൂഹമായി മാറുന്ന ജീവിതതത്വത്തിനും അതിനാൽഅവർക്കു അനുഭവപ്പെട്ടിരിക്കുന്ന അനുഗ്രഹത്തിൻെറ സാക്ഷാൽക്കാരത്തിന്നുമാണവൻ പരിഗണന കൊടുക്കേണ്ടതു. ഭിന്നമാർഗ്ഗക്കാരായ ഭൂതകാലമനുഷ്യരിൽ ചിലർ ശാശ്വതമായ ദൈവാനുഗ്രഹത്തിന്നു പാത്രമായിട്ടുള്ളതു അവൻ സ്മരിക്കുന്നു. അവരുടെ മാർഗ്ഗത്തിൽകൂടിയാണ് അവനു നടക്കേണ്ടതു. ദൈവാനുഗ്രഹത്താൽ അവൻെറ മാർഗ്ഗത്തെയവൻ അറിഞ്ഞിരിക്കുന്നു. ഭാവാത്മകമായൊരു വിശേഷണബന്ധത്താൽ—നീയനുഗ്രഹിച്ചിട്ടുള്ളവരുടെ പന്ഥാവിലേക്കു എന്ന നിർദ്ദേശസൂചനയാൽ—അവൻ അതു വ്യക്തമാക്കുകയും ചെയ്യുന്നു.

19. നേരായ മാർഗ്ഗത്തെയറിഞ്ഞതുകൊണ്ടുമാത്രം കാര്യമായില്ല; നേരായമാർഗ്ഗത്തിൽ നിന്നു പതറാതെ ലക്ഷ്യസ്ഥാനത്തെ പ്രാപിച്ചാൽ മാത്രമെ മനുഷ്യന്നു സമാധാനത്തിന്നു വകയുള്ളൂ. ദൈവഹിതത്തെയുദ്ദേശിച്ചു ദൈവാനുഗ്രഹങ്ങളായ ജീവിതസൌകര്യങ്ങളെ വിനിയോഗിക്കുക; ജീവിതത്തെ സമഗ്രമായി പ്രയോജനപ്പെടുത്തുക എന്നതാണ് ലക്ഷ്യപ്രാപ്തിക്കുള്ള വഴി. ജീവിതമവസാനിച്ചതിന്നു ശേഷമല്ലാതെ ജീവിതത്തെ വിജയകരമായി ഒരാൾ ദൈവഹിതത്തിന്നായി വിനിയോഗിച്ചുവെന്നു തീരുമാനിക്കാൻവയ്യ. ജീവിതാവസാനംവരെ ഏതു നിമിഷത്തിലും മാർഗ്ഗഭ്രംശത്തിന്നു സാദ്ധ്യതയുള്ളതുകൊണ്ടു, ഭൂതകാലത്തെപ്പുറകിട്ടു വർത്തമാനത്തിൽ നിന്നു ഭാവിയെ നോക്കി പ്രവൃത്തിക്കുന്ന മനുഷ്യൻ നിരന്തരമായി ദൈവീകമായ മാർഗ്ഗദർശനത്തിന്നും നേതൃത്വദാനത്തിന്നുംവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്.

20. താൻ ജീവിതയാത്ര തുടരുവാനാഗ്രഹിക്കുന്ന പന്ഥാവിൻെറ സ്വഭാവത്തെ ഭാവരൂപത്തിൽ വ്യക്തമാക്കിയിട്ടു, താൻ പ്രവേശിക്കാതിരിക്കുവാൻ തീരുമാനിച്ചിട്ടുള്ള മററു മാർഗ്ഗങ്ങളെയവൻ വിവേചനം ചെയ്യുന്നു. പലരും ആ വഴികളിൽ കൂടി നടന്നു സ്വയം നശിച്ചു പോയിട്ടുണ്ടു. അവരിൽ രണ്ടു തരക്കാരെയാണവൻ കാണുന്നതു. സത്യത്തെ മനസ്സിലാക്കിയിട്ടു മിഥ്യയെ സ്വീകരിക്കയും സത്യത്തെ ധിക്കരിക്കയും അതിനാൽ സാക്ഷാൽ സത്യമായ ദൈവത്തിൻെറ കോപത്തിന്നു പാത്രമാവുകയും ചെയ്തവരാണ് ഒരുകൂട്ടർ; അവരുടെ പന്ഥാവിൽനിന്നു വ്യത്യസ്തമാണ് തൻെറ പന്ഥാവെങ്കിലും, നേരായ മാർഗ്ഗത്തിൽ നടക്കുന്നതിന്നുള്ള സഹായം തുടർന്നു ലഭിക്കാതെ പോയാൽ, പിന്നെ താൻ ചെന്നുവീഴുക ദൈവകോപത്തിന്നു പാത്രമായവരുടെ ദുർമ്മാർഗ്ഗങ്ങളിലായിരിക്കുമെന്നും, അതിനാൽ തന്നെ നേർമാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കാതെ കൊണ്ടുപോകണമെന്നും അവൻ അറിഞ്ഞു അർത്ഥിക്കുന്നു. അതുവഴി അതിന്നു അനുസരിച്ചു ജീവിക്കുവാൻ സന്നദ്ധനാവുകയും ചെയ്യുന്നു.

രണ്ടാമത്തെക്കൂട്ടർ സത്യാസത്യങ്ങളെ തിരിച്ചറിയുവാൻ ശ്രമിക്കാത്തവരാണ്. സത്യത്തേയും അസത്യത്തേയും സംബന്ധിച്ചുള്ള അവരുടെ അഭിപ്രായങ്ങളും അനുമാനങ്ങളും ഒന്നുതന്നെയാണ്. അവർ വഴി പിഴച്ചവരാണ്. അതിനാൽ നേരായ പന്ഥാവിൽ നിന്നു കാൽപതറിവീണാൽ പിന്നെ ദൈവകോപത്തിന്നു പാത്രമായിത്തീർന്ന ധിക്കാരികളുടെയല്ലെങ്കിൽ സത്യാസത്യങ്ങളെ തിരിച്ചറിയാത്തവരുടെ മാർഗ്ഗത്തിലേക്കാണു് പതിക്കുക; അതിന്നും സംഗതിയാകാത്ത വിധത്തിൽ തന്നെ നേരായ മാർഗ്ഗത്തിൽ കൂടി നിരന്തരമായി നയിക്കേണമെന്നു അവൻ അർത്ഥിക്കുന്നു. അങ്ങിനെ മാർഗ്ഗദർശനം സ്വീകരിക്കുവാനുള്ള അവൻെറ സന്നദ്ധത കൂടുതൽ പ്രകടമായിത്തീരുന്നു.

അനുഗ്രഹത്തെ പരാമർശിക്കുന്ന ക്രിയകൾ കർത്തൃത്വത്തെ സ്പഷ്ടമാക്കുകയും കാരകത്വം ദൈവത്തോടു നേരിട്ടു ബന്ധപ്പെട്ടിരിക്കയും ചെയ്യുന്നതു നോക്കുക. എന്നാൽ കോപബാധയേയും വകതിരിവില്ലായ്മയേയും പ്രതിപാദിക്കുന്നേടത്തു കർമ്മബന്ധങ്ങൾക്കാണ് പരിഗണന നല്കിയിരിക്കുന്നതു. പരമദയാലുവായ ദൈവത്തിൻെറ മഹത്തായ ദയ, അതിനെ സ്വീകരിക്കുവാൻ സന്നദ്ധതയുള്ള മനുഷ്യനിൽ നൈസർഗ്ഗികമായി പ്രവൃത്തിക്കുന്നു. മനുഷ്യൻ നാശത്തിന്നും നഷ്ടത്തിന്നും പാത്രമാവുന്നതു ദൈവഹിതത്തിന്നു വഴങ്ങാത്തതുകൊണ്ടും സ്വന്തം ചുമതലകൾ വിഗണിക്കുന്നതുകൊണ്ടുമാണ് എന്ന സൂചനയുണ്ട് ഇതിൽ.

ഗ്വയ്റ എന്ന പദത്തിന്നു ഒഴികെയുള്ള, അല്ലാത്ത എന്നൊക്കെ അർത്ഥമുണ്ടു. ഇവിടെ അതു വിശേഷിപ്പിക്കുന്നതു പന്ഥാവ് എന്ന പദത്തെയല്ല; പന്ഥാവിൻെറ അവകാശികളായ വ്യക്തികളെയാണു്.

# സംഹിത 2 പശു

മുഖവുര

മദീനായിൽ അവതരിച്ചിട്ടുള്ള ആദ്യത്തെ സംഹിതയാണിതു. എന്നാൽ ഇതിൽത്തന്നെ 281—ാമത്തെ രേഖ അന്ത്യപ്രവാചകൻെറ അവസാന തീത്ഥയാത്രയിൽവെച്ചു മീനായിലാണു് അവതരിച്ചിട്ടുള്ളതു്.

ഇതാണു് ഖുർആനിലെ ഏററവും ദീർഘമേറിയ സംഹിത. ഇതിലാണതാനും ഖുർആനിലെ ഏററവും ദീർഘിച്ച രേഖ 282 ഉള്ളതും. ഈ സംഹിതയുടെ പേരു് രേഖ 67 മുതൽ 71 വരെയുള്ള പശുബലിയുടെ കഥയിൽ നിന്നു എടുത്തിട്ടുള്ളതാണു്.

തക്വിച്ചുകൊണ്ടുള്ള അനുസരണത്തിൻെറ അപയ്യാപ്തിയെ അതു ചിത്രീകരിക്കുന്നു. വിശ്വാസം നഷ്ടമായാൽ ജനങ്ങൾ അനുസരണത്തെ ഉപേക്ഷിക്കയും ഒഴിവുകഴിവുകൾ പറഞ്ഞു ചുമതലയിൽനിന്നു മാറിപ്പോവുകയും ചെയ്യുന്നു. അവസാനത്തിൽ അവർ പ്രവൃത്തിയിൽ അനുസരിക്കുന്നെങ്കിൽ കൂടി പ്രവൃത്തിയുടെ ആത്മാത്ഥതയിൽ അവർ പരാജയപ്പെടുന്നു. അങ്ങിനെ അവർ വളച്ചയിൽ മരവിച്ചുപോവുകയും, അവരുടെ വളരാനുള്ള ആവശ്യബോധത്തിൻെറ അഭാവത്താൽ തങ്ങൾ ആത്മീയമായി ജീവിക്കുകയല്ല മരിച്ചിരിക്കയാണെന്ന അനുഭവം അവർക്കു ഉളവാകാതെ പോവുകയും ചെയ്യുന്നു. അവർ ജീവിക്കുകയല്ലചെയ്യുന്നതു. എന്തുകൊണ്ടെന്നാൽ, ജീവിക്കുകയെന്നതു, ചലിക്കുകയും പ്രവൃത്തിക്കുകയും അദ്ധ്വാനിക്കുകയും അധഃപതനത്തോടു മല്ലിടുകയുമാണല്ലോ? ഈ സംഹിതയിലെ പ്രചോദനമൂല്യമിതാണു്.

# വിഷയസൂചന

ഉൽഘാടനസംഹിത പരിശുദ്ധഗ്രന്ഥത്തിന്റെ രത്നച്ചുരുക്കമാണല്ലോ? അതു പോലെത്തന്നെ അൽ-ബഖറ: (പശു) എന്നറിയപ്പെടുന്ന രണ്ടാമത്തെ സംഹിത ഖുർആനിന്റെ തത്വസന്ദേശങ്ങളെ സാമൂലമായി, അനുസ്മരണരൂപേണ, 286 രേഖകളിലായി സംക്ഷേപിക്കുന്നു.

രേഖ, 1മുതൽ 29 വരെ ദൈവസന്ദേശത്തെ, മനുഷ്യൻ എങ്ങിനെ സ്വീകരിക്കുന്നു എന്ന അടിസ്ഥാനത്തിൽ, മനുഷ്യരിൽ കാണപ്പെടുന്ന മൂന്നു വിഭാഗങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. അങ്ങിനെ പ്രസ്തുത പ്രതിപാദനം മനുഷ്യന്റെ സൃഷ്ടിയെ സംബന്ധിച്ചുള്ള വിവരണത്തിലേക്കു നയിക്കുയും ചെയ്യുന്നു. അവനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഉന്നതമായ ജീവിതലക്ഷ്യം, അവന്റെ അധഃപതനം, അവനു നല്കപ്പെട്ടിരിക്കുന്ന ആശ, ഇവകൾ 30 മുതൽ 39വരെയുള്ള രേഖകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

പിന്നെ മനുഷ്യകുഡുംബത്തിലെ ഒരു പ്രധാനാംഗമായ ഇസ്രായിലിന്റെ കഥയെ ശ്രദ്ധയിൽ പെടുത്തുന്നു. അവരുടെ സ്വന്തം ചരിത്രങ്ങളോടും രേഖകളോടും ഇണങ്ങിക്കൊണ്ടു് അതു പുരോഗമിക്കുയും ചെയ്യുന്നു. അവർക്കു ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും അവയെ എങ്ങിനെയാണവർ ദുരുപയോഗപ്പെടുത്തിയതെന്നും കാണിക്കുന്നു. അങ്ങിനെ മനുഷ്യന്റെ സൃഷ്ടിയുടെ കഥയിൽ മറെറാരു സംഭവകഥയെ ഉദാഹരണമായി ചിത്രീകരിക്കുയും ചെയ്യുന്നു. രേഖകൾ 40 മുതൽ 86 വരെ പ്രതിപാദിക്കുന്നതു ഇതാണു്.

പിന്നീടു പ്രതിപാദനത്തിന്റെ പ്രകടനശക്തി വ്യക്തിഗതമായിത്തീരുന്നു., അങ്ങിനെ, മൂസാ (അ) യുടെയും, ഈസാ (അ) യുടെയും ചരിത്രങ്ങളിലേക്കും, ഒന്നിനും വഴങ്ങിക്കൊടുക്കാത്ത, അവരുടെ ജനങ്ങളുടെ മദ്ധ്യത്തിൽ അവർ തുടൻപോയ അദ്ധ്വാനങ്ങളിലേക്കും പ്രത്യേകമായി വെളിച്ചം വീശുന്നു. ഗ്രന്ഥത്തിന്റെ അവകാശികൾ അവരുടെ സ്വന്തം വെളിച്ചത്തെത്തന്നെ നിരർത്ഥകവും നിഷ്പ്രഭവുമാക്കിയെന്നും, അവരുടെ അഹങ്കാരത്തിന്റെ പ്രമാദത്താൽ യഥാർത്ഥമായ പ്രവാചകത്വത്തിന്റെ പൂർത്തീകാരമായ മുഹമ്മദു് (സ) തിരുമേനിയെ ഏതു പ്രകാരത്തിൽ അവർ ധിക്കരിച്ചുവെന്നും അതു എടുത്തു കാണിക്കുന്നു. രേഖകൾ 87 മുതൽ 121 വരെ നോക്കുക.

തുടൻ, അവരുടെ നിരർത്ഥമായ നിലപാടിനെ വ്യക്തമാക്കുകയായി. തങ്ങളുടെ പൂർവ്വപിതാവായ ഇബ്രാഹീമി (അ) ന്റെ ഗുണവിശേഷതകൾ അവർക്കുള്ളതായി അവർ നിർലജ്ജമായി അവകാശപ്പെടുന്നതു എടുത്തു കാണിക്കുയും, ഇബ്രാഹിം സന്മാർഗ്ഗചാരിയായ ഒരു മുൻഗാമീയരയിരുന്നുവെന്നു പ്രസ്താവിക്കുന്നതുവഴി അവരും ഇബ്രാഹീം (അ)മും തമ്മിലുള്ള നിലപാടിന്റെ വൈപരീത്യത്തെ വ്യക്തമാക്കുകയും ചെയ്യുന്നു. ഇബ്രാഹീം(അ)ഇസ്രായിൽ ഗോത്രത്തിന്റതെന്നപോലെത്തന്നെ ഇസ്മാഈൽ ഗോത്ര(അറബ്)ത്തിന്റെയും പൂർവ്വപിതാവാണു്. തന്നെയല്ല ഇബ്രാഹീ(അ)മാണു് ഇസ്മാഈലി(അ)നോടുകൂടെ മക്കായിലെ പവിത്രക്ഷേത്രമായ "കഅബാ"യെ പടുത്തതും, ശുദ്ധീകരിച്ചതും, അങ്ങിനെ രണ്ടു കൂട്ടർക്കും പൊതുവായൊരു മതമാർഗ്ഗത്തെ സ്ഥാപിച്ചതും, അതിൽനിന്നു സത്യത്തിന്നു സ്വയം സമർപ്പിക്കുകയെന്നർത്ഥമുള്ള ഇസ്ലാം എന്ന ജീവിതവ്യവസ്ഥിതി പ്രത്യക്ഷപ്പെട്ടതും. രേഖകൾ 122 മുതൽ 141 വരെ നോക്കുക.

അങ്ങിനെ സാർവ്വലൗകികമായ സത്യത്തിന്റെ സേവാനിർവ്വഹണത്തിന്നു "കഅ്ബ" കേന്ദ്രസ്ഥാനമായി പ്രഖ്യാപിക്കപ്പെടുന്നു; എന്നാൽ സ്ഥലകാലവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യന്റെ പ്രവൃത്തികൾ ഭേദഗതിപ്പെടുന്നുവെങ്കിൽത്തന്നെ കിഴക്കും പടിഞ്ഞാറുമെന്ന വ്യത്യാസമില്ലാതെ എല്ലാ സ്ഥലവും സത്യമായ ദൈവത്തിന്റെ സ്വന്തമാണെന്ന പരമാർത്ഥത്തെ പ്രഖ്യാപിക്കുയുംചെയ്യുന്നു. രേഖകൾ 142 മുതൽ 167 വരെ നോക്കുക.

അതുവഴി, സജീവമായ ഇസ്ലാമിക സമുദായം അതിന്റെ സ്വന്തമായ കേന്ദ്രത്തോടും ശരീഅത്തോടുംകൂടെ ജനമദ്ധ്യത്തിൽ ഉടലെടുക്കുന്നു. എന്നിട്ട് നിയമങ്ങളും സാമൂഹ്യ വ്യവസ്ഥിതിക്കു വേണ്ടി കൊണ്ടുവരപ്പെടുന്നു. നിയമങ്ങളുടെ രൂപീകരണത്തിന്നു സിദ്ധാന്തമായി നില്ക്കുന്ന ചില സ്ഥായീഭാവങ്ങളും തുടൻ പ്രസ്താവിക്കപ്പെടുകയും ചെയ്യുന്നു. സദ്വൃത്തത ആചാരത്തിലല്ല; വിശ്വാസത്തിലും ദയയിലും പ്രാർത്ഥനയിലും ദാനത്തിലും നിഷ്കപടതയിലും സത്യത്തിന്നുവേണ്ടി ക്ലേശം സഹിക്കുന്നതിലുമാണ്. അങ്ങിനെ ഈ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തപ്പെട്ട കല്പനകൾ, മനുഷ്യന്റെ ഭക്ഷണപാനീയങ്ങൾ, അനുമതികൾ, വ്രതങ്ങൾ, സമരശാസനകൾ, മദ്യം, ചൂത് അനാഥകുട്ടികളോടുള്ള പെരുമാററം, സ്ത്രീകൾ മുതലായ വിഭിന്ന വിഷയങ്ങളെ പരാമർശിക്കുന്നു. രേഖകൾ 168മുതൽ 242വരെ നോക്കുക.

പിന്നീട് സമരശാസനകളുടെ യാഥാർത്ഥ്യത്തെ കൂടുതൽ വ്യക്തവും കർമ്മപരവുമാക്കുവാൻ മാതൃകകൾ നല്കപ്പെടുന്നു. അങ്ങിനെ ജാലൂത്തിന്റെയും താലൂത്തിന്റെയും ദാവൂദ്(അ)ന്റെയും ചരിത്രങ്ങൾ വിചാരവിഷയമാക്കിത്തീർക്കുന്നു. അതിനെത്തുടൻ ഈസാ(അ)യുടെ ജീവിതകഥയോടു അതിനെ താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. രേഖകൾ 243 മുതൽ 253 വരെ നോക്കുക. അതു വഴിയായിട്ടു യഥാർത്ഥമായ മഹത്വം പ്രവൃത്തി രൂപത്തിലുള്ള ധീരതയിലും കാരുണ്യത്തിലും ശരിയായ വിശ്വാസത്തിലുമാണ് സ്ഥിതി ചെയ്യുന്നതെന്ന വാദത്തെ കൂടുതൽ ദൃഢമാക്കുകയും ചെയ്യുന്നു. രേഖകൾ 254 മുതൽ 283 വരെ നോക്കുക. അതിന്നിടയിൽ മഹത്വത്തിന്റെ സങ്കേതമായ സാക്ഷാൽ ദൈവത്തിന്റെ സവിശേഷതയെ പ്രകടമാക്കുന്ന പീഠരേഖയെ (ആയത്തുൽ കുറ്സിയ്യി) പാരായണവിഷയമാക്കുകയും ചെയ്യുന്നു. രേഖ 255 നോക്കുക.

പിന്നെ, വിശ്വാസത്തിന്റെയും വിധേയത്വത്തിന്റെയും, വ്യക്തിഗതമായ ചുമതലാബോധത്തിന്റെയും നിഷ്കപടമായ പ്രാർത്ഥനയുടെയും വിഷയത്തിലുള്ളൊരു പരമശാസനയോടുകൂടെ സംഹിത പര്യവസാനിക്കയും ചെയ്യുന്നു. രേഖകൾ 284 മുതൽ 286 വരെ.

(٢) سُورَةُ البَقَرَةِ مَدَنِيَّةٌ (٨٧)

# സംഹിത 2 അൽ-ബഖറ:

## പശു

286 രേഖകൾ; മദീനായിൽ അവതരിച്ചതു്

---

## സന്ധി 1

### മുസ്ലിംകളുടെ മൗലികസ്വഭാവങ്ങൾ

(ഖുർആനിൻെറ സവിശേഷത. പരിപൂർണ്ണമായൊരു മാർഗ്ഗദർശനമാണതു്. പ്രധാന തത്വങ്ങൾ. അനുസരണത്തിൻേറയും ധിക്കാരത്തിൻേറയും അനന്തരഫലങ്ങൾ)

പരിഭാഷ

| | |
|---|---|
| പരമദയാലുവായ, ദാക്ഷിണ്യശാലിയായ അല്ലാഹുവിൻെറ നാമത്തിൽ. | بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ |
| 1. അലിഫ്. ലാമ്. മീമ്[21] | ١. الٓمّٓ ۚ |

---

21. ഖുർആനിലെ ചില സംഹിതകൾ സമാരംഭിക്കുന്നതു ചില അക്ഷരങ്ങളുടെ മൊഴിച്ചില്ലുകളോടുകൂടെയാണ്; ചില സംഹിതകളിൽ ഒററയായിട്ടാണ്. അങ്ങനെ അക്ഷരങ്ങൾ കൊടുക്കപ്പെട്ടിരിക്കുന്നതു. ചിലേടത്തു് ഒന്നിലധികം അക്ഷരങ്ങളുടെ സംഘടിതരൂപമാണുള്ളതു; എന്നാൽ ഏതു വിധത്തിലും അതു ഒരു സാധാരണ പദമല്ല; പ്രത്യുത, പദങ്ങളുടെ സംഘടനാഭാഗങ്ങളായ അക്ഷരങ്ങളാണ്. ഖുർആനികവിജ്ഞാനത്തിൽ "ഹുറൂഫുൽ മുഖത്വആത്" ഖണ്ഡിതാക്ഷരങ്ങൾ അല്ലെങ്കിൽ "അൽ-മുഖത്വആത്ത്" ഖണ്ഡിതങ്ങൾ എന്നാണ് ഇവകൾ അറിയപ്പെടുന്നതു.

ഈ അക്ഷരബന്ധങ്ങൾക്കു അവയുടെ സ്വന്തമായ അർത്ഥങ്ങളുണ്ടു. എല്ലാവരും ഈ ആശയത്തിൽ യോജിക്കുന്നുമുണ്ടു. എന്നാൽ ഓരോ അക്ഷരത്തിൻെറയും നിശ്ചിതമായ അർത്ഥമെന്താണെന്നു നിർണ്ണയിക്കുന്നതിൽ മഹാ പണ്ഡിതന്മാരായ ഖുർആൻ വ്യാഖ്യാതാക്കൾ ഭിന്നമായ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതു.

പദങ്ങളുടെ ചുരുക്കാക്ഷരങ്ങളാണെന്നു സമർത്ഥിക്കുന്നവർ, ദൈവീകമായ രഹസ്യാർത്ഥങ്ങളെയാണു അവ കുറിക്കുന്നതെന്നു പ്രസ്താവിക്കുന്നവർ, ദൈവനാമങ്ങളുടെ സവിശേഷമായ രത്നച്ചുരുക്കമാണെന്നു വാദിക്കുന്നവർ, ശബ്ദോല്പത്തിയുടെ അടിസ്ഥാനത്തിൽ ആരംഭവും മദ്ധ്യവും അവസാനവും എന്നിങ്ങനെ സന്ദർഭബന്ധങ്ങളെയാണ് അവ കുറിക്കുന്നതെന്നു പറയുന്നവർ, ഇങ്ങനെ പല വിഭാഗക്കാരായിട്ടാണ് നാം ഖുർആൻ വ്യാഖ്യാതാക്കളെ ഈ സ്ഥാനത്തു കാണുന്നതു. ഏതായാലും ഇന്നതാണ് അവയുടെ അടിസ്ഥാനപരമായ അർത്ഥമെന്നു ആരുംതന്നെ ചോദ്യരഹിതമായ വിധത്തിൽ വ്യക്തമാക്കിയിട്ടില്ല. തന്നെയല്ല ഇന്ന അർത്ഥംമാത്രമാണ് അതിനുള്ളതെന്നു അവരിൽ ആരുംതന്നെ ഖണ്ഡിച്ചു പറയുന്നുമില്ല. കൂടാതെ ഓരോരുത്തരും അവയുടെ അർത്ഥങ്ങൾ ഛായാത്മകമാണെന്നതിൽ യോജിക്കുകയും ചെയ്യുന്നുണ്ടു.

| | |
|---|---|
| 2. പ്രസ്തുത ഗ്രന്ഥമാണിതു്;<br>സന്ദേഹമില്ല ഇതിൽ; ഒരു മാർഗ്ഗദർശനമാണു്;<br>(സത്യത്തെ) ഭയന്നു സൂക്ഷിക്കുന്നവക്കു്. 22 | ٢- ذٰلِكَ الْكِتٰبُ لَا رَيْبَ ۛ فِيْهِ ۛ<br>هُدًى لِّلْمُتَّقِيْنَ ۙ |

ഗദ്യഭാഷ

2. ഇതു ആ ഗ്രന്ഥമാണു്; ഇതിൽ സന്ദേഹമില്ല; (സത്യത്തെ) ഭയന്നുസൂക്ഷിക്കുന്നവർക്കു് ഒരു മാർഗ്ഗദർശനമാണു്.

ഒരു സംഗതി ഇവിടെ നമുക്കു സ്മരിക്കത്തക്കതാണു്. ഖുർആൻ ലോകാവസാനംവരെ നിലനില്ക്കാവുന്ന വിധത്തിൽ അവതരിപ്പിക്കപ്പെട്ടതായൊരു മഹൽ ഗ്രന്ഥമാണു്. ഒരു ഒററ വായനയിൽ അതു സമഗ്രമായി ഒരാറം ഗ്രഹിക്കുക സാദ്ധ്യമല്ല. അതുപോലെത്തന്നെ ഒരു ദശയിലെ മനുഷ്യബുദ്ധിയുടെ പരിധിയിൽ ഒതുങ്ങുവാൻ മാത്രമുള്ളതാവണമെന്നില്ല അതിന്റെ പരാമർശങ്ങളും.

അലിഫ്, ലാമ്, മീം, എന്നു കേൾക്കുന്ന മാത്രയിൽ ആ ശബ്ദബന്ധത്തിന്നു നിശ്ചിതമായൊരു അർത്ഥമുണ്ടെന്നു വിശ്വാസിയുടെ ശ്രവണാനുഭൂതി പറയുന്നു. അതു എന്താണെന്നറിയുന്നതിന്നുള്ള ശ്രമത്തിൽ അവന്റെ മനസ്സ് ഭിന്നമുഖങ്ങളായ അനേകം ആശയങ്ങളുടെ ആവിഷ്ക്കരണങ്ങളുമായി ബന്ധപ്പെടുന്നു. അതുവഴി പ്രസ്തുത പദബന്ധത്തിൽ ഖണ്ഡിതമായ ഒരു അർത്ഥം അടങ്ങിയ രിക്കുന്നുണ്ടെന്ന അവന്റെ അഭിപ്രായം കൂടുതൽ ബലപ്പെടുകയും എന്നാൽ അതു ഇന്നതാണെന്നു കൃത്യമായി ഗ്രഹിക്കുവാൻ സാധിക്കാത്തതായിക്കാണുകയും ചെയ്യുന്നു. അങ്ങിനെ, ഒരു വസ്തു ഉണ്ടു എന്നു താൻ അറിയുന്നതുകൊണ്ടുമാത്രം ആ വസ്തുവിന്റെ നിശ്ചിതമായ വസ്തുതയെന്താണെന്നു അറിയുവാൻ സാധിക്കണമെന്നില്ലെന്ന അനുഭവത്തിൽ അവൻ ചെന്നെത്തുന്നു. പക്ഷെ തന്റെ ധാരണാശക്തിയുടെ കഴിവുകളെ സർവ്വവിധമായി പ്രയോഗിച്ചതിന്നു ശേഷമാണു് അവൻ ഈ നിഗമനത്തിൽ എത്തിച്ചേരുന്നതു. അതുവഴി മനുഷ്യന്റെ അന്വേഷണ ബുദ്ധിയെ തട്ടിയുണർത്താനും, അറിവിനെ വികസിപ്പിക്കുവാനും അഹങ്കാരത്തെ അമർത്തുവാനും ഇതു സഹായിക്കുന്നു.

പരിശുദ്ധ ഖുർആനാണു് സാക്ഷാൽ ദൈവത്തിന്റെ ദൂതനായ റസൂൽതിരുമേനി(സ)യുടെ പ്രവാചകത്വത്തിന്റെ പ്രകടനരേഖ; അതു അമാനുഷികമാണെന്നുള്ള വസ്തുതയാണു് അതു ദൈവീകമാണെന്നുള്ളതിന്നു ഒരു തെളിവു. അതിനാൽ, ചില സംഹിതകളുടെ ആരംഭത്തിൽ കാണുന്ന അക്ഷരങ്ങളും, ഖുർആനിന്റെ ദൈവീകത്വത്തെ തെളിയിക്കുന്നതിന്നു സഹായിക്കുകയും അതിനെ നിരാകരിക്കുന്നവരെ വെല്ലുവിളിക്കുകയും ചെയ്യുന്നുവെന്നു ഒരു അഭിപ്രായമുണ്ടു. ഖുർആൻ വാക്യങ്ങളും സംഘടിപ്പിക്കപ്പെട്ടിരിക്കുന്നതു സാധാരണ അറബി സാഹിത്യകാരന്മാർ തങ്ങളുടെ വാചകങ്ങളും രചിക്കുന്നതിന്നുപയോഗിക്കുന്ന അതേ അക്ഷരങ്ങളും ഉപയോഗിച്ചിട്ടാണു്. എന്നാൽ ഖുർആനിന്റേതിന്നു സദൃശമായൊരു സംഹിത നിഷേധികൾ കൊണ്ടുവരികയില്ലെന്നു അതു മുന്നറിവു നല്കുന്നു.

22. ഒന്നാമത്തെ സംഹിതയുടെ അവസാനത്തിൽ, മാർഗ്ഗദർശനത്തിന്നു വേണ്ടിയുള്ള വിശ്വാസിയുടെ പ്രാർത്ഥനയും അതു സ്വീകരിക്കാനുള്ള ധാർമ്മികമായ സന്നദ്ധതയുമാണു പ്രകടമാക്കിയിരിക്കുന്നതു. രണ്ടാമത്തെ സംഹിതയുടെ തുടക്കത്തിൽ മാർഗ്ഗദർശനത്തെ ചൂണ്ടിക്കാണിക്കുന്നു. അങ്ങിനെ ഈ ഗ്രന്ഥം മാർഗ്ഗദർശനമാണു് എന്നു പ്രസ്താവിക്കുന്നതുവഴി ഗ്രന്ഥത്തെ അവന്നു താത്വികമായി പരിചയപ്പെടുത്തുകയും, അതുവഴി അവൻ ആവശ്യപ്പെട്ടതു ഇതിൽ ഉണ്ടെന്നും അതിനെ അവൻ സ്വീകരിക്കയാണെങ്കിൽ അവന്നു വഴി പിഴക്കുകയില്ലെന്നും, കൂടാതെ, അതു മാർഗ്ഗമദ്ധ്യത്തിലെ, സന്ദേഹത്തിന്നും ശങ്കക്കും അതീതമാണെന്നും അവന്നു ഉറപ്പു കൊടുക്കുകയും ചെയ്യുന്നു. എന്നാൽ ഒരു വ്യവസ്ഥകൂടി അവൻ അറിയേണ്ടതുണ്ടു.

തന്റെ നിയന്താവായ ദൈവത്തിന്റെ ശാസനകളെ സൂക്ഷിച്ചു ഭയഭക്തിയോടുകൂടെ ജീവിക്കുവാൻ സന്നദ്ധതയുള്ളവർക്കു മാർഗ്ഗദർശനമാണെന്നല്ലാതെ, ഗ്രന്ഥത്തെ കൈവശം വെച്ചു, കണ്ടവഴി ജീവിക്കുന്നതായാൽ അവന്നു ഖുർആൻ പ്രയോജനപ്പെടുകയില്ലെന്നു അവൻ പ്രത്യേകമായി മനസ്സിലാക്കേണ്ടതാണു്.

"തഖ്‌വാ" എന്ന പദത്തിന്നു ഭയന്നുസൂക്ഷിക്കുക എന്നാണു് പരിഭാഷയായി കൊടുത്തിരിക്കുന്നതു. സാക്ഷാൽ സത്യമായ ദൈവത്തോടുള്ള ഭക്തി, അതിന്റെ ഫലമായി പാപത്തിന്നു പിടികൊടുക്കാതെ സത്യത്തെ ഭയന്നുസൂക്ഷിച്ചു ജീവിക്കുവാനുള്ള സന്നദ്ധത എന്നിങ്ങനെ ഈ പദത്തിന്റെ അർത്ഥത്തിന്നു രണ്ടു ആശയബന്ധങ്ങളുണ്ടു. ഭയന്നുസൂക്ഷിക്കുകയെന്ന മലയാളപദത്തെ വിപുലമായ അർത്ഥത്തിൽ എടുക്കുകയാണെങ്കിൽ അതിൽ ഈ രണ്ടു അർത്ഥങ്ങളുംതന്നെ അന്തർലീനമായി കിടക്കുന്നതായിക്കാണാവുന്നതാണു്. സം: 47ൽ രേ: 17ഉം; 74ൽ 56ഉം നോക്കുക.

3. യാതൊരുത്തർ പരോക്ഷതയിൽ വിശ്വസിക്കുന്നു;
പ്രാർത്ഥനയെ നിലനിറുത്തുകയും ചെയ്യുന്നു;
നാമവർക്കു നല്കിയിട്ടുള്ളതിൽനിന്നു
ചിലവഴിക്കയും ചെയ്യുന്നു;[23]

٣- الَّذِيْنَ يُؤْمِنُوْنَ بِالْغَيْبِ وَيُقِيْمُوْنَ الصَّلٰوةَ وَمِمَّا رَزَقْنٰهُمْ يُنْفِقُوْنَ ۝

ഗദ്യഭാഷ

3. പരോക്ഷതയിൽ വിശ്വസിക്കുകയും, പ്രാർത്ഥനയെ നിലനിർത്തുകയും, നാം തങ്ങൾക്കു് നല്കിയിട്ടുള്ളതിൽനിന്നു ചിലവഴിക്കുകയും ചെയ്യുന്നവരും;

23. നേർവഴി നടക്കുവാൻ സന്നദ്ധതയുള്ളവനു നേർവഴി കാണിക്കുവാൻ പര്യാപ്തമാണു് ഈ ഗ്രന്ഥമെന്നു വ്യക്തമാക്കിയിട്ടു, ഖുർആനിന്റെ മാർഗ്ഗദർശനം സ്വീകരിക്കുവാൻ സന്നദ്ധതയുള്ളവരുടെ തത്വപരമായ വിശേഷതകളെ വിസ്തരിച്ചു പറയുന്നു. ബോധത്തിന്റെ വ്യാപ്തി ബഹിർമുഖങ്ങളായ ഇന്ദ്രിയങ്ങളുടെ പരിമിതിയേക്കാൾ വികസിക്കുമ്പോൾ, മനുഷ്യനു പരോക്ഷതയിൽ വിശ്വസിക്കുവാൻ സാധിക്കുന്നു. സത്യം ഇന്ദ്രിയങ്ങൾക്കു ഗോചരമാണെങ്കിലും അല്ലെങ്കിലും മനുഷ്യൻ അതിൽ വിശ്വസിക്കേണ്ടവനാണു്. ഇന്ദ്രിയങ്ങൾക്കു ഗോചരമാകാത്ത സത്യത്തെ പ്രാപിക്കാൻ സാധിക്കുമാറു മനുഷ്യനിൽ നൈസർഗ്ഗികമായി സ്ഥിതിചെയ്യുന്ന പരമാർത്ഥബോധത്തെ പ്രയോജനപ്പെടുത്തുകയാണു് മനുഷ്യൻ പരോക്ഷതയിൽ വിശ്വസിക്കുന്നതുകൊണ്ടു ചെയ്യുന്നതു. കൂടാതെ നിരുപാധികമായ സത്യം ഭൌതികമായ ഇന്ദ്രിയങ്ങൾക്കു പരോക്ഷമായിരിക്കയാൽ, സത്യത്തിന്റെ മാർഗ്ഗദർശനത്തിനു സന്നദ്ധതയുള്ള മനുഷ്യനു പരോക്ഷതയെ സംബന്ധിച്ചു ദൃഢമായ ബോധമുണ്ടാകാതെ തരമില്ല. എന്നാൽ നിരർത്ഥങ്ങളായ ഭാവനാവസ്തുക്കളിൽ വിശ്വസിക്കുന്നതിനെ സത്യമായ പരോക്ഷതയുമായി കലർത്തിക്കൂടാത്തതാണു്. പരോക്ഷതയിൽ വിശ്വസിക്കുകയെന്നാൽ ചിന്തയെ നിഷേധിക്കുകയല്ല: ചിന്തയുടെ പരിമിതി വരെയതിനെ വളരുവാൻ പ്രേരിപ്പിക്കുകയാണു് ചെയ്യുന്നതു. പ്രത്യക്ഷമായ ലോകത്തെ സംബന്ധിച്ചു സമഗ്രമായി മനസ്സിലായാലാണു് ഒരു വസ്തു പ്രത്യക്ഷമാണോ അതല്ല പരോക്ഷമാണോ എന്നു മനസ്സിലാവുക; വിശ്വാസം അറിവിന്റെ അനന്തരാവസ്ഥയാണു്; വിശ്വസിക്കപ്പെടാത്ത അറിവിനു പ്രവൃത്തിയിലേക്കു പകരുവാൻ സാധിക്കയില്ല. ഇതിൽനിന്നു ദൈവികമായ മാർഗ്ഗദർശനത്തെ സ്വീകരിക്കുവാനുള്ള സന്നദ്ധതയിൽ, വിശ്വാസത്തിനുള്ള പ്രാധാന്യവും വിശ്വാസത്തിൽ പരോക്ഷതയുടെ സ്ഥാനത്തിനുള്ള പാരമ്യതയും ഗ്രഹിക്കാവുന്നതാണു്.

മാർഗ്ഗദർശനം സ്വീകരിക്കുന്നതിനുള്ള സന്നദ്ധതയിൽ മറ്റൊന്നു കർമ്മപരമായ പ്രാർത്ഥനയാണു്; മനുഷ്യന്റെ ആവശ്യബോധത്തിന്റെ സാക്ഷാൽക്കാരമാണു് പ്രാർത്ഥന. എന്നാൽ പ്രാർത്ഥനയുടെ സാക്ഷാൽക്കാരമാകട്ടെ ശാശ്വതമായ ജീവിതവിജയത്തിന്റെ ലക്ഷ്യത്തിൽ പ്രവർത്തിക്കുകയെന്നതാണു്.

ആവശ്യബോധത്തിന്റെ കൂടെത്തന്നെ, മനുഷ്യനിൽ പ്രാർത്ഥന സ്ഥലം പിടിക്കുന്നതായിക്കാണുന്നു; പ്രാർത്ഥനക്കു് പരിഗണന നല്കപ്പെടാത്ത മതങ്ങളില്ല. പക്ഷെ അതു കാലദേശങ്ങൾക്കനുസരിച്ചു പരസ്പരം വ്യത്യാസപ്പെട്ടാണു കാണുക; എന്നാൽ ഇസ്ലാംമതത്തിൽ പ്രാർത്ഥനയ്ക്കു് സാർവ്വത്രികമായൊരു ക്രമവും രൂപവും കൊടുക്കപ്പെട്ടു; അതു മതാനുസരണത്തിന്റെ പ്രധാനമായൊരു ഘടകമായിത്തീരുകയും നിർബ്ബന്ധമാക്കപ്പെടുകയും ചെയ്തു. മേൽപറഞ്ഞ പ്രാർത്ഥനയ്ക്കു ഇസ്ലാമിക സങ്കേതത്തിൽ "സ്വലാത്തു്" എന്നാണു് പേരു്. "സ്വലാത്തു്" അഥവാ പ്രാർത്ഥന എന്ന കർമ്മത്തെ നിർവ്വഹിക്കുകയെന്ന അർത്ഥത്തിൽ ഖുർആനിൽ ആസകലം ഉപയോഗിച്ചു കാണുന്നതു "ഇഖാമത്തു്" എന്ന ധാതുവാണു്. "ഇഖാമത്തു്" എന്നാൽ (ഒരു കാര്യത്തെ) കൃത്യമായി നിലനിറുത്തുക എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നു. അതിനാൽ ഖുർആൻ നിർദ്ദേശിക്കുന്നതു പ്രാർത്ഥനയുടെ വെറും പ്രകടനത്തെയല്ല; അതിനെ ജീവിതവൃത്തികൾക്കു രൂപം കൊടുക്കത്തക്കവിധത്തിൽ സ്ഥായിയായി പുലർത്തിക്കൊണ്ടു പോകുവാനാണു് അതു ശാസിക്കുന്നതു്; അപ്പോഴാണു് പ്രാർത്ഥനയുടെ ചൈതന്യം മനുഷ്യനിൽ ശരിക്കു പ്രവൃത്തിക്കുക; അപ്പോഴാണു് "പ്രാർത്ഥന (മനുഷ്യനെ) നീചമായതിൽനിന്നും വെറുക്കപ്പെട്ടതിൽനിന്നും വിലക്കി നിർത്തുന്നു" എന്ന പരമാർത്ഥം പ്രാർത്ഥിക്കുന്നവനു അനുഭവപ്പെടുക.

4 യാതൊരുത്തരുംതന്നെ;
അവർ വിശ്വസിക്കുന്നു,
നിങ്കലേക്ക് അവതരിപ്പിക്കപ്പെട്ടതിൽ;
നിനക്കു മുമ്പിനാലെ അവതരിപ്പിക്കപ്പെട്ടതിലും,[24]
(വിശ്വസിക്കുന്നു)
പാരത്രീകത്തിലവർ ദൃഢബോദ്ധ്യവും കൊള്ളുന്നു.[25]

٤- وَالَّذِينَ يُؤْمِنُونَ بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ وَبِالْآخِرَةِ هُمْ يُوقِنُونَ ۝

ഗദ്യഭാഷ

4. നിങ്കലേക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്കു മുമ്പിനാലെ അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുകയും, പാരത്രീകത്തിൽ ദൃഢമായി ബോദ്ധ്യം കൊള്ളുകയും ചെയ്യുന്നവരും (ആരോ, അങ്ങിനെയുള്ളവർ)

---

പ്രാർത്ഥന പതിവായി നടത്തുകയും എന്നിട്ടു ഒരാൾ ദുർവൃത്തികളിൽനിന്നും മാറാതിരിക്കയുമാണെങ്കിൽ അവന്റെ പ്രാർത്ഥന പരമാർത്ഥത്തിൽ ഖുർആൻ ശാസിക്കുന്ന വിധത്തിലുള്ള പ്രാർത്ഥനയല്ലെന്നു മനസ്സിലാക്കേണ്ടതാണ്. സം: 29 ൽ രേ: 45 നോക്കുക.

മാർഗ്ഗദർശനം സ്വീകരിക്കുന്നതിന്നുള്ള സന്നദ്ധതയിൽ മറ്റൊന്നു തങ്ങളുടെ പക്കലുള്ളതിൽനിന്നു ചിലവഴിക്കുകയെന്നുള്ളതാണ്; ഇതു സ്വയമായി സമ്പാദിക്കപ്പെട്ടതോ അല്ലെങ്കിൽ സിദ്ധിച്ചിട്ടുള്ളതോ ആയ സകല വസ്തുക്കളേയും ഉൾക്കൊള്ളുന്നു. ചിലവഴിക്കുകയെന്നതിന്നു ഏതിന്നെങ്കിലും എന്തെങ്കിലും ഉപകരിക്കുകയെന്നതു തുടങ്ങി ആവശ്യമായാൽ സത്യത്തിന്നുവേണ്ടി സർവ്വസ്വവും ബലിയർപ്പിക്കുകയെന്നതുവരെ അർത്ഥവ്യാപ്തിയുണ്ട്. ശേഖരിച്ചു കൂട്ടിവെക്കുവാനുള്ളതല്ല, വേണ്ടതായ സന്ദർഭങ്ങളിൽ വിനിമയം ചെയ്യുവാനുള്ളതാണ് മനുഷ്യന്റെ പക്കലുള്ള വസ്തുക്കൾ; എന്തുകൊണ്ടെന്നാൽ അവ മനുഷ്യന്റെ സ്വന്തമല്ല; ലോകരക്ഷിതാവായ ദൈവത്താൽ കൊടുത്തേല്പിക്കപ്പെട്ടതാണതു. അതിനാൽ അവയെ ന്യായമായി കൈവശം വെക്കുവാനും ഉചിതമായി വിനിമയം ചെയ്യുവാനും കൈവശക്കാരനായ മനുഷ്യൻ കടപ്പെട്ടവനാണ്; "നാം അവർക്കു നൽകിയിട്ടുള്ളതു" എന്ന പ്രസ്താവന വിനിമയം ചെയ്യുന്നതിന്നു മനുഷ്യനുള്ള ചുമതലയെ സ്മരിപ്പിക്കുമാറു സാക്ഷാൽ ദൈവത്താൽ നല്കപ്പെട്ടതാണ് അവയെന്ന വസ്തുതയെ ധ്വനിപ്പിക്കുന്നതു നോക്കുക.

സ്വന്തം കൈകളിലുള്ള വസ്തുക്കളിൽനിന്നു വിനിമയം ചെയ്യാത്ത മനുഷ്യന്നു സത്യമായ ദൈവത്തിൽനിന്നുള്ള മാർഗ്ഗദർശനം സ്വീകരിക്കുവാൻ സന്നദ്ധതയുണ്ടാകയില്ല.

24. നേർവഴി നടക്കുവാൻ സന്നദ്ധതയുള്ളവരുടെ തത്വപരമായ ഗുണങ്ങളെ വിവരിച്ചതിന്നു പിറകെ അവരിൽ തുല്യഭാവത്തിൽ ഉണ്ടായിരിക്കേണ്ടതായ മററു വിശേഷതകളെ പ്രത്യേകമായി രേഖപ്പെടുത്തുന്നു. സാക്ഷാൽ സത്യമായ ദൈവത്താൽ അവതരിപ്പിക്കപ്പെട്ട പവിത്ര ഗ്രന്ഥങ്ങളിൽ അവർ വിശ്വസിക്കുന്നു എന്നതാണ് അതിൽ ഒന്നു. ഇവിടെ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിൽ ആകമാനമുള്ള ദൈവീകഗ്രന്ഥങ്ങളെ ഖുർആൻ എങ്ങിനെ വിഭജിക്കുന്നുവെന്നു നോക്കുക; അവ രണ്ടു വിഭാഗമാണ്; ഒന്നു അന്ത്യപ്രവാചകന്നു അവതരിപ്പിക്കപ്പെട്ടതു. മറ്റൊന്നു അന്ത്യപ്രവാചകന്നു മുമ്പിനാലെ അവതരിപ്പിക്കപ്പെട്ടതു. മനുഷ്യന്റെ വളർച്ചയുടേയും കാലത്തിന്റെ മാററങ്ങളുടേയും പരിഗണനയിൽ ഇവ രണ്ടും രണ്ടുതന്നെയാണെന്നതിൽ സന്ദേഹമില്ല; എന്നാൽ രണ്ടിലും വിശ്വാസം ബാധകമാവുന്നതിനെ സംബന്ധിച്ചേടത്തോളം ഖുർആൻ യാതൊരു വ്യത്യാസവും അനുവദിക്കുന്നില്ല. നോക്കുക; ഒന്നു അന്ത്യപ്രവാചകന്റെ സാന്നിദ്ധ്യത്തിൽ അവതരിച്ചുകൊണ്ടിരിക്കയാണ്; മറേതു യുഗാന്തരങ്ങളിലായി അവതരിച്ചിട്ടുള്ളതും കാലത്തിന്റെ മുന്നോററത്തെ നേരിടുവാൻ കഴിയാത്തതിനാൽ അപ്രസക്തമായിത്തീർന്നതുമാണ്; പക്ഷെ ഗ്രന്ഥങ്ങൾ നല്കപ്പെട്ടവരുടെ സാന്നിദ്ധ്യത്തിന്നല്ല ഗ്രന്ഥങ്ങളുടെ ദൈവീകമായ സത്യാവസ്ഥയ്ക്ക് വേണ്ടിയാണ് അവയെ വിശ്വാസത്തിന്നു വിഷയമാക്കുന്നതു. "നിങ്കലേക്കു അവതരിപ്പിക്കപ്പെട്ടതു" എന്നതിന്നും "നിനക്കു മുമ്പിനാലെ അവതരിക്കപ്പെട്ടതു" എന്നതിന്നും പൊതുവിൽ കൊടുക്കപ്പെട്ടിരിക്കുന്ന "വിശ്വസിക്കുന്നു" എന്ന ക്രിയ ഇസ്ലാമിന്റെ സവിശേഷതയായ സാർവ്വലൗകികത്വത്തെയാണു പ്രഖ്യാപിക്കുന്നതു.

പ്രവാചകന്മാർ സത്യത്തിന്റെ പ്രഖ്യാപകന്മാരാണ്; അവർക്കു അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങൾ അതിന്റെ പ്രഖ്യാപനരേഖകളാണ്. സത്യം ഏതു കാലത്തു് ആർതന്നെ പ്രഖ്യാപിച്ചിട്ടുള്ളതായാലും അതു അറിയപ്പെടുന്ന എല്ലാകാലത്തും അതു മാനിക്കപ്പെടേണ്ടതാണ്; ഈ വിഷയത്തിൽ ഇസ്ലാമിന്റെ സാർവ്വലൗകികമായ സത്യതല്പരതയാണ് ഈ വിശ്വാസപ്രഖ്യാപനത്തിൽ തെളിഞ്ഞു കാണുന്നതു. എല്ലാ സങ്കുചിതധാരണകളേയും അതു അവസാനിപ്പിക്കുന്നു. കാലദേശവർഗ്ഗങ്ങളുടെ ഇടുങ്ങിയ പരിധികൾക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നവർക്കു സാർവ്വലൗകികമായ സത്യത്തിന്റെ മാർഗ്ഗദർശനങ്ങൾ കൈക്കൊള്ളുവാൻ സന്നദ്ധതയുണ്ടാവുകയില്ല.

"നിനക്കു മുമ്പിനാലെ അവതരിപ്പിക്കപ്പെട്ടതു" എന്നാൽ, ലോകത്തിലെ എല്ലാ ജനസമുദായങ്ങൾക്കും അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ദൈവീക ഗ്രന്ഥങ്ങളെയാണ് കുറിക്കുന്നതു്. "യാതൊരു സമുദായവുമില്ല; അതിൽ ഒരു ഉൽബോധകൻ ഉണ്ടായിക്കഴിഞ്ഞിട്ടല്ലാതെ" (സം: 35; രേ: 24) പ്രവാചകന്മാർക്കു അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ ആകത്തുകയെ കാലത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായി വിഭജിക്കയും; അവ രണ്ടിലും വിശ്വസിക്കയെന്നതു് സത്യത്തിന്റേതായ മാർഗ്ഗദർശനം സ്വീകരിക്കുവാൻ സന്നദ്ധതയുള്ളവർക്കു സ്വാഭാവികമാണെന്നു പ്രസ്താവിക്കുകയും ചെയ്തുവല്ലോ? ഇതിൽ വിശ്വാസത്തിന്റേയും, അതനുസരിച്ചുള്ള പ്രവൃത്തിയുടേയും തത്വപരമായ പ്രത്യേകതകളിലേക്കുള്ള ഒരു മഹത്തായ സൂചന വ്യക്തമായിക്കാണുന്നുണ്ട്; ഖുർആനും, അതിന്നു മുമ്പായി പ്രവാചകന്മാർക്കു അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളും സമമാണെന്നു വിശ്വസിക്കപ്പെടുന്ന വിഷയത്തിൽ അവ അവതരിപ്പിക്കപ്പെട്ട കാലത്തിന്റെ വ്യത്യാസങ്ങൾ പരിഗണിക്കപ്പെടുകയില്ല; സത്യം കാലത്തിന്റെ മാററങ്ങൾക്കു അതീതമാണ്; എന്നാൽ പ്രവൃത്തിയുടെ നിലയിൽ കാലത്തിന്റെ വളച്ച്യും വ്യാപ്തിയും പരിഗണിക്കപ്പെടുന്നു; കാലവുമായി ബന്ധപ്പെടാത്ത പ്രവൃത്തിയില്ലല്ലോ? ഒരു വസ്തു സത്യമായതുകൊണ്ടു മാത്രം അതു പ്രവൃത്തിയിൽ കൊണ്ടുവരപ്പെടുവാൻ സാദ്ധ്യമാകണമെന്നില്ല; അതിനാൽ വിശ്വാസത്തിന്റെ നിലയിൽ തുല്യസ്ഥാനത്തു് നില്ക്കുന്നുവെങ്കിലും, പ്രവൃത്തിരംഗത്തിൽ ഖുർആനും അതിന്നു മുമ്പുള്ള ഗ്രന്ഥങ്ങളും തമ്മിൽ കാലത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കപ്പെടാതെ നിവൃത്തിയില്ല.

എന്നാൽ, ഖുർആൻ ലോകത്തിലുണ്ടായിട്ടുള്ള ഓരോ പ്രവാചകന്മാരേയും എടുത്തു പറയുന്നില്ല. "ദൃഢമായിട്ടു നിനക്കു മുമ്പിനാലെ നാം ദൂതന്മാരെ അയച്ചിട്ടുണ്ട്; അവരിൽ പെട്ടവരാണ് നാം നിനക്കു വിവരിച്ചുതന്നിട്ടുള്ള ചിലർ; നാം നിനക്കു വിവരിച്ചുതന്നിട്ടില്ലാത്ത ചിലരും അവരിൽപ്പെട്ടവരാണു്" (സം: 40; രേ: 78) എന്നു മൊത്തത്തിൽ പ്രസ്താവിക്കയാണു് അതു ചെയ്യുന്നതു്.

"അൻസല" എന്ന പദത്തിന്നു ഇറക്കി; അയച്ചു; എത്തിച്ചു; എന്നെല്ലാം അർത്ഥങ്ങളുണ്ട്. ഇവ എല്ലാംതന്നെ താരതമ്യേന, അവതരിപ്പിച്ചു എന്ന പദത്തിൽ ഉൾപ്പെട്ടിരിക്കുന്നു. നിവേദനംചെയ്തു എന്ന പരിഭാഷ നമുക്കു സുപരിചിതമാണെങ്കിൽകൂടി, നിവേദനം എന്ന പദത്തിന്നു, വിവരം അറിയിക്കുക, പറഞ്ഞുകൊടുക്കുക എന്നതിൽ കൂടുതൽ അർത്ഥപ്രസക്തിയില്ലാത്തതിനാൽ, "അൻസല" എന്നതിന്നു അവതരിപ്പിച്ചു എന്ന പദമാണ് പരിഭാഷയ്ക്കു പററിയതായിക്കണ്ടതു്. നിവേദനമെന്നതു "അൽ-വഹ്‌യു" എന്ന പദത്തിന്നു പരിഭാഷയാകുവാനാണ് നല്ലതു്.

25. പാരത്രീകജീവിതത്തിൽ ദൃഢമായ ബോദ്ധ്യമുള്ള മനുഷ്യൻ ഐഹികജീവിതത്തെ ന്യായമായി പ്രയോജനപ്പെടുത്തുന്നു; ഇസ്ലാമിന്റെ മൗലികസിദ്ധാന്തങ്ങളിൽ ഒന്നാണ് പാരത്രീകത്തിൽ വിശ്വസിക്കയെന്നതു. "അയ്ക്വന" എന്നാൽ (ഒരു കാര്യത്തിൽ) ഇളകാത്ത ബോദ്ധ്യംകൊണ്ടു എന്നർത്ഥം. പാരത്രീകത്തിൽ മനുഷ്യൻ സാധാരണ വിശ്വസിച്ചാൽതന്നെ ഭൗതികമായ ഐഹികജീവിതം അതിന്റെ അവേശജനകമായ സുഖാനുഭവങ്ങൾകൊണ്ടു, പാരത്രീകത്തിലുള്ള വിശ്വാസത്തെ ഇളക്കാവുന്നതാണ്; അങ്ങിനെ വരാത്തവിധത്തിൽ അതിനെസംബന്ധിച്ചു ബോദ്ധ്യപ്പെട്ടാൽ മാത്രമേ ഐഹികജീവിതത്തിന്റെ ശരിയായ നില മനസ്സിലാക്കി മനുഷ്യന്നു ജീവിക്കുവാൻ സാധിക്കുകയുള്ളു. ഭൗതികജീവിതത്തിന്റെ മാദകമായ ശക്തിയെക്കുറിച്ചു മനസ്സിലാക്കി മനുഷ്യൻ യാഥാർത്ഥ്യത്തിൽനിന്നു പതറാതെ സൂക്ഷിച്ചുകൊള്ളേണ്ടതാണെന്നു ഈ രേഖ മുന്നറിവു നല്കുന്നു. ഇവിടെ യാഥാർത്ഥ്യങ്ങളെ നേരിടുന്ന വിഷയത്തിൽ ഖുർആൻ കൈക്കൊണ്ടിരിക്കുന്ന തീക്ഷ്ണതയും ഗൗരവദീക്ഷയും വ്യക്തമാകുന്നു.

5. ആയവർ തങ്ങളുടെ രക്ഷിതാവിൽനിന്നുള്ള
നേർമാർഗ്ഗദർശനത്തിങ്കലാണ്;
അതേ, അവരാണുതാനും വിജയികൾ.[26]

6. നിശ്ചയമായിട്ട്, യാതൊരുത്തർ
(സത്യത്തെ) ധിക്കരിച്ചിരിക്കുന്നു—
നീയവരെ ഉൽബോധിപ്പിച്ചു;
അല്ലെങ്കിൽ, നീ അവരെ ഉൽബോധിപ്പിച്ചില്ല—
(അതു)അവർക്കു തുല്യമാണ്; അവർ വിശ്വസിക്കയില്ല[27]

٥- أُولَٰٓئِكَ عَلَىٰ هُدًى مِّن رَّبِّهِمْ ۖ وَأُولَٰٓئِكَ هُمُ الْمُفْلِحُونَ ○

٦- إِنَّ الَّذِينَ كَفَرُوا سَوَآءٌ عَلَيْهِمْ ءَأَنذَرْتَهُمْ أَمْ لَمْ تُنذِرْهُمْ لَا يُؤْمِنُونَ ○

ഗദ്യഭാഷ

5. അവർ തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള നേർവഴിപ്പാടിലാണ്; അവരാണുതാനും വിജയികൾ.

6. നിശ്ചയമായിട്ട്, ധിക്കരിച്ചിട്ടുള്ളവരെ (സംബന്ധിച്ചാണെങ്കിൽ) നീയവരെ ഗൗരവമുണർത്തിച്ചുവെങ്കിലും, അതു ഉണർത്തിച്ചില്ലെങ്കിലും ശരി; അവർ വിശ്വസിക്കുകയില്ല.

26. സത്യത്തെ ഭയന്നു ദോഷബാധയെ സൂക്ഷിച്ചു ജീവിക്കുന്നവർക്കു ഖുർആൻ മാർഗ്ഗദർശനമാണെന്നു പ്രസ്താവിച്ചതിൽപ്പിറകെ അങ്ങിനെയുള്ളവരിൽ കാണപ്പെടേണ്ടതായ മൗലികമായ സ്വഭാവങ്ങൾ വിവരിക്കപ്പെട്ടു. മാർഗ്ഗദർശനം സിദ്ധിക്കുകയെന്നതു മേൽപറഞ്ഞ അടിസ്ഥാനശീലങ്ങൾ കൈവന്നതിൽപിന്നെ അവരിൽ വിശേഷവിധിയായി വന്നുകൂടുന്നതായ ഒന്നല്ല; ഒരാളിൽ പ്രസ്തുത ഗുണങ്ങൾ ഉണ്ടാവുകയെന്നതുതന്നെ, ആയാൾ മാർഗ്ഗദർശനത്തിങ്കലാണെന്ന വസ്തുതയെ തെളിയിക്കുന്നു; തുടർന്നായി ഈ സ്വഭാവങ്ങൾ പാലിച്ചുപോരുന്നതിൽ വിജയിക്കുകയെന്നാൽ ജീവിതത്തിൽ ശാശ്വതമായി വിജയിക്കുകയെന്നതാണ് അതിന്നർത്ഥമെന്ന നിഗമനത്തെ രേഖപ്പെടുത്തുന്നു. ഈ രേഖയിലെ ആശയമൂല്യമിതാണ്.

"ആയവർ" എന്നതു 3ഉം 4ഉം രേഖകളിൽ പ്രതിപാദിക്കപ്പെട്ട മൗലികസ്വഭാവങ്ങൾ ശീലിക്കുന്നതിൽ വിജയിച്ചിട്ടുള്ള വ്യക്തികളെ ചൂണ്ടിക്കാട്ടുന്നു.

27. നേർമാർഗ്ഗത്തെ കൈക്കൊള്ളുന്നവരെക്കുറിച്ചാണ് മുൻപു പ്രതിപാദിച്ചതു. ഇവിടെ അവരുടേതിന്നുനേരെ വിരുദ്ധമായ സ്വഭാവങ്ങളേയും, അവയെ വെച്ചുപുലർത്തുന്ന വ്യക്തികളേയും, അങ്ങിനെ കഴിച്ചുകൂട്ടുന്നതിനാൽ അവരിൽ ഉണ്ടാകുന്ന വിപരീതമായ പരിണാമത്തേയും കുറിച്ചു പ്രസ്താവിക്കുന്നു.

സത്യത്തെ അവർ എങ്ങിനെ സ്വീകരിക്കുന്നു എന്ന അടിസ്ഥാനത്തിലാണ് ഇതു ചിന്താവിഷയമാക്കുന്നതു. "കഫറ" എന്നതിന്നു കരുതിക്കൂട്ടി മറച്ചുവെച്ചു, അല്ലെങ്കിൽ സത്യമാണെന്നു മനസ്സിലായിട്ടുകൂടി തിരസ്കരിച്ചു എന്ന് അർത്ഥമാണ്; ധിക്കരിച്ചു എന്ന പദമാണ് ഈ വാക്കിന്നു കൂടുതൽ ഉചിതമായ പരിഭാഷയായിക്കണ്ടതു. സത്യത്തെ ശരിക്കു മനസ്സിലാക്കുവാൻ സാധിക്കാതെ, തെററായതിനെ ശരിയെന്നു ധരിച്ചു സത്യമെന്നു വിശ്വസിക്കുകയോ, അല്ലെങ്കിൽ ഒരു വസ്തു സത്യമാണെന്നോ അസത്യമാണെന്നോ തിരിച്ചറിയാത്തതുകൊണ്ടു അതിൽ വിശ്വാസം ഉളവാകാതെ പോവുകയോ ചെയ്യുന്നതു ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ധിക്കാരത്തിൽനിന്നു വ്യത്യസ്തമാണ്; എന്തുകൊണ്ടെന്നാൽ അതു ശരിയായ അറിവിന്റെ അഭാവമാണ് കാണിക്കുന്നതു. ഒരു കാര്യം ഒരാൾക്കു കരുതിക്കൂട്ടി അറിയാതിരിക്കുവാൻ സാദ്ധ്യമല്ലല്ലോ? അതിനാൽ അങ്ങിനെയുള്ള അവസ്ഥകളിൽ ഉൽബോധനം ഫലപ്രദമാവുകയും ചെയ്യാവുന്നതാണ്; ശരിയായ ഉൽബോധനത്തിന്നു ശേഷമാണ് വിശ്വാസിയും ധിക്കാരിയും വേർതിരിയുന്നതു; അറിവിന്റെ അഭാവത്തെ അറിവുണ്ടാക്കിക്കൊടുത്താൽ പരിഹരിക്കാവുന്നതാണ്; ശരിയായതു മനസ്സിലാക്കിക്കൊടുത്താൽ തെററിധാരണയും തെററായ വിശ്വാസവും തിരുത്താവുന്നതുമാണ്; പക്ഷെ കാര്യം അറിഞ്ഞിട്ടു കരുതിക്കൂട്ടി സത്യത്തെ നിഷേധിക്കുന്നവരെ വിശ്വാസിയാക്കിത്തീർക്കുക സാദ്ധ്യമല്ല; സത്യത്തെ മനസ്സിലാക്കിയിട്ടാണ് അതിൽ വിശ്വസിക്കാതിരിക്കുന്നെങ്കിൽ മാത്രമേ ഒരുത്തൻ ധിക്കാരിയാണെന്നു ഗണിക്കുവാൻ പാടുള്ളു. മാർഗ്ഗദർശനത്തെ കൈക്കൊള്ളുന്നവർ സത്യത്തിൽ വിശ്വസിക്കുന്നുവെന്നതു ഒരു വസ്തുതയാണ്; അതുപോലെത്തന്നെ ധിക്കാരികൾ അതിൽ വിശ്വസിക്കയില്ലെന്നതു മറെറാരു വസ്തുതയാണ്.

7. അല്ലാഹു മുദ്രവെച്ചിരിക്കുന്നു
അവരുടെ ഹൃദയങ്ങളിന്മേൽ;
അവരുടെ ശ്രവണത്തിന്മേലും (മുദ്രവെച്ചിരിക്കുന്നു)
അവരുടെ ദൃഷ്ടികളിന്മേലൊരു തിരശ്ശീലയുമുണ്ട്.
അവർക്കു ഗംഭീരമായൊരു ശിക്ഷയുമുണ്ടുതന്നെ.[28]

٧- خَتَمَ اللّٰهُ عَلٰى قُلُوْبِهِمْ وَعَلٰى سَمْعِهِمْ ۚ وَعَلٰىٓ اَبْصَارِهِمْ غِشَاوَةٌ ۫ وَّلَهُمْ عَذَابٌ عَظِيْمٌ ۟

## സന്ധി 2
## വിശ്വാസനാട്യക്കാർ

(കപടവിശ്വാസികളും, അവരുടെ ശല്യവും പരിഹാസവും;
രണ്ടു സാമ്യനിരൂപണങ്ങളും.)

8. ജനങ്ങളിൽ ഉണ്ടുതാനും ചിലർ;
(അവർ) പറയുന്നു: ഞങ്ങൾ വിശ്വസിച്ചുവെന്നു;
അല്ലാഹുവിലും അന്ത്യദിനത്തിലും.
അവർ വിശ്വാസികളല്ലതാനും.[29]

٨- وَمِنَ النَّاسِ مَنْ يَّقُوْلُ اٰمَنَّا بِاللّٰهِ وَبِالْيَوْمِ الْاٰخِرِ وَمَا هُمْ بِمُؤْمِنِيْنَ ۘ

ഗദ്യഭാഷ

7. അവരുടെ ഹൃദയങ്ങളിന്മേലും ശ്രവണത്തിന്മേലും അല്ലാഹു മുദ്രവെച്ചിരിക്കുന്നു; അവരുടെ ദൃഷ്ടികളിൽ ഒരു മൂടലുമുണ്ട്. അവർക്കു ഗംഭീരമായൊരു ശിക്ഷയുമുണ്ട്.

8. അല്ലാഹുവിലും അന്ത്യദിനത്തിലും ഞങ്ങൾ വിശ്വസിച്ചു എന്നു പറയുന്ന ചിലർ ജനങ്ങളിലുണ്ട്. (എന്നാൽ) അവർ വിശ്വാസികളല്ല.

---

28. ധിക്കരിച്ചിട്ടുള്ളവർ ധാർമ്മികമായ വളർച്ചക്കു വിധേയരല്ലെന്ന തത്വമാണ് അവരെ ഉൽബോധിപ്പിച്ചാലും ഉൽബോധിപ്പിച്ചില്ലെങ്കിലും അതു അവർക്കു ശരിയാണെന്ന നിഗമനത്തിൽനിന്നു വ്യക്തമാകുന്നതു; തന്നെയല്ല, സത്യത്തെ അറിഞ്ഞിട്ടു അതിനെ കരുതിക്കൂട്ടി നിഷേധിക്കുന്നതു ഹേതുവായി, അവർക്കു സത്യത്തെ ഗ്രഹിക്കുവാനുള്ള ജിജ്ഞാസ നഷ്ടപ്പെടുന്നു. അങ്ങിനെ ന്യായമായ രൂപത്തിൽ വിനിയോഗിക്കുവാനും അതുവഴി പൂർണ്ണതയെ പ്രാപിക്കുവാനുമായി സാക്ഷാൽ സത്യമായ ദൈവത്താൽ നല്കപ്പെട്ട ജ്ഞാനശക്തികൾ പ്രയോജനപ്പെടുത്താത്തതിനാൽ ചൈതന്യരഹിതമായിത്തീരുകയും ചെയ്യുന്നു; ധിക്കാരികളുടെ സ്വന്തം പ്രവൃത്തികളുടെ ദുഷിച്ച ഫലങ്ങളാണിതു. പക്ഷെ മനുഷ്യനും അവൻെറ പ്രവൃത്തികളും അവയുടെ അനന്തരഫലങ്ങളും എല്ലാം സാക്ഷാൽ സത്യമായ ദൈവത്തിൻെറ നിർമ്മാണങ്ങളാണല്ലോ? അവരുടെ ഹൃദയങ്ങളിലേക്കും ശ്രവണങ്ങളിലേക്കും സത്യമായിട്ടുള്ള യാതൊന്നും പ്രവേശിക്കുന്നില്ല; അവയിൽ കെട്ടിക്കിടക്കുന്ന ദുഷിപ്പുകൾ പുറത്തു കളയുവാൻ കഴിയുന്നുമില്ല; അവയുമേൽ അങ്ങിനെ മുദ്രവെക്കപ്പെട്ടിരിക്കയാണ്. കൂടാതെ അതു കണ്ടറിഞ്ഞു മാററിക്കളയുവാൻ സാധിക്കാത്ത വിധത്തിൽ അവരുടെ ദൃഷ്ടികളെ സത്യനിഷേധത്തിൽനിന്നും ഉടലെടുത്ത അജ്ഞാനത്തിൻെറ തിരശ്ശീലകൊണ്ടു മൂടിയിടുകയും ചെയ്തിരിക്കുന്നു.

പരിശുദ്ധ പ്രവാചകൻെറ സത്യസന്ദേശങ്ങൾ ശ്രവിക്കാൻ സാധിക്കാതിരിക്കുന്നതു ധിക്കാരികൾക്കു സ്വാഭാവികമായിത്തീർന്നിരിക്കുന്നു. ധിക്കാരത്തിൻെറ പ്രത്യാഘാതങ്ങൾ മാത്രമാണിതു. വരാനിരിക്കുന്ന ഗംഭീരമായ ശിക്ഷകൾക്കുള്ള സജ്ജീകരണങ്ങളാണിവ.

29. മനുഷ്യരുടെ ആകത്തുകയിൽനിന്നു, അകത്തും പുറത്തും വ്യക്തമായ വൈപരീത്യമുള്ള രണ്ടു വിഭാഗക്കാരുടെ സ്വഭാവങ്ങൾ രേഖപ്പെടുത്തിയിട്ടു, അവരിൽ രണ്ടു കൂട്ടരിൽനിന്നും വ്യത്യസ്തരും എന്നാൽ അവരോടു രണ്ടു കൂട്ടരോടും ബന്ധമുള്ളതായി പറയുന്നവരുമായ മറെറാരു വിഭാഗക്കാരെപ്പററി ഈ സന്ധിയിൽ പ്രതിപാദിക്കപ്പെടുന്നു. താൻ വിശ്വസിച്ചുവെന്നു നാവുകൊണ്ടു പറഞ്ഞതുകൊണ്ടു ഒരാൾ വിശ്വാസിയാവണമെന്നില്ലെന്ന തത്വമാണ് ഈ വിഷയത്തിൽ ഖുർആൻ കൊണ്ടുവന്നിട്ടുള്ള വിധി.

9. അവർ വഞ്ചനചെയ്യുന്നു
അല്ലാഹുവിനോടും; വിശ്വസിച്ചിട്ടുള്ളവരോടും.
അവർ വഞ്ചിക്കുന്നുമില്ല; അവരെത്തന്നെയല്ലാതെ;
അവക്കു (അതു) ബോധമാകുന്നുമില്ല.[30]

٩- يُخٰدِعُوْنَ اللّٰهَ وَالَّذِيْنَ اٰمَنُوْا ۚ وَمَا يَخْدَعُوْنَ اِلَّآ اَنْفُسَهُمْ وَمَا يَشْعُرُوْنَ ۝

10. അവരുടെ ഹൃദയങ്ങളിൽ രോഗമുണ്ടു്;
അങ്ങിനെ അല്ലാഹു അവക്കു വർദ്ധനവുണ്ടാക്കി;
രോഗത്തിൽ.[31]
അവക്കു് വേദനയുള്ളൊരു ശിക്ഷയുണ്ടുതാനും;
അവർ കളവു പറയുന്നുണ്ടായതിനാലെ.[32]

١٠- فِيْ قُلُوْبِهِمْ مَّرَضٌ ۙ فَزَادَهُمُ اللّٰهُ مَرَضًا ۚ وَلَهُمْ عَذَابٌ اَلِيْمٌ ۢ ۙ بِمَا كَانُوْا يَكْذِبُوْنَ ۝

ഗദ്യഭാഷ

9. അല്ലാഹുവിനോടും വിശ്വസിച്ചവരോടും അവർ വഞ്ചനചെയ്യുന്നു. അവരെത്തന്നെയല്ലാതെ അവർ വഞ്ചിക്കുന്നുമില്ല; അവക്കു (ആ വസ്തുത) ഗോചരമാകുന്നുമില്ല.

10. അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടു്; അങ്ങിനെ അല്ലാഹു അവക്കു രോഗത്തെ വർദ്ധിപ്പിച്ചു. അവക്കു വേദനിപ്പിക്കുന്ന ശിക്ഷയുമുണ്ടു്; അവർ കളവുപറഞ്ഞുകൊണ്ടിരുന്നതിനാലാണിതു.

---

നയോപായങ്ങൾകൊണ്ടു ഭംഗിപിടിപ്പിച്ച കപട പ്രസ്താവനകളെ കൂട്ടത്തോടെ ഇതു പിച്ചിച്ചീന്തിക്കളയുന്നു. വഞ്ചനയുടെ ഭംഗിവാക്കുകളെക്കടന്നു സംഗതിയുടെ യാഥാർത്ഥ്യത്തിലേക്കു ദൃഷ്ടിചെലുത്തുവാനുള്ള വിവേചനത്തിൻെറ നിലവാരത്തിലേക്കു വിശ്വാസിയെ ഇതു വഴിതെളിക്കുന്നു.

ഈ രേഖയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന കപടവിശ്വാസികൾ വിശുദ്ധപ്രവാചകൻെറ മദീനായിലെ ജീവിതകാലത്തു മുസ്ലിംകൾക്കു വലിയ ശല്യമായിത്തീർന്നിരുന്ന ചില വ്യക്തികളാണു്; നബി(സ) മദീനായിൽ വരുന്നതിന്നുമുമ്പു അബ്ദുല്ലാഹി ബിൻ ഉബയ്യു് അവിടത്തെ ഒരു കാര്യപ്പെട്ട വ്യക്തിയായിരുന്നു; അവൻ അവിടത്തെ നേതാവായിത്തീരുവാൻ പ്രത്യാശിക്കയും ചെയ്തിരുന്നു; എന്നാൽ നബി(സ)യുടെ പ്രവേശനവും, നബി(സ)ക്കു് എല്ലാ സമുദായങ്ങളിൽ നിന്നും ജനനായകൻ എന്ന നിലക്കു ലഭിച്ചതായ സ്വീകാരവും, അബ്ദുല്ലാഹി ബിൻ ഉബയ്യിൻെറ പ്രിയതരമായ ആശകളെ അസ്തമിപ്പിച്ചു. അവൻ തൻെറ അനുയായികളോടുകൂടെ വിശുദ്ധപ്രവാചകൻേറയും സഖാക്കളുടേയും നേരെ കപടമായൊരു വിശ്വാസനയം സ്വീകരിക്കയും ചെയ്തു; അബ്ദുല്ലാഹി ബിൻ ഉബയ്യിൻെറ കഥ ഒരു സംഭവത്തിൻെറ നിലയിൽ ഈ രേഖയുടെ അവതാരകാലത്തിൻെറ പശ്ചാത്തലവുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും ഇതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന വിധി വ്യക്തിപരമായിട്ടുള്ളതല്ല; പൊതുവായിട്ടുള്ളതാണു്; സംഹിത 3ൽ രേഖകൾ 148ഉം 180ഉം; സംഹിത 4ൽ രേഖകൾ 60ഉം 152ഉം; സംഹിത 9ൽ രേഖകൾ 38ഉം 127ഉം നോക്കുക.

30. അവരുടെ പ്രവൃത്തി സത്യമായ ദൈവത്തോടും സത്യത്തിൽ വിശ്വസിച്ചവരോടും ചെയ്യുന്ന വഞ്ചനയാണു്; പക്ഷെ അതു അവർ ഉദ്ദേശിച്ച ഇടത്തിൽ ഫലിക്കുകയില്ല; യാഥാർത്ഥ്യത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കപ്പെടാത്ത വാക്കുമൂലമായ വിശ്വാസത്തിന്നു ഖുർആൻ വിലകല്പിക്കുന്നില്ല; അവരിൽത്തന്നെയാണു് അവരുടെ വഞ്ചന ചെന്നു ബാധിക്കുക. പക്ഷെ അവർക്കതിൽ നേട്ടമുണ്ടാകുമെന്നുള്ള പ്രത്യാശ നശിച്ചിട്ടില്ലാത്തതുകൊണ്ടു അവരിൽത്തന്നെയതു തിരിച്ചടിക്കയാണെന്ന ബോധം അവർക്കു ഉണ്ടാകുന്നില്ല; അവരുടെ ജ്ഞാനേന്ദ്രിയങ്ങൾക്കുകൂടി അതു വിഷയമാകാത്ത വിധത്തിൽ അവരിൽത്തന്നെയതു പ്രവർത്തിക്കുന്നു.

31. പ്രവാചകൻെറ വിജയത്തിൽ മനോവേദനപ്പെടുക എന്നതാണു് അവരുടെ ഹൃദയത്തിലെ വ്യാധി; സത്യത്തിൻെറ വിജയങ്ങൾ വർദ്ധിക്കുന്നതിന്നൊരുമിച്ചു കാപട്യക്കാരുടെ മനസ്സിലെ രോഗത്തിന്നു വർദ്ധനവുണ്ടാകുന്നു; മനുഷ്യൻ എന്തുകൊണ്ടു വിനിമയം ചെയ്യുന്നുവോ അതിൽ അവന്നു വർദ്ധനവുണ്ടാകുന്നു; നന്മയാണെങ്കിൽ നന്മ; തിന്മയാണെങ്കിൽ തിന്മ; എല്ലാററിൻേറയും നിർമ്മാതാവു് സത്യമായ ദൈവമാണു്; അവർക്കു അല്ലാഹു രോഗത്തിൽ വർദ്ധനവുണ്ടാക്കി എന്ന വാക്യത്തെ ഗ്രഹിക്കേണ്ടതു ഈ വിവക്ഷയിൽ കൂടിയാണു്.

32. വിശ്വാസനാട്യക്കാർ ചെയ്യുന്ന പ്രസ്താവനകളുടെ ഉള്ളടക്കങ്ങൾ കാമ്യമാണെങ്കിൽതന്നെ, അവരുടെ യഥാർത്ഥമായ നിലപാടുവെച്ചു നോക്കുമ്പോൾ അതു കള്ളമാണെന്നു തെളിയുന്നു. തങ്ങൾ വിശ്വസിച്ചുവെന്നു അവർ പറയുന്നു; സത്യത്തെ മാനിക്കുന്നവരെങ്കിൽ അവർ വിശ്വസിക്കേണ്ടവരുമാണു്; എന്നാൽ പറയുന്ന

11. അവരോടു പറയപ്പെട്ടാൽ:–
നിങ്ങൾ ഭൂമിയിൽ കെട്ടതിയുണ്ടാക്കായ്പിൻ എന്നു്.
അവർ പറയുകയായി:–
ഞങ്ങൾ നന്മയുണ്ടാക്കുന്നവരേയുള്ള എന്നു്.

12. നോക്കു! നിശ്ചയമായിട്ടു്,
അവർ തന്നെയാണു് കെട്ടതിയുണ്ടാക്കുന്നവർ;
എങ്കിലും അവർക്കു് ഗോചരമാകുന്നില്ല.[33]

13. അവരോടു് പറയപ്പെട്ടാൽ:–
നിങ്ങൾ വിശ്വസിക്കുവിൻ,
ജനങ്ങൾ വിശ്വസിച്ചതുപോലെ.
അവർ പറയുകയായി:– ഞങ്ങൾ വിശ്വസിക്കയോ?
മായന്മാർ വിശ്വസിച്ചതുപോലെ.
നോക്കു! നിശ്ചയമായിട്ടു അവർതന്നെയാണു മായന്മാർ;
എങ്കിലും അവർ അറിയുന്നില്ല.[34]

١١- وَإِذَا قِيلَ لَهُمْ لَا تُفْسِدُوا فِي الْأَرْضِ قَالُوا إِنَّمَا نَحْنُ مُصْلِحُونَ ۝

١٢- أَلَا إِنَّهُمْ هُمُ الْمُفْسِدُونَ وَلَٰكِنْ لَا يَشْعُرُونَ ۝

١٣- وَإِذَا قِيلَ لَهُمْ آمِنُوا كَمَا آمَنَ النَّاسُ قَالُوا أَنُؤْمِنُ كَمَا آمَنَ السُّفَهَاءُ ۗ أَلَا إِنَّهُمْ هُمُ السُّفَهَاءُ وَلَٰكِنْ لَا يَعْلَمُونَ ۝

ഗദ്യഭാഷ

11. നിങ്ങൾ ഭൂമിയിൽ കെട്ടതിയുണ്ടാക്കരുതെന്നു അവരോടു പറയപ്പെട്ടാൽ, ഞങ്ങൾ നന്മ ചെയ്യുന്നവർ മാത്രമാണെന്നു അവർ പറയുകയായി.

12. നോക്കു! നിശ്ചയമായിട്ടു അവർ തന്നെയാണു് കെട്ടതിചെയ്യുന്നവർ; എങ്കിലും അവർക്കു ബോധമാകുന്നില്ല.

13. ജനങ്ങൾ വിശ്വസിച്ചതുപോലെ നിങ്ങൾ വിശ്വസിക്കുവിൻ എന്നു അവരോടു പറയപ്പെട്ടാൽ; മായന്മാർ വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കയോ? എന്നു അവർ പറയുകയായി. നോക്കു! അവർ തന്നെയാണു് മായന്മാർ; എങ്കിലും അവർ അറിയുന്നില്ല.

തിന്റെ ഉള്ളടക്കത്തോടു അവരുടെ മനസ്സു ആത്മാർത്ഥമായി യോജിക്കുന്നുണ്ടോ എന്നതിന്നാണു് ഖുർആൻ പരിഗണന കൊടുക്കുന്നതു. സത്യവിശ്വാസികളുടെ നേട്ടങ്ങളിൽ പങ്കുകൊള്ളുകയും അവരുടെ വിജയങ്ങളിൽ വേദനപ്പെടുകയുമായിരുന്ന കപടവിശ്വാസികളുടെ പ്രവൃത്തി. മലിനമായ സ്വാർത്ഥബുദ്ധിയുടെ പ്രേരണകൊണ്ടാണു് അവർ മനസ്സു തുറന്നു വിശ്വസിക്കുവാൻ കൂട്ടാക്കാതിരുന്നതു; എന്നാൽ അതിനേക്കാൾ മലിനമായ സ്വാർത്ഥത കൊണ്ടാണു് തങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്നു അവർ നാവുകൊണ്ടു പറയുന്നതും. വളരെ വേദനയേറിയൊരു ജീവിതമാണിതു.

33. തങ്ങൾ നന്മ ചെയ്യുകയാണെന്ന ഭാവത്തിൽ വകതിരിവില്ലാത്ത മനുഷ്യർ ചെയ്തുകൂട്ടുന്ന കെട്ടതികൾ ചില്ലറയല്ല; പക്ഷെ തങ്ങൾ ചെയ്യുന്നതു കുഴപ്പമുണ്ടാക്കുകയാണെന്ന വസ്തുത അവരുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടാൽ തങ്ങൾ നന്മവരുത്തുന്നവർ മാത്രമാണെന്നു വാദിക്കുകയാണു് അവർ ചെയ്യുക; അവർ ചെയ്യുന്ന കെട്ടതിയുടെ തോതു വർദ്ധിക്കുകയാണതുകൊണ്ടു വന്നുകൂടുക. ഗുണദോഷങ്ങളുടെ പ്രാഥമികമായ ധാരണകൂടി അവർക്കു അങ്ങിനെ നഷ്ടപ്രായമായിപ്പോവുകയും ചെയ്യും; മലിനമായ സ്വാർത്ഥതാല്പര്യത്തിന്റെ മറെറാരു പരിണാമമാണിതു.

രേഖ 8ൽ കപടവിശ്വാസികളുടെ യാഥാർത്ഥ്യത്തെ സംബന്ധിച്ചുള്ള വിധി പറയപ്പെട്ടു. രേഖ 9ൽ അവരുടെ നയതന്ത്രത്തിന്റെ ലക്ഷ്യവും അതിന്റെ അനന്തരഫലവും വ്യക്തമാക്കപ്പെട്ടു. അടുത്തതായി രേഖ 10ൽ അതു അവർക്കു എങ്ങിനെ അനുഭവപ്പെടുന്നു എന്നു വിവരിച്ചു; രേഖ 11ൽ പുറമെനിന്നുള്ള തിരുത്തൽ അവരിൽ എങ്ങിനെ പ്രവൃത്തിക്കുന്നുവെന്നു കാണിക്കുന്നു. 12വരെ അവരുടെ പ്രത്യേകതയായിത്തീർന്നിരിക്കുന്ന പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ അവരെ സംബന്ധിച്ച തീരുമാനത്തെ രേഖപ്പെടുത്തുന്നു.

34. താൻ വിശ്വസിച്ചുവെന്നു ഒരാൾ പറഞ്ഞതുകൊണ്ടു അയാൾ പരമാർത്ഥത്തിൽ വിശ്വസിക്കുന്നില്ലെന്നു വ്യക്തമാക്കുകയും അങ്ങിനെ പറയുന്നവരെക്കുറിച്ചു പല വശങ്ങളിൽകൂടി പ്രതിപാദിക്കയും ചെയ്തിട്ടു, വിശ്വാസത്തിന്റെ യഥാർത്ഥമായ പ്രകടനത്തെ ശ്രദ്ധയിൽ പെടുത്തുന്നു. അതേ സന്ദർഭത്തിൽത്തന്നെ വിശ്വാസനാട്യക്കാരുടെ മൂഢതയെ തെളിയിക്കുകയും ചെയ്യുന്നുണ്ടു.

14. ഇനി, അവർ വിശ്വസിച്ചവരെ കണ്ടുമുട്ടിയാൽ;
അവർ പറകയായി:– ഞങ്ങൾ വിശ്വസിച്ചുഎന്നു്.
(എന്നാൽ) തങ്ങളുടെ പിശാചുക്കളുമായി[35]
അവർ തനിച്ചുകൂടിയാൽ,
അവർ പറയുകയായി:–
നിശ്ചയമായിട്ടു്, ഞങ്ങൾ നിങ്ങളോടു കൂടെയുണ്ടു്;
ഞങ്ങൾ പരിഹസിക്കുന്നവരേയുള്ളു എന്നു്.

١٤- وَإِذَا لَقُوا الَّذِينَ آمَنُوا قَالُوا آمَنَّا وَإِذَا
خَلَوْا إِلَىٰ شَيَاطِينِهِمْ قَالُوا إِنَّا مَعَكُمْ إِنَّمَا
نَحْنُ مُسْتَهْزِئُونَ ○

15. അല്ലാഹുവാണു് അവരിൽ പരിഹാസമേല്പിക്കുന്നു.
അവൻ അവരെ നീട്ടിയിടുകയും ചെയ്യുന്നു;
അവരുടെ അതിരുകവിച്ചലിൽ;
അവർ അന്ധമായി അലയുമാറായിട്ടു്.[36]

١٥- اللَّهُ يَسْتَهْزِئُ بِهِمْ وَيَمُدُّهُمْ فِي طُغْيَانِهِمْ
يَعْمَهُونَ ○

ഗദ്യഭാഷ

14. ഇനി അവർ വിശ്വസിച്ചവരെ കണ്ടുമുട്ടിയാൽ, ഞങ്ങൾ വിശ്വസിച്ചുഎന്നു അവർ പറയുകയായി. തങ്ങളുടെ പിശാചുക്കളുമായി തനിച്ചുകൂടിയാൽ, നിശ്ചയമായിട്ടു് ഞങ്ങൾ നിങ്ങളോടു കൂടെയുണ്ടു്; ഞങ്ങൾ പരിഹസിക്കുന്നവർ മാത്രമാണു് എന്നു അവർ പറയുകയായി.

15, അല്ലാഹു അവരിൽ പരിഹാസമേല്പിക്കുന്നു; അവരുടെ അവ്യവസ്ഥിതിയിൽ അവർ അന്ധമായി അലയുമാറു് അവരെ അവൻ നീട്ടിയിടുകയും ചെയ്യുന്നു.

---

തങ്ങൾ വിശ്വസിക്കുന്നുവെന്നു നാവുകൊണ്ടു പറയുന്നവരോടു, ജനങ്ങൾ വിശ്വസിച്ചതുപോലെ, തങ്ങളുടെ പ്രവൃത്തിയിൽ വിശ്വാസം പ്രതിഫലിക്കത്തക്ക വിധത്തിൽ കാര്യക്ഷമമായി നിങ്ങൾ വിശ്വസിക്കുവിൻ എന്നു പറയപ്പെട്ടാൽ, ന്യായമായൊരു മറുപടികൊണ്ടു തങ്ങളുടെ നിലയെ സ്ഥാപിക്കുവാൻ കപടവിശ്വാസികൾക്കു കഴിയുകയില്ല; പ്രവൃത്തിരൂപത്തിൽ വിശ്വസിക്കുന്ന ജനങ്ങളെ മഠയന്മാരെന്നു വിളിക്കുകയും, മഠയന്മാർ വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കയോ എന്ന ചോദ്യത്തിന്റെ പിന്നിൽകൂടി രക്ഷപ്പെടുകയുമാണു് അവർ ചെയ്യുന്നതു്.

ജീവിതവൃത്തികളിൽ സ്വാധീനം ചെലുത്തുന്ന തരത്തിൽ സത്യത്തിൽ വിശ്വസിക്കയെന്നതു മഠയന്മാരായ ജനങ്ങൾക്കുമാത്രം കൊള്ളാവുന്നതാണെന്നു വിചാരിക്കുന്നതിലേറെ മൗഢ്യമെന്താണുള്ളതു? പക്ഷെ, തങ്ങൾ മൂഢന്മാരാണെന്നുകൂടി അറിയുവാൻ സാധിക്കാത്ത വിധത്തിൽ അവർ മൗഢ്യത്തിൽ ആണ്ടുപോയിരിക്കുന്നു.

35. "പിശാചുക്കൾ" എന്നതു "ശയാതീൻ" എന്ന അറബിപദത്തിന്റെ മലയാളഭാഷാന്തരമാണു്; "ശയ്ത്വാൻ" എന്നതിന്റെ ബഹുവചനരൂപമാണിതു്; ഇതിന്റെ തൽഭവമാണു് മലയാളത്തിൽ പ്രയോഗിച്ചുവരുന്ന "ചെകുത്താൻ" എന്ന വാക്കു്.

ഈ രേഖയിൽ പിശാചുക്കൾ എന്നതിനു കപടവിശ്വാസികളുടെ, നീചന്മാരായ കൂട്ടാളികൾ എന്ന വിവക്ഷയാണു് ഉള്ളതു; ഈ സംഹിതയിൽത്തന്നെ 76-ാമത്തെ രേഖ നോക്കുക; അവരുടെ പിശാചുക്കൾ എന്നതിൽനിന്നു അവരും അവരുണ്ടാക്കുന്ന കുഴപ്പത്തിന്റെ കൂട്ടാളികളും തമ്മിലുള്ള അടുപ്പത്തെ സൂചിപ്പിക്കുന്നു.

36. കപടവിശ്വാസക്കാർ സത്യവിശ്വാസികളോടു ചെയ്യുന്ന വിശ്വാസപ്രസ്താവന സത്യത്തിന്റെ പ്രത്യക്ഷശത്രുക്കളായ ധിക്കാരികൾ സ്വാഭാവികമായി ഗ്രഹിച്ചുവശാകുന്നു; തങ്ങളുടെ യഥാർത്ഥ സ്നേഹിതരായ ധിക്കാരികളുടെ പക്കൽ തങ്ങളുടെ നില സുരക്ഷിതമാക്കുവാൻ വിശ്വാസനാട്യക്കാർ സന്ദർഭം നോക്കുകയും ചെയ്യുന്നു; സ്വാർത്ഥവും ഭീരുത്വവും അസൂയയും ലാഭേച്ഛയുമാണു് തങ്ങളെ വിശ്വാസപ്രസ്താവന ചെയ്യുവാൻ പ്രേരിപ്പിക്കുന്നതെന്ന സത്യത്തെ മറച്ചുവെക്കുകയാണവർ അവിടെയും ചെയ്യുന്നതു്; അങ്ങിനെ സത്യവിശ്വാസികളെ തങ്ങൾ പരിഹസിക്കയാണെന്നതല്ലാതെ മറ്റൊരു വസ്തുതയും അതിൽ ഇല്ലെന്നു അവർ തങ്ങളുടെ ഉഷിച്ച സ്നേ

16. ആയവരാണ് യാതൊരുത്തർ;
അവർ വിലക്കുവാങ്ങിയിരിക്കുന്നു; വഴിപ്പിഴവിനെ
നേർമാർഗ്ഗദർശനത്തിന്നു (പകരമായിട്ട്).
അങ്ങിനെ, ലാഭിച്ചില്ല; അവരുടെ കച്ചവടം.
അവർ നേർവഴി പ്രാപിച്ചവരായുമില്ല.

١٦. أُولَٰئِكَ الَّذِينَ اشْتَرَوُا الضَّلَالَةَ بِالْهُدَىٰ
فَمَا رَبِحَت تِّجَارَتُهُمْ وَمَا كَانُوا مُهْتَدِينَ ○

17. അവരുടെ മാതൃക
തീപ്പെരുക്കിയവൻെറ മാതൃകപോലെയാണ്.
അങ്ങിനെ തൻെറ ചുററുപാടുള്ളതു പ്രോജ്വലിച്ചപ്പോൾ
അല്ലാഹു കൊണ്ടുപോയ്ക്കളഞ്ഞു;
അവരുടെ വെളിച്ചത്തെ.
അവരെയവൻ തള്ളിക്കളകയുംചെയ്തു;
അന്ധകാരങ്ങളിൽ അവക്കു കണ്ണുകാണാതാകുമാറ്.

١٧. مَثَلُهُمْ كَمَثَلِ الَّذِي اسْتَوْقَدَ نَارًا فَلَمَّا
أَضَاءَتْ مَا حَوْلَهُ ذَهَبَ اللَّهُ بِنُورِهِمْ وَتَرَكَهُمْ
فِي ظُلُمَاتٍ لَّا يُبْصِرُونَ ○

18. ബധിരന്മാർ, ഊമകൾ, അന്ധന്മാർ;
അതിനാൽ, അവർ (വഴിക്കു) മടങ്ങുകയില്ല.[37]

١٨. صُمٌّ بُكْمٌ عُمْيٌ فَهُمْ لَا يَرْجِعُونَ ○

ഗദ്യഭാഷ

16. അവരാണ് നേർവഴിതിരിവിന്നു പകരമായി വഴിപ്പിഴവിനെ വിലക്കുവാങ്ങിയിരിക്കുന്നവർ. അങ്ങിനെ അവരുടെ കച്ചവടം ലാഭിച്ചില്ല; അവർ നേർവഴി ചേർന്നവരായുമില്ല.

17. അവരുടെ മാതൃക തീപ്പെരുക്കിയവൻെറ മാതൃകപോലെയാണ്; തൻെറ ചുററുപാടുള്ളതു വെളിച്ചം വീശിയപ്പോൾ അവരുടെ വെളിച്ചത്തെ അല്ലാഹു കൊണ്ടുപോയ്ക്കളഞ്ഞു. അവക്കു കണ്ണുകാണാത്ത വിധത്തിൽ അവരെയവൻ അന്ധകാരങ്ങളിൽ തള്ളിക്കളകയും ചെയ്തു.

18, ബധിരന്മാർ, ഊമകൾ, അന്ധന്മാർ; അതിനാൽ അവർ വഴിക്കുമടങ്ങുകയില്ല.

---

ഹിതന്മാരെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കയും ചെയ്യുന്നു. അതിനാൽ തങ്ങളുടെ സ്വന്തക്കാരായവരുടെ പക്കലുംകൂടി പരമാർത്ഥം തുറന്നു പറയുവാൻ സാധിക്കാത്ത പരിഹാസ്യമായ പതനത്തിൽ അവർ ചെന്നെത്തുന്നു; തങ്ങൾ പരിഹസിക്കുക മാത്രമാണ് എന്ന മറെറാരു കപടപ്രസ്താവനകൊണ്ടു അവർ തങ്ങളെത്തന്നെ പരിഹാസ്യരാക്കിത്തീർക്കുകയാണ് ചെയ്യുന്നതു്; അല്ലാഹു മനുഷ്യൻേറയും മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളുടേയും സ്രഷ്ടാവാണ്; ഈ തത്വത്തിൻെറ അടിസ്ഥാനത്തിലാണ്, ഈ രേഖയുടെ അർത്ഥനിർണ്ണയം ചെയ്യേണ്ടതു്.

കപടവിശ്വാസികൾ സത്യത്തിൽ വിശ്വാസികളല്ല; എന്നാൽ അവർ വിശ്വാസികളല്ലെന്ന സത്യം വിശ്വാസികളോടു തുറന്നു പറയുവാൻ അവർക്കു ധൈര്യമില്ല; ഇതിന്നെല്ലാം പുറമെ തങ്ങൾക്ക് കഴിവില്ലാത്തതുകൊണ്ടാണ് തങ്ങൾ വിശ്വാസപ്രസ്താവന ചെയ്യുന്നതെന്ന പരമാർത്ഥത്തെ തങ്ങളുടെ സ്വന്തം സ്നേഹിതന്മാരോടുകൂടി പറയുവാൻ അവർക്കു വ്യവസ്ഥാബോധമില്ല; സത്യത്തിന്നു വിപരീതമായി സ്വാർത്ഥത്തെ പുലർത്തുന്നതിന്നായി എന്തു നയോപായമാണ് സ്വീകരിക്കേണ്ടതെന്നറിയാതെ ആരിലും വിശ്വാസമില്ലാതെയും ആരുടെയും വിശ്വാസം ലഭിക്കാതെയും ഒററപ്പെട്ടു അന്ധമായി അലയുകയാണ് അവർ; മനുഷ്യൻ തൻെറ പ്രവൃത്തികളുടെ ഫലങ്ങൾ സ്വാത്മനാ അനുഭവിക്കത്തക്കനിലയിൽ, മനുഷ്യൻെറ കഴിവുകളെ അവൻ ഇഛരിക്കുന്നവിധത്തിൽ വിനിയോഗിക്കുമാറ്, സാക്ഷാൽ സത്യമായ ദൈവം മനുഷ്യനെ അവൻെറ ഗതിക്കുതന്നെ നീട്ടിയിടുന്നു. ഈ പരമാർത്ഥം ഇവിടെ പ്രത്യേകം സ്മരിക്കത്തക്കതാണ്.

37. ഛായാരൂപമായ പ്രതിപാദനരീതി ഖുർആനിൽ സുലഭമാണ്. സംഭവങ്ങളെ ഭാവനയുടെ നിഴലാട്ടങ്ങളിൽക്കൂടി വലുതാക്കിക്കാണിക്കുകയല്ല; ദൃക്സാക്ഷിയുടെ വെളിച്ചത്തിലേക്കു പ്രതിപാദന വസ്തുവിൻെറ പൂർണ്ണരൂപത്തെ കൊണ്ടുവരികയാണതു ചെയ്യുന്നതു. വായനക്കാരനെ വിഷയത്തിൻെറ ലോകത്തിലേക്കു പിടിച്ചുവലിക്കുന്നതിനേക്കാൾ വിഷയത്തെ വായനക്കാരൻെറ സമീപത്തിലേക്കു കൊണ്ടുവരുന്നു എന്നതാണ് അതിൻെറ സവിശേഷത.

| | |
|---|---|
| 19. അല്ലെങ്കിൽ ഒരു പേമാരിയുടേതുപോലെയാണ്; ആകാശത്തിൽനിന്നു്. അതിൽ അന്ധകാരങ്ങളുണ്ട്; ഇടിയും മിന്നലുമുണ്ട്, അവർ, തങ്ങളുടെ വിരലുകളെ അവരുടെ കാതുകാംകുള്ളിൽ വിക്ഷേപിക്കുന്നു. ഇടിവെട്ടുകളുടെ കാരണമായിട്ട്, മരണത്തെ ഭയപ്പെട്ടുകൊണ്ടു; അല്ലാഹ ധിക്കാരികളെ, വലയംചെയ്യുന്നവനാണുതാനും.[38] | ١٩- أَوْ كَصَيِّبٍ مِّنَ السَّمَاءِ فِيهِ ظُلُمَاتٌ وَرَعْدٌ وَبَرْقٌ يَجْعَلُونَ أَصَابِعَهُمْ فِي آذَانِهِم مِّنَ الصَّوَاعِقِ حَذَرَ الْمَوْتِ وَاللَّهُ مُحِيطٌ بِالْكَافِرِينَ ○ |

ഗദ്യഭാഷ

19. അല്ലെങ്കിൽ ആകാശത്തിൽ നിന്നുള്ളൊരു പേമാരിയുടെ (മാതൃക)പോലെയാണ്. അതിൽ അന്ധകാരങ്ങളും ഇടിയും മിന്നലും ഉണ്ട്. അവർ ഇടിവെട്ടുകളുടെ കാരണമായി മരണത്തെ ഭയന്നുകൊണ്ടും തങ്ങളുടെ കാതുകാംകുള്ളിൽ അവരുടെ വിരലുകളെ നിക്ഷേപിക്കുന്നു. അല്ലാഹ ധിക്കാരികളെ വലയം ചെയ്യുന്നവനാണ്താനും.

---

രേഖ 16ൽ, സന്മാർഗ്ഗത്തെക്കൊടുത്തു ദുർമ്മാർഗ്ഗത്തെ വാങ്ങിയ കച്ചവടക്കാരുടെ ബുദ്ധിശൂന്യതകൊണ്ടുള്ള നഷ്ടങ്ങളാം, കണക്കുനോക്കി തിട്ടപ്പെടുത്തിയപോലെ നമുക്കു വ്യക്തമായിക്കാണുവാൻ കഴിയുന്നു; എന്നിട്ടു അവരുടെ കച്ചവടം ലാഭിച്ചില്ല എന്നു കേൾക്കുമ്പോൾ, അതു ഒരു കച്ചവടം തന്നെയായിരുന്നോ എന്നു നാം സംശയിക്കുകകൂടി ചെയ്യുന്നില്ല; ഭാവനയും ബുദ്ധിയും ഇവിടെ അത്രകണ്ടു തുല്യമായി ഇണങ്ങിനില്ക്കുന്നു; എന്നാൽ ഖുർആനിന്റെ യാഥാർത്ഥ്യനിഷ്ഠ നമ്മെ അവിടെത്തന്നെ വിട്ടുപോകുന്നില്ല; നോക്കുക; "അവർ നേർവഴി പ്രാപിച്ചവരായുമില്ല" എന്ന പ്രസ്താവന കേൾക്കുന്നമാത്രയിൽ നാം വിഷയത്തിന്റെ മൗലികമായ വസ്തുതയിലേക്കു ഒടുവിൽ തിരിച്ചുചെല്ലുകയായി. പരമാർത്ഥത്തെ ഗ്രഹിക്കുവാൻ ഭാവന, ബുദ്ധിയെ സഹായിക്കുന്ന പരിധിവരെ ഭാവനയെ പ്രയോജനപ്പെടുത്തുകയെന്നല്ലാതെ പരമാർത്ഥത്തെ ബുദ്ധിക്കെതിരിൽ വികൃതപ്പെടുത്തുവാൻ ഭാവനയെ അതു വിട്ടുകൊടുക്കുന്നില്ല.

രേഖ 17ൽ, ഒരു സംഭവത്തിന്റെ ആകത്തുകയെ മറ്റൊന്നിന്റെ ആകത്തുകയോടു സദൃശ്യപ്പെടുത്തിയിരിക്കയാണ്.

രേഖ 18ൽ, അന്ധകാരത്തിൽ യാത്രചെയ്തുകൊണ്ടിരുന്നവരുടെ പക്കൽ പ്രകാശം വന്നെത്തിയിട്ടും, അതു അവരെ വിട്ടുപോകുന്നതിനുമുമ്പ് അതിൽനിന്നു വെളിച്ചത്തെ സ്വീകരിക്കാതിരുന്നതിനാൽ അവർക്കുണ്ടായ അന്ധതയുടെ വർദ്ധനവിനെക്കുറിച്ചു പ്രതിപാദിക്കുന്നു. അവരുടെ ജ്ഞാനേന്ദ്രിയങ്ങൾ പ്രവർത്തിക്കാത്തതായ ഒരു പതനത്തിൽ അവർ അവസാനമായി ചെന്നുവീഴുന്നു.

38. രേഖ 17ൽ സാദൃശ്യരൂപത്തിൽ നികൃഷ്ടബുദ്ധികളായ നിഷേധികളുടെ വിപരീതമായ ഗതി ചിത്രീകരിക്കപ്പെട്ടു; സത്യത്തെ ഗ്രഹിക്കുവാനും പ്രഖ്യാപിക്കുവാനും പ്രയോജനപ്പെടുത്താത്തതിനാൽ അവരുടെ ജ്ഞാനേന്ദ്രിയങ്ങളും, അവയുടെ പ്രകടനത്തിനുള്ള ഉപകരണമായ ജിഹ്വയും അവർക്കു നഷ്ടപ്രായമായി; അങ്ങിനെ ഇന്ദ്രിയങ്ങൾ നഷ്ടമായ നിലയിലാണ് അവരെ ചിത്രീകരിച്ചതു്. രേഖ 18ൽ അവർ നേർവഴിക്കു മടങ്ങാതിരിക്കുന്നതു അവരുടെ അനാസ്ഥയുടെ നിലക്കു സ്വാഭാവികമാണെന്നു വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 19-ാമത്തെ രേഖയിൽ, ജ്ഞാനേന്ദ്രിയങ്ങളെ വെച്ചുപുലർത്തുവാൻ പ്രയാസപ്പെടുന്ന പരിതസ്ഥിതികളിലാണ് ധിക്കാരികളെ ഖുർആൻ ചിത്രീകരിക്കുന്നതു. തങ്ങൾക്കു കേട്ടുസഹിക്കുവാൻ കഴിയാത്ത തീക്ഷ്ണങ്ങളായ യാഥാർത്ഥ്യങ്ങൾക്കെതിരിൽ, മരണഭീതിയോടെ അവർ തങ്ങളുടെ ചെവികൾ പൊത്തുന്നു; യാഥാർത്ഥ്യങ്ങളുടെ തീക്ഷ്ണതയ്ക്കുനേരെ അവർ തങ്ങളുടെ ജ്ഞാനേന്ദ്രിയങ്ങളെ മൂടിവെക്കുന്നതുകൊണ്ടു സത്യത്തെ മൂടിവെക്കുവാൻ കഴിയുകയില്ല; സാക്ഷാൽ സത്യമായ ദൈവത്തിന്റെ വലയത്തിലാണവർ.

20. മിന്നൽ അവരുടെ നയനങ്ങളെ
റാഞ്ചിയെടുക്കാൻ പോകുന്നു.
അതു തങ്ങൾക്കായിത്തിളങ്ങിയപ്പോഴൊക്കെ
അവരതിൽ നടന്നു.
അവക്കു ഇരുണ്ടുവശായപ്പോൾ
അവർ സ്തംഭിച്ചുനില്ക്കയും ചെയ്തു.
അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ
അവൻ കൊണ്ടുപോയേനെ;
അവരുടെ ശ്രവണത്തേയും, ദൃഷ്ടികളേയുംതന്നെ.
നിശ്ചയമായിട്ടു അല്ലാഹു
സകല വസ്തുവിന്നും മീതെ കഴിവുള്ളവനാണ്.

٢٠- يَكَادُ الْبَرْقُ يَخْطَفُ اَبْصَارَهُمْ ۗ كُلَّمَا
اَضَآءَ لَهُمْ مَّشَوْا فِيْهِ ۙ وَاِذَآ اَظْلَمَ عَلَيْهِمْ
قَامُوْا ۗ وَلَوْشَآءَ اللّٰهُ لَذَهَبَ بِسَمْعِهِمْ وَ
اَبْصَارِهِمْ ۗ
اِنَّ اللّٰهَ عَلٰى كُلِّ شَیْءٍ قَدِيْرٌ ۟

KOTTAYAM PUBLIC LIBRARY KOTTAYAM 46190

## സന്ധി 3

### ദൈവത്തിൻെറ ഏകത്വം

(ദൈവാരാധന. സത്യമായ ദൈവത്തെ മാത്രമേ സേവ ചെയ്യാവൂ! ഖുർആനിൻെറ
അമാനുഷികത്വത്തിൻെറ പേരിൽ ഒരു വെല്ലുവിളി. വിശ്വാസത്തിൻെറ
ഫലങ്ങൾ. ക്രിത്രിമദൈവങ്ങളെക്കുറിച്ചു ഒരു ഉദാഹരണം.
സകലവും മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടു.)

21. അല്ലയോ ജനങ്ങളേ, നിങ്ങൾ ആരാധിക്കുവിൻ,
നിങ്ങളുടെ രക്ഷിതാവിനെ; യാതൊരുവനെ;
നിങ്ങളെയവൻ സൃഷ്ടിച്ചിരിക്കുന്നു.
നിങ്ങൾക്കു മുമ്പിനാലുള്ളവരേയുംതന്നെ;
നിങ്ങൾ (സത്യത്തെ) ഭയന്നു,
(ദോഷബാധയെ) സൂക്ഷിക്കുവാൻവേണ്ടി.[40]

٢١- يٰٓاَيُّهَا النَّاسُ اعْبُدُوْا رَبَّكُمُ الَّذِىْ
خَلَقَكُمْ وَالَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ
تَتَّقُوْنَ ۙ۟

ഗദ്യഭാഷ

20. അവരുടെ നയനങ്ങളെ മിന്നൽ റാഞ്ചിയെടുക്കാറാകുന്നു. അതു തങ്ങൾക്കു (അനുകൂലമായി) തിളങ്ങിയപ്പോഴൊക്കെ അവർ അതിൽ നടന്നു; അവർക്കു അതു ഇരുണ്ടുവശായപ്പോൾ അവർ സ്തംഭിച്ചു നില്ക്കയുംചെയ്തു. അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ അവരുടെ കേൾവിയേയും കണ്ണുകളേയും അവൻ കൊണ്ടുപോയേനെ. നിശ്ചയമായിട്ടു അല്ലാഹു സകല വസ്തുവിന്നും മീതെ കഴിവുള്ളവനാണ്.

21. അല്ലയോ ജനങ്ങളെ! നിങ്ങളേയും നിങ്ങൾക്കു മുമ്പുള്ളവരേയും സൃഷ്ടിച്ചവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ ഭയന്നുസൂക്ഷിക്കുവാൻ വേണ്ടി(യാണിതു).

40. ജനമദ്ധ്യത്തിൽ കാണപ്പെടുന്ന സ്വഭാവാന്തരങ്ങളേയും അവയുടെ പരിണാമങ്ങളേയുമാണ്, ഖുർആനിനെ പരിചയപ്പെടുത്തിയതിൽപിന്നെ വിവരിച്ചതു. ദോഷബാധയെ സൂക്ഷിച്ചു സത്യത്തെ ഭയന്നു ജീവിക്കുന്നവർ; സത്യത്തെ ധിക്കരിച്ചതിനാൽ ധാർമ്മികമായ വളർച്ചക്കു വിധേയരാകാത്ത കുററവാളികൾ; താല്ക്കാലികമായ ലാഭത്തിനുവേണ്ടി സത്യത്തെ ബലിയർപ്പിക്കുകയും, അങ്ങിനെ ശാശ്വതമായ സത്യത്തെ ഗ്രഹിക്കുവാൻ കഴിവില്ലാത്തവരുടെയോ, യാഥാർത്ഥ്യത്തിൻെറ തീക്ഷ്ണതയെ നേരിടുവാൻ ഭയപ്പെടുന്നവരുടെയോ രീതിയിൽ കഴിച്ചുകൂട്ടുന്ന കപടവിശ്വാസികൾ; ഇങ്ങിനെ പോകുന്നു അവരുടെ പട്ടിക. ഇവരുടെ മദ്ധ്യത്തിലാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഖുർആനിൻെറ ശാസനകൾ ഇവരുടെ വകഭേദങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതല്ല; ഇവരിൽ എല്ലാവരിലും തുല്യഭാവത്തിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥായിയായ ബന്ധങ്ങളുണ്ടു്; അവയുടെ അടിസ്ഥാനത്തിൽ സർവ്വവ്യാപകമായ താല്പര്യത്തോടെയാണ അതു് അതിൻെറ ശാസനകളെ അവർക്കു നല്കുന്നതു്. ഒന്നാമതായി ജനങ്ങൾ എന്ന പേരിൽ അതു അവരെ പൊതുവിൽ ആഹ്വാനം

ചെയ്യുന്നു; അങ്ങിനെ അതു അവരെ യാതൊരു സങ്കോചവും കൂടാതെ പൊതുവെ നേരിടുന്നു; അവൎക്ക അതു കൊടുക്കുന്ന ശാസന അവരിൽ ഇടക്കാലത്തു വന്നുകൂടിയ സ്വഭാവങ്ങളെ പുരസ്കരിച്ചുള്ളതല്ല; അവരുടെ മദ്ധ്യത്തിൽ കാണപ്പെടുന്ന വ്യത്യാസങ്ങളെ ദൂരീകരിച്ചു, അവരെ ഒരു ഒററസമുദായമായി മാറുവാൻ കഴിവുള്ള മഹത്തരമായൊരു ജീവിതവൃത്തിയുടെ ലക്ഷ്യത്തിലാണതു്; അവരേയും അവൎക്ക മുൻപുള്ളവരേയും സൃഷ്ടിച്ചവനാണെന്ന ശാശ്വതമായ—പക്ഷരഹിതമായ—അടിസ്ഥാനത്തിൽ അവരുടെ രക്ഷിതാവിനെ അവർ ആരാധിക്കണമെന്നതാണു് ആ ശാസന. സത്യമായ ദൈവത്തിൻെറ ഹിതത്തിന്നുവേണ്ടി ചെയ്യപ്പെടുന്ന പ്രവൃത്തികളെല്ലാംതന്നെ ദൈവാരാധനയിൽ പെട്ടതാണു്; അങ്ങിനെ പ്രവൃത്തിയുടെ ലക്ഷ്യത്തിൻെറ ഐക്യത്തിൽ അവർ യോജിക്കുകയാണെങ്കിൽ, അതു അവരിൽ ഇടക്കാലത്തു കടന്നുകൂടിയ വൈപരീത്യങ്ങളെ, അവ എത്ര വലിയതായാലുംതന്നെ, അവസാനിപ്പിച്ചുകളയുന്നതാണ്; "നിങ്ങൾ (സത്യത്തെ) ഭയന്നു (ദോഷബാധയെ) സൂക്ഷിക്കുവാൻവേണ്ടി" എന്നു പൎയ്യവസാനിക്കുന്ന ഈ രേഖയുടെ പ്രചോദനമൂല്യമിതാണു്. ആരാധനയുടെ വിശദവിവരത്തിന്നു സംഹിത 1ൽ രേഖ 5ഉം കുറിപ്പുകളും നോക്കുക.

ജനങ്ങൾ പരസ്പരവിരുദ്ധങ്ങളായ സ്വഭാവങ്ങൾ വെച്ചുപുലൎത്തുന്നവരാണെങ്കിലും, സത്യമായ ദൈവത്തെ സേവചെയ്യുവാൻ ശാസിക്കുന്നതു അവരിൽ ഏതെങ്കിലും ഒരു കൂട്ടരിൽ കാണപ്പെടുന്ന പ്രത്യേകതയെ മുൻനിറുത്തിക്കൊണ്ടല്ല. അവരിൽ പൊതുവിൽ നിലകൊള്ളുന്ന പരമാൎത്ഥങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു്. "നിങ്ങളുടെ രക്ഷിതാവിനെ" എന്നതു ദൈവാരാധന ചെയ്യുവാൻ മനുഷ്യൎക്കുള്ള ന്യായാവകാശത്തേയും ചുമതലയേയും ചൂണ്ടിക്കാണിക്കുന്നു. ജനങ്ങളുടെ രക്ഷിതാവാണു് സാക്ഷാൽ സത്യമായ ദൈവമെന്ന ന്യായമാണു് ജനങ്ങളോടു ദൈവത്തെയാരാധിക്കുവാൻ ശാസിക്കുന്നതിലുള്ള യുക്തി. ഈ രേഖ അനൎഹമായ ആരാധനയുടെ അൎത്ഥശൂന്യതയെക്കൂടി സൂചിപ്പിക്കുന്നുണ്ടു്. തന്നെത്താൻ രക്ഷിക്കുവാനാകാത്ത സൃഷ്ടികളെയല്ല; തന്നേയും തനിക്കു മുമ്പുള്ളവരേയും സൃഷ്ടിച്ച സാക്ഷാൻ സത്യമായ രക്ഷിതാവിനെയാണു് മനുഷ്യൻ ആരാധിക്കേണ്ടതു്.

മനുഷ്യർ തങ്ങളുടെ മദ്ധ്യത്തിലുള്ള വൈപരീത്യങ്ങളെ കാൎയ്യമാക്കാതെ സാക്ഷാൽ സത്യമായ ദൈവത്തോടു തങ്ങൾക്കെല്ലാവൎക്കുമുള്ള ബന്ധത്തിൻെറ ഐക്യത്തെ ആലോചിച്ചു, അതിനെ മാനിച്ചു ജീവിക്കയാണെങ്കിൽ, അവർ എല്ലാവരും സത്യത്തിൻെറ ആരാധകന്മാരായി മാറുന്നതാണു്; ആരാധിക്കുവാനുള്ള ശാസനയുടെ കൂടെ കൎമ്മവിശേഷണത്തിൻെറ നിലയിൽ ഖുർആൻ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്ന വസ്തുതകൾ നോക്കുക; മനുഷ്യൎക്ക പൊതുവിൽ ദൈവത്തോടുള്ള സ്ഥായിയായ ബന്ധങ്ങളെയാണവ സ്മരിപ്പിക്കുന്നതു്.

ജനങ്ങളിൽനിന്നൊരു വിഭാഗത്തിൻെറ മാത്രമല്ല, ജനങ്ങളുടെ പൊതുവായ രക്ഷിതാവാണവൻ. അതിനാൽ അവനെ ആരാധിക്കുവാനുള്ള അൎഹതയും ചുമതലയും ഒരു വിഭാഗത്തിന്നു മാത്രമായിട്ടുള്ളതല്ല; സ്രഷ്ടാവിൻെറ നിലയിൽ മനുഷ്യൻെറ തലമുറകളും പിൻമുറകളും തമ്മിൽ ദൈവത്തിങ്കൽ വ്യത്യാസമില്ല; അതിനാൽ സത്യമായ സാക്ഷാൽ സ്രഷ്ടാവിനെ ആരാധിക്കുന്നവരുടെ പിൻമുറകളും തലമുറകളും സത്യത്തെ ആരാധിക്കുന്നവർ എന്ന നിലയ്ക്കു ഒരു ഒററസമുദായമാണു്. കാലദേശവൎണ്ണങ്ങൾക്കു് ഭേദഗതിചെയ്യുവാനാകാത്ത, മഹത്തരമായൊരു സിദ്ധാന്തമാണു് ഈ രേഖയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നതു്.

"ലഅല്ല" എന്ന പദത്തിന്നു സാധാരണ ഭാഷയിൽ, പ്രത്യാശിക്കപ്പെടാവുന്നതും എന്നാൽ അല്പം അകന്നതുമായ സാദ്ധ്യതയുടെ ഭാവമാണുള്ളതു. "ആകാവുന്നതാണു്" എന്ന പരിഭാഷയാണു് സാധാരണരീതിയിൽ അതിന്നു കൊടുക്കേണ്ടതു. പക്ഷെ ദൈവഹിതത്തെ പ്രതിഫലിപ്പിക്കുന്ന സന്ദർഭങ്ങളിൽ ദൃഢവും ക്രമത്തിൽ വന്നുകൂടുന്നതുമായ ഫലപ്രാപ്തിയെയാണു് "ലഅല്ല" എന്ന വാക്കു് കുറിക്കുന്നതു; ഏകദേശം "ലികയ്" എന്ന അറബി പദത്തിൻെറ അൎത്ഥമാണു്, അതു്, സൎവ്വശക്തനായ ലോകരക്ഷിതാവിൻെറ വാചകത്തിൽ വരുമ്പോൾ അതിന്നു ലഭിക്കുന്നതു. (അബൂഹയ്യാൻ) "ലികയ്" അഥവാ "കയ്" എന്ന വാക്കിന്നു "വേണ്ടി" അല്ലെങ്കിൽ "ആൻ ആയിട്ടു" എന്നെല്ലാം അൎത്ഥമുണ്ടു.

"നിങ്ങൾ ഭയന്നു സൂക്ഷിക്കുവാൻവേണ്ടി" എന്ന വാക്യാംശത്തെ "നിങ്ങൾ ആരാധിക്കുവിൻ" എന്ന ക്രിയയുടെ അൎത്ഥത്തോടുചേൎത്തു മനസ്സിലാക്കേണ്ടതാണു്; സൃഷ്ടിച്ചു എന്ന ക്രിയയോടു അതിനെ ബന്ധപ്പെടുത്തുവാനും

22. യാതൊരുവനെ—— അവൻ നിങ്ങൾക്ക്
ഭൂമിയെ ഒരു വിരിപ്പാക്കിത്തന്നു;
വാനത്തെ ഒരു മേലെടുപ്പുമാക്കി.
അവൻ ഇറക്കുകയും ചെയ്തു;
വാനത്തിൽനിന്നു, വെള്ളത്തെ.
അങ്ങിനെ അവൻ പുറത്തുകൊണ്ടുവന്നു, അതിനാലെ;
പഴങ്ങളിൽനിന്നു (ചിലതിനെ)
നിങ്ങൾക്കൊരു ഉപജീവനമായിട്ടു.
അപ്പോൾ അല്ലാഹുവിന്നു നിങ്ങൾ ഉണ്ടാക്കായ്വിൻ
സദൃശന്മാരെ; നിങ്ങളറിയുന്നുണ്ടായിരിക്കവേ.[41]

٢٢- الَّذِيْ جَعَلَ لَكُمُ الْاَرْضَ فِرَاشًا وَّالسَّمَاۗءَ
بِنَاۗءً ۠ وَّاَنْزَلَ مِنَ السَّمَاۗءِ مَاۗءً فَاَخْرَجَ
بِهٖ مِنَ الثَّمَرٰتِ رِزْقًا لَّكُمْ ۚ فَلَا تَجْعَلُوْا
لِلّٰهِ اَنْدَادًا وَّاَنْتُمْ تَعْلَمُوْنَ ○

ഗദ്യഭാഷ

22. നിങ്ങൾക്കു, ഭൂമിയെ ഒരു വിരിപ്പും, വാനത്തെയൊരു വിതാനവും ആക്കുകയു, വാനത്തിൽ നിന്നു വെള്ളത്തെ താഴെയിറക്കുകയും, അങ്ങിനെ, അതു ഹേതുവായി, നിങ്ങൾക്കു ഉപജീവനത്തിന്നായിട്ടു പഴങ്ങളിൽ നിന്നു (ചിലതു്) പുറത്തു വരുത്തുകയും ചെയ്തവനെ (നിങ്ങൾ ആരാധിക്കുവിൻ). അതിനാൽ, നിങ്ങൾ അറിയുന്നുണ്ടായിരിക്കവേ, അല്ലാഹുവിന്നു നിങ്ങൾ എതിരാളികളെ ഉണ്ടാക്കായ്വിൻ.

വിരോധമില്ല. ഇവിടെ കൊടുക്കപ്പെട്ടിരിക്കുന്ന കുറിപ്പുകൾ ആദ്യത്തെ വാചകഘടനയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാണു്. വ്യക്തികളുടെ താല്ക്കാലിക സ്വഭാവങ്ങൾ എത്ര വികൃതപ്പെട്ടതായിരുന്നാലും അവർക്കു നന്നാകുവാനുള്ള സന്ദർഭങ്ങൾ നഷ്ടപ്പെട്ടതായി അവർ വിചാരിച്ചുകൂടാത്തതാണു്; സജ്ജനങ്ങൾക്കു സജ്ജനങ്ങളായിത്തന്നെ തുടൎന്നുപോകുന്നതിനുള്ള അതേ സാദ്ധ്യത, ദുർജ്ജനങ്ങൾക്കു സജ്ജനങ്ങളായി മാറുന്നതിലുമുണ്ടു. പക്ഷെ, ആ സാദ്ധ്യതയെ പ്രവൃത്തിയിൽ വരുത്തുന്നതിൽ അവർ വ്യത്യാസപ്പെടുന്നു.

41. ഈ രേഖയിൽ സത്യമായ രക്ഷിതാവിന്നു ജനങ്ങളോടുള്ള സ്ഥായിയായ ബന്ധങ്ങളെ തുടൎന്നു വിശദീകരിക്കപ്പെടുന്നു. രക്ഷിതാവു് എന്ന ആശയത്തിൻെറ ആകത്തുകയിൽ അടങ്ങിയിരിക്കുന്നതും, എന്നാൽ ജനങ്ങളുടെ സാധാരണ ദൃഷ്ടിയിൽ കൂടുതൽ വ്യക്തമായി പതിയുന്നതുമായ ഒരു രീതിയിലാണു് അതു ഇവിടെ സാധിപ്പിച്ചിരിക്കുന്നതു്. മനുഷ്യനോടു ഏററവും അടുത്തതായി കാണപ്പെടുന്ന ഭൂമി, അവനിൽനിന്നു വളരെ ഉയൎന്നുനില്ക്കുന്ന ആകാശം, അവൻെറ ഉപജീവനസൗകര്യങ്ങളുടെ ഉൽപാദനത്തിന്നുള്ള മൂലധനമായ വെള്ളം, മുതലായ പ്രകൃതിവിഭവങ്ങളെ, അവയുടെ ഉപയോഗങ്ങളുടെ അടിസ്ഥാനത്തിൽകൂടി അവൻെറ ശ്രദ്ധയിൽപ്പെടുത്തുന്നു; ഇവയൊന്നും മനുഷ്യൻ നിൎമ്മിച്ചതല്ല; മനുഷ്യന്നു വേണ്ടി അവൻെറ രക്ഷിതാവു സൃഷ്ടിച്ചതാണു്. ഈ വിധമായ രക്ഷാനടപടികൾ തങ്ങളുടെ രക്ഷിതാവു് ചെയ്തുവെന്നുള്ളതാണു്, മനുഷ്യർക്കു തങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുവാനുള്ള അൎഹത. മനുഷ്യൻെറ ഭാവനാസൃഷ്ടികളായ കൃത്രിമദൈവങ്ങൾ അവരെത്തന്നെ രക്ഷിക്കുവാൻ കഴിവില്ലാത്തവരാണു്; അതിനാൽ സത്യമായ ദൈവത്തിൻെറ ഹിതത്തിന്നുവേണ്ടി പ്രവൃത്തിക്കുക എന്നതല്ലാതെ, ഭാവനാദൈവങ്ങളെ വെച്ചുപുലൎത്തുകയെന്നതല്ല, സത്യത്തെ മനസ്സിലാക്കുന്ന മനുഷ്യൻെറ കടമ. ഭൂമിയുടെ ആകൃതിയുടെ അടിസ്ഥാനത്തിലല്ല, അതിൻെറ ഉപയോഗത്തിൻെറയും വ്യാപ്തിയുടേയും നിലയിലാണു്, അതിനെ "വിരിപ്പാക്കി" എന്നു പറഞ്ഞിരിക്കുന്നതു്. വാനമെന്നു പറഞ്ഞതു ഭൂമിയെ വലയംചെയ്തു നില്ക്കുന്ന ഉന്നതമായ ആകാശത്തെയാണു്. ഓരോ ഗോളത്തിൻെറയും ആകാശം, അതിൽ സ്ഥിതിചെയ്യുന്നവക്കു, ഒരു മേലെടുപ്പിൻെറ അനുഭവമാണു ഉളവാക്കുക.

"അൻദാദൻ" എന്ന വാക്കു് നിദ്ദുൻ എന്നതിൻെറ ബഹുവചനരൂപമാണു്; ഈ വാക്കിന്നു സദൃശന്മാർ, തുല്യന്മാർ എന്നെല്ലാം അൎത്ഥമുണ്ടു്; (തബരി). എതിരാളികൾ എന്നും ഇതിന്നു അൎത്ഥമുണ്ടു്; (റാസി). എല്ലാം ആശയത്തിൽ ഒന്നുതന്നെയെന്നതു് വ്യക്തമാണു്.

"എതിരാളികളെ ഉണ്ടാക്കുക" എന്നതു സത്യത്തിൻെറ ഹിതത്തിന്നു വിരുദ്ധമോ അതിൽനിന്നു വ്യത്യസ്തമോ, അല്ലെങ്കിൽ അതിന്നു പരിഗണന കൊടുക്കാത്തതോ ആയ ഒരു പ്രേരണയ്ക്കു വഴങ്ങുകയെന്നതു മുതൽ ഒന്നിലധികം ദൈവങ്ങളുണ്ടെന്നു വാദിക്കുന്നതുവരെയുള്ള പ്രവൃത്തികൾ ഉൾക്കൊള്ളുന്നു.

23. ഇനി നിങ്ങൾ സന്ദേഹത്തിലാണെങ്കിൽ,
നമ്മുടെ ദാസന്നു
നാം അവതരിപ്പിച്ചതിനെസംബന്ധിച്ചു;
അപ്പോൾ, നിങ്ങൾ കൊണ്ടുവരുവിൻ,
അതിനോടു സാദൃശ്യമുള്ളൊരു സംഹിതയെ.
നിങ്ങൾ ക്ഷണിക്കുകയും ചെയ്യിൻ,
നിങ്ങളുടെ സാക്ഷികളെ,
അല്ലാഹുവിന്നു പുറമെയായിട്ടു്;
നിങ്ങൾ സത്യവാദികളാണെങ്കിൽ.[42]

٢٣- وَإِن كُنتُمْ فِى رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُوا۟ بِسُورَةٍ مِّن مِّثْلِهِۦ وَٱدْعُوا۟ شُهَدَآءَكُم مِّن دُونِ ٱللَّهِ إِن كُنتُمْ صَٰدِقِينَ ۝

ഗദ്യഭാഷ

23. ഇനി നമ്മുടെ സേവകന്നു് നാം അവതരിപ്പിച്ചിട്ടുള്ളതിനെ സംബന്ധിച്ചു നിങ്ങൾ സംശയത്തിലാണെങ്കിൽ, അപ്പോൾ അതുപോലുള്ളൊരു സംഹിതയെ നിങ്ങൾ കൊണ്ടുവരുവിൻ; നിങ്ങൾ സത്യസന്ധരാണെങ്കിൽ, അല്ലാഹുവിന്നു പുറമെയുള്ള നിങ്ങളുടെ സാക്ഷികളെ നിങ്ങൾ ക്ഷണിക്കയും ചെയ്യിൻ.

42. ഖുർആനിനെ ലോകത്തിന്നു പരിചയപ്പെടുത്തിയതിന്നു പിറകെ, ലോകരുടെ സ്വഭാവഭേദങ്ങളെ വകതിരിച്ചു കാണിക്കയും, അതുവഴി യാഥാർത്ഥ്യത്തിന്റെ നിലയിൽ അവയുടെ താല്ക്കാലിക വൈപരീത്യങ്ങളെ ഖുർആൻ വ്യക്തമാക്കുകയും ചെയ്തു. അവയിൽ അപ്പോഴും പൊതുവെ നില്ക്കുന്നതായ സ്ഥായിയായ ഐക്യബന്ധങ്ങളെ ശ്രദ്ധാവിഷയമാക്കിത്തീർക്കുന്നതിന്നിടയിൽ സകലവിധ വൈപരീത്യങ്ങളേയും അവസാനിപ്പിക്കുന്നതായ സത്യസേവ (സത്യ ദൈവാരാധന) എന്ന ജീവിതവൃത്തി സ്വീകരിക്കുവാൻ ജനങ്ങളെ ശാസിക്കുകയാണു് അതു ചെയ്യുന്നതു്. വെറുപ്പും, വിദ്വേഷവും, സ്വാർത്ഥവും, ധിക്കാരവും, വൈപരീത്യവും കൊട്ടുമ്പിരിക്കൊണ്ടു കിടക്കുന്ന ജനമദ്ധ്യത്തിൽ, സ്ഥായിയായിട്ടുള്ള ഐക്യഭാവത്തെ അനുഭവത്തിൽ കൊണ്ടുവരുവാനാണു് ഖുർആൻ നിലകൊള്ളുന്നതു്. സത്യത്തിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തെ ഏകീകരിച്ചുകൊണ്ടു ജീവിക്കുക (സത്യത്തെ ആരാധിക്കുക) എന്നതുകൊണ്ടു അതു സാദ്ധ്യമാണെന്നു ഖുർആൻ ശാസനയുടെ രൂപത്തിൽ ഉൽബോധിപ്പിക്കയും ചെയ്യുന്നു. സത്യത്തിന്നു വിരുദ്ധമായ വ്യത്യാസങ്ങൾ അവസാനിപ്പിക്കുക എന്ന സിദ്ധാന്തം ഈ കല്പനയിൽ ഉൾപ്പെട്ടിരിക്കുന്നു. പക്ഷെ, നിർമ്മാണരൂപത്തിലുള്ള ഒരു ശാസനയാണു് ഇവിടെ ഖുർആൻ കൊണ്ടുവരുന്നതു്. ജനങ്ങളിൽ കാണപ്പെടുന്ന വ്യത്യാസങ്ങൾ അവസാനിച്ചാലും ഖുർആനിന്റെ ശാസനയും മനുഷ്യന്റെ പ്രവൃത്തിയും തുടർന്നുപോകേണ്ടതാണല്ലോ. കക്ഷികളുടെയും താല്പര്യങ്ങളുടെയും പേരിൽ പിച്ചിപ്പറിച്ചു നശിപ്പിക്കപ്പെട്ടുപോകുന്ന മനുഷ്യജീവിതത്തെ, ഐക്യബോധത്തിലേക്കും സഹാനുഭൂതിയിലേക്കും നിർമ്മാണവാസനയിലേക്കും, ശാശ്വതമായ ലക്ഷ്യത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടുള്ള ശാശ്വതമായ ഫലപ്രാപ്തിയിലേക്കും ഖുർആൻ വഴിതെളിക്കുന്നു. പക്ഷെ, അതിന്റെ തത്വങ്ങളുടെ മേന്മയും സമീപനത്തിന്റെ മഹിമയും പ്രായോഗികതയും കണ്ടു അതനുസരിച്ചു ജീവിക്കുവാൻ ശ്രമിക്കാതെ, അതു സാക്ഷാൽ ദൈവത്താൽ അവതരിപ്പിക്കപ്പെട്ടതാണോ അല്ലയോ എന്നു ചിലർ സംശയം നടിക്കുകയാണുണ്ടായതു്. അത്തരം സംശയങ്ങളുടെ യാഥാർത്ഥ്യത്തെ ഇവിടെ ഖുർആൻ തുറന്നുകാട്ടിയിരിക്കുന്നു.

ഓരോ പ്രവാചകന്മാർക്കും, തങ്ങളുടെ പ്രവാചകത്വത്തെ തെളിയിക്കുന്നതിന്നു ഓരോ പ്രകാരത്തിലുള്ള അതിശയ രേഖകൾ (അൽ ആയാത്തുൽ മുഅ്ജിസത്തു്) ലഭിച്ചിട്ടുണ്ടു്. അന്ത്യപ്രവാചകന്റെ അതിശയരേഖ ഖുർആൻ തന്നെയാണു്; അതു അമാനുഷികമാണെന്നുള്ളതാണു്, നബി (സ) യുടെ പ്രവാചകത്വത്തിന്റെ പേരിൽ, ദൈവീകമാണെന്ന നിലക്കു്, അതു ലോകത്തിന്നു കൊടുക്കുന്ന തെളിവു്.

ഏതു സത്യത്തേയും, സംശയിച്ചു, സന്ദേഹത്തോടുകൂടി വീക്ഷിക്കുവാൻ ഏതു കാലത്തും ആളുകൾ ഉണ്ടായിട്ടുണ്ടു്. ഖുർആനും അത്തരം ആളുകളുള്ള ജനമദ്ധ്യത്തിലാണു് വെളിപ്പെട്ടിരിക്കുന്നതു്. ഖുർആനിനെ സ്വീകരിച്ചിട്ടുള്ളവർ അതു ദൈവീകമായ സത്യമാണെന്നു അറിഞ്ഞിട്ടുള്ളവരാണു്; അതിനെ ധിക്കരിച്ചിട്ടുള്ളവരും അ

| | |
|---|---|
| 24. എന്നാൽ, നിങ്ങളതു ചെയ്തില്ലെങ്കിൽ–<br>നിങ്ങൾ നിശ്ചയമായിട്ടു (അതു)ചെയ്കയുമില്ലതന്നെ–<br>അപ്പോൾ നിങ്ങൾ സൂക്ഷിക്കുവിൻ<br>യാതൊരു നരകത്തെ;<br>അതിൻെറ വിറകാണ്, മനുഷ്യരും, കല്ലുകളും.<br>ധിക്കാരികൾക്കായിട്ടതു സജ്ജീകരിക്കപ്പെട്ടിരിക്കുന്നു[43] | ٢٤- فَإِن لَّمْ تَفْعَلُوا وَلَن تَفْعَلُوا فَاتَّقُوا النَّارَ الَّتِي وَقُودُهَا النَّاسُ وَالْحِجَارَةُ ۖ أُعِدَّتْ لِلْكَافِرِينَ ○ |

ഗദ്യഭാഷ

24. എന്നാൽ നിങ്ങൾ (അതു) ചെയ്തില്ലെങ്കിൽ—നിശ്ചയമായിട്ടു നിങ്ങൾ (അതു) ചെയ്യുന്നതുമല്ലതന്നെ—അപ്പോൾ മനുഷ്യരും കല്ലുകളും വിറകായിട്ടുള്ള നരകത്തെ നിങ്ങൾ സൂക്ഷിക്കുവിൻ. ധിക്കാരികൾക്കായിട്ടതു സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

തു ദൈവീകമായ സത്യമാണെന്നു അറിഞ്ഞിട്ടാണ് അങ്ങിനെ ചെയ്തിട്ടുള്ളതു്. എന്നാൽ ഖുർആൻ ദൈവീകമായിട്ടുള്ളതാണെന്നതിൽ സന്ദേഹപ്പെടുന്നവരെ, അതിൻെറ സത്യാവസ്ഥയെ സൂക്ഷ്മമായി പരിശോധിക്കുവാൻവേണ്ടി ഖുർആൻ വെല്ലുവിളിക്കുന്നു; ഈ വെല്ലുവിളിക്കു രണ്ടു വശങ്ങൾ ഉണ്ടു്. ഒന്നാമതു, "അതുപോലെയുള്ളൊരു സംഹിതയെ നിങ്ങൾ കൊണ്ടുവരുവിൻ" എന്നുതന്നെ. ദൈവീകമായ പ്രവാചകത്വത്തെ മാററിനിറുത്തിയാൽ നബി (സ) മററുള്ളവരെപ്പോലെയുള്ളൊരു മനുഷ്യനായിരിക്കണമല്ലോ? ഖുർആൻ നബിയുടെ സ്വന്തമായ കൃതിയാണെങ്കിൽ, മററുള്ളവർക്കും അതിന്നു തുല്യമല്ലെങ്കിലും അതിൻെറ ഏതെങ്കിലും സംഹിതകളിൽ ഒന്നിനോടു ഉപമിക്കാവുന്ന ഒരു സംഹിതയെങ്കിലും കൊണ്ടുവരാവുന്നതാണല്ലോ ?

രണ്ടാമതായി, ഇനി സാക്ഷാൽ സത്യമായ ദൈവമല്ലാതെ വേറെ വല്ല ദൈവങ്ങളുമുണ്ടെങ്കിൽ, അങ്ങിനെ അവക്കു ഖുർആനിൻേറതിനോടു ഉപമിക്കാവുന്ന ഒരു സംഹിത അവതരിപ്പിക്കുവാൻ സാദ്ധ്യമാണെങ്കിൽ, നിങ്ങൾ അവരേയും അതിന്നു ക്ഷണിച്ചുകൊൾവിൻ എന്ന ഒരു അനുമതികൂടി അവക്കു നൽകപ്പെടുന്നു. സന്ദേഹത്തിൻെറ കൂടെത്തന്നെ "എങ്കിൽ" എന്നു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക; അങ്ങിനെ സന്ദേഹം എന്ന ഒന്നിന്നു അവകാശമില്ലെന്ന സൂചനയാണതു കൊടുക്കുന്നതു്; മനുഷ്യൻ പറയുന്നതു സത്യമായിരിക്കണമെന്നാണ് വ്യവസ്ഥ; അതിനാൽ സന്ദേഹമുണ്ടെന്നു ചിലർ പറയുന്ന നിലക്കു അതു ദൂരീകരിക്കപ്പെടേണ്ടതുമാണ്. എന്നാൽ അവർ സന്ദേഹപ്പെടുന്നുവെന്നു പറഞ്ഞാൽ അതു സത്യവാത്തയായിരിക്കയില്ലെന്ന സൂചനയാണ് സംശയദൂരീകരണത്തിൻെറ നിലയിൽ ഒരു വെല്ലുവിളിതന്നെ കൊണ്ടുവന്നിരിക്കുന്നതു; "സത്യവാദികളാണെങ്കിൽ" എന്ന വാക്യാംശത്തിലെ "എങ്കിൽ" എന്ന വാക്കു് ഈ നിഗമനത്തെ അവസാനമായി വ്യക്തമാക്കുകയും ചെയ്യുന്നു.

"നാം" എന്നതു ബഹുവചനമല്ല; ഏകവചനത്തിൻെറ ബഹുമാനരൂപമാണ്; നിങ്ങൾ എന്നാൽ ഖുർആനിൻെറ ദൈവീകത്വത്തെ സംശയിക്കുന്നതായി പറയുന്ന ജനങ്ങൾ എന്നത്ഥം. സാക്ഷികൾ എന്നതിന്നു ഇവിടെ കായ്യങ്ങൾ കണ്ടു പറഞ്ഞുകൊടുക്കുന്നവൻ എന്നത്ഥമാണ്. ഖുർആനിനെ ജനങ്ങൾ ഏതെല്ലാം വശങ്ങളിൽകൂടി വിമശിച്ചിരുന്നുവെന്നതിൻെറ ഒരു സൂക്ഷ്മമായ ചിത്രം ഗംഭീരമായ ഈ രേഖയുടെ അവതാരകാലത്തിൻെറ അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്നതായി നമുക്കു കാണുവാൻ കഴിയുന്നു.

സംഹിത 10ൽ രേഖ 38, ഇതുപോലെയുള്ളൊരു വെല്ലുവിളി ഉൾക്കൊള്ളുന്നു. സംഹിത 11ൽ രേഖ 13ൽ സംശയാലുക്കളോടു ഖുർആനെപ്പോലെയുള്ള പത്തു സംഹിതകൾ കൊണ്ടുവരുവാൻ വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു; എന്നാൽ സംഹിത 17ൽ രേഖ 88ലാകട്ടെ, ഖുർആനിനെപ്പോലുള്ളൊരു ഗ്രന്ഥത്തെ കൊണ്ടുവരുവാൻ മനുഷ്യവഗ്ഗവും "ജിന്നു"വഗ്ഗവും ആകമാനംതന്നെ ഒന്നിച്ചുചേന്നാലും സാദ്ധ്യമല്ലെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു; ബഹുവിധമായ മററു മേന്മകളോടുകൂടെ ഖുർആനിൻെറ വിസ്മയകരമായ പരിവത്തനശക്തി അജയ്യമായ ഈ വെല്ലുവിളിയെ സവ്വോപരി അത്ഥവത്താക്കിത്തീക്കുന്നു.

43. മനുഷ്യനെ ശാശ്വതമായ ജീവിതവിജയത്തിലേക്കു നയിക്കുന്ന നിർദ്ദേശങ്ങൾ നല്കുന്നതിനോടുകൂടെത്തന്നെ ഖുർആൻ അതിനെ ലോകത്തിന്നു സമപ്പിച്ച മഹാവ്യക്തിയുടെ പ്രവാചകത്വത്തെ തെളിയിക്കുന്നു; ഖുർആനിൻെറ മഹിമയെ മനസ്സിലാക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ മനുഷ്യൻെറ കഴിവിൽപ്പെട്ടതല്ല അതിൻെറ

25. നീ സന്തോഷവാർത്തയറിവിക്കയും ചെയ്യു,
യാതൊരുത്തക്ക്;
അവർ വിശ്വസിച്ചിരിക്കുന്നു,
നന്മകാം പ്രവർത്തിക്കയും ചെയ്തിരിക്കുന്നു;
നിശ്ചയമായിട്ടു് അവക്കു് തോപ്പുകളുണ്ടെന്നു്.
അവയുടെ താഴത്തുകൂടി നദികാം പ്രവഹിക്കുന്നു.
അതിലെ ഫലവർണ്ണത്തിൽനിന്നു ചിലതു
ഭക്ഷണമായിട്ടവക്കു നല്കപ്പെട്ടപ്പോഴൊക്കെ
അവർ പറയുകയായി:—
ഇതു ഞങ്ങാംക്കു മുമ്പിനാലെ നല്കപ്പെട്ടതാണെന്നു്.
അവക്കു (പരസ്പര) സദൃശമായി നല്കപ്പെട്ടിരിക്കുന്നു.
അവക്കവിടെ വിശുദ്ധീകരിക്കപ്പെട്ട ഇണകളുമുണ്ടു്.
അവർ അവിടെ സ്ഥിരനിവാസികളാണു്.[44]

٢٥- وَبَشِّرِ الَّذِينَ آمَنُوا وَعَمِلُوا الصّٰلِحٰتِ
أَنَّ لَهُمْ جَنّٰتٍ تَجْرِي مِنْ تَحْتِهَا الْأَنْهٰرُ ۖ
كُلَّمَا رُزِقُوا مِنْهَا مِنْ ثَمَرَةٍ رِزْقًا ۙ قَالُوا
هٰذَا الَّذِي رُزِقْنَا مِنْ قَبْلُ ۙ وَأُتُوا بِهِ
مُتَشٰبِهًا ۖ
وَلَهُمْ فِيهَا أَزْوٰجٌ مُطَهَّرَةٌ ۙ وَهُمْ
فِيهَا خٰلِدُونَ ۝

ഗദ്യഭാഷ—

25. വിശ്വസിക്കയും നന്മകാം പ്രവർത്തിക്കയും ചെയ്തിട്ടുള്ളവർക്കു്, നിശ്ചയമായിട്ടു തോപ്പുകളുണ്ടെന്ന സന്തോഷവാർത്ത നീയറിയിക്കുക. അവയുടെ താഴത്തുകൂടി, ആറുകാം ഒഴുകുന്നു. അവയിൽനിന്നുള്ള പഴത്തിൽ (ഏതെങ്കിലും) ചിലതു ഉപജീവനമായിട്ടവർക്കു നല്കപ്പെട്ടപ്പോഴൊക്കെ ഇതു ഞങ്ങാംക്കു മുമ്പിനാലെ നല്കപ്പെട്ടിട്ടുള്ളതാണെന്നു അവർ പറകയായി. അവർക്കതു സ്വതവേ സദൃശമായിട്ടു നല്കപ്പെടുകയായി; അവർക്കവിടെ ശുദ്ധമാക്കപ്പെട്ട ഇണകളുമുണ്ടു്. അവർ അവയിൽ സ്ഥിരനിവാസികളുമാണു്.

രചനയും പ്രചോദനശക്തിയുമെന്ന വസ്തുത അവക്കു ബോദ്ധ്യമായിരുന്നേനെ; അതിനെ ഗ്രഹിച്ചാൽ, കരാംഅതിൻെറ അമാനുഷികത്വത്തിൽ സംശയിക്കുകയില്ല; പിന്നെ അതിനെ ധിക്കരിക്കുകയോ, സ്വീകരിക്കുകയോ ചെയ്യുയെന്നതു അവൻെറ ജീവിതത്തെ അവൻ എങ്ങിനെ നയിക്കുവാൻ ഉദ്ദേശിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഏതുനിലയിലും തൻെറ വർഗ്ഗത്തിൻെറ കഴിവിൽപ്പെട്ടതല്ലെന്നു ബോദ്ധ്യമായിട്ടുള്ള ഒരു കാര്യം പ്രവർത്തിക്കുവാൻ മനുഷ്യൻ ശ്രമിക്കുകയുണ്ടാവില്ല; ശ്രമിച്ചാലും സാദ്ധ്യമല്ലാത്തതു, ഏതു കാലത്തും സാധിക്കാത്തതായിത്തന്നെ നിലകൊള്ളുന്നതുമാണു്; അഥവാ ഖുർആനിലെ സംഹിതകളോടു സാദൃശ്യപ്പെട്ടതാവുന്നതായ ഒരു സംഹിത നിർമ്മിക്കുന്നതിന്നു പ്രഥമദൃഷ്ടിയിൽ കരാം ശ്രമിക്കയാണെന്നിരിക്കട്ടെ; ഖുർആനിൻെറ താത്വികമായ വിശേഷതകളെക്കുറിച്ചു മനസ്സിലാക്കാതെകണ്ടു, തൻെറ സ്വന്തമായ സാഹിത്യരചനയ്ക്കു ആരും തുനിയുകയില്ലല്ലോ? എന്നാൽ ഖുർആനിൻെറ ചൈതന്യത്തെ എത്രകണ്ടു അയാാം അറിയുന്നു അത്രകണ്ടു അതിൻെറ അമാനുഷികത്വം അയാാംക്കു് പ്രകടമായിത്തീരുന്നതാണു്; ഏതു പരിതസ്ഥിതിയിലും ഖുർആനിൻെറ സംഹിതകാംക്കു സദൃശമായ മറ്റൊരു സംഹിത മനുഷ്യനു സ്വന്തം നിലക്കു കൊണ്ടുവരുവാൻ സാധിക്കയില്ല. അതുകൊണ്ടാണു്, "എന്നാൽ നിങ്ങാം അതു ചെയ്തില്ലെങ്കിൽ" എന്ന വാക്യാംശത്തെ പൂരിപ്പിക്കുന്നതിന്നിടയിൽത്തന്നെ "നിങ്ങാം അതു ഒരിക്കലും ചെയ്യുയുമില്ലതന്നെ" എന്നു ഖുർആൻ മുൻകൂട്ടി പറഞ്ഞുവെക്കുന്നതു; ഖുർആനിൻെറ രചനയോടു ചേർന്നിരിക്കത്തക്കനിലയിൽ യാതൊന്നും മനുഷ്യനു രചിക്കാൻ സാധിക്കാത്തതുകൊണ്ടാണു് മററു ചില ഗ്രന്ഥങ്ങളിൽനിന്നു വ്യത്യസ്ഥമായ നിലയിൽ അതിൻെറ രേഖകാം കലപ്പില്ലാത്തതായി ഇന്നും സൂക്ഷിക്കപ്പെട്ടുവരുന്നതു്.

ഖുർആനിൻെറ യാഥാർത്ഥ്യത്തെ സംശയിക്കുകയെന്നതു സംഗതമല്ല; സംശയിക്കുന്നുവെന്നു പറയുന്നതു സത്യവുമല്ല. സത്യത്തെ ധിക്കരിക്കയെന്നതുതന്നെയാണതു്. അതിനാൽ സംശയിക്കുന്നുവെന്ന ഭാവേന ധിക്കാരത്തെ മറച്ചുപിടിക്കുന്നവർ, മനുഷ്യരും കല്ലുകളും വിറകായിക്കിടന്നു ദഹിക്കുന്നതായ കഠോരമായ തീയിലേക്കു— ധിക്കാരികാംക്കുവേണ്ടി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന ഘോരാഗ്നിയിലേക്കു—നീങ്ങിക്കൊണ്ടിരിക്കയാണു്. സത്യത്തെ നിഷേധിക്കുന്നതുമാത്രമല്ല സംശയിക്കുന്നതും ധിക്കാരമാണു്; ധിക്കാരത്തിൻെറ ശിക്ഷയാണതിന്നു നല്കപ്പെടുക.

44. മനുഷ്യരും കല്ലുകളും തമ്മിലുള്ള കൂട്ടുകെട്ടു, സത്യത്തെ ധിക്കരിക്കുന്നതിൽ വഹിച്ചിട്ടുള്ള പങ്കു് വളരെ ഭയാനകമാണു്; ബുദ്ധിയുടെ ധാർമ്മികമായ പ്രവർത്തനത്തെയതു സ്തംഭിപ്പിക്കുകയും മിഥ്യയിലേക്കു മനുഷ്യനെ

26. നിശ്ചയമായിട്ടു അല്ലാഹു ലജ്ജിക്കുകയില്ല,
ഏതും ഉദാഹരണമായിട്ടു അവൻ ഉദ്ധരിക്കുവാൻ;
ഒരു കൊതുകിനെയാവട്ടെ;
അല്ലെങ്കിൽ അതിൻെറ മീതെയുള്ളതിനെയാവട്ടെ!
എന്നാൽ വിശ്വസിച്ചിട്ടുള്ളവർ അറിയുന്നു:
നിശ്ചയമായിട്ടു് തങ്ങളുടെ രക്ഷിതാവിൽനിന്നുള്ള
സത്യമാണതെന്നു്.
എന്നാൽ ധിക്കരിച്ചിട്ടുള്ളവരാണെങ്കിൽ
അവർ പറയുന്നതാണു്:
എന്താണു് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നതു്
ഇതുകൊണ്ടു ഉദാഹരണമായിട്ടു്?
അതുകൊണ്ടവൻ ധാരാളത്തെ വഴിപിഴപ്പിക്കുന്നു;
അതുകൊണ്ടു(തന്നെ) അവൻ
ധാരാളത്തിന്നു വഴിതെളിക്കയും ചെയ്യുന്നു.
അവൻ അതുകൊണ്ടു വഴിപിഴപ്പിക്കുന്നുമില്ല;
ദുർവൃത്തന്മാരെയല്ലാതെ.[45]

٢٦- اِنَّ اللّٰهَ لَا يَسْتَحْيٖۤ اَنْ يَّضْرِبَ مَثَلًا
مَّا بَعُوْضَةً فَمَا فَوْقَهَا ؕ فَاَمَّا الَّذِيْنَ اٰمَنُوْا
فَيَعْلَمُوْنَ اَنَّهُ الْحَقُّ مِنْ رَّبِّهِمْ ۚ وَ اَمَّا
الَّذِيْنَ كَفَرُوْا فَيَقُوْلُوْنَ مَاذَآ اَرَادَ اللّٰهُ
بِهٰذَا مَثَلًا ۘ يُضِلُّ بِهٖ كَثِيْرًا ۙ وَّيَهْدِيْ
بِهٖ كَثِيْرًا ؕ
وَمَا يُضِلُّ بِهٖۤ اِلَّا الْفٰسِقِيْنَ ۙ۝

ഗദ്യഭാഷ

26. നിശ്ചയമായിട്ടു, ഏതും ഉദാഹരണമായി ഉദ്ധരിക്കുവാൻ അല്ലാഹു ലജ്ജപ്പെടുകയില്ല; ഒരു കൊതുകിനെത്തന്നെയാവട്ടെ; അല്ലെങ്കിൽ അതിൻെറ മീതെയുള്ളതിനെയാവട്ടെ. അപ്പോൾ നിശ്ചയമായിട്ടു, വിശ്വസിച്ചിട്ടുള്ളവർ അതു തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്നു അറിയുന്നു; എന്നാൽ ധിക്കരിച്ചിട്ടുള്ളവരാണെങ്കിൽ, എന്താണു് അല്ലാഹു ഇതുകൊണ്ടു ഉദാഹരണമായി ഉദ്ദേശിച്ചിട്ടുള്ളതു? എന്നു അവർ പറയുന്നു. അതുകൊണ്ടു അവൻ ധാരാളത്തെ വഴി പിഴപ്പിക്കുന്നു; അതുകൊണ്ടവൻ ധാരാളത്തിന്നു വഴി തെളിയിക്കയും ചെയ്യുന്നു. ദുർവൃത്തന്മാരെയല്ലാതെ അവൻ അതുകൊണ്ടു വഴിപിഴപ്പിക്കുന്നുമില്ല.

---

നയിക്കുകയും ചെയ്യുന്നു; ശാശ്വതമായ ജീവിതസാക്ഷാൽക്കാരത്തിലേക്കു സത്യതല്പരതകൊണ്ടു വളരേണ്ടതായ മനുഷ്യപ്രകൃതി, കല്ലുകളുടെ കൂട്ടുകെട്ടിൽ, പരോക്ഷവും പ്രത്യക്ഷവുമായ സത്യത്തിൻെറ യാഥാർത്ഥ്യങ്ങളെ നിഷേധിക്കയും, മിഥ്യാബോധങ്ങളുടെ വലയത്തിൽ കഴിച്ചുകൂട്ടുന്നതിൽ തൃപ്തിയടയുകയും ചെയ്യുന്നു. മിഥ്യയെ ദഹിപ്പിക്കുന്നതായ സത്യത്തിൻെറ കോപാഗ്നിക്കു വിറകുകൂട്ടുകയാണു് ഇതു ചെയ്യുന്നതു. മിഥ്യയെ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുന്നവരെല്ലാംതന്നെ അതിനെ കത്തിച്ചുദഹിപ്പിക്കുന്ന നരകത്തിൻെറ ശക്തിയെ പോഷിപ്പിക്കുന്നവരാണു്; സത്യത്തോടു ധിക്കാരം ചെയ്യുന്നതിന്നുള്ള ശിക്ഷയുടെ ഛായാത്മകമായൊരു വിവരണമാണു് ഇതിൽ അടങ്ങിയിരിക്കുന്നതു. എന്നാൽ സത്യത്തിൽ വിശ്വസിച്ചു സത്യത്തിൻെറ പേരിൽ നന്മകൾ പ്രവർത്തിച്ചാലുണ്ടാകുന്ന പ്രതിഫലത്തിൻെറ ഛായ ഹൃദയാവർജ്ജകമാണു്; വിശ്വസിച്ചു നല്ലതുചെയ്തു ജീവിക്കുന്ന ജനങ്ങൾക്കു തങ്ങളുടെ പ്രവൃത്തികളുടെ ശാശ്വതമായ ഫലാപ്തിയെപ്പററി സന്തോഷവാർത്തയറിയിക്കുവാൻ പ്രവാചകൻ ശാസിക്കപ്പെടുകയും ചെയ്തിരിക്കുന്നു. നോക്കു; ജലനിരപ്പിൽനിന്നു പൊങ്ങിനില്ക്കുന്ന തോപ്പുകളിൽ കാഴ്ചക്കു കുളർമ്മതകൂട്ടുന്ന നിർമ്മലമായ നീർച്ചാലുകൾ തോട്ടത്തിൻെറ താഴ്‌വരകളിൽകൂടി വിഹരിച്ചുകൊണ്ടിരിക്കവേ, നിങ്ങൾക്കു പ്രിയതരമായ ഫലമൂല്യങ്ങൾ നിങ്ങൾ ഇച്ഛിക്കുന്ന വിധത്തിൽ ലഭ്യമാകയാണെങ്കിൽ നിങ്ങൾക്കുണ്ടാവുന്ന സുഖാനുഭൂതി പറഞ്ഞറിയിക്കാൻ സാധിക്കുമോ? കൂടാതെ നിങ്ങൾക്കു അവിടെ പരിശുദ്ധമായ സഹവാസത്തിന്നുള്ള സാഹചര്യങ്ങളുമുണ്ടു; നിങ്ങൾ അവിടെ സ്ഥിരമായി നിവസിക്കുന്നവരുമാണു്. എന്നാൽ പിന്നെ നിങ്ങളുടെ സുഖാനുഭൂതിയെപ്പററി മററെന്തു പറയുവാനുള്ളു! നിങ്ങളുടെ സുഖത്തെ ഭാഷാരൂപേണ മററൊരാളെ ധരിപ്പിക്കുക സാദ്ധ്യമല്ലെന്നു നിങ്ങൾക്കു ബോദ്ധ്യമാകുന്നതാണു്.

നരകവും സ്വർഗ്ഗവും മനുഷ്യൻെറ ഐഹികമായ ഗ്രഹണശക്തിക്കു ഗോചരമാകാത്ത പരോക്ഷ വസ്തുക്കളാണു്; നന്മയുടേയും തിന്മയുടേയും പ്രതിഫലങ്ങളാണവയെന്നതു വ്യക്തമാണു്. ഗഹനമായ പരോക്ഷവസ്തുക്കളെക്കുറിച്ചു

[45-ാമത്തെ കുറിപ്പു് മറുപുറത്തു്]

പ്രതിപാദിക്കുമ്പോൾ ഖുർആൻ അതിന്റെ വിഷയത്തെ ശ്രോതാവിന്റെ ലോകത്തിലേക്കു കൊണ്ടുവരികയും അവന്നു സുപരിചിതമായ ഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നു; അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഒന്നാണിതു. ഭാവിയെ ഭൂതകാലത്തിന്റെ നിലവാരത്തിലേക്കു കൊണ്ടുവരികയും അങ്ങിനെ പ്രതിപാദനവിഷയത്തിന്റെ സംഭവ്യതയെ കൂടുതൽ പ്രകടമാക്കുകയും ചെയ്തിരിക്കുന്നതു നോക്കുക.

കാലത്തിന്റെ പരിധികൾക്കു വിധേയമല്ലാത്ത ശാശ്വതമായ സുഖാനുഭൂതിയുടെ ലോകമാണതു. അതിലെ അനുഭവങ്ങളെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുവാൻ സാദ്ധ്യമല്ലാത്തതു എന്ന നിലയിൽ മാത്രമേ ഐഹികമായ അനുഭവങ്ങളോടു സാദൃശ്യപ്പെടുത്തിക്കൂടു; "അവക്കു് അതു പരസ്പരസദൃശമായി നല്കപ്പെട്ടിരിക്കുന്നു" എന്ന വാക്യത്തിന്റെ അർത്ഥത്തിൽ ഈ ആശയം അടങ്ങിയിരിക്കുന്നു. സ്വർഗ്ഗീയമായ സുഖാനുഭൂതിയുടെ മറെറാരു മാതൃക സംഹിത 47ൽ രേഖ 15ൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

സത്യത്തെ വിശ്വസിച്ചു നന്മകൾ പ്രവൃത്തിച്ചുവെന്നതല്ലാതെ സ്വർഗ്ഗാനുഭവത്തിന്നുള്ള യോഗ്യതയായി ഖുർആൻ മററു യാതൊരു പരിഗണനയേയും കൊണ്ടുവരുന്നില്ലെന്നുള്ളതു ശ്രദ്ധിക്കത്തക്കതാണു്.

45. ഖുർആൻ അതിന്റെ മാർഗ്ഗദർശനം നല്കുന്നതിൽ ലോകത്തെ സമീപിക്കുന്നതു പൊതുവായ പശ്ചാത്തലത്തിലാണു്; നിർമ്മാണപരമായ, നിരുപാധികമായ നിലയിലാണതു അതിന്റെ ശാസനകളെ ജനമദ്ധ്യത്തിൽ വെക്കുന്നതു. ജനങ്ങളിൽ ശാശ്വതമായിക്കിടക്കുന്ന സ്ഥായീഭാവത്തെയതു മാനിക്കുന്നുവെന്നതാണു് അപ്രകാരമുള്ള സമീപനങ്ങളിൽനിന്നു ഗ്രഹിക്കുവാനുള്ളതു. പക്ഷെ ജനങ്ങളിൽ കടന്നുകൂടിയിരിക്കുന്ന വൈപരീത്യങ്ങളെയതു വിസ്മരിക്കുന്നില്ല; അതിനാൽ ജനങ്ങൾക്കു പൊതുവായുള്ള ശാസനകൾകൊടുത്തു മുമ്പോട്ടു നീങ്ങുന്നതിന്നിടയിൽ ജനവിഭാഗങ്ങളുടെ സ്വഭാവഭേദങ്ങൾകൊണ്ടു ഉളവാകുന്ന വിപരീതമായ പ്രത്യാഘാതങ്ങളെക്കൂടെ അതു വിചാരവിഷയമാക്കുന്നു; മനുഷ്യനിലുള്ള ശാശ്വതമായ ഗുണങ്ങളെ ലക്ഷീകരിക്കുന്ന അതേ സമയത്തിൽ അവന്റെ ഗതിയിൽ കടന്നുകൂടിയിട്ടുള്ള വക്രതയെക്കൂടെയതു ശ്രദ്ധിക്കുന്നുവെന്നതാണു് മനസ്സിലാക്കേണ്ടതു. അതിനാൽ ഇടക്കിടെ അങ്ങിനെയുള്ള വക്രതയുടെ ഉള്ളുകള്ളികൾ ഖുർആൻ എടുത്തുകാട്ടിയിട്ടുണ്ടു; അതിൽനിന്നു ഖുർആൻ ലോകത്തിൽ അവതരിപ്പിക്കപ്പെട്ട കാലത്തിന്റെ നിലയും അതിന്റെ നാലുഭാഗത്തുമായി വളഞ്ഞുകൂടിയ ജനസമുദായത്തിന്റെ ഗതിവിഗതികളും നമുക്കു കാണുവാൻ കഴിയുന്നു. പക്ഷെ, അപ്പോഴെല്ലാം മനുഷ്യന്റെ സ്വാഭാവികമായ സത്യതല്പരതയെ തട്ടിയുണർത്തുകയാണു് അതു ചെയ്യുന്നതു്. രേഖ 23, അത്തരം സന്ദർഭങ്ങളിൽ ഒന്നാണു് കാണിക്കുന്നതു്; ഇവിടെ 26ാമത്തെ രേഖയും അങ്ങിനെയുള്ളൊരു സന്ദർഭത്തെ പ്രതിദ്ധ്വനിപ്പിക്കുന്നു.

മനുഷ്യർക്കു നിസ്സാരങ്ങളായിത്തോന്നുന്ന ചില വസ്തുക്കളെ ഖുർആനിൽ സാമ്യനിരൂപണങ്ങളായി കാണിച്ചിട്ടുണ്ടു്. സംഹിത 29 രേഖ 41ൽ മിഥ്യാദൈവങ്ങളുടെ ദൗർബ്ബല്യത്തെ ചിത്രീകരിക്കുന്ന കൂട്ടത്തിൽ ചിലന്തിയുടെ വീടിനെസംബന്ധിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്; "സാക്ഷാൽ സത്യമായ ദൈവത്തിന്നു പുറമെ മററു രക്ഷാധികളെ കൈക്കൊണ്ടിട്ടുള്ളവരുടെ മാതൃക ചിലന്തിയുടെ മാതൃകപോലെയാണു്; അതു ഒരു വീടുണ്ടാക്കിയിരിക്കുന്നു; നിശ്ചയമായിട്ടു വീടുകളിൽവെച്ചു ഏററവും എളിമയേറിയതു ചിലന്തിയുടെ വീടു തന്നെയാണു്." കൂടാതെ, സംഹിത 22, രേഖ 73ൽ മിഥ്യാദൈവങ്ങൾ ഒരു ഈച്ചയെ സൃഷ്ടിക്കുകയില്ലെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. ഇതിന്റെ പ്രത്യാഘാതമെന്ന നിലയിൽ ഇത്രയും നിസ്സാരങ്ങളായ വസ്തുക്കളെപ്പററി പ്രതിപാദിക്കുന്നതു ഖുർആനിന്നു ഒരു കുറവാണെന്നു ചിലർ ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി; വസ്തുക്കളുടെ വലിപ്പവും ചെറുപ്പവുമല്ല, അവയുടെ പ്രകൃതിവിശേഷത തെളിയിക്കുന്ന സത്യത്തെയാണു്, ഖുർആൻ സാമ്യനിരൂപണത്തിന്റെ നിലയിൽ വെളിപ്പെടുത്തുന്നതു്. ഓരോ വസ്തുവും അതിന്റെ പ്രത്യേകതകൾ വെച്ചു നോക്കുമ്പോൾ അതുല്യമാണു്. സത്യത്തെ മാനിക്കുന്നവർ ചെറിയതിലും വലിയതിലും തുല്യഭാവത്തിൽ തെളിഞ്ഞുകാണുന്ന സത്യത്തെ ഗ്രഹിക്കുന്നു, സത്യത്തെ ധിക്കരിക്കുന്നവരാണെങ്കിൽ എന്താണു് അതിന്റെ ഉദ്ദേശമെന്ന ചോദ്യം നാവുകൊണ്ടു പറഞ്ഞു കടന്നുകളയുന്നു. പരമാർത്ഥത്തിൽ വളരെപ്പേർക്കു നേർമാർഗ്ഗത്തെ കണ്ടെത്തിയിട്ടു, പിന്നെയും ദുർമാർഗ്ഗത്തിലേക്കു തെററിപ്പോകുവാൻ ഇതിനാൽ സംഗതിയായിത്തീരുന്നു; ദുർവൃത്തി ശീലമാക്കിയിട്ടുള്ളവരെയല്ലാതെ, നേർവഴി കാണിച്ചുകൊടുത്തതിൽപിറകെ ദുർമാർഗ്ഗത്തിലേക്കു തെററിപ്പോകുവാൻ അല്ലാഹു വിട്ടുകൊടുക്കുകയുമില്ല; വളരെപ്പേരെ അവൻ അതുവഴിയായിട്ടുതന്നെ നേർമാർഗ്ഗത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ജനമദ്ധ്യത്തിൽ ഖുർആൻ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നു ഇതിൽനിന്നും ഗ്രഹിക്കാവുന്നതാണു്.

27. യാതൊരുത്തർ ലംഘിക്കുന്നു;
അല്ലാഹുവിൻെറ പ്രതിജ്ഞയെ;
അതിനെ സ്ഥിരീകരിച്ചതിന്നു പിറകിനാലെ.
അവർ ഛേദിച്ചുകളയുകയും ചെയ്യുന്നു;
ചേർക്കപ്പെടുവാൻ അല്ലാഹു ശാസിച്ചതിനെ.
ഭൂമിയിൽ അവർ കെടുതിയുണ്ടാക്കുകയും ചെയ്യുന്നു.
ആയവർ തന്നെയാണ് നഷ്ടപ്പെട്ടവർ.[56]

٢٧- الَّذِينَ يَنْقُضُونَ عَهْدَ اللّٰهِ مِنْ بَعْدِ
مِيثَاقِهٖ ۪ وَيَقْطَعُونَ مَا أَمَرَ اللّٰهُ بِهٖ أَنْ
يُوصَلَ وَيُفْسِدُونَ فِي الْأَرْضِ ۭ أُولٰٓئِكَ
هُمُ الْخٰسِرُونَ ۝

28. എങ്ങിനെ നിങ്ങൾ ധിക്കരിക്കുന്നു? അല്ലാഹുവിനെ.
നിങ്ങ(ളാണെങ്കിൽ) നിർജ്ജീവങ്ങളായിരുന്നു;
എന്നിട്ടു അവൻ നിങ്ങളെ ജീവിപ്പിച്ചു.
പിന്നീട് നിങ്ങളെയവൻ മൃതിപ്പെടുത്തുന്നു;
പിന്നെയവൻ നിങ്ങളെ ജീവിപ്പിക്കുന്നു;
പിന്നീട് അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നു.[57]

٢٨- كَيْفَ تَكْفُرُونَ بِاللّٰهِ وَكُنْتُمْ أَمْوَاتًا
فَأَحْيَاكُمْ ۚ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ثُمَّ
إِلَيْهِ تُرْجَعُونَ ۝

ഗദ്യഭാഷ

27. അല്ലാഹുവിൻെറ പ്രതിജ്ഞയെ ബലപ്പെടുത്തിയതിന്നു പിറകെ ലംഘിക്കയും, ചേർക്കപ്പെടുവാൻ അല്ലാഹു ശാസിച്ചതിനെ മുറിക്കുകയും, ഭൂമിയിൽ കെടുതിയുണ്ടാക്കുകയും ചെയ്യുന്നവരാണ്—അവർതന്നെയാണ്—നഷ്ടപ്പെട്ടവർ.

28. നിങ്ങൾ എങ്ങിനെ അല്ലാഹുവിനെ ധിക്കരിക്കുന്നു? നിങ്ങളാണെങ്കിൽ നിർജ്ജീവങ്ങളായിരുന്നു. എന്നിട്ടു അവൻ നിങ്ങളെ ജീവിപ്പിച്ചു. പിന്നീടു നിങ്ങളെയവൻ മൃതിപ്പെടുത്തുന്നു. പിന്നെയവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്; പിന്നീടു അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്.

56. സന്മാർഗ്ഗത്തെ കാണുന്നതിന്നുമുമ്പു തൻെറ ഗതി സന്മാർഗ്ഗത്തിൽക്കൂടിയാണോ? അതല്ല ദുർമ്മാർഗ്ഗത്തിൽക്കൂടിയാണോ എന്നു മനുഷ്യന്നു വ്യക്തമായി മനസ്സിലാവുകയില്ലല്ലോ? അതിനാൽ സന്മാർഗ്ഗത്തെ കാണിച്ചുകൊടുക്കുകയെന്നതുകൊണ്ടു ഖുർആൻ മനുഷ്യർക്ക് തങ്ങളുടെ ഇച്ഛയുടെ ഗുണദോഷങ്ങൾക്കനുസരിച്ചു അതിനെ സ്വീകരിക്കുവാനും ധിക്കരിക്കുവാനുമുള്ള സന്ദർഭങ്ങൾ നല്കുന്നു; അതിനാൽ മൊത്തത്തിൽ വളരെപ്പേർ അതിനെ കൈക്കൊണ്ടു നേർവഴി നടക്കുകയും വളരെപ്പേർ അതിനെ ധിക്കരിക്കുന്നതിനാൽ വഴിപിഴച്ചുപോവുകയും ചെയ്യുന്നു. ഇവിടെ തെറവും ശരിയും അവയുടെ ഉറച്ചനിലകൾ കൈക്കൊള്ളുന്നു; രേഖ 26ൽ ഈ നിഗമനമാണ് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടതു; എന്നാൽ ഗുണദോഷങ്ങൾ മനസ്സിലാക്കി ഗുണത്തെ സമ്പാദിച്ച് ദോഷത്തിൻെറ ബാധയെ സൂക്ഷിച്ചു ജീവിക്കുവാനുള്ള സന്നദ്ധത മനുഷ്യനിൽ നൈസർഗ്ഗികമായിത്തന്നെ കുടികൊള്ളുന്നതാണ്; മനുഷ്യൻ പ്രകൃത്യാ നല്ലതുചെയ്യുവാൻ പ്രതിജ്ഞാബദ്ധനാണ്; പ്രവാചകന്മാർ കൊണ്ടുവരുന്ന സത്യസന്ദേശങ്ങൾ മേൽപ്പറഞ്ഞ ധാർമ്മികമായ പ്രതിജ്ഞയെ സ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നതു. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ തൻെറ ധാർമ്മികമായ പ്രതിജ്ഞയെ സ്വാഭാവികമായിത്തന്നെ മനുഷ്യൻ പാലിക്കേണ്ടവനാണ്. സാക്ഷാൽ സത്യമായ ദൈവത്തോടു ചെയ്യപ്പെട്ടതാകയാൽ പ്രത്യേകിച്ചു ലംഘിച്ചുകൂടാത്തതാണതു. പിന്നീടതു സ്ഥിരീകരിക്കുകൂടിചെയ്യുമ്പോൾ, വിശേഷിച്ചുമതു നിറവേറേണ്ടതാണ്; എന്നിട്ടും അതിനെ ലംഘിക്കുന്നവരുണ്ടു. പ്രതിജ്ഞ നിറവേററുവാൻ സഹായകമാകുമാറു മനുഷ്യനോടു പുലർത്തിപ്പോരുവാൻ ശാസിക്കപ്പെട്ട ബന്ധങ്ങളെയവൻ ഛേദിച്ചുകളയുകയും ചെയ്യുന്നു; നന്മ ചെയ്യാതിരിക്കുന്നുവെന്നു മാത്രമല്ല ലോകത്തിൽ കെടുതികളെ അവർ വർദ്ധിപ്പിക്കയും ചെയ്യുന്നു; ദുർവൃത്തികളിൽ കഴിച്ചുകൂട്ടുന്നതുകൊണ്ടു നല്ലതു ചെയ്യുവാനുള്ള സന്ദർഭങ്ങൾകൂടി നഷ്ടപ്പെടുന്നതു അങ്ങിനെയുള്ളവരുടെ പ്രത്യേകതയാണ്; മററാരും അതിൽ അവർക്കു പങ്കുകാരായിട്ടില്ല.

57. മുൻപു കഴിഞ്ഞതായ രേഖകളിൽ ഖുർആൻ അതിൻെറ വിഭിന്നങ്ങളായ വാദങ്ങൾ കൊണ്ടുവരികയുണ്ടായി. രേഖ 21ൽ സാക്ഷാൽ സത്യത്തെ ആരാധിക്കുന്നതിലുള്ള സ്ഥായിയായ അർഹതയേയും, രേഖ 22ൽ, മിഥ്യാദൈവങ്ങൾക്കെതിരായ ഉൽബോധനത്തേയും വ്യക്തമാക്കി. രേഖ 23ൽ, സംശയങ്ങളെ നിഷേധിച്ചു. രേഖ 24ൽ ധി

29. അവനാണ് നിങ്ങൾക്കായി സൃഷ്ടിച്ചിരിക്കുന്നവൻ;
ഭൂമിയിലുള്ളതിനെയാകമാനമായിട്ട്.
പിന്നെയവൻ വാനത്തിലേക്ക് സ്ഥിതിചെയ്തു.
അങ്ങിനെ അവയെ ക്രമപ്പെടുത്തി,
സപ്തവാനങ്ങളായിട്ട്.
അവൻ വസ്തുവിനെ സകലത്തേയും സംബന്ധിച്ച
പരമ വിജ്ഞാനിയാണുതാനും.[58]

٢٩- هُوَ الَّذِيْ خَلَقَ لَكُمْ مَّا فِي الْاَرْضِ
جَمِيْعًا ثُمَّ اسْتَوٰٓى اِلَى السَّمَآءِ فَسَوّٰىهُنَّ
سَبْعَ سَمٰوٰتٍ
وَهُوَ بِكُلِّ شَيْءٍ عَلِيْمٌ ۝

ഗദ്യഭാഷ

29. അവനാണ് നിങ്ങൾക്ക് വേണ്ടി, ഭൂമിയിലുള്ളതിനെ ആകെയും സൃഷ്ടിച്ചിരിക്കുന്നവൻ; പിന്നെ, അവൻ ആകാശത്തിലേക്കു നിലകൊണ്ടു; അങ്ങിനെ അവയെ ഏഴു ആകാശങ്ങളായി ക്രമപ്പെടുത്തി. അവൻ സകല വസ്തുവിനേയും സംബന്ധിച്ച അളവററ അറിവുള്ളവനാണ്താനും.

ക്കാരത്തിന്നുള്ള ശിക്ഷയെ വിശദീകരിച്ചു; രേഖ 25ൽ സദ്വൃത്തതയ്ക്കുള്ള സന്തോഷഫലങ്ങളെ വ്യക്തമാക്കി; രേഖ 26ൽ മനുഷ്യൻ സത്യത്തെ വീക്ഷിക്കുന്നതിലുണ്ടാകുന്ന വൈപരീത്യങ്ങൾ ചൂണ്ടിക്കാട്ടി; രേഖ 27ൽ സ്വന്തമായ ധാർമ്മികബോധത്തെ നിഷേധിക്കുന്നതിനാൽ വന്നുകൂടുന്നതായ നഷ്ടങ്ങൾ നിഷേധികളുടെ സ്വന്തമാണെന്നു സ്ഥാപിച്ചു. എന്നാൽ ഇതിൽ എല്ലാംതന്നെ വിഷയത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് വസ്തുതകൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. ഇവിടെ രേഖ 28ൽ അനുവാചകനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു വിഷയത്തെ സംബന്ധിച്ച പ്രതിപാദിക്കുന്നു. പ്രതിപാദനവിഷയം എല്ലാ ദുർന്നടത്തകളുടെയും മൂലകാരണമായ ധിക്കാരം തന്നെ; സാക്ഷാൽ സത്യമായ ദൈവത്തെ നിങ്ങൾ എങ്ങിനെ ധിക്കരിക്കുന്നു എന്ന ഒരു ചോദ്യം, ധിക്കാരികളും, വിശ്വാസികളും ഉൾക്കൊള്ളുന്ന മനുഷ്യലോകത്തിൻെറ മുമ്പിൽ ഖുർആൻ വെച്ചുകൊടുക്കുന്നു. എന്നിട്ടു മനുഷ്യരുടെ ഭൂതകാല സ്ഥിതിയെ അവരുടെ സ്മരണയിൽ കൊണ്ടുവരുന്നു; മനുഷ്യനു ജീവൻ ലഭിക്കുന്നതിന്നു മുമ്പു അവൻ ജീവിച്ചിരുന്നില്ലെന്ന പ്രാഥമികജ്ഞാനത്തെ അവനു നിഷേധിക്കുവാൻ സാധിക്കുമോ? എന്നാൽ അവൻ ജീവിക്കുവാൻ തുടങ്ങിയതു, അവനു ജീവൻ ലഭിച്ചതിന്നു ശേഷമാണെന്നതും, അവനു ജീവനെ നല്കിയതു സാക്ഷാൽ സത്യമായ ദൈവമാണെന്നതും മനുഷ്യൻ നിഷേധിക്കയില്ലല്ലോ? പിന്നെ സാക്ഷാൽ സത്യമായ ദൈവത്തെ ധിക്കരിക്കുന്നതെങ്ങിനെ?

ഇത്രയും പറഞ്ഞതിൽനിന്നു സത്യത്തെ ധിക്കരിക്കുകയെന്നതു മനുഷ്യനു സംഗതമല്ലാത്ത കാര്യമാണെന്നു തെളിഞ്ഞുവല്ലോ? എന്നാൽ കഴിഞ്ഞുകൂടിയ കാര്യങ്ങളെ അനുസ്മരിപ്പിക്കുന്നതുവഴിക്കാണ് അതു തെളിയിച്ചതു; അത്രയും ആയതുകൊണ്ടു ആ കാര്യങ്ങൾ അങ്ങിനെ അവസാനിക്കുന്നില്ല. തുടക്കത്തിൽ ജീവിപ്പിച്ചവൻതന്നെ പിന്നെയും അവരെ മരിപ്പിക്കുകയും, പിന്നേയും ജീവിപ്പിക്കുകയും ചെയ്യുന്നതാണ്; തന്നെയുമല്ല, അവസാനമായി അവങ്കലേക്ക് മടക്കപ്പെടുന്നവനായ മനുഷ്യൻ, അവനെ ധിക്കരിക്കുന്നതു തീരെ സംഗതമല്ലാത്തതുമാണ് എന്നുകൂടി ഖുർആൻ വിശദമാക്കുന്നു. ശൂന്യത, ജീവിതലബ്ധി, മരണം, പിന്നീടുള്ള ജീവിതം, മനുഷ്യൻെറ ദൈവത്തിങ്കലേക്കുള്ള മടക്കം, ഇവ, മനുഷ്യൻെറ അഞ്ചു അവസ്ഥാന്തരങ്ങളെ ക്രമത്തിൽ രേഖപ്പെടുത്തുന്നു; ശൂന്യതയിൽനിന്നു ശാശ്വതാവസ്ഥയിലേക്കുള്ളൊരു യാത്രയുടെ വിഭിന്നഘട്ടങ്ങളെ മനുഷ്യൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണ് ഇതു ചെയ്യുന്നതു്; തൻെറ എല്ലാ അവസ്ഥാന്തരങ്ങളിലും, താനുമായി ബന്ധപ്പെട്ടു വർത്തിക്കുന്ന സത്യത്തെ, മനുഷ്യൻ ധിക്കരിക്കുവാൻ സംഗതിയില്ലാത്തതാണ്.

നിർജ്ജീവങ്ങൾ എന്നു ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു "അമ്വാതുൻ" എന്ന അറബിശബ്ദത്തെയാണ്; "അമ്വാത്തുൻ" എന്ന വാക്കു "മയ്തുൻ" എന്നതിൻെറ ബഹുവചനരൂപമാണ്; "മവ്തൻ"=മൃതി എന്ന ശബ്ദത്തിൽനിന്നു അതു ഉത്ഭവിക്കുന്നു; "മവ്തൻ" എന്നാൽ ജീവൻ ഉണ്ടായിട്ടു അതു വേർപെട്ടുപോവുക, ജീവൻ ഉണ്ടാകാതിരിക്കുക, ജീവൻ ഉണ്ടായിട്ടും അതിൻെറ ചൈതന്യം വെളിപ്പെടാതിരിക്കുക എന്നെല്ലാം അർത്ഥങ്ങൾ ഉണ്ടു്. അതിനാൽ സന്ദർഭങ്ങളുടെ തെളിവുകൾ നോക്കി ഈ ധാതുവിന്നും അതിൽനിന്നുത്ഭവിക്കുന്ന ശബ്ദങ്ങൾക്കും, നിർജ്ജീവം, മൃതം, മൃതപ്രായം എന്നീ അടിസ്ഥാനത്തിൽ അർത്ഥനിർണ്ണയം ചെയ്യേണ്ടതാണ്.

നമ്മുടെ പ്രതിപാദനത്തിലിരിക്കുന്ന രേഖ 28ൽതന്നെ, "മവ്തൻ" എന്ന ധാതുവിൻെറ ആദ്യത്തെ രണ്ടു അർത്ഥങ്ങളിലുള്ള രണ്ടു പ്രയോഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

58. മനുഷ്യൻ ആസ്തികൃത്തിലേക്ക് കൊണ്ടുവരപ്പെട്ടിരിക്കുന്നു; അവൻെറ ജീവൻമരണങ്ങളുടെ രഹസ്യങ്ങൾ അവൻെറ സ്വാധീനത്തിൽ ഇല്ല; ഇതിൽനിന്നു അവനും അവൻെറ ജീവിതമരണാദികളും മറെറാരു

The Holy Qur'an

ശക്തിയുടെ സ്വാധീനത്തിലാണെന്ന ബോധത്തിലേക്കു് മനുഷ്യൻ സ്വാത്മനാ ചെന്നെത്തുന്നു; അപ്പോൾ, തന്റെ വർത്തമാനലോകത്തിൽ മനുഷ്യൻ മരണമടയുമ്പോൾ അവിടെവെച്ചു അവന്റെ ജീവിതം അവസാനിക്കുന്നില്ലെന്നു അവന്നു ഖുർആൻ മനസ്സിലാക്കികൊടുക്കുന്നു; ആ നിലക്കും അവന്നു ഒരു ജീവിതമുണ്ടെന്നു അവൻ ഗ്രഹിക്കേണ്ടതാണു്. തന്റെ ഹിതത്തിന്നനുസരിച്ചു സ്വന്തം കഴിവുകളെ വിനിയോഗിക്കുവാനും, നശിപ്പിക്കുവാനും സ്വാതന്ത്ര്യമുള്ള തന്റെ വർത്തമാനജീവിതത്തിലേക്കു് പിന്നെയവൻ മടക്കപ്പെടുകയില്ല; പ്രത്യുത, വർത്തമാനജീവിതത്തിന്റെ ഗുണദോഷങ്ങൾക്കു പ്രതിഫലം കൊടുക്കുന്ന, ദാക്ഷിണ്യശാലിയായ ദൈവത്തിങ്കലേക്കാണവൻ മടങ്ങിച്ചെല്ലുക. ഇത്രയും ധരിച്ചുകഴിഞ്ഞാൽ മനുഷ്യൻ, സാക്ഷാൽ സത്യമായ ദൈവത്തിന്നു വഴങ്ങുവാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയായി; ദൈവത്തിന്റെ ആസ്തിക്യത്തിൽ വിശ്വസിക്കയുമായി. ഇങ്ങിനെ രേഖ 28ൽ ധിക്കാരത്തിൽനിന്നു മനുഷ്യനെ വിശ്വാസത്തിലേക്കു് പടിപടിയായി കയററിക്കൊണ്ടു വരുന്നതാണു് നാം കണ്ടതു്.

എന്നാൽ, വിശ്വസിക്കുവാനുള്ള തിടുക്കത്തിൽ മനുഷ്യൻ തെററായ ധാരണകളും പാഴായ പ്രയത്നങ്ങൾക്കും വശംവദനാകാവുന്നതാണല്ലോ? അങ്ങിനെ വന്നുപോകാത്ത വിധത്തിൽ മനുഷ്യന്റെ വിശ്വാസതാല്പര്യത്തെ നയിക്കുകയാണു് രേഖ 29കൊണ്ടു സാധിക്കുന്നതു്.

ഗവേഷണങ്ങൾകൊണ്ടു ദൈവത്തിന്റെ സത്തയെന്താണെന്നു ഗ്രഹിക്കുവാനോ, തപസ്സുകൊണ്ടു ദൈവത്തെ പ്രത്യക്ഷത്തിൽ കാണുവാനോ മനുഷ്യൻ പ്രയത്നിക്കേണ്ടതില്ല; മനുഷ്യന്റെ ഭൗതികമായ ജ്ഞാനേന്ദ്രിയങ്ങൾക്കു ദൈവത്തെ ഗ്രഹിക്കുവാനാവുകയില്ല; സൃഷ്ടിയെന്ന പ്രവൃത്തിയുടെ കർത്താവു് സത്യമായ ദൈവമാണെന്നു ഗ്രഹിക്കുവാൻ മനുഷ്യന്നു സാദ്ധ്യവുമാണു്; സൃഷ്ടികളെ നോക്കി സ്രഷ്ടാവിനെ മനസ്സിലാക്കുകയെന്ന ജ്ഞാനശീലമാണു് ഖുർആൻ ലോകത്തിന്നു പഠിപ്പിക്കുന്നതു; വളരെ സുഗമവും സുശക്തവുമായൊരു പഠനരീതിയാണിതു; മനുഷ്യന്റെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിമിതിയെ സൂക്ഷ്മമായി കണ്ടറിഞ്ഞ നല്ലപ്പെട്ടിരിക്കുന്ന സത്യജ്ഞാനമാർഗ്ഗമാണിതു; മനുഷ്യനെയതു ദൈവസൃഷ്ടികളായ സകല ചരാചരവസ്തുക്കളുമായി ജ്ഞാനിയുടേയും ജ്ഞാനോപകരണത്തിന്റെയും നിലയിൽ ബന്ധപ്പെടുത്തുന്നു; ഭൂമിയിലുള്ളതിനെയാകമാനമായിട്ടു നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചു എന്ന നിഗമനത്തിൽനിന്നു മനുഷ്യന്റെ സ്വാധീനത്തിൽ ഭൂമിയിൽത്തന്നെയുള്ള ജ്ഞാനമാർഗ്ഗങ്ങളുടെ ബഹുലത വ്യക്തമാക്കപ്പെട്ടു; അവന്റെ പ്രയോജനബോധത്തെ വേണ്ടത്ര വിനിയോഗിക്കുവാനുള്ള ഉപകരണങ്ങൾ അതിൽ സമൃദ്ധിയായിട്ടുണ്ടു്; പക്ഷെ മനുഷ്യന്റെ ജ്ഞാനതൃഷ്ണയെ ഭൂമിയിൽത്തന്നെ ഒതുക്കിനിറുത്തണമെന്നില്ല; സ്രഷ്ടാവിനെക്കുറിച്ചു ഗ്രഹിക്കുവാനുള്ള ശ്രമത്തിൽ വാനമണ്ഡലങ്ങളെക്കൂടി മനുഷ്യന്നു നിരീക്ഷണവിഷയമായി കൈക്കൊള്ളാവുന്നതാണു്; അവയുടെ രൂപീകരണത്തിലുള്ള വ്യവസ്ഥയേയും ക്രമത്തേയും അടിസ്ഥാനപ്പെടുത്തി ചിന്തിക്കുന്നതിന്നു മുൻഗണന കൊടുക്കുകയാണെങ്കിൽ മനുഷ്യന്റെ ജീവിതത്തിന്നു പ്രയോജനകരമായ പല കാൎയ്യങ്ങളും അവന്നു മനസ്സിലാക്കാവുന്നതാണു്; അതു കൂടുതൽ സുഗമവുമാണു്; അവൻ അവയെ ക്രമപ്പെടുത്തിയെന്നതിൽ വാനമണ്ഡലങ്ങളുടെ പ്രവർത്തനത്തിലുള്ള ക്രമത്തെ ആസ്പദിച്ചു മനുഷ്യൻ കണ്ടുപിടിക്കുന്ന കാൎയ്യങ്ങൾക്കു വ്യവസ്ഥയും ക്രമവും ഉണ്ടാകുന്നതു അവയുടെ സൃഷ്ടിയിലുള്ള വിശേഷതയാണെന്നു സൂചിപ്പിക്കുന്നു.

പക്ഷെ, വാനത്തെ സംബന്ധിച്ച പ്രതിപാദനത്തിന്നു ഖുർആൻ കൊണ്ടുവന്നിരിക്കുന്ന ഭാഷ വളരെ ഭാവനാമധുരമാണു്; വാനവിജ്ഞാനിയങ്ങളിൽ ഭാവനയ്ക്കും അതിനോടു അടുത്തുനില്ക്കുന്ന അനുമാനത്തിന്നും നല്കപ്പെടേണ്ടിവരുന്ന സ്ഥാനത്തെ അതു സൂചിപ്പിക്കുന്നുണ്ടു്.

പരമാണുവിൽനിന്നു വാനമണ്ഡലങ്ങൾവരെയുള്ള വസ്തുക്കൾ തനിക്കു പഠനവിഷയമായിത്തീരത്തക്കനിലയിൽ വ്യസ്തൃതമാണു് മനുഷ്യന്റെ ജ്ഞാനപരിപാടിയെങ്കിലും, അവന്റെ അറിവു, കാലത്തിന്റേയും അന്തരീക്ഷത്തിന്റേയും അതിരുകൾക്കപ്പുറത്തു നീങ്ങുകയില്ല; അതു ഉപാധികമായിരിക്കാനേ തരമുള്ളു എന്നു മനുഷ്യന്നു ബോദ്ധ്യപ്പെടുന്നതാണു്. അപ്പോൾ അല്ലാഹുവിനെക്കുറിച്ചു മനസ്സിലാക്കുവാനുള്ള മറെറാരു സന്ദർഭവുംകൂടി അവന്നു ലഭിക്കുന്നു; സകലവസ്തുവിനേയുമറിയുന്ന (യഥാർത്ഥ) വിജ്ഞാനശാലിയെന്ന നിലക്കു് സത്യമായ ദൈവത്തെ മനുഷ്യന്നു മനസ്സിലാക്കുവാൻ സാധിക്കുന്നു.

## സന്ധി 4

## മനുഷ്യന്റെ സവിശേഷത

(സൃഷ്ടികൾക്കിടയിൽ മനുഷ്യന്റെ മഹത്തായ പദവി. അവന്റെ വിപുലമായ ജ്ഞാനശേഷി.
മനുഷ്യൻ നിരോധനത്തെ നേരിടുന്നു. മനുഷ്യനെ ദുഷ്പ്രേരണകൾ പിടികൂടുന്നു.
മനസ്സിന്റെ സ്വാസ്ഥ്യത നഷ്ടപ്പെടുന്നു. മനുഷ്യന്റെ മദമാത്സര്യങ്ങൾ.
പശ്ചാത്താപത്തിന്റെ സിദ്ധികൾ. സത്യത്തെ പിൻപറ്റുന്നവർക്ക്
സ്വാസ്ഥ്യത. സന്ദർഭങ്ങൾ നശിപ്പിച്ചാൽ നിരന്തരമായ
നരകയാതന തന്നെ.)

30. നിന്റെ രക്ഷിതാവ് മലക്കുകളോടു പറഞ്ഞപ്പോൾ:–
നിശ്ചയമായിട്ട്, ഞാൻ ഭൂമിയിൽ
ഒരു പ്രതിനിധിയെയാക്കുന്നവനാണ്.
അവർ പറഞ്ഞു: നീ അവിടെയാക്കുന്നുവോ
അവിടെ കെടുതിചെയ്യുകയും,
രക്തങ്ങൾ കുത്തിയൊഴുക്കുകയുംചെയ്യുന്ന
ആരെയെങ്കിലുംതന്നെ?
ഞങ്ങളാണെങ്കിൽ നിന്റെ സ്തോത്രത്തെ കീർത്തിക്കുന്നു;
നിനക്കായി വിശുദ്ധിയെ വാഴ്ത്തുകയുംചെയ്യുന്നു.
അവൻ പറഞ്ഞു: നിശ്ചയമായിട്ട്,
ഞാനാണ് അറിയുന്നു; നിങ്ങളറിയുന്നില്ലാത്തതിനെ.[59]

٣٠- وَإِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى جَاعِلٌ
فِى الْأَرْضِ خَلِيفَةً ۖ قَالُوٓا أَتَجْعَلُ فِيهَا
مَن يُفْسِدُ فِيهَا وَيَسْفِكُ الدِّمَآءَ ۚ وَ
نَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ ۖ قَالَ
إِنِّىٓ أَعْلَمُ مَا لَا تَعْلَمُونَ ○

ഗദ്യഭാഷ

30. നിശ്ചയമായിട്ടു ഞാൻ ഭൂമിയിലൊരു പ്രതിനിധിയെ നിശ്ചയിക്കുന്നവനാണെന്നു, നിന്റെ രക്ഷിതാവ് "മലക്കു"കളോടു പറഞ്ഞപ്പോൾ, അവിടെ കെടുതിയുണ്ടാക്കുകയും രക്തങ്ങൾ കുത്തിഒഴുക്കുകയും ചെയ്യുന്ന ആരെയെങ്കിലും തന്നെ നീ അവിടെ നിശ്ചയിക്കുന്നുവോ? ഞങ്ങളാണെങ്കിൽ നിന്റെ സ്തോത്രത്തെ കീർത്തിക്കുകയും, നിനക്കായി വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു എന്നു അവർ പറഞ്ഞു. നിശ്ചയമായിട്ടു നിങ്ങൾ അറിയുന്നില്ലാത്തതിനെ ഞാനാണ് അറിയുന്നതെന്നു അവൻ പറഞ്ഞു.

---

"പിന്നെ അവൻ ആകാശത്തിലേക്കു സ്ഥിതിചെയ്തു" എന്ന വാക്യത്തിൽ "പിന്നെ" എന്നു പരിഭാഷ ചെയ്തിരിക്കുന്നതു "സുമ്മ" എന്ന അറബിശബ്ദത്തെയാണ് സാധാരണയായി അതു "ശേഷമായിട്ടു" "തുടർന്നതായിട്ടു" എന്നീ അർത്ഥങ്ങളെ കുറിക്കുന്നു; രണ്ടു വസ്തുകൾക്കിടയിലുള്ള പൂർവ്വാപരവ്യവസ്ഥയെ കാണിക്കുവാൻ പ്രയോഗിക്കപ്പെടുന്ന ഒരു അവ്യയമാണ് അതു. എന്നാൽ പൂർവ്വാപരദീക്ഷകൂടാത്ത വെറും ഒരു സന്ധി പ്രത്യയത്തിന്റെ നിലയിലും "സുമ്മ" ഉപയോഗിക്കാറുണ്ടു. (ഇമാം അഹ്ഫശ്)

നമ്മുടെ പ്രതിപാദനവിഷയമായ രേഖയിൽ, "പിന്നെ" എന്ന പദത്തിന്റെ അർത്ഥത്തിലും സന്ദർഭാനുസരണമായി വന്നുകൂടിയിട്ടുള്ള പ്രത്യേകതകൾ സൂക്ഷിച്ചു മനസ്സിലാക്കേണ്ടതാണ്.

മനുഷ്യന്റെ ധാർമ്മികബോധത്തെ തട്ടിയുണർത്തുവാൻ സഹായിക്കുന്നുവെന്ന വസ്തുതയെ മുൻനിറുത്തിക്കൊണ്ടാണ് ഖുർആൻ പ്രകൃതിവസ്തുക്കളെക്കുറിച്ചു പ്രതിപാദിക്കുന്നതു്. മനുഷ്യന്റെ കഴിവുകളെ ന്യായമായി വിനിയോഗിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടു, മനുഷ്യന്റെ പ്രവർത്തന ചിന്താവീഥികളെ വിശാലമാക്കിത്തീർക്കുകയാണ് ഖുർആൻ ചെയ്യുന്നതു്. മനുഷ്യൻ കണ്ടുപിടിച്ചു തിട്ടപ്പെടുത്തിയാൽ തീരാത്തതാണ് സാക്ഷാൽ സത്യമായ ദൈവത്തിന്റെ സ്വന്തമായ വസ്തുകളെന്നു പ്രസ്താവിച്ചുകൊണ്ടു, മനുഷ്യന്റെ ചുറ്റുപാടുകളുടെ വ്യാപ്തി ചൂണ്ടിക്കാട്ടുകയാണ് ഖുർആൻ ചെയ്തിട്ടുള്ളതു്. മനുഷ്യനെ പരമാർത്ഥബോധത്തിലേക്കു് വഴിതിരിക്കുന്നതല്ലാതെ—ജീവിതസാക്ഷാൽക്കാരത്തിനുള്ള നിയമശാസനകൾ നല്കുന്നതല്ലാതെ—മനുഷ്യനു സ്വന്തമായിത്തന്നെ കണ്ടുപിടിക്കുവാൻ കഴിയുന്ന വസ്തുകളെ മുൻകൂറായി എണ്ണിയെടുത്തു മനുഷ്യന്റെ തലയിൽ കെട്ടിവെക്കുക

[59ാം-മത്തെ കുറിപ്പ് അടുത്തപേജിൽ]

യെന്നു ഖുർആൻ ചെയ്തിട്ടില്ല. മനുഷ്യന്റെ ജ്ഞാനതൃഷ്ണ സത്യത്തെ ലക്ഷീകരിച്ചു പ്രവൃത്തിക്കുകയാണെങ്കിൽ തന്റെ ജ്ഞാനത്തിന്റെ പരിമിതി മനുഷ്യനു ബോദ്ധ്യമാവുകയും, അതുവഴി പരിമിതമല്ലാത്ത ജ്ഞാനമുള്ളവൻ സാക്ഷാൽ സത്യമായ ദൈവമാണെന്നു മനുഷ്യൻ നേരിൽ ഗ്രഹിക്കുന്നതുമാണ്; വാനലോകങ്ങളെസംബന്ധിച്ചുള്ള ഖുർആനിന്റെ പരാമർശങ്ങളെ ഗ്രഹിക്കുമ്പോൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതായ വസ്തുതകളാണ് ഇവ.

“സബ്ഉൻ” എന്ന അറബിശബ്ദത്തെയാണ് സപ്ത=ഏഴ് എന്നു പരിഭാഷ ചെയ്തിരിക്കുന്നത്; സാധാരണ ഭാഷയിൽ, “സബ്ഉൻ” എന്ന ശബ്ദം ഏഴ് എന്ന സംഖ്യയെയാണ് കുറിക്കുന്നത്; എന്നാൽ ക്ലിപ്തമായ എണ്ണത്തെക്കാണിക്കാതെ, ഒരു വലിയ സംഖ്യ എന്ന അർത്ഥത്തിലും “സബ്ഉൻ” എന്ന വാക്കു അറബിഭാഷയിൽ ഉപയോഗിക്കാറുണ്ട് (ഇമാം ബയ്ദവി). ഏഴും, എഴുപതു, എഴുനൂറു തുടങ്ങിയ ഗുണിതങ്ങളും ക്ലിപ്തമാക്കാൻ പ്രയാസമുള്ളൊരു വലിയ സംഖ്യയെന്ന അർത്ഥത്തിൽ അറബികൾ ഉപയോഗിക്കാറുണ്ട് (ലിസാനുൽ-അറബ്). ഇതിന്റെ വിശദീകരണത്തിനു സംഹിത 9ൽ രേഖ 80ഉം കുറിപ്പുകളും നോക്കുക; സമാവാതുൻ=വാനങ്ങൾ എന്നതു “സമാഉൻ” എന്ന പദത്തിന്റെ ബഹുവചനരൂപമാണ്. “ഓരോ വാനവും, അതിനു താഴെയുള്ള വസ്തുവിന്റെ ബന്ധത്തെ ആസ്പദിച്ചുകൊണ്ടാണ് വാനമെന്നു വിളിക്കപ്പെടുന്നതു. അതിനു മേലെയുള്ളതിന്റെ ബന്ധത്തെ ആസ്പദിച്ചുകൊണ്ടു അതു ഭൂമിയുമാകുന്നു (എന്നു ഇമാം റാഗിബ് പറയുന്നു)

ഖുർആനിൽത്തന്നെ, വാനങ്ങളുടെ സംഖ്യയോളംതന്നെ ഭൂമികൾ ഉള്ളതായി പ്രസ്താവിച്ചിട്ടുമുണ്ട്; സംഹിത 65ൽ രേഖ 12നോക്കുക. കൂടാതെ മറ്റൊരിടത്തു വാനങ്ങളെ “തറാഇഖു”=വഴികൾ എന്നു വിളിച്ചിട്ടുണ്ടു. സംഹിത 23ൽ രേഖ 17നോക്കുക; ലോകങ്ങളുടെ രചയിതാവിന്റെ പരിധിയില്ലാത്ത ജ്ഞാനത്തിന്റെ പാരമ്യതയെ ഗ്രഹിക്കുവാൻ മനുഷ്യബുദ്ധിയെ തട്ടിയുണർത്തുന്ന സന്ദർഭങ്ങളിലാണ് ഖുർആൻ വാനങ്ങളെ ചിന്താവിഷയമാക്കിയിരിക്കുന്നതു എന്ന പരമാർത്ഥം സ്മരിക്കേണ്ടതാണ്.

59. സത്യമറിഞ്ഞാൽ അതിനെ സ്വീകരിക്കുകയെന്നതു മനുഷ്യന്റെ നൈസർഗ്ഗികമായൊരു ഗുണവിശേഷമാണ്; അങ്ങിനെ മനുഷ്യനിൽത്തന്നെയുള്ള തെളിവുകളുടെ വെളിച്ചത്തിൽ, സാക്ഷാൽ സത്യത്തെ സ്ഥാപിക്കുകയുണ്ടായി; തുടർന്ന്, മനുഷ്യൻ മാത്രമല്ല, മററു ചരാചരവസ്തുക്കളിൽ പ്രതിഫലിച്ചു കാണുന്നതായ, സാക്ഷാൽ ദൈവത്തിന്റേതായ സൃഷ്ടിക്കുക, സംരക്ഷിക്കുക, മരിപ്പിക്കുക, തുടങ്ങിയ പ്രവൃത്തികളെ നോക്കി സത്യമായ ദൈവത്തെക്കുറിച്ചു മനസ്സിലാക്കുവാൻ പഠിപ്പിച്ചു; അതുവഴി മിഥ്യാദൈവങ്ങളുടെ പിടിയിൽ വീഴാവുന്ന പരിതസ്ഥിതിയിൽനിന്നു മനുഷ്യബുദ്ധിയെ മോചിപ്പിച്ചു; മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതെന്ന നിലയിൽ ലോകത്തിലെ സകല വസ്തുക്കളെയും മനുഷ്യനു വിചാരവിഷയമാക്കി; അങ്ങിനെ വ്യാപ്തിയോടൊപ്പംതന്നെ മാനുഷികജ്ഞാനത്തിന്റെ പരിധിയെക്കൂടി ചൂണ്ടിക്കാട്ടുകയും, മനുഷ്യൻ അവന്റെ ജ്ഞാനത്തിന്റെ പരിധിവരെ വളർന്നെത്തിയാൽ, ഉപാധികൾക്കും പരിധികൾക്കും വിധേയനല്ലാത്ത യഥാർത്ഥ വിജ്ഞാനശാലി, എന്ന നിലയിൽ സാക്ഷാൽ സത്യമായ ദൈവത്തെ മനസ്സിലാക്കുവാൻ മനുഷ്യനു വഴിതെളിക്കയുംചെയ്തു; രേഖ 30, ദൈവത്തിന്റെ നിരുപാധികമായ വിജ്ഞാനശക്തിയെ മനുഷ്യനു മനസ്സിലാക്കുവാനായി, മനുഷ്യന്റെ ആദിമദശയിലെ സംഭവ തത്വങ്ങളെ സ്മരിപ്പിക്കുന്നു; എന്നാൽ അതേ അവസരത്തിൽതന്നെ സൃഷ്ടികളുടെ ലോകത്തിൽ മനുഷ്യന്റെ പ്രത്യേകമായ മഹിമയെ ചിന്താവിഷയമാക്കിത്തീർക്കുകയും ചെയ്യുന്നു. വസ്തുരൂപമായ ജ്ഞാനശക്തിയാണ് മനുഷ്യന്റെ പ്രത്യേകത. പ്രസ്തുത ശക്തിയെ സാക്ഷാൽക്കരിക്കുമ്പോൾ സർവ്വജ്ഞനായ സാക്ഷാൽ ദൈവത്തെ മനുഷ്യനു മനസ്സിലാക്കുവാൻ സാധിക്കുന്നു. മലക്കുകളെ അതിശയിപ്പിച്ചതായ പ്രകടനശക്തി മനുഷ്യന്റെ ജ്ഞാനത്തിന്റെ സവിശേഷതയാണ്. സർവ്വജ്ഞനായ സൃഷ്ടാവിന്റെ പ്രതിനിധിയായി ലോകത്തിൽ പ്രവൃത്തിക്കുവാനുള്ള ചുമതലയാണ് മനുഷ്യന്റെ ജ്ഞാനത്തിനുള്ള പ്രകടനശക്തിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

ഖുർആൻ മനുഷ്യനോടു സംസാരിക്കുന്നതു മനുഷ്യനു സുപരിചിതമായ ഭാഷയിലാണെന്നു ഗ്രഹിക്കുകയാണെങ്കിൽ, ഖുർആനിലെ പദപ്രയോഗങ്ങൾ പ്രതിഫലിപ്പിക്കുന്ന വസ്തുതയുടെ താത്വികമായ യാഥാർത്ഥ്യങ്ങളെ നമുക്കു ചിന്തിച്ചു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. സത്യത്തെ ലക്ഷ്യമാക്കി ചിന്തിക്കുവാനും നിരീക്ഷ

ങ്ങൾ ചെയ്യുവാനും ഖുർആൻ തുടരെത്തുടരെ ശാസിച്ചുകൊണ്ടിരിക്കുന്നതിൽനിന്നു വ്യക്തമാകുന്ന വസ്തുതയാണിതു. പക്ഷെ, ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നതിനോടു കൂടെത്തന്നെ ഖുർആൻ ചിന്തയെ നയിക്കുകകൂടി ചെയ്യുന്നു.

മനുഷ്യൻെറ ജീവിതകഥയിലേക്കു് പ്രവേശിക്കുന്ന കൂട്ടത്തിൻ ഖുർആൻ മുൻഗണനന കൊടുത്തിരിക്കുന്ന വസ്തുത നോക്കുക; സ്രഷ്ടാവായ സാക്ഷാൽ ദൈവത്തിൻെറ പ്രതിനിധിയായി, സൃഷ്ടികൾക്കിടയിൽ വർത്തിക്കുന്നതിന്നായി മനുഷ്യന്നു നല്കപ്പെട്ടിരിക്കുന്ന പ്രത്യേകതകളെ മനുഷ്യൻെറ ജീവിതവിചാരത്തിൽ മുൻഗണനയ്ക്കു വിഷയമാക്കുകയാണ ചെയ്തിരിക്കുന്നതു്.

"പറഞ്ഞു" എന്ന ശബ്ദത്തിൽ അടങ്ങിയിരിക്കുന്ന "പറയുക" എന്ന ക്രിയാർത്ഥത്തെ, കർത്താവായി വരുന്ന ശബ്ദത്തിൻെറ നില വെച്ചുകൊണ്ടുവേണം മനസ്സിലാക്കുവാൻ. സ്രഷ്ടാവിൻെറ പറച്ചിൽ, സൃഷ്ടിയുടെ പറച്ചിലിൽനിന്നു വ്യത്യസ്തമാണെന്ന വസ്തുത വിസ്മരിക്കരുതു്; മനുഷ്യൻെറ പ്രത്യേകതയായ വാസ്തവ ഗ്രഹണശേഷിയെ വളരെ സൂക്ഷിച്ചു വിനിയോഗിക്കേണ്ടതായ സന്ദർഭങ്ങളിൽ ഒന്നാണിതു്. നാം ചിന്തിക്കുകയും; ചിന്തയിൽ പതറിപ്പോകാതിരിക്കുവാൻ സൂക്ഷിക്കുകയും വേണ്ടിയിരിക്കുന്നു.

"മലക്കുകൾ" പരോക്ഷലോകത്തിലെ സൃഷ്ടികളാണു്; കൃത്രിമ ചേഷ്ടകൾക്കു വിധേയമാകാത്ത നൈസർഗ്ഗികത, പരിശുദ്ധത, വിശ്വസ്ഥത തുടങ്ങിയ ഗുണങ്ങൾ മലക്കുകളുടെ പ്രത്യേകതയാണു്; ദൈവത്തിൽനിന്നു ലഭിക്കുന്ന ശക്തികളെ സ്വന്തമായി, യാതൊരു വിധ ക്രയവിക്രയവും ചെയ്യാതെ ദൈവശാസനയനുസരിച്ചു പ്രയോഗത്തിൽ ലത്തിപ്പോരുകയെന്നതാണു് മലക്കുകളുടെ പ്രവൃത്തി.

കർമ്മശുദ്ധി മാത്രമായി വെച്ചുനോക്കുമ്പോൾ, സൃഷ്ടികളുടെ ലോകത്തിൽ ദൈവത്തിൻെറ പ്രതിനിധിയായിരുന്നു നന്മ ചെയ്യുവാൻ തങ്ങളാണു് പററിയവരെന്നു മലക്കുകൾ സൂചിപ്പിച്ചതു, മലക്കുകളുടെ ജ്ഞാനത്തിന്നനുസരിച്ചു ശരിയാണു്. വികാരാവേശങ്ങൾക്കു വശംവദനാകാവുന്ന മനുഷ്യൻ, ലോകത്തിൽ സ്വാഭാവികമായി കുഴപ്പങ്ങൾ ഉണ്ടാക്കുകയും രക്തമൊഴുക്കുകയും ചെയ്യുവാൻ സംഗതിയുള്ളതുകൊണ്ടു്, മലക്കുകളുടെ ജ്ഞാനത്തിൽ, മനുഷ്യന്നു ദൈവപ്രതിനിധിയാകുവാനുള്ള കഴിവുകൾ കണ്ടില്ല; മലക്കുകൾക്കു നല്കപ്പെട്ടിട്ടില്ലാത്തതും, സത്യമായ ദൈവത്തിൻെറ പ്രതിനിധിയായി നിയോഗിക്കപ്പെടുന്നവന്നു ദൈവത്താൽ നല്കപ്പെടുവാൻ പോകുന്നതുമായ സവിശേഷതയെപ്പററി മലക്കുകൾക്കു ജ്ഞാനമുണ്ടായിരുന്നില്ല. പ്രതിനിധിയെ നിയോഗിക്കുവാനുള്ളതായ തീരുമാനമാണു് മലക്കുകളോടായിച്ചെയ്ത പ്രസ്താവന കുറിക്കുന്നതു്; ദൈവസ്തോത്രങ്ങൾ കീർത്തിക്കുക, ദൈവത്തിൻെറ വിശുദ്ധിയെ വാഴ്ത്തുക എന്നതിൽ കൂടുതലായി മറെറന്താണു് ലോകത്തിലെ ദൈവപ്രതിനിധികൾക്കു ചെയ്യുവാനുള്ളതെന്നു മലക്കുകൾക്കു പഠിപ്പിച്ചിട്ടുണ്ടായിരുന്നില്ല. മലക്കുകൾ മനസ്സിലാക്കിയിട്ടില്ലാത്ത കാര്യങ്ങൾ, പ്രതിനിധിയെ നിശ്ചയിക്കുന്നവനായ ലോകരക്ഷിതാവു് അറിയുന്നുവെന്ന പ്രസ്താവനയോടുകൂടി, മലക്കുകൾക്കു ചെയ്യുവാൻ കഴിയുന്നതിൽ കൂടുതലായി, പ്രതിനിധിയായി വാഴിക്കപ്പെടുന്നവന്നു സാധിക്കുന്ന കാര്യങ്ങളെ ഖുർആൻ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ലോകരക്ഷിതാവായ ദൈവത്തിൻെറ പ്രതിനിധിയാണു് താനെന്നു മനുഷ്യൻ മനസ്സിലാക്കി ജീവിക്കേണ്ടവനാണു്; അപ്പോൾ മനുഷ്യനെ പ്രതിനിധിയായി നിയോഗിച്ചതിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്ന ദൈവീകമായ സർവ്വജ്ഞത മനുഷ്യന്നു ബോദ്ധ്യമാകുന്നതാണു്. ദൈവ പ്രാതിനിദ്ധ്യത്തിൻെറ വിശദീകരണങ്ങൾക്കു് സംഹിത 6ൽ രേഖ 166ഉം കുറിപ്പുകളും നോക്കുക.

മലക്കുകളുടെ ജ്ഞാനത്തിൽ, ഭൂമിയിൽ കെടുതിയുണ്ടാക്കുക, രക്തങ്ങളൊഴുക്കുക എന്നിങ്ങനെ മനുഷ്യരിൽ കാണപ്പെടുന്ന രണ്ടു പ്രവൃത്തികൾ, തുല്യനിലയിൽ മനുഷ്യക്കെതിരായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു നോക്കുക; ന്യായരഹിതമായി ചൊരിയപ്പെടുന്ന രക്തത്താൽ ഭൂമിയിൽ കെടുതിയുണ്ടാകുന്നതു വാസ്തവമാണു്; ഭൂമിയ്ക്കു മാലിന്യവുമാണതു്. പക്ഷെ ശാശ്വതമായ സത്യത്തിൻെറ പ്രഖ്യാപന സ്വാതന്ത്ര്യത്തിന്നുവേണ്ടി, സത്യത്തിൻെറ പ്രതിനിധിയായി വാഴിക്കപ്പെടുന്ന മനുഷ്യൻ സമർപ്പിക്കുന്ന രക്തത്തിൻെറ പവിത്രത അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. മനുഷ്യൻ സത്യമായ ദൈവത്തിൻെറ പ്രതിനിധിയുടെ നിലയിലേക്കു മലക്കുകളുടെ നേരെ കൊണ്ടുവരപ്പെട്ടിരിക്കുന്നതു ശ്രദ്ധിക്കുക.

| | |
|---|---|
| 31. അവൻ ആദമിന്നു പഠിപ്പിക്കയും ചെയ്തു;<br>പേരുകളെ; അവയെ സകലത്തെ.<br>പിന്നെ അവയെ മലക്കുകൾക്ക<br>അവൻ പ്രദർശിപ്പിച്ചു. എന്നിട്ടവൻ പറഞ്ഞു:<br>നിങ്ങളെനിക്കു പറഞ്ഞുതരുവിൻ ഇവയുടെപേരുകൾ;<br>നിങ്ങൾ സത്യവാദികളാണെങ്കിൽ. 60 | ٣١- وَعَلَّمَ اٰدَمَ الْاَسْمَآءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى الْمَلٰٓئِكَةِ فَقَالَ اَنْۢبِـُٔوْنِىْ بِاَسْمَآءِ هٰٓؤُلَآءِ اِنْ كُنْتُمْ صٰدِقِيْنَ ۝ |
| 32. അവർ പറഞ്ഞു:<br>നിന്റെ വിശുദ്ധതയെ (ഞങ്ങൾ വാഴ്ത്തുന്നു)<br>യാതൊരറിവുമില്ല ഞങ്ങൾക്കു;<br>നീ ഞങ്ങളെയറിയിച്ചതല്ലാതെ.<br>നിശ്ചയമായിട്ടു് നീ തന്നെയാണു് പരമവിജ്ഞാനി,<br>മഹാ പരമാർത്ഥ ജ്ഞാനി.61 | ٣٢- قَالُوْا سُبْحٰنَكَ لَا عِلْمَ لَنَآ اِلَّا مَا عَلَّمْتَنَا ؕ اِنَّكَ اَنْتَ الْعَلِيْمُ الْحَكِيْمُ ۝ |

ഗദ്യഭാഷ

31. അങ്ങിനെ അവൻ "ആദ"മിന്നു (വസ്തുക്കളുടെ) പേരുകളെയെല്ലാംതന്നെ പഠിപ്പിക്കയും ചെയ്തു; പിന്നീടു അവയെ മലക്കുകളുടെ മുമ്പാകെയവൻ പ്രദർശിപ്പിച്ചു; എന്നിട്ടു, നിങ്ങൾ സത്യസന്ധരാണെങ്കിൽ ഇവയുടെ പേരുകൾ നിങ്ങൾ എന്നോടു പറയുവിൻ എന്നു അവൻ പറഞ്ഞു.

32. നിന്റെ വിശുദ്ധതയെ വാഴ്ത്തുന്നു! നീ ഞങ്ങളെ അറിയിച്ചതല്ലാതെ ഞങ്ങൾക്കൊരറിവുമില്ല. നിശ്ചയമായിട്ടു നീ തന്നെയാണു് അളവററ അറിവുള്ളവൻ; എല്ലാററിന്റെയും പരമാർത്ഥമറിയുന്നവൻ എന്നു അവർ പറഞ്ഞു.

60. രേഖ 30ൽ പ്രാതിനിധ്യത്തെ സംബന്ധിച്ചുള്ള പ്രസ്താവന നല്കപ്പെട്ടു; അതിന്റെ ഔചിത്യത്തെക്കുറിച്ചു കൂടുതൽ അറിയുന്നവൻ അതിനെ നടപ്പിൽ വരുത്തുന്നവനാണെന്നു വ്യക്തമാക്കപ്പെടുകയും മലക്കുകളെ മനുഷ്യനുമായി താരതമ്യപ്പെടുത്തി നോക്കുന്നതിന്നുള്ള പരിതസ്ഥിതി സൃഷ്ടിക്കപ്പെടുകയും ചെയ്തു. രേഖ 31ൽ ഭൂമിയിൽ രക്തമൊലിപ്പിച്ചു കെട്ടതിയുണ്ടാക്കുന്നവനായിക്കാണപ്പെടുന്ന മനുഷ്യനെ പ്രാതിനിധ്യത്തിന്നു പ്രാപ്തനാക്കിത്തീർത്ത വസ്തുത വിവരിക്കുന്നു. മററാരാൾ പറഞ്ഞുകൊടുക്കാതെ വസ്തുക്കളുടെ ഗുണദോഷങ്ങളെ കണ്ടു മനസ്സിലാക്കി മററുള്ളവർക്കു് പറഞ്ഞുകൊടുക്കാനുള്ള കഴിവു്—നിർമ്മാണപരമായ ജ്ഞാനവിദ്യ—മനുഷ്യന്നു നല്കപ്പെട്ടു. എന്നിട്ടു മലക്കുകളുടെമുമ്പിൽ വസ്തുക്കൾ കൊണ്ടുവരപ്പെട്ടു. തുടൻ വസ്തുക്കളുടെ ഗുണദോഷങ്ങൾ മലക്കുകൾക്ക മനസ്സിലായിട്ടില്ലെന്ന വസ്തുത, മലക്കുകൾക്ക പരിശോധനാമൂലമായി സ്വാനുഭവങ്ങളിൽകൂടിത്തന്നെ ധരിപ്പിക്കപ്പെട്ടു.

സ്രഷ്ടാവിന്റെ വിശുദ്ധിയെ വാഴ്ത്തുന്നവരെന്നുള്ളതുകൊണ്ടും സ്തോത്രത്തെ പ്രകീർത്തിക്കുന്നവരെന്നതുകൊണ്ടുമാത്രം തങ്ങൾ സൃഷ്ടിയുടെ പരമമായ വളർച്ചയെ പ്രാപിച്ചിട്ടുണ്ടെന്നുവെക്കുന്നതു പരമാർത്ഥമല്ലെന്നു മലക്കുകൾക്ക തെളിവുകൊടുക്കുന്നു.

61. രേഖ 32ൽ ദൈവത്തിന്റെ ജ്ഞാനപാരമ്യത്തെ മലക്കുകൾ കണ്ടുമനസ്സിലാക്കിയതു പ്രഖ്യാപിക്കപ്പെടുന്നു; മലക്കുകളുടെ പ്രഖ്യാപനത്തിൽ രണ്ടുവശങ്ങളുള്ളതു നോക്കുക; ഒന്നാമതു, മലക്കുകൾക്കു് ദൈവീകമായി നല്കപ്പെട്ടതല്ലാതെ യാതൊരു ജ്ഞാനവുമില്ലെന്നു, മലക്കുകൾ തങ്ങളുടെ നിലയെ വ്യക്തമാക്കുന്നു. രണ്ടാമതു, ദൈവത്തെ മലക്കുകൾ യഥാർത്ഥ മഹാ വിജ്ഞാനിയെന്നു ദൃഢമായി മനസ്സിലാക്കുന്നു; മനുഷ്യന്റെ ജ്ഞാനശേഷി നേരിട്ടു കണ്ടതിന്നു ശേഷമാണു് മലക്കുകൾ ദൈവത്തിന്റെ യഥാർത്ഥ ജ്ഞാനത്തിന്റെ പാരമ്യത ശരിക്കു ഗ്രഹിച്ചതു. മനുഷ്യനെപ്പോലെയുള്ളൊരു മഹാസൃഷ്ടിയുടെ ജ്ഞാനശേഷി പ്രവൃത്തിരൂപത്തിൽ കാണിച്ചുകൊടുത്തതിന്നു ശേഷമാണു്, മലക്കുകൾക്ക തങ്ങളുടെ ജ്ഞാനത്തിന്റെ പരിമിതി മനസ്സിലായതു്. മനുഷ്യന്റെ ജ്ഞാനത്തിന്നും പരിമിതികൾ ഉണ്ടു്; പക്ഷെ മനുഷ്യന്നു തന്റെ ജ്ഞാനത്തിന്റെ പരിമിതി മനസ്സിലാക്കാനും,—അങ്ങിനെ പരിമിതികളില്ലാത്ത സർവ്വമഹാവിജ്ഞാനിയെന്ന നിലക്കു തന്റെ സ്രഷ്ടാവായ സാക്ഷാൽ സത്യമായ ദൈവത്തെക്കുറിച്ചു മനസ്സിലാക്കുവാനും ചെറിയൊരു മണൽത്തരി മതി; സത്യത്തെ മനസ്സിലാക്കുവാനുള്ള സദുദ്ദേശത്തോടുകൂടി മനുഷ്യൻ ചെയ്യുന്ന പ്രയത്നങ്ങളെല്ലാംതന്നെ ദൈവാരാധനയിൽ പെട്ടതാണു്; സത്യത്തിന്റെ പേരിൽ ചെയ്യപ്പെടുന്ന പ്രഖ്യാപനങ്ങൾ ദൈവസ്തോത്രങ്ങളുമാണു്.

33. അവൻ (അല്ലാഹു) പറഞ്ഞു: ഹേ! ആദമേ,
നീ അവക്കു പറഞ്ഞുകൊടുക്കുക;
അവയുടെ പേരുകളെ.
അങ്ങിനെ അവൻ അവക്കു
പറഞ്ഞുകൊടുത്തപ്പോൾ, അവയുടെ പേരുകളെ.
അവൻ (അല്ലാഹു) പറഞ്ഞു:
ഞാൻ പറഞ്ഞില്ലയോ? നിങ്ങളോടു്;
നിശ്ചയമായിട്ടു്, ഞാനാണു് അറിയുന്നവെന്നു്;
വാനങ്ങളിലും ഭൂമിയിലുമുള്ള പരോക്ഷതയെ.
ഞാനറിയുകയും ചെയ്യുന്നു;
നിങ്ങൾ പുറത്തുകാണിക്കുന്നതും
നിങ്ങൾ മറച്ചുവെക്കുന്നുണ്ടായതുംതന്നെ[62]

٣٣- قَالَ يَٰٓـَٔادَمُ أَنۢبِئْهُم بِأَسْمَآئِهِمْ ۖ فَلَمَّآ
أَنۢبَأَهُم بِأَسْمَآئِهِمْ قَالَ أَلَمْ أَقُل لَّكُمْ إِنِّىٓ
أَعْلَمُ غَيْبَ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَأَعْلَمُ مَا
تُبْدُونَ وَمَا كُنتُمْ تَكْتُمُونَ ۝

ഗദ്യഭാഷ

33. ഹേ, ആദമേ, നീ അവക്കു അവയുടെ പേരുകൾ പറഞ്ഞു കൊടുക്കുക എന്നു അവൻ പറഞ്ഞു; അങ്ങിനെ അവൻ അവർക്കു അവയുടെ പേരുകൾ പറഞ്ഞുകൊടുത്തപ്പോൾ, നിശ്ചയമായിട്ടു ഞാനാണു് വാനങ്ങളിലും ഭൂമിയിലുമുള്ള രഹസ്യത്തെ അറിയുന്നതെന്നു ഞാൻ നിങ്ങളോടു പറഞ്ഞില്ലയോ? എന്നു അവൻ പറഞ്ഞു: നിങ്ങൾ പുറത്തു കാണിക്കുന്നതും മറച്ചു വെക്കുന്നുണ്ടായതുംതന്നെ ഞാൻ അറികയും ചെയ്യുന്നു.

62. 30-ാംമത്തെ രേഖയിൽ സത്യമായ ദൈവത്തിൻെറ സർവ്വജ്ഞത മലക്കുകളോടു പറഞ്ഞറിയിക്കപ്പെടുന്നു; രേഖ 31ൽ മലക്കുകളുടെ ജ്ഞാനത്തിൻെറ പരിമിതി വ്യക്തമാക്കുവാനുള്ള പരിതസ്ഥിതികൾ സൃഷ്ടിക്കപ്പെടുന്നു. രേഖ 32ൽ മലക്കുകൾ തങ്ങളുടെ ജ്ഞാനത്തിൻെറ പരിധിയെ ഗ്രഹിക്കുകയും സത്യമായ ദൈവമാണു് യഥാർത്ഥ മഹാവിജ്ഞാനിയെന്ന വസ്തുതയെ പ്രഖ്യാപിക്കയും ചെയ്യുന്നു. എന്നാൽ തങ്ങളുടെ അറിവിൻെറ അളവു പരിമിതമാണെന്ന നിലയിൽ സത്യമായ ദൈവത്തിൻെറ ജ്ഞാനപാരമ്യതയെ മലക്കുകൾക്കു ഗ്രഹിപ്പിച്ചുവെന്നല്ലാതെ, ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കുന്നതിലുള്ള സൃഷ്ടിപരമായ സവിശേഷത മലക്കുകൾ, മേല്പറഞ്ഞ വസ്തുതകൊണ്ടു ഗ്രഹിക്കണമെന്നില്ലല്ലോ? രേഖ 33ൽ, മനുഷ്യനിൽ മൂടിക്കിടക്കുന്ന മഹിമകളിൽവെച്ചു സർവ്വപ്രധാനമായ ജ്ഞാനശക്തിയെ മലക്കുകളുടെ മുമ്പാകെ സർവ്വജ്ഞനായ സ്രഷ്ടാവു് വെളിപ്പെടുത്തുന്നു. എന്നിട്ടു പ്രാതിനിദ്ധ്യപ്രഖ്യാപനത്തിൻെറ ഫലമായി മലക്കുകളോടു മുൻപേ പറഞ്ഞറിയിക്കപ്പെട്ടതായ, സത്യമായ ദൈവത്തിൻെറ ജ്ഞാനപാരമ്യത്തെ നിർമ്മാണരൂപേണ വിസ്തരിക്കുന്നു; അതോടുകൂടി, മനുഷ്യനെയും അവനെസംബന്ധിച്ച മലക്കുകൾക്കുള്ള വീക്ഷണത്തേയും സംബന്ധിച്ച വിപുലമായൊരു പ്രസ്താവനകൂടി ചെയ്യപ്പെടുന്നു; മനുഷ്യപ്രകൃതിയെസംബന്ധിച്ച മലക്കുകൾ ഗൗരവകരമായി വെളിപ്പെടുത്തിയിട്ടുള്ള വസ്തുതകളേയും, നിസ്സാരമെന്നുവെച്ചു, വെളിപ്പെടുത്താതെ വിട്ടിട്ടുള്ള വസ്തുതകളേയും, സാക്ഷാൽ സത്യമായ ദൈവമാണു ശരിക്കറിയുന്നതു്. ഈ രേഖയുടെ ആശയമൂല്യമിതാണു്.

"പേരുകൾ" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "അസ്മാഉൻ" എന്ന പദത്തെയാണു്; "ഇസ്മുൻ"=പേരു് എന്ന പദത്തിൻെറ ബഹുവചനമാണു് അതു. ഇവിടെ പേരുകൾ എന്നതുകൊണ്ടു വിവക്ഷിക്കുന്നതു വസ്തുവിജ്ഞാനീയത്തെയാണു്; വസ്തുക്കളുടെ വിശേഷണങ്ങൾ, അവയുടെ വ്യത്യാസങ്ങൾ പ്രത്യേകതകൾ എന്നിങ്ങനെ ഇതിന്നു അർത്ഥങ്ങൾ നല്കപ്പെട്ടിരിക്കുന്നു; (റാസി). മലക്കുകൾ വികാരാവേശങ്ങളുള്ള സൃഷ്ടികളല്ല; മനുഷ്യനെ ഭൂമിയിലെ പ്രതിനിധിയായി വാഴിക്കപ്പെടുവാനുള്ള നിഗമനത്തിന്നു പ്രതിദ്ധ്വനിയെന്നപോലെ മലക്കുകൾ പറഞ്ഞതു, മലക്കുകളുടെ നിലക്കു സ്വാഭാവികമാണു്; സ്രഷ്ടാവിൻെറ കല്പനകൾ നടപ്പിൽ വരുത്തുകയെന്നതിൽ കൂടുതലായി യാതൊരു പ്രവൃത്തിയുമില്ലാത്ത മലക്കുകൾ, മനുഷ്യൻ വികാരാവേശങ്ങളുടെ ഫലമായി കാണിക്കുന്ന കെടുതികളെ ചൂണ്ടിക്കാട്ടുകയെന്നതും, മലക്കുകളുടെ ജീവിതശുദ്ധിയെയും നിർദ്ദോഷതല്പരതയേയുമാണു് കാണിക്കുന്നതു്. പക്ഷെ, ഭൗമികമായ ലോകത്തിലെ പ്രതിനിധി ഭൗമികമായ വസ്തുവിജ്ഞാന

34. നാം പറഞ്ഞതും (സ്മരിക്കുവിൻ) മലക്കുകളോട്; നിങ്ങൾ ആദമിന്നു പ്രണമിക്കുവിൻ എന്നു്.
അപ്പോൾ അവർ പ്രണമിച്ചു;
ഇബ്ലീസ് (പിശാചു്) ഒഴികെ.
അവൻ നിരാകരിച്ചു; പെരുമ കാണിക്കയുംചെയ്തു;
അവൻ ധിക്കാരികളിൽ പെട്ടവനുമായിരുന്നു.[63]

٣٤- وَإِذْ قُلْنَا لِلْمَلَٰٓئِكَةِ اسْجُدُوا لِآدَمَ
فَسَجَدُوٓا إِلَّآ إِبْلِيسَ أَبَىٰ وَاسْتَكْبَرَ وَكَانَ
مِنَ الْكَٰفِرِينَ ○

ഗദ്യഭാഷ

34. ഇനി, നിങ്ങൾ ആദമിന്നു വേണ്ടി നമിക്കുവിൻ എന്നു നാം മലക്കുകളോടു പറഞ്ഞപ്പോൾ, അവർ അപ്പോൾ നമിച്ചു; പിശാചൊഴികെ. അവൻ നിരാകരിക്കയും പെരുമ കാണിക്കയും ചെയ്തു; അവൻ ധിക്കാരികളുടെ കൂട്ടത്തിൽ പെട്ടവനുമായിരുന്നു.

ത്തിന്നു പ്രാപ്തനായിരിക്കണമല്ലോ? ഭൗമിക വസ്തുക്കളെ കണ്ടു ഗ്രഹിച്ചു അവയുടെ സത്യാവസ്ഥയെ പുലർത്തിപ്പോരേണ്ടവനായ പ്രതിനിധി, താൻ ഭരമേല്ക്കുന്ന ലോകത്തെസംബന്ധിച്ചുള്ള ഗുണദോഷങ്ങൾ കണ്ടറിയുവാൻ കഴിയുന്ന സ്വഭാവക്കാരനാകേണ്ടതുണ്ടു. പക്ഷെ സാക്ഷാൽ സത്യത്തിന്റെ പ്രതിനിധിയാണ് താനെന്നതു മനുഷ്യൻ വിസ്മരിക്കരുതു; മനുഷ്യന്റെ ലോകത്തെ സംബന്ധിച്ചു മനുഷ്യൻ മലക്കുകളെക്കാൾ കൂടുതൽ മനസ്സിലാക്കുന്നുണ്ടു്; പക്ഷെ ഭൂമിയിലും വാനത്തിലുംതന്നെ പരോക്ഷങ്ങളായ വസ്തുതകൾ ഉണ്ടു്. അവയെ അല്ലാഹു മാത്രമാണു് അറിയുന്നതു; അങ്ങിനെ പരോക്ഷതകളുടെ പരമാർത്ഥജ്ഞാനിയെന്ന നിലക്കുകൂടി മനുഷ്യന്നു ദൈവത്തെ സംബന്ധിച്ചു മനസ്സിലാക്കുവാൻ സാധിക്കുന്നു.

63. മനുഷ്യന്റെ പ്രത്യേകതയായ ജ്ഞാനശക്തിയെ ശ്രദ്ധയിൽപ്പെടുത്തിയതിന്നു പിറകെ അതുകൊണ്ടു മനുഷ്യന്നു സൃഷ്ടികളുടെ ലോകത്തിലുണ്ടായ സ്വാധീനാവകാശത്തെ ഈ രേഖയിൽ സ്മരിപ്പിക്കപ്പെടുന്നു.

ദൈവസൃഷ്ടികളായ ചരാചരവസ്തുക്കൾ മനുഷ്യന്നു കീഴടങ്ങിയിരിയിരിക്കുന്നുവെന്നതു മനുഷ്യന്നു ബോധിക്കുന്നതായൊരു വസ്തുതയാണു്; ഖുർആൻ അതിനെ ഇവിടെ എടുത്തു കാട്ടിയിരിക്കുന്നു; ലോകസൃഷ്ടിയുടെ അനന്തരഫലങ്ങളായ അനേകം വസ്തുതകളുടെ കൂട്ടത്തിൽ ഒരു വസ്തുതയാണിതു; എന്നാൽ ഖുർആനിൽ പ്രത്യേകമായി എടുത്തു പറയപ്പെടുന്ന വസ്തുതകൾ മനുഷ്യന്റെ ജീവിതത്തെ സത്യത്തിലേക്കു നയിക്കുവാൻ പ്രത്യേകമായി പ്രേരിപ്പിക്കുന്നവ മാത്രമാണല്ലോ?

സാക്ഷാൽ സത്യത്തിന്റെ ഹിതത്തെ കർമ്മശാസനയായി സ്വീകരിച്ചിട്ടുള്ള പ്രകൃതിശക്തികൾ മനുഷ്യന്നു വിനീതമാക്കപ്പെട്ടിരിക്കുന്നു; സത്യത്തെ മാനിക്കുന്ന പ്രകൃതിയുള്ളതുകൊണ്ടാണു് മററു സൃഷ്ടികൾ മനുഷ്യന്റെ മേന്മയെ സമ്മതിച്ചുകൊടുത്തതു. മനുഷ്യൻ സത്യത്തിന്റെ പ്രതിനിധിയായി സത്യത്തിന്നു സ്വയം സമർപ്പിച്ചു ജീവിക്കേണ്ടവനാണെന്ന വ്യവസ്ഥയാണു് മനുഷ്യന്നു സൃഷ്ടികളുടെമേലുള്ള സ്വാധീനാവകാശത്തിന്റെ തെളിവു്; മനുഷ്യന്റെ പ്രാതിനിദ്ധ്യജീവിതത്തിന്റെ ഭരണഘടനയും സത്യത്തെ സമ്മതിക്കുകയെന്നതുതന്നെ. അതിനാൽ തന്നെ പ്രതിനിധിയായി വാഴിച്ചിരിക്കുന്ന സാക്ഷാൽ സത്യത്തിന്റെ ശാസനയെ നിഷേധിക്കുകയാണെങ്കിൽ മനുഷ്യൻ തനിക്കു നല്കപ്പെട്ടിരിക്കുന്ന പ്രാതിനിദ്ധ്യാവകാശത്തെ സ്വയം നിഷേധിക്കുകയാണു് അതുകൊണ്ടു ചെയ്യുന്നതു; എന്നാൽ തന്റെ വിശേഷതയായ ജ്ഞാനശേഷിയെ വിനിയോഗിച്ചുകൊണ്ടു സത്യത്തെ സ്വീകരിച്ചു ജീവിക്കുകയാണെങ്കിൽ, മനുഷ്യനെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്ന പൈശാചികശക്തിയൊഴികെയുള്ള മററുള്ള ദൈവസൃഷ്ടികൾ സമസ്തമായി മനുഷ്യന്റെ മേന്മയെ വകവെച്ചു മനുഷ്യന്നു വഴങ്ങിക്കൊടുക്കുന്നതാണു്; പൈശാചികശക്തിയെ ജ്ഞാനമൂലമായ കർമ്മശേഷികൊണ്ടു മനുഷ്യൻ കീഴ്പ്പെടുത്തിക്കളയുന്നതുമാണു്; അപ്പോൾ സാക്ഷാൽ സത്യമായ ദൈവത്തെയല്ലാതെ മനുഷ്യൻ മററൊന്നിനെ തന്റെ യജമാനനായിരിക്കുവാൻ കണ്ടെത്തുകയുമില്ല. സത്യത്തെ സ്വീകരിക്കുന്ന മനുഷ്യൻ ലോകത്തെ കീഴടക്കുന്നുവെന്ന വസ്തുതയെ രേഖ 34 മനുഷ്യന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

“സജത” എന്ന വാക്കിന്നു സാധാരണയായി, നമിച്ചു, അല്ലെങ്കിൽ, പ്രണമിച്ചു എന്ന അർത്ഥമാണുള്ളതു. ഇസ്ലാമികമായ പ്രാർത്ഥനയുടെ സാങ്കേതികനിലയിൽ, ഈ പദത്തിന്റെ അർത്ഥത്തിന്നു ചില പ്രത്യേകതകൾ

| | |
|---|---|
| 35. നാം പറയുകയുംചെയ്തു: ഹേ ആദമേ, നീ വസിക്കുക;<br>നീയും, നിൻെറ ഇണയും; തോട്ടത്തിൽ.<br>നിങ്ങറം രണ്ടുപേർ ഭക്ഷിച്ചുംകൊള്ളുക;<br>അതിൽനിന്നു സുഭിക്ഷമായിട്ടു്.<br>നിങ്ങറം രണ്ടും ഇച്ഛിച്ച വിധത്തിൽ.<br>നിങ്ങറം രണ്ടാളും സമീപിക്കയുമരുതു; ഈ വൃക്ഷത്തെ.<br>അതിനാൽ നിങ്ങറം ആയിപ്പോകുന്നതാണു്;<br>അക്രമകാരികളുടെ കൂട്ടത്തിൽ.[64] | ٣٥- وَقُلْنَا يَآدَمُ اسْكُنْ اَنْتَ وَ زَوْجُكَ<br>الْجَنَّةَ وَكُلَا مِنْهَا رَغَدًا حَيْثُ شِئْتُمَا<br>وَلَا تَقْرَبَا هٰذِهِ الشَّجَرَةَ فَتَكُوْنَا مِنَ<br>الظّٰلِمِيْنَ ○ |

ഗദ്യഭാഷ

35. നാം പറയുകയും ചെയ്തു: ഹേ! ആദമേ, നീയും നിൻെറ കൂട്ടുകാരിയും തോട്ടത്തിൽ വസിച്ചുകൊള്ളുക; നിങ്ങറം രണ്ടും ഇച്ഛിച്ച വിധത്തിൽ അതിൽനിന്നു സുഭിക്ഷമായി ഭക്ഷിച്ചും കൊള്ളുക; (എന്നാൽ) ഈ വൃക്ഷത്തെ നിങ്ങറം രണ്ടാളും സമീപിക്കയുമരുതു; അതിനാൽ നിങ്ങറം അക്രമകാരികളിൽ പെട്ടവരായി പോകുന്നതാണു്.

---

ഉണ്ടു; "സജത" എന്നു പറഞ്ഞാൽ, കാൽവിരലിൻെറ തെല്ലുകളും, കാൽമുട്ടുകളും ഉള്ളംകൈകളും നിലത്തു ചേർത്തുകൊണ്ടു നെററിത്തടത്തെ താഴെയപ്പിച്ചു എന്നാണു് അർത്ഥം. താഴ്മയെ പ്രകടിപ്പിക്കുക, കീഴ്പ്പെടുക എന്നീ ആശയങ്ങളിൽ ഉപയോഗിക്കപ്പെടുന്ന മറെറാരു അറബിവാക്കിന്നു തുല്യമാണു് ഇതു (തബ്ഇ). മലക്കുകറം മനുഷ്യന്നു വഴങ്ങുന്നുവെന്നതിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങറംക്കു സംഹിത 15ൽ രേഖ 29ഉം, സംഹിത 38ൽ രേഖ 72ഉം കുറിപ്പുകളും നോക്കുക.

ഖുർആനിൽ "ആദം" എന്ന വാക്കു് പല സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടു്; ദൈവപ്രതിനിധി, മനുഷ്യൻ, ആദ്യത്തെ മനുഷ്യൻ എന്നീ ആശയങ്ങളിൽ അതു പ്രയോഗിക്കപ്പെട്ടിരിക്കുന്നു; പൊതുവെ മനുഷ്യനെ ഉദ്ദേശിച്ചു അതു പ്രയോഗിക്കപ്പെട്ടിരിക്കുന്ന സന്ദർഭങ്ങളിൽ "ആദമിന്നു" പ്രണമിക്കുകയെന്ന വാക്യാംശത്തിലെ പ്രണമിക്കുകയെന്ന കല്പന, (സത്യത്തിൻെറപേരിൽ) മനുഷ്യന്നു വഴങ്ങിക്കൊടുക്കുകയെന്നു പൊതുവായി ശാസിക്കുകയാണു് ചെയ്യുന്നതു.

സംഹിത 7ൽ രേഖ 10മുതൽ 11വരെ നോക്കുക. "ആദം" എന്ന വാക്കു്തന്നെ മനുഷ്യൻ എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. കൂടാതെ അതേപ്രകാരത്തിലുള്ള മറെറാരു സന്ദർഭത്തിൽ "ബശർ"=മർത്ത്യൻ=മനുഷ്യൻ എന്ന വാക്കു്തന്നെ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. സംഹിത 38ൽ രേഖ 71മുതൽ 72വരെ നോക്കുക.

"ഇബിലീസ്" ഒരു പരോക്ഷ സൃഷ്ടിയാണു്; അതു മലക്കുകളിൽ പെട്ടതല്ല; അവൻ ജിന്നുകളിൽപെട്ടതായിരുന്നുവെന്നു ഖുർആൻതന്നെ മറെറാരിടത്തു രേഖപ്പെടുത്തിയിട്ടുണ്ടു; സംഹിത 18ൽ രേഖ 50 നോക്കുക; സത്യത്തെ ധിക്കരിക്കുകയെന്നതു അവൻെറ പ്രത്യേകതയാണു്; എന്നാൽ മലക്കുകളെ സംബന്ധിച്ച ഖുർആൻ പ്രസ്താവിക്കുന്നതു സത്യത്തെ നിരാകരിക്കാതിരിക്കുകയെന്നതു അവരുടെ വിശേഷതയാണെന്നാണു്; സംഹിത 66ൽ രേഖ 6നോക്കുക; നന്മയും തിന്മയും തമ്മിലുള്ള വൈപരീത്യമാണു് അവ രണ്ടും തമ്മിലുള്ളതു്.

പൈശാചികശക്തിയുടെ ധിക്കാരസ്വഭാവത്തെ ശ്രദ്ധയിൽപ്പെടുത്തുന്നതിന്നിടയിൽ, പൈശാചികതത്വത്തിൻെറ രണ്ടു പ്രധാന ചേഷ്ടകളെ ചിന്താവിഷയമാക്കിയിരിക്കുന്നതു നോക്കുക; നിരാകരിക്കുക, പെരുമ കാണിക്കുക എന്ന രണ്ടു പ്രവൃത്തികറം പൈശാചികമാണെന്നു അതു വ്യക്തമാക്കുന്നു. മനുഷ്യന്നു സൃഷ്ടികളുടെ ലോകത്തിലുള്ള മഹിമയെ മനുഷ്യൻ മനസ്സിലാക്കി, സത്യത്തിന്നു വഴങ്ങി ജീവിക്കുകയെന്നതല്ലാതെ, സ്വന്തം മഹിമയുടെ പേരിലുള്ള മതിപ്പിൽ പ്രമത്തനായി സത്യത്തെ നിരാകരിക്കുകയും സത്യശാസനകറംക്കെതിരിൽ പെരുമ കാണിക്കയുമാണെങ്കിൽ മനുഷ്യൻ പൈശാചികമായ ധിക്കാരത്തിൻെറ പിടിയിൽ പെട്ടുപോകുന്നതാണെന്ന വസ്തുതയുടെ നേരെ നമ്മെയിതു തട്ടിയുണർത്തുന്നു.

64. മനുഷ്യൻെറ ജ്ഞാനരൂപമായ സ്വാധീനശക്തിയെ പ്രഖ്യാപിക്കുന്നതിനോടുകൂടെത്തന്നെ, മനുഷ്യന്നു പ്രതികൂലമായി നില്ക്കുന്ന പൈശാചികശക്തിയെ ഖുർആൻ വിചാരവിഷയമാക്കിത്തീർക്കുകയുണ്ടായി. ജ്ഞാന

36. അപ്പോൾ അവരെ രണ്ടുപേരെയും പിശാച്
തെറ്റിച്ചുകളഞ്ഞു; അതിൽനിന്നു്.
അങ്ങിനെ അവൻ പുറത്താക്കി;
അവരെ രണ്ടുപേരെയും;
അവർ രണ്ടാളും ഉണ്ടായിരുന്നതിൽനിന്നു്.
നാം പറയുകയും ചെയ്തു:—
നിങ്ങൾ ഇറങ്ങിപ്പോകുവിൻ;
നിങ്ങളിൽ ചിലർ മററു ചിലക്കു ശത്രുവാണു്;
നിങ്ങൾക്കു് ഉണ്ടുതാനും; ഭൂമിയിൽ ഒരു നിലയനം.
കുറെ കാലത്തേക്കൊരു ഉപഭോഗവുമുണ്ടു്.[65]

٣٦- فَأَزَلَّهُمَا الشَّيْطٰنُ عَنْهَا فَأَخْرَجَهُمَا
مِمَّا كَانَا فِيهِ ۖ
وَقُلْنَا اهْبِطُوا بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ
وَلَكُمْ فِي الْأَرْضِ مُسْتَقَرٌّ وَمَتَاعٌ إِلَىٰ
حِينٍ ○

ഗദ്യഭാഷ

36. അപ്പോൾ പിശാചു് അവരെ രണ്ടുപേരെയും അതിൽ നിന്നു തെററിച്ചുകളഞ്ഞു. അങ്ങിനെ അവരെ രണ്ടുപേരെയും അവരുണ്ടായിരുന്ന (നിലയിൽ)നിന്നു അവൻ പുറത്താക്കുകയും; നിങ്ങൾ ഇറങ്ങിപ്പോകുവിൻ; നിങ്ങളിൽ ചിലർ മററു ചിലക്കു ശത്രുവാണു്; നിങ്ങൾക്കു ഭൂമിയിൽ ഒരു പാപ്പിടവും കുറെക്കാലത്തേക്കൊരു (ജീവിത) ഭോഗവും ഉണ്ടു എന്നു നാം പറകയും ചെയ്തു.

ശക്തിയാണെങ്കിൽ മനുഷ്യൻെറ സ്വന്തമായിത്തീർന്നിട്ടുള്ളതും മനുഷ്യന്നു തികച്ചും സ്വാധീനമായിട്ടുള്ളതുമാണു്; ജ്ഞാനശക്തിയെ ശരിക്കു വിനിയോഗിക്കുന്ന മനുഷ്യൻ സത്യത്തിൻെറ സ്വന്തമായിത്തീരുന്നു; പൈശാചിക ശക്തിയുടെ ധിക്കാരത്തെ കീഴടക്കുകയും ചെയ്യുന്നു. ജ്ഞാനത്തെ പ്രവൎത്തിയിലേക്കു ചെലുത്തുമ്പോഴാണു് മനുഷ്യൻ, സത്യത്തിന്നോ പൈശാചികത്വത്തിന്നോ ഏതിന്നാണു് വഴങ്ങിക്കൊടുക്കുന്നതെന്നു വെളിപ്പെടുക.

ഈ രേഖയിൽ ജ്ഞാനത്തെ പ്രവൃത്തിരൂപത്തിൽ വിനിയോഗിക്കുന്നതിൽ മനുഷ്യന്നു കൈക്കൊള്ളേണ്ടിവന്ന ഗതിവിഗതികളെക്കുറിച്ചു മനുഷ്യനെ സ്മരിപ്പിക്കുന്നു. മനുഷ്യൻെറ പ്രവൃത്തികളെ ഗുണദോഷങ്ങളുടെ സ്വഭാവങ്ങൾക്കനുസരിച്ചു പ്രാഥമികമായി വിഭജിക്കപ്പെടുമ്പോൾ കാണപ്പെടുന്ന, രണ്ടു വിരുദ്ധ ഘടകങ്ങളെ മനുഷ്യന്നു പ്രഥമമായി നല്കപ്പെട്ട അനുമതിയുടേയും നിരോധത്തിൻെറയും രൂപത്തിൽ ഖുർആൻ വ്യക്തമാക്കുന്നു. നിരോധനത്തിൻെറ ഉടനെത്തന്നെ അതു ലംഘിച്ചാൽ ഉണ്ടാകുന്ന പ്രത്യഘാതങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു നോക്കുക; നിരോധനത്തിൻെറ നേരെ മനുഷ്യനിൽ സ്വാഭാവികമായി ഉളവാകാവുന്ന ജിജ്ഞാസ ഖുർആൻ വകവെച്ചുകൊടുക്കുകയും അതിനെ ശമിപ്പിക്കുന്നതിൽ വ്യക്തമായ താല്പൎയ്യം കാണിക്കുകയും ചെയ്യുന്നു; ജിജ്ഞാസ മനുഷ്യനെ ജ്ഞാനശേഖരണത്തിന്നു സഹായിക്കുന്നുവെന്നതു പരമാൎത്ഥമാണു്; മനുഷ്യൻ ജിജ്ഞാസുവായതുകൊണ്ടാണു് നിരോധനങ്ങൾ നല്കുന്ന വേളകളിൽ അവയെ ലംഘിച്ചാൽ ഉളവാകുന്ന പ്രത്യാഘാതങ്ങളെക്കൂടി അതു വ്യക്തമാക്കുന്നതു്; മനുഷ്യൻെറ ജ്ഞാനകോശത്തെ ജിജ്ഞാസ പുഷ്ടിപ്പെടുത്തുന്നുവെന്നതിൽ സംശയമില്ല; പക്ഷെ ജ്ഞാനശേഖരണത്തിന്നു സഹായിക്കുന്ന പരിധിവരെ ജിജ്ഞാസയെ പുലൎത്തിപ്പോരുകയെന്നതല്ലാതെ, പ്രവൃത്തിമൂലമായിട്ടുള്ളൊരു കാൎയ്യത്തെ ജിജ്ഞാസയ്ക്കു വശംവദനായി മനുഷ്യന്നു ചെയ്തുകൂടാത്തതാണു്; ജിജ്ഞാസ ജ്ഞാനമല്ല; ജ്ഞാനമില്ലായ്മയിൽനിന്നു ജ്ഞാനത്തെ പ്രാപിക്കുവാനായി മനസ്സു പ്രകടിപ്പിക്കുന്ന ബദ്ധപ്പാടാണതു; പക്ഷെ യഥാൎത്ഥമായ ജ്ഞാനത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കപ്പെടാത്ത കാൎയ്യത്തിൻെറ അനുമതിയും അനുമതിയില്ലായ്മയും തിരിച്ചറിയുവാൻ സാദ്ധ്യമല്ല; ചുരുക്കത്തിൽ, ജിജ്ഞാസകൊണ്ടു മനുഷ്യൻ ചിന്തിക്കുകയെന്നല്ലാതെ, ജ്ഞാനംകൊണ്ടല്ലാതെ പ്രവൎത്തിക്കുവാൻ പാടില്ലാത്തതാണു്. ജിജ്ഞാസ ജ്ഞാനമല്ല; ശരിയായി വിനിയോഗിച്ചാൽ ജ്ഞാനത്തിലേക്കു് ചെന്നുചേരുന്നൊരു പ്രേരണമാത്രമാണു്.

മനുഷ്യൻ സുഭിക്ഷതയും സുഖാനുഭവങ്ങളും സമൃദ്ധിയുമുള്ള തോട്ടത്തിലാണു് വസിക്കുവാൻ തുടങ്ങിയതു; അവന്നു അവിടെ അവൻേറതായിട്ടുള്ളൊരു കൂട്ടുകാരിയുമുണ്ടായിരുന്നു; അവർക്കു രണ്ടുപേൎക്കും തോട്ടത്തിലെ നിവാസം അനുവദിക്കപ്പെട്ടുമിരുന്നു; അവരുടെ ഇച്ഛയനുസരിച്ചു അതിൽനിന്നു അനുഭവിച്ചുകൊൾവാൻ കല്പനയും നല്കപ്പെട്ടിരുന്നു; പക്ഷെ നിരോധനമില്ലാത്ത ഒരു തോട്ടമായിരുന്നില്ല അതു; സമീപിച്ചുപോയാൽ ക്രമവിരു

[ 65-ാമത്തെ കുറിപ്പു് മറുപുറത്തു് ]

ദ്ധമായ സ്വഭാവങ്ങളിലേക്കു പിടിച്ചുവലിക്കുന്നതായൊരു വസ്തു മനുഷ്യന്നു വസതിയായി നല്കപ്പെട്ട തോട്ടത്തിൽ വളരുന്നുണ്ടായിരുന്നു; അതിനാൽ ആ വസ്തുവുമായി അടുത്തുപോകരുതെന്നു "ആദമി"നോടും തന്റെ ഇണയായ "ഹവ്വാ"യോടും ശാസിക്കപ്പെട്ടിരുന്നു; അങ്ങിനെ കല്പനക്കെതിരായി, അതിനോടു അടുത്തുപോയാൽ അവർക്കുണ്ടാകുന്ന അനന്തരഫലത്തെ സംബന്ധിച്ചും അവർക്കു അറിവുകൊടുക്കപ്പെട്ടിരുന്നു. എന്നിട്ടു എന്തു സംഭവിച്ചു എന്നു ഗ്രഹിക്കുവാനായി ഈ രേഖ നമ്മുടെ ജ്ഞാനതൃഷ്ണയെ സന്നദ്ധമാക്കുന്നു.

65. ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന തോപ്പു, മനുഷ്യന്റെ പ്രയത്നങ്ങളുടെ ഫലമായി മനുഷ്യൻ സമ്പാദിച്ചിട്ടുള്ളതല്ല; ശാശ്വതവുമല്ല. സൗജന്യമായി നല്കപ്പെട്ടിട്ടുള്ളതാണ്; പ്രയത്നരഹിതമായൊരു ജീവിതമാണ് മനുഷ്യൻ അതിൽ നയിച്ചിരുന്നതു. സംസാരലോകസഹജമായ യാതനകൾ അവിടെ സഹിക്കേണ്ടതുണ്ടായിരുന്നില്ല. അതിൽ അവന്നു അനുകൂലമായ അനുമതികൾ അനേകമായിരുന്നു; എന്നാൽ, ഒരൊററ നിരോധനം മാത്രമേ അതിൽ അവന്നു പാലിക്കേണ്ടതുമുണ്ടായിരുന്നുള്ളു.

പക്ഷെ തന്റെ സ്വന്തമായ്ത്തീർന്നിരിക്കുന്ന ജ്ഞാനശക്തികൊണ്ടു ദോഷബാധയെ സൂക്ഷിച്ചു സത്യത്തെ ഭയന്നു പൈശാചികത്വത്തെ കീഴടക്കി ജീവിക്കേണ്ടവനായ മനുഷ്യൻ പിശാചിന്റെ പ്രേരണകൾക്കു വശംവദനാവുകയാണുണ്ടായതു; തുടക്കത്തിൽത്തന്നെ മനുഷ്യന്റെ ഗതിയിൽ കാണപ്പെട്ടതായ വൈപരീത്യത്തെ ഇതു സ്മരിപ്പിക്കുന്നു; ക്ലേശരഹിതമായ ജീവിതക്രമത്തിൽനിന്നു മനുഷ്യനെ തെററിച്ചുകളഞ്ഞു, അങ്ങിനെ അവന്റെ ആദ്യത്തെ അവസ്ഥയിൽനിന്നു അവനെ പുറത്താക്കുന്നതിൽ പിശാചു വിജയിച്ചുവെന്നല്ലാതെ, ഏതു പതനത്തിൽനിന്നും, ശ്രമിച്ചാൽ, രക്ഷപ്പെടുവാൻ സാധിക്കത്തക്കവിധത്തിൽ മനുഷ്യനിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന പരിവർത്തനശക്തിയെ പിശാചിന്നു നശിപ്പിച്ചുകളയുവാൻ സാദ്ധ്യമായില്ല. ചുരുക്കത്തിൽ മനുഷ്യനെക്കൊണ്ടു തെററിൽ ചാടിക്കുവാനല്ലാതെ മനുഷ്യൻ തെററിൽനിന്നും കരകയറുന്നതിനെ തടയുവാൻ പൈശാചികശക്തിക്ക് കഴിയുകയില്ല. പാപത്തിന്റെ ഏതു പതനത്തിലും മനുഷ്യന്നു പുണ്യത്തിന്റേതായൊരു പോംവഴിയുണ്ട്. അതിന്നനുസരിച്ചു അവിടെയും സത്യമായ ദൈവശാസന ലഭ്യമാവുകയും ചെയ്യും; ഈ രേഖയുടെ ആശയമൂല്യമിതാണ്.

സുഭിക്ഷതയുടേയും സുഖാനുഭവങ്ങളുടേയും സമുന്നതമായ പദവിയിൽനിന്നു മനുഷ്യൻ പുറത്തുപോന്നപ്പോൾ പ്രയത്നത്തിന്നും സമ്പാദ്യത്തിന്നുമുള്ള ഭൂമിയാണ് മനുഷ്യന്നു വസതിയായി ലഭിച്ചതു; സ്വാർത്ഥത്തിൽനിന്നും ദുർഭിക്ഷതയിൽനിന്നും ഉളവാകുന്ന ശത്രുതയാണ് മാറിവന്നുകൂടിയ വസതിയിലെ ഒരു പ്രത്യേകത; എന്നാലും അവിടെയും മനുഷ്യന്നു ആവശ്യമായ ജീവിതഭോഗങ്ങൾ ലഭ്യമാണ്; സുഖമായാലും ദുഃഖമായാലും ക്ലിപ്തമായൊരു കാലത്തേക്കു മാത്രമാണ് ഭൂമി മനുഷ്യന്റെ വസതിയായിരിക്കുക. മനുഷ്യന്നു ശാശ്വതമായി അതു കൈവശംവെക്കുവാൻ കഴിയുകയില്ല. പക്ഷെ ശാശ്വതമായ ജീവിതസുഖത്തെ പ്രാപിക്കുവാനുള്ള ശേഷി മനുഷ്യന്നു ഭൂമിയിൽവെച്ചു സമ്പാദിക്കുവാൻ സാധിക്കുന്നു. പ്രയത്നിക്കാതെ സൗജന്യമായി ലഭിച്ചതായ പൂർവ്വകാലത്തിലെ പദവിയിൽ ചുമത്തപ്പെട്ടതുപോലെയുള്ള നിരോധനങ്ങൾ, മനുഷ്യന്നു പ്രയത്നത്തിന്റെ ഫലമായി നല്കപ്പെടുന്ന ശാശ്വതമായ ലോകത്തിൽ കാണുകയില്ല; സംഹിത 20ൽ രേഖ 120ൽ മനുഷ്യന്നു ശാശ്വതമായ ജീവിതസുഖത്തിലുള്ള സ്വാഭാവികമായ താല്പര്യത്തെ പിശാചു വഞ്ചനാരൂപത്തിൽ ദുരുപയോഗപ്പെടുത്തിയ വസ്തുത വ്യക്തമാക്കപ്പെട്ടിരിക്കുന്നു; ശാശ്വതമായിരുന്നില്ലെങ്കിലും ആദ്യകാലങ്ങളിൽ മനുഷ്യൻ അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുവാൻ മാത്രമാണ് പിശാചു അതു കൊണ്ടു ശ്രമിച്ചതു; സാക്ഷാൽ സൗജന്യശാലിയായ ദൈവത്തിന്റെ നിരോധനകല്പനയെ ലംഘിക്കുന്നതുകൊണ്ടു കൈവശമുള്ളതുകൂടി നഷ്ടമാവുകയെന്നതല്ലാതെ ശാശ്വതമായ ജീവിതസുഖത്തെ മനുഷ്യന്നു അതു നേടിക്കൊടുക്കുകയില്ല; പക്ഷെ സത്യബോധത്തോടുകൂടിയ സ്ഥിരമായ പ്രയത്നങ്ങൾകൊണ്ടല്ലാതെ, സത്യമായ ശാസനകളെ ലംഘിച്ചതുകൊണ്ടു മനുഷ്യന്നു ശാശ്വതമായ സുഖത്തെ പ്രാപിക്കുവാൻ സാധിക്കുകയില്ല; മനുഷ്യന്നു പ്രയത്നിക്കാനുള്ള ലോകമാണ് ഭൂമി; പക്ഷെ ക്ലിപ്തമായൊരു കാലമാണ് മനുഷ്യന്നു നല്കപ്പെട്ടിരിക്കുന്നതു. ശരിയ്ക്കു വിനിയോഗിച്ചാൽ ഒരു നിമിഷത്തിലെ അവന്റെ പ്രവൃത്തിമതി അവനെ ശാശ്വതമായ സുഖജീവിതത്തിന്റെ ഗുണാധികാരിയാക്കിത്തീർക്കുവാൻ; "നിങ്ങൾ ഇറങ്ങിപ്പോകുവിൻ" എന്ന ശാസന ശാശ്വതമായ സ്വർഗ്ഗത്തെ സമ്പാദിക്കുന്നതിന്നുവേണ്ടി മനുഷ്യനെ പ്രയത്നത്തിന്റെ ലോകത്തിലേക്കു രംഗപ്രവേശം ചെയ്യിക്കുന്നു.

DISTRIBUTING LIBRARY No:

37. അപ്പോൾ ആദം സ്വയം ഗ്രഹിച്ചു,
അവന്റെ രക്ഷിതാവിൽനിന്നു് ചില വചനങ്ങളെ;
അങ്ങിനെ അവങ്കൽ അവൻ കനിഞ്ഞു പിൻമടങ്ങി.
നിശ്ചയമായിട്ടു്, അവനാണുതന്നെ സർവ്വോപരി
പിന്മടക്കത്തെ കനിഞ്ഞരുളുന്നവൻ;ദാക്ഷിണ്യശാലി[66]

٣٧- فَتَلَقّٰى اٰدَمُ مِنْ رَّبِّهٖ كَلِمٰتٍ فَتَابَ عَلَيْهِ ۚ اِنَّهٗ هُوَ التَّوَّابُ الرَّحِيْمُ ○

ഗദ്യഭാഷ

37. അപ്പോൾ ആദം തന്റെ രക്ഷിതാവിൽ നിന്നു ചില വാക്കുകൾ സ്വീകരിച്ചു. അവൻ (അല്ലാഹ) അങ്ങിനെ അവനിലേക്കു കനിഞ്ഞുമടങ്ങി; നിശ്ചയമായിട്ടു അവനാണു് പിൻമടക്കത്തെ വളരെയേറെ സ്വീകരിക്കുന്നവൻ; മഹാദാക്ഷിണ്യശാലി.

66. നിരോധിക്കപ്പെട്ടതു പ്രവൃത്തിച്ചു കഴിഞ്ഞപ്പോൾ തന്റെ പ്രവൃത്തിയിൽ താൻ കാണിച്ചിട്ടുള്ള മൗഢ്യത്തെക്കുറിച്ചു ആദമിന്നു ബോധമുണ്ടായി; പക്ഷെ പ്രവൃത്തി കഴിഞ്ഞുപോയിരുന്നു; അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവപ്പെടുവാൻ തുടങ്ങുകയും ചെയ്തിരുന്നു; ചെയ്തുപോയകുററത്തിന്നു പരിഹാരമുണ്ടാകുവാനുള്ള ശ്രമമാണു് പിന്നീടു നടന്നതു. അങ്ങിനെ തന്റെ കുററബോധത്തെ വ്യക്തമാക്കുന്ന ചില നിഗമനങ്ങളെ, തന്റെ രക്ഷിതാവിൽനിന്നു ആദം ഗ്രഹിച്ചു; ചെയ്തുപോയ തെററിനെക്കുറിച്ചു പശ്ചാത്തപിക്കുകയെന്നതായിരുന്നു മേൽപറഞ്ഞ നിഗമനങ്ങൾ അല്ലെങ്കിൽ വചനങ്ങൾ.

"തലഖ്വാ" എന്ന വാക്കിന്നു സ്വന്തം ശ്രമങ്ങൾവഴി ഗ്രഹിച്ചു എന്നു അർത്ഥമുള്ളതിൽനിന്നു, പശ്ചാത്താപത്തെ പ്രകടിപ്പിക്കുന്നതിന്നു ആദം (അ) കൈക്കൊണ്ടിരുന്ന ബദ്ധപ്പാടു വ്യക്തമായിത്തീരുന്നു. എന്നാൽ രക്ഷിതാവിന്റെ കാരുണ്യത്താലാണു് ആദമിന്നു പശ്ചാത്തപിക്കുവാൻ സാധിച്ചതു. പശ്ചാത്താപത്തിൽ പ്രധാനമായി മൂന്നു വസ്തുതകൾ കാണപ്പെടുന്നതാണു്; കുററക്കാരൻ തന്റെ തെററു സമ്മതിക്കുക; തെററു ചെയ്യുന്നതിൽനിന്നു വിരമിക്കുക; മേലാൽ തെററു ചെയ്യാതിരിക്കുവാൻ ദൃഢമായി തീരുമാനിക്കുക; "അങ്ങിനെ ആദം പാശ്ചാത്തപിച്ചപ്പോൾ അവന്റെ രക്ഷിതാവു് അതിനെ സ്വീകരിച്ചു".

പശ്ചാത്തപിക്കുക എന്നതിന്നു ഖുർആനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന വാക്കു് "തൗബതൻ" എന്നതാണു്; ഇതു "താബ" എന്ന ക്രിയയുടെ ധാതുരൂപമാണു്; "താബ" എന്നാൽ തിരിഞ്ഞു അല്ലെങ്കിൽ മടങ്ങി എന്നർത്ഥം. ഈ ശബ്ദം പശ്ചാത്താപത്തിന്റെ തത്വശാസ്ത്രത്തെതന്നെ ഒരു പദത്തിന്റെ ഉള്ളടക്കത്തിൽക്കൂടി നമുക്കു നല്കുന്നു. മിഥ്യയിലേക്കുള്ള ഗതിയിൽനിന്നു തിരിഞ്ഞുനിന്നുകൊണ്ടു സത്യത്തിലേക്കു മടങ്ങുകയെന്ന തത്വത്തെയാണതു വ്യക്തമാക്കുന്നതു. അതിനാൽ "തൗബാ"ചെയ്യുക (പശ്ചാത്തപിക്കുക)യെന്നതു പാപിയുടെ ജീവിതഗതിയിൽ നോക്കിയാൽ കാണപ്പെടുന്നതും, യഥാർത്ഥവുമായ പരിവർത്തനത്തെയാണു് കുറിക്കുന്നതു. പ്രവൃത്തിരൂപത്തിൽ യാതൊരു മാററവുമുണ്ടാകാത്തവിധത്തിൽ, വായ്മൊഴികളെക്കൊണ്ടുമാത്രം പ്രകടിപ്പിക്കപ്പെടുന്ന വാക്കുകൾ മാത്രമായാൽ പശ്ചാത്താപമാവുകയില്ല; മനുഷ്യന്റെ പ്രവർത്തികൾ തുടക്കത്തിൽ തീരുമാനങ്ങളാണു്; പിന്നെയവ പ്രഖ്യാപനങ്ങളായിത്തീരുന്നു; എന്നാൽ കർമ്മരൂപത്തിലേക്കു പകരാത്ത വാങ്മൂലമായ പ്രഖ്യാപനങ്ങൾ പ്രവൃത്തികളല്ലെന്നു പറയേണ്ടതില്ലല്ലോ; പശ്ചാത്താപമാകട്ടെ, ചെയ്തുപോയ തെററു പിന്നെയൊരിക്കൽ ചെയ്കയില്ലെന്ന ഹൃദയപൂർവ്വമായ തീരുമാനവും അതനുസരിച്ചുള്ള പ്രഖ്യാപനവും അതിനോടുകൂടിയുള്ള പ്രവൃത്തിയുമാണു്; പക്ഷെ തീരുമാനങ്ങൾ സ്വമനസ്സാലെ പ്രഖ്യാപിക്കുവാനുള്ള കഴിവു മനുഷ്യന്റേതായ ജ്ഞാനശക്തിയുടെയൊരു സവിശേഷതയായിരിക്കയാൽ വങ്ങ്മൂലമായ പ്രഖ്യാപനപദങ്ങൾക്കു പശ്ചാത്താപത്തിന്റെ തത്വവിവരണത്തിൽ മുൻഗണന നല്കപ്പെട്ടിരിക്കുന്നു; ഇതിൽനിന്നു, "ആദം" തന്റെ രക്ഷിതാവിൽനിന്നു ചില വാക്കുകളെ ഗ്രഹിച്ചുവെന്നതിന്റെ വിവക്ഷ മനസ്സിലാക്കാവുന്നതാണു്.

"താബ" എന്ന പദത്തിന്നു മടങ്ങി അല്ലെങ്കിൽ തിരിഞ്ഞു എന്നാണു് അർത്ഥമെന്നു പറഞ്ഞുവല്ലോ; എന്നാൽ ഈ ക്രിയക്കു രണ്ടു വ്യത്യസ്തങ്ങളായ അനുബന്ധങ്ങൾ ഉണ്ടു്; ഒന്നു ഇലാ=ലേക്കു എന്നതുതന്നെ. ഉദാഹരണത്തിന്നു "താബ ഇലല്ലാഹി"=സാക്ഷാൽ സത്യമായ ദൈവത്തിങ്കലേക്കു അവൻ തിരിഞ്ഞുമടങ്ങി, എന്ന വാക്യത്തെ പരിശോധിക്കുക; പശ്ചാത്തപിച്ചു എന്ന അർത്ഥമാണു് അതു കുറിക്കുന്നതു. എന്നാൽ മറെറാരു അനുബ

38. നാം പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകുവിൻ;
അതിൽനിന്നു് സമസ്തമായിട്ടു്.
അപ്പോൾ നിശ്ചയമായിട്ടു്
നിങ്ങൾക്കരികിൽ വരുന്നതായാൽ
എന്നിൽനിന്നു ഒരു മാൎഗ്ഗദൎശനം,
അപ്പോൾ ആർതന്നെ
എന്റെ മാൎഗ്ഗദൎശനത്തെ പിന്തുടൎന്നിരിക്കുന്നു;
എന്നാൽ അവൎക്കു മേലൊരു ഭീതിയില്ല.
അവരില്ല ദുഃഖിക്കയുംചെയ്യുന്നു.67

٣٨- قُلْنَا اهْبِطُوْا مِنْهَا جَمِيْعًا ۚ فَإِمَّا يَأْتِيَنَّكُمْ مِّنِّيْ هُدًى فَمَنْ تَبِعَ هُدَايَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ○

ഗദ്യഭാഷ

38. നാം പറഞ്ഞു:— നിങ്ങൾ കൂട്ടത്തോടെ അവിടെനിന്നു ഇറങ്ങിപ്പോകുവിൻ! അപ്പോൾ നിശ്ചയമായിട്ടു നിങ്ങളുടെ പക്കൽ എന്നിൽനിന്നു ഒരു വഴി കാണിക്കൽ വന്നെത്തുന്നതായാൽ, അപ്പോൾ എന്റെ വഴികാണിക്കലിനെ ആർതന്നെ പിന്തുടൎന്നുവെങ്കിൽ, അപ്പോൾ അവർക്കു ഒരു ഭീതിയില്ല; അവർ ദുഃഖിക്കയും ചെയ്യുകയില്ല.

സധമായ അലാ=മേൽ; (കൽ) എന്നതിനോടു ചേൎന്നുവരുമ്പോൾ താബ എന്ന ക്രിയക്കു, അതിൽനിന്നു ഉൽപത്തിയെടുക്കുന്ന ശബ്ദങ്ങൾക്കും ആദ്യത്തേതിൽനിന്നും വളരെ വ്യത്യാസപ്പെട്ട അൎത്ഥമാണു് ലഭിക്കുക; ഉദാഹരണത്തിന്നു "താബ അലാ ആദമ റബ്ബുഹു" എന്നു പറയുക; ആദമിങ്കൽ തന്റെ രക്ഷിതാവു് കനിവോടുകൂടി തിരിഞ്ഞു എന്ന അൎത്ഥമാണു് അപ്പോൾ അതിന്നു ഉളവാകുക; പശ്ചാത്താപത്തെ കൈക്കൊണ്ടു എന്നതാണു് അതു കുറിക്കുന്നതു; രണ്ടു സന്ദൎഭങ്ങളിലും സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള സ്ഥായിയായ മമതയിലേക്കുള്ളൊരു മടക്കത്തെ അല്ലെങ്കിൽ തിരിച്ചിലിനെയതു കാണിക്കുന്നു.

പശ്ചാത്താപത്തെ സ്വീകരിക്കുകയെന്നതു സത്യമായ ദൈവത്തിന്റെ സവിശേഷതകളിലൊന്നാണെന്ന പ്രസ്താവനയോടുകൂടെ മഹാദാക്ഷിണ്യശാലിയാണു് അവനെന്ന വസ്തുതയെക്കൂടി ചേൎത്തു പറഞ്ഞിരിക്കുന്നതു നോക്കുക; പശ്ചാത്തപിക്കുകയെന്നതു സ്വാത്മപരിശോധനയിൽനിന്നും ജനിക്കുന്ന മഹത്തായ ഭൂതകാലചിന്തയുടെ വേദനിപ്പിക്കുന്ന പാഠങ്ങളുടെ സാക്ഷാൽക്കാരമാണു്; മനുഷ്യനിൽ മങ്ങിക്കിടക്കുന്ന ധൎമ്മബോധത്തിന്റെ ശോഭനമായോരു ഭവിയുടെ പുലർച്ചയാണതു കാണിക്കുന്നതു; പശ്ചാത്താപത്തെ ഫലവത്താക്കിത്തീൎക്കുന്ന ദൈവികമായ ദാക്ഷിണ്യത്തെ മനുഷ്യൻ വിസ്മരിച്ചുകൂടാത്തതാണു്.

"തവ്വാബുൻ" എന്നതു ഒരു വ്യാപകമായ വിശേഷണനാമമാണു്; പശ്ചാത്താപ സ്വീകരണത്തിന്റെ അഗാധതയെ അതു കുറിക്കുന്നു; സൎവ്വോപരി, അല്ലെങ്കിൽ വളരെയേറെ, പശ്ചാത്താപത്തെ സ്വീകരിക്കുന്നവൻ എന്നാണു് അതിന്നു് അൎത്ഥം; പ്രകൃത്യാ ദുർബ്ബലനായ മനുഷ്യൻ കൂടെക്കൂടെ ദൈവത്തിന്റെ ദയാദാക്ഷിണ്യങ്ങളിലേക്കു പശ്ചാത്താപത്താൽ തിരിച്ചുചെല്ലാവുന്നതാണു്; മനുഷ്യന്നു തെററിനെവിട്ടു നന്മയിലേക്കു മടങ്ങിച്ചെല്ലുവാൻ പാടില്ലാത്ത സന്ദൎഭമില്ല എന്ന ധൎമ്മസിദ്ധാന്തത്തെയിതു വ്യക്തമാക്കുന്നു.

ചെയ്തുപോയ തെററുകളെക്കുറിച്ചു പശ്ചാത്തപിക്കുന്ന മനുഷ്യന്നു നല്ലതുചെയ്യുവാനുള്ള സന്ദൎഭങ്ങൾ ലഭിക്കുന്നതുതന്നെ ദൈവത്തിന്റെ ദാക്ഷിണ്യപൂൎവ്വമായ പശ്ചാത്താപസ്വീകരണത്തിന്നു നല്ലൊരു തെളിവാണു്; പാപവൃത്തികളെ സംബന്ധിച്ചു വേദനപ്പെട്ടു, വിരമിച്ച മനുഷ്യന്നു തന്റെ സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ സത്യമായ ദൈവത്തെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കുന്നു. പശ്ചാത്താപത്തെ സൎവ്വോപരി സ്വീകരിക്കുന്നവൻ മഹാദാക്ഷിണ്യശാലി എന്ന നിലക്കു ദൈവത്തെക്കുറിച്ചു ഗ്രഹിക്കുമ്പോൾ കൎമ്മങ്ങളിൽക്കൂടി കൎത്താവിനെ മനസ്സിലാക്കുകയെന്ന ഖുർആനികജ്ഞാനശീലത്തിന്നു മനുഷ്യൻ വിധേയനായിത്തീരുകയും ചെയ്യുന്നു.

67. മനുഷ്യൻ പാടില്ലാത്തതു പ്രവൃത്തിച്ചുപോയി; പക്ഷെ ശാശ്വതമായ സുഖാനുഭവത്തെ സമ്പാദിക്കുവാനുതകുമെന്ന ധാരണയിലാണു് അതു ചെയ്തതു. ക്രമവിരുദ്ധമായൊരു പ്രവൃത്തിയാണു് താൻ ചെയ്തതെന്നു മനുഷ്യന്നു ബോദ്ധ്യമായി; താൻ ജ്ഞാനശക്തികൊണ്ടു കീഴടക്കി നിറുത്തേണ്ടവനായ പിശാചിന്റെ വ

ഞ്ചനയിൽ മനുഷ്യൻ പെട്ടുപോവുകയും ചെയ്തു. തൻെറ സ്വാധീനത്തിലുണ്ടായിരുന്ന ജീവിതസൗകര്യങ്ങൾ നഷ്ടപ്പെടുത്തുവാനല്ലാതെ തനിക്കു ശാശ്വതമായ സുഖാനുഭവങ്ങളിലേക്കുള്ള പോംവഴി കാട്ടുവാനല്ല പിശാചു തന്നെ സമീപിച്ചതെന്നു മനുഷ്യൻ മനസ്സിലാക്കി; ജിജ്ഞാസകൊണ്ടു ജ്ഞാനത്തെ ശേഖരിക്കുവാൻ സാധിക്കുന്നുവെന്നതല്ലാതെ ജിജ്ഞാസയെ നിദാനമാക്കിക്കൊണ്ടു പ്രവൃത്തിച്ചുകൂടാത്തതാണെന്നു മനുഷ്യൻ പഠിച്ചു; പക്ഷെ പ്രവൃത്തി കഴിഞ്ഞുപോയിരുന്നു. പരിഹാരത്തിന്നായി മനുഷ്യൻ ശ്രമങ്ങൾ നടത്തി; എന്നാൽ കഴിഞ്ഞുപോയ തെററിനെക്കുറിച്ചു വേദനപ്പെടുകയെന്നതിൽക്കൂടുതലായി യാതൊന്നുമവന്നു ചെയ്യുവാൻ സാധിച്ചില്ല; അപ്പോൾ, പിന്നീടു തെററുചെയ്യാതിരിക്കുവാൻ പ്രതിജ്ഞാമൂലമായി തീരുമാനിച്ചുകൊണ്ടു, അതിന്നു അനുസരിച്ചു ജീവിക്കുകയെന്ന പശ്ചാത്താപവ്യവസ്ഥ തൻെറ രക്ഷിതാവിൽനിന്നു മനുഷ്യന്നു ലഭിച്ചു. മനുഷ്യൻ തെററു ചെയ്തുപോകുന്നുവെങ്കിൽ മനുഷ്യൻെറ രക്ഷിതാവു് പശ്ചാത്താപത്തെ സ്വീകരിക്കുന്ന ദാക്ഷിണ്യശാലിയാണെന്ന പ്രസ്താവനയാൽ തെററു പ്രവൃത്തിച്ചുവെന്നതുകൊണ്ടു പിന്നീടു നല്ലതു പ്രവൃത്തിക്കുവാനുള്ള സന്ദർഭങ്ങൾ താല്പര്യമുള്ള മനുഷ്യന്നു നഷ്ടമാകുന്നില്ലെന്നു വ്യക്തമാക്കപ്പെട്ടു; മനുഷ്യൻ തൻെറ രക്ഷിതാവിനെപ്പററി പിന്നെയും ചിലതു മനസ്സിലാക്കി; ഇത്രയുമാണു് മുൻപു കഴിഞ്ഞ രേഖയിൽ പ്രതിപാദിക്കപ്പെട്ടതു.

എന്നാൽ മനുഷ്യൻെറ പ്രകൃതിയിൽ സ്വതവേ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന ചില വിശേഷതകൾ വെച്ചുകൊണ്ടുവേണം തുടർന്നുവരുന്ന രേഖയുടെ ഗഹനത മനസ്സിലാക്കുവാൻ; ഒന്നാമതായി നിരോധനങ്ങൾ മനുഷ്യൻെറ ജിജ്ഞാസയെ തട്ടിയുണർത്തുന്നു; ജ്ഞാനത്തിലേക്കു ചെന്നുചേരുന്നതിന്നുമുമ്പു ജിജ്ഞാസ പ്രവർത്തനയോഗ്യമല്ല; ദുരുപയോഗപ്പെട്ടാൽ, ജിജ്ഞാസ ജ്ഞാനത്തിൽ ചെന്നുചേരുകയില്ല. രണ്ടാമതു, നിരോധനത്തോടുകൂടിയ സംഭാവന ശാശ്വതമായിരിക്കുകയില്ല; നിരോധനത്തോടുകൂടിയ സുഖാനുഭവത്തിൽ മനുഷ്യൻ തൃപ്തിപ്പെടുകയില്ല; ശാശ്വതമായ സുഖജീവിതത്തിന്നുവേണ്ടി മനുഷ്യൻ വെമ്പൽകൊള്ളുന്നു; നിരോധനരഹിതമായ നിർഭയമായ ജീവിതത്തെയാണു് മനുഷ്യൻ കാംക്ഷിക്കുന്നതു്. മനുഷ്യനിൽ സ്വാഭാവികമായി കുടികൊള്ളുന്ന മഹത്തായ വാസനാഗുണങ്ങളെക്കൂടി പൈശാചികശക്തിക്കു ദുരുപയോഗപ്പെടുത്തുവാൻ സാധിച്ചേക്കാവുന്നതാണു്.

രേഖ 38ൽ മനുഷ്യന്നു സാമൂലമായി, ചില മൗലികമായ ശാസനകൾ നല്കപ്പെട്ടിരിക്കുന്നതിനെ ഖുർആൻ വിവരിക്കുന്നു.

നിർഭയമായ സുഖജീവിതത്തെ സമ്പാദിക്കുവാൻ സൗജന്യമായി ലഭിച്ച സുഖാനുഭവങ്ങളുടെ ചുററുപാടു വിട്ടു പ്രയത്നത്തിൻെറ ലോകത്തിൽ പ്രവേശിക്കേണ്ടതാണു്; നിരോധനത്തെ ലംഘിച്ചതുകൊണ്ടു് നിരോധനഭീതിയില്ലാതാവുന്നില്ല; പ്രയത്നത്താൽ സമ്പാദിച്ച സ്വർഗ്ഗത്തിൽനിന്നു മനുഷ്യൻ പുറത്താക്കപ്പെടുകയില്ല.

ശാശ്വതമായ സുഖജീവിതത്തെ പ്രാപിക്കുന്നതിന്നുവേണ്ടി സ്വീകരിക്കേണ്ടതു പിശാചിൻെറ ദുഷ്പ്രേരണകളെയല്ല; സാക്ഷാൽ സത്യമായ ദൈവത്തിൽനിന്നുള്ള മാർഗ്ഗദർശനങ്ങൾ നിശ്ചയമായും മനുഷ്യന്നു ലഭിക്കുന്നതാണു്; മനുഷ്യനവയെ പിന്തുടരുകയാണെങ്കിൽ ശാശ്വതമായ ഭാവിയെസംബന്ധിച്ചു മനുഷ്യന്നു യാതൊരു ഭീതിയുമുണ്ടാവുകയില്ല. കഴിഞ്ഞുപോയ കാര്യങ്ങളെക്കുറിച്ചു മനുഷ്യൻ ദുഃഖിക്കയുമില്ല.

താല്ക്കാലികമായ സുഭിക്ഷതയിൽ തൃപ്തിയടയാതെ ശാശ്വതമായ ജീവിതസാക്ഷാൽക്കാരത്തിൻെറ സുഖത്തിലേക്കു് പ്രയത്നത്തിൻെറ പന്ഥാവു നോക്കി മുമ്പോട്ടു നടന്നുപോകുന്ന മനുഷ്യവർഗ്ഗത്തിൻെറ ജീവിതയാത്രക്കുള്ള ശാസനയാണു് ഖുർആൻ ഇവിടെ നമ്മുടെ സ്മരണയിൽ കൊണ്ടുവരുന്നതു്.

രേഖ 38ൻെറ തുടക്കത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന ബഹുമാനരൂപമായ "നാം പറഞ്ഞു" എന്നതിലെ ബഹുവചനശബ്ദത്തെ നോക്കുക; മനുഷ്യൻെറ മീതെ രക്ഷിതാവായ ദൈവത്തിന്നുള്ള പരമാധികാര പദവിയെയാണതു കുറിക്കുന്നതു. എന്നാൽ അതോടുകൂടിത്തന്നെ വരാനിരിക്കുന്ന മാർഗ്ഗദർശനത്തെപ്പററി പ്രതിപാദിക്കുമ്പോൾ "എന്നിൽനിന്നു" എന്നും "എൻെറ" എന്നും ഏകവചനമായി അതു മാററപ്പെട്ടിരിക്കുന്നു; മനുഷ്യനെ മാർഗ്ഗദർശനം ചെയ്യുന്ന വിഷയത്തിൽ ഖുർആൻ പ്രദർശിപ്പിക്കുന്ന പരമാർത്ഥതല്പരതയെയാണതു സൂചിപ്പിക്കുന്നതു്; ഭാഷാപരമായ പ്രയോഗമര്യാദകൾക്കുപോലും ഖുർആൻ പ്രതിപാദനവിഷയത്തിൻെറ സത്യാവസ്ഥയെ പരിഗണിക്കുന്നുവെന്നതു ഇവിടെ സ്മരിക്കത്തക്കതാണു്.

39. ഇനി യാതൊരുത്തർ ധിക്കരിച്ചിരിക്കുന്നു,
കള്ളപ്പെടുത്തുകയും ചെയ്തിരിക്കുന്നു, നമ്മുടെ രേഖകളെ.
ആയവരാണ് അഗ്നിയുടെ കൂട്ടാളികൾ;
അവരതിൽ സ്ഥിരമായി നിവസിക്കുന്നവരാണ്.[68]

٣٩- وَالَّذِيْنَ كَفَرُوْا وَكَذَّبُوْا بِاٰيٰتِنَآ اُولٰۗىِٕكَ
اَصْحٰبُ النَّارِ ۚ هُمْ فِيْهَا خٰلِدُوْنَ ۝

ഗദ്യഭാഷ

39. ഇനി, നമ്മുടെ രേഖകളെ ധിക്കരിക്കയും കള്ളപ്പെടുത്തുകയും ചെയ്തവരെങ്കിൽ അവരാണ് നരകത്തിന്റെ കൂട്ടാളികൾ. അവർ അതിൽ സ്ഥിരമായി താമസിക്കുന്നവരാണ്.

68. ശാശ്വതമല്ലാത്ത സുഭിക്ഷതയെ വിട്ടിറങ്ങി ഭൂമിയിൽ പ്രവേശിക്കുന്നതുകൊണ്ടു മനുഷ്യന്നു ശാശ്വതമായ ജീവിതസുഖത്തിന്നായി പ്രവൃത്തിക്കുവാനുള്ള സന്ദർഭങ്ങൾ ലഭിക്കുന്നു; ശ്രമസാദ്ധ്യമായ ജീവിതസാക്ഷാൽക്കാരത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള വലിയൊരു യാത്രയാണതു; പക്ഷെ യാത്രചെയ്തുവെന്നതുകൊണ്ടുമാത്രം ലക്ഷ്യത്തിൽ ചെന്നുചേരണമെന്നില്ല; ലക്ഷ്യത്തിലേക്കു ചെന്നുചേരുവാൻ സഹായിക്കുന്ന ശരിയായ മാർഗ്ഗത്തിൽ കൂടിയായാൽ മാത്രമേ യാത്ര വിജയകരമാവുകയുള്ളു. ദൈവീകമായ നിവേദനങ്ങൾ മനുഷ്യന്നു തന്റെ ലക്ഷ്യത്തിലേക്കുള്ള നേർവഴി കാണിച്ചുകൊടുക്കുന്നതാണ്; നശിക്കാത്ത സംതൃപ്തിയിലേക്ക്, ജീവിതസാക്ഷാൽക്കാരത്തിലേക്ക്, യാത്രക്കാരനായ മനുഷ്യന്നു ദൈവനിവേദനങ്ങൾ വഴിതെളിക്കുന്നതുകൊണ്ടാണ് ദൈവീകമായ നിവേദനങ്ങളെ മാർഗ്ഗദർശങ്ങൾ എന്നു വിളിക്കപ്പെടുന്നതു. താല്ക്കാലികമായ സുഖാനുഭവങ്ങൾക്കുവേണ്ടിയുള്ളൊരു വിനോദയാത്രയല്ല, നേരെമറിച്ച ശാശ്വതമായ, സംതൃപ്തിയുടെ സാക്ഷാൽക്കാരത്തിലേക്കുള്ളൊരു ഗൗരവപൂർവ്വമായ കാൽവെപ്പാണ് മനുഷ്യന്നു നല്കപ്പെട്ടിരിക്കുന്ന ജീവിതമെന്നു മനസ്സിലാക്കി നമ്മൾ ജീവിക്കേണ്ടതാണ്; സത്യമായ മാർഗ്ഗദർശനങ്ങളെ പിൻപറ്റുകയാണെങ്കിൽ നമുക്ക് ലക്ഷ്യസ്ഥാനത്തെ പ്രാപിക്കുന്നതിൽ സംശയിക്കുവാനില്ല; പരാജയത്തെ സംബന്ധിച്ചുള്ള ഭീതിയോ നഷ്ടത്തെ സംബന്ധിച്ചുള്ള ഖേദമോ, അങ്ങിനെയാണെങ്കിൽ, നമ്മെ ബാധിക്കുകയില്ല.

യഥാർത്ഥമായ ജീവിതലക്ഷ്യത്തിൽ പ്രവൃത്തിക്കുന്നവരെ സംബന്ധിച്ചാണ് മുകളിൽ പ്രതിപാദിക്കപ്പെട്ടതു; എന്നാൽ മനുഷ്യന്റെ ജീവിതമൂല്യമായ സത്യത്തെ ധിക്കരിച്ചു, സാക്ഷാൽ സത്യമായ ദൈവത്തിന്റേതായ മാർഗ്ഗദർശനരേഖകളെ കള്ളപ്പെടുത്തി, ജീവിതയാത്ര കഴിച്ചുകൂട്ടിയ മനുഷ്യർക്കു ദഹിപ്പിക്കുന്ന ദുരിതത്തിന്റേതായ നരകാഗ്നിയാണ് ലഭിക്കുക; ഭൂമിയിൽനിന്നു സമ്പാദിച്ചതാകയാൽ നരകയാതനയും ശാശ്വതമായിത്തന്നെയാണവർക്കു ലഭിക്കുക; അവർ നരകത്തിൽതന്നെയാണ് സ്ഥിരമായി നിവസിക്കുക.

ശാശ്വതമായ സംതൃപ്തിയിലേക്കു പോകുവാൻ കൂട്ടാക്കിയില്ലെങ്കിൽ ശാശ്വതമായ ദുരിതത്തിലേക്കു ചെന്നു വീഴാതെ മനുഷ്യന്നു ഗത്യന്തരമില്ലെന്നു ഖുർആൻ ഇവിടെ മുന്നറിവു കൊടുക്കുന്നു; മനുഷ്യൻ കളിയിലോ, കാര്യത്തിലോ ജീവിക്കുന്നു; കളിക്കോ കാര്യത്തിന്നോ മരിക്കുന്നു; മനുഷ്യന്റെ പ്രവൃത്തികൾ ഭൂമിയിൽവെച്ചു പര്യവസാനിക്കുന്നു; പ്രവൃത്തികളുടെ ഫലങ്ങൾ നശിക്കുന്നില്ല; മനുഷ്യന്റെ ഭൗമികജീവിതത്തിന്റെ ദൂരവ്യാപകമായ കാര്യഗൗരവത്തെക്കുറിച്ചു ഖുർആൻ നമ്മെ തട്ടിയുണർത്തുന്നു. ശാശ്വതമായ സംതൃപ്തിയെ സമ്പാദിക്കുവാൻ നല്കപ്പെട്ട സന്ദർഭങ്ങൾ ദുരുപയോഗപ്പെടുത്തിയാൽ, ശാശ്വതമായ ദുരിതത്തിലാണ് മനുഷ്യൻ ചെന്നെത്തുക; മനുഷ്യന്നു മറ്റൊരു പോംവഴിയില്ല. കൈയിൽ കിട്ടിയ സുഭിക്ഷതയെ വിട്ടു സ്ഥിരമായ സംതൃപ്തിയെത്തേടി പുറപ്പെട്ട മനുഷ്യൻ, നീക്കമില്ലാത്ത നരകയാതനയാണ് സമ്പാദിക്കുന്നതെങ്കിൽ, കൂടുതൽ നിർഭാഗ്യകരമായി മറ്റെന്തുണ്ട്? നരകാഗ്നിയെസംബന്ധിച്ച വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 24ഉം കുറിപ്പും നോക്കുക.

"ആയാത്തുൻ" എന്ന ശബ്ദം ആയത്തുൻ എന്നതിന്റെ ബഹുവചനമാണ്. രേഖകൾ എന്നു ഇതിന്നു പരിഭാഷ നല്കപ്പെടുന്നു. ആദ്യമായിട്ടാണ് ഇവിടെ ഇതു നമുക്കു വായനാവിഷയമാകുന്നതു്. ഖുർആനിൽ ഈ വാക്കു പല സ്ഥാനങ്ങളിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ടു്. സന്ദർഭ ഭേദങ്ങൾക്കനുസരിച്ചു വ്യത്യസ്തങ്ങളായ വസ്തുതകളെയവ കുറിക്കുന്നു. "ആയത്തുൻ" എന്ന വാക്കിന്റെ പ്രാഥമീകമായ അർത്ഥം ഒരു വ്യക്തമായ അടയാളം അല്ലെങ്കിൽ കുറി എന്നാണ്; (ഇമാം റാഗിബ്). അതിനാൽ ഒരു വസ്തുത അറിയപ്പെടുന്നതായിത്തീരു

## സന്ധി 5

## ഇസ്രാഈൽ സന്തതികളുടെ ചുമതലകൾ

(അവർക്ക് അരുളപ്പെട്ട അനുഗ്രഹങ്ങൾ. അവരോട് ചെയ്യപ്പെട്ട പ്രതിജ്ഞ. ഖുർആൻ അവതരിച്ചപ്പോൾ അതു നിറവേററപ്പെട്ടു. അവർതന്നെ അതിനെ ധിക്കരിക്കാൻ ആരംഭിച്ചുകൂടാത്തതാണ്. അതിലെ രേഖകൾ അമൂല്യങ്ങളാണ്. അതിന്നു എന്തു വില കിട്ടിയാലും അതിൻെറ അലൗകികമായ നിലയ്ക്കു നിസ്സാരമാണ്. സത്യമല്ലാത്തതിനെ ഭയന്നു വകവെച്ചുകൂടാത്തതാണ്. ശാസനകൾ. രണ്ടു മഹാ കർമ്മപദ്ധതികൾ. സ്വാത്മപരിശോധന. സഹായാർത്ഥനക്കുള്ള രണ്ടു പ്രായോഗിക മാർഗ്ഗങ്ങൾ. ജീവിതചര്യകൾ വിഘ്നമില്ലാതെ തുടർന്നുപോകുവാൻ കഴിവുള്ളവരുടെ സ്വഭാവ ചിത്രീകരണങ്ങൾ.)

40. ഇസ്രാഈലിൻെറ സന്തതികളെ,
നിങ്ങൾ സ്മരിക്കുവിൻ;
എൻെറ അനുഗ്രഹത്തെ;
യാതൊന്നിനെ ഞാൻ നിങ്ങൾക്കു തന്നരുളിയിരിക്കുന്നു.
നിങ്ങൾ നിറവേററുകയും ചെയ്യുവിൻ,
എന്നോടുള്ള പ്രതിജ്ഞയെ;
ഞാൻ നിറവേററുന്നതാണു; നിങ്ങളോടുള്ള പ്രതിജ്ഞയെ.
എന്നെയേ! നിങ്ങൾ, അതിനാൽ,
ഭയപ്പെടുകയും ചെയ്യാവൂ! എന്നെ (മാത്രം)[69]

۴۰- يٰبَنِيٓ اِسْرَآءِيْلَ اذْكُرُوْا نِعْمَتِيَ الَّتِيْٓ
اَنْعَمْتُ عَلَيْكُمْ وَاَوْفُوْا بِعَهْدِيْٓ اُوْفِ
بِعَهْدِكُمْ ۚ
وَاِيَّايَ فَارْهَبُوْنِ ۝

ഗദ്യഭാഷ

40. യിസ്രായേലിൻെറ സന്തതികളെ, ഞാൻ നിങ്ങൾക്കു തന്നരുളിയിരിക്കുന്ന, എൻെറ അനുഗ്രഹത്തെ നിങ്ങൾ സ്മരിക്കുകയും, എന്നോടുള്ള പ്രതിജ്ഞയെ നിങ്ങൾ നിറവേററുകയും ചെയ്യുവിൻ; നിങ്ങളോടുള്ള പ്രതിജ്ഞയെ ഞാൻ നിറവേററുന്നതാണ്; എന്നെ മാത്രമേ നിങ്ങൾ ഭയപ്പെടുകയും ചെയ്യാവൂ!

ന്നു; അങ്ങിനെ "ആയത്തുൻ" എന്നതു പ്രമാണം, തെളിവ്, അല്ലെങ്കിൽ അടയാളം എന്നീ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു രേഖയെക്കുറിക്കുന്നു; (തബ്‌രി). ഈ അർത്ഥത്തിൽ "ആയത്തുൻ" എന്ന വാക്ക് "മുഅ്ജിസത്തുൻ" എന്നു അറിയപ്പെടുന്ന അതിശയവസ്തുതകളെയാണ് വിവക്ഷിക്കുന്നതു. പക്ഷെ അതിശയവസ്തുതകളെക്കൂടി ഖുർആൻ പ്രതിപാദിക്കുന്നതു ആയത്തുകൾ=രേഖകൾ എന്ന പേരിലാണ്; അങ്ങിനെ ഖുർആൻ നമുക്കു ചിന്താവിഷയമാക്കിത്തീർക്കുന്ന വസ്തുതകൾ മനുഷ്യനെ അതിശയിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല; ഖുർആൻ കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശങ്ങളുടെ യാഥാർത്ഥ്യത്തെക്കുറിച്ചു തെളിവുകൊടുക്കുന്നതിനുള്ളവയാണ്, എന്നു നമ്മെ അതു സ്മരിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ വളരെ സാധാരണയായി, ആയത്തുൻ എന്നവാക്ക് ഖുർആനിൽ ഉപയോഗിക്കപ്പെടുന്നതു സന്ദേശങ്ങൾ അല്ലെങ്കിൽ നിവേദനങ്ങൾ എന്ന അർത്ഥത്തിലാണ്. ആ അർത്ഥത്തിൽതന്നെയാണ് ഖുർആനിൻെറ വചനങ്ങൾ എന്നറിയപ്പെടുന്ന പ്രാഥമികഘടകങ്ങൾ ആയത്തുകൾ എന്നു വിളിക്കപ്പെടുന്നതു.

ഖുർആനികവിജ്ഞാനത്തിൽ ആയത്തു എന്നതു ഒരു നിറുത്തിൽ, അല്ലെങ്കിൽ വിരാമത്തിൽ കൊള്ളുന്ന ഒരു ഖുർആൻമൊഴി അല്ലെങ്കിൽ ഒന്നിലേറെ മൊഴികൾ എന്നതിനെ കുറിക്കുന്നു. (തബരി).

എന്നാൽ ഏതു സന്ദർഭത്തിലും ആയത്തുൻ എന്ന ശബ്ദത്തിന്നു രേഖ എന്ന പരിഭാഷ അടിസ്ഥാനാർത്ഥമായിത്തന്നെ നിലകൊള്ളുന്നുവെന്നു കാണാവുന്നതാണ്. സന്ദർഭങ്ങൾക്കനുസരിച്ചു രേഖ എന്ന ശബ്ദവും അർത്ഥഭേദങ്ങളെക്കുറിക്കുന്നുണ്ടെന്ന വസ്തുതയും സ്മരിക്കത്തക്കതാണ്. കൂടുതൽ വിശദീകരണത്തിന്നു കുറിപ്പ് 1ൽ രണ്ടാമത്തെ ഖണ്ഡിക നോക്കുക.

69. മനുഷ്യന്നു പൊതുവായി നല്കപ്പെട്ട ഗുണാധികാരങ്ങളെ വിസ്തരിച്ച കൂട്ടത്തിൽ മനുഷ്യൻെറ ജീവിതയാത്രയെ വിജയിപ്പിക്കുവാനായി മനുഷ്യവർഗ്ഗത്തോട് മൊത്തത്തിൽ ചെയ്യപ്പെട്ടിരിക്കുന്ന മാർഗ്ഗദർശനപ്രതിജ്ഞയെ

പ്പററി പ്രതിപാദിക്കയുണ്ടായി; മനുഷ്യന്റെ സൃഷ്ടിയുടെ കഥയിൽകൂടിയാണതു വിസ്തരിച്ചതു; അതിനെത്തുടന്നു മനുഷ്യകുഡുംബത്തിലെ ഒരു പ്രധാനാംഗമായ യിസ്രായേലിന്റെ സന്തതികളെ ഖുർആൻ നേരിട്ടു സംബോധന ചെയ്യുന്നു. അവർ അനുഭവിച്ചിരുന്ന അനുഗ്രഹങ്ങളുടെ അനുസ്മരണത്തിന്നു അതു അവരോടു ആവശ്യപ്പെടുന്നു; അതിന്നിടയിൽ അവ, അവരുടെ സ്വന്തമല്ല; അവ സാക്ഷാൽ സത്യമായ ദൈവത്തിന്റേതാണു്. അവൻ അവർക്കു അവയെ അനുഗ്രഹമായി അരുളിയതാണു് എന്നുകൂടി പ്രസ്താവിക്കുന്നു. അവർക്കു നല്കപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങളെ ഉചിതമായി ഉപയോഗിക്കുവാൻ അവർ അനുഗ്രഹദായകനായ ദൈവത്തോടു് പ്രതിജ്ഞാബദ്ധരാണു്; അതു അവർതന്നെ നിറവേററുകയാണു് അവരുടെ ഭാഗത്തുനിന്നു അവർ ചെയ്യേണ്ടതു. അപ്പോൾ അവരോടു് സാക്ഷാൽ സത്യമായ ദൈവത്തിന്നുള്ള പ്രതിജ്ഞ അവൻ നിറവേററുന്നതായി അവർക്കു അനുഭവപ്പെടുന്നതാണു്; ഖുർആനിന്റെ അവതരണത്താൽ, അവരോടുള്ള പ്രതിജ്ഞ നിറവേററപ്പെട്ടിരിക്കുന്നു; അതിൽ അവർക്കും അവരല്ലാത്തവർക്കുമുള്ള, മാർഗ്ഗദർശനമുണ്ടു്. അതിനെ അവർ അനുസരിക്കുകയാണെങ്കിൽ അവരുടെ ജീവിതയാത്ര അതിന്റെ ലക്ഷ്യത്തിൽ ചെന്നുചേരുന്നതാണു്; അപ്പോൾ ഭൂതകാലത്തെ സംബന്ധിച്ച ദുഃഖവും ഭാവിയെ സംബന്ധിച്ചുള്ള ഭീതിയും അവരിൽനിന്നു ഒഴിഞ്ഞുപോകുന്നതാണു്; മനുഷ്യകുഡുംബത്തിലെ പ്രാമാണികനായ ഒരു വ്യക്തിയുടെ സന്തതികളെന്ന നിലക്കു, മനുഷ്യവർഗ്ഗത്തിന്റെ മഹത്തായ ജീവിതലക്ഷ്യത്തിലേക്കു യാത്രചെയ്യുന്നവരോടുകൂടെ യോജിക്കുന്നതിൽ മുന്നിട്ടുപ്രവർത്തിക്കയാണവർ ചെയ്യേണ്ടതു. ഗോത്രപരമായ നിലനില്പു് നഷ്ടപ്പെടുന്നതിനെ ഭയന്നുകൊണ്ടു സത്യത്തെ മറച്ചുപിടിക്കുകയാണെങ്കിൽ നിരന്തരമായ നാശത്തിലേക്കാണവർ ചെന്നുവീഴുക. സാക്ഷാൽ സത്യമായ ദൈവത്തെ മാത്രമേ ഭയപ്പെടാവൂ! സത്യത്തെ ഭയപ്പെടുകയാണെങ്കിൽ ലോകത്തെ ഭയപ്പെടേണ്ടിവരികയില്ല. ഗോത്രം, വർഗ്ഗം, സമുദായം മുതലായവയുടെ പേരിലുള്ള താല്ക്കാലികഭീതികൾ സത്യത്തിന്നു പ്രതികൂലമായിത്തീരുമ്പോൾ സത്യതല്പരനായ മനുഷ്യൻ സ്വീകരിക്കേണ്ട നിലയെ ഖുർആൻ ഇവിടെ വ്യക്തമാക്കുന്നതു നോക്കുക.

ഇസ്രാഈൽ എന്നതു, "യഅ്ഖൂബ്"നബി(അ)യുടെ മറെറാരു പേരാകുന്നു; ഇസ്രാഈൽ എന്നുകൂടി വിളിക്കപ്പെടുന്ന യഅ്ഖൂബ് (അ) ഇസ്ഹാഖി(അ)ന്റെ പുത്രനാണു്; ഇസ്ഹാഖ് (അ) ഇബ്രാഹിമി(അ)ന്റെ ആദ്യത്തെ ഭാര്യയിലുണ്ടായ പുത്രനാണു്. ഇബ്രാഹിമി(അ)ന്റെ പിൻമുറകളിൽ, യഅ്ഖൂബിന്റെ സന്തതികളിൽനിന്നു തുടൻപോന്ന മനുഷ്യവിഭാഗത്തെയാണു് ഖുർആൻ ഇസ്രാഈൽ സന്തതികൾ എന്നു സംബോധന ചെയ്യുന്നതു. പ്രാചീന വേദഗ്രന്ഥങ്ങളിൽ ഇസ്രാഈൽ സന്തതികൾ, യഹോവയായ ദൈവത്തോടു ചെയ്തിട്ടുള്ള പ്രത്യേകമായ പ്രതിജ്ഞ വ്യക്തമാക്കപ്പെട്ടിട്ടുള്ളതു സ്മരണീയമാണു്.

"യഹോവ നിനക്കു ദൈവമായിരിക്കുമെന്നും നീ അവന്റെ വഴികളിൽ നടന്നു അവന്റെ ചട്ടങ്ങളും കല്പനകളും വിധികളും പ്രമാണിച്ചു, അവന്റെ വചനം അനുസരിക്കേണമെന്നും നീ ഇന്നു അരുളപ്പാടു കേട്ടിരിക്കുന്നു. യഹോവ അരുളിച്ചെയ്തതുപോലെ നീ അവന്നു സ്വന്തജനമായി അവന്റെ സകല കല്പനകളും പ്രമാണിച്ചു നടക്കുമെന്നും താൻ ഉണ്ടാക്കിയ സകല ജാതികൾക്കും മീതെ, നിന്നെ പുകഴ്ചക്കും കീർത്തിക്കും മാനത്തിന്നുമായി ഉന്നതമാക്കേണ്ടതിന്നു താൻ കല്പിച്ചതുപോലെ നിന്റെ ദൈവമായ യഹോവെക്കു വിശുദ്ധജനമായിരിക്കുമെന്നും ഇന്നു നിന്റെ വാമൊഴി വാങ്ങിയിരിക്കുന്നു" (ആവർത്തനം 26ൽ 17 മുതൽ 19വരെ).

തങ്ങളുടെ ഗോത്രപരമായ പൗരോഹിത്യമനസ്ഥിതികൊണ്ടുളവായ സ്വാർത്ഥതല്പരതയും വേറിട്ടുള്ള നിലനില്പിനെ സംബന്ധിച്ചുള്ള ഭീതിയും കൈവെടിഞ്ഞിരുന്നെങ്കിൽ യിസ്രയേല്യർ (യഹൂദർ ക്രിസ്ത്യാനികൾ തുടങ്ങിയവർ) ഖുർആനിന്റെ സത്യാവസ്ഥയുടെനേരെ കണ്ണടച്ചു കഴിച്ചുകൂട്ടുമായിരുന്നില്ല; അങ്ങിനെ, തങ്ങളിൽനിന്നു വാങ്ങപ്പെട്ട വാമൊഴിയുടെ—പ്രതിജ്ഞയുടെ—നിർവ്വഹണത്തിൽ പരാജയപ്പെടുമായിരുന്നില്ല. സത്യത്തെ മാനിച്ചു സത്യത്തിന്നു സ്വയം സമർപ്പിച്ചു ശാശ്വതമായ സംതൃപ്തിയെ ലക്ഷ്യമാക്കി മിഥ്യാഭീതിയില്ലാതെ ജീവിതയാത്രചെയ്യുന്ന മഹത്തായ മനുഷ്യമഹാസമുദായത്തിൽ ലയിക്കുന്നതിന്നു വിസമ്മതിക്കുമായിരുന്നില്ല. മനുഷ്യത്വത്തിന്റെ പൂർത്തീകാരത്തിലേക്കു വളൻചെല്ലുന്നതിന്നു സത്യത്തെ നിരുപാധികമായി സ്വീകരിക്കുന്നതിന്നു പ്രതിജ്ഞചെയ്തവർതന്നെ സത്യത്തെ ധിക്കരിക്കുന്നതിന്നു മുൻകയ്യെടുത്തുവെന്ന നിർഭാഗ്യകരമായ ചരിത്രസംഭവങ്ങൾക്കു് സംഗതിയാകുമായിരുന്നില്ല.

തങ്ങളുടെ പ്രവാചകന്മാർ പ്രദർശിപ്പിച്ചിട്ടുള്ള സത്യനിഷ്ഠയും സ്വാർത്ഥവർജ്ജനയും മാർഗ്ഗദർശികളായ പ്രസ്തുത പ്രവാചകന്മാരുടെ പിൻഗാമികളായി നടിക്കുന്ന പുരോഹിതന്മാർ പിന്തുടർന്നിരുന്നുവെങ്കിൽ, മനുഷ്യസമുദായത്തെ നാമിന്നു് കാണുന്നപോലെ പിച്ചിച്ചീന്തിയനിലയിൽ, അതു ചെന്നുവീഴുമായിരുന്നില്ല.

പഴയ നിയമങ്ങളുടെ (തൗറാത്തിൻെറ) സമ്പാദകനായ മോശെ (മൂസാ: അ:) യിസ്രായേല്യരുടെ പ്രവാചകനാണു്; മനുഷ്യൻെറ യാത്രാമദ്ധ്യത്തിലെ പ്രധാനപ്പെട്ടൊരു മാർഗ്ഗദർശകനാണു്; സത്യവാനാണു്; തൻെറ പിറകെയൊരു മാർഗ്ഗദർശി വരുന്നതായി തൻെറ ജനങ്ങളെ ബോധിപ്പിക്കുവാൻ സാക്ഷാൽ സത്യമായ ദൈവത്തിൽ നിന്നു ലഭിച്ച ശാസന തൻെറ പിൻഗാമികളെ മൂസ (അ) യാതൊന്നും മറച്ചുവെക്കാതെ ധരിപ്പിച്ചിട്ടുണ്ടു്. "അന്നു് യഹോവ എന്നോടു് അരുളിച്ചെയ്തതു എന്തെന്നാൽ, അവർ പറഞ്ഞതു ശരി. നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എൻെറ വചനങ്ങളെ അവൻെറ നാവിന്മേൽ ആക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എൻെറ നാമത്തിൽ പറയുന്ന എൻെറ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും" (ആവർത്തനം 18ൽ 17മുതൽ 19വരെ)

പക്ഷെ, യേശു (ഈസാ, അ:)വിൻെറ സത്യാവസ്ഥയെ യഹൂദർ സമ്മതിച്ചില്ല; യഹൂദന്മാർ മോശയെവിട്ടു പുരോഹിതന്മാരെ പിൻപററുകയാണതുകൊണ്ടു് ചെയ്തതു; എന്നാൽ പുരോഹിതന്മാരുടെ പിടിയിൽനിന്നു രക്ഷപ്പെട്ട ചിലർ ഈസാ (അ:) കൊണ്ടുവന്ന സത്യമായ മാർഗ്ഗദർശനത്തെ പിൻതുടർന്നു. പക്ഷെ മനുഷ്യൻെറ വളച്ച് പരിപൂർണ്ണതയെ പ്രാപിക്കുവാൻ പിന്നെയും കാലമെടുക്കേണ്ടതുണ്ടായിരുന്നു. മനുഷ്യസമുദായത്തിന്നു താൻ കൊണ്ടുവന്നിട്ടുള്ളതിൻെറകൂടെ പിന്നെയും മാർഗ്ഗദർശനങ്ങൾ ലഭിക്കേണ്ടിയിരുന്നതു യേശു (ഈസാ അ:) വ്യക്തമാക്കാതിരുന്നില്ല. നിങ്ങൾ എൻെറ നാമത്തിൽ എന്നോടു് അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തുതരും. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എൻെറ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിൻെറ ആത്മാവു് എന്ന മറെറാരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കുതരും.(യോഹന്നാൻ 14ൽ 14മുതൽ 17വരെ)

മോശെയുടെ ശരിയായ പിന്തുടർച്ചക്കാർ മോശെയുടെ പിറകെ യേശുവിനെ പിൻപററി സത്യത്തിന്നു സമർപ്പിച്ചു ജീവിച്ചു; സത്യത്തെ സ്വീകരിക്കുന്നതിൽ വൈമനസ്യമുള്ളവർ പുരോഹിതന്മാരുടെ പിടിയിൽ യഹൂദമതക്കാരായി മാറിനിന്നു; പക്ഷെ മാർഗ്ഗദർശനത്തിൻെറ പൂർത്തീകാരമായ ഖുർആനിൻെറ സത്യരേഖകളുമായിവന്ന പ്രവാചകനെ കണ്ടപ്പോൾ യേശുക്രിസ്തുവിൻെറ പിൻഗാമികൾ, ക്രിസ്തു പഠിപ്പിച്ച സത്യനിഷ്ഠയെവിട്ടു ക്രിസ്ത്യാനികളായി മാറിപ്പോവുകയാണുണ്ടായതു; പഴയ നിയമക്കാരുടെ ഭീതി കാലാന്തരത്തിൽ പുതിയ നിയമക്കാരെക്കൂടി കീഴ്പെടുത്തിക്കളഞ്ഞു; സംഗതമല്ലാത്തൊരു ഭീതിയാണിതു; സ്വാർത്ഥത്തെയല്ല സത്യത്തെയാണു് മനുഷ്യൻ ഭയപ്പെടേണ്ടതു്; സത്യത്തോടു പരമ്പരയായി പ്രതിജ്ഞാബദ്ധരായ യിസ്രായേല്യർ പ്രത്യേകിച്ചുംതന്നെ.

ഇസ്രാഈൽ എന്നതു "യിസ്റായേൽ" എന്ന ഹിബ്രുഭാഷാ പദത്തിൻെറ അറബിരൂപമാണു്; അബ്ദുൽ ഇലാഹ് എന്ന അറബിപദബന്ധത്തിന്നു തുല്യമാണു് ഇതിൻെറ അർത്ഥം. യിസ്റാ=അബ്ദ=ദാസൻ + യേൽ= അൽ ഇലാഹി=ദൈവത്തിൻെറ (ദൈവത്തിൻെറ ദാസൻ).

ബനൂ ഇസ്രാഈൽ" എന്നതിന്നു യിസ്രായേലിൻെറ പുത്രന്മാർ എന്നാണു് പദാനുപദമായ പരിഭാഷ. പുത്രന്മാരോടുകൂടെ പുത്രിമാരെയും, അവരുടെ രണ്ടു കൂട്ടരുടേയും പിൻമുറകളേയും വിവക്ഷിക്കുന്നതിനാൽ ബനൂ എന്ന ശബ്ദത്തിന്നു സന്ദർഭോചിതമായി സന്തതികൾ എന്നാണു് ഭാഷാന്തരപ്പെടുത്തിയിരിക്കുന്നതു്.

ലോകത്തിൽ സത്യാന്വേഷികളുടെ നിലയ്ക്കു യിസ്രായേല്യർക്കു് നല്കപ്പെട്ട സന്ദർഭങ്ങൾ, തന്മൂലമുണ്ടായ ജ്ഞാനശേഖരണ തല്പരത, തങ്ങളുടെ ഗോത്രത്തിൽ പല പ്രവാചകന്മാരുടെ വരവു, ധിക്കാരികളായ ഫറവോൻമാരുടെ പിടിയിൽനിന്നുള്ള മോചനസിദ്ധി, കൻആൻ പ്രദേശത്തിൻെറ ആധിപത്യം തുടങ്ങിയ നേട്ടങ്ങളെയാണു് അവക്കു അരുളപ്പെട്ട അനുഗ്രഹങ്ങൾ എന്നു പറഞ്ഞതു്. അല്ലാഹു അവരോടു ചെയ്തിട്ടുള്ള കരാറിൻെറ വിശദീകരണത്തിന്നു സംഹിത 5ൽ രേഖകൾ 12, 65, 66 നോക്കുക. ധിക്കാരികളായ ഫറവോൻമാരുടെ കടുംകൈകളിൽനിന്നു മോചിപ്പിക്കപ്പെട്ട ജനങ്ങൾ സ്വാർത്ഥ ഭീരുക്കളായ പുരോഹിതന്മാരുടെ ഭയത്തിലാണ

41. നിങ്ങൾ വിശ്വസിക്കയും ചെയ്യിൻ
ഞാൻ അവതരിപ്പിച്ചതിൽ;
നിങ്ങളുടെ പക്കലുള്ളതിനെ
പരമാൎത്ഥീകരിക്കുന്നതായിട്ടു്.
നിങ്ങൾ ആവുകയുംചെയ്യരുതു്;
അതിനെ ധിക്കരിക്കുന്നവനിൽ ആദ്യത്തേതു.
നിങ്ങൾ വാങ്ങുകയും ചെയ്യായ്യിൻ,
എന്റെ രേഖകൾക്കു പകരമായിട്ടു്;
കുറഞ്ഞതായ ഒരു വിലയെ.
അപ്പോൾ എന്നെ (മാത്രമെ) നിങ്ങൾ ഭയന്നു
സൂക്ഷിക്കയും ചെയ്യാവൂ! എന്നെ(മാത്രം!)[70]

٤١- وَ اٰمِنُوْا بِمَآ اَنْزَلْتُ مُصَدِّقًا لِّمَا مَعَكُمْ
وَلَا تَكُوْنُوْٓا اَوَّلَ كَافِرٍ بِهٖ ۠ وَلَا تَشْتَرُوْا
بِاٰيٰتِيْ ثَمَنًا قَلِيْلًا ۡ
وَ اِيَّايَ فَاتَّقُوْنِ ○

ഗദ്യഭാഷ

41 നിങ്ങളുടെ പക്കലുള്ളതിനെ പരമാൎത്ഥപ്പെടുത്തുന്നതായി, ഞാൻ അവതരിപ്പിച്ചിട്ടുള്ളതിനെ നിങ്ങൾ വിശ്വസിക്കയും ചെയ്യിൻ; അതിനെ നിഷേധിക്കുന്നവരിൽ ആദ്യത്തവൻ നിങ്ങളാവുകയുമരുതു. എന്റെ രേഖകൾക്കു പകരമായി ചുരുങ്ങിയതായ ഒരു വിലയെ നിങ്ങൾ വാങ്ങുകയും ചെയ്യായ്യിൻ; അപ്പോൾ എന്നെ മാത്രമേ നിങ്ങൾ ഭയന്നു സൂക്ഷിക്കുകയും ചെയ്യാവൂ! എന്നെ മാത്രം!

ചെന്നു വീണതെങ്കിൽ വളരെ ദൗർഭാഗ്യകരമായൊരു വീഴ്ചയാണതു്. എന്നെ മാത്രമെ നിങ്ങൾ ഭയപ്പെടാവൂ എന്നതു അവർക്കു ഈ ശാസന ലഭിക്കുന്ന സമയത്തു ഭീതിയുണ്ടെന്നു തെളിയിക്കയും എന്നാൽ ആ ഭീതി അസ്ഥാനത്താണെന്നു അവരെ ഉണൎത്തുകയും ചെയ്യുന്നു. എന്നിട്ടു യഥാൎത്ഥഭീതിയുടെ കൎമ്മസ്ഥാനത്തെ ചൂണ്ടിക്കാണിക്കയും ചെയ്യുന്നു; മനുഷ്യന്നു ഭീതിയുടെ ആവശ്യവും അതു അസ്ഥാനത്തു ഉപയോഗിച്ചാലുണ്ടാകുന്ന അനന്തരഫലങ്ങളും ഗ്രഹിക്കുവാൻ നമ്മെയിതു സന്നദ്ധമാക്കുന്നു.

70. യിസ്രായേല്യരുടെ ഭീതിയെ യഥാൎത്ഥ കൎമ്മസ്ഥാനത്തേക്കു് നയിക്കുവാൻ ശാസിച്ചതിന്നു പിറകെ മറ്റൊരു ശാസനകൂടെ അവർക്കു നല്കപ്പെടുന്നു; വിശ്വസിക്കുവിൻ എന്നതന്നെ. എന്നിട്ടു വിശ്വസിക്കപ്പെടേണ്ട വസ്തുവിനെ അതിന്റെ അർഹതയുടെ വശത്തുകൂടി വ്യക്തമാക്കുന്നു. ഖുർആനിനെ എന്നു പറയുന്നതിന്നു പകരമായി ഞാൻ അവതരിപ്പിച്ചിട്ടുള്ളതിനെ, എന്നിങ്ങനെ പ്രതിപാദിച്ചിരിക്കുന്നതു നോക്കുക; സാക്ഷാൽ സത്യമായ ദൈവത്താൽ അവതരിപ്പിക്കപ്പെട്ടതു എന്നതുകൊണ്ടു തന്നെ യിസ്രായേല്യർ ഖുർആനിൽ വിശ്വസിക്കേണ്ടവരാണെന്ന വസ്തുതയെ അതു പ്രധാനമായി അവരുടെ ശ്രദ്ധയിൽ പെടുത്തുന്നു. അതിനെത്തുടൎന്നു മറ്റൊരു സംഗതികൂടെ അവരെ അറിയിക്കുന്നു; ഖുർആനിന്റെ വിശ്വാസാൎഹതയെ യിസ്രായേല്യരുടെ ദൃഷ്ടിയിൽ പ്രത്യേകമായി വെളിപ്പെടുത്തുന്നതായൊരു വസ്തുതയാണതു്. നിങ്ങളോടു കൂടെയുള്ള സത്യശാസനകളെ പരമാൎത്ഥപ്പെടുത്തുന്ന വസ്തുവിനെ നിങ്ങൾ പ്രത്യേകമായി വിശ്വസിക്കേണ്ടവരാണു് എന്നു അതു അവരെ ഉൽബോധിപ്പിക്കുന്നു. എന്നാൽ ഭയപ്പെടുക, വിശ്വസിക്കുക എന്നിങ്ങനെയുള്ള നിൎമ്മാണപരമായ, ഭാവരൂപത്തിലുള്ള, ശാസനകളാണു് യിസ്രായേല്യൎക്കു ഇതുവരെ നല്കപ്പെട്ടതു്. പക്ഷെ, സത്യത്തിന്നു മാത്രമായിരിക്കേണ്ട ഭീതി സ്വാൎത്ഥത്തിന്നുവേണ്ടി കൈക്കൊണ്ടിരിക്കുന്ന യിസ്രായേല്യർ, കല്പനകളെ പ്രവൃത്തിയിൽ വിപരീതപ്പെടുത്തുന്നതിനെ ഖുർആൻ ഗൗരവത്തോടുകൂടെ വീക്ഷിക്കുന്നു. ഭാവരൂപത്തിലുള്ള ശാസനകൾ നിഷേധരീതിയിലുള്ള നിരോധനങ്ങളായി മാറുന്നതു നോക്കുക; സ്വാൎത്ഥഭീതികൊണ്ടു യിസ്രായേല്യർ ചെയ്തുകൊണ്ടിരുന്ന വിരുദ്ധവൃത്തി ഒന്നിന്നു പിറകെ മറ്റൊന്നായി അതു ചൂണ്ടിക്കാണിക്കുകയാണു് അതുകൊണ്ടു ചെയ്തിരിക്കുന്നതു്.

തങ്ങളുടെ പക്കലുള്ള സത്യശാസനകളെ പരമാൎത്ഥപ്പെടുത്തുന്നതു എന്ന നിലക്കു് പ്രത്യേകതാല്പൎയ്യത്തോടുകൂടി വിശ്വസിക്കുന്നതിൽ മുന്നിട്ടുനില്ക്കേണ്ടതിന്നു പകരമായി, ഖുർആനിനെ ധിക്കരിക്കുന്നതിൽ മുൻകയ്യെടുത്തു പ്രവൎത്തിക്കയാണവർ ചെയ്യുന്നതു; യിസ്രായേല്യരുടെ സത്യാവസ്ഥ വെച്ചു നോക്കുമ്പോൾ തീരെ സംഗതമല്ലാത്തൊരു വൈപരീത്യമാണിതു്. എന്നാൽ ഈ വൈപരീത്യത്തിന്നു കാരണമുണ്ടാവണമല്ലോ? മുൻരേഖയുടെ പ

| | |
|---|---|
| 42. നിങ്ങൾ കുഴക്കുകയുമരുതു; സത്യത്തെ മിഥ്യയുമായിട്ടു്; സത്യത്തെ നിങ്ങൾ പൂഴ്ത്തിവെക്കയും ചെയ്യായ്യിൻ; നിങ്ങൾ അറിയുന്നുണ്ടായിരിക്കവേ.[71] | ٤٢. وَلَا تَلْبِسُوا الْحَقَّ بِالْبَاطِلِ وَتَكْتُمُوا الْحَقَّ وَأَنْتُمْ تَعْلَمُونَ ۝ |

ഗദ്യഭാഷ

42. നിങ്ങൾ അറിയുന്നുണ്ടായിരിക്കവേ, സത്യത്തെ മിഥ്യയുമായി കലത്തുകയും സത്യത്തെ പൂഴ്ത്തിവെക്കുകയും ചെയ്യുകയുമരുതു.

---

ര്യവസാനത്തിൽ സൂചിപ്പിക്കപ്പെട്ട സ്ഥാനം തെററിയ ഭീതിതന്നെയാണതിന്നു ഹേതു; ആ ഭീതിയുടെ പ്രവൃത്തിമൂലമായ ചേഷ്ടകൾ ഖുർആൻ തുടൎന്നു വിസ്തരിക്കുന്നതു ശ്രദ്ധിക്കുക.

ശാശ്വതമായ ജീവിതസംതൃപ്തിയിലേക്കു വഴികാണിക്കുന്ന സത്യരേഖകളെ നിസ്സാരമായ ഭൗതികലാഭത്തിന്നു വേണ്ടി വിററതിന്നുകയാണവർ ചെയ്യുന്നതു. സത്യത്തെ ഭയന്നു ദോഷബാധയെ സൂക്ഷിച്ചു ജീവിക്കേണ്ടസ്ഥാനത്തു് സ്വാൎത്ഥത്തെ ഭയന്നു താല്ക്കാലികമായ നിലനില്പിനെ സൂക്ഷിക്കയാണവർ ചെയ്യുന്നതു്. തങ്ങളുടെ ഭയത്തേയും സൂക്ഷിപ്പിനേയും വേണ്ടസ്ഥാനത്തേക്കു മാത്രമായി വിനിയോഗിക്കുകയാണെങ്കിൽ, സത്യത്തിന്നു സ്വയം സമൎപ്പിച്ച വിശ്വമഹാസമുദായമായി വളൎന്ന, ശാശ്വതമായ ലക്ഷ്യത്തിലേക്കു പ്രവൎത്തിച്ചുനീങ്ങുന്ന മനുഷ്യമഹാസമുദായത്തിൽനിന്നു വേർപെട്ടു മാറിനില്ക്കയില്ലവർ. യിസ്രായേല്യരെ സംബന്ധിക്കുന്ന നിരോധനങ്ങൾ ഖുർആൻ കൊണ്ടുവന്നിരിക്കുന്നതിൽനിന്നു നാം മനസ്സിലാക്കേണ്ട ചില വസ്തുതകൾകൂടിയുണ്ടു്. താല്ക്കാലികമായ നിലനില്പിന്റെപേരിലുള്ള ഭീതികൊണ്ടു യിസ്രായേല്യർ ഖുർആനിനെ ധിക്കരിക്കുന്നെങ്കിൽതന്നെ തങ്ങൾ പരമ്പരയായി കൈക്കൊണ്ടുവരുന്ന സത്യശാസനകളുടെ പൂൎത്തീകരണമെന്നനിലക്കു ഖുർആനിന്നു യിസ്രായേല്യരോടുള്ള ബന്ധത്തെ ഖുർആൻ വിഗണിക്കുന്നില്ല. മനുഷ്യൻ എന്തു സ്വീകരിക്കണമെന്നതിന്നാണു്, എങ്ങിനെ സ്വീകരിക്കുന്നുവെന്നതിന്നല്ല ഖുർആൻ അതിന്റെ ശാസനകളിൽ മുൻഗണന കൊടുക്കുന്നതു. മനുഷ്യന്നു സത്യത്തോടുള്ള ശാശ്വതമായ ബന്ധത്തെ മുൻനിറുത്തിക്കൊണ്ടാണു് ഖുർആൻ ധിക്കാരിയേയും വിശ്വാസിയേയും സ്വാൎത്ഥിക ഭീരുക്കളേയും തുല്യഭാവത്തിൽ സമീപിക്കുന്നതു. വൈപരീത്യങ്ങളെ തുടച്ചുമാററുവാൻ കഴിവുള്ള ഖുർആനിന്റെ പരിവൎത്തനശക്തിയെ സാക്ഷാൽക്കരിക്കയാണു് ഖുർആൻ ചെയ്യുന്നതു.

രേഖ 40ൽ ഭയപ്പെടാവൂ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "ഇൎഹബൂ" എന്ന പ്രയോഗത്തെയാണു്. ഈ ക്രിയ "റഹ്ബതൻ" എന്ന ധാതുവിൽനിന്നു ഉൽഭവിക്കുന്നു; പ്രതികൂലമായ പ്രവൃത്തിയിൽ പ്രവേശിക്കാതിരിപ്പാൻ പ്രേരിപ്പിക്കുന്ന ഭയത്തെയാണു് "റഹ്ബതൻ" എന്ന ധാതു കുറിക്കുന്നതു; "റഹിബ"=ഭയന്നു എന്നാൽ പ്രസ്തുത ക്രിയയുടെ കൎമ്മമായിവരുന്ന വസ്തുതയ്ക്കു പ്രതികൂലമായിട്ടുള്ള പ്രവൃത്തിയിൽ പ്രവേശിക്കുന്നതിൽ പേടിയുണ്ടായി എന്നാണൎത്ഥം. സ്വാൎത്ഥത്തിന്നു പ്രതികൂലമായി പ്രവൃത്തിക്കുന്നതിലല്ല സത്യത്തിന്നു പ്രതികൂലമായി പ്രവൃത്തിക്കുന്നതിലാണു് പേടിക്കേണ്ടതു എന്ന നിഗമനത്തെയതു കുറിക്കുന്നു. പ്രവൃത്തിക്കുവാനല്ല, പ്രവൃത്തിയിൽ പ്രവേശിക്കാതിരിക്കാനാണു ഇൎഹബൂ എന്നതിന്റെ പ്രേരണയെന്നു മനസ്സിലാക്കാവുന്നതാണു്; എന്നാൽ രേഖ 41ൽ ഇത്തഖൂ എന്ന ക്രിയയെ പരിശോധിക്കുക. തഖ്‌വാ; "ഇത്തിഖാഅൻ" എന്ന ധാതുവിൽനിന്നു അതു ഉത്ഭവിക്കുന്നു; കൎമ്മത്തിന്നു ഹിതമായതു ചെയ്യാതിരിക്കുന്നതിനെ പേടിക്കുക, ഹിതമല്ലാത്തതിൽ പെട്ടുപോകുന്നതിനെ സൂക്ഷിക്കുക എന്നിങ്ങനെ രണ്ടുവശങ്ങൾ ഉണ്ടു് ഈ ധാതുവിന്നു. നിൎമ്മാണപരമായ പ്രേരണയെക്കൂടി ഇതു കുറിക്കുന്നു; ഹിതമല്ലാത്തതു ചെയ്യാതിരിക്കുന്നതുകൊണ്ടുമാത്രം മതിയായില്ല; ഹിതമായതു ചെയ്യുകകൂടി വേണമെന്ന മഹത്തായ കൎമ്മശാസ്ത്രതത്വത്തെയാണു്, ഇൎഹബൂ എന്നതിന്നു ശേഷമായി പ്രയോഗിക്കപ്പെട്ടിരിക്കുന്ന "ഇത്തഖൂ" എന്ന ശാസന പ്രഖ്യാപിക്കുന്നതു്.

71. സത്യത്തിന്നു ഹിതമല്ലാത്തതു ചെയ്യാതിരിക്കയാണെങ്കിൽ മനുഷ്യന്നു സത്യമായതിനെ നിഷേധിക്കാൻ സാധിക്കയില്ല; വിശ്വസിക്കുവിൻ എന്ന ശാസന, അതിന്റെ സാദ്ധ്യത്തിൽ ധിക്കാരത്തെ നിരോധിക്കയാണു് ചെയ്യുതു; ഖുർആൻ യിസ്രായേല്യരെ സമീപിക്കുന്ന രീതി നോക്കുക; തങ്ങൾ ചെയ്യുന്ന പ്രവൃത്തികളുടെ ഹിതമില്ലായ്മയെക്കാണിക്കുന്ന ചില നിരോധങ്ങളാണു് പ്രഥമമായി യിസ്രായേല്യൎക്കു് നല്കുന്നതു; ചെയ്തുകൊണ്ടിരി

| | |
|---|---|
| 43. നിങ്ങൾ നിലനിൎത്തുകയും ചെയ്യിൻ; പ്രാർത്ഥനയെ; ദാനനികുതിയെ നിങ്ങൾ നല്കുകയും ചെയ്യിൻ. കുമ്പിടുന്നവരോടുകൂടി നിങ്ങൾ കുമ്പിടുകയുംചെയ്യിൻ[72] | ٤٣- وَأَقِيمُوا الصَّلَوٰةَ وَآتُوا الزَّكَوٰةَ وَارْكَعُوا مَعَ الرَّاكِعِينَ ○ |

ഗദ്യഭാഷ

43. നിങ്ങൾ പ്രാൎത്ഥനയെ നിലനിർത്തുകയും, നിയമിതമായ ദാനവിഹിതത്തെ കൊടുക്കുകയും, കുമ്പിടുന്നവരോടുകൂടെ കുമ്പിടുകയും ചെയ്യിൻ

ക്കുന്ന പ്രവൃത്തികളിൽനിന്നു വിരമിക്കുകയെന്നതല്ലാതെ പ്രഥമദൃഷ്ടിയിൽ യാതൊന്നുമതിൽ കാണുകയില്ല. സ്വാൎത്ഥത്തെ ഭയപ്പെടുന്നതു നിറുത്തി സത്യത്തെ ഭയപ്പെടുവാൻ തുടങ്ങുന്ന മനുഷ്യനിൽനിന്നു സ്വാഭാവികമായി വിട്ടുമാറേണ്ട പ്രവൃത്തികളെയാണു് ഖുർആൻ നിരോധിച്ചതു്. സത്യത്തിന്നു ഹിതമല്ലാത്തതു പ്രവൃത്തിക്കരുതെന്നുള്ള ശാസനയുടെ വിശദീകരണമാണു് പ്രസ്തുത നിരോധനങ്ങൾ കാണിക്കുന്നതു.

തുടൎന്നു ഹിതമായതു പ്രവൃത്തിച്ചേ മതിയാകൂ എന്നുള്ള നിഗമനത്തിലേക്കു, വിപുലമായ കൎമ്മപഥത്തിലേക്കു നയിക്കുകയായി; ജ്ഞാനമില്ലാതെ ചെയ്യുവാൻ സാധിക്കുന്ന കൎമ്മമില്ല, ജീവിതവൃത്തിയുമില്ല; ജ്ഞാനമാൎഗ്ഗത്തിൽ സ്വാൎത്ഥഭീതിയാൽ, യിസ്രായേല്യർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികളെ തുടർന്നു പരാമൎശിക്കുന്നതു നോക്കുക; സത്യ വിജ്ഞാനത്തെ മിഥ്യാബോധങ്ങളോടു കൂട്ടിക്കുഴച്ചു മറിക്കുക; കുഴച്ചുമറിക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ തീക്ഷ്ണമായി നില്ക്കുന്ന സത്യരേഖകളെ ജനദൃഷ്ടിയിൽനിന്നു മറച്ചുവെക്കുക, എന്നുതുടങ്ങി പുരോഹിതന്മാർ സ്വാൎത്ഥത്തിന്നുവേണ്ടി ജ്ഞാനമാൎഗ്ഗത്തിൽ ചെയ്തുകൊണ്ടിരുന്ന കൃത്രിമചേഷ്ടകളെ ഖുർആൻ നിരോധിക്കുന്നു. സത്യമായ കൎമ്മപഥത്തിലേക്കു നീങ്ങുന്ന മനുഷ്യന്നു വിലങ്ങുതടിയായി കിടക്കുന്ന പുരോഹിതവൃത്തിയുടെ കെടുതികളെയതു ചൂണ്ടിക്കാട്ടുന്നു; ജ്ഞാനമില്ലാത്ത പാമരജനങ്ങൾ ചെയ്യുന്ന, തെറ്റിദ്ധാരണകൊണ്ടുള്ള പ്രവൃത്തിയല്ല; ജ്ഞാനത്തെ പൊതുജനങ്ങൾക്കിടയിൽ കൈകാൎയ്യംചെയ്യുന്ന ജ്ഞാനികളായ പുരോഹിതന്മാർ, സ്വാൎത്ഥഭീതികൊണ്ടു ചെയ്യുന്ന ദുഷ്പ്രവൃത്തികളാണു് രേഖ 42ൽ നിരോധിക്കപ്പെട്ടിരിക്കുന്നതു്. ''നിങ്ങൾ അറിയുന്നുണ്ടായിരിക്കവേ'' എന്നു പൎയ്യവസാനിക്കുന്ന വാക്യാംശംകൊണ്ടു വ്യക്തമാക്കിയിരിക്കുന്നതു നോക്കുക.

72. സത്യത്തെ ഭയന്നു ദോഷബാധയെ സൂക്ഷിച്ചു ജീവിക്കുവാനുള്ള കൎമ്മശാസന നല്കിയതിൽപിന്നെ പ്രസ്തുതശാസന ജനങ്ങൾ നിറവേററുന്നതിന്നു പ്രതിബന്ധങ്ങൾ ചെയ്യുന്ന പുരോഹിതവൎഗ്ഗത്തിന്റെ ദുഷ്പ്രവൃത്തികളെ ഖുർആൻ ജനദൃഷ്ടിയിൽ പെടുത്തി; നിരോധനത്താൽ അവയെ ദുർബലപ്പെടുത്തുകയും ജനങ്ങളെ യാഥാൎത്ഥ്യങ്ങളുടെനേരെ തട്ടിയുണൎത്തുകയും ചെയ്തു; അതിനെത്തുടൎന്നു, രേഖ 43ൽ മുൻപറഞ്ഞ കൎമ്മശാസനയുടെ വിശദമായ ജീവിതപദ്ധതി ശാസനാരൂപത്തിൽ ജനങ്ങൾക്കു നല്കുന്നു; പ്രസ്തുത പദ്ധതിക്കു രണ്ടു പ്രധാനവകുപ്പുകൾ ചൂണ്ടിക്കാട്ടപ്പെട്ടിരിക്കുന്നതു ശ്രദ്ധിക്കുക; ഒന്നു പ്രാൎത്ഥനയെ നിലനിൎത്തുക എന്നതുതന്നെ. രണ്ടാമത്തേതു നിയമിതമായ ദാനനികുതി (സക്കാത്തു്) നല്കുകയെന്നതാണു്. പ്രാൎത്ഥനയുടെ വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 3ഉം കുറിപ്പുകളും നോക്കുക.

യിസ്രായേല്യർ മുമ്പിനാലെതന്നെ പ്രാൎത്ഥനകൾ ചെയ്തുകൊണ്ടിരുന്നവരാണു്; പക്ഷെ കാലക്രമത്തിൽ പ്രാൎത്ഥനയുടെ ചൈതന്യത്തെ —ദുഷ്കൎമ്മങ്ങളിൽനിന്നു മനുഷ്യനെ തട്ടിമാററി സല്കൎമ്മത്തിലേക്കു നയിക്കുന്നതായ പ്രതിരോധനശക്തിയെ—വിസ്മരിച്ചിരിക്കയാണവർ. പ്രാൎത്ഥിക്കുന്നില്ലാത്ത നിലയിലാണു് ഖുർആൻ യിസ്രായേല്യരെ കാണുന്നതു. ജീവിതത്തിൽ പ്രതിഫലിച്ചു കാണാത്ത പ്രാൎത്ഥന യഥാൎത്ഥ പ്രാൎത്ഥനയാവുകയില്ലല്ലോ? തങ്ങളുടെ പ്രാൎത്ഥന യഥാൎത്ഥമായിരുന്നെങ്കിൽ സാക്ഷാൽ സത്യമായ ദൈവത്തിന്നു കുമ്പിടുന്ന മററു മനുഷ്യരാശിയുടെകൂടെ ചേൎന്നുനിന്നു സത്യമായ തങ്ങളുടെ ദൈവത്തെ കുമ്പിടുവാൻ അവൎക്കു സാദ്ധ്യമായിരുന്നേനെ. സത്യത്തിന്റെ സേവകൊണ്ടു സമ്പാദിച്ച പൂൎവ്വകാലമഹിമ ഗോത്രത്തിന്റെ സ്വന്തമാണെന്നു തെററിദ്ധരിച്ചിരുന്ന പുരോഹിത സമുദായത്തിന്നു സത്യത്തിന്റെ പേരിൽ സഹകരിച്ചു പ്രവൃത്തിക്കുവാനുള്ള വിശാലമനസ്കത സിദ്ധിച്ചിരുന്നില്ല. ''കുമ്പിടുന്നവരോടുകൂടെ നിങ്ങൾ കുമ്പിടുവിൻ'' എന്ന ശാസന മേൽപറഞ്ഞ പരമാൎത്ഥത്തെ പ്രത്യക്ഷപ്പെടുത്തുന്നു.

‘‘സകാതുൻ’’ എന്ന പദത്തിന്നു വളർച്ച എന്നു അർത്ഥമാണ്; ധനത്തിന്റെ വളർച്ചയുടെ നിലയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു, വ്യക്തികൾ സാമൂഹ്യപുരോഗതിക്കുവേണ്ടി കൊടുത്തുവീട്ടേണ്ടതായ വകയുടെ പേരാണു സക്കാത്തു എന്നതു്. ധനത്തിന്റെ വളർച്ചയെ മാനദണ്ഡമാക്കിക്കൊണ്ടു് ചുമത്തപ്പെട്ട നിർബ്ബന്ധ ദാനനികുതിയാകയാലാണ് വളർച്ചയെന്നർത്ഥമുള്ളൊരു പദത്തെ പ്രസ്തുത നികുതിയെ കുറിക്കുന്നതിന്നായി ഖുർആൻ പ്രയോഗിച്ചിരിക്കുന്നതെന്നു മനസ്സിലാക്കാവുന്നതാണ്; ധനത്തിന്റെ വളർച്ചക്കനുസരിച്ചു, നിർബ്ബന്ധദാനത്തിന്റെ വീതങ്ങളെ, ധനത്തിന്റെ ഭിന്നവകുപ്പുകൾക്കു വേറെ വേറെയായി, ഖുർആനിന്റെ വിശുദ്ധപ്രബോധകനായ റസൂൽ (സ: അ) തന്റെ ജീവിതചര്യകൾ വഴി വ്യക്തമാക്കിയിട്ടുണ്ടു്. വിലകൾ (നാണ്യങ്ങൾ, അല്ലെങ്കിൽ വിനിമയമൂല്യങ്ങൾ) ധാന്യങ്ങൾ, കന്നുകാലികൾ മുതലായ ധനവിഭാഗത്തിന്നു വേറെ വേറെയായി സംഖ്യയുടെ വളർച്ചയനുസരിച്ചു പ്രത്യേകം പ്രത്യേകം നികുതിവ്യവസ്ഥകളുണ്ടു്. ലോകത്തിൽ ദാനത്തിന്റെ മഹിമയെപ്പററി പുകഴ്ത്തിപ്പറഞ്ഞിട്ടില്ലാത്ത വേദങ്ങളില്ല; ധർമ്മശാസ്ത്രങ്ങളുമില്ല. പക്ഷെ, ധനികരുടെ ദയാദൃഷ്ടിക്കു് ദരിദ്രരുടെ ദുസ്ഥിതിയെ വിഷയമാക്കുന്നതിൽ കൂടുതൽ യാതൊന്നും അവയ്ക്കു ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല; ഖുർആൻ മാത്രമാണ് ദാനത്തെ നിർബ്ബന്ധ നികുതിയുടെ നിലവാരത്തിലേക്കു് കൊണ്ടുവന്നതു്. ദയാദൃഷ്ടിയുടെ പ്രകടനമല്ല, മനുഷ്യരുടെയും തങ്ങളുടെ സ്വത്തുക്കളുടെയും സർവ്വാധിപനായ സ്രഷ്ടാവിന്റെ ശാസനയാണ്, ധനികനെക്കൊണ്ടു തന്റെ കൈവശമുള്ള സ്വത്തിൽനിന്നു കൊടുപ്പിക്കുന്നതെന്നു ഖുർആൻ ലോകത്തിന്നു വ്യക്തമാക്കി; സകലത്തിന്നുമതു ഒരു വ്യവസ്ഥിതിയുണ്ടാക്കി.

വിനിമയവസ്തുക്കളിൽ ഖുർആൻ ദാനനികുതി ചുമത്തിയിരിക്കുന്നതു വരുമാനത്തിന്മേലല്ല; മൂലധനത്തിന്മേലാണു; പക്ഷെ വരുമാനങ്ങൾ ക്ലിപ്തമായകാലത്തെ—പൂർണ്ണസംവത്സരത്തെ—പ്രാപിക്കുമ്പോൾ മൂലധനമായി മാറുന്നു. സംവത്സരങ്ങൾതോറുമതു ദാനനികുതിക്കു (സക്കാത്തിന്നു) വിഷയമായിത്തീരുകയും ചെയ്യുന്നു.

എന്നാൽ മൂലധനത്തിന്മേൽ നികുതി ചുമത്തിയാലുണ്ടാകുന്ന പ്രായോഗിക വിഷമതകളെ ഖുർആൻ ദൂരവ്യാപകമായ വിചക്ഷണബുദ്ധിയോടുകൂടെ നേരിട്ടിട്ടുണ്ടു്; വിനിമയയോഗ്യമായ വസ്തുക്കളെമാത്രമേ മൂലധനമായി ഖുർആൻ ഗണിക്കുന്നുള്ളു; ഭൂമിയുടെമേൽ ഖുർആൻ നികുതിചുമത്തിയിട്ടില്ലെന്നതു സർവ്വസമ്മതമായൊരു പരമാർത്ഥമാണ്; പക്ഷെ വിളകൾക്കു ദാനനികുതിയുണ്ടു്. വിളകൾ രണ്ടു തരമായിട്ടാണ് തിരിക്കപ്പെട്ടിരിക്കുന്നതു; വെള്ളം തേവാതെ കൃഷിചെയ്തുണ്ടാക്കുന്നതു; വെള്ളം തേവിയുണ്ടാക്കുന്നതു; വെള്ളം തേവാതെ സിദ്ധിക്കുന്ന വിളകളിൽ പത്തിലൊന്നും, വെള്ളം തേവിയുണ്ടാക്കുന്നവയിൽനിന്നു ഇരുപതിലൊന്നുമാണ് കൊടുക്കേണ്ടതു. സക്കാത്തു കൊടുത്തുകഴിഞ്ഞാൽ ശേഷമുള്ള വിള വ്യക്തിയുടെ സ്വന്തമാണ്; പിന്നെ വിളയുടെ നിലയിൽ മേല്പറഞ്ഞ മുതലിന്മേൽ സക്കാത്ത് കൊടുക്കേണ്ടതില്ല. പക്ഷെ മേല്പറഞ്ഞ നികുതിവീതങ്ങൾ നീക്കിവെക്കപ്പെട്ട വിളതന്നെ വ്യാപാരത്തിലിടുകയോ വിററുപണമാക്കുകയോ ചെയ്താൽ ആണ്ടു് അവസാനത്തിൽ രണ്ടാമതും അതു നിർബ്ബന്ധദാനത്തിന്നു വിഷയമായിത്തീരുന്നു. ഭൂമിയെ നിർബ്ബന്ധദാനത്തിൽനിന്നു മാററി നിറുത്തിയിരിക്കുന്നതു ഭൂമിയെ മൂലധനമായി ഖുർആൻ ഗണിക്കുന്നില്ലാത്തതുകൊണ്ടാണ്; ഭൂമി മൂലധനമാണെന്നുവെച്ചു, ധനശാസ്ത്രജ്ഞൻ, മൂലധനത്തിന്മേൽ നികുതി ചുമത്തുവാൻ സാദ്ധ്യമല്ലെന്നു ഭൂമിയെ ചൂണ്ടിക്കാട്ടിക്കൊണ്ടു വാദിക്കുമ്പോൾ ഭൂമി മൂലധനമല്ലെന്ന തത്വത്തിൽ, മൂലധനത്തിന്മേൽതന്നെ ഖുർആൻ ദാനനികുതി—സക്കാത്ത്—ചുമത്തുന്നു; മൃഗസ്വത്തുക്കൾക്കും വേറെ വേറെ ദാനനികുതിവീതങ്ങൾ ഉണ്ടു്.

ഭൂനികുതി, വില്പനനികുതി, വരുമാനനികുതി, മേൽവരുമാനനികുതി, മരണനികുതി തുടങ്ങിയ മനുഷ്യനെ ശ്വാസംമുട്ടിക്കുന്ന നികുതിനിയമങ്ങൾ ഖുർആനിന്റെ ദാനനികുതിയുടെ ലോകത്തിൽ കാണപ്പെടുകയില്ല. മൂലധനത്തിന്മേൽ നികുതി ചുമത്തുന്നതിന്നുള്ള പ്രായോഗിക വിഷമതയെ നേരിടുവാൻ ധനശാസ്ത്രജ്ഞന്മാർക്കു സാധിക്കാത്തതുകൊണ്ടു വന്നുകൂടിയ കെടുതികളാണവ; ഖുർആനിന്റെ ദാനനികുതികൊണ്ടു ചെയ്യുവാൻ സാധിക്കുന്ന വ്യവസ്ഥിതമായ പുരോഗതി മേൽപറഞ്ഞ നികുതികൾകൊണ്ടു സാധിക്കയില്ലതന്നെ.

എന്നാൽ വ്യാപാരവസ്തുവെന്ന നിലയിൽ സൂക്ഷിക്കപ്പെടുന്ന ഭൂമി കച്ചവടസാധനമാണെന്നതു വ്യക്തമാണ്; നെല്ലു പഞ്ചസാര തുടങ്ങിയ കച്ചവടസാധനങ്ങളെപ്പോലെ, അതിന്നും വർഷാവസാനത്തിൽ വിലയിരുത്തി സക്കാത്തു കൊടുക്കേണ്ടതാണ്; വിളകൾക്കുള്ളതുപോലെ കന്നുകാലികൾക്കും വിഭിന്നങ്ങളായ ദാനവകുപ്പുകൾ ഉണ്ടു്. അഞ്ചു ഒട്ടകത്തിന്നു ഒരു ആട്; അഞ്ചിൽ കുറഞ്ഞതിന്നു നികുതി ബാധകമല്ല. എന്നാൽ ഇരുപത്തഞ്ചു ഒട്ട

കമായാൽ അഞ്ചു ആടിനെ കൊടുത്താൽ മതിയാവുകയില്ല; ഒരു ഒട്ടകത്തെ തന്നെ കൊടുക്കണം. അഞ്ചിൽ കുറവായ ഒട്ടകങ്ങളെ മൂലധനരൂപമായ വിനിമയത്തുകയായി ഖുർആൻ ഗണിക്കുന്നില്ല. അതേ പ്രകാരംതന്നെ കന്നുകൾ (എരുമ, പോത്തു)കളും കാലി (പശു, കാള) കൾക്കും, 29 വരെയുള്ള തുകക്കു ദാനനികുതിയില്ല. 30 തികഞ്ഞാൽ ഒരു കന്നു് അല്ലെങ്കിൽ ഒരു കാലി; അവയ്ക്കു ചില പ്രായക്രമങ്ങൾകൂടിയുണ്ടു്. ആടുവർഗ്ഗത്തിൽ 39 വരെയുള്ള സംഖ്യക്കു് സക്കാത്തു് ബാധകമല്ല. 40 മുതൽ അതിന്റെ മൂന്നിരട്ടി വരെയുള്ളതിന്നു ഒരു ആടു് എന്നാണു് ദാനവ്യവസ്ഥ. ഓരോ നൂററിന്നും ഒന്നു എന്ന വീതത്തിൽ അതു വർദ്ധിച്ചുവരികയും ചെയ്യും. വസ്തുക്കൾ മൂലധനസ്വഭാവത്തെ പ്രാപിക്കുന്ന വളർച്ചയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു് ഖുർആൻ അതിന്റെ നിർബ്ബന്ധമായ ദാനനികുതി ചുമത്തിയിരിക്കുന്നതെന്നു സ്മരിക്കേണ്ടതാണു്. വ്യവസായവസ്തുക്കളുടെ നിലയിലാണു് കന്നുകാലികൾക്കും കന്നുകാലികളെത്തന്നെ ദാനവീതമായി കൊടുക്കുന്നതു്. വ്യാപാരവസ്തുക്കൾക്കു സംവത്സരകാലത്തിന്റെ പരിധിവെച്ചു വിലയിരുത്തി 04 "നാണയ"ങ്ങൾക്കു് ഒന്നു എന്ന കണക്കിൽ ദാനവീതങ്ങൾ കൊടുക്കേണ്ടതുണ്ടു്. ദാനവീതങ്ങൾ നല്കപ്പെട്ട സ്വത്തു, സമ്പാദിച്ചവന്റെ സ്വന്തമാണു്; മനുഷ്യന്റെ ന്യായമായ സമ്പാദനാവകാശത്തെ ഖുർആൻ വകവെക്കുന്നു; അങ്ങിനെ വ്യക്തിയുടെ പ്രയത്നവാസനയെ പ്രോത്സാഹിപ്പിക്കുകയും മനുഷ്യസമുദായത്തിന്റെ സാമ്പത്തിക വളർച്ചയെ പുരോഗമിപ്പിക്കയും ചെയ്യുന്നു. സ്വകാര്യസമ്പാദനത്തെ നിഷേധിക്കുന്ന സാമ്പത്തിക ശാസ്ത്രത്തിന്നു വ്യക്തിയുടെ പ്രയത്നവാസനയെ നിയമത്തിന്റെ സമ്മർദ്ദനത്താലല്ലാതെ പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയില്ല; തിരിച്ചടിക്കു കാരണമാകാത്തൊരു ധനവിതരണപദ്ധതിയാണു് ഖുർആനിന്റെ സക്കാത്തു് (ദാനനികുതി) നിയമങ്ങൾ ലോകത്തിന്നു നല്കുന്നതു. പക്ഷെ, വരവിൽനിന്നു ചിലവു് തട്ടിക്കഴിച്ചു ശിഷ്ടമുള്ളതിൽനിന്നു പങ്കുകൊടുത്താൽ പിന്നെയുള്ള സ്വത്തിനെ കാലാകാലത്തേക്കു തൊട്ടുകൂടാത്തവിധത്തിൽ കൂട്ടിവെക്കുവാനുള്ള ഉസ്വാതന്ത്ര്യത്തെ ഖുർആൻ മനുഷ്യന്നു നല്കുന്നില്ല; പന്ത്രണ്ടുമാസങ്ങൾ ചെല്ലുമ്പോഴൊക്കെ വിനിമയപ്രായമായ സ്വത്തു, ഖുർആനിൽ വിശ്വസിക്കുന്നവന്റെ പക്കലുള്ളതാണെങ്കിൽ, സാമൂഹ്യ വളർച്ചയ്ക്കുവേണ്ടി ക്രമേണ ചിലവഴിഞ്ഞുകൊണ്ടിരിക്കും. ഖുർആൻ മാത്രമാണു് ലോകചരിത്രത്തിൽ മൂലധനത്തിന്മേൽ ദാനനികുതി ചുമത്തിയിട്ടുള്ളതു്. ഖുർആനിനെ പിന്തുടരുന്നവർക്കല്ലാതെ പ്രസ്തുത പദ്ധതിയെ വിജയിപ്പിക്കാൻ സാധിക്കയുമില്ല; സക്കാത്തു് മുസ്ലീകളുടെ മദ്ധ്യത്തിൽ മുസ്ലീംകൾ പുലർത്തിപ്പോരേണ്ട ദാനനികുതിയാണെന്നതിൽനിന്നു മേല്പറഞ്ഞ പരമാർത്ഥത്തിന്റെ സൂചന നമുക്കു് ലഭിക്കുന്നു. ചെറിയൊരു വ്യാഖ്യാനക്കുറിപ്പിന്റെ പരിധിയിൽ നിന്നുകൊണ്ടു ഖുർആനിന്റെ സാമ്പത്തിക നിയമങ്ങളെ തൃപ്തികരമായി പരാമർശിക്കുക സാദ്ധ്യമല്ല; വിഷയത്തിന്റെ വ്യാപ്തിയിലേക്കു വായനക്കാരന്റെ ശ്രദ്ധയെ വ്യാപരിപ്പിക്കുവാൻ മാത്രമാണു്, ഈ വിവരണങ്ങൾകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു. ഖുർആൻ ലോകത്തിലുണ്ടാകാവുന്ന സാമ്പത്തിക പ്രശ്നങ്ങൾക്കു സക്കാത്തിന്റെ തത്വത്തിൽകൂടി പരിഹാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നു ലോകത്തിന്നു മനസ്സിലാകുന്ന തീയ്യതി വിദൂരമല്ല. മൂലധനത്തിന്മേൽ ചുമത്തപ്പെടുന്ന ദാനനികുതി സിദ്ധാന്തങ്ങൾ, ധനശാസ്ത്രത്തിന്നു ഖുർആൻ നല്കിയിട്ടുള്ള സ്വന്തമായ മഹാ സംഭാവനയാണു്. നിർബ്ബന്ധമായി ദാനം ചെയ്യുവാൻ ശാസിക്കുന്നതിനോടുകൂടെ ഖുർആൻ ദാനത്തെ വാങ്ങുന്നവന്റെ, സാമൂഹ്യമായ നിലവാരത്തെ ഭിക്ഷക്കാരന്റേതിൽ നിന്നു, വേർപെടുത്തി വാങ്ങുവാൻ ന്യായാധികാരമുള്ളവന്റെ പദവിയിലേക്കു നികത്തിയിരിക്കുന്നു; സാക്ഷാൽ സത്യത്തിന്റെ പ്രഖ്യാപനസ്വാതന്ത്ര്യത്തിന്നുവേണ്ടി ജീവിതമർപ്പിച്ചിട്ടുള്ള ധർമ്മഭടന്റെ കൂട്ടത്തിൽ യാതനക്കാരായ സഹോദരജീവികളെ ഖുർആൻ ദാനാവകാശികളുടെ നിലയിൽ കണക്കു കൊടുക്കയും ചെയ്തിരിക്കുന്നു; ദാനനികുതി കൊടുക്കേണ്ടതായ സ്വത്തുക്കളേയും നികുതിയുടെ വീതങ്ങളേയും കാലാവധികളേയുംവ്യവസ്ഥപ്പെടുത്തിയപോലെത്തന്നെ ദാനനികുതി കൊടുക്കപ്പെടേണ്ട ജനവിഭാഗങ്ങളെക്കൂടി ഖുർആൻ വ്യക്തമാക്കിയിട്ടുണ്ടു; വിശദീകരണത്തിന്നു സംഹിത 9ൽ രേഖ 60 നോക്കുക.

യിസ്രായേല്യരെ സംബോധനചെയ്തുകൊണ്ടാണു് ഖുർആൻ ശാസനകൾ നല്കുന്നതെങ്കിലും പ്രസ്തുത ശാസനകളിലെ നിർദ്ദേശങ്ങൾ സത്യത്തെ മാനിക്കുന്ന മനുഷ്യലോകത്തിന്നു പൊതുവിൽ ബാധകമാണു്; കൂടാതെ കല്പന കുറിക്കുന്ന ക്രിയകൾ പുല്ലിംഗമായിട്ടാണു് പ്രയോഗിച്ചിട്ടുള്ളതെങ്കിലും അവ പുരുഷന്മാരെമാത്രമുദ്ദേശിച്ചുകൊണ്ടുള്ളതല്ല; സ്ത്രീകളെക്കൂടി ഇതു തുല്യനിലയിൽ ബാധിക്കുന്നു. പുരുഷൻ സമുദായജീവിതത്തിൽ കൂടുതൽ സ്വാധീനമുള്ളൊരു വിഭാഗമായതുകൊണ്ടു പുരുഷന്നു സമുദായജീവിതത്തിലുള്ള സ്ഥാനത്തെ ഖുർആൻ പ്രയോജനബോധത്തോടെ പരിഗണിക്കുന്നുവെന്നേയുള്ളു.

44. നിങ്ങൾ ശാസിക്കുന്നുവോ ജനങ്ങളെ നന്മയെക്കൊണ്ടു?
നിങ്ങൾ മറക്കുകയും ചെയ്യുന്നു
നിങ്ങളുടെ സ്വന്തം ആത്മാക്കളെ?
നിങ്ങളാണെങ്കിൽ ഗ്രന്ഥത്തെ പാരായണവുംചെയ്യുന്നു.
അപ്പോൾ നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുന്നില്ലേ?[73]

۴۴- أَتَأْمُرُونَ النَّاسَ بِالْبِرِّ وَتَنْسَوْنَ
أَنْفُسَكُمْ وَأَنْتُمْ تَتْلُونَ الْكِتٰبَ ۚ
أَفَلَا تَعْقِلُونَ ○

ഗദ്യഭാഷ

44. ജനങ്ങളെ നിങ്ങൾ നന്മ ചെയ്വാൻ ശാസിക്കയും നിങ്ങളുടെ സ്വന്തം ആത്മാക്കളെ നിങ്ങൾ മറക്കുകയും ചെയ്യുന്നുവോ? നിങ്ങളാണെങ്കിൽ ഗ്രന്ഥത്തെ പാരായണം ചെയ്യുന്നുമുണ്ടു. അപ്പോൾ നിങ്ങൾ ബുദ്ധിചെലുത്തി മനസ്സിലാക്കുന്നില്ലേ?

73. യിസ്രായേൽ സന്തതികളെ പൊതുവിൽ സംബോധന ചെയ്തുകൊണ്ടു് തുടങ്ങിയ ധർമ്മശാസനങ്ങൾ, ക്രമേണ തങ്ങളുടെ പുരോഹിതന്മാരുടെ നേരെ പ്രത്യേകമായി നീങ്ങിക്കൊണ്ടിരിക്കുന്നതു നോക്കുക; ഭീതിയുടെ സ്ഥാനപ്പിഴവു; ഭീതി മാത്രമായാൽ പോരെന്നുള്ളതു; ജ്ഞാനമാർഗ്ഗത്തിൽ ചെയ്യപ്പെടുന്ന കൃത്രിമങ്ങൾ; മററുള്ളവർ ചെയ്യുന്ന സൽക്കർമ്മത്തിൽ സഹകരിക്കുന്നതിലുള്ള മനസ്സില്ലായ്മ; ഇത്രയുമായപ്പോൾ ശാസന പുരോഹിതലോകത്തിനു മാത്രമായിട്ടുള്ളൊരു നിലയെ പ്രാപിച്ചിരിക്കയാണു്. പക്ഷെ, ഖുർആൻ മനുഷ്യവർഗ്ഗത്തിൽനിന്നു ഏതു വ്യക്തിയോടു ചെയ്യുന്ന ഏതു ശാസനയും എല്ലാ വ്യക്തികൾക്കും ബാധകമാണു്. യിസ്രായേല്യരോടു ചെയ്യുന്ന ശാസനകൾ മററുള്ളവർക്കുകൂടി പൊതുവിൽ പ്രായോഗികമായിരിക്കുന്നുവെന്ന വസ്തുതയിൽനിന്നുതന്നെ നമുക്കു് ഗ്രഹിക്കാവുന്ന കാര്യമാണിതു്. ഒരു ശാസന ചെയ്യുമ്പോൾ ആ ശാസനയോടു കൂടുതൽ പ്രതികൂലിക്കയോ അനുകൂലിക്കയോ ചെയ്യുന്ന വ്യക്തികളെ, തങ്ങളുടെ നിലപാടിൻെറ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുവാൻവേണ്ടി പ്രത്യേകമായി ലക്ഷ്യീകരിക്കുന്നുവെന്നേയുള്ളൂ. പ്രവാചകനു ഒരു ശാസന, പുരോഹിതനു മറെറാരു ശാസന, പൊതുജനങ്ങൾക്കു വേറെ ഒന്നു എന്ന രീതി ഖുർആനിൽ കാണപ്പെടുകയില്ല. ഖുർആനിൻെറ പ്രത്യേകതയായ ഒന്നാണിതു്. രേഖ 44ൽ പുരോഹിതവൃത്തങ്ങളിൽ താരതമ്യേണ പതിവായി കാണപ്പെടുന്ന ഒരു വൈപരീത്യത്തെയാണു് ഖുർആൻ ചൂണ്ടിക്കാട്ടുന്നതു്. ജനങ്ങളെ നന്മ ചെയ്യുവാൻ ശാസിക്കുക; ശാസന കൊടുക്കുന്നവർ തന്നെ തങ്ങൾ മററുള്ളവരോടു ശാസിക്കുന്ന നന്മയെ പ്രവൃത്തിക്കേണ്ടതാണെന്നുള്ള വസ്തുതയെ മറന്നുകളയുക; അങ്ങിനെ നന്മ പ്രവർത്തിക്കേണ്ടവരുടെ കൂട്ടത്തിൽ തങ്ങൾ ഉൾപ്പെടുകയില്ലെന്ന ഭാവത്തിലെന്നപോലെ തങ്ങളെപ്പററി യാതൊന്നും ചിന്തിക്കാതെ കടന്നുകളയുക; അതുവഴി തങ്ങൾ പറയുന്ന കാര്യവും തങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന നിലയിലേക്കു് ചെന്നുവീഴുക. ഇതു വലിയ വൈപരീത്യമാണല്ലോ? ഇതു അവർ ചെയ്തുകൊണ്ടിരിക്കുന്ന ഒരു വസ്തുതയാണു്; തീരെ അസംഗതമായ ഒരു അധഃപതനമാണു് ഇതു. അങ്ങിനെ ഒന്നു ഉണ്ടാകുവാൻ ന്യായമില്ലാത്തതുകൊണ്ടു, അവർതന്നെ ഉത്തരം പറയേണ്ട വിധത്തിൽ ഒരു ചോദ്യമായിട്ടാണു് ഇതു അവരുടെ ശ്രദ്ധയിൽ പെടുത്തിയിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഈ വൈപരീത്യഗതിയെ നിരോധിക്കുന്ന ഗ്രന്ഥത്തെയവർ വായിക്കുന്നുവെന്നതും ഒരു വസ്തുതയാണു്. അതിനാൽ ഒരു വിധത്തിലും അതു വന്നുകൂടാത്തതാണു്; എന്നിട്ടും ആ വിപരീതഗതി അവർ തുടർന്നുകൊണ്ടുതന്നേയിരിക്കുന്നു. അതു ആദ്യത്തെ വൈപരീത്യത്തിൻെറ മീതെയുള്ള മറെറാരു വൈപരീത്യമാണു്; ആദ്യത്തേതിനേക്കാൾ അധികം അസംഗതവുമാണു്. എന്നാൽ അവരോടുതന്നെ ചോദിച്ചു ഉത്തരം ഏടുക്കേണ്ടതായ മറെറാരു സംഗതികൂടിയുണ്ടു്. തങ്ങൾ പാരായണം ചെയ്യുന്ന ഗ്രന്ഥത്തെ അവർ ബുദ്ധിയുപയോഗിച്ചു മനസ്സിലാക്കുന്നുണ്ടോ? എന്നുള്ളതാണു് അതു്.

തന്നെ മറന്നു അന്യനെ ഉപദേശിക്കുന്ന പുരോഹിതൻെറ ജീവിതചിത്രമാണു് ഖുർആൻ ഇവിടെ ലോകത്തിൻെറ ശ്രദ്ധയിൽ പെടുത്തുന്നതു്. അത്തരം ജീവിതത്തിലുള്ള താല്പര്യവും അതു നഷ്ടപ്പെടുത്തുന്നതിലുള്ള ഭീതിയുമാണു് സത്യമായ വസ്തുതകളെ സ്വീകരിക്കുന്നതിൽനിന്നു അവരെ അകററിനിറുത്തിയതു്; ഇന്നും അകററി നിറുത്തുന്നതും അതു തന്നെ.

അവരുടെ കാര്യത്തിൽ ഖുർആൻ കൊണ്ടുവന്നിട്ടുള്ള രണ്ടു ചോദ്യങ്ങൾ പരിശോധിക്കുക, രണ്ടു പ്രധാന വസ്തുതകൾ നമുക്കു് അവരെ സംബന്ധിച്ചു അതു മനസ്സിലാക്കിത്തരുന്നു; ഒന്നാമതു ഉപദേശകന്മാരുടെ നല

45. നിങ്ങൾ സഹായമർത്ഥിക്കയും ചെയ്യിൻ
സഹനത്താലും പ്രാർത്ഥനയാലും.
നിശ്ചയമായിട്ടു്, അതു് (ഭാരത്തിൽ)
വളരെ വലുതാണു്താനും;
വഴങ്ങുന്നവൎക്കല്ലാതെ.[74]

٤٥- وَاسْتَعِيْنُوْا بِالصَّبْرِ وَالصَّلٰوةِ ۗ وَاِنَّهَا لَكَبِيْرَةٌ اِلَّا عَلَى الْخٰشِعِيْنَ ۙ

ഗദ്യഭാഷ

45. സഹനത്താലും പ്രാർത്ഥനയാലും നിങ്ങൾ സഹായമപേക്ഷിക്കയും ചെയ്യിൻ; നിശ്ചയമായിട്ടു് അതു, വഴങ്ങുന്നവർക്കൊഴികെ, (ഭാരത്തിൽ) വളരെ വലിപ്പമേറിയതാണു്താനും.

---

യിൽ അവക്കു സ്വാത്മബോധമില്ലെന്നു വ്യക്തമാക്കുന്നു; രണ്ടാമതു പണ്ഡിതന്മാരുടെ നിലയിൽ അവക്കുള്ള സ്വാഭിമാനമില്ലായ്മയെ തുറന്നുകാട്ടുകയും ചെയ്യുന്നു. സ്വാൎത്ഥഭീതിയുടെ അല്ലെങ്കിൽ സ്ഥാനംതെററിയ ഭീതിയുടെ പ്രത്യാഘാതങ്ങളാണിവ രണ്ടും; സത്യം മാത്രം ഭയന്നു ജീവിക്കുന്നവരിൽ കാണപ്പെടാത്ത രണ്ടു സംഗതികളാണിവ. മററുള്ളവരുടെ ദൃഷ്ടിയിൽ നല്ലവരായിത്തീരുവാൻ മാത്രമുള്ള താല്പൎയ്യത്താൽ പുരോഹിതന്മാർ ജനങ്ങളെ നന്മക്കു് ശാസിക്കുന്നതു പതിവാണല്ലോ? സ്വന്തമായി പ്രവൃത്തിക്കുവാൻ സന്നദ്ധതയുള്ളതേ മററുള്ളവരോടു കല്പിക്കാവൂ! മറിച്ചായാൽ കല്പന ഫലിക്കുകയില്ല; വായിച്ചു പഠിച്ചതു പ്രവൃത്തിയിലേക്കു ചെലുത്തിയാൽ മാത്രമേ വായിച്ചതു ഗ്രഹിച്ചുവെന്നു തെളിയുകയുള്ളു. കൎമ്മപഥത്തിലേക്കു ചെല്ലാൻ സാധിക്കാത്ത ജ്ഞാനത്തിനു ഖുർആൻ വിലകല്പിക്കുന്നില്ല.

രേഖ 42ൽ "തഅ്ലമൂന" എന്നും രേഖ 44ൽ "തഅ്ഖിലൂന" എന്നും രേഖ 12ൽ "യശ്ഉറൂന" എന്നും പ്രയോഗിച്ചിരിക്കുന്നതു നോക്കുക; "ഇൽമൻ", "അഖ്ലൻ", "ശുഊറൻ" എന്നീ ധാതുക്കളിൽനിന്നു ഉത്ഭവിക്കുന്ന ക്രിയാരൂപങ്ങളാണു് അവ. ജ്ഞാനമുണ്ടാവുകയെന്ന ഭാവാൎത്ഥത്തിൽ ഇവ എല്ലാം യോജിക്കുന്നു; എന്നാൽ ശുഊറൻ എന്നതിന്നും അഖ്ലൻ എന്നതിന്നും ചില പ്രത്യേകതകൾ ഉണ്ടു്; ജ്ഞാനലബ്ധിക്കായി പ്രയോഗിക്കപ്പെട്ട വ്യത്യസ്തമായ ജ്ഞാനോപകരണങ്ങളുടെ പ്രത്യേകതയെ അവ കുറിക്കുന്നു; ശുഊറൻ എന്നാൽ ഇന്ദ്രിയങ്ങളിൽക്കൂടി ഉളവാകുന്ന ജ്ഞാനത്തെയാണു് കുറിക്കുന്നതു്. അഖ്ലൻ എന്നതു ബുദ്ധിയുപയോഗിച്ചു സമ്പാദിക്കപ്പെട്ട ജ്ഞാനത്തെ കുറിക്കുന്നു. "ഇൽമൻ" എന്നതു അങ്ങിനെയുള്ള യാതൊന്നിനേയും പ്രത്യേകമായി കുറിക്കാത്ത നിരുപാധികമായ ജ്ഞാനത്തിന്റെ പേരാണു്. ശുഊറൻ എന്നതു പ്രാഥമികവും ക്ഷണികവുമാണു്; അതിനാൽ "ശുഊറി"നാൽ ഉളവാകുന്ന ജ്ഞാനം വൈപരീത്യങ്ങൾക്കു സംഗതമാകാവുന്നതാണു്; എന്നാൽ അഖ്ലൻ എന്നതു ബുദ്ധിയുടെ തീക്ഷ്ണമായ പരിശോധനയിൽക്കൂടി ഗ്രഹിച്ചതാകയാൽ വൈപരീത്യങ്ങൾക്കു സംഗതമാകാവുന്നതല്ല; പ്രവൃത്തിയിൽ വരുത്തുന്നതിൽ ഭീരുത്വമൊഴിച്ചു മറെറാന്നും അതിനെ തടയുകയുമില്ല. ഇതിൽനിന്നു ഖുർആനിന്റെ പദപ്രയോഗങ്ങളിലുള്ള സന്ദൎഭേക്ഷയും ഔചിത്യസൂക്ഷ്മതയും മനസ്സിലാക്കാവുന്നതാണു്.

74. രേഖ 40ൽനിന്നു 44 വരെയായപ്പോൾ, യിസ്രായേൽസന്തതികളെ പൊതുവെ സംബോധന ചെയ്തുകൊണ്ടു് തുടങ്ങിയ ശാസനകൾ, പുരോഹിത വൃത്തങ്ങളിലെ വൈപരീത്യങ്ങളെ വിസ്തരിച്ചതിനോടുകൂടെ, പാരമ്യത്തെ പ്രാപിച്ചുകഴിഞ്ഞു. വിസ്താരത്തിൽ രണ്ടു സംഗതികളാണു് തെളിയിച്ചതു. ഒന്നു, പുരോഹിതന്നു സ്വാത്മബോധമില്ലെന്നു തന്നെ; രണ്ടാമതു, സ്വാത്മാഭിമാനവുമില്ല; രേഖ 40ൽ സൂചിപ്പിക്കപ്പെട്ട, സ്ഥലം തെററിയ ഭീതികൊണ്ടാണു് മേല്പറഞ്ഞ ഗുണങ്ങൾ നശിച്ചുപോയതു. സ്വാൎത്ഥസംരക്ഷണത്തിന്നുവേണ്ടി പുരോഹിതന്മാർ കൈക്കൊണ്ട കൃത്രിമജീവിതത്തിന്റെ ദുഷിച്ച പരിണാമത്തെയിതു വിളിച്ചുകാണിച്ചിരിക്കയാണു്. എന്നാൽ സ്വാൎത്ഥലാഭത്തിലുള്ള ദുഷിച്ച താല്പൎയ്യത്തെ കീഴടക്കി അതിനെ നശിപ്പിച്ചുകളയുകയെന്നതു എളുപ്പമുള്ളൊരു കാൎയ്യമല്ല. വെറുകയ്യോടെ നേരിട്ടാൽ ജയിച്ചടക്കുവാൻ സാധിക്കുന്ന, ദുൎബ്ബലനായൊരു ശത്രുവല്ല മനുഷ്യന്റെ സ്വാൎത്ഥതൃഷ്ണ; സ്വാൎത്ഥതാല്പൎയ്യങ്ങൾക്കു കീഴ്പ്പെടുന്നവക്കു സത്യത്തിന്നു സൎവ്വാത്മനാ സമൎപ്പിച്ചു ജീവിക്കാൻ സാധിക്കയുമില്ല. തന്നെ കീഴടക്കിയില്ലെങ്കിൽ, താൻ കീഴടക്കുമെന്ന നിലയാണു് സ്വാൎത്ഥത്തിന്റേതു്. തികഞ്ഞ ത്യാഗസന്നദ്ധതകൊണ്ടല്ലാതെ സത്യത്തെ സേവിക്കുവാൻ മനുഷ്യന്നു സാധിക്കുകയില്ല; ത്യാഗവും സ്വാൎത്ഥവും തമ്മിലടുക്കാത്ത വിരുദ്ധവസ്തുകളാണുതാനും; സ്വാൎത്ഥതാല്പൎയ്യത്തെ കീഴടക്കിയാലല്ലാതെ ത്യാഗശീലത്തെ കൈക്കൊള്ളുകയും സാദ്ധ്യമല്ല; സ്വാൎത്ഥതൃഷ്ണയെ തുരത്തുകയെന്നതു പ്രയാസമേറിയൊരു സംഗതിയാണെന്ന വസ്തുത

യെ ഖുർആൻ സമ്മതിക്കുന്നു; പക്ഷെ മനുഷ്യൻ നിസ്സഹായനല്ല; സഹായമാവശ്യപ്പെട്ടാൽ സഹായിക്കപ്പെടുന്നവനാണ്. രേഖ 45ൽ സ്വാർത്ഥതാല്പര്യത്തോടു പൊരുതുന്നതിൽ സഹായമാവശ്യപ്പെടുന്നതിന്നുള്ള രണ്ടു കർമ്മപദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു; സഹിക്കുക, പ്രാർത്ഥിക്കുക; അങ്ങിനെ സഹനതകൊണ്ടും പ്രാർത്ഥനകൊണ്ടും, സത്യത്തെ സ്വീകരിക്കുന്നതിൽ വിലങ്ങടിച്ചു നില്ക്കുന്ന നീചശക്തികളോട് പൊരുതി ജയിക്കുന്നതിന്നു സഹായമാവശ്യപ്പെടുക. മനുഷ്യന്നു സാദ്ധ്യമായിട്ടുള്ളൊരു പദ്ധതിയാണിതു്.

സത്യത്തെ സമ്മതിച്ചു പ്രഖ്യാപിക്കുന്നതുകൊണ്ടും സത്യത്തിന്നനുസരിച്ചു ജീവിക്കുന്നതുകൊണ്ടും, വേറിട്ടുള്ള നിലനില്പിൽ വന്നുകൂടുന്ന മാററങ്ങളെ സഹിക്കുവാൻ സാധിച്ചിരുന്നെങ്കിൽ യിസ്രായേല്യക്കു സ്വാർത്ഥഭീതി ബാധിക്കുമായിരുന്നില്ല. പ്രാർത്ഥനകൊണ്ടു, തങ്ങൾ വിശ്വസിക്കുന്നതു പ്രവൃത്തിയിൽ കൊണ്ടുവരുവാനുള്ള സന്നദ്ധത സമ്പാദിച്ചിരുന്നെങ്കിൽ മേൽപറഞ്ഞ മാററങ്ങളെ സഹിച്ചുനില്ക്കുവാനും സാദ്ധ്യമായേനെ; പക്ഷെ യാതനകൾ സഹിക്കുകയെന്നതും, വിശ്വസിക്കുന്നതും പറയുന്നതും പ്രവൃത്തിയിലേക്കു പകർത്തുവാനുള്ള സന്നദ്ധത ലഭിക്കുമാറു ഹൃദയപൂർവ്വമായി പ്രാർത്ഥിക്കുകയെന്നതുംതന്നെ ഭാരമേറിയൊരു കാര്യമാണ്; പക്ഷെ സത്യത്തിന്നു വഴങ്ങി ജീവിക്കുന്നവർക്ക് സുഗമമായിട്ടുള്ള കർമ്മപദ്ധതിയാണിതു. സത്യത്തിന്നു താഴ്ന്നുവഴങ്ങുകയെന്ന പ്രാഥമികമായ ധാർമ്മികനിലവാരത്തിൽ സ്വന്തമായി ചെന്നെത്താത്തവർക്ക്, ശാശ്വതമായ മേൽഗതിക്കുള്ള മാർഗ്ഗങ്ങൾ ദുർഗ്ഗമങ്ങളാണ് എന്ന വസ്തുതയെ ഇവിടെ സമർത്ഥിച്ചിരിക്കുന്നതു നോക്കുക. പ്രാർത്ഥനയെ സംബന്ധിച്ചുള്ള വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 3ഉം കുറിപ്പുകളും നോക്കുക.

"സബ്ർൻ" എന്ന പദത്തെയാണ് "സഹനം" എന്നു ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു; ക്ഷമ എന്നും ഈ വാക്കിന്നു അർത്ഥമുണ്ടു്. പക്ഷെ, ക്ഷമ എന്നതു മററൊരാൾ തന്നോടു ചെയ്ത കുററമായ പ്രവൃത്തിയുടെ നേരെ ഒരാൾ താല്ക്കാലികമായിച്ചെയ്യുന്ന വിട്ടുവീഴ്ചയെയാണ് കുറിക്കുന്നതു്. ശിക്ഷിക്കുവാൻ കഴിവുള്ളതിനോടുകൂടെ അതു പ്രവൃത്തിക്കാതിരിക്കുക എന്നതു ക്ഷമയാണ്; ക്ഷമ പ്രവൃത്തിയുടെ പ്രേരണയെ തടയുന്നു; ക്ഷമക്ക് സന്ദർഭമുണ്ടാക്കുന്നതു മററൊരാളുടെ തെററായ അല്ലെങ്കിൽ കുററകരമായ പ്രവൃത്തിയായിരിക്കും; എന്നാൽ ഒരാൾ ചെയ്ത, ശരിയും സത്യവുമായ പ്രവൃത്തിയുടെ കാരണമായി ചില പരിതഃസ്ഥിതികളിൽ വന്നുകൂടുന്ന യാതനകളേയും നഷ്ടങ്ങളേയും ധൈര്യത്തോടുകൂടെ നേരിടുന്നതിന്നു ക്ഷമയെന്നു പറയുകയില്ല; സഹനമെന്നാണ അതിന്നു പറയുക; സഹനം മനുഷ്യനെ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തി തുടൎന്നു കൊണ്ടുപോകുവാൻ പ്രേരിപ്പിക്കുന്നു; താൻ ചെയ്തതു ശരിയാണെന്ന ചിത്തവൃത്തിയോടുകൂടെ് ബുദ്ധിമുട്ടുകളനുഭവിച്ചുകൊണ്ടു പ്രവൃത്തി തുടൎന്നുപോകുന്നതിന്റെ പേരാണ് സഹിക്കുകയെന്നതു. ക്ഷമ അന്യന്റെ പ്രവൃത്തിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാണ്. അന്യൻ ചെയ്തതു തെററാണെന്നുള്ള നിഗമനമാണ് ക്ഷമക്കു പ്രചോദനം നല്കുന്നതു്. എന്നാൽ സഹനമാകട്ടെ തന്റെ സ്വന്തം പ്രവൃത്തിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള വസ്തുതയാണ്. അതു ശരിയാണെന്ന ബോദ്ധ്യമാണ സഹനത്തിന്നു പ്രചോദനം നല്കുന്നതു്. സത്യത്തെ പ്രഖ്യാപിച്ചുകൊണ്ടുള്ള സ്ഥിരമായ ജീവിതവൃത്തിക്കു പിന്തുണകൊടുക്കുന്ന മനോഗതിയെയാണ് "സബ്ർൻ" എന്ന വാക്ക് ഇവിടെ കുറിക്കുന്നതെന്നു വ്യക്തമാണ്. ഈ ആശയത്തെ പ്രകടിപ്പിക്കുവാൻ ക്ഷമ എന്ന വാക്ക് പര്യാപ്തമല്ല. ക്ഷമ "ഹിൽമുൻ" എന്ന പദത്തിന്നു പരിഭാഷയായിരിക്കുവാനാണ് പററുക. സത്യത്തിന്നു വിരുദ്ധമായ പേക്കൂത്തുകൾ കണ്ടു കണ്ണടച്ചിരിക്കുന്നതിന്നു സഹനമെന്നോ ക്ഷമയെന്നോ പറയുകയില്ല എന്നതും വിസ്മരിച്ചുകൂടാത്തതാണ്. അതു ഭീരുത്വം മാത്രമാണ്.

യിസ്രായേൽക്കാരെയാണ് ഇവിടെ സംബോധന ചെയ്തിട്ടുള്ളതെങ്കിലും കല്പന പൊതുവായിട്ടുള്ളതാണെന്നതു വിസ്മരിച്ചുകൂടാ. സംഹിത 20ൽ രേഖ 130ൽ സത്യത്തെ വിട്ടുവീഴ്ച കൂടാതെ പ്രഖ്യാപിക്കുവാൻ നിയോഗിക്കപ്പെട്ട വിശുദ്ധ പ്രവാചകനോടു സഹനത്തിന്നു ശാസിക്കപ്പെട്ടിട്ടുണ്ടു്. സംഹിത 2ൽ രേഖ 154ൽ, സത്യവിശ്വാസികളെ പൊതുവെ സംബോധന ചെയ്തുകൊണ്ടുതന്നെ സഹനമൂലമായി സഹായമർത്ഥിക്കുവാൻ ശാസിക്കപ്പെട്ടിട്ടുണ്ടു്.

സത്യത്തിന്നു വിരുദ്ധമായി പ്രവൃത്തിക്കുന്ന സ്വാർത്ഥപരമോ കക്ഷിപരമോ ആയ പ്രേരണകളെ വിജയിക്കുന്ന വിഷയത്തിലാണ് ഇവിടെ ഖുർആൻ സഹായാർത്ഥന ചെയ്യുവാൻ ശാസിച്ചിരിക്കുന്നതു എന്നു വ്യക്തമാണ്; സത്യത്തിൽനിന്നു പതറാതെ, പ്രവൃത്തിച്ചു ജീവിക്കുന്നതിന്നുള്ള ശക്തി സമ്പാദിക്കുന്നതിന്നുതകുന്ന സ്വായത്തമായ കർമ്മപദ്ധതിയുടെ നിലയിലാണ് സഹനത്തേയും പ്രാർത്ഥനയേയും കൈക്കൊള്ളുവാൻ ഖുർആൻ ശാസിച്ചിരിക്കുന്നതു. പ്രാർത്ഥന പ്രവൃത്തിക്കുവാനുള്ള സന്നദ്ധത നല്കുമ്പോൾ സഹനശക്തി പ്രവൃത്തിയുടെ പ്രത്യാഘാതങ്ങളെ ധീരതയോടെ നേരിട്ടു താങ്ങിനില്ക്കുന്നതിന്നുള്ള കഴിവു മനുഷ്യന്നു നല്കുന്നു. ഏതു നിലയിലും സഹനം പ്രവൃത്തിയിൽനിന്നു പിന്തിരിപ്പിക്കുകയെന്നതുണ്ടാവില്ല. പ്രതികൂലശക്തികളെ പരാജയപ്പെടുത്തുന്നതിന്നു തന്റെ

| | |
|---|---|
| 46. യാതൊരുത്തർ(ക്കല്ലാതെ)<br>അവർ ദൃഢമായി ഭാവിക്കുന്നു;<br>നിശ്ചയമായിട്ടു് അവർ നേരിട്ടുകാണുന്നവരാണെന്നു്;<br>അവരുടെ രക്ഷിതാവിനെ.<br>നിശ്ചയമായിട്ടു് അവർ<br>അവങ്കലേക്കാണു് മടങ്ങുന്നവരെന്നുംതന്നെ.[75] | ٤٦- الَّذِيْنَ يَظُنُّوْنَ اَنَّهُمْ مُّلٰقُوْا رَبِّهِمْ وَ<br>اَنَّهُمْ اِلَيْهِ رٰجِعُوْنَ ۝ |

ഗദ്യഭാഷ

46. നിശ്ചയമായിട്ടു തങ്ങളുടെ രക്ഷിതാവുമായിട്ടു തങ്ങൾ കണ്ടുമുട്ടുന്നവരാണെന്നും, നിശ്ചയമായിട്ടു തങ്ങൾ അവങ്കലേക്കുതന്നെ മടങ്ങുന്നവരാണെന്നും ദൃഢമായി ഭാവിക്കുന്നവർക്കൊഴികെ; (അതു ഭാരത്തിൽ വളരെ വലിപ്പമേറിയതാണു്തന്നെ).

---

കഴിവുകളെ ക്ലേശഭീതികൂടാതെ വിനിയോഗിക്കുകയെന്ന ധർമ്മസമരമനസ്ഥിതിയിലേക്കു സഹനശക്തി മനുഷ്യനെ കൊണ്ടെത്തിക്കുന്നതാണു്.

75. സത്യത്തിന്നു താഴ്ന്നുവഴങ്ങിക്കൊടുക്കാത്തവർക്കു ഖുർആനിൻെറ കർമ്മപദ്ധതി ഭാരമേറിയതാണു്, അവർക്കു അതു അത്ര സുഗമമായിരിക്കയില്ലെന്നു പറഞ്ഞിട്ടു, സത്യത്തിന്നു വഴങ്ങിക്കൊടുക്കുന്നവരുടെ മൗലികമായ പ്രചോദനശക്തിയെ ചിന്താവിഷയമാക്കിത്തീർക്കുന്നു; തങ്ങളേയും തങ്ങളുടെ രക്ഷിതാവിനെയും സംബന്ധിച്ചു അവർ ദൃഢമായി ഭാവിച്ചുകൊണ്ടിരിക്കുന്ന എന്ന ജ്ഞാനവസ്തുതയാണു് അവർക്കുള്ള പ്രചോദനശക്തി. അവരുടെ മേല്പറഞ്ഞ ഭാവത്തിന്നു രണ്ടു ഘടകങ്ങൾ ഉണ്ടു. ഒന്നാമത്തേതു, അവർ തങ്ങളുടെ രക്ഷിതാവിനെ കൂടിക്കാണുന്നവരാണെന്നതുതന്നെ; രണ്ടാമത്തേതു, തങ്ങൾ അവസാനമായി മടങ്ങിച്ചെല്ലുന്നതു അവങ്കലേക്കാണെന്നതും; അതിനാൽ തങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷത്തേയും തങ്ങളുടെ രക്ഷിതാവിങ്കലേക്കു അടുത്തുചെല്ലുന്നതിനുള്ള ഉപകരണമായി അവർ ഉപയോഗിക്കുന്നു. തങ്ങളുടെ യാത്രാമാർഗ്ഗത്തിൻെറ രണ്ടു വശങ്ങളിലുമായി താല്ക്കാലികങ്ങളായ തണലുകൾ കാണുന്നുണ്ടെങ്കിൽകൂടി, അവ താല്ക്കാലികങ്ങളാണെന്ന വസ്തുത അവർ മനസ്സിലാക്കുന്നു; അവർ വഴിയിൽനിന്നു മാറി വിശ്രമിക്കുകയില്ല. ചൂടും തണലും ദുഃഖവും സുഖവും ഒന്നുംതന്നെ തങ്ങളുടെ യാത്രാപരിപാടിക്കു ഭേദഗതി വരുത്തുകയുമില്ല.

സത്യത്തിന്നു വഴങ്ങുന്നവരുടെ സ്വഭാവചിത്രീകരണത്തിൽ നിന്നു, യിസ്രായേല്യർക്കു തങ്ങൾ ഇപ്പോൾ ഏതു നിലയിൽ എത്തിയിരിക്കുന്നുവെന്നു ഗ്രഹിക്കുവാൻ സാധിക്കുന്നു. എന്നാൽ യിസ്രായേല്യരല്ലാത്തവർക്കും ഇവിടെ ഒരു ആത്മപരിശോധനക്കുള്ള സന്ദർഭം ലഭിക്കുന്നുണ്ടു്. മിഥ്യാ താല്പര്യങ്ങളോടു സമരംചെയ്തു വിജയിക്കുവാൻ സഹായകമായ വിധത്തിൽ തങ്ങളുടെ പ്രാർത്ഥനയെ നിർവ്വഹിക്കുകയെന്നതു അവർക്കു വളരെ വലുതായ ഭാരമായിത്തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ അവർ സത്യത്തിന്നു താഴ്ന്നുവഴങ്ങുന്നവരുടെ പ്രാഥമികമായ നിലവാരത്തിൽ ചെന്നെത്തിയിട്ടില്ലെന്നു സ്വയം മനസ്സിലാക്കേണ്ടതുണ്ടു്. ഈ രേഖയിലെ ആശയമൂല്യമിതാണു്.

ഖുർആൻ മനുഷ്യന്നു കർമ്മപദ്ധതികൾ നല്കുന്നതു വ്യക്തിഗതമായിത്തന്നെ നിർവ്വഹിക്കുവാൻ സാധിക്കുന്ന വിധത്തിലാണു്; അങ്ങിനെ തങ്ങളുടെ കർമ്മത്തിൻെറ സാധുതയേയും സ്വീകാര്യതയേയും പരിശോധിച്ചു മനസ്സിലാക്കുവാൻ വ്യക്തികൾക്കുതന്നെ ചില പരിശോധനാമാർഗ്ഗങ്ങൾ അതു നിർദ്ദേശിച്ചുകൊടുക്കയും ചെയ്യുന്നു; പൗരോഹിത്യത്തിൻെറ പിടിയിൽനിന്നു സത്യത്തിൽ വിശ്വസിച്ചു ജീവിക്കുവാൻ സന്നദ്ധതയുള്ള ജനസമൂഹത്തെ മോചിപ്പിക്കയാണു് ഖുർആൻ അതുകൊണ്ടു ചെയ്തിരിക്കുന്നതു. കർമ്മങ്ങൾ ചെയ്യുന്നവർക്കുതന്നെ തങ്ങളുടെ കർമ്മത്തിൻെറ സാധുതയേയും സ്വീകാര്യതയേയും, പരിശോധിക്കുവാൻ സാധിച്ചാൽ പിന്നെ പുരോഹിത വർഗ്ഗത്തിന്നു ജനങ്ങളെ തങ്ങളുടെ വലയത്തിൽ വെച്ചുകൊള്ളുവാൻ സാദ്ധ്യമല്ലല്ലോ? നമ്മുടെ പ്രാർത്ഥനാകർമ്മങ്ങളെ പരിശോധിക്കുന്നതിന്നുള്ള ഒരു മാർഗ്ഗമാണു് നമ്മുടെ പ്രതിപാദനത്തിലിരിക്കുന്ന രേഖയിൽ വ്യക്തമാക്കപ്പെട്ടതു. സംഹിത 4ൽ രേഖ 142ൽ പ്രാർത്ഥനയുടെ മറെറാരു പരിശോധനാമാർഗ്ഗത്തെ ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതു നോക്കുക; പ്രാർത്ഥനയിൽ മടിയോടുകൂടെ വന്നുനില്ക്കുക; ജനങ്ങളെ കാണിക്കുവാൻവേണ്ടി പ്രാർത്ഥിക്കുക; സാക്ഷാൽ സത്യമായ ദൈവത്തെ തുഛമായിട്ടല്ലാതെ സ്മരിക്കാതിരിക്കുക, തുടങ്ങിയ പുരോഹിതവിക്രിയകളെ പ്രാർത്ഥനയുടെ പ്രതിയോഗപ്പുഴികളായി ഖുർആൻ എടുത്തു പറഞ്ഞിരിക്കുന്നു; കൂടുതൽ വിശദീകരണത്തിന്നു സംഹിത 9ൽ രേഖ 54 നോക്കുക.

## സന്ധി 6

## ഇസ്രാഈലർക്കു ചെയ്ത അനുഗ്രഹങ്ങളുടെ അധികവിവരങ്ങൾ

(ഭൂതകാലത്തിൽ അവക്കു നല്കപ്പെട്ട മഹിമ. ഭയങ്കരമായ ഭാവിയെ സൂക്ഷിച്ചു പെരുമാറേണ്ടതു്. ഫറവോൻെറ മർദ്ദനങ്ങളിൽനിന്നുള്ള മുക്തി. ഫറവോൻെറ ഗോത്രക്കാരുടെ നശിപ്പു്; മോശെയുടെ നാല്പതു ദിവസങ്ങൾ; പശുക്കിടാവിനെ ദൈവമായി പൂജിച്ചതു്. നന്നാവാൻവേണ്ടി നല്കപ്പെട്ട പൊറുതി; ബുദ്ധിശൂന്യമായ ചോദ്യങ്ങൾ; വനപ്രദേശത്തിലെ ജീവിതഭോഗങ്ങൾ. നിരാകരണങ്ങൾ; ദുർവൃത്തതയ്ക്കുള്ള ദുരിതശിക്ഷ.)

47. ഹേ, ഇസ്രാഈലിൻെറ സന്തതികളെ,
നിങ്ങൾ സ്മരിക്കുവിൻ,
എൻെറ അനുഗ്രഹത്തെ, യാതൊന്നിനെ,
ഞാൻ നിങ്ങളിൽ തന്നരുളിയിരിക്കുന്നു;
നിശ്ചയമായിട്ടു് ഞാനാണു്
നിങ്ങളെ ലോകങ്ങൾക്കുമേൽ
മഹിമപ്പെടുത്തിയിരിക്കുന്നുവെന്നതിനേയും.
(നിങ്ങൾ സ്മരിക്കുവിൻ)[76]

٤٧- يٰبَنِىٓ إِسْرَٰٓءِيلَ ٱذْكُرُوا۟ نِعْمَتِىَ ٱلَّتِىٓ
أَنْعَمْتُ عَلَيْكُمْ وَأَنِّى فَضَّلْتُكُمْ عَلَى
ٱلْعٰلَمِينَ ○

ഗദ്യഭാഷ

47. ഹേ, യിസ്രായേലിൻെറ സന്താനങ്ങളെ, ഞാൻ നിങ്ങൾക്കു തന്നരുളിയിരിക്കുന്ന എൻെറ അനുഗ്രഹത്തേയും, നിശ്ചയമായിട്ടു ഞാൻ തന്നെയാണു് നിങ്ങളെ ലോകങ്ങൾക്കു്മീതെ മഹിമപ്പെടുത്തിയിരിക്കുന്നുവെന്നതിനേയും നീങ്ങൾ സ്മരിക്കുവിൻ.

---

76. രേഖ 45-46കൊണ്ടു ജനങ്ങളെ പൗരോഹിത്യത്തിൻെറ, സ്വന്തം നിലനില്പിൻെറ പേരിലുള്ള പിടിയിൽനിന്നു മോചിപ്പിക്കുന്നതിന്നു പര്യാപ്തങ്ങളായ കർമ്മശോധനാമാർഗ്ഗങ്ങൾ നിർദ്ദേശിച്ചതിന്നു പിറകെ, യിസ്രായേൽ സന്തതികളെ കുറെക്കൂടി വിസ്തൃതമായൊരു നിലയിൽ ഖുർആൻ ഇവിടെ സംബോധന ചെയ്യുന്നു. തങ്ങളുടെ പൂർവ്വകാലത്തെ നേട്ടങ്ങളെക്കുറിച്ചു അവരെ സ്മരിപ്പിക്കുകതന്നെയാണു ഇവിടെയും അതു ചെയ്യുന്നതു്. സാക്ഷാൽ സത്യമായ ദൈവത്തിൻെറ അനുഗ്രഹത്തിന്നു പാത്രമായതുകൊണ്ടാണു് അവക്കു അതു സാധിച്ചതു; മിഥ്യയായ സ്വാർത്ഥലാഭഭീതിയെ വെച്ചുപുലർത്തിയതുകൊണ്ടു കിട്ടിയതല്ല എന്നു. സത്യത്തെ സ്വീകരിച്ചു സാക്ഷാൽ സത്യത്തിന്നു വഴങ്ങി ജീവിച്ചിരുന്നപ്പോൾ സത്യത്തെ സ്വീകരിക്കാതെ നിന്നിരുന്ന ലോകങ്ങൾക്കുമീതെ തങ്ങൾക്കു മഹിമയുണ്ടായിരുന്നുവെന്നതു, യിസ്രായേൽ സന്തതികളെ സംബന്ധിച്ച ചരിത്രവസ്തുതയാണു്; പക്ഷെ പുരോഹിതന്മാരുടെ സ്വാർത്ഥഭീതിയല്ല, സാക്ഷാൽ സത്യമായ ദൈവമാണു് തങ്ങളെ അങ്ങിനെ അക്കാലത്തു് മഹിമപ്പെടുത്തിയതെന്ന പരമാർത്ഥത്തെ യിസ്രായേല്യർ സ്മരിക്കേണ്ടതുണ്ടു്; തങ്ങളുടെ ജീവിതഗതി നിർണ്ണയിക്കേണ്ടതു മേല്പറഞ്ഞ പരമാർത്ഥസ്മരണയുടെ വെളിച്ചത്തിലായിരിക്കേണ്ടതുണ്ടു എന്നുകൂടി ഖുർആൻ വ്യക്തമാക്കുന്നു. തങ്ങൾ സത്യസേവകരായിരുന്ന കാലത്തു തങ്ങളുടെ ചുറ്റുപാടുമുള്ള സത്യവിചാരശൂന്യരായ ജനങ്ങളിൽ തങ്ങൾക്കു മഹിമയുണ്ടായതുപോലെ, യിസ്രായേല്യർ സത്യത്തെവിട്ടു മിഥ്യയിലേക്കു നീങ്ങിപ്പോവുകയാണെങ്കിൽ അതുകൊണ്ടു ലോകത്തിൽ സത്യത്തെ സ്വീകരിക്കുവാൻ ആളില്ലെന്നു വരികയില്ല; നിശ്ചയമായും സത്യത്തിന്നു സ്വയം സമർപ്പിച്ചു ജീവിക്കുന്ന മനുഷ്യർ ലോകത്തിൽ ഉണ്ടുതന്നെ; അതിനാൽ അവർ യിസ്രായേലർക്കുമീതെ മഹിമയുള്ളവരായിത്തീരുന്നതാണു്. സത്യത്തിന്നു വിലങ്ങടിക്കയാണെങ്കിൽ, യിസ്രായേല്യർ ജനതയുടെ മേൽത്തട്ടിലേക്കു കയറിയ അതേ കോണിയിൽക്കൂടിത്തന്നെ, സത്യതല്പരരായ ജനങ്ങൾ യിസ്രായേല്യരുടെ മുകൾത്തട്ടിലേക്കു കയറിപ്പോകുന്നതാണെന്ന പരമാർത്ഥത്തിന്നു നേരെ, രേഖ 47 യിസ്രായേല്യരെ തട്ടിയുണർത്തുന്നു.

ലോകങ്ങൾക്കുമീതെ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "അലൽ-ആലമീൻ" എന്ന വാക്യാംശത്തെയാണു്. ഇവിടെ ലോകങ്ങൾ എന്നതിന്നു, യിസ്രായേല്യരുടെ വിജയത്തിൻെറ നാളുകളിൽ, അവക്കു സമകാലീനരായി ജീവിച്ചിരുന്ന ജനങ്ങൾ എന്നാണു് വിവക്ഷ (അബൂഹയ്യാൻ). യിസ്രായേല്യരുടെ ഭൂതകാലയശസ്സിനെ

٤٨- وَاتَّقُوا يَوْمًا لَّا تَجْزِي نَفْسٌ عَن
نَّفْسٍ شَيْـًٔا
وَلَا يُقْبَلُ مِنْهَا شَفَاعَةٌ
وَلَا يُؤْخَذُ مِنْهَا عَدْلٌ
وَلَا هُمْ يُنصَرُونَ ۝

48. നിങ്ങൾ സൂക്ഷിക്കയും ചെയ്യിൻ; ഒരു നാളിനെ.
(അന്നു്) ഒരാത്മാവു് (മറെറാ)രു ആത്മാവിന്നു,
യാതൊന്നിനും പ്രയോജനപ്പെടുകയില്ല;
അതിൻെറ പക്കൽനിന്നു്
ഒരു ശുപാശ്യും സ്വീകരിക്കപ്പെടുകയുമില്ല;
അതിങ്കൽനിന്നു പ്രതിവിധി കയ്യേല്ക്കപ്പെടുകയുമില്ല.
അവരില്ല സഹായിക്കപ്പെടുകയും ചെയ്യുക.[77]

ഗദ്യഭാഷ

48. ഒരു ആത്മാവും മറെറാരാത്മാവിന്നു ഒന്നിനും പ്രയോജനപ്പെടാത്തതും, അതിൻെറ പക്കൽനിന്നു ഒരു ശിപാശിയും സ്വീകരിക്കപ്പെടാത്തതും, അതിൻെറ പക്കൽനിന്നു ഒരു പ്രതിവിധിയും കയ്യേല്ക്കപ്പെടാത്തതും, അവർ തന്നെ സഹായിക്കപ്പെടാത്തതുമായ ഒരു ദിവസത്തെ നിങ്ങൾ സൂക്ഷിക്കയും ചെയ്യിൻ.

പ്പററി തങ്ങളുടെ പ്രവാചകനായ മോശെ (മൂസാ,അ:) അവരെ അനുസ്മരിപ്പിക്കുന്നതു ഖുർആൻ മറെറാരിടത്തു വ്യക്തമാക്കിയിട്ടുണ്ടു്. സംഹിത 5ൽ രേഖ 20നോക്കുക.

77. യിസ്രായേല്യർ തങ്ങളുടെ പൂർവ്വകാലനിലവാരത്തിന്നു നേരെവിപരീതമായ പതനത്തിലേക്കു വീണു പോകുന്നതിനെ സംബന്ധിച്ച ആപൽസൂചന കൊടുത്തതിൽപിന്നെ, അധഃപതനത്തിൻെറ അഗാധതയിൽ അവക്കു നേരിടുവാനിരിക്കുന്ന അവസാനദശാസന്ധിയെപ്പററി സൂക്ഷിച്ചുകൊള്ളുവാൻ ഖുർആൻ അവക്കു ഉൽബോധനങ്ങൾ കൊടുക്കുന്നു; തങ്ങളുടെ തെററായ ജീവിതവൃത്തിയുടെ ദൂഷിച്ച പരിണാമങ്ങളിൽനിന്നു രക്ഷപ്പെടുവാൻ യിസ്രായേല്യർ കണ്ടുവെച്ചിട്ടുള്ള തന്ത്രങ്ങൾ ഫലിക്കാത്ത തരത്തിൽ പെട്ടതാണു് പ്രസ്തുത ദശാസന്ധിയെന്നു മുന്നറിവു കൊടുക്കുകയും ചെയ്യുന്നു; ഖുർആനിൻെറ സത്യപ്രഖ്യാപനത്തോടുകൂടെ യിസ്രായേല്യർ ഖണ്ഡിതമായിട്ടുള്ളൊരു വഴിത്തിരിവിൽ ചെന്നെത്തിയിരിക്കുന്നു. തങ്ങൾ നടന്നുവന്നിട്ടുള്ള ശാശ്വതമായ സത്യത്തിൻെറ പന്ഥാവിൽനിന്നു തെററി സ്വാത്ഥജടിലമായ മിഥ്യയിലേക്കു തിരിഞ്ഞുപോവുകയാണെങ്കിൽ കുറെക്കാലത്തേക്കു തങ്ങളുടെ സ്വാത്ഥലാഭങ്ങൾ വെച്ചുപുലത്തുവാൻ സാദ്ധ്യമായെന്നു വരാവുന്നതാണു്; തങ്ങളുടെ കൃത്രിമമായ കൂട്ടുകെട്ടു കുറെയങ്ങിനെ വെച്ചുപുലത്താവുന്നതാണു്; സത്യരഹിതമായ നയതന്ത്രങ്ങൾ കുറെയൊക്കെ കുറെക്കാലത്തേക്കു നടന്നുവെന്നു വരാവുന്നതാണു്. പക്ഷെ ഒരു ആത്മാവു് മറെറാരാത്മാവിന്നു ഒന്നും സത്യരഹിതമായി ചെയ്യുവാനാവാത്ത ഒരു ദിവസത്തിൽ അവർ എത്തിച്ചേരാനിരിക്കുന്നു. വ്യക്തിപരമായ താല്പയ്യങ്ങൾ, സ്വാധീനത്തിൽകൂടിയുള്ള നിദ്ദേശങ്ങൾ, താല്ക്കാലികമായ പ്രതിവിധികൾ, പുറമെനിന്നുള്ള സഹായങ്ങൾ തുടങ്ങിയ ലൗകികതന്ത്രങ്ങൾ യാതൊന്നുമവിടെ നടക്കുകയില്ല.

രേഖ 47ൽ ഭൂതകാലത്തെ സ്മരിപ്പിച്ചുകൊണ്ടു, സാക്ഷാൽ സത്യമായ ദൈവമാണു്, സ്വാത്ഥഭീരുക്കളായ പുരോഹിതന്മാരല്ല തങ്ങളെ ലോകത്തിൻെറ മുകൾതട്ടിലേക്കു കൊണ്ടുവന്നതെന്നു യിസ്രായേല്യക്കു മനസ്സിലാക്കിക്കൊടുക്കയുണ്ടായി. രേഖ 48ൽ സത്യമായ ദൈവത്തിൻെറ ഹിതത്തിന്നു വിരുദ്ധമായി യാതൊരാൾക്കും യാതൊന്നും ചെയ്യുവാൻ സാധിക്കാത്ത ദൃഢമായ ഭാവിയെപ്പററി ചിന്തിപ്പിക്കുന്നു. സ്മരണയും ചിന്തയും പ്രയോജനപ്പെടുന്ന ജനവിഭാഗത്തിന്നു സത്യതല്പരതയുളവാക്കുവാൻ പയ്യാപ്തമായ രണ്ടു സമീപനങ്ങളാണിവ.

ശിപാശി എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "ശഫാഅതുൻ" എന്ന അറബിപദത്തെയാണു്; ഒരു വ്യക്തി, മറെറാരാളുടെ പക്കൽ തനിക്കുള്ള നിലയെ വിനിയോഗിച്ചുകൊണ്ടു വേറൊരാൾക്കു് നന്മ ചെയ്യിക്കുക എന്ന വിവക്ഷയാണു് ഈ വാക്കിന്നുള്ളതു. "ശഫാഅതുൻ" എന്ന വാക്കു് "ശഫഅ" എന്ന ക്രിയയുടെ ധാതുനാമമാണു്. ശഫഅ എന്നതിന്നു, ഒരു വസ്തുവിനെ ഒരു ഇരട്ടയുടെ രണ്ടു ഘടകങ്ങളിൽ ഒരു ഘടകമാക്കിത്തീത്തു എന്ന അത്ഥമാണു് ഉള്ളതു; (തബ്രി). അല്ലെങ്കിൽ, ഒരു വസ്തുവിനെ അതിനു സാദൃശ്യപ്പെട്ടിരിക്കുന്ന മറെറാന്നിനോടു കൂട്ടിച്ചേത്തു എന്നു അത്ഥമാണു്. (റാഗിബ്). രണ്ടു വസ്തുക്കളുടെ അല്ലെങ്കിൽ വ്യക്തികളുടെ മദ്ധ്യത്തിൽ അനുകൂലമായ സമ്പക്കം പുലത്തുക എന്ന അത്ഥത്തിൽ അതു പ്രയോഗിക്കപ്പെടുന്നു. ധാമ്മികമായ ശിപാശിയെപ്പററിയല്ല

ലൗകികമായ ശിപാർശിയെപ്പററിയാണ്, ശിപാർശി സ്വീകരിക്കപ്പെടുന്നതല്ലെന്നു ഖുർആൻ ഇവിടെയും ഇതു പോലെയുള്ള സ്ഥാനങ്ങളിലും പ്രസ്താവിക്കുന്നതു. സാക്ഷാൽ സത്യമായ ദൈവത്തിന്നു ഹിതമാണെങ്കിൽ, അവൻ തൃപ്തിപ്പെട്ടിട്ടുള്ളവൎക്കുവേണ്ടി ശിപാർശി ചെയ്യപ്പെടാവുന്നതാണ്. പക്ഷെ അങ്ങിനെയാണെങ്കിൽ മാത്രമേ അതു ചെയ്യപ്പെടുകയുള്ളു. സംഹിത 2ൽ രേഖ 255ഉം സംഹിത 21ൽ രേഖ 25ഉം നോക്കുക. ആത്മാക്കളുടെ അവസാനത്തെ എഴുന്നേല്പിന്റെ ദിവസത്തിൽ വിശുദ്ധ പ്രവാചകൻ ശിപാർശി ചെയ്യുമെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് (ബുഖാരി & മുസ്ലിം). സ്വാത്മനഷ്ടത്തെ ഭയന്നു സത്യത്തെവിട്ടു മിഥ്യയിലേക്കു തിരിഞ്ഞ യിസ്രായേല്യർ ലൗകികമായ നിലവാരത്തിൽക്കൂടി മാത്രമാണ് ചിന്തിച്ചിരുന്നതു; തങ്ങൾ പ്രതീക്ഷിച്ചിരുന്ന ശിപാർശിയും ലൗകികമായ നിലവാരത്തിലുള്ളതായിരുന്നു. ധാർമ്മികമായ ശിപാർശിയെ യിസ്രായേല്യൎക്കു ലഭിക്കയില്ലെന്നു ഖുർആൻ പറയുന്നില്ല; തങ്ങൾ പുരോഹിതന്മാരുടെ നയതന്ത്രങ്ങളിൽകൂടി കണ്ടുവെച്ചിട്ടുള്ള ശിപാർശി സ്വീകരിക്കപ്പെടുകയില്ലെന്നാണ് ഖുർആൻ അവരോടു വിളിച്ചു പറയുന്നതു; സത്യത്തിലേക്കു മടങ്ങുകയാണെങ്കിൽ പിന്നെ അവൎക്കു ലഭ്യമാകുന്ന ശിപാർശി വേറെയാണ്; അതു അപ്പോൾ അങ്ങിനെയുള്ളവൎക്കു ലഭ്യവുമാണ്; ഖുർആൻ ജനങ്ങളെ സമീപിക്കുന്നതു അവരോടു ഏററവും അടുത്തുനില്ക്കുന്ന നിലവാരത്തിൽകൂടിയാണ്; എന്നിട്ടു അതു അവൎക്കു ഉദ്ദേശിക്കപ്പെട്ട ഉന്നതമായ നിലവാരത്തിന്റെ നേരെ അവരെ തട്ടിയുണൎത്തുന്നു.

എന്നാൽ ലൗകികജീവിതത്തിൽത്തന്നെ മേൽപറഞ്ഞ നിസ്സഹായമായ ദിവസത്തിന്റെ ചെറിയൊരു ഛായ യിസ്രായേല്യൎക്കു കാണുവാൻ കഴിഞ്ഞിട്ടുണ്ട്. മദീനയിൽ നിവസിച്ചിരുന്ന യഹൂദഗോത്രങ്ങൾ, സത്യത്തിന്നു സമൎപ്പിച്ചു ജീവിക്കുന്നവരായ മുസ്ലിംകളുടെ ശത്രുക്കൾക്ക് കൂട്ടുനില്ക്കുകയുണ്ടായല്ലോ? മക്കായിലെ സത്യവിരോധികൾക്കു രഹസ്യമായി കൊടുക്കാവുന്ന സകല സഹായവുമവർ നല്കിയിരുന്നു. മുസ്ലിംകളെ കടന്നാക്രമിക്കുവാൻതന്നെ അവർ മക്കാവികളെ പ്രേരിപ്പിക്കുകൂടിചെയ്തു. മുസ്ലിംകളോടുകൂടെ പ്രതിരോധനത്തിന്നായി തങ്ങൾ സന്ധിചെയ്തിട്ടുള്ളതിനോടുകൂടെയാണ് അവർ ഇങ്ങിനെ പ്രവൃത്തിച്ചിരുന്നതു. ശത്രുക്കൾ മുസ്ലിംകളെ തകൎക്കുന്നതിൽ പരാജയമടഞ്ഞപ്പോൾ യഹൂദന്മാൎക്ക് തങ്ങളുടെ നയവഞ്ചനയുടെ പ്രതിഫലങ്ങൾ വാങ്ങുവാനുള്ള ദിവസംവന്നു. യഹൂദൎക്കു രഹസ്യമായി സഹായവാഗ്ദാനങ്ങൾ നല്കിയിരുന്ന കപടക്കാരും "കൂട്ടുദൈവ"ക്കാരും യഹൂദരെ സഹായിക്കുന്നതിന്നായി മുമ്പോട്ടു വരികയുമുണ്ടായില്ല. വരാനിരിക്കുന്ന ഭയങ്കര ദിവസത്തിന്റെ നേരിയൊരു നിഴൽ മേല്പറഞ്ഞ ദിവസത്തിൽ യഹൂദർ കണ്ടുമുട്ടിയതു ചരിത്രത്തിൽനിന്നു നമുക്ക് മനസ്സിലാക്കാവുന്നതാണ്; സംഹിത 59ൽ പ്രസ്തുത സംഭവങ്ങളുടെ ചില വശങ്ങളെ ഖുർആൻതന്നെ വ്യക്തമാക്കുന്നുണ്ട്.

ശഫാഅതുൻ=ശിപാർശി എന്നതിന്നു മറെറാരു വിവക്ഷ കൂടിയുള്ളതു സ്മരിക്കത്തക്കതാണ്; സംഹിത 4ൽ രേഖ 85 നോക്കുക; ഒരാൾ മറെറാരാളെ, തനിക്കു അയാളെപ്പററിയുള്ള ധാരണയെ വെച്ചുകൊണ്ടു അനുസരിക്കുന്ന സമ്പ്രദായത്തിന്നു ശിപാർശിയെന്നു പറയപ്പെടുന്നു; ഈ അൎത്ഥത്തിൽ, അനുസരിക്കുന്ന ആൾ, അനുസരിക്കപ്പെടുന്ന ആൾ എന്നിങ്ങിനെ, പ്രവൃത്തിയിൽ യോജിക്കുകയും സ്ഥാനത്തിൽ വ്യത്യാസപ്പെടുകയും ചെയ്യുന്ന രണ്ടു വ്യക്തികൾ ഉണ്ടാവുന്നു; ഇതു അനുകരണ കൎമ്മത്തിന്റെ ഒരു വശമാണ്. അനുസരിക്കുന്ന അല്ലെങ്കിൽ അനുകരിക്കുന്ന ആൾ തന്റെ കർമ്മത്തിന്റെ മാതൃകയായ വ്യക്തിയോടു തന്നത്താൻ ചേൎന്നു തുണനിന്നു പ്രവൎത്തിക്കുന്നു. സ്ഥാനങ്ങളിൽ രണ്ടാളും രണ്ടാണെങ്കിൽക്കൂടി പ്രവൃത്തിയിൽ അവർ ഒന്നായിത്തീരുന്നു. ഇതു തന്നെയാണ് ശിപാർശിയുടെ അല്ലെങ്കിൽ ശഫാഅത്ത്സിദ്ധാന്തത്തിന്റെ പ്രാഥമികമായ വസ്തുത; ഇതിൽനിന്നു ശഫാഅത്ത് സിദ്ധാന്തത്തിന്നു രണ്ടു ആശയാധികാരങ്ങൾ ഉള്ളതായി നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നു. ഒന്നാമതു, ഒരാൾ മാതൃകയായി കൈക്കൊണ്ടിരിക്കുന്ന വ്യക്തിയുമായി പ്രവൃത്തിയിൽ സൎവ്വാത്മനാ യോജിക്കുകയെന്നതാണ്; അങ്ങിനെ സത്യത്തിന്നു സമൎപ്പിച്ചു ജീവിച്ചിട്ടുള്ള മഹാ വ്യക്തികളുടെ മാൎഗ്ഗത്തിൽക്കൂടി ജീവിതയാത്ര ചെയ്യുവാൻ അയാൾക്കു സന്ദൎഭമുണ്ടാകുന്നു. രണ്ടാമതു, സ്വന്തനിലക്കു പോവുകയായാൽ തന്നെ ബാധിക്കുമായിരുന്ന വ്യക്തിഗതമായ ദൗൎബ്ബല്യദോഷങ്ങളിൽനിന്നു അയാൾക്ക് രക്ഷ ലഭിക്കുകയും ചെയ്യുന്നു. പക്ഷെ, സത്യസേവകരായി ജീവിതമൎപ്പിച്ചിട്ടുള്ള നല്ല മാതൃകയെ ശരിയായി ജീവിതത്തിലേക്കു പകൎത്തിയാൽ മാത്രമേ—ശഫാഅത്ത് സിദ്ധാന്തത്തിന്റെ പ്രാഥമികവ്യവസ്ഥയെ പാലിച്ചാൽ മാത്രമേ—തന്മൂലമുള്ള രക്ഷാവ്യവസ്ഥ അയാൾക്ക് ലഭിക്കുകയുള്ളു. യിസ്രായീല്യർ മേല്പറഞ്ഞ വിധത്തിലുള്ള മാതൃക

49. നാം നിങ്ങളെ മോചിപ്പിച്ചതും;
(നിങ്ങൾ സ്മരിക്കുവിൻ)
ഫിർഔനിന്റെ ആളുകളിൽനിന്നു്;
നിങ്ങളെയവർ യാതന കൊള്ളിക്കവേ,
ശിക്ഷയിൽനിന്നു തീരെ ദുഷിച്ചതുകൊണ്ടു.
അവർ അറുകൊല ചെയ്യവേ;
നിങ്ങളുടെ പുത്രന്മാരെ.
അവർ ജീവിക്കുവാൻ വിടുകയുംചെയ്യവേ;
നിങ്ങളുടെ സ്ത്രീകളെ.
അതിൽ(ത്തന്നെ) നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ള
ഗംഭീരമായൊരു പരിശോധനയുണ്ടുതാനും.[78]

٤٩- وَإِذْ نَجَّيْنَٰكُم مِّنْ ءَالِ فِرْعَوْنَ يَسُومُونَكُمْ
سُوٓءَ ٱلْعَذَابِ يُذَبِّحُونَ أَبْنَآءَكُمْ وَ
يَسْتَحْيُونَ نِسَآءَكُمْ
وَفِى ذَٰلِكُم بَلَآءٌ مِّن رَّبِّكُمْ
عَظِيمٌ

ഗദ്യഭാഷ

49. ശിക്ഷയിൽനിന്നു ദുഷിച്ചതുകൊണ്ടു അവർ നിങ്ങളെ യാതനയേല്പിക്കവേ, നിങ്ങളുടെ ആൺമക്കളെ അറുത്തുകൊല്ലുകയും നിങ്ങളുടെ സ്ത്രീകളെ ജീവിക്കുവാൻ വിടുകയും ചെയ്യവേ, ഫറവോന്റെ ആളുകളിൽനിന്നു നാം നിങ്ങളെ മോചിപ്പിച്ചതിനേയും (നിങ്ങൾ സ്മരിക്കുവിൻ). അതിൽത്തന്നെ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നൊരു ഗംഭീരമായ പരീക്ഷണമുണ്ടു്.

യെ പിൻപററുന്നില്ലെന്നുള്ളതു വ്യക്തമാണു്; ധാർമ്മികമായ ശഫാഅത്ത് സിദ്ധാന്തത്തിന്റെ പ്രാഥമിക വ്യവസ്ഥയെ ലംഘിച്ചിരുന്നില്ലെങ്കിൽ, മോശെയുടെയും ക്രിസ്തുവിന്റെയും സത്യതല്പരതയെ വിട്ടു, വേറിട്ടുള്ള നിലനില്പിന്റെ പേരിൽ അവർ യഹൂദരും ക്രിസ്ത്യാനികളുമായി, മാറിനില്ക്കുമായിരുന്നില്ല.

78. സത്യത്തെ വിസമ്മതിച്ചാൽ തങ്ങൾക്കു ലഭ്യമാണെന്നു തങ്ങൾ വിചാരിക്കുന്ന രക്ഷാകവചങ്ങൾ പ്രയോജനപ്പെടാത്ത ദിവസത്തെ ചൂണ്ടിക്കാട്ടിയിട്ടു, ഗത്യന്തരമില്ലാത്ത പതനത്തിൽ പെട്ടുപോയതുകൊണ്ടല്ല യിസ്രായേല്യർ സത്യത്തെ സ്വീകരിക്കാതെ തിരിഞ്ഞുപോകുന്നതെന്നും, സത്യത്തേക്കാൾ കൂടുതൽ സ്വാർത്ഥത്തെയവർ ഭയപ്പെടുന്നതുകൊണ്ടാണു് എന്നുമുള്ള വസ്തുതക്കു തങ്ങളുടെ സ്വന്തം പൂർവ്വചരിത്രസ്മരണയിൽനിന്നു തെളിവുകൊടുക്കുന്നു. ക്രൂരനായ ഫറവോന്റെ വിട്ടുവീഴ്ചയില്ലാത്ത കഠിനമായ പിടുത്തത്തിൽനിന്നു ദുസ്സഹമായ യാതനകളെ സഹിച്ചതിനു പിറകെ രക്ഷപ്പെട്ട ജനതയാണിതു; രക്ഷപ്പെടുവാൻ വേറെ ഗതിയില്ലാഞ്ഞപ്പോൾ സത്യമായ ദൈവമവരെ രക്ഷപ്പെടുത്തി; സ്വാർത്ഥഭീതിയുടെ പിടിയിൽനിന്നു സ്വന്തശ്രമത്താൽതന്നെ മുക്തിനേടുവാനുള്ള കഴിവു് യിസ്രായീല്യക്കുണ്ടു്. സാക്ഷാൽ സത്യമായ ദൈവമാണു് തങ്ങളെ ഫറവോന്മാരുടെ പിടിയിൽനിന്നു മോചിപ്പിച്ചതു എന്ന വസ്തുതക്കു നല്ലൊരു തെളിവാണു്, സത്യത്തെ ഭയപ്പെടാതായപ്പോൾ, സ്വാർത്ഥഭീരുക്കളായ പുരോഹിതന്മാരുടെ പിടിയിൽനിന്നു രക്ഷപ്പെടുവാൻ കഴിവുണ്ടായിട്ടുകൂടി യിസ്രായേല്യർ പുറത്തു വരാതിരിക്കുന്നതു; ഇരുമ്പുചങ്ങലകൾ തകർത്ത തലമുറയുടെ പിൻമുറക്കാരായ സന്തതികൾ ചിലന്തിവലയിൽ കുടുങ്ങികിടക്കുകയോ? യിസ്രായിൽക്കാരുടെ സ്വാത്മശക്തിയെ യിസ്രായിലർക്കുതന്നെ മനസ്സിലാക്കിക്കൊടുക്കുവാനുള്ള ദൈവീകമായൊരു പരിശോധനയാണിതു. തങ്ങളുടെ പരമ്പരാഗതമായ ശക്തി സത്യത്തിന്റെ ശക്തിയാണെന്നു ഗ്രഹിക്കുവാൻ തങ്ങളുടെ രക്ഷിതാവിൽനിന്നു ലഭിച്ചിരിക്കുന്ന സന്ദർഭമാണിതു; ഗംഭീരമായൊരു പരിശോധനയാണിതു. ഫറവോൻ യിസ്രായേല്യരോടു ചെയ്തുകൊണ്ടിരുന്ന കഠിനകൃത്യങ്ങൾ സ്മരിക്കുന്നവക്കു ക്ഷണത്തിൽ ഗ്രഹിക്കാവുന്ന വസ്തുതയാണിതു.

ആദിമ ഈജിപ്തിന്റെ ചക്രവർത്തിമാരുടെ സ്ഥാനപ്പേരാണു് "ഫിർഔൻ" എന്നതു്; അതിന്റെ മലയാള തൽഭവമാണു് ഫറവോൻ എന്നു പറഞ്ഞുവരുന്നതു്. "കിസ്റാ" എന്നു വിളിക്കപ്പെടുന്ന പാരസീക ചക്രവർത്തിമാർക്കും, "കൈസർ" എന്നു വിളിക്കപ്പെടുന്ന റോമൻചക്രവർത്തിമാർക്കും നാന്താങ്ങളുടെ സ്വന്തം പേരുകൾ വേറെ വേറെയുള്ളതുപോലെ ഓരോ ഫിർഔനിന്നും വേറെ വേറെ സ്വന്തപ്പേരുകൾ ഉണ്ടു്. യിസ്രായേൽക്കാരെ മർദ്ദിച്ചു കൈവശംവെച്ചുകൊണ്ടിരുന്ന ഫിർഔനിനെ സംബന്ധിച്ചാണു് ഖുർആൻ ഇവിടെ വിവരിക്കുന്നതു.

50. നാം നിങ്ങളെക്കൊണ്ടു, സമുദ്രത്തെ ഭേദിച്ചതും
(നിങ്ങൾ സ്മരിക്കുവിൻ)
അങ്ങിനെ നിങ്ങളെ നാം മോചിപ്പിച്ചു.
നാം ആഴ്ത്തിക്കളകയും ചെയ്തു,
ഫിർഔൻെറ ആളുകളെ;
നിങ്ങൾ നോക്കിനില്ക്കവേ.[79]

٥٠. وَإِذْ فَرَقْنَا بِكُمُ الْبَحْرَ فَأَنْجَيْنٰكُمْ وَ
أَغْرَقْنَا آلَ فِرْعَوْنَ وَأَنْتُمْ تَنْظُرُونَ ○

ഗദ്യഭാഷ

50. നാം നിങ്ങളെക്കൊണ്ടു സമുദ്രത്തെ ഭേദിച്ചതും, അങ്ങിനെ നാം നിങ്ങളെ മോചിപ്പിക്കയും, നിങ്ങൾ നോക്കിനില്ക്കവേ, ഫിർഔനിൻെറ ആളുകളെ നാം മുക്കിക്കളയുകയും ചെയ്തതും (നിങ്ങൾസ്മരിക്കുവിൻ).

മർദ്ദനത്തിൻെറ മർമ്മസ്ഥാനങ്ങൾ ചൂണ്ടിക്കാട്ടുന്നതല്ലാതെ ഖുർആൻ അതിൻെറ വിശദീകരണങ്ങൾ കൊടുക്കുന്നില്ല; മനുഷ്യനെ കാര്യക്ഷമമായി ചിന്തിക്കുവാൻ സഹായിക്കുന്ന സംഭവസ്ഥാനങ്ങൾ സ്മരണാവിഷയമാക്കുന്നതല്ലാതെ, സംഭവങ്ങളുടെ വഴിക്കുവഴി പട്ടിക കൊടുക്കുന്ന ചരിത്രരീതി ഖുർആനിൽ കാണുകയില്ല. ഖുർആൻ ചരിത്രം മൊത്തത്തിൽ പഠിപ്പിക്കുന്നില്ല; ചരിത്രത്തിൽനിന്നു പഠിക്കേണ്ടതായ പാഠത്തെ ചൂണ്ടിക്കാണിക്കുകയാണ് ചെയ്യുന്നതു. ചരിത്രപഠനത്തിന്നു ഖുർആൻ നല്കിയിട്ടുള്ള പ്രേരണ വളരെ ജീവൽസ്പർശകവുമാണു തന്നെ. നോക്കുക: ഫറവോൻെറ ജനങ്ങൾ നിങ്ങളെ ശിക്ഷയിൽനിന്നു ദുഷിച്ചതുകൊണ്ടു യാതന കൊള്ളിക്കുന്നു എന്നു പറഞ്ഞിട്ടു, ഫറവോൻെറ ജനങ്ങളുടെ കഠിനമായ കയ്യൂക്കും യിസ്രായേല്യരുടെ നിസ്സഹായതയും സ്മരിപ്പിക്കുന്നതിന്നു ഒരു ഒററ വസ്തുതയെ ഖുർആൻ എടുത്തുപറയുന്നു; യിസ്റായേല്യരുടെ പുത്രന്മാരെ കഴുത്തറുത്തു കൊല്ലുകയും പുത്രിമാരെ ജീവിക്കുവാൻ വിടുകയുംചെയ്യുന്നു എന്നതുതന്നെ. പുറപ്പാട് 1-13ൽ പറഞ്ഞിരിക്കുന്നതു നോക്കുക; "മിസ്റയീമ്യർ യിസ്രായേൽമക്കളെക്കൊണ്ടു കഠിനവേല ചെയ്യിച്ചു. കളിമണ്ണും ഇഷ്ടികയും വയലിലെ സകലവിധ വേലയും സംബന്ധിച്ചുള്ള കഠിനപ്രവൃത്തിയാലും അവരെക്കൊണ്ടു കാഠിന്യത്തോടെ ചെയ്യിച്ച സകല പ്രയത്നത്താലും, അവർ അവരുടെ ജീവനെ കയ്പ്പാക്കി;" എന്നിങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. പുറപ്പാട് 1-22ൽ ഫറവോൻെറ പരമശാസനയെപ്പററി പറഞ്ഞിരിക്കുന്നതു നോക്കുക; "പിന്നെ ഫറവോൻ തൻെറ സകല ജനത്തോടും: ജനിക്കുന്ന ഏതു ആൺകുട്ടിയേയും നദിയിൽ ഇട്ടുകളയേണമെന്നും ഏതു പെൺകുട്ടിയേയും ജീവനോടെ രക്ഷിക്കേണമെന്നും കല്പിച്ചു." എന്നാൽ ഖുർആൻ ഉന്നയിക്കുന്ന പ്രശ്നം ഫറവോൻെറ മർദ്ദനചേഷ്ടകളെ സംബന്ധിച്ചുള്ളതല്ല; അത്രയും വലിയ മർദ്ദനത്തിൽനിന്നു യിസ്രായീല്യർ മോചിപ്പിക്കപ്പെട്ടിട്ടു ഇപ്പോൾ സ്ഥാനംതെററിയ ഭീതിക്കു വശംവദരായി പുരോഹിതന്മാരുടെ കൃത്രിമവലയങ്ങൾക്ക് വഴങ്ങിക്കൊടുക്കയോ? എന്നതാണ്. യിസ്റായേല്യർ തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഗംഭീരമായൊരു പരീക്ഷണത്തിലാണെന്നു മനസ്സിലാക്കേണ്ടതായിരുന്നു; പക്ഷെ അവർ അങ്ങിനെ ചെയ്തുയുണ്ടായില്ല. ഖുർആൻ അതു അവരോടു ഇതിനാൽ എടുത്തു പറഞ്ഞു അറിയിക്കുന്നു.

79. ഫറവോൻെറ കഠിനമായ മർദ്ദനവലയത്തിൽനിന്നു മോചനം നേടുകയെന്നതു യിസ്രായേല്യരുടെ ശക്തിയിൽപെട്ട കാര്യമായിരുന്നില്ല; അങ്ങിനെ ദൈവസഹായത്താൽ മാത്രമാണ് തങ്ങൾ രക്ഷപ്പെട്ടതെന്ന വസ്തുതയെ യിസ്രായേല്യക്കു ബോദ്ധ്യപ്പെടുത്തിക്കൊടുത്തു. യാതന കൊള്ളിക്കുന്നതിൽ ഫറവോൻെറ ഗോത്രത്തിനുള്ള നിർദ്ദാക്ഷിണ്യതയും ദുഷ്ടതയും, അവയെ അനുഭവിക്കുന്നതിൽ യിസ്രായേല്യർക്കുള്ള നിസ്സഹായതയും വ്യക്തമാക്കുക വഴിയാണ്, സത്യമായ ദൈവമാണ് തങ്ങളെ യഥാർത്ഥത്തിൽ മോചിപ്പിച്ചതെന്നുള്ള പരമാർത്ഥത്തെ അവരെ ബോദ്ധ്യപ്പെടുത്തിയതു. യാതനകൾ സഹിക്കുകയെന്നതു യിസ്രായേല്യക്കു പുതിയൊരു കാര്യമല്ല; ഫറവോൻെറ കരങ്ങളിൽക്കൂടി പരീക്ഷിച്ചു തെളിയിക്കപ്പെട്ട വസ്തുതയാണ് അതു; സത്യത്തിന്നു വഴങ്ങി ജീവിക്കുമ്പോൾ ചില ക്ലേശങ്ങൾ സഹിക്കേണ്ടിവരുന്നുവെന്നതുകൊണ്ടു, പരീക്ഷിച്ചു തെളിയിക്കപ്പെട്ട സഹന പാരമ്പര്യമുള്ള യിസ്രായേല്യർ സത്യത്തിൽനിന്നു വിട്ടുമാറുകയെന്നതു തീരെ സംഗതമല്ലാത്ത കാര്യമാണ്; തങ്ങൾ ലക്ഷ്യത്തിൽനിന്നു പതറാതെ സഹിച്ചുനില്ക്കുകയാണെങ്കിൽ തങ്ങളുടെ രക്ഷിതാവ് അവരെ നിസ്സഹായതയിൽ വിട്ടുകളയു

കയില്ല; നിശ്ചയമായുമവൻെറ പരമാധികാര ശക്തിയിൽനിന്നുള്ള സഹായങ്ങൾ, സംഹിച്ചുനില്ക്കുന്നവക്ക് പ്രാപ്യമാണ്; പ്രകൃതിയെക്കൂടി പരിവത്തനത്തിന്നു വിധേയമാക്കുമാറ്, യിസ്രായേല്യർക്കു ലോകരക്ഷിതാവ് നല്കിയ മോചനസന്ദർഭത്തെ യിസ്രായേല്യർ വിസ്മരിച്ചിരിക്കയാണ്; ഖുർആൻ അതും അവരോടുതന്നെ പറഞ്ഞറിയിക്കുന്നു; യിസ്രായേല്യരെ മോചിപ്പിക്കുന്നതിൽ പ്രകൃതിയുടെ സാധാരണ നിയമങ്ങളിൽ പ്രമത്തപ്പെട്ട പരിവത്തനശക്തിയെ ഖുർആൻ ചൂണ്ടിക്കാട്ടുന്നതു നോക്കുക.

മനുഷ്യൻെറ ജീവിതഗതി രണ്ടു ഭൗതിക വലയങ്ങളിൽക്കൂടിയാണ് മുമ്പോട്ടു നീങ്ങുന്നത്. ഒന്നു, പരിതഃസ്ഥിതി; മററൊന്നു, പ്രകൃതി. പരിതഃസ്ഥിതിയെ, പരിവത്തനം ചെയ്യിക്കുവാനുള്ള കഴിവ് മനുഷ്യന്നുണ്ട്. പരിതഃസ്ഥിതി സ്വതവേ പരിവത്തനസ്വഭാവമുള്ള ഒന്നാണ്; മനുഷ്യൻെറ തീരുമാനത്തിന്നെതിരായി മനുഷ്യനെ പരിവത്തനം ചെയ്യിക്കുവാൻ പരിതഃസ്ഥിതിക്കു സാധിക്കുകയുമില്ല; എന്നാൽ പ്രകൃതിയുടെ നില മേല്പറഞ്ഞ വസ്തുതയിൽനിന്നു വളരെ വ്യത്യസ്തമാണ്; പ്രകൃതിയെ വിനിയോഗിക്കുവാൻ മാത്രമേ മനുഷ്യന്നു സാധിക്കുകയുള്ളു. പരിവത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയെന്നതു പരിതഃസ്ഥിതിക്കും പ്രകൃതിക്കും പൊതുവിൽ ബാധകമായൊരു വസ്തുതയാണ്. പക്ഷെ പ്രകൃതിയെ വിനിയോഗിക്കുവാനല്ലാതെ—പ്രകൃത്യാലുള്ള വസ്തുതകളിലേക്കു മടങ്ങുവാനല്ലാതെ—പ്രകൃതിയെ നിയന്ത്രിക്കുവാൻ മനുഷ്യന്നു സാദ്ധ്യമല്ല. പ്രകൃതിയുടെ നിർമ്മാതാവായ സാക്ഷാൽ സത്യമായ ദൈവത്തിന്നു മാത്രമേ അതു സാദ്ധ്യമാവുകയുള്ളു. പ്രകൃതിയിൽ സംഭവിക്കുന്ന പരിവത്തനങ്ങളിൽ മനുഷ്യൻേറതായി യാതൊരു പ്രവൃത്തിയും കാണപ്പെടുകയില്ല; ലോകചരിത്രത്തിൽ പ്രകൃതിമാററങ്ങളുടെ സംഖ്യ കണക്കെടുക്കുവാൻ സാധിക്കാത്ത വിധത്തിൽ വിപുലമാണ്; പ്രകൃതിയിൽ സംഭവിക്കുന്ന മാററങ്ങൾ മനുഷ്യൻെറ ജീവിതത്തിൽ പല ഗതിവിഗതികൾ രചിച്ചിട്ടുള്ളതും പരമാത്ഥമാണ്.

ഫറവോൻെറ മദ്ദനഹസ്തങ്ങളിൽനിന്നു യിസ്രായേൽ മക്കളെ തങ്ങളുടെ സ്രഷ്ടാവായ രക്ഷിതാവ് മോചിപ്പിച്ചതു മേൽപറഞ്ഞ കൂട്ടത്തിലുള്ളൊരു പ്രകൃതിമാററത്തിൽ കൂടിയായിരുന്നു; തങ്ങളെ മദ്ദിച്ചു നിവത്തിയിരുന്ന പരിതഃസ്ഥിതിയുടെ വലയത്തെ സ്വശക്തികൊണ്ടു മാററുവാൻ യിസ്രായീലക്ക് സാധിച്ചിരുന്നില്ലെന്നുള്ളതു വ്യക്തമാണ്. ഓടി രക്ഷപ്പെടുവാനാണെങ്കിൽ വഴിമദ്ധ്യത്തിൽ ഒരഗാധമായ ആഴിയുമുണ്ടായിരുന്നു; പ്രകൃതിയും പരിതഃസ്ഥിതിയും രണ്ടും അവക്ക് പ്രതികൂലമായിരുന്നു. പക്ഷെ പ്രകൃതിവൃത്തത്തിൽ മാററങ്ങളുണ്ടാകുമ്പോൾ മനുഷ്യൻ മാററാതെവെച്ചു പുലത്തുവാൻ വിചാരിക്കുന്ന പരിതഃസ്ഥിതിതന്നെ സ്വതവേ മാറിപ്പോകുന്നു; അതിൽ ആക്കും ഒന്നും എതിരായോ അനുകൂലമായോ ഇടപെടുവാൻ ഉണ്ടാവുക ഇല്ല. അങ്ങിനെയുള്ള മാററങ്ങൾ അനുകൂലമായി അനുഭവിക്കുന്ന ആളുകൾ, അതിൽ അകപ്പെട്ടു അടിഞ്ഞു ആണ്ടുപോകുന്നവരെക്കണ്ടു നോക്കിനില്ക്കുകയെന്നതിൽ കൂടുതൽ ആ മാററത്തിൻെറ കാര്യത്തിൽ അവക്കു യാതൊരു കയ്യുമില്ലതന്നെ. സാക്ഷാൽ ദൈവത്തിൻെറ സവ്വസ്വതന്ത്രമായ പ്രവൃത്തിയുടെ ഫലമായിട്ടാണ് യിസ്രായേൽ മക്കൾക്കു മുക്തിലഭിച്ചതെന്ന വസ്തുതയാണ് ഖുർആൻ ഇവിടെ അവരുടെ സ്മരണയിൽ കൊണ്ടുവരുന്നതു.

ഫിർഔൻെറ ഗോത്രക്കാരുടെ നിഷ്ഠുരമായ മദ്ദനത്തിന്നു കീഴ്പ്പെട്ടു കിടന്നു, മരണയാതനകൂടി സഹിച്ചിരുന്ന സമുദായക്കാർ തങ്ങൾക്കു മോചനമേകിയ സാക്ഷാൽ സത്യമായ ദൈവത്തിന്നു സ്വയം സമപ്പിച്ചു ജീവിക്കുന്നതിനാൽ തങ്ങൾക്കു സംഭവിക്കാവുന്ന താല്ക്കാലിക നഷ്ടങ്ങളെ ഭയപ്പെടുകയാണെങ്കിൽ അതു വലിയൊരു വൈപരീത്യമാണ്. പഴയ നിയമത്തിൽ യിസ്രായേൽക്കാരുടെ മോചനത്തിൻെറ വിശദീകരണങ്ങൾ കാണുന്നുണ്ട്.

“മോശെ കടലിന്മേൽ കൈനീട്ടി: യഹോവ അന്നു രാത്രി മഴവനും മഹാശക്തിയുള്ള ഒരു കിഴക്കൻകാററുകൊണ്ടു കടലിനെ പിൻവാങ്ങിച്ചു ഉണങ്ങിയ നിലം ആക്കി. അങ്ങനെ വെള്ളം തമ്മിൽ വേർപിരിഞ്ഞു. ഇസ്രായേൽമക്കൾ കടലിൻെറ നടുവിൽ ഉണങ്ങിയ നിലത്തുകൂടി നടന്നുപോയി; അവരുടെ ഇടത്തും വലത്തും വെള്ളം മതിലായിനിന്നു. മിസ്രയീമ്യർ പിന്തുടർന്നു. ഫറവോൻെറ കുതിരയും രഥങ്ങളും കുതിരപ്പടയും എല്ലാം അവരുടെ പിന്നാലെ കടലിൻെറ നടുവിലേക്കു ചെന്നു. പ്രഭാതയാമത്തിൽ യഹോവ അഗ്നിമേഘസ്തംഭത്തിൽനിന്നു മിസ്രയീമ്യസൈന്യത്തെ നോക്കി, മിസ്രയീമ്യസൈന്യത്തെ താറുമാറാക്കി. അവരുടെ രഥചക്രങ്ങളെ തെററിച്ചു ഓട്ടം പ്രയാസമാക്കി. അതുകൊണ്ടു മിസ്രയീമ്യർ: നാം യിസ്രായേലിനെ വിട്ടു ഓടിപ്പോക; യഹോവ അവക്കുവേണ്ടി മിസ്രയീമ്യരോടു യുദ്ധം ചെയ്യുന്നു എന്നു പറഞ്ഞു. അപ്പോൾ യഹോവ മോശെ

51. നാം വാഗ്ദാനം ചെയ്തതും; (നിങ്ങൾ സ്മരിക്കുവിൻ)
മൂസായ്ക്കു നാല്പതു രാത്രികളെ;
പിന്നെ നിങ്ങൾ പശുക്കിടാവിനെ കൈക്കൊണ്ടു;
അവൻെറ പിറകിനാലെ
നിങ്ങൾ അക്രമകാരികളാണു്താനും.[80]

٥١- وَإِذْ وٰعَدْنَا مُوسٰى أَرْبَعِينَ لَيْلَةً ثُمَّ
اتَّخَذْتُمُ الْعِجْلَ مِنْ بَعْدِهِ
وَأَنْتُمْ ظٰلِمُونَ ○

ഗദ്യഭാഷ

51. മൂസായോടു നാം നാല്പതു രാവുകൾ വാഗ്ദാനം ചെയ്തതും പിന്നെ നിങ്ങൾ, അവൻെറ പിറകിനാലെ പശുക്കിടാവിനെ ദൈവമായിട്ടു കൈക്കൊണ്ടതും (നിങ്ങൾ സ്മരിക്കുവിൻ). നിങ്ങൾ അക്രമകാരികളാണു്താനും.

യോടു: വെള്ളം മിസ്രയീമ്യരുടെ മേലും അവരുടെ രഥങ്ങളിന്മേലും കുതിരപ്പടയുടെ മേലും മടങ്ങിവരേണ്ടതിന്നു കടലിന്മേൽ കൈനീട്ടുക എന്നു കല്പിച്ചു. മോശെ കടലിന്മേൽ കൈനീട്ടി. പുലച്ചെക്കു കടൽ അതിൻെറ സ്ഥിതിയിലേക്കു മടങ്ങിവന്നു. മിസ്രയീമ്യർ അതിന്നു എതിരായി ഓടി. യഹോവ മിസ്രയീമ്യരെ കടലിൻെറ നടുവിൽ തള്ളിയിട്ടു. വെള്ളം മടങ്ങിവന്നു അവരുടെ പിന്നാലെ കടലിലേക്കു ചെന്നിരുന്ന രഥങ്ങളേയും കുതിരപ്പടയേയും ഫറവോൻെറ സൈന്യത്തേയും എല്ലാം മുക്കിക്കളഞ്ഞു. അവരിൽ ഒരുത്തൻപോലും ശേഷിച്ചില്ല. യിസ്രായേൽമക്കൾ കടലിൻെറ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോയി; വെള്ളം അവരുടെ ഇടത്തും വലത്തും മതിലായിനിന്നു. ഇങ്ങനെ യഹോവ ആ ദിവസം യിസ്രായേല്യരെ മിസ്രയീമ്യരുടെ കയ്യിൽനിന്നു രക്ഷിച്ചു. മിസ്രയീമ്യർ കടല്ക്കരയിൽ ചത്തടിഞ്ഞു കിടക്കുന്നതു യിസ്രായേല്യർ കാണുകയും ചെയ്തു. ജനം യഹോവയെ ഭയപ്പെട്ടു. യഹോവയിലും അവൻെറ ദാസനായ മോശെയിലും വിശ്വസിച്ചു.'' (പുറപ്പാടു് 14ൽ 21 മുതൽ 31 വരെ)

കൂടുതൽ ചരിത്രസൂചനകൾക്കു് സംഹിത 26ൽ രേഖ 63ഉം, സംഹിത 20ൽ രേഖ 77ഉം, സംഹിത 10ൽ രേഖ 90ഉം കുറിപ്പുകളും നോക്കുക.

യിസ്രായേൽക്കാരുടെ പരിതസ്ഥിതിയും പ്രകൃതിയും തങ്ങളുടെ മോചനത്തിന്നു പ്രതികൂലമായിരുന്നപ്പോൾ അവരെ മോചിപ്പിച്ചവനാണു് സാക്ഷാൻ സത്യമായ തങ്ങളുടെ രക്ഷിതാവു് എന്നുള്ളതു യിസ്രായേൽ മക്കളുടെ പ്രത്യേകമായ സ്മരണക്കു വിഷയമാകേണ്ട വസ്തുതയാണു്. യാതനകൾ യിസ്രായേൽക്കാരുടെ പാരമ്പര്യത്തിന്നു പുതിയൊരു കാര്യമല്ല. പ്രാർത്ഥനകൊണ്ടും, സഹനംകൊണ്ടും തങ്ങൾക്കു സുഗമമായിത്തീരുന്ന സത്യതല്പരതയെ പുലർത്തിപ്പോരുവാനാണു് യിസ്രായേൽമക്കൾക്കു് രേഖ 50ൽ ഖുർആൻ നല്കുന്ന പ്രേരണ. അതിന്നു അവക്കു സന്മനസ്സു് ഉണ്ടാവുകയാണെങ്കിൽ ഫറവോൻെറ മർദ്ദനത്തിലേക്കു തങ്ങളെ കൊണ്ടെത്തിച്ച ദൌർഭാഗ്യങ്ങൾ അവരുടെ ചരിത്രത്തിൽ ആവർത്തിക്കപ്പെടുകയില്ല.

80. യിസ്രായീൽമക്കളെ സംബോധന ചെയ്തുകൊണ്ടു ഖുർആൻ അവരോടു പ്രവൃത്തിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ മനുഷ്യൻെറ സാധാരണ പ്രകൃതിയും പരിതസ്ഥിതിയും വെച്ചുനോക്കിയാൽ വളരെ പ്രായോഗികമായിട്ടുള്ളതാണെന്നു യിസ്രായേല്യക്കുതന്നെ മനസ്സിലാക്കാവുന്നതാണു്; പക്ഷെ, മിസ്രയീമിലെ ജീവിതകാലത്തെ യാതനകൾ സാധാരണ പ്രകൃതിയുള്ള മനുഷ്യരുടെ ഗതിയിൽനിന്നും അവരെ മാററിക്കളഞ്ഞിരുന്നു; അങ്ങിനെ സാധാരണ പ്രകൃതിയിൽ പതിവില്ലാത്ത ഒരു പരിതഃസ്ഥിതി സൃഷ്ടിച്ചിട്ടാണു് യിസ്രായേല്യരെ മിസ്രയീമ്യക്കാരുടെ മർദ്ദനത്തിൽനിന്നു, തങ്ങളുടെ രക്ഷിതാവു് മോചിപ്പിച്ചതു. രേഖ 50ൽനിന്നു മേൽപറഞ്ഞ സംഗതി വ്യക്തമാകുന്നുണ്ടല്ലോ? കാര്യങ്ങളുടെ ഗുണദോഷങ്ങൾ കണ്ടറിയുവാനുള്ള കഴിവു് യിസ്രായേല്യക്കു താരതമ്യേന കുറവായിത്തീന്നിട്ടുണ്ടെന്നു കാണിക്കുന്ന പെരുമാററങ്ങൾ യിസ്രായേല്യരുടെ ചരിത്രത്തിൽ സുലഭമാണു്. ഖുർആൻ കൊണ്ടുവന്നിട്ടുള്ള സത്യസന്ദേശങ്ങളെ സ്വീകരിക്കാതിരിക്കുന്നതിൽതന്നെ മേൽപറഞ്ഞ സാമുദായികസ്വഭാവങ്ങൾ പ്രതിഫലിച്ചു കാണുന്നുണ്ടെന്നു വിചാരിക്കാവുന്നതാണു്; സ്ഥാനം തെററിയ ക്രമവിരുദ്ധമായ ഭീതിയുടെ പ്രത്യക്ഷമായ മറെറാരു വശമാണതു. യിസ്രായേല്യരുടെ, ജീവിതഗതിയിൽ പല വികൃതസംഭവങ്ങൾക്കും ഹേതുവായിക്കഴിഞ്ഞിട്ടുള്ള ഒരുതരം മൌഢ്യമനസ്ഥിതിയാണതു. രേഖ 51ൽ അത്തരം മൌഢ്യ

ങ്ങളിൽ ഒന്നു ഖുർആൻ അവക്ക് ഓർമ്മപ്പെടുത്തുന്നു. അതു ഇനിയും ആവർത്തിക്കരുതെന്നുള്ള പാഠമാണ് അതിന്റെ ഉള്ളടക്കം.

മോശെ നാല്പതു ദിവസത്തേക്കു മലയിൽ ജപമിരിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്നു. "പിന്നെ യഹോവ മോശെയോടു: നീ എന്റെ അടുക്കൽ പർവ്വതത്തിൽ കയറിവന്നു അവിടെ ഇരിക്ക; ഞാൻ നിനക്കു കല്പലകകളും നീ അവരെ ഉപദേശിക്കേണ്ടതിന്നു ഞാൻ എഴുതിയ ന്യായപ്രമാണവും കല്പനകളും തരും എന്നു അരുളിച്ചെയ്തു. അങ്ങനെ മോശെയും അവന്റെ ശുശ്രൂഷക്കാരനായ യോശുവയും എഴുന്നേററു, മോശെ ദൈവത്തിന്റെ പർവ്വതത്തിൽ കയറി. അവൻ മൂപ്പന്മാരോടു: ഞങ്ങൾ നിങ്ങളുടെ അടുക്കൽ മടങ്ങിവരുവോളം ഇവിടെ താമസിപ്പിൻ; അഹരോനും ഹൂരും നിങ്ങളോടുകൂടെ ഉണ്ടല്ലോ? ആൎക്കെങ്കിലും വല്ലകാൎയ്യവുമുണ്ടായാൽ അവൻ അവരുടെ അടുക്കൽ ചെല്ലട്ടെ എന്നു പറഞ്ഞു. അങ്ങനെ മോശെ പർവ്വതത്തിൽ കയറിപ്പോയി. ഒരു മേഘം പർവ്വതത്തെ മൂടി. യഹോവയുടെ തേജസ്സും സീനായി പർവ്വതത്തിൽ ആവസിച്ചു. മേഘം ആറുദിവസം അതിനെ മൂടിയിരുന്നു. അവൻ ഏഴാംദിവസം മേഘത്തിന്റെ നടുവിൽ നിന്നു മോശെയെ വിളിച്ചു. യഹോവയുടെ തേജസ്സിന്റെ കാഴ്ച പർവ്വതത്തിന്റെ മുകളിൽ കത്തുന്ന തീപോലെ യിസ്രായേൽ മക്കൾക്കു തോന്നി. മോശെയോ മേഘത്തിന്റെ നടുവിൽ പർവ്വതത്തിൽ കയറി. മോശെ നാല്പതു പകലും നാല്പതു രാവും പർവ്വതത്തിൽ ആയിരുന്നു." (പുറപ്പാടു 24ൽ 12 മുതൽ 18 വരെ)

യിസ്രായേൽക്കാരുടെ, മേൽപറഞ്ഞ മൗഢ്യത്തിന്റെ വിശദീകരണത്തിന്നു സംഹിത 20ൽ രേഖ 86മുതൽ 97വരെ നോക്കുക; പുറപ്പാട് മുപ്പത്തിരണ്ടാമദ്ധ്യായത്തിൽ, പശുക്കിടാവിനെ പൂജിച്ചിരുന്നതിനെപ്പററി വിസ്തരിച്ചിട്ടുള്ളതുകൂടി ഇവിടെ സ്മരണീയമാണ്. യിസ്രായീൽക്കാരുടെ മൗഢ്യത്തിന്നു വ്യക്തമായൊരു മാനദണ്ഡമാണിതു; "എന്നാൽ മോശെ പർവ്വതത്തിൽനിന്നു ഇറങ്ങിവരുവാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ ജനം അഹരോന്റെ അടുക്കൽ വന്നുകൂടി, അവനോടു: നീ എഴുന്നേററു, ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക; ഞങ്ങളെ മിസ്രയീം ദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു. അഹരോൻ അവരോടു: നിങ്ങളുടെ ഭാൎയ്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ചു എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു; ജനം ഒക്കെയും തങ്ങളുടെ കാതിൽനിന്നു പൊൻകുണുക്കു പറിച്ചു അഹരോന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രായേലേ, ഇതു നിന്നെ മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു." (പുറപ്പാട് 32ൽ 1മുതൽ 5 വരെ)

യിസ്രായേല്യർ കാളക്കുട്ടിയെ (പശുക്കുട്ടിയെ) ദൈവമായിവെച്ചു പൂജിച്ചു എന്ന വസ്തുതയിൽ പുറപ്പാടിന്റെ പ്രതിപാദനവിഷയത്തോടു ഖുർആൻ യോജിക്കുന്നുണ്ടു; പക്ഷെ വിഗ്രഹത്തെ വാർത്തുണ്ടാക്കിയതു സാമിരിയെന്ന വ്യക്തിയാണെന്നു ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അഹരോൻ (ഹാറൂൻ നബി, അ:) ആ വിഷയത്തിൽ നിർദ്ദോഷിയാണെന്നുകൂടി ഖുർആൻ വെളിപ്പെടുത്തിയിട്ടുണ്ടു. ബൈബിളിന്റെ പതിപ്പുകൾ വേണ്ടത്ര സുരക്ഷിതങ്ങളല്ലെന്നു മനസ്സിലാക്കിയാൽ യഥാർത്ഥത്തിൽ ബൈബിളിനോടു ഖുർആൻ വിയോജിക്കുന്നില്ലെന്നുള്ളതു വ്യക്തമാണ്.

ക്രമത്തിൽ ചിന്തിച്ചു മനസ്സിലാക്കി പ്രവർത്തിക്കുന്ന ജനങ്ങളാണെങ്കിൽ, തങ്ങളുടെ നേതൃത്വമേറെറടുക്കുകയും തങ്ങളെ മിസ്രയീമ്യരിൽനിന്നു വേർപെടുത്തിക്കൊണ്ടുവരികയും ചെയ്ത തങ്ങളുടെ പ്രവാചകന്റെ, മുന്നറിവോടുകൂടിയ അസാന്നിദ്ധ്യത്തിൽ ആ മഹാപുരുഷന്റെ പ്രതിനിധികളുമായി സഹകരിച്ചുകൊണ്ടു വിവേകത്തോടുകൂടെ ജീവിക്കുകയായിരുന്നു യിസ്രായേല്യർ ചെയ്യേണ്ടിയിരുന്നതു; എന്നാൽ അവർ ചെയ്തതു നേരെ വിപരീതമാണ്; തങ്ങളുടെ പ്രവാചകൻ തങ്ങളിൽനിന്നു തെല്ലകലെ മാറിനിന്നപ്പോൾ പ്രവാചകന്റെ പിറകിൽത്തന്നെയവർ തങ്ങളുടെ അജ്ഞതയും അക്രമവും വെളിപ്പെടുത്തുകയാണുണ്ടായതു.

മോശെക്കു സീനായിമലയിൽ നാല്പതു രാപ്പകലുകൾ താമസമുള്ളതു യിസ്രായേല്യർക്കു മനസ്സിലായിട്ടുള്ള സംഗതിയായിരുന്നു; സാധാരണ പ്രകൃതിയിൽ മേല്പറഞ്ഞ ദിവസങ്ങൾ കഴിഞ്ഞിട്ടു മോശെയെ കാണാതെ പോയെങ്കിൽ മാത്രമേ യിസ്രായേല്യർക്കു പരിഭ്രമത്തിന്നവകാശമുള്ളു; മോശ തന്റെ പ്രതിനിധിയെന്ന നിലയിൽ

| | |
|---|---|
| 52. പിന്നെ നാം നിങ്ങൾക്കു വിട്ടുപൊറുത്തുതന്നു, ആയതിന്നു പിറകിനാലെ; നിങ്ങൾ കൃതജ്ഞത കൊള്ളുവാൻവേണ്ടി.[81] | ٥٢- ثُمَّ عَفَوْنَا عَنكُم مِّن بَعْدِ ذَٰلِكَ لَعَلَّكُمْ تَشْكُرُونَ ○ |

ഗദ്യഭാഷ

52. പിന്നെ, നിങ്ങൾ നന്ദിചെയ്യുവാനായിട്ടു നാം നിങ്ങൾക്കു അതിന്നു പിറകിനാലെ, വിട്ടുവീഴ്ചചെയ്തു പൊറുത്തുതന്നു.

---

തന്റെ സഹോദരനെ യിസ്രായേൽമക്കൾക്കിടയിൽ നിറുത്തിക്കൊണ്ടാണ് പോയിരിക്കുന്നതെന്നുകൂടി നോക്കിയാൽ യിസ്രായേൽക്കാൎക്കു നാല്പതു ദിവസത്തേക്ക് ശാന്തമായിരിക്കുന്നതിന്നു യാതൊരു പ്രതിബന്ധവുമില്ല. പക്ഷെ, യിസ്രയേൽമക്കൾക്ക് ക്രമവിരുദ്ധമായി പ്രവൃത്തിക്കുകയെന്നതു താരതമ്യേന സ്വഭാവമായിത്തീൎന്നിരിക്കുന്നു. നാനൂറു വൎഷക്കാലത്തെ മിസ്രയീം ദേശത്തിലെ ജീവിതത്തിന്റെ പ്രതിഫലനമാണിതെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. കാളയെ ദൈവമായി വെച്ചു പൂജിക്കുകയെന്നതുതന്നെ യിസ്രായേല്യൎക്കു പൂൎവ്വീകമായിട്ടുള്ളൊരു സമ്പ്രദായമല്ല; മിസ്രയീമ്യരാണ് മേൽപറഞ്ഞ കാൎയ്യത്തിൽ ദീൎഘിച്ച പഴമയുള്ളവർ; യിസ്രായീല്യരുടെ ചിന്താഗതികൂടി മിസ്രയീമ്യരുടെ ജീവിതസമ്പ്രദായത്തിന്റെ സ്വാധീനത്തിലായിരുന്നുവെന്നതിന്നു നല്ലൊരു തെളിവാണിതു; സ്വന്തപരിശ്രമത്തിൽകൂടിയുള്ള സാംസ്കാരികമായ ശക്തികൊണ്ടു, തങ്ങളെ മൎദ്ദിച്ചിരുന്ന ചുറുപാടിനെ തകൎത്തു രക്ഷപ്പെട്ടവരല്ല യിസ്രായീല്യർ; തങ്ങൾക്കുവേണ്ടി ചുറുപാടുകൾ തകൎക്കപ്പെട്ടപ്പോൾ മനമില്ലാമനസ്സോടെ പുറത്തുപോന്നവരാണ്; തങ്ങളെ മേൽഗതിക്കു പ്രേരിപ്പിക്കുന്ന വ്യക്തി കണ്ണിൽനിന്നു മറയുന്ന മാത്രയിൽ തങ്ങളെ സ്വാധീനത്തിൽ വെച്ചിരുന്ന പൂൎവ്വകാലത്തിലെ മൎദ്ദനശക്തിയുടെ പ്രതിഫലനങ്ങൾ യിസ്രായീല്യരുടെ മനസ്സിൽനിന്നു പ്രവൃത്തിയിലേക്കു വന്നുവീഴുകയും ചെയ്യുന്നു. യിസ്രായേൽക്കാരുടെ പശുദൈവസേവ മേല്പറഞ്ഞ പ്രതിഫലനങ്ങളിൽ ഒന്നാണ്; അവയെ ഉൻമൂലനം ചെയ്യുവാനായിരിക്കണം മോശെയുടെ നിയമങ്ങൾ പശുബലിക്കു പ്രത്യേകമായ പ്രോത്സാഹനങ്ങൾ നല്കിയതു.

രേഖ 51ൽ ഖുർആൻ യിസ്രായേൽമക്കളെക്കൊണ്ടു, തങ്ങളുടെ സ്വഭാവമായിത്തീൎന്നിരിക്കുന്ന മൌഢ്യവൃത്തികളെക്കുറിച്ചു സ്മരിപ്പിക്കുന്നതു നോക്കുക.

81. യിസ്രായേല്യരുടെ ക്രമക്കേടിന്റെ പഴമയെ പ്രത്യേകമായി വ്യക്തമാക്കിയതിനെത്തുടൎന്നു, വെച്ചുപലൎത്തുവാൻ പ്രയാസമായിട്ടുള്ളൊരു സ്വഭാവഗതിയാണു് യിസ്രയേൽ സന്തതികളുടേതെന്നു ഖുർആൻ തെളിയിക്കയുണ്ടായി; തങ്ങളുടെ വിക്രിയകളുടെ നിലയെ പരിശോധിക്കുകയാണെങ്കിൽ യിസ്രയേൽക്കാൎക്കുതന്നെ ബോദ്ധ്യപ്പെടുന്നതായൊരു വസ്തുതയാണതു; പക്ഷെ പിന്നെയും യിസ്രായേൽക്കാർ ചെയ്തുകൊണ്ടിരിക്കുന്ന കെടുതികൾക്കു തങ്ങളുടെ രക്ഷിതാവിന്റെ വിട്ടുപൊറുക്കലെന്ന ക്ഷമാശക്തിയെ ബാധിക്കുവാൻ സാദ്ധ്യമായില്ല. അത്രയും അധികം അന്യായവും അക്രമവും ചെയ്തിട്ടും അപ്പോഴും അവൎക്കു അവരുടെ രക്ഷിതാവു ഒഴിവുചെയ്തു പൊറുത്തുകൊടുത്തു; എന്നാൽ അങ്ങിനെ അവൎക്കു വിട്ടുപൊറുത്തു കൊടുത്തതിലും ഒരു ഉദ്ദേശമുണ്ടായിരുന്നതു അവർ ഗ്രഹിക്കേണ്ടതാണ്; ഈ രേഖയുടെ പൎയ്യവസാനത്തിൽ "നിങ്ങൾ കൃതജ്ഞത കൊള്ളുവാൻ" എന്നു വ്യക്തമാക്കിയിരിക്കുന്നതു നോക്കുക. തങ്ങളുടെ തെറുകൾ പൊറുത്തു കിട്ടിയതുകൊണ്ടു കൈവന്നിരിക്കുന്ന ജീവിതസന്ദൎഭങ്ങളെ, തങ്ങളുടെ രക്ഷിതാവിന്റെ ദയാദാക്ഷിണ്യത്തെ സ്മരിച്ചുകൊണ്ടു വേണ്ടവിധത്തിൽ വിനിയോഗിക്കുകയെന്നതു തന്നെയാണ് യിസ്റായേല്യർ മേല്പറഞ്ഞ കാൎയ്യത്തിൽ ദൈവത്തോടു കാണിക്കേണ്ടിയിരിക്കുന്ന കൃതജ്ഞത. തങ്ങളുടെ രക്ഷിതാവു് യിസ്റായിൽക്കാൎക്കു ചെയ്ത വിട്ടുവീഴ്ചയുടെ തണലിൽ യിസ്റായിൽമക്കൾ ചെയ്തുകൂട്ടിയിട്ടുള്ള കടുംകൈകൾ നോക്കിയാൽ, തങ്ങളുടെ തെറുകൾ പൊറുത്തു കൊടുക്കപ്പെട്ടിരിക്കുന്നതു തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കെടുതികളിൽനിന്നു വിട്ടുമാറി നല്ലതു ചെയ്തു ജീവിക്കുവാൻ വേണ്ടിയല്ല, നേരെമറിച്ചു, തങ്ങൾ ചെയ്തുകൂട്ടിയിട്ടുള്ള തെറുകളെ കൂടെക്കൂടെ ചെയ്തുകൊണ്ടിരിക്കുവാനാണെന്നു യിസ്റായിൽമക്കൾ ധരിച്ചിരിക്കുന്നതായിക്കാണുന്നതാണ്; തീരെ പരമാൎത്ഥവിരുദ്ധമായൊരു ധാരണയാണതു; ഈ രേഖയുടെ പൎയ്യവസാനത്തിലെ വാചകാംശത്തിൽനിന്നു വളരെ വ്യക്തമായി ഗ്രഹിക്കാവുന്ന വസ്തുതയാണിതു; യിസ്റായിൽമക്കൾ സ്വന്തനിലക്കു മനസ്സിലാക്കി പ്രവൃത്തിക്കേണ്ടതായൊരു പരമാൎത്ഥവുമാണിതു; പക്ഷെ അവർ അതു

53. മൂസാക്കു നാം നല്കിയതും; (സ്മരിക്കുവിൻ)
ഗ്രന്ഥത്തേയും വിവേചനത്തേയും;
നിങ്ങൾ നേർവഴി കാണുവാൻവേണ്ടി.[82]

٥٣. وَاِذْ اٰتَيْنَا مُوْسَى الْكِتٰبَ وَالْفُرْقَانَ
لَعَلَّكُمْ تَهْتَدُوْنَ ○

ഗദ്യഭാഷ

53. നിങ്ങൾ നേർവഴി കാണുവാൻവേണ്ടി നാം മൂസാക്കു ഗ്രന്ഥത്തേയും (ഗുണദോഷ) വിവേചനത്തേയും നല്കിയതും (നിങ്ങൾ സ്മരിക്കുവിൻ).

---

ഉപെട്ടില്ല; അല്ലെങ്കിൽ അവരുടെ നില ഇന്നത്തേതിൽനിന്നും വളരെ മെച്ചപ്പെട്ടതായിരുന്നേനെ; അതുകൊണ്ടാണ് ഖുർആൻ ഈ വസ്തുത അവർക്ക് നേരിട്ടു പറഞ്ഞറിയിക്കുന്നതു.

യിസ്രായേല്യർ ചെയ്തുകൂട്ടിയിട്ടുള്ള കുറ്റങ്ങൾ വളരെ കഠോരങ്ങളാണ്; എന്നിട്ടും അവർക്ക് പൊറുത്തു കൊടുക്കപ്പെട്ടു; "ആയതിനു പിറകിനാലെ"യെന്നാൽ അത്രയും അന്യായവും അസംഗതവുമായ അക്രമപ്രവൃത്തിക്ക് ശേഷമായിട്ടു എന്നർത്ഥം; "ആയതു" എന്ന വാക്കു അവരുടെ പ്രവൃത്തിയെ അവർക്കുതന്നെ ചൂണ്ടിക്കാട്ടി ക്കൊടുക്കുന്നു; ഇന്നും യിസ്രായേൽക്കാർ അനുവർത്തിച്ചുവരുന്ന അക്രമങ്ങൾ ഉപേക്ഷിക്കയാണെങ്കിൽ, അങ്ങിനെ തങ്ങൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങളെ ഉചിതമായി ഉപയോഗിക്കുകയാണെങ്കിൽ അവരിൽ ഉണ്ടായിപ്പോയിട്ടുള്ള അനർത്ഥങ്ങളെപ്പററി അവർ ആശങ്കപ്പെടേണ്ടതില്ല; അതിനുള്ള ആത്മാർത്ഥത അവർക്ക് ഉണ്ടോ എന്നു അവർ തന്നെ ആലോചിച്ചാൽ മതി; അവരുടെ രക്ഷിതാവിൻെറ അളവററ ക്ഷമാദാക്ഷിണ്യങ്ങളെപ്പററി അവർ ആശങ്ക കൊള്ളേണ്ടതില്ല; രേഖ 52ലെ ആശയമൂല്യമാണിതു.

82. യിസ്രായേൽ സന്തതികളെ സംബോധന ചെയ്തുകൊണ്ടു ഖുർആൻ അവർക്ക് നല്കിയിട്ടുള്ള അനുഗ്രഹസ്മരണകൾ, അവരുടെ അതിരുകവിഞ്ഞ അക്രമവാസനകളെ വെച്ചുനോക്കുമ്പോൾ അവ അത്രയും അസാധാരണമാണെന്നു അനുഭവപ്പെടുന്നതാണ്; അവർക്ക് നല്കപ്പെട്ടിരുന്ന അനുഗ്രഹങ്ങൾ താരതമ്യേന അസാധാരണങ്ങളാണെന്നതു അവരുടെ അനേകങ്ങളായ ചരിത്ര വസ്തുതകളിൽപെട്ട ഒരു വസ്തുതയുമാണ്; എന്നാൽ ഈ അനുഗ്രഹങ്ങൾ എന്തിനുവേണ്ടി അവർക്ക് അരുളപ്പെട്ടുവെന്നതു അവർ ആന്തരമായി അറിഞ്ഞിരിക്കേണ്ടതാണ്. യിസ്രായിൽ സന്തതികൾതന്നെ ആ വിഷയത്തിൽ അവരെ സംബന്ധിച്ച, ചില അഭിപ്രായങ്ങൾ ഉറച്ചനിലയിൽ എടുത്തുവെച്ചിട്ടുണ്ടു; അവർക്ക് അരുളപ്പെട്ട അനുഗ്രഹങ്ങളുടെ ആന്തരമായ ഉദ്ദേശത്തെ ആരാഞ്ഞുകൊണ്ടല്ല അവർ അവയെപ്പററി അക്കാര്യത്തിൽ അഭിപ്രായങ്ങൾ രൂപീകരിച്ചിട്ടുള്ളതു; അവരെക്കുറിച്ചു അവർ ഉന്നയിക്കുന്ന അമിതവാദങ്ങൾ അവർ അക്കാര്യത്തിൽ അജ്ഞന്മാരാണെന്ന വസ്തുതയെ ഉറപ്പിക്കുന്നുണ്ടു്; ചുരുക്കത്തിൽ, തങ്ങൾ യിസ്രായേലിൻെറ മക്കളായതുകൊണ്ടാണ്, തങ്ങളുടെ ഗോത്രമഹിമകൊണ്ടാണ് തങ്ങൾക്ക് തങ്ങളുടെ രക്ഷിതാവ് തൻെറ മഹാനുഗ്രഹങ്ങൾ നല്കിയിരിക്കുന്നതെന്നു യിസ്രായേല്യർ തെററിദ്ധരിച്ചിരിക്കുന്നു; അവർ കാളക്കുട്ടിയെ വാർത്തു ദൈവമാക്കിവെച്ചു പൂജിച്ചിട്ടു തങ്ങളുടെ ഭാവികൃതജ്ഞതയുദ്ദേശിച്ചു തങ്ങൾക്കു യിസ്രായേല്യരുടെ രക്ഷിതാവ് അതു പൊറുത്തുകൊടുത്തുവെന്നുകൂടി പ്രഖ്യാപിക്കപ്പെട്ടപ്പോൾ യിസ്രായേൽക്കാരുടെ സാധാരണയിൽക്കവിഞ്ഞ മൗഢ്യത്തിനു കൊടുമ്പിരി കൂടിയിരിക്കയാണ്; രേഖ 53ൽ ഖുർആൻ മേല്പറഞ്ഞ തെററിദ്ധാരണയെ സന്ദർഭദീക്ഷയോടുകൂടെ തിരുത്തുന്നതു നോക്കുക.

തങ്ങൾ യിസ്രായേലിൻെറ സന്താനങ്ങളായതുകൊണ്ടാണ് തങ്ങളുടെ രക്ഷിതാവിൽനിന്നു സാധാരണയിൽ കവിഞ്ഞ കാരുണ്യാനുഗ്രഹങ്ങൾ ലഭിച്ചിരിക്കുന്നതെന്ന യിസ്രായിൽ വാദത്തെ മുമ്പിൽ വെച്ചുകൊണ്ടു രേഖ 53ൻെറ പ്രതിപാദനഗതിയെ ശ്രദ്ധിക്കുക.

യിസ്രായേൽ സന്തതികൾക്കു നല്കപ്പെട്ടിരിക്കുന്ന മഹാനുഗ്രഹങ്ങളുടെ കൂട്ടത്തിൽ സർവ്വോപരി മികച്ചു നില്ക്കുന്ന വസ്തുതയാണ്, തങ്ങളുടെ മഹാ നായകനായ മോശെയ്ക്കു തങ്ങളുടെ രക്ഷിതാവ് ഗ്രന്ഥത്തേയും വിവേചനത്തേയും നല്കിയെന്നുള്ളതു; അവ എന്തിനു നല്കപ്പെട്ടുവെന്ന വസ്തുതയെ ഖുർആൻ എടുത്തു കാണിക്കുന്നു. മോശക്കു മേല്പറഞ്ഞ വസ്തുക്കൾ നല്കപ്പെട്ടിരിക്കുന്നതു, മോശ യിസ്രായേൽക്കാരനായതുകൊണ്ടോ യിസ്രായേൽക്കാർക്കു വേണ്ടി സന്നിഹിതനായതുകൊണ്ടോ അല്ല; യിസ്രായേൽക്കാർ തുടർന്നുകൊണ്ടിരിക്കുന്ന ദുർന്നടത്തകൾ വിട്ടു, മോ

ശയ്യു ലഭിച്ച മഹാനുഗ്രഹങ്ങളെ വിനിയോഗിച്ചു, ശാശ്വതമായ ജീവിതലക്ഷ്യത്തിലേക്ക് ചെന്നുചേരുന്ന നേരായ മാർഗ്ഗത്തെ പ്രാപിക്കുവാൻ വേണ്ടിയാണ്; "നിങ്ങൾ നേർവഴി കാണുവാൻ വേണ്ടി"യെന്നു ഖുർആൻ വ്യക്തമാക്കിയിരിക്കുന്നതു നോക്കുക. യിസ്രായീൽക്കാരുടെ സ്വന്തത്തിലുള്ള ഗുണത്തിനു പ്രതിഫലമായിട്ടല്ല; യിസ്രായിൽക്കാരുടെ കയ്യിലുള്ള ദോഷങ്ങളെ പരിഹരിക്കുവാനായിട്ടാണ് പരമദയാലുവായ രക്ഷിതാവ് യിസ്രായേല്യർക്ക് മോശവഴിയായി ഗ്രന്ഥവും വിവേചനവും നല്കിയിരിക്കുന്നതെന്ന പരമാർത്ഥത്തെ വിസ്മരിച്ചുകൂടാത്തതാണ്; മനുഷ്യലോകത്തിനു തങ്ങളുടെ രക്ഷിതാവിൽനിന്നു മാർഗ്ഗദർശനങ്ങൾ ലഭിക്കുന്നതു മനുഷ്യർ ഭൂതകാലത്തിൽചെയ്ത നന്മയുടെ പ്രതിഫലമായിട്ടല്ല; മനുഷ്യൻ ചെയ്യുവാനിരിക്കുന്ന പ്രവൃത്തികളിൽ മനുഷ്യനെ ഗുണദോഷിക്കുവാനാണ്; അവരുടെ പ്രതിഫലങ്ങൾ അവയെ അവർ എങ്ങിനെ സ്വീകരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു; അതിനാൽ യിസ്റായേല്യർക്ക് അക്കാര്യത്തിൽ അസാധാരണമായി യാതൊന്നും അവകാശപ്പെട്ടുകൂടാത്തതാണ്.

വിവേചനമെന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു അൽ-ഫുറ്ഖാൻ എന്ന അറബിപദത്തെയാണ്; "ഫറഖ" എന്ന ശബ്ദത്തിൽനിന്നു ഉത്ഭവിക്കുന്ന ധാതുരൂപമായ വിശേഷണനാമമാണ് ഫുറ്ഖാൻ എന്നതു. ഫറഖ എന്നതിനു വകതിരിച്ചു; താരതമ്യപ്പെടുത്തി; തെററും ശരിയും വേർതിരിച്ചു കാണിച്ചു എന്നീ അർത്ഥങ്ങൾ ഉണ്ട്. വിവേചനമെന്ന വാക്കിൽ മേല്പറഞ്ഞ എല്ലാ ആശയങ്ങളും അന്തർഭവിച്ചിരിക്കയാൽ ചിലക്ക് അല്പം ഗഹനമെങ്കിലും വിവേചനമെന്ന പദമാണ് അൽ-ഫുർഖാൻ എന്ന പദത്തിനു പരിഭാഷയായിരിക്കുവാൻ ഉചിതമായിക്കണ്ടതു്. സത്യത്തേയും മിഥ്യയേയും വകതിരിച്ചു കാണിക്കുന്ന എന്തിനും പൊതുവെ ഫുർഖാൻ എന്നു പറയാവുന്നതാണ്; അതിനാൽ ഫുർഖാൻ എന്നതു്, തെളിവ്, പ്രകടനം, അതും കൂടാതെ, സഹായം, വിജയം എന്നീ അർത്ഥങ്ങളെക്കുറിക്കുന്നു.

മോശെക്കു നല്കപ്പെട്ടതായി ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഫുർഖാൽ=വിവേചനം, ഫറവോൻ കടലിൽ മുങ്ങിനശിച്ചതും യിസ്റായേൽ മക്കളുടെ മോചനവുമാണ്. മോശയുടെ പ്രവാചകത്വത്തെത്തുടർന്നുണ്ടായ നിർണ്ണായകമായൊരു ദശാസന്ധിയായിരുന്നു മേല്പറഞ്ഞ വസ്തുതയും സംഗതിയായ വിധത്തിൽ മോശയെ നേരിട്ടതു്. പ്രവാചകത്വത്തിൻെറ പൂർത്തീകാരമായ മുഹമ്മദ്നബി(സ:)തിരുമേനിയുടെ പ്രവാചക ജീവിതത്തിൽ ബദറിലെ ധർമ്മയുദ്ധത്തിൻെറ വസ്തുതയിൽക്കൂടി സത്യാസത്യ വിവേചകമായ ഫുർഖാൻ പ്രത്യക്ഷപ്പെടുകയുണ്ടായിട്ടുണ്ട്. അതിനാൽ ബദറിലെ വിധിനിർണ്ണായകമായ യുദ്ധദിവസത്തിനു "യവ്മുൽ-ഫുറ്ഖാൻ" നിർണ്ണായകമായ തീയതി അല്ലെങ്കിൽ വിവേചനത്തിൻെറ നാൾ എന്നു വിളിക്കപ്പെട്ടിരിക്കുന്നു. സംഹിത 8ൽ രേഖ 41 നോക്കുക.

ദൈവീകമായ സത്യനിവേദനമാണ്, തെററിൻേറയും ശരിയുടേയും യഥാർത്ഥ മാനദണ്ഡം. അതു ലിഖിതമായ ഗ്രന്ഥത്തിൽക്കൂടിയോ, പവിത്രമായ ഹൃദയത്തിൽക്കൂടിയോ സാധാരണയിൽക്കവിഞ്ഞ ചരിത്രസംഭവങ്ങളിൽക്കൂടിയോ മനുഷ്യനു വെളിപ്പെടുന്നതാണ്. ഇവക്കെല്ലാററിനുംതന്നെ സത്യത്തിൻെറ അടയാളങ്ങൾ അല്ലെങ്കിൽ അതിശയങ്ങൾ എന്നു വിളിക്കപ്പെടാവുന്നതാണ്. നമ്മുടെ പ്രതിപാദനത്തിലിരിക്കുന്ന രേഖയിലെ, ഗ്രന്ഥത്തേയും വിവേചനത്തേയും, വ്യത്യസ്തങ്ങളായ രണ്ടു പരിഗണനകളിൽകൂടി വ്യക്തമാക്കപ്പെട്ട ഒറേ വസ്തുതയായി ചില വ്യാഖ്യാതാക്കൾ ഗണിക്കുന്നു. മററു ചിലർ അവ രണ്ടും വേറെവേറെയുള്ള വസ്തുതകളാണെന്ന നിഗമനമുള്ളവരാണ്. എഴുതപ്പെട്ട സത്യരേഖകളെ ഗ്രന്ഥം=കിതാബ് എന്നും എഴുതപ്പെടാത്ത സംഭവമൂലമായ രേഖകളെ വിവേചനം=ഫുർഖാൻ എന്നും വേറെ വേറെ മനസ്സിലാക്കേണ്ടതാണെന്നു സമർത്ഥിക്കപ്പെടുകയും ചെയ്യുന്നു.

സംഹിത 21ൽ രേഖ 48ൽ മൂസാ(അ)യേയും ഹാറൂൻ(അ)നേയും സംബന്ധിച്ചു പ്രതിപാദിക്കുന്ന കൂട്ടത്തിൽ അവർക്കു രണ്ടുപേർക്കും ഫുർഖാൻ നല്കപ്പെട്ടതായി ഖുർആൻതന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഖുർആനിൻെറ സംഹിതകളിൽ ഒന്നിനു് അൽഫുർഖാൻ എന്നു പേരുതന്നെ കൊടുക്കപ്പെട്ടിട്ടുണ്ട്. സംഹിത 25 നോക്കുക; പ്രസ്തുത സംഹിതയിലെ ഒന്നാമത്തെ രേഖയിൽത്തന്നെ ഫുർഖാൻ എന്ന വാക്ക് പ്രയോഗിക്കപ്പെട്ടിട്ടുമുണ്ട്; അന്ത്യപ്രവാചകനു ഫുർഖാൻ അവതരിപ്പിക്കപ്പെട്ടതായി അവിടെ അതു പ്രത്യേകമായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു; ഹാറൂൻനബി(അ)ക്കു പ്രത്യേകമായൊരു ഗ്രന്ഥം നല്കപ്പെട്ടിരുന്നില്ല എന്നതിനാൽ

54. മൂസാ, തന്റെ ജനങ്ങളോട് പറഞ്ഞതും
(നിങ്ങൾ സ്മരിക്കുവിൻ)
ഹേ! എന്റെ ജനങ്ങളെ, നിങ്ങളാണ്
നിശ്ചയമായിട്ട് അക്രമിച്ചിരിക്കുന്നു;
നിങ്ങളുടെ തന്നെ ആത്മാക്കളെ;
നിങ്ങൾ പശുക്കിടാവിനെ കൈക്കൊണ്ടതിനാലെ.
അതിനാൽ നിങ്ങൾ പിൻമടങ്ങുവിൻ;
നിങ്ങളുടെ നിർമ്മാതാവിങ്കലേക്ക്.
അങ്ങിനെ നിങ്ങൾ നിഗ്രഹിക്കുവിൻ;
നിങ്ങളുടെ ആത്മാക്കളെത്തന്നെ.
ആയതാണ് നിങ്ങളുടെ നിർമ്മാതാവിന്റെ പക്കൽ
നിങ്ങൾക്കു ഉത്തമമായതു.
അങ്ങിനെ, അവൻ നിങ്ങളിൽ കനിഞ്ഞുമടങ്ങി;
നിശ്ചയമായിട്ട് അവൻതന്നെയാണ്
സർവ്വോപരി കനിഞ്ഞുമടങ്ങുന്നവൻ;
മഹാ ദാക്ഷിണ്യശാലി.[83]

٥٤- وَاِذْ قَالَ مُوْسٰى لِقَوْمِهٖ يٰقَوْمِ اِنَّكُمْ
ظَلَمْتُمْ اَنْفُسَكُمْ بِاتِّخَاذِكُمُ الْعِجْلَ فَتُوْبُوْٓا
اِلٰى بَارِئِكُمْ فَاقْتُلُوْٓا اَنْفُسَكُمْ ؕ
ذٰلِكُمْ خَيْرٌ لَّكُمْ عِنْدَ بَارِئِكُمْ ؕ
فَتَابَ عَلَيْكُمْ ؕ
اِنَّهٗ هُوَ التَّوَّابُ الرَّحِيْمُ ○

ഗദ്യഭാഷ

54. മൂസാ, തന്റെ ജനങ്ങളോടു പറഞ്ഞതും (നിങ്ങൾ സ്മരിക്കുവിൻ):– എന്റെ ജനങ്ങളെ, നിങ്ങൾ പശുക്കിടാവിനെ (ദൈവമായി) കൈക്കൊണ്ടതിനാൽ നിങ്ങളുടെ (സ്വന്തം) ആത്മാക്കളെ നിശ്ചയമായിട്ട് നിങ്ങളാണ് അക്രമിച്ചിരിക്കുന്നതു; അതിനാൽ നിങ്ങൾ നിങ്ങളുടെ നിർമ്മാതാവിങ്കലേക്കു പിൻമടങ്ങുവിൻ. അങ്ങിനെ നിങ്ങൾ നിങ്ങളെത്തന്നെ കൊലചെയ്യുവിൻ. അതാണ് നിങ്ങളുടെ നിർമ്മാതാവിന്റെ പക്കൽ നിങ്ങൾക്കു ഏററവും ഗുണമായതു. അങ്ങിനെ അവൻ നിങ്ങളോടു കനിഞ്ഞു പൊറുത്തുമടങ്ങി; നിശ്ചയമായിട്ടു അവൻതന്നെയാണ് സർവ്വോപരി കനിഞ്ഞുമടങ്ങി പൊറുത്തുകൊടുക്കുന്നവൻ; മഹാ ദാക്ഷിണ്യശാലി.

ഫുർഖാൻ എന്നതിന്നു ഗ്രന്ഥമല്ലാത്ത, ഇതര സത്യരേഖകൾ എന്നു അർത്ഥനിർണ്ണയം ചെയ്യുന്നതു കൂടുതൽ യുക്തമാണ്; എല്ലാം സത്യത്തിന്നുനേരെ മനുഷ്യനെ തട്ടിയുണർത്തുവാനുള്ള അജയ്യങ്ങളായ ഉപകരണങ്ങൾതന്നെ.

83. യിസ്റായിലിന്റെ മക്കളാണെന്ന നിലക്കുള്ള, യിസ്റായീല്യരുടെ സ്വന്തമായ ഗോത്രമഹിമയെ മുൻനിറുത്തിക്കൊണ്ടല്ല, യിസ്റയീല്യർക്കു തങ്ങളുടെ രക്ഷിതാവിന്റെ മഹാനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ളതെന്നു യിസ്റായീല്യരെ തെര്യപ്പെടുത്തിയതിൽപിന്നെ, തങ്ങളുടെ സ്വന്തം നിലക്ക് യിസ്റായേല്യർക്കുള്ള. ധാർമ്മികമായ നിലവാരമെന്താണെന്നു തങ്ങളുടെ മഹാ നേതാവായ പ്രവാചകന്റെ, മോശെയുടെ നാവിൽക്കൂടി ഖുർആൻ യിസ്റായേല്യർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നു. മോശെ തന്റെ സമുദായത്തെ പൊതുവെ സംബോധന ചെയ്തുകൊണ്ടു പറയുന്നതു ശ്രദ്ധിക്കുക; അവർ (യിസ്റായേല്യർ) അവരുടെ ആത്മാക്കളെത്തന്നെ അക്രമിച്ചിരിക്കുന്നു എന്നാണ് അവരെ സംബന്ധിച്ച അദ്ദേഹം ആരാഞ്ഞ അറിയിക്കുന്ന അഭിപ്രായത്തിന്റെ ഉറച്ച ഉള്ളടക്കം. അവർക്കു തങ്ങളുടെ ആദർശപുരുഷൻതന്നെയതു പറഞ്ഞറിയിക്കേണ്ടിവന്നതുകൊണ്ടു, അവരുടെ ആത്മാക്കളോട് അവർ ചെയ്ത അക്രമത്തെക്കുറിച്ച ആത്മാക്കൾ ഉണരുകകൂടി ചെയ്തിട്ടില്ലെന്ന വസ്തുത വെളിപ്പെടുന്നുണ്ട്; അവ അത്രയും അചേതനങ്ങളായിത്തീർന്നിരുന്നു. അവയെ വെച്ചു വളർത്തുന്നതും കൊന്നുമുടിക്കുന്നതും ആയാൽ രണ്ടാമത്തേതാണ് അധികം ഉത്തമം; ആലോചന കൂടാത്ത ആചാരവും അന്ധമായ അനുകരണവും അവരെ ആത്മീയമായി അത്രയും അനാശാസ്യമായ അധഃപതനത്തിൽ എത്തിച്ചിരിക്കുന്നു; അതിന്റെ അടിസ്ഥാനസംഗതി അവരുടെ ആ "കുട്ടിക്കാളദൈവ"ത്തിന്റെ ആരാധനതന്നെയാണ് എന്നുകൂടി അവരോട് എടുത്തു പറഞ്ഞിരിക്കുന്നതു നോക്കുക.

യിസ്റായീലിന്റെ സന്തതികളുടെ നിലക്കാണ് മിസ്റയീംദേശത്തിലേക്ക് യിസ്റായേല്യർ ചെന്നുകൂടിയതെന്നതു ചരിത്രവസ്തുതയാണ്; യിസ്റയീല്യരുടെ കഠിനമർദ്ദനങ്ങൾക്ക് തങ്ങൾ പാത്രമായതും യിസ്റായിൽ

മക്കളുടെ നിലയിലായിരുന്നു; അങ്ങിനെ ദീർഘകാലത്തേക്കു് യിസ്റായിൽ സന്തതികളെന്ന നിലക്കു് തങ്ങൾ മിസ്റയീംദേശത്തിൽ കഴിച്ചുകൂട്ടിയ ജീവിതാനുഭവങ്ങളിൽനിന്നു സ്വന്തമായി സമ്പാദിച്ചു കൊണ്ടുവന്ന വസ്തുക്കൾ, കുട്ടിക്കാളസേവയിൽനിന്നു തലതുടങ്ങുന്ന ബുദ്ധിശൂന്യമായ ഉപാസനകൾ മാത്രമാണു്; തങ്ങളുടെ രക്ഷിതാവു് യിസ്റായേല്യൎക്കു ചെയ്തിരുന്ന നന്മകൾ ഗോത്രത്തെ മുൻനിറുത്തിക്കൊണ്ടുള്ളതല്ലെന്നുള്ളതിന്നു ഗോത്രത്തിന്റെ നിലയിൽ യിസ്റായേല്യർ സമ്പാദിച്ചിട്ടുള്ള കുട്ടിക്കാളസേവതന്നെ വ്യക്തമായൊരു തെളിവാണു്.

യിസ്റയേൽക്കാരുടെ പ്രവൃത്തി തീരെ അക്രമവും അന്യായവുമാണെന്നു് വ്യക്തമാക്കിയതിൽപിന്നെ, മോശെ മേല്പറഞ്ഞ കുററങ്ങൾക്കു പരിഹാരമുപദേശിക്കുന്നതു നോക്കുക. യിസ്റായിൽക്കാരുടെ മൌഢ്യത്തിന്നു പററിയ പരിഹാരമാണതു; തുടക്കത്തിൽ, പശ്ചാത്തപിച്ചു മടങ്ങുകയെന്നതാണു് യിസ്റായേൽ മക്കൾക്കു തങ്ങളുടെ നായകനായ പ്രവാചകൻ കൊടുക്കുന്ന കല്പന. പാപങ്ങൾ ചെയ്യുന്നവൎക്കു പൊതുവെ നല്കപ്പെടേണ്ട കല്പനയാണു് അതു എന്നതിൽ സന്ദേഹമില്ല. എന്നാൽ യിസ്റായേൽക്കാരുടെ പശ്ചാത്താപത്തിന്നും തങ്ങളുടെ പാപവൃത്തികൾക്കുള്ളതുപോലെത്തന്നെ കാഠിന്യമുണ്ടു്; കുററം ചെയ്യാത്തവർ തങ്ങളുടെ സ്വന്തക്കാരായ കുററംചെയ്തവരെ കൊന്നൊടുക്കുകയെന്നതായിരുന്നു പശ്ചാത്താപത്തിന്റെ പ്രവൎത്തന പദ്ധതി; നിങ്ങളുടെ ആത്മാക്കളെത്തന്നെ നിങ്ങൾ നിഗ്രഹിക്കുവിൻ എന്ന ശാസനയുടെ തീക്ഷ്ണത മനസ്സിലാക്കുക; പശ്ചാത്തപിക്കുന്നവരുടെ മനസ്സിന്റെ മരവിപ്പിനെയാണു് പശ്ചാത്താപശാസനയുടെ തീക്ഷ്ണത പ്രത്യക്ഷപ്പെടുത്തുന്നതു്. കുററം ചെയ്തിട്ടുള്ളവരെ സമുദായത്തിൽ വെച്ചുപൊറുപ്പിക്കുന്നതുതന്നെ മോശയുടെ പശ്ചാത്താപ നിയമത്തിന്നു വിരുദ്ധമായിരുന്നു. പശ്ചാത്തപിക്കുവാനുള്ള ശാസനയെത്തുടൎന്നുതന്നെ സ്വജന നിഗ്രഹത്തിന്നുള്ള കല്പന നല്കപ്പെട്ടിരിക്കുന്നതിൽനിന്നു നമുക്കു മനസ്സിലാക്കാവുന്ന വസ്തുതയാണിതു്. മേല്പറഞ്ഞ വിധത്തിൽ പശ്ചാത്തപിക്കുന്നതാണു്, ഗോത്രബന്ധത്തെ മുൻനിറുത്തിക്കൊണ്ടു, കുററവാളികളെ വെച്ചുപൊറുപ്പിക്കുന്നതിനേക്കാൾ തങ്ങളുടെ മൂലകൎത്താവായ ദൈവത്തിങ്കൽ യിസ്റായേല്യൎക്കു ഗുണകരമായിട്ടുള്ളതു എന്നു മോശെ വീണ്ടും വ്യക്തമാക്കുന്നതിൽനിന്നു, പാരമ്പൎയ്യമൂലമായ ഗോത്രബന്ധത്തിന്നല്ല കൎമ്മങ്ങളുടെ ഗുണദോഷങ്ങൾക്കാണു് തങ്ങളുടെ സ്രഷ്ടാവായ ദൈവത്തിങ്കൽ മുൻഗണനയുള്ളതെന്നു തെളിയിക്കുന്നു. യിസ്റായേലിന്റെ സന്തതികളെന്ന നിലക്കു സൽകാൎയ്യങ്ങൾ ചെയ്യുവാൻ കൂടുതൽ കടപ്പെട്ടവരാണെന്നല്ലാതെ, തങ്ങൾ ചെയ്യുന്ന ദുഷ്കൎമ്മങ്ങൾക്കു് ഗോത്രപരിഗണന വെച്ചുകൊണ്ടു യാതൊരു പ്രത്യേക വിട്ടുവീഴ്ചയും യിസ്റായേല്യൎക്കു് ലഭിക്കുന്നതല്ലതന്നെ.

പഴയ നിയമത്തിൽ മോശെയുടെ മേല്പറഞ്ഞ ശാസനയുടെ വിശദീകരണങ്ങൾ കാണിക്കപ്പെടുന്നുണ്ടു; "നിങ്ങൾ ഓരോരുത്തൻ താന്താന്റെ വാൾ അരെക്കു കെട്ടി പാളയത്തിൽകൂടി വാതിൽതോറും കടന്നു ഓരോരുത്തൻ താന്താന്റെ സഹോദരനെയും താന്താന്റെ സ്നേഹിതനെയും താന്താന്റെ കൂട്ടുകാരനെയും കൊന്നുകളവിൻ എന്നിങ്ങനെ യിസ്റയേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു എന്നു പറഞ്ഞു. ലേവ്യർ മോശെ പറഞ്ഞതുപോലെ ചെയ്തു. അന്നു ഏകദേശം മൂവായിരം പേർ വീണു; യഹോവ ഇന്നു നിങ്ങൾക്കു അനുഗ്രഹം നല്കേണ്ടതിന്നു നിങ്ങൾ ഇന്നു ഓരോരുത്തൻ താന്താന്റെ മകന്നും താന്താന്റെ സഹോദരന്നും വിരോധമായി യഹോവക്കു നിങ്ങളെ തന്നേ ഏല്പിച്ചുകൊടുപ്പിൻ എന്നു മോശെ പറഞ്ഞു." (പുറപ്പാടു് 32ൽ 27മുതൽ 30വരെ)

അങ്ങിനെ, യിസ്റായേല്യർ പശ്ചാത്തപിച്ചപ്പോൾ സ്വാഭാവികമായി തങ്ങളുടെ രക്ഷിതാവു് അവൎക്കു പൊറുത്തുകൊടുത്തു. തങ്ങൾ യിസ്റായിലിന്റെ സന്തതികളായതുകൊണ്ടല്ല; പശ്ചാത്തപിക്കുന്നവൎക്കു പൊറുത്തുകൊടുക്കുന്നതിലുള്ള ദൈവീകമായ ദാക്ഷിണ്യത്തിന്റെ മഹിമകൊണ്ടു. യിസ്റായിൽ സന്തതികൾ മറക്കുവാൻ പാടില്ലാത്തൊരു സംഗതിയാണിതു്. "അങ്ങിനെ അവൻ നിങ്ങളിൽ കനിഞ്ഞുമടങ്ങി"യെന്നു പ്രസ്താവിച്ചതിന്റെ കൂടെത്തന്നെ സാക്ഷാൽ സത്യമായ ദൈവത്തിന്റെ രണ്ടു മഹാ വിശേഷണങ്ങൾ ദൈവത്തിന്നു സവിശേഷമായിട്ടുള്ളതാണെന്നു പ്രഖ്യാപിച്ചിരിക്കുന്നതു നോക്കുക. യിസ്റായേല്യരുടെ മിതമല്ലാത്ത ഗോത്രമഹത്വവാദത്തെ ഖണ്ഡിക്കുകയാണതു ചെയ്യുന്നതു്. പശ്ചാത്തപിക്കുന്നവരുടെ പ്രത്യേകത കൊണ്ടല്ല, പശ്ചാത്താപത്തെ ദാക്ഷിണ്യത്തോടുകൂടെ സ്വീകരിക്കുകയെന്നതു സാക്ഷാൽ സത്യമായ ദൈവത്തിന്റെ പ്രത്യേകതയായതുകൊണ്ടാണു് എന്നു അതു അസന്നിഗ്ദ്ധമായി സമൎത്ഥിക്കുന്നു. പശ്ചാത്താപത്തിന്റെ വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 37ഉം കുറിപ്പുകളും നോക്കുക.

55. നിങ്ങൾ പറഞ്ഞതും (സ്മരിക്കുവിൻ)
ഹേ, മൂസാ, ഞങ്ങൾ നിനക്കായിട്ട്
വിശ്വസിക്കയില്ലതന്നെ;
ഞങ്ങൾ കാണുന്നതുവരെ; അല്ലാഹുവിനെ;
പ്രത്യക്ഷത്തിൽ.
അപ്പോൾ നിങ്ങളെ പിടികൂടുകയുണ്ടായി;
ഇടിത്തീയ്; നിങ്ങൾ നോക്കിനില്ക്കുവേ.[84]

٥٥- وَإِذْ قُلْتُمْ يَٰمُوسَىٰ لَن نُّؤْمِنَ لَكَ
حَتَّىٰ نَرَى ٱللَّهَ جَهْرَةً فَأَخَذَتْكُمُ ٱلصَّٰعِقَةُ
وَأَنتُمْ تَنظُرُونَ ○

ഗദ്യഭാഷ

55. ഹേ, മൂസാ, ഞങ്ങൾ അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണുന്നതുവരെ നിനക്കായിട്ടു ഞങ്ങൾ വിശ്വസിക്കയില്ല; എന്നു നിങ്ങൾ പറഞ്ഞതും (സ്മരിക്കുവിൻ); അപ്പോൾ നിങ്ങൾ നോക്കിനില്ക്കുവേ, നിങ്ങളെ ഇടിത്തീയ് പിടികൂടുകയുണ്ടായി.

84. യിസ്രായിൽക്കാരുടെ തുടരെത്തുടരെയുള്ള മൗഢ്യപ്രവൃത്തികൾക്കു വിട്ടുവീഴ്ച ചെയ്തു പൊറുത്തുകൊടുത്തുകൊണ്ടിരുന്നതു, സാക്ഷാൽ സത്യമായ ദൈവത്തിൻെറ ദാക്ഷിണ്യപൂർവ്വമായ ക്ഷമാതല്പരതകൊണ്ടു മാത്രമാണെന്നു വ്യക്തമാക്കിയിട്ടു, അവരുടെ ബുദ്ധിശൂന്യമായ മൗഢ്യത്തിൻെറ കാഠിന്യത്തെ മറെറാരു സംഭവത്തിൻെറ സ്മരണയിൽകൂടി ഖുർആൻ വ്യക്തമാക്കുന്നു; യിസ്രായിൽക്കാരുടെ മൗഢ്യത്തിൻെറ, തീരെ ദുഷിച്ച വിഷളായ മാതൃകയാണിതു. മോശെ തീക്ഷ്ണഗതിക്കാരനായൊരു സത്യദൂതനാണ്; ദൈവഹിതത്തിൽ വിശ്വസിക്കുന്നതുകൊണ്ടുമാത്രമാണ്, ശഠന്മാരായ യിസ്രായീൽ സന്തതികളെ ഫറവോൻെറ ഭീകരഹസ്തങ്ങളിൽനിന്നു മോചിപ്പിക്കുവാൻ മോശെ ധൈര്യപ്പെട്ടതു. ദൈവത്തിൽനിന്നു ലഭിക്കുന്ന ശാസനകൾ യിസ്രായീൽ സന്തതികളിൽ ചെന്നെത്തുന്നതു മോശെ വഴിയായിട്ടാണല്ലോ? എന്നാൽ മോശെയുടെ ദൈവസാന്നിദ്ധ്യത്തെ വകവെച്ചുകൊടുക്കുവാൻ യിസ്രായീൽ സന്തതികൾ കൂട്ടാക്കിയില്ല; അവർ മോശെയോടു നേരിട്ടുകൊണ്ടു പറഞ്ഞു: സാക്ഷാൽ സത്യമായ ദൈവത്തെ ഞങ്ങൾ പ്രത്യക്ഷത്തിൽ കാണുന്നതായാലല്ലാതെ നിനക്കായിട്ടു ഞങ്ങൾ വിശ്വസിക്കയില്ലതന്നെ; മോശെയുടെ കാലത്തുണ്ടായിരുന്ന യിസ്രായീല്യർ മൊത്തത്തിൽ മനുഷ്യൻെറ ജ്ഞാനശക്തിയുടെ കൗമാരദശയിൽനിന്നു വിട്ടുമാറിയിരുന്നില്ല; ഗംഭീരങ്ങളായ മഹാ സംഭവങ്ങളിൽകൂടിയാണ് മേല്പറഞ്ഞ ദശയിൽ മനുഷ്യന്നു ദൃഢമായി വല്ലതും ധരിക്കുവാൻ സാധിക്കുക. കഠോരശബ്ദങ്ങൾ, കടുത്ത വർണ്ണങ്ങൾ, കഠിനരസങ്ങൾ, ഇങ്ങിനെ സാധാരണയിൽ കവിഞ്ഞ വസ്തുക്കളാണ് കൗമാരദശയിൽ മനുഷ്യൻെറ മനസ്സിൽ കൂടുതൽ ശക്തിയായി പതിഞ്ഞു നില്ക്കുക. മേല്പറഞ്ഞ നിലയിൽപെട്ടൊരു സംഗതിയാണ് യിസ്രായീല്യർക്കു അന്നു അനുഭവപ്പെട്ടതു; ഖുർആൻ മനുഷ്യൻെറ വളർച്ചയുടെ പൂർണ്ണിമയെക്കുറിക്കുന്നു. അതിനാൽ മനുഷ്യൻെറ അവസാനദശയിലെത്തിയിരിക്കുന്ന ഇന്നത്തെ ഇസ്രാഈൽ സന്തതികൾക്ക് അന്നത്തെ അനുഭവങ്ങളുടെ അനുസ്മരണങ്ങൾ ഉണ്ടായാൽ അതുതന്നെ അവക്കു ആവശ്യത്തിന്നു മതിയാവുന്നതാണെന്നു സൂചനയുണ്ട് ഇതിൽ. സാധാരണ പ്രകൃതിയിൽ കവിഞ്ഞ സംഗതികളിൽകൂടിമാത്രം ഉറച്ച അറിവു ലഭിക്കുന്ന ദശയിൽനിന്നു അവർ മുമ്പോട്ടു നീങ്ങിയിരിക്കുന്നതായി ഉണരേണ്ടതു മാത്രമേയുള്ളു. അതിനാൽ ഖുർആൻ അവരുടെ ആദ്യകാലങ്ങളിലെ അനുഭവങ്ങളെ ആവർത്തിക്കുന്നില്ല. അവയെക്കുറിച്ചു അവരെ അനുസ്മരിപ്പിക്കുക മാത്രമാണ് ചെയ്യുന്നതു്.

മോശെയുടെ ജ്ഞാനോപദേശങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ യിസ്രായിൽമക്കൾ ദൈവത്തെ പ്രത്യക്ഷത്തിൽ കാണുവാൻ ശഠിക്കുമായിരുന്നില്ല; മോശെയ്ക്കുതന്നെ, പ്രസ്തുത വിഷയത്തിൽ, ലഭിച്ചിട്ടുള്ള ദൈവശാസനകൾ മോശെ യിസ്രായീല്യരെ ധരിപ്പിച്ചിട്ടുള്ളതു നോക്കുക: "നിനക്കു എൻെറ മുഖം കാണ്മാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല എന്നും അവൻ കല്പിച്ചു." (പുറപ്പാടു 33ൽ 20മുതൽ 21വരെ) അതിനാൽ കാണുവാനുള്ള ശാഠ്യത്തിന്നു പററിയ പ്രതിവിധി ദൈവത്തെക്കാണുവാനായി നോക്കിനില്ക്കുവേ ശാഠ്യക്കാർ പെട്ടെന്നു മരിക്കുകയെന്നതായിരുന്നു.

"നിങ്ങൾ നോക്കിനില്ക്കുവേ ഇടിത്തീയ് നിങ്ങളെ പിടികൂടുകയുണ്ടായി" എന്നതിൽനിന്നു യിസ്രായേൽക്കാർ യഹോവയെ പ്രത്യക്ഷത്തിൽ കാണുവാൻ ശഠിക്കുക മാത്രമല്ല അതിന്നു ഒരുങ്ങി കാത്തുനില്ക്കുകകൂടി ചെയ്തിരു

56. പിന്നെ നാം എഴുന്നേല്പിച്ചു; നിങ്ങളെ;
നിങ്ങളുടെ മരണത്തിന്റെ പിറകിനാലെ;
നിങ്ങൾ കൃതജ്ഞത കൊള്ളുവാൻവേണ്ടി.[85]

٥٦- ثُمَّ بَعَثْنٰكُمْ مِّنْۢ بَعْدِ مَوْتِكُمْ لَعَلَّكُمْ
تَشْكُرُوْنَ ○

ഗദ്യഭാഷ

56. പിന്നെ നിങ്ങൾ നന്ദിചെയ്യുവാൻ വേണ്ടി, നിങ്ങളുടെ മരണത്തിന്റെ പിറകിലായി നിങ്ങളെ നാം എഴുന്നേല്പിച്ചു.

നുവെന്നു വ്യക്തമാകുന്നുണ്ടു്. പഴയനിയമത്തിൽ യിസ്റായിൽക്കാരുടെ ദൈവദർശനശാഠ്യത്തിന്റെ പരിണാമത്തെക്കുറിച്ചു വിസ്തരിച്ചിട്ടുള്ളതു സ്മരണീയമാണു്.

''മൂന്നാംദിവസത്തേക്കു ഒരുങ്ങിയിരിപ്പിൻ; നിങ്ങളുടെ ഭാര്യമാരുടെ അടുക്കൽ ചെല്ലരുതു' എന്നു പറഞ്ഞു. മൂന്നാംദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാ ഗംഭീരമായ കാഹളധ്വനിയുമുണ്ടായി. പാളയത്തിലുള്ള ജനം ഒക്കെയും നടുങ്ങി. ദൈവത്തെ എതിരേല്പാൻ മോശെ ജനത്തെ പാളയത്തിൽനിന്നു പുറപ്പെടുവിച്ചു. അവർ പർവ്വതത്തിന്റെ അടിവാരത്തുനിന്നു. യഹോവ തീയിൽ സീനായിപർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏററവും കുലുങ്ങി.'' (പുറപ്പാടു് 19ൽ 15മുതൽ 19വരെ) കൂടുതൽ ചരിത്രസൂചനകൾക്കു് സംഹിത 7ൽ രേഖ 155മുതൽ നോക്കുക.

ഇടിത്തീയ്യ് എന്നു ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു ''സ്വാഇഖതുൻ'' എന്ന പദത്തെയാണു്. ഇടിവാൾ എന്നുകൂടി ഇതിന്നർത്ഥമുണ്ടു്. ഇടിയുടെ മുഴക്കമെന്നുകൂടി ഇതു പരിഭാഷപ്പെടുത്താവുന്നതാണു്; ''സ്വാഇഖതുൻ'' എന്നതു മരണഹേതുകമായൊരു വസ്തുതയാണു്; മരണമല്ല. (അബൂഹയ്യാൻ). അതു അടിസ്ഥാനാർത്ഥത്തിൽ ഇടിയെ അല്ലെങ്കിൽ ഇടിയുടെ ശബ്ദത്തെ കുറിക്കുന്നു; അതിനാൽ ഏതെങ്കിലും കഠിനമായ ഗർജ്ജനത്തെയതു വിവക്ഷിക്കുന്നു. (തബ്‌രി). നാശകരമായ ശിക്ഷയ്ക്കുകൂടെ സ്വാഇഖതുൻ എന്നു വിളിക്കപ്പെടുന്നു. സംഹിത 7ൽ രേഖ 155ലെ ''റജ്ഫതുൻ'' എന്ന പദത്തിന്റെ വിവക്ഷ തന്നെയാണു് ഇവിടെ സാഇഖതുൻ എന്ന പദത്തിനുള്ളതു; സംഹിത 7ൽ രേഖ 155ഉം കുറിപ്പുകളും നോക്കുക. ശബ്ദാർത്ഥത്തിൽ മാത്രമല്ല, സംഭവത്തിലും ഇവ രണ്ടും ഒന്നുതന്നെയാണെന്നു മനസ്സിലാക്കേണ്ടതാണു്.

85. ഇടിത്തീയ്യ് പിടികൂടിയപ്പോൾ യിസ്രായേൽ സന്തതികൾ അവശേഷിക്കുവാൻ ഇടയില്ലാത്തതായിരുന്നു; പിന്നീടു ഒരിക്കലും ഐഹികജീവിതത്തിന്നു അവകാശമുണ്ടാകാത്ത വിധത്തിൽ അവർ അന്നുതന്നെ അവസാനിച്ചുപോയേനെ; അവരുടെ അന്യായത്തിന്റെ അളവും, അവരിൽ ഇറങ്ങിയ ഇടിയുടെ ആഴവും രണ്ടും അത്രയും അസാധാരണമായിരുന്നു. പക്ഷെ, അവരുടെ ജീവിതങ്ങൾ അന്നു അവിടെത്തന്നെ വെച്ചു അവസാനിപ്പിക്കപ്പെട്ടില്ല. അതിനാൽ അതിന്നുശേഷവും അവർ ഉയിർത്തെഴുന്നേല്ക്കുവാൻ ഇടയായി; ചുരുക്കത്തിൽ ഐഹികജീവിതത്തിന്റെ അവസാനത്തിൽ ഉണ്ടാകുന്ന തരത്തിൽപെട്ട മരണമായിരുന്നില്ല അവക്കു അന്നു ഉണ്ടായിരുന്നതു. ''പിന്നെ നിങ്ങളുടെ മരണത്തിന്നു പിറകിനാലെ നാം നിങ്ങളെ എഴുന്നേല്പിച്ചു'' എന്ന പ്രസ്താവനയിൽനിന്നു അവരുടെ മരണം അവസാനത്തെ മരണമായിരുന്നില്ലെന്നു വ്യക്തമാണു്; എന്നാൽ അവരുടെ അന്നത്തെ മരണം അവസാനത്തെ മരണമാക്കാതിരുന്നതും, അതുവഴി അവരെ അതിൽപിന്നെ എഴുന്നേല്പിച്ചതും എന്തു ഉദ്ദേശത്തിലായിരുന്നുവെന്നുംകൂടി ഖുർആൻ വ്യക്തമാക്കുന്നുണ്ടു്. അവക്കു് അങ്ങിനെ ഒരു അവസരംകൂടി നല്കിയതു അവർ യിസ്റായേലിന്റെ മക്കളായതുകൊണ്ടായിരുന്നില്ല; നേരെമറിച്ചു അവക്കു വീണ്ടും ഉണ്ടായ അവസരത്തെ ഉചിതമായി സത്യമാർഗ്ഗത്തിൽ ഉപയോഗിക്കുന്നതിന്നു വേണ്ടിയായിരുന്നു. ''നിങ്ങൾ കൃതജ്ഞത കൊള്ളുവാൻ വേണ്ടി'' എന്ന വാക്യാംശത്തിൽനിന്നു ഇതു വളരെ വ്യക്തമാകുന്നുണ്ടു്. വിശദീകരണത്തിന്നു, സംഹിത 2ൽ രേഖ 52ഉം 53ഉം കുറിപ്പുകളും നോക്കി മനസ്സിലാക്കുക.

മരണം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു മവ്ത്തുൻ എന്ന പദത്തെയാണു്; മവ്ത്തുൻ എന്ന പദത്തിന്നു എല്ലാ അവസരങ്ങളിലും ഐഹികമായ ആയുസ്സ് അവസാനിക്കുകയെന്നു അർത്ഥമില്ല. ബോധക്കേടുണ്ടാ

57. നാം തണലിട്ടുതരികയും ചെയ്തു;
നിങ്ങൾക്കുമീതെ മേഘത്തെ(ക്കൊണ്ടു്).
നാം ഇറക്കുകയുംചെയ്തു നിങ്ങൾക്കുമീതെ
“മന്നായും” “സൽവായും”.
നിങ്ങൾ ഭക്ഷിക്കുവിൻ, എന്നു.
നിങ്ങൾക്കു ഉപജീവനമായി
നാം നല്കിയിട്ടുള്ളതിൽവെച്ചു നല്ലവയിൽനിന്നു്;
അവർ അക്രമംചെയ്തുമില്ല; നമ്മോടു്.
എന്നാൽ അവർ അവരുടെ
ആത്മാക്കളോടുതന്നെ അക്രമംചെയ്യുന്നുണ്ടായിരുന്നു.[86]

٥٧- وَظَلَّلْنَا عَلَيْكُمُ الْغَمَامَ وَأَنْزَلْنَا عَلَيْكُمُ
الْمَنَّ وَالسَّلْوَىٰ ۖ
كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ ۖ
وَمَا ظَلَمُونَا وَلَٰكِنْ كَانُوا أَنْفُسَهُمْ يَظْلِمُونَ ○

ഗദ്യഭാഷ

57. നാം നിങ്ങൾക്കു മേഘത്താൽ തണലിട്ടുതരികയും, നിങ്ങൾക്കു ഉപജീവനമായി നല്കിയിട്ടുള്ളതിൽവെച്ചു നല്ലവയിൽനിന്നു നിങ്ങൾ ഭക്ഷിക്കുവിനെന്നു, നാം ഉത്തരവു് തരികയും ചെയ്തുകൊണ്ടു് നിങ്ങൾക്കു നാം “മന്നാ”യും” സൽവാ”യും, ഇറക്കുകയും ചെയ്തു. അവർ നമ്മെ അക്രമിച്ചുമില്ല; എങ്കിലും അവർ അവരുടെ സ്വന്തം ആത്മാക്കളെ അക്രമിക്കുന്നുണ്ടായിരുന്നു.

വുക, ബുദ്ധിയുടെ പ്രവർത്തനോപകരണങ്ങൾ നഷ്ടപ്രായമാവുക, വലുതായ ദുഃഖവും ഖേദവുംകൊണ്ടു് ചലനങ്ങൾ സ്തംഭിക്കുക, നിദ്രാവസ്ഥയിലായിപ്പോവുക എന്നെല്ലാം മവു്ത്തുൻ എന്ന പദത്തിന്നു അർത്ഥങ്ങൾ ഉണ്ടു്; (റാഗിബ്). ഈ രേഖയിൽ “നിങ്ങളുടെ മരണത്തിന്നു പിറകിനാലെ” എന്ന വാക്യാംശത്തിന്റെ അർത്ഥനിർണ്ണയംചെയ്യുമ്പോൾ, മരണം=മവു്ത്തുൻ എന്ന പദത്തിന്റെ അർത്ഥാന്തരങ്ങളിൽ ഒന്നു ഉചിതമായി എടുത്തുകൊള്ളേണ്ടതാണു്.

യിസ്റായേൽ സന്തതികളുടെ മരണത്തേയും എഴുന്നേല്പിനേയും സംബന്ധിച്ചു പറയപ്പെട്ടതായ ഇതേ സന്ദർഭത്തിൽ, മൂസ (അ:) മോഹാലസ്യപ്പെട്ടു താഴെ വീണുവെന്നും, അതിനെ തുടർന്നുള്ള പ്രതിപാദനത്തിൽ, ബോധം വീണെഴുന്നേററുവെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്; (സംഹിത 7ൽ രേഖ 143 നോക്കുക). ഈ വസ്തുതയും ഇവിടത്തെ പ്രതിപാദനവിഷയമായ രേഖയുടെ അർത്ഥനിർണ്ണയം ചെയ്യുന്നതിൽ അനുസ്മരിക്കത്തക്കതാണു്.

86. യിസ്റായേൽമക്കൾ തങ്ങളുടെ ദുർവൃത്തികളിൽ വ്യാപരിച്ച ദശകളിലൊക്കെ അവരുടെ നീചകൃത്യങ്ങൾക്കു തക്കതായ ശിക്ഷകൾ ലഭിച്ചിട്ടുണ്ടു്. അവക്കു് വിട്ടുവീഴ്ച നല്കപ്പെട്ടിട്ടുണ്ടെങ്കിൽ അപ്പോഴൊക്കെ അതിന്നു പിറകിൽ ഒരു ഉദ്ദേശമുണ്ടായിട്ടുണ്ടു്. അങ്ങിനെയുള്ള വിട്ടുവീഴ്ചകൾകൊണ്ടു അവക്കു ലഭ്യമായിത്തീരുന്ന സന്ദർഭങ്ങളെ ശരിയായി വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുകയെന്ന ഉദ്ദേശംതന്നെ. മനുഷ്യന്നു ദൈവത്താൽ നല്കപ്പെട്ടിരിക്കുന്ന കഴിവുകൾ സർവ്വത്ര, മനുഷ്യൻ അവയെ ശരിയായി പ്രയോജനപ്പെടുത്തേണ്ടതിന്നായി അങ്ങിനെ കൊടുക്കപ്പെട്ടിട്ടുള്ളതാണു്; അതിനാൽ ദൈവാനുഗ്രഹങ്ങളുടെ തത്വത്തിലും ലക്ഷ്യത്തിലും യിസ്റായിൽ മക്കൾക്കു് പ്രത്യേകമായി യാതൊരു പരിഗണനയും ദൈവത്താൽ കാണിക്കപ്പെട്ടില്ലതന്നെ; പക്ഷെ പുണ്യചരിതനായ യിസ്റായേലിന്റെ സന്തതികളുടെ നിലക്കു് യിസ്റായീല്യർ തങ്ങൾക്കു ലഭിക്കുന്ന ദൈവാനുഗ്രഹങ്ങളെ കൂടുതൽ ജാഗ്രതയോടെ ദൈവഹിതത്തിന്നായി വിനിയോഗിക്കേണ്ടതാണു്; എന്നാൽ യിസ്റായിൽക്കാരുടെ ഇടയിൽ അസാധാരണയായി ഉണ്ടായിക്കൊണ്ടിരുന്ന ഒരു വസ്തുതയുണ്ടു്; ശരിക്കു വിനിയോഗിക്കുവാൻവേണ്ടി നല്കപ്പെട്ട അനുഗ്രഹങ്ങളെ ദുരുപയോഗിക്കുന്നതിൽ അവർ അക്രമമായി ഔൽസുക്യം കാണിച്ചുവെന്നതാണു് അതു. അത്തരം അനുഗ്രഹങ്ങളിൽ ചിലതാണു് അവക്കു അനുവദിക്കപ്പെട്ടിരുന്നതായി ഇവിടെ ഖുർആൻ അനുസ്മരിപ്പിക്കുന്നതു. യിസ്റായിൽ മക്കൾ മിസ്റയിം ദേശത്തുനിന്നു പുറപ്പെട്ടപ്പോൾ, മരുഭൂമിയിൽക്കൂടിയായിരുന്ന തങ്ങളുടെ യാത്രാമാർഗ്ഗത്തിൽ ചില മേഘങ്ങൾ അവക്കു കഠിനമായ വെയിലിന്നെതിരിൽ തണലിട്ടു നീങ്ങിക്കൊണ്ടിരുന്നു. പഴയ നിയമത്തിൽ ഇതിന്റെ വിശദീകരണങ്ങൾ ഇങ്ങിനെ കാണുന്നു:-

“ഫറവോൻ ജനത്തെ വിട്ടയച്ചശേഷം ഫെലിസ്ത്യരുടെ ദേശത്തുകൂടിയുള്ള വഴി അടുത്തതു എന്നു വരികിലും ജനം യുദ്ധം കാണുമ്പോൾ പക്ഷെ അനുതപിച്ചു മിസ്റയീമിലേക്കു മടങ്ങിപ്പോകുമെന്നുവെച്ചു ദൈവം

അവരെ അതിലെ കൊണ്ടുപോയില്ല; ചെങ്കടലരികെയുള്ള മരുഭൂമിയിൽക്കൂടി ദൈവം ജനത്തെ ചുററി നടത്തി. യിസ്റായേൽ മക്കൾ മിസ്റയീം ദേശത്തുനിന്നു യുദ്ധസന്നദ്ധരായി പുറപ്പെട്ടു. മോശെ യോസേഫിന്റെ അസ്ഥികളും എടുത്തു കൊണ്ടുപോന്നു. ദൈവം നിങ്ങളെ സന്ദർശിക്കും നിശ്ചയം; അപ്പോൾ എന്റെ അസ്ഥികളും നിങ്ങൾ ഇവിടെനിന്നു എടുത്തുകൊണ്ടു പോകേണമെന്നു പറഞ്ഞ് അവൻ യിസ്റായേൽ മക്കളെക്കൊണ്ട് ഉറപ്പായി സത്യം ചെയ്യിച്ചിരുന്നു. അവർ സുക്കോത്തിൽനിന്നു യാത്ര പുറപ്പെട്ടു മരുഭൂമിക്കരികെ ഏഥാമിൽ പാളയമിറങ്ങി. അവർ പകലും രാവും യാത്രചെയ്യാൻ തക്കവണ്ണം അവർക്കു വഴികാണിക്കേണ്ടതിന്നു പകൽ മേഘസ്തംഭത്തിലും അവർക്കു വെളിച്ചം കൊടുക്കേണ്ടതിന്നു രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പോയ്ക്കൊണ്ടിരുന്നു. പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ജനത്തിന്റെ മുമ്പിൽനിന്നു മാറിയതുമില്ല". (പുറപ്പാട് 13ൽ 17മുതൽ 22വരെ)

ഖുർആൻ മേഘസ്തംഭത്തേയോ അതിൽ ഉണ്ടായിരുന്ന എന്തിനെയെങ്കിലുമോ സംബന്ധിച്ചു യാതൊന്നും പറയുന്നില്ല; യിസ്റായേല്യർക്കുമേൽ മേഘത്തെക്കൊണ്ടു സാക്ഷാൽ സത്യമായ ദൈവം തണലിട്ടുകൊടുത്തുവെന്നു പറയുന്നതിൽനിന്നു അന്തരീക്ഷം അവർക്കു അനുകൂലമായി- അനുഭവപ്പെട്ടിരുന്നു എന്നു അവരെ അനുസ്മരിപ്പിക്കുക മാത്രം ചെയ്യുന്നു; എന്നിട്ടു അവർ എന്തു ചെയ്തു എന്ന അടിസ്ഥാനത്തിലാണ് ഈ അനുസ്മരണവും ഇവിടെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നതു.

"മന്നാ" എന്നു പരിഭാഷ ചെയ്യപ്പെട്ടിരിക്കുന്നതു "അൽ-മന്ന" എന്ന പദത്തിന്നാണ്; ഹിബ്രു (അബ്റാനി അല്ലെങ്കിൽ എബ്രായ) ഭാഷയിലെ "മൻ-ഹു" എന്ന ശബ്ദത്തിന്റെ അറബിക തത്ഭവമാണിതു; യിസ്റയേല്യരുടെ പുറപ്പാടിന്റെ കാലത്തു മരുപ്രദേശത്ത് ജീവിതഭോഗമായി ലഭിച്ചിരുന്ന രണ്ടു പ്രധാനവസ്തുക്കളിൽ ഒന്നാണിതു; ഹിബ്രുവിൽ ഉല്പത്തിയെടുത്ത ഈ പദത്തിന്നു ഹിബ്രുവല്ലാത്ത മററു "സെമിററിക" ഭാഷകളിൽ ഒന്നിലുംതന്നെ, മന്നായെന്ന പദത്തിന്റെ തത്ഭവങ്ങളല്ലാതെ മററു പദങ്ങൾ കാണപ്പെടുന്നില്ല; ആംഗലഭാഷയിലുംകൂടി ഇതിന്നു ഒരു സ്വന്തശബ്ദം ഇല്ലെന്നുള്ളതു പ്രസ്താവ്യമാണ്. എന്തുകൊണ്ടെന്നാൽ ആംഗലഭാഷയിലും ഇതിന്നു "മന്ന" എന്നുതന്നെയാണ് വിളിക്കപ്പെടുന്നതു. ഹിബ്രുഭാഷയിൽനിന്നു ഗ്രീക്കു ഭാഷയിൽകൂടി പിൻകാലത്തിലെ ലത്തീൻ (ലാററിൻ) ഭാഷ വഴിയായി ആംഗലഭാഷയിൽ വന്നുകൂടിയ ഒരു പദമാണിതെന്നു തെളിഞ്ഞിരിക്കുന്നു; അത്രയും അധികം അലഞ്ഞിട്ടും പദത്തിന്റെ ആകാരത്തിന്നു കാൎയ്യമായ ഉലച്ചിൽ ഏററിട്ടില്ലെന്നുള്ളതു ദൃശ്യമാണ്; യിസ്രായീൽക്കാരുടെ പ്രാചീന തലമുറകളുടെ പ്രത്യേക ജീവിതാനുഭവത്തിൽനിന്നു ഉടലെടുത്തതാകയാൽ, ഇതര ജനങ്ങൾക്ക് അങ്ങിനെ ഒരു അനുഭവത്തിന്നു ഇടവരാതിരിക്കയും ചെയ്കയാൽ അന്യഭാഷകളിൽ അങ്ങിനെ ഒരു വാക്ക് ഉണ്ടാകുവാൻ സംഗതിയാവാതെ പോയതിൽ ആശ്ചൎയ്യത്തിന്നു അവകാശമില്ല; അതിനാൽ മലയാളഭാഷയിലും യിസ്റായേൽക്കാരുടെ ചരിത്രത്തിൽനിന്നു മാത്രം കേൾക്കുവാൻ ഇടയായിട്ടുള്ള ഈ വാക്കിന്നു "മന്നാ" എന്നുതന്നെ ഉപയോഗിക്കുന്നതാണ് ഉചിതമായിക്കണ്ടതു. യിസ്റായീല്യരുടെ പിൻമുറകൾക്കുകൂടി അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു അസാധാരണ അനുഗ്രഹമായിരിക്കയാൽ "മന്നാ"യുടെ അൎത്ഥത്തിൽ മറെറാരു വാക്ക് ഹിബ്രുഭാഷയിൽതന്നെ ഉണ്ടാവുകയെന്നതും സ്വാഭാവികമല്ല. ഒരു പ്രത്യേക തലമുറക്കു ഒരു പ്രത്യേക അന്തരീക്ഷത്തിൽ അരുളപ്പെട്ട ഒരു പ്രത്യേക അനുഗ്രഹത്തെയാണ്, ആ അനുഗ്രഹത്തെ അനുഭവിച്ചപ്പോൾ അവരിൽനിന്നു ആവിഷ്കരിക്കപ്പെട്ട ഒരു ആശയത്തെ പിൻമുറകൾക്ക് അനുസ്മരിപ്പിച്ചുകൊണ്ടു ഖുർആൻ ഇവിടെ എടുത്തുകാണിക്കുന്നതു. "സൽവാ" എന്നതു കാടയുടെ വൎഗ്ഗത്തിൽപ്പെട്ട ഒരുതരം ചെറിയ പക്ഷിയാണ്. എന്നാൽ കാടപ്പക്ഷികൾ ഇന്നും മനുഷ്യന്നു അനുഗ്രഹീതമായ ഒരു ജീവിതവിഭവമായിത്തന്നെ അനുഭവത്തിൽ ഇരിക്കുന്നു. അവ അതിവിപുലമായ തോതിൽ പൂൎവ്വമദ്ധ്യധരണി പ്രദേശങ്ങളിൽ, ചില പ്രത്യേക സ്ഥലങ്ങളിൽ കാററിന്റെ ഗതിയിൽ വന്നിറങ്ങുന്നതായി പറയപ്പെടുന്നു; മിസ്റയീം (ഈജിപ്ത്) രാജ്യത്തിന്റെയും ഫലസ്തീൻ പ്രദേശത്തിന്റേയും മദ്ധ്യത്തിൽ നിവസിച്ചിട്ടുള്ള ചിലർ കണ്ടറിഞ്ഞിട്ടുള്ള വസ്തുതയാണിതു; പഴയ നിയമത്തിൽ യിസ്റായേൽ മക്കളുടെ മരുപ്രദേശ നിവാസത്തിലെ ഭക്ഷണസൗകൎയ്യങ്ങളെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളതു ഇവിടെ സ്മരണീയമാണ്.

"അവർ ഏലീമിൽനിന്നു യാത്ര പുറപ്പെട്ടു; ......അവരുടെ സംഘം ഒക്കെയും ഏലീമിന്നും സീനായിക്കും മദ്ധ്യെ ഉള്ള സീൻ മരുഭൂമിയിൽ വന്നു. ആ മരുഭൂമിയിൽ വെച്ചു മോശെക്കും അഹരോന്നും വിരോ

ധമായി പിറുപിറുത്തു....ഞങ്ങൾ ഇറച്ചിക്കലങ്ങളുടെ അടുക്കലിരിക്കയും തൃപ്തിയാകുംവണ്ണം ഭക്ഷണം കഴിക്കയും ചെയ്ത മിസ്റയീം ദേശത്തു്വെച്ചു യഹോവയുടെ കയ്യാൽ മരിച്ചിരുന്നു എങ്കിൽ കൊള്ളായിരുന്നു. നിങ്ങൾ ഈ സംഘത്തെ മുഴുവനും പട്ടിണിയിട്ടു കൊല്ലുവാൻ ഈ മരുഭൂമിയിലേക്കു് കൂട്ടിക്കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞു....മോശെയും അഹരോനും:...നിങ്ങളെ മിസ്റയീംദേശത്തുനിന്നു കൊണ്ടുവന്നതു് യഹോവതന്നേ....യഹോവയുടെ നേരെയുള്ള നിങ്ങളുടെ പിറുപിറുപ്പു അവൻ കേട്ടിരിക്കുന്നു; നിങ്ങൾ ഞങ്ങളുടെ നേരെ പിറുപിറുക്കുവാൻ ഞങ്ങൾ എന്തുള്ളു...യഹോവയുടെ നേരെ നിങ്ങൾ പിറുപിറുക്കുന്നതു അവൻ കേൾക്കുന്നു; ഞങ്ങൾ എന്തുള്ളു? നിങ്ങളുടെ പിറുപിറുപ്പു് ഞങ്ങളുടെ നേരെയല്ല. യഹോവയുടെ നേരെയത്രെ...അവർ മരുഭൂമിക്കുനേരെ തിരിഞ്ഞുനോക്കി; യഹോവയുടെ തേജസ്സു മേഘത്തിൽ വെളിപ്പെട്ടിരിക്കുന്നതു കണ്ടു. യഹോവ മോശെയോടു്: യിസ്റായേൽമക്കളുടെ പിറുപിറുപ്പു് ഞാൻ കേട്ടിരിക്കുന്നു. നീ അവരോടു സംസാരിച്ചു: നിങ്ങൾ വൈകുന്നേരത്തു മാംസം തിന്നും; പ്രഭാതകാലത്തു അപ്പംകൊണ്ടു തൃപ്തരാകും; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു എന്നു നിങ്ങൾ അറിയും എന്നു പറക എന്നു കല്പിച്ചു. വൈകുന്നേരം കാടകൾ വന്നു പാളയത്തെ മൂടി; പ്രഭാതകാലത്തു പാളയത്തിന്റെ ചുററും മഞ്ഞു് വീണു കിടന്നു; വീണു കിടന്ന മഞ്ഞു് മാറിയശേഷം മരുഭൂമിയിൽ എല്ലാടവും ചെതുമ്പലിന്റെ മാതിരിയിൽ ഒരു നേരിയ വസ്തു ഉറെച്ചമഞ്ഞുപോലെ നിലത്തു കിടക്കുന്നതു കണ്ടു. യിസ്റായേൽമക്കൾ അതു കണ്ടാറെ എന്തെന്നു അറിയായ്കയാൽ ഇതെന്തു എന്നു തമ്മിൽ തമ്മിൽ ചോദിച്ചു. മോശെ അവരോടു് ഇതു യഹോവ നിങ്ങൾക്കു് ഭക്ഷിപ്പാൻ തന്നിരിക്കുന്ന ആഹാരമാകുന്നു. കാരോരുത്തന്നു ഭക്ഷിക്കാവുന്നെടത്തോളം പെറുക്കിക്കൊൾവിൻ; താന്താന്റെ കൂടാരത്തിലുള്ളവരുടെ എണ്ണത്തിനൊത്തവണ്ണം ആളൊന്നിന്നു ഇടങ്ങഴിവീതം എടുത്തുകൊള്ളേണം എന്നു യഹോവ കല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു യിസ്റായേൽമക്കൾ അങ്ങനെ ചെയ്തു. ചിലർ ഏറെയും ചിലർ കുറെയും പെറുക്കി. ഇടങ്ങഴികൊണ്ടു അളന്നപ്പോൾ ഏറെ പെറുക്കിയവന്നു ഏറെയും കുറെ പെറുക്കിയവന്നു കുറവും കണ്ടില്ല. കാരോരുത്തനും താന്താന്നു ഭക്ഷിക്കാവുന്നേടത്തോളം പെറുക്കിയിരുന്നു. പിറെറന്നാളേക്കു ആരും കുട്ടും ശേഷിപ്പിക്കരുതെന്നു മോശെ പറഞ്ഞു. എങ്കിലും ചിലർ മോശെയെ അനുസരിക്കാതെ പിറെറന്നാളേക്കു കുറെ ശേഷിപ്പിച്ചു; അതു കൃമിച്ചു നാറി; മോശെ അവരോടു കോപിച്ചു; അവർ രാവിലെതോറും അവനവന്നു ഭക്ഷിക്കാവുന്നേടത്തോളം പെറുക്കും; വെയിൽ മൂക്കുമ്പോൾ അതു ഉരുകിപ്പോകും. എന്നാൽ ആറാം ദിവസം അവർ ആളൊന്നിന്നു ഈരണ്ടിടങ്ങഴിവീതം ഇരട്ടി ആഹാരം ശേഖരിച്ചു. അപ്പോൾ സംഘപ്രമാണികൾ എല്ലാവരും വന്നു മോശെയോടു അറിയിച്ചു; അവൻ അവരോടു: അതു യഹോവ കല്പിച്ചതുതന്നെ; നാളെ സ്വസ്ഥത ആകുന്നു; യഹോവെക്കു് വിശുദ്ധമായുള്ള ശബ്ബത്ത്. ചുടുവാനുള്ളതു ചുടുവിൻ; പാകം ചെയ്യാനുള്ളതു പാകംചെയ്വിൻ; ശേഷിക്കുന്നതൊക്കെയും നാളത്തേക്കു് സൂക്ഷിച്ചുവെപ്പിൻ. മോശെ കല്പിച്ചതുപോലെ അവർ അതു പിറെറന്നാളേക്കു സൂക്ഷിച്ചുവെച്ചു; അതു നാറിപ്പോയില്ല. കൃമിച്ചതുമില്ല. അപ്പോൾ മോശെ പറഞ്ഞതു: ഇതു ഇന്നു ഭക്ഷിപ്പിൻ; ഇന്നു യഹോവയുടെ ശബ്ബത്തു് ആകുന്നു; ഇന്നു അതു വെളിയിൽ കാണുകയില്ല; ആറുദിവസം നിങ്ങൾ അതു പെറുക്കേണം; ശബ്ബത്തായ ഏഴാംദിവസത്തിലോ അതു ഉണ്ടാകയില്ല. എന്നാൽ ഏഴാംദിവസം ജനത്തിൽ ചിലർ പെറുക്കുവാൻ പോയാറെ കണ്ടില്ല. യിസ്റായേല്യർ ആ സാധനത്തിന്നു മന്നാ എന്നു പേരിട്ടു. അതു കൊത്തമ്പാലരിപോലെയും വെള്ളനിറമുള്ളതും തേൻകൂട്ടിയ ദോശയോടൊത്ത രുചിയുള്ളതും ആയിരുന്നു. കുടിപാർപ്പുള്ള ദേശത്തു എത്തുവോളം യിസ്റായേൽ മക്കൾ നാല്പതു സംവത്സരം മന്നാ ഭക്ഷിച്ചു. കനാൻദേശത്തിന്റെ അതിരിൽ എത്തുവോളം അവർ മന്നാ ഭക്ഷിച്ചു.'' (പുറപ്പാടു 16ൽ 36 വരെ നോക്കുക.

അവശതയുടെ അവസരത്തിൽ അദ്ധ്വാനം കൂടാതെ ഉപജീവനത്തിന്നു ആവശ്യമുള്ളതു അനുഭവിക്കുവാൻ കിട്ടുന്ന ഏതു പ്രകൃതിവിഭവത്തിന്നും ''മന്നായും സൽവായും'' എന്നു പറയപ്പെടുന്നു. തങ്ങളുടെ ഭാഗത്തുനിന്നു യാതൊരു പ്രയത്നവുമില്ലാതെ യിസ്റായേൽ മക്കൾക്കു് മരുപ്രദേശത്തിൽവെച്ചു തങ്ങളുടെ രക്ഷിതാവു് സൗജന്യമായി നല്കിയ ജീവിതസൗകര്യങ്ങളെ ആകമാനത്തേയും അവ ഉൾക്കൊള്ളുന്നു. (അബൂഹയ്യാൻ)

ഇവിടെ ''അൻസല'' എന്നതിന്നു ''ഇറക്കി'' എന്നാണു് പരിഭാഷ ചെയ്തിരിക്കുന്നതു; എന്നാൽ ഇന്ന സ്ഥലത്തു് അല്ലെങ്കിൽ ഇന്ന സ്ഥാനത്തുനിന്നു ഇറക്കി എന്നു വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത സന്ദർഭങ്ങളിൽ, ഈ വാക്കു്

٥٨- وَإِذْ قُلْنَا ادْخُلُوا هَٰذِهِ الْقَرْيَةَ
فَكُلُوا مِنْهَا حَيْثُ شِئْتُمْ رَغَدًا وَادْخُلُوا
الْبَابَ سُجَّدًا وَقُولُوا حِطَّةٌ نَّغْفِرْ لَكُمْ
خَطَايَاكُمْ ۚ
وَسَنَزِيدُ الْمُحْسِنِينَ ○

58. നാമവരോട് പറഞ്ഞതും (നിങ്ങൾ സ്മരിക്കുവിൻ)
നിങ്ങൾ പ്രവേശിക്കുവിൻ ഈ ഗ്രാമത്തിൽ;
എന്നിട്ട് അതിൽനിന്നു, നിങ്ങൾ ഇച്ഛിച്ചവിധത്തിൽ
സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്യിൻ.
നിങ്ങൾ പ്രവേശിക്കുകയും ചെയ്യിൻ;
കവാടത്തിൽ, പ്രണമിക്കുന്നവരായിട്ട്;
നിങ്ങൾ പറകയും ചെയ്യിൻ: ഭാരമിറക്കുകയെന്ന്.
നിങ്ങൾക്കു നാം പൊറുത്തുതരുന്നതാണ്;
നിങ്ങളുടെ തെറ്റുകളെ.
സൽക്കർമ്മകാരികൾക്കു
നാം വർദ്ധനവുണ്ടാക്കുന്നതുമാണ് തന്നെ.[87]

ഗദ്യഭാഷ

58. നിങ്ങൾ ഈ ഗ്രാമത്തിൽ പ്രവേശിക്കുവിൻ; എന്നിട്ട അതിൽനിന്നു നിങ്ങൾ ഇച്ഛിച്ച വിധത്തിൽ സുഭിക്ഷമായി നിങ്ങൾ ഭക്ഷിക്കുകയും, പ്രണമിക്കുന്നവരായിട്ട നിങ്ങൾ കവാടത്തിൽ പ്രവേശിക്കുകയും ചുമടിറക്കുക എന്നു നിങ്ങൾ പറയുകയും ചെയ്യിൻ; നാം നിങ്ങൾക്കു, നിങ്ങളുടെ തെറ്റുകളെ പൊറുത്തുതരുന്നതും, നന്മചെയ്യുന്നവൎക്കു നാം വർദ്ധനവുണ്ടാക്കുന്നതുമാണ് എന്നു നാം പറഞ്ഞതും (നിങ്ങൾ സ്മരിക്കുവിൻ).

---

പ്രയോഗിക്കപ്പെടുമ്പോൾ അവിടെ മേലെനിന്നു കീഴോട്ട് എന്ന ആപേക്ഷികമായ പരിഗണന ഇതിന്നു ഉണ്ടാവുകയില്ല; ക്രിയാബന്ധങ്ങളുടെ ഉയൎച്ചയും താഴ്ചയും അപ്പോൾ അതിൽ കാണപ്പെടുകയില്ല; എന്നാൽ ക്രിയയുടെ കൎത്താവായി നില്ക്കുന്ന വസ്തുതയുടെ ഉയൎച്ചയെ അതു നിശ്ചയമായും കുറിക്കുകയും ചെയ്യും; അങ്ങിനെ അപ്പോൾ കൎത്താവിന്നു ഉള്ളതായി അവകാശപ്പെടുന്ന ആ ഉയൎച്ച മറ്റൊന്നിന്റെ താഴ്ചയെ ആസ്പദിച്ചു ഇരിക്കണമെന്നില്ല; ഇത്രയും മനസ്സിലാക്കിയാൽ രേഖ 57ൽ "അൻസൽനാ=നാം ഇറക്കി" എന്ന ക്രിയാപദത്തിന്റെ ഔചിത്യഭാഗി വ്യക്തമാകുന്നതാണ്. മനുഷ്യന്റെ കഴിവിൽ കവിഞ്ഞ കാൎയ്യങ്ങൾ ദൈവഹിതത്താൽ ചെയ്തുകൊടുക്കുന്നതിന്നു ഇറക്കി അല്ലെങ്കിൽ അവതരിപ്പിച്ചു എന്നു അൎത്ഥമുള്ള "അൻസല" എന്ന ക്രിയ ഖുർആനിൽ പല സന്ദൎഭങ്ങളിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നതു കാണാം; സംഹിത 57ൽ രേഖ 25ഉം സംഹിത 39ൽ രേഖ 6ഉം സംഹിത 7ൽ രേഖ 26ഉം നോക്കുക.

തങ്ങൾക്കു അരുളപ്പെട്ട അനുഗ്രഹങ്ങളെ യിസ്രായേല്യർ എങ്ങിനെ ഉപയോഗിച്ചുവെന്നു കാണിക്കുവാനാണ് അവയുടെ ആകെത്തുകയിൽനിന്നു അതിപ്രധാനങ്ങളായ ഏതാനും എണ്ണത്തെ ഖുർആൻ എടുത്തു കാണിച്ചു ഓൎമ്മപ്പെടുത്തുന്നതു; എന്നാൽ അവർ അവയെ എങ്ങിനെ ഉപയോഗിച്ചാലും അവയെ അവൎക്കു അനുഗ്രഹമായി അരുളിയ അവരുടെ രക്ഷിതാവിന്നു അതുകൊണ്ടു ഒരു നേട്ടമോ നഷ്ടമോ, ഉപകാരമോ ഉപദ്രവമോ ഉണ്ടാവുന്നില്ലെന്നു അവർ അറിഞ്ഞിരിക്കേണ്ടതാണ്; എന്നാൽ അവന്റെ അനുഗ്രഹങ്ങളെ ഉപയോഗിക്കേണ്ടു വിധത്തിൽ ഉപയോഗിച്ചില്ലെങ്കിൽ, അല്ലെങ്കിൽ അവയെ ദുരുപയോഗിച്ചെങ്കിൽ അവ അങ്ങിനെ അവയിൽ തന്നെ അവസാനിക്കുകയില്ല; അവയ്ക്കു ചില ആഘാതങ്ങളും പ്രത്യാഘാതങ്ങളും ഉണ്ടാകും; നിശ്ചയം. അങ്ങിനെ ഉണ്ടാകുന്ന ആഘാതപ്രത്യാഘാതങ്ങൾ അവയെ ദുരുപയോഗിക്കുന്നവരുടെ ആത്മാക്കളിലാണ് ചെന്നടിക്കുക. അതിനാൽ അവരുടെ ആത്മാക്കൾ അവയുടെ അൎഹതയ്ക്കു എതിരായ അനുഭവങ്ങൾ ഏല്ക്കുന്നതിന്നു അവകാശമാകുന്നതുമാണ്; അതിന്നു ഉത്തരവാദികൾ അവർ മാത്രമാണ്; അതിനാൽ അതിൽ ഏറെ ഒന്നും അവരെക്കൊണ്ടു ആവുകയുമില്ല; യിസ്രായിൽക്കാർ അവരുടെ ആത്മാക്കളോടുതന്നെ അക്രമം ചെയ്യുന്നുണ്ടായിരുന്നുവെന്ന പ്രസ്താവനയിൽനിന്നു അവരുടെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളെ അവർ ദുരുപയോഗിച്ചിരുന്നു എന്നും, അവയെ ദുരുപയോഗിക്കുകയെന്ന പ്രവൃത്തി അവരിൽ ഇടവിടാതെ നടന്നുകൊണ്ടിരുന്നു എന്നും ഖുർആൻ വ്യക്തമാക്കുന്നു; തങ്ങൾക്കു പ്രത്യേകമായി നല്കപ്പെട്ട അനുഗ്രഹങ്ങളെത്തന്നെ ദുരുപയോഗിച്ചിരുന്ന യിസ്രായീല്യർ ലോകത്തിന്നു പൊതുവെ നല്കപ്പെട്ട അനുഗ്രഹമായ ഖുർആനിനെ പ്രയോജനപ്പെടുത്താൻ വിസമ്മ

[87-ാമത്തെ കുറിപ്പ് മറുപുറത്ത്]

തിക്കുന്നതു പഴയ പാരമ്പര്യത്തെ വെച്ചുനോക്കുമ്പോഴും പതിവിൽകവിഞ്ഞ വസ്തുതയല്ല; പക്ഷെ അവരുടെ പഴയപതിവു വെച്ചുപുലർത്തുവാൻ പററിയതല്ലെന്ന നിഗമനത്തിലാണു് യിസ്രായിൽമക്കളെ ഖുർആൻ സമീപിക്കുന്നതു.

87. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ ലഭ്യമായപ്പോഴൊക്കെ തങ്ങളുടെ ആത്മാക്കളെ അക്രമപ്രവൃത്തികളാൽ അധഃപ്പതിപ്പിക്കുന്നതിലാണു് യിസ്ഌായേൽമക്കൾ പ്രായേണ താല്പര്യം കാണിച്ചതു; ആത്മബോധമുള്ള ഒരു ജനം അങ്ങിനെ ആവുകയില്ല; അങ്ങിനെ യിസ്ഌായേല്യരുടെ ആത്മബോധമില്ലായ്മയെ അനുസ്മരിപ്പിക്കുകയാണു് ഖുർആൻ, രേഖ 57കൊണ്ടു ചെയ്യുതു; എന്നാൽ അഹങ്കാരത്തിൽ അവർ അന്നും അസാധാരണമായ ആവേശം കാണിച്ചിരുന്നു; അവരുടെ ആത്മബോധംതന്നെ അവർക്കു നഷ്ടപ്പെട്ടിരിക്കുന്നതു അവർ ശ്രദ്ധിക്കാതിരിക്കുന്നതിൻെറ പ്രധാന ഹേതു, അവരുടെ അഹങ്കാര തൃഷ്ണയാണു്. അതിനാൽ രേഖ 59 യിസ്ഌായേൽ സന്തതികളുടെ ആത്മബോധത്തെ ഉദ്ധരിക്കുവാൻ ഉതകുമാറു് അവരുടെ രക്ഷിതാവു് അവർക്കു നല്കിയ ശാസനകൾ എന്തെല്ലാമായിരുന്നുവെന്നു കാണിക്കുന്നു.

യിസ്ഌയേല്യരോടു പ്രവേശിക്കുവാൻ കല്പിക്കപ്പെട്ട ഗ്രാമത്തിൻെറ പേരു് യെരിഹോ (അരിഹാ) എന്നാണെന്നു പറയപ്പെടുന്നു; ശത്തീമിലെ പാളയത്തിൽ വെച്ചാണു് കല്പന ലഭിച്ചതു. മിസ്ഌയീംദേശത്തുനിന്നു പുറപ്പെട്ട യിസ്ഌായേൽ മക്കളുടെ പ്രയാണക്രമത്തിൽ മോശെ അവരുടെ താവളങ്ങൾ എഴുതിവെച്ചതായി പഴയ നിയമത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. സംഖ്യ: 33ൽ 2വരെ നോക്കുക.

അവർ രമസേസിൽനിന്നു പുറപ്പെട്ടു, ചുററിത്തിരിഞ്ഞു പല സ്ഥലങ്ങളിൽ മാറിമാറി പാളയങ്ങളടിച്ചു; ഒടുവിൽ സീൻമരുഭൂമിയിൽ പാളയമിറങ്ങി; കാദേശ് എന്നാണു് സീൻമരുഭൂമിയുടെ പേരു്; അവരുടെ പ്രയാണം അവിടെയും അവസാനിച്ചില്ല; അങ്ങിനെ അവിടെനിന്നുള്ള യാത്രയിൽ അഹരോൻ (ഹാറൂൻനബി) ഹോർപർവ്വതത്തിൽവെച്ചു മരിച്ചതിന്നു പിറകെ തുടങ്ങിയ പ്രയാണത്തിൽ, യെരിഹോ (ഇരിഹാ) പട്ടണത്തിന്നെതിരെ യോർദ്ദാന്നരികെ മോവാബ് സമഭൂമിയിൽ പാളയമിറങ്ങി. യോർദ്ദാന്നരികെ മോവാബ് സമഭൂമിയിൽ ബേത്ത്—യെശീമോത്ത് മുതൽ ആബേൽശത്തീം വരെ പാളയമിറങ്ങി. (സംഖ്യാ 33ൽ 3 മുതൽ 49 വരെ നോക്കുക.)

ശത്തീമിലെ യിസ്ഌായേല്യരെപ്പററി ചില കാര്യങ്ങൾകൂടി ശ്രദ്ധിക്കുക: "യിസ്ഌായേൽ ശത്തീമിൽ പാർക്കുമ്പോൾ ജനം മോവാബ്യസ്ത്രീകളുമായി പരസംഗം തുടങ്ങി. അവർ ജനത്തെ തങ്ങളുടെ ദേവന്മാരുടെ ബലികൾക്കു വിളിക്കയും ജനം ഭക്ഷിച്ചു അവരുടെ ദേവന്മാരെ നമസ്കരിക്കയും ചെയ്തു." (സംഖ്യാ 25ൽ 2വരെ). മോശയും സമാഗമനകൂടാരത്തിൻെറ വാതില്ക്കൽ കരഞ്ഞുകൊണ്ടിരിക്കുന്ന യിസ്ഌയേൽ മക്കളുടെ സർവ്വസഭയും കാൺകെ, ഒരു യിസ്ഌയേല്യൻ തൻെറ സഹോദരന്മാരുടെ മദ്ധ്യത്തിലേക്കു ഒരു മിദ്യാന്യ സ്ത്രീയെ കൊണ്ടുവന്നു. (സംഖ്യാ 25ൽ 6)

പാളയത്തിലെ ജീവിതത്തിൽ യിസ്ഌായേല്യരുടെ ജീവിതചര്യകൾ വളരെ വികൃതപ്പെട്ടിരുന്നതിന്നു മതിയായ തെളിവുകളാണിവ. മിസ്ഌയീമിലെ യാതനകളുടെ ചുരുപാടിൽനിന്നു മുക്തി നേടിക്കൊണ്ടു തുടങ്ങിയ പ്രയാണങ്ങൾ, കെട്ടഴിഞ്ഞ ദുർവൃത്തികളിൽ യിസ്ഌായേല്യരെ കൊണ്ടെത്തിച്ചിരിക്കുന്നു; നീതിയും നിയമവുമുള്ളൊരു ഗ്രാമജീവിത രീതിക്കു സൗകര്യമില്ലാഞ്ഞാൽ പാളയങ്ങൾ യിസ്ഌായേല്യരെ കൂട്ടത്തോടെ ദുഷിപ്പിച്ചുകളയുമെന്ന പരിതഃസ്ഥിതിയിലാണവർ ചെന്നുവീണതു. അന്യാധീനരല്ലെങ്കിലും അവരുടെ ആത്മബോധം അടിയററു തുടങ്ങിയിരിക്കുന്നു; അതിനെ ഉദ്ധരിക്കുന്നതിന്നു അവർക്കു ഒരു അടിസ്ഥാനജീവിതത്തിന്നുള്ള അന്തരീക്ഷമുണ്ടാവണമെന്നു അവരുടെ രക്ഷിതാവു അറിഞ്ഞു; അതു സമ്പാദിക്കുവാൻ അവർക്കു അനുമതിയും ഉപദേശവും കൊടുക്കുകയാണു്, തങ്ങളുടെ പാളയത്തിന്നെതിരിൽ ഉള്ള പട്ടണത്തിലേക്കു പ്രവേശിക്കുവിൻ എന്ന കല്പനകൊണ്ടു സാധിക്കുന്നതു്. എന്നാൽ അടിമത്തത്തിൽനിന്നു അഹങ്കാരത്തിലേക്കുള്ള ഒരു മാററമായി അതു പരിണമിക്കാതിരിക്കുവാൻ അവർ ബദ്ധശ്രദ്ധരായിരിക്കേണ്ടതാണു്; അതിന്നുള്ള അടിസ്ഥാനപരമായ ഉപദേശങ്ങൾ ഉൾക്കൊള്ളുന്നതാണു് അവർക്കു ഇവിടെ നല്കപ്പെട്ടിരിക്കുന്ന ശാസനകൾ. ഇനി ഈ രേഖയുടെ ഉള്ളടക്കത്തെ ഒന്നു ഉററുനോക്കുക.

ഗ്രാമത്തിൽ പ്രവേശിക്കുന്നതുതന്നെ വിനയത്തോടുകൂടിയായിരിക്കണമെന്ന വസ്തുതയാണു്, "പ്രണമിക്കുന്നവരായിട്ടു നിങ്ങൾ പ്രവേശിക്കുവിൻ" എന്ന ശാസന കുറിക്കുന്നതു്. പ്രണമിക്കുകയെന്ന പദത്തിൻെറ വിശദീ

59. എന്നാൽ അക്രമം പ്രവൎത്തിച്ചവർ,
(പറഞ്ഞതിന്നു) പകരപ്പെടുത്തി;
അവരോട്ട് പറയപ്പെട്ടതല്ലാത്ത ഒരു വാക്കിനെ.
അപ്പോൾ നാം ഇറക്കി,
അക്രമംചെയ്തവരുടെ മേൽ;
വാനത്തിൽനിന്നു ഒരു ശിക്ഷയെ;
അവർ ദുൎന്നടത്തചെയ്യുന്നുണ്ടായതുകൊണ്ട്.[88]

٥٩- فَبَدَّلَ الَّذِينَ ظَلَمُوا قَوْلًا غَيْرَ الَّذِي
قِيلَ لَهُمْ فَأَنزَلْنَا عَلَى الَّذِينَ ظَلَمُوا رِجْزًا
مِّنَ السَّمَاءِ بِمَا كَانُوا يَفْسُقُونَ ۝

ഗദ്യഭാഷ

59. എന്നിട്ടു, അക്രമം പ്രവൎത്തിച്ചവർ, അവരോടു പറയപ്പെട്ടതല്ലാത്ത ഒരു പദത്തെ (പറഞ്ഞതിന്നു) പകരപ്പെടുത്തി; അപ്പോൾ തങ്ങൾ ദുൎന്നടത്ത ചെയ്യുന്നുണ്ടായതിനാൽ, അക്രമം പ്രവൎത്തിച്ചവരുടെ മേൽ നാം വാനത്തിൽനിന്നൊരു ശിക്ഷയിറക്കി.

കരണത്തിന്നു സംഹിത 2ൽ രേഖ 34 നോക്കുക. പുതുതായി സമ്പാദിച്ച സ്വാതന്ത്ര്യത്തിന്റെ തള്ളിച്ചയിൽ, സത്യത്തെ വിഗണിച്ചുകൊണ്ടു തന്നത്താൻ പെരുമ കാണിക്കരുതെന്നുതന്നെ. സംഗതിവശാൽ ചില ബലപ്രയോഗങ്ങൾ വേണ്ടിവന്നാൽ യിസ്റായേല്യൎക്കു വിജയമുണ്ടാകുമെന്ന വസ്തുതയും മേല്പറഞ്ഞ ശാസന കുറിക്കുന്നു. യിസ്റായേല്യരാൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ, അവരുടെ രക്ഷിതാവു് അവരോടു അതു ശാസിക്കുകയില്ലതന്നെ; അങ്ങിനെ എതിരാളികളോട്ട് ഏററുമുട്ടിയിട്ടു പിടിച്ചടക്കുന്ന ഗ്രാമത്തിൽ അവർ അഹങ്കരിക്കുവാൻ ഇടയുള്ളതു, അവൎക്കു മുന്നറിവു കൊടുക്കയുമുണ്ടായി. ആത്മബോധം ഇല്ലാത്തതിനേക്കാൾ അതിഭയങ്കരമാണു് അഹങ്കാരമുണ്ടായാൽ വരുന്ന കെടുതി. ആത്മബോധമില്ലാഞ്ഞാൽ മനുഷ്യൻ തന്റെ അൎഹതയേയും അൎഹതയില്ലായ്മയേയും അവഗണിക്കുന്നു. അഹങ്കാരമുണ്ടായാൽ തന്റെ ആസ്തിക്യത്തിൽ കവിഞ്ഞ എല്ലാററിനേയും നിഷേധിക്കും; അതിന്നു ഇടമുണ്ടാകരുതെന്ന ആശയമാണു് ഈ രേഖയിൽ പ്രസ്താവിക്കപ്പെടുന്ന പ്രണാമശാസനയുടെ ഉള്ളടക്കം. കവാടത്തിൽ എന്നതിന്നു പ്രവേശിക്കപ്പെടുന്ന ഗ്രാമത്തിന്റെ കവാടത്തിലെന്നു വിവക്ഷ; പ്രസ്തുത ഗ്രാമത്തിന്റെ പേർ ബൈത്തുൽ-മുഖദ്ദസ് (ഫലസ്തീൻ) ആണെന്നുംകൂടി ബലമായൊരു പക്ഷമുണ്ടു്; (തബരി). ഏതായാലും പാളയങ്ങളിലെ ജീവിതത്തിൽനിന്നു വ്യത്യസ്തമായൊരു ചുററുപാടിലേക്കു് പ്രവേശിക്കുവാനുള്ള ശാസനയാണിതെന്നതു സ്പഷ്ടമാണു്. യിസ്റായേല്യർ നാളതുവരെ പാളയങ്ങൾതോറും മാറിമാറി ചുമന്നുകൊണ്ടുവന്ന പാപങ്ങളുടെ ചുമടുകൾ താഴെയിറക്കി പശ്ചാത്തപിച്ചു, തങ്ങളുടെ തെററുകൾക്കു് പൊറുതി സമ്പാദിച്ചു ജീവിക്കുന്നതിന്നുള്ള സൗകൎയ്യങ്ങൾ മേല്പറഞ്ഞ പുതുതായി പ്രവേശിച്ച ഗ്രാമത്തിൽ സുലഭമായിരുന്നു. അവർ അങ്ങിനെ ജീവിക്കേണമെന്നായിരുന്നു അവരുടെ രക്ഷിതാവിന്റെ ആജ്ഞ. അതിന്നു അവൎക്കു കഴിവും അവിടെ അത്രകണ്ടു സുഭിക്ഷതയും സമൃദ്ധിയും ഇഷ്ടാനുസരണമുള്ള അനുമതികളും ഉണ്ടായിരുന്നു; തങ്ങളുടെ ആത്മബോധത്തെ വീണ്ടെടുക്കുവാൻ ഉതകുന്ന ആദ്ധ്യാത്മിക ജീവിതത്തിന്നു ഉചിതപ്പെട്ട ഒരു ഗ്രാമമായിരുന്നു അതു; അതിനാൽ തങ്ങളുടെ ഗ്രാമപ്രവേശത്തിന്റെ മൗലികയാഥാൎത്ഥ്യമായ, പാപഭാരമിറക്കുകയെന്ന വാക്കിനെ തങ്ങളുടെ ഗ്രാമജീവിതത്തിന്റെ മുദ്രാവാക്യമായി പ്രഖ്യാപിക്കുവാനും യിസ്റായേല്യർ ശാസിക്കപ്പെട്ടിരുന്നു. "ഹിത്തത്തുൻ" എന്നാൽ ഭാരമിറക്കുക എന്നൎത്ഥമാണു്; ഹിത്തത്തുൻ എന്നു പറയുവാനുള്ള കല്പനയുടെ കൂടെത്തന്നെ "നാം നിങ്ങൾക്കു നിങ്ങളുടെ തെററുകളെ പൊറുത്തുതരുന്നതാണു്" എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു, പാപഭാരത്തെയാണു് താഴെയിറക്കണമെന്നു പറയുവാൻ കല്പിച്ചിരിക്കുന്നതെന്ന വസ്തുത മനസ്സിലാക്കാവുന്നതാണു്; മനസ്സിലാക്കിക്കൊണ്ടു ചെയ്യുന്ന തെററുകളുടെ ഭാരത്തെ താഴെയിറക്കുകയാണെങ്കിൽ, മനസ്സിലാക്കാതെ ചെയ്തുപോകുന്ന തെററുകളെ പൊറുത്തുകിട്ടുന്നതാണു്. തെററു ചെയ്യാത്ത സല്ക്കൎമ്മകാരികൾക്കു കൂടുതൽ നന്മചെയ്യുവാനുള്ള കഴിവുണ്ടാക്കിക്കൊടുക്കുന്നതുമാണു് എന്നുകൂടി വ്യക്തമാക്കപ്പെട്ടപ്പോൾ, എന്നിട്ടു യിസ്റായേല്യർ എന്തു ചെയ്തു എന്നതു ഖുർആൻ എങ്ങിനെ വിവരിക്കുന്നുവെന്നു നോക്കുക.

88. പാളയജീവിതത്തെ മാററി പുതിയതായൊരു ഗ്രാമജീവിതത്തിൽ പ്രവേശിക്കാൻ കല്പന ലഭിച്ചിരിക്കുന്നതു യിസ്റായേൽക്കാരുടെ ആത്മബോധത്തെ വീണ്ടെടുക്കുവാനും ആദ്ധ്യാത്മികമായി അവരെ ഉദ്ധരിക്കുവാനുമായിരുന്നുവെന്നതു വ്യക്തമാണു്; എന്നാൽ അതിൽനിന്നു ഉണ്ടാകുവാൻ സംഗതിയുള്ള അനാശാസ്യമായ അ

ഹങ്കാര തൃഷ്ണയെ എതിരിടുന്നതിന്നും ഗ്രാമപ്രവേശത്തിന്റെ ഉദ്ദേശത്തെ സാധിക്കുന്നതിന്നും വേണ്ട അനുമതികളും ഉപദേശങ്ങളും അവർക്കു മുൻകൂറായി കൊടുക്കപ്പെടുകയും ചെയ്തിരുന്നു; ഗ്രാമത്തിന്റെ കവാടത്തിൽനിന്നു തന്നെ വിനയമാചരിക്കുവാനും, അതിൽ അവർ പ്രവേശിക്കുന്നതു തങ്ങളുടെ പാളയജീവിതത്തിൽനിന്നുണ്ടായ പാപത്തിന്റെ ചുമടുകൾ തങ്ങളിൽനിന്നു താഴെയിറക്കുവാനാണെന്ന വസ്തുത യാതൊരു സങ്കോചവും കൂടാതെ പ്രസ്താവിക്കുവാനും അവർ ശാസിക്കപ്പെട്ടിരുന്നു; എന്നിട്ടു യിസ്റായേല്യർ അവിടെ എന്തുചെയ്തു? എങ്ങിനെയാണ് അവരുടെ പ്രസ്താവനയെ അവർ പ്രവൃത്തിയിൽ വരുത്തിയതു? അതിന്റെ അനന്തരഫലമെന്തായിരുന്നു? എന്തുകൊണ്ട് അതു അങ്ങിനെ സംഭവിച്ചു? ഇത്രയും പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ ഈ രേഖ ഉൾക്കൊള്ളുന്നു.

യിസ്റായേൽമക്കളെ സംബോധന ചെയ്തുകൊണ്ടു തങ്ങളുടെ ഭൂതകാലചരിത്രത്തിന്റെ വെളിച്ചത്തിൽ, വർത്തമാനകാലത്തിലെ പ്രവൃത്തികളെ പരിശോധിക്കുവാൻ സന്നദ്ധതയുളവാക്കുന്ന ശ്രമത്തിലാണ് ഖുർആൻ ഇവിടെ അവരെ സമീപിക്കുന്നതു; ഗ്രാമപ്രവേശത്തിന്നു യിസ്റായേല്യർക്ക് കിട്ടിയ കല്പനകൾ നേരിട്ടുള്ളതായിരുന്നു; ഇവിടെ ഖുർആൻ അവരെക്കൊണ്ട് ചെയ്യിക്കുന്ന അനുസ്മരണവും നേരിട്ടുകൊണ്ടുള്ളതുതന്നെ; അതിനാൽ ഏതു നിലക്കും ഇതുവരെ ഖുർആൻ തുടർന്നുവന്ന "നിങ്ങൾ" എന്ന നേരിട്ടുള്ള പ്രതിപാദനരീതി വ്യക്തവും സ്വാഭാവികവുമാണല്ലോ? എന്നാൽ ഇവിടെ രേഖ 59ൽ പ്രതിപാദനത്തിന്റെ ഗതി തീരെ വ്യത്യാസപ്പെട്ടിരിക്കുന്നതു നോക്കുക; നേർക്കുനേരെ നിങ്ങൾ എന്നു പറഞ്ഞുവന്നിരുന്നതു വിട്ടു, "അക്രമം പ്രവർത്തിച്ചവർ" എന്നും "അവർ" എന്നും, അകന്നതും അസാന്നിദ്ധ്യത്തെക്കുറിക്കുന്നതുമായ ഒരു രീതിയാണ്, യിസ്റായേല്യർ അന്നു ചെയ്ത അഴിമതികളെപ്പററി പ്രതിപാദിക്കുവാൻ ഖുർആൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നതു; ഖുർആൻ യിസ്റായേൽക്കാരെ സംബോധന ചെയ്യുന്നതു പുണ്യചരിതനായ യിസ്റായേലിന്റെ സന്തതികളുടെ നിലക്കാണ്; പക്ഷെ യിസ്റായേലിനോടുള്ള തങ്ങളുടെ രക്തബന്ധമല്ല, തങ്ങൾ കൈക്കൊണ്ടിരിക്കുന്ന സ്വഭാവങ്ങളാണ് തങ്ങളിൽ പ്രവർത്തിക്കുന്നതു എന്ന പരമാർത്ഥബോധത്തിലേക്ക് ഖുർആൻ യിസ്റായേല്യരെത്തന്നെ ഉണർത്തുകയാണ് അതുകൊണ്ടു ചെയ്യുന്നതു. അവരോട് പറഞ്ഞതു, അവർ യിസ്റായേലിന്റെ മക്കളാണെന്ന അടിസ്ഥാനത്തിലായിരുന്നു; അവരുടെ അഭിവൃദ്ധിയാണ് അതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരുന്നതു; എന്നാൽ അവരോട് പറഞ്ഞതു ഒന്ന്; അവർ പറഞ്ഞതു മററൊന്ന്. അവർ യിസ്റായേലിന്റെ സന്താനങ്ങൾ എന്നതിനേക്കാൾ, അക്രമത്തിന്റെ ആളുകൾ എന്നതു അവരിൽ മുന്നിട്ടു നില്ക്കുന്നു. അവരിൽ ഇറക്കിയ ശിക്ഷയും ആ നിലക്കുതന്നെയുള്ളതാണ്; അളവിലും അടിസ്ഥാനത്തിലും രണ്ടും ഒത്തതുതന്നെ. യിസ്റായേലിന്റെ പാരമ്പര്യത്തിന്നു യോജിക്കാത്ത ദുർന്നടത്തകൾ കൈവശംവെച്ചുകൊണ്ടിരിക്കവേ, തങ്ങളുടെ പാരമ്പര്യത്തിന്റെ പേരിൽ യിസ്രായേല്യർക്ക് യാതൊരു പ്രത്യേകതയും ഗുണാധികാരവും അവകാശപ്പെടുവാനില്ല; അവർ അങ്ങിനെ ചെയ്തുകൂട്ടുന്ന ദുഷ്കർമ്മങ്ങൾ യിസ്രായേലിന്റെ മക്കൾ ചെയ്തതാണെന്നു പറയുവാൻതന്നെ ഖുർആൻ മുതിരുന്നില്ല; പ്രതിസംജ്ഞാനാമങ്ങൾ പ്രയോഗിച്ചുകൊണ്ട് യിസ്രായേല്യരുടെ ദുർവൃത്തികളെപ്പററി ഖുർആൻ പ്രസ്താവിക്കുന്നതിൽനിന്നു പ്രത്യേകമായി വ്യക്തമായിത്തീരുന്ന വസ്തുതയാണിതു.

അക്രമങ്ങൾ പ്രവൃത്തിക്കുകയെന്നതു അതു ചെയ്യുന്നവരുടെ ഇഷ്ടമാണ്; അവർക്കു വേണമെങ്കിൽ അതു ചെയ്യാതിരിക്കാവുന്നതാണു; ചെയ്യുകയുമാവാം; രണ്ടും ഐച്ഛികമാണ്. എന്നാൽ അതു ചെയ്തുകഴിഞ്ഞാൽ അതിന്റെ പ്രത്യാഘാതങ്ങളെ നേരിടുകയെന്നതു ഐച്ഛികമല്ല; അതു അവർ അനുഭവിച്ചേ തീരൂ; അവയെ തട്ടിമാററുക സാദ്ധ്യമല്ല; അതുകൊണ്ടാണ് അവരുടെ അക്രമപ്രവൃത്തികൾ ഹേതുവായി അവരിൽ വന്നുവീണ ശിക്ഷയെ വാനത്തിൽനിന്നു—അവരുടെ പിടിയിൽപ്പെടാത്ത അന്തരീക്ഷത്തിൽനിന്നു—ഇറങ്ങിയതു എന്നു പറഞ്ഞിരിക്കുന്നതു. സാക്ഷാൽ സത്യമായ ദൈവത്തിന്നു മാത്രമേ അതിൽ ഐച്ഛികമായ ക്രയവിക്രയത്തിന്നു അധികാരമുള്ളു. ഈ രേഖയുടെ ഉള്ളടക്കത്തിന്റെ കൂടുതൽ വിശദീകരണത്തിന്നു സംഹിത 7ൽ 161ഉം 162ഉം നോക്കുക.

രേഖ 58ഉം 59ഉം, സംഹിത 7ൽ 161ഉം 162ഉം തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നതു പ്രയോജനകരമായിരിക്കും. അവയുടെ പദപ്രയോഗങ്ങളിൽ ചില പ്രത്യേകതകൾ ഉണ്ടു്. ഇവിടെ രേഖ 58ൽ "നിങ്ങൾ ഈ ഗ്രാമത്തിൽ പ്രവേശിക്കുവിൻ" എന്ന പ്രയോഗത്തിന്റെ സ്ഥാനത്തു്, സംഹിത 7ൽ രേഖ 161ൽ "നിങ്ങൾ ഈ ഗ്രാമത്തിൽ നിവസിക്കുവിൻ" എന്നാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നതു. അവരുടെ ഗ്രാമപ്രവേശ

## സന്ധി 7

## അക്രമസ്വഭാവങ്ങളുടെ അനന്തരഫലങ്ങൾ

(മോശെ തൻെറ ജനങ്ങൾക്കുവേണ്ടി വെള്ളമന്വേഷിക്കുന്നു; മരുപ്രദേശത്തെ നീർച്ചാലുകൾ; ഭക്ഷണ പാനീയങ്ങൾ കഴിച്ചിട്ട ഭൂമിയിൽ കെട്ടതിയുണ്ടാക്കരുതു്. അവക്ക് വിഭവങ്ങളിലുള്ള ആശ, അവരുടെ കയ്യിലുള്ള ഉപജീവനത്തിൽ അതൃപ്തി ഉളവാക്കി. മോശെയുടെ അടുക്കൽ അവരുടെ വിഭവതാല്പര്യങ്ങൾ അറിയിക്കുന്നു. മോശെ അവരെ അതിന്നു അനുവദിക്കുന്നു; അവർ ദൈവകോപത്തിന്നു അവകാശികളായതു. അവരുടെ അതിരുകവിച്ചലിൻെറ അനന്തരഫലങ്ങൾ.)

60. മൂസാ, ജലത്തിന്നാവശ്യപ്പെട്ടതും (സ്മരിക്കുവിൻ)
അവൻെറ ജനങ്ങൾക്കുവേണ്ടി.
അപ്പോൾ നാം പറഞ്ഞു:—
നിൻെറ ദണ്ഡുകൊണ്ടു നീ താഡിക്കുക; പാറയെ.
അങ്ങിനെ അതിൽനിന്നും പിളൎന്നുണ്ടായി;
പന്ത്രണ്ടു നീൎച്ചാലുകൾ.
എല്ലാ ഓരോ മനുഷ്യരും അറിയുകയുണ്ടായി;
തങ്ങളുടെ പാനസ്ഥലത്തെ.
നിങ്ങൾ ഭക്ഷിക്കുവിൻ; പാനവും ചെയ്യിൻ!
അല്ലാഹുവിൻേറതായ ഉപജീവനത്തിൽനിന്നു്.
നിങ്ങൾ അഴിമതി ചെയ്യുകയുമരുതു്; ഭൂമിയിൽ;
കെട്ടതിചെയ്യുന്നവരായിട്ടു്.[89]

٦٠- وَإِذِ اسْتَسْقَىٰ مُوسَىٰ لِقَوْمِهِ فَقُلْنَا
اضْرِب بِّعَصَاكَ الْحَجَرَ فَانفَجَرَتْ مِنْهُ
اثْنَتَا عَشْرَةَ عَيْنًا قَدْ عَلِمَ كُلُّ أُنَاسٍ
مَّشْرَبَهُمْ كُلُوا وَاشْرَبُوا مِن رِّزْقِ اللَّهِ وَ
لَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ ۝

ഗദ്യഭാഷ

60 മൂസാ അവൻെറ ജനങ്ങൾക്കുവേണ്ടി വെള്ളത്തിന്നാവശ്യപ്പെട്ടതും (നിങ്ങൾ സ്മരിക്കുവിൻ) നിൻെറ ദണ്ഡുകൊണ്ടു നീ പാറയെ മൎദ്ദിക്കുക എന്നു, അപ്പോൾ നാം പറഞ്ഞു; അങ്ങിനെ അതിൽനിന്നു പന്ത്രണ്ടു നീരുറവുകൾ പിളൎന്നുണ്ടായി; എല്ലാ ഓരോ മനുഷ്യരും അവരുടെ പാനസ്ഥലമറിയുകയുണ്ടായി; അല്ലാഹുവിൻേറതായ ഉപജീവനഭോഗത്തിൽനിന്നു, നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യിൻ; കെട്ടതിയുണ്ടാക്കുന്നവരായിക്കൊണ്ടു നിങ്ങൾ ഭൂമിയിൽ അഴിമതി ചെയ്യുകയുമരുതു.

വും അതിനെത്തുടൎന്നുള്ള വ്യവസ്ഥിതമായ ഗ്രാമനിവാസവും രണ്ടുംതന്നെ അവരുടെ പാപഭാരമിറക്കുവാനുള്ള ലക്ഷ്യത്തിൽ വിനയപൂൎവ്വമായി നിൎവ്വഹിക്കപ്പെടുവാനാണു് നിയോഗിക്കപ്പെട്ടിരിക്കുന്നതെന്ന വസ്തുത മേല്പറഞ്ഞ പ്രയോഗഭേദങ്ങളിൽനിന്നു വെളിപ്പെടുന്നുണ്ടു്; അതുപോലെതന്നെ രേഖ 59ൽ, അവർ കല്പനക്കെതിരായി പ്രവൎത്തിക്കുവാനുണ്ടായ സംഗതിയായിട്ടു, അവർ തുടൎച്ചയായി ഉൗന്നടത്ത ചെയ്തുകൊണ്ടിരുന്നു എന്ന വസ്തുതയാണു് ചൂണ്ടിക്കാണിച്ചിരുന്നതു. ഗ്രാമത്തിലേക്കുള്ള പ്രവേശനവേളയിലെങ്കിലും ഉൗന്നടത്ത നിൎത്തിവെക്കുവാൻ യിസ്രായേല്യൎക്ക് സാധിക്കാതെപോയെന്നുള്ള വസ്തുതയാണതുകൊണ്ടു ഖുർആൻ വ്യക്തമാക്കുന്നതു. എന്നാൽ സംഹിത 7ൽ രേഖ 162ൽ അവരുടെ വിപരീതമായ ഗതിക്കു്, മേല്പറഞ്ഞ സന്ദൎഭത്തിൽ, കാരണമായിക്കാണിച്ചിരിക്കുന്നതു അവരുടെ തുടൎന്നുകൊണ്ടുള്ള അക്രമ പ്രവൃത്തിയെയാണു്. എന്നും അക്രമമായി പ്രവൃത്തിക്കുകയെന്നുള്ളതു അടിസ്ഥാനശീലമായി സ്വീകരിച്ചിട്ടുള്ള യിസ്രായേല്യൎക്ക് വ്യവസ്ഥിതമായ ഗ്രാമജീവിതത്തെ ക്രമമനുസരിച്ചു പ്രയോജനപ്പെടുത്താൻ സാധിക്കാതെപോയതിലുള്ള തത്വപരമായ വസ്തുതയെ ഇവിടെ ഖുർആൻ എടുത്തു കാണിക്കുന്നതു നോക്കുക.

89. യിസ്രായേല്യൎക്ക് ഗ്രാമപ്രവേശത്തിന്നുള്ള ശാസന കൊടുത്ത പരിതഃസ്ഥിതികളും, ആ ശാസനയെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിലുള്ള വ്യവസ്ഥകളും, അവയെ ദുരുപയോഗിച്ചതിനാൽ അവക്ക് വന്നെത്തിയ അതിഭയാനകമായ ശിക്ഷയുമാണു് മുൻപു പ്രതിപാദിക്കപ്പെട്ട രണ്ടു രേഖകളിലും സ്മരിപ്പിക്കപ്പെട്ടതു. അതിനെത്തുടൎന്നു അവരുടെ ജീവിതത്തിൽനിന്നു മറെറാരു സംഭവത്തെക്കൂടി ഖുർആൻ ഓൎമ്മയിൽ കൊണ്ടുവരുന്നു; അവക്ക് അരുളപ്പെ

ട്ടിരുന്ന അനുഗ്രഹങ്ങളുടെ എല്ലാം ഉദ്ദേശമായി നില്ക്കുന്ന ഒരു വസ്തുതയെ അസന്നിഗ്ദ്ധമായി വെളിപ്പെടുത്തുകയാണ് ഖുർആൻ ഇവിടെ ചെയ്യുന്നതു്. ഭൂമിയിൽ അവർ അഴിമതി ചെയ്തുകൊണ്ടു കെട്ടതിയുണ്ടാക്കാതിരിക്കുകയെന്നതാണ് അവരെ സംബന്ധിച്ചു പ്രത്യേകമായി നിർദ്ദേശിക്കപ്പെട്ടിരുന്ന വസ്തുത; ഉപകാരം ചെയ്യുവാൻ ഉത്സാഹിപ്പിക്കുന്നതിന്നു മുമ്പായി ഉപദ്രവം ചെയ്യുന്നതു അവസാനിപ്പിക്കുകയെന്ന പ്രാഥമികമായ ലക്ഷ്യം വെച്ചുകൊണ്ടാണ് അവൎക്കു അനുമതികൾ നല്കപ്പെട്ടിരിക്കുന്നതു. ഇതും അവരുടെ അക്രമവാസനയെ എടുത്തു കാട്ടുകയും ഉത്തമമായ ഉപകാരസ്വഭാവവുമായി അവൎക്കുള്ള അകൽച്ചയെ ചൂണ്ടിക്കാണിക്കയുമാണ് ചെയ്യുന്നതു.

മരുപ്രദേശത്തെ ജലക്ഷാമത്തിന്നു ലഭിച്ച പരിഹാരത്തിൻെറ വസ്തുതയാണ് ഖുർആൻ ഇവിടെ യിസ്രയേല്യരുടെ സ്മരണക്കു വിഷയമാക്കുന്നതു. മരുഭൂമിയിലെ പന്ത്രണ്ടു നീൎച്ചാലുകളുടെ കഥയിൽക്കൂടി, യിസ്രായേല്യൎക്കു നല്കപ്പെട്ടിരുന്ന, സാധാരണയിൽക്കവിഞ്ഞ ജീവിതപ്രശ്നങ്ങളുടെ, സന്ദർഭാനുസരണമുള്ള, നിവാരണവൎത്തമാനത്തെയാണ് ഖുർആൻ വ്യക്തമാക്കുന്നതു. റഫീദീമിലെ ജലക്ഷാമത്തിൻെറ പരിഹാരത്തിന്നു മോശെ ചെയ്ത പ്രാൎത്ഥനയുടെ ഫലത്തെയാണ് പ്രതിപാദിക്കുന്നതെങ്കിൽക്കൂടി, മനുഷ്യൻ സാക്ഷാൽ സത്യമായ ദൈവത്തിന്നു വിധേയനായിക്കഴിഞ്ഞാൽ, പ്രകൃതി മനുഷ്യന്നു സ്വാധീനമായിത്തീരുമെന്ന തത്വത്തിന്നു നല്ലൊരു നിദർശനമാണിതു; മോശെയെ ജലത്തിന്നായി പ്രാൎത്ഥിക്കുവാൻ പ്രേരിപ്പിച്ച പരിതഃസ്ഥിതികൂടി ഇവിടെ മനസ്സിലാക്കുന്നതു പ്രയോജനകരമാണ്; പഴയ നിയമത്തിൽനിന്നു താഴെക്കാണുന്ന വിശദീകരണങ്ങൾ ലഭിക്കുന്നുണ്ടു്:-

"...യിസ്രായേൽ മക്കളുടെ സംഘം എല്ലാം സീൻമരുഭൂമിയിൽനിന്നു പുറപ്പെട്ടു, യഹോവയുടെ കല്പനപ്രകാരം ചെയ്ത പ്രയാണങ്ങളിൽ രെഫീദീമിൽ എത്തി പാളയമിറങ്ങി; അവിടെ ജനത്തിന്നു കുടിപ്പാൻ വെള്ളമില്ലായിരുന്നു. അതുകൊണ്ടു ജനം മോശെയോടു ഞങ്ങൾക്കു് കുടിപ്പാൻ വെള്ളം തരിക എന്നു കലഹിച്ചു...ജനത്തിന്നു അവിടെവെച്ചു നന്നാ ദാഹിച്ചതുകൊണ്ടു ജനം മോശെയുടെ നേരെ പിറുപിറുത്തു: ഞങ്ങളും മക്കളും ഞങ്ങളുടെ മൃഗങ്ങളും ദാഹംകൊണ്ടു ചാകേണ്ടതിന്നു നീ ഞങ്ങളെ മിസ്രയീമിൽനിന്നു കൊണ്ടുവന്നതു എന്തിന്നു എന്നു പറഞ്ഞു. മോശെ യഹോവയോടു നിലവിളിച്ചു: ഈ ജനത്തിന്നു ഞാൻ എന്തു ചെയ്യേണ്ടു? അവർ എന്നെ കല്ലെറിവാൻ പോകുന്നുവല്ലോ എന്നു പറഞ്ഞു". പുറപ്പാടു 17ൽ 5വരെ നോക്കുക; മറ്റൊരു സ്ഥാനത്ത്, പഴയ നിയമത്തിൽതന്നെ, പറയുന്നതിങ്ങിനെയാണ്; "...യിസ്രയീൽമക്കളുടെ സൎവ്വസഭയും ഒന്നാം മാസം സീൻ മരുഭൂമിയിൽ എത്തി. ജനം കാദേശിൽ പാൎത്തു...ജനത്തിന്നു കുടിപ്പാൻ വെള്ളമുണ്ടായിരുന്നില്ല. അപ്പോൾ അവർ മോശെക്കും അഹരോന്നും വിരോധമായി കൂട്ടംകൂടി. ജനം മോശെയോട് കലഹിച്ചു. ഞങ്ങളുടെ സഹോദരന്മാർ യഹോവയുടെ സന്നിധിയിൽ മരിച്ചപ്പോൾ ഞങ്ങളും മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഞങ്ങളും ഞങ്ങളുടെ മൃഗങ്ങളും ഇവിടെ കിടന്നു ചാകേണ്ടതിന്നു നിങ്ങൾ യഹോവയുടെ സഭയെ ഈ മരുഭൂമിയിൽ കൊണ്ടുവന്നതു എന്തു? ഈ വല്ലാത്ത സ്ഥലത്തു ഞങ്ങളെ കൊണ്ടുവരുവാൻ നിങ്ങൾ മിസ്രയീമിൽനിന്നു ഞങ്ങളെ പുറപ്പെടുവിച്ചതു എന്തിന്നു? ഇവിടെ വിത്തും അത്തിപ്പഴവും മുന്തിരിപ്പഴവും മാതളപ്പഴവും ഇല്ല; കുടിപ്പാൻ വെള്ളവുമില്ല എന്നു പറഞ്ഞു... മോശെയും അഹരോനും സഭയുടെ മുമ്പിൽനിന്നു സമാഗമന കൂടാരത്തിൻെറ വാതില്ക്കൽ ചെന്നു കവിണ്ണുവീണു. യഹോവയുടെ തേജസ്സ് അവൎക്കു പ്രത്യക്ഷമായി; യഹോവ മോശെയോടു്: നിൻെറ വടി എടുത്തു നീയും സഹോദരനായ അഹരോനും സഭയെ വിളിച്ചുകൂട്ടി അവർ കാൺകെ പാറയോടു് കല്പിക്ക എന്നാൽ അതു വെള്ളം തരും. പാറയിൽനിന്നു അവൎക്കു വെള്ളം പുറപ്പെടുവിച്ചു, ജനത്തിന്നും അവരുടെ കന്നുകാലികൾക്കും കുടിപ്പാൻ കൊടുക്കേണം എന്നു അരുളിചെയ്തു. തന്നോടു് കല്പിച്ചതുപോലെ മോശെ യഹോവയുടെ സന്നിധിയിൽനിന്നു വടി എടുത്തു....മോശെ കൈ ഉയൎത്തി വടികൊണ്ടു പാറയെ രണ്ടു പ്രാവശ്യം അടിച്ചു. വളരെ വെള്ളം പുറപ്പെട്ടു ജനവും അവരുടെ കന്നുകാലികളും കുടിച്ചു." (സംഖ്യ 20ൽ 11വരെ നോക്കുക)

പന്ത്രണ്ടു് നീൎച്ചാലുകൾകൊണ്ടു വിവക്ഷിക്കപ്പെടുന്നതു പന്ത്രണ്ടു ഗോത്രങ്ങളുടെ പാനസ്ഥലങ്ങളെയാണ്; ഓരോ ഗോത്രവും ഓരോ നീൎച്ചാലിൽനിന്നു വേറിട്ടു വെള്ളമെടുത്തിരുന്നുവെന്ന വസ്തുതയാണതു കുറിക്കുന്നതു. ഇവിടെ യിസ്രായേൽക്കാരുടെ ഗോത്രപരമായ വ്യവസ്ഥിതിയുടെ അല്ലെങ്കിൽ സാമൂഹ്യ ഘടനയുടെ ചിത്രം നമു

ക്ക് ലഭിക്കുന്നു; ഫറവോന്റെ മർദ്ദനഹസ്തങ്ങൾ യിസ്രായേൽ മക്കളെ യാതനകൊള്ളിച്ചിരുന്നതു വർഗ്ഗവ്യത്യാസത്തിന്റെ പേരിലായിരുന്നുവല്ലോ? അതിനാൽ വർഗ്ഗപരമായ ചിന്ത, യിസ്രായേൽ മക്കളുടെ സാമൂഹ്യവ്യവസ്ഥിതിയിൽ ശക്തിയായി നിഴലിച്ചിരുന്നതു മനസ്സിലാക്കാവുന്നതാണ്; നാല്പതു വർഷക്കാലത്തെ മരുപ്രദേശ ജീവിതത്തിൽക്കൂടി സർവ്വത്ര മുഴച്ചു നില്ക്കുന്ന ഗോത്രമനസ്ഥിതിയായിട്ടാണതു പരിണമിച്ചതു; യിസ്രായേൽക്കാരുടെ ഗോത്രഘടനയെപ്പറ്റി മനസ്സിലാക്കിയാൽ സത്യതല്പരതയേക്കാൾ ഗോത്രമനസ്ഥിതിക്കു മുൻഗണന കൊടുക്കുന്ന ജീവിതരീതിയിൽ യിസ്രായേല്യർ വന്നെത്തിയ പരിതഃസ്ഥിതികൾ മനസ്സിലാകുന്നതാണ്.

"നിങ്ങൾ യിസ്രയേൽ മക്കളിൽ ഗോത്രം ഗോത്രമായും കുഡുംബം കുഡുംബമായും സകല പുരുഷന്മാരെയും ആളാംപ്രതി പേർവഴി ചാർത്തി സംഘത്തിന്റെ ആകത്തുക എടുക്കേണം...ഓരോ ഗോത്രത്തിൽനിന്നു തന്റെ കുഡുംബത്തിൽ തലവനായ ഒരുത്തൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കേണം. അവർ ഗോത്രം ഗോത്രമായും കുഡുംബം കുഡുംബമായും ആളാംപ്രതി ഇരുപതു വയസ്സുമുതൽ മേലോട്ടു പേരുപേരായി താന്താങ്ങളുടെ വംശവിവരം അറിയിച്ചു. യഹോവ മോശെയോട് കല്പിച്ചതുപോലെ അവർ സീനായി മരുഭൂമിയിൽവെച്ചു അവരുടെ എണ്ണമെടുത്തു. യിസ്രായേൽമക്കളിൽ ഗോത്രം ഗോത്രമായി ഇരുപതുവയസ്സുമുതൽ മേലോട്ടു യുദ്ധത്തിന്നു പ്രാപ്തിയുള്ള സകല പുരുഷന്മാരുമായി എണ്ണപ്പെട്ടവർ ആകെ ആറുലക്ഷത്തിമൂവ്വായിരത്തഞ്ഞൂറമ്പതു പേർ ആയിരുന്നു."

"ഇവരുടെ കൂട്ടത്തിൽ ലേവ്യരെ പിതൃഗോത്രമായി എണ്ണിയില്ല, ലേവിഗോത്രത്തെ മാത്രം എണ്ണരുതു. യിസ്രായേൽമക്കളുടെ ഇടയിൽ അവരുടെ സംഖ്യ എടുക്കയുമരുതു എന്നു യഹോവ മോശെയോട് കല്പിച്ചിരുന്നു. ലേവ്യരെ സാക്ഷ്യനിവാസത്തിന്നും അതിന്റെ ഉപകരണങ്ങൾക്കും വസ്തുക്കൾക്കും ഒക്കെ വിചാരകന്മാരായി നിയമിക്കേണം. അവർ തിരുനിവാസവും അതിന്റെ ഉപകരണങ്ങളൊക്കെയും വഹിക്കേണം; അവർ അതിന്നു ശുശ്രൂഷ ചെയ്കയും തിരുനിവാസത്തിന്റെ ചുററും പാളയമടിച്ചു പാർക്കയും വേണം. തിരുനിവാസം പുറപ്പെടുമ്പോൾ ലേവ്യർ അതു അഴിച്ചെടുക്കേണം. തിരുനിവാസം അടിക്കുമ്പോൾ ലേവ്യർ അതു നിവർത്തേണം; കരന്യൻ അടുത്തുവന്നാൽ മരണശിക്ഷ അനുഭവിക്കേണം. യിസ്രായേൽ മക്കൾ ഗണം ഗണമായി ഓരോരുത്തൻ താന്താന്റെ പാളയത്തിലും ഓരോരുത്തൻ താന്താന്റെ കൊടിക്കരികയും ഇങ്ങനെ കൂടാരം അടിക്കേണം. അങ്ങനെ തന്നെ അവർ കുഡുംബം കുഡുംബമായും കുലം കുലമായും പുറപ്പെട്ടു." (സംഖ്യ 1ൽ 2മുതൽ 34വരെയുള്ള ഭാഗങ്ങളിൽ നിന്നു)

സാമൂഹ്യമായ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ട് സാക്ഷാൽ സത്യമായ ദൈവത്തിൽനിന്നു ലഭിക്കുന്ന ജീവിത കല്പനകളെ കശപിശ കൂടാതെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിന്നു ഗോത്രബോധത്തെ വിനിയോഗിക്കേണ്ടി വന്നിരുന്നുവെന്നുള്ളതിന്നു നല്ലൊരു ദൃഷ്ടാന്തമാണ്, പന്ത്രണ്ട് ഗോത്രങ്ങൾക്കു പന്ത്രണ്ട് നീർച്ചാലുകൾ നല്കപ്പെട്ടുവെന്ന വസ്തുത കാണിക്കുന്നതു. പക്ഷെ ഗോത്രബോധത്തെ ലക്ഷ്യമാക്കിക്കൊണ്ട് സാമൂഹ്യ വ്യവസ്ഥിതിയെ ദുഷിപ്പിച്ചു ഭൂമിയിൽ കെടുതിയുണ്ടാക്കാതിരിക്കുവാൻ, യിസ്രായേല്യരുടെ ഗോത്രബോധത്തെ വകവെച്ചുകൊടുത്ത സന്ദർഭത്തിൽത്തന്നെ ശാസിക്കപ്പെട്ടിരുന്നുവെന്ന സംഗതിയാണ് ഖുർആൻ ഇവിടെ ഈ രേഖയിൽ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു; രേഖയുടെ പര്യവസാനത്തിലുള്ള നിരോധന ശാസനയിൽനിന്നു മേല്പറഞ്ഞ വസ്തുത വ്യക്തമാകുന്നുണ്ട്.

യിസ്രായേല്യരുടെ പന്ത്രണ്ട് ഗോത്രങ്ങൾ യാക്കോബി (യഅ്ഖൂബ്, അഃ)ന്റെ പുത്രന്മാരിൽനിന്നു വളർന്നുണ്ടായ പന്ത്രണ്ടു സന്താന ഗണങ്ങളാണ്; യിസ്രായേൽ എന്നു പ്രസിദ്ധനായിത്തീർന്ന യാക്കോബിന്നു പുത്രന്മാർ പന്ത്രണ്ടു പേരാണുണ്ടായിരുന്നതു; "യാക്കോബിന്റെ പുത്രന്മാർ പന്ത്രണ്ടുപേരായിരുന്നു. ലേയയുടെ പുത്രന്മാർ: യാക്കോബിന്റെ ആദ്യജാതൻ രൂബേൻ, ശിമെയോൻ, ലേവി, യെഹൂദാ, യിസ്സാഖാർ, സെബൂലൂൻ; റാഹേലിന്റെ പുത്രന്മാർ: യോസേഫും, ബെന്യാമീനും,...ബിൽഹയുടെ പുത്രന്മാർ: ദാനും, നഫ്താലിയും... സില്പയുടെ പുത്രന്മാർ: ഗാദും, ആശേരും" (ഉല്പത്തി 35ൽ 23മുതൽ 26വരെ നോക്കുക)

ലേവിയും യോസേഫും ഉൾക്കൊള്ളുന്ന ഇവരുടെ സന്തതികളാണ് യിസ്രായേൽ ഗോത്രങ്ങളായി പില്ക്കാലത്തു വളർന്നുകൂടിയതു. മരുപ്രദേശത്തിലെ പ്രയാണങ്ങളും, കനാനിലെ നിവാസകാര്യങ്ങൾ തന്നെയും ഗോത്രവ്യവസ്ഥയി

61. നിങ്ങൾ പറഞ്ഞതും (സ്മരിക്കുവിൻ)
ഹേ! മൂസാ, ഞങ്ങൾ ക്ഷമിക്കുകയില്ല;
ഒരേ ഒരു ഭക്ഷണത്തിന്മേൽ.
അതിനാൽ നീ പ്രാർത്ഥിക്കുക;
ഞങ്ങൾക്കുവേണ്ടി; നിന്റെ രക്ഷിതാവിനോട്ട്.
അവൻ മുളപ്പിക്കട്ടെ! ഞങ്ങൾക്ക്‌വേണ്ടി;
ഭൂമി കിളപ്പിക്കുന്നതിൽനിന്നു (ചിലതിനെ)
അതിലെ ചീരയും കക്കരിയും
കോതമ്പവും പയറും ഉള്ളിയുമായിട്ട്.
അവൻ പറഞ്ഞു:— നിങ്ങൾ ആവശ്യപ്പെടുന്നുവോ?
അധമമായിട്ടുള്ളതിനെ,
ഉത്തമമായിട്ടുള്ളതിന്നു പകരമായിട്ട്;
നിങ്ങൾ ഒരു പട്ടണത്തിലിറങ്ങുവിൻ; അപ്പോൾ
നിശ്ചയമായിട്ട്, നിങ്ങൾക്കുണ്ട്
നിങ്ങൾ ചോദിച്ചതു്.[90]
അവരുടെ മേൽ അടിച്ചുറപ്പിക്കപ്പെടുകയും ചെയ്തു;
അധഃസ്ഥിതിയും അഗതിത്വവും.
അവർ അവകാശപ്പെടുകയും ചെയ്തു;
അല്ലാഹുവിൽനിന്നുള്ളൊരു കോപത്തിന്ന്.
ആയതു, അവർതന്നെ ധിക്കരിക്കുന്നുണ്ടായതിനാലാണ്
അല്ലാഹുവിന്റെ രേഖകളെ.
അവർ കൊലചെയ്യുന്നുവെന്നതുംകൊണ്ടാണ്,
പ്രവാചകന്മാരെ; സത്യരഹിതമായിട്ട്.
ആയതു, അവർ (കല്പനയെ) നിരാകരിച്ചതിനാലാണു്;
അവർ അതിക്രമം പ്രവൎത്തിച്ചിരുന്നതുംകൊണ്ടാണ്.[91]

٦١- وَإِذْ قُلْتُمْ يَٰمُوسَىٰ لَن نَّصْبِرَ عَلَىٰ
طَعَامٍ وَٰحِدٍ فَادْعُ لَنَا رَبَّكَ يُخْرِجْ لَنَا
مِمَّا تُنۢبِتُ الْأَرْضُ مِنۢ بَقْلِهَا وَقِثَّآئِهَا
وَفُومِهَا وَعَدَسِهَا وَبَصَلِهَا ۖ قَالَ أَتَسْتَبْدِلُونَ
الَّذِى هُوَ أَدْنَىٰ بِالَّذِى هُوَ خَيْرٌ ۚ
اهْبِطُوا مِصْرًا فَإِنَّ لَكُم مَّا سَأَلْتُمْ ۗ
وَضُرِبَتْ عَلَيْهِمُ الذِّلَّةُ وَالْمَسْكَنَةُ
وَبَآءُو بِغَضَبٍ مِّنَ اللَّهِ ۗ
ذَٰلِكَ بِأَنَّهُمْ كَانُوا يَكْفُرُونَ بِـَٔايَٰتِ اللَّهِ
وَيَقْتُلُونَ النَّبِيِّۦنَ بِغَيْرِ الْحَقِّ ۗ
ذَٰلِكَ بِمَا عَصَوا وَّكَانُوا يَعْتَدُونَ ۝

ഗദ്യഭാഷ

61. നിങ്ങൾ പറഞ്ഞതും (സ്മരിക്കുവിൻ) ഹേ, മൂസാ, ഞങ്ങൾ ഒരേ ഒരു ഭക്ഷണത്തിൽ സഹിച്ചു നില്ക്കുകയില്ലതന്നെ. അതിനാൽ നീ, ഞങ്ങൾക്കുവേണ്ടി നിന്റെ രക്ഷിതാവിനോടു പ്രാൎത്ഥിക്കുക; ഭൂമി കിളപ്പിക്കുന്നതിൽ നിന്നു ചിലതിനെ, ചീരയും, കക്കരിയും, ധാന്യവും, പയറും, ഉള്ളിയുമായിട്ടു ഞങ്ങൾക്കുവേണ്ടി അവൻ മുളപ്പിച്ചുതരട്ടെ! അവൻ പറഞ്ഞു: ഉൽകൃഷ്ടമായതിന്നു പകരമായിട്ടു നികൃഷ്ടമായിട്ടുള്ളതിനെ നിങ്ങൾ ആവശ്യപ്പെടുന്നുവോ? നിങ്ങൾ ഒരു പട്ടണത്തിൽ ഇറങ്ങുവിൻ; അപ്പോൾ നിശ്ചയമായിട്ടു നിങ്ങൾ ചോദിച്ചതു നിങ്ങൾക്കുണ്ടു. അവരുടെ മേൽ ഹീനതയും ഗതിയില്ലായ്മയും അടിച്ചുറപ്പിക്കപ്പെടുകയും അല്ലാഹുവിൽ നിന്നുള്ള കോപത്തിന്നു അവർ അവകാശപ്പെടുകയും ചെയ്തു. അതു, അല്ലാഹുവിന്റെ രേഖകളെ അവർ ധിക്കരിക്കുന്നുണ്ടായതിനാലും, പ്രവാചകന്മാരെ സത്യരഹിതമായിട്ടവർ കൊല്ലുന്നുണ്ടായതിനാലുമാണ്; അതു, അവർ സത്യശാസനകളെ നിരാകരിച്ചതുകൊണ്ടും, അവർ അതിക്രമം പ്രവൎത്തിച്ചിരുന്നതുകൊണ്ടുമാണ്.

ന്മേലാണ് ചെയ്യപ്പെട്ടിരുന്നതു. (യോശുവ 13ഉം 14ഉം നോക്കുക) സാമൂഹ്യപ്രവൎത്തനത്തിന്റെ സൗകൎയ്യത്തിന്നായി യിസ്രായേൽ സന്തതികളുടെ സേവനങ്ങൾ രണ്ടായി തരം തിരിച്ചിരുന്നു; സൈനികവും വൈദികവും തന്നെ. ലേവി ഗോത്രത്തിന്നു വൈദികസേവനമാണ് നിയോഗിക്കപ്പെട്ടിരുന്നതു; സൈനികസേവനത്തിന്നായി സ്ഥിതിവിവരക്കണക്കെടുത്തപ്പോൾ "ഇവരുടെ കൂട്ടത്തിൽ ലേവ്യരെ പിതൃഗോത്രമായി എണ്ണിയില്ല. ലേവിഗോത്രത്തെമാത്രം എണ്ണരുതു. യിസ്രായേൽമക്കളുടെ ഇടയിൽ അവരുടെ സംഖ്യ എടുക്കുകയും അരുതു എന്നു യഹോവ മോശെയോട് കല്പിച്ചിരുന്നു." (സംഖ്യ 1ൽ 47മുതൽ 49വരെ) തിരുനിവാസത്തിന്റെ ശുശ്രൂഷക്ക് വേണ്ടി ലേവ്യരെ സൈനികസേവനത്തിൽനിന്നു മാററി നിൎത്തിയിരുന്നു; അതിനാൽ കനാൻദേശത്തു ഭൂസ-

[90ഉം 91ഉം കുറിപ്പുകൾക്ക് അടുത്ത പേജുകൾ നോക്കുക]

ത്തുക്കൾ ഭാഗിക്കപ്പെട്ടപ്പോൾ "ലേവ്യർക്കോ അവരുടെ ഇടയിൽ ഒരു അവകാശവും കൊടുത്തില്ല" (യോശുവ 14ൽ 3) വൈദികസേവനത്തിൽ ഗോത്രപരിഗണനകൾക്ക് സ്ഥാനമില്ലെന്ന വസ്തുത യിസ്രായേൽക്കാരുടെ ജീവിതസംവിധാനത്തിൽ മുന്നിട്ടുനില്ക്കുന്ന സിദ്ധാന്തമായിരുന്നുവെന്നു കാണാവുന്നതാണ്; പക്ഷെ പിൽക്കാലത്തു വൈദികന്മാർതന്നെ ഗോത്രബോധത്തിന്നു കീഴ്പ്പെട്ടുപോയതുകൊണ്ടാണ് യിസ്രായേൽക്കാർ കടുത്ത ഗോത്രവാദികളായിത്തീർന്നതു. മോശെയും അഹരോനും ലേവിയുടെ സന്തതികളിൽ പെട്ടവരാണ്; ലേവ്യരെ ഗോത്രങ്ങളിൽ കണക്കാക്കിയിരുന്നില്ലെങ്കിൽത്തന്നെ "യോസേഫിന്റെ മക്കൾ മനശ്ശെ, എഫ്രയീം എന്നു രണ്ടു ഗോത്രമായിരുന്നു." (യോശുവ 14ൽ 4) അതിനാൽ ലേവ്യരെ ഗോത്രസംഖ്യയിൽനിന്നു ഒഴിച്ചു നിറുത്തിയതുകൊണ്ടു ഉളവായ ഒഴിവ് നികത്തപ്പെടുകയും ഗോത്രങ്ങൾ പന്ത്രണ്ടുതന്നെയായി തുടർന്നുപോരുകയും ചെയ്തിരുന്നു; എല്ലാ ഗോത്രങ്ങൾക്കും ലേവ്യർ ആവശ്യമായിരുന്നതിനാൽ അവർ ഗോത്രങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെട്ടിരുന്നു; "ലേവ്യർക്കു പാർപ്പാൻ പട്ടണങ്ങളും അവരുടെ കന്നുകാലികൾക്കും മൃഗസമ്പത്തിന്നുംവേണ്ടി പുല്പുറങ്ങളും അല്ലാതെ ദേശത്തിൽ ഓഹരിയൊന്നും കൊടുത്തില്ല." (യോശുവ 14ൽ 4)

യോസേഫിന്റെ പുത്രന്മാരിൽനിന്നു രണ്ടു ഗോത്രങ്ങൾ വളർന്നുവന്നിരിക്കുന്ന നിലക്ക് ലേവ്യരെക്കൂടി ഗോത്രമായി ഗണിക്കുകയാണെങ്കിൽ, പന്ത്രണ്ട് പാദനസ്ഥലങ്ങളിൽ കൂടുതൽ വേണ്ടിവന്നേനെ. പക്ഷെ സത്യശാസനകളുടെ നടത്തിപ്പുകാരായ വൈദികന്മാർക്ക്, തങ്ങളുടെ സമുദായത്തിന്റെ ചരിത്രത്തിൽ ഗോത്രതാല്പര്യങ്ങൾ മികച്ചുനിന്നിരുന്ന കാലത്തുകൂടി, ഗോത്രപരിഗണന കൊടുക്കപ്പെട്ടിട്ടില്ല; ഇതിൽനിന്നു ഗോത്രപരമായ നിലനില്പിലുള്ള തങ്ങളുടെ ഭീതിയും അതു കാരണമായി തങ്ങൾ സത്യമാർഗ്ഗത്തിൽ ചെയ്തുകൂട്ടുന്ന കെടുതികളും എത്ര അന്യായമാണെന്നു അവർ ആലോചിക്കേണ്ടതാണ്.

90. യിസ്രായേല്യർക്കു വേണ്ട സന്ദർഭങ്ങളിലൊക്കെ തക്കതായ ജീവിതസൗകര്യങ്ങൾ ചെയ്തുകൊടുക്കപ്പെടുകയുണ്ടായിട്ടുണ്ട്; അങ്ങിനെയുള്ള സന്ദർഭങ്ങളിൽ, അതിശയകരമായ ഒന്നാണ് രേഖ 60ൽ സ്മരിപ്പിക്കപ്പെട്ടതു; എന്നാൽ അവയെ ഉചിതമായി ഉപയോഗിക്കുവാനല്ലാതെ, അവയെ ഉപയോഗിച്ചിട്ടു കിട്ടുന്ന ജീവതശക്തികൊണ്ട് ഭൂമിയിൽ അതിക്രമങ്ങളും അഴിമതികളും ചെയ്തു കെടുതിയുണ്ടാക്കുവാൻ അവർ അനുവദിക്കപ്പെട്ടിരുന്നില്ല; പക്ഷെ യിസ്രായേല്യർക്കു അത്തരം അനുഗ്രഹങ്ങളിൽ അതൃപ്തിയും അക്ഷമയുമാണുണ്ടായതു. രേഖ 61, അവർക്കു ആ വിഷയത്തിലുള്ള അക്ഷമയേയും, അവരുടെ അക്ഷമയുടെ പ്രകടനത്തേയും, അതിന്റെ അനൗചിത്യത്തേയും, അതിനാൽ ഉളവായ അനുമതിയേയും, അതിന്റെ പ്രത്യാഘാതങ്ങളേയും സ്മരിപ്പിക്കുന്നു. എന്നിട്ടു അതിന്റെ ഭിന്നമുഖങ്ങളായ കാരണങ്ങളെ ഖുർആൻ അവരുടെ ചിന്താവിഷയമാക്കിത്തീർക്കുകയും ചെയ്യുന്നു.

മോശെയെ സംബോധന ചെയ്തുകൊണ്ടാണ് യിസ്രായേല്യർ തങ്ങളുടെ പരാതിയെ വെളിപ്പെടുത്തുന്നതു്. അതും തന്നെ ഒരു അചഞ്ചലമായ തീരുമാനത്തിലാണ് അവർ അറിയിക്കുന്നതു്. നോക്കുക; ഒരേ ഒരു ഭക്ഷണത്തിന്മേൽ അവർ ഒരിക്കലും ക്ഷമിക്കുകയില്ലത്രേ. അക്കാര്യം അവർ ഉറപ്പിച്ചിരിക്കുന്നു. അവർക്കു പട്ടണത്തിലെ പലഹാരങ്ങൾ കിട്ടാഞ്ഞാൽ അവർ ക്ഷമിക്കുകയില്ല; അവയുടെ ഒരു പട്ടികതന്നെ അവർ അവരുടെ പ്രവാചകന്നു നേരിട്ടു സമർപ്പിക്കുന്നു. അവയെല്ലാംതന്നെ ആളുകളുടെ പ്രയത്നത്താൽ സമ്പാദിക്കേണ്ടിയിരിക്കുന്ന കാർഷികോല്പന്നങ്ങളാണ്. അവരുടെ അപ്പോഴത്തെ അന്തരീക്ഷത്തിലെ അനുഭവങ്ങളിൽ അവ ഉൾക്കൊള്ളുകയില്ല; അവിടെ അതു ഉല്പാദിപ്പിക്കുവാനും അവർക്കു സാദ്ധ്യമല്ല. എന്നാലും അവർക്കു അതു കിട്ടിയേ തീരൂ എന്നു തന്നെ; അതിന്നു അവർ കാണുന്ന അടവ്, അവർക്കുവേണ്ടി അവരുടെ പ്രവാചകൻ, അവന്റെ രക്ഷിതാവിനോടു അപേക്ഷിക്കുകയെന്നതുതന്നെ. അവരുടെ അപേക്ഷയെ അനുവദിക്കുവാനും, അനുവദിക്കാതിരിക്കുവാനും അവരുടെ രക്ഷിതാവിന്നു സ്വാതന്ത്ര്യമുണ്ടെന്നുകൂടി മനസ്സിലാക്കുവാനുള്ള കഴിവ് യിസ്രായേല്യർക്കുണ്ടായില്ല. മിസ്രയീമിലെ ജീവിതത്തിന്റെ മ്ലേച്ഛമായ സുഖസ്മരണകളാണ് യിസ്രായേല്യരിൽ, മോശയുടെ സ്വാതന്ത്ര്യസിദ്ധാന്തത്തേക്കാൾ മികച്ചുനില്ക്കുന്നതെന്ന് മനസ്സിലാക്കുവാൻ മേല്പറഞ്ഞ ഭക്ഷണതൃഷ്ണ മതി.

പഴയ നിയമത്തിൽ, യിസ്രായേല്യരുടെ ഭൂതകാലസ്മരണകൾ വെളിപ്പെടുത്തിയിരുന്നതിന്റെ വിശദീകരണങ്ങൾ കാണുന്നുണ്ട്. മിസ്രയീമിൽനിന്നു മോചിപ്പിക്കപ്പെട്ടതിന്നു പിറകെ, തങ്ങളുടെ പിതാക്കന്മാർക്കു വാഗ്ദാനം ചെയ്യപ്പെട്ട കൻആൻപ്രദേശത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള യാത്രയിലാണ് യിസ്രായേല്യർ തങ്ങളു

ടെ ഭക്ഷണതൃഷ്ണ വെളിപ്പെടുത്തുന്നതു്. “...യിസ്‌റായേൽമക്കളും വീണ്ടും കരഞ്ഞുകൊണ്ടു്: ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും; ഞങ്ങൾ മിസ്‌റയീമിൽവെച്ചു വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്കാ, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചിറവുള്ളി, എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ വൊരിഞ്ഞിരിക്കുന്നു: ഈ മന്നാ അല്ലാതെ ഒന്നും കാണ്മാനില്ല എന്നു പറഞ്ഞു...... ജനം, കുഡുംബം കുഡുംബമായി, ഓരോരുത്തൻ താന്താൻെറ കൂടാരവാതില്ക്കൽവെച്ചു കരയുന്നതു മോശെ കേട്ടു.” (സംഖ്യ 11ൽ 5മുതൽ 10വരെ)

യിസ്‌റായേൽക്കാരുടെ, അനുഗ്രഹങ്ങളിലുള്ള അതൃപ്തിയും, അവരുടെ അപ്പോഴത്തെ ആവശ്യവും, അതിനെ നിവൎത്തിക്കുവാനുള്ള അവരുടെ അപേക്ഷയും അറിഞ്ഞപ്പോൾ, മോശെ അവരുടെ അവിവേകത്തിൻെറയും അടിമമനഃസ്ഥിതിയുടെയും അസാധാരണമായ അളവു അതിൽനിന്നു മനസ്സിലാക്കി. മിസ്‌റയീമ്യരുടെ മൎദ്ദനഹസ്തങ്ങളിൽനിന്നു വീണുകിട്ടി തിന്നുകൊണ്ടിരുന്ന ഭക്ഷണസാധനങ്ങളുടെ സ്മരണയാണു് യിസ്‌റായേല്യരുടെ സ്വാതന്ത്ര്യത്തിൻെറ പേരിലുള്ള സംതൃപ്തിയെ നശിപ്പിച്ചിരിക്കുന്നതെന്നു് മോശെ കണ്ടറിഞ്ഞു; പരമാൎത്ഥത്തിൽ മിസ്‌റയീമിലെ മൎദ്ദനങ്ങളുടെ കയ്പ് മറക്കുകയും, പലഹാരങ്ങളുടെ സ്വാദ് സ്മരണയുടെ സ്വഭാവത്തിൽ യിസ്‌റായേല്യരെ സങ്കടപ്പെടുത്തുകയുമാണു് ചെയ്തതു്. തങ്ങൾക്കു വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്ന സ്വതന്ത്ര രാഷ്ട്രത്തെ പ്രാപിക്കുകയെന്നതു സാദ്ധ്യമാവുകയില്ലെന്നു മാത്രമല്ല, സംഗതിവശാൽ സൗജന്യമായി ലഭിച്ച സ്വാതന്ത്ര്യത്തെത്തന്നെ വിററുതിന്നാനാണു് യിസ്‌റായേല്യർ വിചാരിക്കുന്നതെന്നുകൂടി വ്യക്തമായപ്പോൾ, മോശെ അവരുടെ വിവേചനശക്തിയെ അവരുടെ അതൃപ്തിക്കും ആഗ്രഹത്തിന്നുമെതിരായി തട്ടിയുണൎത്തുകയുണ്ടായി. ജീവിതമൂല്യങ്ങളെ വിററു ഭക്ഷണമൂല്യങ്ങൾ വാങ്ങുവാനുള്ള മനഃസ്ഥിതിയെക്കുറിച്ചാണു് മോശെ ചോദ്യംചെയ്യുന്നതു്.

“ഉത്തമമായിട്ടുള്ളതിന്നു പകരമായി നിങ്ങൾ അധമമായിട്ടുള്ളതിനെ ആവശ്യപ്പെടുന്നുവോ” എന്നതാണു് മോശെയുടെ ചോദ്യത്തിൻെറ ആകത്തുക. ഇവിടെ ഉത്തമമായതു എന്നതുകൊണ്ടു വിവക്ഷിക്കപ്പെടുന്നതു, ജീവിതമൂല്യങ്ങളെ നിലനിൎത്തുവാനാവശ്യമായ ഭക്ഷണങ്ങളെയാണു; അതു സമ്പാദിക്കുവാനുള്ള ആനുകൂല്യങ്ങൾ അവൎക്കു അവിടെ ആ മരുഭൂമിയിലുംതന്നെ ഉണ്ടായിരുന്നു; അവരുടെ പ്രശ്നംതന്നെ ഭക്ഷണം ഇല്ലെന്നുള്ളതല്ല; ഒരു ഒററ ഇനം ഭക്ഷണത്തിന്മേൽ അവർ ക്ഷമിച്ചു നില്ക്കുകയില്ലെന്നുള്ളതാണു്; അതിനാൽ അവൎക്കു കിട്ടിക്കൊണ്ടിരിക്കുന്ന ഭക്ഷണത്തിൽ—അതു എത്ര മികച്ച തരമാണെങ്കിൽകൂടി—അവർ മടുത്തിരിക്കയാണെന്നു വ്യക്തമാകുന്നുണ്ടു്. അവൎക്കു അതു മടുത്തുപോയിരിക്കുന്നതിൽനിന്നു, അതു അവൎക്കു അത്രയും അധികമായിട്ടാണു് അനുഭവിക്കാൻ കിട്ടിക്കൊണ്ടിരിക്കുന്നതെന്നും മനസ്സിലാകുന്നു; അതിനാൽ അവർ ആഗ്രഹിക്കുന്നതു ജീവിക്കുവാനാവശ്യമായ ഭക്ഷണത്തെയല്ല, ഭക്ഷിക്കുവാൻ വേണ്ടിയുള്ള ജീവിതത്തെയാണു്. ആത്മബോധമുള്ള മനുഷ്യന്നു അതിലും അധമമായ ഒന്നു ഊഹിക്കുവാൻ തന്നെ സാദ്ധ്യമല്ല. അങ്ങിനെയുള്ള ജീവിതത്തെയാണു് “അധമമായിട്ടുള്ളതു” എന്നു ഖുർആൻ ഇവിടെ പ്രസ്താവിക്കുന്നതു്. ഇതിൽനിന്നു ഖുർആൻ നിൎദ്ദേശിക്കുന്ന ഉപജീവനസിദ്ധാന്തത്തിൻെറ അടിത്തറ നമുക്കു കാണുവാൻ സാദ്ധ്യമാണു്. ഭക്ഷണമൂല്യങ്ങൾ അവയുടെ സ്വന്തം നിലയിൽ ഉത്തമമോ അധമമോ അല്ല. ജീവിതമൂല്യങ്ങളുമായി അവയ്ക്കുള്ള, അനുകൂലവും പ്രതികൂലവുമായ ബന്ധങ്ങളാണു് അവയെ ഉത്തമമെന്നും അധമമെന്നുമുള്ള അടിസ്ഥാനവ്യത്യാസങ്ങൾക്കു കാരണമാക്കുന്നതു്. ജീവിതമൂല്യങ്ങളെ രക്ഷിക്കുവാൻവേണ്ടി മനുഷ്യൻ ന്യായമായി സമ്പാദിക്കുന്ന ഭക്ഷണമൂല്യങ്ങൾ ഉത്തമമാണെന്നതിൽ സന്ദേഹമില്ല; അതിന്നുള്ള അവൻെറ ആവശ്യവും ഉത്തമമായിട്ടുള്ളതാണു്; അതിന്നുവേണ്ടിച്ചെയ്യുന്ന അദ്ധ്വാനവും ഉത്തമമാണു്; എന്നാൽ, മറിച്ചായാൽ എല്ലാം അധമവും വൎജ്ജ്യവുമാണുതന്നെ. സുഖഭോഗങ്ങൾക്കുവേണ്ടിയുള്ള, സ്വന്തം നിലനില്പിൻെറ പേരിൽ വേറിട്ടുനില്ക്കുന്ന യിസ്‌റായേൽമക്കളുടെ നീചമായ അധമമനോഭാവത്തെ ഖുർആൻ ഇവിടെ അനുസ്മരിപ്പിക്കുന്നു.

യിസ്‌റായേൽ മക്കളോടു തങ്ങളുടെ പ്രവാചകൻ ചെയ്യുന്ന ചോദ്യത്തിന്നു രണ്ടു വശങ്ങൾ ഉണ്ടു്; ഒന്നാമതു, നിങ്ങൾ ചോദിക്കുന്നതു പലഹാരമാണു്; അടിസ്ഥാനഭക്ഷണം നിങ്ങൾക്കു ആവശ്യമുള്ളതു ഇവിടെത്തന്നെ ലഭിക്കുന്നുണ്ടു്. അതുമല്ല നിങ്ങൾ ആഗ്രഹിക്കുന്ന പലഹാരങ്ങൾ മിസ്‌റയീമിൽ മാത്രം കിട്ടുന്ന ഒന്നല്ല; ഏതു പട്ടണത്തിലും അതു ലഭ്യമാണു്. അതിനാൽ മിസ്‌റയീമിൽനിന്നു പോന്നതിൽ സങ്കടപ്പെടുന്നതു ബുദ്ധിശൂന്യതയാണു്; നിങ്ങളുടെ നിവാസസ്ഥലങ്ങൾ ഒരു പട്ടണമായി വളൎന്നാൽ, അവ, നിങ്ങൾ ചെന്നെത്തുവാനുള്ള ദിക്കിൽതന്നെ ലഭ്യമാവുന്നതാണു്. എന്നാൽ ഭക്ഷണത്തിന്നുവേണ്ടി നിങ്ങളുടെ സ്വാതന്ത്ര്യത്തെ നി

ങ്ങൾ നശിപ്പിക്കയോ? നിങ്ങളുടെ ജീവിതമൂല്യമായ സ്വാതന്ത്ര്യം പലഹാരസാധനങ്ങളേക്കാൾ ഉത്തമമല്ലേ? രണ്ടാമതു, നിങ്ങളുടെ മുമ്പാകെ തന്നെ നിങ്ങൾക്കു് വാഗ്ദാനം ചെയ്യപ്പെട്ട ധന്യമായുള്ള ദേശങ്ങളുണ്ടു്; കനാൻ പ്രദേശങ്ങൾ. നിങ്ങൾ അങ്ങോട്ടു നീങ്ങുന്നതിന്നു വൈമനസ്യപ്പെടുകയോ? നിങ്ങളുടെ പിറകിലുള്ളതു നിങ്ങളെ മൃഗങ്ങളുടെ നിലയിലേക്കു് താഴ്ത്തിയ മിസ്രയീം ദേശമാണു്; ഏതാണു് നിങ്ങൾക്കു് ഉത്തമമായതു? നിങ്ങൾ ചിന്തിച്ചാൽ മതി! നിങ്ങൾ ചോദിച്ചതു നിങ്ങൾക്കു് ലഭ്യമാണു്. അടിമത്വമാണെങ്കിൽ അടിമത്വം; സ്വാതന്ത്ര്യമാണെങ്കിൽ സ്വാതന്ത്ര്യം. ഒരു ഇടത്തെ വിട്ടു മറ്റൊരിടത്തിൽ പോയതുകൊണ്ടുമാത്രം ഒന്നും ഉണ്ടാവുകയോ അല്ലെങ്കിൽ ഇല്ലാതാവുകയോ ചെയ്യുന്നില്ല; മന:സ്ഥിതി മാറുന്നില്ലെങ്കിൽ പരിത:സ്ഥിതി മാറുന്നതുകൊണ്ടു കാര്യമില്ല.

91. സാക്ഷാൽ സത്യമായ ദൈവത്തിന്റെ പ്രതിനിധികളായി ഭൂമിയിൽ ജീവിക്കുവാൻ നിയോഗിക്കപ്പെട്ട ദൈവസൃഷ്ടികൾ, ധിക്കാരികളായ ഭരണാധികാരികളുടെ മർദ്ദനങ്ങളിൽ പെട്ടു നിസ്സഹായരായി വലയുമ്പോൾ, തങ്ങളുടെ സ്രഷ്ടാവു് മർദ്ദകന്മാരെ നശിപ്പിച്ചു മർദ്ദിതരെ മോചിപ്പിക്കുന്നു. യിസ്രായേൽ സന്തതികളുടെ മിസ്രയീമിൽനിന്നുള്ള മോചനസംഭവങ്ങൾ തെളിയിക്കുന്ന ഗംഭീരമായൊരു തത്വരഹസ്യമാണിതു്; മറ്റൊരു സംഗതിയുള്ളതു, മർദ്ദിതകാലങ്ങളിലെ ചുററുപാടുകളിൽനിന്നു മർദ്ദിക്കപ്പെട്ട ജനങ്ങളുടെ സ്വഭാവങ്ങളിലേക്കു് കടന്നുകൂടിയിട്ടുള്ള നികൃഷ്ടവാസനകളെ നീക്കി, യഥാർത്ഥ മനുഷ്യപ്രകൃതിയിലുള്ള സ്വഭാവഗുണങ്ങളെ വീണ്ടെടുക്കുവാൻ മർദ്ദിതൎക്കു് സന്ദർഭങ്ങൾ നല്കപ്പെടുകയും ചെയ്യുന്നുവെന്നുള്ളതാണു്. യിസ്രായേല്യൎക്കു് അടിക്കടി അനുവദിച്ചുകൊണ്ടിരുന്ന അനുമതികളും അനുഗ്രഹങ്ങളും, അവരോടു കാണിക്കപ്പെട്ട അനുഭാവങ്ങളും ആ കൂട്ടത്തിൽ പെട്ടതാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല; എന്നാൽ അവയെ ഉചിതമായി ഉപയോഗിക്കുവാനുള്ള ആഗ്രഹവും അനുസരണ ബോധവും അവരുടെ ആത്മാക്കളിൽനിന്നുതന്നെ അവർ ആവിഷ്കരിക്കുകയും, അതനുസരിച്ചു ഉയർച്ചക്കുവേണ്ടി ഉത്സാഹിക്കുകയും ചെയ്യേണ്ടതാണു്. മറിച്ചായാൽ, മർദ്ദിച്ചിരുന്നവർ നശിച്ചു മണ്ണടിഞ്ഞുവെന്നല്ലാതെ, മർദ്ദിക്കപ്പെട്ടിരുന്നവരിൽ മർദ്ദനത്തിന്റെ കാലങ്ങളിലായി കടന്നുകൂടിയ അധ:സ്ഥിതിയും അഗതിത്വവും, അവരിൽനിന്നു ഒഴിഞ്ഞുപോവുകയില്ല; നേരെമറിച്ചു, അതു ഒരിക്കലും വിട്ടൊഴിയാത്ത വിധത്തിൽ അവരിൽ അടിച്ചുറപ്പിക്കപ്പെടുകയാണുണ്ടാവുക. അതിനാൽ ആദ്യത്തിൽ അവരെ അന്യായമായി മർദ്ദിച്ചിരുന്നവരുടെ അതേ അക്രമവാസനയിലേക്കും, അന്ധമായ ധിക്കാരത്തിലേക്കും, അധമമായ മററു അനവധി അഴിമതികളിലേക്കും അവർ തന്നെ അടിഞ്ഞുകൂടുകയേ ചെയ്കയുള്ളു. ആദ്യത്തിൽ നശിപ്പിക്കപ്പെട്ട അക്രമകാരികൾക്കു് അവകാശപ്പെട്ടതായിത്തീൎന്ന അതേ ദൈവകോപത്തിന്നു, ഒടുവിൽ അവർ അവകാശികളായിത്തീരുകയെന്നതു മാത്രമുണ്ടാകുന്നു. യിസ്രായേൽക്കാരുടെ പില്ക്കാലജീവിതത്തിന്റെ ഉദ്ഗതിയെ ചൂണ്ടിക്കാട്ടിക്കൊണ്ടു്, അവരുടെ മേൽ അധ:സ്ഥിതിയും അഗതിത്വവും അടിച്ചുറപ്പിക്കപ്പെട്ടുവെന്നു് ഖുർആൻ പ്രസ്താവിക്കുന്നതിൽനിന്നു് ഈ യാഥാർത്ഥ്യമാണു് വ്യക്തമാകുന്നതു്. അധ:സ്ഥിതിയും അഗതിത്വവും അവരിൽ അചിരേണ ഇറങ്ങിക്കൂടിയതു മിസ്രയീമിലെ മർദ്ദിതജീവിതത്തിൽ കൂടിയാണു്. എന്നാൽ മർദ്ദകന്മാരുടെ അടിയോടുകൂടിയുള്ള അവതി വന്നതിനോടുകൂടെ അവൎക്കു്, അവരിൽ അടിഞ്ഞുകൂടിയിട്ടുള്ള നികൃഷ്ടതകളേയും അവസാനിപ്പിക്കാൻ അവസരങ്ങൾ കിട്ടിയിരുന്നു; അങ്ങിനെ അവരിൽ അധ:പതിച്ചുകിടക്കുന്ന അവരുടെ ആത്മീയ ചൈതന്യത്തെ അവൎക്കു ഉദ്ധരിക്കാമായിരുന്നു. എന്നാൽ അവർ അതു ചെയ്കയുണ്ടായില്ല; അതിനാൽ മർദ്ദിതരെന്ന നിലയിൽ അവരോടു ആദ്യത്തിൽ അവരുടെ രക്ഷിതാവിന്നുണ്ടായിരുന്ന അനുഭാവത്തിന്നു അവൎക്കുണ്ടായിരുന്ന അർഹത നഷ്ടപ്പെട്ടു. അനുഭാവത്തിന്റെ ഇടത്തിൽ, അവർ അവകാശപ്പെട്ടതു അവന്റെ അതീവമായ കോപത്തെയാണു്. ഇതു അവൎക്കു ഉണ്ടാക്കാതെ കഴിക്കാമായിരുന്നു; പക്ഷെ അതിന്നു അവൎക്കു സംഗതിയാക്കിത്തീൎത്ത, അവരുടെ സ്വന്തം പ്രവൃത്തികളുടെ അടിക്കടിയായുള്ള വൈപരീത്യകാരണങ്ങളെ ഖുർആൻ അടിസ്ഥാനപരമായി എടുത്തുകാട്ടുന്നതു നോക്കുക:-

അധ:സ്ഥിതിയും അഗതിത്വവും അടിച്ചുറപ്പിക്കപ്പെട്ടുവെന്നതിന്നു് ഖുർആൻ ആദ്യമായി കാണിക്കുന്ന കാരണത്തെ പരിശോധിക്കുക; എല്ലാ കാലത്തും എല്ലാവരുടേയും എല്ലാ അധ:പതനങ്ങളുടേയും മൂലകാരണമായ ഒരു വസ്തുതയെയാണു് അതു കുറിക്കുന്നതു്. സത്യരേഖകളെ അവർ ധിക്കരിക്കുക പതിവായിരുന്നു എന്നു തന്നെ. പ്രവാചകന്മാരെ കൊലചെയ്കയെന്നതു ധിക്കാരത്തിന്റെ ബാഹ്യപ്രകടനത്തിലുള്ള കാഠിന്യത്തെ വ്യക്തമാക്കുന്നു. "സത്യ

## സന്ധി 8
## അവരുടെ അധോഗതി

(ദൈവമാർഗ്ഗത്തിൽ, സമുദായവ്യത്യാസങ്ങൾക്ക പരിഗണനയില്ല; സത്യത്തിൽ വിശ്വസിച്ച സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽ കുത്തകാവകാശങ്ങളില്ല; വെറും വിശ്വാസത്തിന്നു വിലയില്ല; വിശ്വസിക്കുന്നതു സത്യമായിരിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്താൽ ഭീതിയും ഖേദവും ബാധകമല്ല; യിസ്രായേല്യരുടെ പ്രതിജ്ഞാലംഘനങ്ങൾ. ശബ്ബത്ത് ലംഘനത്തിൻെറ പരിണാമങ്ങൾ. പശു ദൈവസേവയിൽനിന്നു യിസ്രായേല്യർ സത്യദൈവാനുസരണത്തിലേക്ക് വലിഞ്ഞെത്തുന്നു.)

62. നിശ്ചയമായിട്ട് വിശ്വസിച്ചിരിക്കുന്ന യാവരും,
യഹൂദരായിട്ടുള്ള യാവരും, നസ്രാണികളും,
“സാബി”യന്മാരും,
ആർതന്നെ വിശ്വസിച്ചുവെങ്കിൽ,
അല്ലാഹുവിലും അവസാന ദിനത്തിലും;
നന്മയുള്ളതിനെ പ്രവർത്തിക്കയും ചെയ്തു(വെങ്കിൽ)
അപ്പോൾ അവർക്കുണ്ട്, അവരുടെ പ്രതിഫലം;
അവരുടെ രക്ഷിതാവിൻെറ പക്കൽ.
യാതൊരു ഭീതിയും അവർക്കില്ല;
അവരില്ല ഖേദിക്കയും ചെയ്യുന്നു.[92]

٦٢- إِنَّ الَّذِينَ اٰمَنُوا وَالَّذِينَ هَادُوا
وَالنَّصٰرٰى وَالصّٰبِـِٔينَ
مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ
وَعَمِلَ صَالِحًا
فَلَهُمْ اَجْرُهُمْ عِنْدَ رَبِّهِمْ
وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ○

ഗദ്യഭാഷ

62 നിശ്ചയമായിട്ടു (മുഹമ്മദ്നബിയിൽ) വിശ്വസിച്ചവരും യഹൂദരായിട്ടുള്ളവരും നസ്രാണികളും സാബിയന്മാരും, ആരുംതന്നെയാവട്ടെ, അല്ലാഹുവിലും അവസാനദിവസത്തിലും വിശ്വസിക്കയും നന്മയുള്ളതു പ്രവർത്തിക്കയും ചെയ്താൽ, അപ്പോൾ അവർക്കു അവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിൻെറ പക്കലുണ്ടു. അവർക്കു യാതൊരു ഭീതിയുമില്ലാത്തതും അവർ ദുഃഖിക്കുന്നില്ലാത്തതുമാണ്.

---

രഹിതമായിട്ടു” എന്നതു, പ്രവാചകഹത്യ ഒന്നുകൊണ്ടും ന്യായീകരിക്കാൻ ആവാത്തതാണെന്ന വസ്തുതയെ ചൂണ്ടിക്കാണിക്കുകയും, അതുവഴി അവർ ചെയ്യുന്ന കൊലക്കുറ്റത്തിൻെറ അസാംഗത്യത്തെ പ്രത്യേകമായി സ്ഥാപിക്കയുമാണ് ചെയ്യുന്നതു്. ഒടുവിൽ ഇതിന്നെല്ലാററിന്നുമായി, അവരിൽ ആകപ്പാടെ കാണപ്പെടുന്ന ഹേതു, അവരുടെ ഭൂതകാല കർമ്മത്തിൻേറയും അതിനെ തുടർന്നുകൊണ്ടുള്ള ആവർത്തനത്തിൻേറയും നികൃഷ്ടതയാണ്; കല്പനകളെ നിരാകരിച്ച ധാർമ്മികമായ അതിർത്തികളെ തുടർച്ചയായി അവർ അതിലംഘിച്ചുവെന്നതു തന്നെ. മേല്പറഞ്ഞ കാരണങ്ങളുടെ വിശദീകരണത്താൽ, വളരെ നൂററാണ്ടുകളായിട്ടു യിസ്രായേല്യർ ചെയ്തുകൂട്ടിയിട്ടുള്ള കുറ്റങ്ങളെയും കെടുതികളേയും ഖുർആൻ ചുരുക്കിയെടുത്തു കാണിക്കുന്നതും നോക്കുക. അതിന്നു, നമ്മുടെ പ്രതിപാദനത്തിലിരിക്കുന്ന രേഖയെ, സംഹിത 3ൽ രേഖ 111നോട് താരതമ്യപ്പെടുത്തി നോക്കുന്നതു പ്രയോജനകരമായിരിക്കുന്നതാണ്.

92. പ്രവൃത്തികളുടെ തിന്മകൊണ്ട് യിസ്രായേല്യർ ചെന്നുവീണ ഗുഷിച്ച പതനത്തിൻെറ പരിവർത്തനശൂന്യതയെയാണ് രേഖ 61ൻെറ പര്യവസാനത്തിൽ ഖുർആൻ ചൂണ്ടിക്കാണിച്ചതു്. തന്നെയുമല്ല, മേല്പറഞ്ഞ ദുഃസ്ഥിതിക്കു കാരണങ്ങളായി യിസ്രായേല്യരിൽ തുടർച്ചയായി കാണപ്പെട്ടിരുന്ന നീചകൃത്യങ്ങളെക്കൂടി ഖുർആൻ വ്യക്തമാക്കുകയും ചെയ്തു. തങ്ങൾ യിസ്രായേലിൻെറ സന്തതികളായതുകൊണ്ടല്ല, നന്നായിത്തീരുവാൻ വിസമ്മതിക്കുന്ന ദുശ്ശീലങ്ങൾ വിടാതെ വെച്ചു പ്രവർത്തിച്ചതുകൊണ്ടാണ് അവരിൽ അധഃസ്ഥിതിയും അഗതിത്വവും അടിയുറച്ചുപോയതെന്നു, അങ്ങിനെ, തെളിയിക്കപ്പെട്ടു. പ്രവൃത്തികളുടെ ദോഷഫലങ്ങളെ മുൻനിറുത്തിക്കൊണ്ട് യിസ്രായേൽസന്തതികളെ സംബന്ധിച്ച ഖുർആൻ കൊണ്ടുവന്നിട്ടുള്ള തീരുമാനമാണിതെന്നതിൽ സംശയമില്ല. ഗോത്രത്തെ മൊത്തത്തിൽ ബാധിക്കുന്നതായൊരു തീരുമാനത്തിൻെറ നിസ്സങ്കോചമായൊരു പ്രസ്താവനയാണ് അതെ

ന്നതും വ്യക്തമാണ്; എന്നാൽ പ്രവൃത്തികളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഗോത്രത്തെ സംബന്ധിച്ച വിധി കല്പിക്കുന്ന രീതി വിട്ടു, ഗോത്രത്തെ മുൻനിറുത്തിക്കൊണ്ടു പ്രവൃത്തികളെ സംബന്ധിച്ച ചിന്തിക്കയാണെന്നിരിക്കട്ടെ; രണ്ടു പരസ്പരവിരുദ്ധങ്ങളായ അനുമാനങ്ങളാണ് അതിനാൽ ഉളവാകുക. ഒന്നാമതു, യിസ്രായേൽസന്തതികൾ ദുഷിച്ചനാറിയതായൊരു സമുദായമാകയാൽ, നല്ലതു ചെയ്താൽതന്നെ അവക്കു നന്മ ലഭിക്കയില്ലെന്നു വരും; രണ്ടാമത്തേതു, തങ്ങൾ കെടുതികൾ ചെയ്തുകൂട്ടിയാൽകൂടി തങ്ങളുടെ ഗോത്രമഹിമകൊണ്ടു യിസ്രായേല്യക്കു പ്രത്യേകമായി നന്മ ലഭിക്കുമെന്നു വാദിക്കപ്പെടും. ഖുർആൻ ഈ രണ്ടു അനുമാനങ്ങളേയും അങ്ങിനെതന്നെ നിഷേധിക്കുന്നു. പക്ഷെ, അതിവിപുലമായൊരു അടിസ്ഥാന തത്വത്തിന്റെ പ്രഖ്യാപനത്തിൽകൂടിയാണ് ഇവിടെ, രേഖ 62ൽ ഖുർആൻ മേല്പറഞ്ഞ കാൎയ്യത്തിലുള്ള അതിന്റെ നിഷേധത്തെ രേഖപ്പെടുത്തുന്നതു്. ആ തത്വം എന്താണെന്നു നോക്കുക:_

യിസ്രായേല്യർ തുടക്കത്തിൽ ഗോത്രാടിസ്ഥാനത്തിലാണ് തങ്ങളുടെ ജീവിതവ്യവസ്ഥിതി സ്ഥാപിച്ചിരുന്നതു; പക്ഷെ കാലക്രമത്തിൽ ഗോത്രതാല്പൎയ്യങ്ങളെ സത്യതല്പരതക്കെതിരിൽ വളത്തിപ്പോരുകയാൽ സത്യസേവക്കെതിരിൽ സ്ഥാപിതതാല്പൎയ്യങ്ങൾക്കവേണ്ടി നിലകൊള്ളുന്നൊരു മതക്കാരായി അവർ പരിണമിച്ചിരിക്കയാണ്; യഹൂദരായിട്ടുള്ളവരെന്ന ഗോത്രസിദ്ധാന്തത്തിൽ, പ്രത്യേകമായൊരു മതമായിട്ടവർ സത്യമാൎഗ്ഗത്തിൽനിന്നു വേറിട്ടു മാറിനില്ക്കുകയും ചെയ്തിരിക്കയാണ്. മേല്പറഞ്ഞ സംഗതികൊണ്ട്, ഖുർആൻ മതങ്ങളുടെ നിലവാരത്തിൽ വെച്ചുകൊണ്ടാണ് യിസ്രായേല്യരെപ്പററി ഇവിടെ പ്രതിപാദിക്കുന്നതു. നോക്കുക: ഖുർആൻ അതിന്റെ പ്രസ്താവന തുടങ്ങുന്നതു തന്നെ വിശ്വസിച്ചിട്ടുള്ളവരെ ചിന്താവിഷയമാക്കിക്കൊണ്ടാണ്; ഖുർആനിന്റെ പ്രബോധകൻ പ്രഖ്യാപിച്ചിട്ടുള്ള വസ്തുതകൾ സത്യമാണെന്നു വിശ്വസിച്ചിട്ടുള്ളവരെയാണ് "വിശ്വസിച്ചിട്ടുള്ളവർ" എന്ന വാക്കു് കുറിക്കുന്നതു; (തബരി). എന്നിട്ടു യഹൂദരായിട്ടുള്ള യിസ്രായേല്യരേയും, ക്രിസ്ത്യാനികളേയും, സാബിയാക്കളേയും, തുടരെ ചിന്താവിഷയമാക്കിത്തീക്കുന്നു; എന്നാൽ അവരെ സംബന്ധിച്ച മാത്രമായി ഖുർആൻ ഇവിടെ പ്രതിപാദിക്കുന്നില്ല; അതിന്നു പറയുവാനുള്ള കാൎയ്യം അവരിൽമാത്രം ഒതുങ്ങി നില്ക്കുന്ന ഒന്നല്ല. എന്തുകൊണ്ടെന്നാൽ ഇവിടെ പ്രതിപാദനവിഷയമായി കൊണ്ടുവന്നിട്ടുള്ള ആളുകളെ, അങ്ങിനെ കൊണ്ടുവന്നിരിക്കുന്നതു, മതങ്ങളുടേയോ സമുദായങ്ങളുടേയോ അടിസ്ഥാനത്തിലാവണമല്ലോ? എന്നാൽ ഇവിടെ ഖുർആൻ അവരെ സംബന്ധിച്ച പ്രതിപാദിക്കുന്ന വസ്തുതയാകട്ടെ മതസമുദായാദികളെ മുൻനിറുത്തിക്കൊണ്ടുള്ളതല്ല; വിശ്വാസ കൎമ്മങ്ങളുടെ യാഥാൎത്ഥ്യങ്ങളെ മുൻനിറുത്തിക്കൊണ്ടുള്ളതു മാത്രമാണ്; അതിനാൽ പറയുവാൻപോകുന്ന കാൎയ്യത്തിന്നു യോജിച്ചവിധത്തിൽ വിപുലമായൊരു തോതിലാണ് ഖുർആൻ അതിന്റെ പ്രതിപാദനത്തെ വ്യക്തമാക്കുന്നതു. മേല്പറയപ്പെട്ട കൂട്ടരാകട്ടെ, അല്ലെങ്കിൽ മററ ആർതന്നെയാകട്ടെ തങ്ങളുടെ വിശ്വാസങ്ങൾക്കും പ്രവൃത്തികൾക്കും പ്രതിഫലങ്ങൾ ലഭിക്കുന്നതു തങ്ങളുടെ മതസമുദായ ഗോത്രാദികളുടെ കാൎയ്യത്തെ മുൻനിറുത്തിക്കൊണ്ടല്ല; തങ്ങളുടെ വിശ്വാസത്തിന്നു, സത്യമായ ദൈവത്തോടുള്ള ബന്ധത്തിന്റേയും പ്രവൃത്തികൾക്കുള്ള ഗുണത്തിന്റേയും നിലകളെ പരിഗണിച്ചുകൊണ്ടു മാത്രമാണ്. വെറുതെ വിശ്വസിച്ചാൽ പോരാ; വിശ്വാസം ശരിയാവുകയും വിശ്വാസത്തിന്നനുസരിച്ച വിശ്വാസികൾ നന്മ പ്രവത്തിക്കയും ചെയ്യണം; എന്നാൽ അവക്കു തങ്ങളുടെ രക്ഷിതാവിങ്കൽ അവരുടെ പ്രതിഫലമുണ്ട്. വിശ്വസിക്കേണ്ടതിൽ വിശ്വസിച്ച എന്നതിന്നും പ്രവത്തിക്കേണ്ടതു പ്രവത്തിച്ച എന്നതിന്നുമാണ് പ്രതിഫലങ്ങൾ സുരക്ഷിതമായിരിക്കുന്നുണ്ടെന്നു ഖുർആൻ സ്ഥാപിക്കുന്നതു; ജാതിമതവ്യത്യാസങ്ങൾക്കോ വ്യക്തിഭേദങ്ങൾക്കോ പ്രത്യേകമായി കൎമ്മഫലങ്ങളുടെ വിഷയത്തിൽ യാതൊരുവിധ പരിഗണനയുമില്ലതന്നെ. ഖുർആനിന്റെ വിശ്വാസ കൎമ്മസിദ്ധാന്തങ്ങളുടെ സാൎവ്വലൗകികമായ യാഥാൎത്ഥ്യനിഷ്ഠക്കു് നല്ലൊരു നിദർശനമാണിതു; മുഹമ്മദീയനാണെന്നുള്ളതുമാത്രംകൊണ്ടോ, യഹൂദനായതുകൊണ്ടോ, നസ്രാണി (ക്രിസ്ത്യാനി)യായതുകൊണ്ടോ, മററ മതക്കാരായതുകൊണ്ടോ, ശരിയായ വിശ്വാസവും പ്രവൃത്തിയുമില്ലെങ്കിൽ യാതൊരു മെച്ചവുമില്ല. വിശ്വാസകൎമ്മങ്ങൾ ശരിയായി പാലിച്ചിട്ടുള്ളവക്കു തങ്ങളുടെ ജീവിതഫലങ്ങളെ സംബന്ധിച്ച ഭീതിക്കവകാശമില്ല; ശരിയായ വിശ്വാസകൎമ്മങ്ങളെ കൈക്കൊള്ളുന്നതിന്നു മുമ്പായി ചെയ്തുപോയ തെററുകളെ സംബന്ധിച്ച അവർ ദുഃഖിക്കയുമില്ല. തങ്ങളുടെ രക്ഷിതാവിന്റെ പക്കൽ അവരുടെ പുണ്യഫലങ്ങൾ സുരക്ഷിതമാണ്തന്നെ.

സ്വാത്മതാല്പൎയ്യങ്ങളുടെ ഗൂഢീയമായ ക്രയവിക്രയത്തിന്നു വിധേയമായതിനാൽ മലിനപ്പെട്ടു പൊലിഞ്ഞുപോയിരിക്കുന്ന മനുഷ്യാത്മാവിന്റെ, കെട്ടു കരിഞ്ഞു പുകഞ്ഞുകിടക്കുന്ന തിരിത്തലയ്ക്കൽ, ധൎമ്മബോധത്തിന്റെ കെ

ടാത്ത നാളങ്ങൾ സ്ഫുരിപ്പിക്കുവാൻ പര്യാപ്തമായൊരു സമീപനമാണ് ഖുർആൻ, രേഖ 62 കൊണ്ടു, ചെയ്തിരിക്കുന്നതു്.

വിശ്വസിച്ചിട്ടുള്ളവർ എന്ന വാക്യാംശത്താൽ ഇവിടെ വിവക്ഷിക്കുന്നതു മുഹമ്മദ് നബി(സ)യുടെ പ്രബോധനങ്ങളിൽ മൊത്തത്തിൽ വിശ്വസിച്ചിട്ടുള്ളവരെയാണല്ലോ? വിശ്വസിക്കുകയെന്ന ക്രിയയുടെ കർമ്മബന്ധങ്ങളെ മേല്പറഞ്ഞ വാക്യാംശത്തിൽ വിശദീകരിച്ചിട്ടില്ലാത്തതിനാൽ, വിശദമായ കർമ്മപദ്ധതിയിലേക്ക് വിശ്വാസത്തെ പ്രവൃത്തിരൂപത്തിൽ പകർത്തുന്നതിനു മുമ്പുള്ള നിലയിൽ മാത്രമാണ്, നബി(സ)യുടെ പ്രബോധനത്തിൽ വിശ്വസിക്കുന്നവരെ, ഖുർആൻ, മററു മതക്കാരുടെ പട്ടികയിൽ പെടുത്തുന്നതെന്നു സൂചിപ്പിക്കുന്നു; വിശ്വാസമെന്ന ക്രിയ നബി(സ)യുടെ പ്രബോധനങ്ങളിൽ വിശദീകരിക്കപ്പെട്ട കർമ്മബന്ധങ്ങളെ പ്രവൃത്തിരൂപത്തിൽ പ്രാപിച്ചു കഴിഞ്ഞാൽ, അവർ വിഭിന്നങ്ങളായ മററു മതങ്ങളുടെ പട്ടികയിൽപെട്ട ഒരു മതത്തിൻെറ സ്ഥാപിതപ്രായരായ പിൻഗാമികൾ മാത്രമായിരിക്കയില്ല; സകല സത്യമതങ്ങളുടേയും സംപൂർണ്ണതയെക്കുറിക്കുന്ന ഏകമതസിദ്ധാന്തത്തിൻെറ പ്രവർത്തകന്മാരായിത്തീരുന്നതാണ്; ആ നിലയിൽ അവരിൽ ആരുംതന്നെ ഏകനായ സത്യദൈവത്തിലും അന്ത്യദിനത്തിലും വിശ്വസിക്കാതെയോ സൽക്കർമ്മങ്ങൾ പ്രവർത്തിക്കാതെയോ ഉണ്ടാവുകയില്ല; അവരും അവക്ക് മുമ്പു അങ്ങിനെ വിശ്വസിച്ചു പ്രവൃത്തിച്ചിട്ടുള്ളവരും ഒന്നുതന്നെയാണ്; സത്യത്തിനു സമർപ്പിച്ചു ജീവിച്ചിട്ടുള്ളവർ "മുസ്ലീംകൾ" എന്ന നിലയിൽ ലോകാരംഭം മുതൽ ലോകാവസാനംവരെയുള്ള ദശാന്തരങ്ങളിലെ മനുഷ്യ മഹാസമുദായക്കാരാണവർ; തങ്ങൾ സ്വീകരിച്ചിട്ടുള്ള മൗലികമായ വിശ്വാസ കർമ്മങ്ങൾക്കനുസരിച്ചു ജീവിച്ചിട്ടുള്ളവരൊക്കെ ഒരു ഒററ മതത്തിൻെറ അനുയായികളായ, ഒരു ഒററ സമുദായമായി പുരോഗമിക്കുന്നവരാണ്; അവരെ സംബന്ധിച്ചാണ് ഈ രേഖയിൽ, "മൻ ആമന ബില്ലാഹി വൽ യൗമിൽ ആഖിർ വ അമില സ്വാലിഹൻ=അല്ലാഹുവി (സാക്ഷാൽ സത്യമായ ദൈവത്തി) ലും അന്ത്യദിവസത്തിലും വിശ്വസിക്കയും സൽക്കർമ്മത്തെ പ്രവർത്തിക്കയും ചെയ്തിട്ടുള്ള ആരുംതന്നെ" എന്നു ഖുർആൻ പ്രഖ്യാപിക്കുന്നതു്. മുസ്ലീമിൻെറ സർവ്വവ്യാപകമായ നിർവ്വചനമാണിതു കുറിക്കുന്നതു്. ഭാവിയെപ്പററിയുള്ള ഭീതിയും, ഭൂതകാലത്തെക്കുറിച്ചുള്ള ഖേദവുമില്ലാത്ത സത്യസേവകന്മാരാണവർ; സ്വാർത്ഥപരമായ നിലനില്പിനെയുദ്ദേശിച്ചുള്ള താല്ക്കാലിക ഫലങ്ങൾക്കുവേണ്ടി തങ്ങളുടെ യഥാർത്ഥ രക്ഷിതാവിങ്കലുള്ള പ്രതിഫലത്തെ വിഗണിക്കയില്ലവർ; സത്യമാർഗ്ഗത്തിൽനിന്നവർ മാറിനില്ക്കുകയുമില്ല.

ഭിന്നമതങ്ങളെപ്പററി പ്രതിപാദിക്കുന്ന കൂട്ടത്തിൽ, വേറെ രണ്ടു സ്ഥാനങ്ങളിൽകൂടി ഖുർആൻ "സാബിയാക്ക"ളെപ്പററി പറയുന്നുണ്ടു്. അങ്ങിനെ ആകെ മൂന്നു സന്ദർഭങ്ങളിൽ ഖുർആനിൽ ഈ വാക്കു് പ്രയോഗിക്കപ്പെട്ടു കാണുന്നു. അപ്പോഴെല്ലാംതന്നെ അതിൻെറകൂടെ യഹൂദരേയും നസ്രാണി (ക്രിസ്ത്യാനി)കളേയും സംബന്ധിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്; സംഹിത 5ൽ രേഖ 69ഉം സംഹിത 22ൽ രേഖ 17ഉം നോക്കുക; എന്നാൽ ഒടുവിൽ പറഞ്ഞ സ്ഥാനത്തു അവരോടുകൂടെ മജൂസികളെ സംബന്ധിച്ചുകൂടി ഖുർആൻ പ്രതിപാദിച്ചിട്ടുണ്ടു്; ഏതെങ്കിലും ഒരു മതത്തിൻെറ അനുയായിയാണെന്നതുകൊണ്ടുമാത്രം ഒരാൾക്കു് ഒന്നും ഉണ്ടാകുന്നില്ലെന്ന ആശയത്തെ പ്രഖ്യാപിക്കുന്ന ഒരു വാക്യത്തിൽ മതങ്ങളെ എണ്ണിക്കണക്കാക്കേണ്ട ആവശ്യമില്ലല്ലോ; അതിനാൽ അനുവാചകന്മാരുടെ ശ്രദ്ധയിൽ പെട്ടതായ ചില മതങ്ങളെ, പ്രതിപാദനത്തെ വ്യക്തമാക്കുന്നതിന്നായി കാണിക്കുന്നതല്ലാതെ ഖുർആൻ മതങ്ങളുടെ പട്ടിക ക്ലിപ്തപ്പെടുത്തുന്നില്ലതന്നെ; അവ ഏതായാലും എത്രയായാലും അവയുടെ അനുയായികളുടെ വിശ്വാസവും പ്രവൃത്തിയും ശരിയായിട്ടുള്ളതല്ലെങ്കിൽ അതിൽ കാര്യമില്ല. "മജൂസികൾ"ക്കുംകൂടി ബാധകമായ ഒരേ ആശയത്തെ വിശദീകരിക്കുന്നകൂട്ടത്തിൽ, രണ്ടു സ്ഥാനങ്ങളിൽ ആ മതത്തെ (മജൂസികളെ) പ്പററി പറയാതിരിക്കുകയും വേറെയൊരുത്തിൽ അതിനെ എടുത്തു പറകയും ചെയ്തിരിക്കുന്നതിൽനിന്നു ഈ ആശയം കൂടുതൽ വ്യക്തമാകുന്നുണ്ടു്.

സാബിയാക്കൾ അല്ലെങ്കിൽ സാബിയന്മാർ എന്നതു ബാബിലോണിയായിലും "നീനവാ"യിലും ബലപ്പെട്ടു നിന്നിരുന്ന ഒരു മതക്കാരാണ്. ഭൗതികമായ ശരീരത്തിൽ സ്ഥിതി ചെയ്യുന്ന മനുഷ്യാത്മാവിനു തേജോമയനായ ദൈവത്തെ നേരിട്ടു സമീപിക്കുവാൻ സാധിക്കുകയില്ലെന്ന വിശ്വാസമാണ് സാബിയാക്കൾക്കുണ്ടായിരുന്നതെന്നു് പറയപ്പെടുന്നു; അതിനാൽ വാനമണ്ഡലത്തിലെ പ്രകാശഗോളങ്ങളെയാണവർ പൂജിച്ചിരുന്നതത്രെ; എന്നാൽ സാബിയാക്കൾ നക്ഷത്രാരാധകന്മാരായിരുന്നുവെന്ന ധാരണ തെററാണെന്നു സ്ഥാപിക്കുന്നവ

| | |
|---|---|
| 63. നാം കൈക്കൊണ്ടതും (നിങ്ങൾ സ്മരിക്കുവിൻ)<br>നിങ്ങളുടെ ഉടമ്പടിയെ;<br>നാം ഉയർത്തുകയും ചെയ്തു,<br>നിങ്ങൾക്കു മീതെ പർവ്വതത്തെ.<br>നിങ്ങൾ കൈക്കൊള്ളുവിൻ എന്നു്,<br>നാം നിങ്ങൾക്കു നല്കിയിട്ടുള്ളതിനെ ശക്തിയോടുകൂടെ;<br>നിങ്ങൾ സ്മരിക്കുകയും ചെയ്യുവിൻ; അതിൽ ഉള്ളതിനെ.<br>നിങ്ങൾ സൂക്ഷിക്കുവാൻവേണ്ടി.[93] | ٦٣. وَإِذْ أَخَذْنَا مِيثَاقَكُمْ وَرَفَعْنَا فَوْقَكُمُ<br>الطُّورَ<br>خُذُوا مَا آتَيْنَاكُمْ بِقُوَّةٍ<br>وَاذْكُرُوا مَا فِيهِ لَعَلَّكُمْ تَتَّقُونَ ○ |

ഗദ്യഭാഷ

63. നാം നിങ്ങളുടെ ഉടമ്പടിയെ കൈക്കൊണ്ടതും (നിങ്ങൾ സ്മരിക്കുവിൻ); നിങ്ങൾക്കുമീതെ നാം പർവ്വതത്തെ ഉയർത്തുകയും ചെയ്തു; നാം നിങ്ങൾക്കു നല്കിയിട്ടുള്ളതിനെ നിങ്ങൾ ശക്തിയോടുകൂടെ കൈക്കൊള്ളുവിൻ എന്നും അതിൽ ഉള്ളതിനെ നിങ്ങൾ സ്മരിക്കയുംചെയ്യുവിൻ എന്നും (പറകയും ചെയ്തു); നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാവുന്നതാണു്.

രുമുണ്ടു. മഅ്മൂനുൽ-റശീദിൻെറ ഭരണകാലത്തു, ക്രിസ്തുവർഷം 830ൽ, "ഹറാൻ" പ്രദേശത്തിലെ ജനങ്ങൾ തങ്ങൾ സാബിയന്മാരാണെന്നു വാദിച്ചിരുന്നതും, തങ്ങൾ വേദപുസ്തകമുള്ളവരാണെന്നതിനാൽ, വേദപുസ്തകമുള്ളവർക്കു് നല്കപ്പെടുന്ന പരിഗണനകൾ തങ്ങൾക്കും ലഭിക്കേണ്ടതാണെന്നു അവകാശപ്പെട്ടിരുന്നതും എടുത്തു കാണിക്കപ്പെടുകയും ചെയ്യുന്നു. സാങ്കേതികമായ വിവക്ഷയിൽ സാബിയാക്കൾ ഗ്രന്ഥാവകാശികളായിരുന്നുവോ എന്നതു നമുക്കിവിടെ പ്രശ്നമല്ല; ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വലിയൊരു വിഭാഗത്തിൻെറ പക്കൽ സാബികൾ യഹൂദമതത്തിൻേറയും ക്രിസ്തുമതത്തിൻേറയും മദ്ധ്യത്തിലുള്ളൊരു മതക്കാരാണെന്ന തീരുമാനമാണുള്ളതു. അവരുടെ മതവും ഏകദൈവസിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിലുള്ളതാണെന്നും, എന്നാൽ അവർ ദൈവദൂതന്മാരെക്കൂടി ആരാധിക്കുന്നുവെന്നൊരു വ്യത്യാസമുണ്ടെന്നും പറയപ്പെടുന്നു. ഖുർആൻ വ്യാഖ്യാതാക്കളിൽ ഭൂരിപക്ഷക്കാർ സാബിയന്മാരെ ഗ്രന്ഥാവകാശി(അഹലുൻ കിതാബ്)കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നില്ല. (അബൂഹയ്യാൻ)

"സാബിഊൻ" എന്ന പദത്തിൻെറ മൂലധാതു അറമേയിക്‌ഭാഷയിൽ പെട്ടതാണെന്നു് തെളിഞ്ഞിരിക്കുന്നു; സാബികൾ മഹത്തായ ജീവിതത്തെ ഗ്രഹിച്ചിട്ടുള്ളവരാണെന്നു തന്നത്താൻ വാദിച്ചിരുന്നു. വെള്ളവസ്ത്രമാണവർ ധരിക്കുക. "ഗിൻസാ" എന്നു വിളിക്കപ്പെടുന്നതായൊരു ഗ്രന്ഥവുമുണ്ടു സാബികൾക്കു്; അറമേയിക്കു ഭാഷയിലാണു് അതു ഉള്ളതു. തുടരെത്തുടരെ വെള്ളത്തിൽ മുങ്ങുന്നതു സാബികളുടെ വിശ്വാസത്തിൽ വലിയൊരു പുണ്യകർമ്മമാണത്രെ. പാരസീകരുടെ മതഗുരുവായ സൊറാസ്ഥരുടെ "തമോപ്രകാശസിദ്ധാന്ത"ത്തോടു വളരെ സാദൃശ്യമുള്ളതാണു് സാബിയന്മാരുടെ തത്വശാസ്ത്രത്തിൻെറ മൌലികസിദ്ധാന്തങ്ങൾ; കർമ്മങ്ങളിൽ യോഹന്നാൻ-സ്നാപകൻെറ പിൻഗാമികളോടു് വളരെ കൂറുള്ള കൂട്ടത്തിലാണു് സാബിയാക്കൾ.

ക്രിസ്തുവർഷം 830ൽ മഅ്മൂനുൽ റശീദിൻെറ കാലത്തു് സാബിയന്മാരാണെന്നു വാദിച്ചിരുന്ന ജനങ്ങൾ യഥാർത്ഥ സാബിയന്മാരല്ലായിരുന്നുവെന്നൊരു ബലമായ പക്ഷമുണ്ടു്. അധികം ആരും അവകാശപ്പെടുവാനില്ലാതിരുന്ന ആ പേര് ഖുർആനിൽ കണ്ടതിന്നനുസരിച്ചു അവർ എടുത്തു ഉപയോഗിച്ചതാവാൻ സംഗതിയുണ്ടു്. എന്തുകൊണ്ടെന്നാൽ അവരെ "അഹ്ലുൽ കിത്താബാ"യി—വേദഗ്രന്ഥാവകാശികളായി—കണക്കാക്കണമെന്ന തങ്ങളുടെ വാദത്തെ ഉന്നയിക്കുകയും ഗ്രന്ഥാവകാശികൾക്കു് അനുവദിക്കപ്പെട്ടിരിക്കുന്ന ആനുകൂല്യങ്ങൾ അവകാശപ്പെടുകയും ചെയ്യുന്നതിന്നു അവർ ചെയ്ത ഒരു അടവായിരുന്നു അവർ അതുകൊണ്ടു ഉദ്ദേശിച്ചതു. എന്നാൽ ആദിമ അറേബ്യയുടെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടതായൊരു നിലയിൽ പ്രവർത്തിച്ചിരുന്ന മറ്റൊരു ജനതയുണ്ടു; "സാബി" എന്നാണു് ആ ജനത വിളിക്കപ്പെട്ടിരുന്നതു. ബാബിലോണിയൻ ഭാഷയുടേയും ഫിനീഷ്യൻഭാഷയുടേയും അക്ഷരങ്ങളോടു് സാദൃശ്യബന്ധമുള്ള ഒരുതരം അക്ഷരങ്ങളിൽ കൊത്തിവെക്കപ്പെട്ടിരിക്കുന്ന ശിലാലേഖനങ്ങൾവഴിക്കു് മേല്പറഞ്ഞ ജനതയെപ്പററി മനസ്സിലാക്കുവാൻ ചരിത്രലോകത്തിന്നു സാധിക്കുന്നുണ്ടു്. ക്രിസ്തുവിന്നു മുമ്പു് 800മുതൽ 700വരെയുള്ള കാലങ്ങളിൽ തെക്കെ അറേബ്യയിൽ വിശാലമായ യമൻ പ്രദേശത്തിൽ സാ

[93-ാമത്തെ കുറിപ്പു് മറുപുറത്തു്]

ബിയാക്കളുടെ വാഴ്ചയുണ്ടായിരുന്നു; എങ്കിലും അവരുടെ ഉല്പത്തി ഉത്തര അറേബ്യയിൽ നിന്നാണു്; അവരും പ്രകാശഗോളങ്ങളെ ആരാധിച്ചിരുന്നു. അതിനാൽ ചന്ദ്രൻ, സൂര്യൻ, ശുക്രൻ മുതലായ തേജോഗോളങ്ങൾ സാബിയന്മാരുടെ ദൈവാരാധനക്കു് വിഷയമായിരുന്നു. ശബാ(സബഅ്)യിലെ "ബിൽഖീസ്" രാജ്ഞിക്കു സാബിയമതവുമായി ബന്ധമുള്ളതായി മനസ്സിലാക്കപ്പെടുന്നു. ആ ജനത ക്രിസ്താബ്ദം 350ൽ അബിസീനിയയിലേക്കു തള്ളിനീക്കപ്പെട്ടിരുന്നു; ക്രിസ്താബ്ദം 579ൽ അവർ പാരസീക ദേശത്തേക്കും മാറിത്താമസിച്ചിരുന്നു. അവരുടെ തലസ്ഥാനം "സൻആ" പട്ടണത്തിനു സമീപമായിരുന്നു. അവരുടേതായിട്ടു് വളരെയേറെ സുന്ദരങ്ങളായ കരിങ്കൽ കെട്ടിടങ്ങളുണ്ടു. അവയിൽ, കൂമ്പിച്ചുകൂടുന്ന കമാനങ്ങൾ സാബിയന്മാരുടെ കെട്ടിട നിർമ്മാണനൈപുണ്യത്തിന്റെ വ്യക്തിമുദ്രയാണു്.

93. ശരിയായിട്ടുള്ള വിശ്വാസ കർമ്മങ്ങൾകൊണ്ടല്ലാതെ വെറുതെ മതാനുയായികളായതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു്, യിസ്രായേല്യരുടെ ഗോത്രമതത്തെക്കുറിച്ചുടീയുൾപ്പെടുത്തിക്കൊണ്ടു് സ്ഥാപിച്ചതിൽപിന്നെ, യിസ്രായേല്ക്കാരുടെ നിലയെ സംബന്ധിച്ചുള്ള സംഭവാനുസ്മരണങ്ങൾ ഖുർആൻ തുടരുന്നു. അങ്ങിനെ, ഖുർആൻ യിസ്രായേല്യരോടു നേരിട്ടു വീണ്ടും സംസാരിക്കുന്നു; തങ്ങളുടെ രക്ഷിതാവു യിസ്രായേല്യരിൽനിന്നു പ്രതിജ്ഞ വാങ്ങുകയുണ്ടായിട്ടുണ്ടു്; യിസ്രായേല്യരുടെ പൂർവ്വകാല ജീവിതത്തിലെ ഭയാനക സന്ദർഭങ്ങളിൽവെച്ചു, തങ്ങളുടെ രക്ഷിതാവു് യിസ്രായേല്യർക്കു നല്കിയിട്ടുള്ള വേദഗ്രന്ഥത്തെ ശക്തിയോടുകൂടെ കൈക്കൊള്ളുവാനും അതിലുള്ള കല്പനകളെ മനസ്സിരുത്തി വായിക്കുവാനും അവർ ശാസിക്കപ്പെട്ടിട്ടുണ്ടു. ഇതു ഒന്നും അവർ യഹൂദരായതുകൊണ്ടു പ്രത്യേകമായി ചെയ്യപ്പെട്ടതല്ല; അവർ സത്യത്തെ ഭയന്നു ദോഷബാധയെ സൂക്ഷിച്ചു ജീവിക്കുവാൻ വേണ്ടിയാണു്; രേഖ 63ന്റെ പര്യവസാനത്തിലുള്ള വാക്യാംശത്തിൽനിന്നു വ്യക്തമായിത്തീരുന്ന വസ്തുതയാണിതു. ഖുർആൻ ഇവിടെ യിസ്രായേല്യരെ സ്മരിപ്പിക്കുന്ന കാര്യവുമിതുതന്നെ. എന്നിട്ടു അവർ എന്താണു് ചെയ്തതെന്നു് അവർക്കുതന്നെ ആലോചിക്കുവാൻ ഇതു അവസരമുണ്ടാക്കുന്നു.

യിസ്രായേല്യരോടു് നേരിട്ടുകൊണ്ടു്, നിങ്ങൾക്കു നല്കിയിട്ടുള്ള ഗ്രന്ഥത്തെ ബലത്തോടുകൂടെ കൈക്കൊള്ളുവിൻ എന്നും, അതിലുള്ള വസ്തുതകളെ മനസ്സിരുത്തി വായിക്കുവിൻ എന്നും യിസ്രായേല്യർക്കു് ശാസനകൊടുത്തപ്പോൾ, തങ്ങളുടെ രക്ഷിതാവു് തങ്ങളുടെ പ്രതിജ്ഞയെ കൈക്കൊണ്ടുവെന്ന വസ്തുത വ്യക്തമാണു്. എന്നാൽ പ്രതിജ്ഞ കൈക്കൊണ്ടുവെന്നു പറയുന്നതിന്നും, അതു കൈക്കൊണ്ടപ്പോൾ കൊടുത്ത രണ്ടു കല്പനകളെ വിശദീകരിക്കുന്നതിന്നുമിടയിൽ മറ്റൊരു വസ്തുതകൂടെ ഖുർആൻ സ്മരിപ്പിക്കുന്നതു നോക്കുക; "നിങ്ങൾക്കു മീതെ നാം പർവ്വതത്തെ ഉയർത്തി"യെന്ന വസ്തുതയെ സാധാരണയിൽ കവിഞ്ഞൊരു സംഭവത്തിന്റെ നിലയിൽ ഖുർആൻ പ്രത്യേകമായി വെളിപ്പെടുത്തുന്നു.

യിസ്രായേല്യർക്കുമീതെ "പർവ്വതത്തെ ഉയർത്തി"യെന്നതിൽനിന്നു മനസ്സിലാക്കേണ്ടതു, യിസ്രായേല്യർ പർവ്വതത്തിന്റെ താഴ്‌വരയിൽ അല്ലെങ്കിൽ അടിവാരത്തിൽ ചെന്നെത്തിയിരുന്നുവെന്നുള്ള വസ്തുതയാണു്; എന്നാൽ പർവ്വതത്തിന്നു ചലനമുണ്ടായപ്പോൾ അതു അവരുടെ മേൽ ഇടിഞ്ഞു വീഴുമെന്ന നിലയിൽ അവർക്കു അനുഭവപ്പെട്ടതു, അവർ നില്ക്കുന്ന സ്ഥാനത്തിൽനിന്നു പർവ്വത ശിഖരത്തിന്നുള്ള ഉയരത്തിന്റെ ആധിക്യത്തെ ആസ്വദിച്ചായതിനാൽ, അതു അവർക്കുമേൽ ഉയർന്നുനിന്നുവെന്ന സംഗതിക്കു കൂടുതൽ പ്രാധാന്യം കൊടുക്കപ്പെട്ടിരിക്കയാണു്. സംഹിത 7ൽ രേഖ 171മായി താരതമ്യപ്പെടുത്തി നോക്കിയാൽ ഇതു വ്യക്തമാകുന്നതാണു്. പഴയനിയമത്തിൽ താഴെ പറയുന്ന വിധത്തിൽ കാണപ്പെടുന്നു.

"ദൈവത്തെ എതിരേല്പാൻ മോശെ ജനത്തെ പാളയത്തിൽനിന്നു പുറപ്പെടുവിച്ചു. അവർ പർവ്വതത്തിന്റെ അടിവാരത്തുനിന്നു" (പുറപ്പാടു് 19ൽ 17)

പർവ്വതമെന്നതുകൊണ്ടു വിവക്ഷിക്കപ്പെടുന്നതു "തൂറസീനീൻ" എന്ന സീനായി പർവ്വതമാണു്. അറേബിയൻ മരുഭൂമിയിൽ ചെങ്കടലിന്റെ രണ്ടു ശാഖകൾക്കിടയിലേക്കു് തള്ളിക്കിടക്കുന്ന ഭൂപ്രദേശത്തിലെ പ്രധാനപ്പെട്ടൊരു പർവ്വതമാണിതു്. മോശെക്കു ലഭിച്ച നിയമകല്പനകൾ നല്കപ്പെട്ടതു ഈ പർവ്വതത്തിങ്കൽ വെച്ചാണു്. "ജബലു മൂസാ=മൂസായുടെ മല"യെന്ന പേരിൽക്കൂടിയതു പ്രസിദ്ധമായിത്തീർന്നിരിക്കുന്നു. യിസ്രായേല്യർ മേൽ പറഞ്ഞ മലയുടെ താഴ്‌വാരത്തിൽ ഒരു വർഷംവരെ പാളയമടിച്ചു താമസിച്ചിട്ടുണ്ടു്; പർവ്വതത്തിന്നു ചലനമു

64. പിന്നെ നിങ്ങൾ പിന്തിരിഞ്ഞുകളഞ്ഞു;
ആയതിന്നു പിറകിനാലെ.
അപ്പോൾ നിങ്ങളുടെ മേൽ ഇല്ലായിരുന്നെങ്കിൽ,
അല്ലാഹുവിൻെറ സൌജന്യവും അവൻെറ കാരുണ്യവും;
നിശ്ചയമായിട്ടു നിങ്ങൾ നഷ്ടപ്പെട്ടവരുടെ
കൂട്ടത്തിലായിരുന്നേനെ.[94]

٦٤. ثُمَّ تَوَلَّيْتُمْ مِّنْ بَعْدِ ذٰلِكَ فَلَوْلَا
فَضْلُ اللّٰهِ عَلَيْكُمْ وَرَحْمَتُهٗ لَكُنْتُمْ
مِّنَ الْخٰسِرِيْنَ

ഗദ്യഭാഷ

64. പിന്നെയും, ആയതിന്നു പിറകെത്തന്നെ നിങ്ങൾ പിന്തിരിഞ്ഞുകളഞ്ഞു. അപ്പോൾ നിങ്ങളിൽ അല്ലാഹുവിൻെറ സൌജന്യവും അവൻെറ കാരുണ്യവുമില്ലായിരുന്നുവെങ്കിൽ, നിശ്ചയമായിട്ടു നിങ്ങൾ നഷ്ടമായിപ്പോയിട്ടുള്ളവരുടെ കൂട്ടത്തിലായിരുന്നേനെ.

ണ്ടാവുകയും അതിൽനിന്നു ഗജ്ജനങ്ങൾ കേൾക്കപ്പെടുകയും ചെയ്തപ്പോൾ, "ജനം ഒക്കെയും ഇടിമുഴക്കവും മിന്നലും കാഹളധ്വനിയും പവ്വതം പുകയുന്നതും കണ്ടു; ജനം അതു കണ്ടപ്പോൾ വിറച്ചുകൊണ്ടു ദൂരത്തുനിന്നു. അവർ മോശെയോടു: നീ ഞങ്ങളോടു സംസാരിക്ക, ഞങ്ങൾ കേട്ടുകൊള്ളാം; ഞങ്ങൾ മരിക്കാതിരിക്കേണ്ടതിന്നു ദൈവം ഞങ്ങളോടു സംസാരിക്കരുതേ എന്നു പറഞ്ഞു". (പുറപ്പാടു 20ൽ 18മുതൽ 19വരെ). യിസ്രായേല്യരുടെ പ്രതിജ്ഞയുടെ വിശദീകരണത്തിന്നു സംഹിത 2ൽ, രേഖ 40ഉം കുറിപ്പുകളും നോക്കുക.

ചുററുപാടും, പ്രകൃതിയും ഭയാനകമായിത്തീരുമ്പോഴൊക്കെ യിസ്രായേല്യർ തങ്ങളുടെ നിയമ ശാസനകളെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ സന്നദ്ധത പ്രകടിപ്പിക്കാറുള്ളതാണെന്ന വസ്തുതയാണു ഖുർആൻ, രേഖ 63 കൊണ്ടു അവരുടെ ശ്രദ്ധയിൽ പെടുത്തുന്നതു; അനേക സന്ദർഭങ്ങളിൽ അവർ അങ്ങിനെ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടു; ഇവിടെ പ്രതിപാദിക്കപ്പെട്ട രേഖയിൽത്തന്നെ, അവരോടു കല്പിക്കപ്പെട്ടതായിക്കാണുന്നതു അവയെ പ്രാഥമികമായി കൈക്കൊള്ളുവാനല്ല; തങ്ങൾക്കു നല്കപ്പെട്ടിട്ടുള്ളതിനെ പ്രവൃത്തിമൂലമായി ബലത്തിൽ കൊണ്ടുവരണമെന്നതാണു. "ബി ഖുവ്വതിൻ=ബലത്തിൽ" എന്ന പ്രയോഗത്തിൽനിന്നു മേല്പറഞ്ഞ വസ്തുത വ്യക്തമാകുന്നുമുണ്ടു.

"റഫഅ" എന്ന പദത്തെയാണു "ഉയത്തി" എന്നു ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു. കെട്ടിപ്പൊക്കി, നികത്തി, ഉയരപ്പെടുത്തി അല്ലെങ്കിൽ ഉന്നതമാക്കി എന്നെല്ലാം ഇതിന്നു അത്ഥങ്ങളുണ്ടു. (റാഗിബ്)

94. തങ്ങളുടെ ചുററുപാടും പ്രകൃതിയും, പ്രതികൂലവും ഭയാനകവുമായിത്തീന്ന വേളയിൽ യിസ്രായേല്യർ തങ്ങളുടെ കഴിവുകളെ ശരിയായി വിനിയോഗിക്കുവാൻ സന്നദ്ധത കാണിച്ചു; പക്ഷെ അങ്ങിനെ ഉളവായ ആ സന്നദ്ധതക്കു ശേഷവും അവർ അതു ഉപേക്ഷിച്ചുകൊണ്ടു പിന്തിരിഞ്ഞു കളഞ്ഞു; അതിനാൽ പിന്നേയും ആദ്യത്തേതുപോലെയുള്ള സന്ദർഭങ്ങൾ അവരിൽ സൃഷ്ടിക്കപ്പെട്ടു. അങ്ങിനെ സന്ദർഭങ്ങൾ ആവത്തിക്കപ്പെട്ടപ്പോഴൊക്കെ അവരുടെ സന്നദ്ധതയും അതിനെപ്പററിയുള്ള ഭയത്തിൽനിന്നു ആവത്തിക്കപ്പെട്ടു; എന്നാൽ ബാഹ്യശക്തികളുടെ ഭീകരങ്ങളായ പ്രേരണകളില്ലാഞ്ഞാൽ യാതൊരു വിധ സത്കമ്മവും പ്രവൃത്തിക്കുവാൻ സാധിക്കാത്ത നിലയിലേക്കവർ വീണു നഷ്ടപ്പെട്ടുപോയേനെ; അവരെ സത്യമാഗ്ഗത്തിലേക്കു നയിക്കുന്നതിന്നു കൂടെക്കൂടെ ബാഹ്യപ്രകൃതിയിലെ ഭയങ്കരതകളെ തന്നെ വിനിയോഗിച്ചിരുന്നുവെങ്കിൽ, അവരുടെ ആത്മാക്കൾ ആന്തരമായ ആദ്ധ്യാത്മിക മാഗ്ഗദശനങ്ങൾക്കു അഹതയില്ലാത്ത അതികഠിനമായ ആത്മശൂന്യതയിലേക്കു അധഃപതിച്ചേനെ; എങ്കിലും അതു അങ്ങിനെ ആയിത്തീരുവാൻ ഇടയായില്ല; എന്തുകൊണ്ടെന്നാൽ, അവരുടെ രക്ഷിതാവു അവർക്കിടയിൽ, അവർ അങ്ങിനെയെല്ലാം ഇരുന്നിട്ടും, ആന്തരമായ അടിസ്ഥാനത്തിൽ അവരെ സമീപിക്കുവാനുള്ള ആജ്ഞയും കൊടുത്തു, അനേകം പ്രവാചകന്മാരെ അവരിലേക്കയച്ചു. അതിനാൽ ആത്മീയ ആനുകൂല്യങ്ങൾ അനുഭവിക്കുവാൻ അവക്കുള്ള അഹത അവിടെ വെച്ചുതന്നെ അവസാനിച്ചില്ല; അവരിൽത്തന്നെ പ്രവാചകന്മാരും പണ്ഡിതന്മാരും ഭരണ നിപുണന്മാരുമുണ്ടായി; എന്നാൽ അതു ഒന്നും അവരുടെ സ്വന്തമായ അവകാശ മഹിമകൊണ്ടല്ല; അവരുടെയും ഇതര ലോകത്തിൻേറയും രക്ഷിതാവായിട്ടുള്ളവൻെറ ഔദാര്യവും ആത്മകാരുണ്യവും കൊണ്ടുമാത്രമാണെന്നു അവർ സ്മരിക്കേണ്ടതാണു.

65. ദൃഢമായിട്ടു നിങ്ങൾ അറിഞ്ഞിട്ടുമുണ്ട്,
നിങ്ങളിൽനിന്നു അതിക്രമം ചെയ്തിട്ടുള്ളവരെ;
സബ്ബത്തിൻെറ (ദിനത്തിൽ).
അപ്പോൾ നാം അവരോടു പറഞ്ഞു:—
നിങ്ങൾ കുരങ്ങന്മാരാകുവിൻ; മ്ലേച്ഛന്മാരാ(കുവിൻ.)[95]

٦٥- وَلَقَدْ عَلِمْتُمُ الَّذِيْنَ اعْتَدَوْا مِنْكُمْ
فِي السَّبْتِ فَقُلْنَا لَهُمْ
كُوْنُوْا قِرَدَةً خٰسِئِيْنَ ۝

ഗദ്യഭാഷ

65. സബ്ബത്തിൻെറ ദിവസത്തിൽ നിങ്ങളിൽനിന്നു അതിക്രമം പ്രവർത്തിച്ചവരെ നിങ്ങൾ അറിഞ്ഞിട്ടുമുണ്ടു; അപ്പോൾ നിങ്ങൾ മ്ലേച്ഛന്മാരായ കുരങ്ങന്മാരാകുവിൻ എന്നു നാം അവരോടു പറഞ്ഞു.

95. യിസ്രായേല്യരുടെ ഗോത്രങ്ങൾ നിലനിന്നു പോന്നതുതന്നെ തങ്ങളുടെ രക്ഷിതാവിൻെറ നിരുപാധികമായ കാരുണ്യവും ഔദാര്യവും കൊണ്ടാണെന്നു വ്യക്തമാക്കിയതിൽപിന്നെ, യിസ്രായേൽസന്തതികളിൽനിന്നൊരു വിഭാഗത്തോടു, മുമ്പൊരിക്കൽ തങ്ങളുടെ ദുഷ്പ്രവൃത്തികളുടെ ഫലങ്ങൾ താമസംകൂടാതെ വാങ്ങിക്കൊള്ളുവാൻ കല്പിച്ചിരുന്ന സംഗതി രേഖ 64ൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. യിസ്രായേല്യരോടു തങ്ങളുടെ രക്ഷിതാവ് ദയോദാരമായി പ്രവർത്തിച്ചിരുന്നുവെന്നതിന്ന്, യിസ്രായേല്യർ മനുഷ്യന്മാരായി തുടർന്നുപോകുന്നതുതന്നെ ഒരു തെളിവാണ്. പക്ഷെ, യിസ്രായേല്യരോട് ദയയോടും ഔദാര്യത്തോടുംകൂടെ പെരുമാറുകയെന്നതു് ദൈവത്തിൻെറ ഇച്ഛയെ മാത്രം ആസ്പദിച്ചിരിക്കുന്ന കാര്യമാണ്; യിസ്രായേല്യൎക്കു മാത്രമല്ല, എല്ലാവൎക്കും അതു അങ്ങിനെത്തന്നെയാണിരിക്കുക. യിസ്രായേല്യൎക്കു ഗോത്രപരമായി നല്കപ്പെട്ടൊരു പ്രത്യേകതയുമല്ല മേല്പറഞ്ഞ കാരുണ്യവും ഔദാര്യവും. എന്തുകൊണ്ടെന്നാൽ അവരുടെ ഗോത്രങ്ങളിൽപെട്ട ചിലൎക്കു അതിരുകവിഞ്ഞ അക്രമവാസനകൊണ്ട് യഥാൎത്ഥ മനുഷ്യപ്രകൃതിതന്നെ നഷ്ടപ്പെട്ടുപോയ സംഭവത്തെ യിസ്രായേല്യർ തങ്ങളുടെ ചരിത്രത്തിൽനിന്നു മനസ്സിലാക്കിയിട്ടുള്ളതാണ്; ഖുർആൻ ആ വസ്തുതയെ ഇവിടെ എടുത്തുകാണിക്കുന്നതു് ഈ അൎത്ഥത്തിലാണ്.

ശബ്ബാത്ത് എന്ന തത്ഭവനാമത്തിൻെറ മൂലശബ്ദമാണ് "സബ്ത്തുൻ" എന്നതു. സബ്ത്തുൻ എന്ന പദത്തിൻെറ അടിസ്ഥാനപരമായ അൎത്ഥം "മുറിച്ചു നിറുത്തുക"യെന്നാണ്. (റാഗ്വിബ്). വിശ്രമമെടുക്കുകയെന്നും ഈ വാക്കിന്നൎത്ഥമുണ്ട് (തബരി). ഏതു നിലയിലും ചെയ്തുകൊണ്ടിരുന്ന തൊഴിലുകളെ നിറുത്തിവെച്ചു, ചെയ്യുവാനുള്ള തൊഴിലുകളെ, ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലുകളോട് തുടൎത്താതെ മുറിച്ചു നീക്കിവെക്കുകയെന്ന കാര്യത്തെയാണതു കുറിക്കുന്നതു്. അതു വിശ്രമത്തിന്നു അവസരമുണ്ടാക്കുകയെന്നതിന്നു തുല്യമാണെന്നു മനസ്സിലാക്കാവുന്നതുമാണ്. സബ്ത് അല്ലെങ്കിൽ ശബ്ബാത്ത് എന്ന ദിവസത്തിന്നു, അങ്ങിനെ വിളിക്കപ്പെടുന്നതു, അന്ന് യഹൂദന്മാർ തങ്ങളുടെ തൊഴിലുകളെ വിട്ടു മുറിഞ്ഞുവെന്നതുകൊണ്ടാണ്; (തബരി). യഹൂദരും ക്രിസ്ത്യാനികളും ദൈവാരാധനകൾക്കായി പ്രത്യേകമായൊരു ദിവസത്തെ നിയമമായാചരിച്ചു. ആ ദിവസങ്ങളിൽ മററു പ്രവൃത്തികൾ ചെയ്യുന്നതിനെ സംബന്ധിച്ചു അവർ വിലക്കപ്പെടുകയും ചെയ്തിരുന്നു. യഹൂദർ ശനിയാഴ്ചയും, ക്രിസ്ത്യാനികൾ ഞായറാഴ്ചയും തങ്ങളുടെ ദൈവാരാധനക്കുള്ള വാരമായി സ്വീകരിച്ചു. ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന സബ്ത് അല്ലെങ്കിൽ ശബ്ബാത്ത് യഹൂദരുടെ ആരാധനാവാരമാണ്; ലൗകികവിഷയങ്ങളിൽ പ്രവേശിച്ചുപോയാൽ മനുഷ്യൎക്കു ആ ദിവസത്തിൽ ആദ്ധ്യാത്മികമായി എന്തെങ്കിലും ചെയ്യുവാൻ പൊതുവിൽ അസാദ്ധ്യമായിരുന്ന ഒരു അപക്വമായ ആത്മീയദശയുടെ അടയാളങ്ങളായി അവയെ മനസ്സിലാക്കാവുന്നതാണ്. ഖുർആൻ അവതരിച്ചതു, മനുഷ്യൻെറ നിർദ്ദോഷമായ ഐഹികവൃത്തികൾ എല്ലാംതന്നെ സദുദ്ദേശത്താൽ ദൈവാരാധനയായിത്തീരുന്നതാണെന്നു മനസ്സിലാക്കുന്നതിന്നു മനുഷ്യൻ പ്രാപ്തനായ ജ്ഞാനദശയിലാണ്. അതിനാൽ ഖുർആൻ അതിൻെറ അനുയായികൾക്ക്, ദൈവാരാധനക്ക് എന്നും ദൈവാരാധനയല്ലാത്തതിന്നു എന്നും വേറെ വേറെ വാരങ്ങൾ നിശ്ചയിച്ചിട്ടില്ല; ജീവിതകാലത്തിലെ ദിനരാത്രങ്ങളെയൊന്നാകെ ദൈവാരാധനക്കുള്ള കാലമായി പ്രഖ്യാപിക്കയാണ് ചെയ്തിട്ടുള്ളതു്. പ്രാൎത്ഥന നിയമത്താൽ നിബ്ബന്ധമാക്കി; അങ്ങിനെ നിയമിതമായ പ്രാൎത്ഥനകളെ സംഖ്യയിലും സമയത്തിലും ക്ലിപ്തപ്പെടുത്തി; സകല രാപ്പകലുകളിലും കൃത്യമായി ചെയ്യപ്പെടേണ്ട വിധത്തിൽ പ്രായോഗികമായി വിതരണം ചെയ്യപ്പെട്ടു. പ്രാൎത്ഥനയല്ലാത്ത മററു കൎമ്മങ്ങളെ, പാടുള്ളതെന്നും പാടില്ലാത്തതെന്നും വകതിരിച്ചു കാണിച്ചു. എന്നിട്ടു പാടുള്ളതു സദുദ്ദേശത്തോടുകൂടെ ചെയ്യുന്നതും പാടില്ലാത്തതു ചെയ്യാതിരിക്കുന്ന

ളും ദൈവാരാധനയിൽ പെടുത്തി; അങ്ങിനെ ഖുർആൻ അതിന്റെ അനുയായികളുടെ ഓരോ ചലനവും നിശ്ചലനവും ദൈവാരാധനയാക്കി മാററിയിരിക്കയാണ്; അതുകൊണ്ടാണ് മുസ്ലിംകളുടെ നിർബ്ബന്ധ സാമൂഹ്യപ്രാർത്ഥനാദിനമായ വെള്ളിയാഴ്ച ശബ്ബത്ത് ദിവസമാകാത്തതു; വെള്ളിയാഴ്ചയിലെ കൂട്ടപ്രാർത്ഥന മദ്ധ്യാഹ്നപ്രാർത്ഥനയുടെ സമൂഹരൂപമായ നിർവ്വഹണഭേദം മാത്രമാണ്; അതിന്നു മുമ്പും അതിന്റെ ശേഷവും മററുള്ള പ്രവൃത്തികൾ ചെയ്യുവാനുള്ള അനുമതി, ഖുർആനിൽ സ്പഷ്ടമായി നല്കപ്പെട്ടിട്ടുണ്ട്. സംഹിത 62ൽ രേഖ 9ഉം 10ഉം നോക്കുക.

ശനിയാഴ്ച ദിവസങ്ങളിൽ ദൈവാരാധന ചെയ്യുന്നതിന്നായി, ലൗകികമായ കാര്യങ്ങളിൽനിന്നു നിശ്ശേഷമായി വിരമിക്കുവാൻ യിസ്രായേല്യർ പഴയ നിയമത്തിൽ, "തൗറാത്തിൽ" ശാസിക്കപ്പെട്ടിട്ടുണ്ട്; തന്നെയല്ല ലൗകികമായ ക്രയവിക്രയങ്ങൾ തൊഴിലുകൾ മുതലായതു ശനിയാഴ്ച ദിവസങ്ങളിൽ ചെയ്യുന്നതിനെ സംബന്ധിച്ച കർശനമായി നിരോധിക്കപ്പെട്ടിട്ടുമുണ്ട്. മൃഗങ്ങളിൽനിന്നു മനുഷ്യനെ വ്യത്യസ്തനായിക്കാണുന്നതിന്നുള്ള തെളിവ് മനുഷ്യന്റെ ധാർമ്മികബുദ്ധി മാത്രമാണ്; താൻ ചെയ്യുന്ന പ്രവൃത്തികളെ സംബന്ധിച്ച് സ്വാർത്ഥതാല്പര്യങ്ങൾക്കതീതമായ തീരുമാനവും സ്ഥിരതയും വ്യവസ്ഥയും ഉണ്ടായിരിക്കുകയെന്നതു മനുഷ്യന്റെ മേല്പറഞ്ഞ ധാർമ്മികബുദ്ധിയുടെ പ്രവർത്തനത്തെ കുറിക്കുന്നു; അതുകൊണ്ടാണ്, മൃഗങ്ങൾ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതുമായ പ്രവൃത്തികൾ, അവയ്ക്കു താല്പര്യമുള്ളതെന്നും താല്പര്യമില്ലാത്തതെന്നും ഉള്ള അടിസ്ഥാനത്തിൽ രണ്ടായി വകതിരിയുമ്പോൾ, മനുഷ്യന്റെ പ്രവൃത്തികൾ, പാടുള്ളതെന്നും പാടില്ലാത്തതെന്നും ഉള്ള കർത്തവ്യഗുണത്തിന്റെ വിശേഷതയെ വെച്ചുകൊണ്ടു വിഭജിക്കപ്പെടുന്നതു. ഇഷ്ടമുള്ളതെന്നും ഇഷ്ടമില്ലാത്തതെന്നുമല്ല, ചെയ്യാവുന്നതെന്നും ചെയ്തുകൂടാത്തതെന്നുമുള്ള കർമ്മബോധമാണ് മനുഷ്യന്റെ ധാർമ്മികബുദ്ധിയുടെ, അല്ലെങ്കിൽ ആന്തരമായ മനുഷ്യഗുണത്തിന്റെ ആകത്തുക. അതു നഷ്ടമാവുകയും, അതിന്റെ സ്ഥാനത്തു, ഇഷ്ടത്തിന്റേയും അനിഷ്ടത്തിന്റേയും അടിസ്ഥാനത്തിൽ മനുഷ്യൻ പ്രവർത്തിക്കുകയെന്നു വരികയുംചെയ്താൽ, അതുകൊണ്ടു മനുഷ്യൻ മൃഗത്തിന്റെ നിലവാരത്തിലേക്ക് അധഃപതിക്കുകയെന്നതു മാത്രമുണ്ടാകുന്നു; എന്നാൽ അങ്ങിനെ അവനവന്റെ അർത്ഥശൂന്യമായ ഇഷ്ടത്തെ അല്ലെങ്കിൽ താല്പര്യത്തെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്നതിൽ ഒരാൾ താരതമ്യേന ദുസ്സാമർത്ഥ്യവും കുബുദ്ധിത്വവും കാണിക്കുകയാണെങ്കിൽ, അതുകൊണ്ട് അവൻ മനുഷ്യനായിത്തീരുന്നില്ല; ഏററവും താഴ്ന്നമനുഷ്യന്റെ നിലവാരത്തിലുംകൂടി അവൻ എത്തുന്നില്ല; പക്ഷെ, മൃഗങ്ങളുടെ കൂട്ടത്തിൽനിന്നു, ഏററവും താഴ്ന്നമനുഷ്യനോടു, കാഴ്ചയിൽ സാദൃശ്യപ്പെട്ടുനില്ക്കുന്ന കുരങ്ങിന്റെ നിലയിലേക്ക് അവൻ വ്യത്യാസപ്പെട്ടു നില്ക്കുക മാത്രമാണ് ചെയ്യുക; കുരങ്ങിന്റെ കുബുദ്ധിക്കും ദുസ്സാമർത്ഥ്യത്തിന്നും സഹജമായ വികൃത ശീലങ്ങൾക്ക് അവൻ പാത്രമായിത്തീരുകയും ചെയ്യും. എന്നാൽ ഒരാൾ തന്റെ ഇഷ്ടത്തേയും ഇഷ്ടമില്ലായ്മയേയും, ധാർമ്മികമായ കർത്തവ്യത്തിന്റെ സ്ഥായിയായ ഗുണദോഷവിവേചനത്തിന്റെ നിലയിലേക്ക്, കർമ്മനിഷ്ഠകൊണ്ട് വളർത്തിപ്പോരുകയാണെന്നിരിക്കട്ടെ, അവന്റെ ഇഷ്ടവും അനിഷ്ടവും കർത്തവ്യബോധത്തിന്റെ രണ്ടു വശങ്ങൾ മാത്രമായി ശേഷിക്കുന്നു; അവന്റെ ഇഷ്ടവും അനിഷ്ടവും അവന്റെ കർത്തവ്യവും ഒന്നുതന്നെ. അതാണ് ഏററവും ഉയർന്ന മനുഷ്യന്റെ മാതൃക. അവരുടെ കർത്തവ്യബോധവും സ്വന്തതാല്പര്യവും തമ്മിൽ വിലങ്ങടിക്കുകയില്ല; അവരുടെ ആത്മാക്കൾ കർത്തവ്യനിഷ്ഠയിൽ അത്യുയർന്ന ഒരു അവസ്ഥയെ പ്രാപിക്കുന്നുവെന്ന് വിവക്ഷ; എന്നാൽ മനുഷ്യന്നു ശ്രമസാദ്ധ്യമായ ഒരു അവസ്ഥയാണതു; മനുഷ്യത്വത്തിന്റെ പൂർണ്ണതയും അതുതന്നെ: ഏററവും താഴ്ന്നു കിടക്കുന്ന ഒരു മനുഷ്യവ്യക്തിക്കുകൂടി ആത്മവിശ്വാസത്തോടുകൂടിയ അടിയുറച്ച അദ്ധ്വാനത്താൽ എത്തിച്ചേരാവുന്ന ഒരു അവസ്ഥയുമാണ് അതു.

പക്ഷെ മനുഷ്യനല്ലാത്ത മറെറാരു ജന്തുവിന്നു മനുഷ്യനായിത്തീരുക സാദ്ധ്യമല്ല; ഏററവും ഉയർന്ന ഒരു കുരങ്ങിന്ന് ഏററവും താഴ്ന്ന ഒരു മനുഷ്യന്റെ അവസ്ഥയെ പ്രാപിക്കാൻ കഴിയുകയില്ല; ചുരുക്കത്തിൽ, കുരങ്ങ് മനുഷ്യരായിത്തീരുകയില്ല; മനുഷ്യാത്മാവിന്നു പ്രവൃത്തിക്കുവാനുതകുന്ന പ്രകൃതിഗുണങ്ങൾ കുരങ്ങിന്റെ പരിണാമവൃത്തത്തിന്നു വിധേയമല്ലതന്നെ; മനുഷ്യന്റെ മഹിമ ബാഹ്യശരീരത്തിലുള്ള ഘടനയെ മുൻനിർത്തിക്കൊണ്ടുള്ളതല്ലല്ലോ; മിഥ്യയിൽനിന്നു സത്യത്തെ തിരിച്ചറിഞ്ഞ ഗുണദോഷങ്ങൾ കണ്ടു സത്യത്തെ പ്രഖ്യാപിച്ച ജീവിക്കുവാനുതകുന്ന സൃഷ്ടിമൂലമായൊരു ചൈതന്യവിശേഷതകൊണ്ടാണ് മനുഷ്യൻ മൃഗങ്ങളിൽനിന്നു വ്യത്യസ്ഥനാവുന്നതു. കുരങ്ങിന്നു വാല് നശിച്ചുകഴിഞ്ഞാൽ കുരങ്ങ് മനുഷ്യനാവുകയില്ല; മനുഷ്യഗുണങ്ങൾ പുനരുദ്ധരി

ക്കാനാകാത്ത വിധത്തിൽ നശിച്ചുപോയാൽ മനുഷ്യന്നു കുരങ്ങാകുന്നതിന്നു വാലു് മുളക്കണമെന്നുമില്ല.

യിസ്രായേല്യരിൽനിന്നൊരു വിഭാഗത്തോടു് തങ്ങളുടെ സ്രഷ്ടാവു് കുരങ്ങന്മാരായിക്കൊള്ളുവാൻ പറഞ്ഞുവെന്ന പരമാർത്ഥത്തെപ്പററി ചിന്തിക്കുമ്പോൾ, മേല്പറഞ്ഞ സംഗതികൾ സ്മരിക്കത്തക്കതാണു്; അവരിൽ നിന്നൊരു വിഭാഗക്കാർക്കു് വീണ്ടെടുക്കുവാൻ, സാധിക്കാത്ത വിധത്തിൽ മനുഷ്യത്വം നഷ്ടപ്പെട്ടുപോയെന്നുള്ള യാഥാർത്ഥ്യത്തെയാണു് അവർ കുരങ്ങന്മാരായിപ്പോയെന്നുള്ള വസ്തുതയിൽനിന്നു മററുള്ളവർ മനസ്സിലാക്കേണ്ടതു; യിസ്രായേൽ സന്തതികൾ മേല്പറഞ്ഞ വസ്തുതയെ മുൻപിനാലെ മനസ്സിലാക്കിയിട്ടുണ്ടെന്ന കാരണത്തെ വെളിപ്പെടുത്തിക്കൊണ്ടാണു് ഖുർആൻ ഈ സംഗതി അവരെ അനുസ്മരിപ്പിക്കുന്നതു; രേഖയുടെ സമാരംഭത്തിൽ തന്നെ "നിങ്ങൾ അറിഞ്ഞിട്ടുമുണ്ടു" എന്നു വ്യക്തമാക്കുന്നതു നോക്കുക; "മ്ലേഛന്മാരായ കുരങ്ങന്മാരാ"യിത്തീരുവാനാണു് മേല്പറഞ്ഞ വിഭാഗക്കാർക്കു് വിധി കൊടുത്തതെന്നതിൽനിന്നു അവർ സാധാരണ കുരങ്ങന്മാരായിരുന്നില്ലെന്നു തെളിയുന്നുണ്ടു്; എന്തുകൊണ്ടെന്നാൽ സാധാരണ കുരങ്ങന്മാർക്കിടയിൽ മ്ലേഛന്മാർ, മ്ലേഛന്മാരല്ലാത്തവർ എന്നിങ്ങിനെ രണ്ടു വകഭേദങ്ങളില്ലെന്നു പറയേണ്ടതില്ലല്ലോ? വാലില്ലാത്ത കുരങ്ങന്മാരെ സാധാരണ കുരങ്ങന്മാർ കൂട്ടത്തിൽ ചേർക്കുക പതിവില്ല; ചേർത്താൽത്തന്നെ വാലിന്നു വലിയ പ്രാധാന്യമുള്ളതായ ജീവിതവൃത്തമാണു് കുരങ്ങന്മാരുടേതു; വാലുകൊണ്ടു് മരച്ചില്ലയിൽ ചങ്ങലയായി, തൂങ്ങിക്കിടന്നു നദികളുടെ മറുകര കടക്കുന്നതിന്നുള്ള ബലവും സൌകര്യവും കുരങ്ങന്മാരുടെ വാലുകൾക്കുണ്ടെന്നു മനസ്സിലാക്കിയാൽ, വാലില്ലാത്തതുകൊണ്ടാണു് ഖുർആൻ, യിസ്രായേല്യരിൽനിന്നുളവായ കുരങ്ങന്മാരെ "മ്ലേഛന്മാരായ കുരങ്ങന്മാരെ"ന്നു വിളിച്ചിരിക്കുന്നതെന്നു ധരിക്കുന്നതു തെററായിരിക്കുകയില്ല. മനുഷ്യർക്കു വേണ്ടി സൃഷ്ടിക്കപ്പെട്ട കുരങ്ങന്മാരല്ല, മനുഷ്യത്വത്തിന്റെ പരിധികളെ ലംഘിച്ചു കടന്നു മൃഗീയതയിലേക്കു ചെന്നുകൂടിയതുകൊണ്ടു, മനുഷ്യരിൽനിന്നു മാറിപ്പോയ കുരങ്ങന്മാരാണവരെന്നതിൽ സംശയമില്ല. അവർ അങ്ങിനെയായിത്തീരുവാൻ ഇടയായതു അവരുടെ അതിലംഘന സ്വഭാവങ്ങൾക്കൊണ്ടായിരുന്നുവെന്നതും, ഖുർആൻ അവരുടെ അസാധാരണമായ ഈ അധഃപതനത്തെപ്പററി പ്രസ്താവിക്കുന്നതിന്റെ ആരംഭത്തിൽത്തന്നെ വ്യക്തമാക്കുകയും ചെയ്യുന്നുണ്ടു്. "നിങ്ങളിൽനിന്നു അതിലംഘനം ചെയ്തിട്ടുള്ളവരെ" എന്ന വാക്യാംശത്തെ നോക്കുക; സബ്ബാത്തിന്റെ ദിവസത്തെ സംബന്ധിച്ച നിയമത്തെ അതിലംഘിച്ചുവെന്നതാണു് ഇവിടെ പ്രത്യേകമായി എടുത്തു കാണിച്ചിട്ടുള്ളതു; അന്നത്തെ ആളുകളുടെ അപക്വമായ ആത്മബോധത്തിന്റെ നിലയിൽ, മനുഷ്യന്റെ ആത്മീയ ആസ്തിക്യത്തെ നിലനിർത്തുവാൻവേണ്ടി അവശേഷിപ്പിക്കപ്പെട്ടിരുന്ന ഒരേ ഒരു പ്രതിവാരദിനമായിരുന്നു അതു; അതുംകൂടി അവർക്കു് അനുസരിക്കുവാൻ ആവശ്യബോധമില്ലാതെപോയി. അതിന്റെ ആന്തരമായ ഉദ്ദേശത്തെ അറിഞ്ഞു, അതനുസരിച്ചു പ്രവർത്തിക്കുന്നതിന്നു പകരം അതിനെ അനുസരിക്കുന്നുവെന്നു് അന്യരെ ബോദ്ധ്യപ്പെടുത്തുവാൻ മാത്രം ഉതകുന്ന ഉപായങ്ങൾ ആരായുകയും, അങ്ങിനെ ആന്തരമായ അർത്ഥത്തിൽ അതിനെ അതിലംഘിക്കയുമാണവർ ചെയ്തതു. അക്കാര്യത്തിൽ അവരുടെ ബുദ്ധിയെ അങ്ങിനെയാണു് അവർ ഉപയോഗിച്ചതു; മനുഷ്യത്വം നഷ്ടപ്പെട്ടാൽ മനുഷ്യജീവിയിൽ ശേഷിക്കുന്നതു മൃഗീയത്വമാണു്. മൃഗങ്ങളുടെ കൂട്ടത്തിൽ ബുദ്ധിയിൽ ഭേദപ്പെട്ടു നില്ക്കുന്നതു കുരങ്ങന്മാരാണെന്നും, മനുഷ്യത്വത്തെ നഷ്ടപ്പെടുത്തുമാറു് തങ്ങൾ ചെയ്തിരുന്ന ശബ്ബാത്ത്ലംഘനസൂത്രത്തിൽ മേൽപറഞ്ഞകൂട്ടർ പ്രയോഗിച്ചിരുന്നതു അവരുടെ താല്ക്കാലിക ബുദ്ധിശക്തിയെയായിരുന്നുവെന്നും മനസ്സിലാക്കിയാൽ, അവർ അതുകൊണ്ടു് കുരങ്ങന്മാരായിത്തീരുവാൻ കല്പിക്കപ്പെട്ടുവെന്ന പ്രതിപാദനത്തിന്റെ അർത്ഥവും ഔചിത്യവും നമുക്കു് ഗ്രഹിക്കുവാൻ പ്രയാസമില്ല. "ഖാസിഈൻ=മ്ലേഛന്മാർ" എന്ന വിശേഷണ പ്രയോഗത്തിൽതന്നെ ഖുർആൻ അവരുടെ ബുദ്ധിയുടെ ദുരുപയോഗത്തെ സംബന്ധിച്ചു സൂചിപ്പിക്കുന്നു; ബുദ്ധിയുള്ളവർക്കു്, താരതമ്യേന, പ്രത്യേകമായി പ്രയോഗിക്കപ്പെടുന്നതായൊരു നാമവിശേഷണരീതിയാണതു്.

ചെങ്കടലിന്റെ തീരത്തിലുള്ളൊരു പ്രദേശത്തു് യിസ്രായേല്യരിൽ നിന്നൊരു വിഭാഗക്കാർ താമസിച്ചിരുന്നു. കടലിൽപോയി മത്സ്യം പിടിച്ചുകൊണ്ടാണവർ ജീവിതവൃത്തി നടത്തിയിരുന്നതു. ശബ്ബാത്തിന്റെ ദിവസത്തിൽ കടലിൽ മീൻപിടുത്തക്കാരുടെ ശല്യങ്ങളില്ലാത്തതിനാൽ മത്സ്യങ്ങൾ നിർഭയമായി കിളകൂടി ജലനിരപ്പിലേക്കു് പൊങ്ങിവരുവാൻ തുടങ്ങി; മററു ദിവസങ്ങളിൽ അതു അങ്ങിനെ കാണപ്പെടാതെയുമായി; സംഹിത 7ൽ രേഖ 163നോക്കുക. തിരമാലകളിൽകൂടി മത്സ്യങ്ങൾ തീരപ്രദേശത്തിൽ വന്നുചേരുവാൻ തുടങ്ങുകയും, ശബ്ബാത്താണെന്നുള്ളതുകൊണ്ടു് തങ്ങൾക്കവയെ പിടിക്കാൻ പാടില്ലാത്തതായി വരികയും ചെയ്തപ്പോ

ം, യിസ്രായേല്യരുടെ ആത്മീയതാല്പര്യങ്ങളും ഐഹികതാല്പര്യങ്ങളും തമ്മിൽ ഏററുമുട്ടി; അവരുടെ ആത്മീയമായ ആസ്തിക്യത്തെ സ്ഥാപിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നതിന്നുള്ള ഒരു അവസരമായിരുന്നു അവക്ക് ലഭിച്ചതു. അവർ ആഗ്രഹിച്ചിരുന്നുവെങ്കിൽ, ആ സന്ദർഭത്തെയുപയോഗിച്ചുകൊണ്ട് അവരുടെ ആത്മീയമായ ആസ്തിക്യത്തെ അവക്ക് അടിയുറപ്പിക്കാമായിരുന്നു. എന്നാൽ അവർ ആലോചിച്ചതു അതിന്നുവേണ്ടിയല്ല; തങ്ങളുടെ വേദപുസ്തകത്തിലെ നിരോധന ശാസനയുടെ വാക്കുകളെ മാനിച്ചില്ലെന്നു, മററുള്ളവരെക്കൊണ്ട് പറയിക്കാത്ത വിധത്തിൽ പ്രസ്തുത ശാസനയുടെ ഫലമായുണ്ടായിട്ടുള്ള താല്ക്കാലികമായ സൗകര്യക്കുറവിൽനിന്നു രക്ഷപ്പെടുവാൻ പോംവഴി കണ്ടുപിടിക്കുവാനാണ്. അങ്ങിനെ അവസാനമായി അവർ അതു കണ്ടുപിടിച്ചു; നിരോധന കല്പനയുടെ വക്കും, തെല്ലും പൊട്ടാതെ പ്രസ്തുത കല്പനയുടെ സ്ഥായിയായ തത്വത്തെ നിഷേധിക്കുവാനുള്ള കണ്ടുപിടുത്തങ്ങളുടെ പുരോഹിത സഹജമായ മാതൃകയായിരുന്നു അതു. ശബ്ബാത്തിൻെറ ദിവസത്തിൽ തൊഴിലുകൾ ചെയ്യരുതെന്നാണല്ലോ കല്പനയുള്ളതു്? തങ്ങളുടെ തൊഴിലു് മത്സ്യങ്ങളെ "പിടിക്കുക"യെന്നതുമാണല്ലോ? അതിനാൽ ശബ്ബാത്തിൻെറ ദിവസത്തിൽ മത്സ്യങ്ങളെ പിടിക്കരുതെന്ന കല്പനയെ അവർ സമ്മതിച്ചു; എന്നാൽ മററു ദിവസങ്ങളിൽ അവർ കടൽക്കരയിൽ വെള്ളക്കുഴികൾ കുത്തുന്നതും ആ കുഴികളിൽനിന്നു കടലിലേക്കു കീറിയിരിക്കുന്ന തോടുകൾ വഴി, ശബ്ബാത്തിൻെറ ദിവസത്തിൽ അവയിലേക്ക് മത്സ്യങ്ങൾ വെള്ളത്തിൽകൂടി ചെന്നുകൂടുന്നതും കുററകരമല്ലെന്നു വ്യഖ്യാനിക്കയും ചെയ്തു. അങ്ങിനെ ശബ്ബാത്തിൻെറ ദിവസത്തിൽ മത്സ്യങ്ങളെക്കൊണ്ടു കുളങ്ങൾ നിറയുമ്പോൾ അവയെ അന്നു "പിടിച്ചെടുക്കുന്നതു" കുററകരമാണെന്നല്ലാതെ അവ മടങ്ങിപ്പോകാതിരിക്കത്തക്കവിധത്തിൽ തോടുകൾ കെട്ടിയടക്കുന്നതു കുററകരമാവാൻ പാടില്ലെന്നു യഹൂദർ വിധികല്പിച്ചു. അങ്ങിനെ ശബ്ബാത്തിൻെറ ദിവസത്തിലെ സൂര്യാസ്തമനത്തോടുകൂടെ മത്സ്യങ്ങളെ തടുത്തു നിറുത്തിയിരിക്കുന്ന കുളങ്ങളിൽനിന്നു പിടിച്ചെടുക്കുകയും ചെയ്തു. കുരങ്ങന്മാരായിത്തീരുവാൻ കല്പന നല്കപ്പെട്ട യിസ്രായേല്യരുടെ ശബ്ബത്തു ലംഘനത്തിൻെറ പദ്ധതിയാണ് മേല്പറഞ്ഞതു. നിരോധനത്തെ ലംഘിക്കുക മാത്രമല്ല, നിരോധന തത്വത്തെ ദുർബ്ബലപ്പെടുത്തുകകൂടിയാണവർ ചെയ്തതു. തെററു ചെയ്യുന്നതും, എന്നിട്ട് അതു തെററാണെന്നു മനസ്സിലാക്കാതിരിക്കുന്നതും, അതിന്നും പുറമെ തെററു ശരിയാണെന്നു വാദിക്കുന്നതും, അതിന്നു ശരിയായിട്ടുള്ളതിൻെറ രൂപംകൊടുത്തുകൊണ്ട് ശരിയാണെന്ന നിഗമനത്തോടുകൂടെ അതു ചെയ്യുന്നതും എല്ലാം കുററകരമാണ്; എന്നാൽ ഇവയിൽ ഓരോന്നിന്നും ആഴത്തിൽ ഏററക്കുറച്ചിലുകളുണ്ട്; തെററായ പ്രവൃത്തിക്ക് ശരിയുടെ രൂപം കൊടുത്തു് പ്രവൃത്തിച്ചതിൻെറ പ്രത്യാഘാതങ്ങളെയാണ് രേഖ 65ൽ, ഖുർആൻ യിസ്രായേല്യരുടെ സ്മരണക്കു വിഷയമാക്കുന്നതു.

"കുരങ്ങന്മാരാകുവിൻ" എന്നു പറഞ്ഞതിന്നു കുരങ്ങന്മാരുടെ രൂപത്തിലായിത്തീരുവിൻ എന്ന് അർത്ഥമില്ലെന്നു ഇമാം മുജാഹിദ്(റ) പറയുന്നു. സംഹിത 62ൽ രേഖ 5ൽ യിസ്രായേല്യരിൽ ചിലരെ ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതകളോട് സാദൃശ്യപ്പെടുത്തി പറഞ്ഞിരിക്കുന്നതുപോലെയുള്ളൊരു ഛായാനിരൂപണമാണിതു എന്നും, അവരുടെ ഹൃദയങ്ങൾ രൂപം മറിക്കപ്പെട്ടുവെന്നല്ലാതെ, അവർ കുരങ്ങന്മാരായി രൂപാന്തരപ്പെടുത്തപ്പെട്ടുവെന്നു അതിന്നർത്ഥമില്ല എന്നും പറയപ്പെടുന്നു (ഇബ്നു ജരീർ). അവരെ ധാർമ്മികനിലവാരത്തിൽ കുരങ്ങന്മാരെപ്പോലെയാക്കിത്തീർത്തുവെന്നും പറയപ്പെടുന്നു; (റാഗിബ്). കൂടുതൽ വിശദീകരണത്തിന്നു സംഹിത 5ൽ രേഖ 60ഉം സംഹിത 4ൽ രേഖ 47ഉം നോക്കുക.

ഖുർആൻ അതിൻെറ സമീപനങ്ങളിൽ രൂപങ്ങളേക്കാൾ കൂടുതൽ സ്വഭാവങ്ങളേയും, സ്വഭാവങ്ങളെ രൂപീകരിക്കുന്ന പ്രവൃത്തികളേയും ലക്ഷീകരിക്കുന്നു എന്ന പരമാർത്ഥത്തെ വെച്ചുനോക്കുമ്പോൾ, "കുരങ്ങന്മാരായിപ്പോകുവിൻ" എന്നു പറയപ്പെട്ട യിസ്രായേല്യർ, അവരുടെ സ്വഭാവങ്ങളിലും പ്രവൃത്തികളിലും തികച്ചും കുരങ്ങന്മാരായിരുന്നുവെന്ന് കാണാവുന്നതാണ്. തങ്ങളുടെ സ്വന്തമായിരുന്ന വേദപുസ്തകത്തിൽതന്നെ യിസ്രായേല്യരെസംബന്ധിച്ച മേല്പറഞ്ഞ വസ്തുത രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു: "നിൻെറ മദ്ധ്യേ അവർ അപ്പനേയും അമ്മയേയും പുച്ഛിക്കുന്നു; നിൻെറ മദ്ധ്യേ അവർ പരദേശിയെ പീഢിപ്പിക്കുന്നു; നിന്നിൽവെച്ചു അവർ അനാഥനെയും വിധവയെയും ഉപദ്രവിക്കുന്നു. എൻെറ വിശുദ്ധവസ്തുക്കളെ നീ ധിക്കരിച്ചു എൻെറ ശബ്ബത്തുകളെ അശുദ്ധമാക്കുന്നു. രക്തം ചൊരിയേണ്ടതിന്നു് ഏഷണി പറയുന്നവർ നിന്നിൽ ഉണ്ട്; പൂജാഗിരികളിൽ ഭക്ഷണം കഴിക്കുന്നവർ നിന്നിൽ ഉണ്ടു. നിൻെറ നടുവിൽ അവർ ദുഷ്കർമ്മം പ്രവർത്തിക്കുന്നു. നിന്നിൽ അവർ

അപ്പന്റെ നഗ്നത അനാവൃതമാക്കുന്നു; നിന്നിൽ വെച്ചു അവർ ഋതുമാലിന്യത്തിൽ ഇരിക്കുന്നവളെ വഷളാക്കുന്നു. ഒരുത്തൻ തന്റെ കൂട്ടുകാരന്റെ ഭാര്യയുമായി മ്ലേച്ഛത പ്രവർത്തിക്കുന്നു; മറെറാരുത്തൻ തന്റെ മരുമകളെ ദുർമ്മര്യാദ പ്രവൃത്തിച്ചു മലിനയാക്കുന്നു. വേറൊരുത്തൻ നിന്നിൽവെച്ചു തന്റെ അപ്പന്റെ മകളായ സഹോദരിയെ വഷളാക്കുന്നു'' (യെഹെസ്കേൽ 22ൽ 7മുതൽ 12വരെ). തങ്ങളുടെ ജീവിതമാർഗ്ഗദർശനത്തിന്നായി രക്ഷിതാവിൽനിന്നു ലഭിക്കുന്ന കർമ്മശാസനകളെ അവയുടെ ആന്തരമായ തത്വങ്ങൾക്കു് വിപരീതമായി വ്യാഖ്യാനിച്ചു തങ്ങളുടെ ചുമതലയെ ലഘൂകരിക്കുകയെന്നതു യിസ്രായേൽക്കാരുടെ പില്ക്കാല ജീവിതത്തിന്റെ നിയമമായിത്തീർന്നിരുന്നു; സത്യത്തെ വിഗണിച്ചും പൗരോഹിത്യത്തെ രക്ഷിക്കുകയെന്ന പതനത്തിലേക്കാണതു അവരെ കൊണ്ടെത്തിച്ചതു. ജനങ്ങളുടെ ധാർമ്മികമായ ചുമതലകളെ ദുർവ്യാഖ്യാനങ്ങൾകൊണ്ടു് ലഘൂകരിച്ചു കാണിക്കുന്നതിനാലാണു് പുരോഹിതവർഗ്ഗത്തിന്നു് ജനങ്ങൾക്കിടയിൽ കാലുറപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളതു; പൗരോഹിത്യത്തിന്റെ സ്ഥാപിതസംരക്ഷകന്മാരായ യഹൂദന്മാർ തങ്ങളുടെ പ്രവാചകനോടു്തന്നെ ചെയ്തിട്ടുള്ള കെടുതികളിൽനിന്നു തങ്ങളുടെ പൗരോഹിത്യഭക്തി സത്യത്തിന്റെ പേരിലുള്ളതല്ലെന്നു് വ്യക്തമാകുന്നുണ്ടു്. മത്സ്യങ്ങൾ നഷ്ടപ്പെടാത്ത നിലയിൽ ശബ്ബത്തിലെ പുണ്യാരാധനകൾ ചെയ്യുവാൻ യഹൂദന്മാർ കണ്ടുപിടിച്ച സൂത്രത്തിന്റെ പരിണാമങ്ങൾ സത്യശാസനകളെ ലഘൂകരിച്ചു സ്വാർത്ഥസൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുന്ന പുരോഹിതലോകത്തിന്നു പ്രത്യേകമായി ചിന്താവിഷയമാകേണ്ടതാണു്.

ദൈവകല്പനകളുടെ മൗലികതത്വങ്ങളെ വിഗണിച്ചുകൊണ്ടു്, വാക്യാക്ഷരങ്ങളെ പാലിക്കുവാൻ വഴികാട്ടുന്ന പൗരോഹിത്യ മൂലമായ ജീവിത വക്രതകൾ, യിസ്രായേല്യർക്കിടയിൽ, ദൈവാനുഗ്രഹങ്ങളുമായി തങ്ങൾക്കുണ്ടായിരുന്ന സ്ഥായീഭാവങ്ങളെത്തന്നെ തീരെ വിപരീതമാക്കിത്തീർത്തിരുന്നു. മേല്പറഞ്ഞ വിധത്തിൽ ദൈവശാസനകളെ വികൃതപ്പെടുത്തുന്നവർക്കെല്ലാം തന്നെ ബാധകമായൊരു വൈപരീത്യമാണതു. മേല്പറഞ്ഞ കാര്യത്തെക്കുറിച്ചു പഴയ പുസ്തകത്തിൽ താഴെക്കാണും വിധത്തിൽ പറയപ്പെട്ടിരിക്കുന്നു.

''ആകാശത്തിലെ നക്ഷത്രംപോലെ പെരുകിയിരുന്ന നിങ്ങൾ നിന്റെ ദൈവമായ യഹോവയുടെ വാക്കു് കേൾക്കായ്കകൊണ്ടു്, ചുരുക്കം പേരായി ശേഷിക്കും. നിങ്ങൾക്കു് ഗുണം ചെയ്വാനും നിങ്ങളെ വർദ്ധിപ്പിപ്പാനും യഹോവ നിങ്ങളുടെമേൽ പ്രസാദിച്ചിരുന്നതുപോലെ തന്നെ, നിങ്ങളെ നശിപ്പിപ്പാനും നിർമ്മൂലമാക്കുവാനും യഹോവ പ്രസാദിച്ചു; നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തുനിന്നു നിങ്ങളെ പറിച്ചു കളയും. യഹോവ നിന്നെ ഭൂമിയുടെ ഒരററം മുതൽ മറെറ അററം വരെ സർവ്വജാതികളുടേയും ഇടയിൽ ചിതറിക്കും. അവിടെ നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്തവയായി മരവും, കല്ലുംകൊണ്ടുള്ള അന്യദൈവങ്ങളെ നീ സേവിക്കും. ആ ജാതികളുടെ ഇടയിൽ നിനക്കു് സ്വസ്ഥത കിട്ടുകയില്ല. നിന്റെ കാലിന്നു വിശ്രമസ്ഥലം ഉണ്ടാകയില്ല. അവിടെ യഹോവ നിനക്കു് വിറക്കുന്ന ഹൃദയവും മങ്ങുന്ന കണ്ണും നിരാശയുള്ള മനസ്സും തരും. നിന്റെ ജീവൻ നിന്റെ മുമ്പിൽ തൂങ്ങിയിരിക്കും. രാവും പകലും നീ പേടിച്ചു വിറക്കും. പ്രാണഭയം നിന്നെ വിട്ടുമാറുകയില്ല. നിന്റെ ഹൃദയത്തിൽ നീ പേടിച്ചുകൊണ്ടിരിക്കുന്ന പേടിനിമിത്തവും നീ കണ്ണാലെ കാണുന്ന കാഴ്ചനിമിത്തവും നേരം വെളുക്കുമ്പോൾ: സന്ധ്യയായെങ്കിൽ കൊള്ളായിരുന്നു എന്നും സന്ധ്യകാലത്തു: നേരം വെളുത്തെങ്കിൽ കൊള്ളായിരുന്നു എന്നും നീ പറയും''. (ആവർത്തനം 28ൽ 62മുതൽ 68വരെ) സ്ഥാനംതെററിയ ഭീതികാരണമായി, മനുഷ്യത്വത്തെ വെച്ചുപുലർത്തുവാനുള്ള സന്ദർഭങ്ങൾ നഷ്ടപ്പെടുത്തിക്കളയുന്ന കർമ്മവൈപരീത്യത്തിന്റെ മൃഗീയതയിലേക്കുള്ള പതനങ്ങളെയാണു് നമുക്കിവിടെ കാണുവാൻ സാധിക്കുന്നതു.

മോശെക്കു ലഭിച്ച നിയമത്തിൽ, ശബ്ബത്തിനെ ലംഘിക്കുന്നവർക്കു മരണശിക്ഷയാണു് വിധിച്ചിട്ടുള്ളതു. ''യഹോവ പിന്നെയും മോശെയോടു് കല്പിച്ചതു: നീ യിസ്രായേൽ മക്കളോടു് പറയേണ്ടതു എന്തെന്നാൽ: നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്നു അറിയേണ്ടതിന്നു അതു തലമുറ തലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു. അതുകൊണ്ടു നിങ്ങൾ ശബ്ബത്തു് ആചരിക്കേണം. അതു നിങ്ങൾക്കു് വിശുദ്ധം ആകുന്നു. അതിനെ അശുദ്ധമാക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം. ആരെങ്കിലും അന്നു വേലചെയ്താൽ അവനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്നു ഛേദിച്ചു കളയേണം. ആറുദിവസം വേല ചെയ്യേണം, എന്നാൽ ഏഴാം ദിവസം സ്വസ്ഥമായുള്ള ശബ്ബത്തായി യഹോവക്കു് വിശുദ്ധം ആകുന്നു. ആരെങ്കിലും ശബ്ബത്തുനാളിൽ വേലചെയ്താൽ

66. അങ്ങിനെ നാം അവയെ
ഒരു ശിക്ഷാപാഠമാക്കിത്തീർത്തു.
അവയുടെ മുമ്പാകെയുള്ളവർക്കും,
അവയുടെ പിറകിലുള്ളവർക്കുംതന്നെ;
ഭയന്നുസൂക്ഷിക്കുന്നവർക്കൊരു തത്വോപദേശവു(മാക്കി) 96

٦٦.. فَجَعَلْنَاهَا نَكَالًا لِّمَا بَيْنَ يَدَيْهَا وَمَا
خَلْفَهَا وَمَوْعِظَةً لِّلْمُتَّقِينَ ○

ഗദ്യഭാഷ

66. അങ്ങിനെ അവരുടെ മുമ്പാകെയുള്ളവർക്കും അവരുടെ പിറകിലുള്ളവർക്കും തന്നെ, നാം അവയെ ഒരു ശിക്ഷാപാഠമാക്കിത്തീർത്തു. ഭയന്നു സൂക്ഷിക്കുന്നവർക്കൊരു തത്വോപദേശവുമാക്കി.

അവൻ മരണശിക്ഷ അനുഭവിക്കേണം"; (പുറപ്പാട് 31ൽ 12മുതൽ 15വരെ). എന്നാൽ കല്പനയുടെ അക്ഷരങ്ങളെ പാലിച്ച അർത്ഥത്തെ അതിലംഘിക്കുന്നവർക്ക് എന്തു ശിക്ഷയാണ് കൊടുക്കേണ്ടതെന്ന് മോശെക്ക് വെളിപ്പെടുത്തപ്പെട്ടിട്ടില്ല; അങ്ങിനെ ചെയ്താൽ ഉണ്ടാകുന്ന അനുഭവത്തെയാണ് ഇവിടെ ഖുർആൻ അനുസ്മരിപ്പിക്കുന്നതു.

ശബ്ബാത്തിനെ ലംഘിക്കുന്നവർക്കുള്ള ശിക്ഷ തോറാ (തൗറാത്ത)യുടെ കാലത്ത് മരണമാണെന്നുള്ളതിൽനിന്നു, യിസ്രായേല്യരിൽ മേല്പറഞ്ഞ കൂട്ടർക്ക് നല്കിയ ശിക്ഷ, ശബ്ബത്തിനെ ലംഘിച്ചുവെന്ന കാരണത്തിന്നല്ലെന്ന് മനസ്സിലാക്കാവുന്നതാണ്; ശബ്ബത്തിനെസംബന്ധിച്ച നല്കപ്പെട്ട ശാസനയുടെ തത്വത്തെ ദുർബ്ബലപ്പെടുത്തുമാറ് തങ്ങളുടെ ഭൗതിക താല്പര്യങ്ങളെ രക്ഷിക്കുന്നതിന്നായി അവർ കണ്ടുപിടിച്ച മനുഷ്യോചിതമല്ലാത്ത കുബുദ്ധിപ്രയോഗത്തിന്നാണ് മേല്പറഞ്ഞ ശിക്ഷ കൊടുക്കപ്പെട്ടതു; മനുഷ്യത്വത്തിന്റെ പരിധികളെ അതിക്രമിച്ച കിരാതത്വത്തിലേക്ക് അവർ പ്രവേശിച്ചതു ശബ്ബത്തിന്റെ ദിവസത്തിലാണെന്നല്ലാതെ ശബ്ബത്തിനെ അവർ അതിലംഘിച്ചുവെന്നു ഇവിടെ ഖുർആൻ പറയുന്നുമില്ല; ആജ്ഞയുടെ അക്ഷരങ്ങൾ ഒരു വിധത്തിൽ ഒപ്പിച്ച, നിയമത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെട്ടുകൊണ്ടു ആജ്ഞയുടെ അടിസ്ഥാന തത്വത്തെ ദുർബലപ്പെടുത്തുകയാണവർ ചെയ്തതു; "ഫിസ്സബ്ത്തി=ശബ്ബത്തിന്റെ ദിനത്തിൽ" എന്നു പറഞ്ഞതുകൊണ്ട്, അവരുടെ അതിലംഘനപ്രവൃത്തി അന്നത്തെ ദിവസത്തിലാണ് പുറത്തു വന്നതു എന്നല്ലാതെ, അവർ അതിലംഘിച്ചതു ശബ്ബത്തിനെയാണെന്നു വരുന്നില്ല; എന്തിനെയാണ് അവർ അതിലംഘിച്ചതു എന്ന് ഖുർആൻ എടുത്തു പറയുന്നുമില്ല; അവരുടെ അതിലംഘനത്തിന്റെ ഫലമായി അവർ എന്തായിത്തീർന്നുവെന്ന് അറിഞ്ഞാൽ അവർ അതിലംഘിച്ചതു എന്തിനെയായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്; മനുഷ്യത്വത്തിന്റെ പരിധികളെയാണവർ അതിലംഘിച്ചതെന്ന വസ്തുതയാണ് ഖുർആൻ ഇവിടെ യിസ്രായേല്യരുടെ സ്മരണയിൽ കൊണ്ടുവരുന്നതു.

96. യിസ്രായേല്യർ ദൈവശാസനകളെ സ്വീകരിച്ച പ്രവർത്തിക്കുവാൻ വൈമനസ്യപ്പെടുന്നതും ദൈവശാസനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതും അവരുടെ ചരിത്രത്തിൽ പലതവണ വന്നുപോയിട്ടുള്ള സംഗതിയാണ്; മിസ്രയീമിൽനിന്നു കടന്നുകൂടിയ മൗഢ്യശീലങ്ങളാണ പലപ്പോഴുമതിന്ന് കാരണങ്ങളായി ഭവിച്ചിട്ടുള്ളതു; തങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയമങ്ങളെ വെച്ചുനോക്കിയാൽ തെററാണെന്നോ ശരിയാണെന്നോ തെളിയുന്ന തരത്തിൽപ്പെട്ട പ്രവൃത്തികളായിരുന്നു മൊത്തത്തിൽ യിസ്രായേല്യർ ചെയ്തിരുന്നതു; മൗഢ്യവാസനകൾക്ക് വശംവദരാകയാൽ, നിയമങ്ങളെ പാലിക്കാതെ ജീവിക്കുകയാണവർ ചെയ്തിരുന്നതു; കല്പനകളെ ലംഘിക്കുകയെന്നതല്ലാതെ, കല്പനകളെ പദാനുപദമായി പാലിക്കുകയും, അതേ അവസരത്തിൽ അവയുടെ അടിസ്ഥാന തത്വങ്ങളെ ദുർബ്ബലപ്പെടുത്തുന്ന സൂത്രങ്ങൾ കണ്ടുപിടിച്ച് പ്രയോഗിക്കയും ചെയ്കയെന്നതു സാധാരണയിൽ കവിഞ്ഞ കാര്യമായിരുന്നു; മനുഷ്യനു നല്കപ്പെട്ട നിയമങ്ങൾ മനുഷ്യത്വത്തിന്റെ പരിധിയിലല്ലാതെ പ്രവൃത്തിക്കുകയില്ല; മനുഷ്യർക്കല്ലാതെ മൃഗങ്ങൾക്ക് ശിക്ഷാനിയമങ്ങളുമില്ല; കുററക്കാരൻ നിയമത്താൽ ശിക്ഷിക്കപ്പെടുന്നതു കുററക്കാരൻ മനുഷ്യനായതുകൊണ്ടാണ്; മൃഗമാണെങ്കിൽ നിയമത്താലവൻ ശിക്ഷിക്കപ്പെടുകയില്ല. മനുഷ്യൻ ചെയ്ത കുററത്തിന്നു ശിക്ഷകൊടുക്കുവാൻ നിർദ്ദേശിക്കപ്പെട്ട നിയമങ്ങൾ വെച്ചുകൊണ്ടു, കുററമെന്നു വിധികല്പിക്കപ്പെടുവാനാവാത്ത വിധത്തിൽ, കുതന്ത്രങ്ങളുപയോഗിച്ചുകൊണ്ട് മനുഷ്യൻ ചെയ്യുന്ന കുററങ്ങൾക്ക് യഥാർത്ഥത്തിൽ ശിക്ഷയില്ലാതെ പോകുന്നില്ല; മനുഷ്യനല്ലാതായിത്തീരുകയെന്ന ശിക്ഷയാണവനു ലഭിക്കുക;

67. മൂസാ തന്റെ ജനങ്ങളോട് പറഞ്ഞതും;
(നിങ്ങൾ സ്മരിക്കുവിൻ):–
നിശ്ചയമായിട്ടു, അല്ലാഹു നിങ്ങളോട് കല്പിക്കുന്നു;
നിങ്ങൾ അറുക്കുവാൻ; ഒരു പശുവിനെ.
അവർ പറഞ്ഞു:–
നീ ഞങ്ങളെ പരിഹസിക്കാനൊരുങ്ങുന്നുവോ?
അവൻ പറഞ്ഞു:–
ഞാൻ അല്ലാഹുവിങ്കൽ അഭയംകൊള്ളുന്നു;
ഞാൻ അജ്ഞാനികളുടെ കൂട്ടത്തിലാകുന്നതിൽനിന്നു.[97]

٦٧- وَ إِذْ قَالَ مُوسٰى لِقَوْمِهٖٓ إِنَّ اللّٰهَ يَأْمُرُكُمْ أَنْ تَذْبَحُوا بَقَرَةً ۗ قَالُوٓا أَتَتَّخِذُنَا هُزُوًا ۗ قَالَ أَعُوذُ بِاللّٰهِ أَنْ أَكُونَ مِنَ الْجٰهِلِينَ ○

ഗദ്യഭാഷ

67. മൂസാ, തന്റെ ജനങ്ങളോടു പറഞ്ഞതും (സ്മരിക്കുവിൻ); നിങ്ങൾ ഒരു പശുവിനെ ബലി കഴിക്കുവാൻ അല്ലാഹു നിങ്ങളോടു നിശ്ചയമായിട്ടു കല്പിക്കുന്നു; അവർ പറഞ്ഞു: നീ ഞങ്ങളെ പരിഹസിക്കാനൊരുങ്ങുന്നുവോ? അവൻ പറഞ്ഞു: ഞാൻ അജ്ഞാനികളുടെ കൂട്ടത്തിലാകുന്നതിനെക്കുറിച്ചു അല്ലാഹുവിൽ അഭയം തേടുന്നു.

---

സാക്ഷാൽ സത്യമായ ദൈവത്തിന്നല്ലാതെ, മേല്പറഞ്ഞ ശിക്ഷ കൊടുക്കുക സാദ്ധ്യമല്ല; അതിനാൽ അത്തരം അതിലംഘനങ്ങൾക്ക് ആലോചന ചെയ്യുന്നവർ ആരായാൽത്തന്നെ അവരുടെ ആത്മീയമായ ആസ്തികൃത്തേയും അവരുടെ മനുഷ്യത്വത്തേയും അവസാനിപ്പിക്കുവാൻ ഉത്സാഹിക്കുന്നവരാണ് അവരെന്നു ഉണരേണ്ടതാണ്; യിസ്രായേല്യരുടെ പൗരോഹിത്യ ദുർബ്ബുദ്ധി തുടങ്ങിവെച്ചതും, മനുഷ്യോചിതമല്ലാത്തതുമായ പ്രസ്തുത സത്യകല്പനാലംഘനങ്ങളിൽ, ലോകക്കുണ്ടായ സാർവ്വത്രികമായ പ്രത്യാഘാതങ്ങളെക്കൂടി ഖുർആൻ ചൂണ്ടിക്കാണിക്കുന്നു; കുററവാളികൾക്കുള്ളൊരു ശിക്ഷയായിട്ടു മാത്രമല്ല, തങ്ങളുടെ സമകാലീനരായ ജനങ്ങൾക്കൊരു ശിക്ഷാപാഠവും സത്യത്തെ ഭയന്നു ദോഷബാധയെ സൂക്ഷിച്ചു ജീവിക്കുന്ന പിൻമുറകൾക്ക് പൊതുവിലൊരു തത്വോപദേശവുമായിത്തീർന്ന ആ വസ്തുത. രേഖ 65, ദൈവകല്പനയുടെ തത്വത്തെ ദുർബലപ്പെടുത്തിക്കൊണ്ടു് വാക്യാർത്ഥത്തെ പാലിച്ചാലുണ്ടാകുന്ന ശിക്ഷയുടെ പതിവിൽ കവിഞ്ഞ ഭയാനകതയെ വ്യക്തമാക്കുന്നു; രേഖ 66, മേല്പറഞ്ഞ പ്രകാരത്തിലുള്ള സംഭവത്തിന്റെ സാർവ്വലൗകികമായ പ്രത്യാഘാതങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. പിൻകാലത്തിലെ യിസ്രായേല്യർ സത്യത്തെ ഭയന്നു ദോഷബാധയെ സൂക്ഷിച്ചു ജീവിക്കുന്നവരാണെങ്കിൽ, തങ്ങളുടെ പക്കലുള്ള ദൈവശാസനകളെ, നയതന്ത്രങ്ങളുപയോഗിച്ചു ദുർബലപ്പെടുത്തുവാനുള്ള മൃഗീയമായ പ്രേരണയിൽനിന്നു അവരെ പിന്തിരിപ്പിക്കുവാനിതു പര്യാപ്തമായിരിക്കേണ്ടതാണ്.

97. മിസ്രയീമിലെ മർദ്ദിത ജീവിതത്തിന്റെ ദുഷിച്ച സ്ഥിതികളിൽനിന്നു യിസ്രായേൽ സന്തതികളെ പുനരുദ്ധരിക്കുവാൻ നിയോഗിക്കപ്പെട്ട പ്രവാചകനാണ് മോശെ; മോശെക്കു നല്കപ്പെട്ട നിയമനിർദ്ദേശങ്ങൾ യിസ്രായേല്യരുടെ നിലവാരത്തിലുള്ളൊരു സമുദായത്തെ സമുദ്ധരിക്കുവാൻ പര്യാപ്തമായിരുന്നുവെന്നതിൽ സംശയമില്ല; രാഷ്ട്രീയമായ സ്വാതന്ത്ര്യമായിരുന്നു മിസ്രയീമിലെ യാതനകളിൽനിന്നു മുക്തിനേടുവാൻ യിസ്രായേല്യർക്കു് പ്രധാനമായി വേണ്ടിയിരുന്നതു. പക്ഷെ, രാഷ്ട്രീയസ്വാതന്ത്ര്യം മനുഷ്യസമുദായത്തിന്റെ ജീവിതലക്ഷ്യമല്ല തന്നെ; ജീവിതലക്ഷ്യത്തിലേക്കുള്ള പ്രാഥമികമായ കാൽവെപ്പ് മാത്രമാണതു. തങ്ങളുടെ മനുഷ്യത്വത്തിന്റെ പരമലക്ഷ്യമായ ജീവിത സാക്ഷാൽക്കാരത്തിലേക്കുള്ള പോംവഴി മാത്രമാണതു. മോശെക്കു കിട്ടിയ കല്പന പ്രഥമഘട്ടത്തിൽത്തന്നെ ഫറവോന്റെ പിടിയിൽനിന്നു യിസ്രായേൽമക്കളെ മോചിപ്പിക്കുവാനാവശ്യപ്പെട്ടതിൽനിന്നു, രാഷ്ട്രീയസ്വാതന്ത്ര്യത്തിന്നു, മനുഷ്യന്റെ ധാർമ്മികജീവിത പുനരുദ്ധാരണത്തിലുള്ള മുൻഗണന വ്യക്തമാകുന്നുണ്ടു; ഫറവോന്റെ ഭരണത്തിൽനിന്നുള്ള മോചനവും തന്മൂലമുള്ള രാഷ്ട്രീയ സ്വാതന്ത്ര്യവും മാത്രമല്ല, മിസ്രയീമിലെ ജീവിതദോഷങ്ങളിൽനിന്നുള്ള മോചനവുംകൂടിയവർക്ക് ലഭിക്കേണ്ടതുണ്ടായിരുന്നു; ഫറവോനെ നശിപ്പിക്കുകയെന്നതു മോശെയുടെ ദൗത്യലക്ഷ്യമായിരുന്നില്ല എന്നുള്ളതു വ്യക്തമാണ്; നേരെമറിച്ച് മിസ്രയീമിലെ ജീവിത മാലിന്യങ്ങളിൽനിന്നു തന്റെ ജനങ്ങളെ മോചിപ്പിച്ചു യഥാർത്ഥമായ മനുഷ്യത്വത്തെയവരിൽ പ്രവർത്തിപ്പിക്കുന്നതിന്നു വഴിതെളിക്കുകയെന്നതായിരുന്നു മോശെയുടെ ദൗത്യത്തിന്റെ കർമ്മപദ്ധതി; അതിന്റെ വ്യക്തി

മുദ്ദയും അതുതന്നെ. അങ്ങിനെയല്ലെങ്കിൽ ഫറവോനെ അവസാനിപ്പിച്ചിട്ട് യിസ്രായേലിന്റേതായൊരു ഭരണത്തെ അവിടെത്തന്നെ സ്ഥാപിക്കുവാൻ മോശെ ആവശ്യപ്പെട്ടേനെ. അങ്ങിനെയുള്ള ഒരു ആലോചനതന്നെ ആ ധീരാത്മാവിൽ ഉണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ? എന്നാൽ മിസ്രയീമിലെ ജീവിതവലയത്തിൽനിന്നു യിസ്രായേല്യർ വിട്ടുപോകുന്നതിന്നു പ്രതികൂലമായതുകൊണ്ട്, ഫറവോനെ സകല ശക്തികളുമുപയോഗിച്ച് നേരിടുകയെന്നതു മോശെയുടെ ദൗത്യസിദ്ധാന്തത്തിന്റെ പ്രധാനപ്പെട്ടൊരു ഘടകമായിരുന്നുവെന്നതിൽ സംശയമില്ല.

ഫറവോൻ കടലിൽ മുങ്ങിമരിച്ചപ്പോൾ, മോശെയുടെ ദൗത്യത്തിൽ ഫറവോനെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പര്യവസാനിച്ചു; യിസ്രായേല്യർ കടലിന്റെ മറുകരയിലെത്തിയപ്പോൾ മിസ്രയീമിന്റെ മണ്ണിൽനിന്നവർ രക്ഷപ്പെട്ടു; എന്നാൽ മിസ്രയീമിലെ ജീവിതചിന്തകളിൽനിന്നു അവർ, അതുകൊണ്ടു മോചിപ്പിക്കപ്പെട്ടിട്ടില്ലതന്നെ; സ്വതന്ത്രമായൊരു ധാർമ്മികജീവിതാന്തരീക്ഷത്തിൽ ചെന്നെത്തുവാനുള്ള തങ്ങളുടെ ദീർഘങ്ങളായ പ്രയാണഘട്ടങ്ങളിൽ യിസ്രായേൽമക്കൾ മിസ്രയീമിലെ ഭൂതകാല ജീവിതത്തെ സംബന്ധിച്ചു പ്രകടിപ്പിച്ചിട്ടുള്ള "മധുരസ്മരണകൾ" മേല്പറഞ്ഞ വസ്തുതയെ തെളിയിക്കുന്നു; ഭോജനതാല്പര്യങ്ങളും, ലൈംഗിക ദുശ്ശീലങ്ങളും മാത്രമല്ലാ ബുദ്ധിശൂന്യതയിൽനിന്നുടലെടുത്ത വഷളായ സംസ്കാരത്തിന്റെ ദുഷിച്ച മാതൃകയായ കുട്ടിക്കാളഭക്തികൂടി, യിസ്രായേൽമക്കൾ മിസ്രയീമിലെ ജീവിത സാഹചര്യങ്ങൾവഴി കൂടെ കൊണ്ടുപോന്നിരുന്നു: യിസ്രായേല്യരുടെ "പശുക്കുട്ടിസേവ"യുടെ വിശദീകരണത്തിന്ന്, സംഹിത 2ൽ രേഖ 51ഉം കുറിപ്പുകളും നോക്കുക.

ബുദ്ധിശൂന്യതയെ ജ്ഞാനോപദേശങ്ങൾകൊണ്ട് പരിഹരിക്കയെന്നതു ശ്രമസാദ്ധ്യമായൊരു സംഗതിയാണ്; എന്നാൽ ബുദ്ധിശൂന്യങ്ങളായ പ്രവൃത്തികൾക്ക് സംസ്കാരികഛായ ലഭിച്ചു കഴിഞ്ഞാൽ പിന്നെയതിനെ പരിഹരിക്കുകയെന്നതു, അങ്ങിനെയുള്ള സംസ്കാരങ്ങൾ വെച്ചുപുലർത്തുന്നവർതന്നെ, അതിന്നെതിരായി പ്രവർത്തിക്കുകയെന്നതുകൊണ്ടേ സാധിക്കുകയുള്ളു; മനുഷ്യന്റെ ധാർമ്മികമായ കടമ, സത്യത്തെ മാനിക്കുക, സാക്ഷാൽ സത്യമായ ദൈവത്തെ സേവിക്കുകയെന്നതാണ്; മറ്റൊന്നിനേയും സേവിക്കാതിരിക്കുകയെന്നതു മേല്പറഞ്ഞ കടമയെ നിർവ്വഹിക്കുവാൻ മനുഷ്യന്നു സന്നദ്ധതയുളവാക്കുന്നു; അതിനാൽ പൊതുവിൽ യിസ്രായേല്യരിൽ സത്യസേവക്കുള്ള സാദ്ധ്യതയെ പ്രകടിപ്പിക്കുന്നതിന്നും, മിസ്രയീമിൽനിന്നു കൊണ്ടുവന്നിട്ടുള്ളതും സംസ്കാരികഛായ ലഭിച്ചുകഴിഞ്ഞിട്ടുള്ളതുമായ ബുദ്ധിശൂന്യതയെ പരിഹരിക്കുന്നതിന്നും, പശുദൈവസേവകന്മാരായ യിസ്രായേല്യരുടെ കൈകൊണ്ടുതന്നെ, പശുവിനെയറുക്കുവാൻ, തങ്ങളുടെ പ്രവാചകൻ പറയുന്നതിലുള്ള പ്രത്യേകത സ്മരിക്കത്തക്കതാണ്; പശുവൊരു പ്രത്യേക മൃഗമായതുകൊണ്ടല്ല, പശു, ദൈവമായി വെച്ചാരാധിക്കപ്പെടുന്നതുകൊണ്ടാണ്, പൂജിക്കുന്നവരോടുതന്നെ അതിനെ അറുക്കണമെന്ന് കല്പിക്കപ്പെടുന്നതു; സാംസ്കാരികഛായ പിടിച്ചുകഴിഞ്ഞിട്ടുള്ള എല്ലാ അമളികളേയും മനുഷ്യസമുദായത്തിൽനിന്നു നീക്കിക്കളയുന്നതിന്നുള്ള ഒരു മഹാ പദ്ധതി ഇതിന്റെ അടിസ്ഥാന തത്വമായി നില്ക്കുന്നുണ്ട്; മിഥ്യാബോധങ്ങൾ ചിലപ്പോൾ സംസ്കാരത്തിന്റെ ഛായയെ പ്രാപിക്കുന്നുവെങ്കിൽത്തന്നെ, അതിന്നു സ്ഥായീഭാവമുണ്ടാവുകയില്ല. അതിനാൽ അവയ്ക്കു പ്രതികൂലമായ പ്രവൃത്തികൾക്കു, അവയുടെ അനുയായികളിൽനിന്നു സന്ദർഭങ്ങൾ വന്നാൽ, മിഥ്യാബോധങ്ങൾ സാംസ്കാരികഛായയെ വിട്ടു അവയുടെ അർത്ഥശൂന്യതയെ തന്നത്താൻ വെളിപ്പെടുത്തുകയും ചെയ്യും; പക്ഷെ അത്തരം സന്ദർഭങ്ങളിൽനിന്നു ഒഴിഞ്ഞുമാറുവാൻ അങ്ങിനെയുള്ള സംസ്കാരത്തിന്നു അടിമപ്പെട്ടു കിടക്കുന്ന ആളുകൾ ഉററുശ്രമിക്കുന്നതാണ്; ആ കൂട്ടത്തിൽപെട്ട ശ്രമങ്ങളാണ് നാം ഈ രേഖയിൽ മോശെയുടെ ജനങ്ങളിൽനിന്നു കാണുന്നതു. രേഖ 65-66ൽ തത്വത്തെ ദുർബ്ബലപ്പെടുത്തിക്കൊണ്ടു നിയമത്തെ പാലിച്ചിരുന്നവരുടെ ദുഷിച്ച പരിണാമങ്ങളെപ്പററിയാണ് പ്രതിപാദിക്കപ്പെട്ടതു. രേഖ 67ൽ തത്വത്തോട് വിയോജിക്കുന്നില്ലാത്തതിനോടുകൂടെ നിയമത്തെ നടപ്പിൽ വരുത്തുവാൻ വൈമനസ്യപ്പെടുന്ന ചിലരുടെ വിചിത്രവാദങ്ങളെ ഖുർആൻ ചിന്താവിഷയമാക്കിത്തീർക്കുന്നു; യിസ്രായിൽക്കാർ ഖുർആനിന്റെ മൗലികമായ തത്വത്തിൽ വിയോജിക്കാതിരുന്നിട്ടും അതിന്റെ നിയമങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിൽ വൈമനസ്യപ്പെടുന്നതു, മേല്പറഞ്ഞ കൂട്ടത്തിൽപ്പെട്ട സാംസ്കാരികഛായ കൈക്കൊണ്ടിട്ടുള്ള ബുദ്ധിശൂന്യതകൾ കാരണമാണെന്നു, യിസ്രായേല്യരെ ഖുർആൻ അനുസ്മരിപ്പിക്കയാണ് ഇതുകൊണ്ടു ചെയ്യുന്നതു.

യിസ്രായേല്യർ മിസ്രയീമിൽനിന്നു സമ്പാദിച്ച സാംസ്കാരിക മൗഢ്യത്തിന്റെ നികൃഷ്ട ഫലമായിട്ടാണ് ഖുർആൻ യിസ്രായേല്യരുടെ പശുദൈവത്തെ കണക്കാക്കുന്നതു. മനുഷ്യൻ ചെയ്യുന്ന പാതകങ്ങൾക്ക് വിവിധ രൂപത്തിലുള്ള മൗഢ്യങ്ങളാണ് പ്രധാന കാരണങ്ങളായിരിക്കുക; അതിനാൽ, യിസ്രായേൽ സന്തതികൾക്കിടയിൽ പാതകങ്ങളിൽവെച്ചു മലീമസമായ കൊല നടക്കുകയും, കുററവാളിയെ തിരിച്ചറിയാതാവുകയും അതുവഴി കുററത്തിന്നു യിസ്രായേൽ സന്തതികൾ പൊതുവിൽ ബാദ്ധ്യസ്ഥരായി വരികയും ചെയ്യുമ്പോൾ, കുററവാളിയെ തെളിയിക്കുന്നതിന്നു യിസ്രായേൽ സമുദായക്കാർ മൊത്തത്തിൽ സന്നദ്ധരായിത്തീരുകയെന്നതു സ്വാഭാവികമായിട്ടുള്ളതാണല്ലോ? അപരാധശങ്കകൊണ്ട് ഇളകി പൂട്ടപിടിച്ചിരിക്കുന്ന അവരുടെ അന്തഃകരണങ്ങളിൽനിന്നു അർത്ഥശൂന്യങ്ങളായ അന്ധവിശ്വാസങ്ങളെ, ഭക്തിരൂപമായ സംസ്കാരികധാരയെ വിട്ടു അകററിക്കളയുന്നതിന്നു, അതു ഒരു സന്ദർഭമായ് വിനിയോഗിക്കപ്പെട്ടിരുന്നു. കുററം തെളിയിക്കുന്നതിന്നു ചെയ്യപ്പെട്ടിരുന്ന സജ്ജീകരണങ്ങളിൽ പ്രധാനമായതു, തങ്ങളുടെ "മൗഢ്യദേവത"യായ പശുവിനെ ബലികഴിക്കുകയെന്നതായിരുന്നു; സാധാരണ പരിതഃസ്ഥിതിയിൽ യിസ്രായേല്യർ വിസമ്മതിക്കുവാൻ കാരണമുള്ളൊരു കാര്യമാണതു്; പശുവിനെ ദൈവമാക്കിവെച്ചു പൂജിച്ചവർ കുറവാണെങ്കിൽക്കൂടി പശുവിനോടുള്ള പരിമിതമല്ലാത്ത ഭക്തി യിസ്രായേല്യരുടെ ഹൃദയങ്ങളിൽ നിറച്ചു കുടിപ്പിക്കപ്പെട്ടിരുന്നു; (സംഹിത 2ൽ രേഖ 99 നോക്കുക.) പഴയ പുസ്തകത്തിൽ കാണുന്നതിങ്ങിനെയാണ്: "നിന്റെ ദൈവമായ യഹോവ നിനക്കു അവകാശമായി തരുന്ന ദേശത്തു വയലിൽ ഒരുത്തനെ കൊന്നിട്ടിരിക്കുന്നതു കാണുകയും അവനെ കൊന്നവൻ ആരാണെന്നു അറിയാതിരിക്കയും ചെയ്താൽ നിന്റെ മൂപ്പന്മാരും ന്യായാധിപന്മാരും പുറത്തുചെന്നു കൊല്ലപ്പെട്ടവന്റെ ചുററുമിരിക്കുന്ന അതതു പട്ടണംവരെയുള്ള ദൂരം അളക്കേണം. കൊല്ലപ്പെട്ടവന്നു അധികം അടുത്തിരിക്കുന്ന പട്ടണത്തിലെ മൂപ്പന്മാർ, വേല ചെയ്യിക്കാത്തതും നുകം വെക്കാത്തതുമായ ഒരു പശുക്കിടാവിനെ കൊണ്ടുവരേണം. ആ പട്ടണത്തിലെ മൂപ്പന്മാർ, ഉഴവും വിതയും ഇല്ലാത്തതും നീരൊഴുക്കുള്ളതുമായ ഒരു താഴ്‌വരയിൽ പശുക്കിടാവിനെ കൊണ്ടുചെന്നു അവിടെ വെച്ചു പശുക്കിടാവിന്റെ കഴുത്തു ഒടിച്ചുകളയേണം. പിന്നെ ലേവ്യരായ പുരോഹിതന്മാർ അടുത്തുചെല്ലേണം. അവരെയല്ലോ നിന്റെ ദൈവമായ യഹോവ തനിക്കു ശുശ്രൂഷ ചെയ്വാനും യഹോവയുടെ നാമത്തിൽ അനുഗ്രഹിപ്പാനും തിരഞ്ഞെടുത്തിരിക്കുന്നതു്. അവരുടെ വാക്കിൻപ്രകാരം സകല വ്യവഹാരവും അടികലശലും തീർക്കേണ്ടതാകുന്നു. കൊല്ലപ്പെട്ടവന്നു അടുത്ത പട്ടണത്തിലെ മൂപ്പന്മാർ എല്ലാവരും താഴ്‌വരയിൽവെച്ചു കഴുത്തൊടിച്ച പശുക്കിടാവിന്മേൽ തങ്ങളുടെ കൈ കഴുകി: ഞങ്ങളുടെ കൈകൾ ആ രക്തം ചിന്തീട്ടില്ല, ഞങ്ങളുടെ കണ്ണു അതു കണ്ടിട്ടുമില്ല. യഹോവേ നീ വീണ്ടെടുത്തിട്ടുള്ള നിന്റെ ജനമായ യിസ്രായേലിനോടു ക്ഷമിക്കേണമേ; നിന്റെ ജനമായ യിസ്രായേലിന്റെ മദ്ധ്യേ കുററമില്ലാത്ത രക്തം ഇരിപ്പാൻ ഇടവരുത്തരുതേ എന്നു പറയേണം. എന്നാൽ ആ രക്തപാതകം അവരോടു മോചിക്കപ്പെടും. ഇങ്ങിനെ യഹോവക്കു ഹിതമായുള്ളതു ചെയ്തു കുററമില്ലാത്ത രക്തം നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയേണം. (ആവർത്തനം 21ൽ 9വരെ).

കുററത്തെ തെളിയിക്കുവാൻ സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയിൽ കുററത്തെ ചെയ്യുകയോ, കാണുകയോ ചെയ്തിട്ടില്ലാത്ത ജനങ്ങൾക്കു തങ്ങളുടെ നിരപരാധിത്വം തെളിയിക്കുവാൻ നടത്തപ്പെട്ടിരുന്ന സത്യസാക്ഷീകരണകർമ്മത്തിന്റെ കഥയാണിവിടെ ഖുർആൻ വിവരിക്കുന്നതു്. പക്ഷെ, മേല്പറഞ്ഞ ഗത്യന്തരമില്ലാത്ത സന്ദർഭത്തിലുംകൂടി പശുവിനെ അറുക്കുകയെന്ന കാര്യത്തിൽ യിസ്രായേല്യർ കാണിക്കുന്ന വൈമനസ്യത്തിന്റെ സാംസ്കാരികമായ പശ്ചാത്തലത്തെയാണ് ഖുർആൻ ചിന്താവിഷയമായെടുക്കുന്നതു്. നിങ്ങൾ ഒരു പശുവിനെ അറുക്കുവാൻ സാക്ഷാൽ സത്യമായ ദൈവം കല്പിക്കുന്നുവെന്നു്, മോശെ തന്റെ ജനങ്ങളോടു പറഞ്ഞപ്പോൾ ജനങ്ങളതു പരിഹാസമായി സംശയിച്ചു; അവരുടെ സംശയവും, അതു ശരിയാണോ എന്നു തുടർന്നു മോശെയോടു ചെയ്ത ചോദ്യവും, മോശെ അവരോടു ചെയ്ത പ്രസ്താവനയും, അവരുടെ മനസ്സുകളിൽ ഉറച്ചു അമർന്നുകിടക്കുന്ന ഒരു അനാശാസ്യമായ വസ്തുതയെ എടുത്തു കാണിക്കുന്നതായി തെളിയിക്കുന്നുണ്ട്. എന്നാൽ പരിഹസിക്കുകയെന്നതു ഒരാളുടെ കുറവിനെ—അതു ഉള്ളതോ ഇല്ലാത്തതോ ആകട്ടെ—വെളിപ്പെടുത്തിക്കൊണ്ട് അയാളിൽ അങ്ങിനെ ഒന്നു ഉണ്ടെന്നു് അന്യരെ അറിയിച്ചു, ആയാളെ അവഹേളിക്കുവാൻ മാത്രമായി മററൊരാൾ ചെയ്യുന്ന പ്രവൃത്തിയാണ്. അതു ചെയ്യുന്ന ആൾ അതുകൊണ്ടു ആക്കം ഒരു മെച്ചവും ഉണ്ടാകു

68. അവർ പറഞ്ഞു:–
നീ പ്രാർത്ഥിക്കുക, ഞങ്ങൾക്കുവേണ്ടി;
നിന്റെ രക്ഷിതാവിനോട്.
അവൻ ഞങ്ങൾക്കു വ്യക്തമാക്കിത്തരട്ടെ!
ഏതാണ് അതെന്നു്.
അവൻ പറഞ്ഞു:–
നിശ്ചയമായിട്ട് അവൻ (അല്ലാഹു) തന്നെ പറയുന്നു,
നിശ്ചയമായിട്ട് അതൊരു പശുവാണെന്നു്.
പ്രായമേറിയതല്ല, ചെറുപ്രായവുമല്ല;
അതിന്റെ മദ്ധ്യത്തിലുള്ള പ്രായക്കാരിയാണ്.
അപ്പോൾ നിങ്ങൾ പ്രവർത്തിക്കുവിൻ
നിങ്ങളോട് ശാസിക്കപ്പെടുന്ന യാതൊന്നു.[98]

٦٨- قَالُوا ادْعُ لَنَا رَبَّكَ يُبَيِّنْ لَنَا مَا هِيَ ۚ
قَالَ إِنَّهُ يَقُولُ إِنَّهَا بَقَرَةٌ لَا فَارِضٌ وَ
لَا بِكْرٌ ۖ
عَوَانٌ بَيْنَ ذَٰلِكَ ۖ
فَافْعَلُوا مَا تُؤْمَرُونَ ○

ഗദ്യഭാഷ

68. അവർ പറഞ്ഞു: നീ ഞങ്ങൾക്കുവേണ്ടി നിന്റെ രക്ഷിതാവിനോടു പ്രാർത്ഥിക്കുക. അതു ഏതാണെന്നു ഞങ്ങൾക്കു അവൻ വ്യക്തമാക്കിത്തരട്ടെ. അവൻ പറഞ്ഞു: പ്രായമേറിയതല്ലാത്തതും ചെറുപ്രായമല്ലാത്തതുമായൊരു പശുവാണതു; അതിന്റെ മദ്ധ്യത്തിലുള്ള പ്രായക്കാരിയാണ് എന്നു (അല്ലാഹു) പറയുന്നു; അതിനാൽ നിങ്ങളോട് കല്പിക്കപ്പെടുന്നതു നിങ്ങൾ പ്രവർത്തിക്കുവിൻ.

വാൻ ഉദ്ദേശിക്കയുമില്ല; മറയന്മാരല്ലാതെ അതിന്നു തുനിയുകയില്ല. മോശെ അവരെ സമീപിക്കുന്നതു തീകഞ്ഞ ആത്മാർത്ഥതയോടും ഉത്തമമായൊരു ഉദ്ദേശത്തോടുംകൂടിയാണ്; അവരെ അവഹേളനത്തിന്നു പാത്രമാക്കിത്തീർക്കുന്ന അർത്ഥശൂന്യമായ മനോവൃത്തികളിൽനിന്നു അവരെ മോചിപ്പിക്കുവാനാണ് മോശെ പരിശ്രമിക്കുന്നതു; പരിഹസിക്കുവാൻ തുനിയുന്നതുതന്നെ, ജ്ഞാനത്തിന്റെ കണിക കണ്ടിട്ടില്ലാത്ത മൂഢന്മാരുടെ പൈശാചിക പ്രവൃത്തിയാണെന്ന നിഗമനമാണ് യിസ്രായേല്യർക്കു മോശെ നല്കിയ മറുപടി വ്യക്തമാക്കുന്നതു; മോശെ, കാര്യത്തിലാണെന്നു ബോദ്ധ്യമായപ്പോൾ, യിസ്രായേല്യർ തത്വത്തിൽ മോശെയോട് യോജിച്ചു: പക്ഷെ പശുക്കുട്ടിയോടുള്ള ഭക്തി നിറയെ കുടിപ്പിക്കപ്പെട്ട ഹൃദയങ്ങൾക്ക്, സമീപകാലത്തിൽ പ്രവൃത്തിയിൽ വരുത്തുവാനിടയാകുന്നൊരു കാര്യമല്ലതു്.

"നിശ്ചയമായിട്ടു അല്ലാഹുതന്നെ കല്പിക്കുന്നു" എന്ന പ്രസ്താവന, കല്പനയുടെ കർത്താവു് താനല്ലെന്നുള്ള സംഗതിയെ സൂചിപ്പിക്കുകയും അവരുടെ രക്ഷിതാവു് അതു കല്പിക്കുന്നുണ്ടെന്ന വസ്തുതയെ ഖണ്ഡിതമായി ബലപ്പെടുത്തുകയും ചെയ്യുന്നു (തബ്‌രി.)

98. തത്വത്തിൽ യോജിച്ചുവെങ്കിൽകൂടി പ്രവൃത്തിയിൽ കൊണ്ടുവരാതിരിക്കുവാനുള്ള മാർഗ്ഗങ്ങളാണ് യിസ്രായേല്യർ ചോദ്യത്തിന്റെ പിന്നിൽ ചോദ്യമായിട്ട് കൊണ്ടുപിടിച്ച സംശയ പ്രകടനങ്ങൾ വഴി സ്വീകരിച്ചതു. തങ്ങളോട് കല്പിക്കുന്നതു തങ്ങളുടെ രക്ഷിതാവാണെന്ന പ്രാഥമികചിന്തപോലും അവർക്കുണ്ടായിരുന്നില്ല; അതിനാൽ അവരുടെ സംശയങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ അവർ സ്വന്തത്തിൽ പ്രാർത്ഥിക്കുകയല്ല ചെയ്തതു; തങ്ങളുടെ പ്രവാചകനോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയാണ് ചെയ്തതു; തന്നെയല്ല തങ്ങളുടെ പ്രവാചകന്റെ രക്ഷിതാവാണെന്നതിൽ കൂടുതലായി, തങ്ങൾക്ക് ലോകരക്ഷിതാവായ ദൈവത്തോട് യാതൊരു ബന്ധവുമുള്ളതായി യിസ്രായേല്യർ പ്രകടിപ്പിക്കുവാനും തയ്യാറായില്ല. മോശെയെ ലക്ഷീകരിച്ചുകൊണ്ട് "റബ്ബക=നിന്റെ രക്ഷിതാവിനോട്" എന്നു അടിക്കടി ആവർത്തിക്കുന്നതു നോക്കുക; കല്പന സാക്ഷാൽ സത്യമായ ദൈവത്തിൽനിന്നുള്ളതാണെന്ന കാര്യത്തിൽ യിസ്രായേല്യർക്ക് ചോദ്യമില്ല; പക്ഷെ തങ്ങൾക്കതു നടപ്പിൽ വരുത്തത്തക്കവിധത്തിൽ വ്യക്തമല്ലെന്ന കാര്യമാണ് യിസ്രായേൽക്കാർക്ക് കല്പനയെപ്പറ്റി പറയുവാനുണ്ടായതു; "മാഹിയ=അതു എന്താണ്" എന്നു അർത്ഥം വരുന്ന അവരുടെ ചോദ്യത്തിന്റെ രീതി കേട്ടാൽ, പശു എന്താണെന്നുകൂടി അറിയാത്ത അത്രകണ്ടു, പശുക്കളെക്കുറിച്ചു അനുഭവമില്ലാത്ത ഒരു കൂട്ടത്തിലാണവരെന്ന് കേൾക്കുന്നവർ ധരിക്കുവാൻ സംഗതിയുണ്ട്. അവരുടെ ആത്മാക്കളിൽ അവർ ഒളിച്ചുവെച്ചിരിക്കുന്നതും അവരുടെ ഹൃദയങ്ങളിൽ നിറച്ചു കുടിപ്പിക്കപ്പെട്ടിരി

69. അവർ പറഞ്ഞു:— നീ പ്രാർത്ഥിക്കുക;
ഞങ്ങൾക്കുവേണ്ടി, നിന്റെ രക്ഷിതാവിനോട്;
ഞങ്ങൾക്കവൻ വ്യക്തമാക്കട്ടെ;
എന്താണ് അതിന്റെ നിറമെന്ന്.
അവൻ (മൂസാ) പറഞ്ഞു:—
നിശ്ചയമായിട്ട് അവൻ (അല്ലാഹു) പറയുന്നു:
നിശ്ചയമായിട്ട്, അതൊരു
മഞ്ഞനിറമുള്ള പശുവാണെന്ന്;
തനി മഞ്ഞയാണതിന്റെ നിറം;
കാണുന്നവരെയതു കൌതുകംകൊള്ളിക്കുന്നു.

٦٩- قَالُوا ادْعُ لَنَا رَبَّكَ يُبَيِّنْ لَنَا مَا لَوْنُهَا
قَالَ إِنَّهُ يَقُولُ إِنَّهَا بَقَرَةٌ صَفْرَاءُ فَاقِعٌ
لَوْنُهَا تَسُرُّ النَّاظِرِينَ ○

ഗദ്യഭാഷ—

69. അവർ പറഞ്ഞു: നീ ഞങ്ങൾക്കുവേണ്ടി നിന്റെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. എന്താണ് അതിന്റെ നിറമെന്നു ഞങ്ങൾക്കവൻ വ്യക്തമാക്കിത്തരട്ടെ. അവൻ പറഞ്ഞു: നിശ്ചയമായിട്ട് അതൊരു മഞ്ഞ നിറമുള്ള പശുവാണ്; തനി മഞ്ഞയാണതിന്റെ നിറം; അതു കാണികളെ കൌതുകപ്പെടുത്തുന്നതാണ് എന്നു അവൻ (അല്ലാഹു) പറയുന്നു.

കുന്നതുമായ "പശുദൈവ"ഭക്തിയുടെ സമ്മർദ്ദനമാണതു കാണിക്കുന്നതെന്ന സംഗതി മനസ്സിലാക്കത്തക്കതാണ്. പശുവിനെക്കൊന്നു, അതിനെ ആസകലം ചുട്ടു ഭസ്മമാക്കി വെള്ളത്തിൽ കലക്കി അതുകൊണ്ടു യിസ്റായേൽക്കാരോട് ആത്മശുദ്ധിവരുത്തുവാൻ കല്പിക്കുന്ന തീക്ഷ്ണനിയമങ്ങൾ മോശെക്കു് നല്കപ്പെട്ട ഗ്രന്ഥത്തിൽ കാണപ്പെടുവാനുള്ള പ്രധാനഹേതു യിസ്റായേല്യർ മിസ്റയീമിൽനിന്നു സമ്പാദിച്ച പശുദൈവഭക്തിയാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല; പഴയ നിയമത്തിൽനിന്നു ചില വരികൾ താഴെ കൊടുക്കുന്നു; "യഹോവ പിന്നെയും മോശെയോടും അഹരോനോടും അരുളിച്ചെയ്തതു: യഹോവ കല്പിച്ച ന്യായപ്രമാണമെന്തെന്നാൽ: കളങ്കവും ഊനവുമില്ലാത്തതും നുകം വെക്കാത്തതുമായ ഒരു ചുവന്ന പശുക്കിടാവിനെ നിന്റെ അടുക്കൽ കൊണ്ടുവരുവാൻ യിസ്റായേൽമക്കളോട് പറക. നിങ്ങൾ അതിനെ പുരോഹിതനായ എലെയാസാരിന്റെ പക്കൽ ഏല്പിക്കേണം. അവൻ അതിനെ പാളയത്തിന്നു് പുറത്തു കൊണ്ടുപോകയും ഒരുവൻ അതിനെ അവന്റെ മുമ്പിൽവെച്ചു അറുക്കുകയും വേണം. പുരോഹിതനായ എലെയാസാർ വിരൽകൊണ്ട് അതിന്റെ രക്തം കുറെ എടുത്തു സമാഗമന കൂടാരത്തിന്റെ മുൻഭാഗത്തിന്നുനേരെ ഏഴു പ്രാവശ്യം തളിക്കേണം. അതിന്റെ ശേഷം പശുക്കിടാവിനെ അവൻ കാൺകെ ചുട്ടു ഭസ്മീകരിക്കേണം. അതിന്റെ തോലും മാംസവും രക്തവു ചാണകവും കൂടെ ചുടേണം. പിന്നെ പുരോഹിതൻ ദേവദാരു, ഈസോപ്പു, ചുവപ്പുനൂൽ എന്നിവ എടുത്തു പശുക്കിടാവിനെ ചുടുന്ന തീയുടെ നടുവിൽ ഇടേണം. അനന്തരം പുരോഹിതൻ വസ്ത്രം അലക്കി ദേഹം വെള്ളത്തിൽ കഴുകിയ ശേഷം പാളയത്തിലേക്കു വരികയും സന്ധ്യവരെ അശുദ്ധനായിരിക്കയും വേണം. അതിനെ ചുട്ടവനും വസ്ത്രം അലക്കി ദേഹം വെള്ളത്തിൽ കഴുകുകയും സന്ധ്യവരെ അശുദ്ധനായിരിക്കയും വേണം. പിന്നെ ശുദ്ധിയുള്ള ഒരുത്തൻ പശുക്കിടാവിന്റെ ഭസ്മം വാരി പാളയത്തിന്നു പുറത്തു വെടിപ്പുള്ള ഒരു സ്ഥലത്തു വെക്കേണം. അതു യിസ്റായേൽമക്കളുടെ സഭക്കുവേണ്ടി ശുദ്ധീകരണ ജലത്തിന്നായി സൂക്ഷിച്ചു വെക്കേണം. അതു ഒരു പാപയാഗം. പശുക്കിടാവിന്റെ ഭസ്മം വാരിയവനും വസ്ത്രം അലക്കി സന്ധ്യവരെ അശുദ്ധനായിരിക്കേണം."
(സംഖ്യ 19ൽ 10വരെ)

യിസ്റായേല്യരുടെ രണ്ടാമത്തെ ചോദ്യത്തിന്നും മോശെ മറുപടി കൊടുത്തു; ദൈവമാണവക്കു മറുപടി കൊടുക്കുന്നതെന്നും, നിശ്ചയമായിട്ടു ദൈവം മറുപടി കൊടുക്കുന്നുണ്ടെന്നും പ്രത്യേകമായി ഇവിടെയും വ്യക്തമാക്കുന്നതു നോക്കുക; മറുപടി മോശെയുടെ സ്വന്തമാണോ എന്ന മറ്റൊരു അനാവശ്യ ചോദ്യത്തിന്നുള്ള വഴിയാണ് അതുകൊണ്ടു അവരുടെ നേരെ അടച്ചു കളയുന്നതു; നിങ്ങളോട് കല്പിക്കപ്പെടുന്നതു നിങ്ങൾ പ്രവർത്തിക്കുവിൻ എന്നു പര്യവസാനിക്കുന്ന, മോശെയുടെ മറുപടി, മറ്റൊരു ചോദ്യത്തിന്നു കോപ്പുകൂട്ടുന്നതിന്റെ വിഷമഫലങ്ങളെ ചുരുക്കത്തിൽ ചൂണ്ടിക്കാട്ടുകയാണ് ചെയ്യുന്നതു; എന്നാൽ അവരുടെ ചോദ്യത്തിൽ ആദ്യം ഉന്നയിക്കപ്പെ

70. അവർ പറഞ്ഞു:–
നീ പ്രാർത്ഥിക്കുക; ഞങ്ങൾക്കുവേണ്ടി;
നിന്റെ രക്ഷിതാവിനോടു്;
ഞങ്ങൾക്കവൻ വ്യക്തമാക്കിത്തരട്ടെ!
അതു എന്താണെന്നു്.
നിശ്ചയമായിട്ടു് പശുക്കൾ
ഞങ്ങൾക്കു പരസ്പര സദൃശമായിത്തീർന്നിരിക്കുന്നു.
നിശ്ചയമായിട്ടു് ഞങ്ങൾ, അല്ലാഹു ഇച്ഛിച്ചുവെങ്കിൽ,
നേർവഴി പ്രാപിക്കുന്നവരാണു്തന്നെ.[99]

...قَالُوا ادْعُ لَنَا رَبَّكَ يُبَيِّنْ لَنَا مَا هِيَ
إِنَّ الْبَقَرَ تَشَٰبَهَ عَلَيْنَا
وَإِنَّا إِنْ شَاءَ اللَّهُ لَمُهْتَدُونَ ○

ഗദ്യഭാഷ

70. അവർ പറഞ്ഞു: നീ ഞങ്ങൾക്കുവേണ്ടി നിന്റെ രക്ഷിതാവിനോടു പ്രാർത്ഥിക്കുക; ഏതാണതെന്നു ഞങ്ങൾക്കവൻ വ്യക്തമാക്കിത്തരട്ടെ. നിശ്ചയമായിട്ടു പശുക്കൾ, ഒന്നു മറെറാന്നിനോടു് സദൃശമായി ഞങ്ങൾക്കു തോന്നുന്നു. അല്ലാഹു ഇച്ഛിക്കുന്നെങ്കിൽ, നിശ്ചയമായിട്ടു, ഞങ്ങൾ നേർവഴി കാണുന്നവരാണുതാനും.

---

ട്ടതുപോലെ തന്നെ പശു എന്താണെന്നു അറിയാത്തവൎക്കു് പറഞ്ഞുകൊടുക്കുവാൻ പററിയ വാചകരീതിയാണു് ഉത്തരത്തിലും ഉപയോഗിച്ചിരിക്കുന്നതു. "ഇൻനഹാ ബഖറ:=നിശ്ചയമായിട്ടു അതു ഒരു പശുതന്നെ" എന്നു സ്ഥാപിക്കുന്നതു നോക്കുക. പശുവിനെ ദൈവമായി വിചാരിക്കുന്നവൎക്കു് അതു പശുവല്ലല്ലോ? അതിനെ സംബന്ധിച്ചുള്ള അവരുടെ അറിവു് പശുവിനെ സംബന്ധിക്കുന്ന തരത്തിൽപെട്ടതായിരിക്കയുമില്ലല്ലോ? ഖുർആൻ ആ വസ്തുതയെക്കൂടി ഇവിടെ വിമൎശന രൂപത്തിൽ ചിന്താവിഷയമാക്കിത്തീർക്കുന്നുണ്ടു്. ബുദ്ധിഹീനതയുടെ ഗതി പിന്നെയും പിന്നെയും മൗഢ്യത്തിലേക്കുതന്നെ.

99. ഒരു പശുവിനെ അറുക്കുവാനുള്ള കല്പനയെ ഉചിതമായി ഉപയോഗിച്ചിരുന്നെങ്കിൽ, ഏതെങ്കിലും ഒരു പശുവിനെ അറുത്തുകൊണ്ടാൽ, അതു അവൎക്കു് മതിയായിരുന്നു; അറുക്കപ്പെടുന്ന വസ്തു പശുവായിരുന്നാൽ മതി; അതു ഇന്നതായിരിക്കേണമെന്നു കല്പിക്കപ്പെട്ടിരുന്നില്ലതന്നെ. എന്നാൽ അവരുടെ മേല്ക്കുമേലുള്ള ചോദ്യങ്ങളുടെ ഫലമായി ലഭിച്ച സമാധാനങ്ങൾ ഏതെങ്കിലും ഒരു പശു എന്നതുവിട്ടു, പശുക്കളിൽനിന്നു പ്രത്യേകമായിട്ടുള്ള ഒന്നു എന്ന നിലയിലേക്കു് അവരുടെ അന്വേഷണ വസ്തുവിനെ നീക്കുകയാണുണ്ടായതു. വിശേഷണരൂപത്തിൽക്കൂടിയുള്ള ഈ നിലനീക്കങ്ങൾ സൂക്ഷിച്ചുനോക്കുകയാണെങ്കിൽ യിസ്റായേല്യർ ദൈവമാക്കിവെച്ചു പൂജിച്ചിരുന്ന "സ്വർണ്ണപ്പശു"വിന്റെ രൂപഗുണങ്ങളെ അതു ചൂണ്ടിക്കാണിക്കുന്നതായി മനസ്സിലാക്കാവുന്നതാണു്. രേഖ 68ൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന പ്രായനിൎണ്ണയത്തെ പരിശോധിക്കുക; ഒരു ജീവിയുടെ രൂപനിൎമ്മാണത്തിൽ അതിന്റെ പ്രായത്തിന്റെ ആദ്യഭാഗവും അവസാനഭാഗവും, അതായതു ശൈശവവും വാൎദ്ധക്യവും പ്രതിഫലിപ്പിക്കുകയെന്നതു വളരെ പ്രയാസമേറിയ സംഗതിയാണു്. രൂപനിൎമ്മാണകല, വഴിപിഴച്ച ഭക്തിമാൎഗ്ഗത്തിൽ നിൎമ്മിച്ചു വെച്ചിട്ടുള്ള വിഗ്രഹങ്ങൾ, തുളുമ്പുന്ന യൗവനത്തിന്റെ പ്രതിച്ഛായകളായിട്ടാണു് പൊതുവെ കാണപ്പെടുക; ബഹുമാനത്തിൽനിന്നു ഭക്തിയും, സൗന്ദൎയ്യത്തിൽനിന്നു ബഹുമാനവും, മദ്ധ്യപ്രായമായ യൗവനത്തിൽനിന്നു സൗന്ദൎയ്യവും പ്രകടമായിത്തീരുന്നു; വിഗ്രഹാരാധനക്കാർ തങ്ങളുടെ ദൈവങ്ങളെ തികഞ്ഞ യുവത്വത്തോടെയാണു് പ്രതിഷ്ഠിച്ചു കാണുക; പൂജക്കുവേണ്ടി സൂക്ഷിക്കപ്പെടുന്ന മൃഗങ്ങളും താരതമ്യേന മദ്ധ്യപ്രായത്തിലുള്ളവയായിട്ടാണു് കാണപ്പെടുന്നതു. ഇത്രയും സംഗതികൾ മനസ്സിലാക്കിയാൽ യിസ്റായേല്യരുടെ സത്യസാക്ഷീകരണകൎമ്മത്തിൽ മദ്ധ്യപ്രായത്തിലുള്ള പശുവിനെ ബലിയൎപ്പിക്കുവാൻ ശാസിക്കപ്പെട്ടതിലുള്ള പ്രത്യേകത നമുക്കു് ഗ്രഹിക്കാവുന്നതാണു്; ഏതെങ്കിലും ഒരു പശുവിനെ അറുക്കുന്നതിൽ അവൎക്കുണ്ടായ അഹിതത്തിന്റെ അടിത്തറ ഉടക്കുന്നതിനുള്ള ഒരു ശാസനയാണിതു; എന്നാൽ അവരുടെ അന്തകരണങ്ങൾ അവർ അറിയാതെതന്നെ അപ്പോഴും അവരെ അലട്ടിക്കൊണ്ടിരുന്നു; അതിനാൽ അവർ, ആ സമയത്തും അവരോടു് കല്പിക്കപ്പെട്ടതു അങ്ങിനെതന്നെ അനുസരിക്കുവാൻ ഉത്സുകരായില്ല; അതിന്റെ നിറമെന്തായിരിക്കണമെന്നായി അവരുടെ മറെറാരു ആലോചന; മിസ്റയീമിലെ "കാളഭക്തി"യിൽനിന്നു, "സാമിരി"യുടെ "സ്വർണ്ണപ്പശു"സേ

71. അവൻ പറഞ്ഞു:–
നിശ്ചയമായിട്ട്, അവൻ (അല്ലാഹു) പറയുന്നുവെന്ന്;
നിശ്ചയമായിട്ട് അതൊരു പശുവാണെന്ന്;
വശപ്പെട്ടതിയതല്ല; ഭൂമിയുഴുകുന്നതുമല്ല;
അതു വയല് നനക്കയുമില്ല;
സുരക്ഷിതയാണ്; അതിൽ കലതന്നെയില്ല.
അവർ പറഞ്ഞു:–
ഇപ്പോറം നീ യാഥാർത്ഥ്യത്തെ കൊണ്ടുവന്നു.
അങ്ങിനെ അവരതിനെ അറുത്തു.
അവർ പ്രവർത്തിക്കുമാറായിരുന്നുമില്ല.[100]

٧١- قَالَ إِنَّهُ يَقُولُ إِنَّهَا بَقَرَةٌ لَّا ذَلُولٌ تُثِيرُ الْأَرْضَ وَلَا تَسْقِي الْحَرْثَ مُسَلَّمَةٌ لَّا شِيَةَ فِيهَا قَالُوا الْآنَ جِئْتَ بِالْحَقِّ فَذَبَحُوهَا وَمَا كَادُوا يَفْعَلُونَ

ഗദ്യഭാഷ

71. അവൻ പറഞ്ഞു: നിശ്ചയമായിട്ട, അതു ഭൂമിയുഴുകുവാൻ വശപ്പെട്ടതിയതല്ലാത്തതും കൃഷി നനക്കുകയില്ലാത്തതുമായ, സംരക്ഷിതയായൊരു പശുവാണ്; അതിൽ ഒരു കലതന്നെയില്ല എന്നു അവൻ (അല്ലാഹു) പറയുന്നു. അവർ പറഞ്ഞു: ഇപ്പോറം നീ സത്യത്തെക്കൊണ്ടുവന്നു. അങ്ങിനെ അവർ അതിനെ അറുത്തു; അവർ (അതു) പ്രവർത്തിക്കുമാറായിരുന്നില്ലതാനും.

വയിലേക്കും, അതിൻെറ അനന്തരഫലങ്ങളിൽനിന്നു, സ്വർണ്ണത്തോട് സാദൃശ്യപ്പെട്ട നിറത്തിൽ കാണപ്പെടുന്ന പശുക്കളോടുള്ള മൂഢമായ ആരാധനാമനഃസ്ഥിതിയിലേക്കുമാണവർ ചെന്നുവീണതു. അന്ധമായ ആ മിഥ്യാബോധത്തിൽനിന്നു അവർ മുക്തി നേടുവാൻ വേഗത്തിൽ തയ്യാറില്ലെന്ന വസ്തുതയാണ്, അവരോട് അറുക്കുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്ന പശുവിൻെറ വർണ്ണത്തെപ്പറ്റി ചെയ്യപ്പെട്ട ചോദ്യത്തിൽനിന്നു തെളിയുന്നതു. അവക്ക് അക്കാര്യത്തിൽ കിട്ടിയ ഉത്തരവും അതിന്നു ഉചിതമായിട്ടുള്ളതാണ്. "മഞ്ഞയാണ്; കലർപ്പില്ലാത്തതാണ്; കാഴ്ചക്കാർക്ക് കൌതുകമുളവാക്കുന്നതാണ് അതു" എന്നുള്ള ഉത്തരവാക്യത്തിൽ, മേല്പറഞ്ഞ വിധത്തിലുള്ള പശുക്കറം അവരുടെ അനുമോദന വസ്തുവായി അവക്കിടയിൽ ഉണ്ടെന്നുള്ളതുകൂടി സൂചിപ്പിക്കപ്പെടുന്നു. എന്നാൽ അവർ അപ്പോഴും ആജ്ഞയെ പ്രവൃത്തിയിൽ അനുസരിക്കുന്നുണ്ടോ എന്നതാണ് നോക്കേണ്ടതു; അവർ ആദ്യം ഉന്നയിച്ച അതേ ചോദ്യത്തിൻെറ അവ്യക്തമായ അന്തരീക്ഷത്തിൽ തന്നെ അവർ തിരിച്ചെത്തിയിരിക്കുന്നു; ഉത്തരവാക്യങ്ങളിൽ വിവരിക്കപ്പെട്ട വിധത്തിലുള്ള പശുക്കറം അവരുടെ അന്തകരണങ്ങളിൽ കൂടുതൽ അടിയുറപ്പിച്ചിട്ടുള്ളവയാണെങ്കിലും, അവയുടെ സംഖ്യ അധികമായതിനാൽ, അവയിൽനിന്നു ഏതെങ്കിലും ഒന്നിനെ ബലികഴിക്കുവാൻ സ്വന്തത്തിൽതന്നെ തീരുമാനിക്കേണ്ട നിലയിൽതന്നെയാണവർ വീണ്ടും എത്തിയിരിക്കുന്നതു. പശുവിനെ അറുക്കുവാനുള്ള ആജ്ഞ, തങ്ങളുടെ പ്രവാചകൻവഴി, ദൈവത്തിൽനിന്നു ഉണ്ടായതുപോലെതന്നെ അതു ഏതാണെന്നു ചൂണ്ടിക്കാണിക്കുന്ന പ്രവർത്തിയും അവനിൽനിന്നുതന്നെയുണ്ടാകട്ടെ എന്നതാണ് അവരുടെ ഉദ്ദേശത്തിൻെറ ആകെത്തുക; തങ്ങളുടെ സ്വന്തമായ ഇച്ഛാശക്തിയുപയോഗിച്ചുകൊണ്ട് പശുബലിയുടെ കാര്യത്തിൽ യാതൊന്നും തങ്ങറം ചെയ്യുവാനൊരുക്കമില്ലെന്ന വസ്തുതയാണതുകൊണ്ട് തെളിയുന്നതു. അറുക്കുവാനുള്ള കല്പനയോടുകൂടെ, അങ്ങിനെ ചെയ്യുവാൻ കല്പിക്കപ്പെട്ട വസ്തുവിൻെറ ക്ലിപ്തമായ അടയാളവുംകൂടി അറിയിച്ചുതരുവാൻ ഇഷ്ടമാണെങ്കിൽ അവർ കല്പനയെ നടപ്പിൽ വരുത്തുന്നതാണ്; അല്ലെങ്കിൽ അവരെക്കൊണ്ട് അതിന്നു ആവുകയില്ല എന്നു വിവക്ഷ. രേഖ 70ൽ അവർ, ഉന്നയിച്ചതായി കാണുന്ന ചോദ്യവും, അതിനെത്തുടർന്നു അവർ കാണിക്കുന്ന കാരണവും, സാക്ഷാൽ സത്യമായ ദൈവം ഇച്ഛിച്ചുവെങ്കിൽ അവർ ദൈവകല്പനയെ പ്രവൃത്തിയിൽ വരുത്തുമാറ് നേർവഴി പ്രാപിക്കുന്നതാണ് എന്ന പ്രസ്താവനയും നോക്കുക; അവർ അക്കാര്യത്തിൽ സ്വന്തമായി ഒന്നും ചെയ്യുവാൻ ഒരുക്കമില്ലെന്ന ആശയത്തെയാണതു കുറിക്കുന്നതു.

100. പശുവിൻെറ വർഗ്ഗത്തിൽ പെട്ടതായൊരു മൃഗത്തെ, സത്യസാക്ഷീകരണത്തിന്നുവേണ്ടി ബലിയർപ്പിക്കുവാനാണ് യിസ്റായേൽ മക്കറം ശാസിക്കപ്പെട്ടിരിക്കുന്നതു. ശാസനയെ അവർ ധിക്കരിക്കുന്നില്ല; എന്നാൽ അതിനെ നടപ്പിൽ വരുത്തുവാനാവശ്യമായതും തങ്ങളുടെ സ്വതന്ത്രമായ ബുദ്ധിയുപയോഗിച്ചു കണ്ടുപിടിക്കേണ്ടതുമായ കാര്യങ്ങറം മേല്പറഞ്ഞ വിഷയത്തിൽ അവർ ചെയ്യുവാൻ കൂട്ടാക്കിയില്ല. കല്പനകിട്ടിയാൽ, അ

# സന്ധി 9

## യിസ്രായേല്യർ; കഠിന ഹൃദയന്മാർ.

(കൊലയും കുററാരോപണവും; അതിൽനിന്നുണ്ടായ അനുഭവങ്ങളും. അവരുടെ ഹൃദയകാഠിന്യത്തെ കുറിച്ചു സാമ്യനിരൂപണങ്ങൾ. വേദപുസ്തകത്തിൽ ചെയ്ത കൃത്രിമങ്ങൾ. സത്യത്തെ പൂഴ്ത്തിവെക്കുവാനുള്ള ഗൂഢാലോചനകൾ. പൗരോഹിത്യത്തിൻെറ ചില ദുർവൃത്തികൾ. പുസ്തകങ്ങൾ സ്വന്തമായെഴുതി, ദൈവത്തിൽനിന്നുള്ളതാണെന്നു വാദിക്കുന്നവർ. മിതമല്ലാത്ത പുണ്യാവകാശവാദങ്ങൾ; പ്രവൃത്തികളിലുള്ള ഗുണദോഷങ്ങൾ ഫലങ്ങളെ വേർതിരിക്കുന്നു.)

72. നിങ്ങൾ ഒരാത്മാവിനെ കൊലപ്പെടുത്തിയതും
(നിങ്ങൾ സ്മരിക്കുവിൻ).
അങ്ങിനെ അതിൽ നിങ്ങൾ
പരസ്പരം കുററാരോപണംചെയ്തു.
അല്ലാഹ പുറത്തുവരുത്തുന്നവനാണ്താനും,
നിങ്ങൾ പൂഴ്ത്തിവെക്കുന്നുണ്ടായതിനെ.[101]

٧٢- وَإِذْ قَتَلْتُمْ نَفْسًا فَادَّارَأْتُمْ فِيهَا ۖ
وَاللَّهُ مُخْرِجٌ مَّا كُنتُمْ تَكْتُمُونَ ○

ഗദ്യഭാഷ

72. നിങ്ങൾ ഒരു വ്യക്തിയെ കൊലപ്പെടുത്തിയതും (സ്മരിക്കുവിൻ); എന്നിട്ടു നിങ്ങൾ അതിൽ കുററത്തെ അന്യോന്യം ആരോപിച്ചു. നിങ്ങൾ പൂഴ്ത്തിവെക്കുന്നുണ്ടായതിനെ, അല്ലാഹ, പുറത്തുവരുത്തുന്നവനാണുതാനും.

---

തിനാൽ വ്യക്തമാക്കപ്പെട്ട വസ്തുതയെ സ്വീകരിക്കുകയെന്നതല്ലാതെ കല്പനയെ നടപ്പിൽ വരുത്തുന്നതിന്നു തങ്ങളുടെ ബുദ്ധിയുപയോഗിക്കുവാൻ യിസ്റായേല്യർ സന്നദ്ധരായില്ല; അതിനാൽ അവക്ക് കിട്ടിയ കല്പനയെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ സാധിച്ചുമില്ല. തങ്ങളുടെ ബുദ്ധിശക്തിക്ക് സ്വതന്ത്രമായി ചെയ്യുവാൻ സാധിക്കുന്ന കാര്യങ്ങൾക്കുകൂടി ദൈവശാസനങ്ങൾ കിട്ടണമെന്നു യിസ്റായേല്യർ ശഠിച്ചു.

രേഖ 71ൽ, യിസ്റായേല്യർ തങ്ങളുടെ ബുദ്ധികൊണ്ട് കണ്ടുപിടിക്കാൻ കൂട്ടാക്കാതെവിട്ട വിഷയങ്ങൾ ദൈവീകനിവേദനങ്ങളിൽകൂടി വ്യക്തമാക്കപ്പെട്ടതിൻെറ വിശദീകരണങ്ങളാണ് നാം കാണുന്നതു. തങ്ങളോട് ബലിയപ്പിക്കുവാൻ ശാസിക്കപ്പെട്ട പശുവിനെ യിസ്റായേല്യരുടെ കൺമുമ്പിൽ കൊണ്ടുവന്നു തൊട്ടു കാണിച്ചാലെന്നപോലെ, മേല്പറഞ്ഞ പശുവിൻെറ പ്രത്യേകതകൾ അതിൽ കുറിപ്പിട്ടു കാണിക്കപ്പെട്ടിരിക്കുന്നു. മൂസാ(അ)യുടെ കാലത്തിന്നു പിറകെ നാളിതുവരെ മേല്പറഞ്ഞ പ്രത്യേകതകളോട് കൂടിയതായൊരു പശു ലോകദൃഷ്ടിക്ക് വിഷയമായിട്ടില്ലെന്ന് പറയപ്പെടുന്നു. വേണ്ട സമയത്തു ബുദ്ധിയുപയോഗിക്കാതെ വെറുതെയിരുന്നുകളഞ്ഞതുകൊണ്ട്, യിസ്റായേല്യർക്ക് പശുവിനെ കണ്ടുപിടിക്കുന്നതിൽ നേരിടേണ്ടിവന്ന ദുരിതത്തെയാണ് മേല്പറഞ്ഞ പശുവിനെ സംബന്ധിച്ച ദുർഭിക്ഷത കാണിക്കുന്നതു. മനുഷ്യൻെറ ഭാവനയിൽ കാണപ്പെടാവുന്ന കുറവുകളെയെല്ലാം മാററിനിറുത്തിക്കൊണ്ട്, സ്വർണ്ണത്തിൽ വാർത്തു കാഴ്ചക്കുവേണ്ടി സൂക്ഷിക്കപ്പെട്ടിട്ടുള്ളൊരു വിഗ്രഹത്തിൻെറ സ്മരണയുളവാക്കുവാൻ മതിയായ വിശേഷതകളാണ്, ബലിയപ്പിക്കുവാൻ നിർദ്ദേശിക്കപ്പെട്ട പശുവെ നിർണ്ണയിക്കുന്നതിൽ ഖുർആൻ കൊണ്ടുവന്നിരിക്കുന്ന പ്രതിപാദനങ്ങൾ. നോക്കുക: തൊഴിലുകൾക്ക് വശപ്പെടുത്തിയതല്ല; ഭൂമി ഉഴവുകയില്ല; വയല് നനക്കുകയില്ല. സുരക്ഷിതയാണ്; അതിൽ ഒരു കലതന്നെയില്ല; ഇതിനേക്കാൾ അപൂർവ്വമായി ഒരു പശുവുണ്ടാവുക എളുപ്പമല്ലതന്നെ; എന്നാൽ യിസ്റായേല്യർ അതിൽ വിഷമിക്കുകയല്ല ചെയ്തതു; നേരെമറിച്ച് അവർ സന്തോഷിക്കയാണുണ്ടായതു. എന്തുകൊണ്ടെന്നാൽ, എന്തുവന്നാലും പശുവിനെ നിർണ്ണയിക്കുന്ന കാര്യത്തിൽ തങ്ങളുടെ ഐച്ഛികമായ ബുദ്ധിശക്തികളെ ഉപയോഗിക്കയില്ലെന്നുള്ളതായിരുന്നു അവരുടെ അക്കാര്യത്തിലുള്ള നില; ഇപ്പോൾ നീ യാഥാർത്ഥ്യത്തെ കൊണ്ടുവന്നു എന്ന അവരുടെ പ്രസ്താവനയിൽ, അവക്കുണ്ടായ ആശ്വാസത്തിൻെറ അളവ് കാണാവുന്നതാണ്; തങ്ങളുടെ ബുദ്ധിയെ അക്കാര്യത്തിൽ പങ്കുകൊള്ളിച്ചില്ലെന്നുള്ളതാണ് അവരുടെ ആശ്വാസത്തിൻെറ ആകെത്തുക; അല്ലെങ്കിൽ അങ്ങിനെയുള്ളൊരു പശുവിനെ അന്വേഷിച്ചു കണ്ടുപിടിക്കുവാനുള്ള അദ്ധ്വാനത്തെയോർത്ത് അവർ അന്ധാ

[ 101-ാമത്തെ കുറിപ്പ് മറുപുറത്ത് ]

ളിച്ചു പോയേനെ; അതു അവക്കു് പ്രയാസമായിത്തോന്നിയില്ല; തങ്ങളുടെ സ്വന്തം ബുദ്ധിയുപയോഗിച്ചുകൊണ്ടു ദൈവകല്പനയെ നടപ്പിൽ വരുത്തുകയെന്നതായിരുന്നു കൂടുതൽ പ്രയാസമേറിയതു; ഒടുവിൽ അവർ അതിനെ അറുത്തു. തങ്ങളുടെ ബുദ്ധിയുപയോഗിച്ചുകൊണ്ടുതന്നെ പശുവിനെ കണ്ടുപിടിച്ചു ബലിയൎപ്പിക്കുവാൻ കല്പിക്കപ്പെട്ടിരുന്നെങ്കിൽ യിസ്രായേല്യർ മേല്പറഞ്ഞ കല്പനയെ പ്രവൃത്തിയിൽ വരുത്തുമായിരുന്നില്ല; രേഖയുടെ പൎയ്യവസാനത്തിലെ വാക്യാംശത്താൽ മേല്പറഞ്ഞ വസ്തുതയാണു് സൂചിപ്പിക്കപ്പെട്ടിരിക്കുന്നതു്.

“സുരക്ഷിതയാണു്” എന്നു ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു “മുസല്ലമതുൻ” എന്ന മൂലവാക്യാംശത്തെയാണു്; പശുക്കൾക്കുണ്ടാകാവുന്ന കുററങ്ങളിൽനിന്നും കുറവുകളിൽനിന്നും സ്രഷ്ടാവിനാൽത്തന്നെ രക്ഷിക്കപ്പെട്ടതു എന്നു ഇതിന്നൎത്ഥമുണ്ടു്; (ഇമാം ഇബ്നു അബ്ബാസ് റ:). അല്ലെങ്കിൽ, അതിന്റെ ഉടമക്കാർ എല്ലാവിധ തൊഴിലുകളിൽനിന്നും ഉപയോഗങ്ങളിൽനിന്നും ഒഴിവാക്കി നിറുത്തി, അങ്ങിനെ രക്ഷിക്കപ്പെട്ടിട്ടുള്ളതു എന്നും അൎത്ഥമുണ്ടു് (ഇമാം ഹസനുൽ-ബസരി റ:). വൎണ്ണത്തിൽ കലൎപ്പുകളില്ലാത്തതും അങ്ങിനെ കാഴ്ചയിലുണ്ടാകുന്ന ഭംഗിക്കുറവിൽനിന്നു രക്ഷിക്കപ്പെട്ടതെന്നും ഇതിന്നു അൎത്ഥം പറയപ്പെട്ടിരിക്കുന്നു. (ഇമാം മുജാഹിദ് റ:) ആദ്യത്തെ അൎത്ഥം എല്ലാ അഭിപ്രായങ്ങൾക്കും അടിസ്ഥാനമായി നില്ക്കുന്നുവെന്നതു ഗ്രഹിക്കത്തക്കതാണു്.

101. പശുവിനെ ബലിയൎപ്പിക്കുവാൻ കല്പിക്കപ്പെട്ടതു യിസ്രായേല്യരുടെ മദ്ധ്യത്തിലുണ്ടാകുന്ന കൊലക്കുററത്തെ പുരസ്കരിച്ചായിരുന്നുവെന്നു പറഞ്ഞുവല്ലോ? കൊലപ്പുള്ളിയെ തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്ത പരിതഃസ്ഥിതിയിലാണതു നിയമമാക്കപ്പെട്ടിരുന്നതു; കുററവുമായി ബന്ധമില്ലാത്തവർ, തങ്ങളുടെ സത്യാവസ്ഥയെ പ്രഖ്യാപിച്ചുകൊണ്ടു്, കൊല്ലപ്പെട്ട പശുവിന്റെ മേൽ കൈ കഴുകുകയെന്നതായിരുന്നു യിസ്രായേല്യരുടെ സത്യസാക്ഷീകരണത്തിന്റെ കൎമ്മപദ്ധതി. പക്ഷെ കുററങ്ങൾ ചെയ്തവർതന്നെ തങ്ങളുടെ മനസ്സാക്ഷിക്കെതിരായി സത്യസാക്ഷീകരണത്തിന്നും, ശിക്ഷയിൽനിന്നു രക്ഷപ്പെടുന്നതിന്നുമായി മുമ്പോട്ടുവരാൻ തുടങ്ങിയാൽ മേല്പറഞ്ഞ സത്യസാക്ഷീകരണപദ്ധതിയുടെ പ്രവൃത്തി ഫലപ്രദമാവുകയില്ലല്ലോ? അങ്ങിനെ ഓരോരുത്തരും കൊലക്കുററത്തിന്റെ ഉത്തരവാദിത്വം അന്യനിൽ ചുമത്തുവാനും തന്നത്താൻ ഒഴിഞ്ഞുമാറുവാനും ശ്രമിച്ചതായ ഒരു സംഭവത്തിന്റെ അനൎത്ഥഫലങ്ങൾ ഉച്ചകോടിയിൽ എത്തിയിരുന്ന ഒരു അവസരത്തെയാണു് ഖുർആൻ ഇവിടെ രേഖ 72ൽ അനുസ്മരിപ്പിക്കുന്നതു. ഇതു രേഖ 67ലെ പശുവിന്റെ കഥയുടെ പൂൎവ്വഭാഗമാണെന്നു് പ്രബലമായൊരു വാദമുണ്ടു്. (തബരി). ഒരു സംഭവത്തിൽനിന്നു ഉടലെടുത്ത രണ്ടു ആശയമൂല്യങ്ങളെ വേറെ വേറെ ആവിഷ്കരിക്കുന്നതിന്നായി, അങ്ങിനെ രണ്ടിൽനിന്നും തുല്യപ്രാധാന്യമുള്ള രണ്ടു ജീവിതപാഠങ്ങൾ ലഭിക്കുന്നതിന്നായി, സംഭവചിത്രീകരണത്തിന്റെ വഴിക്കുവഴിയുള്ള ഘടനയിൽ ഭേദഗതി ചെയ്യപ്പെട്ടതാണെന്നു് മനസ്സിലാക്കിയാൽ, മേല്പറഞ്ഞ വാദത്തിന്റെ യാഥാൎത്ഥ്യത്തിൽ സംശയിക്കുവാനുണ്ടാവുകയില്ല; മുൻഗാമികളായ ഖുർആൻ വ്യാഖ്യാതാക്കളെല്ലാവരുംതന്നെ മുൻപറഞ്ഞ നിഗമനത്തെയാണു് സ്വീകരിച്ചിട്ടുള്ളതു; വ്യത്യസ്തങ്ങളായ രണ്ടു് സംഭവകഥകളുടെ നിലയിൽ വേറെ വേറെ മനസ്സിലാക്കേണ്ടതായ രണ്ടു തത്വസൂചനകളെ അതു ഉൾക്കൊള്ളുന്നുവെന്നല്ലാതെ അവ രണ്ടും വേറെവേറെയുള്ള രണ്ടു കഥകളാണെന്നു വിചാരിക്കുന്നതു ശരിയല്ലതന്നെ; രേഖ 67ൽ, സാംസ്കാരികമായ പിടിച്ചുകഴിഞ്ഞിട്ടുള്ള മൗഢ്യവാസനകളെ നശിപ്പിക്കുന്നതിന്നു, മേല്പറഞ്ഞ വാസനകളെ വെച്ചുപുലൎത്തുന്നവർ, സമ്മതിച്ചാൽതന്നെ, തങ്ങളുടെ ബുദ്ധിശക്തിയെ പ്രസ്തുത കാൎയ്യത്തിന്നായി വിനിയോഗിക്കുവാൻ കൂട്ടാക്കുകയില്ലെന്നു തെളിയിക്കപ്പെട്ടു. രേഖ 72ൽ, ബാഹ്യമായ സത്യപ്രഖ്യാപനങ്ങൾകൊണ്ടു യഥാൎത്ഥമായ സത്യത്തെ മറച്ചുപിടിക്കുവാൻ യിസ്രായേല്യർ കൈക്കൊള്ളുന്ന നയങ്ങൾ പൊളിക്കപ്പെടുന്നുവെന്ന വസ്തുതയാണു് വ്യക്തമാക്കപ്പെട്ടിരിക്കുന്നതു.

രേഖ 72ൽ പ്രസ്താവിക്കപ്പെട്ട കൊലയാണു്, യിസ്രായേല്യക്കിടയിൽ സംഭവിച്ചതും, കുററവാളി ആരാണെന്നറിയപ്പെടാത്തതുമായ ആദ്യത്തെ അക്രമമെന്നു കാണാവുന്നതാണു്; അല്ലെങ്കിൽ അവർ ഓരോരുത്തരും അന്യോന്യം അക്രമകാരിയാണെന്നു് ആരോപണം ചെയ്യുമായിരുന്നില്ല. ഓരോരുത്തരും തങ്ങളുടെ പൂൎവ്വാചാരമനുസരിച്ചു പശുവിനെയറുത്തു സത്യപ്രഖ്യാപനം ചെയ്തുകൊണ്ടു തന്നത്താൻ ഒഴിഞ്ഞുമാറി നിശ്ശബ്ദമായിരിക്കുവാനേ ശ്രമിക്കുമായിരുന്നുള്ളു. എന്നാൽ മേല്പറഞ്ഞ കൊലയുടെ കാൎയ്യത്തിൽ അവർ അന്യോന്യം കുററാരോപണം ചെയ്കയാണുണ്ടായതെന്നു ഖുർആൻ തന്നെ വ്യക്തമാക്കുന്നുണ്ടു്. അതിനാൽ ഇതു, പശുവിനെയറുത്തു, നിരപരാധിത്വത്തെ പ്രഖ്യാപിച്ചുകൊണ്ടു, കുററവാളിയെക്കാണാത്ത കൊലയുടെ സംശയബാദ്ധ്യതയിൽനിന്നു മു

ക്തി നേടുവാനുള്ള നിയമങ്ങൾ ലഭിക്കുന്നതിന്നു മുമ്പു നടന്നിട്ടുള്ള കൊലയാണെന്നു തെളിയുന്നുണ്ടു്. അതിനാൽ ഇതു അത്തരത്തിൽപെട്ട ആദ്യത്തെ അനുഭവമാണെന്നതു വ്യക്തമാണു്. ഇതിൽനിന്നു, ഈ അക്രമത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു് അവരോടു ഒരു പശുവിനെ അറുക്കുവാൻ ആജ്ഞാപിക്കപ്പെട്ടതെന്നു തെളിയുന്നുണ്ടു്. അതും ആ വിധത്തിലുള്ള ആദ്യത്തെ ശാസനയാണെന്നതിൽ സംശയിക്കുവാനില്ല; അതിനെ അറുക്കുവാൻ കല്പിക്കപ്പെട്ടപ്പോൾ അവർ ഉന്നയിച്ചതായ സംശയങ്ങളിൽനിന്നും ചോദ്യങ്ങളിൽനിന്നും, അങ്ങിനെയുള്ളൊരു ശാസന അവക്കു ആദ്യമായിട്ടാണു് ലഭിക്കുന്നതെന്നു വ്യക്തമാകുന്നുണ്ടല്ലോ? അപ്പോൾ ഈ രണ്ടു കാര്യങ്ങളും വ്യത്യസ്തങ്ങളായ രണ്ടു സംഭവങ്ങളെയാണു് കുറിക്കുന്നതെന്നു വിചാരിക്കുന്നതു തീരേ ബാലിശമാണെന്നു കാണാവുന്നതാണു്.

എന്നാൽ പശുവിനെ അറുത്തു നിരപരാധിത്വം തെളിയിക്കുന്നതിന്നുള്ള അനുമതി കിട്ടിയപ്പോൾ, ഒന്നാമതു അവർ അതിന്നു അഹിതമായി അമാന്തം കാണിക്കുകയാണുണ്ടായതു; അങ്ങിനെ ഒടുവിൽ അവക്കു് അതു ചെയ്യാതെ ഗത്യന്തരമില്ലാതായപ്പോൾ അവർ അതിനെ അറുത്തു; പക്ഷെ, അതിന്നു, ഓരോരുത്തരും അന്യോന്യം കുററാരോപണം ചെയ്തിരുന്ന സ്ഥാനത്തു, അപ്പോൾ, എല്ലാവരും നിരപരാധിത്വം അവലംബിക്കുകയും അതനുസരിച്ചു സത്യപ്രഖ്യാപനം ചെയ്യുകയുമാണുണ്ടായതു; ഏതു നിലയിലും അവർ യാഥാർത്ഥ്യത്തെ മൂടിവെക്കുവാൻതന്നെയാണു് ഉത്സുകരായതു. ആ പദ്ധതിയെ അവരുടെ അട്ടിമറിപ്രവർത്തനത്തിൽനിന്നും മോചിപ്പിച്ചില്ലെങ്കിൽ അതു പിന്നീടു് അവക്കിടയിൽ അളവററ അക്രമങ്ങൾക്കു് അനുകൂലമായ ഒരു ആചാരമായി മാറിപ്പോകുന്നതാണെന്നു തെളിഞ്ഞു; സാധാരണ പ്രകൃതിയിൽ അതു സാദ്ധ്യമല്ലാത്തൊരു സംഗതിയുമാണുതാനും. അതിനാൽ അസാധാരണമായ ഒരു അതിശയ ശക്തികൊണ്ടു് അവരുടെ അക്രമവാസനയെ അടിച്ചമർത്തേണ്ടതായിവന്നു; ഈ രേഖയിലെ ആശയമൂല്യമിതാണു്; എന്നാൽ അവരുടെ ബാഹ്യദൃഷ്ടികളെ അവഗണിച്ചുകൊണ്ടുള്ളൊരു, അസാധാരണത്വമായിരുന്നില്ല അപ്പോഴും അവക്കു് അനുഭവത്തിൽ കൊണ്ടുവരപ്പെട്ടതു; മിസ്രയീമിൽനിന്നു സമ്പാദിച്ചുകൊണ്ടുവന്നിട്ടുള്ള പശുദൈവഭക്തിയെ തക്കസന്ദർഭങ്ങളിൽകൂടി തകർത്തുകളയുകയെന്ന തത്വത്തെ മുൻനിർത്തിക്കൊണ്ടാണു് മേല്പറഞ്ഞ അതിശയ ശക്തിയെ അവരുടെ നേരെ വെളിപ്പെടുത്തപ്പെട്ടതു; ഈ സംഗതിയുടെ ആകത്തുകയായ സംഭവത്തെ അറിയുന്നതിന്നു രേഖ 72, അനുവാചകനിൽ സന്നദ്ധതയുളവാക്കുന്നു.

"നിങ്ങൾ പൂഴ്ത്തിവെക്കുന്നുണ്ടായതിനെ" എന്നതുകൊണ്ടു വിവക്ഷിക്കപ്പെടുന്നതു, കൊല്ലപ്പെട്ട വ്യക്തിയുടെയും കൊലക്കുററക്കാരനായ വ്യക്തിയുടേയും യാഥാർത്ഥ്യമാണു്. പുറത്തുകൊണ്ടുവരുന്നവൻ എന്നതിന്നു വെളിപ്പെടുത്തുന്നവൻ എന്നർത്ഥമാണു്; അങ്ങിനെയുള്ള വസ്തുതകളെ വെളിപ്പെടുത്തുകയെന്നതു അല്ലാഹുവിൻെറ നിയമമാണെന്ന വസ്തുതയാണു് അതുകൊണ്ടു വ്യക്തമാക്കപ്പെടുന്നതു്; ക്രിയാരഹിതമായ വാചകഘടന പ്രത്യേകമായി കുറിക്കുന്ന വസ്തുതയാണു് ഇതു. മനുഷ്യനു മറഞ്ഞുകിടക്കുന്നതായ കാര്യങ്ങൾ ലോകത്തിൽ കുറച്ചൊന്നുമല്ല; അങ്ങിനെയുള്ള കാര്യങ്ങൾ മനുഷ്യനു വെളിപ്പെടണമെന്നു നിർബ്ബന്ധവുമില്ല. എന്നാൽ മനുഷ്യൻ മനഃപൂർവ്വമായി വെളിപ്പെടുത്താതെ സൂക്ഷിക്കുന്ന കാര്യങ്ങൾ, പ്രത്യേകിച്ചു ഗൗരവതരങ്ങളാണെങ്കിൽ, അവ ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ വെളിവിൽ വരുന്നതാണു്; അതു അങ്ങിനെയാണു്. മറച്ചുവെക്കപ്പെടുന്ന കാര്യങ്ങളുടെ ഗൗരവത്തിന്നനുസരിച്ചു മനുഷ്യൻ അവയെ മറക്കുവാനുള്ള ശ്രമങ്ങൾ ചെയ്യുന്നതാണല്ലോ? മേല്പറഞ്ഞ ശ്രമങ്ങൾ തന്നെ, അവൻ മറച്ചുവെക്കുവാൻ ഉത്സാഹിക്കുന്ന കാര്യങ്ങളുമായി അവനുള്ള ബന്ധത്തെപ്പററി ചില നിഗമനങ്ങൾ ഉളവാക്കുകയും, അതുവഴി ആ കാര്യങ്ങളുടെ ഉള്ളുകള്ളികൾ പുറത്തുവരികയും ചെയ്യും. ഇതു കുററകരമായ കാര്യങ്ങൾക്കു മാത്രമുള്ളൊരു സ്വഭാവമല്ല; മനുഷ്യക്കിടയിൽ വെളിപ്പെടേണ്ടതും, എന്നാൽ അങ്ങിനെ വെളിപ്പെടുവാൻ അനുവദിക്കപ്പെടാതെ മറച്ചുവെക്കപ്പെട്ടതുമായ എല്ലാ വസ്തുതകൾക്കുമിതു പൊതുവെ നിയമമാണു്. എന്നാൽ എല്ലാ നിയമങ്ങളും അവയുടെ നിർമ്മാതാവായ ദൈവത്തിന്നു ഐച്ഛികമായിരിക്കയാൽ അതു എല്ലാ അവസരങ്ങളിലും നിരന്തരമായി പ്രവർത്തിക്കപ്പെട്ടു കാണണമെന്നില്ല. എങ്കിലും മനുഷ്യൻ മറച്ചുപിടിക്കുന്നതുകൊണ്ടു, വെളിയിൽ വരുവാൻ യോഗ്യമായൊരു വസ്തുത വെളിപ്പെടാതെ പോവുകയില്ലെന്നു പൊതുവെ മനസ്സിലാക്കേണ്ടതാണു്. രേഖ 72ൻെറ പശ്ചവസാന വാക്യാംശത്തിൻെറ പ്രചോദനമൂല്യമിതാണു്.

73. അങ്ങിനെ നാം പറഞ്ഞു:—
നിങ്ങൾ അവനെ അടിക്കുവിൻ,
അതിൻെറ ശകലത്തെക്കൊണ്ടു്.
ആയതുപോലെയാണു്,
അല്ലാഹു ജീവിപ്പിക്കുന്നു; മരിച്ചവയെ;
അവൻ കാണിക്കയും ചെയ്യുന്നു, നിങ്ങൾക്കു്;
അവൻെറ രേഖകളെ;
നിങ്ങൾ ബുദ്ധിയുപയോഗിച്ചു ഗ്രഹിക്കാൻവേണ്ടി.[102]

٧٣- فَقُلْنَا اضْرِبُوهُ بِبَعْضِهَا ۚ
كَذَٰلِكَ يُحْيِي اللَّهُ الْمَوْتَىٰ ۙ
وَيُرِيكُمْ آيَاتِهِ لَعَلَّكُمْ تَعْقِلُونَ ○

ഗദ്യഭാഷ

73. അങ്ങിനെ, നിങ്ങൾ അവനെ അതിൻെറ (പശുവിൻെറ) ശകലംകൊണ്ടു അടിക്കുവിൻ എന്നു നാം പറഞ്ഞു; അങ്ങിനെയാണു് അല്ലാഹു മരിച്ചവയെ ജീവിപ്പിക്കുന്നതു. നിങ്ങൾ ബുദ്ധിചെലുത്തി മനസ്സിലാക്കുവാൻവേണ്ടി നിങ്ങൾക്കു അവൻെറ രേഖകളെ അവൻ കാണിച്ചുതരികയും ചെയ്യുന്നു.

102. കുററവാളികളുംകൂടി നിരപരാധികളെപ്പോലെ, ബലികഴിക്കപ്പെട്ട പശുവിന്മേൽ കൈകഴുകി സത്യം ചെയ്യുമ്പോൾ, സത്യസാക്ഷീകരണപദ്ധതി ദുർബ്ബലപ്പെടാവുന്ന നിലയിലേക്കു് വന്നിരിക്കയാണു്. കുററവാളികൾ തങ്ങളുടെ കുററത്തെ മറച്ചുവെക്കുന്നതിൽ വിജയിക്കാറായെന്ന നിഗമനത്തിൽ ചെന്നെത്തിയിരിക്കയുമാണു്; മറെറാരിക്കൽ സത്യസാക്ഷീകരണത്തിൻെറ കാരണത്തിലുംകൂടി പശുവിനെ കൊല്ലുവാനുള്ള കല്പന വരുന്നതു ഫലപ്രദമല്ലെന്നു വരുത്തുകയാണവർ ചെയ്യുവാനാശിച്ചതെന്നു കാണപ്പെട്ടു; യിസ്രായേല്യർ മറച്ചുവെച്ചുകൊണ്ടിരുന്ന വസ്തുതകളിൽ ഒന്നു അവരുടെ പശുദൈവഭക്തികൂടിയാണെന്നുള്ളതു വ്യക്തമാണു്; എന്നാൽ ബലിയപ്പിക്കുവാൻ കല്പിക്കപ്പെട്ട പശുവിൻെറ ശരീരാംശത്തെ ബാഹ്യരൂപത്തിൽ പ്രയോഗിച്ചുകൊണ്ടുതന്നെയാണു്, തങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന വസ്തുതയെ സാധാരണയിൽ കവിഞ്ഞൊരു സംഭവത്തിൻെറ നിലയിൽ, തങ്ങളുടെ രക്ഷിതാവു പുറത്തുകൊണ്ടുവന്നതു്. തങ്ങൾ പരാജയപ്പെടുത്തുവാൻ ശ്രമിച്ച പദ്ധതി തന്നെ യിസ്രായേല്യരുടെ കപട ധൈര്യത്തെ പരാജയപ്പെടുത്തിക്കളഞ്ഞു; പശുവിൻെറ ശരീരാംശത്താൽ, മൃതശരീരത്തെ മുട്ടിച്ചപ്പോൾ മരിച്ചുകിടന്നിരുന്ന വ്യക്തിയിൽനിന്നുതന്നെ അവനെ കൊലപ്പെടുത്തിയവനെ സംബന്ധിച്ച തെളിവു ലഭിക്കയുണ്ടായി; തൻെറ കൊലയാളിയെപ്പററി പറഞ്ഞുകൊടുക്കുവാനാവശ്യമായ ചേതനാശക്തി, കൊലക്കു വിഷയമായിരുന്ന വ്യക്തിയിൽ ശേഷിച്ചിരുന്നതു സാധരണയിൽക്കവിഞ്ഞ വിധത്തിൽ പ്രവൃത്തിയിൽ കൊണ്ടുവരപ്പെട്ടു. കൊല്ലപ്പെട്ട വ്യക്തി ജീവിച്ചു; പക്ഷെ അതു, കൊല്ലപ്പെടുന്നതിന്നു മുമ്പുണ്ടായിരുന്ന ജീവിതമായിരുന്നില്ലതന്നെ; മരണാനന്തരമായി മനുഷ്യൻ ജീവിപ്പിക്കപ്പെടുന്നതാണെന്ന സത്യസിദ്ധാന്തത്തിന്നു നല്ലൊരു നിദർശനമാണിതെന്നു ഖുർആൻ തുടർന്നു പ്രഖ്യാപിക്കുന്നതു നോക്കുക. മരണത്തിന്നു പിറകെ ജീവിപ്പിക്കപ്പെടുന്നുവെന്നതിന്നു, മരണത്തിന്നു മുമ്പുണ്ടായിരുന്ന ജീവിതത്തിലേക്കു് മനുഷ്യൻ മടങ്ങിവരുന്നുവെന്നർത്ഥമില്ലെന്നു മനസ്സിലാക്കിയാൽ മേല്പറ നിദർശനത്തിൻെറ പരമാർത്ഥത ഗ്രഹിക്കാവുന്നതാണു്. നമ്മുടെ ദൈനംദിന ജീവിതത്തിൽ തന്നെ കഴിഞ്ഞുപോയ ദിവസത്തെ നമുക്കു വീണ്ടെടുക്കുവാൻ സാദ്ധ്യമല്ല; നമുക്കു കിട്ടുന്ന ദിവസങ്ങളൊക്കെ, ഭാവിയിൽനിന്നു വർത്തമാനത്തിൽക്കൂടി നമ്മെ പിന്നിട്ടുപോകുന്ന സമയാംശങ്ങളാണു്; ഭാവി വർത്തമാനമായും. വർത്തമാനം ഭൂതമായും മാറാതെ നിവൃത്തിയില്ല, എന്നാൽ ഭൂതകാലത്തിന്നു വർത്തമാനമായി മാറുവാനോ, വർത്തമാനത്തിന്നു ഭാവിയായി മാറുവാനോ തരമില്ല; ഓരോ നിമിഷവും, അതിന്നു മുമ്പും പിമ്പുമുള്ള നിമിഷത്തിൽനിന്നു വ്യത്യസ്തമാണു്; ഒരു നിമിഷത്തിലെ ജീവിതവും മറെറാരു നിമിഷത്തിലെ ജീവിതമല്ല. അതുപോലെതന്നെ ഐഹികജീവിതമല്ല പാരത്രികമായ ജീവിതമെന്നുള്ളതും വ്യക്തമാണു്. എന്നാൽ രണ്ടും ജീവിതങ്ങൾ തന്നെയാണു്; ഒരു ജീവിതത്തിൻെറ അവസാനം അടുത്ത ജീവിതത്തിൻെറ ആരംഭത്തെക്കുറിക്കുകയും ചെയ്യുന്നു; ഒന്നു അവസാനിക്കാതെ മറെറാന്നു ആരംഭിക്കുന്നില്ല; അവസാനിപ്പിക്കപ്പെട്ടതു ആവർത്തിക്കപ്പെടുന്നുമില്ല. "ആയതുപോലെതന്നെയാണു് മരണപ്പെട്ടവരെ അല്ലാഹു ജീവിപ്പിക്കുന്നു" എന്ന വാക്യാംശത്തെ വിശദീകരിക്കുമ്പോൾ, മേല്പറയപ്പെട്ട വസ്തുതകൾ സ്മരിക്കുന്നതു പ്രയോജനകരമായിരിക്കുന്നതാണു്. കൂടുതൽ വിശദീകരണങ്ങൾക്കു് സംഹിത 23ൽ രേഖ 100ഉം, സംഹിത 39ൽ രേഖ 42ഉം, സംഹിത 21ൽ രേഖ 95ഉം നോക്കുക.

74. പിന്നെ കഠിനപ്പെട്ടുപോയി; നിങ്ങളുടെ ഹൃദയങ്ങൾ;
ആയതിന്നു പിറകിനാലെ.
അങ്ങിനെ അവ പാറകളെപ്പോലെയാണ്;
അല്ലെങ്കിൽ കൂടുതൽ ശക്തിപ്പെട്ടതാണു; കാഠിന്യത്തിൽ.
നിശ്ചയമായിട്ടു പാറകളുടെ കൂട്ടത്തിലുംതന്നെ,
തന്നിൽനിന്നു നീർച്ചാലുകൾ കിളിക്കുന്നതുണ്ട്.
നിശ്ചയമായിട്ട്, അവയുടെ കൂട്ടത്തിലുംതന്നെ
സ്വതവേ പിളരുന്നതുമുണ്ട്;
അങ്ങിനെ അതിൽനിന്നു തണ്ണീർ പുറപ്പെടുന്നു.
നിശ്ചയമായിട്ട്, അവയുടെ കൂട്ടത്തിൽതന്നെ
കീഴോട്ടു വീഴുന്നതുമുണ്ട്;
അല്ലാഹുവിനോടുള്ള ഭീതിയാലെ.
അല്ലാഹു അല്ലതാനും, അജാഗ്രതകൊള്ളുന്നവൻ;
നിങ്ങൾ പ്രവൎത്തിക്കുന്നതിനെക്കുറിച്ച്.[103]

٧٤. ثُمَّ قَسَتْ قُلُوبُكُم مِّنْ بَعْدِ ذٰلِكَ
فَهِيَ كَالْحِجَارَةِ أَوْ أَشَدُّ قَسْوَةً ۚ وَإِنَّ مِنَ
الْحِجَارَةِ لَمَا يَتَفَجَّرُ مِنْهُ الْأَنْهٰرُ ۚ وَإِنَّ
مِنْهَا لَمَا يَشَّقَّقُ فَيَخْرُجُ مِنْهُ الْمَآءُ ۚ وَ
إِنَّ مِنْهَا لَمَا يَهْبِطُ مِنْ خَشْيَةِ اللّٰهِ ۚ وَ
مَا اللّٰهُ بِغَافِلٍ عَمَّا تَعْمَلُونَ ۝

ഗദ്യഭാഷ

74. പിന്നെ, നിങ്ങളുടെ ഹൃദയങ്ങൾ, ആയതിന്നു പിറകിനാലെ കഠിനപ്പെട്ടുപോയി; അങ്ങിനെ അവ പാറകളെപ്പോലെയാണ്; അല്ലെങ്കിൽ, കാഠിന്യത്തിൽ പാറകളെക്കാൾ കൂടുതൽ ശക്തിയേറിയതാണ്; നിശ്ചയമായിട്ടു, പാറകളുടെ കൂട്ടത്തിൽ തന്നെ, നദികൾ തന്നിൽനിന്നു പൊട്ടിപ്പുറപ്പെടുന്നതുണ്ട്. അവയുടെ കൂട്ടത്തിൽത്തന്നെ തന്നത്താൻ പിളരുന്നതുമുണ്ട്. അങ്ങിനെ അതിൽനിന്നു തണ്ണീർ പുറപ്പെടുന്നു. ഇനിയും, നിശ്ചയമായിട്ടു അവയുടെ കൂട്ടത്തിൽത്തന്നെ, അല്ലാഹുവിനോടുള്ള ഭീതിയാൽ കീഴോട്ടു വീഴുന്നതുമുണ്ടു. നിങ്ങൾ പ്രവൎത്തിക്കുന്നതിനെക്കുറിച്ചു അല്ലാഹു അജാഗ്രതപ്പെട്ടിരിക്കുന്നവനല്ലതാനും.

മരിച്ചവരെ ജീവിപ്പിക്കുന്നുവെന്നതിന്നുള്ള നിദർശനമാണിതെന്നു വ്യക്തമാക്കിയതിൽപിന്നെ ഖുർആൻ തുടൎന്നു ചെയ്യുന്ന പ്രസ്താവന നോക്കുക; പ്രതിപാദനവിഷയമായി കൊണ്ടുവന്നിട്ടുള്ള വസ്തുതയുടെ ഗൗരവത്തേയും ഗഹനതയേയുമാണതു കുറിക്കുന്നത്. അല്ലാഹുവിൻെറ രേഖകളെ അവൻ ലോകദൃഷ്ടിയിൽ അവതരിപ്പിക്കുന്നതു ഏതു ക്രമത്തിലാണെന്നും എന്തു ഉദ്ദേശത്തിലാണെന്നും അതു എടുത്തുപറയുന്നു. തൻെറ രേഖകളെ അവൻ കാണിക്കുകയാണ് ചെയ്യുന്നതു്; വിശദീകരിക്കുകയല്ല; എന്നാൽ വ്യക്തമാക്കാതെ വിട്ടുകളയുന്നുമില്ല. അവർ അവയെ കണ്ടു ബുദ്ധിയുപയോഗിച്ചു കാൎയ്യങ്ങളുടെ വാസ്തവരൂപത്തെ ഗ്രഹിക്കുവാൻവേണ്ടിയാണ് അങ്ങിനെ ചെയ്യപ്പെടുന്നതു എന്നു പൎയ്യവസാനിക്കുന്ന പ്രസ്താവന, ഗാഢമായ ചിന്തയ്ക്കു വിഷയമാകേണ്ടതാണ്.

103. ദുർവൃത്തികളിൽനിന്നു വിട്ടുമാറി, സത്യവിശ്വാസമൂലമായ സൽകൎമ്മങ്ങളിലേക്കു്, തങ്ങളുടെ ബുദ്ധിശക്തിയുപയോഗിച്ചു അവർ പ്രവേശിക്കുവാൻ വേണ്ടിയാണ് യിസ്രായേല്യൎക്ക് ദൈവത്തിൻെറ സത്യരേഖകൾ കാണിച്ചുകൊടുക്കപ്പെട്ടതു എന്നുള്ള സംഗതിയാണ് രേഖ 73ൽ പ്രഖ്യാപിക്കപ്പെട്ടതു; എന്നാൽ ബുദ്ധിയുടെ പ്രവൎത്തനങ്ങൾ ഹൃദയങ്ങളിൽ പതിയുവാൻ സംഗതിയാകാത്ത വിധത്തിൽ, ഹൃദയങ്ങൾ കഠിനപ്പെട്ടുപോയാൽ, പിന്നെ, പ്രസ്തുത ഹൃദയങ്ങളെ ബുദ്ധിയിൽകൂടെ ഫലപ്രദമായ വിധത്തിൽ സമീപിക്കുക സാദ്ധ്യമല്ലതന്നെ; ഈ ആശയത്തിൻെറ ഒരു അനുഭവരൂപമായ ആവിഷ്കരണമാണ് രേഖ 74ൽ ഖുർആൻ അവരുടെ ആലോചനയിൽ കൊണ്ടുവരുന്നതു. ബുദ്ധിയുടെ പ്രവൎത്തനത്തിന്നു വഴങ്ങിക്കൊടുക്കുന്ന ഹൃദയത്തിൽ മൗഢ്യവാസനകൾക്ക് കെട്ടിക്കിടക്കുവാൻ സാദ്ധ്യമല്ല. ഹൃദയങ്ങൾ കഠിനമായാൽ ബുദ്ധിമൂലമായ ജ്ഞാനോപദേശങ്ങൾ ഹൃദയങ്ങളിൽ ഫലിക്കുകയില്ല; അലിവും അനുഭവഗുണവുമില്ലാത്ത അവസ്ഥയിലേക്ക് ആത്മാക്കൾ അധഃപതിക്കുകയെന്നതാണ് ഹൃദയങ്ങൾ കഠിനപ്പെട്ടുപോവുകയെന്നതിൻെറ അൎത്ഥമൂലമായ വസ്തുത. അതിന്നു പല അളവുകളുണ്ട്; അധഃപതനത്തിൻെറ ആഴത്തിന്നനുസരിച്ചു അവ അധികവും അഗാധവുമായിത്തീരുന്നു; ഹൃദയകാഠിന്യത്തെ സംബന്ധിച്ചു ഖുർആൻ കൊണ്ടുവരുന്ന സാമ്യനിരൂപണത്തിൽനിന്നു പ്രസ്തുത ദുർഗ്ഗുണത്തിൻെറ പേരിൽ, ഖുർആനിൽ വിശ്വസിക്കുന്നവൎക്കുണ്ടായിരിക്കേണ്ട തീക്ഷ്ണമായ പ്രതിഷേധഭാവത്തെയാണ് കാണുവാ

ൻ സാധിക്കേണ്ടതു; ഹൃദയകാഠിന്യത്തെ കൈവിടാത്തവക്ക് സാക്ഷാൽ സത്യമായ ദൈവത്തിൽനിന്നുള്ള ദിവ്യരേഖകളും പ്രയോജനപ്പെടുകയില്ലതന്നെ. പക്ഷെ ഹൃദയപരിവത്തനങ്ങൾക്ക് പ്രേരകങ്ങളായിത്തീരുന്ന സന്ദർഭങ്ങൾ ലഭിക്കുന്നതിന്നു മുമ്പായി, ഹൃദയകാഠിന്യത്തിൻെറ യഥാർത്ഥ നില വ്യക്തമാവുകയില്ല; രേഖ 74ൻെറ പ്രാരംഭത്തിൽ വിശദമാക്കപ്പെട്ടിരിക്കുന്ന "സുമ്മ=പിന്നെ" എന്ന വാക്ക് സൂചിപ്പിക്കുന്നതു, യിസ്രായേല്യക്ക് തങ്ങളുടെ ഹൃദയങ്ങളുടെ നിലയെ പ്രവൃത്തിരൂപത്തിൽ വ്യക്തമാക്കുവാൻ സാധിക്കത്തക്കവിധത്തിൽ, തുടരെത്തുടരെ നല്കപ്പെട്ട സന്ദർഭങ്ങളെയാണ്. അതിന്നു ശേഷമായിട്ട് മാത്രമാണ് അവരുടെ ഹൃദയം കഠിനപ്പെട്ടുപോയെന്നുള്ള പ്രസ്താവനയെ ഖുർആൻ പുറപ്പെടുവിക്കുന്നതു; അതിനോടുകൂടെ, അവക്ക് മാനസാന്തരത്തിന്നായി നല്കപ്പെട്ടിരുന്ന സന്ദർഭങ്ങളുടെ ആകെത്തുകയെ ഒന്നുകൂടി ചൂണ്ടിക്കാണിക്കയും ചെയ്യുന്നു; "ആയതിന്നു പിറകിനാലെ' എന്ന വാക്യാംശത്തെ പരിശോധിക്കുക. യിസ്രായേല്യർ കണ്ടറിഞ്ഞിട്ടുള്ള സന്ദർഭാനുസരണങ്ങളായ സത്യരേഖകളുടെ ആകെത്തുകയെ അതു ചൂണ്ടിക്കാണിക്കുന്നു; (ഇമാം സജ്ജാദ് റ:) തന്നെയല്ല യിസ്രായേല്യരുടെ ഹൃദയങ്ങളുടെ നില സ്വതവേ മൃദുലമോ കഠിനമോ എന്നു തെളിയിക്കുവാൻ മാത്രമല്ല ഇനി, അവ കഠിനമാണെങ്കിൽ അവയെ മൃദുലപ്പെടുത്തുവാൻകൂടി പര്യാപ്തങ്ങളായിരുന്നു അവക്കു നല്കപ്പെട്ടിരുന്ന ഭൂതകാല സന്ദർഭങ്ങൾ; എന്നിട്ടും അവ കാഠിന്യത്തെയാണ് കൈക്കൊണ്ടതെന്ന വസ്തുതയിലുള്ള അസാംഗത്യത്തെക്കൂടി മേല്പറഞ്ഞ സംഭവസൂചന വ്യക്തമാക്കുന്നുണ്ടു. അങ്ങിനെ, അസംഗതമായ അവയുടെ കാഠിന്യത്തിൽ അവയുടെ അവസ്ഥ ഏതു അളവിൽ എത്തിയിരിക്കുന്നുവെന്ന്, അനുവാചകനിൽ ഉളവാകാവുന്ന ആലോചനയെ ഖുർആൻ അർത്ഥവത്തായി അഭിമുഖീകരിക്കുന്നതു നോക്കുക.

ഖുർആൻ, അതിൻെറ ഉപമകളും ഉദാഹരണങ്ങളും എടുക്കുന്നതു അനുവാചകൻെറ ആലോചനക്ക് അടുത്തു നില്ക്കുന്ന അന്തരീക്ഷത്തിൽനിന്നാണ്; എന്നാൽ ഉപമയുടേയും ഉദാഹരണത്തിൻെറയും പരിധിയിൽ അനുവാചകനെ ഒതുക്കിനിറുത്തുകയെന്നതു ഖുർആനിൻെറ പ്രതിപാദനരീതിയിൽ കാണപ്പെടുകയില്ല; ഉപമയുടെയോ ഉദാഹരണത്തിൻെറയോ വൃത്തത്തിന്നു പുറത്തുനില്ക്കുന്ന സ്വഭാവത്തിലുള്ളതാണ് പ്രതിപാദന വിഷയമെങ്കിൽ, അനുവാചകൻെറ അന്തരീക്ഷത്തെത്തന്നെ പ്രാഥമികമായി ഉപയോഗിച്ചുകൊണ്ടു, അതിന്നു അപ്പുറത്തുള്ള പ്രതിപാദന വിഷയത്തിലേക്ക് അവനെ അതു ആവഹിക്കുന്നു. അങ്ങിനെ അടുത്തുകിടക്കുന്ന അനുഭവങ്ങളിൽകൂടി അകന്നുകിടക്കുന്നതും അവാച്യവുമായ ആനുഭൂതിയിലേക്ക് അവനെ ഖുർആൻ ആനയിക്കുന്നു. ഇനി ഈ രേഖയിലെ ഉപമയെ എടുത്തുനോക്കുക; യിസ്രായേല്യരുടെ കഠിനപ്പെട്ട ഹൃദയങ്ങളാണ് ഇവിടത്തെ പ്രതിപാദനവസ്തു. ഒററവാക്കിൽ, അവ പാറകളെപ്പോലെയാണെന്ന് പറഞ്ഞാൽ കഠിനപദാർത്ഥങ്ങളിൽകൂടി കാഠിന്യത്തെപ്പററി ഗ്രഹിച്ചിട്ടുള്ള വ്യക്തിക്ക് അതു മനസ്സിലാകത്തക്കതാണ്; എന്നാൽ ഇവിടെ ഉപമിക്കപ്പെടുന്ന കാര്യത്തിൽ (കാഠിന്യത്തിൽ) ഉപമാനമായിക്കൊണ്ടുവരപ്പെടുന്ന വസ്തുവിന്നു (പാറകൾക്ക്) ഉപമേയത്തേക്കാൾ (ഹൃദയങ്ങളേക്കാൾ) പ്രാധാന്യമുണ്ടാകണമല്ലോ? അല്ലെങ്കിൽ ഉപമ ഉപകരിക്കുകയില്ല. എന്നാൽ ഖുർആൻ ഈ അനുമാനത്തെ അങ്ങിനെ അവസാനിപ്പിക്കുന്നില്ല; യിസ്രായേല്യരുടെ ഹൃദയങ്ങൾ കാഠിന്യത്തിൻെറ കാര്യത്തിൽ പാറകളേക്കാൾ കൂടുതൽ ശക്തിപ്പെട്ടവയാണെന്ന്, അതു തുടൻ വ്യക്തമാക്കുന്നതു നോക്കുക. അനുവാചകനെ വെച്ചു നോക്കുമ്പോൾ ഉപമ ആവശ്യമായി വരുന്നുവെങ്കിൽകൂടി പ്രതിപാദനവിഷയത്തിൻെറ ഗൗരവത്തെ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ ഉപമ അപര്യാപ്തമാണ് എന്ന അനുഭവമാണ് ഇവിടെ ഖുർആൻ ആവിഷ്കരിക്കുന്നതു. പക്ഷെ ഒരു ഉപമയെ ഉപയോഗിച്ചിട്ടാണ്, അങ്ങിനെ അതിൻെറ പടിപടിയായുള്ള വിചാരപരമ്പരകളിൽകൂടിയാണു അതു അനുവാചകനെ ഈ നിഗമനത്തിൽ എത്തിക്കുന്നതു.

അനുവാചകനെ ഉദ്ദേശിച്ചുകൊണ്ട് ആദ്യത്തിൽ അവരുടെ ഹൃദയകാഠിന്യത്തെ ഉപമിക്കുകയും ഉടനെത്തന്നെ ഉപമേയമായ ഹൃദയകാഠിന്യത്തിൻെറ അസാധാരണത്വത്തെ വ്യക്തമാക്കുകയും ചെയ്യുന്നതിന്നിടയിൽ, "ഇതു അല്ലെങ്കിൽ അതു" എന്നു അർത്ഥം വരുന്ന "ഔ" എന്ന വാക്ക് പ്രയോഗിക്കപ്പെട്ടിരിക്കുന്നതു നോക്കുക; പ്രതിപാദനത്തിലിരിക്കുന്ന വസ്തുതയുടെ ഗൗരവത്തിലേക്ക് അനുവാചകനെ അവൻെറ ഭാഷയിൽതന്നെ തട്ടിയുണത്തുകയാണ് ഇതു ചെയ്യുന്നതു. കഠിന ഹൃദയരായ മനുഷ്യരിൽ കാണപ്പെടാത്തതും, കാഠിന്യത്തിന്നു കുപ്രസിദ്ധിപ്പെട്ടതായ പാറകളിൽ കാണപ്പെടുന്നതുമായ ചില മൃദുലഗുണങ്ങൾ തുടൻ ചിന്താവിഷയമാക്കപ്പെടുന്നു.

75. അപ്പോൾ നിങ്ങൾ ആഗ്രഹിക്കുന്നുവോ?
അവർ നിങ്ങൾക്കായി വിശ്വസിക്കുവാൻ.
അവരുടെ കൂട്ടത്തിൽനിന്നൊരു വിഭാഗക്കാർ
കേൾക്കുന്നുമുണ്ടായിരുന്നു;
അല്ലാഹുവിന്റെ പ്രഭാഷണത്തെ.
പിന്നെ, അവരതിനെ മാററി മറിക്കുന്നു;
അവർ അതിനെ ഗ്രഹിച്ചതിന്നു പിറകിനാലെ;
അവർ അറിയുന്നുണ്ടായിരിക്കവേ.[104]

٧٥- أَفَتَطْمَعُونَ أَن يُؤْمِنُوا لَكُمْ وَقَدْ كَانَ
فَرِيقٌ مِّنْهُمْ يَسْمَعُونَ كَلٰمَ اللّٰهِ ثُمَّ
يُحَرِّفُونَهُ مِن بَعْدِ مَا عَقَلُوهُ وَهُمْ
يَعْلَمُونَ ○

ഗദ്യഭാഷ

75. അപ്പോൾ നിങ്ങൾക്കവർ വിശ്വസിച്ചുതരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? അവരുടെ കൂട്ടത്തിൽ നിന്നൊരു വിഭാഗക്കാർ അല്ലാഹുവിന്റെ പ്രഭാഷണത്തെ കേൾക്കുകയും, പിന്നെയതിനെ അവർ ഗ്രഹിച്ചതിന്നു പിറകിനാലെത്തന്നെ, (അതിനെ) അവർ അറിഞ്ഞുകൊണ്ടുതന്നെ മാററിമറിക്കയും ചെയ്യുന്നുണ്ടായിരുന്നു.

പ്രകൃതിയിലെ കഠിനപദാർത്ഥങ്ങളിൽ പ്രധാനപ്പെട്ടതാണ് പാറകൾ; പക്ഷെ യിസ്രായേല്യരുടെ ഹൃദയകാഠിന്യത്തിന്നു മാതൃകയാകുവാൻ പാറകൾ മതിയാവുകയില്ല; എന്തുകൊണ്ടെന്നാൽ, പാറകൾക്കുതന്നെ വിഭിന്നങ്ങളായ മൂലസ്വഭാവങ്ങളുണ്ടു; പാറകളിൽ ചിലതു സ്വതവേ പിളർന്നു നദികൾ ചിന്നിയൊഴുകുന്നവയുണ്ട്. മററ ചിലതു, ശക്തിയുപയോഗിച്ചു പൊട്ടിക്കപ്പെട്ടാൽ നീരുറവു് പുറപ്പെടുന്നവയാണ്; കൂടാതെ, കീഴോട്ടിടിഞ്ഞുവീഴേണ്ടുന്ന സന്ദർഭങ്ങൾ വന്നാൽ ക്രമത്തിന്നു കീഴ്പോട്ടിടിഞ്ഞുവീഴുന്ന പാറകളുമുണ്ട്. ക്രമവിരുദ്ധമായി പ്രവർത്തിക്കുവാൻ പ്രകൃതിവസ്തുക്കളിൽ യാതൊന്നും സാദ്ധ്യമല്ല; പ്രകൃതി കാഠിന്യത്തിന്റെ മാതൃകയായ പാറകൾക്കുകൂടി മേല്പറഞ്ഞ നിയമത്തിൽ വൈപരീത്യസ്വഭാവമില്ല. പ്രകൃതിയിൽകൂടി തങ്ങളുടെ സ്രഷ്ടാവു് നല്കുന്ന നിയമങ്ങളെയവ മാനിക്കുകയും തന്മൂലമായ പ്രതിഫലനങ്ങൾക്ക് വിധേയമായിത്തീരുകയും ചെയ്യുന്നു. സത്യഭീതികൂടാതെ, സ്വാർത്ഥതാല്പര്യങ്ങൾ വെച്ചു പ്രവർത്തിച്ചു പോരുന്ന മനുഷ്യവിഭാഗത്തിന്റെ ഹൃദയകാഠിന്യത്തെ സാമ്യപ്പെടുത്താവുന്ന കഠിന വസ്തുക്കൾ പ്രകൃതിവൃത്തത്തിൽ, വേറെ, ലഭ്യമല്ല; മനുഷ്യന്റെ പ്രവൃത്തിമൂലമായ കെടുതികളാണ് മനുഷ്യനെ മേല്പറഞ്ഞ ദുഃസ്ഥിതിയിൽ കൊണ്ടെത്തിക്കുന്നതു; യിസ്രായേല്യരുടെ കഥയും മേല്പറഞ്ഞതുതന്നെ, തങ്ങൾ പ്രവർത്തിച്ചുകൂട്ടുന്ന ദുഷ്കർമ്മങ്ങളെ സംബന്ധിച്ചു തങ്ങളുടെ രക്ഷിതാവു് ജാഗ്രതയില്ലാത്തവനല്ല; തന്റെ നിയമങ്ങൾ പൂർണ്ണരൂപങ്ങളെ പ്രാപിക്കുവാൻ വിട്ടുകൊണ്ടു് മനുഷ്യന്റെ ക്രയവിക്രയങ്ങളെ ശ്രദ്ധിച്ചു സൂക്ഷിച്ചുകൊണ്ടിരിക്കയാണവൻ.

104. യിസ്രായേല്യരുടെ ഹൃദയങ്ങളിൽ കുടിയിരിക്കുന്ന ദുർഗ്ഗുണങ്ങൾ, ബുദ്ധിയുടെ പ്രയോഗത്തിൽകൂടി ലഭിക്കുന്ന, സത്യരേഖാ മൂലമായ ജ്ഞാനപ്രകാശത്തിന്നു വിഷയമാകാത്ത വിധത്തിൽ വേരുറച്ചുപോയിരിക്കയാണ്. അക്രമവാസനകൾ അവരുടെ ഹൃദയങ്ങളുടെ പരിവർത്തനസ്വഭാവത്തെ അവസാനിപ്പിച്ചിരിക്കുന്നു; രേഖ 74ന്റെ പ്രതിപാദനംകൊണ്ടു സാധിച്ചതു ഇത്രയുമാണല്ലോ? അവരിൽ മാററമുണ്ടാകുകയെന്നുള്ളതു അസ്വാഭാവികമാണെന്ന നിഗമനമാണ് അതിനാൽ ഉന്നയിക്കപ്പെട്ടതു. എന്നാൽ ആ പ്രതിപാദനങ്ങളെല്ലാംതന്നെ അവരെ അഭിമുഖീകരിച്ചുകൊണ്ടുള്ളതായിരുന്നു. ഇവിടെ രേഖ 75ൽ അവരിൽനിന്നു പരിവർത്തനത്തെ പ്രത്യാശിക്കുന്ന വിശ്വാസികളെയാണ് ഖുർആൻ അഭിമുഖീകരിക്കുന്നതു്; എന്നിട്ടു അവരിൽ പരിവർത്തനത്തിന്നു വിഷയമാകുവാൻ കൂടുതൽ കടപ്പെട്ട വിഭാഗക്കാരുടെ വസ്തുതയെ പ്രത്യേകമായി എടുത്തുകാണിക്കുന്നു; യിസ്രായേല്യരിൽനിന്നു ഒരു വിഭാഗക്കാർ എന്നു ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു അവരുടെ പുരോഹിതന്മാരെ സംബന്ധിച്ചാണ്; ചുരുക്കത്തിൽ യിസ്രായേല്യരുടെ സത്യമാർഗ്ഗത്തിലേക്കുള്ള പരിവർത്തനത്തിന്നു അവരുടെ പുരോഹിതന്മാർ എതിരാണെന്നുള്ള വസ്തുതയാണ് ഖുർആൻ എടുത്തുകാണിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അവരിൽ ഒരു വിഭാഗക്കാർ സാക്ഷാൽ സത്യമായ ദൈവത്തിന്റെ പ്രഭാഷണത്തെ കേൾക്കുന്നുണ്ടായിരുന്നു; എന്നാൽ അതിന്റെ യാഥാർത്ഥ്യങ്ങളെ ബുദ്ധിയുപയോഗിച്ചു മനസ്സിലാക്കിയതിൽ പിന്നെ അവർ അതിനെ മാ

76. (ഇനി) അവർ വിശ്വസിച്ചിട്ടുള്ളവരെ കണ്ടുമുട്ടിയാൽ,
അവർ പറയുകയുമായി,
ഞങ്ങൾ വിശ്വസിച്ചുവെന്നു്.
(ഇനി) അവരിൽ ചിലർ മററു ചിലരുമായി
തനിച്ചായാൽ, അവർ പറകയായി:–
നിങ്ങൾ അവക്കു് പറഞ്ഞുകൊടുക്കുന്നുവോ?
നിങ്ങൾക്കു അല്ലാഹു തുറന്നുതന്നിട്ടുള്ളതിനെക്കുറിച്ചു;
അവർ അതുകൊണ്ടു നിങ്ങളോടു് വാദിക്കുവാനായിട്ടു്?
നിങ്ങളുടെ രക്ഷിതാവിൻെറ പക്കൽ.
അപ്പോൾ നിങ്ങൾ ബുദ്ധിയാൽ ഗ്രഹിക്കുന്നില്ലേ?[105]

٧٦ وَإِذَا لَقُوا الَّذِينَ آمَنُوا قَالُوا آمَنَّا وَ
إِذَا خَلَا بَعْضُهُمْ إِلَىٰ بَعْضٍ قَالُوا أَتُحَدِّثُونَهُم
بِمَا فَتَحَ اللَّهُ عَلَيْكُمْ لِيُحَاجُّوكُم بِهِ عِندَ
رَبِّكُمْ ۚ
أَفَلَا تَعْقِلُونَ ○

ഗദ്യഭാഷ

76. (ഇനി) അവർ വിശ്വസിച്ചിട്ടുള്ളവരെ കണ്ടുമുട്ടിയാൽ, ഞങ്ങൾ വിശ്വസിച്ചുവെന്നു അവർ പറയുകയായി; (എന്നാൽ) അവരിൽ ചിലർ മററുചിലരുമായി തനിച്ചുകൂടിയാൽ അവർ പറയുകയായി:– നിങ്ങളുടെ രക്ഷിതാവിൻെറ പക്കൽ നിങ്ങളോടു നേരിട്ടു അവർ വാദിക്കുവാനാ(ക്കുമാറു) നിങ്ങൾക്കു അല്ലാഹു തുറന്നുതന്നിട്ടുള്ളതിനെക്കുറിച്ചു, നിങ്ങൾ അവക്കു് പറഞ്ഞുകൊടുക്കുന്നുവോ? അപ്പോൾ നിങ്ങൾ ഗ്രഹിക്കുന്നില്ലേ?

---

ററി മറിക്കുകയാണു് ചെയ്തിരുന്നതു്; സമുദായത്തെ സത്യമാർഗ്ഗത്തിലേക്കു് പരിവർത്തനപ്പെടുത്തുന്നതിന്നു പ്രേരിപ്പിക്കുന്നതായ വസ്തുതകളെത്തന്നെ, മിഥ്യയുമായി മാററിമറിക്കുകയാണവർ ചെയ്തുകൊണ്ടിരുന്നതു്; തങ്ങൾ സത്യത്തിന്നനുകൂലമായി പരിവർത്തനപ്പെടുവാനല്ല, സത്യത്തെ തങ്ങൾക്കനുകൂലമായി വികൃതപ്പെടുത്തുവാനാണവർ ശ്രമിച്ചിട്ടുള്ളതു; അതിനാൽ അവർ മിഥ്യാബോധങ്ങളെ സത്യശാസനകളുടെ സ്ഥാനത്തു തറച്ചുവെച്ചിരിക്കയാണു്; കൂടാതെ സത്യത്തിലേക്കുള്ള പരിവർത്തന ചിന്തതന്നെ അസ്വാഭാവികമായിത്തീർന്നിട്ടുള്ള ഒരു സമുദായത്തിലാണു് അവർ അതു ചെയ്തുവെച്ചിരിക്കുന്നതും; പിന്നെ അക്കൂട്ടർ നിങ്ങൾക്കുവേണ്ടി സത്യത്തിൽ വിശ്വസിക്കുവാനായിട്ടു് നിങ്ങൾ ആഗ്രഹിക്കുകയോ എന്ന പ്രശ്നമാണു് ഖുർആൻ വിശ്വാസികളുടെ നേരെ ഇവിടെ ഉന്നയിക്കുന്നതു; അക്കാര്യത്തിൽ വിശ്വാസികളുടെ ആഗ്രഹം അസംഗതമാണു് എന്ന വസ്തുതയെ ഖുർആൻ അവരെ ധരിപ്പിക്കുന്നു; അവരുടെ ആഗ്രഹം അസ്ഥാനത്തിലാണു്; അതു അവർ ഉപേക്ഷിക്കേണ്ടതാണു് എന്നു വിവക്ഷ; യിസ്രായേല്യരിൽ നിന്നുള്ള ആ വിഭാഗക്കാർ അങ്ങിനെ ചെയ്തുവെച്ചിട്ടുള്ളതു, ആ പ്രവൃത്തി സത്യവിരുദ്ധമാണെന്നു അറിഞ്ഞുകൊണ്ടു്തന്നെയാണു്; അതിനാൽ അതിനെ കണ്ടുപിടിക്കാതെ കഴിക്കുന്നതിനുള്ള എല്ലാ അടവുകളും അവരുടെ കഴിവിൽപെട്ടതു അവർ ചെയ്തുവെച്ചിട്ടുമുണ്ടു്; അങ്ങിനെയിരിക്കെ അവരുടെ വലയത്തിൽ ഒതുങ്ങി നില്ക്കുന്നവർ അതിൽനിന്നു രക്ഷപ്പെടുകയെന്നതു എത്രയും ആയാസമേറിയൊരു ആഗ്രഹമാണു്; അതു അക്കാര്യത്തിൽ അവക്കു് ഉണ്ടാകേണ്ടതല്ല എന്നൊരു അനുസ്മരണം ഇതിൽ അടങ്ങിയിരിക്കുന്നു; ഈ രേഖ പ്രാഥമികമായി പ്രതിപാദിക്കുന്നതു, മദീനായിലെ യഹൂദന്മാരെക്കുറിച്ചു അന്ത്യപ്രവാചകൻെറ അനുയായികൾക്കുണ്ടായിരുന്ന ഒരു അനുമാനരൂപമായ ആഗ്രഹത്തെയാണു്; യഹൂദർ വേദഗ്രന്ഥത്തിൻെറ പിൻഗാമികളായതുകൊണ്ടു് വേദവിജ്ഞാനീയത്തിൻെറ പൂർത്തീകാരമായ ഖുർആനിൽ അവർ വിശ്വസിക്കുമെന്നു മുസ്ലിംകൾ പ്രത്യാശിച്ചിരുന്നു; തങ്ങൾക്കു് സ്വന്തമായി ലഭിച്ച വേദഗ്രന്ഥത്തെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി മനഃപൂർവ്വമായി മാററിമറിച്ചിട്ടുള്ളവർ സ്വന്തതാല്പര്യങ്ങളെ സത്യത്തിന്നുവേണ്ടി സമർപ്പിക്കുവാൻ ശാസിക്കുന്നതായൊരു വേദഗ്രന്ഥത്തിൽ വിശ്വസിക്കുമെന്നു് പ്രത്യാശിക്കുന്നതു സംഗതമല്ല; ഈ രേഖയുടെ സാർവ്വത്രികമായ ആശയമൂല്യമിതാണു്.

105. രേഖ 74ൻെറ പര്യവസാനത്തിൽ യിസ്രായേല്യരോടു് നേരിട്ടു സംസാരിക്കുന്നതായിട്ടാണു് ഖുർആൻ അതിൻെറ പ്രതിപാദനങ്ങൾ ചെയ്തിരുന്നതു. രേഖ 75ൽ യിസ്രായേല്യരെ വിട്ടു സത്യവിശ്വാസികളുടെ നേരെ തിരിഞ്ഞുകൊണ്ടു് തങ്ങളുടെ അനുമാനരൂപമായ ആഗ്രഹത്തിൻെറ അസാംഗത്യത്തെ അനുസ്മരിപ്പിക്കുന്നതാണു് നാം കണ്ടതു; എന്നാൽ അവിടെയും വിശ്വാസികളെയാണു് അഭിമുഖീകരിക്കുന്നതെങ്കിലും പ്രതിപാദനവസ്തു യിസ്രായേല്യരെ സംബന്ധിച്ചുള്ളതു തന്നെയായിരുന്നുവല്ലോ? ഇവിടെ രേഖ 76 ലാകട്ടെ ഖുർആൻ

ആരെയും പ്രത്യേകമായി അഭിമുഖീകരിക്കുന്നില്ല; രണ്ടു കൂട്ടരേയും തങ്ങളുടെ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് വിട്ടുകൊടുത്തുകൊണ്ട്, വിശ്വാസികളെ സംബന്ധിച്ച് യിസ്രായേല്യർ സ്വീകരിച്ചിട്ടുള്ള നയോപായങ്ങളുടെ ഗൂഢവശങ്ങളെ വെളിച്ചത്തു കൊണ്ടുവരികയാണ് ഖുർആൻ ചെയ്യുന്നതു. നോക്കുക: അന്ത്യപ്രവാചകന്റെ ആഹ്വാനത്തെ അനുസരിച്ചിട്ടുള്ള സത്യവിശ്വാസികളെ കണ്ടാൽ, ഞങ്ങൾ വിശ്വസിച്ചുവെന്നു യിസ്രായേല്യർ വായ്കൊണ്ടു പറയുകയായി; എന്നാൽ അവരിൽ ചിലർ മററു ചിലരുമായി തനിച്ചായാൽ അവരുടെ സംസാരത്തിന്നു ഗൗരവകാര്യമായി വരുന്ന വസ്തുത ഗൂഢവും ഉദ്ദിഷ്ടവുമാണ്. വിശ്വാസികളുമായി ബന്ധപ്പെട്ടിട്ടുള്ളവരാണെന്നു വിചാരിക്കപ്പെടുന്നവരോടു മററുള്ളവർ ചെയ്യുന്ന ചോദ്യത്തിൽകൂടി ഖുർആൻ മേല്പറഞ്ഞ സംഗതി വെളിപ്പെടുത്തുന്നുണ്ടു. നിങ്ങൾക്കു ദൈവം തുറന്നു കാട്ടിത്തന്നിട്ടുള്ള പരമാർത്ഥങ്ങളുടെ സത്യാവസ്ഥയെ നിങ്ങൾ വിശ്വാസികൾക്ക് പറഞ്ഞുകൊടുക്കുന്നുവോ എന്നാണ് അവരുടെ ചോദ്യം ആരംഭിക്കുന്നതു; എന്നാൽ അങ്ങിനെ അവർ പറഞ്ഞുകൊടുക്കുന്നുണ്ടോ ഇല്ലയോ എന്നു അറിയുന്നതിന്നു വേണ്ടിയുള്ള ഒരു ചോദ്യമല്ലതന്നെ അതു; അവർ പറഞ്ഞുകൊടുക്കുന്ന വസ്തുതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, വിശ്വാസികൾ, യിസ്രായേല്യരുടെ രക്ഷിതാവിന്റെ സന്നിധിയിൽ പറഞ്ഞുകൊടുത്തവർക്കെതിരായി തെളിവുകൊടുക്കുമെന്നു തങ്ങളുടെ സമുദായാംഗങ്ങൾക്ക് ബുദ്ധിയുപദേശിക്കുകയാണ് അവർ അതുകൊണ്ട് ചെയ്യുന്നതു. ഇതാണ് അവരുടെ വിശ്വാസപ്രസ്താവനകളുടെ മറുവശത്തു നടക്കുന്ന ഗൂഢാലോചന. ഇതിൽനിന്നു സത്യവിജ്ഞാനീയത്തിൽ യിസ്രായേല്യർ ചെയ്യുന്ന കൈകാര്യങ്ങളുടെ അടിസ്ഥാനരീതികൾ മനസ്സിലാക്കാവുന്നതാണ്; ഒന്നാമതു തങ്ങളുടെ രക്ഷിതാവ് യിസ്രായേല്യർക്ക് വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ള സത്യവസ്തുതകളെ യിസ്രായേല്യർ പറഞ്ഞുകൊടുക്കാതെ ലോകത്തിന്നു മനസ്സിലാക്കുവാൻ സാദ്ധ്യമല്ലെന്നു അവർ ഉറപ്പിച്ചിട്ടുണ്ട്; അവരുടെ അമിതമായ അവകാശവാദത്തിന്റെ ഒരു ഘടകമാണതു; അതിനാൽ അന്ത്യപ്രവാചകന്റെ ആഹ്വാനത്തിൽ അവരെ സംബന്ധിച്ചുള്ളതും അവരുടെ പക്കലുള്ളതുമായ പരമാർത്ഥത്തിന്റെ മൂലതത്വങ്ങൾ കാണപ്പെടുന്നതു, അവരുടെ മദ്ധ്യത്തിലുള്ള ആരിൽനിന്നോ കിട്ടിയതായി അവർ അനുമാനിച്ചിരുന്നു; അന്ത്യപ്രവാചകന്നു സത്യസാന്നിദ്ധ്യമുണ്ടാകുന്നതിന്നുള്ള അടിസ്ഥാനപരമായ അർഹതയെത്തന്നെയവർ അവിശ്വസിക്കുന്നുവെന്നുള്ള സംഗതിയാണ് ഖുർആൻ ഇവിടെ വിശ്വാസികൾക്ക് ആലോചനാവിഷയമാക്കിത്തീർക്കുന്നതു. അതേ സമയത്തുതന്നെ, യിസ്രായേല്യർ തങ്ങളിൽ പെട്ടവരല്ലാതെ മററാരുമില്ലാത്ത ചുററുപാടുകളിൽവെച്ച് വളരെ രഹസ്യമായ നിലയിൽ ചെയ്യുന്ന ഗൂഢാലോചനകളെതന്നെ ഖുർആനിന്റെ സത്യരേഖകൾ വെളിപ്പെടുത്തുന്നുവെന്നതിനാൽ തങ്ങളുടെ നിയന്ത്രണത്തിന്നു അതീതമായൊരു അന്തരീക്ഷത്തിൽക്കൂടിയാണ് ഖുർആൻ അവതരിപ്പിക്കപ്പെടുന്നതെന്ന വസ്തുതയെ ഖുർആൻ സ്ഥാപിക്കുകയും ചെയ്യുന്നു. മനുഷ്യലോകത്തിന്റെ പൊതുതാല്പര്യത്തെയുദ്ദേശിച്ചു നല്കപ്പെടുന്ന സത്യസിദ്ധാന്തങ്ങൾ ലോകദൃഷ്ടിയിൽനിന്നു പൂഴ്ത്തിവെക്കുക സാദ്ധ്യമല്ലെന്നുള്ള പരമാർത്ഥമാണ് രേഖ 76 നമ്മുടെ ശ്രദ്ധയിൽ പെടുത്തുന്നതു. പുരോഹിത വർഗ്ഗത്തിന്റെ കണ്ണുതുറപ്പിക്കുവാൻ പര്യാപ്തമായൊരു സമീപനമാണിതു. എന്നാൽ പൗരോഹിത്യത്തിൽ വിശ്വസിക്കുന്നവർക്ക് ഒരിക്കലും അനുകൂലിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു അടിസ്ഥാനതത്വവുമാണിതു; പിന്നെ അങ്ങിനെയുള്ളവർ പ്രത്യേകമായി ഖുർആനിൽ വിശ്വസിക്കുവാൻ സംഗതിയുണ്ടെന്നു അനുമാനിക്കുന്നതും അതിന്നായി ആഗ്രഹിക്കുന്നതും എങ്ങിനെ? ബുദ്ധികൊണ്ടുതന്നെ ആലോചിച്ചു കണ്ടുപിടിക്കാവുന്ന ഒരു ഉത്തരമാണ്, ഖുർആൻ വിശ്വാസികളുടെ നേരെ ഉന്നയിക്കുന്ന ഈ ചോദ്യത്തിന്നുള്ളതു. അതിന്നാവശ്യമായ അടിസ്ഥാന മാർഗ്ഗദർശനങ്ങൾ നല്കിയതിനെത്തുടർന്നു "അപ്പോൾ നിങ്ങൾ ബുദ്ധിയുപയോഗിച്ചു മനസ്സിലാക്കുന്നില്ലേ" എന്നു പര്യവസാനിക്കുന്ന വാക്യാംശത്താൽ ഖുർആൻ ഈ നിഗമനത്തെയാണ് വ്യക്തമാക്കുന്നതു. യിസ്രായേല്യരുടെ കപടമായ വിശ്വാസപ്രസ്താവനകളുടെ വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 8ഉം കുറിപ്പുകളും നോക്കുക. യിസ്രായേല്യർ തങ്ങളുടെ കൈവശമുള്ള സത്യശാസനകളെ തന്നെ പ്രവൃത്തിയിൽ പാലിക്കുന്നില്ലെന്ന വസ്തുതയും ഈ രേഖ ചൂണ്ടിക്കാട്ടുന്നുണ്ട്; തങ്ങളുടെ പക്കലുള്ള സത്യസിദ്ധാന്തങ്ങൾ പുറത്തുപോയാൽ തങ്ങളുടെ സ്വന്തതാല്പര്യങ്ങൾക്കെതിരായി പ്രസ്തുത സിദ്ധാന്തങ്ങൾ വിനിയോഗിക്കപ്പെടുമെന്നുള്ള ഭീതിയുടെ പശ്ചാത്തലമാണ് അവരുടെ ഗൂഢാലോചനകളുള്ളതു. ഏതു നിലക്കും ശുഭപ്രതീക്ഷയ്ക്കു അവകാശമില്ലാത്ത ഒരു ഗതിയിലേക്ക് അവർ അധഃപതിച്ചിരിക്കയാണെന്ന വസ്തുത ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

77. അവർ അറിയുന്നുമില്ലയോ?
നിശ്ചയമായിട്ടു് അല്ലാഹു അറിയുന്നുവെന്നു്;
അവർ രഹസ്യമാക്കുന്നതിനേയും,
പരസ്യപ്പെടുത്തുന്നതിനേയും തന്നെ.[106]

٧٧- أَوَلَا يَعْلَمُونَ أَنَّ اللّٰهَ يَعْلَمُ مَا يُسِرُّونَ
وَمَا يُعْلِنُونَ ○

78. അവരുടെ കൂട്ടത്തിൽ ചില നിരക്ഷരന്മാരുമുണ്ടു്;
അവർ ഗ്രന്ഥത്തെ അറിയുകയില്ല.
ചില മിഥ്യാവലംബങ്ങളെയല്ലാതെ
അവർ യാതൊന്നുമില്ല;
വിഭാവന ചെയ്യുകയല്ലാതെ.[107]

٧٨- وَمِنْهُمْ أُمِّيُّونَ لَا يَعْلَمُونَ الْكِتٰبَ
إِلَّآ أَمَانِيَّ وَإِنْ هُمْ إِلَّا يَظُنُّونَ ○

ഗദ്യഭാഷ

77. അവർ രഹസ്യമായി വെക്കുന്നതിനേയും, പരസ്യമായി പറയുന്നതിനേയും, നിശ്ചയമായിട്ടു അല്ലാഹു അറിയുന്നുവെന്നു അവർ അറിയുന്നുമില്ലയോ ?

78. അവരുടെ കൂട്ടത്തിൽ ചില നിരക്ഷരന്മാരുണ്ടു. ചില മിഥ്യാവലംബങ്ങളെയല്ലാതെ ഗ്രന്ഥത്തെയവർ അറിയുന്നില്ല. അവർ വിഭാവിക്കുക മാത്രം ചെയ്യുന്നു.

106. യിസ്രായേല്യർ കുടുങ്ങിക്കിടക്കുന്ന പൗരോഹിത്യവലയത്തിൻെറ നില വെച്ചുനോക്കുമ്പോൾ അവർ സത്യമാർഗ്ഗത്തിലേക്കു് നീങ്ങുന്ന കാര്യത്തിൽ ശുഭപ്രതീക്ഷ കൊള്ളുകയെന്നതു യുക്തിപൂർവ്വമല്ല. എന്നാൽ പൗരോഹിത്യത്തിൻെറ മൂടുപടലങ്ങൾക്കെതിരായി അവരെ ഉൽബോധിപ്പിക്കുകയെന്നതു അനുചിതമല്ല. അങ്ങിനെ പൗരോഹിത്യത്തിന്നെതിരായി അവരെ ഉണർത്തുന്നതിന്നുള്ള സമീപനരീതിയുടെ അടിസ്ഥാനമായി ഖുർആൻ ഒരു പ്രശ്നത്തെ അവരുടെ നേരെ ഉന്നയിക്കുന്നു; ഈ രേഖയുടെ പ്രചോദനമൂല്യമായി നിലകൊള്ളുന്ന വസ്തുതമേല്പറഞ്ഞ പ്രശ്നമാണു്. യിസ്രായേല്യരുടെ പ്രവാചകന്മാർക്കു സത്യശാസനകൾ ലഭിച്ചതു്, സാക്ഷാൽ സത്യമായ ദൈവത്തിൽനിന്നാണെന്നുള്ളതിൽ യിസ്രായേല്യർക്കു സന്ദേഹമില്ല; അതിനാൽ അവരുടെ പക്കലുള്ള പരമാർത്ഥങ്ങളെ അവർ ദൈവത്തിന്നു പറഞ്ഞുകൊടുക്കേണ്ടതില്ലല്ലോ ? അങ്ങിനെയിരിക്കെ, അവർ പൂഴ്ത്തിവെക്കുന്നതും പൂഴ്ത്തിവെക്കാതിരിക്കുന്നതും ഒന്നും അവൻെറ അറിവിൽ അന്തരമുണ്ടാക്കുകയില്ലതന്നെ. അവൻ അതെല്ലാം അറിഞ്ഞിട്ടുള്ളതാണു്; അറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഏതു നിലക്കും അവനിൽനിന്നു സത്യത്തെ ഒളിച്ചുവെക്കുക സാദ്ധ്യമല്ല; അവർ നാവുകൊണ്ടു പരസ്യപ്പെടുത്തുന്നതും, മനസ്സുകൊണ്ടു മറച്ചുവെക്കുന്നതും എല്ലാം അവന്നു ഒരുപോലെ വ്യക്തമാണു്. പിന്നെ അങ്ങിനെയുള്ള കാര്യങ്ങൾ അവർ മറച്ചുവെക്കുന്നതുകൊണ്ടു അവരല്ലാത്തവർ അറിയാതെ അവസാനിച്ചുപോകുമെന്ന ആലോചന അർത്ഥശൂന്യമല്ലേ ? അവരുടെ രക്ഷിതാവു അവർക്കു അറിവുകൊടുത്ത അതേ കാര്യങ്ങൾ, അവരല്ലാത്തവർക്കും അറിവിച്ചുകൊടുക്കാവുന്നതല്ലേ ! അതിന്നുള്ള അവൻെറ അധികാരത്തെ അവർക്കു അവഗണിക്കുവാൻ അവകാശമുണ്ടോ ? അതിനാൽ അവരുടെ പക്കലുള്ള അറിവുകൾ അന്യരിൽ കാണപ്പെടുന്നുവെങ്കിൽ, അതു അവരുടെ ഇടയിൽനിന്നു ചോർന്നുപോയതാണെന്നു അനുമാനിക്കുന്നതു അന്ധമായ അജ്ഞതയല്ലേ ? അവരുടെ പക്കലുള്ള അറിവുകൾ അവർക്കു അരുളിച്ചെയ്ത അതേ അധികാരത്തിൽനിന്നു അരുളിച്ചെയ്യപ്പെട്ടതാണു് അതെന്നു ആലോചിക്കുന്നതിന്നല്ലേ അവർക്കു അധികം അവകാശമുള്ളതു; അവരിലും അവരല്ലാത്തവരിലും കാണുന്ന അറിവിൻെറ ഐക്യത അവ രണ്ടിൻെറയും അവതാരകനായുള്ളവൻെറ ഏകത്വത്തെയല്ലേ എടുത്തു കാട്ടുന്നതു? എന്നാൽ, പിന്നെ, അവർക്കു് ഒന്നിൽ വിശ്വസിക്കുകയും മറ്റൊന്നിനെ നിഷേധിക്കയും ചെയ്യുവാൻ സാധിക്കുന്നതെങ്ങിനെ? അവർ ഏററവും അടക്കത്തിൽ എത്രയും ഭദ്രമായി ഒളിച്ചുവെച്ചിരിക്കുന്ന അവരുടെ ആത്മഗതങ്ങൾകൂടി അവരുടെ നേരെ ചെയ്യപ്പെടുന്ന ആഹ്വാനത്തിൽ എടുത്തു കാണിക്കപ്പെടുന്ന നിലക്കു്, അവരുടെ ആത്മാക്കളുടെ ഉള്ളുകള്ളികൾ കണ്ടറിയുന്ന അധികാരത്തിൽനിന്നാണതു എല്ലാം വന്നിട്ടുള്ളതെന്നു അവർ അറിയേണ്ടതല്ലേ? അങ്ങിനെയാണെങ്കിൽ, അവരുടെ ആത്മീയമായ ഈ ഒളിച്ചുകളി എത്രകണ്ടു അബദ്ധവും ആഭാസവുമാണെന്നു അവർ ഉണരേണ്ടതാണു്; അങ്ങിനെ അവർ ഉണരുന്നില്ലയോ, അറിയുന്നില്ലയോ എന്ന ഒരു പ്രശ്നമാണു. ഖുർആൻ അവരെ സംബന്ധിച്ചു ഇവിടെ ഉന്നയിക്കുന്ന

[107-ാമത്തെ കുറിപ്പു് അടുത്തപേജിൽ]

തു. പൗരോഹിത്യസഹജമായ ജ്ഞാനനിയന്ത്രണവാദത്തെ തകർത്തുകളയുവാനുള്ള മാനസീകമായൊരു സമീപനത്തിന്റെ പദ്ധതിയാണ് ഖുർആൻ ഈ രേഖയിൽ കൊണ്ടുവന്നിരിക്കുന്നതു; ഈ രേഖ ഒരു ചോദ്യമല്ല; ചോദ്യരൂപത്തിലുള്ളൊരു പ്രസ്താവനയാണ്. എന്നാൽ അനുവാചകന്റെ മനസ്സിൽ ജ്ഞാനനിയന്ത്രണസിദ്ധാന്തത്തെ വെല്ലുവിളിക്കുന്ന ചോദ്യപരമ്പരകൾ സൃഷ്ടിക്കുന്നതിന്നു പര്യാപ്തമായൊരു മാനസീക സമീപനമാണിതു്.

107. പൗരോഹിത്യത്തിന്റെ തറക്കല്ലായ സത്യവിജ്ഞാനനിയന്ത്രണത്തെ തകർക്കുവാനുള്ള സമീപനപദ്ധതിയാണ് രേഖ77ൽ വെളിപ്പെടുത്തപ്പെട്ടതു; എന്നാൽ വേദഗ്രന്ഥത്തെ കൈകാര്യം ചെയ്യുവാൻ, സ്വാർത്ഥപരമായ സാങ്കേതിക പരിശീലനങ്ങൾ സിദ്ധിച്ചിട്ടുള്ള പുരോഹിതന്മാരോടാണ് മേല്പറഞ്ഞ സമീപനപദ്ധതി പ്രവൃത്തിയിൽ ബന്ധപ്പെടുത്തുന്നതു; രേഖ 78 അവരിൽനിന്നു വ്യത്യസ്തമായൊരു വിഭാഗത്തെയാണ് ചിന്താവിഷയമാക്കുന്നതു്. എന്നാൽ അവരും പുരോഹിത വർഗ്ഗത്തിൽ പെട്ടവരാണെന്നതു ഖുർആൻ വ്യക്തമാക്കുന്നു; ചുരുക്കത്തിൽ പുരോഹിതനാകുന്നതിന്നു ജ്ഞാനനിയന്ത്രണത്തിന്നുള്ള "കുറുക്കുവിദ്യകൾ" മാത്രം പഠിച്ചാൽ മതി; സത്യവേദത്തെ സംബന്ധിച്ച യഥാർത്ഥമായ ജ്ഞാനത്തെ സമ്പാദിക്കുകയെന്നതു പുരോഹിത താല്പര്യത്തിന്നു നിർബ്ബന്ധമില്ലെന്നുള്ള വസ്തുതയാണ് ഖുർആൻ വെളിപ്പെടുത്തുന്നതു്. അവരുടെ കൂട്ടത്തിൽ ചില നിരക്ഷരന്മാരുണ്ടെന്ന സംഗതി ഖുർആൻ എടുത്തുപറയുന്നതു നോക്കുക; ജ്ഞാനനിയന്ത്രണ സിദ്ധാന്തത്തോടു യോജിച്ച അതിന്നാവശ്യമായ അടവുകൾ പ്രദർശിപ്പിക്കയാണെങ്കിൽ, നിരക്ഷരന്മാർക്കുകൂടി അവർക്കിടയിൽ അംഗമാകാമെന്നു വന്നാൽ തങ്ങളുടെ വേദഗ്രന്ഥത്തെ പഠിച്ച, ജ്ഞാനശക്തി സമ്പാദിക്കുന്നതിന്നല്ല, ജ്ഞാനനിയന്ത്രണ വിദ്യകൾ ശീലിച്ച സ്വാർത്ഥലാഭങ്ങൾ നേടുന്നതിന്നാണവർ കൂടുതൽ പരിശ്രമിക്കുക; അതു എളുപ്പവുമാണല്ലോ? "അവർ ഗ്രന്ഥത്തെ അറിയുകയില്ല" എന്നു ഖുർആൻ എടുത്തുപറയുന്നതു നോക്കുക; ഗ്രന്ഥത്തെ തങ്ങളുടെ പിടിയിൽനിന്നു പുറത്തു പോകാതെ സൂക്ഷിക്കുവാനാവശ്യമായ ചില മിഥ്യാവലംബങ്ങൾ മാത്രമാണ് അവരുടെ അറിവായി അനുഭവത്തിൽ ഉണ്ടാകുക. അവരും വെറുതെ ഇരിക്കുകയില്ല; അവർക്കും എന്തെങ്കിലും പറയുവാനുണ്ടാവും. എന്നാൽ അവരുടെ പക്കൽ അടക്കിവെക്കത്തക്കതായി യാതൊന്നും കാണപ്പെടുകയില്ലെന്നുള്ളതാണ് യഥാർത്ഥനില; അവർ ഇനി തുറന്നു പറയുകയാണെങ്കിൽ തന്നെ അവരുടെ പക്കൽ പറയത്തക്കതായി യാതൊന്നും ഉണ്ടായിരിക്കുകയില്ല. ചില ഭാവനാനുമാനങ്ങൾ പ്രകടിപ്പിക്കുകയെന്നതല്ലാതെ മറ്റൊന്നും അവർക്കു സാദ്ധ്യമല്ല. ഇനി അവർ വായിക്കുവാൻ പഠിച്ചിട്ടുള്ളവരാണെങ്കിൽ തന്നെ അവരുടെ കൈകളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതു യഥാർത്ഥത്തിലുള്ള വേദഗ്രന്ഥമല്ല; അതിനാൽ അവർ അടക്കിവെക്കുവാനാഗ്രഹിക്കുന്ന വേദഗ്രന്ഥത്തെ സംബന്ധിച്ചേടത്തോളം അവർ നിരക്ഷരന്മാരാണ്. അവർക്കു പ്രത്യേകിച്ച്, സത്യവേദത്തിന്റെ അടിസ്ഥാന തത്വങ്ങളോടുള്ള ബന്ധത്തെ പുരസ്കരിച്ചുകൊണ്ടു ശുഭപ്രതീക്ഷകൾ വെച്ചുപുലർത്തുന്നതു പ്രയോജനകരമാകണമെന്നില്ല; അവർ ഭാവിക്കുന്നതിന്നപ്പുറത്തുള്ള ഒന്നും അവരുടെ ആലോചനയിൽ കൊണ്ടുവരുവാൻ സാദ്ധ്യമല്ല.

"ഉമ്മിയ്യൂന" എന്ന വാക്കാണ് ഇവിടെ "നിരക്ഷരന്മാർ" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. "ഉമ്മിയ്യുൻ" എന്ന വാക്കിന്റെ ബഹുവചനരൂപമാണിതു്. "ഉമ്മിയ്യുൻ" എന്നതു, എഴുതാത്തതും എഴുതിയതു വായിക്കാത്തതും ആയ ഒരു വ്യക്തിയെന്ന അർത്ഥത്തെ കുറിക്കുന്നു; (റാഗിബ്).

മിഥ്യാവലംബങ്ങൾ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "അമാനിയ്യ" എന്ന പദത്തെയാണ്; "അമ്നിയതുൻ" എന്ന ശബ്ദത്തിന്റെ ബഹുവചനമാണിതു. വായ്കൊണ്ടു പറഞ്ഞുണ്ടാക്കപ്പെടുന്ന കള്ളമായ പ്രസ്താവനകൾ എന്ന വിവക്ഷയാണ് ഈ വാക്കിന്നു ഇവിടെയുള്ളതു്; (ഇബ്നു അബ്ബാസ് റ:). യഥാർത്ഥത്തിൽ കളവായിട്ടുള്ളതും പരമാർത്ഥങ്ങളാണെന്നു വിഭാവിക്കപ്പെടുന്നതുമായ ചില കേട്ടുകേൾവികളെയാണതു കുറിക്കുന്നതു്; അവയെ ഉപയോഗിക്കുന്നവരുടെ അവലംബവും അതുതന്നെ; അവർക്കുതന്നെ അവർ പറയുന്നതു ശരിയാണെന്ന ഉറച്ച അഭിപ്രായം ഉണ്ടാകുകയുമില്ല; "അവർ വിഭാവിക്കുന്നുവെന്നല്ലാതെ (മറ്റൊന്നു)മില്ല" എന്ന ഖുർആൻ വാക്യാംശത്തിൽനിന്നു ഈ വസ്തുത വ്യക്തമായിത്തീരുകയും ചെയ്യുന്നുണ്ടു്. അതിനാൽ അവർക്കു അക്കാര്യത്തിൽ ഉള്ള അറിവു, യാഥാർത്ഥ്യത്തെ വെച്ചുനോക്കുമ്പോൾ മിഥ്യയും, അവരുടെ അറിവിന്റെ ആകെത്തുകയെ വെച്ചുനോക്കുമ്പോൾ അവർക്കുള്ള അവലംബവുമാണെന്നതിൽ സംശയമില്ല. അതിനാൽ "മിഥ്യാവലംബങ്ങൾ" എന്ന പദബന്ധത്തെയാണ് പരിഭാഷക്കു പറ്റിയതായി കണ്ടതു്.

79. അതിനാൽ (നരക)യാതനയാണ് യാതൊരുത്തർക്ക്;
അവർ ഗ്രന്ഥത്തെ എഴുതുന്നു,
തങ്ങളുടെ കരങ്ങളെക്കൊണ്ടു;
പിന്നെയവർ പറയുന്നു,
ഇതു അല്ലാഹുവിന്റെ പക്കൽനിന്നാണെന്നു;
അതുവഴിയവർ വാങ്ങുവാൻവേണ്ടി;
കുറഞ്ഞതായൊരു വിലയെ.
അപ്പോൾ നരകയാതനയാണ് അവർക്ക്;
അവരുടെ കൈകൾ എഴുതിയതിനാലെ.
(ഇനിയും) നരകയാതനയാണ് അവർക്ക്;
അവർ സമ്പാദിക്കുന്നുള്ളതിനാലെ.[108]

٧٩. فَوَيْلٌ لِّلَّذِيْنَ يَكْتُبُوْنَ الْكِتٰبَ بِاَيْدِيْهِمْ
ثُمَّ يَقُوْلُوْنَ هٰذَا مِنْ عِنْدِ اللّٰهِ لِيَشْتَرُوْا بِهٖ
ثَمَنًا قَلِيْلًا ۗ فَوَيْلٌ لَّهُمْ مِّمَّا كَتَبَتْ اَيْدِيْهِمْ
وَوَيْلٌ لَّهُمْ مِّمَّا يَكْسِبُوْنَ ۝

ഗദ്യഭാഷ

79. അതിനാൽ, തങ്ങളുടെ കൈകളാൽ ഗ്രന്ഥത്തെ എഴുതുകയും, പിന്നെ അതിന്നു നിസ്സാരമായ ഒരു വില വാങ്ങുവാൻ വേണ്ടി, ഇതു അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്നു പറയുകയും ചെയ്യുന്നവർക്കു നരകശിക്ഷയാണുള്ളതു. അപ്പോൾ അവരുടെ സ്വന്തം കൈകൾ കുറിച്ചുണ്ടാക്കിയതിനാലെയും അവർക്ക് നരകശിക്ഷയാണുള്ളതു. തങ്ങൾ സമ്പാദിക്കുന്നുള്ളതിനാലെയും അവർക്കു നരകശിക്ഷയാണുള്ളത്.

അവർ ഗ്രന്ഥത്തെ അറിയുന്നില്ല എന്നതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നതു, അവർ അറിയുന്നതായി അവർ തന്നെ അവകാശപ്പെടുന്ന ഗ്രന്ഥമാണ്; ഗ്രന്ഥങ്ങളിൽനിന്നു ഏതെങ്കിലും ഒരു ഗ്രന്ഥത്തെയല്ല, ഒരു പ്രത്യേക ഗ്രന്ഥത്തെയാണതു കുറിക്കുന്നത്; അതായതു, തൗറാത്ത് എന്ന വേദഗ്രന്ഥത്തെ എന്നു തന്നെ. അതിനെ അറിയുകയില്ല എന്നുള്ളതിന്നു, അതിന്റെ ഉള്ളടക്കത്തെ അറിയുകയില്ലെന്നു അർത്ഥമാണ്; (തബരി). അവരുടെ മിഥ്യാവലംബങ്ങളെ സംബന്ധിച്ച പല വശങ്ങളിൽ കൂടിയുള്ള വിശദീകരണങ്ങൾ മഹാ പണ്ഡിതന്മാരായ ഖുർആൻ വ്യാഖ്യാതാക്കൾ നല്കിക്കാണുന്നുണ്ടു. അവർക്കു തങ്ങളുടെ കർത്താവു പ്രത്യേകമായി പൊറുത്തുകൊടുക്കുമെന്നും, അവരോടു അവൻ അനന്യസാധാരണമായി കരുണ കാണിക്കുമെന്നും, അവരുടെ തെറ്റുകളെക്കുറിച്ചു അവൻ നടപടിയെടുക്കയില്ലെന്നും, അവരുടെ പ്രവാചകന്മാരായ പിതാക്കന്മാർ, അവരുടെ അധികാരബന്ധങ്ങളുപയോഗിച്ചു അവർക്കു ശിപാർശി ചെയ്യുന്നതാണെന്നും മറ്റും മറ്റും അവരുടെ മിഥ്യാവലംബങ്ങളുടെ പട്ടിക അങ്ങിനെ നീണ്ടുപോകുന്നു. അവയുടെ വിശദീകരണത്തിന്നു മറ്റൊരു വശമുള്ളതുകൂടി അറിഞ്ഞിരിക്കുന്നതു നല്ലതാണ്; തങ്ങളുടെ മേലധികാരികളായ പുരോഹിതന്മാരിൽനിന്നു അവർക്കു കേട്ടു കിട്ടിയിട്ടുള്ള വാഗ്ദാനങ്ങളാണ് അവരുടെ മിഥ്യാവലംബങ്ങൾ എന്നു പറയപ്പെടുന്നു. യഹൂദനായിട്ടുള്ളവനല്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല; നരകാഗ്നി ക്ലിപ്തമായ കുറച്ചു ദിവസങ്ങൾക്കല്ലാതെ തങ്ങളെ സ്പർശിക്കയില്ല എന്നിങ്ങനെയുള്ള അനുമാനങ്ങളാണവ; (അബൂ മുസ്ലിം റ:). അവരുടെ ആത്മീയബോധത്തിന്റെ ആകെത്തുക വിഭാവനകളാണ്, വിജ്ഞാനമല്ല; അസന്നിഗ്ദ്ധങ്ങളായ ജ്ഞാനബോധങ്ങളിൽകൂടിയല്ലാതെ സമ്പാദിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്ത സത്യവിശ്വാസത്തെ അത്തരക്കാരിൽനിന്നു പ്രത്യാശിക്കപ്പെടുന്നതെങ്ങിനെ ?

108. പുരോഹിത വൃത്തത്തിലെ തീരെ താഴ്ന്നതരക്കാരായ നിരക്ഷരന്മാരെ സംബന്ധിച്ച പ്രതിപാദനത്തെത്തുടർന്ന് അവരിൽ ഏറ്റവും ഉന്നതമായി നില്ക്കുന്നവരായ പഠിച്ചവിഭാഗത്തിന്റെ ചെയ്തികളേയും അവരുടെ പ്രവർത്തികളുടെ അനന്തരഫലങ്ങളേയും, ഇവിടെ രേഖ 79ൽ ഖുർആൻ വ്യക്തമാക്കുന്നു. അവരാണ് ആ വർഗ്ഗത്തിൽവെച്ചു ഏറ്റവും അധികം കച്ചവടമനഃസ്ഥിതിയുള്ളവർ. അവർ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങളെ നിലനിറുത്തുവാൻവേണ്ടി ഗ്രന്ഥത്തെ എഴുതിയുണ്ടാക്കുന്നവരാണ്; അവർക്കിഷ്ടമുള്ള വിധത്തിൽ അവരുടെ കൈകൊണ്ടു എഴുതി ഉണ്ടാക്കുകയാണവർ ചെയ്യുന്നതു; അവരുടെ താല്പര്യങ്ങളുടെ രക്ഷയാണ് അതിന്റെ ഉദ്ദേശത്തിന്റെ ആകെത്തുകയായിരിക്കുക; അവരുടെ സ്വന്തം നിർമ്മാണവുമാണതു; എന്നാൽ ഇതൊന്നും അവർ വെളിപ്പെടുത്തുകയില്ല; വെളിപ്പെടുത്തിയാൽ അവരുടെ പ്രയത്നത്തിന്റെ ഉദ്ദേശം സാധിക്കുകയില്ല. അതിനാൽ, അതു ജന

٨٠ وَقَالُوا لَن تَمَسَّنَا النَّارُ إِلَّا أَيَّامًا مَّعْدُودَةً ۚ قُلْ أَتَّخَذْتُمْ عِندَ اللَّهِ عَهْدًا فَلَن يُخْلِفَ اللَّهُ عَهْدَهُ ۖ أَمْ تَقُولُونَ عَلَى اللَّهِ مَا لَا تَعْلَمُونَ ○

80, അവർ പറയുകയും ചെയ്തു:-
ഞങ്ങളെ നരകാഗ്നി സ്പർശിക്കയില്ലതന്നെ;
ക്ലിപ്തമായ ചില ദിവസങ്ങളിലല്ലാതെ.
നീ പറയുക: നിങ്ങൾ കൈവശമാക്കിയിട്ടുണ്ടോ?
അല്ലാഹുവിൻെറ പക്കൽ വല്ല പ്രതിജ്ഞയും തന്നെ.
അങ്ങിനെയാണെങ്കിൽ അല്ലാഹു ലംഘിക്കയില്ലതന്നെ;
അവൻെറ പ്രതിജ്ഞയെ.
അഥവാ, നിങ്ങൾ പറയുന്നുവോ?
അല്ലാഹുവിൻെറമേൽ (ആരോപിച്ചുകൊണ്ടു)
നിങ്ങൾ അറിയുന്നില്ലാത്ത എന്തെങ്കിലുംതന്നെ.[109]

ഗദ്യഭാഷ

80. ക്ലിപ്തമായ ചില ദിവസങ്ങളിലല്ലാതെ ഞങ്ങളെ നരകാഗ്നി തൊടുകതന്നെയില്ലെന്നു അവർ പറയുകയും ചെയ്തു. നീ പറയുക: അല്ലാഹുവിൻെറ പക്കൽ നിങ്ങൾ (അക്കാര്യത്തിൽ) ഒരു പ്രതിജ്ഞയെ കൈവശമാക്കിയിട്ടുണ്ടോ? അങ്ങിനെയെങ്കിൽ, അല്ലാഹു അവൻെറ പ്രതിജ്ഞക്കു വിരുദ്ധം ചെയ്യുന്നതല്ലതന്നെ; അതല്ല നിങ്ങൾ അല്ലാഹുവിൻെറമേൽ (ചുമത്തിക്കൊണ്ടു) നിങ്ങൾക്കറിയാത്ത യാതൊന്നിനെ പറയുകയാണോ?

മദ്ധ്യത്തിൽ അവതരിപ്പിക്കമ്പോൾ അതു സാക്ഷാൽ സത്യമായ ദൈവത്തിൻെറ പക്കൽനിന്നു നേരിട്ടു് ലഭിച്ചതാണെന്ന പ്രഖ്യാപനമാണു് ജനമദ്ധ്യത്തിൽ അവർ ചെയ്യുക; അതു അവരുടെ കച്ചവടമാണു്; അതിന്നു അവക്കു് വിലകിട്ടണമെന്ന വസ്തുതയാണു് അതിൻെറ പിന്നിൽ ഉള്ളതു്; അതിൻെറ വില അവരുടെ സ്വാത്ഥതാല്പര്യത്തിൻെറ രക്ഷതന്നെ; എന്നാൽ അതിന്നുവേണ്ടി അവർ ചിലവുചെയ്യുന്ന പ്രയത്നശേഷിയെ സത്യസന്ധമായ നിലയിൽ സദുദ്ദേശത്തോടുകൂടി വിനിയോഗിക്കയാണെങ്കിൽ അവക്കു് ലഭിക്കമായിരുന്ന വിലയുടെ മഹിമയെ വെച്ചുനോക്കുമ്പോൾ, അവർ അതിനാൽ ഉദ്ദേശിക്കുന്ന സ്വാത്ഥരക്ഷ അതിൻെറ വിലയിൽ വളരെ കുറഞ്ഞതാണു്തന്നെ; എങ്കിലും അവക്കു് ആ കുറഞ്ഞ വിലയിലാണു് ഇച്ഛയുള്ളതു; സത്യമാർഗ്ഗത്തിൽ പ്രയോജനപ്പെടുത്തുവാൻ വേണ്ടി നല്കപ്പെട്ട കഴിവുകളെ ദുരുപയോഗപ്പെടുത്തുകയാണവർ അതുവഴി ചെയ്യുന്നതു. സത്യത്തെ തെളിയിക്കുന്നതിന്നുവേണ്ടി ചലിപ്പിക്കപ്പെടേണ്ട തൂലികയെ, മിഥ്യയെ പൊളിയാതെ സൂക്ഷിക്കുന്നതിന്നുവേണ്ടിയാണവർ വിനിയോഗിക്കുന്നതു; സത്യത്തെ മിഥ്യയിൽനിന്നു തിരിച്ചറിയേണ്ടതിന്നുള്ളതായ ബുദ്ധിശക്തിയെ, മിഥ്യയെ സത്യവുമായി കൂഴച്ചുമറിക്കുവാനാണവർ പ്രയോഗിക്കുന്നതു; ഖുർആൻ അവരുടെ പ്രവൃത്തികൾക്കുണ്ടാകുന്ന ആന്തരമായ അനുഭവങ്ങളെ ഇവിടെ വെളിപ്പെടുത്തുന്നതു നോക്കുക; ഈ രേഖയുടെ പ്രാരംഭത്തിൽതന്നെ അതു പറഞ്ഞുവെച്ചിട്ടുള്ളതാണു്; അവർ ചെയ്തുകൂട്ടുന്ന കെടുതികളുടെ വിപത്തു് അവക്കാണെന്നതന്നെ. അതിൻെറ അവകാശകാരണങ്ങളാണു് തുടൻ വിസ്തരിക്കപ്പെട്ടതു; അവസാനമായി അതു രണ്ടു വശങ്ങളിൽകൂടി ആവർത്തിക്കപ്പെട്ടിരിക്കുന്നതു നോക്കുക. അവരുടെ കൈകൾക്കു് തഴക്കമുള്ളതു സ്വാത്ഥലാഭത്തിന്നുവേണ്ടി പ്രവർത്തിക്കുന്നതിലാണു്; അതിനാൽ അവരുടെ കൈകളിൽനിന്നുണ്ടായ പുസ്തകങ്ങൾ സത്യമാർഗ്ഗത്തിൽ കെടുതിയുണ്ടാക്കുവാൻ നിർദ്ദേശിക്കപ്പെട്ടവയാണെന്നതിൽ സംശയമില്ല; പക്ഷെ സത്യത്തിന്നല്ല അതുകൊണ്ടു കെടുതിയുണ്ടാവുക; അവർ ചെയ്തിട്ടുള്ള കെടുതിയുടെ വിപത്തു് കെടുതിചെയ്തവക്കുതന്നെയാണു് ബാധിക്കുക; കെടുതിയേ ലഭിക്കുകയുള്ളു. മേല്പറഞ്ഞ ബാധയിൽനിന്നു രക്ഷപ്പെടുന്നതിന്നു പിന്നെയുമവർ തുടൻ് കെടുതികൾ ചെയ്യേണ്ടതായിട്ടാണു് വരിക; എന്നാൽ അതിൻെറ വിപത്തും അവക്കുതന്നെയാണു് അവകാശമായിത്തീരുക; ഈ രേഖയുടെ ആശയമൂല്യമിതാണു്, "വയ്ലുൻ" എന്ന പദത്തെയാണു് "കൊടിയവിപത്തു്" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു. ഗംഭീരമായ ശിക്ഷയെയാണു് അതു കുറിക്കുന്നതു. (ഇബ്നു അബ്ബാസ്,റ:)

109. യിസ്രായേല്യർ ജ്ഞാനമാർഗ്ഗത്തിൽ ചെയ്തുകൂട്ടുന്ന കെടുതികളേയും അവയുടെ ദുഷിച്ച പരിണാമങ്ങളേയും വ്യക്തമാക്കിയതിൽപിന്നെ അങ്ങിനെയുള്ള പ്രവൃത്തികൾക്കു് പിന്തുണകൊടുക്കുകയും അവരെ അതുവഴി ആത്മീയമായ അരാജകത്വത്തിലേക്കു് അധ:പതിപ്പിക്കുകയും ചെയ്യുന്ന ഒരു മിഥ്യാവലംബത്തെപ്പററി ഖുർആൻ എടുത്തുപറയുന്നു; അവരുടെ ആത്മീയമായ അഴിമതി പ്രവൃത്തികൾ അന്യായമാണെന്നു് അവക്കു്

അറിവുള്ളതാണ്; അഥവാ ആ വസ്തുത അവരെ ഉണർത്തിയാൽത്തന്നെ, അവരുടെ അമിതവും അടിസ്ഥാനരഹിതവുമായ അനന്യസാധാരണത്വവാദത്തിൽ, അതു അവരെ അക്രമ പ്രവൃത്തികളിൽനിന്നു അകററിനിറുത്തുകയില്ല; അവരെ സംബന്ധിച്ച അടിസ്ഥാനപരമായ ആശങ്ക അവകാശമില്ലെന്ന അഭിപ്രായത്തിന്ന്, അവരുടെ പ്രസ്താവനകളിൽനിന്നുതന്നെ വെളിപ്പെടുന്നതായൊരു കാരണം എന്ന നിലയാണ്, ഈ രേഖയിൽ ഒന്നാമതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്ന ആശയത്തിന്നുള്ളതു; അതിൻെറ ചുരുക്കമോ, അതു പറയുന്നവർക്ക് എന്തും ചെയ്യാമെന്നുള്ളതുതന്നെ; എന്തുകൊണ്ടെന്നാൽ, യിസ്രായേല്യർ പ്രസ്താവിക്കുന്നതും, അവരുടെ ഏകോപിച്ചുകൊണ്ടുള്ള അവലംബവുമായ അനുമാനമെന്താണെന്ന് നോക്കുക; ഏതാനും ചില എണ്ണപ്പെട്ട ദിവസങ്ങളിലല്ലാതെ അവരുടെ ശരീരങ്ങളെ നരകാഗ്നി സ്പർശിക്കുകയില്ലെന്നുള്ളതാണ് അവർ പറയുന്നതു; അവരുടെ അഭിപ്രായത്തിൽതന്നെ അതു എത്ര ദിവസമാണെന്നു ഖുർആൻ ഇവിടെ എടുത്തു പറയുന്നില്ല; ഒന്നാമതു അതു അവർക്കിടയിൽ അറിയപ്പെട്ടതായൊരു കാര്യമാണ്; (തബരി). രണ്ടാമതു, അതു എത്രയായാലും അവരുടെ വാദത്തിൻെറ അടിസ്ഥാനശൂന്യതയെ കുറക്കുകയോ കൂട്ടുകയോ ചെയ്യുന്നില്ല. അക്കാര്യത്തിൽ ഒരു ദിവസമെന്നോ ആകെയുള്ള ദിവസങ്ങളിൽനിന്നു ഒരു ഒററ ദിവസം ഒഴിച്ച് ബാക്കിയുള്ളതു എല്ലാം എന്നോ ക്ലിപ്തപ്പെടുത്തുന്നതു ഒരുപോലെ അടിസ്ഥാനരഹിതമാണ്; കൂടാതെ ഇവിടെ ഈ അഭിപ്രായം ഉദ്ധരിക്കപ്പെട്ടിരിക്കുന്നതു അതിൽ ഉള്ള ഏതെങ്കിലും ഒരു തെററിനെ എടുത്തു കാണിക്കുവാനല്ല; അതു ആകെപ്പാടെ അടിസ്ഥാനപരമായിത്തന്നെ അർത്ഥശൂന്യമാണെന്നു, അവരെയും, അപ്രകാരമുള്ള വാദങ്ങൾ ഉന്നയിക്കുന്ന ഏവരേയും, ഉണർത്തുവാനുള്ള ഉദ്ദേശത്തിലാണ്; അങ്ങിനെ ഉണർത്തേണ്ടതായ ചുമതല അന്ത്യപ്രവാചകനിൽ അർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു; "നീ പറയുക" എന്ന വാക്യാംശത്തിലെ ശാസനാരൂപമായ പ്രയോഗത്തിൽനിന്നു വ്യക്തമാകുന്ന വസ്തുതയിതാണ്; എന്നാൽ അടിസ്ഥാനരഹിതമായ ഏതു ആദ്ധ്യാത്മികവാദങ്ങളുടേയും അർത്ഥശൂന്യതയെ എടുത്തു കാണിക്കുവാൻ അന്ത്യപ്രവാചകൻെറ അനുയായികൾക്ക്, അഥവാ, ഖുർആനിൻെറ അനുവാചകന്മാർക്ക് ആഹ്വാനം നല്കുകയാണ് ഈ രേഖകൊണ്ട് സാധിക്കുന്നതു; യിസ്രായേല്യരുടെ ഈ അനുമാനവിഷയത്തിൽ ഒരുകാര്യം ഒന്ന് ആലോചിച്ചു നോക്കുവാൻ ഖുർആൻ ആവശ്യപ്പെടുന്നു; പക്ഷെ, ഖുർആൻ അവരെ അഭിമുഖീകരിക്കുന്നില്ല; നോക്കുക; അത്തരക്കാരെ അഭിമുഖീകരിക്കുവാനായി അനുവാചകനെ ആജ്ഞാപിക്കയാണ് ഖുർആൻ ചെയ്യുന്നതു; അത്തരത്തിലുള്ള അടിസ്ഥാനരഹിതമായ അനുമാനങ്ങളെ അഭിമുഖീകരിക്കുന്നതിന്നുള്ള അനുഭവബോധമാണ്, ഖുർആൻ, അതിൻെറ അനുയായിക്ക് ഉണ്ടായിരിക്കുവാൻ ആജ്ഞാപിക്കുന്നതു. അതിന്നാവശ്യമായ ആശയങ്ങളെ അനുവാചകനിൽ അതു ആവിഷ്കരിക്കയും ചെയ്യുന്നു; അത്തരക്കാരോട് അഭിമുഖമായി നിന്നുകൊണ്ടുള്ള ആശയവിനിമയത്തിന്ന് ഉചിതമായ വിധത്തിലാണ് ഖുർആൻ ഇവിടെ അതിൻെറ ആഹ്വാനത്തെ വെളിപ്പെടുന്നതു എന്ന സംഗതി മേല്പറഞ്ഞ വസ്തുതയെ ബലപ്പെടുത്തുകയും ചെയ്യുന്നു; ഇനി ഈ ആഹ്വാനത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആശയങ്ങളെപ്പററി ആലോചിക്കുക; ഒന്നാമതായി അസത്യവും അനർഹവുമായ അവകാശവാദങ്ങളെ അഭിമുഖീകരിക്കുന്ന വിശ്വാസി, അത്തരത്തിലുള്ള വാദങ്ങളെ അന്യായങ്ങളെന്നു അറിഞ്ഞു അടങ്ങിയിരുന്നാൽമാത്രം മതിയാവുകയില്ല; അവ അടിസ്ഥാനരഹിതങ്ങളാണെന്ന ആശയത്തെ ആത്മാർത്ഥവും അസന്നിഗ്ദ്ധവുമായ ഭാഷയിൽ അറിയിക്കുകതന്നെയാണ് വേണ്ടതു. അതു അവൻെറ, അക്കാര്യത്തെ സംബന്ധിച്ചുള്ള കടമയാണ്. യിസ്രായേല്യർ അവകാശപ്പെടുന്നതു, എണ്ണിക്കണക്കാക്കപ്പെടാവുന്ന ചില ദിവസങ്ങളുടെ അളവിന്നല്ലാതെ അവരോട് അഗ്നി അടുക്കുകയില്ലന്നാണല്ലോ? അവർ എന്തു അഴിമതികൾ ചെയ്താലും അതു അങ്ങിനെയേ ആവുകയുള്ളു എന്നാണ് അവർ അവകാശപ്പെടുന്നതു; എന്നാൽ അവരുടെ അതേ പ്രവൃത്തികൾതന്നെ, അവരല്ലാത്തവർ ചെയ്താൽ അനന്തമായ അഗ്നിശിക്ഷയാണ് അവർക്ക് അവകാശപ്പെടുകയെന്നും അവർ അഭിപ്രായപ്പെടുന്നുണ്ട്; അന്യരിൽനിന്നും അസാധാരണമായ നിലയിൽ അവർക്ക് അരുളപ്പെട്ടതായ ഒരു അവകാശമായിട്ടാണ് ഇങ്ങിനെ അവർ പറയുന്നതു; അല്ലാതെ അഗ്നിബാധക്ക് അവകാശപ്പെടാത്ത പ്രവൃത്തികളാണ് തങ്ങൾ ചെയ്യുന്നതു എന്നു അവർ അവകാശപ്പെടുന്നില്ല; അതുപോലെതന്നെ അഗ്നിശിക്ഷയിൽനിന്നും അവരെ അകററിനിറുത്തുകയെന്നതു അവരുടെ രക്ഷിതാവിൻെറ അധികാരത്തിൻെറ, ഐശ്വരികമായ ആനുകൂല്യത്തിൻെറ, പരിധിയിൽ പെട്ടതാണെന്നും അവർ അറിയുന്നില്ല; അതിന്നാൽ അവർ പറയുന്നതു അർത്ഥവത്താകണമെങ്കിൽ അക്കാര്യത്തിൽ അവർക്ക് ഒരു പ്രതിജ്ഞ ലഭിച്ചിട്ടുണ്ടാവണമല്ലോ? ആ പ്രതിജ്ഞയാകട്ടെ അവരുടെ രക്ഷിതാവിൻെറ അടുക്കൽ നിന്നല്ലാതെ ലഭിച്ചാൽ

81. ഇല്ല; ആർതന്നെ ദുഷിച്ചതിനെ സമ്പാദിച്ചു;
അവനെ വളഞ്ഞുവെക്കുകയും ചെയ്തു,
അവൻെറ പാപവൃത്തി;
എന്നാൽ അക്കൂട്ടർ നരകത്തിൻെറ കൂട്ടാളികളാണ്;
അവർ അതിലാണ് സ്ഥിരനിവാസികൾ.110

٨١. بَلٰى مَنْ كَسَبَ سَيِّئَةً وَّاَحَاطَتْ بِهٖ
خَطِيْٓـَٔتُهٗ فَاُولٰٓئِكَ اَصْحٰبُ النَّارِ ۚ
هُمْ فِيْهَا خٰلِدُوْنَ ○

ഗദ്യഭാഷ

81. ഇല്ല; ആരാകട്ടെ, ദുഷിച്ചതു സമ്പാദിക്കയും അവൻെറ പാപങ്ങൾ അവനെ വളഞ്ഞിടുകയും ചെയ്താൽ, അപ്പോൾ അക്കൂട്ടർ നരകത്തിൻെറ ആളുകളാകുന്നു; അവരതിലെ സ്ഥിരതാമസക്കാരാണ്.

കാര്യമാവുകയുമില്ല; എന്നാൽ ഒരു കാര്യം ഉറപ്പാണു; അങ്ങിനെ ഒരു പ്രതിജ്ഞ അവനിൽനിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്നു അവൻ എതിരായി ഒന്നും പ്രവർത്തിക്കുകയില്ല; നൂററിക്കു നൂറും നിറവേററപ്പെടുന്ന പ്രതിജ്ഞയായിരിക്കും അതു; അതിൽ സംശയിക്കുവാനില്ല; എന്തുകൊണ്ടെന്നാൽ ആ പ്രതിജ്ഞ അതു ചെയ്തവൻെറ അചഞ്ചലമായ അധികാരത്തിന്നനുസരിച്ച് അനുഭവത്തിൽ വരുന്നു; എന്നാൽ അതു അവരോട് ചെയ്യപ്പെട്ടതായതുകൊണ്ട് പ്രത്യേകമായിട്ടാണ് അങ്ങിനെ നിറവേററപ്പെടുന്നതു എന്നു വിചാരിച്ചുകൂടാത്തതാണ്; അവരോടെന്നല്ല ആരോടുതന്നെ ചെയ്യപ്പെട്ടതായാലും അതിന്നു അന്തരമുണ്ടാകുന്നതല്ല; അപ്പോഴും, അങ്ങിനെ ഒന്നു ഉണ്ടെന്നുവെച്ചാൽകൂടി അവരുടെ അസാധാരണത്വത്തിന്നു അക്കാര്യത്തിൽ ഒരു ഇടവുമില്ല; അവരുടെ അമിതമായ അനന്യസാധാരണത്വ വാദത്തിൻെറ അടിസ്ഥാനശൂന്യതയെ, അവരുടെ വാദത്തിൻെറ ഉള്ളടക്കത്തെ വെച്ചുനോക്കുമ്പോൾ, ഏററവും സംഗതമെന്നു കാണപ്പെടുന്ന ഒരു വശത്തുകൂടി ആന്തരമായി എടുത്തുകാട്ടുകയാണ് ഖുർആൻ ചെയ്യുന്നതു. ആരോട് ചെയ്യപ്പെട്ടതു എന്നതിന്നല്ല, ആരു ചെയ്തതു എന്നതിന്നാണ്, ഇവിടെ അവരെ അഭിമുഖീകരിച്ചുകൊണ്ടുള്ള പ്രതിപാദനത്തിൽ, ഖുർആൻ പരിഗണന കൊടുക്കുന്നതു; പ്രതിജ്ഞയുണ്ടെങ്കിൽ അതു ലംഘിക്കപ്പെടുകയില്ലെന്ന് പ്രസ്താവിച്ചപ്പോൾ പ്രതിജ്ഞയുടെ "ആര്" എന്ന കർത്തൃബന്ധത്തെ സന്ധിരൂപത്തിൽ വെളിപ്പെടുത്തുകയും "ആരോട്" എന്ന കർമ്മബന്ധത്തെ പറയാതെ വിട്ടുകളയുകയും ചെയ്തിരിക്കുന്നതു നോക്കുക.

സത്യത്തിൽ വിശ്വസിച്ചു സൽക്കർമ്മങ്ങൾ ചെയ്യുകയെന്നതാണ് നരകയാതനകളിൽനിന്നു രക്ഷ പ്രാപിക്കുവാനായി മനുഷ്യന്നു സ്വീകരിക്കാവുന്ന ജീവിതപദ്ധതി; തന്നെയല്ല, മേല്പറഞ്ഞ പദ്ധതിയെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിൽ വിജയിക്കുകയെന്നതാണ്, നരകാഗ്നിയിൽനിന്നു മുക്തിനേടുന്ന കാര്യത്തിൽ ദൈവസമക്ഷത്തിങ്കൽ പ്രതിജ്ഞ സമ്പാദിക്കയെന്നതിന്നുള്ള വിവക്ഷ; സാക്ഷാൻ സത്യമായ ദൈവമല്ലാതെ വേറെ ദൈവമില്ലെന്നു പ്രഖ്യാപിച്ചു, തദനുസരണമായി വിശ്വസിച്ചു, മേല്പറഞ്ഞ വിശ്വാസത്തിന്നുചിതമായവിധത്തിൽ സത്യത്തിന്നു കീഴ്വഴങ്ങി നിങ്ങൾ ജീവിച്ചിട്ടുണ്ടോ? അങ്ങിനെയാണെങ്കിൽ നരകാഗ്നിയിൽ നിന്നുള്ള മോചനത്തെപ്പററി നിങ്ങൾക്കു മനസ്സിലാക്കുവാൻ സംഗതിയുണ്ടായേനെ; ഈ രേഖയുടെ ആശയമൂല്യമിതാണ്; (ഇമാം ഇബ്നു അബ്ബാസ്. റ:) എന്നാൽ അപ്പോഴും അതു അവരുടെ വർഗ്ഗീയമായൊരു പ്രത്യേകതയല്ലെന്നു അവർ മനസ്സിലാക്കേണ്ടതാണ്; എന്തുകൊണ്ടെന്നാൽ അങ്ങിനെയുള്ളൊരു പ്രതിജ്ഞ അവനിൽനിന്നു ഏതൊരു വ്യക്തിയോ സമുദായമോതന്നെ, ശരിയായ വിശ്വാസകർമ്മങ്ങൾ വഴി, സമ്പാദിച്ചിട്ടുണ്ടെങ്കിൽ, അതു അലംഘനീയമായിരിക്കുന്നതാണ്. അക്കാര്യത്തിൽ ആർക്കും ഒരു പ്രത്യേകതയുമില്ല; ഇനി അങ്ങിനെ ചെയ്യാതെകണ്ടാണ് അവർ ഈ അഭിപ്രായത്തെ പുറപ്പെടുവിക്കുന്നതെങ്കിൽ, അവക്കുതന്നെ ആന്തരമായി അറിയാൻ സാധിക്കാത്ത അനുമാനങ്ങൾ അവരുടെ രക്ഷിതാവിന്നെതിരിൽ അവർ പറഞ്ഞുകൂട്ടുകയാണ് അതുകൊണ്ട് ചെയ്യുന്നതു എന്ന വസ്തുത അവർ ഉണർന്നിരിക്കേണ്ടതാണ്; അവർ എന്താണ് വാസ്തവത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതെന്നു അവർതന്നെ ആലോചിച്ചാൽ മതി. അവരുടെ അഭിപ്രായത്തിന്നുതന്നെ അക്കാര്യത്തിൽ അവരെ ഖുർആൻ വിട്ടുകൊടുത്തിരിക്കയാണ്; അവരുടെ അടിസ്ഥാനശൂന്യത അത്രയും വ്യക്തമാണ്.

110. വ്യക്തികൾക്കല്ല, അവരുടെ പ്രവൃത്തികൾക്കാണ് ഖുർആൻ പരിഗണന കൊടുക്കുന്നതു; സത്യവിശ്വാസത്തോടുകൂടെ പ്രവൃത്തികളെ നന്നാക്കിച്ചെയ്തിട്ടുള്ളവരാണെങ്കിൽ തങ്ങൾക്ക് നരകയാതനയിൽനിന്നുള്ള മുക്തി ലഭിക്കുമെന്ന വസ്തുതയാണ് രേഖ 80ൽ വ്യക്തമാക്കപ്പെട്ടതു; ഇവിടെ രേഖ 81ൽ പ്രവൃത്തികൾ പാടെ ദുഷിച്ചുപോയിട്ടുള്ളവരെ, സംബന്ധിച്ചു ഖുർആൻ അതിൻെറ അടിസ്ഥാനതത്വത്തെ അറിയിക്കുന്നു.

പ്രവൃത്തികൾ ചെയ്യുന്നതു ആരാണെന്നല്ല, എന്താണു ചെയ്തതു എന്നാണ് ആലോചിക്കേണ്ടതു; രേഖ 81ന്റെ ആരംഭത്തിൽതന്നെ കാണപ്പെടുന്ന വാക്യശകലത്തിൽ ഈ വസ്തുത അന്തർഭവിച്ചിരിക്കുന്നു; "ബലാ=ഇല്ല" എന്ന വാക്ക് നിങ്ങൾ (വർഗ്ഗമഹിമാവാദക്കാരായ യിസ്രായേല്യർ) നിരൂപിക്കുന്ന മാതിരിയല്ല വസ്തുത എന്ന ആശയത്തെ സ്ഫുരിപ്പിക്കുന്ന ഒരു വാക്യത്തിന്റെ സ്ഥാനത്താണ് നിലകൊള്ളുന്നതു്. മുക്തിയുടെ വിഷയത്തിൽ പ്രവൃത്തിക്കാണ് സ്ഥാനമുള്ളതെന്ന ഖുർആനിക ജീവിത സിദ്ധാന്തത്തിന്റെ സന്ദർഭോചിതമായൊരു രത്നച്ചുരുക്കമാണ്, മേല്പറഞ്ഞ പദപ്രയോഗത്തിൽ കാണപ്പെടുന്നതു. യിസ്രായേല്യരെന്നല്ല മററ് ആർതന്നെയാവട്ടെ, യിസ്രായേല്യർ ചെയ്തുകൊണ്ടിരിക്കുന്ന പ്രകാരത്തിലുള്ള സത്യനിഷേധമൂലമായ ദുഷ്കർമ്മങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ മേല്പടിയാന്മാർക്കുള്ള പരിണതമായ ശിക്ഷ നിരന്തരമായ നരകയാതന തന്നെയാണ്; (ത്വബരി). പ്രവൃത്തിയുടെ പരിണാമങ്ങളെ നേരിടുന്നതിൽ വർഗ്ഗവർണ്ണഗോത്രവ്യത്യാസങ്ങൾക്ക് പ്രത്യേകതയൊന്നുമില്ലെന്ന ഖുർആനിക സിദ്ധാന്തത്തിന്റെ പ്രഖ്യാപനമാണ് യിസ്രായേല്യരുടെ പ്രവൃത്തികളെ പുരസ്കരിച്ചുകൊണ്ടു് ഖുർആൻ ഇവിടെ ചെയ്യുന്നതു; അതിനാൽ യിസ്രായേല്യരേയും ലോകത്തിലുള്ളതും ഉണ്ടാകുവാനുള്ളതും ഉണ്ടായിരുന്നതുമായ ഇതര ജനവിഭാഗങ്ങളേയും അതിലെ ഓരോ വ്യക്തികളേയും തുല്യഭാവത്തിൽ വിഷയീകരിക്കുന്ന വിധത്തിലാണ് ഖുർആൻ ഈ വസ്തുത വ്യക്തമാക്കുന്നതു; "മൻ=ആർതന്നെ" എന്ന പ്രയോഗത്താൽ അതു അസന്നിഗ്ദ്ധമായി സ്ഥാപിച്ചിരിക്കുന്നതു നോക്കുക; "ആർതന്നെയാവട്ടെ" എന്നു പറഞ്ഞിട്ട് അവരെ സംബന്ധിച്ചുള്ള ആഖ്യാനത്തെ അവസാനിപ്പിക്കുന്നതിന്നിടയിൽ ആഖ്യാനത്തിന്നു അവരെ അവകാശികളാക്കിത്തീർക്കുന്ന കാര്യങ്ങൾ വിസ്തരിക്കപ്പെട്ടിരിക്കുന്നതു ശ്രദ്ധിക്കുക; ദുഷിച്ചതിനെ സമ്പാദിച്ച്, തെററായ പ്രവൃത്തികളിൽനിന്നു പുറത്തു് പോകാത്തവിധത്തിൽ ജീവിച്ചു, അങ്ങിനെ തെററുകൾതന്നെ വലയമിടുവാൻ സംഗതിയാക്കിത്തീർത്തു, എന്നീ കാരണങ്ങളാണ് ഇവിടെ നരകാവകാശത്തിന്റെ വിഷയത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്ന വസ്തുതകൾ; വിശ്വാസത്തെ സംബന്ധിച്ചു, അതു ഉണ്ടോ ഇല്ലയോ എന്ന കാര്യത്തെപ്പററി ഇവിടെ ഒന്നും പറയപ്പെടുന്നില്ല; ഇതു വളരെ ആലോചനാർഹമായൊരു തത്വസൂചനയാണ്; സത്യത്തിൽ വിശ്വസിക്കുന്ന മനുഷ്യൻ തെററുകളാൽ വലയം ചെയ്യപ്പെട്ട വിധത്തിൽ ജീവിക്കുകയെന്നതുണ്ടാവില്ല; തെററുകൾക്കു തന്നെ വളഞ്ഞിടുവാൻ വകവെച്ചുകൊടുക്കുന്ന മനുഷ്യൻ സത്യത്തിൽ വിശ്വസിക്കയെന്നതും സംഭവ്യമല്ല. പ്രവൃത്തികളെ നന്നാക്കുന്നതിന്നു ശക്തിയില്ലാത്ത വിശ്വാസത്തെ, ഖുർആൻ വിശ്വാസമായി ഗണിക്കുന്നുമില്ല; അതിനാൽ തെററുകളിൽ മുഴുകിയ വ്യക്തികളെപ്പററി വിധിപറയുന്ന സന്ദർഭത്തിൽ വിശ്വസിച്ചു അല്ലെങ്കിൽ വിശ്വസിച്ചില്ല എന്ന സംഗതികളെപ്പററി പ്രത്യേകമായി ഒന്നും പറയേണ്ടതില്ല; അതു വ്യക്തമാണ്. തെററുകളിലും ദുഷ്കർമ്മങ്ങളിലും മാത്രം ജീവിക്കുന്നവർ നരകത്തിന്റെമാത്രം അവകാശികളാണ്"; അക്കൂട്ടർ ആരാണെന്നതോ എന്തു തരക്കാരാണെന്നതോ പ്രശ്നമല്ല; അവർ വിശ്വസിച്ചിട്ടുണ്ടോ വിശ്വസിച്ചിട്ടില്ലയോ എന്നതും കൂടി അക്കാര്യത്തിൽ ആലോചിക്കേണ്ടതില്ല; അവർ അതിൽ സ്ഥിരനിവാസികളാണ്; അവശതയുടെ അനന്തതയിൽനിന്നു അകററിനിർത്തപ്പെടുവാൻ അവർക്ക് അർഹതയുളവാക്കുന്ന ആത്മീയമായ ആസ്തിക്യത്തെ അവർ ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന സംഗതി വ്യക്തമാണ്.

"സയ്യിഅതുൻ" എന്ന പദത്തെയാണ് ഇവിടെ ദുഷിച്ചതു എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. സാക്ഷാൽ സത്യമായ ദൈവത്തോടു് ദൈവമല്ലാത്തതിനെ പങ്കുചേർക്കുകയെന്ന വിവക്ഷയാണ് ഈ വാക്കിന്നു ഇവിടെയുള്ളതു; (ഇമാം ഇബ്നു അബ്ബാസ്,റ:) സത്യമായതിനെ നിഷേധിക്കുകയെന്നുള്ളതും മേല്പറയപ്പെട്ട ദുർഗ്ഗുണത്തിൽ ഉൾക്കൊള്ളുന്നു; (ത്വബരി). മനുഷ്യന്റെ ആത്മീയമായ ആസ്തിക്യത്തിന്റെ എല്ലാ അഭിവൃദ്ധിസാദ്ധ്യതകളേയും അടിയോടെ അററുകളയുന്ന അന്യായമായ മനോവൃത്തികളെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്; തെററായ പ്രവൃത്തികൾക്ക് ജീവിതത്തെയാകമാനമായി വളഞ്ഞിടുവാൻ സന്ദർഭമുണ്ടാക്കുന്ന അധ:പതനത്തിന്റെ ആരംഭഘട്ടത്തെയാണതു കുറിക്കുന്നതു; അതിന്റെ അനന്തര സംഭവങ്ങളെയാണ്, "ഖത്വീഅതുൻ=പാപവൃത്തി" വലയം ചെയ്യുകയെന്ന വസ്തുത വെളിപ്പെടുത്തുന്നതു.

"ഖത്വീഅതുൻ" എന്ന വാക്കിന്നു്, നരകശിക്ഷക്ക് കടമയാക്കുന്ന ദുഷ്പ്രവൃത്തി എന്നു അർത്ഥമാണ്; "അൽകബാഇറ്=പെരുംപാപങ്ങൾ" എന്നറിയപ്പെടുന്ന, തെററായ പ്രവൃത്തികളെയെല്ലാം ഇതു ഉൾക്കൊള്ളുന്നു; (ത്വബരി). അവന്റെ തെററായ പ്രവൃത്തി (ഖത്വീഅത്) അവനെ വളഞ്ഞിടുകയും ചെയ്തു എന്ന വാക്യാംശത്തെപ്പററി

82. (ഇനി) യാതൊരുത്തർ വിശ്വസിച്ച്,
ഗുണകാര്യങ്ങൾ പ്രവർത്തിക്കയും ചെയ്തു;
അവർ സ്വർഗ്ഗത്തിലെ കൂട്ടാളികളാണ്;
അവർ അതിലാണ് സ്ഥിരനിവാസികൾ.[111]

٨٢- وَالَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ
اُولٰٓئِكَ اَصْحٰبُ الْجَنَّةِ ۚ هُمْ فِيْهَا خٰلِدُوْنَ ۟

ഗദ്യഭാഷ

82. ഇനി, (സത്യത്തിൽ) വിശ്വസിക്കയും ഗുണകാര്യങ്ങൾ പ്രവർത്തിക്കയും ചെയ്തിട്ടുള്ളവരാരോ, അവരാകുന്നു സ്വർഗ്ഗാവകാശികൾ; അവർ അതിൽത്തന്നെ സ്ഥിരതാമസക്കരാണ്.

ഒരാൾ ഇമാം ഹസനൽ ബസരി(റ:)യോട് ചോദിക്കയുമുണ്ടായി; അപ്പോൾ അവിടുന്നു മറുപടി പറഞ്ഞു:- എന്റെ കുഞ്ഞേ, "ഖത്വീഅത്തു്" എന്നതു എന്താണെന്നു എനിക്കറിഞ്ഞുകൂടാ; നീ ഖുർആൻ പാരായണം ചെയ്യുക. അങ്ങിനെ നരകാഗ്നിയെപ്പററിയുള്ള പ്രതിജ്ഞയുൾക്കൊള്ളുന്ന എല്ലാ രേഖകളും വായിക്കുക; എന്തിന്നായി നരകാഗ്നി പ്രതിജ്ഞചെയ്യപ്പെട്ടിരിക്കുന്നുവോ അതുതന്നെയാണ് ഖത്വീഅത് എന്നതു. (തബരി). ദുഷ്ചെയ്തിനെ സമ്പാദിക്കുകയെന്ന വാക്കിൽനിന്നു മനപ്പൂർവ്വമല്ലാതെ ചെയ്തുപോയേക്കാവുന്ന ദോഷബാധകളെ ഇവിടെ തിരിച്ചറിയേണ്ടതാണ്; "കസബ" എന്ന ശബ്ദത്തെയാണ് സമ്പാദിച്ച എന്നു ഇവിടെ, പരിഭാഷചെയ്യപ്പെട്ടിരിക്കുന്നതു; മനസ്സുവെച്ചുകൊണ്ടു പ്രവർത്തിക്കുക; തൊഴിലായി ചെയ്യുക; താല്പര്യത്തോടുകൂടെ നേടുക എന്നീ അർത്ഥങ്ങളിൽ കൂടി ഈ വാക്കു് പ്രയോഗിക്കപ്പെടുന്നു; സാധാരണമായി നല്ലതായ പ്രവൃത്തികൾ ചെയ്യുക എന്ന അർത്ഥത്തെ കുറിക്കുന്ന സന്ദർഭങ്ങളിലാണ് ഈ വാക്കു് പ്രയോഗിക്കപ്പെടുക പതിവു്; "ലഹാ മാകസബത്" അതിന്നു അനുകൂലമായുണ്ടു അതു സമ്പാദിച്ചതു; ദുഷ്പ്രവൃത്തികൾ ചെയ്കയെന്നതിന്നു "ഇക്തസബ" എന്ന ക്രിയാഭേദത്തെയാണ് പ്രയോഗിക്കാറുള്ളതു; ഗുണകരമായതിന്നു സന്ദർഭമില്ലാത്ത ദുർവൃത്തതയെപ്പററി പ്രതിപാദിക്കുന്ന കൂട്ടത്തിൽ മേല്പറഞ്ഞ വ്യത്യാസങ്ങൾ ദീക്ഷിക്കേണ്ടതില്ലെന്ന സൂചന ഈ പ്രയോഗത്തിൽ തെളിഞ്ഞു കാണുന്നുണ്ടു്.

111. നരകാഗ്നിക്കു് സ്ഥിരാവകാശികളായിട്ടുള്ള വ്യക്തികളുടെ സ്വഭാവചിത്രീകരണമാണ് രേഖ 81ൽ വെളിപ്പെടുത്തപ്പെട്ടതു. തുടർന്നുകൊണ്ടു് സ്വർഗ്ഗീയമായ ശാശ്വത സുഖത്തിന്റെ സ്ഥിരാവകാശികളുടെ ഗുണവിശേഷങ്ങൾ രേഖ 82ൽ വിസ്തരിക്കപ്പെടുന്നു; ജീവിതത്തിന്റെ സാർവ്വത്രികമായ ഗുണാധികാരങ്ങളുടെ പ്രചോദനമൂല്യമായ വിശ്വാസത്തെ പ്രവൃത്തിമൂലമായി കൈക്കൊണ്ടു പുലർത്തിപ്പോരുകയെന്നതാണ് പ്രഥമമായി സ്വർഗ്ഗാവകാശികളിൽ കാണപ്പെടേണ്ട വസ്തുത. പ്രവൃത്തികൾ നന്നായിരിക്കുകയെന്നതു വിശ്വാസത്തിന്റെ നന്മക്കുള്ള തെളിവാണ്; അങ്ങിനെ സദ്കർമ്മങ്ങളാൽ തെളിയിക്കപ്പെട്ട സത്യവിശ്വാസമാണ് സ്വർഗ്ഗാവകാശികളായ വ്യക്തികളുടെ സ്വഭാവമഹിമക്കു് നിദാനവസ്തുവായിരിക്കുക. തെററായ പ്രവൃത്തികൾക്കു് പ്രേരണ നല്കുന്ന വിശ്വാസങ്ങളെ ഖുർആൻ വിശ്വാസത്തിന്റെ കൂട്ടത്തിൽ പെടുത്തുന്നില്ല; വിശ്വാസത്തെപ്പററി പറയുന്നേടത്തൊക്കെ അതിന്റെകൂടെ സല്കർമ്മതാല്പര്യത്തെപ്പററി ഖുർആൻ പറയുന്നതിൽനിന്നു മേല്പറഞ്ഞ വസ്തുത വെളിപ്പെടുന്നുണ്ടു്. വിശ്വാസമെന്നു് നിരുപാധികമായി പറഞ്ഞാൽ ശരിയായ വിശ്വാസത്തെയാണ് ഖുർആൻ വിവക്ഷിക്കുന്നതു; വിശ്വസിക്കപ്പെടേണ്ട കാര്യങ്ങളുടെ വിശദീകരണത്തിന്നു് സംഹിത 2ൽ രേഖ 3മുതൽ 5വരെ കുറിപ്പുകളോടുകൂടെ നോക്കുക; വർഗ്ഗവർണ്ണജാതിവ്യത്യാസങ്ങൾ നരകത്തിൽനിന്നുള്ള മുക്തിയുടെ വിഷയത്തിലെന്നപോലെത്തന്നെ സ്വർഗ്ഗാവകാശത്തിന്റെ കാര്യത്തിലും പരിഗണിക്കപ്പെടുന്നതല്ല. സ്വർഗ്ഗാവകാശികളെ സംബന്ധിച്ചുകൂടി കർമ്മമൂലങ്ങളായ വിശേഷണങ്ങൾ പ്രയോഗിച്ചുകൊണ്ടാണ് ഖുർആൻ അവരുടെ നിലയെ പ്രഖ്യാപിക്കുന്നതു എന്ന വസ്തുതയിൽനിന്നു, ഇതു പ്രത്യേകിച്ചു വ്യക്തമാകുന്നുണ്ടു്.

രേഖ 81ലെ പ്രസ്താവനയെ രേഖ 62ലെ ആശയമൂല്യവുമായി ഒത്തുനോക്കുന്നതു ഉചിതമായിരിക്കും; ആവശ്യവും അർത്ഥവത്തുമായ വിശ്വാസമുണ്ടാവുകയും സദ്കർമ്മങ്ങൾ പ്രവൃത്തിക്കുകയും ആണെങ്കിൽ ഒരാൾ എന്തുമതവിഭാഗക്കാരാണെന്നുള്ളതു പ്രശ്നമല്ല എന്ന ആശയത്തെയാണ് രേഖ 61ൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതു; എന്നാൽ വിശ്വാസവും പ്രവൃത്തിയും അതിന്നു വിപരീതമായാൽ അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന കാര്യത്തിലും ഗോത്രമതാദിയായ താല്പര്യവ്യത്യാസങ്ങൾ പരിഗണിക്കപ്പെടുകയില്ല എന്നുള്ള സംഗതി

## സന്ധി 10

### യിസ്രായേല്യർ; അവരുടെ ഉടമ്പടിയും അതിന്റെ ലംഘനവും.

(അവരുടെ ഉടമ്പടിയുടെ രണ്ടു പ്രധാന ഘടകങ്ങൾ; അതു ലംഘിക്കുന്നതിലുംകൂടി അവർക്കു വ്യവസ്ഥാബോധമില്ല; ലംഘനത്തിന്റെ ദുഷിച്ച പ്രത്യാഘാതങ്ങൾ).

83. നാം ഇസ്രാഈലിന്റെ സന്തതികളുടെ
ഉടമ്പടി കൈക്കൊണ്ടതും (സ്മരിക്കുവിൻ):—
നിങ്ങൾ സേവചെയ്യരുതു്, അല്ലാഹുവിനെയല്ലാതെ.
മാതാപിതാക്കൾക്കു നന്മചെയ്യുകയാണു് (വേണ്ടതു);
അടുപ്പമുള്ളവർക്കും; അനാഥക്കുട്ടികൾക്കും;
അഗതികൾക്കും തന്നെയും, (നന്മചെയ്യുക).
പറയുകയും ചെയ്യിൻ ജനങ്ങളോടു് നന്മയെ;
നിങ്ങൾ നിലനിർത്തുകയും ചെയ്യിൻ, പ്രാർത്ഥനയെ;
നിങ്ങൾ നല്കുകയും ചെയ്യിൻ, ദാനനികുതിയെ എന്നു.
പിന്നെ നിങ്ങൾ പിന്തിരിഞ്ഞുകളഞ്ഞു;
നിങ്ങളിൽനിന്നു കുറച്ചുപേരൊഴിച്ചു.
നിങ്ങൾ തിരിഞ്ഞുകളയുന്നവരാണുതാനും.[112]

٨٣- وَإِذْ أَخَذْنَا مِيثَاقَ بَنِيٓ إِسْرَآءِيلَ لَا
تَعْبُدُونَ إِلَّا ٱللَّهَ وَبِٱلْوَٰلِدَيْنِ إِحْسَانًا
وَذِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينِ وَ
قُولُوا۟ لِلنَّاسِ حُسْنًا وَأَقِيمُوا۟ ٱلصَّلَوٰةَ وَ
ءَاتُوا۟ ٱلزَّكَوٰةَ ثُمَّ تَوَلَّيْتُمْ إِلَّا قَلِيلًا مِّنكُمْ
وَأَنتُم مُّعْرِضُونَ ۝

ഗദ്യഭാഷ

83. നാം ഇസ്രായിൽ സന്തതികളുടെ ഉടമ്പടി കൈക്കൊണ്ടതും (സ്മരിക്കുവിൻ):- അല്ലാഹുവിനെയല്ലാതെ നിങ്ങൾ (മറ്റൊന്നിനെ) ആരാധിക്കരുതു; മാതാപിതാക്കൾക്കു നന്മചെയ്യു; അടുപ്പമുള്ളവർക്കും അനാഥക്കുട്ടികൾക്കും അഗതികൾക്കും(തന്നെ നന്മചെയ്യു). ജനങ്ങളോടു നന്മയെ പറയുകയും പ്രാർത്ഥനയെ നിലനിർത്തുകയും ദാനനികുതി നല്കുകയും ചെയ്യിൻ. പിന്നെ നിങ്ങളിൽ കുറഞ്ഞ ചിലരൊഴികെ അതിനെ വിട്ടു പിന്തിരിഞ്ഞു കളഞ്ഞു; നിങ്ങൾ തിരിഞ്ഞുകളയുന്നവരുമാണുതന്നെ.

യാണു്, ആ പ്രഖ്യാപനത്തിന്റെ മറ്റൊരു വശമുള്ളതു. എന്നാൽ രേഖ 61ൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു സദ്‌വൃത്തതയോടുകൂടിയ ആത്മഗുണത്തിന്റെ പാരമ്യതയാണു്; ഇവിടെ രേഖ 81ൽ വിസ്തരിക്കപ്പെട്ടിരിക്കുന്നതു അതിന്റെ നേരെ വിപരീതമായ അവസ്ഥാന്തരമാണു്; പാപവൃത്തിയുടെ പാരമ്യതയെ അതു കുറിക്കുന്നു. സദ്കർമ്മങ്ങൾ പാരമ്യതയെ പ്രാപിക്കുന്നതു അവയെ പ്രവൃത്തിക്കുന്ന വ്യക്തിയുടെ യഥാർത്ഥമായ വിശ്വാസശുദ്ധികൊണ്ടാണു്; അതു അങ്ങിനെ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ പിന്നെ അയാളുടെ കാര്യത്തിൽ അന്യപ്രശ്നങ്ങൾ ആവശ്യമായി വരുന്നില്ല; പക്ഷെ പാപകരമായ പ്രവൃത്തികൾ പാരമ്യതയെ പ്രാപിക്കുന്നതിനു ഉദ്ദേശതാല്പര്യങ്ങൾ ഒരു ഉപാധിയായിത്തീരുന്നില്ല; തിന്മയിൽനിന്നു നന്മയിലേക്കു് നീങ്ങാതെ ജീവിക്കുകയെന്നതാണു്, അക്കാര്യത്തിൽ അഗാധതയുടെ അടിസ്ഥാനതത്വമായി ഖുർആൻ എടുത്തുകാട്ടുന്നതു; നന്മയുടെയും തിന്മയുടെയും പാരമ്യതകളിൽ ഗോത്രവർണ്ണജാതിമതവ്യത്യാസങ്ങൾക്കു് വിലയില്ലെന്ന വസ്തുത രണ്ടു രേഖകളിലും ഒരുപോലെ വ്യക്തമാക്കപ്പെട്ടിരിക്കുന്നതു നോക്കുക; രേഖ 61ൽ സദ്‌വൃത്തന്മാരുടെ മനോമണ്ഡലത്തിന്റെ പ്രസന്നതയെയാണു് ഖുർആൻ വെളിപ്പെടുത്തിയിരിക്കുന്നതു; എന്നാൽ രേഖ 82ൽ അവർക്കുണ്ടാകുന്ന അനുഭവപൂർണ്ണമായ അവകാശത്തെയും അതിന്റെ ശാശ്വതാവസ്ഥയേയും അതു മുൻകൂട്ടി പ്രസ്താവിക്കുന്നു.

112. ശിക്ഷയിൽനിന്നു മുക്തി ലഭിക്കുന്ന കാര്യത്തിൽ തങ്ങൾക്കു ചില പ്രത്യേകമായ പരിഗണനകൾ ലഭിക്കാതിരിക്കുകയില്ലയെന്ന യിസ്രായേൽ വാദത്തെയാണു് രേഖ 80 തുടങ്ങിയുള്ള പ്രതിപാദനത്തിൽ ഖുർആൻ നിഷേധിച്ചതു്. ആ വിഷയത്തിൽ അതായതു, പ്രവൃത്തിയുടെ ഫലങ്ങൾ അവ അർഹിക്കുന്ന വിധത്തിൽ അനുഭവിക്കേണ്ടി വരുന്ന കാര്യത്തിൽ അവർക്കു ഒരു പ്രകാരത്തിലുള്ള പ്രത്യേകതയും പരിഗണനയും ലഭിക്കുകയെന്നതു നിയമമല്ല എന്നു അസന്നിഗ്ദ്ധമായി അവർക്കു അറിവു കൊടുക്കപ്പെടുകയുണ്ടായി; സത്യത്തിൽ വിശ്വസിച്ചു സൽക്കർമ്മങ്ങൾ ചെയ്തു, തന്മൂലമായി സാക്ഷാൽ സത്യമായ ദൈവത്തിങ്കൽനിന്നു മോചനപ്രതിജ്ഞ വാങ്ങി

യാലല്ലാതെ മേല്പറഞ്ഞ സംഗതിയിൽ യാതൊരു വിധത്തിലുള്ള ആനുകൂല്യവും ആക്കും ഉറപ്പിക്കാവുന്നതല്ല. ആ കാര്യത്തിലും യിസ്രായേല്യൎക്ക് ഒരു വിശേഷതയുമില്ല. എന്നാൽ, ഇനി അവൎക്ക് ഒരു പ്രത്യേകതയുള്ളതു മറെറാരു വിഷയത്തിലാണു്; തങ്ങളുടെ ദൈവത്തിൽനിന്നു അവർ വാങ്ങിയ പ്രതിജ്ഞയുടെ നിലയിലുള്ളതല്ല അതു; അങ്ങിനെയാണെങ്കിൽ അതു തികച്ചും പാലിക്കപ്പെട്ടേനെ; നേരെമറിച്ചു, യിസ്രായേല്യർ ദൈവത്തോടു ചെയ്ത പ്രതിജ്ഞയുടെ പ്രത്യേകതയാണവൎക്കുള്ളതു. സത്യത്തിൽ വിശ്വസിച്ചു സല്ക്കൎമ്മങ്ങൾ ചെയ്തു, ശാശ്വതമായ സാക്ഷാൽ സത്യത്തിന്നു സ്വയം സമൎപ്പിച്ചു ജീവിച്ചുകൊള്ളാമെന്നു യിസ്രായേല്യർ പ്രതിജ്ഞ ചെയ്തിട്ടുണ്ടു്. ചുരുക്കത്തിൽ, യിസ്രായേല്യർ, ദൈവത്തോടു പ്രതിജ്ഞ ചെയ്കയാണുണ്ടായിട്ടുള്ളതു്. ദൈവത്തിൽനിന്നു തങ്ങൾ വിചാരിക്കുന്ന വിധത്തിലുള്ള പ്രതിജ്ഞ വാങ്ങുകയുണ്ടായിട്ടില്ലതന്നെ; സത്യവിശ്വാസത്തോടുകൂടെ സല്ക്കൎമ്മങ്ങൾ ചെയ്തുകൊള്ളാമെന്നു് അവർ ഉറച്ച ഉടമ്പടി ചെയ്കയാണുണ്ടായിട്ടുള്ളതു; എന്തു അക്രമങ്ങൾ ചെയ്താലും എങ്ങിനെയെങ്കിലും അവരെ കൎമ്മഫലത്തിന്റെ അഗ്നിയിൽനിന്നു അകററി നിവൎത്തിക്കൊള്ളാമെന്നു് ഒരു ഉടമ്പടിയും ഉണ്ടായിട്ടില്ലതന്നെ.

രേഖ 83ൽ യിസ്രായേല്യരിൽനിന്നു തങ്ങളുടെ രക്ഷിതാവു് കൈക്കൊണ്ടിട്ടുള്ള ഉടമ്പടിയുടെ ഉള്ളടക്കങ്ങൾ നോക്കുക; ജനതയുടെ രക്ഷിതാവായ ദൈവം ജനങ്ങളിൽനിന്നു ഉടമ്പടി കൈകൊണ്ടുവെന്നുപറഞ്ഞാൽ തന്റെ കല്പനകളെ അവൻ അവരെക്കൊണ്ടു സമ്മതിപ്പിക്കുകയും, അതുവഴി അവരുടെ സമ്മതത്തെ സ്വീകരിക്കുകയും ചെയ്തുവെന്ന അൎത്ഥമാണുള്ളതു്. രേഖ 63മായി ഇതിനെ താരതമ്യപ്പെടുത്തി നോക്കുക. പഴയ നിയമത്തിൽ താഴെക്കാണുന്നവിധത്തിൽ പറയപ്പെട്ടിരിക്കുന്നു. “ഇപ്പോൾ യിസ്രായേലേ,...കണ്ണാലെ കണ്ടിട്ടുള്ള കാൎയ്യങ്ങൾ നീ മറക്കാതെയും, നിന്റെ ആയുഷ്ക്കാലത്തൊരിക്കലും അവ നിന്റെ മനസ്സിൽനിന്നു വിട്ടുപോകാതെയും ഇരിപ്പാൻമാത്രം സൂക്ഷിച്ചു നിന്നെത്തന്നെ ജാഗ്രതയോടെ കാത്തുകൊൾക...വിശേഷാൽ ഹോരേബിൽ നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽനിന്ന ദിവസത്തിൽ ഉണ്ടായ കാൎയ്യം മറക്കരുതു. അന്നു യഹോവ എന്നോടു്: ജനത്തെ എന്റെ അടുക്കൽ വിളിച്ചുകൂട്ടുക; ഞാൻ എന്റെ വചനങ്ങൾ അവരെ കേൾപ്പിക്കും; അവർ ഭൂമിയിൽ ജീവിച്ചിരിക്കുന്ന നാൾ ഒക്കെയും എന്നെ ഭയപ്പെടുവാൻ പഠിക്കയും, തങ്ങളുടെ മക്കളെ പഠിപ്പിക്കയും വേണം എന്നു കല്പിച്ചുവല്ലോ? അങ്ങനെ നിങ്ങൾ അടുത്തുവന്നു പൎവ്വതത്തിന്റെ അടിവാരത്തു നിന്നു. അന്ധകാരവും മേഘവും കൂരിരുളും ഉണ്ടായിരിക്കെ പൎവ്വതം ആകാശമദ്ധ്യത്തോളം തീ കാളി കത്തിക്കൊണ്ടിരുന്നു; യഹോവ തീയുടെ നടുവിൽനിന്നു നിങ്ങളോടു് അരുളിച്ചെയ്തു; നിങ്ങൾ വാക്കുകളുടെ ശബ്ദംകേട്ടു്. ശബ്ദംമാത്രം കേട്ടതല്ലാതെ രൂപം ഒന്നും കണ്ടില്ല; നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിന്നു അവൻ നിങ്ങളോടു് കല്പിച്ച തന്റെ നിയമമായ പത്തു കല്പന അവൻ നിങ്ങളെ അറിയിക്കയും, രണ്ടു കല്പലകയിൽ എഴുതുകയും ചെയ്തു;...നിങ്ങൾ നന്നായി സൂക്ഷിച്ചുകൊൾവിൻ. യഹോവ ഹോരേബിൽ തീയുടെ നടുവിൽനിന്നു നിങ്ങളോടു് അരുളിച്ചെയ്ത നാളിൽ നിങ്ങൾ രൂപമൊന്നും കണ്ടില്ലല്ലോ? അതുകൊണ്ടു നിങ്ങൾ ആണിന്റെയെങ്കിലും പെണ്ണിന്റെയെങ്കിലും സാദൃശ്യമോ, ഭൂമിയിലുള്ള യാതൊരു മൃഗത്തിന്റെയും സാദൃശ്യമോ, ആകാശത്തു പറക്കുന്ന യാതൊരു പക്ഷിയുടേയും സാദൃശ്യമോ, ഭൂമിയിലുള്ള യാതൊരു ഇഴജാതിയുടേയും സാദൃശ്യമോ ഭൂമിക്കുകീഴെ വെള്ളത്തിലുള്ള യാതൊരു മത്സ്യത്തിന്റെയും സാദൃശ്യമോ, ഇങ്ങനെ യാതൊന്നിന്റെയും പ്രതിമയായ വിഗ്രഹം ഉണ്ടാക്കി വഷളത്വം പ്രവൎത്തിക്കരുതു. നീ ആകാശസൈന്യമായ സൂൎയ്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുതു; അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻകീഴെയുള്ള സൎവ്വജാതികൾക്കും പങ്കിട്ടുകൊടുത്തിരിക്കുന്നു. നിങ്ങളെയോ......തനിക്കു് അവകാശ ജനമായിരിക്കേണ്ടതിന്നു യഹോവ തിരഞ്ഞെടുത്തു നിങ്ങളെ മിസ്രയീം എന്ന ഇരുമ്പുലയിൽനിന്നു പുറപ്പെടുവിച്ചുകൊണ്ടുവന്നിരിക്കുന്നു. (ആവൎത്തനം 4ൽ 21വരെ)

ആരാധിക്കുകയെന്നതു മനുഷ്യനിൽ സ്വാഭാവികമായുള്ളൊരു വാസനയാണു; അറിഞ്ഞോ അറിയാതെയോ ഒന്നിനെയല്ലെങ്കിൽ മറെറാന്നിനെ എല്ലാവരും ആരാധിക്കുന്നുമുണ്ടു്; അങ്ങിനെ മനുഷ്യൻ സ്വാഭാവികമായി ചെയ്യുന്നതായ അരാധനയെ അതിന്നൎഹതയും അധികാരവും ഉള്ള സ്ഥാനത്തു് അൎപ്പിക്കണമെന്നതാണു് ഖുർആൻ നല്കുന്ന ശാസന; ഖുർആനിൽ ഒരിടത്തും ഇന്നതിനെ എന്നു വ്യക്തമാക്കാത്തവിധത്തിൽ ആരാധനക്കുള്ള ശാസന ചെയ്യപ്പെട്ടതായി കാണുകയില്ലതന്നെ; ആരാധന ചെയ്യുകയെന്നതു മനുഷ്യനു സ്വാഭാവികമായിട്ടുള്ള

താണെന്ന വസ്തുതയാണ് അതു കാണിക്കുന്നതു. ആരാധന ചെയ്യാതിരിക്കുകയെന്നതല്ല അസ്ഥാനത്തുള്ള ആരാധനയാണ് ഇവിടെ നിരോധിക്കപ്പെട്ടിരിക്കുന്നതു; എല്ലാം അതതിന്റെ സ്ഥാനത്ത് അതതിന്നു ഉചിതമായ വിധത്തിൽ നിർവ്വഹിക്കണം എന്ന അടിസ്ഥാനത്തിലാണ് ആരാധനയെ സംബന്ധിച്ചുള്ള ആജ്ഞയുംകൂടി മനുഷ്യന്നു നല്കപ്പെട്ടിരിക്കുന്നതു. യിസ്രായേല്യരെ സംബന്ധിച്ചേടത്തോളവും അതു ഒരു അസാധാരണ വസ്തുതയായിരുന്നില്ല. എന്നാൽ അവരോട് അതു അപ്രകാരത്തിൽ ചെയ്യുവാൻ ശാസിക്കപ്പെട്ടിരുന്നുവെന്നുള്ളതാണ് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നതു; ദൈവത്തിന്റെ ഏകത്വത്തെ സംബന്ധിച്ചുള്ള ജ്ഞാനമൂലമായ വിശ്വാസമാണ് ദൈവാരാധനയുടെ അടിത്തറ. പഴയ വേദപുസ്തകത്തിൽ മേല്പറഞ്ഞ വസ്തുത പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്; "അടിമവീടായ മിസ്രയീം ദേശത്തുനിന്നു നിന്നെക്കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു; ഒരു വിഗ്രഹം ഉണ്ടാകരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കുകീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു;" (പുറപ്പാട് 20ൽ 2മുതൽ 5വരെ). ദൈവകല്പനയനുസരിച്ചു ചെയ്യുന്നതും, ദൈവീക നിരോധനത്തെ മാനിച്ചുകൊണ്ട് ചെയ്യാതിരിക്കുന്നതുമായ പ്രവൃത്തികളെല്ലാംതന്നെ ദൈവാരാധനയിൽ പെട്ടതാണ്; ആരാധനയുടെ വിശദീകരണത്തിന്നു സംഹിത 1ൽ രേഖ 4ഉം കുറിപ്പുകളും നോക്കുക.

ദൈവാരാധനയെ പ്രാർത്ഥനയെന്നും പ്രവൃത്തിയെന്നും പ്രാഥമികമായി വിഭജിക്കാവുന്നതാണ്; പ്രവൃത്തികൾ ഉത്തരവുകളെന്നും നിരോധനങ്ങളെന്നും വീണ്ടും തരം തിരിയുന്നു; ഉത്തരവുകളിൽത്തന്നെ ഒരു വിഭാഗം ആജ്ഞകളും മറെറാരു വിഭാഗം അനുവാദങ്ങളുമാണ്; ആജ്ഞകളുടേയും അനുവാദങ്ങളുടേയും ആകെത്തുക നിർമ്മാണപരമായ കർമ്മങ്ങളായിട്ടാണ് കാണപ്പെടുക; അതിൽ അനുമതികൾ ആരാധകന്നു ഐച്ഛികമായിട്ടുള്ളവയാണ്; ആജ്ഞകളും നിരോധനങ്ങളും അലംഘനീയവുമാണ്; എന്നാൽ ഐച്ഛികമായ അനുവാദങ്ങൾ തന്നെ ഉദ്ദേശഗുണത്താൽ ദൈവാരാധനയായിത്തീരുന്നുവെന്നുള്ളതത്രെ അതിന്നുള്ള പ്രത്യേകത; സാക്ഷാൽ സത്യമായ ദൈവത്തെയല്ലാതെ മറെറാന്നിനെ ആരാധിക്കരുതെന്ന ശാസനയെത്തുടർന്ന് നല്കപ്പെട്ടിരിക്കുന്ന കല്പനകൾ ദൈവാരാധനയുടെ നിർമ്മാണപരമായ വിശദീകരണങ്ങളാണ്; മാതാപിതാക്കൾക്ക് നന്മ ചെയ്യുകയെന്നു തുടങ്ങി "സക്കാത്തു" (ദാനനികുതി) നല്കുകയെന്നതുവരെ വിസ്തരിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളെല്ലാംതന്നെ നിർമ്മാണപരമായിട്ടുള്ളതാണെന്നു മനസ്സിലാക്കാവുന്നതാണ്; മാതാപിതാക്കളോടു കൂടെത്തന്നെ ബന്ധമുള്ളവരേയും അവരുടെ കൂട്ടത്തിൽതന്നെ അനാഥക്കുട്ടികളേയും കുട്ടികളുടെ ഒരുമിച്ചുതന്നെ അഗതികളേയും സത്കർമ്മപാത്രങ്ങളായി എടുത്തുകാണിക്കുന്നതു നോക്കുക; സത്യത്തിന്നു സമർപ്പിച്ച സത്യമാത്രനിരതനായി ജീവിക്കുന്ന മനുഷ്യൻ കൈക്കൊള്ളേണ്ടതായ സാമൂഹ്യജീവിതത്തിന്റെ കർമ്മപദ്ധതിയാണിവിടെ ഖുർആൻ വെളിപ്പെടുത്തുന്നതു; കൂടാതെ ജനങ്ങളോട് നല്ലവാക്ക് പറയുകയെന്ന കാര്യത്തെ പ്രാർത്ഥനയെ നിലനിർത്തുകയെന്ന മഹാ പുണ്യകർമ്മത്തിന്റെയും ദാനനികുതി നല്കുകയെന്ന ഗഹനമായ ത്യാഗതല്പരതയുടേയുംകൂടെ വിസ്തരിച്ചിരിക്കുന്നതു ശ്രദ്ധിക്കത്തക്കതാണ്; അന്ത്യപ്രവാചകന്റെ അനുയായികൾക്ക് ആജ്ഞാപിക്കപ്പെട്ട അതേ ആജ്ഞകൾ തന്നെയാണ് ഈ വിഷയങ്ങളിൽ മൗലികമായിട്ട് യിസ്രായേല്യർക്കും അരുളപ്പെട്ടിരുന്നതു.

പഴയനിയമത്തിൽനിന്നു ചില വരികൾ നോക്കുക; നിങ്ങളുടെ ദൈവമായ യഹോവയെ തന്നെ സേവിപ്പിൻ (പുറപ്പാട് 23ൽ 25). നിനക്ക് ദീർഘായുസ്സ് ഉണ്ടാകുവാനും നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിനക്കു നന്നായിരിപ്പാനും നിന്റെ ദൈവമായ യഹോവ നിന്നോട് കല്പിച്ചതുപോലെ, നിന്റെ അച്ഛനേയും അമ്മയേയും ബഹുമാനിക്ക; (ആവർത്തനം 5ൽ 16). നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന്നു നിന്റെ കൈ മനസ്സോടെ തുറന്നുകൊടുക്കേണമെന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു (ആവർത്തനം 15ൽ 11). മുമ്മൂന്നു ആണ്ടുകൂടുമ്പോൾ മൂന്നാം സംവത്സരത്തിൽ നിനക്കുള്ള വിളവിന്റെ ദശാംശം ഒക്കെയും വേർതിരിച്ചു നിന്റെ പട്ടണങ്ങളിൽ സംഗ്രഹിക്കേണം; നീ ചെയ്യുന്ന സകല പ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കേണ്ടതിന്നു നിന്നോടുകൂടെ ഓഹരിയും അവകാശവും ഇല്ലാത്ത ലേവ്യനും നിന്റെ പട്ടണങ്ങളിലുള്ള പരദേശിയും അനാഥനും വിധവയും വന്നു തിന്നു് തൃപ്തരാകേണം; (ആവർത്തനം 28ൽ-29). മേല്പറഞ്ഞ സംഗതികൾ യിസ്രായേല്യർ പ്രവൃത്തിയിൽ വരുത്തുന്നതാണെന്നു പ്രതിജ്ഞ

84. നിങ്ങളുടെ ഉടമ്പടിയെ നാം കൈക്കൊണ്ടതും,
(നിങ്ങൾ സ്മരിക്കുവിൻ);
നിങ്ങൾ ചിന്തരുതെന്നും, നിങ്ങളുടെ രക്തങ്ങളെ;
നിങ്ങൾ പുറത്താക്കയുമരുതെന്നു, നിങ്ങളെത്തന്നെ;
നിങ്ങളുടെ ഗൃഹങ്ങളിൽനിന്നു്.
പിന്നെ നിങ്ങൾ സമ്മതിച്ചുപറഞ്ഞു;
നിങ്ങൾതന്നെ സാക്ഷ്യംവഹിക്കവേ.[113]

٨٤- وَإِذْ أَخَذْنَا مِيثَاقَكُمْ لَا تَسْفِكُونَ
دِمَاءَكُمْ وَلَا تُخْرِجُونَ أَنفُسَكُم مِّن
دِيَارِكُمْ ثُمَّ أَقْرَرْتُمْ وَأَنتُمْ تَشْهَدُونَ ۝

ഗദ്യഭാഷ

84. നിങ്ങളുടെ രക്തങ്ങളെ നിങ്ങൾ ചിന്തുകയില്ലെന്നും, നിങ്ങളുടെ ഭവനങ്ങളിൽനിന്നു നിങ്ങളെത്തന്നെ നിങ്ങൾ പുറത്താക്കുകയില്ലെന്നും, നിങ്ങളുടെ ഉടമ്പടിയെ നാം വാങ്ങിയതും (നിങ്ങൾ സ്മരിക്കുവിൻ); പിന്നെ നിങ്ങൾതന്നെ സാക്ഷ്യം വഹിച്ചുകൊണ്ടു സമ്മതിച്ചു പറഞ്ഞു.

ചെയ്തിട്ടുള്ളതാണു്; അവരെ സംബന്ധിക്കുന്ന ഒരു പ്രതിജ്ഞയുള്ളതു ഈ തരത്തിൽ പെട്ടതാണു്; അല്ലാതെ അവർ അവകാശപ്പെടുന്നപോലെ, എന്തു ചെയ്താലും അവർക്കു അസാധാരണമായ ആനുകൂല്യങ്ങൾ ലഭിക്കുമെന്നുള്ളതല്ല. അവരുടെ പ്രതിജ്ഞ അവർക്കു എല്ലാവർക്കും ഒരുപോലെ ബാധകവുമാണു്. എന്നിട്ടു അവർ എന്തുചെയ്തുവെന്നുള്ള വസ്തുത ഖുർആൻ വ്യക്തമാക്കുന്നതു നോക്കുക; "പിന്നെ (ഇതിന്നെല്ലാററിന്നും പിറകെ) നിങ്ങൾ പിന്തിരിഞ്ഞുകളഞ്ഞു" എന്നാണു് അതു ആദ്യമായി മൊത്തത്തിൽ പറയുന്നതു്. എന്നിട്ടു ആ പ്രസ്താവനയുടെ ബാദ്ധ്യതയിൽനിന്നു, അവരിൽനിന്നും ആരാധനയെ ഉചിതമായി അനുഷ്ഠിച്ചിട്ടുള്ള ഏതാനും ആളുകളെ ഖുർആൻ ഒഴിവാക്കിനിറുത്തുകയും ചെയ്യുന്നു. അവരിൽ അധികം ആളുകളും അനുസരണമില്ലാത്തവരാണെന്ന ആശയത്തെയാണു് അതുകൊണ്ടു ഖുർആൻ വ്യക്തമാക്കുന്നതു്. അവസാനമായി അതിന്നുള്ള അടയാളവും അതു അറിയിക്കുന്നു. സത്യത്തെ വിട്ടു മിഥ്യയിലേക്കു തിരിഞ്ഞുകളയുകയെന്നതു യിസ്രായേല്യർക്കു താരതമ്യേന സ്വഭാവമായിരിക്കുന്നുവെന്നാണു് ഖുർആൻ അവസാനമായി എടുത്തുപറയുന്നതു്; അങ്ങിനെയിരിക്കെ, പിന്നെ അവരെ നരകാഗ്നി ക്ലിപ്തകാലത്തേക്കല്ലാതെ സ്പർശിക്കയില്ലെന്നു് വിചാരിക്കുന്നതിന്നു അവർക്കു എന്തു അടിസ്ഥാനമാണുള്ളതു്?

ജനങ്ങളോടു നന്മയെ പറയുകയെന്ന കല്പന മനുഷ്യന്റെ ഹിതവിനിമയ ശീലത്തിന്റെ മുദ്രാവാക്യത്തെയാണു് കുറിക്കുന്നതു്. സാക്ഷാൽ സത്യമായ ദൈവത്തിലുള്ള താല്പര്യത്തെ മുൻനിറുത്തിക്കൊണ്ടു് പരമാർത്ഥങ്ങൾ നല്ല സ്വഭാവത്തിൽ പറഞ്ഞറിയിക്കുകയെന്ന വിവക്ഷയാണിതിന്നുള്ളതു്. സാക്ഷാൽ സത്യമായ ദൈവത്തെയല്ലാതെ മററൊന്നിനെ ആരാധിക്കുവാൻ പാടില്ലെന്നു പ്രഖ്യാപിക്കുകയെന്നും ഇതിന്നർത്ഥമുണ്ടു്; (ഇബ്നു അബ്ബാസ്, റ:). ഗുണമായതിന്നു പറഞ്ഞു പ്രേരിപ്പിക്കുക, ദുർഗ്ഗുണങ്ങളെ സംബന്ധിച്ചു നിരോധിക്കുക എന്നും ഇതിനെ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു; (ഇമാം അബുൽ ആലിയ:). മാർദ്ദവമായ രീതിയിൽ ഗുണദോഷങ്ങൾ പറഞ്ഞുകൊടുക്കുക; പെരുമാററത്തിൽ മര്യാദയും സംസാരത്തിൽ സ്വഭാവഗുണവും കാണിക്കുകയെന്നും ഇതിന്നു വിവക്ഷയുള്ളതായിക്കാണുന്നു; (തബ്‌രി). എല്ലാം ഒരേ ആശയത്തിന്റെ നാനാ മുഖങ്ങളായ പ്രതിപാദനങ്ങളാണെന്നു നമുക്കു മനസ്സിലാക്കാവുന്നതാണു്.

113. യിസ്രായേല്യർ ദൈവത്തോടാണു് പ്രതിജ്ഞ ചെയ്തിട്ടുള്ളതെന്ന വസ്തുതയാണല്ലോ, അവരുടെ "പ്രത്യേകതാവാദ"ത്തെത്തുടർന്ന, മുൻപറയപ്പെട്ട രേഖകളിൽ വിവരിക്കപ്പെട്ടിരിക്കുന്നതു്. ദൈവകല്പനകളെ തങ്ങൾ പ്രവൃത്തിയിൽ വരുത്തുവാൻ സമ്മതിച്ചിട്ടുണ്ടെന്നുള്ളതാണു് പ്രതിജ്ഞയുടെ അർത്ഥമെന്നുള്ളതും വ്യക്തമാണു്. പ്രസ്തുത സമ്പ്രദായത്തിലുള്ള പ്രതിജ്ഞയുടെ വിശദീകരണങ്ങളാണു് രേഖ 83ൽ വ്യക്തമാക്കപ്പെട്ടതു്. എന്നാൽ പ്രതിജ്ഞയുടെ ആകെത്തുകയെ പരിശോധിച്ചാൽ അതിന്നു രണ്ടു ഘടകങ്ങൾ ഉള്ളതായി മനസ്സിലാക്കാവുന്നതാണു്. ഒന്നാമതു, നിർമ്മാണപരങ്ങളായ ആജ്ഞകൾതന്നെ; രണ്ടാമതൊരു ഘടകമുള്ളതു, നിരോധനങ്ങളാണു്. രേഖ 83ൽ പ്രതിപാദിക്കപ്പെട്ട വസ്തുതകൾ എല്ലാംതന്നെ ഒന്നാമതു പറയപ്പെട്ട നിർമ്മാണശാസനകളാണു്. പ്രതിജ്ഞയുടെ നിർമ്മാണപരമായ ഘടകത്തിന്റെ വിശദീകരണങ്ങളാണതു ഉൾക്കൊള്ളുന്നതു; അതും, അവരിൽ

അധികം പേരും അനുവർത്തിക്കയുണ്ടായില്ലെന്നു പ്രഖ്യാപിക്കപ്പെട്ടു. ഇവിടെ രേഖ 84ൽ പ്രതിജ്ഞയുടെ രണ്ടാമത്തെ ഘടകത്തെയാണ് ഖുർആൻ വ്യക്തമാക്കുന്നതു്. അതിൻെറ ഉള്ളടക്കം യിസ്രായേല്യക്ക് നല്കപ്പെട്ടിരുന്ന നിരോധനങ്ങളുടെ അടിസ്ഥാന തത്വങ്ങളാണ്; പ്രതിജ്ഞയുടെ ഒന്നാമത്തെ ഘടകത്തെ പാലിക്കുകയെന്നാൽ അതിൽ സമ്മതിക്കപ്പെട്ടിരിക്കുന്ന കല്പനകളെ പ്രവൃത്തിയിൽ കൊണ്ടുവരികയെന്നർത്ഥമാണല്ലോ? എന്നാൽ രണ്ടാമത്തെ ഘടകമായ നിരോധനശാസനകളെ പാലിക്കുകയെന്നതിന്നു, നിരോധിക്കപ്പെട്ട സംഗതികൾ പ്രവൃത്തിയിൽ കൊണ്ടുവരാതിരിക്കുകയെന്നർത്ഥമാണുള്ളതു. ഇനി, നിരോധനങ്ങളുടെ ഉള്ളടക്കങ്ങൾ നോക്കുക; യിസ്രായേല്യരുടെ രക്തത്തെ യിസ്രായേല്യർതന്നെ ചിന്തിയൊഴുക്കരുതു് എന്നുള്ളതാണ് പ്രതിജ്ഞയുടെ ഉള്ളടക്കങ്ങളിൽ ഒന്നു്; കൊല്ലരുതെന്നു വിവക്ഷ. അവരിൽനിന്നു ചിലർ, അവരിൽപ്പെട്ട മററു ചിലരെ കൊല്ലരുതെന്ന ആശയമാണ്, അവരെത്തന്നെ അവർ കൊല്ലരുതെന്ന പ്രയോഗത്തിന്നുള്ളതു്. അനർഹമായ നിലയിൽ അന്യരെ കൊല്ലുന്നതിന്നും, അങ്ങിനെ അതിന്നു പ്രതിവിധിയായി തങ്ങളെത്തന്നെ കൊലക്കു ഇരയാക്കുന്നതിന്നും സംഗതി വരുത്തരുതെന്നും ഈ പ്രയോഗത്തിന്നു അർത്ഥമുണ്ടു്; ഒരാൾക്കുണ്ടാകുന്ന ആപത്തു അവൻെറ മാത്രം ആപത്താണെന്നും മററുള്ളവക്ക് അതിൽ അനർത്ഥമൊന്നും ഉണ്ടാകുന്നില്ലെന്നും ഗണിക്കരുതു് എന്ന ആശയവും കൂടി ഇതിൽ അടങ്ങിയിരിക്കുന്നു; (തബ്രി). ഒരാൾ ആത്മാർത്ഥമായി വിശ്വസിച്ചു, അനുസരിച്ചു ജീവിച്ചു പോരുന്ന ആശയത്തോടു, മറെറാരാൾ സഹകരിച്ചുപോരുന്നുണ്ടെങ്കിൽ, അവരിൽ ഓരോരുത്തരും ഓരോരുത്തക്കും അന്യോന്യം ആത്മാക്കളാണ് എന്നു ഈ രേഖയുടെ വ്യാഖ്യാനത്തിൽ അനുസ്മരിക്കപ്പെട്ടിരിക്കുന്നു. "വ നഫ്സുക്ക, യബ്ന ആദമ, അഹ്ലു മില്ലത്തിക്ക"=നിൻെറ ആത്മാവു്, ആദമിൻെറ മകനേ, നിൻെറ മതമാർഗ്ഗക്കാരനാണ്. (ഇമാം ഖതാദ: റ:).

നിങ്ങളുടെ ഗൃഹങ്ങളിൽനിന്നു നിങ്ങളുടെ ആത്മാക്കളെ നിങ്ങൾ പുറത്താക്കരുതെന്നാണ് പ്രതിജ്ഞയുടെ ഉള്ളടക്കത്തിൽ മറെറാന്നു്. അതും ആദ്യത്തെ പ്രതിപാദനത്തിൻെറ രീതിയിലുള്ളൊരു നിരോധനകല്പനയാണ്. നിങ്ങളിൽ ചിലർ മററു ചിലരെ അവരുടെ വീടുകളിൽനിന്നു പുറത്താക്കരുതെന്ന ആശയമാണ് അതിന്നും ഉള്ളതു; (അബുൽ ആലിയ, റ:). പഴയ നിയമത്തിൽ താഴെക്കാണുന്ന വിധത്തിൽ പറയപ്പെട്ടിരിക്കുന്നു: "നീ കുല ചെയ്യരുതു് (പുറപ്പാടു് 2ൽ 13); കൂട്ടുകാരൻെറ ഭവനത്തെ മോഹിക്കരുതു്; കൂട്ടുകാരൻെറ ഭാര്യയേയും അവൻെറ ദാസനേയും ദാസിയെയും അവൻെറ കാളയേയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനേയും മോഹിക്കരുതു്; (പുറപ്പാടു 20ൽ 17). കൊല ചെയ്യുന്നതും വീട്ടിൽനിന്നു പുറത്താക്കുന്നതും, ഒരേ വാക്യത്തിൽ ഒരേ അവസരത്തിൽ നിരോധിക്കപ്പെട്ടിരിക്കുന്നതു പ്രത്യേകിച്ചു ശ്രദ്ധിക്കത്തക്കതാണ്. സാമൂഹ്യജീവിതത്തിൽ അവയുടെ രണ്ടിൻേറയും പ്രത്യാഘാതങ്ങൾ തുല്യമാണ്. ഉടമ്പടിയെന്നു പ്രയോഗിച്ചിരിക്കുന്നതിൻെറ വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 27ഉം കുറിപ്പുകളും നോക്കുക.

സാക്ഷാൽ സത്യമായ ദൈവത്തെ സാക്ഷീകരിച്ചുകൊണ്ടു് വ്യക്തികൾ പരസ്പരമായി, ചെയ്യുന്ന പ്രതിജ്ഞകൾ ദൈവത്തോടു് ചെയ്യുന്ന പ്രതിജ്ഞകളാണെന്നു് പറയേണ്ടതില്ലതന്നെ; നമ്മുടെ പ്രതിപാദനത്തിലിരിക്കുന്ന രേഖയുടെ സന്ദർഭനിർണ്ണയത്തിൽ പ്രത്യേകമായി ചിന്തിക്കപ്പെടേണ്ടതായൊരു വസ്തുതയാണതു; മദീനയിലെ യിസ്രായേല്യർ മുസ്ലിംകളോടുകൂടെ ചെയ്തുവെച്ചിരുന്ന പരസ്പര കർത്തവ്യപ്രതിജ്ഞയുമായി രേഖ 84ലെ പ്രതിപാദനവിഷയത്തിന്നു് ബന്ധമുള്ളതായി മനസ്സിലാക്കുവാൻ പ്രയാസമില്ല; മുസ്ലിംകൾ മദീനയിൽ താമസമാക്കിയപ്പോഴാണ് മേല്പറഞ്ഞ പ്രതിജ്ഞ പരസ്പരസമ്മതത്തോടുകൂടെ യഹൂദർ കൈക്കൊണ്ടതു. അതു എഴുതി ഒപ്പുവെക്കപ്പെട്ടതായ ഒരു ഉടമ്പടിതന്നെയായിരുന്നു. അതിൽ ഒപ്പുവെച്ചവക്ക് അന്യോന്യമുള്ള ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ആ ഉടമ്പടി ചെയ്യപ്പെട്ടിരുന്നതു; ഈ ഉടമ്പടിയുടെ ഫലമായി അവിടത്തെ യിസ്രായേല്യരായ യഹൂദരും മുസ്ലിംകളും തമ്മിൽ ആക്രമണങ്ങൾ ഉണ്ടാകരുതെന്നു മാത്രമല്ല, അന്യരിൽനിന്നു ഒരു ആക്രമണം ഉണ്ടാവുകയാണെങ്കിൽ, അതിനെ ചെറുക്കുന്ന കാര്യത്തിൽ അന്യോന്യം കടമയുള്ളതായും സമ്മതിക്കപ്പെട്ടിരുന്നു. അവരിൽ ഏതെങ്കിലും ഒരു കൂട്ടരുടെ ശത്രു എല്ലാവരുടേയും പൊതുശത്രുവായി കണക്കാക്കപ്പെടുവാൻ വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു; യഥാർത്ഥത്തിൽ ആ ഉടമ്പടി മദീനയിൽ അക്കാലത്തുണ്ടായിരുന്ന ജനസമൂഹത്തിലെ പരസ്പര വിരോധികളായ ഗോത്രങ്ങളുടെ കലഹതാല്പര്യങ്ങളെ പരിഹരിക്കുന്നതിന്നും സാമൂഹ്യജീവിത സമാധാനത്തിന്നുമായി സ്വീകരിക്കപ്പെട്ടൊരു കർമ്മപദ്ധതിയായിരുന്നു; അതു അനുസരിക്കപ്പെട്ടിരുന്നു

85. പിന്നെ, നിങ്ങൾ—ഇക്കൂട്ടർ—തന്നെ കൊലപ്പെടുത്തുന്നു;
നിങ്ങളുടെ (സ്വന്തം) ആത്മങ്ങളെ.
നിങ്ങൾ പുറത്താക്കുകയും ചെയ്യുന്നു;
നിങ്ങളിൽനിന്നുള്ളൊരു വിഭാഗക്കാരെ;
അവരുടെ ഗൃഹങ്ങളിൽനിന്നു.
നിങ്ങൾ പിന്തുണനല്കുകയും ചെയ്യുന്നു,
അവർക്കെതിരായിട്ട്;
കുറ്റത്തിലും അതിക്രമത്തിലും തന്നെ.
അവർ നിങ്ങൾക്കരികിൽ തടവുകാരായിവരുന്നെങ്കിൽ
നിങ്ങൾ അവർക്കായി
മോചനപരിഹാരം കൊടുക്കുകയും ചെയ്യുന്നു;
അതു നിങ്ങൾക്കു നിരോധിക്കപ്പെട്ടതാണ് താനും;
—അവരെ പുറത്താക്കുക എന്നത്—
അപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ;
ഗ്രന്ഥത്തിൻെറ ചില ഭാഗത്തിൽ?
നിങ്ങൾ ധിക്കരിക്കയും ചെയ്യുന്നുവോ;
മററു ചില ഭാഗത്തെ?
അപ്പോൾ നിങ്ങളിൽനിന്നു, ആയതു
പ്രവർത്തിക്കുന്ന ആരുടെതന്നെ പ്രതിഫലം എന്താണ്;
അവഹേളനമല്ലാതെ; ഐഹികജീവിതത്തിൽ?
(ഇനി) അവസാനത്തെ എഴുന്നേല്പിൻെറ ദിവസത്തിൽ
അവർ മടക്കപ്പെടുന്നതുമാണ്;
ശിക്ഷയിൽനിന്നു ഏററവും ശക്തിപ്പെട്ടതിലേക്ക്.
അല്ലാഹു അജാഗ്രതയുള്ളവനല്ലതാനും;
നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു.114

٨٥- ثُمَّ أَنْتُمْ هٰٓؤُلَآءِ تَقْتُلُوْنَ أَنْفُسَكُمْ وَ
تُخْرِجُوْنَ فَرِيْقًا مِّنْكُمْ مِّنْ دِيَارِهِمْ تَظٰهَرُوْنَ
عَلَيْهِمْ بِالْإِثْمِ وَالْعُدْوَانِ ۗ وَإِنْ
يَّأْتُوْكُمْ أُسٰرٰى تُفٰدُوْهُمْ
وَهُوَ مُحَرَّمٌ عَلَيْكُمْ إِخْرَاجُهُمْ
أَفَتُؤْمِنُوْنَ بِبَعْضِ الْكِتٰبِ وَتَكْفُرُوْنَ
بِبَعْضٍ ۚ فَمَا جَزَآءُ مَنْ يَّفْعَلُ ذٰلِكَ مِنْكُمْ
إِلَّا خِزْيٌ فِي الْحَيٰوةِ الدُّنْيَا ۚ وَيَوْمَ الْقِيٰمَةِ
يُرَدُّوْنَ إِلٰٓى أَشَدِّ الْعَذَابِ ۗ
وَمَا اللّٰهُ بِغَافِلٍ عَمَّا تَعْمَلُوْنَ ○

ഗദ്യഭാഷ

85. പിന്നെ, നിങ്ങളാണിവർ; നിങ്ങളിൽപെട്ട ആത്മാക്കളെത്തന്നെ കൊല്ലുകയും ,അവർക്കെതിരായി കുററത്തിലും അതിക്രമത്തിലും പിന്തുണകൊടുത്തുകൊണ്ടു, നിങ്ങളിൽനിന്നുള്ള ഒരു ഭാഗക്കാരെ അവരുടെ ഗൃഹങ്ങളിൽ നിന്നു പുറത്താക്കുകയും നിങ്ങൾതന്നെ ചെയ്യുന്നു; അവർ നിങ്ങളുടെ പക്കൽ തടവുകാരായി വന്നാൽ നിങ്ങൾ അവർക്കായി മോചനപരിഹാരം നല്കുകയും ചെയ്യുന്നു. അവരെ പുറത്താക്കുകയെന്നതു നിങ്ങൾക്കു നിരോധിക്കപ്പെട്ടതാണുതാനും. അപ്പോൾ നിങ്ങൾ ഗ്രന്ഥത്തിൻെറ ചില ഭാഗത്തിൽ വിശ്വസിക്കയും മററു ചില ഭാഗത്തെ ധിക്കരിക്കയും ചെയ്യുകയാണോ? അപ്പോൾ നിങ്ങളിൽനിന്നു അതു പ്രവർത്തിക്കുന്ന ആരുടേയുംതന്നെ പ്രതിഫലം, ഐഹികജീവിതത്തിലെ അവഹേളനമല്ലാതെ മറെറന്താണ്? ഇനി അവസാനത്തെ എഴുന്നേല്പിൻെറ ദിനത്തിൽ ശിക്ഷയിൽവെച്ചു ഏററവും ശക്തിപ്പെട്ടതിലേക്ക് അവർ മടക്കപ്പെടുന്നതുമാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു, അല്ലാഹു അജാഗ്രതപ്പെട്ടിരിക്കുന്നവനല്ലതാനും.

വെങ്കിൽ അന്നത്തെ അരാജകത്വത്തിൻേറയും അനർത്ഥവാസനകളുടേയും സ്ഥാനത്തു അജയ്യമായ സമാധാനവും മൈത്രിയും ഉടലെടുത്തേനെ. ആ ഉടമ്പടിയുടെ ചില വശങ്ങൾ ഈ സന്ദർഭത്തിൽ അനുസ്മരിക്കുന്നതു ഈ ആശയത്തെ വ്യക്തമാക്കുന്നതിന്ന് ഉപകരിക്കുന്നതാണ്:- ആർതന്നെ അക്രമകാരിയാവുകയും, ശത്രുതയും അക്രമപ്രേരണയും ഉണ്ടാക്കുവാൻ ശ്രമിക്കയുമാണെങ്കിൽ എല്ലാ കാരോരുത്തരുടേയും കൈ അവന്നു് എതിരായിരിക്കുന്നതാണ്; അവൻ പുത്രനോ മറെറന്തുവിധ ബന്ധമുള്ളവനോ ആകട്ടെ. യഹൂദരിൽനിന്നു ആരെങ്കിലും നമ്മോട് അനുസരിക്കയാണെങ്കിൽ അവർക്ക് സഹായവും സന്ദർഭോചിതമായ പിന്തുണയും ഉണ്ടായിരിക്കുന്നതാണ്; അവർക്ക് പരുക്കേല്പിക്കപ്പെടുകയില്ല; അവർക്കെതിരായി യാതൊരു ശത്രുവും സഹായിക്കപ്പെടുകയില്ല; മദീന
[114-ാമത്തെ കുറിപ്പ് മറുപുറത്ത്]

യിലുള്ള സകല ഗോത്രങ്ങളുമായി ഐക്യത്തിൽ വർത്തിക്കുന്ന യഹൂദ കുഡുംബങ്ങളും, വിശ്വാസികളോടുകൂടെ ഒരു ഒററ ജനതയാണ്. യഹൂദർ അവരുടെ മതത്തെ ആചരിക്കുന്നതാണ്; വിശ്വാസികളും അവരുടേതിനേയും ആചരിക്കുന്നതാണ്; യഹൂദരോട് എപ്രകാരമോ അവരുടെ മിത്രങ്ങളോടും അപ്രകാരംതന്നെ; മുഹമ്മദിൻെറ അനുമതിയോടുകൂടിയല്ലാതെ ഒരു ആളും യുദ്ധത്തിന്ന് പോവുകയില്ല; എന്നാൽ ഇതു ആക്കെങ്കിലും നിയമപൂർവ്വമായ പ്രതിദണ്ഡനാവകാശത്തെ നേടുന്നതിന്ന് തടസ്ഥമായിരിക്കയില്ല; യഹൂദർ തങ്ങളുടെ ചിലവുകൾക്ക് ചുമതലപ്പെട്ടവരാണ്. മുസ്ലിംകൾ അവരുടേതിന്നും ചുമതലപ്പെട്ടവരാണ്; എന്നാൽ, ആക്രമിക്കപ്പെട്ടാൽ ഓരോകൂട്ടരും മററുള്ളവരുടെ സഹായത്തിന്നു വരുന്നതാണ്. ഈ ഉടമ്പടിയിൽചേരുന്ന എല്ലാവക്കുംതന്നെ മദീന പവിത്രവും അലംഘനീയവുമായിരിക്കുന്നതാണു. വൈപരീത്യങ്ങളും തക്കങ്ങളും ദൈവത്തിൻേറയും അവൻെറ പ്രവാചകൻേറയും തീരുമാനത്തിന്നു സമപ്പിക്കപ്പെടുന്നതാണ്; യാതൊരാളും മക്കാവികളോടും അവരുടെ മിത്രങ്ങളോടും കൂടെ ചേരുകയില്ല. എന്തുകൊണ്ടെന്നാൽ നിശ്ചയമായിട്ട് ഇതിൽ ഏപ്പെടുന്ന കക്ഷികളെല്ലാംതന്നെ, മദീനയെ ഭീഷണിപ്പെടുത്തുന്ന ഒരോരുത്തക്കുമെതിരായി അന്യോന്യം ഒരുപോലെ ചുമതലാപൂർവ്വമായി ബന്ധിക്കപ്പെട്ടവരാണ്; യുദ്ധവും സമാധാനവും പൊതുകാര്യമായി കണക്കാക്കപ്പെടുന്നതാണ്. (ഇബ്നുഹിഷാമ്).

തങ്ങളുടെ രക്ഷിതാവായ ദൈവത്തിൻെറ കല്പനകൾ ലഭിക്കുകയെന്നതുതന്നെ യിസ്രായേൽക്കാരുടെ സ്വന്തനിലക്കുള്ള പ്രതിജ്ഞയാണ്; കൂടാതെ തങ്ങൾ അതു നടപ്പിൽ വരുത്തിക്കൊള്ളാമെന്ന് വാമൊഴി കൊടുത്തിരുന്നുവെന്ന വസ്തുതയാണ് ഖുർആൻ പ്രത്യേകമായി എടുത്തു പറയുന്നതു; മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾക്കെല്ലാംതന്നെ ദൈവം സാക്ഷിയാണ്; എന്നാൽ യിസ്രായേല്യരുടെ പ്രതിജ്ഞക്ക് യിസ്രായേല്യർകൂടി സാക്ഷിയായിരുന്നുവെന്നും അവരുടെ സാക്ഷീകാരത്തോടുകൂടിയാണ് പ്രതിജ്ഞ വാങ്ങിയിട്ടുള്ളതെന്നുംകൂടി ഖുർആൻ വ്യക്തമാക്കുന്നു; എന്നിട്ട് അവർ എന്തു പ്രവർത്തിച്ചുവെന്ന സംഗതിയെപ്പററി ചിന്തിക്കുവാൻ നമ്മെ ഖുർആൻ സന്നദ്ധരാക്കുന്നു; ഓരോ മനുഷ്യനും സ്വാഭാവികമായി നല്ലതുചെയ്യുവാൻ പ്രതിജ്ഞാബദ്ധനാണ്; യിസ്രായേല്യരുടെ പ്രതിജ്ഞയെപ്പററി ചിന്തിക്കുമ്പോൾ, വിസ്മരിക്കുവാൻ പാടില്ലാത്ത ഒരു വസ്തുതയാണിതു.

114. ധാർമ്മിക ജീവിതത്തിൻെറ മൗലിക സിദ്ധാന്തങ്ങളെ പ്രവൃത്തിമൂലമായി പാലിച്ചുകൊള്ളാമെന്ന ഉടമ്പടിയാണ് യിസ്രായേല്യരിൽനിന്നു തങ്ങളുടെ രക്ഷിതാവ് വാങ്ങിയിരിക്കുന്നതായി രേഖ 83ൽ വിസ്തരിക്കപ്പെട്ടതു; തുടൻ, സാമൂഹ്യജീവിതത്തിൻെറ മർമ്മസ്ഥാനങ്ങളെ പരിഗണിച്ചുകൊണ്ടുള്ള നിഃരാധനവശത്തെ രേഖ 84ൽ ഖുർആൻ വ്യക്തമാക്കുകയുണ്ടായി; യിസ്രായേല്യർ ഉടമ്പടിയുടെ ഉള്ളടക്കത്തെ സമ്മതിക്കയുണ്ടായി എന്നുള്ള പ്രസ്ഥാവന ആ ഉടമ്പടിയെ ഉത്തമബോധത്തോടുകൂടെ നടപ്പിൽ വരുത്തുന്നതിൽ അവക്കുള്ള ധാർമ്മികമായ ചുമതലയെ എടുത്തുകാട്ടുകയാണ് ചെയ്യുന്നതു. ഉടമ്പടി ചെയ്തുവെന്നതിന്നും അതു അവർ സമ്മതിച്ചിട്ടുണ്ടെന്നുള്ളതിന്നും അവർ സാക്ഷ്യം വഹിക്കുന്നുവെന്നതിൽ അവരുടെ ഓരോരുത്തരുടേയും ആന്തരമായ മനസ്സാക്ഷിക്ക് അറിവുള്ളതാണ് ആ ഉടമ്പടിയും അതിൻെറ ഉള്ളടക്കവുമെന്ന് വ്യക്തമായിരിക്കയാണല്ലോ രേഖ 85ൽ ചൂണ്ടിക്കാണിക്കപ്പെടുന്നതു ഉടമ്പടിയെ പ്രവൃത്തിമൂലമായി നിറവേററുന്നതിൽ അവർ കാണിച്ച അസംഗതവും അടിസ്ഥാനരഹിതവുമായ അനാദരവിനേയും അതിലംഘനവാസനയേയുമാണ്; "പിന്നെ", എന്ന പ്രയോഗത്തിന്ന്, ഉടമ്പടി ചെയ്യുകയും അതിലെ ഉള്ളടക്കങ്ങൾ സമ്മതിക്കുകയും അതിന്നു സ്വയം സാക്ഷിനില്ക്കുകയും ചെയ്തതിൽപിന്നെ എന്നത്ഥമാണ്; വചനത്തിൻെറ തുടക്കത്തിൽ ആഖ്യയുടെയും ആഖ്യാതത്തിൻെറയും മദ്ധ്യത്തിൽ "ഹാ ഉലാഉ=ഇക്കൂട്ടർ" എന്ന വിശേഷവിധിയായി പ്രയോഗിക്കപ്പെട്ടിരിക്കുന്നതു നോക്കുക; ഉടമ്പടി ചെയ്കയും അതു സമ്മതിക്കയും അതിന്നു സാക്ഷികളായി ഭവിക്കയും ചെയ്ത അതേ ജനങ്ങൾ എന്ന നിലക്ക് യിസ്രായേല്യരെ പ്രത്യേകമായി ചൂണ്ടിക്കാട്ടുകയാണ് അതു ചെയ്യുന്നതു. അവരുടെ പ്രവൃത്തികളുടെ അസാംഗത്യത്തെ അതു അസന്നിഗ്ദ്ധമായി എടുത്തു കാട്ടുന്നു. എന്നാൽ തൗറാത്തിൻെറ അനുയായികളാണ് തങ്ങളെന്ന വാദത്തെ ലക്ഷ്യമാക്കിക്കൊണ്ടാണ് അന്ത്യപ്രവാചകൻെറ അയൽ പ്രദേശക്കാരായ യിസ്രായേല്യർ ഇവിടെ പ്രതിപാദനവിഷയമായി വരുന്നതെന്ന് വ്യക്തമാണ്; അങ്ങിനെ മോശെയുടെ കാലത്തുണ്ടായിരുന്ന മുൻഗാമികളായ യിസ്രായേല്യരുടെ തുകയിൽ, അന്ത്യപ്രവാചകൻെറ കാലത്തുള്ളവരും മദീനയിലെ

നിവാസികളുമായ യിസ്രായേല്യരെ കണക്കാക്കിക്കൊണ്ടാണ്, ഉടമ്പടി ചെയ്ത അതേകൂട്ടർതന്നെ അതിന്നു വിപരീതമായി പ്രവർത്തിക്കുന്നുവെന്ന് ഖുർആൻ പ്രസ്താവിക്കുന്നതു. (തബരി).

ഖുർആനിന്റെ പ്രഖ്യാപകനായ നബി(സ)യുടെ, മദീനായിലെ പ്രാരംഭ ജീവിതകാലത്തു മദീനയിലെ യഹൂദർക്കിടയിൽ നടമാടിയിരുന്ന നികൃഷ്ടമായ കുടുംബകൈകളെയാണ് രേഖ 85 ചൂണ്ടിക്കാണിക്കുന്നതെന്ന് ബലമായൊരു വീക്ഷണഗതിയുണ്ട്, ഏതു നിലക്കും അടിസ്ഥാനരഹിതവും അസംഗതവുമായ ഒരു അവസ്ഥയാണ് യഹൂദരിൽ കാണപ്പെട്ടിരുന്നതു; അതിന്റെ അസാംഗത്യത്തേയും അനർത്ഥത്തേയുമാണ് ഖുർആൻ ഇവിടെ തുറന്നുകാട്ടുന്നതു. (റാസി; റ.)

മദീനയിലെ രണ്ടു യഹൂദഗോത്രങ്ങളായ "ഖുറൈസയും, നസീറും" അടുത്തടുത്താണ് താമസിച്ചിരുന്നതു; അവർ രണ്ടുകൂട്ടരും വേറെ വേറെ, മററു രണ്ടു അറബിഗോത്രങ്ങളുമായി സന്ധിയിൽ ഏർപ്പെട്ടു; അങ്ങിനെ തങ്ങളുടെ മിത്രങ്ങളായിത്തീർന്ന അറബിഗോത്രങ്ങൾ രണ്ടും അന്യോന്യം ആക്രമിച്ചുകൊണ്ടിരുന്ന ശത്രുപക്ഷങ്ങളായിരുന്നു! അറബിഗോത്രങ്ങളുടെ പേരു് "ഔസ്" എന്നും "ഖസ്റജ്" എന്നുമായിരുന്നു; ഖുറൈസ ഗോത്രക്കാർ ഔസ്സ് ഗോത്രത്തോടും, നസീറ ഗോത്രക്കാർ ഖസ്റജ് ഗോത്രത്തോടുമാണ് സന്ധി ചെയ്തിരുന്നതു; ഔസും ഖസ്റജും ബഹുദൈവാരാധനക്കാരായിരുന്നു; അവരുടെ രണ്ടുകൂട്ടരുടേയും ദേവന്മാരും ദേവിമാരും വേറെ വേറെയായിരുന്നു; അതിനാൽ അവരെ ഒരുമിച്ചു കൂട്ടുന്ന ഒന്നും അവർക്കിടയിൽ ഉണ്ടായിരുന്നില്ല; വിഗ്രഹങ്ങളെയാണ് അവർ ആരാധിച്ചിരുന്നതു; ശാശ്വതങ്ങളായ സുഖദുഃഖങ്ങളേയോ അവസാനമായ എഴുന്നേല്പിനേയോ ദൈവീകമായ ഗ്രന്ഥത്തെയോ അവർ അറിയുകയില്ല; പാടുള്ളതെന്നും പാടില്ലാത്തതെന്നും ഉള്ള യാതൊന്നും അവർ തിരിച്ചറിഞ്ഞിരുന്നില്ല; (ഇബ്നു അബ്ബാസ് റ:). എന്നാൽ യഹൂദരുടെ യഥാർത്ഥനില അക്കൂട്ടരുടേതിൽനിന്നു വ്യത്യസ്ഥമായിരുന്നു; അവക്ക് അവ എല്ലാം ഉണ്ടായിരുന്നു; അതിനാൽ ശത്രുഗോത്രങ്ങൾക്ക് ഓരോന്നിനും ഓരോ യഹൂദഗോത്രങ്ങൾ മിത്രങ്ങളായി നില്ക്കുന്ന സ്ഥിതിക്ക്, യാതൊരു അടിസ്ഥന തത്വവും കൂടാതെ അന്യോന്യം കലഹിച്ചുകൊണ്ടിരുന്ന അവിടത്തെ അക്രമശക്തികൾക്കിടയിൽ അടിസ്ഥാനപരമായ ഒരു ഐക്യത്തിനുള്ള ഒരു അവസരമായി അതു അവർ—യഹൂദർ—വിനിയോഗിക്കേണ്ടതായിരുന്നു; എന്നാൽ അവർ ചെയ്തതു നേരെ വിപരീതമായിരുന്നു; താത്വികമായ ഐക്യബന്ധമുള്ള രണ്ടു ഗോത്രങ്ങൾ രണ്ടു പക്ഷത്തും ചേർന്നുനില്ക്കുന്നതുകൊണ്ടു് ശത്രുഗോത്രങ്ങൾക്കിടയിൽ വിരോധത്തിന്നു ശമനമുണ്ടാകേണ്ട സ്ഥാനത്തു്, ശത്രുഗോത്രങ്ങൾക്കുവേണ്ടി യഹൂദ ഗോത്രങ്ങൾതന്നെ പരസ്പരവിരുദ്ധമായി യുദ്ധത്തിന്നിറങ്ങുകയാണ് ചെയ്തതു. (തബരി).

താൻ സ്വീകരിച്ചിരിക്കുന്ന തത്വങ്ങളോടു് യോജിക്കുന്നവരെ കൊല്ലാതിരിക്കുക; തങ്ങളുടെ ഗ്രഹങ്ങളിൽനിന്ന് അവരെ ബഹിഷ്കരിക്കാതിരിക്കുക എന്നിങ്ങനെയുള്ള ആശയങ്ങൾ മനുഷ്യന്നു പൊതുവെ സ്വാഭാവികമായിട്ടുള്ളതാണ്; കൂടാതെ തങ്ങളുടെ രക്ഷിതാവിനോടു് അക്കാര്യത്തിൽ ഉടമ്പടി ചെയ്തിരിക്കുന്ന യിസ്രായേൽ തലമുറകളുടെ പിൻമുറക്കാരായ യഹൂദർക്ക് പ്രത്യേകമതു നിയമമായിരിക്കേണ്ടതാണ്; തലമുറക്കാരുടെ ഗുണാധികാരങ്ങളും തലമുറക്ക് ലഭിച്ചിട്ടുള്ള ദൈവീകമായ ആനുകൂല്യങ്ങളും തങ്ങളുടേതായി അവകാശപ്പെടുന്ന പിൻമുറകൾക്ക് തലമുറകൾ ചെയ്ത ഉടമ്പടികൾ തീരെ അലംഘനീയമായിട്ടുള്ളതാണ്; അതുമല്ല, പിൻമുറക്കാർതന്നെ അതു തങ്ങളുടെ ഉടമ്പടിയായി സമ്മതിക്കയും അവർതന്നെ അതിന്നു സാക്ഷിനില്ക്കുകയും ചെയ്തിരിക്കുന്നു. അങ്ങിനെയിരിക്കെ യഹൂദഗോത്രങ്ങൾ തങ്ങളുടെ രാഷ്ട്രീയമായ നിലനില്പിന്നുവേണ്ടി, തങ്ങളുമായി തത്വത്തിൽ യോജിച്ചിരിക്കുന്നതും, തങ്ങളുടെ മിത്രങ്ങളുടെ വിരോധികളുമായി മൈത്രീബന്ധത്തിൽ വർത്തിക്കുന്നതുമായ സ്വജനത്തെ ദ്രോഹിക്കുന്നതു യുക്തമല്ല; ശത്രുപക്ഷങ്ങളിൽ രണ്ടിലും തങ്ങൾക്കുള്ളതായി വിചാരിക്കപ്പെടുന്ന മൈത്രീബന്ധത്തെ ജനമദ്ധ്യത്തിൽ സമാധാനമനഃസ്ഥിതി ജനിപ്പിക്കുന്നതിന്നായി പ്രയോജനപ്പെടുത്തുകയാണ് വേണ്ടിയിരുന്നതു; അഥവാ അങ്ങിനെയുള്ളൊരു പരിവർത്തനശക്തിയായി പ്രവർത്തിക്കുവാൻ അവക്ക് അർഹതയില്ലെന്ന് അവർ കാണുകയാണെങ്കിൽ തങ്ങളുടെ തലമുറക്കാർ അവരുടെ എല്ലാവരുടെയും രക്ഷിതാവായ ദൈവത്തോടുചെയ്ത ഉടമ്പടിയെ മാനിച്ചുകൊണ്ടു് അതിന്നെതിരായ ഇതര സന്ധികളിൽ അവർ ഏർപ്പെടുവാൻ പാടില്ലാത്തതായിരുന്നു. സംഗതി ഇങ്ങനെയാണ്; എന്നാൽ യഹൂദർ ചെയ്തതു നേരെ വിപരീതമായിട്ടാണ്. ഔസിന്റെയും ഖസ്റജിന്റെയും മദ്ധ്യത്തിൽ സമാധാനമുണ്ടാക്കുവാൻ തങ്ങൾക്ക് സാദ്ധ്യമാകുമോ

എന്നു ആലോചിക്കുകൂടി അവർ ചെയ്തില്ല; തന്നെയല്ല; തങ്ങൾക്കു് നേരിട്ടു യാതൊരുവിധ വിരോധവുമില്ലാത്ത തങ്ങളുടെ സഹോദരന്മാരെത്തന്നെയവർ പരസ്പരം കൊന്നൊടുക്കുകയാണു് ചെയ്തതു. തങ്ങളുടെ മിത്രങ്ങളുടെ വിരോധികൾ നശിച്ചാൽമാത്രം മതിയായില്ല; വിരോധികളുടെ മിത്രങ്ങളുംകൂടി നശിക്കണമെന്ന നിഗമനമാണു് അവർക്കുണ്ടായിരുന്നതു; അതു ആരായാലും അവർക്കു അതിൽ അന്വേഷണമില്ല; മനുഷ്യന്റെ ധാർമ്മികബോധത്തിന്നെതിരായി മനുഷ്യൻ ചെയ്തുപോകുന്ന രാഷ്ട്രീയ സന്ധികളുടെ നികൃഷ്ടമായ പരിണാമത്തിന്റെ ചിത്രമാണു് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നതു. എന്നാൽ ന്യായവും സത്യവുമായൊരു കാര്യത്തിന്നായി സ്വസമുദായാംഗങ്ങൾക്കു് വിരുദ്ധമായി പ്രവർത്തിക്കുകയെന്നതിനെയല്ല ഖുർആൻ അവരുടെ കാര്യത്തിൽ ചോദ്യം ചെയ്യുന്നതു; കുററത്തിലും അതിക്രമത്തിലും പിന്തുണ കൊടുക്കുക; അതും സ്വന്ത സഹോദരന്മാർക്കു് എതിരായ വിധത്തിൽ ചെയ്യുക എന്നതിനെയാണു് ഇവിടെ ഖുർആൻ എടുത്തുകാട്ടുന്നതു; പക്ഷെ അതിലും അവർക്കു് ഒരു ഉറച്ച അടിസ്ഥാനമില്ല; നോക്കുക; ശത്രുപക്ഷത്തിന്റെ മിത്രങ്ങളായ യഹൂദരെ തങ്ങളുടെ മിത്രങ്ങളായ ശത്രുഗോത്രക്കാർ തടങ്കൽ പുള്ളികളായി പിടിച്ചുകൊണ്ടുവന്നാൽ അവർ ചെയ്യുന്നതു മറെറന്നാണു്. തങ്ങളുടെ സഹോദരന്മാരെ വളരെപ്പേരെ കൊന്നൊടുക്കുകയും വളരെയേറെപ്പേരെ സ്വഗൃഹങ്ങളിൽനിന്നു തല്ലിയോടിക്കുകയും ചെയ്തതിൽപിറകെ അവരിൽ ഒരാൾ തങ്ങളുടെ പക്കൽ യുദ്ധത്തടവുകാരനായി വന്നാൽ അപ്പോൾ അവരുടെ മതഭക്തി കണ്ണുതുറക്കുകയായി; യിസ്രായേൽക്കാരനെ യുദ്ധത്തടവുകാരനായി കണ്ടെത്തിയാൽ തടവിൽ പിടിച്ചുവന്നു് മോചനനിധി കൊടുത്തു യിസ്രായേൽക്കാരനെ സ്വതന്ത്രനാക്കി വിടേണ്ടതു യഹൂദരുടെ മതവിധിയാണു്. തടങ്കൽക്കാരനെ മോചിപ്പിക്കാതെ വിട്ടുകൊടുക്കുന്നതു യിസ്രായേല്യർക്കു്, കുററകരമാണു്; മതത്തിന്റെ കല്പനക്കെതിരാണു്; മേല്പറഞ്ഞ കല്പനയെ ലംഘിക്കുന്നതിന്നു് യിസ്രായേല്യർ ധൈര്യപ്പെടുന്നില്ല; തടങ്കൽക്കാരെ മോചിപ്പിക്കുന്നതിനെ സംബന്ധിച്ച ഖുർആൻ യിസ്രായേല്യരെ കുററപ്പെടുത്തുന്നില്ല; പക്ഷെ സ്വസഹോദരന്മാരെ മർദ്ദനശക്തിയുപയോഗിച്ച അവരുടെ വീട്ടിൽനിന്നു് പുറത്താക്കുന്നതുതന്നെ നിരോധിക്കപ്പെട്ട സംഗതിയാണെന്ന വസ്തുതയാണു് ഖുർആൻ ചൂണ്ടിക്കാണിക്കുന്നതു്. ഇതും അവരുടെ വേദപുസ്തകത്തിൽത്തന്നെ ഉള്ളതാണു്; ഇതു ഒരു അസാധാരണമായ വൈപരീത്യമാണു്; ഈ വൈപരീത്യത്തിന്റെ ആകെത്തുകയെ ഒരു തത്വത്തിന്റെ നിലയിൽ ആവിഷ്കരിച്ചുകൊണ്ടു് ഖുർആൻ ഒരു ചോദ്യം അവർതന്നെ ഉത്തരം പറയേണ്ടവിധത്തിൽ അവരുടെ മുമ്പാകെ ഇട്ടുകൊടുക്കുന്നു; മോചനനിധി കൊടുത്തുകൊണ്ടു് തങ്ങളിൽ പെട്ട തടവുകാരനെ മോചിപ്പിക്കുന്നതിലുള്ള നിഷ്കർഷ തങ്ങളുടെ മതവിശ്വാസത്തിന്റെ പ്രതിഫലനമാണെന്നതിൽ സംശയമില്ല; എന്നാൽ അവരെ കൊല്ലുന്നതും തല്ലിപ്പുറത്താക്കുന്നതും മതനിഷേധത്തെയാണു് വ്യക്തമാക്കുന്നതു എന്നു് പറയേണ്ടതില്ലല്ലോ? അപ്പോൾ മതഗ്രന്ഥത്തിന്റെ ചിലഭാഗത്തിൽ വിശ്വസിക്കുകയും മററു ചില ഭാഗത്തെ ധിക്കരിക്കയുമാണവർ പ്രവൃത്തിരൂപത്തിൽ ചെയ്യുന്നതു; അതു അങ്ങിനെത്തന്നെയാണോ എന്ന ചോദ്യത്തിന്നു ഒരു ഒററ ഉത്തരമേയുള്ളു; അവർക്കുതന്നെ അറിയാവുന്ന ഉത്തരമാണതു; എന്നാൽ മേല്പറഞ്ഞ ചോദ്യത്തെ ഖുർആൻ ഉപയോഗിച്ചിരിക്കുന്നതു മറെറാരു ചോദ്യത്തിന്റെ ഉത്തരത്തെ മനസ്സിലാക്കുന്നതിന്നു് അവരെ സന്നദ്ധരാക്കുവാനാണു്;] അതായതു കാര്യം അങ്ങിനെയാണെങ്കിൽ—ഗ്രന്ഥത്തിന്റെ ചില ഭാഗത്തിൽ വിശ്വസിക്കയും മററു ചിലഭാഗത്തെ ധിക്കരിക്കയുമാണു് അവർ ചെയ്യുന്നതെങ്കിൽ—അങ്ങിനെ ചെയ്യുന്നവർ ആർതന്നെയാവട്ടെ അതു അങ്ങിനെ പ്രവൃത്തിക്കുന്നവർക്കു്, തങ്ങളുടെ പ്രവൃത്തികൾക്കു് പ്രതിഫലമുണ്ടകാണമല്ലൊ? ആ പ്രതിഫലം എന്തായിരിക്കണം എന്ന സംഗതിയെപ്പററിയാണു് അവർ ആലോചിക്കേണ്ടതു. അവരുടെ പ്രതിഫലം വളരെ ക്ലിപ്തമായിട്ടുള്ളതാണു്; അതു മറെറാന്നുമല്ല; ഒന്നാമതായി ഐഹികജീവിതത്തിലെ അവഹേളനവും അവജ്ഞയുംതന്നെ; രണ്ടാമതു, അവസാനമായ എഴുന്നേല്പിന്റെ ദിവസത്തിൽ ശിക്ഷയിൽവെച്ചു ഏററവും ശക്തിയേറിയതിലേക്കു് അവർ മടക്കപ്പെടും എന്നുള്ളതാണു്; എന്നാൽ യിസ്രായേല്യർക്കു് മിഥ്യയായ ഒരു അവലംബം പതിവുപോലെ ഇക്കാര്യത്തിലും ഉണ്ടായിരിക്കുവാൻ സംഗതിയുണ്ടു്. തങ്ങളുടെ പുരാതനമായ ഗോത്രമഹിമയോടു് ഉള്ള മതിപ്പും ശ്രദ്ധയുംകൊണ്ടു്, ചിലപ്പോൾ അവരുടെ പ്രവൃത്തികളെക്കുറിച്ചു തങ്ങളുടെ ദൈവമായ രക്ഷിതാവു് അത്ര ജാഗ്രത കാണിക്കയില്ലെന്നു് അവർ സമാധാനിക്കാവുന്നതാണു്; ഈ മിഥ്യാവലംബത്തെ നിഷേധിക്കുകയാണു് ഈ രേഖയുടെ പര്യവസാനത്തിൽ ഖുർആൻ ചെയ്യുന്നതു; സാക്ഷാൽ സത്യമായ ദൈവത്തിന്നു അജാഗ്രതപ്പെടുക എന്നു ഒന്നു് ഉണ്ടാകാത്തതാണു്; പ്രവൃത്തി

| | |
|---|---|
| 86. അവരാണ് യാതൊരുത്തർ;<br>അവർ വാങ്ങിയിരിക്കുന്നു, ഐഹികജീവിതത്തെ;<br>പാരത്രീകത്തിന്നു പകരമായിട്ട്.<br>അപ്പോൾ അവർക്കു ലഘൂകരിക്കപ്പെടുകയില്ല, ശിക്ഷ.<br>അവർ സഹായിക്കപ്പെടുന്നില്ലാത്തതുമാണ്.[115] | ٨٦- اُولٰٓئِكَ الَّذِيْنَ اشْتَرَوُا الْحَيٰوةَ الدُّنْيَا<br>بِالْاٰخِرَةِ فَلَا يُخَفَّفُ عَنْهُمُ الْعَذَابُ<br>وَلَا هُمْ يُنْصَرُوْنَ ۝ |

ഗദ്യഭാഷ

86. അവരാണ് പാരത്രികത്തിന്നു പകരമായിട്ടു ഐഹികജീവിതത്തെ വിലയ്ക്കുവാങ്ങിയിരിക്കുന്നവർ; അതിനാൽ അവർക്കു ശിക്ഷ ലഘൂകരിക്കപ്പെടുകയില്ല; അവർ സഹായിക്കപ്പെടുന്നില്ലാത്തതുമാണ്.

---

കുന്ന വ്യക്തികളോടുള്ള ശ്രദ്ധ കാരണമായി, പ്രവൃത്തികളെ അവൻ ശ്രദ്ധിക്കാതിരിക്കുന്നില്ല; ഒന്നിനെ സംബന്ധിച്ചുള്ള ജാഗ്രത മറ്റൊന്നിനെ സംബന്ധിച്ച് ജാഗ്രത കൊള്ളുന്നതിൽ അവന്നു പ്രതിബന്ധമായിത്തീരുന്നില്ല; അതിനാൽ ഗ്രന്ഥത്തിന്റെ ചില ഭാഗത്തിൽ വിശ്വസിക്കുന്നതുകൊണ്ട് മററു ഭാഗങ്ങളെ ധിക്കരിക്കുന്നതിനെപ്പററി ഗണ്യമാക്കാതെ വിട്ടുകളയുകയില്ല; ഇതിൽ യിസ്രായേല്യരും അവർ അല്ലാത്തവരും തമ്മിൽ അന്തരമൊന്നുമില്ല; യഹൂദരുടെ ഈവിധമായ പ്രവൃത്തികൾ ആരിൽനിന്നുണ്ടായാലും ആ പ്രവൃത്തികൾക്കു് നിശ്ചയിക്കപ്പെട്ട പ്രതിഫലങ്ങൾതന്നെയാണ് അതു ചെയ്തവർക്ക് കിട്ടുക; അതു ചെയ്യുന്ന ആരുടെതന്നെ പ്രതിഫലം എന്താണ് എന്ന ചോദ്യത്തിന്റെ വ്യാപ്തി ശ്രദ്ധിക്കത്തക്കതാണ്.

115. ഗ്രന്ഥം സത്യമായിരിക്കുക; അതു സത്യമാണെന്നറിയുക; അങ്ങിനെ അതിൽ വിശ്വസിക്കുകയും ചെയ്യു, എന്നിട്ടു ലൌകികമായ ജീവിത സൌകര്യങ്ങൾക്ക് പ്രതികൂലമല്ലാത്തതുമാത്രം അതിൽനിന്നു പ്രവൃത്തിമൂലമായി സ്വീകരിക്കുക; ലൌകികമായ ലാഭങ്ങൾക്കു പ്രതികൂലമായ ഭാഗത്തെ ധിക്കരിക്കയും ഉപേക്ഷിക്കയും ചെയ്യു; ഇതിനാണ് ഗ്രന്ഥത്തിന്റെ കുറച്ചു ഭാഗത്തെ വിശ്വസിക്കയും കുറച്ചു ഭാഗത്തെ ധിക്കരിക്കയും ചെയ്യുയാണതെന്നു ഖുർആൻ പ്രഖ്യാപിച്ചതു്. സ്ഥാനം തെററിയ സ്വാത്മഭീതിയും, തെററായ ലാഭേച്ഛയും കാരണമായി വികൃതമായിത്തീർന്നിരിക്കുന്ന മത മനഃസ്ഥിതിയാണ് അവരെ അതിന്നു പ്രേരിപ്പിക്കുന്നതു്. സത്യവിശ്വാസിയുടെ ജീവിത വിജയത്തിന്റെ രഹസ്യമായ കർമ്മധീരതയും ത്യാഗസന്നദ്ധതയും സേവന മനഃസ്ഥിതിയും മേല്പറഞ്ഞ കൂട്ടരിൽ കാണപ്പെടുകയില്ല. അതിനാൽ അവർ അതിപ്രധാനമായി ആഗ്രഹിക്കുന്ന ഐഹികജീവിതത്തിലെ യാഥാർത്ഥ്യങ്ങളെത്തന്നെ അവർക്കു നേരിടുവാൻ സാധിക്കുകയില്ല; അതുകൊണ്ടു അവർക്കുണ്ടാകുന്ന അനുഭവങ്ങൾ അവജ്ഞയും അവഹേളനവും മാത്രമായിരിക്കു; അതാണ്, അവർക്കു ഏററവും പ്രിയപ്പെട്ടതായ അവരുടെ ഐഹികജീവിതത്തിൽ അവർക്കുണ്ടാകുന്ന പ്രതിഫലത്തിന്റെ സ്ഥിതി; അതുതന്നെ അവർക്കു അനുഭവിക്കുവാൻ വേണ്ടതു ഉണ്ടാവുകയും ചെയ്യും. ഇനി ഐഹികജീവിതത്തിന്റെ അവസാനത്തിൽ അവർക്ക് ചില ഭേദഗതികൾ ഉണ്ടാകുവാനിരിക്കുന്നതു പ്രത്യേക തരത്തിൽ പെട്ടതാണ്; ഒരു വശത്തിൽകൂടി മാത്രമുള്ള വേദനയിൽനിന്നു എല്ലാ വശത്തുകൂടിയുമുള്ള ഏററവും വലിയ യാതന (ശിക്ഷ) യിലേക്കുള്ളൊരു മാററമായിരിക്കും അതു. സത്യമായ ദൈവശാസനയുടെ ചില ഭാഗങ്ങൾ ധിക്കരിക്കുന്നതും, അതിനെ ആകപ്പാടെ ധിക്കരിക്കുന്നതും ഫലത്തിൽ ഒന്നുതന്നെയാണ്; അതിനാൽ ഒരു ഭാഗത്തിൽ വിശ്വസിച്ചുവെന്നുള്ളതുകൊണ്ടു മാത്രം അവർ ധിക്കാരികളുടെ പട്ടികയിൽനിന്നു മാറിപ്പോകുന്നില്ല. സത്യത്തെ ധിക്കരിക്കുന്നവർക്കു പൊതുവെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന അത്യധികം കഠിനമായ ശിക്ഷ തന്നെയാണ് അവർക്കും നല്കപ്പെടുക. ഇവിടെ ഒരു കാര്യം ചിന്തിക്കത്തക്കതാണ്; ഗ്രന്ഥത്തിന്റെ ഭാഗങ്ങളിൽ ചിലതിന്നു വിരുദ്ധമായി പ്രവർത്തിക്കുകയെന്നതിന്നു, ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളെ നിഷേധിക്കുക എന്ന അർത്ഥമാണ് രേഖ 85ൽ കൊണ്ടുവന്നിരിക്കുന്ന ചോദ്യത്താൽ ഖുർആൻ ചൂണ്ടിക്കാണിക്കുന്നതു്. വിശ്വാസത്തിന്നു വിരുദ്ധമായി പ്രവർത്തിച്ചാൽ വിശ്വസിച്ചിട്ടുണ്ടെന്നതിന്നു പിന്നെ വിലയില്ലെന്നു ഇതിൽനിന്നു വ്യക്തമാകുന്നു. അങ്ങിനെ പ്രവർത്തിക്കുന്നവർക്കു അത്യധികം കഠിനമായ ശിക്ഷയാണ് അവകാശമായി ലഭിക്കുകയെന്നതിൽനിന്നു ഈ സൂചന കൂടുതൽ വ്യക്തമായിത്തീരുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട ഉമർ, റ: ഈ രേഖയുടെ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുള്ളതു ഇവിടെ പ്രത്യേകിച്ചു ശ്രദ്ധാർഹമാണ്:- നിശ്ചയമായിട്ട് യിസ്രായിൽക്കാർ കഴിഞ്ഞുപോയിരിക്കുന്നു; നിശ്ചയമായിട്ടു മുഹമ്മദ

നബി (സ) യുടെ സമുദായക്കാരായ നിങ്ങളാണു് ഈ വാർത്തകൊണ്ടു ഉദ്ദേശിക്കപ്പെടുന്നതു്. (തബരി). മതത്തിൻെറ ശാസനകളിൽനിന്നു, തങ്ങൾക്കു താല്പര്യമുള്ള ചില കാര്യങ്ങളെ വളരെ നിഷ്കർഷയോടുകൂടെ പ്രവർത്തിക്കുകയും, മററു ചില കാര്യങ്ങൾക്കു് തീരെ വിരുദ്ധമായ നില കൈക്കൊള്ളുകയും ചെയ്യുന്ന സകല വ്യക്തികൾക്കും പൊതുവായിട്ടുള്ളൊരു മുന്നറിയിപ്പാണിതു്. അങ്ങിനെ ഇതു ചിന്താവിഷയമായിത്തീരുന്ന ഓരോ വ്യക്തിക്കും അവനവൻ എവിടെ എത്തിയിരിക്കുന്നു എന്നു കണ്ടറിയുന്നതിന്നു ഇതിനാൽ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു. വെള്ളിയാഴ്ചകളിൽ കൃത്യമായി പള്ളിയിൽ പോയി കൂട്ടപ്രാർത്ഥനകളിൽ പങ്കുകൊള്ളുക; മററു ദിവസങ്ങളിൽ നമസ്കരിക്കുകയെന്ന പ്രശ്നംപോലും മനസ്സിൽ കടക്കാതിരിക്കുക; റമസാനിൽ "തികഞ്ഞ" ഭക്തിയോടുകൂടെ വ്രതവും നാമസ്കാരാദി ഗുണകർമ്മങ്ങളും ചെയ്യുക; കൊല്ലത്തിൽ ശേഷമുള്ള പതിനൊന്നു മാസങ്ങൾ സർവ്വത്ര "തോന്നിവാസങ്ങൾ" ചെയ്തു കഴിച്ചുകൂട്ടുക; ചിലപ്പോൾ റംസാനിൽതന്നെ വ്രതത്തെ കൈക്കൊള്ളുകയും നമസ്കാരാദി പുണ്യകർമ്മങ്ങളെ വിട്ടുകളയുകയും ചെയ്യുക; നമസ്കാരത്തിന്നുള്ളതു് കഴിച്ചു ശേഷമുള്ള സമയങ്ങൾ പരദൂഷണത്തിലും ദുഷ്പ്രേരണയിലും മുഴുകിക്കഴിക്കുക; പള്ളിയിലെ കൂട്ടപ്രാർത്ഥന കഴിഞ്ഞാൽ നേരെ ചൂതുകളി തുടങ്ങിയ ദുർവൃത്തികളിലേക്കു് പ്രവേശിക്കുക; സാധുമുസ്ലിംകൾ മരിച്ചാൽ മറവു് ചെയ്യുന്ന കാര്യത്തിൽ വേണ്ടതു് ലോഭമില്ലാതെ ചിലവഴിക്കുക; ജീവനോടുകൂടെ വന്നു യാചിച്ചാൽ തുരത്തിയോടിക്കുക; ഹജ്ജിന്നു് കൊല്ലത്തിൽ കൊല്ലത്തിൽ പണച്ചിലവു് ചെയ്യുക; പലിശയുടെ കാര്യത്തിൽ പൈയൊന്നു വിട്ടുകൊടുക്കാതെ വസൂൽ ചെയ്യുക; മററുള്ളവരോടു് ഗുണപാഠങ്ങൾ പറയുന്നതിൽ വിട്ടുവീഴ്ച വരുത്താതിരിക്കുക; സ്വന്തജീവിതത്തിൽ സകല ദുർന്നടത്തകളേയും വെച്ചുപുലർത്തുക മുതലായ കർമ്മവൈപരീത്യങ്ങളെ ഖുർആൻ എങ്ങിനെ വീക്ഷിക്കുന്നു എന്നുള്ളതു ഇതിൽനിന്നു് ഗ്രഹിക്കാവുന്നതാണു്.

രേഖ 86ൽ സത്യശാസനകളുടെ ചില ഭാഗങ്ങളിൽ വിശ്വസിച്ചുകൊണ്ടു് മററു ചിലഭാഗങ്ങളെ നിരാകരിക്കുന്നവരെ സംബന്ധിച്ചുള്ള തീരുമാനമാണു് നാം കാണുന്നതു. മനുഷ്യൻെറ ഐഹികമായ ജീവിതം പാരത്രീക ജീവിതത്തെ സമ്പാദിക്കുന്നതിന്നുള്ള ഒരു അവസരം മാത്രമാണു്; ഐഹിക ജീവിതം മനുഷ്യൻെറ അവസാനത്തെ സമ്പത്തല്ല; ശാശ്വതവും അല്ല; ശാശ്വതമായ ജീവിതസാഫല്യത്തെ നേടുന്നതിന്നുള്ള പോംവഴി മാത്രമാണു്; എന്നാൽ ശരിക്കു് വിനിയോഗിക്കുകയാണെങ്കിൽ ശാശ്വതമായ ജീവിതസിദ്ധികളെ സമ്പാദിക്കുന്നതിന്നുള്ള ഉപയോഗമൂലമായ ഗുണാധികാരങ്ങൾ ഐഹിക ജീവിതത്തിന്നുണ്ടു്; പക്ഷെ ശാശ്വതമായതിലേക്കു് ചെന്നെത്തുവാനുള്ള യാത്രയിലെ ഒരു കൈമുതൽ എന്ന നിലക്കു് മാത്രമാണു് ഐഹിക ജീവിതത്തിന്നു് വിലയുള്ളതു്; പക്ഷെ യാത്രച്ചിലവിന്നു കിട്ടിയ സംഖ്യയെ ന്യായമായി ചിലവഴിക്കുന്നതിൽ വേദനപ്പെട്ടുകൊണ്ടു് ക്രിത്രിമങ്ങൾ പ്രവർത്തിക്കയാണെന്നിരിക്കട്ടെ! താൻ യാത്ര ശരിയായി ചെയ്തിരുന്നുവെങ്കിൽ തനിക്കു് സമ്പാദിക്കാമായിരുന്ന ശാശ്വതമായ സമ്പത്തിനെ താല്ക്കാലികമായ കൈമുതലിന്നുവേണ്ടി വില്ക്കുകയാണവൻ ചെയ്യുന്നതു. തല്ക്കാലത്തേക്കല്ലാതെ ദീർഘകാലത്തേക്കു് കൈവശം വെക്കുവാൻ സാധിക്കാത്തൊരു മുതലാണു് തൻെറ കയ്യശമുള്ളതെന്നു് മനസ്സിലാക്കുന്ന മനുഷ്യൻ തൻെറ കൈയിൽനിന്നു അതു തന്നത്താൻ വീണുപോകുന്നതിന്നു് മുമ്പായി സ്ഥിരമായ സമ്പാദ്യത്തെ സാധിക്കുന്നതിന്നുവേണ്ടി അതിനെ ഉപയോഗിക്കുകയാണു് ചെയ്യുക; അങ്ങിനെ അതിനെ വിനിയോഗിക്കുന്നതിന്നുള്ള മാർഗ്ഗദർശനങ്ങളാണു് മനുഷ്യന്നു് തൻെറ രക്ഷിതാവു് നല്കുന്ന ശാസനകൾ ഉൾക്കൊള്ളുന്നതു; എന്നിട്ടു് അവർ അതു അനുസരിക്കുന്നില്ലെന്നിരിക്കട്ടെ; അല്ലെങ്കിൽ അതിൽ ഒരുഭാഗത്തെ കർമ്മമൂലമായി വിശ്വസിച്ചു സ്വീകരിക്കയും മാററൊരു ഭാഗത്തെ ധിക്കരിക്കയും ചെയ്തുവെന്നിരിക്കട്ടെ, അവർ രണ്ടുകൂട്ടരും തമ്മിൽ മൊത്തത്തിൽ അന്തരമൊന്നും ഇല്ല; അവരുടെ കൈവശമുള്ള ഐഹിക ജീവിതത്തെ ശരിയായി വിനിമയം ചെയ്യുന്നതിലുള്ള വൈമനസ്യമാണു് അവരെക്കൊണ്ടു് അങ്ങിനെ ചെയ്യിപ്പിക്കുന്നതു; അവർ അങ്ങിനെ ചെയ്യുന്നതിനാൽ അവരാണു് ശാശ്വതമായ പാരത്രീക ജീവിതത്തിന്നു് പകരമായി ഐഹിക ജീവിതത്തെ വാങ്ങുന്നവർ; ഐഹിക ജീവിതത്തെ വിനിയോഗിച്ചുകൊണ്ടു് പാരത്രീക ജീവിതത്തെ സമ്പാദിക്കുകയെന്ന സിദ്ധാന്തത്തെയവർ സ്വീകരിക്കുന്നില്ല; നേരെ മറിച്ചു് പാരത്രിക ജീവിതത്തെ ദുരുപയോഗിച്ചുകൊണ്ടു് ഐഹിക ജീവിതത്തെ കൈവശംവെച്ചു ജീവിക്കുകയാണവർ ചെയ്യുന്നതു. അതിനാൽ ശാശ്വതമായതിനെ വിററുകൊണ്ടു് അതിൻെറ വിലക്കു് താല്ക്കാലികമായതിനെ വാങ്ങുകയാണവർ ചെയ്യുന്നതു; അതു അവരുടെ ഇച്ഛയാണു്; എന്നാൽ പാരത്രീകമായ ശിക്ഷ

## സന്ധി 11

## യിസ്രായേല്യർ; അവർ പ്രവാചകന്മാരെ ധിക്കരിച്ചതു.

(തങ്ങളുടെ സ്വന്തം പ്രവാചകന്മാരോട് യിസ്രായേല്യർ പെരുമ കാണിച്ചു; അന്ത്യപ്രവാചകനെ അവർ ധിക്കരിച്ചതു അവരുടെ ഗോത്രവാദത്തിന്റെ അനന്തരഫലമായിട്ടാണ്; അവർ മോശെയെത്തന്നെ നിരാകരിച്ചിട്ടുള്ളവരാണ്; അവരുടെ പുണ്യാവകാശവാദത്തെക്കുറിച്ചു ചില പരിശോധനകൾ; അവരെ സംബന്ധിച്ചുള്ള കൂടുതൽ യാഥാർത്ഥ്യങ്ങൾ.)

87. ദൃഢമായിട്ടും നാം നൽകുകയും ചെയ്തിട്ടുണ്ട്,
മൂസായ്ക്കു; ഗ്രന്ഥത്തെ.
നാം പരമ്പര നിർമ്മിക്കയും ചെയ്തു;
അവന്റെ പിറകിനാലെ, ദൂതന്മാരെക്കൊണ്ട്.
നാം നല്കുകയുംചെയ്തു, മറിയമയുടെ മകൻ ഈസായ്ക്കു
തെളിവുകളെ.
നാം അവനെ ബലപ്പെടുത്തുകയുംചെയ്തു;
പരിശുദ്ധിയുടെ ജീവനെക്കൊണ്ട്.
അപ്പോൾ നിങ്ങൾക്കരികിൽ
ഒരു ദൂതൻ വന്നപ്പോഴൊക്കെ,
നിങ്ങളുടെ ആത്മാക്കൾ കാമിക്കുന്നില്ലാത്തതുംകൊണ്ടു; [116]
(വന്നപ്പോഴൊക്കെ) നിങ്ങൾ പെരുമകാണിച്ചുവോ?
അങ്ങിനെ ഒരു വിഭാഗത്തെ നിങ്ങൾ കള്ളപ്പെടുത്തി;
മറ്റൊരു വിഭാഗത്തെ നിങ്ങൾ കൊല്ലുകയുംചെയ്യുന്നു.

٨٧- وَلَقَدْ اٰتَيْنَا مُوْسَى الْكِتٰبَ وَقَفَّيْنَا مِنْۢ
بَعْدِهٖ بِالرُّسُلِ وَاٰتَيْنَا عِيْسَى ابْنَ مَرْيَمَ
الْبَيِّنٰتِ وَاَيَّدْنٰهُ بِرُوْحِ الْقُدُسِ
اَفَكُلَّمَا جَآءَكُمْ رَسُوْلٌۢ بِمَا لَا تَهْوٰٓى
اَنْفُسُكُمُ اسْتَكْبَرْتُمْ
فَفَرِيْقًا كَذَّبْتُمْ وَفَرِيْقًا تَقْتُلُوْنَ ○

ഗദ്യഭാഷ

87. ദൃഢമായിട്ടു നാം മൂസായ്ക്കു ഗ്രന്ഥത്തെ കൊടുക്കുകയും ചെയ്തിട്ടുണ്ട്; അവന്റെ പിറകെ നാം ദൂതന്മാരെക്കൊണ്ടൊരു പരമ്പര നിർമ്മിക്കയും ചെയ്തു; മറിയമയുടെ മകൻ ഈസായ്ക്കു നാം തെളിവുകൾ കൊടുക്കുകയും പവിത്രമായ ജീവനെക്കൊണ്ടു അവനെ നാം ബലപ്പെടുത്തുകയും ചെയ്തു. അപ്പോൾ നിങ്ങൾ സ്വന്തരതിൽ കാമിക്കാത്തതുമായി ഒരു ദൂതൻ നിങ്ങൾക്കരികിൽ വന്നപ്പോഴൊക്കെ നിങ്ങൾ (ആ ദൂതനോടു) പെരുമകാണിച്ചുവോ? അങ്ങിനെ ഒരു വിഭാഗക്കാരെ നിങ്ങൾ കളവു ചുമത്തി; മറ്റൊരു വിഭാഗത്തെ നിങ്ങൾ കൊലപ്പെടുത്തുകയും ചെയ്യുന്നു.

യിൽനിന്നു അതു അവരെ ഒഴിവാക്കുകയില്ല; അതു അവർ അനുഭവിക്കാതെ തരമില്ല; ഇനി ദൈവകല്പനകളുടെ ചില വശങ്ങളെ അവർ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന നിലക്ക് അവർക്കുള്ള പാരത്രീകമായ ശിക്ഷ ലഘൂകരിക്കപ്പെട്ടുകിട്ടുമെന്നുള്ള വിചാരമാണ് അവർക്കുള്ളതെങ്കിൽ, ആ വിചാരത്തിന്ന് അവരുടെ പ്രവൃത്തികളെപ്പോലെതന്നെ, അടിസ്ഥാനമൊന്നുമില്ലെന്നും ഖുർആൻ വ്യക്തമാക്കുന്നതു നോക്കുക; എങ്ങിനെയെന്നാൽ ചില കാര്യങ്ങൾ അവർ സ്വീകരിച്ചിട്ടുള്ളതു് അവരുടെ ഐഹികമായ താല്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് മാത്രമാണ്; അല്ലാതെ ആദ്ധ്യാത്മികമായ ഒരു അടിസ്ഥാനതത്വത്തെ ഉദ്ദേശിച്ചുകൊണ്ടല്ല; സത്യത്തെ മുൻനിർത്തിക്കൊണ്ടു് സദുദ്ദേശത്തോടുകൂടി ചെയ്യപ്പെടുന്ന നിർദ്ദോഷമായ പ്രവൃത്തികൾക്കല്ലാതെ പാരത്രീകജീവിതത്തിൽ വിലകല്പിക്കപ്പെടുകയില്ല; ഇനി അവർക്ക് മറ്റൊരു അവലംബമുണ്ടാകാവുന്നതു, അവരുടെ പുണ്യപുരുഷന്മാരുടെ ഭാഗത്തുനിന്നുള്ള സഹായലബ്ധിയെക്കുറിച്ചാണ്; പക്ഷെ, അവർക്ക് അർഹതയില്ലാത്ത സഹായം അവർക്ക് ലഭ്യമാവുകയില്ല; അതിനാൽ അവർ ദൈവഹിതത്തിന്നെതിരായി സഹായിക്കപ്പെടുകയില്ല എന്ന പ്രസ്താവനകൊണ്ടു് ആ വിധത്തിലുള്ള അവലംബത്തേയും ഖുർആൻ അടിയോടെ അവസാനിപ്പിക്കുന്നു; സത്യമായ കർമ്മമാർഗ്ഗത്തിൽ, ഗോത്രവർഗ്ഗ സമുദായപരമായ പരിഗണനകൾക്ക് വിലയില്ലെന്ന ഖുർആനിക സിദ്ധാന്തത്തിന്റെ സന്ദർഭോചിതമായൊരു പ്രഖ്യാപനമാണിവിടെ ചെയ്യപ്പെട്ടിരിക്കുന്നതു. യിസ്രായേല്യരുടെ ധാർമ്മികമായ നിലയുടെ നിരർത്ഥകതയെ രേഖ 86 സ്പഷ്ടമായി വെളിപ്പെടുത്തുന്നു. പാരത്രീക ജീവിതത്തിന്നു പകരമായി ഐഹിക ജീവിതത്തെ വിലക്കുവാങ്ങി എന്നതിന്നു, ഐഹിക ജീവിതത്തിലെ ചുരുങ്ങിയ ലാഭങ്ങളെ പാരത്രീകത്തിലെ വർദ്ധിച്ച നേട്ടങ്ങളേക്കാൾ അവർ പ്രിയപ്പെട്ടു എന്നുകൂടി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു; (ത്വബരി).

[116-ാമത്തെ കുറിപ്പ് മറുപുറത്തു്]

116. സത്യമായ വേദഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളിൽ വിശ്വസിച്ചുകൊണ്ടു മററു ചില ഭാഗങ്ങളെ ധിക്കരിക്കുന്നവർ ഐഹികജീവിതത്തെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്നവരാണെന്നു പറഞ്ഞിട്ടു, യിസ്രായേല്യരിൽ മുന്നിട്ടു നില്ക്കുന്ന അത്തരക്കാരെ സംബന്ധിച്ച വിധി പ്രസ്താവിക്കയാണ് കഴിഞ്ഞ രേഖകളിൽ സാധിച്ചതു്. അതിനെത്തുടർന്നു ഐഹിക താല്പര്യങ്ങൾക്കുവേണ്ടി യിസ്രായേല്യർ സത്യശാസനകളോടു ചെയ്തിട്ടുള്ള ധിക്കാരങ്ങളെ അവരുടെ ചരിത്രസംഭവങ്ങളിൽനിന്നു ഖുർആൻ എടുത്തുകാണിക്കുന്നു; അവരുടെ ധിക്കാരത്തിന്റെ അക്രമരൂപമായ അഴിമതികളെ ഭൂതകാലത്തിന്റേയും വർത്തമാനകാലത്തിന്റേയും വെളിച്ചത്തിൽ കൂടി വ്യക്തമാക്കുകയും ചെയ്യുന്നു.

അന്ത്യപ്രവാചകന്റെ ആഹ്വാനത്തോടു് അവർ കാണിച്ചിട്ടുള്ള അന്യായമായ പെരുമാററങ്ങളുടെ അന്തരീക്ഷത്തെ വെച്ചുകൊണ്ടാണ് അവരുടെ ആദ്യകാല ചരിത്രങ്ങളെപ്പററി ആലോചിക്കേണ്ടതു്. ഈ രേഖയുടെ പര്യവസാനത്തിൽ, അവരുടെ അക്രമവാസനയുടെ ആകെത്തുകയായി ഖുർആൻ എടുത്തുപറയുന്ന രണ്ടു സംഗതികൾ നോക്കുക; "ഒരു വിഭാഗത്തെ നിങ്ങൾ കള്ളപ്പെടുത്തി; അവരുടെ മേൽ കളവു ചുമത്തി. മറെറാരു വിഭാഗത്തെ നിങ്ങൾ കൊല ചെയ്യുന്നു." വാക്യാംശത്തിന്റെ ആദ്യഭാഗത്തു പ്രതിപാദിക്കപ്പെടുന്നതു—നിങ്ങൾ കള്ളപ്പെടുത്തിയെന്നുള്ളതു—കഴിഞ്ഞുപോയ ഭൂതകാലചരിത്രത്തിലെ സംഗതിയാണ്; അവസാന ഭാഗത്തു ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു നോക്കുക: മറെറാരു വിഭാഗത്തെ നിങ്ങൾ കൊലപ്പെടുത്തുന്നു എന്നാണ് അവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നതു്. ഖുർആനിന്റെ നിവേദനങ്ങൾ വന്നുകൊണ്ടിരുന്ന വർത്തമാനകാലത്തുള്ള യഹൂദന്മാരുടെ നടവടികളെയാണതു പ്രത്യേകമായി വെളിപ്പെടുത്തുന്നതു. യിസ്രായേല്യരുടെ രണ്ടു ദുഷ്പ്രവൃത്തികളെ ചൂണ്ടിക്കാട്ടുന്നതിന്നിടയിൽ, ഒന്നു ഭൂതകാല രൂപത്തിലും മറെറാന്നു വർത്തമാനകാലരൂപത്തിലും പ്രയോഗിച്ചിരിക്കുന്നതിൽനിന്നു ഈ രേഖയിലെ പ്രതിപാദന വിഷയത്തിന്നു വർത്തമാനകാലവുമായുള്ള ബന്ധം തികച്ചും വെളിപ്പെടുന്നുണ്ടു്. ലോകരക്ഷിതാവായ ദൈവത്തിന്റെ പ്രതിരോധന നടപടിയുണ്ടായിരുന്നില്ലെങ്കിൽ ഖുർആനിന്റെ പ്രഖ്യാപകനായ നബി (സ) യെ യിസ്രായിൽ മക്കളായ യഹൂദർ കൊല്ലുമായിരുന്നു എന്നു തന്നെ ഈ വാക്യാംശത്തിന്നു വിശദീകരണങ്ങൾ കൊടുക്കപ്പെട്ടിട്ടുണ്ടു് (റാസി). ഇനി, ഖുർആൻ ഇവിടെ ആലോചനാ വിഷയമായി കൊണ്ടുവന്നിട്ടുള്ള ചരിത്രസൂചനകളിലേക്കു് പ്രവേശിക്കുക:-

യിസ്രായേല്യർ നബിയെ പ്രവാചകനായി സമ്മതിച്ചില്ല; ഖുർആനിനോടു് തങ്ങൾക്കു് തത്വത്തിലും സത്യാവസ്ഥയിലും ബന്ധമുള്ളതായി അവർ വകവെച്ചുകൊടുത്തുമില്ല; മോശെക്കു് നല്കപ്പെട്ട നിയമശാസനകളാണ് യിസ്രായേല്യരുടെ കയ്യിലുള്ളതു; അതു മോശെയുടെ സ്വന്തമായ ഉല്പാദനമല്ല. തന്റെ രക്ഷിതാവായ സാക്ഷാൽ സത്യമായ ദൈവത്തിൽനിന്നു ലഭിച്ചതാണ്; ദൈവമാണ് അതു മോശെക്കു് നല്കിയതു; തങ്ങളുടെ രക്ഷിതാവായ ദൈവത്തിന്റെ പക്കൽനിന്നു അതു നല്കപ്പെട്ടുവെന്നതുകൊണ്ടാണ് യിസ്രായേല്യർക്കു് അതിനെ കൈക്കൊണ്ടു് അനുസരിക്കുകയെന്നതു കടമയായിത്തീർന്നതു; മോശെക്കു് ഗ്രന്ഥത്തെ നല്കിയ ദൈവമാണ് മുഹമ്മദ്നബി(സ)ക്കു ഖുർആനിനെ നല്കിയതു; അതിനാൽ യിസ്രായേല്യർക്കു് മോശെയുടെ ഗ്രന്ഥത്തോടുള്ള അത്രതന്നെ അടുപ്പവും അകൽച്ചയും ഖുർആനിനോടും ഉണ്ടായിരിക്കേണ്ടതു സ്വാഭാവികമാണ്. പ്രവാചകനാവുകയെന്നതിന്നു് സ്വന്തമായൊരു ഗ്രന്ഥമുണ്ടാവുകയെന്നതും നിയമമല്ല; സാക്ഷാൽ സത്യമായ ദൈവത്തിന്റെ നീതിന്യായ കല്പനകൾ നടപ്പിൽ വരുത്തുന്നതിന്നായി ദൈവീകമായ തെളിവുകളോടുകൂടി നിയോഗിക്കപ്പെടുന്ന മഹാവ്യക്തികൾ എല്ലാവരും പ്രവാചകന്മാർ തന്നെയാണ്. തൗറാ (പഴയ നിയമ)ത്തിന്റെ സമ്പാദകനായ മോശെയുടെ പിറകെത്തന്നെ പ്രവാചകന്മാരുടെ ദീർഘമായൊരു പരമ്പരതന്നെ സാക്ഷാൽ സത്യമായ ദൈവത്താൽ പുലർത്തപ്പെട്ടിട്ടുള്ളതുമാണ്; പ്രവാചകനെ നിശ്ചയിക്കുന്നതും നിശ്ചയിക്കാതിരിക്കുന്നതും ഗ്രന്ഥത്തെ നല്കുന്നതും നല്കാതിരിക്കുന്നതും ദൈവത്തിന്റെ സർവ്വസ്വതന്ത്രമായ ഇച്ഛകൊണ്ടു് മാത്രമാണ്; എല്ലാവരേയും നിയോഗിക്കുന്നതു എല്ലാവർക്കുമുള്ള ഏകനായ പരമാധികാരി തന്നെയാണ്; എന്നാൽ അവർ നിയോഗിക്കപ്പെട്ട സന്ദർഭങ്ങളുടെ കാഠിന്യത്തിന്റെ കൂടുതൽ കുറവുകൾക്കനുസരിച്ചു്, അവർക്കു് നല്കപ്പെടുന്ന തെളിവുകൾക്കു ഭേദഗതികളുണ്ടായിരിക്കാവുന്നതാണ്; സത്യത്തിന്റെ സാധാരണനിയമങ്ങളെ തെളിയിച്ചാൽ, അവയെ കണ്ടു മനസ്സിലാക്കുവാനുള്ള ശേഷിയില്ലാത്ത ഒരു ജനതക്കോ സമുദായത്തിന്നോ പ്രത്യേകമായി നിയോഗിക്കപ്പെടുന്ന പ്രവാചകന്മാർക്കു്, താരതമ്യേന, സാധാരണമല്ലാത്ത തെളിവുകൾ തങ്ങളുടെ രക്ഷിതാവിനാൽ നല്കപ്പെടുന്നു;

എന്നാൽ അവർ എല്ലാവരും ആന്തരമായി ഉദ്ദേശിക്കുന്ന ലക്ഷ്യം ഒന്നുതന്നെയാണ്; മിഥ്യാബോധങ്ങളെ നീക്കി സത്യത്തെ തിരിച്ചറിഞ്ഞു, സത്യമായ ജ്ഞാനശാസനകൾക്കനുസരിച്ച് ജീവിക്കുന്നതിന്നും മരിക്കുന്നതിന്നും തങ്ങളുടെ പരിധിയിൽപെട്ടതു മനുഷ്യക്കിടയിൽ പ്രവൃത്തിക്കുകയെന്നതുതന്നെ. മോശെയുടെ കാലത്തിന്നു പിറകെ യിസ്രായേൽ മക്കളിൽനിന്നു നിയോഗിക്കപ്പെട്ട പ്രവാചകന്മാരിൽ, വളരെ പ്രാധാന്യമുള്ളൊരു സന്ദർഭത്തിലാണ് യേശു (ഈസാ, അ) ക്രിസ്തുവിന്റെ വരവ്; എന്നാൽ ക്രിസ്തുവിന്റെ കഴിവുകൾ തന്റെ സ്വന്തമായിരുന്നില്ല; ക്രിസ്തു കൊണ്ടുവന്ന തെളിവുകളും അങ്ങിനെത്തന്നെ; ഒരു പ്രവാചകന്റെ നിലയിൽ ക്രിസ്തു മോശെയിൽനിന്നും വ്യത്യസ്ഥനായിരുന്നില്ല. എന്നാൽ യിസ്രായിൽക്കാരുടെ ജീവിതദശകളെ വേർതിരിച്ച് നോക്കുമ്പോൾ മോശെയുടെ കാലത്തിൽനിന്നു വളരെ വ്യത്യാസപ്പെട്ടതായിരുന്നു ക്രിസ്തുവിന്റെ ദശാസന്ധി. മിസ്രയീമിലെ മർദ്ദനങ്ങൾകൊണ്ട് യിസ്രായേല്യർ ചവിട്ടിമെതിക്കപ്പെട്ട കാലത്താണ് മോശയുടെ പുറപ്പാട്; മർദ്ദിതരുടെ നിലയിൽ യിസ്രായേല്യർ ദൈവത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾക്കു അന്നു പാത്രങ്ങളായിത്തീർന്നിരുന്നു; ക്രിസ്തു വന്നതു നേരെ വിപരീതമായ കാലഘട്ടത്തിലാണ്; ദൈവത്തിൽനിന്നു ലഭിച്ച ദയാനുകൂല്യങ്ങൾ നിർദ്ദാക്ഷിണ്യമായി ദുരുപയോഗിക്കയാൽ പാപവാസനകൾ യിസ്രായേല്യരുടെ ഹൃദയങ്ങളിൽ കുടിയിരിക്കുകയും ജ്ഞാനദൃഷ്ടികൾ കെട്ടുപോകുകയും ചെയ്തുകഴിഞ്ഞിട്ടുള്ളൊരു കാലമായിരുന്നു അതു; തന്റെ സ്രഷ്ടാവായ ദൈവത്താൽ ക്രിസ്തുവിന്നു നല്കപ്പെട്ട തെളിവുകൾ യിസ്രായേല്യരുടെ കെട്ടുപോയ കണ്ണുകളിൽ തെളിഞ്ഞുകാണത്തക്ക ശക്തിയുള്ളവയായിരുന്നു; സാധാരണ വെളിച്ചത്തിൽതന്നെ കാഴ്ച ലഭിക്കുന്ന തരത്തിൽപെട്ട ജനങ്ങളെ കണ്ണുചിന്നിക്കുന്ന ശക്തിയാണ് ആ തെളിവുകൾക്ക് ഉണ്ടായിരുന്നതു്. പക്ഷെ, പ്രവാചകന്റെ നിലയിൽ ക്രിസ്തുവും യിസ്രായേൽക്കാരുടെ പ്രവാചകന്മാരുടെ കൂട്ടത്തിലൊരു പ്രവാചകൻ മാത്രമായിരുന്നു. ക്രിസ്തുവിനോടു യിസ്രായേല്യർ പെരുമാറിയതും അങ്ങിനെത്തന്നെയായിരുന്നു; മുഹമ്മദു നബി (സ) യോടു അവർ പെരുമാറുന്ന രീതിയും അതു തന്നെ. അവരുടെ ചരിത്രത്തെസംബന്ധിച്ച അവരോടു തന്നെ ചോദിച്ചാൽ അറിയാവുന്ന ഒരു സംഗതിയാണതു്. ഓരോ ദൈവദൂതനും അവരുടെ അരികിൽ വന്നപ്പോൾ, യിസ്രായിൽക്കാരുടെ ആത്മാക്കൾ കാമിക്കാത്ത കാര്യങ്ങൾ ഓരോ പ്രവാചകനും അവർക്കരികിൽ കൊണ്ടുവന്ന സന്ദർഭങ്ങളിലൊക്കെ, അവർ തങ്ങളുടെ അഹങ്കാരത്തെ കാണിച്ചിട്ടുണ്ടു്: അങ്ങിനെയുള്ള കാര്യങ്ങളെ കൊണ്ടുവന്നവരെ പുഛിച്ചിട്ടുമുണ്ടു്. അവർ ആശിക്കാത്ത ഒരു കാര്യത്തിന്നു ഉണ്ടാകുവാൻ അർഹതയില്ലെന്നതാണ് അവരുടെ നില. അവരുടെ ആന്തരമായ ആദ്ധ്യാത്മിക ജീവിതത്തിന്നു അതു ആവശ്യമാണോ അല്ലയോ എന്നു അവർ അതിനെപ്പററി ചിന്തിക്കാറില്ല; അതു അവരുടെ പ്രശ്നമേയല്ല; അതു അവരുടെ ഇഷ്ടത്തിന്നു എതിരാണ് എന്നുള്ളതു മാത്രമാണ് അവരുടെ ആലോചനയുടെ ആകെത്തുക. അവരുടെ അഹങ്കാരം രണ്ടു വിധത്തിലാണ് അവരുടെ പ്രവാചകന്മാർക്കു എതിരായി പ്രവൃത്തിയിൽ വന്നിട്ടുള്ളതു്. ഒന്നാമതു പ്രവാചകന്മാർ പറയുന്നതു കളവാണെന്നു അവർ കുററാരോപണം ചെയ്തു; രണ്ടാമതു അവരെ കൊന്നൊടുക്കുന്നതിന്നുള്ള തന്ത്രങ്ങൾ പ്രയോഗിച്ചു. അതിനാൽ അന്ത്യപ്രവാചകനായ നബിയുടെ ആഹ്വാനത്തിന്നു നേരെ അവർ അനുവർത്തിക്കുന്ന നയങ്ങൾ ഒന്നുകൊണ്ടും ഒട്ടും പുതിയതല്ല; അവരുടെ ആരോപണങ്ങളേയും നയോപായങ്ങളേയും അതിജീവിക്കുന്നതിന്നുള്ള ശക്തി ഖുർആനിന്റെ പ്രഖ്യാപകനായ നബി (സ) യുടെ ആഹ്വാനത്തിന്നുണ്ടു് തന്നെ; അവർ എതിർത്തുകൊണ്ടിരുന്ന തരത്തിൽപെട്ട അവസാനത്തെ ആഹ്വാനമാണല്ലോ അതു? ഇവിടെ യിസ്രായേല്യരെ സംബന്ധിച്ചുള്ള പ്രതിപാദനങ്ങൾ ഖുർആൻ ചെയ്യുന്നതു്, യിസ്രായേല്യരോടു നേരിട്ടുകൊണ്ടു സംസാരിക്കുന്ന ഭാഷയിലാണ്. എന്നിട്ടു അവക്കിഷ്ടമില്ലാത്ത സന്ദേശങ്ങൾ കൊണ്ടുവന്ന ഓരോ ദൂതനോടും നിങ്ങൾ അഹങ്കാരം കാണിച്ചിട്ടില്ലേ എന്നു ഖുർആൻ അവരെ ചോദ്യംചെയ്യുന്നു. അവക്കു നിഷേധിക്കുവാനാകാത്ത വസ്തുതയാണ് ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന സംഗതി എന്ന ആശയത്തെ അതു കൂടുതൽ വ്യക്തമാക്കുന്നു.

മൂസായ്ക്കു നാം ഗ്രന്ഥത്തെ കൊടുത്തുവെന്നു പറഞ്ഞതു, തൗറാത്തിനെ (പഴയ നിയമത്തെ) യാണ് വിവക്ഷിക്കുന്നതു്; (തബരി). മറിയമയുടെ മകൻ ഈസായ്ക്കു നാം തെളിവുകളെ കൊടുക്കുകയും ചെയ്തു എന്ന ഖുർആൻ വാക്യത്തിൽ, യേശുക്രിസ്തുവിന്റെ ജനനസംഭവത്തെക്കുറിച്ചും, ഒരു സൃഷ്ടിയുടെ നിലയിൽ അതിന്നുള്ള പ്രത്യേകതയെക്കുറിച്ചും സൂചനയുള്ളതായി മനസ്സിലാക്കുവാൻ സാധിക്കേണ്ടതാണ്. ക്രിസ്തുവിനെ പിൻപററിയിട്ടുള്ളവരാണെന്നു നടിച്ചുകൊണ്ടു, അല്ലെങ്കിൽ ക്രിസ്തുവിനെ അതിരുകവിഞ്ഞു ബഹുമാനിച്ചുകൊണ്ടു, മററു പ്രവാച

കന്മാരെ ധിക്കരിക്കുന്ന പാതിരിമാരുടെ പക്ഷപാതികമായ. പ്രചരണമാതൃക ഖുർആനിൽ വിശ്വസിക്കുന്നവൎക്ക സ്വീകാര്യമല്ല; ഖുർആനിന്റെ പ്രവാചകനെ പിൻപററിയിട്ടുള്ള മനുഷ്യനു ക്രിസ്തുവിനേയോ മററു ദൈവദൂതന്മാരേയോ സംബന്ധിച്ച പരമാൎത്ഥങ്ങളെ നിഷേധിക്കുക സാദ്ധ്യമല്ല; മുഹമ്മദു നബി (സ) യിൽ വിശ്വസിച്ചുകൊണ്ടു മററു പ്രവാചകന്മാരെ ധിക്കരിക്കുകയാണെങ്കിൽ, മററു പ്രവാചകന്മാരിൽ വിശ്വസിച്ചുകൊണ്ടു നബി(സ)യെ ധിക്കരിച്ചിട്ടുള്ള യഹൂദർ, ക്രിസ്ത്യാനികൾ മുതലായവരുടെ നില മാത്രമാണ് മേല്പറഞ്ഞ വിധത്തിൽ ചെയ്യുന്ന വ്യക്തിക്കു ലഭ്യമാവുക. പാതിരിമാരുടെ പക്ഷപാതികമായ കുപ്രചരണങ്ങളെ നേരിടേണ്ടതു സത്യത്തിന്റെ ധൎമ്മഭടനായ മുസൽമാന്നു കടമയാണ്; പക്ഷെ പാതിരിയെ നേരിടുന്നതിനുവേണ്ടി പാതിരിയായിച്ചമയുവാൻ പാടില്ല; സത്യത്തിന്റെ പാതയിൽനിന്നു മുസൽമാനു വ്യതിചലിക്കുവാൻ സാദ്ധ്യമല്ല. തന്റെ സ്വാൎത്ഥതാല്പൎയ്യങ്ങളുടെ നിലനില്പിന്നു വേണ്ടി സത്യത്തെ കുരുതി കഴിക്കുകയും പൂഴ്ത്തിവെക്കുകയും ചെയ്യുന്നവനല്ല, സാക്ഷാൽ സത്യമായ ദൈവത്തിന്നു മനസ്സ്, വാക്ക്, പ്രവൃത്തി എന്നിവയാൽ സൎവ്വാത്മനാ സമൎപ്പിച്ചു ജീവിക്കുന്നവനാണ് യഥാൎത്ഥ മുസൽമാൻ; മോശെയും ക്രിസ്തുവും, സത്യമായ ദൈവത്താൽ നിയോഗിക്കപ്പെട്ടവരായ മററു പ്രവാചകന്മാരെല്ലാവരുംതന്നെ യഥാൎത്ഥ മുസൽമാന്മാരായിരുന്നുവെന്ന പരമാൎത്ഥത്തെ സ്ഥാപിത മതക്കാരായ പുരോഹിതന്മാർ ലോകദൃഷ്ടിയിൽനിന്നു മറച്ചുപിടിക്കുന്നതാണ്, ലോകത്തെ "പട്ടികമതങ്ങളു"ടെ മത്സരഭൂമിയാക്കിത്തീൎത്തതു്. പൗരോഹിത്യത്തിന്റെ മറകളെ നീക്കി, മനുഷ്യസമുദായത്തിന്റെ ദൃഷ്ടികൾ യാഥാൎത്ഥ്യങ്ങളിലേക്ക് ചെന്നുവീഴുന്ന കാലാവസ്ഥ വളരെ വിദൂരമല്ല.

ക്രിസ്തുവിന്റെ ജനനസംഭവത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾക്ക് സംഹിത 19ൽ രേഖ 16 മുതൽ 34 വരെ നോക്കുക. "തെളിവുകൾ" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "അൽ ബയ്യിനാതു്" എന്ന പദത്തെയാണ്; തന്റെ പ്രവാചകത്വത്തെ തെളിയിക്കുന്നതിന്നായി ക്രിസ്തുവിന്നു നല്കപ്പെട്ടിരുന്ന അസാധാരണമായ അടയാളങ്ങളെ അതു കുറിക്കുന്നു; (തബരി). പരിശുദ്ധിയുടെ ജീവൻ എന്നു ഇവിടെ പരിഭാഷ ചെയ്യപ്പെട്ടിരിക്കുന്നതു റൂഹുൽ-ഖുദസ് എന്ന പദബന്ധത്തെയാണ്; ക്രൈസ്തവ സാഹിത്യങ്ങളിൽ കാണപ്പെടുന്ന "റൂഹാദൽ കുദേശ" എന്ന പ്രയോഗവുമായി ഇതിനെ തെററിദ്ധരിക്കുവാൻ പാടില്ല; റൂഹുൽ-ഖുദസ് എന്നതു "റൂഹ്" എന്നും "ഖുദസ്" എന്നുമുള്ള രണ്ടു വാക്കുകളുടെ സന്ധിരൂപമാണ്. "റൂഹ്" എന്ന പദത്തിന്നു അലംഘനീയങ്ങളായ ജീവിതനിയമങ്ങൾ എന്നും പ്രാണശക്തിയെന്നും അൎത്ഥമുള്ളപോലെത്തന്നെ, പ്രചോദനമെന്നും ദൈവീകമായ നിവേദനമെന്നുകൂടി അൎത്ഥമുണ്ടു്; (ഇമാം സജ്ജാജ്, റ:). ഖുദ്സ് എന്ന വാക്കിന്നു വിശുദ്ധി എന്നും വിശുദ്ധിയുള്ളതു് എന്നും അൎത്ഥമുണ്ടു്; (തബരി). അതിനാൽ സന്ധിരൂപമായ ഈ വാക്കിന്നു വിശുദ്ധിയുടെ പ്രാണശക്തി എന്ന അൎത്ഥഭേദമായി പറയാവുന്നതാണ്; ഈ വാക്കു കുറിക്കുന്നതു, ദൈവത്തിൽനിന്നു പ്രവാചകന്മാരിലേക്ക് നിവേദനങ്ങൾ എത്തിക്കുന്ന വിശുദ്ധ ചൈതന്യസൃഷ്ടിയായ "ജിബ്‌രീൽ" എന്ന ദൈവദൂതനേയാണ് എന്നും ന്യായമായൊരു വ്യാഖ്യാനമുണ്ടു്; (തബ്‌രി). എന്നാൽ, വിശുദ്ധ പ്രചോദനശക്തിയെന്നപോലെത്തന്നെ വിശുദ്ധ നിവേദനമെന്നും ഇതു വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു; (റാസി). ശരീരത്തിന്നു പ്രാണൻ ചൈതന്യശക്തിയെ കൊടുക്കുന്നതുപോലെ, നിൎജ്ജീവമായിക്കിടക്കുന്ന മനുഷ്യസമുദായത്തിന്നു യഥാൎത്ഥമായ ദൈവീക നിവേദനങ്ങൾ ലഭിക്കുന്നതുകൊണ്ടു യഥാൎത്ഥ ജീവചൈതന്യങ്ങൾ വെളിപ്പെടുന്നതാണല്ലോ? അങ്ങിനെയുള്ള നിവേദനങ്ങളെ ജനങ്ങളുടെ പ്രവാചകന്മാർക്കു ഏററക്കുറച്ചിലില്ലാതെ എത്തിച്ചുകൊടുക്കുന്നതിനാലാണ് ജിബ്‌രീൽ എന്ന മലക്കിന്നു റൂഹുൽ ഖുദ്സ് എന്നു വിളിക്കപ്പെടുന്നതു്. ഖുർആനിന്റെ പ്രഖ്യാപകനായ നബി (സ)യുടെ പക്കൽ യഹൂദന്മാരിൽനിന്നു ചിലർ വന്നു; അങ്ങിനെ, ഞങ്ങൾക്ക് "റൂഹ്" എന്നതിനെപ്പററി ചില വിവരങ്ങൾ പറഞ്ഞുതരണമെന്നു അവർ നബി (സ)യോടു ആവശ്യപ്പെട്ടു: അപ്പോൾ നബി പറഞ്ഞു: സാക്ഷാൽ സത്യമായ ദൈവത്താണെ, യിസ്രായേലിന്റെ സന്തതികളിൽ അവന്റേതായി കഴിഞ്ഞുപോയിട്ടുള്ള ദിവസങ്ങളാണെ; അതു, റൂഹ് എന്നാൽ ജിബ്‌രീൽ ആണെന്നു നിങ്ങൾ അറിയുന്നുണ്ടോ? അവൻതന്നെയാണ് എന്റെ പക്കൽ വരികയും ചെയ്യുന്നതു. അവർ പറഞ്ഞു: ഉണ്ടു്; ഞങ്ങൾ അതു അറിയുന്നുണ്ടു്. (തബ്‌രി). വിശുദ്ധ നിവേദനം എന്ന അൎത്ഥമാണ് റൂഹുൽ ഖുദ്സ് എന്നതിന്നു ഇവിടെ കൊടുക്കപ്പെടുന്നതെങ്കിൽ, അതു കുറിക്കുന്നതു ക്രിസ്തുവിന്നു നല്കപ്പെട്ടിരിക്കുന്ന ഗ്രന്ഥത്തെയാണ്. ഖുർആനിന്റെ സാങ്കേതിക ഭാഷയിൽ "ഇൻജീൽ" എന്നാണ് ഈസാ (അ) യ്ക്കു ലഭിച്ച നിവേദനങ്ങൾ അറിയപ്പെടുന്നതു്. ക്രിസ്തുവിന്റെ

88. അവർ പറയുകയുംചെയ്തു:—
ഞങ്ങളുടെ ഹൃദയങ്ങൾ പൊതിയപ്പെട്ടവയാണ്.
എന്നാൽ അവരെ ശപിച്ചിരിക്കുന്നു, അല്ലാഹു;
അവരുടെ ധിക്കരിക്കൽ ഹേതുവായിട്ട്.
അതിനാൽ വളരെ കുറഞ്ഞതെന്തോ(മാത്രമേ)
അവർ വിശ്വസിക്കുന്നുള്ളു.[117]

٨٨- وَقَالُوا قُلُوبُنَا غُلْفٌ ۚ
بَلْ لَعَنَهُمُ اللَّهُ بِكُفْرِهِمْ
فَقَلِيلًا مَا يُؤْمِنُونَ ○

ഗദ്യഭാഷ—

88. ഞങ്ങളുടെ ഹൃദയങ്ങൾ മൂടപ്പെട്ടവയാണെന്നു അവർ പറയുകയുംചെയ്തു. എന്നാൽ (യഥാർത്ഥ സംഗതി) അവരുടെ ധിക്കാരത്താൽ അല്ലാഹു അവരെ ശപിച്ചിരിക്കുന്നു (എന്നുള്ളതാണ്); അതിനാൽ വളരെ കുറഞ്ഞതായിട്ടാണ് അവർ വിശ്വസിക്കുന്നുള്ളു.

---

യഥാർത്ഥ പിൻഗാമികൾക്ക് വളരെക്കാലത്തേക്ക് ഒരു ചൈതന്യശക്തിയായി അതു തെളിഞ്ഞിട്ടുണ്ട്; (റാസി). ഖുർആനിൽ ദൈവീകനിവേദനങ്ങൾക്ക് പൊതുവെ റൂഹ് എന്നു വിളിക്കപ്പെട്ടിട്ടുണ്ട്. സംഹിത 16ൽ രേഖ 2ഉം സംഹിത 40ൽ രേഖ 15ഉം നോക്കുക. തന്നെയല്ല, ഇവിടെ ഈ ചൂണ്ടിക്കാണിക്കപ്പെട്ട രണ്ടു രേഖകളിലും ദൈവീകനിവേദനമെന്നല്ലാതെ മററു അർത്ഥങ്ങളെ റൂഹ് എന്ന വാക്ക് കുറിക്കുന്നതായി വിചാരിക്കുക സാദ്ധ്യവുമല്ല; അതേ പ്രകാരംതന്നെ സംഹിത 42ൽ രേഖ 52ൽ ഖുർആനിന്നു തന്നെയും റൂഹൻ എന്നു വിളിക്കപ്പെട്ടിട്ടുണ്ട്. മുഹമ്മദ് നബി (സ) യുടെ വിശ്വസ്ഥരായ പിൻഗാമികൾക്കു സകലക്കുംതന്നെ പൊതുവെയുള്ള ബലമായി നല്കപ്പെട്ടിരിക്കുന്ന ചൈതന്യശക്തിക്കുംകൂടി റൂഹൻ എന്ന പേർ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. സംഹിത 58ൽ രേഖ 22 നോക്കുക. അന്ത്യപ്രവാചകൻെറ അടുത്ത അനുയായികളിൽ ഒരാളായ ഹസ്സാൻ ബിൻ സാബിത് (റ) എന്ന കവിയെ അഭിമുഖമാക്കിക്കൊണ്ടു്, വിശുദ്ധ ചൈതന്യശക്തി റൂഹുൽ ഖുദസ് നിന്നോടുകൂടെയുണ്ടു്താനും എന്നു നബി (സ) പ്രസ്താവിച്ചതായി കാണപ്പെടുന്നുണ്ട്. അതിനാൽ നമ്മുടെ പ്രതിപാദനവിഷയമായ പദപ്രയോഗത്തിൻെറ അർത്ഥനിർണ്ണയം ചെയ്യുന്നതു ശരിയായ സന്ദർഭചിന്തയോടുകൂടെ ആയിരിക്കേണ്ടതാണ്.

117. രേഖ 87ൽ പ്രതിപാദിക്കപ്പെട്ടതു യിസ്രായേല്യർ പ്രവാചകന്മാരോട് കാണിച്ച അഹങ്കാരത്തിൻെറ ആകെത്തുകയാണല്ലോ? അതിൻെറ രണ്ടു വ്യത്യസ്തങ്ങളായ വശങ്ങളും വിസ്തരിക്കപ്പെടുകയുണ്ടായി; നൂററിക്കണക്കിനുള്ള വർഷങ്ങളിൽകൂടി കഴിഞ്ഞുപോയിട്ടുള്ള ചരിത്രസംഭവങ്ങളെ ഖുർആൻ ചുരുക്കിയെടുക്കുമ്പോൾ ഒരു നിമിഷത്തിനുള്ളിൽ നടന്ന സംഗതിയേപ്പോലെയതു നമ്മുടെ കൺമുമ്പിൽ കൊണ്ടുവരപ്പെടുന്നു; മോശെക്ക് ഗ്രന്ഥത്തെ കൊടുത്തുവെന്നു പറഞ്ഞിട്ട്, ക്രിസ്തുവിൻെറ പ്രവാചകത്വത്തെപ്പററി പറയുന്നതിന്നിടയിൽ, ചെറിയൊരു വാക്യാംശത്താൽ ഖുർആൻ ചുരുക്കി നിറുത്തിയിരിക്കുന്ന കാലത്തിൻെറ വലിപ്പത്തെപ്പററി ചിന്തിക്കുമ്പോൾ മിന്നൽപിണരിൻെറ വേഗത്തിലാണ് ഖുർആൻ അതിൻെറ അനുവാചകനെ നൂററിക്കണക്കിനുള്ള സംവത്സരങ്ങളിൽകൂടി കടത്തിക്കൊണ്ടുപോരുന്നതെന്നു് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്; എന്നാൽ ആ സഞ്ചാരത്തിൻെറ വഴിയായി അനുവാചകൻ സമ്പാദിക്കേണ്ടതായിട്ടുള്ള ചരിത്രപാഠത്തെ ഖുർആൻ അവൻെറ അനുഭവത്തിൽ കൊണ്ടുവരുന്നുണ്ട്; തങ്ങൾക്ക് താല്പര്യമില്ലാത്തതു കൊണ്ടുവന്നവരോടൊക്കെ യിസ്രായേൽക്കാർ പെരുമ കാണിച്ച് അഹങ്കരിച്ചു എന്നതാണ് അതു. അവരുടെ അഹങ്കാരത്തിൻെറ പ്രകടനപദ്ധതിയാണ് പിന്നീട് ചിന്താവിഷയമായി ശേഷിച്ചതു. അതും ഒഴിച്ചിടപ്പെട്ടില്ല; അങ്ങിനെ ഖുർആൻ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലത്തിൻെറ നടവഴിവരെ നീണ്ടുകിടക്കുന്ന, യിസ്രായേല്യരുടെ ഭൂതകാലചരിത്രത്തിൻെറ നീണ്ടു നീണ്ടു പോകുന്ന ധിക്കാരപ്രകടന പദ്ധതിയെക്കൂടി ഖുർആൻ വ്യക്തമാക്കുകയുണ്ടായി; രണ്ടു വാക്കുകളിലാണതു പൂരുട്ടിവെക്കപ്പെട്ടിരിക്കുന്നതു; "അപ്പോൾ ഒരു വിഭാഗത്തെ നിങ്ങൾ കള്ളപ്പെടുത്തി" എന്ന വാക്യാംശത്തെ പരിശോധിക്കുക; നൂറു നൂറു പുറങ്ങളുള്ള നൂററിക്കണക്കിന്നു പുസ്തകങ്ങളിൽ കുറിച്ചെടുത്താൽ തീരാത്ത യിസ്രായിൽക്കാരുടെ മാലിന്യജീവിതത്തിൻെറ ചരിത്രസംക്ഷേപമാണിതു; പക്ഷെ വർത്തമാനകാലത്തിലെ ഗതിവിഗതികളിന്മേൽ വെളിച്ചം വീശുന്നതിന്നാണ് ഖുർആൻ ഭൂതകാലത്തെ ചിന്താവിഷയമാക്കുന്നതെന്നു വ്യക്തമാണ്; അഹങ്കാരത്തിൻെറ പ്രകടനപദ്ധതിക്കുള്ള മററൊരു വശത്തെ രേഖപ്പെടുത്തുന്ന

തിന്നായി, തികഞ്ഞ വർത്തമാനകാലത്തെയാണ് ഖുർആൻ ഇവിടെ പ്രതിപാദനത്തിന്നു സ്വീകരിച്ചിട്ടുള്ളതു; മറെറാരു വിഭാഗത്തെ നിങ്ങൾ കൊല്ലുകയും ചെയ്യുന്നു എന്ന പ്രയോഗത്തെ ശ്രദ്ധിക്കുക; യിസ്രായേൽക്കാരുടെയും ഖുർആനിൻെറ പ്രഖ്യാപകനായ നബി (സ)യുടേയും മദ്ധ്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവപരമ്പരകളുടെ കാലത്താണ് ഇവിടെ അനുവാചകൻ എത്തിയിരിക്കുന്നതു. ഇനി അതു എന്തെല്ലാമാണെന്നു നോക്കുക; ഖുർആനിൻെറ പ്രഖ്യാപകനായ മുഹമ്മദുനബി (സ)യുടെ നേരെ യിസ്രായേല്യർ കൈകൊണ്ട നീചമായ നിലയെപ്പററി പ്രതിപാദിക്കുവാൻ തുടങ്ങിയപ്പോൾ യിസ്രായേല്യരോട് നേരിട്ടുകൊണ്ട് സംസാരിച്ചിരുന്ന രീതി രേഖ 88ൽ ഖുർആൻ മാററിയിരിക്കുന്നതു ശ്രദ്ധാർഹമാണ്. യിസ്രായേല്യർ ഖുർആനിനെ നേരിടുവാൻ ധൈര്യപ്പെടുകയുണ്ടായില്ലെന്നുള്ള വസ്തുതയാണ് അതുകൊണ്ട് ഇവിടെ സൂചിപ്പിക്കപ്പെടുന്നതു; അങ്ങിനെ എവിടെയോ ഒളിച്ചു നില്ക്കുന്ന ആളുകളെപ്പററി പറയുന്ന രൂപത്തിൽ ഖുർആൻ അവരുടെ അഹങ്കാരത്തിൻെറ ഏററവും കടുവിൽ കാണപ്പെട്ട പ്രകടന രീതിയെപ്പററി വിസ്തരിക്കുന്നു; അവരുടെ നാവിൽകൂടിയാണ് അവരുടെ അഹങ്കാരത്തിൻെറ പ്രകടന രൂപത്തെയും ഖുർആൻ വെളിപ്പെടുത്തിയിരിക്കുന്നതു; "അവർ പറയുകയും ചെയ്തു" എന്ന പ്രയോഗത്താൽ ഈ സംഗതി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. എന്താണ് അവർ പറഞ്ഞതെന്നു ശ്രദ്ധിക്കുക; മനുഷ്യൻെറ സത്യാസത്യബോധത്തിന്നു നിദാനമായി നില്ക്കുന്ന രണ്ടു പ്രാഥമികവസ്തുക്കളാണ് ഹൃദയവും ബുദ്ധിയും; രണ്ടിനേയും കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയാൽ മാത്രമേ യഥാർത്ഥമായ ജ്ഞാനഗുണത്തെ മനുഷ്യന്നു സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. ബുദ്ധിശൂന്യമായ ഹൃദയവും, ഹൃദയശൂന്യമായ ബുദ്ധിയും മനുഷ്യനെ കർത്തവ്യബോധത്തിലേക്ക് കൊണ്ടെത്തിക്കുകയുമില്ല; ബുദ്ധിയെ തുറക്കാത്തവന്നു ഗ്രഹിക്കുവാൻ സാധിക്കുകയില്ല; ഹൃദയത്തെ തുറക്കാത്തവന്നു വിശ്വസിക്കാനും കഴിയുകയില്ല; യിസ്രായേല്യർ ഖുർആനിൻെറ പ്രബോധനങ്ങൾക്കെതിരായി പറയുന്നതു തങ്ങളുടെ ഹൃദയങ്ങൾ പൊതികളാണെന്നാണ്; പുറത്തുനിന്നു യാതൊന്നും അകത്തേക്ക് കടക്കാത്ത നിലയിൽ കെട്ടിമൂടപ്പെട്ടവയാണ് അവയെന്നു അവർ പറയുന്നു; ഗുല്ഫുൻ എന്ന പദത്തെയാണ് ഇവിടെ "പൊതിയപ്പെട്ടവ" എന്നു പരിഭാഷ ചെയ്തിരിക്കുന്നതു. ഈ വാക്ക് ഒരു ബഹുവചന ശബ്ദമാണ്; ഇതിൻെറ ഏകവചനവായ മൂലശബ്ദം "അഗ്ലഫ്" എന്ന പദമാണെന്നും "ഗിലാഫുൻ" എന്നാണെന്നും മഹാപണ്ഡിതന്മാരായ ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നു; (തബരി). ഇമാം ഹുദൈഫ:(റ) പറയുന്നു:- ഹൃദയങ്ങൾ നാലുവിധമാണ്; അവയിൽ ഒന്നാണ് "ഖൽബുൻ അഗ്ലഫു" എന്നതു; അതു ചുരുട്ടിമടക്കപ്പെട്ട സാങ്കചിതമായ ഹൃദയമാണ്; അതാണ് ധിക്കാരിയുടെ ഹൃദയം; അഗ്ലഫ് എന്നതിന്നു മൂടികൾക്കുള്ളിൽ മറഞ്ഞുകിടക്കുന്നതു; തിരശ്ശീലകൾക്കുള്ളിൽ വർത്തിക്കുന്നതു; മുകളിൽ മുദ്രവെക്കപ്പെട്ടതു; എന്നീ അർത്ഥങ്ങൾ ഇമാം ഇബ്നു അബ്ബാസ് (റ) പറഞ്ഞിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇമാം മുജാഹിദ് ഈ വാക്കിന്നു് "മുകളിൽ ഇരുണ്ട തിരശ്ശീല വീണുകിടക്കുന്നതു" എന്ന അർത്ഥമാണ് കൊടുത്തിട്ടുള്ളതു; പൊതികൾക്കുള്ളിൽ പെട്ടു കിടക്കുന്നതു എന്നും, ജ്ഞാനത്തെ ഗ്രഹിക്കുവാനാകാത്തതു എന്ന മറെറാരു അർത്ഥവും കൂടി ഈ വാക്കിന്നു വ്യാഖ്യാനമായി നല്കപ്പെട്ടു കാണുന്നു; (തബരി). അവ സത്യബോധത്തിന്ന് പ്രവേശനം കൊടുക്കാത്ത നിലയിൽ പൊതിയപ്പെട്ടതാണ് എന്ന ആശയത്തിൻെറ പലവിധമായ വിശദീകരണങ്ങളാണിവ.

മറെറാരു അഭിപ്രായമുള്ളതു ഈ വാക്ക് "ഗിലാഫുൻ" എന്ന ശബ്ദത്തിൻെറ ബഹുവചനമാണെന്നതാണല്ലോ? ഗിലാഫുൻ എന്ന വാക്കിന്നു് പൊതി, ലക്കോട്ട് എന്ന അർത്ഥമാണുള്ളതു. യിസ്രായേല്യർ പറഞ്ഞതു അവരുടെ ഹൃദയങ്ങൾ ജ്ഞാനത്തിൻെറ ഭാണ്ഡങ്ങളാണ് അവയിൽനിന്ന് അറിവ് പുറത്തേക്ക് വരികയെന്നതല്ലാതെ അവക്കുള്ളിലേക്ക് ഇനി ഒന്നും കടക്കുകയില്ല എന്ന അഹങ്കാരപ്രസ്താവനയാണ്; ദൈവസ്മരണയുടെ പാത്രങ്ങൾ, ജ്ഞാനത്തിൻെറ ഭാജനങ്ങൾ എന്നീ വ്യാഖ്യാനങ്ങളാണ് രണ്ടാമത്തെ നിഗമനത്തിന്നു യോജിച്ചുകൊണ്ടു, ഈ വാക്കിന്നു കൊടുക്കപ്പെട്ടിരിക്കുന്നതു; മുഹമ്മദുനബി (സ)യുടെ വരവിന്നു മുമ്പിനാലെത്തന്നെ സമ്പാദിച്ച വിജ്ഞാനങ്ങളാൽ നിറക്കപ്പെട്ടതാണ് തങ്ങളുടെ ഹൃദയങ്ങൾ; അവക്ക് ഇനി മുഹമ്മദുനബി (സ) യുടേയോ മററു വല്ലവരുടേയോ ആവശ്യവുമില്ല എന്ന പ്രസ്താവനയാണ് യിസ്രായേല്യർ ചെയ്തിട്ടുള്ളതു; (തബരി). അവരുടെ അഹംകാരത്തിൻെറ "നെല്ലിപ്പടിയാണ്" ഖുർആൻ ഇവിടെ എടുത്തുകാട്ടുന്നതു; എൻെറ രക്ഷിതാവേ, നീ എനിക്ക് ജ്ഞാനത്തെ വർദ്ധിപ്പിച്ചു തരേണമേ എന്നു പ്രാർത്ഥിക്കുവാൻ അവസാനത്തെ പ്രവാചകനോടുതന്നെ

ശാസിക്കുന്ന ഖുർആനിക ജ്ഞാനസമ്പാദന സിദ്ധാന്തത്തെ, അല്പജ്ഞന്മാരായ അഹങ്കാരികൾക്ക് അഭിമുഖീകരിക്കുവാൻ ആവുകയില്ലെന്നതു വ്യക്തമാണ്; ഏതു അർത്ഥത്തിലായാലും അന്ത്യപ്രവാചകന്റെ ആഹ്വാനത്തെ യിസ്രായേല്യർ അനുസരിക്കുവാനോ അഭിമുഖീകരിക്കുവാനോ ഒരുക്കമില്ലാത്ത നിലയിലാണ് അവരുടെ അഹങ്കാരത്തെ അവർ പ്രകടിപ്പിച്ചതു്.

യിസ്രായേല്യരുടെ ഹൃദയങ്ങൾ ഖുർആനിന്റെ സത്യസന്ദേശങ്ങൾക്കു പഴുതു കൊടുക്കാത്ത വിധത്തിൽ കെട്ടിമൂടപ്പെട്ടതാണെന്നുള്ള അവരുടെ പ്രസ്താവനയെ ഖുർആൻ അപ്പടി നിഷേധിക്കുന്നില്ല; എന്നാൽ അതിനോടുകൂടെത്തന്നെ അവർക്കു അവകാശമായിത്തീർന്നിരിക്കുന്ന ദൈവീകമായൊരു പ്രത്യാഘാതത്തെയും അതിനുള്ള യഥാർത്ഥമായ കാരണത്തേയും ഖുർആൻ വെളിപ്പെടുത്തുന്നു. യിസ്രായേല്യർക്കു സത്യത്തെ സ്വീകരിക്കുവാനായി നല്കപ്പെട്ട സന്ദർഭങ്ങൾ അവരുടെ ധിക്കാരത്താൽ സത്യത്തിൽനിന്നു ദൂരപ്പെടുവാനുള്ളവയായി മാറിയിരിക്കുന്നു. സകല മാററങ്ങളുടേയും കർത്താവു്, സകലത്തിന്റേയും സ്രഷ്ടാവായ സാക്ഷാൽ ദൈവമാണ്. ദൈവത്തിൽനിന്നു ലഭിക്കുന്ന ഗുണകരമായ സന്ദർഭങ്ങളെ ദുരുപയോഗിക്കുന്നതു ദൈവത്തോടു ചെയ്യുന്ന ധിക്കാരമാണ്; ധിക്കരിക്കുവാനും സ്വീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം മനുഷ്യനു നല്കപ്പെട്ടിട്ടുണ്ടു്. പക്ഷെ, ധിക്കരിക്കുകയെന്ന പ്രവൃത്തി ചെയ്തുകഴിഞ്ഞാൽ നന്മക്കായി വന്ന സന്ദർഭങ്ങൾ തന്നെ തിന്മക്കു സംഗതിയായിത്തീരുന്നു; ധിക്കരിക്കുകയും അതേ സമയത്തു ധിക്കാരത്തിന്റെ പ്രത്യാഘാതങ്ങൾ വരുത്താതെ കഴിക്കുകയും ചെയ്കയെന്നതു മനുഷ്യനു സാദ്ധ്യമല്ല; സ്രഷ്ടാവായ ദൈവത്തിന്റെ സർവ്വസ്വാതന്ത്ര്യമായ ഹിതത്തിനു മാത്രം വിധേയമായൊരു കാര്യമാണതു; യിസ്രായേല്യരുടെ ധിക്കാരത്തിന്റെ പ്രത്യാഘാതങ്ങളെ, യിസ്രായേല്യരിൽത്തന്നെ സാക്ഷാൽ സത്യമായ രക്ഷിതാവു് പ്രവൃത്തിപ്പിച്ചിരിക്കുന്നുവെന്ന സംഗതിയാണ് യിസ്രായേല്യരുടെ ഹൃദയശൂന്യതയ്ക്കുള്ള യഥാർത്ഥ വിശദീകരണമായി ഖുർആൻ പ്രഖ്യാപിക്കുന്നതു്. മേല്പറഞ്ഞ സംഗതികൾ മനസ്സിലാക്കിയാൽ അല്ലാഹു അവരെ ശപിച്ചിരിക്കുന്നു എന്ന വാക്യാംശത്തിന്റെ തത്വരഹസ്യങ്ങൾ ഗ്രഹിക്കാവുന്നതാണ്.

“കുഫ്റൻ=ധിക്കരിക്കുക” എന്ന പദത്തിനു അതിവിപുലമായ അർത്ഥാന്തരങ്ങൾ ഉണ്ടു്; സാക്ഷാൽ സത്യമായ ദൈവത്തിന്റെ മഹിമയെ നിഷേധിക്കുക; ദൈവദത്തങ്ങളായ ജീവിതസന്ദർഭങ്ങളെ ശരിയായി വിനിയോഗിക്കാതിരിക്കുക; മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുക; നന്ദിയില്ലായ്മ കാണിക്കുക; വിശ്വാസത്തെ വിസമ്മതിക്കുക; ദൈവീകമായ നിവേദനങ്ങളെ നിരാകരിക്കുക; ദൈവീകമായ യാഥാർത്ഥ്യങ്ങൾക്കു യോജിക്കാത്ത സങ്കല്പങ്ങളെ വെച്ചുപുലർത്തുക; വിനയമില്ലാത്ത വിധത്തിൽ പെരുമാറുക; സത്യത്തിനു സമർപ്പിച്ചു ജീവിക്കുന്നതിനു വിരുദ്ധമായി പ്രവർത്തിക്കുക; മുതലായ സാരാംശങ്ങൾ മേല്പറഞ്ഞ പദത്തിനുമുണ്ടു്. ധിക്കരിക്കുക എന്ന പദത്തിന്റെ വിപുലമായ അർത്ഥത്തിൽ ഇവയെല്ലാം ഉള്ളതായി വിവക്ഷിക്കപ്പെട്ടിരിക്കുന്നു.

“ലഅ്നത്=ശപിക്കൽ” എന്ന പദത്തിനു, ദോഷത്തിന്നായി പ്രാർത്ഥിക്കുക; ദോഷത്തെക്കൊണ്ടു കല്പിക്കുക എന്നിങ്ങനെ അർത്ഥങ്ങളുള്ളതുപോലെത്തന്നെ, ഗുണത്തിൽനിന്നു ദൂരപ്പെടുത്തുക, ഗുണവുമായി ബന്ധപ്പെടുത്താതെ നിറുത്തുക എന്നീ അർത്ഥങ്ങൾകൂടിയുണ്ടു്; (ലിസാനുൽ അറബ്). വളരെ ആലോചിച്ച സന്ദർഭോചിതമായി മനസ്സിലാക്കേണ്ടതായ ഒരു ആശയമാണിതു്. ജ്ഞാനശേഖരണത്തിനുള്ള സന്ദർഭങ്ങൾ വന്നാൽകൂടി തന്റെ കൈവശമുള്ളതിൽ കൂടുതലായി യാതൊന്നും സ്വീകരിക്കുവാനോ യാതൊന്നിനെക്കുറിച്ചും ചിന്തിക്കുവാനോ മനസ്സില്ലായ്മ കാണിക്കുന്ന വ്യക്തി, സത്യമായ ജ്ഞാനമാർഗ്ഗത്തിൽനിന്നു തുരത്തപ്പെട്ടവനായി ഭവിക്കുന്നു; സാക്ഷാൽ സത്യമായ ദൈവമാണ് സർവ്വജ്ഞനെന്നു ഗ്രഹിച്ചിട്ടുള്ള മനുഷ്യഹൃദയത്തിനു ജ്ഞാനമാർഗ്ഗങ്ങളുടെ മുമ്പിൽ വിമുഖമായി വർത്തിക്കുവാൻ സാദ്ധ്യമല്ല; ജ്ഞാനസംതൃപ്തി നടിക്കുകയെന്നതു ഹൃദയശൂന്യരായ പുരോഹിതവർഗ്ഗത്തിന്നല്ലാതെ സാദ്ധ്യമല്ല; പുരോഹിത വർഗ്ഗത്തിന്റെ പിടിയിൽ പെട്ടുകിടക്കുന്ന ജനങ്ങളുടെ സ്ഥിതിയും മേല്പറഞ്ഞതുതന്നെ; വേദഗ്രന്ഥങ്ങൾകൊണ്ടു കൈകാര്യങ്ങൾ ചെയ്യുന്ന ജനവിഭാഗങ്ങളിൽ പരിവർത്തനങ്ങൾ കാണാതിരിക്കുന്നതിന്റെ പ്രധാന സംഗതി ഇതുതന്നെയാണ്. ഇമാം ഖതാദ(റ) ഈ രേഖയുടെ വ്യാഖ്യാനത്തിൽ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു:- “എന്റെ ആയുസ്സാണെ സത്യമാണ്; ബഹുദൈവാരാധനക്കാരിൽനിന്നു സത്യമാർഗ്ഗത്തിലേക്ക് മടങ്ങിയവരുടെ സംഖ്യ വേദഗ്രന്ഥക്കാരിൽനിന്നു മടങ്ങിയിട്ടുള്ളവരേക്കാൾ വളരെ ഏറെ അധികമാണ്; വേദഗ്രന്ഥക്കാരിൽനിന്നു വളരെ ചെറുതായൊരു കൂട്ടർ മാത്രമേ സത്യമായ മാർഗ്ഗത്തിൽ വിശ്വസിച്ചിട്ടുള്ളൂ”. തങ്ങളുടെ പക്കലുള്ള മതത്തിൽതന്നെ തികഞ്ഞ വിശ്വാസമില്ലാത്തവരാണ് യിസ്രായേല്യർ എന്നു

89. (തന്നെയല്ല) അവരുടെ പക്കൽ വന്നപ്പോൾ,
ഒരു ഗ്രന്ഥം, അല്ലാഹുവിൻെറ പക്കൽനിന്നു് —
അവരുടെ കൂടെയുള്ളതിനെ
സത്യബോധപ്പെടുത്തുന്നതു —
അവരാണെങ്കിൽ മുൻപിനാലെ
വിജയാർത്ഥന ചെയ്തുകൊണ്ടുമിരുന്നു,
ധിക്കരിച്ചിട്ടുള്ളവർക്കെതിരായിട്ടു്;
അങ്ങിനെ അവരുടെ പക്കൽ വന്നപ്പോൾ
അവർ തിരിച്ചറിഞ്ഞിട്ടുള്ള യാതൊന്നു (ഖുർആൻ);
അവരതിനെ ധിക്കരിച്ചുകളഞ്ഞു.
അതിനാൽ അല്ലാഹുവിൻെറ ശാപമെന്നതു
ധിക്കാരികളുടെ മേലുണ്ടു്.[118]

٨٩- وَلَمَّا جَآءَهُمْ كِتَٰبٌ مِّنْ عِندِ ٱللَّهِ
مُصَدِّقٌ لِّمَا مَعَهُمْ
وَكَانُوا۟ مِن قَبْلُ يَسْتَفْتِحُونَ
عَلَى ٱلَّذِينَ كَفَرُوا۟ فَلَمَّا جَآءَهُم
مَّا عَرَفُوا۟ كَفَرُوا۟ بِهِۦ
فَلَعْنَةُ ٱللَّهِ عَلَى ٱلْكَٰفِرِينَ ۝

ഗദ്യഭാഷ

89. അല്ലാഹുവിൻെറ പക്കൽ നിന്നുള്ള ഒരു ഗ്രന്ഥം—(അതു)തങ്ങളുടെ കൂടെയുള്ളതിനെ സത്യബോധപ്പെടുത്തുന്നതാണു്—അവരുടെ അരികിൽ വന്നപ്പോൾ,—അവരാണെങ്കിൽ ധിക്കരിച്ചവർക്കെതിരായി മുമ്പിനാലെ വിജയത്തിന്നപേക്ഷിക്കുന്നുമുണ്ടായിരുന്നു; അങ്ങിനെ അവർ തിരിച്ചറിഞ്ഞിട്ടുള്ളതു അവർക്കരികിൽ വന്നപ്പോൾ—അവർ അതിനെ ധിക്കരിച്ചു. അപ്പോൾ അല്ലാഹുവിൻെറ ശാപമെന്നതു ധിക്കാരികളുടെ മേലാണുള്ളതു്.

കൂടി മേല്പറഞ്ഞ വാക്യാംശത്തെ വ്യാഖ്യാനിച്ചിട്ടുണ്ടു്; (തബരി). യഥാർത്ഥവും വിശ്വാസയോഗ്യവുമായ കാര്യങ്ങളെ ധിക്കരിച്ചുകൊണ്ടു് തങ്ങളുടെ വർഗ്ഗപരമായ മിഥ്യാവലംബങ്ങളിൽ വിശ്വസിക്കയാണു് യിസ്രായേല്യർ ചെയ്തിട്ടുള്ളതു. ഈ രേഖയുടെ ആശയമൂല്യമിതാണു്.

118. യിസ്രായേല്യരുടെ "ജ്ഞാനപര്യാപ്തിവാദ"ത്തിൻെറ ദൈവീകമായ വിശദീകരണമാണു് രേഖ 88ൽ ഖുർആൻ വെളിപ്പെടുത്തിയതു; അതിനെത്തുടർന്നു രേഖ 89ൽ, അവരുടെ മേല്പറഞ്ഞ വാദത്തെ ഖുർആനിൻെറ പ്രഖ്യാപകനായ മുഹമ്മദ്നബി (സ)യുടെ നേരെ പ്രകടിപ്പിക്കുന്നവർക്കുണ്ടായ സംഭവ കാരണങ്ങളെ പ്രത്യേകമായി ഖുർആൻ വ്യക്തമാക്കുന്നു. യിസ്രായേല്യർ തങ്ങളുടെ സ്വന്തമാക്കി വെച്ചിരിക്കുന്ന ദൈവീകമായ ഗ്രന്ഥത്തിൽ തൗറാത്തിൽ വിശ്വസിച്ചിട്ടുള്ളവരാണു്; അതിനാൽ ദൈവീകമായൊരു നിവേദന ഗ്രന്ഥത്തെ കണ്ടറിയുവാൻ യിസ്രായീൽക്കാർക്കു് താരതമ്യേന കൂടുതൽ സൗകര്യമാണു്; തന്നെയല്ല ദൈവീകമായ നിവേദനങ്ങളെ ധിക്കരിച്ചിട്ടുള്ളവർക്കെതിരായി യിസ്രായേല്യർ വിജയത്തിന്നായി പ്രാർത്ഥിച്ചുകൊണ്ടുമിരുന്നു; ഖുർആൻ തങ്ങളുടെ പക്കൽ വരുന്നതിനു വളരെ മുമ്പിനാലെത്തന്നെയവർ ചെയ്തുകൊണ്ടിരുന്ന പ്രാർത്ഥനയാണതു; അന്നു അവർ ധിക്കാരികളായിരുന്നില്ലെന്നു മാത്രമല്ല ധിക്കാരികളുടെ വിരോധികളും കൂടിയായിരുന്നു; അവരുടെ അപേക്ഷകളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒന്നു അവർക്കു ധിക്കാരികളെ പരാജയപ്പെടുത്തുവാൻ സാധിക്കണമെന്നതായിരുന്നു; ആകയാൽ അങ്ങിനെയുള്ള അപേക്ഷകർക്കു പിറകെ ഒരു ദൈവീകമായ നിവേദന സംഹിത അവർക്കരികിൽ വന്നപ്പോൾ അവർക്കു് അതിനെ കണ്ടറിയുകയെന്നതും എളുപ്പമായിരുന്നു; ആ നിവേദനങ്ങളാവട്ടെ ദൈവത്തിൻെറ പക്കൽനിന്നു വന്നതാണെന്ന വസ്തുത വളരെ വ്യക്തവുമായിരുന്നു; അതു അവരുടെ പക്കലുള്ള ഗ്രന്ഥത്തിൻെറ സത്യാവസ്ഥക്കു് വിരുദ്ധവുമായിരുന്നില്ല; തന്നെയല്ല യിസ്രായേല്യരുടെ കൂടെയുള്ള യാഥാർത്ഥ്യങ്ങളെ സത്യമായിട്ടുള്ളതാണെന്നു് സമർത്ഥിക്കുന്നതുമായിരുന്നു അതു. അതിനാൽ വിശേഷവിധിയായിട്ടു് യിസ്രായേല്യർ മേല്പറഞ്ഞ ഗ്രന്ഥനിവേദനങ്ങളെ തങ്ങളുടെ പക്കലുള്ളതിനോടുകൂടെ കൈക്കൊള്ളേണ്ടതായിരുന്നു; അവർ അതിനെ ദൈവീകമാണെന്നു തിരിച്ചറിയാതെയുമിരുന്നില്ല; എന്നാൽ അവരിൽനിന്നു ഉണ്ടാകേണ്ടതു ഒന്നു്, ഉണ്ടായതു അതിന്നു നേരെ വിപരീതമായ മറ്റൊന്നു്; ദൈവീകമാണെന്നു യിസ്രായേല്യർക്കു് ശരിക്കു് തിരിച്ചറിയുവാൻ കഴിഞ്ഞിട്ടുള്ളതായ ഖുർആൻ അവരുടെ അരികിൽ വന്നപ്പോൾ യിസ്രായേല്യർ അതിനെ ധിക്കരിച്ചുകളഞ്ഞു; അനുഗൃഹീതങ്ങളായ അവസരങ്ങളിൽനിന്നുള്ള അവരുടെ അകൽച്ച അങ്ങിനെ അവിടെ

നിന്നു ആരംഭിച്ചതാണു്; അതിനെ സ്വീകരിക്കുവാൻ അവസരമുണ്ടായിട്ടു് ഖുർആനിനെ ധിക്കരിക്കുവാൻ ഇടയായിട്ടുള്ള ആളുകൾക്കെല്ലാംതന്നെ അങ്ങിനെയുള്ള അകൽച്ച നിയമമാണു്; അനുഗ്രഹീതങ്ങളായ ആ സന്ദർഭങ്ങളുടെ അടുപ്പവും അവയുടെ അകൽച്ചയും എല്ലാംതന്നെ അല്ലാഹുവിൻെറ ആജ്ഞകൊണ്ടു മാത്രം ഉണ്ടാകുന്നവയാണു്. രേഖ 88ലെ "എന്നാൽ അല്ലാഹു അവരെ ശപിച്ചിരിക്കുന്നു" എന്ന വാക്യാംശത്തിൻെറ സംഭവമൂലമായ വിശദീകരണമാണു് ഈ രേഖ ഉൾക്കൊള്ളുന്നതു്. ഏതെങ്കിലും സത്യത്തെ, അറിഞ്ഞിട്ടു അവഗണിക്കുന്ന എല്ലാ വ്യക്തികൾക്കും ബാധകമായ വിധത്തിൽ വളരെ വ്യാപകമായ നിലയിലാണു് ഈ വസ്തുതയെ കൂടി ഖുർആൻ വിസ്തരിക്കുന്നതു്. ധിക്കാരികളെ നേരിടുന്ന വിഷയത്തിൽ, തൗറാത്തിൻെറ പ്രവാചകനേക്കാൾ ശേഷിയുള്ളൊരു പ്രവാചകൻെറ വരവിനെക്കുറിച്ചു യിസ്രായേല്യർക്കു മുന്നറിവുകൾ ലഭിച്ചിരുന്നു. മേല്പറഞ്ഞ പ്രവാചകൻ വന്നെത്തിയാൽ, സത്യത്തിന്നു സമർപ്പിച്ചു ജീവിക്കുന്നതിനെ തടസ്ഥപ്പെടുത്തുന്ന ധിക്കാരികളായ വിരോധികളുടെ മേൽ യിസ്രായേല്യർക്കു വിജയസിദ്ധിയുണ്ടാകുമെന്നു യിസ്രായേല്യർ പ്രത്യാശിച്ചിരുന്നു; യിസ്രായേല്യരുടെ പഴയ നിയമത്തിൽനിന്നു ചില വരികൾ പരിശോധിക്കുക: "നീ നീക്കിക്കളവാനിരിക്കുന്ന ജാതികൾ മുഹൂർത്തക്കാരുടെയും പ്രശ്നക്കാരുടെയും വാക്കു കേട്ടു നടന്നു; നീയോ അങ്ങിനെ ചെയ്വാൻ നിൻെറ ദൈവമായ യഹോവ അനുവദിച്ചിട്ടില്ല; നിൻെറ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിൻെറ മദ്ധ്യേ നിൻെറ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചുതരും. അവൻെറ വചനം നിങ്ങൾ കേൾക്കേണം. ഞാൻ മരിക്കാതിരിക്കേണ്ടതിന്നു ഇനി എൻെറ ദൈവമായ യഹോവയുടെ ശബ്ദം കേൾപ്പാനും ഈ മഹത്തായ തീ കാണ്മാനും എനിക്കു ഇടവരുതേ എന്നിങ്ങിനെ ഹോരേബിൽ വെച്ചു മഹായോഗം കൂടിയ നാളിൽ നിൻെറ ദൈവമായ യഹോവയോടു നീ അപേക്ഷിച്ചതുപോലെ തന്നെ. അന്നു യഹോവ എന്നോടു അരുളിച്ചെയ്തതു എന്തെന്നാൽ: അവർ പറഞ്ഞതു ശരി. നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എൻെറ വചനങ്ങളെ അവൻെറ നാവിന്മേൽ ആക്കും; ഞാൻ അവനോടു് കല്പിക്കുന്നതൊക്കെയും അവൻ അവരോടു് പറയും; അവൻ എൻെറ നാമത്തിൽ പറയുന്ന എൻെറ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു് ഞാൻ ചോദിക്കും." (ആവർത്തനം 18ൽ 14മുതൽ 19വരെ). നിൻെറ ദൈവമായ യഹോവയുടെ വാക്കു് നീ ശ്രദ്ധയോടെ കേട്ടു. ഞാൻ ഇന്നു നിന്നോടു് ആജ്ഞാപിക്കുന്ന അവൻെറ സകല കല്പനകളും പ്രമാണിച്ചു് നടന്നാൽ നിൻെറ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സർവ്വ ജാതികൾക്കും മീതെ ഉന്നതമാക്കും. നിൻെറ ദൈവമായ യഹോവയുടെ വാക്കു കേട്ടനുസരിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിനക്കു സിദ്ധിക്കും:- പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും; വയലിൽ നീ അനുഗ്രഹിക്കപ്പെടും; നിൻെറ ഗർഭഫലവും കൃഷിഫലവും മൃഗങ്ങളുടെ ഫലവും നിൻെറ കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും അനുഗ്രഹിക്കപ്പെടും; നിൻെറ കൊട്ടയും മാവു് കുഴെക്കുന്ന തൊട്ടിയും അനുഗ്രഹിക്കപ്പെടും. അകത്തു വരുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. പുറത്തു പോകുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. നിന്നോടു എതിർക്കുന്ന ശത്രുക്കളെ യഹോവ നിൻെറ മുമ്പിൽ തോല്ക്കുമാറാക്കും; (ആവർത്തനം 28ൽ 7വരെ). തങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ട ആ പ്രവാചകനെ കേട്ടനുസരിക്കുവാൻ യിസ്രായേല്യർ ശാസിക്കപ്പെട്ടിരുന്നു; അങ്ങിനെ ചെയ്യുന്നതിന്നുള്ള സന്ദർഭമുണ്ടാകുന്നതിന്നായി അവർ പ്രാർത്ഥിച്ചുകൊണ്ടുമിരുന്നു: അങ്ങിനെ യിസ്രായേല്യർ പ്രതീക്ഷിച്ചുകൊണ്ടിരുന്നതും അവരോടു വാഗ്ദാനം ചെയ്യപ്പെട്ടതുമായ "ആ പ്രവാചകൻ" ക്രിസ്തുവല്ലെന്നു യഹൂദന്മാർ തന്നെ മനസ്സിലാക്കിയിട്ടുള്ളതാണു്. സുവിശേഷങ്ങളിൽനിന്നു മേല്പറഞ്ഞ വസ്തുത തെളിയുന്നുണ്ടു്: "നീ ആർ എന്നു യോഹന്നാനോടു ചോദിക്കേണ്ടതിന്നു യഹൂദന്മാർ യെരുശലേമിൽനിന്നു പുരോഹിതന്മാരേയും ലേവ്യരേയും അവൻെറ അടുക്കൽ അയച്ചപ്പോൾ അവൻെറ സാക്ഷ്യം എന്തെന്നാൽ: അവൻ മറുക്കാതെ ഏററു പറഞ്ഞു; ഞാൻ ക്രിസ്തു അല്ല എന്നു ഏററു പറഞ്ഞു. പിന്നെ എന്തു? നീ ഏലിയാവോ എന്നു അവനോടു ചോദിച്ചതിന്നു: അല്ല എന്നു പറഞ്ഞു; നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല എന്നു അവൻ ഉത്തരം പറഞ്ഞു. അവർ അവനോടു: നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോടു ഉത്തരം പറയേണ്ടതിന്നു നീ നിന്നെക്കുറിച്ചുതന്നെ എന്തു പറയുന്നു എന്നു ചോദിച്ചു. അതിന്നു അവൻ; യെശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ: കർത്താവിൻെറ വഴി നേരെ ആക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദം ഞാൻ ആകുന്നു എന്നു പറഞ്ഞു; അ

90. യാതൊന്നാണ് ദുഷിച്ചത്,
അതിന്നു പകരമായിട്ടവർ വിററിരിക്കുന്നു;
അവരുടെ ആത്മാക്കളെ.
അവർ ധിക്കരിക്കുകയെന്നതുതന്നെ,
അല്ലാഹു അവതരിപ്പിച്ചതിനെ;
അല്ലാഹു ഇറക്കുന്നതിൽ പകവെച്ചുകൊണ്ട്,
അവൻെറ ഔദാര്യത്തിൽനിന്നു (ചിലതിനെ)
അവൻ ഇച്ഛിക്കുന്ന ആക്കെങ്കിലുംതന്നെ,
അവൻെറ അടിമകളിൽനിന്നു.
അങ്ങിനെ അവർ അവകാശപ്പെട്ടു;
കോപത്തിനു മീതെ, കോപത്തെ.
ധിക്കാരികൾക്കുള്ളതാണ്താനും,
എളിമപ്പെടുത്തുന്നതായ ശിക്ഷ.[119]

٩٠ بِئْسَمَا اشْتَرَوْا بِهٖٓ اَنْفُسَهُمْ
اَنْ يَّكْفُرُوْا بِمَآ اَنْزَلَ اللّٰهُ بَغْيًا
اَنْ يُّنَزِّلَ اللّٰهُ مِنْ فَضْلِهٖ عَلٰى مَنْ يَّشَآءُ
مِنْ عِبَادِهٖ ۚ
فَبَآءُوْ بِغَضَبٍ عَلٰى غَضَبٍ ۗ
وَلِلْكٰفِرِيْنَ عَذَابٌ مُّهِيْنٌ ○

ഗദ്യഭാഷ

90. അവർ തങ്ങളുടെ ആത്മാക്കളെ വിററു പകരം വാങ്ങിയതാണ് വളരെ നികൃഷ്ടമായതു; അല്ലാഹു അവൻെറ അടിമകളിൽനിന്നു അവൻ ഇച്ഛിക്കുന്നവർക്കു അവൻെറ സൌജന്യത്തെ, അവൻ ഇറക്കിക്കൊടുക്കുന്നതിൽ അസൂയവെച്ചുകൊണ്ടു, അല്ലാഹു ഇറക്കിയിട്ടുള്ളതിനെ ധിക്കരിക്കയെന്നതാണ് (വളരെ നികൃഷ്ടമായതു) അങ്ങിനെ അവർ കോപത്തിന്നു മീതെ കോപത്തിന്നു അവകാശപ്പെട്ടു. എളിമപ്പെടുത്തുന്നതായ ശിക്ഷ ധിക്കാരികൾക്കുള്ളതാണ്താനും.

യക്കപ്പെട്ടവർ പരീശന്മാരുടെ കൂട്ടത്തിൽ ഉള്ളവർ ആയിരുന്നു. എന്നാൽ നീ ക്രിസ്തുവല്ല, ഏലീയാവല്ല, ആ പ്രവാചകനുമല്ല എന്നു വരികിൽ നീ സ്നാനം കഴിപ്പിക്കുന്നതു എന്തു എന്നു അവർ ചോദിച്ചു. (യോഹന്നാൻ 1ൽ 19 മുതൽ 25വരെ). ഇതിൽനിന്നു, "ആ പ്രവാചകൻ" എന്നു അവർ പറയുന്നതു ക്രിസ്തുവല്ലാത്ത മറെറാരു മാർഗ്ഗദർശകനെ ഉദ്ദേശിച്ചാണെന്നുള്ളതു വ്യക്തമാണ്. ആവർത്തനം 18ൽ 15, 18 എന്നീ വചനങ്ങളിൽ പ്രതിപാദിക്കപ്പെട്ട പ്രവാചകനെയാണ് അവർ അതുകൊണ്ടു ഉദ്ദേശിക്കുന്നതു്. ക്രിസ്തു വന്നതിന്നു പിറകെയും മേല്പറഞ്ഞ പ്രവാചകനെ അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ആ പ്രവാചകൻ, അവരുടെ പക്കൽ, താൻവഴിയായി തൻെറ രക്ഷിതാവിനാൽ ലോകത്തിന്നു മാർഗ്ഗദർശനത്തിന്നായി നല്കപ്പെട്ട ഗ്രന്ഥത്തെ (ഖുർആനിനെ) കൊണ്ടുവന്നപ്പോൾ, ലോകാനുഗ്രഹമായി നിയോഗിക്കപ്പെട്ട ആ പ്രവാചകനെ അവർ ധിക്കരിച്ചുകളയുകയാണുണ്ടായതു്. മേല്പറഞ്ഞ വിധത്തിലുള്ള ധിക്കാരത്തിൻെറ പ്രത്യാഘാതമാണ് ദൈവീകമായ ശാപത്തിൻെറ രൂപത്തിൽ യിസ്രായേല്യരെ ബാധിച്ചിട്ടുള്ളതായി ഖുർആൻ മുമ്പു വെളിപ്പെടുത്തിയതു. യിസ്രായേല്യരുടെ സ്വന്തമാക്കി വെച്ചിട്ടുള്ള വേദപുസ്തകത്തിൽതന്നെയതു മുൻപിനാലെ വിവരിക്കപ്പെട്ടിട്ടുണ്ടു്. "എന്നാൽ നീ നിൻെറ ദൈവമായ യഹോവയുടെ വാക്കു കേട്ടു, ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന അവൻെറ കല്പനകളും ചട്ടങ്ങളും പ്രമാണിച്ചു നടക്കാഞ്ഞാൽ ഈ ശാപം ഒക്കെയും നിനക്കു വന്നു ഭവിക്കും. പട്ടണത്തിൽ നീ ശപിക്കപ്പെട്ടിരിക്കും; വയലിലും ശപിക്കപ്പെട്ടിരിക്കും; നിൻെറ കൊട്ടയും മാവു കുഴെക്കുന്ന തൊട്ടിയും ശപിക്കപ്പെട്ടിരിക്കും. നിൻെറ ഗർഭഫലവും കൃഷിഫലവും കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും ശപിക്കപ്പെട്ടിരിക്കും. അകത്തു വരുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും; പുറത്തു പോകുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും. എന്നെ ഉപേക്ഷിച്ചു ചെയ്ത ദുഷ്പ്രവൃത്തികൾ നിമിത്തം നീ വേഗത്തിൽ മുടിഞ്ഞുപോകുംവരെ, നിൻെറ കൈ തൊടുന്ന എല്ലാററിലും യഹോവ ശാപവും പരിഭവവും പ്രാക്കും അയക്കും. (ആവർത്തനം 28ൽ 15 മുതൽ 21വരെ). എന്നാൽ ഇത്രയും അധികരിച്ച ഉൽബോധനങ്ങളും മുന്നറിയിപ്പുകളും പ്രതീക്ഷകളും പ്രാർത്ഥനകളും ഉണ്ടായിട്ടു എന്തുകൊണ്ടു യിസ്രായേല്യർ "ആ പ്രവാചകനെ" ധിക്കരിച്ചുവെന്ന സംഗതി മനസ്സിലാക്കുവാൻ നമ്മെ രേഖ 89 സന്നദ്ധരാക്കിത്തീർക്കുന്നു. അവരുടെ ധിക്കാരത്തിന്നു ഒരു കാരണമേയുള്ളു; എന്നാൽ അതുകൊണ്ടു അവരുടെ ധിക്കാരത്തിൻെറ അനന്തരാവകാശമായിട്ടുള്ള ശാപത്തിൽനിന്നു അവർ ഒഴിവാക്കപ്പെടുന്നില്ല; കാരണങ്ങൾ ഉണ്ടായതുകൊണ്ടു്, കുററകരമായ പ്രവൃത്തികൾക്ക്, പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന കാര്യത്തിൽ ഒട്ടുമ്മാറെമെ വരുന്നില്ല. രേഖയുടെ പ

[119-ാമത്തെ കുറിപ്പ് അടുത്ത പേജിൽ]

ര്യവസാനത്തിൽ ശാപ വാക്യത്തെ കൂടുതൽ വിപുലമായ നിയമത്തിന്റെ നിലയിൽ പുനരാവത്തിച്ചിരിക്കുന്നതിൽനിന്നു വ്യക്തമായിത്തീരുന്ന സംഗതിയാണിതു്. നമുക്കു മേല്പറഞ്ഞ വിധത്തിലുള്ള ശാപങ്ങൾ ബാധിക്കുവാൻ സംഗതി വരാതിരിക്കട്ടെ.

119. യിസ്രായേല്യൎക്കു തങ്ങളുടെ രക്ഷിതാവിങ്കൽനിന്നു വേദ ശാസനകൾ ലഭിച്ചിരുന്നുവെങ്കിൽത്തന്നെ, കാലാന്തരങ്ങളിലുണ്ടാകുന്ന സ്ഥിതിഗതികളെ നേരിട്ടുകൊണ്ടു ജീവിക്കുവാൻ സഹായകമായിത്തീരുന്ന കൂടുതൽ മാൎഗ്ഗദശനങ്ങൾ യിസ്രായേല്യൎക്കു പ്രതിജ്ഞ ചെയ്യപ്പെട്ടിരുന്നു. ദൈവീകമായ മാൎഗ്ഗദശനങ്ങളെ സ്വീകരിക്കുന്നതിന്നു് യിസ്രായേല്യർ കടപ്പെട്ടവരാണെന്നതിനോടുകൂടെത്തന്നെ, തങ്ങൾക്കു പിന്നീടു നല്കപ്പെട്ട മാൎഗ്ഗദശനങ്ങൾ—മുഹമ്മദു്നബി (സ) കൊണ്ടുവന്നതായ നിവേദനങ്ങൾ—അവരുടെകൂടെ മുൻപിനാലെത്തന്നെ സൂക്ഷിക്കപ്പെട്ടിരിക്കുന്ന വേദശാസനകളെ സത്യബോധപ്പെടുത്തുന്നവ കൂടിയായിരുന്നു. തന്നെയുമല്ല, യിസ്രായേലിന്റെ പിൻമുറക്കാൎക്കു് മറെറാരു പ്രവാചകന്റെ മാൎഗ്ഗദശനങ്ങൾ ലഭിച്ചില്ലെങ്കിൽ തങ്ങളുടെ ധാൎമ്മിക ജീവിതത്തിൽ വിജയിക്കുവാൻ പ്രയാസമായിട്ടുള്ളൊരു കാലഘട്ടത്തിൽ യിസ്രായേല്യർ ചെന്നെത്തിയിരുന്നു; തങ്ങൾക്കു് മുമ്പിനാലെ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ വന്നെത്തുകയാണെങ്കിൽ യിസ്രായേല്യരായിട്ടുള്ളവൎക്കു് ധിക്കാരികളായ ജനങ്ങൾക്കെതിരിൽ വിജയ സാദ്ധ്യതയുള്ളതായി അവർ വിശ്വസിക്കയും അങ്ങിനെ ആ പ്രവാചകനെ ഉദ്ദേശിച്ചു അവർ വിജയാൎത്ഥന ചെയ്യുകയും ഉണ്ടായിരുന്നു; അതിനാൽ അന്ത്യപ്രവാചകന്റെ വരവു് അവർ ആഗ്രഹിച്ചിരുന്നതും അപേക്ഷിച്ചിരുന്നതുംകൂടി ആയിരുന്നുവെന്നു വ്യക്തമാക്കപ്പെട്ടു; രേഖ 89ൽ ഈ സംഗതികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു; എന്നാൽ അങ്ങിനെയുള്ള അടിസ്ഥാന പരമായ ആവശ്യങ്ങളും അപേക്ഷകളും അതിന്നു അനുസരിച്ചുള്ള അന്വേഷണങ്ങളും എല്ലാം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടു് അന്ത്യവാചകനെ അവർതന്നെ അവഗണിക്കുകയും അന്യായമായി ധിക്കരിക്കുകയും ചെയ്തുവെന്ന സംഗതിയെ രേഖ 90 കൊണ്ടു് ഖുർആൻ വെളിപ്പെടുത്തുന്നു.

തങ്ങൾ പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്തുകൊണ്ടിരുന്ന "ആ പ്രവാചകൻ" യിസ്രായേല്യൎക്കരികിൽ വന്നപ്പോൾ, അതു തിരിച്ചറിഞ്ഞുകൊണ്ടുതന്നെ അവർ അതിനെ ധിക്കരിച്ചുവെന്നു വ്യക്തമാക്കിയതിൽ പിന്നെ അതിന്നു അവരിൽ കാണപ്പെട്ടതായ കാരണത്തെ എടുത്തുകാട്ടുകയാണു് ഖുർആൻ അടിസ്ഥാനപരമായി ചെയ്യുന്നതു; എന്നാൽ പ്രതിപാദനത്തിലെ മൌലിക വസ്തുതയായ ധിക്കാര കാരണത്തെ വെളിപ്പെടുത്തുവാനുള്ള തുടക്കത്തിൽതന്നെ മേല്പറഞ്ഞ ധിക്കാരത്തിന്റെ മൂലസംഗതിയായ വ്യവസായ മനഃസ്ഥിതിയെ ഖുർആൻ വെളിച്ചത്തു കൊണ്ടുവരുന്നു; കച്ചവട ഭാഷയിലാണു് ധിക്കാരത്തിന്റെ വിശദീകരണങ്ങൾ ഖുർആൻ ഇവിടെ കൊടുത്തിരിക്കുന്നതു. ഭൗതികമായ സ്വാൎത്ഥതാല്പൎയ്യങ്ങളെ വെച്ചുപുലൎത്തുവാൻ സാധിക്കുകയെന്നതിന്നു് വേണ്ടിയാണു് യിസ്രായേല്യർ ഖുർആനിന്റെ പ്രഖ്യാപകനായ പ്രവാചകനെ ധിക്കരിച്ചതു; അവരുടെ ആത്മാക്കൾക്കുതന്നെ എതിരായിട്ടുള്ളൊരു അക്രമപ്രവൃത്തിയായിരുന്നു അതു. അതിനാൽ അവരുടെ സ്വന്തം ആത്മാക്കളെ വെച്ചു പുലൎത്തുകയാണെങ്കിൽ ആ പ്രവാചകനെ അംഗീകരിക്കാതെയും അനുസരിക്കാതെയും നിവൃത്തിയില്ലെന്നു വന്നു; വേറിട്ടുള്ള നിലനില്പിന്റെ പേരിലുള്ള സ്വാൎത്ഥലാഭങ്ങളെ കൈവശമാക്കുവാൻ സാധിക്കുകയില്ലെന്നും വന്നുവശായി; നികൃഷ്ടമായ സ്വന്തം താല്പൎയ്യങ്ങളെ പരിത്യജിക്കുവാൻ ധൈൎയ്യപ്പെടുകയാണെങ്കിൽ തങ്ങളുടെ ആത്മാക്കളുടെ ആന്തരമായ പ്രേരണകളേയും ജ്ഞാനഗുണങ്ങളേയും അവൎക്കു് പ്രയോജനപ്പെടുത്തുവാനും പോഷിപ്പിക്കുവാനും സാധിച്ചേനെ; എന്നാൽ അവർ തീരുമാനിച്ചതു ആത്മീയമായ ഗുണാധികാരങ്ങൾക്കു് നിദാനമായിട്ടുള്ള അവരുടെ ആത്മാക്കളെ വില്ക്കുന്നതിന്നാണു്; അങ്ങനെ അവർ അവയെ വിററു. അതിന്നു അവൎക്കു് കിട്ടിയ വില സ്വാൎത്ഥതാല്പൎയ്യങ്ങൾ തന്നെ; ഖുർആൻ ആ വില്പനയുടെ ഹേതുവായി അവൎക്കു് കിട്ടിയ വിലയുടെ നികൃഷ്ടതയെയാണു് ആരംഭത്തിൽതന്നെ വ്യക്തമാക്കുന്നതു; എന്നിട്ടു്, ആത്മാക്കളെ വിററു കിട്ടിയ നികൃഷ്ടമായ വില എന്നതിന്നു യാഥാൎത്ഥ്യത്തിന്റെ നിലക്കുള്ള മറെറാരു വിശദീകരണംകൂടി ഖുർആൻ കൊടുക്കുന്നു. സാക്ഷാൽ സത്യമായ ദൈവം അവതരിപ്പിച്ചിട്ടുള്ളതായ പവിത്ര രേഖകളെ ധിക്കരിക്കുകയെന്നുള്ളതും ആത്മാക്കളെ സ്വാൎത്ഥലാഭങ്ങൾക്കുവേണ്ടി വിററഴിക്കുകയെന്നുള്ളതും തുല്യ നികൃഷ്ടങ്ങളായ രണ്ടു് ദുഷ്കൎമ്മങ്ങളാണു് എന്ന പ്രസ്താവനയാണു് ഖുർആൻ ഇവിടെ കൊണ്ടുവരുന്നതു്. അതിനെത്തുടൎന്നു അവരുടെ സ്വാൎത്ഥത്തിന്റെ മറെറാരു വശത്തെക്കൂടി വെളിപ്പെടുത്തുന്നതു നോക്കുക. ആത്മാക്കളെ അന്യാധീനപ്പെടുത്തിക്കൊണ്ടുകൂടി അവർ സമ്പാദി

ക്കുവാൻ തീർച്ചപ്പെടുത്തിയ ദുഷിച്ചു നാറിയ സ്വാർത്ഥത്തിൻെറ നീചനീചമായ കാരണത്തെയാണതു വെളിപ്പെടുത്തുന്നതു്. തീരെ നിരർത്ഥമായൊരു സംഗതിയാണ് മേല്പറഞ്ഞ ആത്മവ്യാപാരത്തിന്നു അവരെ പ്രേരിപ്പിച്ചിട്ടുള്ളതു് എന്ന വസ്തുതയെ ഖുർആൻ രേഖപ്പെടുത്തുന്നു. അല്ലാഹു അവൻെറ ഔദാര്യത്തിൽനിന്നു ചിലതിനെ അവൻെറ അടിമകളിൽനിന്നു അവൻ ഇച്ഛിക്കുന്ന ആർക്കെങ്കിലും അനുഗ്രഹമായി അവതരിപ്പിക്കുന്നുവെന്നതിനോടു് പകവെച്ചുകൊണ്ടാണ് യിസ്രായേല്യർ അതിനെ (ഖുർആനിനെ) ധിക്കരിച്ചതു്. അല്ലാതെ അക്കാര്യത്തിൽ അവർക്ക് ധാർമ്മികമായ യാതൊരു അവലംബവും ഉണ്ടായിരുന്നില്ല; യിസ്രായേല്യരുടെ ഉദ്ധാരണത്തിന്നായി യിസ്രായേല്യർക്കിടയിൽനിന്നു പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിരുന്നുവെന്നതു യിസ്രായേല്യരുടെ ചരിത്രത്തിലെ ഒരു പരമാർത്ഥമാണ്; എന്നാൽ അതു അങ്ങിനെ സംഭവിച്ചതു, തൻെറ പ്രവാചകന്മാരെ നിയോഗിക്കുന്നതിൽ പരമാധികാരിയായ ദൈവത്തിൻെറ സർവ്വ സ്വാതന്ത്ര്യമായ ഇച്ഛ ഒന്നുകൊണ്ടുമാത്രമാണ്; യിസ്രായേല്യർക്ക്കൂടി ബാധകമായൊരു പ്രവാചകനെ യിസ്രായേൽക്കാരുടെ മദ്ധ്യത്തിൽനിന്നുതന്നെ നിയോഗിച്ചേ തീരു എന്നതു ദൈവത്തിന്നു ബാദ്ധ്യതയുള്ളൊരു നിയമമല്ല; തങ്ങളുടെ മദ്ധ്യത്തിൽ നിന്നല്ലാതെ തങ്ങൾക്കൊരു പ്രവാചകനുണ്ടാകരുതെന്നു് യിസ്രായേൽക്കാർ ധരിച്ചുവെച്ചിരുന്നു; വളരെ തെറ്റായൊരു ധാരണയാണതു. തന്നെയല്ല; യിസ്രായേല്യരുടെ ഗോത്രമഹിമാവാദങ്ങൾ, ലോകത്തിന്നു പൊതുവെ നിയോഗിക്കപ്പെടുന്നതായൊരു പ്രവാചകൻതന്നെ യിസ്രായേൽക്കാരിൽ നിന്നല്ലാതെ വന്നുകൂടെന്ന നിലയിൽ ചെന്നെത്തിയിരുന്നു. സാക്ഷാൻ സത്യമായ ദൈവത്തിൻെറ സർവ്വ സ്വാതന്ത്ര്യമായ കല്പനാധികാരത്തെയാണ് തങ്ങൾ അതുകൊണ്ടു് ചോദ്യം ചെയ്തിരുന്നതെന്നു് യിസ്രായേല്യർ ഗ്രഹിക്കേണ്ടതിയിരുന്നു; പക്ഷെ വിട്ടുവീഴ്ചയില്ലാത്ത ഗോത്രമഹിമാവാദത്തിൽ യിസ്രായേല്യർ മേല്പറഞ്ഞ വസ്തുത ഗണ്യമാക്കിയില്ല; കൂടാതെ, തങ്ങളുടേതല്ലാത്തൊരു ഗോത്രത്തിൽനിന്നു ലോകത്തിന്നു് പൊതുവായിട്ടുള്ളൊരു പ്രവാചകനെ നിയോഗിച്ചതിനാൽ യിസ്രായേൽക്കാർ സത്യത്തോടു് പകയുള്ളവരായിത്തീരുകയാണുണ്ടായതു. ദൈവത്തിൻെറ പരമാധികാരശക്തി, ദൈവേച്ഛയുടെ സർവ്വ സ്വാതന്ത്ര്യമായ നില, ദൈവാനുഗ്രഹങ്ങളുടെ പരമോദാരമായ ക്രയവിക്രയ ശേഷി, മുതലായവയേക്കാൾ യിസ്രായേല്യരുടെ മനസ്സിൽ വലുതായി കാണപ്പെട്ടതു തങ്ങളുടെ ഗോത്രമഹിമയാണ്; യിസ്രായേല്യർക്ക്, ഖുർആനിൻെറ പ്രഖ്യാപകനായ മുഹമ്മദുനബി (സ) യോടു പകയുണ്ടാകുവാനുള്ള ഹേതു മേല്പറഞ്ഞ വസ്തുതയായിരുന്നു; പകവെച്ചുകൊണ്ടാണ് യിസ്രായേല്യർ ഖുർആനിനെ ധിക്കരിച്ചതു് എന്ന പ്രസ്താവനയിൽനിന്നു മുഹമ്മദുനബി (സ)യുടെ പ്രവാചകത്വത്തെ യിസ്രായേല്യർ മനസ്സിലാക്കിയിട്ടുള്ളതായി വീണ്ടും ഖുർആൻ സൂചിപ്പിക്കുന്നു.

ഖുർആനിൻെറ പ്രഖ്യാപകനായ "ആ പ്രവാചകൻെറ യാഥാർത്ഥ്യങ്ങളെ ധിക്കരിക്കുന്ന വിഷയത്തിൽ യിസ്രായേൽ സന്തതികളായ യഹൂദർ കാണിച്ച വൈപരീത്യങ്ങളുടെ വിശദീകരണമാണ് മുകളിൽ വെളിവാക്കപ്പെട്ടതു്. എന്നിട്ടു, അതിനെത്തുടർന്നു, അവരുടെ ധിക്കാരത്തിൻെറ ഫലമായി അവർക്കുണ്ടായ ദുഷിച്ച പരിണാമത്തിൻെറ അടിസ്ഥാന വസ്തുത എന്തായിത്തീർന്നുവെന്നു ഖുർആൻ ചുരുക്കത്തിൽ രേഖപ്പെടുത്തുന്നതു നോക്കുക; തങ്ങളുടെ പ്രവാചകന്മാരുടെ വഴിയായി യിസ്രായേല്യർക്ക് കൈവന്നിട്ടുള്ള മുന്നറിവുകളെ മാനിച്ചു സത്യത്തെ മനസ്സിലാക്കുകയെന്നതു യിസ്രായേല്യരുടെ സത്യവേദ വിശ്വാസത്തിൻെറ പ്രധാനമായൊരു ഘടകമായിരുന്നു; എന്നാൽ അവരുടെ സ്വന്തപ്രവാചകന്മാരോടു തന്നെ വിപരീതമായി പെരുമാറിയതുകൊണ്ടു് യിസ്രായേല്യർ സാക്ഷാൽ സത്യമായ ദൈവത്തിൻെറ കോപത്തിന്നു പാത്രമായിരിക്കുകയാണ്; അങ്ങിനെയിരിക്കെ, തങ്ങളുടെ പ്രവാചകന്മാർക്കു നേരിടുവാൻ ചുമതലയില്ലാത്തതായിരുന്ന വിശ്വവ്യാപകമായ ജീവിത യാഥാർത്ഥ്യങ്ങളെ വിജയകരമായി നേരിടുന്നതിന്നുള്ള പരിപൂർണ്ണമായൊരു ദിവ്യഗ്രന്ഥവുമായി വന്ന പ്രവാചകനെ പിൻപറ്റിയിരുന്നുവെങ്കിൽ, യിസ്രായേല്യർക്ക്, തങ്ങളുടെ പഴയ കോപബാധയിൽനിന്നു രക്ഷ നേടാമായിരുന്നു. എന്നാൽ അവർ ചെയ്തതു അതിന്നു നേരെ എതിരാണ്; അതുകൊണ്ടു അവരിൽ ആദ്യമുണ്ടായിരുന്ന ദൈവകോപത്തിന്നു മീതെ, പുതിയതായി അവർ ചെയ്ത ധിക്കാരത്തിൻെറ ഫലമായി കൂടുതൽ കഠിനമായ മറ്റൊരു ദൈവകോപത്തിന്നുകൂടി അവർ പാത്രമാവുകയാണ് ചെയ്തതു. അവരുടെ ആദ്യത്തെ നിലയിൽനിന്നു അവർ അനുസരണത്തിലേക്ക് മടങ്ങേണ്ടതായിരുന്നു; ആത്മപരിശോധനയുടെ ഫലമായ പശ്ചാത്താപവും അതുമൂലമായ ദൈവാനുഗ്രഹവുംകൊണ്ടാണ് അവർ മടങ്ങേണ്ടിയിരുന്നതു്. പക്ഷെ, അവർ മടങ്ങിയതു നേരെ വിപരീതമായൊരു വസ്തുതയുംകൊണ്ടായിരുന്നു; കോപത്തിന്നു മീതെയുള്ള കോപവുംകൊണ്ടുതന്നെ. സത്യത്തെ ധി

91. (ഇനി) അവരോട് പറയപ്പെട്ടാൽ,
നിങ്ങൾ വിശ്വസിക്കുവിൻ
അല്ലാഹു അവതരിപ്പിച്ചതിൽ എന്നു;
അവർ പറകയായി:—
ഞങ്ങൾ വിശ്വസിക്കുന്നു;
ഞങ്ങൾക്കു അവതരിപ്പിക്കപ്പെട്ടതിൽ എന്നു.
അവർ ധിക്കരിക്കയും ചെയ്യുന്നു;
അതിന്നപ്പുറമുള്ളതിനെ; അതു സത്യമാണ്താനും,
അവരോടും കൂടെയുള്ളതിനെ (അതു)
പരമാർത്ഥീകരിക്കുന്നതായിരിക്കവേ.
നീ പറയുക: അപ്പോൾ നിങ്ങളെന്തിന്നു കൊല്ലുന്നു,
അല്ലാഹുവിൻെറ പ്രവാചകന്മാരെ, പണ്ടിനാലെ;
നിങ്ങൾ വിശ്വാസികളായിരുന്നെങ്കിൽ?[120]

٩١- وَإِذَا قِيلَ لَهُمْ آمِنُوا بِمَا أَنْزَلَ اللَّهُ
قَالُوا نُؤْمِنُ بِمَا أُنْزِلَ عَلَيْنَا
وَيَكْفُرُونَ بِمَا وَرَاءَهُ ق وَهُوَ الْحَقُّ
مُصَدِّقًا لِمَا مَعَهُمْ ط
قُلْ فَلِمَ تَقْتُلُونَ أَنْبِيَاءَ اللَّهِ
مِنْ قَبْلُ إِنْ كُنْتُمْ مُؤْمِنِينَ ○

ഗദ്യഭാഷ

91. ഇനി, അല്ലാഹു അവതരിപ്പിച്ചതിൽ നിങ്ങൾ വിശ്വസിക്കുവിൻ എന്നു അവരോടു പറയപ്പെട്ടാൽ, ഞങ്ങൾക്കു അവതരിക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു അവർ പറയുകയായി; അതിന്നപ്പുറമുള്ളതു, സത്യമായിരിക്കവേ; അവരോടുകൂടെയുള്ളതിനെ പരമാർത്ഥീകരിക്കുന്നതിനോടുകൂടെ, അതിനെ അവർ ധിക്കരിക്കയും ചെയ്യുന്നു; നീ പറയുക: നിങ്ങൾ വിശ്വാസികളാണെങ്കിൽ, അപ്പോൾ മുമ്പിനാലെ, നിങ്ങളെന്തിന്നു അല്ലാഹുവിൻെറ പ്രവാചകന്മാരെ കൊല്ലുന്നു?

---

ക്കരിക്കുന്നവർക്കു സ്വന്തമായിട്ടുള്ളതും അവരെ വളരെയേറെ അവശപ്പെടുത്തുന്നതുമായ ശിക്ഷ തന്നെയാണ് അതിനാൽ യിസ്രായേല്യർക്ക്" ലഭിക്കുക; അവരുടെ അവസാനത്തെ അനുഭവം അങ്ങിനെയൊണ് ഉണ്ടാവുക; അവരുടെ നേരെ അല്ലാഹുവിന്നുള്ള കോപം, അവരെ ബാധിക്കാതെ അവസാനിച്ചുപോവുകയില്ല; സത്യത്തെ ധിക്കരിക്കുന്ന സ്വഭാവക്കാരായാൽ പിന്നെ യിസ്രായേലിൻെറ സന്തതിയാണെന്നതുകൊണ്ടോ മററു കൂട്ടുകെട്ടുകളിൽ പെട്ടവരായതുകൊണ്ടോ യാതൊരു പ്രയോജനവുമില്ല; ധിക്കാരികൾക്കു പൊതുവെയുള്ള ശിക്ഷയാണവർക്കു ലഭിക്കുക; രേഖ 90 ൻെറ തത്വമൂല്യമിതാണ്. രേഖയുടെ പര്യവസാനത്തിൽ മേല്പറഞ്ഞ വസ്തുതയാണ് പ്രഖ്യാപിക്കപ്പെടുന്നതു്. പ്രവൃത്തികളുടെ ഗുണദോഷങ്ങൾ കർമ്മഫലങ്ങളെ കുറിക്കുന്നുവെന്ന ഖുർആനിക സിദ്ധാന്തത്തിൻെറ സന്ദർഭോചിതമായൊരു പ്രസ്താവനയാണിതു്.

"പകവെച്ചുകൊണ്ടു്" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "ബഗ്‌യൻ" എന്ന പദപ്രയോഗത്തെയാണ്. ഇതിന്നു അസൂയപ്പെട്ടുകൊണ്ടു എന്നു അർത്ഥനിർണ്ണയം ചെയ്യപ്പെട്ടിരിക്കുന്നു; (അബുൽ-ആലിയ). വളരെയേറെ ദുഷിച്ചതു, അവരുടെ ആത്മാക്കളെ വിലക്ക് വിററു അവർ വാങ്ങിയതായ വസ്തുവാണ്.; അതായതു അല്ലാഹു, അവൻെറ സത്യവേദഗ്രന്ഥത്തിൽ മുഹമ്മദുനബി(സ)യുടെ പ്രവാചകത്വം, അതിൽ വിശ്വസിക്കുവാനും പിന്തുടരുവാനുമുള്ള ശാസനം മുതലായി, യിസ്‌റായേല്യരുടെ പ്രവാചകനായ മോശെക്കു് അവതരിപ്പിച്ചിട്ടുള്ളതായ നിവേദനങ്ങളെ യിസ്‌റായേല്യർ ധിക്കരിക്കുകയെന്നുള്ളതു തന്നെയാണ് തീരെ ദുഷിച്ചതായ വസ്തുത. അല്ലാഹു അവൻെറ ഔദാര്യത്തെ അവൻ ഇച്ഛിക്കുന്ന ആൾക്കെങ്കിലും അരുളിചെയ്യുവെന്നതിൽ കൂടുതലായി അവരുടെ വെറുപ്പിന്നു യാതൊരു അടിസ്ഥാനവുമില്ല. ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഔദാര്യങ്ങളാൽ ഉദ്ദേശിക്കപ്പെടുന്നതു അല്ലാഹുവിൻ നിന്നുള്ള പരമാർത്ഥ വിജ്ഞാനീയവും അവൻേറതായ പവിത്ര രേഖകളും അവനാൽ കല്പിച്ചരുളപ്പെടുന്നതായ പ്രവാചകത്വവുമാണ്. തൻെറ അടിമകളിൽനിന്നു അവൻ ഇച്ഛിക്കുന്ന ആൾക്കെങ്കിലും എന്നതുകൊണ്ടു് വിവക്ഷിക്കപ്പെടുന്നതു മുഹമ്മദുനബി(സ)യെ തന്നെയാണ്; അവർക്കുണ്ടായിരുന്ന അസൂയക്കും പകക്കുമുള്ള സംഗതി അന്ത്യപ്രവാചകനായ മുഹമ്മദുനബി(സ) ഇസ്മാഈൽ നബി(സ)യുടെ സന്തതികളിൽ പെട്ട ആളായിരുന്നുവെന്നുള്ളതാണ്; യിസ്രായേൽ ഗോത്രത്തിൽപെട്ട വ്യക്തിയായില്ലെന്നുള്ള സംഗതിതന്നെ; (ത്വബരി.) സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്ന പുരോഗമന സംഘടനയായ വിശ്വമഹാസമുദായ

]120-ാമത്തെ കുറിപ്പ് മറുപുറത്തു്]

മായി വളരേണ്ടവരായ യിസ്രായേല്യർ, സങ്കുചിതമായ വർഗ്ഗീയകക്ഷിയായി സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി വേറിട്ടു മാറിനില്ക്കുകയാണ് "ആ പ്രവാചക"നോടുള്ള അസൂയകൊണ്ട് ഉണ്ടായതു; അതിലും ദുഷിച്ചതായി ഒന്നും അവർക്ക് ഉണ്ടാകുവാനില്ല. വില്ക്കുകയെന്ന വാക്കിന്ന് ഒരു വസ്തുവിൻെറ ഉത്തമമായ ഉടമാവകാശത്തെ ഒരാളിൽനിന്നു നീക്കിക്കളയുക എന്നർത്ഥമാണ് ഇവിടെയുള്ളതു. (തബരി).

120. തങ്ങളുടെ പ്രവാചകനായ മോശെയുടെ വഴിയായി നല്കപ്പെട്ട വിജയസൂചകങ്ങളായ മുന്നറിയിപ്പുകളെത്തന്നെ യിസ്രായേല്യർ ധിക്കരിച്ചതു മേല്പറഞ്ഞ വാഗ്ദാനമനുസരിച്ച് നിയോഗിക്കപ്പെട്ട പ്രവാചകൻ യിസ്രായേൽ ഗോത്രക്കാരനായില്ലെന്നുള്ള പക ഹേതുവായിട്ടാണെന്ന് രേഖ 90ൽ വ്യക്തമാക്കപ്പെട്ടു. അതിനെത്തുടർന്ന് രേഖ 91ൽ യിസ്രായേല്യരെ സംബന്ധിച്ചുള്ള ഗോത്രപരമായ കൂടുതൽ സ്ഥിതിഗതികൾ വിസ്തരിക്കപ്പെടുന്നു; അവ, ഒന്നു മറ്റൊന്നിന്ന് എതിരായിട്ടുള്ള വിധത്തിൽ അനവധിയുണ്ട്; അവയിൽ വളരെ വികൃതമായ ഒന്നാണ്, ഇവിടെ പ്രതിപാദിക്കപ്പെടുന്നതു. അന്ത്യപ്രവാചകനെ സംബന്ധിച്ച അവർക്കുണ്ടായ പകയുടേയും അസൂയയുടേയും കാരണമായ അതേ ഗോത്രബോധത്തിന്നു തീരെ വിപരീതമായ പെരുമാററമാണ്, തങ്ങളുടെ സ്വന്തക്കാരായി യിസ്രായേല്യർ സമ്മതിച്ചിട്ടുള്ള മററു പ്രവാചകന്മാരോട് അവർ കാണിച്ചിട്ടുള്ളതെന്ന സംഗതിതന്നെ; യിസ്രായേൽക്കാരെ സംബന്ധിച്ച് പറയുകയാണെങ്കിൽ പരസ്പര വിരുദ്ധങ്ങളായ പെരുമാററങ്ങൾ അവരുടെ സ്വഭാവമായിത്തീർന്നിരിക്കയാണ്. എന്നാൽ അവർ സത്യവിശ്വാസികളാണെന്നുള്ള നില ശരിയാണെങ്കിൽ മേല്പറഞ്ഞ വൈപരീത്യങ്ങൾ അവരിൽ കാണപ്പെടുവാൻ നിവൃത്തിയില്ലാത്തതാണ്. തങ്ങൾ സത്യവിശ്വാസികളാണെന്നുള്ള വാദത്തെ വെച്ചുകൊണ്ടാണ് ഖുർആൻ യിസ്രായേല്യരെപ്പററി ഇവിടെ പ്രതിപാദിക്കുന്നതു.

യിസ്രായേല്യർ സത്യവിശ്വാസികളാണെന്ന് സ്വയം പറയുന്നുണ്ട്; എന്നാൽ വിശ്വസിക്കപ്പെടേണ്ടതായ വസ്തുവിനെ സംബന്ധിച്ച അവർക്കുള്ള അനുമാനങ്ങളും അഭിപ്രായങ്ങളും അടിസ്ഥാനരഹിതമായിട്ടുള്ളതാണ്. നോക്കുക; മനുഷ്യന്നു മാർഗ്ഗദർശനമായ യഥാർത്ഥ ജ്ഞാനത്തിൻെറ നിലയിൽ എന്തിലാണ് സത്യവിശ്വാസിയായ മനുഷ്യൻ വിശ്വസിക്കേണ്ടതു എന്ന അടിസ്ഥാനത്തിൽ യിസ്രായേല്യരെ സമീപിക്കയാണെങ്കിൽ അങ്ങിനെ അല്ലാഹു അവൻെറ പ്രവാചകൻ വഴിയായി അവതരിപ്പിച്ചിട്ടുള്ള സത്യവിജ്ഞാനീയത്തിൽ നിങ്ങൾ വിശ്വസിക്കുവിൻ എന്നു പറയപ്പെടുകയാണെങ്കിൽ, അക്കാര്യത്തിൽ തങ്ങൾക്ക് വിശ്വസിക്കുവാനുള്ള വസ്തുവിനെ സംബന്ധിച്ച് യിസ്രായേല്യർ അവരുടെ നിലപാട് വ്യക്തമാക്കുകയായി; തങ്ങൾ വിശ്വസിക്കുന്നുവെന്നുതന്നെയാണ് യിസ്രായേല്യർ പറയുക; പക്ഷെ വിശ്വസിക്കപ്പെടേണ്ടതായ വസ്തുവിനെ സംബന്ധിച്ചുള്ള യിസ്രായേല്യരുടെ വീക്ഷണഗതി വികൃതമാണ്; സാക്ഷാൽ സത്യമായ ദൈവമാണ് തങ്ങളുടെ വിശ്വാസ വിഷയമായ വസ്തുവിനെ അവതരിപ്പിച്ചിരിക്കുന്നതു എന്ന സംഗതിക്കല്ല യിസ്രായേല്യർ പരിഗണന കൊടുക്കുന്നതു; സത്യമാണെന്നുള്ളതിന്നുമല്ല; നേരെമറിച്ച് യിസ്രായേല്യർക്ക് അവതരിപ്പിക്കപ്പെട്ടതു എന്ന കാര്യത്തിന്നു മാത്രമാണ് യിസ്രായേല്യർ വില കല്പിക്കുന്നതു. എന്തു എന്നതിന്നോ ആര് അവതരിപ്പിച്ചതു എന്നതിന്നോ എങ്ങിനെയുള്ളതു എന്നതിന്നോ അല്ല, ആർക്ക് കിട്ടിയതു എന്നതിന്നാണ് യിസ്രായേല്യർ വിശ്വസിക്കുന്നതു; യിസ്രായേല്യരുടെ വർഗ്ഗീയമായ പക്ഷപാതിക ബുദ്ധിയുടെ മ്ലേച്ഛമായൊരു മാനദണ്ഡമാണിവിടെ ഖുർആൻ വെളിപ്പെടുത്തുന്നതു; തങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിന്ന് അപ്പുറത്തുള്ള എന്തും ആരിൽനിന്നുള്ളതും അവർ ധിക്കരിക്കയും ചെയ്യുന്നു; അതു സത്യമാണെന്നുള്ളതു അവർക്ക് ആലോചനാവിഷയമല്ല; തന്നെയല്ല, യിസ്രായേല്യരുടെ പക്കലുള്ള പരമാർത്ഥങ്ങളെ സത്യമാണെന്നു സമ്മതിക്കുന്നതാണ്, അവരുടെതിന്നു അപ്പുറത്തായി അവതരിപ്പിക്കപ്പെട്ടിരിക്കുന്ന പവിത്രരേഖകളെന്നും അവർ ആലോചിക്കുന്നില്ല; അക്കാര്യത്തിൽ, അവർക്ക് അവതരിപ്പിക്കപ്പെട്ടതല്ല എന്നതിൽ കൂടുതലായി ഒന്നും അവരുടെ തലയിൽ കയറുന്നില്ല; യിസ്രായേല്യരുടെ ഏററവും ഇടുങ്ങിയ ആശയമാർഗ്ഗത്തേയും അതുപോലെതന്നെ അതികഠിനമായ വർഗ്ഗവിചാരത്തേയും സ്വാർത്ഥവിഷയങ്ങളിൽമാത്രം കാണപ്പെടുന്ന ഭീതിയേയും മതവിചാരത്തേയും ഇവിടെ ഖുർആൻ എടുത്തുകാട്ടുന്നതു നോക്കുക; എന്നാൽ തങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിൽ യിസ്രായേല്യർ വിശ്വസിക്കുന്നുവെന്ന് അവർ പറയുന്നതു ആത്മാർത്ഥതയോടുകൂടെയല്ല; അവരുടെ ഭൂതകാലജീവിതസംഭവങ്ങളിലേക്ക് അവർ തന്നെയൊന്ന് കണ്ണോടിക്കുകയാണെങ്കിൽ ആ സംഗതി വെളിപ്പെടുന്നതും' അതിന്നെതിരായി അവർക്ക് ഒന്നും

92. ദൃഢമായിട്ടു് വരികയുമുണ്ടായി
നിങ്ങളുടെയടുക്കൽ,
മൂസാ, തെളിവുകളെയുംകൊണ്ടു;
പിന്നെ നിങ്ങൾ കൈക്കൊണ്ടു (ദൈവമായിട്ടു്)
പശുക്കിടാവിനെ;
അവൻെറ പിറകിനാലെ.
നിങ്ങൾ അക്രമകാരികളാണു്താനും.[121]

٩٢- وَلَقَدْ جَآءَكُمْ مُّوسٰى بِالْبَيِّنٰتِ
ثُمَّ اتَّخَذْتُمُ الْعِجْلَ
مِنْ بَعْدِهٖ وَاَنْتُمْ ظٰلِمُوْنَ ○

ഗദ്യഭാഷ

92. മൂസാ നിങ്ങൾക്കരികിൽ, ദൃഢമായിട്ടു, തെളിവുകളെ കൊണ്ടുവരികയുമുണ്ടായി; പിന്നെ അവനു് പിറകിനാലെ, നിങ്ങൾ പശുക്കിടാവിനെ ദൈവമായി കൈക്കൊണ്ടു. നിങ്ങൾ അക്രമകാരികളാണു്താനും.

---

പറയുവാൻ കിട്ടാതാവുകയും ചെയ്യുന്നതാണു്; അവക്കു് അവതരിപ്പിക്കപ്പെട്ട വസ്തുതകളിലുംകൂടി, അവർ അവകാശപ്പെടുന്നപോലെ, യിസ്രായേല്യർ പൊതുവെ വിശ്വസിക്കുന്നില്ലെന്ന യാഥാർത്ഥ്യത്തെയാണു് ഖുർആൻ സ്ഥാപിക്കുന്നതു.

യിസ്രായേല്യർ വാദിച്ചുകൊണ്ടിരിക്കുന്ന തരത്തിലുള്ളതു കൂടിയില്ല തങ്ങളുടെ യഥാർത്ഥനിലയെന്നു വെളിപ്പെടുത്തുന്നതിന്നു ചെറിയൊരു ചോദ്യത്തെ യിസ്റായേല്യരുടെ മുമ്പാകെ വെച്ചു് കൊടുക്കുവാനാണു് ഖുർആനിൻെറ പ്രഖ്യാപകനായ മുഹമ്മദ്നബി (സ) ഇവിടെ ശാസിക്കപ്പെട്ടിരിക്കുന്നതു; യിസ്റായേല്യക്കു് നല്കപ്പെട്ട ഗ്രന്ഥത്തിൽത്തന്നെ പ്രവാചകന്മാരെ കൊല്ലരുതെന്നു, കല്പിക്കപ്പെട്ടിട്ടുള്ളതാണു്; പ്രവാചകന്മാരെ കൊല്ലുകയെന്നതു യിസ്റായേല്യരുടെ പഴയ കാലങ്ങൾ മുതല്ക്കുള്ള രീതിയാണു്; തങ്ങൾക്കു് നല്കപ്പെട്ടതായ ഗ്രന്ഥത്തിലെങ്കിലും ശരിയായിട്ടു് അവർ വിശ്വസിക്കുന്നുണ്ടെങ്കിൽ അവരുടെ പ്രവാചകഹത്യകൾക്കു് സംഗതിയുണ്ടാവുകയില്ലതന്നെ; ഖുർആനിനെ മാത്രമല്ല, യിസ്റായേല്യക്കു് സ്വന്തമായി നല്കപ്പെട്ട മററ വേദഗ്രന്ഥങ്ങളെക്കൂടി യിസ്റായേലർ ധിക്കരിക്കുന്നുണ്ടു്. വേദഗ്രന്ഥങ്ങളെ വിഗണിച്ചു ധിക്കാരങ്ങൾ പ്രവർത്തിക്കുകയെന്നതു യിസ്റായേല്യക്കു് ഖുർആൻ വന്നതിന്നുശേഷമായി തുടങ്ങിയതായൊരു വസ്തുതയല്ല എന്ന നിഗമനമാണു് ഈ രേഖ യിസ്രായേല്യരുടെ നേരെ എടുത്തുകാട്ടുന്നതു. സത്യമാണെന്നു ബോദ്ധ്യമായാൽ വിശ്വസിക്കുവാൻ കടപ്പെട്ടവനായ സത്യവിശ്വാസിക്കു്, സാദ്ധ്യമല്ലാത്തൊരു വാദഗതിയാണു്, തങ്ങൾ വിശ്വാസികളാണെന്നു് തെളിയിക്കുന്നതിന്നുവേണ്ടി യിസ്രായേല്യർ കൊണ്ടുവരുന്നതു; സത്യമല്ലാത്തതിൽ വിശ്വസിക്കുവാനോ, സത്യമായിട്ടുള്ളതിനെ നിഷേധിക്കുവാനോ സാധിക്കാത്ത ധാർമ്മിക മനഃസ്ഥിതിയുടെ സർവ്വവിധമായ പ്രകടനത്തെയാണു് സത്യവിശ്വാസമെന്നു് ഖുർആൻ പ്രഖ്യാപിക്കുന്നതു; വിശ്വസിക്കുന്നുവെന്നു് പറഞ്ഞതുകൊണ്ടു് വിശ്വാസിയാകുന്നില്ല; ധിക്കാരത്തെ മറച്ചു പിടിച്ചുകൊണ്ടു്, വിശ്വസിക്കുന്നവനെപ്പോലെ, പെരുമാറിയതുകൊണ്ടും വിശ്വാസിയാകുന്നില്ല; മിഥ്യയിൽ വിശ്വസിക്കുന്നതും, മിഥ്യാവലംബങ്ങൾ വെച്ചുപ്രവർത്തിക്കുന്നതുംകൊണ്ടു മനുഷ്യൻ സത്യവിശ്വാസിയായെന്നു് ഖുർആൻ ഗണിക്കുന്നില്ല; വിശ്വസിക്കുക, അതും കൂടാതെ വിശ്വസിക്കപ്പെടുന്ന സംഗതി സത്യമായിരിക്കുക, അതിന്നനുസരിച്ചു് പ്രവൃത്തിക്കുക ഇത്രയുമായാൽ മാത്രമേ ഖുർആനിൻെറ സിദ്ധാന്തമനുസരിച്ചു് ഒരു വ്യക്തി വിശ്വാസിയാകുന്നുള്ളു; യിസ്റായേല്യക്കു് മാത്രമല്ല, വിശ്വസിക്കുന്നവരാണെന്നു് തന്നത്താൻ വാദിക്കുന്ന ജനവിഭാഗങ്ങൾക്കു് പൊതുവെയതു ബാധകമാണു്.

121. ഖുർആനിനെ കൈക്കൊള്ളുന്ന കാര്യത്തിന്നെതിരായി യിസ്റായേല്യർ നടിക്കുന്ന ഗോത്രപരമായ കാരണത്തെയാണു് മുൻപറയപ്പെട്ട രേഖ 91, മാ നീക്കിക്കാണിച്ചതു. തങ്ങളുടെ പക്കലുള്ള സത്യരേഖകളെത്തന്നെ യിസ്റായേല്യർ ധിക്കരിച്ചതു് ഗോത്രവ്യത്യാസത്തിൻെറ കാരണത്താൽ അല്ലെന്നുള്ളതു വ്യക്തമാണു്; പരമാർത്ഥത്തിൽ ധിക്കാരത്തിന്നുള്ള പ്രധാന ഹേതു, യിസ്രായേല്യരോടു് തങ്ങളുടെ പ്രവാചകന്മാർ, യിസ്രായേല്യർക്കിഷ്ടമില്ലാത്ത കാര്യങ്ങൾ പറഞ്ഞുവെന്നുള്ളതാണു്; ധിക്കാരികളായ ലോകക്കു് പൊതുവെയുള്ളൊരു സ്വഭാവഗതിയാണതു്. സത്യമായ സംഗതികൾ തുറന്നു പറയുന്നവരെ സർവ്വാത്മനാ സ്വീകരിക്കുകയെന്നതു സത്യത്തിനു് മാത്രമായി സർവ്വസ്വവും സമർപ്പിച്ചു് ജീവിക്കുന്ന മനുഷ്യർക്കല്ലാതെ തുടൻപോവുക സാദ്ധ്യമാവു

93. നാം കൈക്കൊണ്ടതും (സ്മരിക്കുവിൻ)
നിങ്ങളുടെ ഉടമ്പടിയെ;
നാം ഉയർത്തുകയുംചെയ്തു,
നിങ്ങൾക്കു മീതെ പർവ്വതത്തെ;
നിങ്ങൾ കൈക്കൊള്ളുവിൻ,
നാം നിങ്ങൾക്കു നല്കിയിട്ടുള്ളതിനെ,
ശക്തിയോടുകൂടെ.
നിങ്ങൾ കേൾക്കുകയും ചെയ്യിൻ എന്നു.
അവർ പറഞ്ഞു: ഞങ്ങൾ കേട്ടു,
ഞങ്ങൾ നിരാകരിക്കുകയുംചെയ്തു എന്നു.
അവർക്ക് കുടിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു;
അവരുടെ ഹൃദയങ്ങളിൽ പശുക്കിടാവി(ൻെറ ഭക്തി);
അവരുടെ ധിക്കരിക്കൽ ഹേതുവായിട്ട്.
നീ പറയുക, നികൃഷ്ടമാണ് യാതൊന്നു,
നിങ്ങളെ അതിന്നു ശാസിക്കുന്നു,
നിങ്ങളുടെ വിശ്വാസമെന്നതു;
നിങ്ങൾ വിശ്വാസികളാണെങ്കിൽ.[122]

٩٣- وَإِذْ أَخَذْنَا مِيثَاقَكُمْ
وَرَفَعْنَا فَوْقَكُمُ الطُّورَ
خُذُوا مَا آتَيْنَاكُمْ بِقُوَّةٍ
وَاسْمَعُوا قَالُوا سَمِعْنَا وَعَصَيْنَا
وَأُشْرِبُوا
فِي قُلُوبِهِمُ الْعِجْلَ بِكُفْرِهِمْ
قُلْ بِئْسَمَا يَأْمُرُكُمْ بِهِ إِيمَانُكُمْ إِنْ كُنْتُمْ
مُؤْمِنِينَ ○

ഗദ്യഭാഷ

93. നാം നിങ്ങൾക്കു നല്കിയിട്ടുള്ളതിനെ ശക്തിയോടുകൂടെ നിങ്ങൾ സ്വീകരിക്കുകയും നിങ്ങൾ കേൾക്കുകയും ചെയ്യിൻ എന്നു (പറഞ്ഞുകൊണ്ടു) നാം നിങ്ങൾക്കുമീതെ പർവ്വതത്തെ ഉയർത്തുകയും, നിങ്ങളുടെ ഉടമ്പടിയെ സ്വീകരിക്കുകയും ചെയ്തതു (നിങ്ങൾ സ്മരിക്കുകയും ചെയ്യിൻ); (എന്നാൽ) ഞങ്ങൾ കേൾക്കുകയും നിരാകരിക്കുകയും ചെയ്തു (എന്നാണ്) അവർ പറഞ്ഞതു. അവരുടെ ഹൃദയങ്ങളിൽ പശുക്കിടാവിനോടുള്ള ഭക്തി അവരുടെ ധിക്കാരത്താൽ അവർക്കു പാനം ചെയ്യിക്കപ്പെട്ടിരിക്കുന്നു. നീ പറയുക: നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങളുടെ വിശ്വാസം നിങ്ങളോടു കല്പിക്കുന്ന വസ്തുതയാണ് നികൃഷ്ടമായിട്ടുള്ളതു്.

കയില്ല. സ്വാത്മഭീതി, സങ്കുചിതചിന്താശീലങ്ങൾക്കും സമ്പ്രദായങ്ങൾക്കും നാട്ടുനടപ്പുകൾക്കും താല്പര്യങ്ങൾക്കും വിപരീതമായി നീങ്ങുന്ന സകലത്തിനോടുമുള്ള വെറുപ്പ് മുതലായ ദുർഗ്ഗുണങ്ങളാണ് ലോകചരിത്രത്തിൽ ധിക്കാരത്തിന്നു് താരതമ്യേന പ്രേരണ നല്കിയിട്ടുള്ളതു; യഥാർത്ഥത്തിൽ, തങ്ങൾക്കു നല്കപ്പെട്ടിട്ടുള്ള സത്യവേദഗ്രന്ഥത്തിൽ യിസ്റായേല്യർ വിശ്വസിക്കുന്നില്ലെന്ന വസ്തുതയാണ് രേഖ 91ൽനിന്നു് വെളിപ്പെടുന്നതായൊരു പ്രധാന സംഗതി; രേഖ 92ൽ മേല്പറഞ്ഞ നിഗമനത്തിന്നു യിസ്രായേല്യരുടെ പൂർവ്വകാലചരിത്രത്തിൽ നിന്നു തന്നെ കൂടുതൽ തെളിവുകൾ കൊണ്ടുവരപ്പെടുന്നു.

ഖുർആൻ കൊണ്ടുവന്നിരിക്കുന്നതായ, വിശ്വവ്യാപകമായ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തേക്കിറങ്ങാതെ യിസ്റായേല്യർ തങ്ങളുടെ ഗോത്രവാദത്തിൻെറ സങ്കുചിതവലയത്തിലേക്ക് മാറിനില്ക്കുയാണ് ചെയ്തതു; ഖുർആൻ നിർദ്ദേശിക്കുന്ന ജീവിതമാർഗ്ഗത്തെ സ്വീകരിക്കുന്നതിലുള്ള ഭീരുത്വമാണ് കുറെയൊക്കെ അവരെ അതിന്നു് പ്രേരിപ്പിച്ചിരിക്കുന്നതു; യിസ്റായേല്യരുടെ നില എന്തുതന്നെയായാലും, ഖുർആനിൻെറ പ്രഖ്യാപകനായ പ്രവാചകന്നു് ലഭിച്ചിരിക്കുന്ന കല്പന, യിസ്റായേല്യരെ ജ്ഞാനമാർഗ്ഗത്തിൽക്കൂടി നേരിടുവാനാണ്; രേഖ 91ൽ കൊണ്ടുവരപ്പെട്ടിരിക്കുന്ന “നീ പറയുക” എന്ന കല്പന മേല്പറഞ്ഞ വസ്തുതയാണ് വെളിപ്പെടുത്തുന്നതു. ആ കല്പനയുടെ ഉള്ളടക്കത്തിന്നു് ഉപോൽബലകമായിട്ടാണ് രേഖ 92ലെ പ്രസ്താവന നിലകൊള്ളുന്നതു; അതിനാൽ ഇവിടെയും യിസ്റായേല്യരോടു് നേരിട്ടുകൊണ്ടുള്ള സംസാരശൈലിയാണ് ഖുർആൻ പ്രതിപാദനത്തിന്നു് പ്രയോഗിച്ചിട്ടുള്ളതു. നോക്കുക ഖുർആനിൻെറ പ്രഖ്യാപകനായ നബി(സ) യുടെ കാലത്തിന്നു് മുമ്പുതന്നെ യിസ്റായേല്യരുടെ മദ്ധ്യത്തിൽ പ്രവാചകന്മാർ വന്നിട്ടുണ്ടു്; അവരുടെ കൂട്ടത്തിൽ വെച്ച് ഏററവും അതിശയകരങ്ങളും അജയ്യങ്ങളുമായ തെളിവുകളോടുകൂടെ യിസ്റായേല്യർക്കിടയിൽ വന്ന

[ 122-ാമത്തെ കുറിപ്പ് അടുത്ത പേജിൽ ]

പ്രവാചകനാണ് മോശെ; ആ പ്രവാചകൻ യിസ്റായേൽ ഗോത്രക്കാരനായിരുന്നുവെന്നതിൽ യിസ്റായേല്യർക്ക് സംശയമില്ലാത്തതാണ്. തന്നെയല്ല മോശെ അവർക്കരികിൽ പ്രവാചകന്റെ നിലയിലാണ് വന്നിട്ടുള്ളതെന്നതിലും അവർ സംശയിക്കുകയില്ല; അതു അവർക്കുതന്നെ അത്രയും ഉറപ്പും അനുഭവവും ഉള്ളൊരു അറിവാണ്; തങ്ങളുടെ രക്ഷിതാവായ ദൈവത്തെയല്ലാതെ മറ്റൊന്നിനെ സേവിക്കരുതെന്ന് മോശെ തന്റെ ജനങ്ങളായ യിസ്റായേല്യരോട് ശക്തിയായി ശാസിച്ചിട്ടുണ്ട്. എന്നാൽ മോശെയുടെ പിന്നിൽ തന്നെ അവർ അക്രമങ്ങൾ പ്രവർത്തിക്കുന്നവരായിട്ടാണ് കഴിച്ചുകൂട്ടിയിരുന്നതു; "കുട്ടിക്കാളദൈവ"ത്തെ കൈവശം വെച്ചു അവർ പൂജിച്ചിരുന്നതു അവരുടെ അക്രമവാസനയിൽ നിന്നുള്ളൊരു സംഗതിയാണ്; അതിനാൽ അവരുടെ സ്വന്തമാണെന്ന് അവർ അവകാശപ്പെടുന്ന പ്രവാചകനായ മോശെക്കെതിരായി അവർ അഴിമതികൾ ചെയ്തതു, മോശെ യിസ്റായേല്യനല്ലായിരുന്നതുകൊണ്ടല്ലെന്ന് മനസ്സിലാക്കാവുന്നതാണ്; അന്യായമായ ആചാരങ്ങളോടും ആശയങ്ങളോടും അവർക്കുള്ള അടുപ്പമാണ് അവർക്ക് അതിന്ന് അടിസ്ഥാനമായിട്ടുള്ളതു; കുട്ടിക്കാളദൈവത്തിന്റെ കഥയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സംഹിത 2ൽ രേഖ 51ഉം കുറിപ്പുകളും നോക്കുക.

122. തങ്ങളുടെ ഗോത്രത്തിൽനിന്നു നിയോഗിക്കപ്പെട്ട പ്രവാചകനെ (മോശെയെ)ത്തന്നെ യിസ്രായേല്യർ ധിക്കരിക്കയുണ്ടായെന്നുള്ള വസ്തുതയ്ക്കുള്ളൊരു തെളിവാണ് രേഖ 92ലെ പ്രസ്താവനയിൽ വിസ്തരിക്കപ്പെട്ടതു്; മോശെക്കൊണ്ടുവന്ന ഗ്രന്ഥത്തിന്റെ മൗലികമായ തത്വത്തിന്നെതിരായ "കുട്ടിക്കാള"സേവയിലേക്ക് മോശെയുടെ പിന്നിൽതന്നെ യിസ്രായേല്യർ പ്രവേശിച്ചുവെന്ന സംഗതിയാണ് മേല്പറഞ്ഞ കാര്യത്തിൽ വെളിവാക്കപ്പെട്ടതു്. തത്വപരമായിട്ടുള്ളൊരു തെളിവിന്റെ നിലയിലാണതു അവിടെ വ്യക്തമാക്കപ്പെട്ടതും; എന്നാൽ ഇവിടെ രേഖ 93ൽ യിസ്രായേൽക്കാരുടെ, മോശെയുമായിട്ടുള്ള ചരിത്രത്തിൽനിന്നു സംഭവമൂലമായൊരു വസ്തുത മേല്പറഞ്ഞ പ്രസ്താവനക്ക് തെളിവായി ഖുർആൻ വെളിപ്പെടുത്തുന്നു. യിസ്രായേല്യരുടെ ഭൂതകാലചരിത്രത്തിന്റെ ചെറിയൊരു സ്മരണയിൽനിന്നു വളരെ വ്യക്തമായിത്തീരുന്നൊരു കാര്യമാണ് രേഖ 93ലെ പ്രതിപാദനവസ്തു. ചുരുക്കത്തിൽ യിസ്രായേൽ ഗോത്രക്കാരനായ മോശെയെത്തന്നെ യിസ്രായേൽ ജനങ്ങൾ വിശ്വസിച്ചിട്ടില്ല; ഗത്യന്തരമില്ലാത്ത പരിതഃസ്ഥിതികൾ വന്നപ്പോൾ, ഗതിയില്ലാത്തവരെപ്പോലെ, വിശ്വാസത്തിന്റെ തണലിൽ രക്ഷപ്പെടുകയാണവർ ചെയ്തതു; സ്വതഃസിദ്ധമായ വാസനാഗുണങ്ങളുപയോഗിച്ചുകൊണ്ട് സത്യത്തെ കണ്ടറിഞ്ഞു സ്വീകരിച്ചു പിൻപററുകയെന്നതു യിസ്രായേല്യരുടെ ചരിത്രത്തിലുണ്ടായിട്ടില്ല.

ഫറവോന്റെ പരാക്രമശക്തിക്കെതിരിൽ വിജയിച്ചുകൊണ്ട്, യിസ്രായേല്യരെ മോചിപ്പിച്ചു കൊണ്ടുവന്ന മഹാവ്യക്തിയാണ് മോശെ; ഫറവോനുമായുള്ള മോശെയുടെ കൂട്ടിമുട്ടലുകളിൽനിന്നുതന്നെ മോശെക്ക് ദൈവീകമായി ലഭിച്ചിട്ടുള്ള മഹാസിദ്ധികളെ കണ്ടറിയുവാൻ യിസ്രായേല്യർക്ക് ലഭിച്ച സന്ദർഭങ്ങൾ സുലഭമായിരുന്നു. പക്ഷെ, യിസ്രായേല്യരുടെ മോചനത്തിന്നു പിറകെ മോശെ തന്റെ രക്ഷിതാവിങ്കൽനിന്നു സ്വീകരിച്ച ഗ്രന്ഥവുമായി യിസ്രായേൽ ഗോത്രങ്ങൾക്കരികിൽ വന്നപ്പോൾ, തങ്ങളുടെ രക്ഷിതാവ് മോശെയോട് സംസാരിച്ചതുപോലെ ദൈവം യിസ്രായേൽജനങ്ങളോട് സംസാരിക്കയും, മോശെ ദൈവത്തെ ദർശിച്ചതുപോലെ തങ്ങൾ ദൈവത്തെ ദർശിക്കയും ചെയ്താലല്ലാതെ അവർ വിശ്വസിക്കാൻ സന്നദ്ധരല്ലെന്നു യിസ്രായേല്യർ വ്യക്തമാക്കി. ഫറവോന്റെ അഹങ്കാരത്തെക്കാൾ കഠിനമായിരുന്നു യിസ്രായേല്യരുടെ ആത്മശൂന്യത. ഇമാം ഇബ്നു സൈദ് (റ) ഈ രേഖയുടെ വ്യാഖ്യാനത്തിൽ താഴെ കാണുന്ന വിധത്തിൽ പറഞ്ഞിട്ടുണ്ട്:- മൂസാ (അ) തന്റെ രക്ഷിതാവിന്റെ സന്നിധാനത്തിൽനിന്നു തൗറാത്തിന്റെ പലകകളുമായി തിരിച്ചു വന്നപ്പോൾ തന്റെ ജനങ്ങളായ യിസ്രായേൽക്കാരോട് പറഞ്ഞു: "നിശ്ചയമായിട്ടു ഈ പലകകളിൽ സാക്ഷാൽ സത്യമായ ദൈവത്തിന്റെ ഗ്രന്ഥമാണുള്ളതു; നിങ്ങളോട് അവൻ പ്രവർത്തിക്കുവാൻ ശാസിച്ചിരിക്കുന്നതായ, അവന്റേതായ ശാസനയും നിങ്ങൾക്ക് അവൻ നിരോധിച്ചിരിക്കുന്നതായ, അവന്റേതായ നിരോധനവുമാണുള്ളതു്." അപ്പോൾ അവർ പറഞ്ഞു: ആരാണതു് സ്വീകരിക്കുവാൻ പോകുന്നു നിന്റെ തനിച്ചുള്ള പറച്ചിൽകൊണ്ട്? ഇല്ല ആരും അതു സ്വീകരിക്കുകയില്ല; സാക്ഷാൽ സത്യമായ ദൈവത്താണെ ഞങ്ങളതു സ്വീകരിക്കുകയില്ല; ഞങ്ങൾ ദൈവത്തെ പ്രത്യക്ഷത്തിൽ കാണുന്നതുവരെ, ദൈവം തന്നെ ഞങ്ങൾക്കുമേൽ വെളിപ്പെടുന്നതുവരെ. അതിനെ

അവൻ തന്നെ ഞങ്ങളോട് പറയണം: ഇതു എൻെറ ഗ്രന്ഥമാണ് അതിനാൽ നിങ്ങൾ അതിനെ സ്വീകരിക്കുവിൻ. (തബരി). മോശെയെ ധിക്കരിച്ചതിൻെറ ഫലമായിട്ടാണ് യിസ്രായേല്യർ പിന്നീട് മോശെയെ പിൻപററി സത്യവേദഗ്രന്ഥത്തെ സ്വീകരിച്ചു നടന്നുകൊള്ളാമെന്ന് പ്രത്യേകമായി ഉടമ്പടി ചെയ്യേണ്ടിവന്നതു. തങ്ങളുടെ ഗോത്രത്തിൽപെട്ട മഹാ വ്യക്തിയായിരുന്നിട്ടുകൂടി യിസ്രായേല്യർ മോശെയെ സന്മനസ്സോടുകൂടെ പ്രവാചകനായി സ്വീകരിക്കയുണ്ടായില്ലെന്ന സംഗതിയാണ് ഖുർആൻ ഇവിടെ എടുത്തുകാണിക്കുന്നതു. ഈ രേഖയുടെ പൂർവ്വാർദ്ധത്തിൻെറ വിശദീകരണങ്ങൾക്ക് സംഹിത 2ൽ രേഖ 63ഉം കുറിപ്പുകളും നോക്കുക.

രേഖ 89ൽ വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് യിസ്രായേല്യർ കാണിച്ചിരുന്ന പ്രത്യാശകൾ വെളിവാക്കപ്പെട്ടു; ധിക്കാരത്തിൻെറ വൈപരീത്യത്തെ ചിന്താവിഷയമാക്കിത്തീർക്കയും ചെയ്തു; രേഖ 90ൽ മുഹമ്മതുനബി (സ)യെ ധിക്കരിച്ചതിലുള്ള വ്യക്തിപരവും ഗോത്രസംബന്ധവുമായ സംഗതി ചൂണ്ടിക്കാണിച്ചു; അതിൻെറ അനാശാസ്യതയും അനന്തരഫലവും തെളിയിച്ചു. യിസ്രായേല്യർ അവരുടെ പ്രത്യാശകളുടെ ദശയിൽനിന്നു എത്ര അകലെ എത്തിയിരിക്കുന്നുവെന്ന് ഖുർആൻ വിശദമാക്കി; രേഖ 91ൽ സത്യത്തെ അവർ എങ്ങിനെ സമീപിക്കുന്നുവെന്നും അവരുടെ സമീപനം എത്രകണ്ട് അർത്ഥശൂന്യമാണെന്നും എന്നാൽ ആ സമീപനംതന്നെ ഒരു അടിസ്ഥാന രീതിയിൽ അവർ പുലർത്തിയിട്ടില്ലെന്നും പ്രസ്താവിച്ചു; അവരുടെ ധിക്കാരത്തിന്നുള്ള താല്ക്കാലികങ്ങളായ കാരണങ്ങളായിട്ടാണ് ഈ വസ്തുതകളെല്ലാം പ്രതിപാദിക്കപ്പെട്ടതും; രേഖ 92ഉം രേഖ 93ൻെറ ആദ്യഭാഗവും, അതിൻെറ ഭിന്നമുഖങ്ങളായ തെളിവുകളെയാണ് ഉൾക്കൊള്ളുന്നതു്; അവരുടെ ധിക്കാരത്തിന്നുള്ളതായ കാരണങ്ങളെ സംബന്ധിച്ച് അവരുടെ സ്വന്തം ചരിത്രസംഭവങ്ങളിൽകൂടിയുള്ള അനുസ്മരണങ്ങളാണിവ; എന്നാൽ രേഖ 93ൻെറ പര്യവസാനത്തിൽ അവരുടെ ധിക്കാരത്തെത്തന്നെ അവരുടെ എല്ലാ അന്യായങ്ങൾക്കും ഉള്ള മൂലകാരണമായി എടുത്തുകാട്ടുകയാണ് ഖുർആൻ ചെയ്തിരിക്കുന്നതു; ധിക്കാരമാണ് സകല ദുർവൃത്തികൾക്കുമുള്ള മൂലഹേതു; ധിക്കാരത്തിൽ ദുർവൃത്തികൾ ജനിക്കുന്നു; ദുർവൃത്തികൾ ധിക്കാരത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു; അങ്ങിനെ ദുർവൃത്തികൾകൊണ്ട് ബലപ്പെടുത്തപ്പെട്ട ധിക്കാരത്തിൽനിന്നു കൂടുതൽ കഠിനങ്ങളായ ദുർവൃത്തികൾ രൂപമെടുക്കുന്നു; പിന്നെയും പിന്നെയും കൂടുതൽ കൂടുതൽ കഠിനമായ പരിണാമങ്ങൾക്ക് ധിക്കാരത്തിൻെറ പ്രവർത്തനഗതി വിധേയമായിത്തീരുന്നു; ധിക്കാരിയുടെ മനോവൃത്തിയേക്കാൾ കൂടുതലായി ധിക്കാരത്തിന്ന് വ്യവസ്ഥിതമായ കാരണമുണ്ടാകയില്ലെന്ന മാനസിക സിദ്ധാന്തത്തിലേക്ക് വഴി തെളിയിക്കയാണ് ഖുർആൻ ഈ രേഖയുടെ പര്യവസാനത്തിൽ സാധിക്കുന്നതു്. പ്രവൃത്തികൊണ്ടു ധിക്കാരികളും, വാക്കു കൊണ്ട് വിശ്വാസികളുമായ നിലയിലാണ് ഖുർആൻ യിസ്രായേല്യരെ കാണുന്നതു.

തങ്ങളുടെ ഗോത്രക്കാർക്കു നല്കപ്പെട്ട വേദഗ്രന്ഥത്തിൽ യിസ്രായേല്യർ വിശ്വസിക്കുന്നുണ്ടെന്ന വസ്തുതയാണു യിസ്രായേല്യരുടെ വിശ്വാസവാദത്തിൻെറ കരടുപകർപ്പ്. യിസ്രായേല്യരായ പ്രവാചകന്മാർക്കു നിവേദനം ചെയ്യപ്പെട്ട രേഖകളിൽ മാത്രം വിശ്വസിച്ചാൽ മതിയോ പോരെയോ എന്ന പ്രശ്നമല്ല ഖുർആൻ ഇവിടെ ഉന്നയിക്കുന്നതു; തങ്ങളുടെ പ്രവാചകന്മാരുടെ കൂട്ടത്തിൽവെച്ചു പ്രാമാണികനായ മോശെയെക്കൂടി യിസ്രായേല്യർ പിൻപററുകയും വിശ്വസിക്കയും ചെയ്തിട്ടില്ലെന്ന സംഗതിയാണ് യിസ്രായേല്യരുടെ ശ്രദ്ധയിൽ ഖുർആൻ കൊണ്ടുവരുന്നതു്; ഫറവോനെ നേരിടുന്ന വിഷയത്തിൽ മോശക്കു വെളിപ്പെടുത്തേണ്ടി വന്ന തെളിവുകൾ യിസ്രായേല്യരെ വിശ്വാസത്തിന്നു വിധേയരാക്കുവാൻ മതിയായവയായിരുന്നു. പക്ഷെ, യിസ്രായേല്യർ അവയെ കണ്ടറിയുവാനുള്ള സന്മനസ്സു കാണിച്ചില്ല. പിന്നീടു വിശ്വസിക്കാതെ നിവൃത്തിയില്ലാത്ത ഭീകരങ്ങളായ പരിതഃസ്ഥിതികൾ സൃഷ്ടിക്കപ്പെട്ടപ്പോഴാണ് മോശെയുടെ ജനങ്ങൾതന്നെ മോശെ കൊണ്ടുവന്ന ഗ്രന്ഥത്തിൽ വിശ്വസിച്ചതു; തങ്ങളുടെ രക്ഷിതാവായ ദൈവത്തിൻെറ ചൊല്ലുകേട്ടു ചൊല്പടിക്കൊത്തു നടക്കുവാനുള്ള വ്യവസ്ഥയിന്മേലാണവർ തങ്ങളുടെ പ്രതിജ്ഞ ചെയ്തിട്ടുള്ളതു്. എന്നാൽ അവർ പ്രവർത്തിച്ചതു ചൊല്ലുകേട്ടു, ചൊല്പടിക്കെതിരായി നടക്കുക എന്നതാണ്. തങ്ങളുടെ ഗോത്രത്തിൽനിന്നു തന്നെ മഹാനായൊരു പ്രവാചകൻ വന്നിട്ടും വിശ്വസിക്കാതെ ഗത്യന്തരമില്ലാതായിട്ടും പ്രതിജ്ഞാബദ്ധരായിട്ടുംകൂടി കല്പനകളെ നിരാകരിച്ചവരാണ് യിസ്രായേൽ ജനങ്ങൾ. ഇത്രയും മനസ്സിലാക്കിയാൽ "ഞങ്ങൾക്കു അവതരിപ്പിക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്ന അവരുടെ പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു, അതുകൊണ്ടു മതിയാകുമോ അതല്ല അതിന്നപ്പു

റത്തുള്ളതിൽ വിശ്വസിക്കേണ്ടതില്ലേ എന്നതിനെപ്പററി, അവരെ സംബന്ധിച്ച പ്രതിപാദിക്കമ്പോൾ ആലോചിക്കേണ്ടതില്ല. അവർക്ക അവതരിപ്പിക്കപ്പെട്ടതിൽ അവർ വിശ്വസിക്കുന്നുവെന്നതു പരമാർത്ഥമാണെങ്കിൽ മാത്രമേ അങ്ങിനെ ഒരു പ്രശ്നം ഉണ്ടാകുവാനുള്ളു. അഥവാ അവർ പറയുന്ന വിധത്തിൽ, അവർ തന്നെ വിശ്വസിക്കുന്നുണ്ടെങ്കിൽ, അവരുടെ വേദഗ്രന്ഥത്തിൽതന്നെ മുൻകൂട്ടി അറിവിക്കപ്പെട്ട "ആ പ്രവാചകനിൽ" അവർ വിശ്വസിക്കാതിരിക്കുവാൻ ഇടയില്ലാത്തതാണ്; അവർ ഒന്നിലും അടിസ്ഥാനപരമായി വിശ്വസിക്കുന്നില്ലെന്നതാണു പരമാർത്ഥം; ഞങ്ങൾ ചൊല്ല കേൾക്കുകയും ചൊല്ലടിക്കു നടക്കുകയെന്നതിനെ നിരാകരിക്കയും ചെയ്തു എന്നാണ് അവരുടെ പ്രവൃത്തികൾ തെളിയിച്ചതു; ചൊല്ല കേൾക്കുകയും ചൊല്ലടിക്കനുസരിച്ച നടക്കുകയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വിശ്വാസികളുടെ നില. സംഹിത 2ൽ രേഖ 285 നോക്കുക. "സമിഅ" എന്ന വാക്കിനെയാണ് ഇവിടെ "കേട്ടു" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു. കേട്ടതിന്നനുസരിച്ച പ്രവർത്തിച്ചു; ചൊല്ലടിക്കു നടന്നു എന്നും ഇതിന്നു അർത്ഥമുണ്ട്; (അബൂഹയ്യാൻ). അനുസരിക്കുക എന്ന അർത്ഥത്തിൽ ഈ വാക്ക് ഖുർആനിൽതന്നെ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. സംഹിത 36ൽ രേഖ 25 നോക്കുക; (തബരീ). ഞങ്ങൾ കേട്ടു; ഞങ്ങൾ നിരാകരിക്കയും ചെയ്തു എന്നുള്ള പ്രസ്താവനക്ക്, ഞങ്ങൾ വാക്കുകളെ കേൾക്കുകയും കല്പനകളെ നിരാകരിക്കയും ചെയ്തു എന്ന അർത്ഥമാണുള്ളതു് (തബരി). പറഞ്ഞു=ഖാല എന്ന വാക്കിന്നു പ്രകടിപ്പിച്ചു, വെളിപ്പെടുത്തി, കാണിച്ചു എന്നീ അർത്ഥങ്ങൾകൂടി ഉള്ളതു ഇവിടെ സ്മരിക്കത്തക്കതാണ്.

യിസ്രായേല്യരുടെ പക്കൽ അടിയുറച്ചതായി വല്ലതും ഉണ്ടെങ്കിൽ അതു അവരുടെ കുട്ടിക്കാള ദൈവത്തോടുള്ള പ്രതിപത്തി ഒന്നു മാത്രമാണ്; യിസ്രായേല്യരുടെ ഹൃദയങ്ങളിൽ നിറയെ പശുക്കിടാവിനോടുള്ള ഭക്തി കുടിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന പ്രസ്താവനയുടെ ഉള്ളടക്കം ഇതാണ്; കുട്ടിക്കാള ദൈവത്തെ സംബന്ധിച്ച വിശദീകരണങ്ങൾക്ക് സംഹിത 2ൽ രേഖ 51ഉം കുറിപ്പുകളും നോക്കുക.

"സീനായി" പർവ്വതത്തിങ്കൽവെച്ച യിസ്രായേല്യർക്ക വേണ്ടിയുള്ള കല്പനകളും നിയമങ്ങളും നല്കപ്പെടുകയും ജനങ്ങൾ അവയെ നടപ്പിൽവരുത്തിക്കൊള്ളാമെന്ന് വാക്കു പറയുകയും ചെയ്തതിൽപ്പിന്നെ, യിസ്രായേല്യരുടെ പ്രവാചകനായ മോശെ പർവ്വതത്തിലേക്ക് പോയി; അങ്ങിനെ അവരുടെ പ്രവാചകന്റെ അസാന്നിദ്ധ്യത്തിൽ അവർ സ്വർണ്ണംകൊണ്ടുള്ളൊരു കുട്ടിക്കാളദൈവത്തെയുണ്ടാക്കി അതിനെ ആരാധിച്ചു; മോശെ മടങ്ങിയെത്തിയപ്പോൾ, തന്റെ ജനങ്ങൾ കാളക്കുട്ടി ദൈവത്തിന്റെ മുമ്പാകെ ജപമിരിക്കുന്നതായിട്ടാണ് കണ്ടതു്. അതിനാൽ മോശെയുടെ കോപാഗ്നി ശക്തിയായി ജ്വലിച്ചു. പഴയ നിയമത്തിൽനിന്നു താഴെക്കാണുന്ന വിശദീകരണങ്ങൾ ലഭിക്കുന്നുണ്ട്:

"മോശെ തിരിഞ്ഞ പർവ്വതത്തിൽനിന്നു ഇറങ്ങി; സാക്ഷ്യത്തിന്റെ പലക രണ്ടും അവന്റെ കയ്യിൽ ഉണ്ടായിരുന്നു; പലക ഇപ്പുറവും അപ്പുറവുമായി ഇരുവശത്തും എഴുതിയതായിരുന്നു. പലക ദൈവത്തിന്റെ പണിയും പലകയിൽ പതിഞ്ഞ എഴുത്ത് ദൈവത്തിന്റെ എഴുത്തും ആയിരുന്നു; ജനം ആർത്തുവിളിക്കുന്ന ഘോഷം യോശുവ കേട്ടപ്പോൾ അവൻ മോശെയോടു: പാളയത്തിൽ യുദ്ധഘോഷം ഉണ്ടു എന്നു പറഞ്ഞു. അതിന്നു അവൻ: ജയിച്ചു ആർക്കുന്നവരുടെ ഘോഷമല്ല, തോററു നിലവിളിക്കുന്നവരുടെ നിലവിളിയുമല്ല; പ്രതിഗാനം ചെയ്യുന്നവരുടെ ഘോഷമത്രേ ഞാൻ കേൾക്കുന്നതു് എന്നു പറഞ്ഞു. അവൻ പാളയത്തിന്നു സമീപിച്ചപ്പോൾ കാളക്കുട്ടിയെയും നൃത്തങ്ങളെയും കണ്ടു. അപ്പോൾ മോശെയുടെ കോപം ജ്വലിച്ചു. അവൻ പലകകളെ കയ്യിൽനിന്നു എറിഞ്ഞു പർവ്വതത്തിന്റെ അടിവാരത്തുവെച്ചു പൊട്ടിച്ചുകളഞ്ഞു. അവർ ഉണ്ടാക്കിയിരുന്ന കാളക്കുട്ടിയെ അവൻ എടുത്തു തീയിൽ ഇട്ടു ചുട്ടു അരെച്ചു പൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രായേൽ മക്കളെ കുടിപ്പിച്ചു; (പുറപ്പാടു് 32ൽ 15 മുതൽ 20 വരെ). സ്വർണ്ണക്കാളക്കുട്ടിയെ മോശെ പൊടിച്ചുവെന്നുള്ള സംഭവത്തെ സംബന്ധിച്ച ഖുർആൻ പ്രതിപാദിക്കുന്നുണ്ട്; സംഹിത 20ൽ രേഖ 97 നോക്കുക. പക്ഷെ വെള്ളത്തിൽ കലക്കി കുടിപ്പിച്ചുവെന്നുള്ളതല്ല കടലിൽ വിതറി നശിപ്പിച്ചുവെന്ന വസ്തുതയാണ് ഖുർആൻ വെളിപ്പെടുത്തുന്നതു്. ഭസ്മമായി പൊടിക്കപ്പെട്ട "കാളക്കുട്ടിദൈവത്തെ" മോശെ കടലിൽ വിതറിയപ്പോൾ, തങ്ങളുടെ പ്രിയപ്പെട്ട പൊന്നുദൈവത്തിന്റെ ശകലങ്ങൾ കലങ്ങിക്കൂടിയ കടൽവെള്ളത്തെ കുടിക്കുവാനാണ് യിസ്രായേല്യർ ബദ്ധപ്പാടു കാണിച്ചതു; (തബ്രീ). എന്നാൽ ഈ രേഖയിൽ വ്യക്തമാക്കപ്പെട്ടി

94. നീ പറയുക:
നിങ്ങൾക്കുള്ളതാണ് പാരത്രികമായ വസതിയെങ്കിൽ
അല്ലാഹുവിൻെറ പക്കൽ;
(നിങ്ങൾക്ക) തനിച്ചതായിട്ടു,
ജനങ്ങൾക്ക പങ്കില്ലാതെ കണ്ടു;
എന്നാൽ നിങ്ങളാഗ്രഹിക്കുവിൻ; മരണത്തെ.
നിങ്ങൾ സത്യവാദികളാണെങ്കിൽ.[123]

٩٤. قُلْ إِنْ كَانَتْ لَكُمُ الدَّارُ الْآخِرَةُ عِنْدَ
اللَّهِ خَالِصَةً مِّنْ دُونِ النَّاسِ
فَتَمَنَّوُا الْمَوْتَ إِنْ كُنْتُمْ صَادِقِينَ ۝

ഗദ്യഭാഷ

94. പാരത്രികമായ വസതി, അല്ലാഹുവിൻെറ പക്കൽ, ജനങ്ങൾക്ക പങ്കില്ലാതെ നിങ്ങൾക്ക തനിച്ചുള്ളതാണെങ്കിൽ, എന്നാൽ, നിങ്ങൾ സത്യസന്ധരാണെങ്കിൽ, നിങ്ങൾ മരണത്തെ കൊതിക്കുവിൻ എന്നു നീ പറയുക.

രിക്കുന്ന വസ്തുത പശുക്കുട്ടിയെ വെള്ളത്തിൽ കലക്കി യിസ്രായേല്യരെ കുടിപ്പിക്കപ്പെട്ടുവെന്നോ, കടലിൽ കലക്കപ്പെട്ടപ്പോൾ യിസ്രായേല്യർ കുടിച്ചു എന്നോ ഉള്ളതല്ല; കുട്ടിക്കാളദൈവത്തോടുള്ള ക്ഷേതിയും പ്രതിപത്തിയും ഹൃദയങ്ങളിൽ പ്രത്യേകമായി നിറച്ചുകുടിപ്പിക്കപ്പെട്ടുവെന്നുള്ളതാണ്; (തബരി). ഹൃദയങ്ങളിൽ കുടിപ്പിക്കപ്പെട്ടുവെന്നുള്ള ഛായാരൂപമായ പ്രതിപാദനത്തിനു കൂടുതൽ യുക്തമായ വ്യാഖ്യാനമാണിതു്. എന്നാൽ ഖുർആൻ എടുത്തുകാണിക്കുന്ന സംഗതി കാളക്കുട്ടിയുടെ വിഗ്രഹത്തെക്കൊണ്ടു എന്തു ചെയ്തുവെന്നുള്ളതല്ല; സത്യത്തെ ധിക്കരിക്കുന്നതിലുള്ള അവരുടെ താല്പര്യത്താൽ മിഥ്യയായ വിഗ്രഹാരാധനയിലേക്ക് യിസ്രായേല്യർ ചെന്നുവീണുവെന്നുള്ളതാണ്. യിസ്രായേല്യർ വിഗ്രഹാരാധന ചെയ്തതുകൊണ്ടു ധിക്കാരികളായിത്തീർന്നവരല്ല; ധിക്കരിക്കുകയെന്നതു നിയമമാക്കിയതുകൊണ്ടു കുട്ടിക്കാള ദൈവാരാധന തുടങ്ങിയ നീചവൃത്തികളിലേക്ക് ചെന്നുവീണവരാണ്. പക്ഷെ തങ്ങളുടെ ധിക്കാരപ്രവൃത്തികളെ സംബന്ധിച്ചു, വിശ്വാസപ്രേരണയാൽ ചെയ്യപ്പെടുന്ന കർമ്മങ്ങളാണെന്ന ധാരണയാണ് യിസ്രായേല്യർ വെച്ചുപുലർത്തുന്നതു്. തങ്ങൾ വിശ്വാസികളാണെന്ന വാദമാണ് യിസ്രായേല്യർക്കുള്ളതു്. പാപങ്ങൾ പുണ്യകർമ്മങ്ങളാണെന്നു സമർത്ഥിക്കുന്ന കൂട്ടത്തിൽ പെട്ടൊരു വാദഗതിയാണിതു്; പുണ്യങ്ങളെന്നു പേരിട്ടതുകൊണ്ടു പാപകർമ്മങ്ങളുടെ സ്വാഭാവികങ്ങളായ പരിണാമങ്ങൾ മാറുകയില്ല; യിസ്രായേല്യർ വിശ്വാസികളാണോ ധിക്കാരികളാണോ എന്ന പ്രശ്നത്തെപ്പററി ഖുർആൻ ഇവിടെ വിശകലനം ചെയ്യുന്നില്ല. എന്നാൽ യിസ്രായേല്യർ ചെയ്യുന്ന പ്രവൃത്തികളുടെ ഗുണദോഷങ്ങൾ വെച്ചുകൊണ്ടു അവരുടെ വിശ്വാസത്തെപ്പററി ഖുർആൻ വിധി പറയുന്നതു നോക്കുക. നിങ്ങൾ വിശ്വാസികളാണെങ്കിൽ, തീരെ ദുഷിച്ചു നാറിയ സംഗതികൾക്ക് കല്പിക്കുന്ന വിശ്വാസമാണ് നിങ്ങൾക്കുള്ളതെന്നു പറയേണ്ടിയിരിക്കുന്നു; യാഥാർത്ഥ്യങ്ങൾക്ക വിലയിരുത്തുന്നതിൽ ഖുർആൻ പ്രകടിപ്പിക്കുന്ന തീക്ഷ്ണമായ സത്യതല്പരതയുടെ മഹത്തായൊരു നിദർശനമാണിതു്; പേരുകൾ മാറുന്നതുകൊണ്ടു വസ്തുക്കൾ മാറുന്നില്ലെന്ന മഹത്തായ വസ്തുവിജ്ഞാന തത്വത്തെയിതു വെളിപ്പെടുത്തുകകൂടി ചെയ്യുന്നു.

123. മനുഷ്യൻ സത്യത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ പിന്നെ, അതിൽ വിശ്വാസിയാണെന്നു പറയുന്നതുകൊണ്ടു, തൻെറ ദുഷ്കർമ്മങ്ങളുടെ നിലക്ക് പ്രത്യേകമായൊരു നന്മയുണ്ടാകുന്നില്ലെന്ന പ്രസ്താവനയാണ് ഖുർആൻ രേഖ 93ൻെറ പര്യവസാനത്തിൽ വെളിപ്പെടുത്തിയതു്. പ്രവർത്തികളെ നന്നാക്കുന്നതിനുതകാത്ത വിശ്വാസത്തെ ഖുർആൻ, യഥാർത്ഥമായ വിശ്വാസമായി ഗണിക്കുന്നില്ലെന്ന വസ്തുതയാണ് മേല്പറഞ്ഞ പ്രസ്താവനയുടെ തത്വപരമായ വിവക്ഷ; എന്നാൽ ഈ വസ്തുതയെ വെളിപ്പെടുത്തുന്ന കൂട്ടത്തിൽ ദുഷ്കർമ്മങ്ങൾക്ക പ്രേരണ കൊടുക്കുന്നതായ മിഥ്യാവലംബങ്ങളെ വിശ്വാസത്തിൻെറ വകഭേദമെന്നു കണക്കാക്കുകകൂടി ഖുർആൻ ചെയ്യുന്നുണ്ടു്. വിശ്വാസത്തിനു വേണ്ടിയുള്ള വിശ്വാസത്തെയല്ല, സാക്ഷാൽ സത്യമായ ദൈവത്തിനു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുവാൻ പ്രേരണ കൊടുക്കുന്ന വിശ്വാസത്തെയാണ് സത്യതല്പരനായ മനുഷ്യൻ കൈക്കൊള്ളേണ്ടതായി ഖുർആൻ ശാസിക്കുന്നതു്. എന്നാൽ "വിശ്വാസം" എന്നു നിരുപാധികമായി പറഞ്ഞാൽ സത്യത്തെ മാത്രം ലക്ഷീകരിച്ചുകൊണ്ടുള്ളതും ഖുർആനിൻെറ ശാസനാ വിഷയമായിട്ടുള്ളതുമാ

യ വിശ്വാസത്തെ മാത്രമാണ് ഖുർആൻ വിവക്ഷിക്കുന്നത്. അങ്ങിനെയുള്ള വിശ്വാസമാണെങ്കിൽ അതു അനർത്ഥങ്ങൾക്കും അക്രമങ്ങൾക്കും അന്യായങ്ങൾക്കും അനുവദിക്കുകയോ ആജ്ഞ കൊടുക്കുകയോ ചെയ്യുകയില്ല; രേഖ 93ലെ പ്രതിപാദനവിഷയം നിരുപാധികമായ വിശ്വാസമല്ല; യിസ്രായേല്യർ തങ്ങളുടേതെന്നു വാദിക്കുന്നതും ദുർവൃത്തികൾക്ക് പ്രേരണ നല്കുന്ന മിഥ്യാവലംബങ്ങളുടെ നിലയിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നതുമായ വിശ്വാസ വൈപരീത്യമാണ് ഇവിടത്തെ പ്രതിപാദനവസ്തു. രേഖ 94ൽ കൊണ്ടുവരപ്പെട്ടിരിക്കുന്നതു, തങ്ങൾക്കുണ്ടെന്നു യിസ്രായേല്യർ തന്നെ വാദിക്കുന്നതും വിശ്വാസമെന്നു വിളിക്കപ്പെടുന്നതുമായ മിഥ്യാവലംബങ്ങളെ വെച്ചുകൊണ്ടുള്ള ധാർമ്മികമായൊരു വെല്ലുവിളിയാണ്.

വസ്തുതകൾ സത്യമാകയാൽ, സത്യമായ വസ്തുതകളിൽ വിശ്വസിക്കുക; വിശ്വാസത്തിന്നനുസരിച്ചു പ്രവർത്തിക്കുക എന്നതാണ് ഖുർആൻ നിലകൊള്ളുന്ന വിശ്വാസപദ്ധതിയുടെ മൗലികമായ പ്രവർത്തനരീതി. യിസ്രായേല്യരുടേതാവട്ടെ നേരെ വിപരീതമായിത്തീർന്നിരിക്കയാണ്; തങ്ങൾ വിശ്വസിക്കുന്നതിനാൽ, വിശ്വസിക്കപ്പെടുന്ന വസ്തുതകൾ സത്യമാകാനേ തരമുള്ളുവെന്നും, തങ്ങളുടെ പ്രവൃത്തിദോഷങ്ങളെ തങ്ങളുടെ പ്രത്യേകതയായ വിശ്വാസഗുണങ്ങൾ പരിഹരിക്കുമെന്നും ഉള്ളതാണ് യിസ്രായേല്യാർ ഖുർആനിന്റെ പുറപ്പാടു കണ്ടതോടെ കൈക്കൊണ്ടതായ നില. പാരത്രികമായ കർമ്മഫലങ്ങൾ യിസ്രായേൽക്കാരനല്ലാത്ത വ്യക്തിക്കു ലഭ്യമല്ലെന്ന ശാഠ്യത്തിൽ ചെന്നവസാനിക്കുന്നതുവരെ, മേല്പറഞ്ഞ ചിന്താഗതി യിസ്രായേല്യരിൽ വളർന്നുകൂടി. പ്രവൃത്തികൾക്കല്ല വിശ്വാസത്തിന്നാണ് പാരത്രികജീവിതത്തിൽ വിലയുള്ളതു എന്നാണ് യിസ്രായേല്യർ വാദിക്കുന്നത്; തന്നെയല്ല ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതായി ഗണിക്കപ്പെടുന്ന യിസ്രായേൽ ഗോത്രത്തിന്നല്ലാതെ പാരത്രികമായ നന്മകൾ സിദ്ധിക്കാവുന്നതുമല്ല. ഗോത്രപരമായ നിലനില്പിന്നുവേണ്ടി ചെയ്തുകൂട്ടുന്ന കെടുതികൾ പാപങ്ങൾ മുതലായവക്കു, തങ്ങൾ ശിക്ഷിക്കപ്പെടുകയില്ലെന്നും, സത്യവിശ്വാസത്തിന്റെ പ്രേരണയാൽ ചെയ്യപ്പെടുന്ന സദ്കർമ്മങ്ങൾകൊണ്ടു മററു ജനങ്ങൾക്കു യിസ്രായേല്യരേക്കാൾ മികച്ച ജീവിതസിദ്ധികൾ നേടുക സാദ്ധ്യമല്ലെന്നും ലോകത്തെ ധരിപ്പിക്കുകയെന്ന കാര്യമാണ് യിസ്രായേല്യർ മേല്പറഞ്ഞ വാദത്താൽ ലക്ഷ്യമാക്കുന്നത്. യിസ്രായേല്യരുടെ സ്വന്തമായ മനസ്സാക്ഷിക്കുകൂടി വിരുദ്ധമായൊരു പ്രസ്താവനയാണിതെന്നു പ്രവൃത്തിമൂലമായി ചൂണ്ടിക്കാണിക്കുന്നതല്ലാതെ തത്വപരമായൊരു വിശകലനത്തിന്നു ഖുർആൻ ഇവിടെ യോഗ്യത കാണുന്നില്ല. നോക്കുക; മലിനമായ പ്രവൃത്തികളാൽ വികൃതപ്പെട്ടു പോയിരിക്കുന്ന യിസ്രായേല്യരുടെ ധാർമ്മികമായ മനുഷ്യപ്രകൃതിയിൽ, പിന്നെയും നശിക്കാതെ മറഞ്ഞുകിടക്കുന്ന മനസ്സാക്ഷിയെ യിസ്രായേല്യരുടെ പ്രവൃത്തികളിൽക്കൂടിത്തന്നെ വെളിപ്പെടുത്തുവാൻ ഖുർആനിന്റെ പ്രഖ്യാപകനായ നബി (സ) ശാസിക്കപ്പെട്ടിരിക്കുന്നു; “നീ പറയുക” എന്ന കല്പന യിസ്രായേല്യരുടെ മനസ്സാക്ഷിയുടെ സത്യാവസ്ഥയെ തുറന്നുകാട്ടുവാനുള്ള ശാസനയെ ആണ് കുറിക്കുന്നത്. യിസ്രായേല്യാരുടെ ഗോത്രപരമായ വികൃതവാദങ്ങളെ ദുർബ്ബലപ്പെടുത്തുന്നതിനോടുകൂടെത്തന്നെ മനുഷ്യന്റെ പ്രകൃതിവിശേഷത്തിന്നുള്ളതും നൈസർഗ്ഗികവുമായ മനസ്സാക്ഷിയെ തിരനീക്കി തുറന്നുകാട്ടുകയുമാണ് ഖുർആൻ ചെയ്യുന്നത്. സാക്ഷാൽ സത്യമായ ദൈവത്തിന്റെ പക്കൽ, മററു ജനങ്ങൾക്കു പങ്കില്ലാത്ത വിധത്തിൽ, യിസ്രായേല്യർക്കു മാത്രമായി ലഭിക്കുന്നതാണ് പാരത്രികമായ ജീവിതലാഭങ്ങളെങ്കിൽ, മേല്പറഞ്ഞ കാര്യത്തിൽ യിസ്രായേല്യർ സത്യവാദികളാണെങ്കിൽ യിസ്രായേല്യർക്കു മരിക്കുവാനാണ്, സ്വാർത്ഥലാഭങ്ങൾ രക്ഷിക്കുവാനുള്ളതിനേക്കാൾ താല്പര്യമുണ്ടാവുക; യിസ്രായേല്യരെ അഭിമുഖീകരിച്ചുകൊണ്ടു, അവരോടു മരണത്തെ ആഗ്രഹിക്കുവാൻ പറയുക എന്നാണ് ഇവിടെ അന്ത്യപ്രവാചകൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. അവരുടെ അഭിപ്രായവും അവർ പ്രകടിപ്പിക്കുന്ന ആശയവും അവരുടെ തന്നെ ആത്മാർത്ഥതയുമായി എത്ര അന്തരമുണ്ടെന്നു അസന്നിദ്ധമായി അറിയുന്നതിന്നുള്ള ആഹ്വാനമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്.

“ഫ തമന്നവുൽ-മവ്ത=അപ്പോൾ നിങ്ങൾ മരണത്തെ കൊതിക്കുവിൻ” എന്ന പ്രയോഗത്തിന്നു കുറെക്കൂടി വ്യക്തമായൊരു വ്യാഖ്യാനമുണ്ടു; സത്യവാദികളല്ലാത്ത വിഭാഗക്കാർ മരിക്കുവാനായി നിങ്ങൾ പ്രാർത്ഥിക്കുവിൻ എന്നു യിസ്രായേൽക്കാരോടു പറയുക എന്ന ആശയത്തെയാണ് ഇതു കുറിക്കുന്നതു; ഇമാം ഇബ്നു അബ്ബാസ് (റ:) ഈ രേഖയുടെ വ്യാഖ്യാനത്തിൽ ഇങ്ങിനെയാണ് പറഞ്ഞിരിക്കുന്നത്; (തബരി). സംഹിത 3ൽ രേഖ 60ഉം കുറിപ്പുകളും നോക്കുക.

95. അവരതിനെ ഒരിക്കലും ആഗ്രഹിക്കുകയുമില്ലതന്നെ,
അവരുടെ കൈകൾ മുൻകൂട്ടി
ചെയ്തുവെച്ചിട്ടുള്ളതുകൊണ്ട്.
അല്ലാഹു മഹാവിജ്ഞാനിയാണുതാനും;
അക്രമകാരികളെക്കുറിച്ച്.[124]

٩٥- وَلَنْ يَّتَمَنَّوْهُ اَبَدًا
بِمَا قَدَّمَتْ اَيْدِيْهِمْ
وَاللّٰهُ عَلِيْمٌ بِالظّٰلِمِيْنَ ۝

ഗദ്യഭാഷ

95. അവരുടെ കൈകൾ മുൻകൂറായി ചെയ്തുവെച്ചിട്ടുള്ള (കെടുതി) കാരണത്താൽ അവർ അതിനെ (മരണത്തെ) ഒരിക്കലും കാംക്ഷിക്കയില്ലതന്നെ; അല്ലാഹു, അക്രമകാരികളെക്കുറിച്ചു വളരെയേറെ വിജ്ഞാനമുള്ളവനാണുതാനും.

124. യിസ്രായേല്യർ വാദിക്കുന്നതു തങ്ങളുടെ സ്വന്തം മനസ്സാക്ഷിക്കെതിരായ സംഗതിയാണെന്നു തെളിയിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് രേഖ 94ൽ വ്യക്തമാക്കപ്പെട്ടതു്; രേഖ 95ൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനഫലങ്ങളെക്കുറിച്ചുള്ള മുന്നറിവുകൾ നല്കപ്പെടുന്നു. ഖുർആനിന്റെ സത്യാവസ്ഥയും യാഥാർത്ഥ്യനിഷ്ഠയും പ്രഖ്യാപിക്കുകയെന്നുള്ളതാണ് ഈ മുന്നറിവുകൾകൊണ്ടു സാധിക്കുന്നതു്.

യിസ്രായേല്യർ സ്വാർത്ഥലാഭങ്ങൾക്കെതിരായി മരണത്തെ പ്രിയപ്പെടുകയില്ലെന്നുള്ള വസ്തുതയാണ് പ്രധാനമായി മുന്നറിവു കൊടുക്കപ്പെട്ടിരിക്കുന്നതു്; ഒരു പ്രകാരത്തിലും ഒരിക്കലും അതു ഉണ്ടാവുകയില്ലെന്നു ഉറപ്പിച്ചു പറയപ്പെടുകയും ചെയ്തിരിക്കുന്നു. അതിനോടു കൂടെത്തന്നെ അങ്ങിനെ ചെയ്യാതിരിക്കുന്നതിൽ അവർക്കുള്ള അടിസ്ഥാന കാരണത്തെ ഖുർആൻ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നുണ്ട്; നോക്കുക: യിസ്രായേല്യരുടെ വാദങ്ങൾ താഴെ പറയുന്നവയാണ്:- യിസ്രായേല്യർ വിശ്വസിക്കുന്നതാണ് സത്യമായിട്ടുള്ളതു്; പാരത്രികമായിട്ടു യിസ്രായേല്യർക്കുള്ള നേട്ടങ്ങൾ മററുള്ളവർക്കു ലഭിക്കുകയില്ല; വിശ്വാസമുണ്ടായാൽ പ്രവൃത്തികൾ ദുഷിച്ചതുകൊണ്ടു ദോഷമില്ല; വിശ്വാസത്തിന്നാണ് വില, പ്രവൃത്തികൾക്കു വിലയില്ല. അവരുടെ പ്രസ്താവനകളിൽനിന്നും പ്രവൃത്തികളിൽനിന്നും കിട്ടുന്ന ആശയങ്ങളുടെ ആകെത്തുകയാണിതു്. എന്നാൽ യിസ്രായേല്യരുടെ നേരെ കൊണ്ടുവന്നിരിക്കുന്ന വെല്ലുവിളിയെ നേരിടുകയെന്നതു യിസ്രായേല്യർക്കു സാദ്ധ്യമല്ല; “അവർ അതിനെ (മരണത്തെ) ഒരിക്കലും ആഗ്രഹിക്കയില്ലതന്നെ” എന്ന വാക്യാംശത്താൽ ഖുർആൻ വ്യക്തമാക്കുന്ന വസ്തുതയാണിതു്. എന്നാൽ അവർ അതിനെ അഭിമുഖീകരിക്കാതിരിക്കുവാൻ ഉള്ള കാരണമായി ഖുർആൻ ചൂണ്ടിക്കാണിക്കുന്ന വസ്തുതയൊന്നു പരിശോധിക്കുക; തങ്ങളുടെ കൈകൾകൊണ്ടു യിസ്രായേല്യർ ചെയ്തുകൂട്ടിയിരിക്കുന്ന പ്രവൃത്തികൾ തങ്ങളെ പാരത്രികമായ ദുരിതങ്ങൾക്കു പാത്രമാക്കിത്തീർത്തിരിക്കുന്നു എന്ന സംഗതി യിസ്രായേല്യർ ഗ്രഹിച്ചിട്ടുണ്ട്. മനുഷ്യഗുണമായ അവരുടെ മനസ്സാക്ഷി തങ്ങളുടെ പുണ്യപാപങ്ങൾക്ക് കാരണമായി കണക്കാക്കുന്നതു തങ്ങളുടെ പ്രവൃത്തികളെയാണ്; വർഗ്ഗമഹിമയെ അല്ല; അതുകൊണ്ടാണ് യിസ്രായേല്യർ ഖുർആനിന്റെ ആഹ്വാനത്തെ നേരിടുന്നതിന്നു ധൈര്യപ്പെടാത്തതു്; അവരുടെ സ്വന്തം മനസ്സാക്ഷി തന്നെ അവർക്കെതിരാണ്; എന്നാൽ അതിനെ ഉണർന്നു പ്രവർത്തിക്കുവാൻ അവർ അനുവദിക്കുന്നുമില്ല; എന്നുതന്നെയല്ല, അവരുടെ മനസ്സാക്ഷിക്കെതിരായി അവർ അക്രമങ്ങളായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു; അക്രമങ്ങൾ, കാണപ്പെടുന്നവയും കാണപ്പെടാത്തവയും എന്നിങ്ങിനെ രണ്ടു വിധമാണ്; ആദ്യത്തേതു പരസ്യവും പിന്നെത്തേതു രഹസ്യവുമാണെന്നുള്ള വ്യത്യാസം മാത്രമേ അതിന്നുള്ളു. എന്നാൽ അവ എല്ലാം അക്രമങ്ങൾ തന്നെയാണ്; അതു ചെയ്യുന്നവർ എല്ലാവരും അക്രമികളും തന്നെ. അക്രമങ്ങളിൽ ഏററവും രഹസ്യമായതു ഒരാൾ തന്റെ ആത്മാവിനെക്കൊണ്ടു ചെയ്യുന്ന ക്രമക്കേടാണ്. യിസ്രായേല്യർ ഇവ രണ്ടിലും സുലഭമായി വ്യാപരിക്കുന്നവരാണ്. എന്നാൽ അക്രമങ്ങളുടെ രീതികളിലുള്ള പരസ്യവും രഹസ്യവുമായ നിലകൾ, അക്രമികളെ സംബന്ധിച്ച സാക്ഷാൽ സത്യമായ ദൈവത്തിന്നു ജ്ഞാനമുള്ളതാണെന്ന വിഷയത്തിൽ ഭേദഗതിയുണ്ടാക്കുന്നില്ല; അവൻ എല്ലാററിനേയും എല്ലാ നിലയിലും അറിയുന്നു. തങ്ങളുടെ സ്വന്തം മനസ്സാക്ഷിക്കെതിരായി യിസ്രായേല്യരാകട്ടെ മററാരാകട്ടെ, ചെയ്തുകൊണ്ടിരിക്കുന്ന അക്രമങ്ങൾ സാക്ഷാൽ സത്യമായ ദൈവം അറിയാത്തതല്ല. അവരുടെ പ്രവൃത്തികൾ പരസ്യമായാലും രഹസ്യമായാലും അവർ അക്രമകാരികളാണെന്നു അല്ലാഹു അറിയുന്നുണ്ടു.—അവന്റെ അറിവ്, കാലദൂരവ്യത്യാസങ്ങൾക്കു വിധേയമല്ല.

96. നിശ്ചയമായിട്ടും നീയവരെ കണ്ടെത്തുന്നതുമാണ്;
ജനങ്ങളിൽവെച്ച് ഏററവും കൂടുതൽ
അത്യാർത്തിയുള്ളതായിട്ടും, ജിവിതത്തിൽ;
ദൈവത്തോടു കൂട്ടുചേർത്തിട്ടുള്ളവരെക്കാളേറെയുംതന്നെ.
അവരിൽ ഒരാൾ ആശിക്കുന്നു
അവന്നു ആയുസ്സ് ദീർഘിപ്പിക്കപ്പെട്ടെങ്കിലെന്നു;
ആയിരം ആണ്ടുകളോളം.
അതുമവനെ മാററിനിറുത്തുന്നതല്ല; ശിക്ഷയിൽനിന്നു.
അവനു ദീർഘായുസ്സ് നല്കപ്പെടുകയെന്നതുംതന്നെ,
(അവനെ മാററിനിർത്തുകയില്ല).
അല്ലാഹു ദർശിച്ചുകൊണ്ടിരിക്കുന്നവനാണ്താനും;
അവർ പ്രവർത്തിക്കുന്നുള്ളതിനെ.[125]

٩٦- وَلَتَجِدَنَّهُمْ أَحْرَصَ النَّاسِ عَلَىٰ حَيٰوةٍ
وَمِنَ الَّذِينَ أَشْرَكُوا
يَوَدُّ أَحَدُهُمْ لَوْ يُعَمَّرُ أَلْفَ سَنَةٍ
وَمَا هُوَ بِمُزَحْزِحِهِ مِنَ الْعَذَابِ أَنْ
يُعَمَّرَ
وَاللّٰهُ بَصِيرٌ بِمَا يَعْمَلُونَ ○

ഗദ്യഭാഷ

96. ജനങ്ങളിൽ വെച്ച്, (ദൈവത്തോടു) കൂട്ടുചേർത്തിട്ടുള്ളവരേക്കാളുമേറെ, (ഐഹിക)ജീവിതത്തിൽ അത്യാർത്തിയുള്ളവരായിട്ടു നീയവരെ നിശ്ചയമായിട്ടു, കണ്ടെത്തുന്നതാണ്; അവരിൽ ഒരാൾ ആയിരം ആണ്ട്‌വരെ ആയുസ്സു ദീർഘിപ്പിക്കപ്പെട്ടെങ്കിൽ എന്നു ആശിക്കുന്നു; അതു തന്നെയും, അവന്നു ദീർഘായുസ്സു നല്കപ്പെടുകയെന്നതും തന്നെ, അവനെ ശിക്ഷയിൽനിന്നു മാററി നിറുത്തുന്നതല്ല. അവർ പ്രവൃത്തിക്കുന്നതിനെ അല്ലാഹു (സദാ) കണ്ടുകൊണ്ടിരിക്കുന്നവനാണ്.

125. രേഖ 95ൽ യിസ്രായേല്യർ പാരത്രികജീവിതത്തെ കൊതിക്കുന്നില്ലെന്ന വസ്തുതയാണ് മുന്നറിയിപ്പായി നല്കപ്പെട്ടതു്. പാരത്രികത്തിൽ ഞങ്ങൾക്കല്ലാതെ മുക്തിയില്ലെന്നു യിസ്റായേല്യർ വായ്കൊണ്ടു പറയുന്നുവെങ്കിൽകൂടി തങ്ങളുടെ മനസ്സാക്ഷി അവരുടെ സിദ്ധാന്തത്തോടു യോജിക്കുന്നില്ല. പാരത്രികമായ ജീവിതാനുഭവങ്ങളിൽ അവർക്കു അവർ പറയുന്നത്ര ആഗ്രഹമില്ലെന്നു മാത്രമല്ല, ഏതെങ്കിലും ഒരു തരത്തിലുള്ള ഐഹികജീവിതത്തിൽ അവരെപ്പോലെ അത്യാർത്തിയുള്ളവർ വേറെ കാണപ്പെടുകയില്ല; പാരത്രികജീവിതത്തിൽ അവർക്കു അനുഭവിക്കുവാനിരിക്കുന്ന അവശതകളേയും അവഹേളനത്തേയും അവർ അറിയുന്നുവെന്നതിനു ഇതു കൂടുതൽ വിശദീകരണമായി നില്ക്കുന്നു; (ഇമാം മുജാഹിദ്, റ:) ഒരു ജീവിതം എന്നതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നതു ഏതെങ്കിലും തരത്തിലുള്ള ഐഹികമായ ഉപജീവനകാലത്തെയാണ്; (തബരി). ജനങ്ങളിൽ ഏററവും അത്യാർത്തിയുള്ളവർ എന്നു പറഞ്ഞിട്ടു, അങ്ങിനെയുള്ള അത്യാർത്തിയുള്ളവരുടെ ഉദാഹരണമായി കൊണ്ടുവരപ്പെട്ടിരിക്കുന്ന ജനവിഭാഗത്തെയാണ്, കൂട്ടുദൈവങ്ങളിൽ വിശ്വസിക്കുന്നവർ എന്ന വാക്കു കുറിക്കുന്നതു്. ആദ്ധ്യാത്മികമായ ഗുണദോഷങ്ങളെക്കുറിച്ചു യാതൊന്നും ഗ്രഹിച്ചിട്ടില്ലാത്തവരാണ് കൂട്ടുദൈവാരാധനക്കാരായ ജനങ്ങൾ; അവസാനത്തേതും അനശ്വരവും ആയ ഒരു ജീവിതത്തിൽ കൂട്ടുദൈവാരാധനക്കാർ വിശ്വസിക്കുന്നില്ല; അതിനാൽ ഇവിടെ റൊക്കമായി കിട്ടുന്ന സുഖസൌകര്യങ്ങളിൽ കൂടുതൽ യാതൊന്നുമവർ പ്രതീക്ഷിക്കുന്നില്ല: അതുപോലെത്തന്നെ ഈ ജീവിതത്തെ വിട്ടുപിരിയുക എന്നതു അവർക്കു അത്യധികം വേദനാജനകമായൊരു കാര്യമാണ്; ഇവിടത്തേതു അവസാനിച്ചാൽ എല്ലാം അവസാനിക്കുന്നുവെന്നുള്ളതാണ് അവരുടെ ആശങ്കാപൂർവ്വമായ അറിവു്. എന്നാൽ ഒരു കാര്യം വ്യക്തമാണ്; ഈ ജീവിതത്തിൻെറ അവസാനത്തോടുകൂടെ ഇവിടുത്തെ സുഖങ്ങൾ നഷ്ടപ്പെട്ടുവെന്നല്ലാതെ, ഇവിടത്തെ പാപങ്ങളുടെ ഫലമായി വരാനിരിക്കുന്ന കുറേ ദുരിതങ്ങൾ സഹിക്കുവാനുണ്ടെന്ന ഭീതി അവർക്കില്ല; അവർ അങ്ങിനെയൊന്നു അറിയുന്നുമില്ല. അതുകൊണ്ടു അവരുടെ ഭീതി, അനുഭവിച്ചുകൊണ്ടിരിക്കുന്ന സുഖങ്ങളുടെ നഷ്ടത്തെസംബന്ധിച്ചുള്ളതു മാത്രമാണ്; യിസ്റായേല്യരുടെ ഭീതിയുടെ നില അങ്ങിനെയുള്ളതല്ല; ഇവിടം വിട്ടാൽ ഇവിടത്തെ സുഖങ്ങൾ കൈവിട്ടുപോകുന്നുവെന്നു മാത്രമല്ല, ഇവിടത്തെ സുഖതാല്പര്യങ്ങളെ നിലനിർത്തുന്നതിന്നായി ഇവിടെ ചെയ്തുകൂട്ടിയിട്ടുള്ള കെടുതികളുടെയും പാപങ്ങളുടെയും ദുഷിച്ച ഫലങ്ങൾ കയ്യേൽക്കുവാനുണ്ടെന്ന ഭയങ്കരമായ ഭീതികൂടി യിസ്റായേല്യർക്കുണ്ടു്. അക്കാര്യത്തിൽ അത്രയൊക്കെ അറിവു അവർക്കുണ്ടെന്നു ഖുർആൻ സൂചിപ്പിക്കുന്നു. ഇതുകൊണ്ടാണ് യിസ്റായേല്യർ ബഹു

## സന്ധി 12

### യിസ്രായേല്യർ; അവൎക്കു അന്ത്യപ്രവാചകനോടുള്ള ശത്രുത.

(അവരുടെ പക്ഷപാതിക ചിന്ത; അവർ കൈക്കൊണ്ടിട്ടുള്ള അതിക്രമങ്ങൾ; അവർ ചെയ്തുകൂട്ടുന്ന അന്യായപ്രവൃത്തികളേയും പുലൎത്തിപ്പോരുന്ന അധമശീലങ്ങളേയും നിർദ്ദോഷികളായ പ്രവാചകന്മാരുടെ മേൽ ചുമത്തുന്നു. അറിവോടുകൂടി ചെയ്യപ്പെടുന്ന അഴിമതികൾ; അവർ ഒന്നും അറിയേണ്ട വിധത്തിൽ അറിയുന്നില്ല; അവർ അറിഞ്ഞിരുന്നെങ്കിൽ!)

97. നീ പറയുക:
ആർതന്നെ ജിബ്‌രീലിന്നു ശത്രുവായിരിക്കുന്നു;
അപ്പോൾ അവനാണ് അതിനെ, ഇറക്കിയിരിക്കുന്നു,
നിന്റെ ഹൃദയത്തിങ്കൽ;
അല്ലാഹുവിന്റെ അനുമതികൊണ്ടു്.
അതിന്റെ മുമ്പാകെയുള്ളതിനെ
പരമാൎത്ഥീകരിച്ചുകൊണ്ടും, മാൎഗ്ഗദൎശനമായിക്കൊണ്ടും,
വിശ്വാസികൾക്കൊരു
സന്തോഷവാൎത്തയായിക്കൊണ്ടുംതന്നെ.[126]
(ജിബ്‌രീലാണ് അതിനെ ഇറക്കിയിരിക്കുന്നു)

٩٧- قُلْ مَنْ كَانَ عَدُوًّا لِّجِبْرِيلَ فَإِنَّهُ
نَزَّلَهُ عَلَىٰ قَلْبِكَ بِإِذْنِ اللَّهِ مُصَدِّقًا
لِّمَا بَيْنَ يَدَيْهِ وَهُدًى وَبُشْرَىٰ
لِلْمُؤْمِنِينَ ○

ഗദ്യഭാഷ

97. നീ പറയുക: ആരുതന്നെ ജിബ്‌രീലിന്നു ശത്രുവായിരിക്കട്ടെ! എന്നാൽ അവൻ (ജിബ്‌രീൽ)ആണ്, അതിനെ (ഖുർആനിനെ) നിന്റെ ഹൃദയത്തിൽ, അല്ലാഹുവിന്റെ അനുമതികൊണ്ടു, അതിന്റെ മുമ്പാകെയുള്ളതിനെ സത്യബോധപ്പെടുത്തുന്നതായിട്ടും മാൎഗ്ഗദൎശനമായിട്ടും, വിശ്വാസികൾക്കൊരു സന്തോഷ വാൎത്തയായിട്ടും ഇറക്കിയിരിക്കുന്നതു്.

---

ദൈവക്കാരേക്കാൾ കൂടുതൽ മരണഭീതിയുള്ളവരാണെന്നും ജീവിതത്തിൽ അത്യാൎത്തിയുള്ളവരാണെന്നും ഖുർആൻ വെളിപ്പെടുത്തുന്നതു്; (തബരി). ബഹുദൈവക്കാരുടെ ഐഹികമായ അത്യാൎത്തിക്കു ഒരു നിദർശനമായിട്ടു ഖുർആൻ എടുത്തുകാട്ടിയിരിക്കുന്ന സംഗതി നോക്കുക; അവരിൽ ചിലർ വെച്ചുപുലൎത്തുന്ന ഐഹികമായ ആശയുടെ ഒരു അളവാണ് അതു കാണിക്കുന്നതു്. ആയിരം കൊല്ലത്തേക്കു് തന്റെ ആയുസ്സ് നീട്ടിക്കിട്ടിയെങ്കിൽ എന്നു അവരിൽ ഒരാൾ ആഗ്രഹിക്കുന്നു; പാരസീകരുടെ കുലഗുരുവായ സൌരാസ്ഥരുടെ പിൻഗാമികൾ ക്ഷേമാശംസ ചെയ്യുമ്പോൾ ഒരു ആയിരം കൊല്ലത്തിന്നുള്ള ആയുസ്സുണ്ടാകട്ടെ എന്നു പ്രാൎത്ഥിക്കുന്ന സമ്പ്രദായക്കാരാണ്. ഇവിടെ പ്രതിപാദനത്തിലിരിക്കുന്ന വാക്യാംശത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന കൂട്ടുദൈവക്കാർ അവരിൽപ്പെട്ട ആളുകളാണെന്നു ബലമായൊരു വ്യാഖ്യാനഗതിയുണ്ടു്: (അബൂൽ ആലിയ, റ:).

എന്നാൽ ഖുർആൻ ഇക്കാൎയ്യത്തിൽ അതിന്റെ വിധി പ്രസ്താവിക്കുന്നതു ഒരാളുടെ ആയുസ്സിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടല്ല; ആയുസ്സു എത്ര നീണ്ടുനിന്നു എന്നതിന്നല്ല, എങ്ങിനെ അതിനെ ഒരാൾ വിനിയോഗിച്ചു എന്നതിന്നാണ് ഖുർആൻ പരിഗണന കൊടുക്കുന്നതു്. സത്യത്തെ മനസ്സിലാക്കി സത്യമായി ജീവിക്കുന്നതിന്നു വിനിയോഗിച്ചില്ലെങ്കിൽ, ദീർഘായുസ്സ് മനുഷ്യനെ മഹാ പാപിയാക്കി മാററുവാനാണ് പ്രേരകമായിത്തീരുക. മരിക്കുവാൻ താമസമുണ്ടാകുന്നതുകൊണ്ടു, അല്ലെങ്കിൽ ആയുസ്സു നീണ്ടുകിടക്കുന്നതുകൊണ്ടു് ആയുഷ്കാലത്തു് മനുഷ്യൻ ശേഖരിക്കുന്ന ദുർവൃത്തികൾക്കുള്ള ദുഷിച്ച ഫലങ്ങൾ—പാരത്രികശിക്ഷകൾ—നീങ്ങിപ്പോകുന്നതായി വിചാരിച്ചുകൂടാ. ആയുസ്സു എത്ര നീണ്ടതായാലും അതിലെ ഓരോ നിമിഷവും അവനെ തന്റെ അവസാനത്തോടു അടുപ്പിക്കുന്നതാണ്; ഖുർആൻ ജീവിതത്തിന്റെ ഗുണദോഷങ്ങൾക്കാണ് വിലയിരുത്തുന്നതു്; വലിപ്പച്ചെറുപ്പങ്ങൾക്കല്ല; കാലത്തിന്റെ മതിപ്പു പ്രവൃത്തിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതു മാത്രമാണ്; സദ്പ്രവൃത്തിയില്ലെങ്കിൽ ആയുഷ്കാലം ശൂന്യവും, ദുഷ്പ്രവൃത്തിയാൽ ആയുസ്സു ശാപവുമാണ്. നന്മക്കല്ലെങ്കിൽ തിന്മക്കു് ജീവിതകാലത്തെ കഴിച്ചുകൂട്ടാതെ മനുഷ്യന്നു ഗത്യന്തരമില്ല; നന്മയല്ലെങ്കിൽ തിന്മ മനുഷ്യൻ പ്രവൃത്തിക്കാതെ പോവുകയുമില്ല. മേല്പറഞ്ഞ സംഗതിയാണ് ജീവിതകാലത്തിന്നു വിലയിരുത്തുന്ന

[ 126-ാമത്തെ കുറിപ്പ് അടുത്ത പേജിൽ ]

മൂല്യവസ്തു. ജീവിതമൊരു മിഥ്യയല്ല; യാഥാർത്ഥ്യമാണ്; സ്വപ്നമല്ല, സത്യമാണതു; ഭാവിയിൽനിന്നു ഭൂതത്തിലേക്ക് നീങ്ങുന്ന നിമിഷങ്ങളുടെ ഗതിയെ മനുഷ്യൻ മുറിച്ചുകടക്കുന്നതിന്റെ പേരാണ് ജീവിക്കുകയെന്നതു; ഓരോ നിമിഷത്തിൽക്കൂടിയുമുള്ള മനുഷ്യന്റെ ഓരോ ചലനവും, അവന്നു അതു അനുവദിച്ചുകൊടുക്കുന്ന അവന്റെ രക്ഷിതാവു് കണ്ടുകൊണ്ടിരിക്കുന്നു എന്നു അറിഞ്ഞു മനുഷ്യൻ ജീവിക്കേണ്ടതാണ്; ഓരോ നിമിഷത്തേയും എങ്ങിനെ ഉപയോഗിച്ചു എന്നതിന്നു മനുഷ്യൻ ഉത്തരവാദിയാണ്. ഈ രേഖയുടെ ആശയമൂല്യമിതാണ്.

126. യിസ്രായേല്യരുടെ വിരോധങ്ങളുടെയും വാദങ്ങളുടെയും വൈപരീത്യങ്ങളും വികൃതരൂപങ്ങളുമാണ് മുൻപു കഴിഞ്ഞ രേഖകളിൽ വിസ്തരിക്കപ്പെട്ടതു്; രേഖ 98നോടു കൂടെ മേൽപറഞ്ഞ ഗുണങ്ങളും ഐഹികമായ ജീവിതത്തിന്നുവേണ്ടി മാത്രമുള്ള പരിശ്രമത്തിന്നായി ഭവിച്ചുവെന്നുള്ള വസ്തുതയാണ് വ്യക്തമാക്കപ്പെട്ടതു; ലൗകികമായ പക്ഷപാതിക ബുദ്ധിയോടുകൂടിയല്ലാതെ യാതൊരു വിഷയത്തെക്കുറിച്ചും യിസ്രായേല്യർക്ക് ചിന്തിക്കുവാൻ സാധിക്കാതായിത്തീർന്ന പരിതഃസ്ഥിതിയിലാണ് യിസ്രായേല്യർ പ്രസ്തുത ഗുണങ്ങളോടുകൂടെ വന്നുവീണതു്; ഖുർആനിന്റെ പ്രഖ്യാപകനായ നബി (സ) യോടുള്ള വിരോധത്തിലും യിസ്രായേല്യരിൽ കാണപ്പെടുന്ന സംഗതി ഇതുതന്നെയാണ്. പക്ഷേ നബി (സ) യോടുള്ള വിരോധത്തിന്റെ കാര്യത്തിൽ, തങ്ങളുടെ മലിനമായ ഗോത്രമനഃസ്ഥിതിയുടെ പ്രവർത്തനഫലമായിട്ടാണ് യിസ്രായേല്യർ വെറുപ്പു കാണിക്കുവാൻ തുടങ്ങിയതെന്നു വിചാരിക്കാമെന്നിരിക്കട്ടെ; യിസ്രായേല്യരുടെ പക്ഷപാതികമായ വിരോധാഭാസങ്ങളുടെ ബാധ അവിടെ അവസാനിക്കുന്നില്ല. സാക്ഷാൽ സത്യമായ ദൈവത്തിൽനിന്നു മാതൃകാ പ്രവാചകനായ നബി (സ) ക്കു് നിവേദനങ്ങൾ കൊണ്ടെത്തിച്ചു കൊടുക്കുന്ന ദൈവദൂതനായ മലക്ക് ജബ്റായീലി (അ: സ:) നോടു തന്നെ യിസ്രായേല്യർക്ക് ശത്രുതയാണുള്ളതു്; സത്യമായ ദൈവത്തിൽ നിന്നുള്ളതായ കല്പനയില്ലാതെ യാതൊരു വിധമായ പ്രവൃത്തിയും ചെയ്യാത്ത പരമവിശ്വസ്ഥരായ മലക്കുകളോടുംകൂടി വിരോധഭാവങ്ങൾ—പക്ഷപാതിക ചിന്തകൾ—വെച്ചുപുലർത്തുന്നവരാണ് യിസ്രായേല്യർ; പക്ഷെ, യിസ്രായേല്യർക്ക് ജബ്രായേൽ ദൂതനോടു വിരോധമാണെന്നു വെച്ചിട്ടു, തന്റെ ഹൃദയത്തിങ്കൽ ഖുർആനിനെ കൊണ്ടെത്തിച്ചതു ജബ്രായീൽ ദൂതനാണെന്ന സത്യാവസ്ഥയെ യഹൂദരുടെ മുമ്പാകെ വെളിപ്പെടുത്താതെ വെച്ചുകൊണ്ടിരിക്കുവാൻ പ്രവാചകന്നു പാടില്ല. "നീ പറയുക" എന്ന വാക്യാരംഭത്തിലെ ശാസനയുടെ തീക്ഷ്ണത നോക്കുക; സത്യമായിട്ടുള്ളതിനെ മനസ്സിലാക്കി, സത്യസന്ധമായ ജീവിതത്തെ നയിച്ചു, സാക്ഷാൽ സത്യമായ ദൈവത്തിലേക്കു മനുഷ്യലോകത്തെ ക്ഷണിക്കുവാൻ നിയോഗിക്കപ്പെട്ട മഹാ മനുഷ്യനാണ് പ്രവാചകൻ; സത്യത്തെ തുറന്നുപറഞ്ഞാൽ മിഥ്യാബോധങ്ങൾ വെച്ചുപുലർത്തുന്ന വ്യക്തികളുടെ വിരോധഭാവങ്ങൾ പ്രതികൂലമായി പ്രവൃത്തിക്കുമെന്നു ശങ്കിച്ചുകൊണ്ടു സത്യത്തെ മറച്ചുവെക്കുവാൻ, സത്യത്തിന്നു സമർപ്പിച്ചു ജീവിക്കുന്ന മനുഷ്യന്നു പാടുള്ളതല്ല; നേരെമറിച്ചു, സത്യമായിട്ടുള്ളതിനെ നിസ്സങ്കോചമായി പ്രസ്താവിക്കുകയെന്നതാണ് മേൽപറഞ്ഞ പരിതഃസ്ഥിതിയിലുംകൂടി ഖുർആൻ കൊടുക്കുന്ന കല്പന; സത്യത്തിന്റെ പ്രഖ്യാപകനായ പ്രവാചകന്നുംകൂടി മേല്പറഞ്ഞ കല്പന പ്രത്യേകമായി വ്യക്തമാക്കിക്കൊടുക്കാതെകണ്ടു ഖുർആൻ വിട്ടുകളയുന്നില്ല; സത്യത്തെ പ്രഖ്യാപിക്കുന്ന വിഷയത്തിൽ ഖുർആൻ കൈക്കൊണ്ടിരിക്കുന്ന തീക്ഷ്ണമായ നിലപാടിനെ ഇതു വെളിപ്പെടുത്തുന്നു. നബിയുടെ പിൻഗാമിയായി ജീവിക്കുന്ന വ്യക്തിക്കു, സത്യാസത്യങ്ങളെ വേർപെടുത്തി വെളിവാക്കി കാണിക്കുന്ന വിഷയത്തിൽ സ്വീകരിക്കേണ്ടതായ ധാർമ്മികമായ ചുമതലയെ മേൽപറഞ്ഞ ശാസന ചൂണ്ടിക്കാണിക്കുന്നുണ്ടു്.

പ്രത്യാഘാതങ്ങളെ ഭയന്നുകൊണ്ടു സത്യത്തെ പറയാതിരിക്കുന്നതിനെ ഖുർആൻ നിരോധിക്കുന്നു; പറയുന്ന വ്യക്തി, കേൾക്കുന്നവരുടെ വെറുപ്പിനേയോ വിദ്വേഷത്തേയോ അല്ല കാര്യമാക്കേണ്ടതു്; പറയുന്ന വിഷയത്തിന്റെ യാഥാർത്ഥ്യത്തെയാണ് നോക്കേണ്ടതു്. ആർതന്നെ ജബ്രായീൽ മലക്കിനോടു വിരോധിയായിരിക്കട്ടെ, ജബ്രായീൽ തന്നെയാണ് തന്റെ ഹൃദയത്തിങ്കൽ (ഖുർആനിനെ) കൊണ്ടുവന്നിറക്കിയതു് എന്നു തീർത്തുപറയുവാൻ നബി (സ) ശാസിക്കപ്പെട്ടിരിക്കുന്നതിൽനിന്നു മനസ്സിലാക്കാവുന്ന വസ്തുതയാണിതു്. കേൾക്കുന്നവരിൽനിന്നുള്ള തിരിച്ചടികളെ ധീരമായി നേരിടുകയാണ് വേണ്ടതു; അവർ ആരാണെന്നുള്ള സംഗതി ആലോചിച്ചു അധൈര്യപ്പെടുവാൻ പാടില്ല; എന്നാൽ അവരെ അവഗണിക്കണമെന്നില്ല; അവർക്ക് അനുകൂലമായ ആലോചനകളെ ഉളവാക്കുന്ന മറ്റു പരമാർത്ഥങ്ങളെക്കൂടെ, അവർക്ക് ആരംഭത്തിൽ അസുഖമുളവാക്കുന്ന ആ പ്രസ്താവനയോടു

ഉടനെത്തന്നെ ഖുർആൻ കൊണ്ടുവന്നിരിക്കുന്നതു നോക്കുക: ഒന്നാമതു, അതിനെ അങ്ങിനെ ആ ദൈവദൂതൻ അവതരിപ്പിച്ചിരിക്കുന്നതു തന്റെ സ്വന്തമായൊരു ഹിതത്തിന്നനുസരിച്ചുകൊണ്ടല്ല; സാക്ഷാൽ സത്യമായ ദൈവത്തിന്റെ കല്പനാമൂലമായ അനുമതിയോടുകൂടെയാണതു അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു. യിസ്രായേല്യർക്കു ജബ്രായേലിനോടുള്ള വിരോധത്തിന്റെ മൂലകാരണത്തെത്തന്നെ നിരർത്ഥമാണെന്നു കാണിക്കുന്ന, പരമാർത്ഥരൂപത്തിലുള്ളൊരു പ്രതിപാദനമാണിതു്. രണ്ടാമതു, തങ്ങളുടെ ശത്രുവാണെന്നു യിസ്രായേൽക്കാർ ഗണിച്ചിരിക്കുന്ന ജബ്രായീൽ (അ), അന്ത്യപ്രവാചകനായ മുഹമ്മദു നബി (സ) ക്കു നിവേദനത്തെ കൊണ്ടെത്തിച്ചുകൊടുക്കുകയെന്ന സംഗതി തന്നെ അതിന്നു മുമ്പുള്ള സത്യനിവേദനങ്ങളെ ധിക്കരിക്കുന്ന വിധത്തിലല്ല. അവയുടെ പരമാർത്ഥതയെ സ്ഥാപിക്കുന്ന വിധത്തിലാണു് ഉണ്ടായിട്ടുള്ളതു്. യിസ്രായേല്യരുടെ പക്ഷപാതികമായ ചിന്താഗതിക്കുകൂടി ശ്രദ്ധാർഹമായൊരു കാര്യമാണു്, ഇവിടെ, മുഹമ്മദുനബി (സ) യോടു വെളിപ്പെടുത്തുവാൻ കല്പിക്കപ്പെട്ടിരിക്കുന്ന സത്യപ്രസ്താവനയിൽ ഖുർആൻ വ്യക്തമാക്കുന്നതു്. സത്യത്തിന്നു സമർപ്പിച്ചു ജീവിക്കുന്ന വിശ്വാസികൾ തങ്ങളുടെ പരമാർത്ഥങ്ങളെ വെളിപ്പെടുത്തുമ്പോൾ തങ്ങൾക്കു പ്രതിയോഗികളായിട്ടുള്ള ജനങ്ങളിൽ തന്നെ പരമാർത്ഥങ്ങൾ കാണപ്പെടുന്നുണ്ടെങ്കിൽ മേല്പറഞ്ഞ പരമാർത്ഥങ്ങളെക്കൂടി സത്യമായി പ്രഖ്യാപിക്കുവാൻ സന്നദ്ധരായിരിക്കേണ്ടതാണു്; തന്റെ വിരോധികളിൽ താൻ കാണുന്ന യാഥാർത്ഥ്യങ്ങളെ സമ്മതിച്ചുകൊടുത്താൽ, തനിക്കെതിരായിട്ടു അവർ മേല്പറഞ്ഞ യാഥാർത്ഥ്യങ്ങളെ പ്രയോഗിക്കുന്നതാണെന്ന ഭീതികൊണ്ടു, സത്യവിശ്വാസിയായ മനുഷ്യന്നു പരമാർത്ഥങ്ങളെ മറച്ചുപിടിക്കുവാൻ പാടില്ല; യിസ്രായേല്യരുടെ വിചാരഗതി പക്ഷപാതികമായിട്ടുള്ളതാണെങ്കിൽ കൂടി, ഖുർആൻ പക്ഷപാതികമായിട്ടുള്ളതല്ലെന്ന വസ്തുതയെ വെളിപ്പെടുത്തുന്ന വിശദീകരണരീതിയാണു് ഖുർആൻ ഇവിടെ കൈക്കൊണ്ടിട്ടുള്ളതു്; സത്യത്തെ വെളിപ്പെടുത്തുന്ന വിഷയത്തിൽ ആരാണു് അതിന്നു വിരോധമായി നില്ക്കുന്നതെന്ന സംഗതിയെ വിശ്വാസി കാര്യമാക്കുവാൻ പാടില്ല; എന്നാൽ അതിന്നു വിരോധികളായിട്ടുള്ളവരിൽ തന്നെ സത്യമായിട്ടുള്ളതു വല്ലതുമുണ്ടെങ്കിൽ അതിനെക്കൂടി വെളിപ്പെടുത്തുകയെന്നതു വിശ്വാസിയുടെ കടമയാണു്; ഈ ശാസന പ്രാഥമികമായി ബന്ധപ്പെടുന്നതു ഖുർആനിന്റെ പ്രഖ്യാപകനായ പ്രവാചകനോടാണെങ്കിൽക്കൂടി, കല്പന, പ്രവാചകനെ പിൻപറ്റിയിട്ടുള്ള വിശ്വാസികൾക്കുകൂടി പൊതുവെ ബാധകമാണു്. സത്യത്തെ പ്രഖ്യാപിക്കുന്നതിൽ പ്രതിയോഗികളെപ്പറ്റി ശങ്കിച്ചുനില്ക്കുവാൻ വിശ്വാസിക്കു പാടുള്ളതല്ല; പക്ഷെ, പ്രതിയോഗിയെ പരാജയപ്പെടുത്തുന്നതിന്നുവേണ്ടി തന്റെ വിരോധിയുടെ പക്കലുള്ള പരമാർത്ഥങ്ങളെ വിഗണിക്കുവാനും പാടില്ല; ഖുർആൻ നിർദ്ദേശിക്കുന്ന സത്യപ്രഖ്യാപനപദ്ധതിയുടെ മഹത്തായൊരു മാതൃക നമുക്കു് ഇതിൽ കാണുവാൻ സാധിക്കേണ്ടതാണു്. യിസ്രായേല്യർ വെച്ചുപുലർത്തുന്ന മാതിരിയിലുള്ള പക്ഷപാതിക ചിന്തകൾ, സത്യത്തെ പ്രഖ്യാപിക്കുന്ന വിഷയത്തിന്നു പ്രതിബന്ധമല്ലെന്നു തെളിയിച്ചതിനെത്തുടർന്നു, യിസ്രായേല്യരുടെ ഗാഢമായ കാര്യാലോചനക്കു വിഷയമാക്കേണ്ടതായൊരു സംഗതിയെക്കൂടി ഖുർആൻ വെളിപ്പെടുത്തുന്നതു നോക്കുക; ഖുർആനിന്റെ പ്രയോജനമൂലമായ സവിശേഷതയെ പ്രതിയോഗികളായ യിസ്രായേല്യരുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണു് മേല്പറഞ്ഞ സംഗതിയെ വ്യക്തമാക്കുന്നതിനാൽ ഖുർആൻ സാധിക്കുന്നതു്. ഖുർആൻ നേർമാർഗ്ഗത്തെ കാണിച്ചുകൊടുക്കുന്ന വസ്തുവാണു്; മനുഷ്യനെ നേർവഴിക്കു നയിക്കുന്ന നിലയിലാണു് ഖുർആൻ കൊണ്ടുവരപ്പെട്ടിരിക്കുന്നതു്; യിസ്രായേല്യർ ശത്രുവായി ഗണിച്ചുവെച്ചിട്ടുള്ള മലക്കു് ജെബ്രായീലാണു് അതു കൊണ്ടുവന്നു കൊടുത്തതു എന്ന കാര്യത്തിൽ വേദനപ്പെടുകയല്ല യിസ്രായേല്യർ വേണ്ടതു്; തങ്ങൾ വിരോധിയാണെന്നു ധരിച്ചുവെച്ചിരുന്ന ജെബ്രായേൽ, യിസ്രായേൽക്കാർക്കു കൂടി മാർഗ്ഗദർശകമായിട്ടുള്ള ഖുർആനിനെ കൊണ്ടുവന്നിറക്കിക്കൊടുത്തിരിക്കുന്നുവെന്നതിനാൽ, ജെബ്രായീലിനെക്കുറിച്ചു തങ്ങൾക്കുള്ള ധാരണയെ തിരുത്തുകയാണു് യിസ്രായേല്യർ ചെയ്യേണ്ടതു്. ഖുർആൻ പക്ഷപാതികമായ വിരോധത്തെ നേരിടുന്ന നിർബന്ധമായ സമീപനരീതിയാണു് നാമിവിടെ കാണുന്നതു്.

യിസ്രായേല്യർ ജബ്രായേലിനോടു വിരോധാഭിപ്രായമുള്ളവരാണെങ്കിൽ തന്നെ, ജബ്രായീൽ കൊണ്ടുവന്നു കൊടുത്തതായ നിവേദനങ്ങൾ യിസ്രായേല്യരുടെ തലമുറക്കാർ പിൻപററി വന്നിട്ടുള്ളതായ സത്യവേദങ്ങളുടെ പരമാർത്ഥതയെ തെളിയിക്കുന്ന സ്വഭാവത്തിലുള്ളതാണെന്ന വസ്തുതയാണു് മുൻപറഞ്ഞ വാക്യാംശത്തിൽ വ്യക്തമാക്കിയതു്. പക്ഷെ ഖുർആൻ മേല്പറഞ്ഞ വേദങ്ങളെ സത്യമായി പ്രഖ്യാപിക്കുന്നതു യിസ്രായേല്യരുടെ പക്കലുള്ളതെന്ന നിലക്കല്ല; ഖുർആനിന്നു മുമ്പായി ബലത്തിൽ നിന്നിരുന്നതെന്ന നിലക്കാണു്; യിസ്രായേല്യ

98. ആർതന്നെ ശത്രുവായാൽ, അല്ലാഹുവിന്നു;
അവൻെറ മലക്കുകൾക്കും
അവൻെറ ദൂതന്മാർക്കും, ജബ്റായീലിന്നും
മിക്കായിലിന്നും തന്നെ (ശത്രുവായാൽ);
അപ്പോൾ നിശ്ചയമായിട്ട്,
അല്ലാഹു ഒരു ശത്രുവാണ്; ധിക്കാരികൾക്കും.[127]

٩٨- مَنْ كَانَ عَدُوًّا لِّلّٰهِ وَمَلٰٓئِكَتِهٖ وَرُسُلِهٖ
وَجِبْرِيْلَ وَمِيْكٰىلَ فَاِنَّ اللّٰهَ عَدُوٌّ
لِّلْكٰفِرِيْنَ ۝

ഗദ്യഭാഷ

98. ആർതന്നെ അല്ലാഹുവിന്നും അവൻെറ മാലാഹകൾക്കും ദൂതന്മാർക്കും ജബ്റായീലിന്നും മീക്കായീലിന്നും ശത്രുവായാൽ, അപ്പോൾ അല്ലാഹു ധിക്കാരികൾക്കൊരു ശത്രുവാണ്.

രുടെ പക്കലെന്നു മാത്രമല്ല, മററാരുടെ തന്നെ പക്കലുള്ളതാകട്ടെ സാക്ഷാൽ സത്യമായ ദൈവത്താൽ നിവേദനമാർഗ്ഗമായി നല്കപ്പെട്ട വേദങ്ങളെയെല്ലാംതന്നെ ഖുർആൻ സത്യമായി പ്രഖ്യാപിക്കുന്നു; അവയുടെ സത്യത്തെ അതു തെളിയിക്കയും ചെയ്യുന്നു; യിസ്രായേല്യർ സ്വന്തമായ ക്രയവിക്രയത്താൽ വികൃതപ്പെടുത്തിയതൊഴിച്ചു ശേഷമുള്ള വസ്തുതകളെ ഖുർആൻ സ്വീകരിക്കയാണ് ചെയ്തിട്ടുള്ളതു്. പക്ഷെ, വളരെക്കാലമായി യിസ്രായേൽ പുരോഹിതന്മാർ സ്വതന്ത്രമായി ക്രയവിക്രയങ്ങൾ ചെയ്കയാൽ വികൃതപ്പെട്ടു കിടക്കുന്ന വേദഗ്രന്ഥങ്ങൾ കലപ്പുകൾ തിരിച്ചറിയാൻ സാധിക്കാത്ത വിധത്തിൽ, കുഴഞ്ഞുമറിഞ്ഞു കിടക്കയാണ്; യിസ്രായേല്യർക്കു തന്നെ തങ്ങളുടെ മാർഗ്ഗത്തെ സംബന്ധിച്ച വ്യക്തമായ നില കിട്ടാതെ വിഷമിക്കുകയാണ്; കാലത്തിൻെറ പഴക്കത്താൽ ജീവിത പന്ഥാവിൽ കടന്നുവന്നിട്ടുള്ള വിഭിന്നങ്ങളായ പ്രശ്നങ്ങൾക്കു പരിഹാരങ്ങൾ കാണ്മാൻ, തദ്വാരാ യഥാർത്ഥമായ സത്യജീവിതഗതി മനുഷ്യന്നു തുടൎന്നുപോകുവാൻ കൂടുതൽ മാർഗ്ഗദർശനങ്ങൾ ലഭിക്കാതെ മനുഷ്യന്നു നിവൃത്തിയില്ലാതായിരിക്കുന്നു; യിസ്രായേല്യർക്കു മാത്രമായിട്ടുള്ള ധാർമ്മികപ്രശ്നങ്ങൾക്കു മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുവാനായിട്ടല്ല ഖുർആൻ വന്നിരിക്കുന്നതു്; സത്യത്തിൽ വിശ്വസിക്കുന്ന ജനസമുദായങ്ങൾക്കു പൊതുവെയുള്ള മാർഗ്ഗദർശനമാണതു്; തങ്ങളുടെ പക്കലുള്ള സത്യവേദങ്ങളിൽ വിശ്വസിക്കുന്നതിനോടു കൂടെത്തന്നെ ജീവിതത്തിൻെറ ഭിന്നമുഖങ്ങളായ വിഷമപ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കാണ്മാൻ പ്രയാസപ്പെടുന്ന വിശ്വാസികൾക്ക് ക്ഷേമവാർത്തയറിയിക്കുന്ന മഹാനുഗ്രഹമാണ് ഖുർആൻ. യഥാർത്ഥ സത്യവിശ്വാസികളാണ് തങ്ങളെന്ന് യിസ്രായേല്യർക്കു ബോധ്യമുണ്ടെങ്കിൽ ഖുർആനിൻെറ വെളിപ്പാടിൽ തങ്ങൾക്കു സന്തോഷിക്കുവാനേയുള്ളു. വർഗ്ഗങ്ങൾ, വർണ്ണങ്ങൾ, പ്രദേശങ്ങൾ മുതലായവയെ മുൻനിറുത്തിക്കൊണ്ട് ജീവിച്ചിരുന്ന കാലഘട്ടങ്ങളെ പിന്നിട്ടു, വർഗ്ഗവർണ്ണദേശവ്യത്യാസങ്ങളെ കാര്യമാക്കാതെ വിശ്വമഹാ സമുദായമായി മനുഷ്യൻ ജീവിക്കുവാൻ പ്രാപ്തനായ കാലത്തെയാണ് ഖുർആനിൻെറ പുറപ്പാടു് കുറിക്കുന്നതു്. മനുഷ്യനെ തൻെറ പരമാവധിവരെ വളൎന്നു വ്യാപിക്കുവാൻ ഖുർആൻ വഴി തെളിയിക്കുന്നു. സത്യത്തിൻെറ മുമ്പിൽ വിലകല്പിക്കപ്പെടാത്ത പക്ഷപാതചിന്തകളെ ഖുർആൻ ഗണ്യമാക്കുന്നില്ല; വർണ്ണവർഗ്ഗ കാലദേശങ്ങളെ മുൻനിറുത്തിക്കൊണ്ടു സത്യമായിട്ടുള്ള യാതൊന്നിനേയും അതു വിഗണിക്കുന്നുമില്ല.

ജിബ്റീൽ എന്നു പറയപ്പെട്ടിരിക്കുന്നതു, നിവേദനങ്ങളെ പ്രവാചകന്നു കൊണ്ടെത്തിച്ചുകൊടുക്കുന്ന മലക്കിൻെറ പ്രത്യേകമായ പേരാണ്; മലക്കുകളെ സംബന്ധിച്ച വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 30ഉം കുറിപ്പുകളും നോക്കുക.

127. ജബ്റായീൽ എന്ന ദൈവദൂതനോടു യിസ്രായേല്യർക്കു വിരോധമുള്ളതിനെ കാര്യമാക്കിക്കൊണ്ട് താൻ കേൾപ്പിക്കുന്ന ദൈവീക നിവേദനങ്ങളുടെ സത്യാവസ്ഥയെ യിസ്രായേല്യരോട് പറയാതിരിക്കരുതെന്ന കല്പനയാണ് രേഖ 97ൽ വ്യക്തമാക്കപ്പെട്ടതു്. ഇവിടെ രേഖ 98ൽ ശത്രുതയുടെ കാര്യത്തിൽ പ്രത്യേകമായി ഗൗനിക്കേണ്ടതായൊരു സംഗതിയുള്ളതിനെ ഖുർആൻ വെളിപ്പെടുത്തുന്നു; സാക്ഷാൽ സത്യമായ ദൈവത്തിന്നും അവൻെറ മലക്കുകൾക്കും അവൻെറ ദൂതന്മാരായിട്ടുള്ളവർക്കും ജിബ്രീലിന്നും മീക്കാഈലിന്നും വിരോധമായിട്ടുള്ള വിശ്വാസാചാരങ്ങൾ വെച്ചുപുലർത്തുന്ന ആരെങ്കിലും ഉണ്ടെന്ന കാര്യമല്ല ഗൗനിക്കേണ്ടതു്; സത്യത്തെ ധിക്കരിക്കുന്നവർക്ക് ശത്രുവായിട്ടുള്ളതു സാക്ഷാൽ സത്യമായ ദൈവമാണെന്ന വസ്തുതയാണ് ഗൗനിക്കേണ്ടിയിരിക്കുന്ന

| | |
|---|---|
| 99. ദൃഢമായിട്ടു നാം നിങ്കലേക്കു അവതരിപ്പിച്ചിട്ടുമുണ്ടു്,<br>വ്യക്തങ്ങളായ രേഖകളെ;<br>അവയെ ധിക്കരിക്കുന്നുമില്ല; ദുർന്നടത്തക്കാരല്ലാതെ.[128] | ٩٩- وَلَقَدْ أَنْزَلْنَا إِلَيْكَ آيَاتٍ بَيِّنَاتٍ<br>وَمَا يَكْفُرُ بِهَا إِلَّا الْفَاسِقُونَ ۝ |

ഗദ്യഭാഷ

99. ദൃഢമായിട്ടു നാം നിങ്കലേക്കു് വ്യക്തമായിട്ടുള്ള രേഖകളെ അവതരിപ്പിച്ചിട്ടുമുണ്ടു്; ദുർന്നടത്തക്കാരല്ലാതെ അവയെ ധിക്കരിക്കുന്നുമില്ല.

ണ്ടു്. സത്യത്തെ തുറന്നുപറയുന്ന വിഷയത്തിൽ വിരോധികളെ നോക്കി ശങ്കിക്കുകയല്ല വേണ്ടതു്; സത്യത്തെ ധിക്കരിക്കുന്നവരുടെ ശത്രു സാക്ഷാൽ സത്യമായ ദൈവമാണെന്നു ഗ്രഹിച്ചു ദൈവത്തിൻെറ ശത്രുതയ്ക്കു പാത്രമാകാതെ ജീവിക്കുകയെന്നതാണു് സത്യസന്ധനായ മനുഷ്യൻെറ കടമ; രേഖ 98ലെ പ്രചോദനമൂല്യമിതാണു്.

ജിബ്രീലിൻെറ പേരിൽ യിസ്രായേല്യർക്കുള്ള ശത്രുതയുടെ ചില വിശദീകരണങ്ങൾ പഴയ നിയമത്തിൽ കാണപ്പെടുന്നുണ്ടു്. മോശെയുടെ കാലത്തുതന്നെ യിസ്രായേൽക്കാർക്കു ബാധിച്ചിട്ടുണ്ടായിരുന്ന ദൈവീകമായ ശിക്ഷകൾ, യിസ്രായേല്യരിൽ കൊണ്ടിറക്കിയതു ജിബ്രീൽ എന്ന മലക്കായിരുന്നുവെന്നും അതിനാൽ ജിബ്രീൽ തങ്ങളുടെ വിരോധിയാണെന്നും യഹൂദർ പറഞ്ഞിരുന്നു. യഹൂദർക്കു പുറമെയുള്ള ജനവിഭാഗത്തിൽ പെട്ടവർക്കു ദൈവീകമായ നിവേദനങ്ങൾ കൊണ്ടെത്തിച്ചുകൊടുത്തുവെന്ന കാരണവും യിസ്രായേല്യർ ജിബ്രീലിൻെറ ശത്രുതയുടെ സംഗതിയായി കണക്കാക്കിയിട്ടുണ്ടു്; (റാസി). എന്നാൽ ജിബ്രീൽ ദൈവീകങ്ങളായ നിവേദനങ്ങളെ പ്രവാചകന്മാർക്കു എത്തിച്ചുകൊടുക്കുന്നു എന്ന തത്വത്തിൽ യിസ്രായേല്യർക്കു ഭിന്നാഭിപ്രായമുണ്ടാകുവാൻ നിവൃത്തിയില്ല. പഴയ നിയമത്തിൽ താഴെ കാണുന്ന വിധത്തിൽ പറയപ്പെട്ടിരിക്കുന്നു:- "എന്നാൽ ദാനിയേലെന്ന ഞാൻ ഈ ദർശനം കണ്ടിട്ടു അർത്ഥം ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പുരുഷരൂപം എൻെറ മുമ്പിൽ നില്ക്കുന്നതു കണ്ടു. ഗബ്രീയേലേ ഇവന്നു ഈ ദർശനം ഗ്രഹിപ്പിച്ചുകൊടുക്ക എന്നു ഊലായി തീരത്തുനിന്നു വിളിച്ചുപറയുന്ന ഒരു മനുഷ്യൻെറ ശബ്ദം ഞാൻ കേട്ടു." (ദാനിയേൽ 8ൽ 15-16). "ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രീയേൽ ആകുന്നു. നിന്നോടു സംസാരിപ്പാനും ഈ സദ്വർത്തമാനം നിന്നോടു അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു." (സുവിശേഷത്തിൽനിന്നു; ലൂക്കോസ് 1ൽ 19). "ആറാം മാസത്തിൽ ദൈവം ഗബ്രീയേൽ ദൂതനെ നസറെത്ത് എന്ന ഗലീല പട്ടണത്തിൽ ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന്നു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു." (സുവിശേഷത്തിൽനിന്നു; ലൂക്കോസ് 1ൽ 26-27) "മീക്കാൽ" എന്നതു യിസ്രായേല്യർക്കു പ്രിയപ്പെട്ടതായൊരു മലക്കിൻെറ (മലാഹയുടെ) പേരാണു്; യിസ്രായേല്യരുടെ പ്രീതിക്കു വേണ്ടിയല്ല മീക്കായീൽ പ്രവർത്തിക്കുന്നതു എന്ന വസ്തുതയാണു്, യിസ്രായേല്യർക്കു വിരോധമുള്ള ജബ്രായീലിനോടുകൂടെത്തന്നെ മീക്കായീലിനേയും കൂട്ടിച്ചേർത്തു പ്രതിപാദിക്കുന്നതിനാൽ സൂചിപ്പിക്കപ്പെടുന്നതു്. "ആ കാലത്തു നിൻെറ സ്വജാതിക്കാർക്കു തുണ നില്ക്കുന്ന മഹാ പ്രഭുവായ മീഖായേൽ എഴുന്നേല്ക്കും." (ദാനിയേൽ 12ൽ 1.) മീക്കാൽ എന്നും മീക്കാഈൽ എന്നും, ജിബ്രീൽ എന്നും ജബ്‌റാഈൽ എന്നും ഉള്ളതു മേൽപറയപ്പെട്ട രണ്ടു മലക്കുകളുടെ പേരുകളിലുള്ള പ്രയോഗ ഭേദങ്ങളാണു്. മീകാ=ദാസൻ+ഈൽ=ദൈവത്തിൻെറ=ദൈവത്തിൻെറ ദാസൻ എന്നും, ജബ്‌റാ=ഭൃത്യൻ+ഈൽ=ദൈവത്തിൻെറ=ദൈവത്തിൻെറ ഭൃത്യൻ എന്നും ഈ വാക്കുകൾക്കു് അർത്ഥങ്ങൾ ഉള്ളതായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു; (ഇബ്‌നു ജരീർ). എന്നാൽ ഈ വാക്കുകൾ അബ്‌റാനി (ഹിബ്രു) ഭാഷയിൽനിന്നു ഉടലെടുത്തതാണെന്നും ഒരു പക്ഷമുണ്ടു്; (അബൂഹയ്യാൻ).

128. തങ്ങളുടെ സ്വന്തമാണെന്നു യിസ്രായേല്യർ വാദിക്കുന്ന സത്യവേദ പുസ്തകങ്ങളോടും ദൈവീകനിവേദനങ്ങളോടും ഖുർആൻ കൈക്കൊണ്ടിട്ടുള്ള സത്യബോധത്തെ മുൻനിറുത്തിക്കൊണ്ടു, ഖുർആനിൻെറ നേരെ യിസ്രായേല്യർ കാണിക്കുന്ന നിരാകരണസ്വഭാവത്തെ വെളിപ്പെടുത്തുകയാണു് മുൻപു കഴിഞ്ഞ ചില രേഖകളിൽ ഖുർആൻ ചെയ്തതു്; യിസ്രായേല്യരെ പ്രത്യേകമായി ലക്ഷീകരിച്ചുകൊണ്ടു ഖുർആനിൻെറ യാഥാർത്ഥ്യങ്ങളിൽ അവർ വിശ്വസിച്ചു പ്രവർത്തിക്കാതിരിക്കുന്നതു നിരർത്ഥവും ന്യായവിരുദ്ധവുമായൊരു വസ്തുതയാണെന്ന പരമാർത്ഥത്തെ ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു; എന്നാൽ ഏതു നിലയിലും, ഖുർആനിനു മുമ്പുള്ള വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നവരെന്ന നിലക്കു് യിസ്രായേല്യർക്കുള്ള പ്രത്യേകതകളെ പരിഗണിച്ചുകൊണ്ടാണു് മേല്പറഞ്ഞ

100. അവർ പ്രതിജ്ഞ ചെയ്യപ്പോഴൊക്കെ,
(ഏതെങ്കിലും) ഒരു പ്രതിജ്ഞ (ചെയ്യപ്പോഴൊക്കെ);
അതിനെ വലിച്ചെറിഞ്ഞുവോ
അവരിൽനിന്നൊരു വിഭാഗക്കാർ ? 129
എന്നാൽ; അവരിലധികവുംതന്നെ വിശ്വസിക്കുന്നില്ല.

...أَوَكُلَّمَا عَاهَدُوا عَهْدًا
نَّبَذَهُ فَرِيقٌ مِّنْهُم
بَلْ أَكْثَرُهُمْ لَا يُؤْمِنُونَ ۝

ഗദ്യഭാഷ

100. അവർ ഏതെങ്കിലും ഒരു പ്രതിജ്ഞ ചെയ്യപ്പോഴൊക്കെ അതിനെ അവരിൽനിന്നൊരു വിഭാഗക്കാർ വലിച്ചെറിഞ്ഞുവോ? അതെ, അവരിൽ അധികം ആളുകളുംതന്നെ വിശ്വസിക്കുകയില്ല.

---

സംഗതികൾ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു് എന്നു മനസ്സിലാക്കാവുന്നതാണു്. എന്നിട്ടു ഇവിടെ ഈ രേഖയിൽ കൊണ്ടുവന്നിരിക്കുന്ന പ്രസ്താവനയുടെ രീതി നോക്കുക; ഖുർആനിന്നു മുമ്പുള്ള സത്യമതങ്ങളിൽ വിശ്വസിച്ചവരെന്നോ വിശ്വസിക്കാത്തവരെന്നോ മറ്റോ ഉള്ള യാതൊരു പരിഗണനയും കൂടാതെ തന്നെ, ഹൃദയവും ബുദ്ധിയുമുള്ള മനുഷ്യന്നു ഖുർആനിന്റെ മഹിമയെ കണ്ടറിഞ്ഞു വിശ്വസിച്ചു ജീവിക്കുവാൻ സാധിക്കുന്നതാണെന്ന പരമാർത്ഥത്തെയാണു് ഈ രേഖയിൽ വെളിവാക്കപ്പെട്ടിരിക്കുന്നതു്; ദുർവൃത്തികൾ വെച്ചുപുലർത്തുകയെന്നതു് സ്വഭാവമായി സ്വീകരിച്ചിട്ടുള്ളവരല്ലാതെ മറ്റൊരാൾ ഖുർആനിനെ ധിക്കരിക്കുന്നില്ല എന്നു പര്യവസാനിക്കുന്ന പ്രസ്താവനയുടെ പൂർവ്വഭാഗത്തെ എടുത്തുനോക്കുക; വിശ്വാസത്തിന്നു പ്രേരിപ്പിക്കുന്ന വിധത്തിൽ ഖുർആനിൽ സ്ഥിതിചെയ്യുന്ന ഗുണാധികാരങ്ങളെയാണതു പ്രഥമമായി ശ്രദ്ധയിൽ പെടുത്തുന്നതു്. മനുഷ്യഹസ്തങ്ങളാൽ കൃത്രിമപ്പെടുത്തുവാനാകാത്ത വിധത്തിലാണു് ഖുർആൻ നബിക്കു നല്കപ്പെട്ടിരിക്കുന്നതു്; ഖുർആനിന്റെ ചൈതന്യശക്തിയെ, നബി (സ) യുടെ ജീവിതചര്യകളുടെ നൈസർഗ്ഗികത വെച്ചുകൊണ്ടു പഠിക്കുകയാണെങ്കിൽ, മനുഷ്യപ്രയത്നത്തിന്നു നിർമ്മിക്കുവാൻ സാധിക്കാത്ത വിധത്തിൽ സാക്ഷാൽ സത്യമായ ദൈവത്താൽ നല്കപ്പെട്ടതാണു് ഖുർആൻ എന്നു സാധാരണ മനുഷ്യന്നു മനസ്സിലാകുന്നതാണു്. എന്നാൽ അതിനെ അറിഞ്ഞിട്ടുകൂടി അതിൽ വിശ്വസിക്കാത്തവർ ഉണ്ടാകാവുന്നതാണു്; എന്തുകൊണ്ടെന്നാൽ ഖുർആനിൽ വിശ്വസിക്കുന്നവർക്കു ദുർവൃത്തത ശീലമാക്കുവാൻ സാദ്ധ്യമല്ല; അതിനാൽ ദുർവൃത്തതയെ വെച്ചുപുലർത്തുന്നവർ അതിനെ ധിക്കരിക്കുന്നു; അങ്ങിനെയുള്ളവർ മാത്രമേ അതിനെ ധിക്കരിക്കയുമുള്ളു; അക്കാര്യത്തിൽ യിസ്രായേല്യരെന്നും അവരല്ലാത്തവരെന്നും ഉള്ള യാതൊരു വിധ വ്യത്യാസങ്ങളും ആലോചനാ വിഷയമല്ല.

129. ഖുർആനിന്റെ വെളിപ്പാടിനെത്തുടന്നു, യിസ്രായേൽക്കാരുടെ മദ്ധ്യത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരാമർശിച്ചുകൊണ്ടാണു്, ദുർന്നടത്ത സ്വഭാവമാക്കിത്തീർത്തിട്ടുള്ളവരല്ലാതെ ഖുർആനിനെ ധിക്കരിക്കുകയില്ലെന്നുള്ള പ്രസ്താവന ഖുർആൻ ചെയ്തിട്ടുള്ളതു്; യിസ്രായേൽക്കാർ വർഗ്ഗത്തോടെ ധിക്കാരികളാണെന്നു ഖുർആൻ പറയുന്നില്ല; വിശ്വസിക്കുക, ധിക്കരിക്കുകയെന്നീ പ്രവൃത്തികൾ വർഗ്ഗവർണ്ണഗോത്രാദിയായ കാര്യങ്ങളെ വെച്ചുകൊണ്ടു തീരുമാനിക്കത്തക്കതല്ലെന്നുള്ള ഖുർആനിക തത്വശാസ്ത്രത്തിന്റെ പ്രതിഫലനമാണു് നമുക്കു ഇവിടെ കാണുവാൻ സാധിക്കേണ്ടതു്. പക്ഷെ യിസ്റായേല്യരെ സംബന്ധിച്ചു, അവർ ധിക്കാരികളാണോ, അതല്ല വിശ്വാസികളാണോ എന്ന പ്രശ്നം ഇവിടെ ഇനിയും ഉത്തരം കാണേണ്ടതായി ശേഷിച്ചു കിടക്കുന്നു; രേഖ 99ന്റെ പര്യവസാനത്തോടുകൂടെ അവരെക്കുറിച്ചുള്ള ഈ ചോദ്യം കൂടുതൽ വ്യക്തമായിത്തീരുകയും ചെയ്തിരിക്കുന്നു. രേഖ 100ൽ ആ പ്രശ്നത്തിന്റെ ഉത്തരം അവരിൽനിന്നു തന്നെ കണ്ടുപിടിക്കുവാനുള്ള ഒരു ആഹ്വാനം അടങ്ങിയിരിക്കുന്നു. എന്നാൽ, മറ്റൊരു ചോദ്യത്തിന്റെ രൂപത്തിലാണു് മേല്പറഞ്ഞ പ്രശ്നത്തിന്റെ ഉത്തരത്തിലേക്കു് അനുവാചകനെ ഖുർആൻ കൊണ്ടുവരുന്നതു്. നോക്കുക; മുൻകൂട്ടിയുള്ള യാതൊരു വിധ വിശ്വാസബന്ധവും കൂടാതെ തന്നെ നേരിട്ടു കണ്ടറിഞ്ഞു വിശ്വസിക്കാവുന്ന വിധത്തിലാണു് ഖുർആൻ ലോകദൃഷ്ടിയിൽ വെക്കപ്പെട്ടിരിക്കുന്നതു്; നൈസർഗ്ഗികമായ ഗുണവിശേഷങ്ങൾക്കു കേടു പററിയിട്ടില്ലാത്ത മനുഷ്യഹൃദയത്തിന്നു വിശ്വസിക്കാവുന്നതാണു് ഖുർആനിന്റെ ദൈവികമായ സത്യാവസ്ഥയെന്നുള്ളതു് വ്യക്തമാണു്; മുൻകൂട്ടിയുള്ള വിശ്വാസബന്ധങ്ങളുണ്ടെങ്കിൽ പിന്നെ പറയേണ്ടതില്ല. യിസ്റായേല്യർ ഖുർആനുമായി മുൻപിനാലുള്ള വിശ്വാസബന്ധങ്ങൾ ഉള്ളവരാണു്. പക്ഷെ, അവരുടെ പൂർവ്വചരിത്രത്തെ ആലോചിച്ചാൽ ആ വിശ്വാസബന്ധ

101. അവർക്കരികിൽ വരികയും ചെയ്തപ്പോൾ,
അല്ലാഹുവിൻെറ പക്കൽനിന്നൊരു ദൂതൻ;
അവരോടുകൂടെയുള്ളതിനെ
സത്യബോധപ്പെടുത്തുന്നവൻ (വരികയും ചെയ്തപ്പോൾ);
വലിച്ചെറിഞ്ഞുകളഞ്ഞു,
ഗ്രന്ഥത്തെ നല്കപ്പെട്ടവരിൽനിന്നൊരു വിഭാഗക്കാർ,
അല്ലാഹുവിൻെറ ഗ്രന്ഥത്തെ (വലിച്ചെറിഞ്ഞു);
തങ്ങളുടെ പുറങ്ങൾക്കു പിറകിലേക്ക്;
അവർ (അതിനെ) അറിയുകയില്ലെന്നപോലെ.[130]

١٠١- وَلَمَّا جَاءَهُمْ رَسُولٌ مِّنْ عِندِ اللَّهِ
مُصَدِّقٌ لِّمَا مَعَهُمْ
نَبَذَ فَرِيقٌ مِّنَ الَّذِينَ أُوتُوا الْكِتَابَ كِتَابَ
اللَّهِ وَرَاءَ ظُهُورِهِمْ كَأَنَّهُمْ لَا يَعْلَمُونَ ۝

ഗദ്യഭാഷ

101. തങ്ങളുടെ കൂടെയുള്ളതിനെ സത്യബോധപ്പെടുത്തുന്നൊരു ദൂതൻ, അല്ലാഹുവിൻെറ പക്കൽനിന്നു അവക്കരികിൽ വന്നപ്പോൾ, ഗ്രന്ഥത്തെ നല്കപ്പെട്ടിട്ടുള്ളവരിൽ നിന്നൊരു വിഭാഗക്കാർ, അല്ലാഹുവിൻെറ ഗ്രന്ഥത്തെ അവർ അറിയുകയില്ലെന്നപോലെ, തങ്ങളുടെ പുറങ്ങൾക്കു പിറകിലേക്കു വലിച്ചെറിഞ്ഞുകളഞ്ഞു.

ത്തെ അവർ എങ്ങിനെ വിനിയോഗിക്കുവാനാണ് സംഗതിയുള്ളതെന്നു അറിയാവുന്നതാണ്. സത്യവേദ ശാസനകൾ ലഭിച്ചതിന്നു പുറമെ, ദൈവ കല്പനകൾ മാനിച്ചു ജീവിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്താൽകൂടി യിസ്റായേല്യരിൽനിന്നുള്ളൊരു വിഭാഗക്കാർ മേല്പറഞ്ഞ പ്രതിജ്ഞയെ നിർദ്ദാക്ഷിണ്യമായി വലിച്ചെറിയുക പതിവാണ്; ചുരുക്കത്തിൽ യിസ്റായേല്യരിൽ നിന്നുള്ള ഭൂരിപക്ഷക്കാർ ഖുർആനിൽ വിശ്വസിക്കയില്ലെന്നുള്ളതാണ് വസ്തുത. ധർമ്മനടത്തയെ ശീലമാക്കാതെ വിട്ടുകളയുകയെന്നതു യിസ്റായേല്യരിൽനിന്നുള്ള കൂടുതൽ പേർക്കും സാധിക്കാത്ത നിലയിൽ, അവർ ജീവിച്ചുപോന്നിരിക്കുന്നു.

130. ഖുർആൻ വെളിപ്പെട്ടതിൽ പിറകെ, ഖുർആനിൽ വിശ്വസിക്കാതെ കണ്ടു, ഖുർആനിന്നു മുമ്പുള്ള ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക സാദ്ധ്യമല്ല; യിസ്റായേല്യർ ഖുർആനിന്നു മുമ്പുണ്ടായിട്ടുള്ള സത്യവേദഗ്രന്ഥങ്ങളിൽ വിശ്വസിച്ചിട്ടുള്ളവരായിരുന്നുവല്ലോ? മുമ്പുള്ള വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നവർക്ക് ഖുർആനിൽ വിശ്വസിക്കാതെ ഗത്യന്തരമില്ല; യിസ്റായേല്യർക്കു വലിയൊരു പ്രശ്നമായിട്ടാണിതു സംഭവിച്ചത്; യിസ്റായേല്യർ മേല്പറഞ്ഞ പ്രശ്നത്തെ നേരിട്ട വികൃതമായ രീതിയാണ് രേഖ 101 ഉൾക്കൊള്ളുന്നത്. രേഖ 100ൽ ഈ വൈപരീത്യത്തിലേക്ക് അവർ ചെന്നുവീഴുകയെന്നതു തങ്ങളുടെ പൂർവ്വകാലചരിത്രത്തെ വെച്ചുനോക്കുമ്പോൾ അസംഗതമല്ലെന്ന വസ്തുതയാണ് വിസ്തരിക്കപ്പെട്ടത്. ഇവിടെ രേഖ 101ൽ അവരുടെ വിശ്വാസ വൈപരീത്യത്തിൻെറ ആകെത്തുക വെളിവാക്കപ്പെട്ടിരിക്കുന്നു; ഖുർആനിൽ വിശ്വസിക്കാതെ തങ്ങളുടെ പക്കലുള്ള ദൈവീക ഗ്രന്ഥത്തിലുള്ള വിശ്വാസത്തെ പുലർത്തിപ്പോരുക സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ അവർ ചെയ്തതു ഖുർആനിൽ വിശ്വസിക്കുകയെന്നതല്ല; തങ്ങൾ വിശ്വസിച്ചുവന്നിരുന്നതും സാക്ഷാൽ സത്യമായ ദൈവത്തിൻേറതായിട്ടുള്ളതുമായ സത്യവേദഗ്രന്ഥത്തെ തങ്ങളുടെ പിൻവശങ്ങളിലേക്കു വലിച്ചെറിഞ്ഞുകൊണ്ടു ഖുർആനിനെ ധിക്കരിക്കുവാൻ സൗകര്യമുണ്ടാക്കുകയാണവർ ചെയ്തത്. ഖുർആനിനെ ധിക്കരിക്കുവാനുള്ള താല്പര്യത്താൽ തങ്ങൾ വിശ്വസിച്ചു വന്നിരുന്ന സത്യവേദഗ്രന്ഥത്തെ തന്നെയവർ നിരാകരിക്കയാണ് ചെയ്തതു എന്നു വിവക്ഷ. അവരുടെ ആ വികൃതമായ ധിക്കാരത്തെ അവർ എങ്ങിനെ പ്രവർത്തിയിൽ വരുത്തി എന്നതിനെ ഖുർആൻ ഉപമിക്കുന്നതു നോക്കുക; തങ്ങളുടെ രക്ഷിതാവായ ദൈവത്തിൽനിന്നുള്ളതാണെന്നു അവർ അസന്നിഗ്ദ്ധമായി അറിഞ്ഞിട്ടുള്ളതും, അതിനെ അനുസരിച്ചു ജീവിക്കുവാൻ തങ്ങളുടെ രക്ഷിതാവുമായി പ്രതിജ്ഞ ചെയ്തിട്ടുള്ളതുമായൊരു ഗ്രന്ഥമാണതു; എന്നാൽ അവർ അതിനെ അഗണ്യകോടിയിൽ വലിച്ചെറിഞ്ഞ രീതി, അവർ അതിനെപ്പററി ഒന്നും അറിഞ്ഞിട്ടില്ലാത്തതുപോലെയാണ്. സ്വാർത്ഥ താല്പര്യങ്ങളുടെ രക്ഷക്കുവേണ്ടി തങ്ങൾക്കുള്ള എല്ലാ അറിവുകളേയും അടിയറ വെക്കുവാനും എല്ലാ പരമാർത്ഥങ്ങളേയും അവഗണിക്കുവാനും അവർ ഉത്സുകരാണ്.

അല്ലാഹുവിൻെറ പക്കൽനിന്നുള്ളതായൊരു ദൂതൻ എന്നതു മുഹമ്മദുനബി (സ) യെ ആണ് കുറിക്കുന്നതു; (തബരി). മുഹമ്മദുനബി (സ) യുടെ പ്രകടന രേഖയായ ഖുർആൻ, യിസ്റായേല്യരുടെ സത്യവേദ പുസ്തക

102. അവർ പിന്തുടരുകയും ചെയ്തു, യാതൊന്നിനെ;
പിശാചുക്കൾ, (അതിനെ) ചൊല്ലിക്കൊടുക്കുന്നു,
സുലൈമാന്റെ രാജവാഴ്ചയെ
അടിസ്ഥാനപ്പെടുത്തിക്കൊണ്ടു;
സുലൈമാൻ ധിക്കരിച്ചിട്ടുമില്ലതന്നെ; എങ്കിലും
നിശ്ചയമായിട്ടു പിശാചുക്കളാണു ധിക്കരിച്ചിരിക്കുന്നു;
ജനങ്ങൾക്കവർ അഭ്യസിപ്പിക്കുന്നു ആഭിചാരവിദ്യ;
അതു അവതരിപ്പിക്കപ്പെട്ടിരുന്നുമില്ല;
രണ്ടു മലക്കുകൾക്കു്, ബാബിലോണിൽ—;
ഹാറൂത്തിന്നും മാറൂത്തിന്നും തന്നെ.

١٠٢- وَاتَّبَعُوا مَا تَتْلُوا الشَّيٰطِيْنُ عَلٰى
مُلْكِ سُلَيْمٰنَ ۚ وَمَا كَفَرَ سُلَيْمٰنُ وَلٰكِنَّ
الشَّيٰطِيْنَ كَفَرُوْا يُعَلِّمُوْنَ النَّاسَ السِّحْرَ ۗ
وَمَآ اُنْزِلَ عَلَى الْمَلَكَيْنِ بِبَابِلَ هَارُوْتَ
وَمَارُوْتَ ۚ

ഗദ്യഭാഷ

102. സുലൈമാന്റെ രാജവാഴ്ചയിന്മേൽ ആരോപിച്ചുകൊണ്ടു പിശാചുക്കൾ ചൊല്ലിക്കൊടുക്കുന്നതു അവർ പിന്തുടരുകയും ചെയ്തു; സുലൈമാൻ (സത്യത്തെ) ധിക്കരിച്ചിട്ടുമില്ല; എങ്കിലും പിശാചുക്കളാണ് ധിക്കരിച്ചിരിക്കുന്നതു; അവർ ജനങ്ങൾക്കു ആഭിചാരത്തെ അഭ്യസിപ്പിക്കുന്നു; ബാബിലോണിയയിൽ രണ്ടു മലക്കുകൾക്കു—ഹാറൂത്തിന്നും മാറൂത്തിന്നും—അതു അവതരിപ്പിക്കപ്പെട്ടിട്ടുമില്ല.

മായ തൗറാത്തിനെ (പഴയ നിയമത്തെ) ശരിവെക്കുന്നു; തൗറാത്തു, നബി (സ) യുടെ വരവിനേയും പരമാർത്ഥീകരിക്കുന്നുണ്ടു്; ഗ്രന്ഥത്തെ നല്കപ്പെട്ടവരിൽനിന്നൊരു വിഭാഗക്കാർ എന്നതുകൊണ്ടു വിവക്ഷിക്കപ്പെടുന്നതു യിസ്റായേൽ പുരോഹിതന്മാരാണ്. വേദഗ്രന്ഥത്തെക്കൊണ്ടു കൊള്ളക്കൊടുക്ക നടത്തുന്നവരാണവർ; സാക്ഷാൽ സത്യമായ ദൈവത്തിന്റെ ഗ്രന്ഥത്തെ വലിച്ചെറിഞ്ഞുകളഞ്ഞു എന്നതിന്നു്, തൗറാത്തിനെത്തന്നെ നിരാകരിച്ചു എന്ന അർത്ഥമാണുള്ളതു്; (തബരി). "തങ്ങളുടെ പക്കലുള്ളതു" എന്ന വാക്യാംശത്തിന്നു തൗറാത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട, അവസാനത്തേതായ ആ പ്രവാചകന്റെ ആഗമനത്തെ കുറിക്കുന്ന പ്രവചനങ്ങൾ എന്നു വിവക്ഷ. മോശെ യിസ്റായേൽ ഗോത്രക്കാരോടു പറഞ്ഞതായി തൗറാത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ഇവിടെ ശ്രദ്ധാർഹമാണ്: നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യെ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചുതരും. അവന്റെ വചനം നിങ്ങൾ കേൾക്കേണം." (ആവർത്തനം 18ൽ 15). "അന്നു യെഹോവ എന്നോടു അരുളിച്ചെയ്തതു എന്തെന്നാൽ: അവർ പറഞ്ഞതു ശരി. നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും. ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും." (ആവർത്തനം 18ൽ 17മുതൽ 19വരെ). മോശെയെപ്പോലുള്ള ഒരു പ്രവാചകന്റെ വായിൽ എന്റെ വാക്കുകളെ ഞാൻ ആക്കും എന്നു യഹോവയായ ലോക കർത്താവു് മുന്നറിവു കൊടുത്തിരിക്കുന്നതു ഖുർആനിന്റെ പ്രഖ്യാപകനായ മുഹമ്മദുനബി (സ) യുടെ വരവോടുകൂടെ നിറവേററപ്പെട്ടിരിക്കുന്നു; ആവർത്തനപുസ്തകത്തിലെ (തൗറാത്തിലെ) ഈ പ്രവചനം നിറവേററത്തക്ക നിലയിൽ ഖുർആനിന്റെ പ്രഖ്യാപകനായ നബി (സ) യല്ലാതെ മറെറാരു പ്രവാചകൻ വന്നിട്ടില്ല; അങ്ങിനെ വന്നതായി അവകാശപ്പെട്ടിട്ടുമില്ല. മോശെയുടെ പിറകെയുള്ള യിസ്റായേല്യരുടെ ചരിത്രം മേല്പറഞ്ഞ പ്രവചനത്തിന്റെ സംഭവമൂലമായ നിറവേററത്തെപ്പററി നിശ്ശബ്ദമാണ്; യേശു (ഈസാ, അ:) ക്രിസ്തു തന്നെയും, താൻ ഈ പ്രവചനത്തെ നിറവേററുമാറു വന്നിട്ടുള്ള പ്രവാചകനാണെന്നു പറഞ്ഞിട്ടില്ല. അതിനാൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലാണ് ആ പ്രവചനം നിറവേറുകയെന്നുകൂടി പറയുവാൻ അപ്പോസ്തലന്മാർ പ്രയാസപ്പെടേണ്ടി വന്നു. എന്നാൽ ഖുർആനിന്റെ പ്രഖ്യാപകനായ മുഹമ്മദുനബി (സ) യുടെ ആരംഭകാല സന്ദേശങ്ങളിൽ ഒന്നു്, താൻ ഫറവോന്റെ അടുക്കലേക്കു അയക്കപ്പെട്ട പ്രവാചകനെ(മോശെയെ)പ്പോലെയാണെന്നുള്ളതായിരുന്നു; (സംഹിത 73ൽ രേഖ 15ഉം കുറിപ്പുകളും നോക്കുക.) അതു തന്നെ ഖുർആനിൽ പലവുരു ആവർത്തിക്കപ്പെട്ടിട്ടുമുണ്ടു. ഖുർആനിനെ ധിക്കരിക്കുന്നതു, ഖുർആനിന്നു മുമ്പുള്ള വേദഗ്രന്ഥങ്ങളെ നിരാകരിക്കുന്നതിലാണ് ചെന്നവസാനിക്കുകയെന്ന സംഗതി രേഖ 101ൽ നിന്നു വ്യക്തമായിത്തീരുന്നു. ഖുർആനിൽ വിശ്വസിക്കുന്നവർക്കു മററുള്ള സത്യവേദഗ്രന്ഥങ്ങളിൽ കൂടി വിശ്വസിക്കാതെ നിവൃത്തിയില്ലെന്നുള്ളതും വളരെ വ്യക്തമാണ്.

അവർ രണ്ടുപേർ ഒരുത്തക്കും പഠിപ്പിക്കുന്നുമില്ല,
അവർ രണ്ടുപേരും പറയാതെ
ഞങ്ങൾ ഒരു ഗുണപരിശോധന മാത്രമാണു്;
അതിനാൽ നീ ധിക്കാരിയാകരുതെ എന്നു.
അങ്ങിനെ അവർ അഭ്യസിക്കുന്നു,
അവർ രണ്ടുപേരിൽനിന്നും തന്നെ; യാതൊന്നിനെ,
അതുകൊണ്ടവർ പിളപ്പുണ്ടാക്കുന്നു;
പുരുഷൻെറയും അവൻെറ ഇണയുടെയും മദ്ധ്യത്തിൽ.
എന്നാൽ അവരല്ലതാനും
അതുകൊണ്ടു ഉപദ്രവമേല്പിക്കുന്നവർ,
ഏതെങ്കിലും ഒന്നിനെ;
അല്ലാഹുവിൻെറ അനുമതികൊണ്ടല്ലാതെ.
ഇനിയും അവർ അഭ്യസിക്കുന്നു,
അവരെ ഉപദ്രവിക്കുന്നതിനെ;
അതവക്കു ഉപകരിക്കയുമില്ല.
അവർ ദൃഢമായി അറിഞ്ഞിട്ടുമുണ്ടു്:—
നിശ്ചയമായിട്ടു ആർതന്നെ
അതിനെ വാങ്ങിയിരിക്കുന്നു.
അവന്നു ഇല്ലതന്നെ; പാരത്രികത്തിൽ ഒരു പങ്കംതന്നെ.
നിശ്ചയമായിട്ടു എത്ര നികൃഷ്ടവുമായിരിക്കുന്നു;
തങ്ങളുടെ ആത്മാക്കളെ വിററു
അവർ പകരം വാങ്ങിയിരിക്കുന്നതു !
അവർ അറിയുന്നുണ്ടായെങ്കിൽ! 131

وَمَا يُعَلِّمَانِ مِنْ أَحَدٍ
حَتَّىٰ يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ
فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِ بَيْنَ
الْمَرْءِ وَزَوْجِهِ
وَمَا هُمْ بِضَارِّينَ بِهِ مِنْ أَحَدٍ إِلَّا بِإِذْنِ اللَّهِ
وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلَا يَنْفَعُهُمْ
وَلَقَدْ عَلِمُوا لَمَنِ اشْتَرَاهُ مَا لَهُ فِي
الْآخِرَةِ مِنْ خَلَاقٍ
وَلَبِئْسَ مَا شَرَوْا بِهِ أَنْفُسَهُمْ
لَوْ كَانُوا يَعْلَمُونَ ۝

ഗദ്യഭാഷ—

നിശ്ചയമായിട്ടു ഞങ്ങൾ ഒരു ഗുണപരിശോധന മാത്രമാണു്; അതിനാൽ നീ (സത്യത്തെ) ധിക്കരിക്കരുതു എന്നു പറയാതെകണ്ടു അവർ രണ്ടുപേരും ഒരുത്തക്കും പഠിപ്പിക്കുന്നുമില്ല; അങ്ങിനെ, പുരുഷൻേറയും അവൻെറ ഇണയുടേയും മദ്ധ്യത്തെ അവർ ഭിന്നിപ്പിക്കുന്നതിനെ അവർ രണ്ടു പേരിൽ (ഹാറൂത്തിലും മാറൂത്തിലും) നിന്നു അവർ അഭ്യസിക്കുന്നു. അതുകൊണ്ടു അല്ലാഹുവിൻെറ അനുമതികൊണ്ടല്ലാതെ അവർ ഒന്നിനുംതന്നെ ഉപദ്രവമേല്പിക്കുന്നവരുമല്ല. അവക്കു ഉപദ്രവമുണ്ടാക്കുന്നതിനെയാണു് അവർ അഭ്യസിക്കയും ചെയ്യുന്നതു; അതു അവക്കു ഉപകാരം ചെയ്യുയുമില്ല. ആർതന്നെ അതിനെ വിലക്കു വാങ്ങിയിരിക്കുന്നു, അവന്നുപാരത്രികത്തിൽ യാതൊരു പങ്കമില്ലെന്നു അവർ ദൃഢമായി അറിഞ്ഞിട്ടുമുണ്ടു്. തങ്ങളുടെ ആത്മാക്കളെ വിററു പകരം വാങ്ങിയിരിക്കുന്ന വസ്തു എത്ര നികൃഷ്ടമാണു്! അവർ അറിയുന്നുണ്ടായെങ്കിൽ!

131. തങ്ങൾ "കണ്ടിട്ടില്ല കേട്ടിട്ടില്ലെ"ന്ന ഭാവത്തിൽ സത്യവേദ ഗ്രന്ഥത്തെ പുറകിലേക്കു്, യിസ്രായേൽ പുരോഹിതന്മാർ വലിച്ചെറിഞ്ഞുവെന്ന നിഗമനത്തെയാണു് രേഖ 101കൊണ്ടു വ്യക്തമാക്കിയതു്. എന്നാൽ അതിനോടുകൂടെ യഥാർത്ഥത്തിൽ പിന്തുടരേണ്ട വസ്തുവിനെ പുറന്തള്ളിയെങ്കിൽകൂടി പിന്തുടരുകയെന്ന പ്രവൃത്തിയെ അങ്ങിനെതന്നെയവർ അവസാനിപ്പിച്ചില്ല. തുടരപ്പെടേണ്ടതായ വസ്തുവിൻെറ സ്ഥാനത്തു മാററങ്ങൾ വരുത്തുകയാണുണ്ടായതു്; അങ്ങിനെ സത്യവേദഗ്രന്ഥത്തിൻെറ സ്ഥാനത്തു (ശലമോൻ) സുലൈമാൻ നബി (സ)യുടെ ഭരണാധിപത്യശക്തിയുടെ മേൽ ചുമത്തിക്കൊണ്ടു് പിശാചുക്കൾ വായിച്ചു കേൾപ്പിക്കുന്ന കുതന്ത്രങ്ങളെയാണു് യിസ്രായേല്യർ പിന്തുടന്നതു്. "പിശാചുക്കൾ വായിച്ചുകേൾപ്പിക്കുന്നതിനെ" എന്ന വാക്യാംശത്തിലെ പിശാചുക്കൾ എന്ന പദത്തിന്നു ഇവിടെ, മനുഷ്യപ്പിശാചുക്കൾ അല്ലെങ്കിൽ മനുഷ്യരുടെ രൂപത്തിലുള്ള പിശാചുക്കൾ എന്ന അർത്ഥമാണുള്ളതു്. മഹാ പണ്ഡിതന്മാരായ ഖുർആൻ വ്യാഖ്യാതാക്കൾ എല്ലാവരും ഈ ആശയത്തെയാണു് ഈ വാക്യാംശത്തിൻെറ വ്യാഖ്യാനത്തിൽ സ്വീകരിച്ചിട്ടുള്ളതു്.

DISTRIBUTING ... No. ... KOTTAY

ധാർമ്മികമായ ശക്തികൊണ്ടു പ്രവാചകനെ പരാജയപ്പെടുത്തുവാനുള്ള ശ്രമമാണ്, യിസ്‌റായേൽക്കാർ തുടക്കത്തിൽ നടത്തിയതു്. പക്ഷെ മേല്പറഞ്ഞ കാര്യത്തിൽ പരാജയമടയുകയും, തങ്ങളുടെ സ്വന്തമായ സത്യവേദപുസ്തകത്തിൽതന്നെ, തങ്ങൾക്കു മത്സരബന്ധമുള്ള വ്യക്തി സ്ഥലം പിടിച്ചിരിക്കുന്നതായി അവർ കാണുകയും ചെയ്തപ്പോൾ, യിസ്രായേല്യൎക്കു ശേഷിച്ചു കിട്ടിയതു പൈശാചികമായ കുതന്ത്രപ്രയോഗങ്ങളാണ്. തന്നെയല്ല, തങ്ങളുടെ സ്വാർത്ഥലാഭങ്ങളെ നേടുന്നതിന്നു ആഭിചാരവിദ്യകൾ പരിചയിക്കുന്നതു കൂടുതൽ ഉപയുക്തമായി അവർ കണക്കാക്കുകയും ചെയ്തു; എന്നാൽ അതിന്നും അവർക്കു വൈദികമായ ഒരു അനുമതി കണ്ടുപിടിക്കണമെന്നു ഉദ്ദേശമായി; എന്നാലേ അതു അവൎക്കിടയിൽ ഒരു സ്ഥാപിതമായ നിലയിൽ നടക്കുകയുള്ളുവെന്നു അവർ കണ്ടു; പിന്നെ അവർ ഉത്സാഹിച്ചതു അതിന്നു പറ്റിയ ഒരു ഇടം കണ്ടുപിടിക്കുവാനാണ്; മനുഷ്യൻ അന്വേഷിക്കുന്നതു പലപ്പോഴും അവൻ കണ്ടെത്തുന്നുണ്ടു്. അങ്ങിനെ അവൎക്കും അക്കാര്യത്തിൽ ഒരു അടിത്തറ കണ്ടുകിട്ടി; പൈശാചിക ശക്തികളെ കീഴടക്കി ഭരിച്ചിരുന്ന നീതിമാനായ ശലമോൻ രാജാവിന്റെ സിംഹാസനത്തിന്നു താഴെയായി കുഴിച്ചു മൂടപ്പെട്ടിരുന്ന ചില കുതന്ത്ര രേഖകൾ യിസ്‌റായേല്യർ കണ്ടെടുത്തിട്ടുണ്ടായിരുന്നു; സുലൈമാൻ നബി (സ) അതു തന്റെ ജീവിതകാലത്തു മാന്ത്രികപ്രവൃത്തിക്കാരിൽനിന്നു കണ്ടുകെട്ടി കുഴിച്ചുമൂടിയതായിരുന്നു; (തബരി). യിസ്‌റായേല്യർ മേല്പറഞ്ഞ കുതന്ത്രഗ്രന്ഥങ്ങളെ വീണ്ടെടുത്തു പ്രചരിപ്പിക്കുവാൻ തുടങ്ങി; സുലൈമാൻ നബിയുടെ പരസ്വാധീനശക്തി, പ്രസ്തുത കുതന്ത്ര ഗ്രന്ഥങ്ങളെ പിൻപറ്റി പ്രവൎത്തിച്ചിരുന്നതുകൊണ്ടാണെന്നും, ജനങ്ങൾക്കതു സാദ്ധ്യമാകാതിരിക്കുന്നതിന്നായിട്ടു് സുലൈമാൻ നബി (സ) അവയെ കുഴിച്ചുമൂടിയിരുന്നതാണെന്നും യിസ്‌റായേല്യർ ജനങ്ങളെ ധരിപ്പിച്ചു. സത്യവിരുദ്ധമായ പ്രവൃത്തികൾക്കു പ്രേരണ കൊടുക്കുന്ന വേലകളാണ് മേല്പറഞ്ഞ കുതന്ത്രഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന വിദ്യകൾ; സത്യത്തെ ധിക്കരിക്കുന്നതിന്നാണ് അവ ഉപയോഗപ്പെടുക. സുലൈമാൻ നബി(സ) അതു ഉപയോഗിച്ചിരുന്നു എന്നു യിസ്‌റായേല്യർ പറയുന്നതു, അതിന്നു വൈദികമായൊരു നിറം കൊടുത്തു അതിനെ ജനമദ്ധ്യത്തിൽ ഇറക്കുവാൻ വേണ്ടിമാത്രമാണ്; സുലൈമാൻ നബി (സ) അവയെ പിൻപറ്റിയിരുന്നു എന്ന അവരുടെ ആരോപണത്തെ ഖുർആൻ നിഷേധിക്കുന്ന രീതി നോക്കുക; "സുലൈമാൻ സത്യത്തെ ധിക്കരിച്ചിട്ടില്ല" എന്ന പ്രസ്താവനയിൽ അതു അടങ്ങിയിരിക്കുന്നു. സത്യത്തെ ധിക്കരിച്ചിട്ടുള്ളവർക്കല്ലാതെ മിഥ്യയെ പിൻപറ്റി ജീവിക്കേണ്ടതായി വരികയില്ല; സത്യത്തെ സ്വീകരിച്ചുകൊണ്ടു മിഥ്യയെ പിൻപറ്റുക സാദ്ധ്യവുമല്ല. അതിനാൽ നീതിമാനായ ആ പ്രവാചകൻ, ആ വിധത്തിലുള്ള കുതന്ത്രവിദ്യകളെ കൈക്കൊള്ളുകയുണ്ടായി എന്നു പറയുന്നതിന്നു അർത്ഥമില്ല; നേരെമറിച്ചു ജനങ്ങൾക്കു ആഭിചാരവിദ്യകൾ പഠിപ്പിക്കുന്നവരായ പിശാചുക്കളാണ് സത്യത്തെ ധിക്കരിച്ചു പ്രവൃത്തിച്ചിട്ടുള്ളവർ; അവൎക്കു മാത്രമേ ആ വിദ്യകൾകൊണ്ടു ക്രയവിക്രയം ചെയ്യുവാൻ ആവുകയുള്ളു; അവൎക്കേ അതിന്റെ ആവശ്യവും ഉണ്ടാവുകയുള്ളു; സുലൈമാൻ (സ) സത്യത്തെയല്ലാതെ മിഥ്യയെ ആശ്രയിച്ചിട്ടില്ല; അങ്ങിനെ ഈ പ്രസ്താവനകൊണ്ടു, തങ്ങളുടെ കുതന്ത്രങ്ങൾക്കു വൈദികച്ഛായ കൊടുക്കുന്നതിന്നുള്ള യിസ്‌റായേല്യരുടെ ശ്രമത്തെ ഖുർആൻ തീരെ പൊളിച്ചുകളഞ്ഞിരിക്കുന്നു. സത്യത്തെ പുറന്തള്ളിയപ്പോൾ മിഥ്യയെ സ്വീകരിക്കുവാൻ പ്രേരിതരായി എന്നതിൽ കൂടുതലായി യിസ്‌റായേല്യരുടെ ഈ പ്രവൃത്തിയിൽ അടിസ്ഥാനപരമായി യാതൊരു തത്വവും കാണപ്പെടുകയില്ല.

യിസ്‌റായേല്യരുടെ ആരോപണത്തിന്നെതിരായി സുലൈമാൻ നബി (സ) യുടെ പരമാർത്ഥനിലയെ വെളിപ്പെടുത്തുകയും, അക്കാര്യത്തിൽ യിസ്‌റായേല്യൎക്കുള്ള വാദഗതിയെ പൊളിച്ചുകളയുകയും ചെയ്തതിൽപ്പിന്നെ അവൎക്കു ആഭിചാരവിഷയത്തിലുള്ള മറ്റൊരു മിഥ്യാവലംബമുള്ളതിനെക്കൂടി ഖുർആൻ തകൎത്തുകളയുന്നതു നോക്കുക! യഹൂദന്മാർ തങ്ങളുടെ ആഭിചാരപ്രവൃത്തികൾക്കു് വൈദികച്ഛായ കൊടുക്കുന്നതിന്നായി മറ്റൊരു വാദഗതികൂടി പ്രചരിപ്പിച്ചിരുന്നു. "ബാബിലോണിയയിൽ രണ്ടു മലക്കുകൾക്കു് ആഭിചാരതന്ത്രങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടു്; ആ മലക്കുകൾക്കു, അവർ പേർവിളിച്ചിരുന്നതു് ഹാരൂത്ത് എന്നും മാരൂത്ത് എന്നുമാണ്. അവൎക്കു അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും അവർ പഠിപ്പിച്ചിട്ടുള്ളതുമായ വസ്തുവാണ് ആഭിചാരവിദ്യ; എന്നാൽ അവർ ഒരു പരിശോധന നടത്തുക മാത്രമാണ്; അതിനാൽ, അവരിൽനിന്നു പഠിക്കുന്ന ആൾ സത്യത്തെ ധിക്കരിച്ചു പ്രവൎത്തിക്കരുതു എന്നു പറഞ്ഞിട്ടല്ലാതെ ആൎക്കും ആ മലക്കുകൾ പഠിപ്പിക്കുകയില്ല." ഇതാണ് യിസ്രായേല്യരുടെ മറ്റൊരു അവലംബമായി ശേഷിച്ചിട്ടുള്ളതു്. ഈ പ്രസ്താവനക്കു് അടിസ്ഥാനകാര്യങ്ങളായി രണ്ടു

മർമ്മസ്ഥാനങ്ങളാണുള്ളതു്; ഒന്നാമതു, ആഭിചാരവിദ്യ അവതരിപ്പിക്കപ്പെട്ടു എന്നുള്ളതു തന്നെ; രണ്ടാമതു, ഹാരൂത്തും മാരൂത്തും അതു പഠിപ്പിക്കുന്നു എന്നുള്ളതും. ഖുർആൻ ഈ രണ്ടു പ്രസ്താവനകളേയും അടിയോടെ നിഷേധിക്കുന്നു. ഈ രണ്ടു വാക്യാംശങ്ങളിലും പ്രയോഗിക്കപ്പെട്ടിട്ടുള്ള "മാ" എന്ന ശബ്ദം നിഷേധാർത്ഥത്തെയാണു് കുറിക്കുന്നതു്; (ഇമാം ഇബ്നു അബ്ബാസ്, റ: & റബീഅ്, റ: തബരി). ആഭിചാരവിദ്യ അവതരിപ്പിക്കപ്പെട്ടിട്ടില്ല; ആ മലക്കുകൾ രണ്ടും അതു പഠിപ്പിച്ചിട്ടുമില്ല; അതിനാൽ ഞങ്ങൾ പരിശോധന മാത്രമാണു്, ഞങ്ങളിൽനിന്നു പഠിക്കുന്നവർ സത്യത്തെ ധിക്കരിക്കരുതു എന്നെല്ലാം ആ മലക്കുകൾ പറയുന്നു എന്നതുതന്നെ സംഗതമല്ല; പക്ഷെ, ഹാരൂത്തിന്റെയും മാരൂത്തിന്റെയും പക്കൽനിന്നു അവർ ആഭിചാരവിദ്യയഭ്യസിക്കുന്നു എന്നുള്ള വസ്തുത ഖുർആൻ നിഷേധിക്കുന്നില്ല; അവരെ മലക്കുകൾ എന്നു ഖുർആൻ പറഞ്ഞിരിക്കുന്നതു, യിസ്രായേല്യരുടെ വാദരീതിയെ ഉദ്ധരിച്ചുകൊണ്ടു മാത്രമാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല; തങ്ങളുടെ പ്രവൃത്തികൾക്കു വൈദികച്ഛായ കൊടുക്കുന്നതിന്നായി, തങ്ങൾക്കു ആഭിചാരവിദ്യയഭ്യസിപ്പിച്ചിരുന്ന വ്യക്തികളെ മലക്കുകളായി ചിത്രീകരിച്ചതു് യിസ്റായേൽക്കാർ തന്നെയാണെന്നു് വിചാരിക്കുന്നതു നിരർത്ഥമായിരിക്കയില്ല. ആഭിചാരപ്രവൃത്തിയാൽ അഭ്യസിക്കുന്ന അറിവിന്റെ അനാശാസ്യമായ അനുഭവത്തെ, അതിനെത്തുടർന്നു, ഖുർആൻ ആലോചനാവിഷയമായി കൊണ്ടുവരുന്നു; മനുഷ്യന്റെ നൈസർഗ്ഗികമായ മൈത്രീബന്ധത്തെ പിളർക്കുകയെന്നതാണു് സത്യവേദപുസ്തകത്തെ പുറംതള്ളിയതിന്നു പിറകെ യിസ്റായേല്യർ പിൻപററിയിരിക്കുന്ന കുതന്ത്ര ഗ്രന്ഥത്തിന്റെ പ്രയോഗലക്ഷ്യങ്ങളിൽ പ്രധാനമായിട്ടുള്ളതു്. പക്ഷെ, യിസ്റായേല്യർക്കെന്നല്ല, മനുഷ്യർക്കു പൊതുവെയുള്ള കഴിവു, പ്രവർത്തിക്കുവാൻ മാത്രം പര്യാപ്തമായിട്ടുള്ളതാണു്; പ്രവൃത്തികൾ ഫലിക്കുന്നതു പ്രവർത്തിക്കുന്നവരുടെ പിടിയിൽ നില്ക്കാത്തതായ നിയമങ്ങളുടെ ഗതികൾക്കനുസരിച്ചാണു്; നിയമങ്ങളുടെ നിയന്താവായ സ്രഷ്ടാവായ ദൈവത്തിന്റെ ശാസനാനുമതികൾ കൂടാതെ പ്രവൃത്തികൾ ഫലിക്കുകയില്ല; ദുഷ്പ്രവൃത്തികൾ പ്രത്യേകിച്ചുംതന്നെ. യിസ്റായേല്യരെപ്പോലെ മേല്പറഞ്ഞ വിഷയങ്ങളിൽ വ്യാപരിക്കുന്നവർ ചിന്തിക്കേണ്ടതായ പ്രധാനമായ സംഗതി ഖുർആൻ ഇവിടെ വെളിപ്പെടുത്തുന്നതു നോക്കുക; തങ്ങൾക്കു ഗുണകരമായ ഫലത്തെ കൊടുക്കാത്തതും ദോഷങ്ങൾ വരുത്തിവെക്കാതെ വിട്ടുമാറാത്തതുമായൊരു വിഷയത്തെയാണവർ പഠിക്കുന്നതു്; തന്നത്താൻ ദോഷത്തിലേക്കു് വലിച്ചിഴക്കുകയാണവർ ചെയ്യുന്നതു്. പക്ഷെ, യിസ്റായേല്യരുടെ കാര്യത്തിൽ മറെറാരു സംഗതിയുള്ളതു വിസ്മരിക്കുവാൻ പാടില്ലാത്തതാണു്; പ്രയോജനബോധത്തോടുകൂടെ കർമ്മങ്ങളെ നിർവ്വഹിക്കുകയെന്നതു, പാരത്രികമായ നന്മക്കായി പ്രവർത്തിക്കുന്ന മനുഷ്യന്റെ സ്വഭാവമാണു്; എന്നാൽ യിസ്റായേൽ പുരോഹിതന്മാർ പ്രവർത്തിക്കുന്നതു പാരത്രികമായ ഭാഗധേയത്തിന്നു വേണ്ടിയല്ല; ലൗകികമായ സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടിയാണു്; അതിനാൽ അവർ ചെയ്യുന്ന കൂട്ടത്തിൽ പെട്ട പ്രവൃത്തികളെ വെച്ചുപുലർത്തുന്നവർക്കു—അതു കച്ചവടമായി സ്വീകരിച്ചിട്ടുള്ളവർക്കു—പാരത്രിക ജീവിതത്തിൽ യാതൊരുവിധ പങ്കുമില്ലെന്നുള്ളതു പ്രശ്നമേയല്ല; അതു അവർ അറിഞ്ഞിട്ടുള്ള വസ്തുതയാണു്; അറിഞ്ഞുകൊണ്ടു തന്നെയാണു അവർ അങ്ങിനെ പ്രവർത്തിക്കുന്നതും. എന്നാൽ അവർ അറിഞ്ഞിട്ടുണ്ടു് എന്നു പറയുന്നതിനോടു കൂടെത്തന്നെ അവരുടെ അറിവു് ആന്തരമായിട്ടുള്ളതല്ലെന്നു ഖുർആൻ വെളിപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ, അവർ തങ്ങളുടെ ആത്മാക്കളെ വിററു പകരമായി വാങ്ങിയിരിക്കുന്ന സ്വാർത്ഥലാഭങ്ങൾ തീരെ ദുഷിച്ചതാണെന്നുള്ള ബോധത്തിൽ അവർ എത്തിയിട്ടില്ല; അവരുടെ അറിവു് ആന്തരമായിട്ടുള്ളതായിരുന്നെങ്കിൽ ആ ബോധം അവർക്കു ഉണ്ടായേനെ !

സുലൈമാൻനബി (സ) യുടെ വിശ്വവ്യാപകമായ സ്വാധീനശക്തി, ആഭിചാരമൂലമായ മാരണവിദ്യകളുടെ ഫലമായിട്ടുള്ളതാണെന്നു യഹൂദർ പറഞ്ഞ പരാതിയല്ലോ? മേല്പറഞ്ഞ ദുഷ്പ്രചരണത്തെയാണു്, "സുലൈമാന്റെ ഭരണാധികാരശക്തിക്കെതിരായി പിശാചുക്കൾ പറഞ്ഞു കേൾപ്പിച്ചതു" എന്നു ഖുർആൻ പ്രസ്താവിക്കുന്നതു. (റാസി) പുരോഹിത വർഗ്ഗത്തിന്നു പ്രിയപ്പെട്ടതായൊരു തൊഴിലാകയാൽ തങ്ങളുടെ ദുഷ്പ്രവൃത്തികൾക്കു വൈദികമായ നിറത്തെ കൊടുക്കുന്നതിന്നായി സുലൈമാൻ നബി (സ) യുടെ പേരിനെ, യിസ്റായേല്യർ കൂട്ടുപിടിച്ചു വിനിയോഗിച്ചതാവാൻ സംഗതിയുണ്ടു്. ബൈബിളിന്റെ ചില ഭാഗങ്ങളിൽതന്നെയും മേല്പറഞ്ഞ വിധത്തിലുള്ള ദുഷ്കർമ്മങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ യിസ്രായേൽ പുരോഹിതന്മാരുടെ കൃത്രിമ വാസനയുടെ കയ്യടനമുക്കു കാണുവാൻ സാധിക്കുന്നുണ്ടു്. "പ്രചാരത്തിലിരിക്കുന്ന" പഴയ നിയമത്തിൽ കാണപ്പെടുന്ന ചില വരി

103. ഇനിയും നിശ്ചയമായിട്ടു് അവർ
വിശ്വസിച്ചുവെങ്കിൽ,
ഭയന്നു സൂക്ഷിക്കയും ചെയ്തു(വെങ്കിൽ)
അല്ലാഹുവിന്റെ പക്കൽനിന്നുള്ള പ്രതിഫലമൊന്നു,
നിശ്ചയമായിട്ടു, മഹത്തരമാണു് തന്നെ.
അവർ അറിയുന്നുണ്ടായെങ്കിൽ! [132]

١٠٣- وَلَوْ أَنَّهُمْ آمَنُوا وَاتَّقَوْا لَمَثُوبَةٌ
مِّنْ عِندِ اللَّهِ خَيْرٌ ۖ
لَّوْ كَانُوا يَعْلَمُونَ ۝

ഗദ്യഭാഷ

103. ഇനിയും നിശ്ചയമായിട്ടു അവർ വിശ്വസിക്കയും (സത്യത്തെ) ഭയന്നു (ദോഷബാധയെ) സൂക്ഷിക്കയും ചെയ്തുവെങ്കിൽ അല്ലാഹുവിന്റെ പക്കൽനിന്നുള്ള പ്രതിഫലമൊന്നു മഹത്തരമാണു് തന്നെ. അവർ അറിയുന്നുണ്ടായെങ്കിൽ!

കൾ കാണുക:- "തനിക്കു രണ്ടു പ്രാവശ്യം പ്രത്യക്ഷനാകുകയും അന്യദേവന്മാരെച്ചെന്നു സേവിക്കരുതെന്നു കാര്യത്തെക്കുറിച്ചു തന്നോടു് കല്പിക്കയും ചെയ്തിരുന്ന യിസ്റായേലിന്റെ ദൈവമായ യഹോവയെ വിട്ടു ശലമോൻ തന്റെ ഹൃദയം തിരിക്കയും യഹോവ കല്പിച്ചതു പ്രമാണിക്കാതെ ഇരിക്കയും ചെയ്കകൊണ്ടു യഹോവ അവനോടു കോപിച്ചു." (1 രാജാക്കന്മാർ 11ൽ 9 മുതൽ 11വരെ). യിസ്റായേല്യർ തങ്ങളുടെ രക്ഷകുവേണ്ടി യന്റെ മേൽ ചെയ്ത കുററാരോപണങ്ങളെ സംബന്ധിച്ചു ശലോമോൻ നിരപരാധിയാണെന്നു ഖുർആൻ വെളിപ്പെടുത്തുന്നു; തങ്ങളുടെ മദ്ധ്യത്തിൽ നികൃഷ്ടങ്ങളായ ദുർന്നടത്തകൾ കടന്നുകൂടിയ സന്ദർഭങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ യിസ്രായേൽ പുരോഹിതന്മാർ, വിശിഷ്ടമായ ജീവിത നിയമങ്ങളാചരിക്കുന്നൊരു പുണ്യപുരുഷനെ മേല്പറഞ്ഞ ദുർവൃത്തതയിൽ ഭാഗഭാക്കായി ചിത്രീകരിച്ചിട്ടുണ്ടു്; മോശെ യഹോവയുടെ ദർശനത്തിന്നായി പോയപ്പോൾ, യിസ്രായേല്യർക്കു വേണ്ടി സ്വർണ്ണക്കാളയെ പണിതുണ്ടാക്കി പൂജയ്ക്കു വെച്ചതു് അഹരോൻ (ഹാറൂൻ നബി, അ.) ആണെന്നു പഴയ നിയമത്തിൽ കാണുന്നു; "എന്നാൽ മോശെ പർവ്വതത്തിൽ നിന്നു ഇറങ്ങിവരുവാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ ജനം അഹരോന്റെ അടുക്കൽ വന്നുകൂടി; അവനോടു: നീ എഴുന്നേററു, ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കി തരിക; ഞങ്ങളെ മിസ്രയീം ദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു; അഹരോൻ അവരോടു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ചു എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു; ജനം ഒക്കെയും തങ്ങളുടെ കാതിൽനിന്നു പൊൻകുണുക്കു പറിച്ചു അഹരോന്റെ അടുക്കൽ കൊണ്ടുവന്നു അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷ വരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി; അപ്പോൾ അവർ യിസ്രായേലേ ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു; (പുറപ്പാടു 32ൽ 5വരെ). എന്നാൽ കാളക്കുട്ടിയെ പൂജിച്ചതിന്റെ ഫലമായി യിസ്രായേല്യർ ശിക്ഷിക്കപ്പെട്ടപ്പോൾ അഹരോന്നു അതു ബാധകമായിരുന്നില്ലെന്നുള്ളതിന്നു പുരോഹിതന്മാരുടെ കൈകൾ മനുഷ്യ സഹജമായ ബുദ്ധിയും ശ്രദ്ധയും പ്രകടിപ്പിച്ചിട്ടുണ്ടു്. "അഹരോൻ ഉണ്ടാക്കിയ കാളക്കുട്ടിയെ ജനം ഉണ്ടാക്കിച്ചതാകകൊണ്ടു യഹോവ അവരെ ദണ്ഡിപ്പിച്ചു." (പുറപ്പാടു് 32ൽ 35) ഖുർആൻ, ഹാറൂൻ നബിയുടെ നിരപരാധിത്വത്തെയും വെളിപ്പെടുത്തിയിട്ടുണ്ടു്; പുണ്യാത്മാക്കളുടെ പേരുകളുപയോഗിച്ചുകൊണ്ടു താന്താങ്ങളുടെ ദുർവൃത്തികളുടെ മലിനതയെ ലഘുവാക്കി ചിത്രീകരിപ്പാൻ ശ്രമിക്കുന്ന പൌരോഹിത്യ മനഃസ്ഥിതിയുടെ നിരർത്ഥകതയെ ഖുർആൻ ഈ രേഖയിൽ വെളിപ്പെടുത്തുന്നു.

"അലാ മുൽകി സുലൈമാൻ" എന്നതിന്നു, സുലൈമാൻ നബിയുടെ ഭരണകാലത്തിൽ എന്നും (ത്വബരി), ആ പുണ്യാത്മാവിന്റെ പ്രവാചകത്വത്തിന്നും ഭരണാധികാരത്തിന്നും എതിരായിട്ടു എന്നും (റാസി) അർത്ഥമുണ്ടു്. രണ്ടു അർത്ഥങ്ങളുടെയും അടിസ്ഥാനമായ ആശയം ഒന്നുതന്നെ എന്നതു വ്യക്തമാണു്.

"സിഹ്റൻ" എന്ന പദത്തെയാണു് ആഭിചാരം എന്നു ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. ജാലവിദ്യകൾ, മാരണപ്രവൃത്തികൾ, കപടമായ ഗൂഢതന്ത്രങ്ങൾ എന്നീ അർത്ഥങ്ങളെക്കൂടാതെ വശീകരണവിദ്യ എന്നർത്ഥം

[132-ാമത്തെ കുറിപ്പു് മറുപുറത്തു്]

കൂടി ഇതിനുണ്ട്. ഒരു വസ്തുവിനെ അതിന്റെ അടിസ്ഥാനപരമായ അവസ്ഥയിൽനിന്നു അകററി അന്യമായ ആകൃതിയിൽ അനുഭവപ്പെടുത്തുക എന്നതാണ് ഈ പദത്തിന്റെ പ്രാഥമികമായ അർത്ഥം. എന്നാൽ മനുഷ്യൻ എന്തു ചെയ്താലും അതിന്റെ ഫലത്തെ ഉണ്ടാക്കുവാനോ ഇല്ലാതാക്കുവാനോ കഴിവുള്ളവൻ, അതു പ്രവർത്തിക്കുന്ന വ്യക്തിയല്ല.

132. യിസ്രായേല്യർക്കു യഥാർത്ഥമായ ജ്ഞാനത്തെ സമ്പാദിക്കുവാൻ മനസ്സുണ്ടായില്ല; ജീവിതത്തെ നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുവാൻ പ്രേരിപ്പിക്കുന്ന ജ്ഞാനമവർക്കു ലഭിച്ചുമില്ല. എന്നാൽ നല്ലതിനെ അറിയുവാൻ കൂട്ടാക്കാത്തതുകൊണ്ടു മനുഷ്യൻ ഒന്നും അറിയാതെ അവന്റെ ജീവിതകാലത്തെ കഴിച്ചുകൂട്ടുന്നു എന്നു വരുന്നില്ല. അറിയുക എന്നതു അവനിൽ നൈസർഗ്ഗികമായുള്ള ഒരു ഗുണമാണ്; അതു അവനിൽ അതിന്റെ പ്രവൃത്തി ചെയ്യാതെ അടങ്ങുകയില്ല. പക്ഷെ സത്യത്തിന്നു പകരം മിഥ്യയെ, നല്ലതിന്നു പകരം ചീത്തയെ അവൻ അഭ്യസിക്കുന്നു; യിസ്രായേല്യർ സത്യവേദഗ്രന്ഥത്തെ പുറംതള്ളിക്കൊണ്ടു ചെയ്തുകൂട്ടുവാൻ തുടങ്ങിയ വൈപരീത്യങ്ങളെ വിശദീകരിക്കുന്ന കൂട്ടത്തിൽ ഖുർആൻ വ്യക്തമാക്കിയ വസ്തുതയിതാണ്; ദുഷിച്ചതു പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്ന ജ്ഞാനങ്ങളാണ് യിസ്രായേല്യർക്കു പ്രിയപ്പെട്ടതായി കണ്ടുകിട്ടിയതു. സത്യത്തെ പിൻപററി ജീവിക്കുവാൻ കടപ്പെട്ട ജനങ്ങൾ, സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി സത്യമായിട്ടുള്ളതിനെ പുറന്തള്ളിയാൽ, പിന്നീടു ചെയ്യുന്ന പ്രവൃത്തികളുടെ ചിത്രമാണ് കഴിഞ്ഞ രേഖയിൽ ഖുർആൻ നമ്മുടെ ദൃഷ്ടിയിൽപ്പെടുത്തിയതു. തങ്ങൾ സത്യത്തെ സ്വീകരിക്കുന്നില്ലെന്നതുകൊണ്ടു മാത്രം അവർ തൃപ്തിപ്പെടുകയില്ല. സത്യത്തെ പിൻപററി ജീവിക്കുന്ന മററു ജനങ്ങളെ ദ്രോഹിച്ചുകൊണ്ടിരുന്നാലേ അവർക്കു സുഖമുണ്ടാവുകയുള്ളൂ; സത്യവിശ്വാസികളെ പീഡിപ്പിക്കുന്നതിന്നു വേണ്ടിയുള്ള വഴിയിലാണ് പിന്നീട് അവർ തങ്ങളുടെ കഴിവുകളെ ശേഖരിച്ചു പ്രവർത്തിപ്പിക്കുക; തങ്ങളോടു യോജിക്കാത്തവരെ ദ്രോഹിക്കുകയെന്നതാണ് മേല്പടിയാന്മാരുടെ മുദ്രാവാക്യമായി ശേഷിക്കുക; പക്ഷെ, മററുള്ളവർക്കു ദ്രോഹമായി പരിണമിക്കാവുന്ന പ്രവൃത്തികൾ ചെയ്യുവാനുള്ള കഴിവു മാത്രമേ ദ്രോഹികൾക്കു ക്രയവിക്രയത്തിന്നു കൊടുക്കപ്പെട്ടിട്ടുള്ളൂ; ദ്രോഹങ്ങൾ ചെയ്യുകയെന്നതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ മററുള്ളവരിൽ ദ്രോഹമായിത്തന്നെ ഫലിപ്പിക്കുകയെന്നതിന്നു ദ്രോഹികൾക്കു കെല്പില്ല; പ്രവൃത്തിക്കുകയെന്നതല്ലാതെ പ്രവൃത്തികളെ ഫലിപ്പിക്കുകയെന്നതു മനുഷ്യന്റെ കഴിവിൽ പെട്ടതല്ല; പ്രവൃത്തികളെ ഫലിപ്പിക്കുകയെന്നതു പ്രകൃതിയുടെ നിയന്താവായ സ്രഷ്ടാവിന്റെ കഴിവിൽ മാത്രമായി നിലകൊള്ളുന്ന കാര്യമാണ്; പ്രവർത്തിച്ചുകഴിഞ്ഞാൽ പിന്നെ പ്രവൃത്തിയുടെ ഫലത്തെ സംഭവിക്കാതെ നിറുത്തുവാനോ സംഭവിപ്പിക്കുവാനോ മനുഷ്യന്നു സാദ്ധ്യമല്ല; മനുഷ്യന്റെ നിയന്ത്രണത്തിന്നതീതമായൊരു സംഗതിയാണതു; മനുഷ്യൻ പ്രവർത്തിച്ചാൽ അതു ഫലിക്കുകയെന്നതു ദൈവ ഹിതത്താലാണ്; പ്രവർത്തിക്കുന്ന വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽപ്പെട്ട കാര്യമല്ല അതു; എങ്കിലും പ്രവൃത്തികൾ ഫലിക്കുകയെന്നതാണ് ദൈവ ഹിതമായി കാണപ്പെടുന്നതു. എന്നാൽ ദ്രോഹപ്രവൃത്തികളാണ് ചെയ്തതെങ്കിൽ അവ ഫലിക്കുന്നതു അതു ചെയ്തയാൾ ഉദ്ദേശിച്ച വ്യക്തിയിൽ ആയിരിക്കണമെന്നില്ല. നേരെ മറിച്ചു, പ്രവർത്തിച്ച വ്യക്തിയിലേക്കു തന്നെ അതു തിരിച്ചടിക്കാവുന്നതുമാണ്. അഥവാ പ്രവൃത്തികൾ എല്ലാം ഫലിക്കുന്നതായി കാണപ്പെട്ടുവെന്നിരിക്കട്ടെ; അന്യർക്കു ഉപദ്രവമായി ചെയ്ത പ്രവൃത്തികൾക്കൊണ്ടു അതു ചെയ്ത വ്യക്തിക്കു ഉപകാരമൊന്നും ഉണ്ടാകുന്നില്ലെന്നുള്ളതു വ്യക്തമാണ്. എന്നാൽ ഉപകാരമാണ് ചെയ്തിരുന്നതെങ്കിൽ അതു അവന്നും അന്യന്നും ഫലപ്രദമാവുന്നതാണ്; എന്നാൽ അതിന്നു, അങ്ങിനെ പ്രവൃത്തിക്കുന്ന മനുഷ്യന്നു സത്യമായ വിശ്വാസവും ജീവിത സന്ദർഭങ്ങളെ നന്മക്കായി വിനിയോഗിക്കുവാനാവശ്യമായ, സത്യഭീതിയോടുകൂടിയ സൂക്ഷ്മതയും കൂടിയേ കഴിയൂ. ദ്രോഹങ്ങൾ കൊണ്ടു മററുള്ളവരെ ക്ലേശിപ്പിക്കാൻ ശ്രമിക്കുന്നതിനേക്കാൾ സദ്കർമ്മങ്ങൾ കൊണ്ടു ലഭിക്കുന്ന ജീവിത സാഫല്യത്തിൽ സന്തോഷിക്കുകയാണ് നല്ലതു. സത്യവിശ്വാസത്തോടും സദുദ്ദേശത്തോടുംകൂടെ ചെയ്യപ്പെടുന്ന നിർദ്ദോഷങ്ങളായ പ്രവൃത്തികൾക്കെല്ലാം തന്നെ സാക്ഷാൽ സത്യമായ ദൈവത്തിങ്കൽനിന്നുള്ള സാഫല്യങ്ങൾ സിദ്ധിക്കുന്നതാണ്. പ്രവൃത്തിയെ നന്നാക്കി ചെയ്തിട്ടുള്ള ആരുടെയും തന്നെ പ്രതിഫലത്തെ സ്രഷ്ടാവായ ലോക രക്ഷിതാവു് പാഴാക്കിക്കളയുകയില്ല. അതായതു, സത്യവിശ്വാസത്തോടുകൂടെ സദുദ്ദേശത്താൽ ചെയ്യപ്പെടുന്ന സൽപ്രവൃത്തികൾക്കു സാഫല്യമുണ്ടാകുന്നതിൽ ദൈവ ഹിതത്തിന്നു തടസ്ഥമുണ്ടാകുകയില്ല. സദ്കർമ്മങ്ങളെ സംബന്ധിച്ചു ഖുർആൻ നല്കുന്ന ദൈവീകമായ മുന്നറിയിപ്പാണിതു. പക്ഷെ, സ

## സന്ധി 13
## ചില രേഖകളെ ദുർബ്ബലപ്പെടുത്തിയാൽ?

(ദുരുപയോഗപ്പെടാവുന്ന വാക്കുകൾ വിശ്വാസികൾ ശബ്ദിക്കരുതു്. നിയമങ്ങളെ വെറുതെ ദുർബ്ബലപ്പെടുത്തുകയില്ല; വിശ്വാസികൾ ധിക്കാരികളായിത്തീരുവാൻ പുരാതന ഗ്രന്ഥാവകാശികൾ പ്രീതിപ്പെടുന്നു. ഖേദവും ഭീതിയുമില്ലാത്ത സമാധാന ജീവിതത്തിന്നു, സത്യത്തിന്നു പരിപൂർണ്ണമായി സമർപ്പിച്ചു പ്രവർത്തിക്കുന്നതുകൊണ്ടേ സാദ്ധ്യമാവുകയുള്ളു.)

104. അല്ലയോ വിശ്വസിച്ചിട്ടുള്ളവരെ,
നിങ്ങൾ പറയായ്വിൻ, "റാഇനാ" എന്നു;
(ദുരർത്ഥജനകമായ വാക്കിനെ പറയായ്വിൻ.)
നിങ്ങൾ പറയുകയും ചെയ്വിൻ,
ഞങ്ങൾക്കു സമയമനുവദിക്കയെന്നു;
(ദോഷസ്പർശമില്ലാത്ത വാക്കിനെ.)
നിങ്ങൾ ശ്രവിക്കുകയുംചെയ്വിൻ;
ധിക്കാരികൾക്കുണ്ടുതാനും വേദനയുള്ളൊരു ശിക്ഷ.[133]

١٠٤- يَاَيُّهَا الَّذِيْنَ اٰمَنُوْا
لَا تَقُوْلُوْا رَاعِنَا
وَ قُوْلُوا انْظُرْنَا وَاسْمَعُوْا ۗ
وَ لِلْكٰفِرِيْنَ عَذَابٌ اَلِيْمٌ ○

ഗദ്യഭാഷ

104. അല്ലയോ വിശ്വസിച്ചിട്ടുള്ളവരേ, (സംസാരത്തിൽ ശ്രദ്ധയുളവാക്കുവാൻ വേണ്ടിത്തന്നെ) ദുരർത്ഥത്തിന്നു സന്ദർഭമേകുന്ന വാക്കിനെ നിങ്ങൾ പറയാതിരിക്കുവിൻ; ഞങ്ങൾക്കു സമയമനുവദിക്കുകയെന്നു (ദോഷസ്പർശമില്ലാതെ) നിങ്ങൾ പറയുകയും, നിങ്ങൾ കേൾക്കുകയും ചെയ്വിൻ. വേദനയുള്ള ശിക്ഷ ധിക്കാരികൾക്കുള്ളതാണു്.

---

ത്യത്തെ മനസ്സിലാക്കി ഫലപ്രദമായ നിലയിൽ ജീവിതസന്ദർഭങ്ങളെ വിനിയോഗിക്കുവാൻ പ്രേരിപ്പിക്കുന്ന, യഥാർത്ഥമായ ജ്ഞാനമുണ്ടായാലല്ലാതെ, മേല്പറഞ്ഞ മുന്നറിയിപ്പിന്നനുസരിച്ചു മനുഷ്യന്നു പ്രവർത്തിക്കുവാൻ സാദ്ധ്യമാവുകയില്ല.

133. യിസ്രായേല്യർ പ്രതീക്ഷിച്ചിട്ടില്ലാത്ത വ്യക്തി, യിസ്രായേല്യക്കെന്നു മാത്രമല്ല, ലോകത്തിന്നു പൊതുവെയുള്ള പ്രവാചകനായി നിയോഗിക്കപ്പെട്ടതിനോടുകൂടി യിസ്രായേല്യർ തങ്ങളുടെ സത്യവേദപുസ്തകത്തെ പുറകിലോട്ടു വലിച്ചെറിയുകയാണല്ലോ ചെയ്തതു്. അതിൻെറ ഫലമായി യിസ്രായേല്യർ, സത്യത്തെ നിദാനപ്പെടുത്തി നില്ക്കുന്ന തത്വസിദ്ധാന്തങ്ങളെ തങ്ങളുടെ സ്വാർത്ഥ രക്ഷക്കു് മാത്രമായി പ്രയോഗിക്കുവാൻ തുടങ്ങി. എന്നാൽ പിന്നീടുള്ള അവരുടെ നില അതിൽനിന്നും കുറെക്കൂടി കവിഞ്ഞതായിത്തീർന്നു; സത്യസന്ധരായിട്ടുള്ളവരെ ദ്രോഹിച്ചാൽ മാത്രമേ തങ്ങളുടെ സ്വാർത്ഥപരമായ നിലനില്പു് സാദ്ധ്യമാകയുള്ളുവെന്നു യിസ്രായേല്യർ മനസ്സിലാക്കി. എന്നാൽ സ്വാർത്ഥത്തിന്നുവേണ്ടി ജീവിക്കുന്ന മനുഷ്യന്നു, മരണഭീതി മറവുള്ള വരെയപേക്ഷിച്ചു കഠിനമായിരിക്കയാൽ യിസ്രായേല്യർ നേക്കുനേരെയുള്ള ദ്രോഹത്തിന്നു സത്യവിശ്വാസികളെ വിഷയമാക്കുകയുണ്ടായില്ല. തന്ത്രപ്രയോഗത്താലാണു് സത്യവിശ്വാസികളെ നേരിടുവാൻ യിസ്രായേല്യർ വഴി കണ്ടതു്; നയതന്ത്രവും മാരണതന്ത്രവും രണ്ടും യിസ്രായേല്യർ പ്രയോഗിച്ചുകൊണ്ടിരുന്നു; സത്യം യിസ്രായേല്യക്കു ചിന്താവിഷയമല്ലാതായി; തങ്ങൾ പറയുന്നതിലും കേൾക്കുന്നതിലുമുള്ള സ്വാഭാവികങ്ങളായ തത്വങ്ങളേക്കാൾ, കൃത്രിമങ്ങളായ ധ്വനികളേയും വ്യംഗ്യസൂചനകളേയുമവർ കാര്യമായി ഗണിച്ചു; വിശുദ്ധ പ്രവാചകനും സ്വഭാവ സമ്പന്നരായ തൻെറ പിൻഗാമികളും പരസ്പരം സംസാരിക്കുന്ന വാക്കുകളെത്തന്നെ ദുരർത്ഥപ്രയോഗങ്ങളായി വികൃതപ്പെടുത്തുവാൻ യിസ്രായേല്യർ ശ്രദ്ധവെച്ചു; പ്രവാചകൻെറ നാവിൽക്കൂടി പുറത്തുവരുന്ന വാക്കുകളെ കൃത്രിമപ്പെടുത്തുകയെന്നതു യിസ്രായേല്യക്കു സാദ്ധ്യമായൊരു കാര്യമായിരുന്നില്ല; മേല്പറഞ്ഞ സംഗതി ബോദ്ധ്യപ്പെട്ടപ്പോൾ പിന്നെ യിസ്രായേല്യർ തങ്ങളുടെ ദുരുദ്ദിഷ്ടമായ ശ്രദ്ധയെ ചെലുത്തുവാൻ തുടങ്ങിയതു സത്യവിശ്വാസികളായ ജനങ്ങൾ പ്രവാചകനോടു സംസാരിക്കുന്ന വാക്കുകളെക്കുറിച്ചാണു്. സത്യവിശ്വാസികളോടു സമകാലീനരായ യിസ്രായേല്യർ കാണിച്ച ദ്രോഹ മനഃസ്ഥിതിയുടെ ശ്ലേഷതയാണു് നമുക്കി

വിടെ ചിന്താവിഷയമായിത്തീരേണ്ടതു്. പക്ഷെ, ധിക്കാരികളുടെ ദ്രോഹമനഃസ്ഥിതിക്കു സ്വീകരിക്കുവാൻ കൊള്ളാത്ത മ്ലേഛതയില്ല; ദ്രോഹമില്ല. സത്യത്തിന്നെതിരായി തിരിഞ്ഞുകഴിഞ്ഞാൽ പിന്നെ മനുഷ്യൻ ചെന്നുവീഴുക മിഥ്യയുടെ മാലിന്യങ്ങൾ നിറഞ്ഞ നികൃഷ്ടതയിലാണല്ലോ? ദ്രോഹത്തിന്നു നീതിയും മര്യാദയും നിയമങ്ങളുമില്ല; ദ്രോഹിക്കു കൈക്കൊള്ളുവാൻ പാടില്ലാത്ത നീചത്വവുമില്ല. എന്നാൽ സത്യവിശ്വാസി, മേല്പറഞ്ഞ വിധത്തിലുള്ള ദ്രോഹികളുടെ മുമ്പിൽ നിസ്സഹായനല്ല തന്നെ. സത്യസന്ധമായ ജീവിതത്തിന്റെ സകല തുറകളിലും, ധിക്കാരിയായ ദ്രോഹിയെ പരാജയപ്പെടുത്തുന്നതിന്നാവശ്യമായ കർമ്മപദ്ധതികൾ ഖുർആൻ വിശ്വാസികൾക്കു നല്കിയിട്ടുണ്ടു്. ഖുർആനിന്റെ പ്രഖ്യാപകനായ പ്രവാചകൻ മേല്പറഞ്ഞ കർമ്മപദ്ധതികളെ പ്രവൃത്തിമൂലമായി വിശദീകരിച്ചു കൊടുത്തിട്ടുമുണ്ടു്.

നമ്മുടെ പ്രതിപാദനത്തിലിരിക്കുന്ന രേഖ 104, ദ്രോഹികളുടെ ലോകത്തിൽ വിശ്വാസികൾ സ്വീകരിക്കേണ്ടതായ സംസാരപദ്ധതിയുടെ മാതൃകയെ വെളിപ്പെടുത്തുന്നു. ദുരുദ്ദിഷ്ടങ്ങളായ പ്രയോഗങ്ങളായി തെററിദ്ധരിക്കപ്പെടുവാനോ, ദുരർത്ഥങ്ങളെ ജനിപ്പിക്കുമാറു വികൃതപ്പെടുത്തി പറയുവാനോ സംഗതിയാക്കുന്ന വാക്കുകൾ വിശ്വാസികൾ സംഭാഷണമദ്ധ്യത്തിൽ പ്രയോഗിക്കുന്നതിനെ ഖുർആൻ നിരോധിച്ചിരിക്കുന്നു. ധിക്കാരികളുടെ ചിന്താഗതിക്കുള്ള മ്ലേഛതയെ തുറന്നുകാട്ടുന്നതിനോടുകൂടെ സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്ന വിശ്വാസിയുടെ സാമൂഹ്യമര്യാദയെ ഖുർആൻ ഇവിടെ സവിശേഷമായി വെളിപ്പെടുത്തുന്നു; മനഃപൂർവ്വമല്ലാത്ത നിലയിലുംകൂടി മര്യാദക്കെതിരായ വാക്കുകൾ പ്രയോഗിക്കുവാൻ സത്യവിശ്വാസിക്കു ഖുർആൻ സമ്മതി കൊടുക്കുന്നില്ല; ദുരുദ്ദേശങ്ങൾക്കു കടന്നുകൂടുവാൻ കഴിയാത്ത ഭാഷാരീതിയാണു് സത്യവിശ്വാസി തന്റെ സംസാരത്തിന്നായി സ്വീകരിക്കേണ്ടതു്. നിങ്ങൾ "റാഇനാ" എന്നു പറയരുതു് എന്നാണു് വിശ്വാസികളെ അഭിമുഖമാക്കിക്കൊണ്ടു ഖുർആൻ ആജ്ഞാപിക്കുന്നതു്; ഒരു പ്രത്യേക സന്ദർഭത്തിൽ പ്രത്യേകമായൊരു വാക്കിനെ നിരോധിക്കയാണു് ഖുർആൻ ചെയ്യുന്നതെങ്കിലും, അതു ആന്തരമായ ഒരു ജീവിതമര്യാദയെ പൊതുവിൽ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല; പ്രവാചകന്റെ സന്നിധിയിൽ യിസ്രായേല്യർ സംഭാഷണത്തിന്നു വരിക പതിവാണു്; നബി (സ) യുടെ പ്രഭാഷണങ്ങൾ കേട്ടുകൊണ്ടിരിക്കെ, തങ്ങളിലേക്കു ശ്രദ്ധയെ ക്ഷണിക്കുന്ന ഭാവത്തിൽ "റാഇനാ" എന്നു താഴ്ന്ന സ്വരത്തിൽ അവർ പറയുകയും പതിവായിരുന്നു; "റാഇനാ" എന്നുവെച്ചാൽ "ഞങ്ങൾക്കു ചെവിതരിക; ഞങ്ങളെ ചെവിക്കൊള്ളുക" എന്നു അർത്ഥമാണു്; (തബരി). എന്നാൽ "റാഇ=ചെവിക്കൊള്ളുക" എന്നും "നാ=ഞങ്ങളെ" എന്നും ഉള്ള രണ്ടു പദങ്ങളുടെ ആകെത്തുകയായിട്ടുള്ള ഒരു വാക്കാണു് ഇതു എന്നു വെച്ചാൽ മാത്രമേ ഈ അർത്ഥം ഈ വാക്കിന്നു കിട്ടുകയുള്ളു. ഈ അർത്ഥത്തിൽ വിശ്വാസികളും "റാഇനാ" എന്നുള്ള പദത്തെ പ്രവാചകന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു പ്രയോഗിക്കുക പതിവായിരുന്നു; പക്ഷെ, ഇതു രണ്ടു വാക്കുകളുടെ സംഘടിതരൂപമായിട്ടുള്ള പദമല്ല, നേരേമറിച്ചു "റാഇനാ" എന്നതു "റഅനൻ" എന്ന ധാതുവിൽ നിന്നുള്ള ഒററ വാക്കാണു് എന്നു വെക്കുകയാണെങ്കിൽ ഈ വാക്കിന്നുണ്ടാകുന്ന അർത്ഥം വളരെ വിപരീതവും അനാശാസ്യവും ആയിട്ടുള്ളതായിരിക്കും; ഹേ വിഡ്ഢി! എന്ന അർത്ഥമാണു് അങ്ങിനെയായാൽ ആ വാക്കിന്നുണ്ടായിരിക്കുക; ആ വാക്കു പറയുമ്പോൾ വിശ്വാസികളുടെ ആലോചനയിൽ അങ്ങിനെ ഒരു അർത്ഥം ആവിർഭവിക്കുന്നില്ലെങ്കിലും അനാശാസ്യമായ ആ അർത്ഥത്തെ ഉദ്ദേശിച്ചുകൊണ്ടു ആ വാക്കിനെ പ്രയോഗിക്കുന്ന യിസ്രായേല്യർ അവർക്കിടയിലുണ്ടു്. വിശ്വാസിയുടെ ആശയവും ഭാഷയും അസന്നിഗ്ദ്ധമായിരിക്കണം എന്ന അടിസ്ഥാനമാണു് ഈ നിരോധനത്തിന്നുള്ളതു്; അവന്റെ ആശയവും അക്ഷരവും ഒന്നും അനർത്ഥത്തിന്നു അരുനില്ക്കുന്നതായിക്കൂടാ എന്നു അവൻ അറിഞ്ഞു ആലോചിച്ചു പെരുമാറണം; ഖുർആൻ മനുഷ്യനെ നയിക്കുന്നതു ചിന്തയുടെയും പ്രവൃത്തിയുടെയും വശങ്ങളിൽ മാത്രമല്ല, സംഭാഷണത്തിന്നുപയോഗിക്കുന്ന ശബ്ദങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിലുംകൂടി മനുഷ്യനെയതു വഴികാണിച്ചുകൊടുക്കുന്നു. ഈ വാക്യാംശത്തിന്റെ അർത്ഥനിർണ്ണയം ചെയ്യുന്ന കൂട്ടത്തിൽ, പ്രവാചകന്റെ ജീവിതചര്യകളിൽ നിന്നുള്ള ചില സംഭവങ്ങൾ സ്മരിക്കുന്നതു പ്രയോജനപ്പെടുന്നതാണു്. മുന്തിരി (ചെടി അല്ലെങ്കിൽ പഴം) എന്ന അർത്ഥത്തെ ഉദ്ദേശിച്ചുകൊണ്ടു അറബികൾ "കറ്മൻ" എന്നു പറയാറുണ്ടു്. എന്നാൽ അതേ വസ്തുവിനെക്കുറിക്കുന്നതിന്നായി "ഹബലതുൻ" എന്ന മറെറാരു വാക്കുകൂടിയുണ്ടു്. നബി (സ), മുന്തിരി എന്ന അർത്ഥത്തെ കുറിക്കുവാനായി "കറ്മൻ" എന്ന വാക്കു് ഉപയോഗിക്കുന്നതിനെ വിലക്കുകയും ആ സ്ഥാനത്തു് "ഹബല

105. പ്രിയപ്പെടുന്നില്ലതന്നെ;
ഗ്രന്ഥാവകാശികളായ, ധിക്കരിച്ചിട്ടുള്ളവർ;
കൂട്ടുദൈവക്കാരായുള്ളവരുമില്ല, (പ്രിയപ്പെടുക)
നിങ്ങളിൽ ഇറക്കപ്പെടുവാൻ;
എന്തെങ്കിലും ഒരു നന്മ;
നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നും.
അല്ലാഹു പ്രത്യേകപ്പെടുത്തുന്നു;
അവൻെറ കാരുണ്യത്തെക്കൊണ്ടു്;
അവൻ ഇച്ഛിക്കുന്ന ആരെയുംതന്നെ.
അല്ലാഹു മഹത്തായ സൗജന്യശാലിയാണെതാനും.[134]

١٠٥- مَا يَوَدُّ الَّذِيْنَ كَفَرُوْا
مِنْ اَهْلِ الْكِتٰبِ
وَلَا الْمُشْرِكِيْنَ
اَنْ يُّنَزَّلَ عَلَيْكُمْ مِّنْ خَيْرٍ مِّنْ رَّبِّكُمْ ؕ
وَاللّٰهُ يَخْتَصُّ بِرَحْمَتِهٖ مَنْ يَّشَآءُ ؕ
وَاللّٰهُ ذُو الْفَضْلِ الْعَظِيْمِ ۝

ഗദ്യഭാഷ

105. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നു എന്തെങ്കിലുമൊരു നന്മ നിങ്ങളിൽ ഇറക്കപ്പെടുന്നതിനെ ഗ്രന്ഥത്തിൻെറ അവകാശികളായുള്ള ധിക്കരിച്ചവർ പ്രിയപ്പെടുന്നില്ല. കൂട്ടുദൈവക്കാരായുള്ളവരും (അതു പ്രിയപ്പെടുന്നില്ല.) അല്ലാഹു അവൻെറ കാരുണ്യത്തെക്കൊണ്ടു അവൻ ഇച്ഛിക്കുന്നവരെ പ്രത്യേകപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു വളരെയേറെ മഹത്വമുള്ള ഔദാര്യശാലിയാണു്.

ുൻ'' എന്ന വാക്ക ഉപയോഗിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു; എന്തുകൊണ്ടെന്നാൽ "കറ്മൻ'' എന്ന ശബ്ദത്തെ അല്പമൊരു ഭേദഗതി ചെയ്തുകൊണ്ടു "കറമൻ'' എന്നു ശബ്ദിച്ചാൽ അതിന്നു ഔദാര്യം, അനുഗ്രഹം, ബുദ്ധിമതി എന്നീ അർത്ഥങ്ങൾ ഉണ്ടാകുന്നു; സത്യവിശ്വാസിയുടെ സംസാരശൈലി നിസ്സാരങ്ങളായ സ്വരഭേദങ്ങൾ കൊണ്ടു വികൃതപ്പെടുവാൻ പാററിയതായിക്കൂടാ; അതേ പ്രകാരംതന്നെ തൻെറ ഉടമയിലുള്ള ആൾ എന്ന അർത്ഥത്തെക്കുറിക്കുന്നതിന്നു എൻെറ അടിമ "അബ്ദീ'' എന്നു ഒരു വിശ്വാസി പറയുന്നതിനെ നബി (സ) നിരോധിക്കയും അതേ ആശയത്തെക്കുറിക്കുന്നതിന്നായി എൻെറ ചെറുക്കൻ (പരിചാരകൻ) എന്നു അർത്ഥം വരുന്ന "ഫതായ'' എന്ന വാക്ക പ്രയോഗിക്കുവാൻ ഉപദേശിക്കയും ചെയ്തിരുന്നു. മനുഷ്യൻ അല്ലാഹുവിൻെറതല്ലാതെ മറെറാന്നിൻെറ അടിമയായിക്കൂടാ എന്ന ആശയത്തെ അടിസ്ഥാനപരമായി അംഗീകരിച്ച വിശ്വാസികൾ, ആ ആശയത്തിന്നു അനുസരിക്കാത്തതെന്നു പ്രഥമ ദൃഷ്ടിയിലെങ്കിലും തോന്നിപ്പോകുന്ന വാക്കുകൾ പ്രയോഗിച്ചുകൂടാത്തതാണു്. (തബരി). പ്രത്യേകിച്ചു വിരോധികളുടെ മദ്ധ്യത്തിൽ കൂടുതൽ ശ്രദ്ധിച്ചു സംസാരിക്കുവാൻ സത്യവിശ്വാസി കടപ്പെട്ടവനാണു്; പദപ്രയോഗങ്ങളിൽ യഹൂദർ ചെയ്തുകൊണ്ടിരുന്ന കൃത്രിമങ്ങളുടെ വിശദീകരണത്തിന്നു സംഹിത 4ൽ രേഖ 46 നോക്കുക.

സംസാരമദ്ധ്യത്തിൽ ശ്രദ്ധയെ ക്ഷണിക്കുകയെന്ന പ്രവൃത്തിയെ ഖുർആൻ നിരോധിക്കുന്നില്ല; ദുരുപയോഗപ്പെടുത്തുവാൻ സംഗതിയുള്ള വാക്കുകൾ പ്രയോഗിക്കുന്നതിന്മേൽ മാത്രമാണു് നിരോധനമുള്ളതു്; ഞങ്ങളെ ഗൗനിക്കുക എന്നു നിങ്ങൾ പറയുകയും ചെയ്വിൻ എന്ന പ്രയോഗത്താൽ വ്യക്തമായിത്തീരുന്ന സംഗതിയാണിതു്; ധിക്കാരികളായ ദ്രോഹികളുടെ കുതന്ത്രങ്ങൾക്കു വിഷയമാകാതെ സൂക്ഷിക്കുവാനായി വിശ്വാസികളെ തട്ടിയുണർത്തുന്നൊരു നിരോധനമാണു് രേഖയുടെ പ്രാരംഭത്തിൽ കാണുന്നതു്. മേല്പറഞ്ഞ വിഷയത്തിൽ വിശ്വാസികൾ കൈക്കൊള്ളേണ്ട നിലയെ ഖുർആൻ വ്യക്തമാക്കുകയും ചെയ്തു. പ്രവൃത്തികളുടെ വിഷയത്തിൽ മാത്രമല്ല, പെരുമാററത്തിൻെറ കാര്യത്തിൽകൂടി സത്യശാസനകൾ മാനിക്കപ്പെടേണ്ടതാണു്. കർമ്മങ്ങളുടെ വിഷയത്തിൽ സത്യത്തെ നിരാകരിക്കുന്നവനെപ്പോലെതന്നെ പെരുമാററത്തിൻെറ വിഷയത്തിലും കൂടി സത്യശാസനകളെ മാനിക്കാതെ ജീവിക്കുന്നവൻ ധിക്കാരിയാണു്; മററു വിഷയങ്ങളിൽ താൻ ദൈവകല്പനകളെ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടു മാത്രം അവൻ യഥാർത്ഥ വിശ്വാസിയാകുന്നില്ല. വേദനയേല്പിക്കുന്നതായ നരകശിക്ഷ ധിക്കാരികൾക്കു പൊതുവെയുള്ളതാണു്; പെരുമാററത്തിൻെറ വിഷയത്തിലുള്ള ദൈവകല്പനകൾ മാത്രമേ താൻ ധിക്കരിച്ചിട്ടുള്ളു എന്നതുകൊണ്ടു ഒരാൾ ധിക്കാരിയല്ലാതാവുന്നില്ല.

134. സത്യത്തെ സർവ്വോപരി മാനിച്ചു ജീവിക്കുന്നവരായ വിശ്വാസികൾ തങ്ങളുടെ പെരുമാററങ്ങളിൽ കൈക്കൊള്ളേണ്ടതായ സ്വഭാവമൂല്യങ്ങളുടെ മികച്ച മാതൃകയാണു് രേഖ 104ൽ ഖുർആൻ വെളിപ്പെടുത്തിയതു;

ഖുർആനിൽ വിശ്വസിച്ചു പ്രവർത്തിച്ചു മുമ്പോട്ടു നീങ്ങുന്ന ജനതയ്ക്കു, മഹത്തായ സാംസ്കാരിക നിലവാരത്തിൽ ചെന്നെത്തുവാൻ സന്നദ്ധതയുളവാക്കുന്നൊരു സ്വഭാവനിർദ്ദേശമാണതു്. ലോകത്തെ ധാർമ്മികമായ പെരുമാററഗുണങ്ങളാൽ സത്യമാർഗ്ഗത്തിൽ സംഘടിപ്പിക്കുന്നതിന്നു വഴി തെളിയിക്കുന്നൊരു കല്പനയാണതു്; സത്യത്തിന്നു സമർപ്പിച്ചു ജീവിക്കുന്ന മനുഷ്യൻ ദൈവാനുഗ്രഹങ്ങൾക്കു സ്വതവേ പാത്രമായിത്തീരുന്നു. ഖുർആനിനെ പിൻപററി ജീവിക്കുവാൻ സാധിക്കുകയെന്നതു തന്നെ ദൈവികമായൊരു മഹാനുഗ്രഹമാണു്. സത്യത്തിന്നു സമർപ്പിച്ചു ജീവിക്കുവാൻ സന്നദ്ധത കാണിച്ചതുകൊണ്ടാണു് വിശ്വാസികൾക്കു ഖുർആനിനെ പിൻപററുവാൻ സാധിച്ചതു്; അതുപോലെത്തന്നെ സ്വന്ത താല്പര്യങ്ങളെ സത്യത്തേക്കാൾ വലുതായി വെച്ചുപുലർത്തിയതുകൊണ്ടാണു് ധിക്കാരികൾക്കു ഖുർആനിനെ സ്വീകരിക്കുവാൻ കഴിയാതെ പോയതും. എന്നാൽ ധിക്കാരികളായ ജനങ്ങൾ അവരുടെ ഭാഗത്തുനിന്നു ഖുർആനിനെ നിരാകരിച്ചു എന്നതുകൊണ്ടു മാത്രം തൃപ്തരാവുകയില്ല; ഖുർആനിൽ വിശ്വസിച്ചു ജീവിക്കുന്ന ജനങ്ങൾ സ്വാർത്ഥലേശമില്ലാത്ത പ്രവൃത്തികളുടെ ഫലമായി ദൈവകാരുണ്യങ്ങൾ നേടുന്നതുംകൂടി ധിക്കാരികൾ പ്രിയപ്പെടുന്നില്ല; ധിക്കാരികളായിത്തന്നെയവർ തുടർന്നുകൊണ്ടു പോകുന്ന കാലംവരെ അവർ അതു—വിശ്വാസികൾക്കു ദൈവത്തിൽനിന്നുള്ള നന്മ ലഭിക്കുകയെന്നതു—ഇഷ്ടപ്പെടുകയില്ല. ഇക്കാര്യത്തിൽ ധിക്കാരികൾ ഏതു വിഭാഗക്കാരാണെന്നുള്ളതു പ്രശ്നമല്ല; അവർ സത്യത്തെ ധിക്കരിക്കുകയും, ധിക്കാരത്തെ സ്വഭാവമാക്കുകയും ചെയ്തിട്ടുള്ളവരാണോ അല്ലയോ എന്നു മാത്രമേ ചിന്തിക്കാനുള്ളൂ; അങ്ങിനെ മേല്പറഞ്ഞ വിധത്തിൽ സത്യത്തെ ധിക്കരിച്ചിട്ടുള്ളവരാണെങ്കിൽ പിന്നെ അവർ ഗ്രന്ഥാവകാശികളിൽ പെട്ടവരാണോ അതല്ല, കൂട്ടുദൈവക്കാരിൽ ചേർന്നവരാണോ എന്നതു ഈ വിഷയത്തിൽ വ്യത്യാസത്തിന്നു കാരണമാകുന്നില്ല. എന്തുകൊണ്ടെന്നാൽ തങ്ങളുടെ ഗോത്രക്കാരല്ലാത്തവർക്കു ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നതിനെപ്പററി ചിന്തിക്കുവാൻ സന്നദ്ധതയില്ലാത്തവരാണു് അക്കൂട്ടർ; തന്നെയല്ല, തങ്ങൾ കാമിക്കാത്ത കാര്യങ്ങൾ ലോകത്തിൽ വരാൻ പാടില്ലെന്നു അവർ തീരുമാനിക്കയും ചെയ്തിരിക്കുന്നു. തങ്ങളുടെ ഗോത്രപരമായ നിലനില്പിനെ രക്ഷിച്ചുപോരുവാൻ വേണ്ടി മാത്രമായി കടപ്പെട്ടതായ നിലയിലാണു് സാക്ഷാൽ സത്യമായ ദൈവത്തെപ്പററി വേദഗ്രന്ഥങ്ങൾ വെച്ചുകൊണ്ടിരിക്കുന്ന യഹൂദരും ക്രിസ്ത്യാനികളും വിചാരിക്കുന്നതു്. ഗോത്രവർണ്ണദേശവ്യത്യാസങ്ങളെ സാക്ഷാൽ സത്യമായ ദൈവത്തിന്റെ പേരിൽ തട്ടിയുടച്ചു നീക്കുന്ന വിശ്വാസസമുദായക്കാരായ വിശ്വാസികൾക്കു ദൈവത്തിന്റെ പക്കൽനിന്നുള്ള കാരുണ്യങ്ങൾ ലഭിക്കുകയെന്നതിൽ യിസ്രായേല്യർക്കു പ്രിയപ്പെടുവാൻ തരമില്ല; അവരുടെ അനുമാനങ്ങൾ അവരെ അങ്ങിനെയാണു് ആക്കിത്തീർത്തിരിക്കുന്നതു്.

സൃഷ്ടികളെ നോക്കി സ്രഷ്ടാവെന്ന നിലയിൽ സാക്ഷാൽ സത്യമായ ദൈവത്തെ മനസ്സിലാക്കി അവന്നു സർവ്വാത്മനാ സമർപ്പിച്ചു സത്യവിശ്വാസി ജീവിക്കുമ്പോൾ, സൃഷ്ടികളേയും, സൃഷ്ടികളുടെ നിർമ്മാണങ്ങളായ വസ്തുക്കളേയും, സ്വാർത്ഥ താല്പര്യങ്ങളേയും ദൈവമാക്കി വെച്ചു ജീവിതകാലങ്ങൾ പോക്കുകയാണു് കൂട്ടുദൈവക്കാർ ചെയ്യുന്നതു്. വ്യക്തികൾക്കും ഗോത്രങ്ങൾക്കും രാഷ്ട്രങ്ങൾക്കും കൂട്ടുദൈവക്കാർക്കിടയിൽ വേറെ വേറെ ദൈവങ്ങളുണ്ടാകുന്നു. കൈവശമുള്ള ദൈവങ്ങൾക്കു പുറമെ ഏതെങ്കിലും ഒരു വസ്തുവിൽനിന്നു വിചാരിക്കാത്ത ഉപകാരമോ കഠിനമായ ഉപദ്രവമോ ഉണ്ടാവുകയാണെങ്കിൽ അതിന്നും അവരുടെ ദൈവങ്ങളുടെ പട്ടികയിൽ പ്രതിഷ്ഠ ലഭിക്കുന്നു; അവയുടെ ഇരിപ്പും നില്പും അവരുടെ ജീവിതത്തിന്റെ ഉറപ്പിനേയും ഉയർച്ചയേയും കുറിക്കുന്നു എന്നതാണു് അവരുടെ അറിവിന്റെ ആകെത്തുക; അതിനാൽ സ്രഷ്ടാവായ സാക്ഷാൽ ദൈവമല്ലാതെ വേറെ ദൈവങ്ങളില്ലെന്നു മനസ്സിലാക്കി വിശ്വസിച്ചു പ്രവൃത്തിമൂലമായി പ്രഖ്യാപിച്ചു ജീവിക്കുന്ന വിശ്വാസികൾക്കു ദൈവകാരുണ്യങ്ങൾ ലഭിക്കുവാൻ സംഗതിയായാൽ അതു ബഹുദൈവക്കാർക്കു പ്രിയപ്പെട്ട കാര്യമായിരിക്കുകയില്ല; ബഹുദൈവങ്ങളിൽ വിശ്വസിച്ചു കഴിയുന്ന കാലത്തോളം അതു അവർ പ്രിയപ്പെടുകയില്ലതന്നെ.

കൂട്ടുദൈവക്കാരിൽനിന്നും വേദഗ്രന്ഥാവകാശികളിൽനിന്നുമുള്ള ധിക്കാരികൾ, സത്യവിശ്വാസികൾക്കു ലഭിക്കുന്ന ദൈവികമായ നന്മയിൽ പ്രീതിപ്പെടുകയില്ല എന്നു പറയുമ്പോൾ ധിക്കരിച്ചിട്ടുള്ളവർ എന്ന നിലക്കു വിശേഷണമൂലമായ രൂപത്തിലാണു്, മേല്പറഞ്ഞ വ്യക്തികളെപ്പററി ഖുർആൻ പ്രതിപാദിക്കുന്നതു്; അവരിലുള്ള സത്യത്തിന്നെതിരായ ധിക്കാരമെന്ന സ്വഭാവത്തെ മാനദണ്ഡമാക്കിക്കൊണ്ടുള്ള പ്രസ്താവനയാണിതു്. മേല്പറഞ്ഞ ധിക്കാരമെന്ന സ്വഭാവത്തിന്നു പരിവർത്തനമുണ്ടായാൽ പിന്നെയവർ ഈ സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള വിധിക്കു വിഷയമല്ല. വിശ്വാസികളുടെ മഹത്തായ സ്വഭാവഗുണങ്ങൾകൊണ്ടു സത്യത്തെ ധിക്ക

106. രേഖയിൽനിന്നു എന്തൊന്നു നാം മാച്ചുന്നുവോ?
അഥവാ മറപ്പിക്കുന്നുവോ? (അപ്പോൾ)
നാം കൊണ്ടുവരുന്നതാണു്;
അതിനെക്കാൾ മഹത്തരമായ ഒന്നിനെ;
അല്ലെങ്കിൽ അതിന്നു സദൃശമായതിനെ.
നീ അറിഞ്ഞിട്ടില്ലയോ?
നിശ്ചയമായിട്ടു അല്ലാഹു സകല വസ്തുവിന്നും മീതെ
കഴിവുള്ളവനാണെന്നു്.[135]

١٠٦- مَا نَنْسَخْ مِنْ آيَةٍ
أَوْ نُنْسِهَا نَأْتِ
بِخَيْرٍ مِّنْهَا أَوْ مِثْلِهَا ۗ
أَلَمْ تَعْلَمْ أَنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

ഗദ്യഭാഷ

106. രേഖകളിൽ ഏതെങ്കിലുമൊന്നിനെ നാം ദുർബ്ബലപ്പെടുത്തുകയോ അല്ലെങ്കിൽ മറപ്പിക്കുകയോ ചെയ്യുന്നെങ്കിൽ, അപ്പോൾ അതിനേക്കാൾ മഹത്തരമായ ഒന്നിനെ അല്ലെങ്കിൽ അതുപോലെയുള്ളതിനെ നാം അതിൻെറ സ്ഥാനത്തു കൊണ്ടുവരുന്നതാണു്; നിശ്ചയമായിട്ടു അല്ലാഹു സകല വസ്തുവിന്നും മീതെ കഴിവുള്ളവനാണെന്നുള്ളതു നീ അറിഞ്ഞിട്ടില്ലയോ ?

രിച്ചുകൊണ്ടിരുന്ന ജനങ്ങളിൽ വരാവുന്ന പരിവർത്തനങ്ങളെ ഖുർആൻ വിഗണിക്കുന്നില്ല. ഖുർആനിൻെറ പിൻഗാമികളിൽത്തന്നെ, സത്യത്തിൻെറ ധീരയോദ്ധാക്കളായി ജീവിച്ചുപോന്നിട്ടുള്ള മഹാ വ്യക്തികളിൽ വളരെ പേർ നന്മയിലേക്കുള്ള പരിവർത്തനത്തിന്നു വിധേയരായിത്തീർന്നു, ഖുർആനിൻെറ പ്രഖ്യാപകനായ നബി (സ) യുടെ സ്വഭാവമഹിമ കൊണ്ടായിരുന്നുവെന്നതിന്നു ചരിത്രത്തിൻെറ തെളിവുകൾ സുലഭമാണു്. എന്നാൽ തങ്ങളിൽനിന്നും വ്യത്യസ്തരായ വിശ്വാസികൾക്കു ദൈവീകമായ നന്മകൾ ലഭിക്കുന്നതിൽ വിപ്രതിപത്തി കാണിക്കുന്ന ധിക്കാരികളുടെ ദൃഷ്ടിയിൽ ഖുർആൻ കൊണ്ടുവരുന്ന വസ്തുത നോക്കുക; ജീവിക്കുക, ജ്ഞാനേന്ദ്രിയങ്ങൾ ലഭിക്കുക, ജ്ഞാനത്തെ ശേഖരിക്കുവാൻ ശേഷിയുണ്ടാവുക, സമ്പാദിച്ചിട്ടുള്ള ജ്ഞാനത്തിന്നനുസരിച്ചു പ്രവർത്തിക്കുവാൻ സന്നദ്ധതയുണ്ടാവുക, തൻെറ പ്രാപ്തിയിൽ പെട്ട കഴിവുകളെ സാക്ഷാൽ സത്യമായ ദൈവത്തിൻെറ ഹിതത്തിന്നായി സമർപ്പിക്കുക തുടങ്ങിയ നൈസർഗ്ഗികങ്ങളായ ഗുണങ്ങൾ മനുഷ്യൻ സ്വന്തമായി സമ്പാദിക്കുന്നവയല്ല. സർവ്വസ്വാതന്ത്ര്യമായ ദൈവഹിതത്താൽ മാത്രമാണു് മനുഷ്യന്നു സത്യസാക്ഷാൽകാരത്തിന്നാവശ്യമായ സിദ്ധികൾ ലഭിക്കുന്നതു്. മനുഷ്യൻെറ വ്യക്തിത്വത്തിൻ നിദാനമായി നില്ക്കുന്നതു മനുഷ്യന്നു ദൈവീകമായി ലഭിക്കുന്ന ഗുണവിശേഷങ്ങളാണു്. വിശേഷാൽ സത്യത്തിന്നു സമർപ്പിച്ചു ജീവിക്കുവാൻ ഭാഗ്യമുണ്ടാവുകയെന്നതു ദൈവീകമായ കാരുണ്യമുണ്ടായാൽ മാത്രമേ സാദ്ധ്യമാവുകയുള്ളു. പക്ഷെ സത്യത്തിന്നു വഴങ്ങിക്കൊണ്ടാണു് താൻ ജീവിക്കുന്നതെങ്കിൽ തനിക്കു മേല്പറഞ്ഞ കാര്യത്തിൽ ദൈവകാരുണ്യമുണ്ടായിരിക്കുന്നുവെന്നു് മനുഷ്യന്നു മനസ്സിലാക്കുവാൻ സാധിക്കേണ്ടതാണു്; ദൈവകാരുണ്യത്തിന്നു പാത്രമാകുവാനുള്ള കഴിവു് മനുഷ്യന്നു പൊതുവെ നല്കപ്പെട്ടിട്ടുണ്ടു്. മനുഷ്യൻ മുൻകൂറായി ചെയ്തുവെച്ചിട്ടുള്ള പ്രവൃത്തികളുടെ ഫലമായിട്ടല്ല മേല്പറഞ്ഞ കഴിവു് നല്കപ്പെട്ടിരിക്കുന്നതു്; വ്യക്തിഗതങ്ങളായ വ്യത്യാസങ്ങൾ പരമോദാരമായ ദൈവകാരുണ്യങ്ങൾ കൊണ്ടു മാത്രമായി ലഭിച്ചവയാണു്; (തബരി). മേല്പറഞ്ഞ ഗുണവ്യത്യാസങ്ങളിൽ പക വെക്കുകയെന്നതു ബുദ്ധിശൂന്യത മാത്രമാണു്; കാലദേശവ്യത്യാസങ്ങൾ വർണ്ണപാരമ്പര്യ ഭേദങ്ങൾ മുതലായവകൂടി ദൈവദത്തങ്ങളായ വ്യക്തിത്വങ്ങളുടെ ഭാഗങ്ങളാണു്. എന്നാൽ സാക്ഷാൽ സത്യമായ ദൈവത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു കഴിഞ്ഞാൽ മനുഷ്യക്കിടയിൽ വ്യക്തിവ്യത്യാസങ്ങൾ വിഷമപ്രശ്നമായിത്തീരുകയില്ല തന്നെ; സത്യത്തിന്നു സമർപ്പിക്കപ്പെട്ടാൽ പിന്നെ വ്യക്തിവ്യത്യാസങ്ങൾ കാലദേശവർണ്ണപരമായ വൈപരീത്യങ്ങൾക്കു വിധേയമായിരിക്കയില്ല; മനുഷ്യൻ പ്രവർത്തിക്കുന്നു; പ്രവൃത്തികൾ മനുഷ്യൻെറ സ്വന്തമാണു്; പക്ഷെ, മനുഷ്യൻെറയും അവൻെറ പ്രവൃത്തികളുടെയും സ്രഷ്ടാവായ ദൈവമാണു് മനുഷ്യന്നു പ്രവൃത്തിക്കുവാനുള്ള കഴിവുകൾ കൊടുക്കുന്നതു്; മനുഷ്യന്നു കഴിവുകൾ കൊടുക്കുന്നതിൽ സ്രഷ്ടാവായ ദൈവത്തിൻെറ സർവ്വസ്വാതന്ത്ര്യമായ ഹിതമൊന്നു മാത്രമല്ലാതെ വേറെ യാതൊരു കാരണവുമില്ല; ദൈവത്തിൻെറ പരമോദാരമായ ദാനവിശേഷതയെ, വ്യക്തിവിദ്വേഷങ്ങളെ വെച്ചു ചിന്തിക്കുന്നവരുടെ നേരെ ഖുർആൻ വെളിപ്പെടുത്തുന്നു.

ഇവിടെ "നന്മ" എന്നും "കാരുണ്യം" എന്നും പരിഭാഷ ചെയ്യപ്പെട്ടിരിക്കുന്ന വാക്കുകൾകൊണ്ടു വിവക്ഷിക്കുന്നതു ദൈവീക നിവേദനങ്ങളെയാണെന്നു വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു്; തങ്ങളുടെ വർഗ്ഗത്തിന്നല്ലാതെ ലഭ്യമാവുകയില്ലെന്നു

[ 135-ാമത്തെ കുറിപ്പു് മറപുറത്തു് ]

യിസ്രായേല്യർ വാദിച്ചിരുന്നതു്, ദൈവീകനിവേദനങ്ങളെക്കുറിച്ചാണല്ലോ? (അബൂഹയ്യാൻ). ദൈവീകമായ മാർഗ്ഗദർശനത്തെയാണു് മേല്പറഞ്ഞ വാക്കുകൾ കുറിക്കുന്നതെന്നതിൽ സന്ദേഹമില്ല; (തബരി).

135. വർഗ്ഗീയമായ പരിധികളെ വെച്ചുകൊണ്ടല്ലാതെ, ദൈവത്തിന്റെ ദാന ദയാദാക്ഷിണ്യങ്ങളെക്കുറിച്ചു കൂടി ചിന്തിക്കുവാനാകാത്ത നിലയിലാണു് യിസ്രായേല്യരുടെ വർഗ്ഗീയ മനഃസ്ഥിതി ചെന്നെത്തിയിട്ടുള്ളതു്. തങ്ങൾ പണ്ടിനാലെ തിരഞ്ഞുകൊണ്ടിരുന്ന ദൈവാനുഗ്രഹത്തെത്തന്നെ, തങ്ങളുടെ വർഗ്ഗീയതയ്ക്കു പിടിക്കാത്ത സ്ഥാനത്തു കണ്ടെത്തിയപ്പോൾ യിസ്രായേല്യർക്കു അതിനെ കൈപ്പററുവാൻ സാധിക്കുകയില്ലെന്നു വന്നു. തങ്ങളെത്തന്നെ നഷ്ടത്തിലേക്കു് നയിക്കുന്ന കഠിനമായ പക്ഷപാതിക മനഃസ്ഥിതി യിസ്രായേല്യരിൽ കൊടുമ്പിരിക്കൊണ്ടു കഴിഞ്ഞിരിക്കയാണു്. ഖുർആനിന്നു, മേല്പറഞ്ഞ വിഷയത്തിന്നെതിരായി, യിസ്രായേല്യരെ തട്ടിയുണർത്തുവാനുള്ളതു ദൈവത്തിന്റെ സർവ്വസ്വതന്ത്രമായ സൗജന്യശാലിത്വത്തിന്റെ സവിശേഷതയെക്കുറിച്ചാണു്. രേഖ 105ന്റെ പര്യവസാനത്തിൽ ഖുർആൻ ആ വിഷയത്തിൽ അവരെ തട്ടിയുണർത്തുന്ന രീതിയാണു് നാം കണ്ടതു്. ദൈവത്തിന്റെ പരമോദാരങ്ങളായ ദാനദാക്ഷിണ്യങ്ങൾ മനുഷ്യനിൽ പ്രത്യേകതകളെ ജനിപ്പിക്കുന്നു; മനുഷ്യൻ മുൻകൂട്ടി സമ്പാദിച്ചിട്ടുള്ള പ്രത്യേകതകൾ കൊണ്ടല്ല മനുഷ്യന്നു ദൈവീകങ്ങളായ ദാനങ്ങൾ പ്രാഥമികമായി ലഭിക്കുന്നതു്. വർഗ്ഗവർണ്ണ ദേശവ്യത്യാസങ്ങൾക്കു പരിഗണനയില്ലാത്ത വിധത്തിൽ പരമോദാരമായിട്ടുള്ളതാണു് ദൈവത്തിന്റെ സർവ്വസ്വതന്ത്രമായ സൗജന്യ ദാനരീതി; ദൈവത്തിന്റെ പ്രത്യേകതകളിൽപെട്ട സംഗതിയാണതു്; അവന്റെ അനുഗ്രഹങ്ങളെ ആർക്കെങ്കിലും കൊടുക്കേണമോ വേണ്ടയോ എന്നതുപോലെത്തന്നെ, ആർക്കു കൊടുക്കണമെന്നുള്ളതും, അവന്റെ ഹിതത്തിന്നു സ്വതന്ത്രമായി തീരുമാനിക്കുവാനുള്ള വിഷയമാണെന്നു വിവക്ഷ. ഇവിടെ രേഖ 106ൽ തന്റെ ഔദാര്യങ്ങളെ അവൻ എങ്ങിനെയാണു് കൊടുത്തുകൊണ്ടിരിക്കുന്നതു എന്ന വസ്തുതയെ ഖുർആൻ വെളിപ്പെടുത്തുന്നു; ആർക്കു കൊടുക്കുന്നു എന്നതിനേക്കാൾ എങ്ങിനെ കൊടുക്കുന്നു എന്നതാണു് മനുഷ്യൻ ആലോചിക്കേണ്ടതു്; അവയെ എങ്ങിനെ ഉപയോഗിക്കണമെന്നു അറിയുവാൻ അതുവഴി, അവന്നു സാധിക്കുന്നു; പക്ഷെ, ഈ വിഷയത്തിൽ പൊതുവെയുള്ളൊരു തത്വത്തെയാണു് ഖുർആൻ വ്യക്തമാക്കുന്നതെങ്കിലും; യിസ്രായേല്യരേയും സ്ഥാപിത മതക്കാരായ മററു ജനങ്ങളേയും പ്രത്യേകമായി സ്പർശിക്കുന്നതായൊരു പ്രശ്നത്തെ—ചിലതിനെ ദുർബ്ബലപ്പെടുത്തുമാറു മററു ചിലതിനെ പ്രവൃത്തിയിൽ കൊണ്ടുവരുന്ന കാര്യത്തെ—മുൻനിറുത്തിക്കൊണ്ടാണു്, ഖുർആൻ മേല്പറഞ്ഞ പൊതുതത്വത്തെക്കൂടി വിശദീകരിക്കുന്നതു്.

മനുഷ്യന്റെ വളർച്ച പുരോഗതിയെ പ്രാപിക്കുമ്പോൾ, പ്രാരംഭ ദശകളിലേയും മദ്ധ്യകാലങ്ങളിലേയും ജീവിതചര്യകൾ ദുർബ്ബലപ്പെട്ടുപോകുന്നു; കഴിഞ്ഞ കാലങ്ങളുടെ നിലകൾ വെച്ചുനോക്കുമ്പോൾ പ്രായോഗികങ്ങളായി കാണപ്പെടുന്ന ജീവിത നിഷ്ഠകൾ, വ്യക്തിയുടെ ജീവിതത്തിൽ തന്നെയുള്ള പില്ക്കാല ദശകൾക്കു യോജിക്കാത്തതായി വരുന്നു; കഴിഞ്ഞ ദശകളിൽ മേല്പറഞ്ഞ ജീവിതപദ്ധതികൾ പ്രായോഗികങ്ങളായിരുന്നുവെന്നതിന്നു സംശയമില്ല. പക്ഷെ, പില്ക്കാലങ്ങളിലെ ജീവിത താല്പര്യങ്ങളെ നിറവേററുവാനുള്ള ശേഷി മേല്പറഞ്ഞ മുൻകാല ജീവിതചര്യകൾക്കു ലഭിക്കുന്നില്ല; പ്രായാനുസരണമായി ജീവിതചര്യകളിൽ കാണപ്പെടുന്ന വ്യത്യാസങ്ങൾ വ്യക്തിയുടെ വളർച്ചയെ തെളിയിക്കുന്നു; ഭക്ഷണപാനീയങ്ങൾ, ശയനസ്ഥലങ്ങൾ, വസ്ത്രങ്ങൾ മുതലായി വ്യക്തിയുടെ നാനാ മുഖങ്ങളായ ജീവിത വശങ്ങളിൽ സർവ്വത്ര മേല്പറഞ്ഞ വളർച്ചയുടെ പ്രതിഫലനമായ മാററങ്ങൾ അഥവാ ഭേദഗതികൾ കാണുവാൻ സാധിക്കുന്നതാണു്; വ്യക്തികൾക്കു പ്രായഭേദങ്ങൾ വരുന്നതുപോലെത്തന്നെ മനുഷ്യലോകത്തിന്നും പൊതുവെ ദശാന്തരവ്യത്യാസങ്ങൾ വരുന്നുവെന്നുള്ളതു മനസ്സിലാക്കുവാൻ പ്രയാസമില്ല; ചില ദശകളിലെ ജീവിതചര്യകൾ മററു ചില ദശകളിൽ പ്രായോഗികമല്ലാതായിത്തീരുമ്പോൾ, പ്രായോഗികമല്ലാതായിത്തീർന്നവയുടെ സ്ഥാനങ്ങളിൽ പ്രായോഗികങ്ങളായ പുതിയ ജീവിത നിയമങ്ങൾ വെളിപ്പെടുന്നു. ദുർബ്ബലപ്പെട്ടുപോയ നടപടികളുടെ സ്ഥാനങ്ങൾ നികത്തപ്പെടാതെ വിട്ടുകിടക്കുകയുമില്ല; വളർച്ചയ്ക്കു പററാത്ത നിയമങ്ങൾ വളർച്ചയുടെ കാലഘട്ടങ്ങളിൽ ദുർബ്ബലപ്പെട്ടു പോകുന്നുവെന്നതിൽ സന്ദേഹമില്ല. ശാരീരികമായ വളർച്ചയെ വെച്ചുനോക്കിയാൽ തന്നെ കാണപ്പെടുന്ന പരമാർത്ഥങ്ങളാണിവ; മാനസീകമായ വളർച്ചയുടെ ഗതികൂടി മേല്പറഞ്ഞ വസ്തുതയോടു യോജിച്ചു നില്ക്കുന്നതായി കാണാവുന്നതാണു്. മനസ്സിന്റെ വി

നോദങ്ങൾ, സൗന്ദര്യബോധങ്ങൾ, ഗുണദോഷ വിചാരങ്ങൾ മുതലായവയിൽക്കൂടി പ്രായാനുസരണങ്ങളായ ഭേദഗതികൾ കാണാതിരിക്കയില്ല; മനുഷ്യന്റെ ധാർമ്മിക ജീവിതത്തിലെ കർമ്മ നിബന്ധനകളിൽക്കൂടി മേല്പറഞ്ഞ നിയമത്തിന്റെ പ്രവൃത്തി നടക്കുന്നതായി ഗ്രഹിക്കുവാൻ, ഭിന്നദശകളിലായി മനുഷ്യന്റെ ധാർമ്മിക ജീവിതത്തിൽ വന്നിട്ടുള്ള മാററങ്ങൾ പരിശോധിച്ചാൽ സാധിക്കുന്നതാണ്. നൈസർഗ്ഗികങ്ങളായ, കൃത്രിമബാധയില്ലാത്ത മാററങ്ങളാണിവ. പക്ഷെ, ജീവിതത്തെ സാക്ഷാൽ സത്യമായ ദൈവത്തിന്നു സമർപ്പിച്ചു സാക്ഷാല്ക്കരിക്കുകയെന്ന മൌലികസിദ്ധാന്തത്തിൽ ഭേദഗതികൾ വരുന്നില്ല. മേല്പറഞ്ഞ സിദ്ധാന്തത്തെ ലക്ഷ്യീകരിച്ചു കൊണ്ടു ചെയ്യുന്ന പ്രവർത്തനപദ്ധതികൾക്കു മാത്രമാണ് ബലാബലഭേദങ്ങൾ സംഭവിക്കുന്നതു്; വ്യക്തിയുടെ ശാരീരികവും മാനസികവുമായ ജീവിതവശങ്ങളിലും പ്രായാനുസരണമായി ഭേദഗതികൾ വരുന്നുവെങ്കിൽ കൂടി മൌലികമായ തത്വങ്ങളിൽ വ്യത്യാസങ്ങൾ വരുന്നില്ല. ശാരീരികമായി നോക്കിയാൽ ജീവിതത്തെ പുലർത്തുവാനുള്ള സൌകര്യങ്ങൾ സമ്പാദിക്കുകയെന്ന തത്വത്തിന്നു ശിശുവിലും വൃദ്ധനിലും തുല്യമായ സ്ഥാനമുള്ളതായി കാണുവാൻ സാധിക്കുന്നതാണ്. മാനസികമായി പരിശോധിച്ചാൽ താല്പര്യങ്ങൾ പ്രകടിപ്പിക്കുകയെന്ന മൌലിക തത്വത്തിന്നു വ്യക്തിയുടെ പ്രായങ്ങളിലെല്ലാംതന്നെ സ്ഥിരപ്രതിഷ്ഠയുള്ളതായി കാണാവുന്നതാണ്; പ്രായങ്ങൾക്കനുസരിച്ചു താല്പര്യങ്ങൾക്കു വ്യത്യാസങ്ങൾ വരുന്നുവെങ്കിൽകൂടി താല്പര്യങ്ങളെ പ്രകടിപ്പിക്കുകയെന്ന മാനസ്സികമായ മൌലിക തത്വത്തിന്നു ഭേദഗതി വരുന്നില്ല. ശൈശവകാലത്തിലെ ഭക്ഷണപാനീയാദികൾ പില്ക്കാലദശകളിൽ മാറിപ്പോകുന്നുവെങ്കിൽകൂടി ജീവിതസന്ധാരണത്തിന്നാവശ്യമായതു സമ്പാദിക്കുകയെന്ന മൂലസിദ്ധാന്തത്തിന്നു ഭേദഗതി വരുന്നില്ല. മനുഷ്യനിൽ മാററങ്ങൾ സംഭവിക്കുന്നു; പക്ഷെ മനുഷ്യതത്വത്തിൽ മാററമുണ്ടാകുന്നില്ല. കർമ്മങ്ങൾ മാറുന്നു; പക്ഷെ സാക്ഷാൽ സത്യമായ ദൈവത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുകയെന്ന മനുഷ്യധർമ്മത്തിന്നു മാററമുണ്ടാകുന്നില്ല; കർമ്മപദ്ധതികളിൽ ഭേദഗതികൾ വരുന്നുവെന്ന പരമാർത്ഥത്തെ ഖുർആൻ വകവെക്കുന്നു. എന്നാൽ മാററങ്ങൾ തന്നത്താൻ വന്നുകൂടുന്നവയല്ല; ലോകനിയന്താവായ ദൈവത്തിന്റെ സർവ്വസ്വതന്ത്രമായ ഹിതാഹിതങ്ങൾക്കനുസരിച്ചു വരുന്നവയാണ്. മേല്പറഞ്ഞ വിധത്തിൽ നൈസർഗ്ഗികമായ മാററങ്ങൾ വരുത്തുമ്പോൾ ചില വസ്തുതകളെയവൻ ദുർബ്ബലപ്പെടുത്തുന്നു. പക്ഷെ, ദയാദാക്ഷിണ്യശാലിയായ രക്ഷിതാവു മേല്പറഞ്ഞ വിധത്തിൽ വരുത്തിവെക്കുന്ന മാററങ്ങൾ മനുഷ്യന്റെ വളർച്ചയെ വെട്ടിച്ചുരുക്കുന്നവയല്ല; വളർച്ചയിലേക്കു നികത്തുന്നവയാണ്. ചില നിയമങ്ങൾ ദുർബ്ബലപ്പെട്ടുപോകുമ്പോൾ, തൽസ്ഥാനത്തു മററു ചില നിയമങ്ങൾ പ്രവൃത്തിയിൽ വരുന്നുണ്ടെന്നു മനസ്സിലാക്കി ധൈര്യപ്പെട്ടു മുമ്പോട്ടു നീങ്ങുകയാണ് യഥാർത്ഥ മനുഷ്യൻ ചെയ്യേണ്ടതു; മറെറാന്നുകൊണ്ടു നികത്താതെ ലോകരക്ഷിതാവ് തന്റെ നിയമങ്ങളിലൊന്നിനെ ദുർബ്ബലപ്പെടുത്തുന്നില്ലെന്നു ഖുർആൻ വ്യക്തമാക്കുന്നു.

“നസ്ഖൻ” എന്ന ശബ്ദത്തെയാണ് ഇവിടെ “മായിക്കുക” എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. ഒന്നിനെ മറെറാന്നുകൊണ്ടു മാററുക; മറെറാന്നിനാൽ പകരപ്പെടുത്തുക എന്നിങ്ങനെ ഈ വാക്കിന്നു രണ്ടു ഭാവങ്ങൾ ഉണ്ട്. മാററപ്പെട്ട വസ്തു പ്രവൃത്തിയിൽനിന്നു നീങ്ങുകയും മാറിവന്ന വസ്തു പ്രവർത്തിച്ചുതുടങ്ങുകയും ചെയ്യുകയെന്നതാണ് “നസ്ഖൻ=മായ്ക്കുക”യെന്ന പ്രവൃത്തിയുടെ സ്പഷ്ടമായ വിവക്ഷ; (തബരി). മാററത്തിന്നു വിധേയമായതു മുതൽ പ്രവൃത്തിയിൽനിന്നു വിട്ടുമാറുന്നുവെങ്കിൽ കൂടി, മാററപ്പെട്ടവസ്തു, മാററത്തിന്റെ ദശാസന്ധിവരെ പ്രവർത്തിച്ചുകൊണ്ടിരുന്നതാണെന്ന സംഗതി നിലനില്ക്കുന്നു. ഒരു പ്രത്യേക ദശയിൽ പ്രവൃത്തിയിൽ ഉണ്ടായിരുന്നതു എന്ന നിലക്കു അതിനെ അറിയുകയും അംഗീകരിക്കയും ചെയ്യാമെന്നല്ലാതെ, മായ്ക്കപ്പെട്ട നിയമങ്ങളെ, അവയുടെ സ്ഥാനങ്ങളിൽ പുതുതായി സ്ഥലം പിടിച്ച നിയമങ്ങളുമായി പ്രവൃത്തിയിൽ കലർത്തിക്കൂടാത്തതാണ്. ചിലപ്പോൾ മായ്ക്കപ്പെട്ട നിയമങ്ങൾ മാറിവന്ന നിയമങ്ങളെപ്പോലെത്തന്നെയുള്ളവയാകാവുന്നതാണ്; എന്നാലും അവയെ പ്രവൃത്തിമാർഗ്ഗത്തിൽ തുല്യനിലയുള്ളതായി കണക്കാക്കിക്കൂടാത്തതാണ്. എന്തുകൊണ്ടെന്നാൽ അവയിൽ ഒന്നിന്റെ പ്രവർത്തനദശ അവസാനിക്കുകയും മറേറതിന്റെ പ്രവർത്തനദശ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ മായ്ക്കപ്പെട്ട രേഖകൾ, പുതുതായി പ്രവൃത്തിയിൽ കൊണ്ടുവരപ്പെട്ട രേഖകളെക്കാൾ തത്വത്തിൽ സർവ്വത്ര മികച്ചതായിക്കൊള്ളണമെന്നതു നിയമമല്ല; മികച്ചതുമാകാം തുല്യഗുണമുള്ളതുമാകാം. പക്ഷെ, മുമ്പ് നിലവിലുള്ളതിനേക്കാൾ ഗുണത്തിൽ കുറഞ്ഞതാവുകയില്ല തന്നെ; മഹത്തരമായതിനെ, അല്ലെങ്കിൽ അതിന്നു (മായ്ക്കപ്പെട്ടതിന്നു) സദൃശമായതിനെ എന്നു പ്രയോഗത്തിന്റെ പ്രത്യേകത നോക്കുക.

ചില ദശകളിൽ പാടുള്ളതായിരുന്ന പ്രവൃത്തികളെ പാടില്ലാത്തതാക്കിത്തീർക്കുക; അങ്ങിനെത്തന്നെ പാടില്ലാത്തതിനെ പാടുള്ളതാക്കിത്തീർക്കുക; അനുവദിക്കപ്പെട്ടതിനെ നിരോധിക്കുക; നിരോധിക്കപ്പെട്ടതിനെ അനുവദിക്കുക; ചില വ്യവസ്ഥകൾക്ക വിധേയമായി കല്പിക്കപ്പെട്ടിരുന്നതിനെ നിരുപാധികമാക്കിത്തീർക്കുക; ഇങ്ങിനെ കർമ്മശാസനകളുടെ വൃത്തത്തിൽ മാത്രമാണ് രേഖകൾ മാറുകയും മാറ്റപ്പെടുകയും ചെയ്യുന്നത്. സംഭവങ്ങൾ വിവരിക്കുന്നതിൽ മാറ്റപ്പെടുക അല്ലെങ്കിൽ ദുർബ്ബലപ്പെടുകയെന്നതു കാണുകയില്ലതന്നെ. (തബരി)

നിയമങ്ങളെ ദുർബ്ബലപ്പെടുത്തുന്നത് രണ്ടു വിധത്തിൽ വെളിപ്പെടുന്നതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. പ്രധാനമായി നിലവിലുള്ളൊരു നിയമത്തിന്നനുസരിച്ച പ്രവൃത്തി നടന്നുകൊണ്ടിരിക്കവേ, മേല്പറഞ്ഞ നിയമത്തിൻെറ പ്രവൃത്തിമൂലമായ സാധുതയെ മറെറാരു നിയമത്താൽ നീക്കിക്കളയുക; അങ്ങിനെ നീക്കപ്പെട്ട നിയമത്തിന്നു പിന്നെ പ്രവൃത്തിമാർഗ്ഗത്തിൽ സ്ഥാനമില്ല. പക്ഷെ, അതിനാൽ നീക്കി നിറുത്തപ്പെട്ട നിയമങ്ങൾ മററു നിയമങ്ങളുടെ പട്ടികയിൽനിന്നു വിട്ടുപോകുന്നില്ല; അങ്ങിനെ ചിലതു ഉണ്ടായിരുന്നു എന്ന അർത്ഥത്തിൽ അവ അപ്പോഴും അവശേഷിച്ചു കിടക്കുന്നു. ഇനി മറെറാരു വിധത്തിലുള്ളതു ഇതിൽനിന്നും തീരെ വ്യത്യസ്തമാണ്; അങ്ങിനെ ദുർബ്ബലപ്പെട്ടുപോയ നിയമങ്ങൾ, അവയെ അനുഷ്ഠിച്ചുകൊണ്ടിരുന്ന ജനങ്ങളുടെ ആലോചനാവൃത്തത്തിൽനിന്നുകൂടി, അവ മറഞ്ഞുപോകുന്നു. അവയെ സ്മരിക്കുകകൂടി അവർക്ക സാധിക്കാതെ വരികയും ചെയ്യുന്നു; അങ്ങിനെ അവയും ആശയലോകത്തിൽ ഉണ്ടായിരുന്ന ആസ്തിക്യംകൂടി നഷ്ടപ്പെടുന്നു. പക്ഷെ ഏതു പരിതഃസ്ഥിതിയിലും അവയുടെ സ്ഥാനങ്ങൾ പ്രവൃത്തിരംഗത്തിൽ ഒഴിഞ്ഞുകിടക്കുന്നില്ല; അതുകൊണ്ടാണ അവയെ അനുസ്മരിക്കുവാൻകൂടി ആളുകൾക്ക അസാദ്ധ്യമായിത്തീരുന്നത്. മനുഷ്യൻെറ കർമ്മജീവിത സിദ്ധാന്തത്തിൻെറ മഹത്തായൊരു തത്വരഹസ്യത്തെ ഖുർആൻ ഈ രേഖയിൽ വെളിപ്പെടുത്തുന്നതു സ്മരിക്കത്തക്കതാണ്. കർമ്മശാസനകൾ പ്രവൃത്തിയിൽ കൊണ്ടുവരപ്പെടാതിരുന്നാൽ പിന്നെ അവയെ മനുഷ്യൻ സ്മരിക്കുന്നോ വിസ്മരിച്ചിരിക്കുന്നോ എന്നതു ഫലത്തിൽ വ്യത്യാസമുണ്ടാക്കുന്നില്ല; പ്രവൃത്തിയിലേക്ക കൊണ്ടുവരപ്പെടാത്ത കർമ്മ നിയമങ്ങൾ വിസ്മരിക്കപ്പെട്ടതിന്നു തുല്യമാണ്. മനുഷ്യന്നു നല്കപ്പെട്ട ശാസനകൾ പ്രവൃത്തിയിലേക്ക പകർത്താതിരിക്കുകയും താൻ അതിനെ സ്വീകരിച്ചിരിക്കുന്നു എന്നു പറയുന്നതുകൊണ്ടു മനുഷ്യൻ മതിയാക്കുകയുമാണെങ്കിൽ മേല്പറഞ്ഞ നിയമശാസനകളെ അവർ സ്മരിക്കുന്നതു ഫലപ്രദമായിരിക്കയില്ല. നിലവിലുള്ളതിനേക്കാൾ നല്ലതോ, നിലവിലുള്ളതിനോടു തുല്യമായിട്ടുള്ളതോ ആയ കർമ്മശാസനകൾ കൈക്കൊള്ളുന്നതു വഴിയായിട്ടല്ലാതെ നിലവിലുള്ള കർമ്മശാസനകളിൽനിന്നു മനുഷ്യന്നു മാറിനില്ക്കുവാൻ പാടില്ലാത്തതാണ്; ഖുർആൻ മനുഷ്യനെ കർമ്മശൂന്യതക്കെതിരിൽ തട്ടിയുണർത്തുന്ന രീതികൂടി നമുക്ക് രേഖ 106ൽ കാണുവാൻ സാധിക്കേണ്ടതാണ്.

"ആയത്തുൻ" എന്ന പദത്തെയാണ് ഇവിടെ, രേഖയെന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത്; "ആയത്തുൻ" എന്നതു ഖുർആനിലെ വചനങ്ങളെ കുറിക്കുവാൻ മാത്രമായി പ്രയോഗിക്കപ്പെടുന്ന പദമല്ല; സാക്ഷാൽ സത്യമായ ദൈവത്തിൻെറ നിവേദനങ്ങളെയെല്ലാംതന്നെ കുറിക്കുന്നതായിട്ടുകൂടി ആയത്തുൻ=രേഖ എന്ന വാക്ക് പ്രയോഗിക്കപ്പെട്ടിട്ടുണ്ട്; (സംഹിത 2ൽ രേഖ 39). കൂടാതെ ലോകത്തിൻെറ സംഭവമൂലമായ ചരിത്രത്തിൽ തെളിഞ്ഞുകാണുന്ന ദൈവികമായ ജ്ഞാനരേഖകൾക്കും സാധാരണ സംഗതികൾക്കും തന്നെ 'ആയത്തുൻ' എന്നു പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്; (സംഹിത 2ൽ രേഖ 61). ദൈവദത്തങ്ങളായ കഴിവുകളുപയോഗിച്ചുകൊണ്ടു മനുഷ്യൻ നിർമ്മിച്ചിട്ടുള്ള അതിശയവസ്തുക്കൾക്കുംകൂടി ചില സന്ദർഭങ്ങളിൽ "ആയത്തുൻ" എന്നു വിളിക്കപ്പെട്ടുകാണുന്നു; പ്രാചീന യുഗത്തിലെ "ആദ"ഗോത്രക്കാർ കെട്ടിയുണ്ടാക്കിയ ശിലാസ്മാരകങ്ങൾക്ക "ആയത്തുൻ" എന്ന പദം പ്രയോഗിച്ചുകാണുന്നുണ്ട്. (സംഹിത 26ൽ രേഖ 128).

ഇവിടെ ഈ വാക്കിന്നു ഏററവും വിപുലമായ അർത്ഥം നിർദ്ദേശിച്ചിട്ടുള്ള പലരും ഖുർആൻ വ്യാഖ്യാതാക്കളിൽ ഉണ്ട്: പൊതുവെയുള്ള അർത്ഥത്തിലാണ് ഈ വാക്ക് ഇവിടെ ഉപയോഗിക്കപ്പെട്ടിട്ടുള്ളത് എന്നു അവർ സ്ഥാപിക്കുന്നു. അങ്ങിനെയാണെന്നു വെക്കുമ്പോൾ അതിന്നു ഉണ്ടാകുന്നതു താഴെ പറയുന്ന വിവക്ഷയാണ്:- കാലാന്തരങ്ങളിലായി മനുഷ്യന്നു ലഭിച്ചിട്ടുള്ള ദൈവസന്ദേശങ്ങൾക്ക തത്വത്തിൽ വ്യത്യാസമില്ല; പക്ഷെ, കർമ്മപദ്ധതികളിൽ കാലത്തിൻെറ ഗതിവിഗതികളെ പരിഗണിച്ചുകൊണ്ടു മനുഷ്യൻെറ പുരോഗതി

ക്കാവശ്യമായിക്കാണപ്പെട്ട ഭേദഗതികൾ—പ്രത്യേകതകൾ—കാണുന്നുണ്ട്. മദ്ധ്യകാലമായപ്പോൾ ആരംഭകാലത്തെ കർമ്മപദ്ധതിയിലും, അവസാനകാലമായപ്പോൾ, മദ്ധ്യകാലത്തേയും ആരംഭകാലത്തേയും കർമ്മപദ്ധതിയിലും ഭേദഗതികൾ വന്നിട്ടുണ്ട്. അതിനാൽ ആദ്യത്തെ രണ്ടു കാലഘട്ടങ്ങളിലേയും കർമ്മപദ്ധതികളിൽ ചില വശങ്ങൾ ദുർബ്ബലപ്പെട്ടുപോവുകയും ചെയ്തു. അങ്ങിനെ ദുർബ്ബലപ്പെട്ടുപോയിട്ടുള്ള സംഗതികളെയാണ് ഇവിടെ പ്രത്യേകമായി, രേഖകൾ എന്ന പ്രയോഗത്താൽ വ്യക്തമാക്കപ്പെടുന്നതെന്നു മേല്പറഞ്ഞ വാദഗതിക്കാർ സ്ഥാപിക്കുന്നു. ദുർബ്ബലപ്പെടുത്തുകയെന്നതു ഖുർആൻ രേഖകൾക്കു ബാധകമല്ലെന്ന നിഗമനമാണ് പ്രസ്തുത വാദത്തിനുള്ള പ്രധാന സംഗതി. ഖുർആൻ വ്യാഖ്യാതാക്കളിൽത്തന്നെ മററു ചിലർ കൈക്കൊണ്ടിട്ടുള്ളതു നേരെ മറിച്ചുള്ളൊരു വാദത്തെയാണ്; ദുർബ്ബലപ്പെടുത്തുകയെന്നതു ഖുർആൻ രേഖകൾക്കുകൂടി ബാധകമായിട്ടുള്ളൊരു കാര്യമാണെന്ന തീരുമാനത്തിലാണവർ ചെന്നെത്തിയിട്ടുള്ളതു്. പക്ഷെ, മേല്പറഞ്ഞ വിധത്തിൽ ചില രേഖകൾ ദുർബ്ബലപ്പെടുത്തുമ്പോൾ, ദുർബ്ബലപ്പെട്ട രേഖയുടെ നിയമസ്ഥാനത്തു സ്ഥലം പിടിക്കുന്നതു ഖുർആനിൽത്തന്നെയുള്ള മററു ചില രേഖകളാണ്. ദൈവീകമായിത്തന്നെ നിവേദനം ചെയ്യപ്പെട്ട ഗ്രന്ഥങ്ങളിൽ ചിലതു മററു ചിലതിനെ പ്രവൃത്തിരംഗത്തിൽനിന്നു മാററിനിറുത്തുമാറ് ദുർബ്ബലപ്പെടുത്തിയിട്ടുണ്ടെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല; ഖുർആനിലെ ചില രേഖകൾ മററു ചില രേഖകളെ ദുർബ്ബലപ്പെടുത്തുന്നുണ്ടോ ഇല്ലയോ എന്ന പ്രശ്നത്തിൽ മാത്രമാണ് ഭിന്നാഭിപ്രായമുള്ളതു്. ഗ്രന്ഥങ്ങൾക്കു ബാധകമായിട്ടുള്ളതായൊരു സംഗതി രേഖകൾക്കു ബാധകമല്ലെന്നു പറഞ്ഞാൽ മനസ്സിലാക്കുകയെന്നതു സാഹസമാണ്. കാലത്തിൻെറ ഗതിക്കനുസരിച്ചു ഖുർആനിൻെറ നിവേദനങ്ങൾ പുരോഗമിച്ചുകൊണ്ടിരുന്നുവെന്നു കാണുമ്പോൾ ഖുർആൻ രേഖകളിൽ ചിലതു മററു ചിലവയുടെ സ്ഥാനങ്ങൾ കൈക്കൊള്ളുകയെന്നതു അസംഗതമല്ലെന്നു മനസ്സിലാക്കാവുന്നതാണ്. മനുഷ്യൻെറ വളർച്ചയിലുള്ള പുരോഗതിയാണ് നിവേദനങ്ങളിൽ പൊതുവെ കാണപ്പെടുന്ന ഭേദഗതികൾക്ക് ലക്ഷ്യമായി നില്ക്കുന്നതെന്നു മനസ്സിലാക്കുകയാണെങ്കിൽ ഖുർആനിലെ രേഖകളിൽത്തന്നെ ചിലതു മേല്പറഞ്ഞ വിധത്തിലുള്ള മാററത്തിനു വിധേയമായിട്ടുണ്ടെന്നു കാണുവാൻ പ്രയാസമില്ല.

ഖുർആനിൻെറ താത്വികമായ സ്ഥിതിയെ സംബന്ധിച്ചു ഖുർആനിൽനിന്നു തന്നെ നമുക്കു വ്യക്തമായി ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളെ മുൻനിറുത്തിക്കൊണ്ടാണ് ഖുർആൻരേഖകളുടെ പരസ്പരബന്ധത്തെപ്പററി ചിന്തിക്കേണ്ടതു്. ദൃഢമായി വ്യക്തമാക്കപ്പെട്ട മൂലരേഖകളെ എന്നപോലെത്തന്നെ പരസ്പരസദൃശങ്ങളായ ചില രേഖകളെക്കൂടി ഖുർആൻ ഉൾക്കൊള്ളുന്നതായി, ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. (സംഹിത 3ൽ രേഖ 7) മൂലരേഖകളെ മനസ്സിലാക്കുന്ന രീതി, സദൃശരേഖകളെ ഗ്രഹിക്കുന്നതിനുപയോഗിക്കേണ്ടതായ രീതിയിൽനിന്നു വ്യത്യസ്തമാവാതെ നിർവ്വാഹമില്ല. അവയെ വകതിരിവോടുകൂടെ സമീപിച്ചില്ലെങ്കിൽ അവയിലുള്ള ആന്തരമായ ഐക്യവും ഇണക്കവും അറിയുക സാദ്ധ്യമല്ല; തന്നെയല്ല, അവ അന്യോന്യം ഏററുമുട്ടുന്നതായിട്ടുകൂടി തെററിദ്ധരിക്കുവാൻ സംഗതിയാവുകയും ചെയ്യും. അങ്ങിനെയുള്ള അവസരങ്ങളിൽ ആന്തരമായ ആലോചനാബോധത്തോടുകൂടെ അവയെ ഉചിതമായ വിധത്തിൽ സമീപിക്കേണ്ടതാണ്; നോക്കുക: സംഹിത 2ൽ രേഖ 115ൽ, സാക്ഷാൽ സത്യമായ ദൈവത്തിനു സ്ഥലകാലപരിധികളില്ലെന്നു, ദൈവ സാന്നിദ്ധ്യമെന്നതു സർവ്വത്ര വ്യാപിച്ചു സ്ഥിതിചെയ്യുന്നതാണെന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, സംഹിത 2ൽ രേഖ 144ൽ പ്രത്യേകമായൊരു സ്ഥലത്തേക്ക്, ഖിബ്ലയിലേക്ക് മുന്നിട്ടുകൊണ്ടു ദൈവാരാധന ചെയ്യുവാൻ ശാസിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, രേഖ 144കൊണ്ടു രേഖ 115 ദുർബ്ബലപ്പെട്ടുപോയതായി വിചാരിക്കുവാൻ പാടില്ലാത്തതാണ്. നമ്മൾ ഖിബ്ലായുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു; പക്ഷെ, സ്രഷ്ടാവായ ദൈവത്തിൻെറ സാന്നിദ്ധ്യമെന്നതു് ഖിബ്ലയുടെ പരിധിക്കുള്ളിൽ മാത്രമുള്ളതായി നമ്മൾ വിചാരിക്കുന്നില്ല; വിചാരിക്കുവാൻ പാടുള്ളതുമല്ല. വിശദീകരണത്തിനു രേഖ 144ഉം കുറിപ്പുകളും നോക്കുക. ജീവിതത്തിലെന്നപോലെത്തന്നെ ചിന്തയിലും ചിന്തയുടെ പ്രകടനത്തിലുംകൂടി മനുഷ്യൻ പുരോഗമിക്കേണ്ടവനാണെന്ന ദൈവഹിതത്തിൻെറ സാക്ഷാൽക്കാരമാണ് ചിലതു ദുർബ്ബലപ്പെടുത്തിക്കൊണ്ടു മററു ചിലതിനെ ബലത്തിൽ കൊണ്ടുവരുന്ന നിവേദനപദ്ധതിയിൽ നമ്മൾ ദർശിക്കേണ്ടതു്. പക്ഷെ ചില നിയമങ്ങളെ ദുർബ്ബലപ്പെടുത്തിക്കൊണ്ടു മററു ചിലതിനെ ബലത്തിൽ കൊണ്ടുവന്നാലെ മനുഷ്യനെ പുരോഗതിയിലെത്തിക്കുവാൻ ദൈവത്തിനു സാധിക്കുകയുള്ളുവെന്നില്ല; മനുഷ്യൻെറ പ്രാഥമിക ദശകളിൽ കർമ്മപദ്ധതിയിൽ വരുത്തിക്കൊണ്ടിരുന്ന ഭേദ

107. നീ അറിഞ്ഞിട്ടില്ലയോ ?
നിശ്ചയമായിട്ട്, അല്ലാഹുവിന്നു
സ്വന്തമായിട്ടുള്ളതാണ്,
ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യമെന്നു;
നിങ്ങൾക്കില്ലതാനും; അല്ലാഹുവിനെക്കൂടാതെകണ്ടു
യാതൊരു രക്ഷാധികാരിയും;
യാതൊരു സഹായിയുമില്ല.[136]

١٠٧- أَلَمْ تَعْلَمْ أَنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ۝

ഗദ്യഭാഷ—

107. നിശ്ചയമായിട്ടു അല്ലാഹുവിന്നാണ് ആകാശങ്ങളുടേയും ഭൂമിയുടേയുംതന്നെ ആധിപത്യമെന്നു നീ അറിഞ്ഞിട്ടില്ലയോ ? അല്ലാഹുവിനെക്കൂടാതെ യാതൊരു രക്ഷാധികാരിയും നിങ്ങൾക്കില്ലതാനും; (അവനെ കൂടാതെ) യാതൊരു സഹായിയുമില്ല.

ഗതിയിൽക്കൂടി മനുഷ്യനെ വളർത്തിക്കൊണ്ടുവന്നുവെന്നല്ലാതെ മേല്പറഞ്ഞ വിധത്തിൽ മാത്രമേ ദൈവത്തിന്നു തന്റെ ഹിതത്തെ പ്രവൃത്തിയിൽ കൊണ്ടുവന്നുകൂട എന്നില്ല; അതു കൂടാതെയും അവന്നു അവൻ ഇച്ഛിക്കുന്നതു നടപ്പിൽ വരുത്തുവാൻ കഴിവുണ്ട്. പക്ഷെ, സ്രഷ്ടാവായ ദൈവം തന്റെ ഹിതത്തെ ഇങ്ങിനെയാണ് ഇക്കാര്യത്തിൽ വെളിപ്പെടുത്തിയതെന്നു മാത്രം; ഗത്യന്തരമില്ലാഞ്ഞിട്ടല്ലതന്നെ; അതു അവന്റെ ഇച്ഛ അങ്ങിനെ ആയതുകൊണ്ടുമാത്രമാണ്; രേഖയുടെ പര്യവസാനത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നതു നോക്കുക: സാക്ഷാൽ സത്യമായ ദൈവത്തിന്റെ കഴിവ് സാർവ്വത്രികമായിട്ടുള്ളതാണെന്നുള്ള വസ്തുതയെ ഖുർആൻ തുടൎന്നുകൊണ്ടു പ്രസ്താവിക്കുന്നു; മനുഷ്യന്റെ വളർച്ചക്കുവേണ്ടി സ്രഷ്ടാവു ചെയ്തുവെച്ചിട്ടുള്ള കർമ്മപദ്ധതികൾ ഗത്യന്തരമില്ലാതെ കൊണ്ടുവന്നിട്ടുള്ളവയല്ലെന്ന പരമാർത്ഥത്തെ അതു വെളിപ്പെടുത്തുന്നു.

136. സർവ്വശക്തനായ ദൈവത്തിന്നു ഗത്യന്തരമില്ലാഞ്ഞിട്ടല്ല ചില വസ്തുതകളെ ദുർബ്ബലപ്പെടുത്തിക്കൊണ്ടു മററു ചിലവയെ ബലത്തിൽ കൊണ്ടുവരുന്നതെന്ന നിഗമനത്തെയാണ് രേഖ 106ന്റെ പര്യവസാനത്തിൽ വ്യക്തമാക്കപ്പെട്ടതു്. തന്റെ സർവ്വസ്വാതന്ത്ര്യമായ പരമാധികാര ശക്തിയുടെ പ്രവർത്തനപദ്ധതിയിൽ സ്രഷ്ടാവു് സ്വീകരിച്ചിട്ടുള്ള നടവടി മേല്പറഞ്ഞ പ്രകാരത്തിലുള്ളതാണെന്നതിൽ കൂടുതലായി വേറെയതിന്നു കാരണങ്ങളൊന്നുമില്ല. മറെറാരു വിധത്തിൽ നിവർത്തിക്കുന്നതിന്നാണ് ദൈവഹിതമുണ്ടായിരുന്നതെങ്കിൽ ദൈവമതു തന്റെ ഹിതത്തിന്നനുസരിച്ചു നിവർത്തിച്ചേനെ; ദൈവത്തിന്റെ ഭാവനാതീതമായ ശക്തിവിശേഷങ്ങളെക്കുറിച്ചു ഗ്രഹിച്ചിട്ടുള്ള മനുഷ്യന്നു ചിന്തിക്കുവാനുള്ളതു, മേല്പറഞ്ഞ നടവടികൊണ്ടു തനിക്കു നഷ്ടമോ ലാഭമോ കൈവരുന്നതെന്നു മാത്രമാണ്; ലാഭമല്ലാതെ നഷ്ടമുണ്ടാകുന്നില്ലെന്ന മറുവടിയാണ് ഖുർആൻ ഈ പ്രശ്നത്തിന്നുത്തരമായി വ്യക്തമാക്കിയതു്. പക്ഷെ, സ്ഥാപിതമതങ്ങളിൽ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി പററിപ്പിടിച്ചു നില്ക്കുന്ന മനുഷ്യരുണ്ട്; ദൈവഹിതത്തിന്നനുസരിച്ചു മുമ്പോട്ടു നീങ്ങുവാനും വളരുവാനും അവർ കൂട്ടാക്കുകയില്ല; അതിനാൽ കാലഭേദത്താൽ ദുർബ്ബലങ്ങളായിത്തീൎന്ന കർമ്മപദ്ധതികളെത്തന്നെ നടപ്പിൽ കൊണ്ടുവരുന്നതിന്നായി മേല്പറഞ്ഞ കൂട്ടർ പാഴ്‌വേല ചെയ്യുന്നു. അതിനാൽ ചിലതിനെ ദുർബ്ബലപ്പെടുത്തിക്കൊണ്ടു മററു ചിലതിനെ ബലത്തിൽ കൊണ്ടുവരികയെന്ന നിയമപദ്ധതി അവൎക്കു നഷ്ടത്തിന്നു കാരണമായിത്തീരുന്നു; അവർ വിചാരിക്കുന്നതു അവരുടെ കൈവശമുള്ള കർമ്മപദ്ധതികൾ അവരുടെ സ്വന്തമാണെന്നാണ്; എന്നാൽ അവർ അക്കാര്യത്തിൽ അറിഞ്ഞിരിക്കേണ്ടതു് അവരുടെ അനുമാനം അർത്ഥശൂന്യമാണെന്ന വസ്തുതയാണ്; അങ്ങിനെ അവർ അറിഞ്ഞിരുന്നെങ്കിൽ അത്തരത്തിലുള്ള അർത്ഥശൂന്യതയെ അവർ അവലംബമായി എടുക്കുമായിരുന്നില്ല. സ്ഥാപിത മതക്കാരുടെ പക്കലുള്ള കർമ്മപദ്ധതികൾ മാത്രമല്ല, വാനമണ്ഡലങ്ങൾ ഭൂമി തുടങ്ങിയുള്ള ചരാചരങ്ങൾ സർവ്വത്ര ദൈവത്തിന്റെ സ്വന്തമാണ്; പിന്നെ ദൈവഹിതത്തിന്നെതിരായി തങ്ങളുടെ സ്വന്തമായി ചില വസ്തുക്കളെ വെച്ചുപുലർത്തുവാൻ സ്വാർത്ഥബുദ്ധികൾ ശ്രമിക്കുന്നതു വ്യർത്ഥമാണ്; സ്രഷ്ടാവായ ലോകരക്ഷിതാവു് തന്റെ ഹിതത്തിന്നനുസരിച്ചു ചെയ്യുന്ന നിയമപദ്ധതി, വളരുവാൻ സന്നദ്ധതയുള്ള ജനങ്ങൾക്കു പ്രതികൂലമായിത്തീരുകയില്ല. തങ്ങളുടെ രക്ഷയെ മുൻനിറുത്തിക്കൊണ്ടു കാലോചിതമായി കൊണ്ടുവരപ്പെടുന്ന നി

108. അഥവാ നിങ്ങഠം ഉദ്ദേശിക്കുന്നുവോ ?
നിങ്ങഠം ചോദിക്കുവാൻ, നിങ്ങളുടെ ദൂതനോടു;
മൂസായോടു ചോദിക്കപ്പെട്ടതുപോലെ, മുൻപിനാലെ.
ആർതന്നെ വിശ്വാസത്തിന്നു പകരമായി
ധിക്കാരത്തെ മാററിയെടുത്താൽ,
അപ്പോഠം ദൃഢമായിട്ടു അവൻ പിഴച്ചുപോയി;
നേരായ പന്ഥാവിൽനിന്നു.[137]

١٠٨- أَمْ تُرِيدُونَ أَنْ تَسْـَٔلُوا رَسُولَكُمْ
كَمَا سُئِلَ مُوسَىٰ مِنْ قَبْلُ
وَمَنْ يَتَبَدَّلِ الْكُفْرَ بِالْإِيمَانِ
فَقَدْ ضَلَّ سَوَاءَ السَّبِيلِ ۝

ഗദ്യഭാഷ

108. അതല്ല, മുൻപിനാലെ മൂസയോടു ചോദിക്കപ്പെട്ടതുപോലെ, നിങ്ങളുടെ ദൂതനോടു നിങ്ങഠം ചോദിക്കുവാൻ ഉദ്ദേശിക്കുന്നുവോ? ഇനി ആർതന്നെ വിശ്വാസത്തിന്നു പകരമായി ധിക്കാരത്തെ മാററിയെടുത്താൽ, അപ്പോഠം ദൃഢമായിട്ടവൻ നേരായ പന്ഥാവിൽനിന്നു പിഴച്ചുപോയി.

യമങ്ങളാണവ; സാക്ഷാൽ സത്യമായ ദൈവമല്ലാതെ സൃഷ്ടികഠംക്കു വേറെ രക്ഷാധികാരിയില്ലെന്ന വ്യക്തമായ ജ്ഞാനത്തോടുകൂടിയാണ് സ്രഷ്ടാവു തൻെറ പദ്ധതികളെ നടപ്പിൽ വരുത്തുന്നതു്. സൃഷ്ടികളെ സഹായിക്കുവാൻ വേണ്ടിയാണ്, വിഷമിപ്പിക്കുവാനായിട്ടല്ല മേല്പറഞ്ഞ നടവടികഠം സ്വീകരിക്കപ്പെട്ടിട്ടുള്ളതു്. സ്ഥാപിതമതക്കാർ പ്രസ്തുത പരമാർത്ഥങ്ങളെ നിഷ്പക്ഷബുദ്ധിയോടുകൂടി മനസ്സിലാക്കി നിസ്വാർത്ഥമായി ജീവിക്കുകയാണ് ചെയ്യേണ്ടതു്. തനിക്കു പരമാധികാരമുള്ള വസ്തുക്കളിൽ തൻെറ ഹിതത്തിന്നനുസരിച്ചു സ്രഷ്ടാവു് ചെയ്യുന്ന ക്രയവിക്രയങ്ങളിൽ മനുഷ്യന്നു ചോദ്യത്തിന്നു സംഗതിയില്ല; പ്രയോജനബോധത്തോടുകൂടെ തങ്ങളുടെ നന്മക്കായി മേല്പറഞ്ഞ ക്രയവിക്രയഫലങ്ങളെ വിനിയോഗിക്കുകയാണവർ ചെയ്യേണ്ടതു്; രേഖ 107ൻെറ പ്രചോദനമൂല്യമിതാണ്.

137. സ്രഷ്ടാവായ ലോകരക്ഷിതാവു് ചിലതിനെ മാററി മററുചിലതിനെ കൊണ്ടുവരുന്നതു തൻെറ ഹിതത്തെ സാധിക്കുന്നതിന്നു വേറെ പോംവഴിയില്ലാഞ്ഞിട്ടല്ലെന്നുള്ള നിഗമനത്തെയാണ് രേഖ 106ൽ വിസ്തരിക്കപ്പെട്ടതു്. രേഖ 107ൽ ദൈവത്തിൻെറ പരമാധികാരത്തിൻകീഴിലുള്ള ചരാചരലോകങ്ങളിൽ തൻെറ സർവ്വസ്വാതന്ത്ര്യമായ ക്രയവിക്രയരീതിയാണതെന്നു വെളിപ്പെടുത്തി; തുടൎന്നുതന്നെ തികഞ്ഞ രക്ഷാധികാരജ്ഞാനത്തോടും ലോകത്തെ സഹായിക്കുവാനുള്ള സന്നദ്ധതയോടുംകൂടെയാണ് മേല്പറഞ്ഞ പദ്ധതിയെ നടപ്പിൽവരുത്തിയിരിക്കുന്നതെന്നു വിശദമാക്കി. ചുററുപാടുകളുമായുള്ള കൂട്ടുകെട്ടുകളിൽനിന്നു കരുപിടിക്കാത്ത മനുഷ്യബുദ്ധിക്കു നിഷേധിക്കുവാനാകാത്ത പരമാർത്ഥങ്ങളാണിവ. സാക്ഷാൽ സത്യമായ ദൈവത്തിൻെറ പരമാധികാരശക്തി മനസ്സിലാക്കിയിട്ടുള്ള മനുഷ്യന്നു ചോദ്യങ്ങഠംക്കു സംഗതിയില്ലാത്ത കാര്യങ്ങളാണിവ; സത്യത്തിൽ വിശ്വസിക്കുവാൻ സന്നദ്ധതയുള്ള മനുഷ്യന്നു മേല്പറഞ്ഞ വസ്തുതകളിൽ വിശ്വസിക്കുവാൻ പ്രയാസമുണ്ടായിരിക്കയുമില്ല. പക്ഷെ, നൈസൎഗ്ഗികമായ മനുഷ്യബുദ്ധിക്കു പ്രയാസമൊന്നുമില്ലാതെ പെട്ടെന്നു ഗോചരമായിത്തീരുന്ന സംഗതികഠംതന്നെ കൂടുതൽ ചോദ്യങ്ങഠംക്കു വിഷയമായിത്തീൎന്നാൽ വളരെ ഗഹനമായ നിലയെ പ്രാപിക്കാറുണ്ടു്; നൈസൎഗ്ഗികമായ ജ്ഞാനശക്തിയാൽത്തന്നെ ഗ്രഹിച്ചുകഴിഞ്ഞിട്ടുള്ള പരമാർത്ഥങ്ങളെ സംശയമൂലമായ ജ്ഞാനശൂന്യതയിൽനിന്നു മുളച്ചുവരുന്ന ചോദ്യങ്ങഠംകൊണ്ടു ഗഹനമാക്കിത്തീർക്കുന്നതു ശരിയല്ല; ചിലപ്പോഠം പരമാർത്ഥങ്ങളെ ഗ്രഹിക്കുന്നതിന്നു മനുഷ്യനിൽ പ്രകൃത്യാലുള്ള പ്രാപ്തിയെത്തന്നെ മേല്പറഞ്ഞ തരത്തിൽപ്പെട്ട ചോദ്യങ്ങഠം ദുഷിപ്പിച്ചുകളയാവുന്നതാണ്; നിഷ്പ്രയാസമായി ഗ്രഹിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങളെ ധിക്കരിക്കുവാൻകൂടി അവ പ്രേരിപ്പിച്ചേക്കുന്നതാണ്. നേർമാൎഗ്ഗമറിയുന്നതിന്നുള്ള യഥാർത്ഥ ജ്ഞാനത്തിലേക്ക് ചെന്നെത്തുവാൻ സഹായിക്കുന്ന വിധത്തിൽ മാത്രമേ ചോദ്യങ്ങളെ വിനിയോഗിച്ചുകൂടു; പ്രയാസമായിട്ടുള്ളൊരു വിഷയത്തെ ലളിതമാക്കിത്തീർക്കുവാനാണ് ചോദ്യങ്ങഠം പ്രയോജനപ്പെടേണ്ടതു്. ലളിതമായതിനെ ഗഹനമാക്കുന്നതിന്നാവരുതു്. സുഗമങ്ങളായ കാര്യങ്ങളെ, തുടരെത്തുടരെയുള്ള ചോദ്യങ്ങഠംകൊണ്ടു തീരെ കണ്ടുപിടിക്കുവാനാവാത്തതെന്നു തോന്നിപ്പോകുന്ന നിലയിലേക്ക് മാററിക്കളഞ്ഞിട്ടുള്ളതു, മനുഷ്യൻെറ ചരിത്രത്തിൽ തന്നെ നാം കണ്ടെത്തിയിട്ടുണ്ടു്. പ്രവാചകനായ മോശെ (മൂസാ, അ.) യുടെ ഗോത്രങ്ങളെത്തന്നെയെടുത്തു നോക്കുക; അവക്കു പിണഞ്ഞ അമ

109. ഗ്രന്ഥമുള്ളവരിൽനിന്നു, വളരെപ്പേർ ആശിച്ചു
നിങ്ങളെയവർ മടക്കുന്നെങ്കിൽ! എന്നു;
നിങ്ങളുടെ വിശ്വസിക്കലിന്നു പിറകിനാലെ;
ധിക്കരിക്കുന്നവരായിട്ടു; (മടക്കുന്നെങ്കിൽ എന്നു്)
അവരുടെ സ്വന്തം ആത്മാക്കളുടെ
പക്ഷത്തുനിന്നുള്ള അസൂയകൊണ്ടു;
സത്യം അവൎക്കു വ്യക്തമായതിന്നു പിറകിനാലെ;
അതിനാൽ നിങ്ങൾ സഹിക്കുവിൻ,
നിങ്ങൾ വിട്ടുകൊടുക്കുകയും ചെയ്യിൻ!
അല്ലാഹു കൊണ്ടുവരുന്നതുവരെ,
അവന്റെ ശാസനയെ.
നിശ്ചയമായിട്ടു അല്ലാഹു
സകല വസ്തുക്കളുടെയും മീതെ കഴിവുള്ളവനാണു്. 138

١٠٩- وَدَّ كَثِيرٌ مِّنْ أَهْلِ الْكِتٰبِ
لَوْ يَرُدُّونَكُم مِّنۢ بَعْدِ إِيمٰنِكُمْ كُفَّارًا ۚ
حَسَدًا مِّنْ عِندِ أَنفُسِهِم مِّنۢ بَعْدِ مَا
تَبَيَّنَ لَهُمُ الْحَقُّ ۖ
فَاعْفُوا وَاصْفَحُوا حَتّٰى يَأْتِيَ اللّٰهُ بِأَمْرِهِۦٓ ۗ
إِنَّ اللّٰهَ عَلٰى كُلِّ شَىْءٍ قَدِيرٌ ۝

ഗദ്യഭാഷ

109. തങ്ങൾക്കു സത്യം വ്യക്തമായതിന്നു പിറകിനാലെ തങ്ങളുടെ ആത്മാക്കളുടെ പക്ഷത്തുനിന്നുള്ള അസൂയകൊണ്ടു നിങ്ങളുടെ വിശ്വസിക്കലിന്നു പിറകിനാലെതന്നെ നിങ്ങളെ ധിക്കാരികളായി തങ്ങൾ മടക്കുന്നെങ്കിലെന്നു ഗ്രന്ഥമുള്ളവരിൽ വളരെ പേർ കൊതിച്ചു; അതിനാൽ അല്ലാഹു തന്റെ കല്പന കൊണ്ടുവരുന്നതുവരെ നിങ്ങൾ പൊറുക്കുകയും വിട്ടുകൊടുക്കുകയും ചെയ്യിൻ. നിശ്ചയമായിട്ടു അല്ലാഹു സകല വസ്തുവിന്നുംമീതെ കഴിവുള്ളവനാണു്.

ളികൾ നമ്മൾ ആവൎത്തിക്കുവാൻ പാടില്ലാത്തതാണു്; എന്തുകൊണ്ടെന്നാൽ ഒരു തലമുറയുടെ ഗതിയിൽ പിണഞ്ഞ അബദ്ധങ്ങൾ അടുത്ത തലമുറയ്ക്കു ഗുണപാഠമായിരിക്കേണ്ടതാണു്. അങ്ങിനെയല്ലെങ്കിൽ മനുഷ്യൻ എത്ര തലമുറകളിൽക്കൂടി ജീവിച്ചാലും അവന്റെ ഗതി ഭേദപ്പെടുകയില്ല; അവൻ നിന്നിടത്തുതന്നെ നില്ക്കുകയല്ലാതെ മുമ്പോട്ടു നീങ്ങുകയില്ല; മോശെയോടു ചോദിക്കപ്പെട്ടതുപോലെയുള്ള ചോദ്യങ്ങൾ, നിങ്ങളുടെ മാൎഗ്ഗദൎശനത്തിന്നു വന്നിരിക്കുന്ന ദൂതനോടു (മേല്പറഞ്ഞ വിധത്തിലുള്ള ചോദ്യങ്ങളുടെ ദുഷിച്ച പരിണാമങ്ങൾ ഗ്രഹിച്ചിട്ടുള്ള) നിങ്ങൾതന്നെ ചോദിക്കുവാനുദ്ദേശിക്കുന്നുവോ എന്നതു ഖുർആൻ വിശ്വാസികൾക്കിടയിൽ ചെയ്യുന്ന ഹിതപരിശോധനയാണു്; അവർ അവരോടുതന്നെ ചോദിക്കേണ്ടതായൊരു പ്രശ്നമാണതു ഉൾക്കൊള്ളുന്നതു. നിങ്ങൾ ഗോത്രദശയിലെ ജനങ്ങളെക്കാൾ മുമ്പോട്ടുപോകുവാനുദ്ദേശിക്കുന്നില്ലേ ! എന്നുള്ളതാണു് അതിന്റെ ഉള്ളടക്കത്തിൽ നാം കാണേണ്ടതു്; ഉണ്ടെങ്കിൽ അവരുടെ ആലോചനാരീതിയിൽനിന്നു നിങ്ങൾ വിട്ടുമാറേണ്ടിയിരിക്കുന്നു എന്നു വിവക്ഷ. നിങ്ങൾ മനുഷ്യന്റെ ഭൂതകാല ചരിത്രത്തിൽക്കൂടി കടന്നുപോന്നിരിക്കുന്നു; അവിടെ നിങ്ങൾ കണ്ടെത്തിയിട്ടുള്ള നന്മകളെ നിങ്ങൾ കൈവിടരുതു്. എന്നാൽ അവൎക്കു പിണഞ്ഞിട്ടുള്ള അബദ്ധങ്ങൾ നിങ്ങൾ ആവൎത്തിക്കയുമരുതു്; എന്തുകൊണ്ടെന്നാൽ അതു ധിക്കാരമാണു്; സത്യത്തിൽ വിശ്വസിക്കുവാൻ കഴിഞ്ഞിട്ടുള്ള നിങ്ങൾ, അതിനെ മാററി ധിക്കാരത്തിലേക്കു പ്രവേശിക്കുവാൻ സംഗതിയാവരുതു്. നിങ്ങളുടെ സത്യവിശ്വാസത്തിന്റെ സ്ഥാനത്തേക്കു ധിക്കാരത്തെ മാററിക്കൊണ്ടു വരാതിരിക്കയാണെങ്കിൽ, ലോകത്തിൽ മറെറന്തു മാററങ്ങൾ വന്നാൽക്കൂടി, നിങ്ങൾക്കു വഴിപിഴച്ചുപോവുകയില്ല; അങ്ങ്നെയല്ലെങ്കിൽ, ആരായാൽ ആരാവട്ടെ, അവൻ നേരായ സത്യമാൎഗ്ഗത്തിൽനിന്നു പിഴച്ചുപോയിരിക്കുന്നതായി ഗ്രഹിച്ചിരിക്കേണ്ടതാണു്; അവന്റെ ചോദ്യങ്ങൾ പിന്നെ അവനെ നേർമാൎഗ്ഗത്തിലേക്കു വഴിതെളിക്കയില്ല; അതിനാൽ ധിക്കാരപൂൎണ്ണങ്ങളായ ചോദ്യങ്ങളെ, സാക്ഷാൽ സത്യമായ ദൈവത്തിനു സൎവ്വാത്മനാ സമൎപ്പിച്ചു ജീവിക്കുന്ന മനുഷ്യൻ വൎജ്ജിക്കേണ്ടതാണു്; രേഖ 108ലെ ആശയമൂല്യമിതാണു്.

138. സത്യത്തെ മനസ്സിലാക്കുവാൻ പ്രയാസമില്ല; അങ്ങിനെ അതിനെ മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ വിശ്വസിക്കുന്നതിന്നല്ല, വിശ്വസിക്കാതെ കഴിച്ചുകൂട്ടുന്നതിന്നാണു് കൂടുതൽ ബുദ്ധിമുട്ടു; വിശ്വസിക്കുകയെന്നതു യാഥാൎത്ഥ്യങ്ങൾ വെളിപ്പെടുമ്പോൾ മനുഷ്യന്റെ മനസ്സിന്നു നൈസൎഗ്ഗികമായിത്തന്നെയുണ്ടാകുന്ന

ഭാവ ദാർഢ്യത്തെയാണല്ലോ കുറിക്കുന്നതു്? വിശ്വസിച്ചതിൽപ്പിന്നെ ധിക്കാരത്തിലേക്കു നീങ്ങുന്ന മനുഷ്യനു, മനുഷ്യന്റെ നൈസർഗ്ഗികമായ ഗുണങ്ങൾ നഷ്ടപ്പെടുന്നുവെന്നുള്ളതാണ്, പിന്നെയവൻ നേരെയാവുകയെന്നതു പ്രയാസമാണെന്നു വിചാരിക്കുവാനുള്ള യുക്തി. സ്വാർത്ഥലാഭങ്ങൾക്കു വേണ്ടിയുള്ള കൊണ്ടുപിടിച്ച പരിശ്രമത്തിൽ മനുഷ്യഹൃദയത്തിന്റെ ഗുണവിശേഷങ്ങൾ ദ്രവിച്ചുപോകുന്നുവെന്നതു മനസ്സിലാക്കേണ്ടതാണ്. സ്വാർത്ഥലാഭങ്ങളെ പുലർത്തുന്നതിന്നാവശ്യമായ യാന്ത്രികമായ ചേഷ്ടകളിൽ കൂടുതലായി യാതൊന്നും, വിശ്വസിച്ചിട്ടു പിന്നീടു ധിക്കാരത്തിലേക്കു് ചെന്നുകൂടിയ ജനങ്ങളിൽ നാം കാണുകയില്ല. വിശ്വാസത്തെയുപേക്ഷിച്ചുകൊണ്ടു ധിക്കാരപ്രവൃത്തിയെ കൈക്കൊണ്ടു ജീവിക്കുന്ന ജനങ്ങളുടെ നികൃഷ്ടമായ മാതൃകയായിട്ടാണ് വേദഗ്രന്ഥങ്ങളെ കൈവശംവെച്ചുകൊണ്ടിരിക്കുന്ന ഗോത്രമതക്കാരെ ഖുർആൻ കണക്കാക്കുന്നതു്. നൂറ്റാണ്ടുകളായിട്ടു തങ്ങളുടെ വേദഗ്രന്ഥത്തിൽ കണ്ട സംഗതികൾ മനസ്സിലാക്കി വിശ്വസിച്ചുവന്നവരാണവർ. പക്ഷെ വേദഗ്രന്ഥത്തിന്റെ മുന്നറിയിപ്പുകൾ വെളിപ്പെടുകയും അതിന്റെ ഫലമായി തങ്ങളുടെ ഗോത്രമഹിമാവാദങ്ങൾക്കു നിലനില്പില്ലെന്നു വരികയും ചെയ്തപ്പോൾ, തുടർന്നുവന്നിരുന്ന വിശ്വാസത്തെ വിട്ടു ധിക്കാരത്തെ പിൻപററുകയാണവർ ചെയ്തതു്. എന്നാൽ അവർ വിശ്വസിക്കുന്നില്ലെങ്കിൽ അതിന്റെ കെടുതി അവരെയാണ് ബാധിക്കുകയെന്നു് സമാധാനിക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ അവരുടെ മുമ്പാകെയുള്ള സത്യത്തെ സാക്ഷീകരിക്കുന്ന ഖുർആനിനെ തങ്ങൾ വിശ്വസിക്കുന്നില്ലെന്നുള്ളതുകൊണ്ടു അവർ തൃപ്തിപ്പെടുന്നില്ല; ഖുർആനിനെ ശരിയായി വിശ്വസിച്ചിട്ടുള്ള മററു ജനങ്ങൾകൂടി തങ്ങളെപ്പോലെ, ധിക്കാരത്തിലേക്കു് തിരിച്ചുവരുവാനാണവർ പ്രിയപ്പെടുന്നതു്; തങ്ങൾക്കോ മററു ധിക്കാരികൾക്കോ, തൽഫലമായി വല്ല ഗുണങ്ങളുമുണ്ടാകുമെന്ന നിഗമനത്താൽ ഉണ്ടാകുന്നതായൊരു പ്രീതിയല്ല മേൽപറഞ്ഞതു്; സ്വാർത്ഥലാഭങ്ങളുടെ പേരിലുള്ള പ്രതിബന്ധത്താൽ തങ്ങൾക്കു സ്വീകരിക്കുവാൻ പാടില്ലാത്തതായിത്തീർന്നിട്ടുള്ള സത്യവിശ്വാസത്തെ, മററുള്ളവർ കൈക്കൊണ്ടു നന്നായിപ്പോകുന്നുവെന്നുള്ള അനർത്ഥജനകമായ അസൂയകൊണ്ടു മാത്രമാണ് അവർ അങ്ങിനെ ആഗ്രഹിക്കുന്നതു്. അല്ലാതെ ഒരിക്കലും മററുള്ളവർ നന്നാകുവാൻ വേണ്ടിയല്ല; ഇവിടെ യഥാർത്ഥ വിശ്വാസി, സ്ഥാപിത മതക്കാരനായ ഗ്രന്ഥാവകാശിയിൽനിന്നു വിഭിന്നനായി കാണപ്പെടുന്ന, ഗംഭീരമായൊരു വ്യത്യാസത്തെ ഖുർആൻ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. മററുള്ള ജനങ്ങൾ തന്റെ പ്രസ്ഥാനത്തിലേക്കു വന്നുചേരുവാൻ സത്യവിശ്വാസിയായ മനുഷ്യൻ പ്രത്യാശിക്കുന്നുണ്ടു്. മററുള്ളവരെ തന്റെ കൂട്ടുകെട്ടിൽ കൊണ്ടുവരുവാനാണ് സ്ഥാപിതമതക്കാരനായ പുരോഹിതനും ശ്രമിക്കുന്നതു്. പക്ഷെ, രണ്ടിന്റേയും ലക്ഷ്യങ്ങൾ രണ്ടാണ്; തന്റെ ഭാഗധേയത്തിൽ മററുള്ളവരെ പങ്കുചേർക്കുവാനുള്ള പ്രതിപത്തിയാണ് വിശ്വാസികളെ മേല്പറഞ്ഞ സംഗതിക്കു പ്രേരിപ്പിക്കുന്നതു്. എന്നാൽ സ്ഥാപിതമതക്കാരനായ പുരോഹിതൻ പ്രത്യാശിക്കുന്നതു തനിക്കു നിഷേധിക്കപ്പെട്ട വസ്തുക്കൾ മററുള്ളവർ കൈക്കൊണ്ടു ജീവിക്കുന്നതിൽ തൃപ്തിയില്ലാത്തതുകൊണ്ടാണ്. അവരുടെ മലീമസമായ ആത്മാക്കളിൽനിന്നു ഉടലെടുത്തതാണ് അവരുടെ അസൂയ; തന്നെയല്ല, അവർ അങ്ങിനെ ആഗ്രഹിക്കുന്നതു അടിസ്ഥാനപരമായ സത്യത്തിന്നു എതിരാണെന്നു അവർ അറിഞ്ഞിട്ടുമുണ്ടു്. സത്യം ആരുടെ നിലപാടിലാണ് ഉള്ളതെന്നു അവർ അസന്നിഗ്ദ്ധമായി അറിഞ്ഞിരിക്കുന്നു. അതിനാൽ അന്യായമായ പ്രവൃത്തിമാർഗ്ഗങ്ങളല്ലാതെ അവർക്കു കണ്ടുകിട്ടുകയില്ല; അവ അന്യരെ അലോസരപ്പെടുത്താതെ അവസാനിക്കയുമില്ല. അതിനാൽ അവർക്കു സത്യത്തിന്റെ ഭാഗത്തുനിന്നുള്ള തിരിച്ചടികളെ നേരിടാതെ കഴിയുകയില്ല. ഇനി അവയെ അനാശാസ്യമായ വിധത്തിൽ അവഗണിച്ചുകളയുന്നതും ശരിയല്ല; എന്നാൽ അവയെ നേരിടുന്നതിന്നു സന്ദർഭങ്ങളുണ്ടു്; അതിനാൽ സത്യവിശ്വാസികൾ തങ്ങളുടെ സ്വന്തമായ ഹിതത്തിന്നനുസരിച്ചു അവരെ നേരിടുന്നതു ശരിയല്ല; സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്നവരാകയാൽ പ്രതിയോഗികളെ നേരിടുന്ന വിഷയത്തിലുംകൂടി അവർ ദൈവഹിതത്തെയാണ് പരിഗണിക്കേണ്ടതു്. അങ്ങിനെ ദൈവത്തിന്റെ സ്വന്തമായ കല്പന വരുന്നതുവരെ, സ്ഥിതിഗതികൾ നിയന്ത്രണാതീതമായിത്തീരുന്നുവെന്നു വരുന്നതുവരെ, വിരോധികളുടെ ദുരുദ്ദേശപരങ്ങളായ വിക്രിയകളുടെ നേരെത്തന്നെ പൊറുക്കുകയും വിട്ടുമാറിക്കൊടുക്കുകയുമാണ് വിശ്വാസികൾ വേണ്ടതു്; മിഥ്യയുടെ വളർച്ചക്കതു ചിലപ്പോൾ സംഗതിയാകുന്നുവെന്നതിൽ ഭയപ്പെടുവാനില്ല; മിഥ്യ പാരമ്യതയെ പ്രാപിച്ചാൽ മിഥ്യയല്ലാതാകുന്നില്ല. സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്ന മനുഷ്യനു മിഥ്യയെ ഭയപ്പെടുവാനില്ല. പാരമ്യതയെ പ്രാപിച്ചാൽകൂടി മിഥ്യയെ വിജയകരമായി നേരിടുന്നതിന്നുള്ള ശേഷി സത്യവിശ്വാസിയിൽ

١١٠- وَاَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ ؕ
وَمَا تُقَدِّمُوْا لِاَنْفُسِكُمْ مِّنْ خَيْرٍ تَجِدُوْهُ
عِنْدَ اللّٰهِ ؕ
اِنَّ اللّٰهَ بِمَا تَعْمَلُوْنَ بَصِيْرٌ ۝

110. നിങ്ങൾ നിലനിൎത്തുകയും ചെയ്യിൻ, പ്രാൎത്ഥനയെ;
ദാനനികുതിയെ നിങ്ങൾ നല്കുകയും ചെയ്യിൻ.
ഇനി എന്തുതന്നെ നിങ്ങൾ മുൻകൂറായി സമൎപ്പിക്കുന്നു,
നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി
നന്മയിൽ പെട്ടതായിട്ടു (എന്തുതന്നെ സമർപ്പിക്കുന്നു)
നിങ്ങൾ അതിനെ കണ്ടെത്തുന്നതാണ്;
അല്ലാഹുവിൻെറ പക്കൽ.
നിശ്ചയമായിട്ട്, നിങ്ങൾ പ്രവൎത്തിക്കുന്നതിനെ .
അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നവനാണ്.[139]

ഗദ്യഭാഷ

110. നിങ്ങൾ പ്രാൎത്ഥനയെ നിലനിൎത്തുകയും ദാനനികുതി നല്കുകയും ചെയ്യിൻ; ഇനിയും, നന്മയായിട്ടു എന്തെങ്കിലുംതന്നെ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി നിങ്ങൾ മുൻകൂട്ടി സമൎപ്പിക്കുന്നുവെങ്കിൽ, അല്ലാഹുവിൻെറ പക്കൽ നിങ്ങൾ അതിനെ കണ്ടെത്തുന്നതാണ്. നിശ്ചയമായിട്ടു അല്ലാഹു നിങ്ങൾ പ്രവൎത്തിക്കുന്നതിനെ കണ്ടുകൊണ്ടിരിക്കുന്നവനാണ്.

---

സ്ഥിതിചെയ്യുന്നുണ്ടെന്ന വസ്തുതയാണ് മേല്പറഞ്ഞ ശാസനയിൽ ഖുർആൻ വെളിപ്പെടുത്തുന്നതു്. വിശ്വാസിയുടെ ശക്തി തൻെറ രക്ഷിതാവായ ദൈവത്തിൻെറ സാൎവ്വത്രികമായ കഴിവുകളോടാണ് ബന്ധപ്പെട്ടു നില്ക്കുന്നതു്; മിഥ്യയുടെ വാഴ്ചയോ വളൎച്ചയോ വിശ്വാസിയുടെ ചിന്താഗതിയിൽ പരിഭ്രാന്തിയുളവാക്കുവാൻ പാടില്ല. തൻെറ രക്ഷിതാവായ ദൈവത്തിൻെറ ശക്തിയുടെ പാരമ്യതയെക്കുറിച്ചു വിശ്വാസ ദാർഢ്യമുള്ള മനുഷ്യനു പ്രതിയോഗികളുടെ നടപടികളെ ശാന്തമായും സമാധാനമായും നേരിടുവാൻ സാധിക്കേണ്ടതാണ്. സാധിക്കുന്നതുമാണ്. രേഖ 108ൻെറ പൎയ്യവസാനത്തിൽ വ്യക്തമാക്കപ്പെട്ടതും സാക്ഷാൽ സത്യമായ ദൈവം സകല വസ്തുവിന്നുംമേൽ പരമാധികാരശക്തിയുള്ളവനാണ് എന്നുള്ളതുമായ വാക്യത്തെ, പൊറുക്കുവാനും വിട്ടുമാറിക്കൊടുക്കുവാനുമുള്ള കല്പനയുടെ കൂടെ തുടൎന്നു കൊണ്ടുവന്നിരിക്കുന്നതു നോക്കുക. പ്രതികൂലശക്തികളുടെ പ്രവൃത്തികൾ വിശ്വാസിയിൽ പരിഭ്രമത്തെ ജനിപ്പിക്കുവാൻ പാടില്ലാത്തതാണെന്ന സംഗതിയാണതു സന്ദർഭോചിതമായി വെളിപ്പെടുത്തുന്നതു്.

139. സാധിക്കുന്നതുവരെ—ദൈവശാസന ലഭിക്കുന്നതുവരെ—പ്രതിയോഗികളുടെ ദുരുദ്ദേശമൂലമായ പ്രവൃത്തികളെ പൊറുക്കുവാനും അവയെ അവരുടെ വഴിക്കു് വിട്ടുകൊണ്ടു മാറിക്കൊടുക്കുവാനുമുള്ള ശാസനയാണ് രേഖ 109ൽ നല്കപ്പെട്ടതു്. വിശ്വാസികൾക്കു മേൽപറഞ്ഞ വിഷയത്തിൽ പരിഭ്രമിക്കുവാനില്ലെന്നുള്ള വസ്തുതയ്ക്കു വേണ്ട അറിവും ആത്മവിശ്വാസവും അവൎക്കു ഖുർആൻ വെളിപ്പെടുത്തുകയുംചെയ്തു. രേഖ 110ൽ തങ്ങളുടെ സ്വന്തം കഴിവുകളെ പോഷിപ്പിക്കുന്നതിന്നു വേണ്ടുന്നതായ കൎമ്മപദ്ധതികളെ പ്രത്യേകമായി നിർദ്ദേശിക്കുന്നു. വിശ്വാസികൾ ആത്മീയമായും സാമ്പത്തികമായും പ്രതിയോഗികളെ ജയിക്കത്തക്ക നിലയിൽ ശക്തി ശേഖരിക്കേണ്ടതാണ്; അതിൽ ഒന്നാമത്തേതു പ്രാൎത്ഥനകൊണ്ടും രണ്ടാമത്തേതു ദാനനികുതികൊണ്ടും അവൎക്കു സാദ്ധ്യമാകുന്നതാണ്. പ്രാൎത്ഥനയുടെ വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 3ഉം, ദാനനികുതിയുടെ വിശദീകരണത്തിന്നു സംഹിത 2ൽ രേഖ 43ഉം നോക്കുക.

പ്രതിയോഗികളുടെ പ്രത്യാശകൾക്കെതിരായി സത്യസന്ധമായി ജീവിക്കുന്നതിന്നുള്ള പോംവഴിയായിട്ടാണ് രേഖ 109നെത്തുടൎന്നു പ്രാൎത്ഥനക്കും ദാനനികുതിക്കുമുള്ള കല്പനകൾ കൊണ്ടുവരപ്പെട്ടിരിക്കുന്നതു്. പക്ഷെ, പ്രതിയോഗികളെ നേരിടുന്നതിന്നുള്ള ശക്തി മാത്രം സമ്പാദിക്കുവാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല മേല്പറഞ്ഞ പദ്ധതികൾ; സ്വതവെ പുണ്യകരങ്ങളായ രണ്ടു ജീവിതപദ്ധതികളാണവ. പ്രതികൂലമായിട്ടുള്ള യാതൊന്നിനേയും നേരിടുവാനില്ലെങ്കിൽ തന്നെ ആ കർമ്മങ്ങൾക്കു അവയുടെ സ്വന്തമായ ഗുണാധികാരങ്ങൾ ഉണ്ടു്. തന്നെയല്ല, ഇവയെക്കൂടാതെ വിഭിന്നങ്ങളായ സന്ദർഭങ്ങളിൽ വിശ്വാസികൾക്കു ചെയ്യുവാൻ സാധിക്കുന്ന സൽകൎമ്മങ്ങൾ സൎവ്വത്ര അവർ ചെയ്യേണ്ടതുമാണ്. എന്തുകൊണ്ടെന്നാൽ പ്രതിയോഗികൾ ഉണ്ടാവട്ടെ

111. അവർ പറയുകയും ചെയ്തു:–
സ്വർഗ്ഗത്തിൽ ഒരിക്കലും പ്രവേശിക്കുകയില്ലതന്നെ;
യഹൂദനോ നസ്രാണിയോ ആയിട്ടുള്ളവനല്ലാതെ.
അതു അവരുടെ മിഥ്യാകാംക്ഷകളാണ്.
നീ പറയുക:– നിങ്ങൾ കൊണ്ടുവരുവിൻ
നിങ്ങളുടെ പ്രമാണത്തെ;
നിങ്ങൾ സത്യവാദികളാണെങ്കിൽ.[140]

١١١- وَقَالُوا لَنْ يَدْخُلَ الْجَنَّةَ إِلَّا مَنْ
كَانَ هُودًا أَوْ نَصَارَىٰ ۗ تِلْكَ أَمَانِيُّهُمْ ۗ قُلْ
هَاتُوا بُرْهَانَكُمْ إِنْ كُنْتُمْ صَادِقِينَ ۝

ഗദ്യഭാഷ

111. യഹൂദനോ നസ്രാണിയോ ആയിട്ടുള്ളവനല്ലാതെ സ്വർഗ്ഗത്തിൽ ഒരിക്കലും പ്രവേശിക്കുന്നതല്ലതന്നെ എന്നു അവർ പറയുകയും ചെയ്തു. അതു അവരുടെ മിഥ്യാകാംക്ഷകളാണ്; നിങ്ങൾ സത്യസന്ധരാണെങ്കിൽ നിങ്ങളുടെ പ്രമാണത്തെ നിങ്ങൾ കൊണ്ടുവരുവിൻ എന്നു നീ പറയുക.

---

ഇല്ലാതിരിക്കട്ടെ മനുഷ്യർ തങ്ങളുടെ ആത്മാക്കളുടെ ആവശ്യത്തിന്നു വേണ്ടി നിഷ്കപടമായ നിലയിൽ മുൻകൂറായി ചെയ്തുവെക്കുന്ന കർമ്മങ്ങൾ, പ്രാർത്ഥനകൾ എന്നല്ല ദാനകർമ്മങ്ങൾ എന്നല്ല, മററ എന്തുതന്നെയായാലും ശരി, അവ സാക്ഷാൽ സത്യമായ ദൈവത്തിൻെറ പക്കൽ ഫലപ്രദമായിത്തീരുന്നതാണ്. അവയെല്ലാംതന്നെ അവൻെറ പക്കൽ നിക്ഷിപ്തമാണ്; സുരക്ഷിതമാണ്; അവയെ പ്രവർത്തിക്കുന്നവർ അവരുടെ രക്ഷിതാവിൻെറ പക്കൽ അവയെ കണ്ടെത്തുന്നതാണ്. മനുഷ്യൻ പ്രവർത്തിക്കുന്നതു എന്തുതന്നെയായാലും അതിനെ അല്ലാഹു നിരന്തരമായി കണ്ടുകൊണ്ടിരിക്കയാണ്; അവൻെറ കാഴ്ചയിൽനിന്നും ഒന്നും വിട്ടുപോകുന്നില്ല; അവന്നു ഒന്നും മറഞ്ഞുനില്ക്കുന്നുമില്ല. ഈ രേഖ, മനുഷ്യൻെറ പ്രവൃത്തികളുടെ സുരക്ഷിതാവസ്ഥയേയും അവയെ നിഷ്കളങ്കമായി ചെയ്തുകൊള്ളുന്നതിൽ മനുഷ്യൻ കൈക്കൊള്ളേണ്ട നിഷ്കർഷയേയും വെളിപ്പെടുത്തുന്നു.

140. സ്ഥാപിതമതക്കാരുടെ പ്രലോഭനങ്ങളെയാണ് ഖുർആൻ ഇവിടെ വർത്തമാന വിഷയമായി കൊണ്ടുവന്നിട്ടുള്ളതു്. അവക്കെതിരായി വിശ്വാസികൾ കൈക്കൊള്ളേണ്ടതായ നടപടിയെപ്പററി വിവരിക്കുന്ന കൂട്ടത്തിൽ മേല്പറഞ്ഞ നടവടികളെ നടപ്പിൽവരുത്തുന്നതിന്നാവശ്യമായ ധാർമ്മികമായ ശക്തിയെ സജ്ജീകരിക്കുവാൻ കല്പിക്കയാണല്ലോ പ്രധാനമായി ചെയ്തിരിക്കുന്നതു്. തുടർന്നുകൊണ്ടു രേഖ 111ൽ സ്ഥാപിത മതക്കാരുടെ ദൗർബ്ബല്യത്തെക്കുറിച്ചു ചില വിശദീകരണങ്ങൾ കൊണ്ടുവരുന്നതു നോക്കുക:- മനുഷ്യൻെറ നശിക്കാത്ത കർമ്മശേഷി അവൻെറ ധാർമ്മിക ബലത്തെയാണാശ്രയിച്ചിരിക്കുന്നതു്; ഭൗതികശക്തിയെ നശിപ്പിച്ചുകഴിഞ്ഞാൽ പിന്നെയതു മുളച്ചുപൊങ്ങുകയില്ല; നശിക്കാതെ നിലനിന്നു പോകുവാൻ മാത്രമുള്ള കഴിവ് ഭൗതികശക്തിയുടെ പ്രകൃതിയിൽ പെട്ടതുമല്ല; ഭൗതികശക്തി നശിക്കാതെ നിവൃത്തിയില്ല; നാളെയല്ലെങ്കിൽ മററെന്നാൾ നശിക്കാനുള്ളതാണതു്. ധാർമ്മിക ശക്തിയുടെ നിലയാകട്ടെ, വളരെ വിഭിന്നമായിട്ടുള്ളതാണ്; ധാർമ്മികശക്തിയെയാവട്ടെ, വീണ്ടെടുക്കാൻ സാധിക്കാത്ത വിധത്തിൽ നശിപ്പിക്കുക സാദ്ധ്യമല്ല. താൽക്കാലികങ്ങളായ വീഴ്ച താഴ്ചകളല്ലാതെ നിശ്ശേഷമായ പരാജയമുണ്ടാവുകയെന്നതു ധാർമ്മികശക്തിക്കു പ്രകൃതമായിട്ടുള്ളതല്ല. സമ്മർദ്ദനങ്ങളാൽ മൂടപ്പെട്ടുപോവുകയെന്നതല്ലാതെ നാമാവശേഷമായി നശിക്കുകയെന്നതു ധാർമ്മികശക്തിക്കു വന്നുകൂടാത്തതാണ്.

ന്യായബോധമാണ് ധാർമ്മിക ശക്തിയുടെ ബീജസമ്പത്തു്. മനുഷ്യൻ നിലകൊള്ളുന്ന പ്രസ്ഥാനത്തിൻെറ ന്യായീകരണത്തിൽ മനുഷ്യൻ ദൃഢമായി ഗ്രഹിച്ചുവെച്ചിട്ടുള്ള സത്യാവസ്ഥ തൻെറ നിലപാടിന്നനുകൂലമായിത്തീരുകയെന്നതാണ്, ത്യാഗഫലമായ വിജയത്തെ കൈവരിക്കുന്നതിന്നു മനുഷ്യന്നു പ്രചോദനം കൊടുക്കുന്ന സംഗതി. സ്ഥാപിത മതക്കാർക്കു വാദങ്ങളല്ലാതെ യാഥാർത്ഥ്യങ്ങൾ കാണപ്പെടുകയില്ല. തങ്ങളുടെ നിലപാടുകളെപ്പോലെത്തന്നെ സ്ഥാപിത മതക്കാരുടെ വാദങ്ങൾകൂടി നിരർത്ഥങ്ങളായിരിക്കുന്നതാണ്. ബുദ്ധിശൂന്യങ്ങളായ വികൃത വാദങ്ങളെ ജനമദ്ധ്യത്തിൽ കൊണ്ടുവരുന്നതിന്നു മേൽപറഞ്ഞ കൂട്ടർ മടിക്കുകയില്ല; സങ്കുചിതങ്ങളായ പുണ്യാവകാശങ്ങളാണ് അത്തരക്കാരുടെ വാദങ്ങളിൽ മുന്നിട്ടുനില്ക്കുക; അവരുടെ ആളുകളല്ലാതെ മററാരും

| | |
|---|---|
| 112. (അങ്ങിനെ) അല്ല, ആർതന്നെ തന്റെ മുഖത്തെ<br>അല്ലാഹുവിന്നു അർപ്പിച്ചുവെങ്കിൽ,<br>അവൻ സദ്‌വൃത്തനുമാണെ(ങ്കിൽ)<br>അപ്പോൾ അവന്നു അവന്റെ പ്രതിഫലമുണ്ട്;<br>അവന്റെ രക്ഷിതാവിന്റെ പക്കൽ.<br>അവക്കു ഭീതിയുമില്ല; അവർ ഖേദിക്കുന്നുമില്ല.[141] | ١١٢- بَلَىٰ مَنْ أَسْلَمَ وَجْهَهُ لِلَّهِ<br>وَهُوَ مُحْسِنٌ فَلَهُ أَجْرُهُ عِندَ رَبِّهِ<br>وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ۝ |

ഗദ്യഭാഷ

112. അതു, അങ്ങിനെയല്ല ഉള്ളതു. ആർതന്നെ സദ്‌വൃത്തനായിരിക്കവേ തന്റെ ഹിതത്തെ അല്ലാഹുവിന്നു സമർപ്പിച്ചുവെങ്കിൽ, അപ്പോൾ അവന്നു അവന്റെ പ്രതിഫലം തന്റെ രക്ഷിതാവിന്റെ പക്കൽ ഉണ്ട്. അവർക്കു ഭീതിയുമില്ല; അവർ ഖേദിക്കുകയുമില്ല.

സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ലെന്നുള്ളതു അവർ കൊണ്ടുവരുന്ന, അങ്ങിനെയുള്ള വാദങ്ങളുടെ ഒരു ദൃഷ്ടാന്ത മാത്രകയാണ്. അവരിൽതന്നെ അക്കാര്യത്തിൽ അഭിപ്രായത്തിന്നു ഐക്യമില്ല; യഹൂദരല്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ലെന്നു യഹൂദന്മാരും, ക്രിസ്ത്യാനികളല്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ലെന്നു ക്രൈസ്തവരും വാദിക്കുന്നു; സാക്ഷാൽ സത്യമായ ദൈവത്തിന്നു സമർപ്പിച്ചുകൊണ്ടു ചെയ്യപ്പെടുന്ന കർമ്മഗുണത്തിൽ വിശ്വസിക്കുന്ന വ്യക്തിക്കു മേല്പറഞ്ഞ തരത്തിൽപ്പെട്ട വാദങ്ങളുടെ നിരർത്ഥകത മനസ്സിലാക്കുവാൻ പ്രയാസമില്ല. പരമാർത്ഥത്തിൽ തങ്ങൾ വെച്ചുകൊണ്ടിരിക്കുന്ന മിഥ്യാബോധങ്ങളെ പുലമ്പുകയാണവർ ചെയ്യുന്നതു്; സദുദ്ദേശപൂർവ്വമായ കർമ്മഗുണത്താലല്ലാതെ മനുഷ്യന്നു ജന്മസാഫല്യത്തെ സാധിക്കുവാനാവുകയില്ല. കർമ്മങ്ങളുടെ ഗുണദോഷങ്ങൾ നോക്കുന്നതിൽ വർഗ്ഗസമുദായ കാലവർണ്ണ വ്യത്യാസങ്ങൾക്കു പരിഗണനയില്ല. സത്യത്തിന്നു സമർപ്പിക്കപ്പെട്ട പ്രവൃത്തികൾക്കല്ലാതെ ശാശ്വതമായ സാഫല്യമുണ്ടാവുകയുമില്ല. എങ്ങിനെയും, അവരുടെ വാദങ്ങൾ നിരർത്ഥങ്ങളാണെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. എന്നാൽ ഒരാൾ കൊണ്ടുവരുന്ന വാദങ്ങൾ സത്യമാണെന്നു പറയുവാനുള്ള അവകാശത്തെ സത്യവിശ്വാസി നിരാകരിക്കേണ്ടതില്ല; അതിന്റെ പരമാർത്ഥതയെ തെളിയിക്കുവാൻ പര്യാപ്തമായ തെളിവുകൾ, വാദങ്ങൾ കൊണ്ടുവന്ന വ്യക്തിയിൽനിന്നു തന്നെ ആവശ്യപ്പെടുകയും, അതുവഴി ആ വാദത്തിന്റെ അമളിയെ അസന്നിഗ്ദ്ധമായി അയാൾക്കുതന്നെ അനുഭവപ്പെടുത്തുകയുമാണു ചെയ്യേണ്ടതു.

കേവലമായ മിഥ്യാബോധങ്ങളാണ് പ്രതിയോഗികൾ കൊണ്ടുവന്നിരിക്കുന്ന വാദമെന്നു മനസ്സിലായിരുന്നിട്ടുകൂടി, വാദിയോടു തെളിവുണ്ടെങ്കിൽ കൊണ്ടുവരുവാനാവശ്യപ്പെടുന്നതു നോക്കുക; യാഥാർത്ഥ്യങ്ങളെ നേരിടുന്നതിൽ ഖുർആൻ നിർദ്ദേശിക്കുന്ന മികച്ച സ്വഭാവമര്യാദയാണതു കുറിക്കുന്നതു്; ശത്രുവിന്റെ വാദത്തിൽ തന്നെ ന്യായമായ വല്ലതുമുണ്ടെങ്കിൽ സ്വീകരിക്കുവാൻ സത്യവിശ്വാസി കാണിക്കേണ്ടതായ താല്പര്യത്തെയതു വെളിപ്പെടുത്തുന്നു.

141. സ്വർഗ്ഗപ്രവേശനത്തിന്നർഹതയുള്ളവർ യഹൂദനായിട്ടുള്ളവനോ ക്രിസ്ത്യാനിയായിട്ടുള്ളവനോ മാത്രമാണെന്ന സ്ഥാപിത മതക്കാരുടെ വാദത്തെ ചിന്താവിഷയമാക്കിയതിനെത്തുടർന്നു കർമ്മസാഫല്യത്തിന്റെ മൗലികമായ തത്വസിദ്ധാന്തത്തെ ഖുർആൻ പ്രഖ്യാപിക്കുന്നു; കാര്യത്തിന്റെ യഥാർത്ഥസ്ഥിതി സ്ഥാപിതമതക്കാർ വാദിക്കുന്നതുപോലെയല്ല; യഹൂദനെന്നോ ക്രിസ്ത്യാനിയെന്നോ വേണ്ട, ആർതന്നെയാകട്ടെ, തന്റെ ഹിതത്തെ സാക്ഷാൽ സത്യമായ ദൈവത്തിന്നു സമർപ്പിക്കുകയും, അതിനോടുകൂടെ അതിനെ നല്ലപോലെ പ്രവൃത്തികളിൽ കൊണ്ടുവരികയും ചെയ്താൽ അങ്ങിനെയുള്ള ആൾക്കു തന്റെ പ്രവൃത്തികളുടെ പ്രതിഫലങ്ങൾ തന്റെ രക്ഷിതാവിന്റെ പക്കൽ സുരക്ഷിതമായിരിക്കുന്നതാണ്. അങ്ങിനെയുള്ളവർ ഭാവിയെക്കുറിച്ചുള്ള ഭീതിക്കു കീഴ്പ്പെടുകയില്ല; ഭൂതകാലത്തെക്കുറിച്ചുള്ള ഖേദത്തിന്നു അവർ വിഷയമാവുകയുമില്ലതന്നെ; ഭീതിയും ഖേദവുമേല്ക്കാത്ത, ദോഷബാധയില്ലാത്ത ജീവിതഗതി തുടർന്നുപോകുവാൻ, സാക്ഷാൽ സത്യത്തിന്നു സമർപ്പിച്ച സ്വാർത്ഥചിന്തകൾ വെടിഞ്ഞ പ്രവൃത്തിക്കുന്നവർക്കു മാത്രമേ സാദ്ധ്യമാവുകയുള്ളൂ. ഒരാൾ അങ്ങിനെയാണ് ജീവിക്കുന്നതെങ്കിൽ പിന്നെ ആയാൾ ഉൾക്കൊള്ളുന്ന ഗോത്രമോ സമുദായമോ വർഗ്ഗമോ ഏതാണെന്നുള്ളതു് ജീവിത സാഫല്യത്തിന്റെ വിഷയത്തിൽ പ്രശ്നമായി വരികയില്ല. ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള

## സന്ധി 14

### നിരർത്ഥവാദങ്ങൾ; ജ്ഞാനശൂന്യതയുടെ പഴയ നടപടി.

(സ്ഥാപിത മതക്കാരുടെ മിഥ്യാവാദങ്ങൾ. പ്രാർത്ഥനാലയങ്ങളിൽ ചെയ്യപ്പെടുന്ന വിലക്കുകൾ. ദൈവപുത്രവാദത്തിന്റെ പൊള്ളത്തരങ്ങൾ; നിവേദനത്തെപ്പറ്റി ചില സംഭവസ്മരണകൾ; സത്യത്തിന്നു സർവ്വാത്മനാ സമർപ്പിക്കാതെ ശരിയായ മാർഗ്ഗദർശനങ്ങൾ ലഭിക്കാവതല്ല.)

113. യഹൂദർ പറയുകയുംചെയ്തു:—
നസ്രാണികൾ യാതൊരടിസ്ഥാനത്തിലും തന്നെയില്ല;
നസ്രാണികളും പറഞ്ഞു:—
യഹൂദന്മാർ യാതൊരടിസ്ഥാനത്തിലും തന്നെയില്ല;
അവർ ഗ്രന്ഥത്തെ പാരായണം ചെയ്യുന്നുമുണ്ട്—
ആയതുപോലെത്തന്നെയാണ്
അറിയുന്നില്ലാത്തവർ പറഞ്ഞിരിക്കുന്നു;
അവരുടെ പറച്ചിൽപോലെ.
അപ്പോൾ, അല്ലാഹു വിധിപറയുന്നതാണ്;
അവരുടെ മദ്ധ്യത്തിൽ; എഴുന്നേല്പിന്റെ ദിനത്തിൽ.
അവർ എതിരഭിപ്രായങ്ങൾ
വെച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ.[142]

١١٣- وَقَالَتِ الْيَهُودُ لَيْسَتِ النَّصٰرٰى عَلٰى شَيْءٍ ۠ وَقَالَتِ النَّصٰرٰى لَيْسَتِ الْيَهُودُ عَلٰى شَيْءٍ ۙ وَّهُمْ يَتْلُوْنَ الْكِتٰبَ ؕ كَذٰلِكَ قَالَ الَّذِيْنَ لَا يَعْلَمُوْنَ مِثْلَ قَوْلِهِمْ ۚ فَاللّٰهُ يَحْكُمُ بَيْنَهُمْ يَوْمَ الْقِيٰمَةِ فِيْمَا كَانُوْا فِيْهِ يَخْتَلِفُوْنَ ○

ഗദ്യഭാഷ

113. യഹൂദർ പറയുകയും ചെയ്തു:— "നസ്രാണികൾ യാതൊരു അടിസ്ഥാനത്തിലു(മുള്ളവര)ല്ല"; നസ്രാണികളും പറഞ്ഞു:— "യഹൂദന്മാർ യാതൊരു അടിസ്ഥാനത്തിലു(മുള്ളവര)ല്ല"; അവരാണെങ്കിൽ ഗ്രന്ഥത്തെ പാരായണവും ചെയ്യുന്നു. ആയതുപോലെത്തന്നെയാണ്, അവരുടെ പറച്ചിലിന്നു സമാനമായിട്ടാണ്, അറിയുന്നില്ലാത്തവർ പറഞ്ഞതു; അപ്പോൾ അവരുടെ മദ്ധ്യത്തിൽ (അവസാനത്തെ) എഴുന്നേല്പിന്റെ ദിനത്തിൽ, അവർ എതിരഭിപ്രായങ്ങൾ വെച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ, അല്ലാഹുവാണ് വിധി പറയുന്നതു്.

---

ഏതാനും രേഖകളുടെ കൂട്ടത്തിൽ പെട്ടതാണ് രേഖ 112. അങ്ങിനെ ആവർത്തിക്കപ്പെടുമ്പോൾ സന്ദർഭാനുസരണമായി അതിന്റെ ആശയാംശങ്ങളിൽ ചിലതിന്നു പ്രാധാന്യമുണ്ടാകുന്നതാണ്; ഇവിടെ സ്ഥാപിത മതക്കാരുടെ വാദവും കാര്യത്തിന്റെ യാഥാർത്ഥ്യവും തമ്മിലുള്ള വൈപരീത്യത്തെയതു ചൂണ്ടിക്കാണിക്കുന്നുവെന്നതു വ്യക്തമാണ്.

സംഹിത 2ൽ തന്നെ രേഖ 38, 62, 112, 262, 274, 277 എന്നീ സ്ഥാനങ്ങളിൽ ഇതു രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഖുർആൻ നിർദ്ദേശിക്കുന്ന കർമ്മജീവിത സിദ്ധാന്തത്തിന്റെ വ്യക്തിമുദ്രയാണിതു വെളിപ്പെടുത്തുന്നതു്.

"അസ്‌ലമ വജ്ഹഹു" എന്ന വാക്യാംശത്തെയാണ് ഇവിടെ "അവന്റെ (തന്റെ) ഹിതത്തെ അവൻ സമർപ്പിച്ചു" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. ഇതിൽ ഹിതത്തെ എന്നു കാണുന്നതു "വജ്ഹ" എന്ന പദത്തിന്റെ ഉദ്ദിഷ്ടമായ അർത്ഥമാണ്; "വജ്ഹുൻ" എന്ന പദത്തിന്നു സാധാരണയിൽ മുഖം എന്ന അർത്ഥമാണുള്ളതെങ്കിൽക്കൂടി, ഈ സ്ഥാനത്തു അതു മനുഷ്യന്റെ ഒരു അവയവത്തെയല്ല കുറിക്കുന്നതു്; തന്നെ ആകമാനമായി സമർപ്പിക്കുക എന്നതാണ് ഈ വാക്യാംശത്തിന്റെ വിവക്ഷ; (ജലാലയ്ൻ). എന്റെ മുഖം എന്നു സാധാരണ പരിതഃസ്ഥിതിയിൽ അർത്ഥമുള്ളതായ "വജ്ഹീ" എന്ന വാക്യാംശത്തിന്നു, ഞാൻ സ്വന്തമായിട്ടു, ഞാൻ തന്നെ എന്നീ വിവക്ഷാർത്ഥങ്ങൾകൂടിയുണ്ടു്; (ത്വബരീ). മനുഷ്യൻ പ്രവർത്തിക്കുന്നതു തന്റെ ഹിതാഹിതങ്ങളുടെ പ്രേരണയിലാണല്ലോ? അതിനാൽ തന്റെ ആസ്തികൃത്തെ ആകമാനമായി ദൈവത്തിന്നു സമർപ്പിക്കുക എന്ന അർത്ഥത്തെ വ്യക്തമാക്കുവാൻ, തന്റെ ഹിതത്തെ സമർപ്പിക്കുക എന്നുള്ള പരിഭാഷയാണ് യുക്തമായിക്കണ്ടതു്. ദൈവത്തിന്റെ തൃപ്തിക്കു വേണ്ടി അല്ലെങ്കിൽ ഹിതത്തിന്നുവേണ്ടി, എന്ന അർത്ഥത്തിൽ "ലിവജ്ഹില്ലാഹി" എന്നു ഖുർആനിൽത്തന്നെ പ്രയോഗിക്കപ്പെട്ടിട്ടുള്ളതുകൂടി ഈ സന്ദർഭത്തിൽ സ്മരിക്കത്തക്കതാണ്.

[142-ാമത്തെ കുറിപ്പ് മറുപുറത്തു്]

"ഹിതത്തെ" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന "വജ്ഹ" എന്ന പദത്തിന്നു സാധാരണഭാഷയിൽ മുഖം, വശം എന്നീ അർത്ഥങ്ങളാണുള്ളത്. എന്നാൽ അനുകൂലമായ മുഖഭാവമെന്നും (സംഹിത 92ൽ രേഖ 20) വാഞ്ഛിക്കപ്പെടേണ്ടതായ നില, മഹിമ, മഹത്തായ സാന്നിദ്ധ്യം എന്നിങ്ങനെയും (സംഹിത 2ൽ രേഖ 115, സംഹിത 55ൽ രേഖ 27) വേണ്ടി, അല്ലെങ്കിൽ ഉദ്ദേശിച്ചുകൊണ്ടു എന്നും (സംഹിത 76ൽ രേഖ 8) ആദ്യഭാഗം, ആരംഭം എന്നും (സംഹിത 3ൽ രേഖ 71) പ്രകൃതി, സ്വഭാവം, ആന്തരമായ വസ്തുത, സത്ത, വ്യക്തിപരമായ നിലപാടു എന്നും (സംഹിത 5ൽ രേഖ 111; സംഹിത 28ൽ രേഖ 88; സംഹിത 55ൽ രേഖ 27) അർത്ഥാന്തരങ്ങളും ഉണ്ട്. അതിനാൽ സന്ദർഭങ്ങൾക്കനുസരിച്ചു, ഉചിതമായ വിധത്തിൽ ഈ വാക്കിന്നു അർത്ഥനിർണ്ണയം ചെയ്യേണ്ടതാണു. "അവൻ സദ്‌വൃത്തനുമാണെങ്കിൽ" എന്ന വാക്യാംശത്താൽ, ദൈവഹിതത്തിന്നു സമർപ്പിക്കപ്പെട്ടാൽത്തന്നെ പ്രവൃത്തികൾ നല്ലവയല്ലെങ്കിൽ ഫലങ്ങൾ നന്നായിരിക്കയില്ലെന്നു തെളിയിക്കുന്നു. പ്രവൃത്തികൾ നന്നാവുകയും ദൈവഹിതത്തിന്നു സമർപ്പിക്കപ്പെടുകയും രണ്ടുംകൂടി ആയാൽ മാത്രമേ അവ ഫലപ്രദമായിത്തീരുകയുള്ളു.

142. സത്യത്തിന്നു മാത്രമായി നിലകൊള്ളേണ്ടതായ മതസ്ഥാപനങ്ങൾ സ്വാർത്ഥത്തിന്നു വിധേയമായി വഴിമാറിത്തുടങ്ങിയാൽ, മേല്പറഞ്ഞ സ്ഥാപനങ്ങളുടെ നിലനില്പ്, അവയെ അടക്കിപ്പിടിച്ചിരിക്കുന്ന വ്യക്തികളുടെ ലാഭനഷ്ടങ്ങളിൽ മാത്രമേ താല്പര്യങ്ങൾ കാണിക്കയുള്ളു; സ്വാധീനത്തിന്നു വേണ്ടിയുള്ള വടംവലി മാത്രമേ നമുക്കവിടെ കാണുവാൻ സാധിക്കയുള്ളു. തങ്ങളുടെ സ്വന്തമായ പരമാർത്ഥങ്ങളെക്കൂടി വിഗണിച്ചു സ്വാർത്ഥലാഭത്തിന്നുവേണ്ടി മനുഷ്യർ വെക്കുന്ന കാൽവെപ്പുകൾ, മററുള്ളവരുടെ പൊടിച്ചുകയററത്തെ നശിപ്പിക്കുവാൻ പര്യാപ്തമായെങ്കിൽ മാത്രമേ മേല്പടിയാന്മാർക്കു സ്വസ്ഥമായിരിക്കുക സാദ്ധ്യമുള്ളു; സ്വന്തം കഴിവുകളെ പ്രയോജനപ്പെടുത്തുന്നതിന്നുള്ളതിനേക്കാൾ മററുള്ളവരുടെ കുറവുകളെപ്പററി കുപ്രചരണങ്ങൾ നടത്തുന്നതിന്നാണവർ താല്പര്യപ്പെടുക; തങ്ങൾക്കല്ലാതെ വളരുവാനർഹതയില്ലെന്ന മലിനമായ വിചാരഗതിയാണ് അക്കൂട്ടരെ അതിന്നു പ്രേരിപ്പിക്കുന്നതു; അഥവാ സ്വന്തം നിലയെപ്പററി വല്ലതും വെളിപ്പെടുത്തുവാനുണ്ടെങ്കിൽ തന്നെ അവയെ അവർക്കല്ലാതെ മററാർക്കും പ്രാപിക്കുക സാദ്ധ്യമല്ലെന്നുള്ള രീതിയിലാണ് അതും അവർ ചെയ്യുക. തങ്ങൾക്കല്ലാതെ സ്വർഗ്ഗപ്രാപ്തി സാദ്ധ്യമല്ലെന്നുള്ള, മിഥ്യാവാദത്തിൽ മേൽപറഞ്ഞ നിലയിലാണ് കൃസ്ത്യാനികളേയും യഹൂദരേയും നാം കണ്ടതു. രേഖ 111ൽ ഖുർആൻ അതു വിശദീകരിക്കയാണ് ചെയ്തതു. അതിനെത്തുടർന്നു അക്കാര്യത്തിലുള്ള യാഥാർത്ഥ്യസ്ഥിതിയെ ഖുർആൻ, സ്ഥാപിത താല്പര്യങ്ങൾക്കു ബാധിക്കുവാൻ കഴിയാത്ത വിധത്തിൽ വ്യക്തമാക്കിയിരിക്കുന്നു; രേഖ 112ഉം കുറിപ്പുകളും നോക്കുക. ഇവിടെ രേഖ 113ൽ, അവരിൽ ഓരോ പക്ഷക്കാരും തങ്ങളുടെ എതിർപക്ഷത്തെക്കുറിച്ചു പ്രചരിപ്പിക്കുന്ന അഭിപ്രായത്തെ ഖുർആൻ രേഖപ്പെടുത്തുന്നു; ഇതിൽ ഓരോ പക്ഷക്കാരുടെയും ഉദ്ദേശം അവരവർക്കു വളരണമെന്നതല്ല; അവരവർക്കു മാത്രമേ വളർന്നുകൂടു എന്നുള്ളതാണ്. അതു എങ്ങിനെയായാലും, സത്യമാർഗ്ഗത്തിൽക്കൂടിയുള്ള ഗതി മാററിവെച്ചു നിലക്കു, അവർക്കു വളരണമെന്നു അവകാശപ്പെടുന്നതും അവർ മാത്രമേ വളർന്നുകൂടു എന്നു ആഗ്രഹിക്കുന്നതും രണ്ടും അനർത്ഥവും അടിസ്ഥാനമില്ലാത്തതുമായ സംഗതികളാണ്; എന്നാൽ ഇതിൽ ഏററവും ആശ്ചര്യകരമായിരിക്കുന്നതു, അനർത്ഥങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന അവർ എപ്പോഴും ദൈവദത്തമായ അടിസ്ഥാനസത്യങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥത്തെ പാരായണം ചെയ്യുന്നുവെന്നുള്ളതാണ്. സത്യമായിട്ടുള്ളതു വായിച്ചുകൊണ്ടിരിക്കവേ മിഥ്യയെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുക, തങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന വസ്തുതകൾ പ്രവൃത്തിയിലേക്ക് പകർത്താത്തതിനാലുണ്ടാകുന്ന വൈപരീത്യത്തെയാണ് ഖുർആൻ ഈ രേഖയിൽ വെളിപ്പെടുത്തുന്നതു. എന്നാൽ ഇങ്ങിനെയുള്ള വൈപരീത്യങ്ങൾ വെച്ചുപുലർത്തുന്ന ആദ്യത്തെ ആളുകളല്ല അവർ; അവരുടെ തരക്കാരിൽ അവരെപ്പോലെ പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർ വേറെയും ഉണ്ടു. ലഭ്യമാണെങ്കിലുംകൂടി ജ്ഞാനത്തെ കൈക്കൊള്ളുവാൻ താല്പര്യപ്പെടാത്ത ജനങ്ങളുടെ ചരിത്രങ്ങളിലേക്കു നോക്കുക. അതായതു, അജ്ഞാനികളായ ആ ജനങ്ങൾ പറഞ്ഞിട്ടുള്ളതുപോലെത്തന്നെയാണ് സ്ഥാപിതമതക്കാരായിത്തീർന്നിട്ടുള്ള യഹൂദരും ക്രൈസ്തവന്മാരും പറയുന്നതു. ഇവരുടെ പറച്ചിൽപോലെത്തന്നെയാണ് അവർ പറഞ്ഞിട്ടുള്ളതു; അവർ എല്ലാവരും അനുഭവത്തിൽ ഒരുപോലെയാണ് പറയുന്നതും പ്രവർത്തിക്കുന്നതും; എങ്കിലും ഇവർ വേദഗ്രന്ഥത്തെ വായിക്കുന്നുകൂടിയുണ്ടല്ലോ എന്നതു ചിന്തിക്കത്തക്കതാണ്. വേദഗ്രന്ഥത്തെ വായിക്കുന്നുവെന്നതുകൊണ്ടു മാത്രം മനുഷ്യൻ ജ്ഞാനശൂന്യതയെ വിട്ടുമാറിപ്പോകുന്നു എന്നു വരുന്നില്ല; അതാണ് മുകളിൽ വിശദീകരിക്കപ്പെട്ട വൈപരീ

114. ഇനിയും ആരാണു് കൂടുതൽ അക്രമകാരിയായിട്ടുള്ളതു?
യാതൊരുത്തനെക്കാൾ; അവൻ വിലക്കിയിരിക്കുന്നു,
അല്ലാഹുവിൻെറ പ്രണാമസ്ഥലങ്ങളെ;
അവൻെറ പേർ അവയിൽ പറയപ്പെടുന്നതിനെ
(അവൻ വിലക്കിയിരിക്കുന്നു)
അവയുടെ കെടുതിക്കായവൻ പ്രയത്നിക്കയുംചെയ്തു.
(അങ്ങിനെയുള്ള) അവരാണെങ്കിൽ;
അവക്കു അവയിൽ പ്രവേശിക്കാനായിട്ടില്ല,
ഭീതിപ്പെടുന്നവരായിട്ടല്ലാതെ;
അവർക്കുണ്ടു ഇഹത്തിൽ അവഹേളനമെന്നതു;
അവർക്കുണ്ടുതാനും പാരത്രികത്തിൽ
അതിഗംഭീരമായൊരു ശിക്ഷ. 143

١١٤- وَمَنْ اَظْلَمُ مِمَّنْ مَّنَعَ مَسٰجِدَ اللّٰهِ
اَنْ يُّذْكَرَ فِيْهَا اسْمُهٗ وَسَعٰى فِىْ خَرَابِهَا ؕ
اُولٰٓئِكَ مَا كَانَ لَهُمْ اَنْ يَّدْخُلُوْهَآ اِلَّا
خَآئِفِيْنَ ۬ ؕ
لَهُمْ فِى الدُّنْيَا خِزْىٌ وَّلَهُمْ فِى الْاٰخِرَةِ
عَذَابٌ عَظِيْمٌ ۝

ഗദ്യഭാഷ

114. അല്ലാഹുവിൻെറ പ്രണാമസ്ഥലങ്ങളെ, —അവയിൽ അവൻെറ നാമം സ്മരിക്കപ്പെടുന്നതിനെ—വിലങ്ങുകയും അവയുടെ കെടുതിക്കായി അദ്ധ്വാനിക്കയും ചെയ്തവനേക്കാൾ അക്രമകാരിയായിട്ടു ആരുതന്നെയുണ്ടു? അക്കൂട്ടരെ (സംബന്ധിച്ചേടത്തോളമാണെങ്കിൽ) അവക്കു അവയിൽ ഭയന്നുകൊണ്ടല്ലാതെ പ്രവേശിക്കാനായിട്ടില്ല; അവർക്കു ഇഹത്തിൽ അവഹേളനവും പാരത്രികത്തിൽ വളരെ ഗംഭീരമായൊരു ശിക്ഷയുമുണ്ടു്.

ത്യത്തിൻെറ സമാധാനമായി ഖുർആൻ സൂചിപ്പിക്കുന്നതു്. സത്യവേദത്തെ വായിക്കുക, ജ്ഞാനശൂന്യത വിട്ടുമാറാതിരിക്കുക, ഇതു നൈസർഗ്ഗികമായ മനുഷ്യപ്രകൃതിക്കു പരിചയമുള്ളൊരു കാര്യമല്ല; പതിവിൽ കവിഞ്ഞൊരു സംഗതിയാണതു്. സ്വാത്ഥലാഭങ്ങൾക്കു വേണ്ടി വഴിമാറിക്കഴിഞ്ഞാൽ പിന്നെ നൈസർഗ്ഗികമായ പ്രകൃതിഗുണങ്ങൾകൂടി മനുഷ്യനിൽനിന്നു വിട്ടുപോകുന്നുവെന്നു ഇതിനാൽ മനസ്സിലാക്കുവാൻ പ്രയാസമില്ല- അവരുടെ വാദങ്ങൾ അത്ഥശൂന്യങ്ങളാണെന്നതിൽ സംശയമില്ല.

എന്നാൽ അവരുടെ അന്യോന്യമുള്ള ആരോപണങ്ങളുടെ രീതി നോക്കിയാൽ അവർ അഭിപ്രായവ്യത്യാസത്താൽ മാത്രമാണു് അങ്ങിനെ അകന്നു നില്ക്കുന്നതെന്നു തോന്നിപ്പോകുന്നതാണു്; പക്ഷെ, അവരുടെ മദ്ധ്യത്തിലുള്ളതു സത്യവും അസത്യവും തമ്മിലുള്ള ഒരു ഏററമുട്ടലല്ല; ഏതാണു് സത്യമെന്നതു തിരിച്ചറിയാൻ സാധിക്കാത്തതുകൊണ്ടുള്ള ഒരു ആശയക്കുഴപ്പവും അല്ല അതു്. അങ്ങിനെയാണെങ്കിൽ അവരിൽ ഒരു കൂട്ടർ പറഞ്ഞതു ശരിയും മറുകക്ഷിക്കാർ പറഞ്ഞതു തെററും ആവണമല്ലോ ? അങ്ങിനെയുള്ള ഒരു അഭിപ്രായവ്യത്യാസമാണു് അതെങ്കിൽ ഖുർആൻ അതിനെ പ്രതിപാദനവിഷയമായി കൊണ്ടുവന്ന നിലക്കു് നിശ്ചയമായും അതിൻെറ സത്യാവസ്ഥ വെളിപ്പെടുത്തുമായിരുന്നു; അതു ഇവിടെ ഖുർആൻ ചെയ്തിട്ടില്ലെന്നതു വ്യക്തമാണു്. എങ്കിലും അവരിൽ ഓരോ കക്ഷിയുടെയും ഭാവത്തിൽ അവർ നിലകൊള്ളുന്നതു സത്യത്തിന്നു വേണ്ടിയാണെന്ന നിഗമനമാണുള്ളതു്. പരമാത്ഥത്തിൽ തങ്ങളുടെ സ്വന്തമായിട്ടുള്ള നിലനില്പിന്നുവേണ്ടിയാണു് അവർ ആരോപണങ്ങൾ അന്യോന്യമായി ചുമത്തുന്നതെന്നു അവക്കു തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടു്. അതിനാൽ അവരുടെ അന്യോന്യമുള്ള ഈ ആരോപണ കലഹത്തിൻെറ കാര്യത്തിൽ ഇനി അവസാന ദിവസത്തേതായ കർമ്മഫലത്തെ സംബന്ധിച്ച വിധി മാത്രമേ പ്രഖ്യാപിക്കേണ്ടതായിട്ടുള്ളൂ. മററു വിധത്തിലുള്ള വിധികൾ ആവശ്യമില്ലാത്ത വിധത്തിൽ അവരുടെ ആരോപണങ്ങൾ അത്രയും വ്യക്തമായും, അടിസ്ഥാനരഹിതവും അജ്ഞാനജന്യവുമാണു്. അങ്ങിനെ അവരെ സംബന്ധിച്ച അവസാന ദിവസത്തിൽ വിധിപറയുന്നതു അവർ സ്വാത്ഥലാഭങ്ങൾക്കുവേണ്ടി തീരെ അവഗണിച്ചിരിക്കുന്ന സാക്ഷാൽ സത്യമായ ദൈവമാണു്. ഈ രേഖയുടെ ആശയമൂല്യമിതാണു്.

143 പറച്ചിൽ, മനുഷ്യൻ നാവുകൊണ്ടു ചെയ്യുന്ന പ്രവൃത്തിയാണു്; ക്രൈസ്തവരും യഹൂദരും നാവുകൊണ്ടു നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ അവസാനത്തേതായ വിധി കല്പനയെസംബന്ധിച്ചാണു്, സാ

ക്ഷാൽ സത്യമായ ദൈവമാണ് അതു അന്ത്യദിവസത്തിൽ അപ്രതിരോദ്ധ്യമായ നിലയിൽ വെളിപ്പെടുത്തുവാനിരിക്കുന്നതെന്നു ഖുർആൻ, മുൻപു കഴിഞ്ഞ രേഖയിൽ വ്യക്തമാക്കിയതു്; രേഖ 114ൽ സത്യവിശ്വാസികളുടെ പ്രതിയോഗികൾ മററു പ്രകാരത്തിൽ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികളിൽ ചിലതിനെപ്പററി ഖുർആൻ പ്രതിപാദിക്കുന്നു. മനുഷ്യൻ സത്യത്തിന്നു വിരുദ്ധമായി ചെയ്യുന്ന പ്രവൃത്തികളെല്ലാംതന്നെ അക്രമങ്ങളാണ്. അക്രമങ്ങൾ ആരുതന്നെ ചെയ്താലും അവ അക്രമങ്ങൾ തന്നെയാണ്. എന്നാൽ അക്രമങ്ങൾക്കു ചില നിലവാരഭേദങ്ങൾ ഉണ്ടു്; അവയുടെ നിലവാരങ്ങൾക്കനുസരിച്ചു അവയുടെ ദൂരിതഫലങ്ങൾക്കു കാഠിന്യത്തിൽ കൂടുതൽ കുറവുകൾ അല്ലെങ്കിൽ ഏററക്കുറച്ചിലുകൾ ഉണ്ടാകാവുന്നതു്.

സത്യജീവിത മാർഗ്ഗത്തിൽ വിലങ്ങടിക്കുന്ന വ്യക്തികൾ സത്യവിശ്വാസികൾക്കെതിരിൽ ചെയ്തുകൂട്ടിക്കൊണ്ടിരുന്ന അക്രമങ്ങളുടെ കഠിനമായ ഗൗരവനിലയെസംബന്ധിച്ചാണ് ഖുർആൻ ഇവിടെ പ്രതിപാദിക്കുന്നതു്. എന്നാൽ അവർ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികളെയല്ല ഖുർആൻ പ്രതിപാദനവിഷയമായി എടുത്തുകാട്ടുന്നതു്. അവർ വിശ്വാസികളുടെ നേരെ ചെയ്തിട്ടുള്ള അക്രമപ്രവൃത്തികളാൽ അവരെ ചിത്രീകരിച്ചുകൊണ്ടു അങ്ങിനെയുള്ള ദുഷ്പ്രവൃത്തി ചെയ്തിട്ടുള്ളവരേക്കാൾ കൂടുതൽ അക്രമകാരികളായിട്ടു മററാരാണുള്ളതെന്ന പ്രശ്നത്തെ വായനക്കാരന്റെ ചിന്താവിഷയമായി കൊണ്ടുവരികയാണ് ഖുർആൻ ചെയ്യുന്നതു്; അവരേക്കാൾ അക്രമകാരികളായിട്ടു ആരുംതന്നെ ഉണ്ടാവുകയില്ല എന്ന അഭിപ്രായത്തിൽ അനുവാചകൻ സ്വന്തമായിത്തന്നെ ചെന്നെത്തുവാൻ പ്രയാസമുണ്ടായിരിക്കയില്ലെന്ന ആശയമാണ് ചോദ്യരൂപത്തിലുള്ള ഈ പ്രതിപാദനത്താൻ ഖുർആൻ സൂചിപ്പിക്കുന്നതു്.

ഇനി, എന്താണ് അവർ ചെയ്തിട്ടുള്ള അക്രമങ്ങൾ എന്നു പരിശോധിക്കുക:_ പ്രണമിക്കപ്പെടുവാൻ അർഹതയുള്ളവൻ സാക്ഷാൽ സത്യമായ ദൈവമല്ലാതെ മററാരുമില്ല എന്ന തത്വത്തെ മുൻനിറുത്തിക്കൊണ്ടാണു് മനുഷ്യൻ ദേവാലയങ്ങളെപ്പററി ചിന്തിക്കേണ്ടതു്. അതിൽനിന്നു, പ്രണാമസ്ഥലങ്ങൾ—പ്രാർത്ഥനാലയങ്ങൾ—ദൈവത്തിന്റേതാണെന്നു മനസ്സിലാക്കാവുന്നതാണ്. ദൈവഹിതത്തിന്നെതിരായി വ്യക്തികൾക്കു അല്ലെങ്കിൽ സംഘടനകൾക്കു അവിടെ യാതൊരു വിധമായ പ്രത്യേകാധികാരങ്ങളുമില്ല; അതായതു്, സാക്ഷാൽ സത്യമായ ദൈവത്തെ ആരാധിക്കുന്നതിന്നു മനുഷ്യരിൽ ഓരോരുത്തക്കും പൊതുവെയുള്ള അവകാശത്തിൽക്കവിഞ്ഞ അവിടങ്ങളിൽ ആക്കും ഒരു പ്രകാരത്തിലുള്ള അധികാരാവകാശങ്ങളുമില്ലാത്തതാണ്. അവിടത്തെ അവകാശബന്ധം എല്ലാവക്കും തുല്യനിലയിലുള്ളതാണ്; എന്നാൽ സത്യവിശ്വാസികളുടെ പ്രതിയോഗികൾ അങ്ങിനെയുള്ള ആരാധനസ്ഥലങ്ങളിലും കൂടി വിശ്വാസിക്കുള്ള ആത്മീയമായ അവകാശത്തെ, അതായതു അവക്കു അവിടെ പ്രവേശിച്ചു ദൈവനാമത്തെ പ്രകീർത്തിക്കുന്നതിന്നുള്ള സ്വാതന്ത്ര്യത്തെ, നിഷേധിക്കുകയാണ് ചെയ്തതു്; അവരോടു അവിടെ പ്രവേശിച്ചു സാക്ഷാൽ ദൈവത്തിന്നുള്ള സ്തോത്രങ്ങൾ ഉച്ചരിക്കരുതെന്നു അവർ നിരോധിച്ചു; വിശ്വാസികളായ ജനങ്ങളെയവർ വിലക്കി നിറുത്തിക്കളഞ്ഞു; കൂടാതെ വിശ്വാസികൾക്കു തുല്യതാല്പര്യമുള്ളതായ പ്രസ്തുത പ്രാർത്ഥനാലയങ്ങളെ തങ്ങളുടെ കഴിവുകൾക്കനുസരിച്ചു പരിപാലിക്കുന്നതിന്നും അതിനെ കേടുവരാതെ നിറുത്തിപ്പോരുന്നതിന്നുമുള്ള ലൗകികമായ അവകാശത്തെയുമവർ നിഷേധിച്ചു; ആ പ്രാർത്ഥനാലയങ്ങൾ അവരുടെ അധീനത്തിൽ ഒതുങ്ങിനില്ക്കുകയില്ലെന്നു കണ്ടപ്പോൾ അവർ പിന്നീടു അദ്ധ്വാനിച്ചതു അവ അനാഥമായി ജീർണ്ണിച്ചു മണ്ണടിഞ്ഞുപോകുവാനാണ്.

തങ്ങളെപ്പോലെത്തന്നെ തുല്യതാല്പര്യമുള്ള വ്യക്തികളുടെ താല്പര്യങ്ങളെ നിഷേധിക്കുക; തങ്ങൾക്കു പ്രത്യേകാവകാശമില്ലാത്ത കാര്യത്തിൽ പ്രത്യേകതയെ വെച്ചുപുലർത്തുക; തങ്ങളുടെ താല്പര്യത്തെ ശരിയായി വിനിയോഗിക്കാതിരിക്കുക; മററുള്ളവരെ, അവരുടെ താല്പര്യത്തെ ന്യായമായി ഉപയോഗിക്കുന്നതിൽ നിരോധിക്കുക; തങ്ങളുടെ കടമയെ നിറവേററാതിരിക്കുക; മററുള്ളവരുടെ കടമയെ അവർ നിറവേററുന്നതിൽ വിലങ്ങടിക്കുക; തങ്ങളുടെ കടമക്കു നേരെ വിപരീതമായി പ്രവൃത്തിക്കുവാൻ ശ്രമിക്കുക; സ്വാർത്ഥത്തിന്നുവേണ്ടി, തങ്ങൾക്കു പങ്കുള്ളതായ പൊതുസ്ഥാപനങ്ങളെ നാശത്തിലേക്കു തള്ളിവിടുക; അങ്ങിനെ സാക്ഷാൽ സത്യമായ ദൈവത്തിന്റെ പരമാധികാരത്തെ വിഗണിക്കുക; ഇത്രയും സംഗതികളാണ് സത്യവിരോധികളായ ജനങ്ങൾ ചെയ്തുകൂട്ടിയതായി ഖുർആൻ പ്രസ്താവിക്കുന്നതു്. തന്നോടും താനുൾക്കൊള്ളുന്ന ജനത്തോടും തങ്ങളുടെ ദൈവത്തോടു

മുള്ള വിരോധമാണ് ഇവയിൽ അടങ്ങിയിരിക്കുന്നത്. ഇത്രയും മനസ്സിലാക്കിയാൽ ഇതിലും അക്രമമായിട്ടു ഇതര ജനങ്ങളുടെ നേരേ ഒന്നു പ്രവർത്തിക്കുവാൻ ആർക്കും ഒന്നും ഉണ്ടാവുകയില്ലെന്നു വ്യക്തമാകുന്നതാണ്. ഉത്തരത്തിൽ ഒരിക്കലും തെററു പററാത്ത വിധത്തിലുള്ള ഒരു ചോദ്യരീതിയാണ് ഖുർആൻ അനുവാചകൻെറ ശ്രദ്ധയെ ലക്ഷ്യമാക്കിക്കൊണ്ടു, ഈ രേഖയിൽ കൊണ്ടുവന്നിരിക്കുന്നത്. ആരാണ് അങ്ങിനെ വേറെ ഉള്ളത് എന്ന ചോദ്യവാക്യത്തിലെ "മൻ=ആർ" എന്ന ശബ്ദത്തിന്നു ആരും ഇല്ല എന്ന അർത്ഥംകൂടിയുള്ളതായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. സാക്ഷാൽ സത്യമായ ദൈവത്തിൻേറതായ പ്രണാമസ്ഥലങ്ങളെ വിലക്കിയവർ എന്നതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നത്, അങ്ങിനെ ഒരവസരത്തിൽ ചില പ്രാർത്ഥനാലയങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതായ വ്യക്തികളെ സംബന്ധിച്ചാണെന്നതിൽ സംശയമില്ല. യഹൂദന്മാർ, ക്രൈസ്തവർ, ബഹുദൈവാരാധനക്കാർ ഇങ്ങിനെയുള്ള മൂന്നു വിഭാഗത്തിലുംനിന്നു അങ്ങിനെയുള്ള പ്രവൃത്തികൾ വിശ്വാസികളുടെ നേരെ ഉണ്ടായിട്ടുള്ളതായി ചരിത്രരേഖകൾ ഉണ്ട്. ഒരു പ്രത്യേക സംഭവപരമ്പരയെയാണ് ഈ രേഖ ചിത്രീകരിക്കുന്നതെങ്കിലും അങ്ങിനെയുള്ള പ്രവൃത്തികൾ ആരിൽനിന്നു വന്നാലും ഏതു കാലത്തും ഏതു പ്രാർത്ഥനാലയത്തിൽ വെച്ചായാലും അതികഠിനമായ അക്രമപ്രവൃത്തിയാണ് അതെന്ന പൊതുതത്വത്തെ ഈ രേഖ വെളിപ്പെടുത്തുന്നുണ്ട്. നിർബ്ബന്ധമായിട്ടുള്ള പ്രാർത്ഥനയാവട്ടെ നിർബ്ബന്ധമില്ലാത്തതാവട്ടെ, ദൈവികമായ പ്രാർത്ഥനാലയങ്ങളിൽ പ്രാർത്ഥിക്കുന്നവരെ വിലക്കുവാൻ മനുഷ്യന്നധികാരമില്ല; അതികഠിനമായ അക്രമമാണത്. പ്രാർത്ഥനാലയങ്ങളെ ജീർണ്ണിക്കുവാൻ സംഗതി വരുത്തുന്നതും മേല്പറഞ്ഞ പ്രകാരത്തിലുള്ള അക്രമമാണ്; അങ്ങിനെ ചെയ്യുന്നവർ അതിരററ അക്രമകാരികളാണ്; (ത്വബരി).

മക്കായിലെ കൂട്ടുദൈവാരാധകന്മാർ, മുസ്ലിംകളെ, പ്രാർത്ഥനാലയമായ കഅ്ബയിൽനിന്നു തുരത്തി വിലക്കിനിറുത്തുകയുണ്ടായിട്ടുണ്ടു. കഅ്ബ സാർവ്വലൗകികമായ ദൈവാരാധനക്ക്വേണ്ടി സ്ഥാപിക്കപ്പെട്ട വിശ്വമഹാദേവാലയമാണ്. ബഹുദൈവാരാധകന്മാർ തന്നെയും ദൈവത്തിൻെറ ഗൃഹമെന്നാണ് കഅ്ബയെ വിളിച്ചുവന്നിട്ടുള്ളത്. തങ്ങൾ പൂജിച്ചുകൊണ്ടിരുന്ന വിഗ്രഹങ്ങളെ വെടിഞ്ഞു യഥാർത്ഥ ദൈവത്തെ പ്രകീർത്തിക്കുവാൻ വന്ന സത്യവിശ്വാസികളെ തടയുന്നതിന്നു ബഹുദൈവാരാധനക്കാർക്ക് യാതൊരു അവകാശവുമില്ല. കഅ്ബയുടെ പവിത്രതയെത്തന്നെ മലിനപ്പെടുത്തുന്ന വിധത്തിലുള്ളതായിരുന്നു ബഹുദൈവക്കാരുടെ നടപടികൾ; ദൈവാരാധനക്കു വേണ്ടി സ്ഥാപിക്കപ്പെട്ട പ്രാർത്ഥനാലയങ്ങളിൽ ഖുർആൻ നിർദ്ദേശിക്കുന്ന, പൊതുവായ പ്രാർത്ഥനാസ്വാതന്ത്ര്യത്തെയാണ് നാമിവിടെ മനസ്സിലാക്കേണ്ടത്; ആരാധകന്മാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാവുന്നതാണ്; അതു വ്യക്തിപരമായോ കക്ഷിസംബന്ധമായോ ഉള്ളതാകാം; അതു രണ്ടുമല്ലാത്തതുമാകാം. എന്നാൽ അതുകൊണ്ടു ഒരു വ്യക്തിക്കോ ഒരു കക്ഷിക്കോ, മറെറാരു വ്യക്തിയേയോ കക്ഷിയേയോ പൊതുവായ ആരാധന സ്ഥലത്തുനിന്നു വിലക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാകുന്നില്ല. അതു ദുസ്വാതന്ത്ര്യമാണെന്നു അങ്ങിനെ ചെയ്യുന്നവർ അറിയേണ്ടതാണ്; അതിനെ ഖുർആൻ അങ്ങേഅററത്തെ അക്രമമായിട്ടാണ് എടുത്തുകാട്ടുന്നത്. ആരാധനസ്ഥലങ്ങളുടെ ആദ്ധ്യാത്മികപവിത്രതയെ അതിലംഘിക്കാതെയും ഇതര ആരാധകന്മാർക്കു അവരുടെ ആരാധനയിൽ അലട്ടുണ്ടാക്കാതെയും ആർക്കും ഏതു ആരാധനസ്ഥലത്തും ചെന്നു ദൈവാരാധന ചെയ്യുവാൻ അവകാശമുണ്ട്. എന്നാൽ, ആരാധനസ്ഥലങ്ങൾ പൊതുവെയുള്ള ദൈവാരാധനക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതാണെന്ന വസ്തുത ശരിയായി അറിഞ്ഞിരിക്കേണ്ടതാണ്. ദൈവത്തെയല്ലാതെ അവിടെവെച്ചു ആരാധിച്ചുകൂടാത്തതുമാണ്. "അല്ലാഹുവിൻേറതായ പ്രണാമസ്ഥലങ്ങൾ" എന്ന പ്രയോഗത്തിൽ ഈ സംഗതികൾ അടങ്ങിയിരിക്കുന്നു.

അക്രമത്തിൻെറ സ്വഭാവത്തേയും അതിനെസംബന്ധിച്ചുള്ള ഉൽബോധനത്തെയും വ്യക്തമാക്കിയതിനെത്തുടർന്നു, അങ്ങിനെയുള്ള അക്രമങ്ങൾക്കു ഉത്സാഹിക്കുന്നവരുടെ അവസാനത്തേതായ അനുഭവത്തെപ്പററി ഖുർആൻ വിശദീകരിക്കുന്നതു നോക്കുക. അക്രമകാരികൾ അവരുടെ തന്നെ സുരക്ഷിതാവസ്ഥക്കു അറുതി വരുത്തുകയാണ് അതുകൊണ്ടു ചെയ്യുന്നതു എന്നു ഖുർആൻ എടുത്തു പറയുന്നു. ഭയന്നുകൊണ്ടല്ലാതെ അവർക്കു തന്നെ അവിടെ പ്രവേശിക്കുവാൻ പാടില്ലാത്ത പരിതഃസ്ഥിതികളാണ് അവരുടെ പ്രവൃത്തികളുടെ ഫലമായി അവിടെ വന്നുകൂടുക. അവരുടെ അവകാശമായിത്തീർന്നിരിക്കുന്ന ശിക്ഷ പരലോകത്തിൽവെച്ചു മാത്രം അനുഭവപ്പെടുന്ന തരത്തിൽപ്പെട്ടതല്ല; ഇഹത്തിൽവെച്ചു തന്നെ അവർക്കു അതിൻെറ പ്രത്യാഘാതമായിട്ടുള്ള അവജ്ഞയും അവഹേളനവും അനുഭവിക്കേണ്ടി വരുന്നതാണ്. എന്നാൽ ഇഹത്തിൽവെച്ചു തന്നെ അതു കുറെ അനുഭവിക്കുന്നതുകൊണ്ടു പര

115. അല്ലാഹുവിൻേറതാണുതാനും,
ഉദയസ്ഥലവും അസ്തമനസ്ഥലവും;
അതിനാൽ നിങ്ങൾ എവിടെക്കു, തിരിയുന്നെങ്കിലും
അവിടെ അല്ലാഹുവിൻെറ ആഭിമുഖ്യമുണ്ടു;
അല്ലാഹു, നിശ്ചയമായിട്ടു,
വിശാലനാണ്; മഹാവിജ്ഞാനിയാണ്.[144]

١١٥- وَلِلّٰهِ الْمَشْرِقُ وَالْمَغْرِبُ ۚ
فَأَيْنَمَا تُوَلُّوا فَثَمَّ وَجْهُ اللّٰهِ ۚ
إِنَّ اللّٰهَ وَاسِعٌ عَلِيمٌ ۝

ഗദ്യഭാഷ

115. ഉദയസ്ഥലവും അസ്തമനസ്ഥലവും തന്നെ അല്ലാഹുവിൻെറതാണ്. അതിനാൽ നിങ്ങൾ എവിടേക്ക് തിരിയുന്നെങ്കിലും, അപ്പോൾ അവിടെ അല്ലാഹുവിൻെറ ആഭിമുഖ്യമുണ്ടു; അല്ലാഹു നിശ്ചയമായിട്ടു വിശാലനാണ്; വിജ്ഞാനശാലിയാണ്.

ത്തിൽ അവക്കു അനുഭവിക്കാനിരിക്കുന്ന ശിക്ഷ ചെറുതായിപ്പോവുകയില്ല; അതു അതിഗംഭീരമായിത്തന്നെയിരിക്കുന്നതാണ്. പ്രാൎത്ഥനാലയങ്ങളിൽ തടസ്ഥങ്ങൾ ചെയ്യുന്നവരുടെ വിധിയെ സംബന്ധിച്ച ഖുർആൻ മുൻകൂട്ടി പറഞ്ഞറിയിക്കയാണ് ഇവിടെ ചെയ്തിരിക്കുന്നതു്. ഈ മുന്നറിയിപ്പിൻെറ അനുഭവരൂപങ്ങളെ മനസ്സിലാക്കുവാൻ, ഇസ്ലാമിൻെറ പ്രതിയോഗികൾ നേരിടേണ്ടിവന്നിട്ടുള്ള വിധിവൈപരീത്യങ്ങളെപ്പററി ഗ്രഹിച്ചാൽ മതി. അവക്കു അക്കാൎയ്യത്തിൽ അത്ര അസന്നിഗ്ദ്ധങ്ങളായ അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളതു്. ഇസ്ലാമിനെ പൊളിച്ചുകളയുന്നതിന്നു അങ്ങേ അററത്തെ അദ്ധ്വാനം ചെയ്തിരുന്നവരായ മദീനയിലെ യഹൂദന്മാർ ഒന്നുകിൽ അവരുടെ അധികാരസ്ഥാനങ്ങളിൽനിന്നു വലിച്ചിഴക്കപ്പെടുകയോ അല്ലെങ്കിൽ അതിന്നെതിരായി അവർ തുടൎന്നുകൊണ്ടിരുന്ന അദ്ധ്വാനത്തിൽത്തന്നെ മണ്ണടിഞ്ഞുപോവുകയോ ചെയ്തിട്ടുണ്ടു്. അവരുടെ ആയുധങ്ങളായി പ്രവൎത്തിച്ചിരുന്ന ബഹുദൈവക്കാരും, അവർ ഒരിക്കൽ അലട്ടിക്കൊണ്ടിരുന്ന അതേ സത്യവിശ്വാസികളുടെ ദയാദാക്ഷിണ്യങ്ങൾക്കു വിഷയമായിത്തീരുകയുണ്ടായി. വിഗ്രഹങ്ങളെ വെടിഞ്ഞുകൊണ്ടു സാക്ഷാൽ സത്യമായ ദൈവത്തെ പ്രകീൎത്തിച്ചുവെന്നതിൽ കൂടുതലായി വിശ്വാസികളോടുള്ള വിരോധത്തിന്നു പ്രതിയോഗികൾക്കു് മററു കാരണങ്ങളൊന്നുമുണ്ടായിരുന്നില്ല. ആ കാരണത്തിന്നായിരുന്നു അവർ എതിൎത്തിരുന്നതു് എന്ന സംഗതി തന്നെ അവരുടെ പേരിലുള്ള അവജ്ഞക്കും അവഹേളനത്തിന്നും കാരണമായിത്തീരുകയും ചെയ്തു. ഈ രേഖയുടെ ആശയമൂല്യമിതാണ്.

144. സാക്ഷാൽ സത്യമായ ദൈവത്തിൻേറതായ പ്രാൎത്ഥനാലയങ്ങളെ ചിലർ മററു ചിലക്കു നിരോധിക്കുക എന്ന അക്രമപ്രവൃത്തിയെ സംബന്ധിച്ചാണ് രേഖ 114ൽ ഖുർആൻ പ്രതിപാദിച്ചതു്. അങ്ങിനെ ചെയ്യുന്നവക്കു ഇഹത്തിലും പരത്തിലുമായി അനുഭവപ്പെടുവാനിരിക്കുന്ന അനന്തരഫലങ്ങളെക്കുറിച്ചു ഖുർആൻ മുന്നറിവു കൊടുക്കുകയുമുണ്ടായി. എന്നാൽ രേഖ 115ൽ ദൈവനാമസ്തോത്രത്തിന്നെതിരായി ചെയ്യപ്പെടുന്ന നിരോധനങ്ങളുടെ അൎത്ഥമില്ലായ്മയെ ഖുർആൻ വ്യക്തമാക്കുന്നു; പ്രത്യേകമായൊരു സ്ഥലത്തു നിരോധിക്കപ്പെട്ടതുകൊണ്ടു ദൈവാരാധന ചെയ്യുവാൻ സാദ്ധ്യമല്ലാതെ വരുന്നുണ്ടോ? ദൈവാരാധനയെ വിലക്കിയതുകൊണ്ടു, വിലക്കപ്പെട്ട സ്ഥാനത്തിന്മേൽ ദൈവത്തിന്നുള്ള പരമാധികാരത്തിൽ മാററമുണ്ടാകുന്നുണ്ടോ? ദൈവദത്തമായിട്ടല്ലാതെ മനുഷ്യന്നു ഭൂമുഖത്തു് വല്ലതിന്നും അധികാരമുണ്ടോ? നിരോധിക്കപ്പെട്ട സ്ഥാനങ്ങളോടു നിരോധനത്തിന്നു പാത്രമായ വ്യക്തികളേക്കാൾ കൂടുതൽ, നിരോധനത്തെ നടപ്പിൽവരുത്തിയ വ്യക്തികൾക്കു് വല്ലതും അവകാശപ്പെടുവാനുണ്ടോ? സാക്ഷാൽ സത്യമായ ദൈവത്തിൻെറ ഹിതത്തിന്നെതിരായി പ്രവൎത്തിക്കുകയാണെങ്കിൽ പിന്നെ ദൈവദത്തങ്ങളായ സ്വാധീനാവകാശങ്ങളെ കൈവശം വെച്ചാൽ ശരിപ്പെടുമോ? ദൈവത്തിൻെറതായ ഭൂമണ്ഡലസമുച്ചയങ്ങളിൽ ക്രയവിക്രയാധികാരങ്ങൾ വെച്ചുപുലൎത്തുവാൻ കൂടുതൽ ന്യായാവകാശമുള്ളവർ ദൈവഹിതത്തെ മാനിക്കുന്നവരല്ലേ? ഇങ്ങിനെ നോക്കിയാൽ, ധിക്കാരികളാൽ തടയപ്പെട്ട ദൈവാരാധനയുടെ വിഘ്നപ്പെടുത്താനാവാത്ത സാദ്ധ്യത, വിശ്വാസികൾക്കുള്ളതായ പ്രാൎത്ഥനാമണ്ഡലത്തിൻെറ വിശാലത, ധിക്കാരികളുടെ പ്രവൃത്തികളിൽ കാണപ്പെടുന്ന കാൎയ്യവിചാരശൂന്യത, വിശാലമായ ലോകത്തിൽ വിശ്വാസികൾക്കുള്ള ന്യായാവകാശങ്ങൾ, സൎവ്വോപരി ലോകരക്ഷിതാവായ ദൈവത്തിൻെറ സാന്നിദ്ധ്യത്തിന്നുള്ള മഹാവ്യാ

പ്തി, ചരാചരങ്ങളായ വിശ്വസമുച്ചയത്തെക്കുറിച്ചു ദൈവത്തിന്നുള്ള ജ്ഞാനത്തിന്റെ പരിധിയില്ലാത്ത വിസ്താരശക്തി എന്നിവയെ രേഖ 115ൽ ഖുർആൻ വെളിപ്പെടുത്തുന്നു.

പ്രത്യേകമായൊരു പ്രാർത്ഥനാലയത്തിൽ പ്രവേശിച്ചു ദൈവസ്തോത്രങ്ങൾ ചെയ്യുന്നതിൽ തടസ്ഥപ്പെട്ടു നിരാശനായി തിരിഞ്ഞുനില്ക്കുന്ന മനുഷ്യനെ, തന്റെ പരമായ താല്പര്യത്തെ,—ദൈവാരാധനയെ—നിരോധിക്കുവാൻ തന്റെ പ്രതിയോഗികൾക്കു സാദ്ധ്യമല്ലെന്നു, തട്ടിയുണർത്തുകയാണു് ഖുർആൻ ചെയ്യുന്നതു്. ഭൗതികങ്ങളായ സ്ഥലകാലപരിധികൾക്കു വിധേയനല്ലാത്ത വിശ്വകർത്താവിനെയാണു് താൻ സേവ ചെയ്യുന്നതെന്നു സത്യവിശ്വാസി ധരിക്കേണ്ടതാണു്; മേല്പറഞ്ഞ സംഗതി ധരിച്ചുകഴിഞ്ഞാൽ പിന്നെ തന്റെ പ്രാർത്ഥനയെ തടയുക മനുഷ്യരാശിയാൽ സാദ്ധ്യമല്ലെന്നു പ്രാർത്ഥിക്കുന്നവന്നു ബോദ്ധ്യമാകുന്നതാണു്. ജീവിതത്തിന്റെ ഭൗതിക വശങ്ങളിൽ കാണപ്പെടുന്ന കൂടുതൽ കുറച്ചിലുകൾ വിശ്വാസിക്കു തന്റെ രക്ഷിതാവുമായുള്ള ബന്ധത്തെ ബാധിക്കുന്നവയല്ല; മനുഷ്യൻ സ്ഥലകാലങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടാണു് ജീവിക്കുന്നതെങ്കിൽകൂടി തന്റെ പ്രാർത്ഥനക്കു പാത്രമായിരിക്കുന്ന രക്ഷിതാവിന്നു മേല്പറഞ്ഞ വിധത്തിലുള്ള പരിധികളില്ലെന്നു മനുഷ്യൻ മനസ്സിലാക്കേണ്ടതുണ്ടു്. സർവ്വലോകവ്യാപിയായ, സർവ്വത്ര സാന്നിദ്ധ്യമുള്ളവനായ ദൈവത്തിന്റെ നിലയെ മാത്രമായി പരിഗണിക്കുകയാണെങ്കിൽ, പ്രാർത്ഥനക്കു പ്രത്യേകമായ സ്ഥലകാലനിർണ്ണയങ്ങൾ പ്രശ്നമായി വരുന്നില്ല; അതിനാൽ സ്ഥലകാലങ്ങളെപ്പററി ചെയ്യപ്പെട്ടിട്ടുള്ള ശാസനകൾ സ്ഥലകാലങ്ങളുടെ പരിധിയിൽ വർത്തിക്കുന്നവനായ മനുഷ്യന്റെ സ്ഥിതിയെ മുൻനിറുത്തിക്കൊണ്ടു ചെയ്യപ്പെട്ടതാണെന്നു ഗ്രഹിക്കുവാൻ പ്രയാസമില്ല.

ഭൂമിയുടെ ഉദയഭാഗത്തോടും അസ്തമന ഭാഗത്തോടും ദൈവത്തിന്നുള്ള ബന്ധത്തിൽ വ്യത്യാസമില്ല; അവ രണ്ടുംതന്നെ അവന്റെ ഉടമയിൽ ഉള്ളതാണെന്ന വസ്തുതയാണു് ആ ബന്ധത്തിന്റെ ആകെത്തുക; എന്നാൽ മനുഷ്യനെ വെച്ചുനോക്കുമ്പോൾ, മേൽപറയപ്പെട്ട രണ്ടു സ്ഥാനങ്ങൾ തമ്മിൽ അതിവിപുലമായ അന്തരമുള്ളതായി കാണപ്പെടുന്നു; അതിൽത്തന്നെ, ഭൂമിയുടെ ഗതിവിഗതികളെക്കുറിച്ചു കൂടുതൽ ഗ്രഹിക്കുമ്പോൾ ഒരാൾ അസ്തമനസ്ഥലമെന്നു വിചാരിക്കുന്ന അതേ ഭൂവിഭാഗത്തെ മറെറാരു വ്യക്തി ഉദയസ്ഥാനമായി കണക്കാക്കുന്നുവെന്നു നമുക്കു മനസ്സിലാകുന്നു. അങ്ങിനെയുള്ള വ്യത്യാസങ്ങളെല്ലാം സൃഷ്ടികളുടെ മദ്ധ്യത്തിലുള്ള താരതമ്യബന്ധത്തിൽനിന്നും മുഴച്ചുകാണുന്നവയാണു്. താനും താനുൾക്കൊള്ളുന്ന ചരാചരലോകവും ദൈവത്തിന്റെ പരമമായ ഉടമസ്ഥതയിലുള്ളതാണെന്നു അറിഞ്ഞു അടിയുറച്ചു വിശ്വസിക്കുകയും ജീവിതത്തെ ആകമാനം ആരാധനയായി അംഗീകരിക്കയും ചെയ്യുന്ന മനുഷ്യന്നു എവിടെയും ഏതു സമയത്തും ആരാധന തന്നെയാണുള്ളതു്. അവൻ എവിടെയായാലും അവിടെ അല്ലാഹുവിന്റെ ആഭിമുഖ്യവും സാന്നിദ്ധ്യവുമുണ്ടു്. ദൈവഹിതത്തെ പ്രത്യാശിച്ചുകൊണ്ടു മനുഷ്യൻ ചെയ്യുന്ന നിർദ്ദോഷമായ പ്രവൃത്തികളെല്ലാം തന്നെ ദൈവാരാധനയാണു് എന്ന തത്വത്തിന്റെ വെളിച്ചത്തിലാണു് ഈ വാക്യാംശത്തെ മനസ്സിലാക്കേണ്ടതു്. അപ്പോൾ വിപുലമായ അർത്ഥത്തിലുള്ള ദൈവാരാധനക്കു് സ്ഥലകാലവ്യത്യാസങ്ങൾ പ്രതിബന്ധമല്ലെന്നു വ്യക്തമാകുന്നതാണു്. എന്നാൽ, ഒരു പ്രത്യേകതരമായ പ്രാർത്ഥനക്കു് സ്ഥലകാലങ്ങൾ നിർണ്ണയിക്കപ്പെടുന്നു എന്നതു, ഈ രേഖയുടെ ആശയത്തിന്നു എതിരല്ലെന്ന സംഗതികൂടി ഇവിടെ ചിന്തിക്കത്തക്കതാണു്; മനുഷ്യന്റെ വ്യക്തിഗതവും സാമൂഹ്യവുമായ ഉന്നമനങ്ങളെ ഉദ്ദേശിച്ചുകൊണ്ടു, ചില പ്രത്യേകതരത്തിലുള്ള ആരാധനകൾക്കു്, പ്രാർത്ഥനകൾക്കു് ചില ആഭിമുഖ്യസ്ഥാനവും കാലനിർണ്ണയവും ചെയ്തിട്ടുണ്ടെന്നുള്ളതു, ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ, വിപുലമായ അർത്ഥത്തിൽ ആരാധന ചെയ്യുവാൻ പാടില്ലാത്ത സ്ഥലകാലങ്ങളില്ലെന്ന തത്വത്തിന്നു വിപരീതമല്ല; പരിധികളിൽ ഒതുങ്ങിനില്ക്കാത്ത വിധത്തിൽ ദൈവസാന്നിദ്ധ്യത്തിന്നുള്ള വിശാലതയും, എവിടെ എന്തുനടന്നാലും അറിയുവാൻ കഴിവുള്ള അതിവിപുലമായ ജ്ഞാനശക്തിയും അവന്നുണ്ടു് എന്ന വസ്തുതയാണു് ഈ ആശയത്തിന്നുള്ള തെളിവു്. പ്രാർത്ഥിക്കുമ്പോൾ ഏതെങ്കിലും ഒരു വശത്തേക്കു തിരിയാതെ മനുഷ്യന്നു നിവൃത്തിയില്ല; എന്നാൽ ഒരു വശത്തേക്കു് തിരിഞ്ഞതുകൊണ്ടു മററുള്ള വശങ്ങളിൽ ദൈവസാന്നിദ്ധ്യമില്ലെന്നു വരുന്നില്ല. ഒരുപ്രത്യേകസ്ഥാനത്തേക്കുള്ള പ്രവേശനം നിഷേധിക്കപ്പെട്ടതുകൊണ്ടു ദൈവസാന്നിദ്ധ്യവും ദൈവാരാധനക്കുള്ള സാദ്ധ്യതയും മനുഷ്യന്നു നിഷേധിക്കപ്പെടുന്നുമില്ല; രേഖ 114ലെ തടസ്ഥവർത്തമാനത്തെ തുടർന്നുകൊണ്ടു വന്നിരിക്കുന്ന ഈ സ്ഥാന

116. അവർ പറകയും ചെയ്തു:–
അല്ലാഹു കൈക്കൊണ്ടിരിക്കുന്നു; ഒരു സന്താനത്തെ.
അവന്റെ വിശുദ്ധത വാഴ്ത്തപ്പെട്ടതു !
അല്ല! അവന്റേതാകുന്നു
വാനങ്ങളിലും ഭൂമിയിലുമുള്ളതു (സർവ്വത്ര).
എല്ലാം അവന്നു പരമവിധേയങ്ങളാണ്.145

١١٦- وَقَالُوا اتَّخَذَ اللّٰهُ وَلَدًا
سُبْحٰنَهٗ بَلْ لَّهٗ مَا فِي السَّمٰوٰتِ وَالْاَرْضِ
كُلٌّ لَّهٗ قٰنِتُوْنَ ○

ഗദ്യഭാഷ

116. അല്ലാഹു സന്താനത്തെ കൈക്കൊണ്ടിരിക്കുന്നുവെന്നു അവർ പറയുകയും ചെയ്തു. അവന്റെ വിശുദ്ധത (എത്ര) വാഴ്ത്തപ്പെട്ടതു ! അതു മാത്രമല്ല; വാനങ്ങളിലും ഭൂമിയിലുമുള്ളതു സർവ്വത്ര അവന്റേതാകുന്നു; എല്ലാം അവന്നു (വിധേയമായി) വഴങ്ങി നില്ക്കുന്നവയാണ്.

ത്തു് പ്രത്യേകമായി ഗ്രഹിക്കേണ്ട വസ്തുതയാണിതു്. ദൈവത്തിന്റെ സ്വന്തമായ ഭൂമണ്ഡലങ്ങൾ, താല്ക്കാലികങ്ങളായ കായബലങ്ങൾകൊണ്ടു വിശ്വാസികൾക്ക നിരോധിക്കപ്പെട്ടുകിടക്കുന്നുവെങ്കിൽകൂടി, തങ്ങളെ തടഞ്ഞുവെച്ചിരിക്കുന്ന ധിക്കാരികളുടേതല്ല മേല്പറഞ്ഞ ഭൂമണ്ഡലങ്ങളെന്നു വിശ്വാസികൾ ധരിച്ചിരിക്കേണ്ടതാണ്. കാലാന്തരത്തിൽ, ദൈവഹിതത്തെ മാനിച്ചു ജീവിക്കുന്നവരുടെ സ്വാധീനത്തിലേക്ക് വന്നുവീഴുന്ന വസ്തുക്കളാണവ; പ്രാർത്ഥനസ്ഥലങ്ങൾ ന്യായമായി വിനിയോഗിക്കുന്നതിനുകൂടി സ്വാതന്ത്ര്യമില്ലാത്ത വിശ്വാസികൾക്ക് ഭാവിയെക്കുറിച്ചുള്ളപ്രത്യാശാജനകമായൊരു മുന്നറിയിപ്പുകൂടി രേഖ 115ൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

ഇവിടെ ഈ രേഖയിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന "വജ്ഹുൻ" എന്ന ശബ്ദത്തിന്നു, മുഖം, ആഭിമുഖ്യം, സാന്നിദ്ധ്യം, ആഭിമുഖ്യത്തിന്നു അനുകൂലമായ അവസ്ഥ എന്നെല്ലാം വ്യാഖ്യാനഭേദങ്ങൾ ഉണ്ടു്; (തബരി). ശ്രദ്ധാമൂലമായ ജാഗരൂകതയെന്നും സാന്നിദ്ധ്യത്തിന്നുള്ള മാർഗ്ഗമെന്നും ഉള്ള അർത്ഥത്തെയാണ് ഈ വാക്ക് പ്രധാനമായി കുറിക്കുന്നതെന്നു ബലമായൊരു വാദഗതിയുണ്ടു്; (റാഗിബ്).

ദേവാലയങ്ങളിൽ മാത്രം ദൈവസാന്നിദ്ധ്യത്തെ ദർശിക്കുവാൻ സാധിച്ചിരുന്ന മാനസികമായ പ്രായത്തിൽ നിന്നു, ലോകത്തിൽ സർവ്വത്ര ലോകരക്ഷിതാവായ ദൈവത്തിന്റെ സാന്നിദ്ധ്യമുള്ളതായി മനസ്സിലാക്കുവാൻ മനുഷ്യൻ പ്രാപ്തിനേടിയ കാലഘട്ടത്തെയാണ് രേഖ 115ന്റെ വെളിപാടു കുറിക്കുന്നതു്. പ്രാർത്ഥനക്ക് പ്രത്യേകമായി പണിതുണ്ടാക്കപ്പെട്ട കെട്ടിടങ്ങളുടെ പ്രത്യേകതകളെക്കാൾ ദൈവഹിതത്തിന്നു വില കല്പിക്കുകയും ദൈവസാന്നിദ്ധ്യത്തിന്റെ മഹാ വിശാലതയെ ഗ്രഹിച്ചു പ്രവർത്തിക്കുകയും ചെയ്യുവാനുള്ള ജ്ഞാനശേഷി മനുഷ്യന്നു കൈവന്നിരിക്കുന്നതായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. ഭൂമിയാകെ എനിക്ക് പ്രാർത്ഥനസ്ഥലമായി ചമയ്ക്കപ്പെട്ടിരിക്കുന്നു എന്നു ഖുർആനിന്റെ പ്രവാചകൻ പ്രഖ്യാപിച്ചിട്ടുണ്ടു്; (ബുഖാരി & മുസ്ലിം). ഈ പ്രവചനത്തിന്റെ ഉള്ളടക്കം രേഖ 115ൽ പ്രതിപാദിക്കപ്പെട്ട ദൈവസാന്നിദ്ധ്യത്തിന്റെ മഹാ വ്യാപ്തിയെക്കുറിച്ചു വിശദീകരിക്കുന്നു എന്നു കാണാവുന്നതാണ്. അന്ത്യപ്രവാചകനും അവിടുത്തെ അനുയായികൾക്കുമുള്ള പ്രത്യേകതകളിൽ ഒന്നാണിതെന്നു കൂടിയൊരു സിദ്ധാന്തമുണ്ടു്; (റൂഹുൽ മആനി). ഈ രേഖയുടെ അവതരണത്തിന്നു ഒരു സംഗതികൂടി ഉണ്ടായതായി ഇമാം മുജാഹിദ് (റ:) വെളിപ്പെടുത്തിയിരിക്കുന്നു:–

"നിങ്ങൾ എന്നെ വിളിക്കുവിൻ; ഞാൻ നിങ്ങൾക്ക ഉത്തരമേകുന്നതാണ്'' എന്ന രേഖ അവതരിപ്പിക്കപ്പെട്ടപ്പോൾ ജനങ്ങൾ ചോദിച്ചു "ഇലാ ഐന?''=ഏതു വശത്തേക്ക് നേരിട്ടുകൊണ്ടാണ് ഞങ്ങൾ വിളിക്കേണ്ടതു് എന്നു്. അപ്പോഴാണ് "നിങ്ങൾ എവിടേക്കു തിരിയുന്നുവോ അവിടെ അല്ലാഹുവിന്റെ ആഭിമുഖ്യമുണ്ടു്'' എന്ന രേഖ അവതരിപ്പിക്കപ്പെട്ടതു്. (തബരി).

145. ദൈവാരാധന ചെയ്യുന്ന വിഷയത്തിൽ, ഭൂമിയുടെ ചില ഭാഗത്തിന്നു മററ ഭാഗങ്ങൾക്കുള്ളതിനേക്കാൾ പ്രത്യേകതയൊന്നുമില്ലെന്നു വ്യക്തമാക്കുന്ന കൂട്ടത്തിൽ, ദൈവത്തോടു പ്രാർത്ഥിക്കുന്ന വിഷയത്തിൽ സ്ഥലവ്യത്യാസങ്ങൾ പ്രതിബന്ധമായിത്തീരുന്നില്ലെന്ന സംഗതി പ്രഖ്യാപിക്കപ്പെടുകയുണ്ടായി. സ്ഥാപിത മതക്കാരുടെ സ്വാധീനത്തിൽ നിന്നിരുന്ന ചില പുണ്യസ്ഥലങ്ങളിൽവെച്ചു ചെയ്യപ്പെടുന്ന പ്രാർത്ഥനയല്ലാതെ ഫലപ്രദമാവുകയില്ലെന്നു പുരോഹിത വർഗ്ഗങ്ങൾ സത്യവിശ്വാസികളെ നിരുത്സാഹപ്പെടുത്തുന്നതിന്നായി പറഞ്ഞ

പരത്തിയിരുന്ന വാദങ്ങളെ ഖണ്ഡിക്കയാണ് ഖുർആൻ അതുകൊണ്ടു ചെയ്തതു്. കാര്യത്തിന്റെ യാഥാർത്ഥ്യത്തെ അതുവഴി വ്യക്തമാക്കുകയും ചെയ്തു. അങ്ങിനെ സ്ഥലങ്ങളുടെ കാര്യത്തിൽ സ്ഥാപിത മതക്കാർ നടത്തിയിരുന്ന പ്രചരണത്തെക്കുറിച്ചു പ്രതിപാദിച്ചതിനെത്തുടൎന്നു ചില വ്യക്തികളുടെ കാര്യത്തിലും മേൽപറഞ്ഞ കൂട്ടർ പ്രചരിപ്പിച്ചുകൊണ്ടിരുന്ന പ്രത്യേകതകളെപ്പററി രേഖ 116ൽ ഖുർആൻ പരാമർശിക്കുന്നു.

തന്റെ സൃഷ്ടികളിൽ ചിലതിനെ, സാക്ഷാൽ സത്യമായ വിശ്വകർത്താവു സന്താനമായി കൈക്കൊണ്ടിരിക്കുന്നുവെന്നാണ് മേല്പടിയാന്മാർ വാദിക്കുന്നതു്; ക്രിസ്തു ദൈവപുത്രനാണെന്നു ക്രിസ്ത്യാനികളും, "ഉസയ്റ"—യസ്രാ—ദൈവപുത്രനാണെന്നു യഹൂദരും, മാലാഖകൾ ദൈവത്തിന്റെ പുത്രിമാരാണെന്നു കൂട്ടുദൈവാരാധനക്കാരിൽ പെട്ട ജനങ്ങളും പറഞ്ഞുവരുന്നുണ്ടല്ലോ? ദൈവസന്താന വാദത്തിന്റെ ഭിന്നവകുപ്പുകൾക്കുള്ള പട്ടികയെ ഖുർആൻ ഇവിടെ കൊടുക്കുന്നില്ല; അങ്ങിനെയുള്ള വാദങ്ങൾ ഉന്നയിക്കുന്നവരുടെ അന്ധവിശ്വാസത്തിന്റെയും അജ്ഞാനതാല്പര്യത്തിന്റെയും അളവനുസരിച്ചു ആ വക വാദങ്ങളുടെ സംഖ്യയും സ്വഭാവവും ബഹുവിധമായിരിക്കും. എന്നാൽ അവയിൽ എല്ലാററിലും ആസകലമായി ഉൾക്കൊണ്ടു കിടക്കുന്ന അർത്ഥശൂന്യതയെയും അന്ധതയെയും ഖുർആൻ വെളിപ്പെടുത്തുന്നുണ്ടു്; സാക്ഷാൽ സ്രഷ്ടാവായ ദൈവത്തിന്റെ മഹിമക്കു പററാത്ത സംഗതികളുമായി സാക്ഷാൽ സത്യമായ സ്രഷ്ടാവിന്നു യാതൊരു വിധമായ ബാധ്യയുമില്ലെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നതു്; സ്ഥാപിത മതക്കാർ തങ്ങൾക്കു പ്രിയപ്പെട്ട വസ്തുക്കളുടെ പ്രത്യേകതയെ സ്ഥാപിക്കുന്നതിന്നായി കൊണ്ടുവന്നിരിക്കുന്ന ദൈവപുത്രസിദ്ധാന്തങ്ങൾ മുതലായതു ദൈവത്തിന്റെ സർവ്വസ്വതന്ത്രമായ മഹിമക്കു യോജിക്കാത്തതാണെന്ന വസ്തുതയാണ്, "അവന്റെ വിശുദ്ധത വാഴ്ത്തപ്പെട്ടതു" എന്ന വാക്യാംശത്തിൽ അടങ്ങിയിരിക്കുന്നതു്. ദൈവസൃഷ്ടികളായ രണ്ടു വ്യക്തികളുടെ മദ്ധ്യത്തിൽ പല വിധത്തിലുള്ള ബന്ധങ്ങൾ കാണപ്പെടാവുന്നതാണ്; പക്ഷെ സൃഷ്ടിയും തന്റെ സ്രഷ്ടാവും തമ്മിലുള്ള യാതൊരുവിധ ബന്ധവും മേല്പറഞ്ഞ സൃഷ്ടികളുടെ മദ്ധ്യത്തിൽ കാണപ്പെടുകയില്ല; അതുപോലെത്തന്നെ രണ്ടു സൃഷ്ടികൾക്കിടയിൽ കാണപ്പെടുന്ന വിഭിന്നങ്ങളായ ബന്ധങ്ങളിൽനിന്നു യാതൊന്നും തന്നെ, സൃഷ്ടിയുടെയും സ്രഷ്ടാവിന്റെയും മദ്ധ്യത്തിലും കാണപ്പെടുകയില്ല; അങ്ങിനെ ഉണ്ടാവുക സാദ്ധ്യവുമല്ല. മകൻ, മകൾ, ഭാര്യ, ഭർത്താവു, സഹോദരൻ, സഹോദരി, മാതാവു്, പിതാവു് തുടങ്ങിയ സാമൂഹ്യബന്ധങ്ങൾ സൃഷ്ടികൾക്കിടയിൽ സുലഭമാണ്; മകൻ, ഉണ്ടാകുന്നതുകൊണ്ടാണ് ഒരാൾ അച്ഛനോ അമ്മയോ ആയിത്തീരുന്നതു്; അച്ഛനും അമ്മയും ഉണ്ടായതുകൊണ്ടാണ് ഒരാൾ മകനോ മകളോ ആകുന്നതു; അതുപോലെത്തന്നെ ഭാര്യയുണ്ടാകാതെ ഭർത്താവാകുവാൻ ഒരാൾക്കു് സാദ്ധ്യമല്ല; ഭാര്യയുടെ കഥയും അതു തന്നെ; സാഹോദര്യബന്ധങ്ങളും വിഭിന്നങ്ങളായ മററു താരതമ്യബന്ധങ്ങളും ഇതുപോലെ ഒന്നു മറെറാന്നിനെ അന്യോന്യം ആശ്രയിച്ചുനില്ക്കുന്നവയാണ്. എന്നാൽ അവരിൽ ആരും ആരുടെയും സ്രഷ്ടാക്കളല്ല; അതിനാൽ അവരുടെ മദ്ധ്യത്തിൽ സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധങ്ങൾ സാദ്ധ്യമല്ല. ഇങ്ങിനെ നോക്കുമ്പോൾ, ദൈവത്തിന്നു പുത്രനുണ്ടെന്നു വെക്കുകയും അങ്ങിനെ ദൈവത്തെ പിതാവായി സങ്കല്പിക്കയുമാണെങ്കിൽ പിതാവിന്റെയും പുത്രന്റെയും മദ്ധ്യത്തിലുള്ള ബന്ധത്തിന്റെ കൂടെ സൃഷ്ടിയുടെയും സ്രഷ്ടാവിന്റെയും നിലക്കുള്ള ബന്ധമുണ്ടാവുക സാദ്ധ്യമല്ലല്ലോ? എന്തുകൊണ്ടെന്നാൽ, പിതൃപുത്രബന്ധങ്ങൾ അന്യോന്യം ആശ്രയിച്ചുനില്ക്കുന്നവയാണ്. ഒന്നിനെ പിതൃബന്ധമെന്നും മറേറതിനെ പുത്രബന്ധമെന്നും നാം വിളിക്കുന്നുവെങ്കിൽകൂടി, അവ രണ്ടും തുല്യഭാവത്തിലാണ് പരസ്പരം ആശ്രയിച്ചു നില്ക്കുന്നതു്. സ്രഷ്ടാവു് സർവ്വശക്തനാണെന്നുള്ള യാഥാർത്ഥ്യത്തിന്നു യോജിക്കാത്ത സംഗതികൂടിയാണിതു്. പിതാവും പുത്രനുമായിട്ടുള്ള ബന്ധം ആപേക്ഷികമാണെന്നതു വാദമററ വിഷയമാണ്; ദൈവത്തിന്നു പുത്രനുണ്ടെന്നു വാദിക്കുന്നതു, സ്രഷ്ടാവു് ദൈവമല്ലെന്നു പറയുന്നതിന്നു തുല്യമാണ്. ദൈവത്തിന്റെ പേരിൽ വെച്ചുകെട്ടപ്പെടുന്ന തീരെ മലിനങ്ങളായ ദോഷാരോപണങ്ങളാണ് ദൈവത്തെസംബന്ധിച്ചു പ്രചരിപ്പിക്കപ്പെട്ടുവരുന്ന പിതൃപുത്രവാദങ്ങൾ.

മേല്പറഞ്ഞ ദോഷാരോപണങ്ങൾ സാക്ഷാൽ സത്യമായ ദൈവത്തിന്നു ബാധകമല്ലെന്നു പ്രഖ്യാപിച്ചതിൽ പിന്നെ, യഥാർത്ഥത്തിൽ ദൈവത്തിന്നു ലോകത്തോടു പൊതുവെയുള്ള സർവ്വസ്വതന്ത്രമായ ബന്ധത്തെ ഖുർആൻ വെളിപ്പെടുത്തുന്നു. നോക്കുക; പിതാവു് പുത്രൻ എന്നിങ്ങിനെയുള്ള പദങ്ങളെ സാക്ഷാൽ സ്രഷ്ടാവായ ദൈവത്തെയുദ്ദേശിച്ചു പ്രയോഗിക്കുകയും, എന്നാൽ അവക്കു യഥാർത്ഥമായിട്ടുള്ളൊരു വിശദീകരണം കൊടുക്കുവാ

117. വാനങ്ങളുടെയും ഭൂമിയുടെയും മൂലകർത്താവു;
(അതു മാത്രമല്ല) അവനൊരു കാര്യത്തെ വിധിച്ചാൽ
അപ്പോൾ അതിനോടവൻ പറയുന്നേയുള്ളു,
ആവുക എന്നു; ഉടനെ അതു ആയിത്തീരുന്നു.[146]

١١٧- بَدِيْعُ السَّمٰوٰتِ وَالْاَرْضِ ۗ
وَاِذَا قَضٰٓى اَمْرًا فَاِنَّمَا يَقُوْلُ لَهٗ كُنْ
فَيَكُوْنُ ○

ഗദ്യഭാഷ

117. വാനങ്ങളുടെയും ഭൂമിയുടെയും മൂലകർത്താവു് (കൂടിയാണവൻ)! അതുമല്ല അവനൊരു കാര്യത്തെ വിധിച്ചാൽ, അപ്പോൾ അതിനോടു, നീ ആവുക എന്നു, അവൻ പറയുന്നേയുള്ളൂ; ഉടനെ അതു ആയിത്തീരുന്നു.

നോ യഥാർത്ഥമായി മനസ്സിലാക്കുവാനോ സാദ്ധ്യമല്ലെന്നു വരികയും ചെയ്യുമ്പോൾ ചിലർ ആലങ്കാരികഭാഷയിൽ അവയെ വ്യാഖ്യാനിക്കാറുണ്ടു്; മിക്കവാറും യാഥാർത്ഥ്യങ്ങളെ വളച്ചുകെട്ടുവാനുള്ള പരിശ്രമത്തിൻെറ പ്രകടനങ്ങളാണവയെന്നതിൽ സംശയമില്ല. ദൈവത്തിൻെറ പുത്രൻ എന്നു പറയുന്നതിന്നു, ദൈവത്തിൻെറ സ്വന്തം ആൾ എന്ന അർത്ഥമാണുള്ളതെന്നു അവർ ചില വിശദീകരണങ്ങൾ കൊടുക്കാറുണ്ടു്; ഖുർആൻ ആ വിശദീകരണത്തെ അങ്ങിനെത്തന്നെ നിഷേധിക്കുന്നില്ല; പക്ഷെ, ഒന്നോ രണ്ടോ ആളുകളെ മാത്രം ദൈവത്തിൻേറതായി മാററിനിറുത്തുന്നതിനെ ഖുർആൻ നിഷേധിക്കുന്നു. അവർ എടുത്തുപറയുന്നേതും, അവക്കു താല്പര്യമുള്ളതുമായ ആളുകൾ മാത്രമല്ല, ലോകത്തിലുള്ള സർവ്വ ചരാചരവസ്തുക്കളും തന്നെ ദൈവത്തിൻെറ സ്വന്തമാണു്; എല്ലാററിൻേറയും ആകെപ്പാടെയുള്ള ഉടമ അവനാണു്; എല്ലാം സൃഷ്ടിയുടെ നിലയിൽ ഉള്ളവയാണു്; അതിനാൽ സ്രഷ്ടാവിൻെറ നിയന്ത്രണത്തിൽ മാത്രമായി നില കൊള്ളുന്ന നിയമങ്ങൾക്കു അവ വിധേയവുമാണു്; ഏതു നിലക്കും ദൈവസന്താന വാദത്തിന്നു യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ നില നില്ക്കുവാൻ സാദ്ധ്യമല്ല തന്നെ.

"ഖാനിതൂന" എന്ന പദത്തെയാണു് "വഴങ്ങിനില്ക്കുന്നവ" എന്നു ഇവിടെ ഭാഷാന്തരപ്പെടുത്തിയിരിക്കുന്നതു്; (ദൈവകല്പനയെ) സമ്മതിക്കുന്നവർ എന്നുകൂടി ഈ വാക്കിന്നു വ്യാഖ്യാനമുള്ളതു ശ്രദ്ധേയമാണു് (മുജാഹിദ്). "ഖുനൂതൻ" എന്ന ധാതുവിൽനിന്നാണു് ഇതിൻെറ ഉല്പത്തി; അനുസരിക്കുക, നിലകൊള്ളുക, ശബ്ദമടക്കിപ്പിടിക്കുക എന്നെല്ലാം ഇതിന്നു അർത്ഥമുണ്ടു്. വിനയാനുസരണങ്ങൾ കാണിക്കുക എന്ന അർത്ഥമാണു് ഇവിടെ ഏററവും യുക്തമായിട്ടുള്ളതു്; (തബരി).

146. അല്ലാഹുവിൻെറ സാർവ്വലൗകികമായ ഉടമസ്ഥതയെ വെളിപ്പെടുത്തിക്കൊണ്ടും, അതിന്നു ചരാചരലോകത്തിലുള്ള അലംഘനീയമായ അംഗീകാരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടുമാണു് സ്ഥാപിതമതക്കാരുടെ ദൈവപുത്രവാദത്തെത്തുടർന്നുള്ള മിഥ്യാവലംബങ്ങളെ ഖുർആൻ ഖണ്ഡിച്ചതു്. അതിനെത്തുടർന്നു രേഖ 117ൽ സൃഷ്ടിയായ മനുഷ്യൻെറ അവകാശത്തിൽപ്പെട്ട പരിമിതമായ ഉടമസ്ഥതയെ വേർതിരിച്ചു കാണിക്കുമാറു സ്രഷ്ടാവിൻെറതായ ഉടമസ്ഥതയുടെ സാർവ്വലൗകികമായ വ്യാപ്തിയെ വ്യക്തമാക്കുന്നു. മനുഷ്യൻ ദൈവനിർമ്മിതങ്ങളായ പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടു ചില വസ്തുക്കളെ നിർമ്മിക്കുന്നു; അവന്നു അവയുടെ മേലുള്ള അവകാശമാണു് മനുഷ്യൻെറ അധീനത്തിലുള്ള ഉടമസ്ഥത; തനിക്കുള്ളിലും തൻെറ പുറംഭാഗങ്ങളിലുമായി കെട്ടിക്കിടക്കുന്ന വസ്തുക്കളെ തനിക്കു ഹിതമായ വിധത്തിൽ ഉപയോഗിക്കുവാൻ സാധിക്കുകയെന്നതാണു് മനുഷ്യൻെറ നിർമ്മാണപരമായ പ്രവർത്തനത്തിൻെറ ആകെത്തുക. ആ പ്രവർത്തനത്തിൻെറ വിജയത്താൽ തനിക്കുണ്ടാകുന്ന സ്വാധീനതയാണു് അവൻെറ ഉടമസ്ഥതയും. എന്നാൽ ഇല്ലായ്മയിൽനിന്നു അവന്നു ഒന്നും ഉല്പാദിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതു് വ്യക്തമാണു്; അവൻെറ സ്വാധീനത്തിൽ പെട്ടിട്ടില്ലാത്ത വസ്തുക്കളുടെ മേൽ അവന്നു ഉടമസ്ഥതയില്ലെന്നുള്ളതും സ്പഷ്ടമാണു്. അതിനാൽ ചരാചരലോകങ്ങളുടെ മേൽ ദൈവത്തിന്നുള്ള ഉടമസ്ഥത, മനുഷ്യന്നുള്ള ഉടമസ്ഥതയിൽനിന്നു തീരെ വ്യത്യസ്തമാണു്; ഒന്നാമതായി, ഒന്നും ഇല്ലാത്ത നിലയിൽനിന്നു അവൻ ഓരോന്നിനേയും ഉണ്ടാക്കുന്നു; അവൻെറ ഇംഗിതമില്ലാതെ ഒന്നും ഉണ്ടാവുകയില്ല; അവൻ ഇച്ഛിച്ചാൽ മതി എന്തും ഉണ്ടാകുവാൻ; അവൻെറ അധീനത്തിന്നു പുറത്തുനില്ക്കുന്നതായി ഒന്നുമില്ല; തന്നെയല്ല,

അവൻ എല്ലാററിനേയും ഉണ്ടാക്കുന്നു; എന്നാൽ അവന്നു ഒന്നും ആവശ്യമില്ല; ഒരു വസ്തുവിൻെറ ഉണ്ടാകലും ഇല്ലാതാകലും അവൻെറ അധികാരശക്തിയെ കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നില്ല; ഒരു വസ്തു ഉണ്ടായി എന്നതുകൊണ്ടു മനുഷ്യന്നു അതിൻെറ മേൽ ഉടമസ്ഥത ഉണ്ടായിക്കൊള്ളണമെന്നില്ല; ഒരു വസ്തു ഉണ്ടായാൽ അതു ദൈവത്തിൻെറ ഉടമയിലാണു് ഉണ്ടാവുന്നതു്. അവൻെറ ഉടമസ്ഥതക്കു അധീനമല്ലാത്ത ആസ്തിക്യം ഒന്നിന്നുമില്ല; ആകാശങ്ങളുടെയും ഭൂമിയുടെയും മൂലകർത്താവാണു് അവൻ എന്ന വസ്തുത സാർവ്വലൗകികമായ അവൻെറ ഉടമസ്ഥതക്കുള്ള ഒരു നിദാനമാണു്. മൂലകർത്താവിൻെറ നിലയിൽ പരാചരലോകങ്ങൾക്കു സാക്ഷാൽ സത്യമായ ദൈവത്തോടുള്ള ബന്ധത്തിൽ വ്യത്യാസങ്ങളില്ല. സൃഷ്ടികളുടെ നിലയിൽ, തൻെറ പരമാധികാരത്തിന്നു കീഴ്പ്പെട്ടവയെന്ന നിലയിൽ അവയ്ക്കു് ദൈവദൃഷ്ടിയിൽ ഭേദഗതിയില്ല.

തൻെറ സർവ്വസ്വതന്ത്രമായ മഹിമക്കു വിപരീതമായ സംബന്ധങ്ങൾ കൈക്കൊള്ളുകയെന്ന മാലിന്യത്തിന്നു ബാധിക്കുവാനാകാത്തതാണു് സ്രഷ്ടാവായ ദൈവത്തിൻെറ നിലയെന്നുള്ളതു രേഖ 116ൽ വ്യക്തമാക്കപ്പെട്ടുവല്ലോ? പക്ഷെ ആകാശങ്ങളിലും ഭൂമിയിലും ഉള്ളവയും ആകാശഭൂമികൾകൂടി ഉൾക്കൊള്ളുന്നവയുമായ ചരാചരലോകങ്ങൾ ദൈവത്തിൻെറ പരമാധികാര നിയമങ്ങൾക്കു് വഴങ്ങിക്കൊടുക്കുന്നുവെന്ന സംഗതി മാത്രമാണു് 116ൽ, അതു വിഷയകമായി സ്പഷ്ടമാക്കപ്പെട്ടതു്. എന്നാൽ ആകാശങ്ങളേയും ഭൂമിയേയും പ്രത്യേകമായി എടുത്തുപറയുകയും, അവ രണ്ടുംകൂടി ഉൾക്കൊള്ളുന്ന വസ്തുക്കൾ എന്നു അർത്ഥം ഉത്ഭവിക്കത്തക്ക നിലയിൽ അവക്കു പ്രാധാന്യം കൊടുക്കുകയും ചെയ്യുമ്പോൾ, അവയുടെ പ്രാധാന്യത്തിൻെറ പരമാർത്ഥസ്ഥിതി ഏതു നിലക്കുള്ളതാണെന്നു ഖുർആൻ അസന്നിഗ്ദ്ധമായി വിശദീകരിക്കുന്നു; അവയുടെ സ്രഷ്ടാവിൻെറ മഹിമയാണു് അവയിൽ കാണപ്പെടുന്ന ആശ്ചര്യസ്വഭാവങ്ങൾക്കുള്ള അടിസ്ഥാനഹേതു; സൃഷ്ടികളുടെ നിലയിൽ കവിഞ്ഞതായി അവയിൽ യാതൊരു പ്രത്യേകതയുമില്ല; സാക്ഷാൽ സത്യമായ ദൈവം അവയുടെ നിയന്താവും ഉടമസ്ഥനും മാത്രമല്ല, അവയുടെ മൂലകർത്താവുംകൂടിയാണവൻ. അവ രണ്ടും അനാദിയായ—ആദ്യവും അന്ത്യവുമില്ലാത്ത—വസ്തുക്കളാണെന്നു തെററിദ്ധരിക്കപ്പെടുവാൻ പാടില്ല; അവ ഉണ്ടായിരുന്നില്ലാത്തപ്പോൾ അവ ഉണ്ടാവണമെന്നു അവയുടെ സ്രഷ്ടാവു് ഇച്ഛിച്ചു; അങ്ങിനെ അവ ഉണ്ടായി. "ബദീ'ഉൻ" എന്ന പ്രയോഗത്തിൻെറ ഉള്ളടക്കം ഈ ആശയത്തെയാണു് എടുത്തുകാണിക്കുന്നതു്.

ആകാശഭൂമികളുടെ അടിസ്ഥാനസ്ഥിതിയെപ്പററിയുള്ള വിശദീകരണത്തിൻെറ കൂടെത്തന്നെ, സൃഷ്ടിക്കുകയെന്ന പ്രവൃത്തിയുടെ മൗലികമായ തത്വത്തെ ഖുർആൻ വെളിപ്പെടുത്തുന്നതു നോക്കുക:—

വിശ്വകർത്താവായ ദൈവം ഒരു കാര്യത്തെ അല്ലെങ്കിൽ വസ്തുവിനെ ഉണ്ടാക്കുവാൻ ഉദ്ദേശിച്ചാൽ അപ്പോൾ അതിനോടു അവൻ ഉണ്ടാവുക എന്നു പറയുക മാത്രം ചെയ്യുന്നു; അങ്ങിനെ അതു ഉണ്ടാവുന്നു. അതിനാൽ ദൈവത്തിന്നു സൃഷ്ടിയുടെ നിർവ്വഹണത്തിൽ ചിലർ സംശയിക്കുന്നപോലെ, ധാതുവിൻെറയോ ദ്രവ്യത്തിൻെറയോ അഥവാ കാലത്തിൻെറയോ അന്തരീക്ഷത്തിൻെറയോ അപേക്ഷയില്ലെന്നു ഖുർആൻ വ്യക്തമാക്കുന്നു. സൃഷ്ടിക്കൽ എന്നതു സൃഷ്ടിയുടെ സർവ്വവിധമായ പ്രാരംഭമാണു്. സ്രഷ്ടാവിൻെറ ആജ്ഞ ഒന്നു മാത്രമല്ലാതെ മററു യാതൊന്നും സൃഷ്ടിയുടെ നിലയിൽ അതിന്നു ആവശ്യമില്ല; അപ്പോൾ അതു ഉണ്ടായിത്തീരുന്നു. "ഫ യകൂനു" എന്ന വാക്യാംശത്തിൻെറ സാരമിതാണു്; ഇനി, "അവൻ വിധിച്ചാൽ" എന്ന പ്രയോഗത്തിൻെറ ഉള്ളടക്കത്തെ പരിശോധിക്കുക; . സൃഷ്ടിക്കുകയെന്ന പ്രവൃത്തി വിശ്വകർത്താവായ ദൈവത്തിന്നു ഐച്ഛികമാണെന്നും അവൻ സൃഷ്ടിയുടെ കാര്യത്തിൽ സർവ്വസ്വതന്ത്രനാണെന്നുമുള്ള സംഗതിയാണു് ഇതിൽ ഒതുങ്ങിയിരിക്കുന്നതു്.

ആകാശഭൂമികൾ അനാദിയായിട്ടുള്ളവയല്ലെന്ന സത്യബോധത്തെ തട്ടിയുണർത്തുന്ന രേഖകൾ ഖുർആനിൽ സുലഭമാണു്. അനാദിയായിട്ടുള്ളവൻ അല്ലാഹു മാത്രമാണു്; അവനല്ലാതെ അങ്ങിനെ മറെറാന്നില്ല എന്ന ഖുർആനികസിദ്ധാന്തത്തിൻെറ സമയോചിതങ്ങളായ പ്രഖ്യാപനങ്ങളാണവ; സംഹിത 6ൽ രേഖ 102ൽ ആകാശഭൂമികളുടെ നിർമ്മാണത്തെപ്പററി പ്രതിപാദിച്ചുകൊണ്ടു, ഇവിടെ പ്രയോഗിച്ചിട്ടുള്ളതുപോലെത്തന്നെ, മൂലകർത്താവു് എന്നു പ്രയോഗിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ അതേ രേഖയിൽത്തന്നെ സമസ്ത ചരാചരവസ്തുക്കളുടെ നിർമ്മാണത്തെക്കുറിച്ചുകൊണ്ടു, പ്രയോഗിച്ചിട്ടുള്ളതു "സൃഷ്ടിച്ചു" എന്ന പദത്തെയാണു്; ശൂന്യതയിൽനിന്നു ആസ്തിക്യത്തിലേക്കു് കൊണ്ടുവരികയെന്ന പ്രവൃത്തിയുടെ പ്രഥമഘട്ടത്തെയാണു് മൂലകർത്തൃത്വമെന്ന വസ്തുത കുറി

കുന്നതെന്നു മനസ്സിലാക്കാവുന്നതാണ്. ''ബദ്അ'' എന്ന ശബ്ദമാണ് അറബി ഭാഷയിൽ അതിനെ കുറിക്കുന്നതിന്നായി ഉപയോഗിക്കപ്പെടുന്നത്; ആസ്തിക്യത്തിലേക്കുള്ള പ്രാഥമിക ചലനത്തിന്റെ പ്രാരംഭമെന്തോ, അതിന്നു ഹേതുവായിട്ടുള്ള ദൈവീകമായ പ്രവൃത്തിയെ "ബദ്അ" എന്ന ക്രിയ കുറിക്കുന്നു. വിശ്വ സമുച്ചയത്തിന്റെ പ്രാഥമിക ധാതു അനാദിയാണെന്നും, വസ്തുക്കളുടെ ആകാരങ്ങൾ ഗുണങ്ങൾ തുടങ്ങിയ, ഇതരവസ്തുതകൾ ആസ്തിക്യത്തെ പ്രാപിച്ചതു (ഉണ്ടായതു) കാലക്രമത്തിലാണെന്നും, അവ മാത്രമേ അതിനാൽ നശിക്കുന്നുള്ളുവെന്നും, അങ്ങിനെ അവ നശിക്കുമ്പോൾ, വീണ്ടും അവ പ്രാഥമികധാതുവിൽ ലയിക്കുകയാണു ചെയ്യുന്നതെന്നും ആ പ്രാഥമികധാതുവാണു ആസ്തിക്യത്തിന്റെ ആകെപ്പാടെയുള്ള അടിസ്ഥാനവസ്തുവെന്നും ചിലർ പറയുന്നുണ്ട്; പ്രാഥമികധാതുവിന്റെ ആസ്തിക്യത്തിന്നപ്പുറത്തേക്കു അവരുടെ ആലോചനാശക്തിയെ അവർ പ്രവേശിപ്പിച്ചിട്ടില്ല; ഏതായാലും ആകാരങ്ങളും ഗുണങ്ങളുമുള്ള ദൈനംദിനസൃഷ്ടികളുടെ ആസ്തിക്യത്തെ പിന്നിട്ടു പ്രാഥമിക ധാതുവിന്റെ ആസ്തിക്യത്തിലേക്കു അവരുടെ ചിന്താശക്തി ചെന്നെത്തിയിട്ടുണ്ടെന്നതിൽ സംശയമില്ല; എന്നാൽ അതിന്റേയും പ്രാരംഭത്തിലേക്കു നീങ്ങുവാൻ ശ്രമിക്കാതെ അവൻ അവിടെത്തന്നെ നില്ക്കുകയാണ് ചെയ്തതു. ഖുർആൻ അതിന്റെ അനുവാചകന്റെ ചിന്തയെ പ്രാഥമികധാതുക്കളുടെ പ്രാരംഭദശയിലേക്കു വ്യാപരിപ്പിക്കുന്നു; അവർ പറയുന്ന പ്രാഥമിക ധാതുക്കൾ തന്നെ ദൈവത്തിന്റെ സൃഷ്ടികളാണ്. അവയെ സൃഷ്ടിക്കുകയെന്നതു അവന്റെ ഐച്ഛികമായ സംഗതിയാണെന്നു കൂടി ഖുർആൻ വ്യക്തമാക്കുന്നു. ചില വസ്തുക്കൾ ചിലതിൽ നിന്നു രൂപമെടുക്കുകയും ചിലതു മററു ചിലതിൽ ലയിക്കുകയും ചെയ്യുന്നതിനെ ഖുർആൻ നിഷേധിക്കുന്നില്ല; പക്ഷെ ലോകത്തിന്റെ നടത്തിപ്പിൽ, ദൈവീകമായി രചിക്കപ്പെട്ട നിർമ്മാണപദ്ധതിയിൽ, സ്രഷ്ടാവിന്റെ സർവ്വസ്വതന്ത്രമായ ഹിതത്താൽ ചെയ്തുവെച്ചിട്ടുള്ള വ്യവസ്ഥിതിയാണതെന്നു മനസ്സിലാക്കാൻ പ്രയാസമില്ല; സ്രഷ്ടാവ് തന്റെ സർവ്വസ്വതന്ത്രമായ ഹിതത്താൽ പ്രവൃത്തിയിൽ വരുത്തിയിട്ടുള്ള നടപടിയിൽ ഭേദഗതികൾ കാണുകയില്ലെന്നു ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട് "വ ലൻ തജിദ ലി സുന്നത്തില്ലാഹി തബ്ദീലാ".

മൂലധാതുക്കൾ കൂടി ദൈവസൃഷ്ടികളാണെന്നു ഗ്രഹിച്ചുകഴിഞ്ഞാൽ അങ്ങിനെ മൂലധാതുക്കളെ സൃഷ്ടിച്ചതു കൊണ്ടുമാത്രം സൃഷ്ടിക്കുകയെന്ന പ്രവൃത്തി പരമാവധിയെ പ്രാപിച്ചിരുന്നതായി വിചാരിക്കണമെന്നില്ല. മൂലധാതുക്കൾ എന്ന നിലയിൽ അവയുടെ സൃഷ്ടി പൂർത്തിയായിരുന്നുവെന്നു മാത്രമേ അതിന്നു അർത്ഥമുണ്ടാകേണ്ടതുള്ളു; മൂലധാതുക്കളെ—ആകാശഭൂമികളെ—സംബന്ധിച്ച സൃഷ്ടിയെപ്പററി പ്രതിപാദിക്കുമ്പോൾ സൃഷ്ടിക്കുകയെന്ന പ്രവൃത്തിയുടെ വകഭേദത്തെക്കുറിക്കുന്ന ''ബദ്അ'' എന്ന ശബ്ദത്തെയാണ് ഖുർആൻ പ്രയോഗിച്ചിരിക്കുന്നതു എന്ന വസ്തുത ശ്രദ്ധേയമാണ്.

ആകാശഭൂമികൾക്കിടയിലുള്ള വസ്തുക്കളുടെ കൂട്ടത്തെ സൃഷ്ടിക്കുന്നത് വ്യവസ്ഥിതമായൊരു ക്രമപ്രകാരമാണെന്നുള്ള വസ്തുതയെ ഖുർആൻ നിഷേധിക്കുന്നില്ല; എല്ലാ വസ്തുക്കളും, എന്നതിന്റെ ആശയത്തിൽ ഭൗതികരൂപത്തിലുള്ള വസ്തുക്കളും ഭാവരൂപത്തിലുള്ള വസ്തുക്കളും രണ്ടും ഉൾക്കൊള്ളുന്നു. ഭാവരൂപത്തിലുള്ള ആശയങ്ങളും അവസ്ഥകളും നമ്മുടെ ദൈനംദിന ജീവിതത്തിൽതന്നെ വളർന്നുണ്ടാകുന്നതു നാം യഥാർത്ഥത്തിൽ കണ്ടുവരുന്ന സംഗതിയാണ്. അവയും ദൈവത്തിന്റെ സൃഷ്ടിയിൽ പെട്ടതാണ്. അവയുടെ നിർമ്മാണത്തെ ഉദ്ദേശിച്ചും, "ഖലഖ=സൃഷ്ടിച്ചു" എന്ന ശബ്ദത്തെ പ്രയോഗിക്കാവുന്നതുമാണ്; സൃഷ്ടിക്കുക എന്ന ക്രിയയിൽ, അളവും അതിർത്തിയും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വളർത്തിയുണ്ടാക്കുക എന്ന ആശയംകൂടി ഉൾക്കൊള്ളുന്നു; നിർമ്മാണപദ്ധതിയെ നടപ്പിൽവരുത്തുക എന്നും കൂടി ഖലഖ=സൃഷ്ടിച്ചു എന്ന വാക്കിന്നർത്ഥമുണ്ട്. (സംഹിത 54ൽ രേഖ 49ഉം സംഹിത 25ൽ രേഖ 59ഉം നോക്കുക.) വസ്തുക്കൾക്കിടയിൽ കാണപ്പെടുന്ന പാരമ്പര്യ ബന്ധങ്ങൾ പരിണാമഫലങ്ങൾ തുടങ്ങിയതു സർവ്വത്ര ദൈവത്തിന്റെ സൃഷ്ടികളാണ്. ഒരു വസ്തു ഉണ്ടാവട്ടെ എന്നുള്ള ആജ്ഞ, ദൈവത്തിൽനിന്നു ഉണ്ടായിക്കഴിഞ്ഞാൽ, ആ വസ്തുവിന്നു ഉണ്ടാകുവാനാവശ്യമായ എല്ലാ ആനുകൂല്യങ്ങളും ഉണ്ടായിക്കഴിഞ്ഞു; ഉണ്ടാവുക എന്നു പറയുമ്പോൾ അതു ഉണ്ടാകുന്നു എന്ന വാക്യാംശത്തിന്റെ ആശയത്തിൽ ഈ വസ്തുത അടങ്ങിയിരിക്കുന്നു. എന്നാൽ ദൈവകല്പനയെന്നതു മറെറാന്നിനെ ആശ്രയിച്ചുനില്ക്കുന്ന വസ്തുവല്ല; കല്പന ഉണ്ടാവുക എന്നതും അതു നടപ്പിൽവരിക എന്നതും രണ്ടു വ്യത്യസ്തങ്ങളായ സംഗതികളുമല്ല. കല്പനക്കു കാലവുമായി ബന്ധമില്ല; എന്നാൽ കല്പന ഉണ്ടായിക്കഴിഞ്ഞാൽ കാലവും ഉണ്ടായിത്തീരുന്നു.

ദൈവീകമായ, "അമ്റൻ=കല്പന" എന്നതിനെക്കുറിച്ചുള്ള വിശദീകരണത്തിന്നു, സംഹിത 54ൽ രേഖ 50ഉം കുറിപ്പുകളും നോക്കുക.

118. അറിയുന്നില്ലാത്തവർ പറയുകയും ചെയ്തു:–
ഞങ്ങളോടു സംസാരിക്കുന്നില്ലാത്തതെന്താണ് അല്ലാ
അല്ലെങ്കിൽ ഞങ്ങൾക്കരികിൽ [ഹു?
വരുന്നില്ലാത്തതെന്താണ് ഒരു രേഖ?
അങ്ങിനെ തന്നെയാണ്, പറഞ്ഞിരിക്കുന്നു,
അവർക്കു മുമ്പിനാലുള്ളവർ;
അവരുടെ പറച്ചിൽ പോലെ.
അവരുടെ ഹൃദയങ്ങൾ പരസ്പരസദൃശമായിരിക്കുന്നു.
ദൃഢമായിട്ടു നാം വ്യക്തമാക്കിയിട്ടുണ്ടു, രേഖകളെ;
ദൃഢബോധമേലുന്നൊരു ജനങ്ങൾക്കു വേണ്ടി.[147]

١١٨- وَقَالَ الَّذِينَ لَا يَعْلَمُونَ لَوْلَا
يُكَلِّمُنَا اللّٰهُ أَوْ تَأْتِينَا آيَةٌ ۗ
كَذٰلِكَ قَالَ الَّذِينَ مِن قَبْلِهِم مِّثْلَ
قَوْلِهِمْ ۘ
تَشَابَهَتْ قُلُوبُهُمْ ۗ
قَدْ بَيَّنَّا الْآيَاتِ لِقَوْمٍ يُوقِنُونَ ○

ഗദ്യഭാഷ

118. അല്ലാഹു എന്താണ് ഞങ്ങളോടു സംസാരിക്കുന്നില്ലാത്തതു? അല്ലെങ്കിൽ ഞങ്ങൾക്കരികിൽ ഒരു (ദൈവീകമായ) രേഖ വരുന്നില്ലാത്തതെന്താണ്? എന്നു അറിയുന്നില്ലാത്തവർ പറയുകയും ചെയ്തു; ആയതുപോലെത്തന്നെ—അവരുടെ പറച്ചിലിന്നു സമാനമായിട്ടുതന്നെ—അവക്കു മുമ്പിനാലുള്ളവർ പറഞ്ഞിരിക്കുന്നു. അവരുടെ ഹൃദയങ്ങൾ അന്യോന്യം സാദൃശ്യപ്പെട്ടിരിക്കുന്നു. ദൃഢമായി ബോധിച്ചു വിശ്വസിക്കുന്നതായൊരു ജനങ്ങൾക്കു വേണ്ടി നാം രേഖകളെ വ്യക്തമാക്കിയിട്ടുണ്ട്.

സൃഷ്ടിയുടെ വിഭിന്നഘട്ടങ്ങളെ കുറിക്കുന്നതിന്നു സൃഷ്ടിക്കുകയെന്ന മൗലികമായ ആശയത്തെ വിവക്ഷിച്ചുകൊണ്ടുതന്നെ വിഭിന്നങ്ങളായ പദങ്ങൾ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്നു "ജ'അല" എന്ന പദമാണ്. ആകൃതിയിലും അവസ്ഥയിലും പുതുമയും കൗതുകവും ഉളവാക്കുന്ന ഒരു വസ്തുവിൻെറ നിർമ്മാണത്തെയാണതു താരതമ്യേന കുറിക്കുന്നതു; "ജ'അല" എന്ന വാക്കിന്നു (ഒരു വസ്തുവിനെ) ഉണ്ടാക്കി അല്ലങ്കിൽ (മറെറാന്ന്) ആക്കി, മറെറാന്നായി മാററി, എന്നിങ്ങനെയുള്ള അർത്ഥമാണുള്ളതു; സൂര്യൻ ചന്ദ്രൻ തുടങ്ങിയ തേജോഗോളങ്ങളുടെ സൃഷ്ടി, രാപ്പകലുകളുടെ ക്രമപ്രകാരമുള്ളതായ മാററങ്ങൾ തുടങ്ങിയ സംഗതികളെക്കുറിക്കുന്നതിന്നു ഈ വാക്കു പ്രത്യേകമായി പ്രയോഗിച്ചു കാണാവുന്നതാണ്. (സംഹിത 25ൽ രേഖ 61ഉം 62ഉം നോക്കുക) മനുഷ്യാത്മാവിൻെറ സൃഷ്ടിയെക്കുറിക്കുന്നതിന്നു "സവ്വാ" = നേരെയാക്കി, പരിപൂർണ്ണതയിൽ കൊണ്ടെത്തിച്ചു, എന്ന പദത്തെ പ്രയോഗിച്ചു കാണുന്നുണ്ട്; (സംഹിത 91ൽ രേഖ 7 നോക്കുക) സൃഷ്ടിച്ചു എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടു കാണുന്ന മറെറാരു വാക്കുള്ളതു "ഫതറ" എന്നതാണ്. "ബദ'അ" എന്ന ശബ്ദത്തെപ്പോലെ, ഇതും ദൈവമല്ലാതെ മറെറാന്നുമില്ലാത്ത അവസ്ഥയിൽ ചെയ്യപ്പെടുന്ന സൃഷ്ടി എന്ന ക്രിയയെ കുറിക്കുന്നു. മുൻപു പ്രവൃത്തിയിൽ കൊണ്ടുവന്നിട്ടുള്ള ഒരു മാതൃകയെക്കൂടി അടിസ്ഥാനപ്പെടുത്താത്ത വിധത്തിലുള്ള, സൃഷ്ടിയുടെ പ്രാഥമിക ഘട്ടത്തെയാണു ഈ വാക്കുകൾ കുറിക്കുന്നതു; എന്നാൽ ഭൗതികധാതുവിൻെറ സൃഷ്ടിയിൽത്തന്നെയുള്ളൊരു പ്രാഥമികദശയുടെ പ്രാരംഭത്തെയാണ് "ഫതറ" എന്ന ക്രിയ വ്യക്തമാക്കുന്നതു്. (സംഹിത 42ൽ രേഖ 11 നോക്കുക) "ബദഅ=തുടങ്ങി" എന്ന പദവും സൃഷ്ടിച്ചു എന്ന അർത്ഥത്തിൽതന്നെ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. വിശ്വനിർമ്മാണപദ്ധതിയുടെ പ്രാരംഭത്തെയതു കുറിക്കുന്നു; (സംഹിത 30ൽ രേഖ 27ഉം, സംഹിത 32ൽ രേഖ 7ഉം കുറിപ്പുകളും നോക്കുക). സൃഷ്ടിച്ചു എന്ന അർത്ഥത്തിൽ മറെറാരു പദമുള്ളതു "ബറഅ" എന്ന ക്രിയയാണ്; മുമ്പത്തെ ഭൗതിക സാഹചര്യങ്ങളിൽനിന്നു മാററി, ഭൗതിക മാത്രമായൊരു ദശാസന്ധിയിൽനിന്നു മോചിപ്പിച്ചു എന്നീ ആശയങ്ങളാണ് "ബറഅ" എന്ന പദത്തിൻെറ പ്രത്യേകതയായിക്കാണുന്നതു്, മനുഷ്യശരീരത്തെ മണ്ണിൽനിന്നു സൃഷ്ടിച്ചുവെന്നു പ്രതിപാദിച്ചുകൊണ്ടു, "ബറഅ" എന്ന പദത്തെയാണ് ഖുർആനിൽ പ്രയോഗിച്ചിരിക്കുന്നതു് (സംഹിത 59ൽ രേഖ 24 നോക്കുക). മുൻകാലത്തു നിലകൊണ്ടിരുന്ന പരിതസ്ഥിതികളുടെ ഫലമായി വന്നുചേന്ന വിപത്തിൽനിന്നു വിമോചിപ്പിച്ചു കൊണ്ടുപോരുകയെന്ന പ്രത്യേകതകൂടി ബറഅ എന്ന പദത്തിന്നുണ്ട്; (സംഹിത 57ൽ രേഖ 22ഉം, സംഹിത 2ൽ രേഖ 54ഉം നോക്കുക.) ദൈവത്തിന്നു സന്തതിയില്ലെന്ന പരമാർത്ഥത്തിന്നുള്ള കൂടുതൽ തെളിവുകളാണ് രേഖ 117ൽ കൊണ്ടുവരപ്പെട്ടിരിക്കുന്നതു.

147. രേഖ 116ൽ, സ്ഥാപിതമതക്കാരിൽ ചിലർ തങ്ങളുടെ പുണ്യപുരുഷന്മാരിൽ ചിലരെപ്പററി

അവർ ദൈവപുത്രന്മാരാണെന്നു വാദിച്ച വസ്തുതയും ആ വിധത്തിലുള്ള വാദങ്ങൾക്കു പരമാർത്ഥത്തോടുള്ള അകൽച്ചയും അയോഗ്യതയുമാണു വെളിവാക്കപ്പെട്ടതു; അതോടുകൂടെത്തന്നെ വളരെ വിപുലമായ നിലയിൽ സൃഷ്ടിയും സൃഷ്ടാവുമായി പൊതുവെയുള്ള അഭേദ്യമായ ബന്ധത്തെ ഖുർആൻ പ്രഖ്യാപിക്കയും ചെയ്തു; അതിനെത്തുടൎന്നു രേഖ 117ൽ, സൃഷ്ടികളുടെ കൂട്ടത്തിൽ പ്രാഥമികസൃഷ്ടികളും പിൽക്കാല സൃഷ്ടികളും തമ്മിൽ, സൃഷ്ടികളാണെന്ന നിലയ്ക്കു വ്യത്യാസമില്ലെന്നു വ്യക്തമാക്കുകയും, ദൈവീകമായ വിശ്വരചനാപദ്ധതിയുടെ മൗലിക സിദ്ധാന്തത്തെ, മനുഷ്യനു ഗ്രഹിക്കത്തക്ക ഭാഷയിൽ ഖുർആൻ വെളിപ്പെടുത്തുകയും ചെയ്തു; ചില സ്ഥലങ്ങൾക്കും വ്യക്തികൾക്കും ദൈവദത്തമായി നല്കപ്പെട്ടിരിക്കുന്ന ആദ്ധ്യാത്മികബന്ധങ്ങളെ അനർഹമായ വിധത്തിൽ അതിശയോക്തിപ്പെടുത്തുന്നതിനെ ഖുർആൻ അസന്നിഗ്ദ്ധമായി നിരോധിക്കുന്നു; എന്നാൽ ദൈവസൃഷ്ടിയുടെ നിലയിൽ എല്ലാം സമമാണെങ്കിൽ കൂടി വ്യക്തികളുടെ നിലയിൽ ഓരോന്നിന്നും പ്രത്യേകതകളുണ്ടെന്ന വസ്തുതയെ ഖുർആൻ നിഷേധിക്കുന്നില്ല; അങ്ങിനെ ചില വ്യക്തികളുടെ ആദ്ധ്യാത്മിക ഗുണങ്ങളെക്കുറിച്ചു അനർഹമായ അതിശയോക്തികൾ ഘോഷിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾതന്നെ മററു ചിലരുടെ കാൎയ്യത്തിൽ വ്യക്തിഗതമായി നല്കപ്പെട്ട പ്രത്യേകതകളെ വകവെച്ചുകൊടുക്കുവാൻ വിസമ്മതിക്കുന്നു. അങ്ങിനെ അനൎത്ഥജനകങ്ങളായ ചില അന്വേഷണങ്ങൾ ചെയ്യുകയെന്നതിൽ കൂടുതലായി ആത്മാർത്ഥമായി ഒന്നും അറിയുവാനുള്ള ആവശ്യബോധമില്ലാതെ അവർ അന്ധമായി അലയുകയും ചെയ്യുന്നു. രേഖ 118ലെ പ്രതിപാദനമൂല്യമിതാണ്. നോക്കുക:— അവനവന്റെ ആത്മശേഷിക്കനുസരിച്ചു ആദ്ധ്യാത്മികവസ്തുതകൾ അറിയുവാനുത്സാഹിക്കാത്ത ജനങ്ങൾ ഖുർആനിന്റെ പ്രഖ്യാപകനായ നബി (സ) ക്കെതിരായി പറഞ്ഞുകൊണ്ടിരിക്കുന്ന രണ്ടു കാൎയ്യങ്ങളെയാണു ഖുർആൻ ഇവിടെ ആദ്യമായി ചിന്താവിഷയമായിക്കൊണ്ടുവന്നിരിക്കുന്നതു; ദൈവീകമായ പ്രഭാഷണങ്ങൾ പ്രത്യേകമായി സ്വീകരിക്കുവാനുള്ള ശക്തി നല്കപ്പെട്ടിട്ടുള്ളവരാണു പ്രവാചകന്മാർ; അതിനുള്ള ശക്തി ഉണ്ടായിരിക്കയെന്നതു അവരുടെ, പ്രവാചകന്മാരുടെ പ്രത്യേകതയാണ്; എന്നാൽ പ്രവാചകന്മാർവഴി ദൈവത്തിന്റെ പ്രഭാഷണങ്ങൾ കൈക്കൊള്ളുന്നതിന്നും ഗ്രഹിക്കുന്നതിന്നുമുള്ള ശക്തി അതതു പ്രവാചകന്മാരുടെ ജനങ്ങൾക്കു ഉണ്ടായിരിക്കുന്നതാണ്; എങ്കിലും അവനവന്റെ ആത്മീയമായ കഴിവുകളെ ഉപയോഗിക്കാതിരിക്കുകയും അവനവന്റേതിൽ കവിഞ്ഞ നിലയിൽ അന്യൎക്കരുളപ്പെട്ടിരിക്കുന്ന കഴിവുകളെ അവഗണിയ്ക്കുകയുമാണു അജ്ഞാനത്തെ വെച്ചുപുലൎത്തുന്നവരായ ജനങ്ങൾ ചെയ്യുന്നതു. സാക്ഷാൽ സത്യമായ ദൈവം ഞങ്ങളോടു സംസാരിക്കാത്തതെന്താണ് എന്നുള്ള അവരുടെ ചോദ്യത്തിന്റെ ആകെത്തുക, അന്ത്യപ്രവാചകനു അവരിൽ നിന്നു വ്യത്യസ്തമായിട്ടുള്ളതും പ്രവാചകന്മാൎക്കു പ്രത്യേകമായിട്ടുള്ളതുമായ, ചില ആത്മീയ സിദ്ധികൾ ഉണ്ടെന്ന വസ്തുതയെ നിഷേധിക്കുകയെന്നതാണ്. മുഹമ്മദുനബി (സ) പ്രവാചകനാണെന്നതു പരമാർത്ഥമാണെങ്കിൽ, ആ സംഗതി ഞങ്ങളോടു ദൈവം തന്നെ പറഞ്ഞറിയിക്കയോ, അല്ലെങ്കിൽ ആവശ്യപ്പെടുന്ന തെളിവുകൾ അയച്ചു അതു ഞങ്ങൾക്കു ബോദ്ധ്യപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്നു, വേദപുസ്തകക്കാരിലും കൂട്ടുദൈവക്കാരിലും പെട്ട ചിലർ പറയാറുണ്ടായിരുന്നു; (സംഹിത 4ൽ രേഖ 153ഉം, സംഹിത 17ൽ രേഖ 90ഉം 93ഉം നോക്കുക).

ഇനി അവരുടെ രണ്ടാമത്തെ ചോദ്യത്തെ ഒന്നു പരിശോധിക്കുക; ഞങ്ങൾക്കരികിൽ ഒരു രേഖ വരാത്തതു എന്താണ് എന്നാണ് അവർ രണ്ടാമതായി ചോദിക്കുന്നതു്. നബി (സ) ദൈവദൂതനാണെന്ന പരമാർത്ഥത്തെ സ്ഥാപിക്കുന്നതിന്നു ഖുർആൻമൂലമായി കൊണ്ടുവരപ്പെട്ടിരിക്കുന്ന നൈസൎഗ്ഗികങ്ങളായ പവിത്രരേഖകളെ നിശ്ശേഷമായി ധിക്കരിക്കുകയാണ് ഈ ചോദ്യത്താൽ അവർ ഉദ്ദേശിക്കുന്നതു്; കാൎയ്യങ്ങളുടെ യഥാർത്ഥമൂല്യങ്ങൾ "അറിയുന്നില്ലാത്തവർ പറഞ്ഞതു" എന്നതിൽ കൂടുതലായി ഈ പ്രസ്താവനകളെപ്പററി ഖുർആൻ ഇവിടെ ഒന്നും എടുത്തു പറയുന്നില്ല; എന്നാൽ അവരുടെ ഈ വിധമായ അന്വേഷണ പ്രസ്താവങ്ങളിൽ പുതുമയില്ലെന്നു ഖുർആൻ വ്യക്തമാക്കുന്നുണ്ടു്. ഇവൎക്കു മുമ്പുണ്ടായിരുന്നവർ ഇങ്ങിനെ പറഞ്ഞിട്ടുണ്ടു്; ഇതു ഒട്ടും പുതിയതല്ല; അവർ പറഞ്ഞതു, ഇവർ പറഞ്ഞതുപോലെത്തന്നെയാണ്; അവയ്ക്കു തമ്മിൽ ഒരു വിധമായ അന്തരവും ഇല്ല; ഇവരുടെ അനുഭവം അവരുടെ അനുഭവംതന്നെ എന്നുള്ള ഉൽബോധനമാണ് ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നതു.

ഇവൎക്കു മുമ്പുണ്ടായിരുന്നവർ പറഞ്ഞിട്ടുള്ളതായ അതേ അഭിപ്രായമാണ് ഇവർ പറഞ്ഞിട്ടുള്ളതു് എന്നു പ്രസ്താവിച്ചുകൊണ്ടു് ഖുർആൻ തുടൎന്നു കൊണ്ടുവന്നിരിക്കുന്ന വിശദീകരണത്തെ നോക്കുക; അവരുടെ രണ്ടു

119. നിശ്ചയമായിട്ടു, നിന്നെ നാം അയച്ചിരിക്കുന്നു,
സത്യത്തെക്കൊണ്ടു്;
സന്തോഷവാർത്തയെ വഹിച്ചുചെല്ലുന്നവനായിട്ടു;
ഗൌരവമുൽബോധിപ്പിക്കുന്നവനായിട്ടുംതന്നെ.
നിന്നോടു ചോദിക്കപ്പെടുന്നതുമല്ല;
നരകത്തിന്റെ കൂട്ടാളികളെക്കുറിച്ചു.[148]

إِنَّآ أَرْسَلْنَٰكَ بِٱلْحَقِّ بَشِيرًا وَنَذِيرًا ۖ وَلَا تُسْـَٔلُ عَنْ أَصْحَٰبِ ٱلْجَحِيمِ ١١٩

ഗദ്യഭാഷ

119. നിശ്ചയമായിട്ടു നാം നിന്നെ (ശാശ്വതമായ) സന്തോഷത്തിന്റെ വാർത്തയറിയിക്കുന്നവനായും (ഭവിഷ്യത്തുകളുടെ) ഗൌരവമുണർത്തുന്നവനായും, (അജയ്യമായ) സത്യത്തെക്കൊണ്ടു അയച്ചിരിക്കുന്നു. നരകത്തിന്റെ കൂട്ടാളികളെക്കുറിച്ചു നിന്നോടു ചോദിക്കപ്പെടുകയുമില്ല.

---

കൂട്ടരുടെയും അഭിപ്രായങ്ങൾ ഒന്നുപോലെയായിത്തീരുന്നതിന്നു കാരണമായിട്ടുള്ള വസ്തുതയെ അതു വെളിപ്പെടുത്തുന്നു. അവരുടെ ഹൃദയങ്ങൾ അന്യോന്യമായി സാദൃശ്യപ്പെട്ടിരിക്കുന്നു എന്ന വാക്യാംശത്താൽ, അവരുടെ അഭിപ്രായങ്ങളുടെ ഐക്യത്തിന്നു അടിസ്ഥാനഹേതു, അവരുടെ ആശയങ്ങളുടെ ഉറവിടങ്ങൾ—ഹൃദയങ്ങൾ—തമ്മിലുള്ള സാദൃശ്യബന്ധമാണെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ സംസാരത്തിൽനിന്നു അവന്റെ മനസ്സിനെ കണ്ടറിയുവാൻ കഴിയുന്നുവെന്നതിന്നു പുറമെ, ജ്ഞാനമാർഗ്ഗത്തിൽക്കൂടി നീങ്ങുവാൻ വിസമ്മതിക്കയാണെങ്കിൽ, പിന്നെ, കാലത്തിന്റെ മാററങ്ങൾ മനുഷ്യഹൃദയങ്ങളിൽ വളച്ചുക്കാവശ്യമായ പരിവർത്തനങ്ങൾ വരുത്തിവെക്കുകയില്ല എന്ന വസ്തുത് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. നാഗരീകതയുടെ മൂർദ്ധന്യദശയിലുംകൂടി കിരാതയുഗത്തിലെ മനുഷ്യനെ കണ്ടെത്തുവാൻ സാധിക്കുന്നതായി ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നതു മനസ്സിലാക്കാവുന്നതാണു്.

ഇനി ഈ രേഖയുടെ പര്യവസാനത്തിൽ ഖുർആൻ വെളിപ്പെടുത്തുന്ന വസ്തുത നോക്കുക; തങ്ങൾക്കൊരു ദൈവീകരേഖയെ വെളിപ്പെടുത്തിക്കൊടുക്കാത്തതെന്താണെന്ന ധിക്കാരികളുടെ ചോദ്യത്തിന്നു, പരമദയാലുവായ ലോകരക്ഷിതവു് കൊടുക്കുന്ന മറുപടിയാണിതു്; സ്രഷ്ടാവു് തന്റെ രേഖകളെ വ്യക്തമാക്കിയിട്ടുണ്ടു്; പക്ഷെ, ആവശ്യമായ തെളിവുകൾ കിട്ടിയാൽ, അവയാൽ തെളിയിക്കപ്പെട്ട സംഗതി അറിഞ്ഞു, അതിൽ അടിയുറച്ചു വിശ്വസിക്കുവാൻ ആവാത്തവർക്കു അവ അത്ര വ്യക്തമായിത്തീരണമെന്നില്ല. നേരെമറിച്ചു, അങ്ങിനെ വിശ്വസിക്കുവാൻ സന്നദ്ധതയുള്ളവർക്കു അവയെക്കുറിച്ചു സംശയമുണ്ടാകുവാൻ സംഗതിയുമില്ല. രേഖ 118ന്റെ ആശയമൂല്യമിതാണു്.

148. കാര്യങ്ങൾ മനസ്സിലായാൽ ബോധിച്ചു വിശ്വസിക്കുന്നവർക്കു ഖുർആനിന്റെ രേഖകൾ വ്യക്തമാണെന്ന വസ്തുതയാണു് രേഖ 118ന്റെ പര്യവസാനത്തിൽ പ്രസ്താവിക്കപ്പെട്ടതു്. രേഖ 119ൽ അങ്ങിനെ കാര്യങ്ങളുടെ സത്യാവസ്ഥകൾ ജനങ്ങൾക്കു മനസ്സിലായിക്കിട്ടുന്ന സംഗതിയിൽ പ്രവാചകനുള്ള പങ്കിനെ ഖുർആൻ വെളിപ്പെടുത്തുന്നു. സത്യമായ വസ്തുതയെ മനുഷ്യലോകത്തിന്നു മനസ്സിലാക്കത്തക്ക നിലയിൽ കൊണ്ടെത്തിച്ചുകൊടുക്കുന്നതിന്നു വേണ്ടിയാണു് മുഹമ്മദുനബി (സ) യെ ലോകരക്ഷിതാവു് ജനമദ്ധ്യത്തിലേക്കയച്ചിരിക്കുന്നതു്. നന്മയേയും തിന്മയേയും സംബന്ധിച്ചു മനുഷ്യനുള്ളതായ പരമാർത്ഥബോധത്തെ തട്ടിയുണർത്തി മനുഷ്യന്റെ ധാർമ്മിക താല്പര്യങ്ങളെ രക്ഷിക്കുവാൻ സഹായിക്കുകയെന്നതാണു് നബി (സ) യുടെ നിയോഗത്താൽ സാധിച്ചിരിക്കുന്നതു്. കാര്യങ്ങളെ ജനങ്ങൾ മനസ്സിലാക്കുമാറു കൊണ്ടെത്തിച്ചുകൊടുക്കുകയെന്നതല്ലാതെ, അങ്ങിനെ, താൻ മനസ്സിലാക്കിക്കൊടുത്ത കാര്യങ്ങളിൽതന്നെ ജനങ്ങളെ വിശ്വസിപ്പിക്കുകയെന്നതു പ്രവാചകന്റെ ചുമതലയുടെ പരിധിയിൽ പെട്ട കാര്യമല്ല; മനസ്സിലായിട്ടുള്ള പരമാർത്ഥങ്ങളിൽ വിശ്വസിക്കുവാനോ, വിശ്വസിച്ചിട്ടു പതറാതെ നില്ക്കുവാനോ സന്നദ്ധതയില്ലാത്ത വ്യക്തികളെപ്പററിയുള്ള ചോദ്യങ്ങൾ പ്രവാചകനോടു ചോദിക്കപ്പെടുകയില്ല; നബിയുടെ കടമയിൽപെടാത്തൊരു സംഗതിയാണതു്. നരകാഗ്നിയുടെ പങ്കാളികളെപ്പററി തന്നോടു ചോദിക്കപ്പെടുകയില്ല എന്നവസാനിക്കുന്ന രേഖയുടെ തീക്ഷ്ണമായ മുന്നറിയിപ്പാണിതു്. നബി (സ) യുടെ ജ്ഞാനോപദേശപദ്ധതിയുടെ രണ്ടു പ്രധാന വശങ്ങളെക്കൂടി ഈ രേഖയുടെ മദ്ധ്യത്തിൽ ഖുർആൻ വെളിപ്പെടുത്തുന്നതു നോക്കുക; സൽകർമ്മങ്ങളുടെ ഫലങ്ങളെ വെളിപ്പെടുത്തുന്ന സന്തോഷവാർത്തകൾ

120. (ഇനിയും) ഒരിക്കലും തൃപ്തിപ്പെടുകയില്ലതന്നെ,
നിന്നെ സംബന്ധിച്ചു, യഹൂദന്മാർ;
നസ്രാണികളുമില്ല (തൃപ്തിപ്പെടുക);
നീ പിന്തുടരുന്നതുവരെ, അവരുടെ മതമാർഗ്ഗത്തെ.
നീ പറയുക:– നിശ്ചയമായിട്ടു,
അല്ലാഹുവിൻെറ മാർഗ്ഗദർശനമാണ്തന്നെ,
(സാക്ഷാൽ) മാർഗ്ഗദർശന(മെന്നതു).
(ഇനി) നീ പിന്തുടരുന്നുവെങ്കിലും തന്നെ
അവരുടെ ആവേശങ്ങളെ;
അറിവിൽനിന്നു നിങ്കൽ വന്നിട്ടുള്ളതായ
(വസ്തുതകൾക്കു) പിറകിനാലെ;
(എങ്കിൽ) നിനക്കില്ലതന്നെ, അല്ലാഹുവിൽനിന്നു
യാതൊരു രക്ഷാധികാരിയും;
(അവനിൽനിന്നു) യാതൊരു സഹായിയുമില്ലതന്നെ.[149]

۱۲۰- وَلَنْ تَرْضٰى عَنْكَ الْيَهُوْدُ وَلَا النَّصٰرٰى
حَتّٰى تَتَّبِعَ مِلَّتَهُمْ ۗ قُلْ
اِنَّ هُدَى اللّٰهِ هُوَ الْهُدٰى ۗ
وَلَئِنِ اتَّبَعْتَ اَهْوَآءَهُمْ بَعْدَ الَّذِىْ
جَآءَكَ مِنَ الْعِلْمِ ۙ
مَا لَكَ مِنَ اللّٰهِ مِنْ وَّلِىٍّ وَّلَا نَصِيْرٍ ۝

ഗദ്യഭാഷ

120. നീ അവരുടെ (സ്വന്തമായ) മതമാർഗ്ഗത്തെ പിന്തുടരുന്നതുവരെ, യഹൂദരും നസ്രാണികളുംതന്നെ നിന്നെസംബന്ധിച്ചു ഒരിക്കലും തൃപ്തിപ്പെടുകയില്ല. നീ പറയുക: അല്ലാഹുവിൻെറ മാർഗ്ഗദർശനമാണ് (യഥാർത്ഥത്തിൽ) മാർഗ്ഗദർശനമായിട്ടുള്ളതു്. ഇനി നിൻെറ പക്കൽ വന്നിട്ടുള്ള അറിവു (നിനക്കു)ള്ളതിനു പിറകെ, അവരുടെ ആവേശങ്ങളെ നീ തന്നെ പിന്തുടർന്നുവെങ്കിൽ, നിശ്ചയമായിട്ടു, നിനക്കു അല്ലാഹുവിൽനിന്നു യാതൊരു രക്ഷാധികാരിയും സഹായിയും തന്നെയില്ല.

അറിയിക്കുക, ദുഷ്കർമ്മങ്ങളുടെ ദുരിതഫലങ്ങളെപ്പററി സൂക്ഷിച്ചുകൊള്ളുവാൻ മുന്നറിവു കൊടുക്കുക; എന്നിങ്ങനെയുള്ള രണ്ടു വശങ്ങളാണ് പ്രവാചകൻെറ ജ്ഞാനോപദേശ പദ്ധതിക്കുള്ളതു്. മനുഷ്യൻ തൻെറ പ്രവൃത്തികളിൽ കാര്യമാക്കേണ്ടതു താല്ക്കാലികങ്ങളായ വിജയത്തേയോ പരാജയത്തേയോ അല്ല; തൻെറ പ്രവൃത്തികളുടെ ഫലമായ ഗുണദോഷങ്ങളെയാണ് ശ്രദ്ധിക്കേണ്ടതു്. എന്നാൽ തങ്ങൾ ചെയ്യുന്ന പ്രവൃത്തിയുടെ താല്ക്കാലികമായ വിജയത്തെപ്പററിയല്ലാതെ മററൊരു വസ്തുവിനെക്കുറിച്ചും ചിന്തിക്കുവാനാകാത്ത നിലയിൽ പെരുമാറുന്ന വ്യക്തികളുടെ മുമ്പിൽ, മേല്പറഞ്ഞ വിധത്തിലുള്ള ഫലപരിണാമ പ്രബോധനങ്ങൾ ഫലിക്കണമെന്നില്ല; ഗുണദോഷവിചാരങ്ങൾ പ്രയോജനപ്പെടുന്ന തരത്തിൽ പെട്ട ജനങ്ങൾക്കു ഖുർആൻ കൊണ്ടുവന്നിട്ടുള്ള ജ്ഞാനോപദേശങ്ങൾ ഫലപ്രദമാണെന്നതിൽ സംശയമില്ല. നരകാഗ്നിയെസംബന്ധിച്ച കൂടുതൽ വിശദീകരണങ്ങൾക്കു സംഹിത 2ൽ രേഖ 24ഉം കുറിപ്പുകളും നോക്കുക.

149. മനുഷ്യൻ തന്നത്താൻ നന്നായിത്തീരുവാൻ കടപ്പെട്ടവനാണ്; എന്നാൽ മററുള്ളവരെ നന്നാക്കിത്തീർക്കുന്ന വിഷയത്തിൽ മനുഷ്യനു കടമയില്ലെന്നില്ല; പക്ഷെ അക്കാര്യത്തിൽ മനുഷ്യനുള്ള കടമ അവരെ നന്നാക്കിത്തീർക്കുവാൻ ശ്രമിക്കയെന്നുള്ളതു മാത്രമാണ്; അതിനാൽ ഒരാളുടെ ദുർന്നടത്തയ്ക്കു മററൊരാൾ ഉത്തരവാദിയായിത്തീരുകയില്ലെന്നു ഖുർആൻ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ടു; രേഖ 119ൽ പ്രഖ്യാപിക്കപ്പെട്ട വസ്തുതയുടെ തത്വപരമായ അടിസ്ഥാനവും ഇതുതന്നെയാണ്; എന്നാൽ ലോകത്തെ നേർമാർഗ്ഗത്തിലായിക്കാണുവാൻ നിസ്വാർത്ഥമായി പരിശ്രമിക്കുന്ന പുണ്യാത്മാക്കൾ, മററുള്ളവരുടെ ദുർന്നടത്തകളിൽ തങ്ങൾക്കു പങ്കില്ലെന്നുള്ളതുകൊണ്ടു മാത്രം സമാധാനപ്പെടുകയില്ല; നന്മയിലേക്കു ക്ഷണിക്കുവാനല്ലാതെ നന്മയെ പ്രാപിപ്പിക്കുകയെന്നതു തങ്ങളുടെ ചുമതലയല്ലെന്നുള്ളതുകൊണ്ടു മാത്രം അവൻ സംതൃപ്തി കൊള്ളുകയുമില്ല; അതിനാൽ അന്യരുടെ ആത്മോദ്ധാരണത്തിനുള്ള ആവേശത്താൽ അസ്വസ്ഥതകൊള്ളുന്ന ആത്മാക്കളുണ്ടു. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ, അങ്ങിനെയുള്ള പുണ്യാത്മാക്കളെ ആശ്വസിപ്പിക്കുന്നതു ഖുർആനിൽ കാണാവുന്നതാണ്. അന്ത്യപ്രവാചകനെ അഭിമുഖീകരിച്ചുകൊണ്ടുതന്നെ അനേകം അവസരങ്ങളിൽ ഖുർആൻ ആ വിധത്തിലുള്ള ആശ്വാസനങ്ങൾകൊണ്ടുവന്നിട്ടുണ്ടു. രേഖ 120 അപ്രകാരത്തിൽ അന്ത്യപ്രവാചകനായ നബി (സ)യെ ആശ്വസിപ്പിക്കുകയും

അവിടുത്തെ പവിത്രഹൃദയത്തിന്നു അസ്വസ്ഥതയുളവാക്കിക്കൊണ്ടിരുന്ന ആലോചനാവിഷയത്തിന്റെ യഥാർത്ഥനിലയെ ഖുർആൻ അസന്നിഗ്ദ്ധമായി വെളിപ്പെടുത്തുകയും ചെയ്യുന്നു. നോക്കുക:- യഹൂദരും ക്രൈസ്തവരും ദൈവീകവേദഗ്രന്ഥങ്ങളെ വെച്ചുപുലർത്തിപ്പോരുന്ന രണ്ടു സമുദായങ്ങളാണല്ലോ? വേദഗ്രന്ഥങ്ങൾ കൈവശമുള്ളവരെന്ന നിലക്കു — മേൽപറഞ്ഞ വേദഗ്രന്ഥങ്ങളെ പരമാർത്ഥീകരിക്കുന്ന പ്രസ്താവനകളും പ്രമാണങ്ങളും ഖുർആനിൽ സുലഭമായിരിക്കുന്ന നിലക്കു — വേദഗ്രന്ഥങ്ങളുമായി യാതൊരുവിധ ബന്ധവുമില്ലാത്ത ബഹുദൈവാരാധകന്മാരേക്കാൾ, വേഗത്തിൽ മേൽപറഞ്ഞ രണ്ടു സമുദായങ്ങൾക്കു ഖുർആൻ കൊണ്ടുവന്നിരിക്കുന്ന സാർവ്വലൗകിക സംസ്കാരസിദ്ധാന്തത്തെ കൈക്കൊള്ളുവാൻ സാധിക്കുന്നതാണെന്നു പ്രവാചകനു വിചാരിക്കുവാൻ സംഗതിയുണ്ടായിരുന്നു. പക്ഷെ യഹൂദരും ക്രൈസ്തവരും, തങ്ങളവകാശപ്പെട്ടു കൈവശം വെച്ചിരിക്കുന്ന വേദഗ്രന്ഥങ്ങളുടെ ശാസനകൾക്കെതിരായി പരസ്പരം കുററാരോപണങ്ങൾ ചെയ്യുകയും വാദവൈപരീത്യങ്ങളിൽ ചെന്നു വീഴുകയും ചെയ്തിരുന്നു. പരമാർത്ഥത്തിൽ അവർ രണ്ടു കൂട്ടരും അവരുടെ സ്വന്തമായ അനുമാന മതങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിരുന്നു. സ്വർഗ്ഗം തങ്ങൾക്കു സ്വന്തമായിട്ടുള്ളതാണെന്നു അവരിൽ ഓരോ കൂട്ടരും കൊണ്ടുപിടിച്ചു വാദിച്ചു; (സംഹിത 2ൽ രേഖ 111) അതിനാൽ അവരെ ഇരു കൂട്ടരേയും തൃപ്തിപ്പെടുത്തുവാൻ സാധിക്കത്തക്ക നിലയിൽ, അവരുടെ വേദപരമായ ബന്ധത്തെ സമീപിക്കുക സാദ്ധ്യമല്ലെന്നു ഖുർആൻ മുന്നറിയിപ്പു കൊടുക്കുന്നതായി രേഖ 120 വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സാക്ഷാൽ സത്യമായ ദൈവത്തിന്റെ ഹിതത്തെ ലക്ഷ്യമാക്കിക്കൊണ്ടു ജനങ്ങളെ സത്യമാർഗ്ഗത്തിലേക്കു ക്ഷണിക്കുകയെന്നതല്ലാതെ, പരസ്പരവിരോധത്തിൽ മുഴുകിക്കിടക്കുന്ന വേദഗ്രന്ഥാവകാശികളെ തൃപ്തിപ്പെടുത്തുവാൻ പ്രവാചകൻ ശ്രമിക്കേണ്ടതില്ല; എന്തുകൊണ്ടെന്നാൽ അവരുടെ മതമാർഗ്ഗത്തെ പിന്തുടരുന്നതുവരെ അവർ പ്രവാചകനിൽ തൃപ്തിപ്പെടുകയില്ല; അന്യോന്യം അവർ എതിരായിരിക്കയാൽ ഒരു വിഭാഗത്തെ പിന്തുടരുകയാണെങ്കിൽ അടുത്ത വിഭാഗത്തിന്റെ അതൃപ്തിക്കും ആക്ഷേപത്തിന്നും ആളായിത്തീരുകയും ചെയ്യുന്നതാണു; അതിനാൽ അതു അരുതാത്ത ഒരു ആശയാണ്; അതു ഉപേക്ഷിക്കേണ്ടതാണ്. (തബരി)

"മില്ലത്തഹും" എന്ന വാക്യാംശത്തെയാണ് ഇവിടെ, അവരുടെ മതമാർഗ്ഗത്തെ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. അവരുടെ മതമാർഗ്ഗത്തെ പിന്തുടരുന്നതിലുള്ള സൂചനാമൂലമായ നിരോധനവുംകൂടി, "നീ അവരുടെ മതമാർഗ്ഗത്തെ പിന്തുടരുന്നതുവരെ നിന്നെ സംബന്ധിച്ചു അവർ തൃപ്തിപ്പെടുകയില്ലെ"ന്ന വാക്യാംശത്തിൽ അടങ്ങിയിരിക്കുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. ഇനി അവരുടെ മതമാർഗ്ഗമെന്താണ് എന്നു ആലോചിക്കുക:- ഒന്നാമതായി, അതിനെ ആരെങ്കിലും സ്വീകരിക്കുകയെന്നതു, അവർക്കു തൃപ്തികരമായൊരു പ്രവൃത്തിയാണെന്നുള്ളതു വ്യക്തമാണ്. അവരെ തൃപ്തിപ്പെടുത്തേണമെങ്കിൽ അവരുടെ മതമാർഗ്ഗത്തെ പിന്തുടരേണ്ടി വരുമെന്നു പറഞ്ഞാൽ, പാടില്ലാത്തതു പ്രവർത്തിച്ചാലല്ലാതെ അവർ തൃപ്തിയടയുകയില്ല എന്ന അർത്ഥമാണുള്ളതു്. അവരുടെ മതമാർഗ്ഗമായി ഇപ്പോൾ ശേഷിച്ചിട്ടുള്ളതു യഥാർത്ഥമായ സത്യവേദസിദ്ധാന്തങ്ങളിൽ നിന്നു തീരെ വിപരീതമായിട്ടുള്ള ചില നടപടികൾ മാത്രമാണെന്ന സംഗതിയാണ് ഇവിടെ ഖുർആൻ ഉൽബോധിപ്പിക്കുന്നതു്; അല്ലെങ്കിൽ അതിനെ പിന്തുടരുന്നതിന്നു ഖുർആൻ അനുമതി നല്കാതിരിക്കുമായിരുന്നില്ല. എന്താണ് അങ്ങിനെ നടവടികളുടെ രൂപത്തിൽ മാത്രമായി അവരിൽ ശേഷിച്ചിട്ടുള്ള മതമാർഗ്ഗത്തിന്റെ "മില്ലത്തി"ന്റെ മൗലികസ്വഭാവങ്ങൾ? ഇതു ഇവിടെ അറിയത്തക്കതായൊരു സംഗതിയാണ്; സത്യത്തെ ധിക്കരിക്കാൻ തുടങ്ങുന്നതിന്നു മുമ്പു യഹൂദരും ക്രൈസ്തവരും, സാക്ഷാൽ സത്യമായ ദൈവത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുവാൻ ശാസിക്കുന്ന യഥാർത്ഥമായ മതത്തിന്റെ പിൻഗാമികളായിരുന്നുവെന്ന സംഗതി സ്മരിക്കേണ്ടതാണ്. തങ്ങളുടെ ഹിതങ്ങൾക്കു വിരുദ്ധമായ യാഥാർത്ഥ്യങ്ങളുമായി പ്രവാചകന്മാർ വെളിപ്പെട്ടുതുടങ്ങിയപ്പോഴാണ് തങ്ങളുടെ സ്ഥാപിത താല്പര്യങ്ങളെ പിൻപററിക്കൊണ്ടു അവർ സത്യമാർഗ്ഗത്തിൽ നിന്നു പിന്തിരിഞ്ഞുകളഞ്ഞതു; ക്രിസ്തുവിന്റെ വരവോടുകൂടി യിസ്രായേൽക്കാർ യഹൂദന്മാരുടെ സ്വന്തമായിട്ടുള്ളൊരു മതമാർഗ്ഗത്തെ — യഹൂദമതത്തെ — സ്ഥാപിച്ചു; തങ്ങളുടെ മാർഗ്ഗദർശനത്തിന്നായി പ്രവാചകനായ മോശെ കൊണ്ടുവന്ന സത്യവേദഗ്രന്ഥത്തിന്റെ ശാസനകളെ പാലിക്കുകയെന്നതിനേക്കാൾ, തങ്ങളുടെ പൗരോഹിത്യ സമ്പ്രദായത്തിന്റെ നിലനില്പിന്നുവേണ്ടി പ്രയത്നിക്കുകയാണവർ ചെയ്തതു. അതുവരെ അവർ അനുവർത്തിച്ചിരുന്ന ജീവിതഗതി അങ്ങനെയായിരുന്നില്ല; എന്നാൽ അവരിൽനിന്നുതന്നെ ഒരു വിഭാഗക്കാർ ക്രിസ്തുവിന്റെ പ്രബോധനങ്ങളെ സ്വീകരിച്ചു മുമ്പോട്ടു നീങ്ങുവാൻ സന്നദ്ധത കാണിക്കാതിരിക്കുന്നില്ല; അങ്ങിനെ അവരും

അവരോടു ചേർന്നുകൂടിയവരും യഥാർത്ഥ സത്യമത സിദ്ധാന്തത്തിൻെറ പിൻഗാമികളെന്ന നിലക്കു തങ്ങളുടെ ജീവിതഗതി തുടൎന്നുവന്നു; പക്ഷെ, മോശയുടെ പിറകെ ക്രിസ്തു വന്നതുപോലെ, ക്രിസ്തുവിൻെറ പിറകെ മുഹമ്മദുനബി (സ) വന്നപ്പോൾ ക്രിസ്തുവിനെ പിൻപററിയിരുന്ന ജനങ്ങൾ സാർവ്വലൗകികമായ സത്യമാർഗ്ഗത്തെ വിട്ടു, തങ്ങളുടെ വേറിട്ടുള്ള നിലനില്പിന്നുവേണ്ടി ക്രിസ്തുമതത്തെ സ്ഥാപിച്ചു; യഹൂദരുടെ പൗരോഹിത്യത്തെപ്പോലെത്തന്നെ കഠിനമായൊരു പൗരോഹിത്യ സമ്പ്രദായത്തെ പടുത്തുണ്ടാക്കുകയും ചെയ്തു. യാഥാർത്ഥ്യങ്ങളെ കൈവെടിഞ്ഞപ്പോൾ, ഓരോരുത്തരും താന്താങ്ങൾക്കാവശ്യമായ അഭിപ്രായങ്ങളും അനുമാനങ്ങളും അവരവരുടെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു; മതത്തെ ആചാരം മാത്രമായി രൂപാന്തരപ്പെടുത്തി; അതിനെപ്പററിയാണ് ഖുർആൻ ഇവിടെ, പിന്തുടരുവാൻ അരുതാത്തതും പിന്തുടരപ്പെടാഞ്ഞാൽ യഹൂദരും ക്രൈസ്തവരും അതൃപ്തിപ്പെടുന്നതുമായ മതമാർഗ്ഗമെന്നു എടുത്തുപറഞ്ഞതു്. പുരോഹിത വർഗ്ഗത്തിൻെറ സ്വാർത്ഥതാല്പര്യങ്ങളുടെ നിലനില്പിന്നുവേണ്ടി പവിത്രമായ വേദഗ്രന്ഥങ്ങളെക്കൂടി ദൂഷണം ചെയ്യുകയെന്നതാണ് മേല്പറഞ്ഞ വിധത്തിലുള്ള മതമാർഗ്ഗങ്ങളുടെ താത്വികമായ നിലപാടു്. സാക്ഷാൽ സത്യമായ ദൈവത്തിൻെറ ഹിതത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുകയെന്ന സത്യമതസിദ്ധാന്തത്തിന്നനുസരിച്ചു ജീവിക്കുന്ന വ്യക്തിക്കു, മുൻപറഞ്ഞ പ്രകാരത്തിലുള്ള സ്ഥാപിത സമ്പ്രദായങ്ങളെ പിന്തുടരുക സാദ്ധ്യമല്ലെന്നു വ്യക്തമാണ്. തന്നെയല്ല, പുരോഹിതവർഗ്ഗങ്ങൾ തങ്ങളുടെ നിലനില്പിന്നുവേണ്ടി, വേദഗ്രന്ഥങ്ങളെ ദൂഷണം ചെയ്യുന്നതിനോടുകൂടെത്തന്നെ, തങ്ങളുടെ ലക്ഷ്യങ്ങൾ സാധിക്കുന്നതിന്നായി, ജനങ്ങളുടെ ജ്ഞാനമില്ലായ്മയെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ജനങ്ങളുടെ നേരെ യാഥാർത്ഥ്യങ്ങളെ മൂടിവെക്കുകയും മൗഢ്യവാസനകളെ അവർ പോഷിപ്പിക്കുകയും ചെയ്യുന്നു; എന്നാൽ ഈ വസ്തുത ഗ്രഹിക്കുവാൻ ഇടവന്നിട്ടില്ലാത്ത ആളുകളുടെ ദൃഷ്ടിയിൽ അവർ പ്രത്യക്ഷപ്പെടുക ജ്ഞാനത്തിൻേറയും മാർഗ്ഗദർശനത്തിൻേറയും അംഗരക്ഷകന്മാരുടെ നിലയിലാണ്. ഒരു കാര്യം തീർച്ചയാണ്; അക്കൂട്ടർ പ്രചരിപ്പിക്കുന്നതു അവരുടെ കാര്യസാദ്ധ്യങ്ങൾക്കുവേണ്ടി, അവർ സ്വന്തമായി ആകൃതിപ്പെടുത്തി കൊണ്ടുവന്നിട്ടുള്ള, അവരുടേതായ മാർഗ്ഗദർശനത്തെയാണ്; അവരുടെ വഴിയിലേക്കു് എല്ലാവരും പ്രവേശിക്കേണമെന്ന ഉദ്ദേശത്തിൽ കൂടുതലായി അതിൽ അവർക്കു ഒരു താല്പര്യവുമില്ല; അതു യഥാർത്ഥമായ മാർഗ്ഗദർശനമായിരിക്കുകയുമില്ല; നേർവഴി കാണിച്ചുകൊടുക്കുവാൻ വേണ്ടിയല്ല, തങ്ങളുടെ കൂട്ടുകെട്ടിലേക്കു് മനുഷ്യരെ തിരിച്ചുകൊണ്ടുപോകുവാൻ വേണ്ടി വാർത്തെടുത്തിട്ടുള്ളതാണ് പുരോഹിതവർഗ്ഗങ്ങളുടെ മാർഗ്ഗദർശന പദ്ധതി. മേല്പറഞ്ഞ വസ്തുതയെ വെളിപ്പെടുത്തുവാൻ നബി (സ) ശാസിക്കപ്പെട്ടിരിക്കുന്നു. സ്വാർത്ഥതാല്പര്യങ്ങൾ ബാധിക്കാത്ത, നൈസർഗ്ഗികമായ സത്യമാർഗ്ഗത്തിലേക്കു നയിക്കുന്നതു, ദൈവത്തിൻെറ സ്വന്തമായിട്ടുള്ളതും പൗരോഹിത്യത്തിൻെറ കൈകളാൽ കൃത്രിമപ്പെടാത്തതുമായ മാർഗ്ഗദർശനമൊന്നു മാത്രമാണ്. എന്നുതന്നെയല്ല, അവരുടെ മതമാർഗ്ഗത്തെ ലക്ഷ്യമാക്കിക്കൊണ്ടു അവർ നല്കുന്ന മാർഗ്ഗദർശനം അവരുടെ ആവേശങ്ങൾ തന്നെയാണ്; എന്നാൽ ദൈവീകമായ മാർഗ്ഗദർശനമാകട്ടെ, അതു ആവേശങ്ങളേയോ വികാരങ്ങളേയോ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതല്ല; ദൈവീകമായ മാർഗ്ഗദർശനം യഥാർത്ഥമായ ജ്ഞാനമാണ്; അടിസ്ഥാനരഹിതമായ ആവേശാനുഭൂതിയല്ല അതു. എന്നാൽ പുരോഹിതഹസ്തങ്ങൾക്കു കൃത്രിമപ്രവൃത്തികൾ ചെയ്യുവാൻ സാധിക്കാത്ത വിധത്തിലുള്ള മാർഗ്ഗദർശനങ്ങൾ മനുഷ്യന്നു ലഭിക്കുവാൻ സംഗതിയാവുന്നതു ദൈവത്തിങ്കൽനിന്നുള്ള രക്ഷയും സഹായവും കൊണ്ടാണ്. അങ്ങിനെ നൈസർഗ്ഗികമായ ജ്ഞാനമൂലമായ മാർഗ്ഗദർശനങ്ങൾ—നിവേദനങ്ങൾ—മനുഷ്യന്നരികിൽ വന്നുകഴിഞ്ഞാൽ, മനുഷ്യന്നു നേർവഴി പ്രാപിക്കുവാനുള്ള സന്ദർഭത്തെയാണതു കുറിക്കുന്നതു്; എന്നിട്ടും, അങ്ങിനെ, യഥാർത്ഥമായ ജ്ഞാനം അവന്നു വന്നിട്ടും, സ്ഥാപിതമതക്കാരുടെ ആവേശങ്ങളെ ഒരാൾ പിൻപററുകയാണെങ്കിൽ പിന്നെ അവൻ ദൈവത്തിങ്കൽനിന്നുള്ള രക്ഷയും സഹായവും കൈക്കൊണ്ടിട്ടില്ല; ദൈവമല്ലാതെ അവനെ രക്ഷിക്കുവാനും സഹായിക്കുവാനും കഴിവുള്ള മററാരുമില്ല; ഖുർആൻ അവതരിപ്പിക്കപ്പെട്ടതിനാൽ മനുഷ്യലോകത്തിന്നു വലിയ സഹായവും രക്ഷയുമാണ് ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്നതു്. സ്രഷ്ടാവായ ദൈവത്തിൻെറ രക്ഷയേയും സഹായത്തേയും ധിക്കരിക്കുന്നവർ ദൈവത്തിൻെറ വിരോധികളുടെ സ്ഥാനങ്ങളിലേക്കാണ് ചെന്നുകൂടുന്നതു്. അപ്പോഴും അവർക്കു ഉതകുവാനായിട്ടു അവനല്ലാതെ മററാരും ഉണ്ടാവുകയില്ല; പരമാർത്ഥങ്ങൾ മനസ്സിലായിട്ടുകൂടി, അവക്കെതിരിൽ വികാരാധീനരായി പ്രവൃത്തിക്കുന്ന വ്യക്തികൾക്കുള്ള മുന്നറിയിപ്പാണിതു്. നബി (സ) യെ അഭിമുഖീകരിച്ചുകൊണ്ടാണ് ഇവിടെ ഇതു പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്; "ഇനി അവരുടെ ആവേശങ്ങളെ നീ പിന്തു

121. യതൊരുത്തൎക്ക് നാം ഗ്രന്ഥത്തെ നല്കിയിരിക്കുന്നു,
അവർ അതിനെ പാരായണംചെയ്യുന്നു;
അതിനെ പാരായണം ചെയ്യേണ്ട വിധത്തിൽ.
അക്കൂട്ടർ—അവർ—അതിൽ വിശ്വസിക്കുന്നു.
ഇനി ആർതന്നെ അതിനെ ധിക്കരിക്കുന്നെങ്കിൽ
അപ്പോൾ—അക്കൂട്ടർ—അവരാണ് നഷ്ടപ്പെട്ടവർ.[150]

١٢١- اَلَّذِيْنَ اٰتَيْنٰهُمُ الْكِتٰبَ يَتْلُوْنَهٗ حَقَّ
تِلَاوَتِهٖ ۭ اُولٰۗىِٕكَ يُؤْمِنُوْنَ بِهٖ ۭ وَمَنْ
يَّكْفُرْ بِهٖ فَاُولٰۗىِٕكَ هُمُ الْخٰسِرُوْنَ ۝

ഗദ്യഭാഷ

121. നാം ഗ്രന്ഥത്തെ നല്കിയിട്ടുള്ളവ(രാണെങ്കിൽ), അതിനെ പാരായണം ചെയ്യേണ്ടതായ വിധത്തിൽ അവർ അതിനെ പാരായണം ചെയ്യുന്നു; അക്കൂട്ടരാണ് അതിനെ വിശ്വസിക്കുന്നവർ; ഇനി ആർതന്നെ അതിനെ ധിക്കരിക്കുന്നെങ്കിൽ അപ്പോൾ അക്കൂട്ടരാണ് നഷ്ടപ്പെട്ടവർ.

ടന്നെങ്കിൽത്തന്നെ'' എന്നു തുടങ്ങുന്ന ആ ഉൽബോധനം പ്രതിപാദനവിഷയത്തിന്റെ ഗൗരവത്തെ പ്രത്യേകമായി എടുത്തുകാട്ടുന്നു. പുരോഹിത വൃത്തങ്ങളുടെ പ്രത്യേകതകളെ ഖുർആൻ എങ്ങിനെ വീക്ഷിക്കുന്നുവെന്നു നോക്കുക.

150. തങ്ങളുടെ കൈവശമുള്ള വേദഗ്രന്ഥത്തെ സ്വാൎത്ഥതാല്പൎയ്യങ്ങൾക്കുവേണ്ടി മാത്രമായി പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ജനവിഭാഗങ്ങളെക്കുറിച്ചാണു 109 മുതൽ 120 വരെയുള്ള രേഖകളിൽ ഭിന്നവശങ്ങളിൽക്കൂടി പ്രതിപാദിക്കപ്പെട്ടതു. മററുള്ളവർ സത്യസന്ധമായ നിലയിൽ ജീവിച്ചു നന്നാകുന്നതിൽ വൈമനസ്യപ്പെടുക, സത്യത്തിൽ വിശ്വസിച്ചവരെത്തന്നെ ധിക്കാരകൎമ്മങ്ങളിലേക്കു തിരിച്ചു കൊണ്ടുപോകുവാനാശിക്കുക, ജീവിത സാഫല്യങ്ങൾ സിദ്ധിക്കുകയെന്നതു തങ്ങളുടെ കുത്തകാവകാശത്തിൽപ്പെട്ടതാണെന്നു കള്ളപ്രചരണങ്ങൾ നടത്തുക, തങ്ങളുടേതുപോലെയുള്ള മററു മതങ്ങളെക്കുറിച്ചു നിരൎത്ഥകങ്ങളായ കുററാരോപണങ്ങൾചെയ്യുക, ദൈവനാമങ്ങൾ പ്രകീൎത്തിക്കുന്നതിന്നുള്ള പ്രാൎത്ഥനാലയങ്ങളെ നിരോധിക്കുക, പ്രാൎത്ഥനാലയങ്ങളെ ജീൎണ്ണിപ്പിക്കുവാൻ പരിശ്രമങ്ങൾ ചെയ്യുക, സൎവ്വലോകസ്രഷ്ടാവായ ദൈവത്തിന്നു പുത്രനുണ്ടെന്നു പറഞ്ഞു പരത്തുക, ദൈവദൂതന്മാരായ പ്രവാചകന്മാൎക്കുള്ള പ്രത്യേകതകളെ നിഷേധിക്കുക, തങ്ങളുടെ സ്വാൎത്ഥനടപടികളെ പിന്തുടരുന്നില്ലെങ്കിൽ, പിന്നെ മററു വിഷയങ്ങളിൽ പൊതുവെയുള്ള താല്പൎയ്യബന്ധങ്ങളെ പുലൎത്തുന്നതിൽ തൃപ്തിപ്പെടാതിരിക്കുക, ഇങ്ങിനെയെല്ലാമുള്ള അനാശാസ്യതകളാണ് ഗ്രന്ഥാവകാശികളായ ജനങ്ങൾ വെച്ചുപുലൎത്തുന്നതായി മുൻരേഖകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നതു; എന്നാൽ ഈ വക ഉപദ്രവങ്ങൾ എല്ലാം ഉണ്ടെങ്കിൽക്കൂടി അവർ തങ്ങളുടെ വേദഗ്രന്ഥത്തെ വായിക്കാതിരിക്കുന്നില്ലെന്നുള്ളതും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ടു. (രേഖ 113 നോക്കുക) ഇതിൽനിന്നു ഒരു സംഗതി വീണ്ടും വ്യക്തമാകുന്നുണ്ടു; വേദഗ്രന്ഥത്തെ വായിക്കുന്നുവെന്നതു മാത്രമായാൽ ഒരാൾ ആ വക അനാശാസ്യതകളിൽ നിന്നു രക്ഷപ്പെടുന്നുവെന്നു വരുന്നില്ല; എന്നാൽ വേദവായന മുടങ്ങാതെ നടത്തിക്കൊണ്ടിരിക്കുന്ന ജനങ്ങൾതന്നെ, തങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന വേദത്തിന്നു കടകവിരുദ്ധമായി പ്രവൃത്തിക്കുന്നുവെങ്കിൽ അതിന്നും കാരണമുണ്ടാകണമല്ലോ? രേഖ 121ൽ മേൽപറഞ്ഞ കാരണത്തെ വെളിവാക്കത്തക്ക നിലയിൽ വേദവായനക്കാരിൽപ്പെട്ട മറെറാരു തരക്കാരെപ്പററി ഖുർആൻ പ്രസ്താവന ചെയ്യുന്നു; നോക്കുക; വേദഗ്രന്ഥത്തെ വായിക്കേണ്ടതായ വിധത്തിൽ വായിക്കുന്നവർ തങ്ങളുടെ വായനയിലിരിക്കുന്ന ഗ്രന്ഥത്തിൽ വിശ്വസിക്കുന്നുണ്ടു; അങ്ങനെ അതിനെ അൎഹമായ വിധത്തിൽ വായിക്കുന്നവൎക്കാണ് പരമാൎത്ഥത്തിൽ അതു നല്കപ്പെട്ടിരിക്കുന്നതു; ഒരാൾക്കു അതു നല്കപ്പെട്ടിരിക്കുന്നു എന്നതിന്നുള്ള തെളിവു ഒരാൾ, അതിനെ ഉചിതമായും അതു അൎഹിക്കുന്ന വിധത്തിലും വായിച്ചുപോരുന്നുവെന്നതാണ്. അങ്ങിനെയുള്ളവർ മാത്രമേ അതിൽ വിശ്വസിക്കുന്നുമുള്ളു. ഒരാൾ വേദഗ്രന്ഥത്തെ കൈവശംവെക്കുന്നുവെന്നതുകൊണ്ടു അയാൾ അതിൽ വിശ്വസിച്ചിരിക്കുന്നു എന്നു വരുന്നില്ല. ഗ്രന്ഥത്തെ പാരായണം ചെയ്യുകയും അതിന്റെ ഉള്ളടക്കങ്ങളെ അനുസരിക്കാതിരിക്കുകയുമാണെങ്കിൽ അങ്ങിനെ അതിനെ പാരായണം ചെയ്യുന്ന ആൾ അതിൽ വിശ്വസിക്കുന്നില്ല; അയാളുടെ അക്കാൎയ്യത്തിലുള്ള അവസ്ഥ, അതു ലഭിച്ചിട്ടില്ലെന്നതിന്നു തുല്യമാണ്; ഗ്രന്ഥം അയാളുടെ കൈവശം ഇരിക്കുന്നു എന്നതും അതിനെ അയാൾ വായിച്ചുകൊണ്ടിരിക്കുന്നു എന്നതും അയാളുടെ നിലയിൽ മാററമുണ്ടാക്കുന്നില്ലതന്നെ; അയാൾ, അതിനെ ധിക്കരിച്ചിട്ടുള്ള കൂട്ടത്തിലാണു. അതിനെ ഒരാൾ ധിക്കരിച്ചുകഴി

## സന്ധി 15

## യിസ്രായേല്യർ; അവരുടെ പൂർവ്വപിതാവിൻെറ പ്രതിജ്ഞ.

(യിസ്രായേല്യർ തങ്ങളുടെ പൂർവ്വകാലമഹിമയെ വിസ്മരിച്ചിരിക്കുന്നു; ലോകങ്ങളിൽ തങ്ങൾക്കു സമുന്നതിയുണ്ടായിത്തീർന്ന പരിതഃസ്ഥിതികളെയവർ തീരെ സ്മരിക്കുന്നില്ല; ഭൗതികമായ പരിഹാരമാർഗ്ഗങ്ങൾ വിലപ്പോകാത്ത ദിവസത്തിലേക്കാണ് യിസ്രായേല്യരും നീങ്ങിക്കൊണ്ടിരിക്കുന്നത്. തങ്ങളുടെ പൂർവ്വപിതാവിന്നു ലഭിച്ച പ്രതിജ്ഞയുടെ യാഥാർത്ഥ്യങ്ങൾ. അബ്രഹാമിൻെറ ആദ്ധ്യാത്മിക പാരമ്പര്യം അക്രമകാരികൾക്കു അവകാശപ്പെട്ടാവുന്നതല്ല; കഅബയുടെ സ്ഥാപനത്തെക്കുറിച്ചു വിശദീകരണങ്ങൾ. അബ്രഹാമിൻെറ അപേക്ഷകൾ.

122. ഹേ! ഇസ്രാഈലിൻെറ സന്താനങ്ങളെ,
നിങ്ങൾ സ്മരിക്കുവിൻ;
നിങ്ങൾക്കു ഞാൻ അരുളിയിരിക്കുന്നതായ
എൻെറ അനുഗ്രഹത്തെ;
നിശ്ചയമായിട്ടു ഞാനാണ്
നിങ്ങളെ ലോകങ്ങൾക്കു മീതെ
മഹിമപ്പെടുത്തിയിരിക്കുന്നുവെന്നതും (സ്മരിക്കുവിൻ)[151]

۱۲۲- يٰبَنِىٓ إِسْرَآءِيلَ اذْكُرُوا نِعْمَتِىَ الَّتِىٓ
أَنْعَمْتُ عَلَيْكُمْ
وَأَنِّى فَضَّلْتُكُمْ عَلَى الْعٰلَمِينَ ۝

ഗദ്യഭാഷ—

122. ഹേ! ഇസ്രായീലിൻെറ സന്തതികളെ, നിങ്ങൾക്കു ഞാൻ തന്നരുളിയിരിക്കുന്നതായ എൻെറ അനുഗ്രഹത്തെയും, നിശ്ചയമായിട്ടു ഞാനാണ് നിങ്ങളെ ലോകങ്ങൾക്കുമേൽ മഹിമപ്പെടുത്തിയിരിക്കുന്നതു എന്നുള്ളതിനേയും നിങ്ങൾ സ്മരിക്കുവിൻ.

ഞ്ഞാൽ പിന്നെ, അയാൾ അതിനെ കൈവശം വെച്ചുകൊണ്ടിരിക്കുന്ന ആളാണോ വായിച്ചുകൊണ്ടിരിക്കുന്ന ആളാണോ എന്നുള്ളതു പ്രശ്നമല്ല; വേദഗ്രന്ഥവുമായി മറെറന്തെല്ലാം ബന്ധങ്ങൾ വെച്ചുപുലർത്തുന്നുവെങ്കിലും അതിൻെറ ശാസനകളെ ധിക്കരിക്കയും അതിനെ സ്വാർത്ഥലാഭങ്ങൾക്കു മാത്രമായി ഉപയോഗിക്കയുമാണെങ്കിൽ അങ്ങിനെ ചെയ്യുന്നവരാണു ജീവിതസാഫല്യങ്ങൾ നഷ്ടപ്പെട്ടവർ. വിശ്വാസത്തിൻെറ നിലവാരത്തിലേക്കുയരാത്ത ജ്ഞാനത്തിന്നും പ്രവൃത്തിയിലേക്കു വഴി തെളിയിക്കാത്ത വായനക്കും ഖുർആൻ വില കല്പിക്കുന്നില്ല; തന്നെയല്ല, സത്യത്തെ ധിക്കരിച്ചുകൊണ്ടു ജീവിത സാഫല്യങ്ങൾ നേടുകയെന്നതു, സാധിക്കാത്ത സംഗതിയാണെന്നു കൂടി ഖുർആൻ സംശയരഹിതമായ വിധത്തിൽ വ്യക്തമാക്കുന്നു; സത്യത്തെ ധിക്കരിച്ചു പ്രവൃത്തിക്കുന്നവർക്ക് മാത്രമാണ് ജീവിതസാഫല്യങ്ങൾ നേടാൻ സാധിക്കാതെ വരികയെന്നുംകൂടി ഖുർആൻ സൂചന കൊടുത്തിരിക്കുന്നതു ശ്രദ്ധേയമാണ്; താല്ക്കാലികങ്ങളായ ലാഭനഷ്ടങ്ങളെ മുൻനിറുത്തിക്കൊണ്ടു ശാശ്വതമായ ജീവിതസാഫല്യങ്ങളെ മനുഷ്യൻ വിലയിരുത്തുവാൻ പാടില്ലാത്തതാണ്.

"നാം ഗ്രന്ഥത്തെ നല്കിയിട്ടുള്ളവർ" എന്ന പ്രയോഗത്താൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു, സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്നവരായ മുസ്ലിംകളാണെന്നു ബലമായൊരു വ്യാഖ്യാനമുണ്ട്; (അബൂഹയ്യാൻ). അന്ത്യപ്രവാചകൻെറ അനുചരന്മാർ (സഹാബികൾ) എന്നും ഇതിന്നർത്ഥം കൊടുക്കപ്പെട്ടിട്ടുണ്ട്; (ഇമാം ഖതാദ റ:) യിസ്രായേല്യരുടെ കൂട്ടത്തിൽത്തന്നെ സ്വാർത്ഥതാല്പര്യങ്ങളെ കാര്യമാക്കാതെ സത്യമാർഗ്ഗം തുടർന്നുപോന്നിട്ടുള്ള യഥാർത്ഥ വേദവായനക്കാരെയാണിതു കുറിക്കുന്നതെന്നു മറെറാരു ബലവത്തായ വ്യാഖ്യാനമുണ്ട്; ഇമാം ഇബ്നു ജരീർ, തബരി ഈ വ്യാഖ്യാനത്തെ അടിസ്ഥാനപരമായി അനുകൂലിച്ചിരിക്കുന്നു; (തബരി). ഏതു നിലയിലും സത്യത്തെ ഗ്രഹിച്ചുകഴിഞ്ഞാൽ പിന്നെ മിഥ്യയിലേക്കു ചായാതെ, ധൈര്യമായി പ്രവർത്തിച്ചു മുമ്പോട്ടു നീങ്ങുന്ന ധന്യശീലന്മാരെയാണിതു കുറിക്കുന്നതെന്നതിൽ പക്ഷാന്തരമില്ല.

വേദഗ്രന്ഥത്തെ പാരായണം ചെയ്യുകയെന്നതിന്നു, അതിനെ പിന്തുടരുകയെന്നും പാരായണം ചെയ്യേണ്ട മുറയനുസരിച്ചു എന്നതിന്നു, പിന്തുടരേണ്ട മുറയനുസരിച്ചു എന്നും, വേദഗ്രന്ഥത്തിൽ നിരോധിക്കപ്പെട്ടവയെ

[ 151-ാമത്തെ കുറിപ്പ് അടുത്ത പേജിൽ ]

യഥാർത്ഥത്തിൽ നിരോധിക്കപ്പെട്ടതായും, അനുവദിക്കപ്പെട്ടവയെ യഥാർത്ഥത്തിൽ അനുവദിക്കപ്പെട്ടതായും അനുസരിക്കുക; അവയിൽ കൃത്രിമഭേദഗതികൾ വരുത്താതിരിക്കുക എന്നും അർത്ഥനിർണ്ണയം ചെയ്യപ്പെട്ടിരിക്കുന്നു; (ഇബ്നു അബ്ബാസ് റ:). ഇച്ഛാനുസരണമായ അർത്ഥങ്ങൾ കൊടുത്തു ആശയങ്ങളെ അലങ്കോലപ്പെടുത്താതിരിക്കുക എന്നുള്ളതുകൂടി ഇതിന്റെ ആശയാംശമായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു; (ഇബ്നു മസ്ഊദ് റ:, തബരി). ശാസനകൾക്കനുസരിച്ച പ്രവർത്തിക്കുകയെന്നതാണ് മറെറാരു വ്യാഖ്യാനമുള്ളതു; (മുജാഹിദ്, റ:). സത്യവേദപുസ്തകത്തിന്റെ പ്രവചനങ്ങളിൽ, ഖുർആനിന്റെ പ്രഖ്യാപകനായ അന്ത്യപ്രവാചകന്റെ ആഗമനത്തെപ്പററി പ്രതിപാദിച്ചിട്ടുള്ളതു സ്മരണീയമാണ്. അങ്ങിനെ ആ പ്രവാചകൻ വന്നപ്പോൾ, തങ്ങളുടെ വേറിട്ടുള്ള നിലനില്പിന്റെ പേരിൽ യിസ്രായേൽ പുരോഹിതന്മാർ ആ പ്രവാചകനെ നിഷേധിക്കയാണ് ചെയ്തതു്. അങ്ങിനെയുള്ള പ്രലോഭനങ്ങൾക്ക് വശംവദരാകാത്തവരെക്കുറിച്ചാണ്, ഗ്രന്ഥത്തെ വായിക്കേണ്ട വിധത്തിൽ വായിക്കുന്നവരെന്നു ഖുർആൻ എടുത്തുപറയുന്നതു്. അങ്ങിനെയുള്ള പ്രലോഭനങ്ങൾക്കു വശത്തായവരെക്കുറിച്ചാണ്, (ജീവിതസാഫല്യങ്ങൾ) നഷ്ടമായിട്ടുള്ളവരെന്നു, ഖുർആനിൽ, പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്.

151. രേഖ 121ന്റെ പര്യവസാനത്തിൽ, വേദഗ്രന്ഥത്തെ ധിക്കരിക്കുന്ന കൂട്ടരാണു യഥാർത്ഥത്തിൽ ജീവിതസാഫല്യങ്ങൾ നഷ്ടമായിപ്പോയിട്ടുള്ളവരെന്ന സംഗതി ഖുർആൻ വെളിപ്പെടുത്തുകയുണ്ടായല്ലോ? യിസ്രായേല്യരിൽപ്പെട്ട വളരെയേറെപ്പേർ സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി വേർതിരിഞ്ഞു നില്ക്കുകയും തൽഫലമായി ജീവിതസാഫല്യങ്ങൾ നഷ്ടപ്പെടുകയും ചെയ്തതു സത്യവേദഗ്രന്ഥത്തെ ധിക്കാരപൂർവ്വമായി കൃത്രിമപ്പെടുത്തിയതുകൊണ്ടാണെന്ന നിഗമനമാണു മേൽപറഞ്ഞ പ്രസ്താവനയിൽ മുന്നിട്ടുനില്ക്കുന്നതു. തങ്ങൾക്കു താല്പര്യമില്ലാത്ത വ്യക്തിക്കു—നബി(സ)ക്ക്—ദൈവാനുഗ്രഹങ്ങൾ ലഭിച്ചുവരുന്നതായി കണ്ടതുമൂലമാണ് പ്രധാനമായി യിസ്രായേല്യർ ഗോത്രമതങ്ങൾ സ്ഥാപിച്ചു മാറിനിന്നുകളഞ്ഞതു; മേൽപറഞ്ഞ മാററത്തിന്റെ ന്യായീകരണത്തിന്നാവശ്യമായിത്തോന്നിയ ഭേദഗതികൾ വേദഗ്രന്ഥത്തിൽതന്നെ വരുത്തിവെയ്ക്കുകയും ചെയ്തു; തങ്ങൾ ധിക്കാരികളായി മാറിപ്പോകുവാനുണ്ടായ മൗലികമായ ഹേതു മേൽപഞ്ഞ സംഗതിയാണെന്നു അവർക്കു കാണ്വാൻ പ്രയാസമില്ല; പക്ഷെ ഈ വ്യതിയാനത്തിന്നു അവർ വഴിപ്പെടുവാൻ സംഗതിയായതു, അവരുടെതന്നെ പൂർവ്വകാല ചരിത്രത്തെ അവർ വിസ്മരിച്ചതുകൊണ്ടാണ്. യിസ്രായേൽമക്കൾ മിസ്രയേമിലെ ജനങ്ങളുടെ മർദ്ദനമേററു നിരാലംബരായി ചവിട്ടി മെതിക്കപ്പെട്ടുകിടന്നിരുന്നപ്പോൾ, അതിൽനിന്നു മുക്തി നേടുവാൻ അവർക്കു തന്നെയും താല്പര്യമില്ലാത്ത വിധത്തിൽ ആത്മീയമായി അധഃപതിച്ചു കിടന്നിരുന്നപ്പോൾ അവരുടെ അന്നത്തെ അവശതകളിൽ നിന്നു അവരെ തട്ടിമാററിച്ചു കൊണ്ടുവന്നു അനുഗ്രഹിച്ചതു് അവരുടെ രക്ഷിതാവിന്റെ ഐച്ഛികമായ ആനുകൂല്യമൊന്നുകൊണ്ടു മാത്രമാണ്; യിസ്രായേല്യർ മുൻകൂട്ടി സമ്പാദിച്ചുവെച്ചിട്ടുള്ള പ്രയത്നഫലങ്ങൾ മൂലമായിട്ടല്ല അന്നു അവർ അനുഗ്രഹിക്കപ്പെട്ടതു; ലോകത്തിൽ അന്നു ഉത്തമമായ ഒരു പദവിയിൽ അവർ എത്തിച്ചേർന്നതും അവരുടെ രക്ഷിതാവിന്റെ അനുഗ്രഹത്താൽ മാത്രമായിരുന്നു. അങ്ങിനെയിരിക്കെ അവരേപ്പോലെത്തന്നെ തന്റെ രക്ഷയിലിരിക്കുന്ന ഒരു ജനതക്ക് അവരുടെ രക്ഷിതാവും കൂടിയായ സ്രഷ്ടാവിന്റെ അനുഗ്രഹങ്ങൾ അരുളപ്പെടുന്നതിൽ അവർക്കു അലോസരപ്പെടുവാൻ അവകാശമില്ല; അവരിൽ മഹിമയെ ഉല്പാദിപ്പിച്ചുകൊടുത്ത അവരുടെ സ്രഷ്ടാവ് അവർക്കു മാത്രമുള്ള രക്ഷിതാവല്ല; അവരുടെയും അവർക്കു പുറമെയുള്ള അഖിലചരാചര ലോകങ്ങളുടേയും രക്ഷിതാവാണവൻ; അവരെ അനുഗ്രഹിച്ചപോലെ തന്നെ ആരെയും അവന്നു അനുഗ്രഹിക്കുവാൻ അർഹതയും അവകാശവും ഉണ്ടു; എന്നാൽ യിസ്രായേല്യർ ആ സംഗതി അങ്ങിനെത്തന്നെ വിസ്മരിച്ചിരിക്കയാണ്; അല്ലെങ്കിൽ അവരല്ലാത്തവർക്കു അവരുടെ രക്ഷിതാവിന്റെ അനുഗ്രഹങ്ങൾ അരുളപ്പെടുന്നതിൽ അവർ അസൂയപ്പെടുമായിരുന്നില്ല; അതിനാൽ അവരിൽ നിന്നു അക്കൂട്ടർ അകന്നു നില്ക്കുമായിരുന്നുമില്ല. രേഖ 122ൽ ഖുർആൻ, യിസ്രായേല്യരുടെ ആദിമ ദശകളിലെ ദൈവാനുകൂല്യങ്ങളെ സ്മരിപ്പിക്കയും അവർക്കു അന്യജനങ്ങൾക്കയിടയിലുണ്ടായ ആദ്യകാല മഹിമയെ ഉണ്ടാക്കിക്കൊടുത്തതു ദൈവഹിതമൊന്നുകൊണ്ടല്ലാതെ മറെറാരു കാരണത്താലുമല്ലെന്നു അവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു: കൂടുതൽ വിശദീകരണത്തിന്നു രേഖ 47ഉം കുറിപ്പുകളും നോക്കുക.

123. നിങ്ങൾ സൂക്ഷിക്കുകയും ചെയ്യിൻ, ഒരു നാളിനെ;
(അന്നു) ഒരാത്മാവു പ്രയോജനപ്പെടുകയില്ല,
മറെറാരാത്മാവിന്നു, യാതൊന്നിനുംതന്നെ;
അതിൽനിന്നു സ്വീകരിക്കപ്പെടുകയുമില്ല,
ഒരു പ്രതിവിധിയും;
അതിന്നു ഉപകരിക്കയുമില്ല, ഒരു ശുപാർശയും;
അവർ തന്നെ സഹായിക്കപ്പെടുകയുമില്ല.[152]

124. പരിശോധിച്ചതും (സ്മരിക്കുവിൻ)
ഇബ്രാഹിമിനെ അവൻെറ രക്ഷിതാവു്;
ചില വാക്കുകളെക്കൊണ്ടു;
അവൻ, അങ്ങിനെ അവയെ പൂൎത്തീകരിച്ചു.
അവൻ (രക്ഷിതാവു) പറഞ്ഞു:–
നിശ്ചയമായിട്ടു ഞാൻ നിന്നെ
ജനങ്ങൾക്കൊരു നേതാവാക്കുന്നവനാണു്.
അവൻ (ഇബ്രാഹിം) പറഞ്ഞു:–
എൻെറ സന്തതിയൽ നിന്നുംകൂടി!
(ഒരു നേതാവിനെ നിയോഗിക്കേണമേ!)
അവൻ (രക്ഷിതാവു) പറഞ്ഞു:– എൻെറ പ്രതിജ്ഞ
ലഭിക്കുകയില്ല; അക്രമകാരികൾക്കു്.[153]

١٢٣- وَاتَّقُوْا يَوْمًا
لَّا تَجْزِىْ نَفْسٌ عَنْ نَّفْسٍ شَيْـًٔا
وَّلَا يُقْبَلُ مِنْهَا عَدْلٌ
وَّلَا تَنْفَعُهَا شَفَاعَةٌ
وَّلَا هُمْ يُنْصَرُوْنَ ○
١٢٤- وَاِذِ ابْتَلٰٓى اِبْرٰهٖمَ رَبُّهٗ
بِكَلِمٰتٍ فَاَتَمَّهُنَّ ؕ
قَالَ اِنِّىْ جَاعِلُكَ
لِلنَّاسِ اِمَامًا ؕ
قَالَ وَمِنْ ذُرِّيَّتِىْ ؕ
قَالَ لَا يَنَالُ عَهْدِى الظّٰلِمِيْنَ ○

ഗദ്യഭാഷ

123. ഒരു ആത്മാവു് മറെറാരാത്മാവിന്നു ഒന്നിന്നും പ്രയോജനപ്പെടാത്തതും, അതിൽനിന്നു പ്രതിവിധി സ്വീകരിക്കപ്പെടാത്തതും, അതിന്നു ശുപാർശ ഉപകരിക്കാത്തതും, അവർ സഹായിക്കപ്പെടുകതന്നെയില്ലാത്തതുമായ ഒരു ദിവസത്തെ നിങ്ങൾ സൂക്ഷിക്കയും ചെയ്യിൻ.

124. ഇബ്രാഹീമിനെ തൻെറ രക്ഷിതാവു് ചില വാക്കുകളെക്കൊണ്ടു പരിശോധിച്ചതും (നിങ്ങൾ സ്മരിക്കുവിൻ); അങ്ങിനെ അവൻ (ഇബ്രാഹീം) അവയെ പൂൎത്തിയാക്കി. അവൻ (രക്ഷിതാവു) പറഞ്ഞു: നിശ്ചയമായിട്ടു ഞാൻ നിന്നെ ജനങ്ങൾക്കൊരു നേതാവാക്കുന്നവനാണു്; അവൻ (ഇബ്രാഹീം) പറഞ്ഞു: എൻെറ സന്തതികളിൽനിന്നും കൂടി (അങ്ങിനെ ഒരു നേതാവു് ഉണ്ടാകേണമേ!) അവൻ (രക്ഷിതാവു്) പറഞ്ഞു: എൻെറ പ്രതിജ്ഞ അക്രമകാരികൾക്കു സിദ്ധിക്കയില്ല.

152. യിസ്രായേല്യൎക്കുണ്ടായിരുന്ന ആദ്ധ്യാത്മിക സിദ്ധികളുടെയും ദൈവാനുകൂല്യങ്ങളുടെയും ആദിമദശകളെപ്പററി ആലോചിക്കാതെ, അന്യരിൽ അരുളപ്പെട്ടതായി അനുഭവത്തിൽവന്ന ദൈവാനുഗ്രഹങ്ങളെക്കുറിച്ചു യിസ്രായേല്യർ അഹങ്കരിക്കയും അസൂയപ്പെടുകയുമാണല്ലോ ഉണ്ടായതു്. അതിൻെറ ഫലമായി അവർ ചെയ്തുകൂട്ടുവാൻ തുടങ്ങിയ അതിക്രമപ്രവൃത്തികൾക്കു അളവില്ലാതായി; അവയെല്ലാം അന്യായമാണെന്നും അതിനാൽ അവർ ചെയ്തുകൊണ്ടിരിക്കുന്നതു അനൎത്ഥങ്ങളാണെന്നും അവൎക്കു അറിയാമായിരുന്നു; എന്നാൽ അവർ ചെയ്തുകൊണ്ടിരുന്ന ഓരോ അന്യായപ്രവൃത്തിക്കും അവർ ഓരോ പരിഹാരങ്ങൾ ആലോചിച്ചുവെച്ചിരുന്നു. തങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ പാതകങ്ങളാണെങ്കിൽത്തന്നെ, തങ്ങളുടെ ഗോത്രങ്ങളിൽ പണ്ടു ജീവിച്ചിരുന്ന പുണ്യവാന്മാരുടെ സ്വാധീനശക്തി ചെലുത്തിക്കൊണ്ടു് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കുററങ്ങളിൽനിന്നു യിസ്രായേൽ മക്കൾക്കു രക്ഷപ്പെടാൻ സാധിക്കുന്നതാണെന്നു അവർ വിചാരിച്ചു. അങ്ങിനെ ഓരോരുത്തരും അവരവരുടെ നിലക്കു എളുപ്പമെന്നു തോന്നിയ ഓരോ പരിഹാരങ്ങൾ ഓരോന്നിന്നും കണ്ടുവെച്ചു; അവരുടെ ദൈനംദിന ജീവിതത്തിൽ അവർ നടത്തിക്കൊണ്ടിരിക്കുന്ന ക്രയവിക്രയങ്ങളെല്ലാംതന്നെ അവൎക്കു നേരിടാനിരിക്കുന്ന ഭാവിജീവിതത്തിലും നടത്തിക്കൊള്ളാമെന്നു യിസ്രായേൽക്കാർ അനുമാനിച്ചു; തങ്ങളുടെ ആദിമദശയെ വിസ്മരിച്ചതുകൊണ്ടു ഉളവായ അബദ്ധചിന്തകളെ അപ്പടി പ്രവൃത്തിയിൽ കൊണ്ടുവരുന്നതിന്നു ഈ അനുമാന

[ 153-ാമത്തെ കുറിപ്പ് അടുത്ത പേജിൽ ]

ങ്ങൾ അവരെ അത്യധികം പ്രേരിപ്പിച്ചു. രേഖ 123ൽ ഖുർആൻ അവരുടെ ആ വിധമായ അനുമാനങ്ങളുടെ ആകെത്തുകയെടുത്തു ഉടച്ചുകാണിക്കുന്നു; അവർ ഉദ്ദേശിക്കുന്ന അനുമാനങ്ങൾ ഒന്നും വിലപ്പോകാത്ത ഒരു ദിവസമുണ്ട് വരാനിരിക്കുന്നു എന്നും, അതിനെ സൂക്ഷിക്കുവാൻ അവർ വിട്ടുപോയിരിക്കുന്നു എന്നും, അതിനാൽ ആ ദിവസത്തെ സൂക്ഷിച്ചുകൊള്ളേണ്ടതാണെന്നും ഖുർആൻ വെളിപ്പെടുത്തുന്നു; തങ്ങൾ വെച്ചുപുലർത്തുന്ന നിരർത്ഥകങ്ങളായ അനുമാനങ്ങൾ ഉപേക്ഷിക്കുകയും അവയുടെ പ്രേരണയാൽ ചെയ്യപ്പെടുന്ന ദുഷ്പ്രവൃത്തികളിൽനിന്നു മടങ്ങുകയും യഥാർത്ഥമായ സത്യമാർഗ്ഗത്തിൽ പ്രവേശിക്കയും ചെയ്യുകയെന്നതാണ്, ആ ദിവസത്തെ സൂക്ഷിക്കുക എന്നതിന്നുള്ള വിവക്ഷ. ഈ രേഖയുടെ കൂടുതൽ വിശദീകരണത്തിന്നു രേഖ 48ഉം കുറിപ്പുകളും നോക്കുക.

153. സത്യത്തെ തിരഞ്ഞു കണ്ടുപിടിക്കുകയെന്നതു മനുഷ്യന്നു സ്വതവേയുള്ളൊരു വാസനാഗുണമാണ്; ചിലരിൽ മേല്പറഞ്ഞ വിധത്തിലുള്ള ഗുണങ്ങൾ കൂടുതൽ ശക്തിയായി വെളിപ്പെടുന്നു; മററു ചിലരിൽ അവ മങ്ങിക്കിടക്കുകയും ചെയ്യുന്നു. മങ്ങിയ നാളങ്ങളെ പൊലിഞ്ഞുപോകുന്നതിന്നു മുമ്പ് തെളിയിച്ചില്ലെങ്കിൽ പിന്നെ അവയെ കൊളുത്തി തെളിയിക്കുകയെന്നതു പ്രയാസമായിപ്പോകുന്നതാണ്; ചിലപ്പോൾ അവയെ അങ്ങിനെ ഉപേക്ഷ ചെയ്താൽ അവ എന്നെന്നേക്കുമായി പൊലിഞ്ഞുപോകുന്നതുമാണ്. സത്യത്തെ തങ്ങളുടെ കൈയടികൾക്കുള്ളിൽ ചുരുട്ടിവെക്കുവാനുള്ള പരിശ്രമങ്ങൾ പരാജയപ്പെട്ടതോടെ യിസ്രായേല്യരുടെ ജ്ഞാനതൃഷ്ണ—സത്യമറിയുവാനുള്ള ജിജ്ഞാസ—പൊലിഞ്ഞുപോയിരുന്നു. സത്യത്തെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി വികൃതപ്പെടുത്തിക്കൊണ്ടു മനുഷ്യബുദ്ധിയെ കുഴച്ചുമറിക്കുവാനായിട്ടു വിജ്ഞാന ശാഖകളെ പ്രയോജനപ്പെടുത്തുകയെന്നതിൽ കൂടുതലായി യിസ്രായേല്യരിൽ, ജ്ഞാനതൃഷ്ണക്കു സ്ഥാനമില്ലാതായി. പക്ഷെ, സത്യത്തെ തങ്ങളുടെ കുത്തകയിൽ നിന്നുപുറത്തുവിടാതെ നിറുത്തുവാൻ പിൽക്കാലത്തിലെ യിസ്രായേൽ പുരോഹിതന്മാർ ചെയ്ത ശ്രമത്തിന്റെ തിരിച്ചടിയാണതു്. അതുകൊണ്ടു യിസ്രായേൽ ഗോത്രക്കാർ സാമൂലമായി മേല്പറഞ്ഞ തരക്കാരാണെന്നു പറഞ്ഞുകൂടാത്തതാണ്. സത്യതല്പരതയുടെ മികച്ച മാതൃകയായി ജീവിതകാലത്തെ വിനിയോഗിച്ചിട്ടുള്ള സത്യമാർഗ്ഗനേതാവു് തന്നെ യിസ്രായേല്യരുടെ പൂർവ്വപിതാവായിരുന്നു; ഇത്രയും അറിഞ്ഞുകഴിഞ്ഞാൽ യിസ്രായേല്യരുടെ പില്ക്കാല ഗതാഗതങ്ങൾ അവരുടെ ഗോത്രമഹിമക്കു തന്നെ യോജിച്ചതല്ലെന്നു വ്യക്തമാകുന്നതാണ്. യിസ്രായേല്യരുടെ പൂർവ്വപിതാവിനെ (ഇബ്രാഹിംനബിയെ അ:) പ്പററി ഖുർആൻ അവരെ അനുസ്മരിപ്പിക്കുന്നതു നോക്കുക; സത്യത്തെക്കാൾ കൂടുതൽ ഗോത്രബന്ധത്തെയാണ് പിൽക്കാലത്തിലെ യിസ്രായേല്യർ മാനിക്കുന്നതെങ്കിൽ, സ്വന്തജീവിതരക്ഷയേക്കാൾ കൂടുതൽ സംഗതികളുടെ സത്യാവസ്ഥയെ പരിഗണിച്ചിരുന്ന സത്യമാർഗ്ഗനേതാവായിരുന്നു യിസ്രായേല്യരുടെ ഗോത്രപിതാവെന്നു, യിസ്രായേല്യർ സ്മരിക്കേണ്ടതാണ്. സത്യത്തെ വികൃതപ്പെടുത്തി കാണിക്കുവാൻ വേണ്ടി ജ്ഞാനമാർഗ്ഗങ്ങളെ കയ്യടക്കിവെക്കുവാൻ പരിശ്രമിക്കുന്ന യിസ്രായേൽ പുരോഹിതന്നു, ജീവിതബന്ധങ്ങളെ സത്യമാർഗ്ഗത്തിൽ ബലിയർപ്പിച്ചുകൊണ്ടു മനുഷ്യക്കു മാതൃകയായി ജീവിച്ചിട്ടുള്ള തങ്ങളുടെ ഗോത്രനേതാവിന്റെ പാരമ്പര്യവുമായി സംബന്ധമില്ലതന്നെ. തങ്ങളുടെ ഗോത്രപിതാവിന്റെ ചരിത്രത്തിലേക്കു് ശ്രദ്ധയെ ചെലുത്തുമ്പോൾ മേല്പറഞ്ഞ സംഗതി യിസ്രായേല്യർക്കുതന്നെ വ്യക്തമായിത്തീരുന്നതാണ്. രേഖ 124ൽ ഖുർആൻ, യിസ്രായേൽമക്കളെ സ്മരിപ്പിക്കുന്ന ചരിത്രസംഭവങ്ങളാൽ മേല്പറഞ്ഞ സംഗതി തെളിയുന്നുണ്ട്.

പ്രവാചകനായ അബ്രഹാം (ഇബ്രാഹീംനബി അ:) തങ്ങളുടെ കുലപിതാവാണെന്നു യിസ്രായേല്യർ (യഹൂദരും ക്രിസ്ത്യാനികളും) വാദിക്കുന്നു; ഖുർആൻ അവരുടെ ഈ വാദത്തെ അപ്പടി നിരാകരിക്കുന്നില്ല; നേരെമറിച്ചു, സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ച ജീവിതപരീക്ഷാവിജയങ്ങൾ നേടിയിട്ടുള്ള ആ പ്രവാചകനെസംബന്ധിച്ച ചില പരമാർത്ഥങ്ങൾ യിസ്രായേല്യരുടെ സ്മരണയിൽ കൊണ്ടുവരികയാണ് ചെയ്യുന്നതു്. യിസ്രായേല്യർക്ക് തങ്ങളുടെ കുലപിതാവായ പുരുഷനോടു യഥാർത്ഥത്തിലുണ്ടായിരിക്കേണ്ട ബന്ധങ്ങളെ, സ്വാർത്ഥതാല്പര്യത്തിന്നായി മറിച്ചുകളഞ്ഞിരിക്കുന്നു എന്ന സംഗതിയാണ് ഖുർആൻ ഇവിടെ എടുത്തുകാട്ടുന്നതു്. എന്തുകൊണ്ടെന്നാൽ, അവരുടെ കുലപിതാവായ പ്രവാചകൻ സത്യത്തിന്റെ മാർഗ്ഗത്തിൽ പല ദുരിതപൂർണ്ണങ്ങളായ പരീക്ഷണങ്ങളേയും പരിശോധനകളേയും കടന്നുപോയിട്ടുണ്ട്. പ്രവാചകനായ ഇബ്രാഹീം (അ) അസന്നിഗ്ദ്ധമായും സത്യത്തിന്നു ആത്മാർപ്പണം ചെയ്തു കഴിഞ്ഞിട്ടുള്ള ആളാണെന്നു അറിഞ്ഞിട്ടുകൂടി ആ പുണ്യാത്മാവിന്റെ സ്രഷ്ടാവായ രക്ഷിതാവ് അദ്ദേഹത്തെ പരീക്ഷണങ്ങൾക്കു പാത്രമാക്കിത്തീർക്കുകയുണ്ടായിട്ടുണ്ട്. അങ്ങിനെ, ഇബ്രാ

ഹീംനബിയുടെ ആന്തരമായ ആത്മഗുണങ്ങൾ ബാഹ്യമായ കർമ്മരൂപങ്ങളിൽക്കൂടി തെളിഞ്ഞു കാണുന്നതുവരെ കഠിനങ്ങളായ ഗുണപരിശോധനകൾക്ക് വിഷയമായിത്തീർന്നിരുന്നു; അങ്ങിനെയുള്ള എല്ലാ അവസരങ്ങളിലും ഇബ്രാഹീം (അ) മിൻെറ ആത്മഗുണങ്ങൾ അജയ്യങ്ങളായി അനുഭവപ്പെടുകയും ചെയ്തു. സത്യശാസനകളെ നിറവേററുന്നതിൽ നേരിടേണ്ടിവരുന്ന ക്ലേശങ്ങളെ കാര്യമാക്കാതെ ദൈവകല്പനകളെ പരിപൂർണ്ണമായി പ്രവൃത്തിയിൽ നിറവേററിയിട്ടുള്ള മഹാ പുരുഷനാണ് യിസ്രായേല്യരുടെ കുലപിതാവായ പുണ്യാത്മാവ്; സ്വന്തതാല്പര്യങ്ങളുടെ രക്ഷക്കുവേണ്ടി സത്യവേദഗ്രന്ഥത്തെ വികൃതപ്പെടുത്തി സത്യമാർഗ്ഗത്തിൽനിന്നു വേറിട്ടുനില്ക്കുന്ന ഗോത്രമതക്കാർക്ക് മേല്പറഞ്ഞ മഹാ പുരുഷൻെറ പിൻമുറക്കാരാണെന്നു പറയുവാനവകാശമില്ല.

സത്യശാസനകളെ പരിപാലിക്കുന്നതിൽ വിജയിച്ചതുകൊണ്ടാണ് യിസ്രായേല്യരുടെ കുലപതിയായ ആ പ്രവാചകനെ തൻെറ രക്ഷിതാവ്, ജനനേതാവാക്കിത്തീർത്തതു്; ത്യാഗപൂർണ്ണങ്ങളായ ജീവിത പരിശോധനകളെ കടന്നുപോകാതെ ജനങ്ങളെ നയിക്കുവാനാവശ്യമായ സിദ്ധികൾ മനുഷ്യന്നു ലഭ്യമല്ല. അങ്ങിനെ അനിഷേദ്ധ്യമായ അർഹതയോടുകൂടെ ഇബ്രാഹീംനബി (അ) ജനങ്ങളുടെ നേതാവായി അധികാരത്തിൽ വന്നപ്പോൾ മനുഷ്യസഹജമായ ചില കുഡുംബതാല്പര്യങ്ങൾ ആ മഹാനുഭാവൻെറ ആത്മാവിൽ അങ്കുരിക്കാതിരുന്നില്ല. തൻെറ സന്തതികളിലുംകൂടെ ജനനേതാവായൊരു വ്യക്തിയെ നിയോഗിച്ചു കിട്ടുവാനുള്ള പ്രത്യാശയായിരുന്നു അതു. തൻെറ അങ്ങിനെയുള്ള ആ താല്പര്യത്തെ ദൈവസന്നിധിയിൽ ആത്മാർത്ഥമായി വെളിപ്പെടുത്തുകയും ചെയ്തു. തൻെറ സന്തതികളിലൊരു ജനനേതാവുണ്ടാകണമെന്ന ഇബ്രാഹീം (അ) മിൻെറ പ്രത്യാശയെ ലോകരക്ഷിതാവ് നിഷേധിക്കുകയുണ്ടായില്ല: മനുഷ്യൻെറ പ്രകൃതിയിൽ നൈസർഗ്ഗികമായി വളർന്നുകൂടുന്നൊരു താല്പര്യമാകയാൽ ദൈവീകമായ ദയാദാക്ഷിണ്യങ്ങൾക്കു വിഷയമാകാവുന്നൊരു സംഗതിയാണതു്; വെറുതെ തൻെറ സന്തതികളാണെന്നുള്ളതു മാത്രമായാൽ താൻ പ്രത്യാശിക്കുന്ന വിധത്തിലുള്ള നേതൃത്വത്തിന്നു പററുകയില്ലെന്നുള്ള സംഗതിയാണ് ആ വിഷയത്തിൽ ഇബ്രാഹീംനബി (അ) യുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ട പ്രധാനമായ വസ്തുത. പ്രവാചകൻെറ സന്തതികളായാൽത്തന്നെ, ദൈവദത്തങ്ങളായ ജീവിതസിദ്ധികളെ ക്രമവിരുദ്ധമായി വിനിയോഗിച്ചുകൊണ്ടിരിക്കുന്ന കൂട്ടൎക്കു, ദൈവീകമായ ലോകനേതൃത്വത്തിൻെറ പ്രതിജ്ഞ ലഭിക്കയില്ല; ധാർമ്മികമായ ബന്ധങ്ങൾ മുറിക്കപ്പെട്ടാൽ പിന്നെ പാരമ്പര്യബന്ധങ്ങൾ വിലപോവുകയില്ല.

ഇബ്രാഹീംനബി (അ) തന്നെയും പാരമ്പര്യത്തിൻെറ കാര്യത്തിൽ നിരുപാധികമായ താല്പര്യമുള്ള വ്യക്തിയല്ല; ആ മഹാ പുരുഷൻെറ ആത്മചരിത്രത്തിൻെറ ഓരോ ദശകളിലും ഈ വസ്തുത തെളിഞ്ഞുകാണാവുന്നതാണ്. ക്ഷേത്രത്തിലെ പൂജാരികളുടെ പാരമ്പര്യമാണ് ആ പുണ്യപുരുഷന്നു ജന്മസിദ്ധമായി ലഭിച്ചിട്ടുണ്ടായിരുന്നതു്; അദ്ദേഹത്തിൻെറ പിതാവും കുഡുംബതലമുറകളും ബാബിലോണിയായിലെ വിഗ്രഹാരാധനക്കാരുടെ പൂജാരികളായിരുന്നു. അദ്ദേഹത്തിൻെറ പിതാവ് വിഗ്രഹങ്ങളെ കൊത്തിയുണ്ടാക്കി വിററു പണമെടുത്തിരുന്നുവെന്നുകൂടി മനസ്സിലാക്കിയാൽ, വിഗ്രഹാരാധനയുടെ നിലനില്പ് അദ്ദേഹത്തിൻെറ പൂർവ്വപാരമ്പര്യത്തിന്നു എത്രമാത്രം താല്പര്യമുള്ള സംഗതിയായിരുന്നുവെന്നു് ഗ്രഹിക്കാവുന്നതാണ്. മലിനമായ ആ പാരമ്പര്യത്തെ ഉടച്ചുതകർത്തുകൊണ്ടു സത്യത്തിന്നുവേണ്ടിയുള്ള ആത്മാർപ്പണത്തിൻേറതായ സാംസ്കാരീകപാരമ്പര്യത്തെ സ്ഥാപിച്ച ആദ്ധ്യാത്മിക വിപ്ലവകാരിയാണ് ആ സത്യാന്വേഷകൻ; അദ്ദേഹത്തിൻെറ പാരമ്പര്യമാകട്ടെ, വെറും രക്തബന്ധങ്ങൾ അവകാശപ്പെടുന്നതുകൊണ്ടു മാത്രം പുലർത്തിപ്പോരാവുന്ന കാര്യമല്ല; യഥാർത്ഥത്തിൽ, സാക്ഷാൽ സത്യമായ ദൈവത്തിന്നു സർവ്വാത്മനാ സമർപ്പിച്ച ജീവിതഗതി തുടരുന്നതുകൊണ്ടു മാത്രമേ ആ പ്രവാചകൻെറ വിശേഷാത്തരമായ ആദ്ധ്യാത്മിക പാരമ്പര്യത്തെ അവകാശപ്പെടുവാൻ ആവുകയുള്ളൂ. സ്വാർത്ഥത്തിന്നുവേണ്ടി സത്യത്തെ മറച്ചുപിടിച്ചു ജീവിക്കുവാൻ തുടങ്ങിയ കാലം മുതൽക്കു യിസ്രായേല്യർക്കു ആ പാരമ്പര്യം അസ്തപ്രായമായിരിക്കുന്നു. അവർക്കു അവകാശപ്പെടാവുന്നതു ആ പുണ്യപുരുഷനുമായുള്ള രക്തബന്ധം മാത്രമാണ്; അതു ആ മഹാശയൻെറ ദൃഷ്ടിയിൽ വിലപ്പോകുന്ന ഒരു വസ്തുവും അല്ല; എന്നാൽ യഹൂദരും ക്രിസ്ത്യാനികളും, ഖുർആനിൻെറ അനുയായികളായ മുസ്ലിംകളും ആ മഹാ പുരുഷനെ തങ്ങളുടെ കുലനേതാവായി വാഴ്ത്തുന്നു എന്നതു ഒരു പരമാർത്ഥം മാത്രമാണ്. പക്ഷെ, യഹൂദർ അങ്ങിനെ വാഴ്ത്തുന്നതു ആ മഹാത്മാവ്, അവരുടെ ഗോത്രപിതാവായ ഇസ്രായേലിൻെറ (പിതാവായ ഇസ്ഹാക്ക്നബിയുടെ) പിതാവായതുകൊണ്ടും, ക്രിസ്ത്യാനികൾ അങ്ങിനെ ചെയ്യുന്നതു, അവരുടെ പ്രവാചകൻ യേശു (ഈസാ അ:) ഒരു യിസ്രായേൽ ഗോത്രക്കാരനായതുകൊണ്ടും മാത്രമാണ്. ഖുർആനിൻെറ

അനുയായികൾ അദ്ദേഹത്തെ സ്വീകരിക്കുന്നതു വെറും രക്തബന്ധത്തെ മുൻനിറുത്തിക്കൊണ്ടല്ലതന്നെ; അനാശാസ്യങ്ങളും അനർത്ഥകരങ്ങളുമായ ആചാരമുറകളെ അടിച്ചുതകർത്തു, അനശ്വരമായ ആദ്ധ്യാത്മിക സംസ്കാരത്തിൻെറ അടിത്തറ ഉയർത്തുകയും ആത്മാർപ്പണം ചെയ്കയും അദ്ധ്വാനിക്കയും ചെയ്ത സത്യമാത്രനിരതനായ മഹാപുരുഷൻെറ നിലക്കാണ്.

"ബി കലിമാതിൻ" എന്ന വാക്യാംശത്തെയാണ് "ചില വാക്കുകളെക്കൊണ്ടു" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. ചില "കർമ്മശാസനകളെക്കൊണ്ടു" എന്നു ഇതിന്നു അർത്ഥനിർണ്ണയം ചെയ്യപ്പെട്ടിരിക്കുന്നു; (തബരി).

പരമ്പരകളായി പൂജിക്കപ്പെട്ടുവന്നിരുന്ന വിഗ്രഹദൈവങ്ങളെ പുറംതള്ളിക്കൊണ്ടു സാക്ഷാൽ സത്യമായ ദൈവത്തെപ്പററി ഗ്രഹിക്കുന്നതിന്നായി സത്യാന്വേഷകനായ പ്രവാചകൻ ഇബ്രാഹീം (അ) തുടർന്നുകൊണ്ടിരുന്ന ശ്രമത്തിൻെറ ഭിന്നഘട്ടങ്ങളെപ്പററി ഖുർആൻ വിശദീകരിക്കുന്നുണ്ടു്. സംഹിത 6ൽ രേഖ 76 മുതൽ 84വരെയുള്ള ഭാഗങ്ങൾ നോക്കുക. ചുററുപാടുകളിലും പ്രകൃതിവസ്തുക്കളിലും കാണപ്പെടുന്ന ബാഹ്യങ്ങളായ വിപരീതപ്രേരണകൾക്ക് എതിരായി പടിപടിയായി വളർന്നു ശക്തിപ്പെട്ടു വേരൂന്നി സ്ഥിരപ്രതിഷ്ഠയെ പ്രാപിക്കുന്ന സത്യവിശ്വാസ ചിന്തയെ, പുണ്യചരിതനായ പ്രസ്തുത പ്രവാചകൻെറ വ്യക്തിമുദ്രയായി ചരിത്രലോകത്തിന്നു കാണുവാൻ സാധിക്കേണ്ടതാണ്.

പരിശോധനാവിഷയമായി കൊണ്ടുവരപ്പെട്ട വസ്തുതകളെപ്പററി മറെറാരു വ്യാഖ്യാനമുള്ളതുകൂടെ ശ്രദ്ധേയമാണ്; വിഗ്രഹങ്ങളെ വിട്ടുമാറിയതിൽ പിന്നെ, പ്രകൃതിയിലെ തേജോഗോളങ്ങളെപ്പററിയാണ് സത്യാന്വേഷിയായ പ്രസ്തുത പ്രവാചകൻ നിരീക്ഷണങ്ങൾ നടത്തിയതു്. നക്ഷത്രങ്ങൾ, ചന്ദ്രൻ, സൂര്യൻ മുതലായവ. അവയിൽ ഓരോന്നും വിഗ്രഹങ്ങളേക്കാൾ മികച്ചവയും, അവയിൽത്തന്നെ ഒന്നു മറെറാന്നിനേക്കാൾ മേന്മയുള്ളവയുമായിരുന്നു. അതിനാൽ വിഗ്രഹങ്ങളെ വിട്ടു സത്യമായ ദൈവത്തെ തേടുന്ന പ്രായമെത്താത്ത മനുഷ്യബുദ്ധിയിൽ, ദൈവത്തെസംബന്ധിച്ച തെററിദ്ധാരണയുളവാക്കുവാൻ മതിയായ വസ്തുക്കളായിരുന്നു അവയിൽ ഓരോന്നുംതന്നെ; എന്നാൽ, ഇബ്രാഹീംനബി(അ)ക്കു അക്കാര്യത്തിൽ അവയുടെ അപര്യാപ്തി അനുഭവപ്പെടുവാൻ താമസമുണ്ടായില്ല; അതിനാൽ ഉളവാകുന്ന അന്ധമായ അജ്ഞതയിൽ ആ നിരീക്ഷകൻ അകപ്പെട്ടുമില്ല. അങ്ങനെ ഇന്ദ്രിയങ്ങൾക്ക് ഗോചരമാകാത്ത അനശ്വരസത്യത്തെ അറിയുന്നതിന്നു അവതന്നെ അദ്ദേഹത്തിന്നു ഉപകരണങ്ങളായിത്തീരുകയാണുണ്ടായതു്; അങ്ങിനെ തൻെറ സ്രഷ്ടാവായ സാക്ഷാൽ രക്ഷിതാവിനെ അറിഞ്ഞപ്പോൾ അവൻെറ ഹിതത്തിന്നുതന്നെസർവ്വാത്മനാ സമർപ്പിക്കുകയും അവൻെറ ആജ്ഞയനുസരിച്ചു, താൻ ഇണങ്ങിക്കഴിഞ്ഞിരുന്ന രാജ്യവും അന്തരീക്ഷവും വിട്ടു വിജനമായൊരു പ്രദേശത്തേക്ക് മാറിത്താമസിക്കയുംചെയ്തു. "ബി കലിമാതിൻ=ചില വാക്കുകൾകൊണ്ടു" തൻെറ രക്ഷിതാവു് പരിശോധിച്ചു എന്നതിന്നു സത്യമാർഗ്ഗത്തിലുണ്ടായ പ്രതിബന്ധങ്ങൾ എന്നുകൂടി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു്. തേജോ ഗോളങ്ങളും ദേശത്യാഗവും എല്ലാം അതിൽ ഉൾപ്പെടുന്നു; (ഹസനുൽ ബസരി).

തങ്ങളുടെ കുലത്തിൻെറ പൂർവ്വപിതാവിൻെറ ജീവിതചരിത്രത്തിൽനിന്നു, യിസ്രായേല്യർ അവരുടെ വർത്തമാനകാലത്തിലെ നിലപാടുകളെ പരിശോധിച്ചു സത്യത്തിന്നുവേണ്ടി, സ്വാർത്ഥലാഭങ്ങളെ ബലികഴിച്ചു ജീവിക്കുവാൻ പഠിക്കേണ്ടതാണ്. സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചുകൊണ്ടു, ജീവിക്കുന്നതിനാൽ വന്നുചേരുന്ന ഭൗതികനഷ്ടങ്ങൾ തങ്ങളുടെ രക്ഷിതാവിൻെറ പക്കൽനിന്നുള്ള പരിശോധനയാണെന്നു ഉണർന്നു അവർ പ്രവർത്തിക്കേണ്ടതാണ്. എന്നാൽ മാത്രമേ തങ്ങളുടെ പൂർവ്വപിതാവിനെപ്പോലെ അവർക്കു ജീവിതസാഫല്യങ്ങൾ നേടി വിജയിക്കുവാൻ സാധിക്കുകയുള്ളു. സത്യത്തിനു സമർപ്പിച്ചു ജീവിക്കുന്ന വ്യക്തികൾക്കു ഇബ്രാഹീ(അ)മിൻെറ സത്യമതമാർഗ്ഗത്തെ പിന്തുടരാതെ വിട്ടുകളയുവാൻ കഴിയുകയില്ല. ഖുർആനിൻെറ പിൻഗാമികളോടുംകൂടി ഇബ്രാഹീം (അ) മിൻെറ മതമാർഗ്ഗത്തെ പിന്തുടരുവാൻ ഖുർആൻ ശാസിക്കുന്നതിൽനിന്നു മേല്പറഞ്ഞ സംഗതി വ്യക്തമാകുന്നതാണ്.

"ഇമാമൻ" എന്ന ശബ്ദത്തെയാണ് നേതാവു് എന്നു ഭാഷാന്തരപ്പെടുത്തിയിരിക്കുന്നതു. ഇമാമൻ എന്ന പദത്തിന്നു പ്രാഥമികമായി കാണപ്പെടുന്നതു, മുന്നണിയിൽ നില്ക്കുന്ന വ്യക്തി അല്ലെങ്കിൽ വസ്തു എന്ന അർത്ഥമാണു, അതിനാൽ മതനേതാവു്, സാമൂഹ്യമായി ചെയ്യപ്പെടുന്ന പ്രാർത്ഥനയെ നയിക്കുന്ന വ്യക്തി, മാതൃകാപുരുഷൻ; മാർഗ്ഗദർശനത്തിനുള്ള നിയമസംഹിത, തെളിവായി കൊണ്ടുവരപ്പെടുന്ന, പുസ്തകമൂലമായ രേഖ

125. നാം ആ ഗൃഹത്തെ ആക്കിയതും (സ്മരിക്കുവിൻ)
ജനങ്ങൾക്കൊരു സമ്പർക്കസ്ഥലവും,
അഭയവു(മാക്കിയതു).
നിങ്ങൾ കൈക്കൊള്ളുകയും ചെയ്യിൻ;
ഇബ്രാഹിമിൻെറ നിലപാടിൽനിന്നും
ഒരു പ്രാർത്ഥനാസ്ഥാനത്തെ.
നാം പ്രതിജ്ഞാ (ശാസന) നടത്തുകയും ചെയ്തു,
ഇബ്രാഹിമിനോടും ഇസ്മായിലിനോടും;
നിങ്ങൾ രണ്ടു പേരും ശുദ്ധമാക്കുകയെന്നു,
എൻെറ ഗൃഹത്തെ;
പ്രദക്ഷിണക്കാർക്കും ഭജനമിരിക്കുന്നവർക്കും;
കുമ്പിടുന്നവർക്കും പ്രണമിക്കുന്നവർക്കുംവേണ്ടി.[154]

١٢٥- وَإِذْ جَعَلْنَا الْبَيْتَ مَثَابَةً لِّلنَّاسِ
وَأَمْنًا ۖ
وَاتَّخِذُوا مِن مَّقَامِ إِبْرَاهِيمَ مُصَلًّى ۖ
وَعَهِدْنَا إِلَىٰ إِبْرَاهِيمَ وَإِسْمَاعِيلَ
أَن طَهِّرَا بَيْتِيَ
لِلطَّائِفِينَ وَالْعَاكِفِينَ وَالرُّكَّعِ
السُّجُودِ ۝

ഗദ്യഭാഷ

125. നാം ഗൃഹത്തെ ജനങ്ങൾക്കൊരു സമ്പർക്കസ്ഥലവും അഭയവുമാക്കിയതും (നിങ്ങൾ സ്മരിക്കുവിൻ); നിങ്ങൾ ഇബ്രാഹിമിൻെറ നിലപാടിൽനിന്നു ഒരു പ്രാർത്ഥനാസ്ഥാനത്തെ കൈക്കൊള്ളുകയും ചെയ്യിൻ; നിങ്ങൾ രണ്ടുപേരും എൻെറ ഗൃഹത്തെ, പ്രദക്ഷിണം ചെയ്യുന്നവർക്കും ഭജനമിരിക്കുന്നവർക്കും കുമ്പിടുന്നവർക്കും പ്രണാമം ചെയ്യുന്നവർക്കും വേണ്ടി, ശുദ്ധീകരിക്കുവിൻ എന്നു നാം ഇബ്രാഹീമിനോടും ഇസ്മായീലിനോടും പ്രതിജ്ഞചെയ്തതും (സ്മരിക്കുവിൻ).

എന്നെല്ലാം ഇതിന്നു അർത്ഥങ്ങൾ ഉണ്ടു; നിയമസംഹിത എന്നും തെളിവായിക്കൊണ്ടുവരപ്പെടുന്ന പുസ്തകമൂലമായ രേഖ എന്നും ഉള്ള അർത്ഥങ്ങളിൽ ഖുർആനിൽതന്നെ ഈ വാക്ക പ്രയോഗിക്കപ്പെട്ടിട്ടുണ്ടു. സംഹിത 11ൽ രേഖ 17ഉം സംഹിത 36ൽ രേഖ 12ഉം നോക്കുക. നിരുപാധികമായി പ്രയോഗിക്കപ്പെടുമ്പോൾ നല്ലകാര്യങ്ങളുടെ നേതൃസ്ഥാനത്തു നിലകൊള്ളുന്ന വ്യക്തി അല്ലെങ്കിൽ നല്ലകാര്യത്തിൽ മുൻഗണന കൊടുക്കപ്പെടുന്ന വസ്തു എന്ന അർത്ഥമാണു ഈ വാക്കിന്നുള്ളതു എന്നാൽ സന്ദർഭോചിതമായിട്ടു ദുഷിച്ച പ്രസ്ഥാനങ്ങളെ നയിക്കുന്ന വ്യക്തികളെ കുറിക്കുന്നതിന്നുകൂടി ഈ വാക്കുതന്നെ പ്രയോഗിച്ചു കാണുന്നുണ്ടു്. സംഹിത 9ൽ രേഖ 12 നോക്കുക. അതിനാൽ സന്ദർഭോചിതമായിട്ടുവേണം ഈ വാക്കിന്നു അർത്ഥനിർണ്ണയം ചെയ്യുവാൻ.

154. തൻെറ സന്തതികളുടെ കൂട്ടത്തിൽത്തന്നെ തൻെറ ത്യാഗപൂർണ്ണമായ ജീവിതപരിശ്രമങ്ങളാൽ സ്ഥാപിക്കപ്പെട്ട ധാർമ്മികപാരമ്പര്യത്തെ പുലർത്തുന്നതായൊരു ജനനേതാവിനെ നിയോഗിക്കണമെന്ന പ്രാർത്ഥനയാണു്; യിസ്രായേല്യരുടെ കുലപതിയായ പ്രവാചകൻ—ഇബ്രാഹിംനബി(അ)—തൻെറ രക്ഷിതാവിനോടു ചെയ്തതു്. പക്ഷെ ക്രമവിരുദ്ധമായ പ്രവൃത്തികളിൽ വിഹരിക്കുന്ന ജനങ്ങൾക്കു സ്വാർത്ഥതാല്പര്യങ്ങളെ പുലർത്തുന്ന ദുഷിച്ച പ്രസ്ഥാനങ്ങളുടെ നേതാവാകുവാനല്ലാതെ ത്യാഗപൂർണ്ണമായ ധാർമ്മികപ്രസ്ഥാനങ്ങളുടെ നേതൃത്വത്തെ കൈവരിക്കുവാൻ സാദ്ധ്യമല്ല; എന്നാൽ ആ മഹാനുഭവൻെറ സന്തതികളിൽതന്നെ അവിടുത്തെ ത്യാഗശീലങ്ങൾ അടിത്തറയിട്ട ആ ധാർമ്മിക പ്രസ്ഥാനത്തെ പരിപൂർണ്ണതയിലേക്കു നയിക്കുന്ന ജനനായകന്മാർ ഉണ്ടാകാതിരിക്കയില്ലെന്നുള്ള പ്രതിജ്ഞതന്നെ, അക്രമകാരികൾക്കു എൻെറ പ്രതിജ്ഞ ലഭിക്കുകയില്ലെന്ന ദൈവീകമായ പ്രസ്താവനയിൽ ഉൾപ്പെട്ടിരിക്കുന്നു. രേഖ 124ൽ ഈ വസ്തുതയാണു ഖുർആൻ യിസ്രായേല്യരെ അനുസ്മരിപ്പിച്ചതു. അതിനെത്തുടർന്നു രേഖ 125ൽ ഇബ്രാഹീംനബിയുടെ സത്യതല്പരത സാർവ്വലൗകികമായൊരു ധാർമ്മികപ്രസ്ഥാനമായി വളർന്നുവന്ന പരിതസ്ഥിതികളെ, ഖുർആൻ, യിസ്രായേല്യരുടെ സ്മരണയിൽ കൊണ്ടുവരുന്നു; സ്വാർത്ഥതാല്പര്യങ്ങളെ വെച്ചുപുലർത്തുന്നതിന്നായി സത്യശാസനകളെ ഹോമിച്ചു, സത്യമാർഗ്ഗത്തിൽനിന്നു വേറിട്ടു നില്ക്കുന്ന ജനങ്ങൾ —യിസ്രായേല്യർ— സത്യത്തെ പുലർത്തുന്നതിന്നായി ജീവിതസർവ്വസ്വവും ബലിയർപ്പിച്ച ത്യാഗശീലങ്ങൾ സ്ഥാപിച്ച തങ്ങളുടെ കുലപതിയായ, പ്രവാചകൻെറ പാരമ്പര്യത്തിന്നവകാശികളാകുന്നതെങ്ങിനെയാണു്? യിസ്രായേല്യരുടെ വർത്തമാനകാലത്തെ സ്വാർത്ഥതല്പരതകളെ വെച്ചുകൊണ്ടു, തങ്ങളുടെ കുലപതിയായ പ്രവാചകൻെറ ത്യാഗചരിതങ്ങളെ പരിശോധിച്ചാൽ യിസ്രായേല്യർക്കുതന്നെ വ്യക്തമായി

ത്തീരുന്ന കാര്യമാണിതു; മനുഷ്യൻ സത്യമാർഗ്ഗത്തിൽ തുടങ്ങിവെച്ച ത്യാഗശീലത്തിന്റെ വിശ്വമഹാസ്മാരകമാണ് കഅ്ബ; ഖുർആൻ യിസ്രായേല്യരുടെ ശ്രദ്ധയിൽ പ്രഥമമായി കൊണ്ടുവരുന്നതു, കഅബാമന്ദിരത്തെ ലോകമാസകലമുള്ള ജനങ്ങൾക്ക സമ്പർക്കസ്ഥാനവും അഭയസ്ഥാനവുമാക്കി എന്ന വസ്തുതയല്ല; അങ്ങിനെ വിശേഷോത്തരമായ ജനസമ്പർക്കത്തിന്നും അഭയസിദ്ധിക്കുമുള്ള കേന്ദ്രസ്ഥാനമായി കഅബ വളർന്നുവരുമാറ് അതു സ്ഥാപിക്കപ്പെട്ട പരിതസ്ഥിതികളെക്കുറിച്ചാണ്;

കഅബ വിശേഷോത്തരമായ ജനസമ്പർക്കസ്ഥാനമായിത്തീർന്നതു ഇബ്രാഹീംനബി (അ) മക്കായിൽ വന്ന ആ മന്ദിരത്തെ പടുത്തുയർത്തിയതിന്നു ശേഷമാണെന്നതിൽ സന്ദേഹമില്ല; മക്ക വിജനമായൊരു ഭൂപ്രദേശമായിരുന്നുവല്ലോ? ഇബ്രാഹീനബി (അ) യുടെ ജന്മദേശമാണെങ്കിൽ അന്നത്തെ കലാശാസ്ത്രസ്ഥാപനങ്ങളുടെ ഉറവിടമായ ബാബിലോണിയായിലായിരുന്നു; അന്നത്തെ ഇറാഖ്‌രാജ്യത്തിന്റെ സാംസ്കാരികനഗരിയായിരുന്നു ബാബിലോണിയ; സ്വന്തം കൈകൊണ്ടു കൊത്തിയുണ്ടാക്കിയ നിർജ്ജീവസാധനങ്ങളുടെ മുമ്പിൽ മനുഷ്യൻ തലകുനിക്കുന്നതു ബുദ്ധിശൂന്യതയാണെന്നു ചെറുപ്പകാലത്തുതന്നെ മനസ്സിലാക്കിയ ഇബ്രാഹീംനബി (അ) മുതിർന്നുവന്നപ്പോൾ വീടും നാടും ഒരുപോലെ അദ്ദേഹത്തിന്നു വിരോധികളായിത്തീർന്നു; ചുറ്റുപാടു എല്ലാ വശങ്ങളിൽനിന്നും ആ ധീരചിന്തകനെ ഞെരുക്കുകയും അടിച്ചമർത്തുവാൻ ശ്രമിക്കുകയും ചെയ്തു; ആന്തരമായ തന്റെ ആദ്ധ്യാത്മികചിന്തകളെ ഉപേക്ഷിക്കയാണെങ്കിൽ ആ സത്യാന്വേഷിക്കു അവരുടെ ആനുകൂല്യങ്ങൾ സുലഭമായി അനുഭവിക്കാമായിരുന്നു; അവരുടെ ആചാരദൈവങ്ങളെ അലോസരപ്പെടുത്താതെ അടങ്ങിയിരുന്നാൽ മാത്രംമതി അവരിൽ നിന്നു അദ്ദേഹത്തിന്നു ഉണ്ടായിക്കൊണ്ടിരുന്ന ഉപദ്രവങ്ങൾ അവസാനിക്കുവാൻ എന്നു അവർ അദ്ദേഹത്തെ അനുസ്മരിപ്പിച്ചു; പക്ഷെ അവരുടെ അന്ധതയെ അകറ്റുവാൻ ഉത്സാഹിക്കാതെ കണ്ടു അവിടെ ജീവിച്ചുപോരുകയെന്നതു അദ്ദേഹത്തിന്നു അസാദ്ധ്യമായിരുന്നു; അതിനാൽ തന്റെ ജന്മദേശമായ നഗരത്തിലെ സുഖജീവിതത്തിന്റെ തണലുകളെ പുറന്തള്ളിക്കൊണ്ടു അറേബിയായിലെ ആ വിജനസ്ഥലത്തു തന്റെ ഒരു കുടുംബവുമായി ആവാസമുറപ്പിച്ചു; മേല്പറഞ്ഞ വിജനപ്രദേശത്തു താനും തന്റെ പുത്രനും കൂടി പടുത്തുയർത്തിയ സത്യസേവാഗൃഹമാണ് കാലാന്തരത്തിൽ ലോകമാസകലമുള്ള സത്യമാർഗ്ഗവാദികളുടെ പ്രതിവർഷ സമ്പർക്കസ്ഥലമായി മാറിയതു്; ജനിച്ചുവളർന്ന വീട്ടിലുംകൂടി അഭയം ലഭിക്കുവാനില്ലാതെ നാടുവിട്ടുചെന്നു് മണൽക്കാടുകൾക്കിടയിലുള്ള വിജനപ്രദേശത്തു ആ പുണ്യാത്മാവു പടുത്തുണ്ടാക്കിയ വസതി ലോകത്തിന്നു പൊതുവെയുള്ളൊരു അഭയസ്ഥാനമായിത്തീരുന്നു; ഈ രണ്ടു സംഗതികളും ഇന്നു അനിഷേധ്യങ്ങളായ രണ്ടു പരമാർത്ഥങ്ങളാണ്; എന്നാൽ ഈ വസ്തുക്കളുടെ പിന്നിൽ അമർന്നുകിടക്കുന്ന അദ്ധ്യാപനങ്ങളും ആത്മാർപ്പണങ്ങളും അനുസ്മരിക്കേണ്ടതാണ്; ആ പുണ്യാത്മാവുമായി പാരമ്പര്യബന്ധമുണ്ടെന്നു വാദിക്കുന്ന ഗോത്രമതക്കാർ, സത്യമാർഗ്ഗത്തിൽനിന്നു മാറിനില്ക്കുകയല്ല വേണ്ടതു തങ്ങളുടെ കുലപതിയായ ആ മഹാപുരുഷൻ അനുഷ്ഠിച്ചിട്ടുള്ള ത്യാഗശീലങ്ങളെ പരിശീലിക്കയും ആ ത്യാഗങ്ങളുടെ സ്മാരകത്തെ തങ്ങളുടെ പാരമ്പര്യത്തിന്റെ മഹൽസ്മാരകമായി അംഗീകരിച്ചു, തങ്ങളുമായി അതിൽ യോജിക്കുന്ന ജനങ്ങളോടു സഹകരിച്ചു വിശ്വമഹാസമുദായമായി മുന്നേറുകയുമാണ് ചെയ്യേണ്ടതു്.

ഗൃഹം എന്നു നിരുപാധികമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു, സത്യദൈവാരാധനക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതും ദൈവത്തിന്റെ ഗൃഹമെന്നു വിളിക്കപ്പെട്ടുവരുന്നതുമായ കഅ്ബയെ ഉദ്ദേശിച്ചാണ്. അറബികളുടെ ചരിത്രരേഖകൾ വഴി അന്വേഷിക്കുമ്പോൾ, കഅ്ബയുടെ സ്ഥാപനം അബ്രഹാമിന്റെ അറേബ്യയിലേക്കുള്ള ആഗമനത്തോടുകൂടെ ആരംഭിക്കുന്നു; അല്ലെങ്കിൽ അറിയപ്പെടുന്നു. ആരംഭദശയിൽനിന്നു തന്നെ അതു അറബികളുടെ ആദ്ധ്യാത്മിക കേന്ദ്രമായിരുന്നു; അറേബ്യയിൽനിന്നു തളിർത്തു അന്താരാഷ്ട്രീയമായ ആദ്ധ്യാത്മിക പ്രസ്ഥാനമായി വളർന്നപ്പോൾ ഇസ്ലാമിന്റെ അന്താരാഷ്ട്രീയമായ ഐക്യമുദ്രയും, സത്യാരാധകന്മാരുടെ ആഭിമുഖ്യസ്ഥാനവുമായി കഅബ അംഗീകരിക്കപ്പെട്ടു. ദൈവാരാധനകൾ സാഹിത്യമത്സരങ്ങൾ വ്യാപാരങ്ങൾ മുതലായ കാര്യങ്ങൾക്കായി അറബി ഗോത്രങ്ങൾ ആദിമദശ മുതൽക്കുതന്നെ സമ്പർക്കങ്ങൾ പുലർത്തിക്കൊണ്ടിരുന്ന സാമൂഹ്യകേന്ദ്രമാണ് കഅ്ബ. അലംഘനീയമായ പവിത്രതയുടെ ഒരു അതിരും അതിർത്തിയും അതിന്നു ഉള്ളതായി അംഗീകരിക്കപ്പെട്ടുപോന്നിരിക്കുന്നു. ശത്രുവും മിത്രവും ഒരുപോലെ അതു അനുസരിക്കാൻ പ്രായേണ ഔത്സുക്യം കാണിക്കയും ചെയ്തിട്ടുണ്ടു്. അതിന്റെ അതിർത്തിക്കുള്ളിൽ യുദ്ധവും ആക്രമണവും നിരോധിക്കപ്പെട്ടിരിക്കുന്നു.

അതു പുരാതനകാലം മുതൽ നിരോധിക്കപ്പെട്ടുപോന്നിട്ടുള്ളതുമാണ്. കാരണത്തിന്നാവട്ടെ കളിക്കാവട്ടെ, ഒരു ജീവിയേയും അതിന്റെ അതിരുകൾക്കകത്തുവെച്ച് കൊലചെയ്യുന്നതു നിഷിദ്ധമായസംഗതിയാണ്. അങ്ങിനെ ചില അവസരങ്ങളിൽ ആയുധങ്ങളുംകൂടി അതിന്നകത്തു കൊണ്ടുനടക്കുന്നതു അനുവദിക്കപ്പെട്ടിരുന്നില്ല എന്നു അറിയുമ്പോൾ, ആദ്യകാലം മുതല്ക്കുതന്നെ കഅ്ബയുടെ പവിത്രതയ്ക്കു ലഭിച്ചിരുന്ന അംഗീകാരത്തിന്റെ അളവ് ഊഹിക്കാവുന്നതാണ്. മോശെയുടെ കർശനമായ നിയമനടത്തിപ്പിൽക്കൂടി, നിരുപാധികമായ ജീവരക്ഷ ലഭിച്ചിരുന്നതും "നിങ്ങൾ ലേവ്യർക്കു കൊടുക്കുന്ന പട്ടണങ്ങളിൽ ആറു സങ്കേത നഗരങ്ങളായിരിക്കേണം; കുല ചെയ്തവൻ അവിടേക്കു ഓടിപ്പോകേണ്ടതിന്നു നിങ്ങൾ അവയെ അവന്നുവേണ്ടി വേറു തിരിക്കേണം" എന്ന നിയമത്താൽ (സംഖ്യ 35ൽ 6) പുലർന്നുവന്നിരുന്നതുമായ അഭയനഗരങ്ങളെപ്പോലെതന്നെ, കഅ്ബ അലംഘനീയമായ ഒരു അഭയസ്ഥാനമായിത്തീർന്നിരുന്നു; മോശെ കൊണ്ടുവന്ന നിയമകല്പനയിൽ കാണപ്പെടുന്ന അഭയനഗരങ്ങൾ കഅ്ബയുടെ അലംഘനീയമായ പവിത്രതയെ അനുസ്മരിപ്പിക്കുന്ന അനന്തരസ്ഥാപനങ്ങളാണ്. പഴയ നിയമത്തിലെ ചില വരികൾ നോക്കുക: "യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ; നിങ്ങൾ യോർദ്ദാൻ കടന്നു കനാൻദേശത്തു എത്തിയ ശേഷം ചില പട്ടണങ്ങൾ സങ്കേത നഗരങ്ങളായി വേറുതിരിക്കേണം; അബദ്ധവശാൽ ഒരുത്തനെ കൊന്നുപോയവൻ അവിടേക്കു ഓടിപ്പോകേണം. കുല ചെയ്തവൻ സഭയുടെ മുമ്പാകെ വിസ്താരത്തിന്നു നില്ക്കുംവരെ, അവൻ പ്രതികാരകന്റെ കയ്യാൽ മരിക്കാതിരിക്കേണ്ടതിന്നു അവ സങ്കേത നഗരങ്ങൾ ആയിരിക്കേണം. (സംഖ്യ 35ൽ 9 മുതൽ 13 വരെ). കുററവാളികളെ പിടികൂടുവാൻ പാടില്ലാത്തതായി പുലർത്തപ്പെട്ടുപോന്നിരുന്ന മദ്ധ്യകാലയൂറോപ്പിലെ "സുരക്ഷിതപുണ്യാലയങ്ങളെ"പ്പോലെയെന്നല്ല, കാലത്തിന്റെ മാററങ്ങൾക്കു വിധേയമാകാത്ത വിധത്തിൽ അലംഘനീയമായ അഭയസ്ഥാനമായിത്തീർന്ന കഅ്ബ, അങ്ങിനെ അംഗീകരിക്കപ്പെട്ടതു അതിന്റെ അടിസ്ഥാന സ്ഥാപകൻ അർപ്പിച്ചിട്ടുള്ള ആത്മത്യാഗങ്ങളുടെ ഫലമായിട്ടാണ്. അലംഘനീയമായ സത്യത്തിന്നു ആത്മാർപ്പണംചെയ്തുപോന്ന കർമ്മജ്ഞാനപദ്ധതികളാണ് ഇബ്രാഹീംനബി (അ) യുടെ ത്യാഗപൂർണ്ണമായ നിലപാടിൽ ലോകത്തിന്നു കാണുവാനുള്ളതു്. അതിനാൽ അനശ്വരമായ ജീവിതസാഫല്യങ്ങളെ സംബന്ധിച്ച ആവശ്യബോധത്തെ സാക്ഷാൽക്കരിക്കുന്ന മനുഷ്യർ—പ്രാർത്ഥിക്കുന്ന വ്യക്തികൾ—ആ ആദ്ധ്യാത്മിക നേതാവിന്റെ നിലപാടിൽനിന്നു തങ്ങളുടെ പ്രാർത്ഥനാസ്ഥാനങ്ങളെ കൈക്കൊള്ളേണ്ടതാണ്. "ഇബ്രാഹീമിന്റെ നിലപാടിൽനിന്നു നിങ്ങൾ ഒരു പ്രാർത്ഥനാസ്ഥാനത്തെ കൈക്കൊള്ളുവിൻ" എന്ന വാക്യാംശത്താൽ ഖുർആൻ വ്യക്തമാക്കുന്ന വസ്തുതയിതാണ്. യിസ്രായേൽ മക്കളെ സംബോധന ചെയ്തുകൊണ്ടു തുടങ്ങിയ പ്രതിപാദനത്തിൽ, പ്രത്യേകമായി ഇബ്രാഹീംനബി (അ) യുടെ നിലപാടിൽനിന്നൊരു പ്രാർത്ഥനാസ്ഥാനത്തെ സ്വീകരിക്കുവാൻ കല്പിക്കുന്നതിനാൽ യിസ്രായേല്യരുടെ താല്ക്കാലികമായ നില വെളിപ്പെടുന്നുണ്ടു്. തങ്ങളുടെ മൂലഗോത്രപിതാവിന്റെ പാരമ്പര്യത്തെ യിസ്രായേല്യർ വിട്ടുകളഞ്ഞിരിക്കുന്നു എന്നുള്ളതാണ് അതു. പക്ഷെ, നിർമ്മാണപരമായൊരു ശാസനയുടെ ഉത്തരവിൽക്കൂടിയാണ് ആ വ്യതിയാനത്തിന്റെ അനർത്ഥനിലയെ ഖുർആൻ അവർക്കു അനുസ്മരിപ്പിക്കുന്നതു്. തെററുകളുടെ പേരു പറഞ്ഞു മനുഷ്യനെ ശരിയിൽനിന്നു തടഞ്ഞുനിർത്തുകയല്ല, തെററുകളിൽനിന്നു തട്ടിമാററിക്കൊണ്ടു് ശരിയായതിൽ പ്രവേശിക്കുവാനാവശ്യമായ പ്രേരണ കൊടുക്കുകയാണ് ഖുർആൻ ചെയ്യുന്നതു്. ഇബ്രാഹീംനബി (അ) യുടെ ആത്മീയ പാരമ്പര്യത്തിൽനിന്നു അശേഷമായി അകന്നുപോയിരിക്കുന്ന അനന്തിരവന്മാരെ അഭിസംബോധനം ചെയ്തുകൊണ്ടു ഖുർആൻ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ശാസനയിൽനിന്നു ഈ വസ്തുത വ്യക്തമായിത്തീരുന്നുണ്ടു്. അങ്ങിനെ യിസ്രായേൽ സന്തതികളെ അവരുടെ ആദ്ധ്യാത്മിക പിതാവിന്റെ പാരമ്പര്യത്തിലേക്കു് മടങ്ങിച്ചെല്ലുവാൻ കല്പിച്ചുകൊണ്ടു, കഅ്ബയുമായി ആ പാരമ്പര്യത്തിന്നുള്ള സ്ഥായീബന്ധത്തെ ഖുർആൻ വെളിപ്പെടുത്തുന്നു. അതു ഒരു പ്രതിജ്ഞയാണ്; ദൈവമാണ് ആ പ്രതിജ്ഞയുടെ കർത്താവു്; ഇബ്രാഹീമിന്റെ സന്തതികളിൽ, കഅ്ബയുമായി അഭേദ്യമായ ബന്ധങ്ങൾ പുലർത്തിപ്പോരുവാൻ സംഗതിയായതു, ആ വിജനപ്രദേശത്തു വരുവാനിടയായ ഇസ്മായീലിന്നാകയാൽ, ഇസ്മായീലിന്നാണ് കഅ്ബയുടെ വിഷയത്തിൽ ചെയ്യപ്പെട്ട പ്രതിജ്ഞയിൽ ഇബ്രാഹീമിന്റെകൂടെ പ്രത്യേകമായി ചുമതല നല്കപ്പെട്ടതു്. ആ ചുമതലയും പ്രതിജ്ഞയും, അവർ രണ്ടുപേരും കഅ്ബയെ ശുദ്ധീകരിക്കണമെന്നുള്ളതാണ്. ശുചീകരണത്തിൽ അവർക്കു വ്യക്തിപരമായ ചുമതലകളുണ്ടെന്നല്ലാതെ കഅ്ബയുടെ ഉപയോഗ

126. ഇബ്രാഹീം പറഞ്ഞതും (നിങ്ങൾ സ്മരിക്കുവിൻ)
എൻെറ രക്ഷിതാവേ, നീയിതിനെ
നിർഭയമായൊരു നഗരമാക്കേണമേ;
ഇതിലെ ആളുകൾക്കു നീ നല്കുകയും ചെയ്യേണമേ!
പഴവർഗ്ഗങ്ങളിൽനിന്നു ചിലതിനെ;
അവരാൽ അല്ലാഹുവിലും അവസാന ദിവസത്തിലും
വിശ്വസിച്ചവർക്കു (നല്കേണമേ).
അവൻ (രക്ഷിതാവു്) പറഞ്ഞു: ഇനി ആർതന്നെ
ധിക്കരിച്ചിരിക്കുന്നു; അവന്നും (ഞാൻ നല്കുന്നതാണ്.)
അപ്പോൾ ഞാൻ അവന്നു
ഭോഗമരുളുന്നതാണ്, കുറഞ്ഞതായിട്ടു;
പിന്നെ നാമവനെ ഞെരുക്കുന്നതാണ്,
നരകത്തിൻെറ ശിക്ഷയിലേക്കു.
(അവൻെറ) പരിണതിയാണ് നികൃഷ്ടമായതു്.[155]

١٢٦- وَإِذْ قَالَ إِبْرٰهِمُ رَبِّ اجْعَلْ هٰذَا بَلَدًا
اٰمِنًا وَّارْزُقْ أَهْلَهُ مِنَ الثَّمَرٰتِ
مَنْ اٰمَنَ مِنْهُمْ بِاللّٰهِ وَالْيَوْمِ الْاٰخِرِ ۗ
قَالَ وَمَنْ كَفَرَ فَأُمَتِّعُهُ قَلِيْلًا
ثُمَّ أَضْطَرُّهُ إِلٰى عَذَابِ النَّارِ ۗ
وَبِئْسَ الْمَصِيْرُ ۝

ഗദ്യഭാഷ

126. ഇബ്രാഹീം പറഞ്ഞതും (നിങ്ങൾ സ്മരിക്കുവിൻ):— എൻെറ രക്ഷിതാവേ, നീ ഇതിനെ നിർഭയമായൊരു പട്ടണമാക്കേണമേ! അതിലെ ആളുകൾക്കു—അവരിൽനിന്നു അല്ലാഹുവിലും അവസാനദിവസത്തിലും വിശ്വസിച്ചിട്ടുള്ളവർക്കു—നീ പഴവർഗ്ഗങ്ങളിൽനിന്നു (ചിലതു) നല്കുകയും ചെയ്യേണമേ! അവൻ (അല്ലാഹു) പറഞ്ഞു: ഇനി ആർതന്നെ ധിക്കരിച്ചിരിക്കുന്നു; അവന്നും (ഞാൻ നല്കുന്നതാണ്); അപ്പോൾ ഞാനവന്നു സുഖഭോഗത്തെ, കുറഞ്ഞതായിട്ടു കൊടുക്കുന്നതാണ്; പിന്നെ ഞാനവനെ നരകശിക്ഷയിലേക്കു ഞെരുക്കിനിറുത്തുന്നതാണ്; (അവൻ) അവസാനമായി എത്തിച്ചേരുന്ന അവസ്ഥയാണ് നികൃഷ്ടമായതു്.

ത്തിൽ അവർക്കു പ്രത്യേകാധികാരങ്ങളൊന്നും ഇല്ല. കഅ്ബ സത്യദൈവാരാധകന്മാരുടെ വിഭാഗങ്ങൾക്കെല്ലാം തന്നെ തുല്യോപയോഗമുള്ള സ്ഥാപനമാണ്. യഹൂദഗോത്രത്തിൽ ജനിച്ചവരാകട്ടെ, ക്രൈസ്തവഗോത്രത്തിൽ ജനിച്ചവരാവട്ടെ, മറേറതു വിഭാഗത്തിൽ പെട്ടവരാകട്ടെ, കഅ്ബയെ ന്യായമായി പ്രയോജനപ്പെടുത്തുവാൻ, സത്യത്തിന്നു സമർപ്പിച്ചു ജീവിക്കുന്ന മനുഷ്യർക്കു പൊതുവെ താല്പര്യാവകാശങ്ങൾ ഉണ്ടു്. ഈ രേഖയുടെ പര്യവസാനത്തിൽനിന്നു വ്യക്തമായിത്തീരുന്ന സംഗതിയാണിതു്.

"മഖാമു ഇബ്റാഹീമ" എന്ന വാക്യാംശത്തെയാണ് ഇബ്രാഹീമിൻെറ നിലപാടു എന്നു ഭാഷാന്തരപ്പെടുത്തിയിരിക്കുന്നതു്. ഹജ്ജ് കർമ്മങ്ങളെയാണതു കുറിക്കുന്നതെന്നും, കഅ്ബത്തിൻെറ സമീപസ്ഥങ്ങളായ അറഫ, മുസ്ദലിഫ തുടങ്ങിയ ചില കർമ്മസ്ഥാനങ്ങളെയാണതു കുറിക്കുന്നതെന്നും, ഹറമ് എന്നറിയപ്പെടുന്ന പവിത്രഭൂമിയാകമാനമാണതുകൊണ്ടു വിവക്ഷിക്കപ്പെടുന്നതെന്നും, പവിത്രമായ പ്രണാമസ്ഥലത്തുള്ളൊരു പ്രത്യേക സ്ഥാനത്തെയാണ് കുറിക്കുന്നതെന്നും വ്യാഖ്യാനഭേദങ്ങൾ ഉണ്ടു്. (ഇമാം ഇബ്നു അബ്ബാസ് റ:, മുജാഹിദ് റ ഖതാദ റ:). കഅ്ബയുടെ നിർമ്മാണത്തിന്നായി കല്ലെടുത്തു പൊക്കിക്കൊടുത്തുകൊണ്ടു ക്ഷീണിച്ചവശായപ്പോൾ ഇബ്രാഹീംനബി (അ) കയറിനിന്നു വിശ്രമിച്ചതായൊരു പാറക്കെട്ടിൻെറ പേരാണതെന്നുംകൂടി ഇവിടെ ഒരഭിപ്രായഗതിയുണ്ടു് (തബരി). പവിത്രമായ കഅ്ബക്കുള്ളിൽ, മഖാമു ഇബ്റാഹീമ എന്നറിയപ്പെടുന്ന ഒരു സ്ഥാനമുണ്ടെന്നും ആ സ്ഥാനത്തെക്കുറിച്ചാണ് ഈ രേഖയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതെന്നും ഉള്ള അഭിപ്രായത്തെയാണ് ഇമാം ഇബ്നു ജരീർ (റ) ഈ അഭിപ്രായങ്ങളുടെ കൂട്ടത്തിൽ ഏററവും ഉചിതമാണെന്നു രേഖപ്പെടുത്തിയിരിക്കുന്നതു്; (തബരി). താൻ നില കൊണ്ടിരുന്ന സത്യപ്രധാനമായ സാംസ്കാരികമൂല്യങ്ങളുടെ സ്വതന്ത്രമായ വളർച്ചക്കുവേണ്ടി ഇബ്രാഹീംനബി (അ) ചെയ്ത ത്യാഗപരിശ്രമങ്ങളുമായി ബന്ധപ്പെട്ട ചരിത്രസ്ഥാനത്തെയാണതു കുറിക്കുന്നതെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല.

പ്രാർത്ഥനാ സ്ഥാനമെന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു "മുസ്വല്ലാ" എന്ന പദത്തെയാണ്. പ്രാർത്ഥന ചെയ്യുവാനുള്ള സ്ഥലമെന്നും, സമീപത്തിൽനിന്നു പ്രാർത്ഥിക്കുവാനുള്ള സ്ഥാനമെന്നും രണ്ടു വ്യാഖ്യാനങ്ങൾ ഈ

[155-ാമത്തെ കുറിപ്പ് മറുപുറത്ത്]

വാക്കിന്നും നല്കപ്പെട്ടുകാണുന്നുണ്ട്. (തബരി). കൂട്ടപ്രാർത്ഥന നടത്തുമ്പോൾ പിന്തുടർച്ചക്കാർ പ്രാർത്ഥനയിലെ നേതാവിന്റെ സ്ഥാനത്തെ കൈക്കൊള്ളുന്നു; അല്ലെങ്കിൽ സ്വീകരിക്കുന്നു. എന്നാൽ അവർ പ്രാർത്ഥനയെ നയിക്കുന്ന വ്യക്തിയുടെ സമീപത്തിൽനിന്നു പ്രാർത്ഥിക്കുന്നുവെന്നല്ലാതെ, തങ്ങൾ പ്രാർത്ഥനചെയ്യുന്നതു മേല്പറഞ്ഞ നേതാവിന്റെ സ്ഥാനത്തുനിന്നുകൊണ്ടല്ലെന്നതു സ്മരിക്കത്തക്കതാണ്. അങ്ങിനെ നോക്കുമ്പോൾ, ഇബ്രാഹീമിന്റെ നിലപാടിൽനിന്നു പ്രാർത്ഥനാസ്ഥാനത്തെ കൈക്കൊള്ളുകയെന്നതിന്നു, പ്രസ്തുത സ്ഥാനത്തിന്നു സമീപത്തിൽനിന്നുകൊണ്ടു പ്രാർത്ഥിക്കുകയെന്ന നിഗമനമാണ് യുക്തമായിക്കാണുന്നതു. ഫവസ്സലാത്തു ഇൻദഹു=അതിന്നു (ആ പ്രാർത്ഥനാസ്ഥാനത്തിന്നു) അരികിൽനിന്നു പ്രാർത്ഥിക്കുകഎന്ന വ്യാഖ്യാനത്തെയാണ് യുക്തമായി സ്വീകരിച്ചിരിക്കുന്നതു്; (ഇബ്നുജരീർ). എന്റെ ഗൃഹത്തെ നിങ്ങൾ രണ്ടാളും ശുദ്ധീകരിക്കുക എന്നതിന്നു, വിഗ്രഹപ്രതിഷ്ഠകളാൽ മലിനമാക്കാതെ സൂക്ഷിക്കുക എന്ന അർത്ഥമാണുള്ളതു്. കഅ്ബയുടെ നിർമ്മാണകാലത്തു ജനമദ്ധ്യത്തിൽ നടന്നുകൊണ്ടിരുന്ന ദുരാചാരങ്ങൾ നീചവിചാരങ്ങൾ മുതലായവക്കു വിരുദ്ധമായ നിലയിൽ കഅ്ബയെ കെട്ടിപ്പടുക്കുക എന്ന കല്പനയാണതു വെളിപ്പെടുത്തുന്നതു്. തുടർച്ചയായി പ്രയോഗിക്കപ്പെട്ടുകൊണ്ടിരുന്ന "നാം" എന്ന ബഹുമാന വചനരൂപത്തെ, കഅ്ബയെ സംബന്ധിച്ചുള്ള പ്രതിപാദനത്തിൽ "എന്റെ" എന്നു ഏകവചനമായി മാററിയിരിക്കുന്നതു ശ്രദ്ധിക്കുക; ബഹുദൈവാരാധനയുമായി കഅ്ബത്തിന്നുള്ള പൊരുത്തമില്ലായ്മയെ അതു സൂചിപ്പിക്കുന്നു.

155. കഅ്ബയുടെ നിർമ്മാണകാലത്തു ജനമദ്ധ്യത്തിൽ നിലവിലുണ്ടായിരുന്ന ദുരാചാരങ്ങളിൽനിന്നു വിമുക്തവും വിശുദ്ധവുമായ നിലയിൽ അതിനെ പരിപാലിച്ചുപോരുവാനുള്ള കല്പന, മേല്പറഞ്ഞ സ്ഥാപനത്തിന്റെ നിർമ്മാണത്തിൽ മുൻകയ്യെടുത്തു പ്രവർത്തിച്ച പുണ്യപുരുഷന്മാർക്കു കൊടുത്തിരുന്നുവെന്ന വസ്തുത രേഖ 125ൽ വ്യക്തമാക്കപ്പെട്ടല്ലോ? വർഗ്ഗദേശ വർണ്ണവ്യത്യാസങ്ങൾക്കു പരിഗണനയില്ലാത്ത നിലയിൽ, വ്യക്തിഗതങ്ങളായ വ്യത്യാസങ്ങൾക്കു ബാധകമല്ലാത്ത വിധത്തിൽ, പ്രദക്ഷിണക്കാർ ഭജനമിരിക്കുന്നവർ കുമ്പിടുന്നവർ പ്രണമിക്കുന്നവർ എന്നിങ്ങനെയുള്ള സ്വഭാവഗുണങ്ങളെ പുലർത്തിപ്പോരുന്ന ജനങ്ങൾക്കുവേണ്ടി സാർവ്വലൗകികമായ ലക്ഷ്യത്തിലാണ് കഅ്ബയുടെ ശുദ്ധീകരണത്തിന്നുള്ള കല്പനയും നല്കപ്പെട്ടിരിക്കുന്നതു്. വിഗ്രഹാരാധനക്കു വിധേയമാകാതിരിക്കുകയെന്നതുപോലെത്തന്നെ, ഗോത്രദേശവർണ്ണവ്യത്യാസങ്ങളെ മാനിക്കാതെ, സാർവ്വലൗകികമായ ലക്ഷ്യത്തിൽ ദൈവാരാധനയെ സ്ഥാപിക്കുകയെന്നതും വളരെ പ്രയാസമായിരുന്ന ഒരു കാലഘട്ടമായിരുന്നു അതു. എന്നാൽ അങ്ങിനെയുള്ള ധാർമ്മികമായ പ്രയാസങ്ങളെ അഭിമുഖീകരിക്കുവാനും അവയെ അനുഭവിക്കുവാനും ആവശ്യമായ ആത്മബോധവും ആദ്ധ്യാത്മികശക്തിയും അതിന്റെ സ്ഥാപകന്നു ഉണ്ടായിരുന്നു എന്നതു വ്യക്തമാണ്. കഅ്ബയെ ആജ്ഞാനുസരണമായി കെട്ടിപ്പടുക്കുന്നതിൽ ആ മഹാ പുരുഷൻ അദ്ധ്വാനിക്കുകയും, അതിൽ വിജയിക്കുകയും ചെയ്തുവെന്നുള്ളതു് അതിന്നു തെളിവാണ്. എന്നാൽ വിഗ്രഹാരാധനയെ എതിരിടുവാനും ഗോത്രപരിഗണനകളെ അവഗണിക്കുവാനും ഉള്ളതിനേക്കാൾ അദ്ധ്വാനകരമായ മററു ചില സ്ഥിതിഗതികൾകൂടി, അന്തർദേശീയമായ ആ അദ്ധ്യാത്മികസംസ്കാരത്തിന്റെ സ്ഥാപകന്നു അവിടെ നേരിടുവാനുണ്ടായിരുന്നു. അന്താരാഷ്ട്രീയമായ ഒരു ആദ്ധ്യാത്മികസ്ഥാപനത്തിന്നെന്നുവേണ്ട, മനുഷ്യജീവിതത്തിന്നത്യാവശ്യമായ ആത്മരക്ഷക്കും ആഭ്യന്തരസമാധാനത്തിന്നും ജീവിതസന്ധാരണത്തിന്നുതന്നെയും, അത്യാവശ്യങ്ങളായ സാഹചര്യങ്ങൾകൂടി അവിടെ ഉണ്ടായിരുന്നില്ല. അവിടെ സ്ഥാപിക്കപ്പെട്ട പ്രസ്ഥാനത്തിന്റെ വളർച്ചക്കു അതെല്ലാം ആവശ്യമാണെന്നു അതിന്റെ സ്ഥാപകൻ മനസ്സിലാക്കി; ആവശ്യം, ഇല്ലായ്മയുടെ അനന്തരഫലമാണല്ലോ? ആവശ്യബോധത്തിന്റെ അസന്നിഗ്ദ്ധമായ പ്രകടനമാണ് പ്രാർത്ഥന; രേഖ 126ൽ കഅ്ബയുടെ സ്ഥാപനത്തോടുകൂടെ മക്കായിൽ സ്ഥിരനിവാസമാക്കിയ ഇബ്രാഹീംനബി(അ)യുടെ മനസ്സിൽ ഉത്ഭവിച്ചതായ അനുപേക്ഷണീയമായ ആവശ്യങ്ങൾ ഖുർആൻ വെളിപ്പെടുത്തുന്നു. സാർവ്വലൗകികമായ സമാധാനത്തിന്റെ വിശ്വമഹാകേന്ദ്രമായി വളർന്നുവന്ന കഅ്ബ സ്ഥാപിക്കപ്പെട്ട കാലത്തു, കഅ്ബയുടെ സ്ഥാപനഭൂമി, മക്ക എന്തു നിലയിൽ കിടന്നിരുന്നുവെന്നുള്ളതു് രേഖ 126ൽനിന്നു കണ്ടറിയേണ്ടതാണ്. ഇബ്രാഹീം നബി (അ) യുടെ പ്രാർത്ഥനയിൽ ഉൾപ്പെട്ടിരുന്ന ആവശ്യങ്ങളെ എടുത്തുനോക്കുക; ഒരു വസ്തുവിനെ ഒരാൾ ആവശ്യപ്പെടുകയും, അതിന്നുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകകൂടി ചെയ്യുന്നതു ആ വസ്തു പ്രാർത്ഥിക്കുന്ന കാലത്തു അവിടെ ഇല്ലാത്തതുകൊണ്ടാണെന്നു വ്യക്തമാണല്ലോ? ഒന്നാമതായി മക്ക അന്നു ഒരു നഗരമായിരുന്നില്ല; രണ്ടാമതു, അവിടെ അരക്ഷിതാവസ്ഥയാണ് കാണപ്പെട്ടിരുന്നതു്; ഭയരഹിതമായി സമാധാനമായി

ജീവിക്കുകയെന്നതു അവിടെ എളുപ്പമായിരുന്നില്ല; സാക്ഷാൽ സത്യമായ ദൈവത്തിലും, കർമ്മഫലങ്ങൾ നല്കപ്പെടുന്ന അവസാനദിവസത്തിലും വിശ്വസിക്കുന്ന സത്യസന്ധന്മാർക്കു ഭക്ഷണമൂല്യങ്ങൾ ലഭിക്കുകയെന്നതു വളരെ പ്രയാസമായിരുന്നു; കഅ്ബയുടെ സ്ഥാപനത്തിന്നു മുമ്പ് മക്ക സുരക്ഷിതമായൊരു പ്രദേശമായിരുന്നില്ലെന്നതിന്നു നല്ലൊരു ദൃഷ്ടാന്തമാണിതു്. സത്യനീതികളെ മാനിക്കാതെ കയ്യൂക്കുകൊണ്ടു കാര്യങ്ങൾ നേടി ദുഷ്കർമ്മങ്ങളെ ശക്തികൊണ്ടു ന്യായീകരിക്കുന്ന കൂട്ടത്തിൽപെട്ടൊരു ചുററുപാടാണ് മക്കാപ്രദേശത്തിന്നുണ്ടായിരുന്നതെന്നു മനസ്സിലാക്കുവാൻ മതിയായ തെളിവാണിതു്. സത്യത്തിൽ വിശ്വസിക്കുന്ന ജനങ്ങൾക്കു ഫലവർഗ്ഗങ്ങളിൽ ചിലതു കൊടുക്കേണമെന്നുള്ള പ്രാർത്ഥനയിൽ, നീതിമാന്മാർക്കു പ്രാചീന മക്കയിൽ ജീവിതസൌകര്യങ്ങൾ ലഭിച്ചിരുന്നില്ലെന്ന സംഗതിയാണ് തെളിയുന്നതു. ധിക്കാരികളായ ജനങ്ങൾക്കു ലോകരക്ഷിതാവ് ഭക്ഷണവസ്തുക്കൾ കൊടുക്കുന്നതിന്നു പുണ്യചരിതനായ നബി പ്രതികൂലമാണെന്നു തെററിദ്ധരിച്ചുകൂടാത്തതാണ്; സത്യവിശ്വാസികൾക്കു ന്യായമായ വിധത്തിൽ ഭക്ഷണസാധനങ്ങൾ സമ്പാദിക്കുവാനുള്ള സാഹചര്യങ്ങൾ കാണുന്നില്ലെന്ന വസ്തുതക്ക് പ്രത്യേകമായ പ്രാധാന്യം കൊടുക്കുന്നുവെന്നല്ലാതെ, ധിക്കാരികൾക്കു ഭക്ഷണങ്ങൾ ലഭിക്കരുതെന്നു മേല്പറഞ്ഞ പ്രാർത്ഥനാവാക്യത്തിന്നു അർത്ഥമില്ല; നേരെമറിച്ചു ധിക്കാരികൾക്കുമാത്രം വല്ലതും ലഭിക്കുന്ന നില മാറി, അവിടുത്തെ നിവാസികൾക്കു പൊതുവെ ഭക്ഷണസൌകര്യങ്ങൾ ലഭിക്കണമെന്നുള്ള സംഗതിയാണ് മൊത്തത്തിൽ ഉള്ള അപേക്ഷ. ഭൂപരമായും പ്രാദേശികമായുമുള്ള അരക്ഷിതാവസ്ഥകൊണ്ടു സത്യനിഷ്ഠയുള്ളവർക്കു ജീവിത സൌകര്യങ്ങൾ ലഭിക്കാതെ പോകുവാൻ സംഗതിയാകരുതെന്ന കാര്യവിചാരമാണ് തന്റെ പ്രാർത്ഥനയുടെ കൂട്ടത്തിൽ, കഅ്ബയുടെ സ്ഥാപകൻ, തന്റെ രക്ഷിതാവിങ്കൽ അർപ്പിക്കുന്നതു. എന്നാൽ ആ പ്രാർത്ഥനയെത്തുടർന്നു തന്റെ രക്ഷിതാവ്, ഇബ്രാഹീംനബി(അ)യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്ന വസ്തുത നോക്കുക; മക്കയിലെ നിവാസികൾക്കു ജീവിതസൌകര്യങ്ങൾ ലഭിക്കുകയെന്നതു സാദ്ധ്യമാകാത്തൊരു സംഗതിയല്ല; പക്ഷെ ശാശ്വതമായ ജീവിതഭോഗങ്ങൾ സമ്പാദിക്കുവാൻ, സത്യത്തെ ധിക്കരിച്ചു ജീവിക്കുന്ന ജനങ്ങൾക്കു സാദ്ധ്യമല്ല; എങ്കിലും സത്യത്തെ ധിക്കരിക്കുന്നതുകൊണ്ടു ജീവിതസുഖഭോഗങ്ങൾ നിശ്ശേഷമായി നിഷേധിക്കപ്പെടുന്നുവെന്നു വരുന്നില്ല. കുറച്ചു കാലത്തേക്കു ധിക്കാരികൾക്കുകൂടി ലഭ്യമാകാവുന്ന വസ്തുവാണതു; പക്ഷെ ശാശ്വതമായിട്ടു ധിക്കാരികൾക്കു അവ ലഭിക്കുകയില്ലതന്നെ; എന്തുകൊണ്ടെന്നാൽ സത്യത്തെ ധിക്കരിച്ചു ലൗകികമായി ജീവിതകാലത്തെ കഴിച്ചുകൂട്ടിയിട്ടുള്ളവർ പാരത്രികജീവിതത്തിൽ, ദുഷിച്ച പരിണാമത്തിലേക്കും നരകാഗ്നിയിലുള്ള യാതനയിലേക്കും ഞെരുക്കി നിറുത്തപ്പെടുന്നതാണ്; കഅബയുടെ സ്ഥാപനത്താൽ സമാധാന നഗരമായിത്തീർന്ന മക്കയിലെ പുണ്യഭൂമിയിലെ നിവാസികൾതന്നെ, സാക്ഷാൽ സത്യമായ ദൈവത്തിന്റെ ഹിതത്തിന്നെതിരായി പ്രവർത്തിക്കുകയാണെങ്കിൽ, അവർക്കു പ്രത്യേക പരിഗണനകൾ ലഭിക്കുകയില്ല; ശാശ്വതമായ ജീവിതഭോഗങ്ങൾ സമ്പാദിക്കുവാൻ മേല്പറഞ്ഞ കൂട്ടർക്കു സാധിക്കുകയില്ല. താല്ക്കാലികങ്ങളായ സുഖസൌകര്യങ്ങൾ ലഭിക്കുന്നുവെന്നതുകൊണ്ടു ശാശ്വതമായ ജീവിതസാഫല്യങ്ങൾ സിദ്ധിക്കുന്നുവെന്നു വരുന്നില്ല. ശാശ്വതങ്ങളായ പാരത്രികസിദ്ധികളെ പരിഗണിക്കുമ്പോൾ, ഭൗതികലോകത്തിൽ മനുഷ്യന്നു ജീവിക്കാവുന്നത്ര കാലം മുഴുവനും ഒരാൾ സുഖഭോഗങ്ങളിൽ കഴിച്ചുകൂട്ടിയാൽത്തന്നെ, അയാൾ ജീവിച്ച കാലം ചുരുങ്ങിയതും കുറഞ്ഞതുമാണെന്നു ഗ്രഹിക്കാവുന്നതാണ്. “കുറഞ്ഞതായിട്ടു ഞാനവന്നു സുഖഭോഗങ്ങൾ കൊടുക്കുന്നതാണ്” എന്നു വാക്യാംശത്തെ മനസ്സിലാക്കുമ്പോൾ ഈ സംഗതി ധരിക്കാൻ വിട്ടുപോകരുതു്.

കഅ്ബയുടെ സ്ഥാപനകാലത്തു മക്കയിലെ ജീവിതത്തിന്നുണ്ടായിരുന്ന നിസ്സഹായതയാണ് നാം ഈ രേഖയിൽനിന്നു മനസ്സിലാക്കേണ്ടതു്; ബാബിലോണിയായിലെ കലാസൗന്ദര്യങ്ങൾ വഴിയുന്ന ചുററുപാടുകളിൽനിന്നു വിട്ടുപോന്നിട്ടു, പുല്ലു മുളക്കാത്ത പാറപ്രദേശത്തു താമസമുറപ്പിച്ചുകൊണ്ടു ജീവിതസന്ധാരണത്തിന്നും സമാധാനഭദ്രതക്കും സ്വന്തമായ മാർഗ്ഗങ്ങൾ കാണാതെ, തന്റെ രക്ഷിതാവിനോടു പ്രാർത്ഥിക്കുന്ന മഹാവ്യക്തിയുടെ ത്യാഗമധുരമായ ജീവിതചിന്തയെ നാമിവിടെ കാണുന്നു; സ്വദേശമായ ബാബിലോണിയയിലെ സുഭിക്ഷതയും അവിടുത്തെ രാജകീയ വാഴ്ചയുടെ പിടിയിൽ ഒതുങ്ങിനില്ക്കുന്നവർക്കുള്ള സ്വാർത്ഥരക്ഷയും വെച്ചുകൊണ്ടു, കഅ്ബയിലെ പ്രാർത്ഥനാസ്ഥാനത്തു നിന്നുകൊണ്ടു തന്റെ രക്ഷിതാവിനോടു, കഅ്ബയുടെ സ്ഥാപകൻ ചോദിക്കുന്ന സംഗതികളെപ്പററി ചിന്തിക്കുമ്പോൾ, മേല്പറഞ്ഞ മഹാത്യാഗിയുടെ പിൻമുറക്കാരാണെന്നു നടിക്കുന്ന ജനങ്ങൾ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന വിക്രിയകളുടെ മലിനത മനസ്സിലാകുന്നതാണ്. സത്യത്തെ വിററു, മിഥ്യാബോധങ്ങളെ പോഷിപ്പിച്ചു, സ്വാർത്ഥത്തെ നിലനിർത്തുവാൻ ശ്രമിക്കുന്ന പുരോഹിത വർഗ്ഗ

127. ഇബ്രാഹീം ഉയർത്തുന്നതും (നിങ്ങൾ സ്മരിക്കുവിൻ)
ഗൃഹത്തിൻെറ തറക്കെട്ടുകളെ; ഇസ്മായീലുംകൂടി.
ഞങ്ങളുടെ രക്ഷിതാവേ,
നീ ഞങ്ങളിൽ നിന്നു് സ്വീകരിക്കേണമേ!
നിശ്ചയമായിട്ടു, നീ തന്നെയത്രേ
കേട്ടുകൊണ്ടിരിക്കുന്നവൻ; മഹാ വിജ്ഞാനശാലി.[156]

١٢٧- وَإِذْ يَرْفَعُ إِبْرٰهِمُ الْقَوَاعِدَ مِنَ
الْبَيْتِ وَإِسْمٰعِيلُ ۖ
رَبَّنَا تَقَبَّلْ مِنَّا ۖ
إِنَّكَ أَنتَ السَّمِيعُ الْعَلِيمُ ۝

ഗദ്യഭാഷ

127. ഇബ്രാഹീമും ഇസ്മാഈലുംകൂടി ഗൃഹത്തിൻെറ തറക്കല്ലുകൾ ഉയർത്തുന്നതും, ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങളിൽനിന്നു സ്വീകരിക്കേണമേ! നിശ്ചയമായിട്ടു നീ തന്നെയാണു് കേട്ടുകൊണ്ടിരിക്കുന്നവൻ; അറിഞ്ഞുകൊണ്ടിരിക്കുന്നവൻ, (എന്നു പ്രാർത്ഥിച്ചതും നിങ്ങൾ സ്മരിക്കുവിൻ).

ത്തിന്നു നല്ലൊരു മുന്നറിയിപ്പാണിതു കൊടുക്കുന്നതു്. തങ്ങൾക്കു ലഭിക്കുന്ന ജീവിതഭോഗങ്ങൾ കുറച്ചു കാലത്തേക്കു മാത്രമുള്ളതാണു്; തങ്ങൾക്കുണ്ടെന്നു വാദിക്കുന്ന പാരമ്പര്യത്തിൻെറ സ്ഥാപകനായ പ്രവാചകനോടുതന്നെ മേല്പറഞ്ഞ കൂട്ടരുടെ സുഖഭോഗങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ചു, ലോകരക്ഷിതാവു് യാഥാർത്ഥ്യങ്ങൾ പറഞ്ഞറിയിച്ചിട്ടുണ്ടു്. ബാബിലോണിയായിലെ കലാകേന്ദ്രത്തിൽ, ശില്പകലയെ തൊഴിലായി സ്വീകരിച്ചിട്ടുള്ള കുഡുംബത്തിൽ, വിഗ്രഹസേവ കുലധർമ്മമായി വെച്ചു വിഗ്രഹങ്ങളെ പണിതുവിററു ജീവിച്ചുവന്ന പൂജാരിയുടെ പുത്രനായി ജനിച്ചുവളർന്നുവന്ന പ്രതിഭാശാലിയായൊരു യുവാവു്; സത്യനിഷ്ഠമായ കാര്യവിചാരത്തിന്നു പ്രതികൂലമാണു് ചുററുപാടെന്നു കണ്ടപ്പോൾ, പുല്ലു മുളക്കാത്ത പാറപ്രദേശത്തെ തൻെറ ഭാവിജീവിതത്തിന്നുള്ള കേന്ദ്രമായി തിരഞ്ഞെടുക്കുന്നു. നീചവും ബുദ്ധിശൂന്യവും ഭീകരവുമായ രാജവാഴ്ചയുടെ കൈകൾക്കു പുറത്തുള്ളൊരു പ്രദേശമായിരുന്നു അന്നത്തെ മക്ക. അതിനാൽ അന്നത്തെ രാജവാഴ്ചക്കു കീഴിൽ ലഭിക്കുമായിരുന്ന തരത്തിൽപെട്ട പ്രാണരക്ഷയും ജീവിതസമാധാനവും സുരക്ഷിതാവസ്ഥയും കൂടി അവിടെ പ്രതീക്ഷിക്കുവാൻ ഉണ്ടായിരുന്നില്ല. ചുരുക്കത്തിൽ അന്ധവും ആത്മബോധശൂന്യവുമായ അന്നത്തെ ബാബിലോണിയയിലെ ആഭ്യന്തര ഭരണാധികാരത്തിൻെറ പിടിക്കു പുറത്തുള്ളൊരു പ്രദേശമാണെന്നതിൽ കൂടുതലായി, ആ പ്രദേശത്തെക്കുറിച്ചു ഒന്നും ആശിക്കുവാനുണ്ടായിരുന്നില്ല. ഏതു നിമിഷത്തിലും ആ പ്രദേശങ്ങളിൽ അന്നുണ്ടായിരുന്ന അക്രമസംഘക്കാരുടെ വശത്തുനിന്നുള്ള കൊള്ളയടിക്കും ജീവാപഹരണത്തിന്നും വിഷയമാകാവുന്ന ഒരു അന്തരീക്ഷമാണു് അവിടെ ഉണ്ടായിരുന്നതു്. ആഹാരസൗകര്യങ്ങൾകൂടി അവിടെ അതിവിരളമായിരുന്നു. എന്നിട്ടും ആ സ്ഥാനത്തെയാണു് ആ ആദ്ധ്യാത്മിക ചിന്തകൻ (ഹസറത്തു് ഇബ്രാഹീംനബി അ:) തൻെറ അഭയദേശമായി സ്വീകരിച്ചതു്. ഒരു കാര്യം ഇതിൽ അന്തർലീനമായിക്കിടക്കുന്നതു ഇക്കൂട്ടത്തിൽ സ്മരിക്കത്തക്കതാണു്; എന്തെല്ലാം അസൗകര്യങ്ങളും അരക്ഷിതാവസ്ഥകളും ഉണ്ടെങ്കിൽകൂടി, അടിസ്ഥാനരഹിതവും അന്യായവുമായ ആചാരങ്ങളെ, അവയെ അനുസരിക്കാത്തവരുടെ തലയിലുംകൂടി അടിച്ചേല്പിക്കുന്ന നംറൂദിൻെറ ഭരണശക്തി അവിടെ ഉണ്ടായിരുന്നില്ലെന്നതു വ്യക്തമാണു്. ശാശ്വതമായ സത്യത്തിന്നു മാത്രം സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്ന സത്യാരാധകന്നു സർവ്വോപരി പ്രധാനമായിട്ടുള്ളതു തൻെറ മേൽ അനീതികൾ അടിച്ചേല്പിക്കപ്പെടാതിരിക്കണമെന്നുള്ളതാണു്. മററുള്ള അസൗകര്യങ്ങൾ അങ്ങിനെയുള്ളവക്കു അസഹ്യങ്ങളല്ല; എന്നാൽ പുരോഹിത മതക്കാരായ ജനങ്ങൾക്കു, അവരുടെ മേൽ എന്തുതന്നെ അടിച്ചേല്പിച്ചാലും അതു അസഹ്യമായിത്തീരുകയില്ല; ജീവിത സൗകര്യങ്ങളും ലാഭങ്ങളുമാണു് അവക്കു എല്ലാററിലും ഉപരിയായിരിക്കുക; ഇതിൽനിന്നു അബ്രഹാമിൻെറ പാരമ്പര്യത്തെ അവകാശപ്പെടുന്ന ജനങ്ങൾക്കു്, ജീവിതസൌകര്യങ്ങളേയും വർഗ്ഗീയതാല്പര്യങ്ങളേയും നിലനിറുത്തുന്നതിന്നുവേണ്ടി, സത്യത്തെ വിഗണിച്ചുകളയുന്ന കൂട്ടുകെട്ടുകളിൽ തുടർന്നുപോവുക സാദ്ധ്യമല്ലെന്നു ഖുർആൻ ആന്തരമായി അനുസ്മരിപ്പിക്കുന്നു.

മനുഷ്യൻ സത്യത്തെ ഗ്രഹിച്ചു ജീവിക്കുവാൻ തുടങ്ങിയ ദശയിൽത്തന്നെ, സത്യദൈവാരാധനക്കുവേണ്ടി പടുത്തുണ്ടാക്കപ്പെട്ട കെട്ടിടമാണു് കഅ്ബ. നൂഹനബി അ: (നോഹ) യുടെ കാലത്തുണ്ടായ ജലപ്രളയത്തിന്നു പിറകെ കഅബ തറമാത്രമായി ശേഷിച്ചുകിടക്കുകയായിരുന്നു; (തബരി). ബാബിലോണിയായിലെ കലാശില്പദശയിൽ മിഥ്യാദൈവങ്ങളുടെ പ്രതിഷ്ഠക്കുവേണ്ടി കൊത്തി കടഞ്ഞ പടുത്തുണ്ടാക്കപ്പെട്ട മനോഹര ഹർമ്മ്യങ്ങളെയല്ല,

[ 156-ാമത്തെ കുറിപ്പു് അടുത്തപേജിൽ ]

സത്യദൈവാരാധനക്കു വേണ്ടി പ്രാചീന മനുഷ്യൻ തന്റെ പ്രാകൃതരീതിയിൽ പടുത്തുണ്ടാക്കിയ കരിങ്കൽത്തറയെയാണ്, സത്യാരാധകന്മാരുടെ സാംസ്കാരിക മാതൃകയായിത്തീർന്നിട്ടുള്ള ഇബ്രാഹീംനബി (അ) തന്റെ സംസ്കാരകേന്ദ്രത്തിന്നു തറയായി തിരഞ്ഞെടുത്തത്. സത്യാരാധകനായ മനുഷ്യൻ കലാമൂല്യങ്ങൾക്കു വിലയിരുത്തുമ്പോൾ സ്വീകരിക്കേണ്ടതായ മികച്ച ധാർമ്മിക മാനദണ്ഡത്തെക്കൂടി അതു സ്മരിപ്പിക്കുന്നില്ലേ?

156. സത്യദൈവാരാധനക്കുവേണ്ടി ആദ്യമായി സ്ഥാപിക്കപ്പെട്ട പുണ്യാശ്രമമാണല്ലോ കഅ്ബ? (സംഹിത 3ൽ രേഖ 95നോക്കുക). പവിത്രമായ ധാർമ്മിക സംസ്കാരത്തിന്റെ വിശ്വമഹാ കേന്ദ്രമായി വളർന്നുവന്ന പ്രസ്തുത പുണ്യസ്ഥാപനത്തിന്റെ ദശാസന്ധികളിൽ, വിജനദശയിൽനിന്നു ജനവാസത്തിലേക്കു കഅബ നീങ്ങിയ കാലഘട്ടത്തെയാണ് രേഖ 126ൽ സ്മരിപ്പിക്കപ്പെട്ടത്. ഇവിടെ രേഖ 127ൽ കഅ്ബ, വിശ്വമഹാ പുണ്യകേന്ദ്രമായി സ്വീകരിക്കപ്പെടുവാൻ സംഗതിയാക്കിയ പുനരുദ്ധാനചരിത്രത്തെ ഖുർആൻ സ്മരണയിൽ കൊണ്ടുവരുന്നു. കഅബ സാർവ്വലൗകികമായ പുണ്യസങ്കേതമായിത്തീരുവാൻ കാരണമായ, ധാർമ്മികമായ സംഭവപരമ്പരകളുടെ മദ്ധ്യകാലത്തെക്കുറിച്ചാണു ഖുർആൻ ഈ രേഖയിൽ പ്രതിപാദിക്കുന്നതു; ഇബ്രാഹീംനബി(അ), ദൈവീകമായ ഗൃഹത്തിന്റെ ഭാഗങ്ങളിൽപ്പെട്ട അസ്തിവാരങ്ങളെ ഉയർത്തുമ്പോൾ ഉണ്ടായ സംഗതികളെയാണ് ഖുർആൻ ഇവിടെ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഒന്നാമതു, അന്നത്തെ ലോകത്തിലെ അന്ധമായ ആചാരബന്ധങ്ങളെ വെടിഞ്ഞ, സത്യദൈവാരാധനയെ ലക്ഷ്യമാക്കി ജീവിക്കുന്നതിൽ, ഇബ്രാഹീംനബി (അ) ക്കുണ്ടായിരുന്ന അന്വേഷണപരമ്പരകൾ അടിസ്ഥാനപരമായ ഒരു പുരാതനസ്ഥാപനവുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങിനെ മനുഷ്യന്റെ ആരംഭദശയിൽനിന്നു തുടങ്ങിയ ധാർമ്മിക പുരോഗതികളെ അവഗണിക്കാതെത്തന്നെ, അന്നത്തെ മലിനമായ അന്തരീക്ഷത്തിന്റെ ബാധയിൽനിന്നു ആ സത്യാരാധകനു രക്ഷപ്പെടുവാൻ സാധിച്ചിരിക്കുന്നു. ഉയർത്തുക എന്ന പദപ്രയോഗത്തിൽനിന്നു, അബ്രഹാമിന്റെ അദ്ധ്വാനങ്ങൾ കഅ്ബയെസംബന്ധിച്ചേടത്തോളം അതിന്റെ നിർമ്മാണത്തിന്റെ ആരംഭത്തെയല്ല കുറിക്കുന്നതെന്നു മനസ്സിലാക്കാവുന്നതാണ്. ലോകത്തിന്റെ അന്ത്യദശവരെയുള്ള സത്യാരാധനാ സംസ്കാരത്തിന്റെ വിശ്വൈകമഹാ കേന്ദ്രമായിരിക്കുവാൻ തക്ക വിധത്തിൽ മനുഷ്യചരിത്രത്തിന്റെ പ്രാരംഭവുമായി ബന്ധപ്പെട്ടതായ അസ്തിവാരങ്ങളാണ് കഅ്ബക്കുള്ളത്. രണ്ടാമതു, അബ്രഹാമിന്നു തൊട്ടുനില്ക്കുന്ന പരമ്പരകളുമായി ഉണ്ടായ അകൽച്ച, തന്റെ ഗോത്രങ്ങളുടെ നിസ്സഹകരണത്താലും വിദ്വേഷത്താലും കലുഷിതമാണെങ്കിൽക്കൂടി, ലോകാവസാനംവരെ നീണ്ടുകിടക്കുന്ന ദീർഘമായൊരു പിൻമുറയുടെ പരിപൂർണ്ണമായ പിന്തുണ ആ മഹാനുഭാവന്നു കിട്ടിക്കഴിഞ്ഞിരിക്കുന്നു; കഅ്ബയുടെ അസ്ഥിവാരങ്ങൾ ഉയർത്തുന്നതിൽ ഇബ്രാഹീംനബി(അ)യോടു കൂടെത്തന്നെ ഇസ്മായീൽനബി(അ)യേയും കർത്തൃസ്ഥാനത്തു കൊണ്ടുവന്നിരിക്കുന്നതു നോക്കുക; ഗോത്രവർണ്ണമഹിമകൾക്കു, ജ്ഞാനമൂലമായ സത്യസൂക്ഷ്മതയേക്കാൾ വില കൊടുക്കാത്ത ലോകോത്തരമായ ധാർമ്മിക സംസ്കാരത്തിന്റെ കാരണഭൂതനായൊരു മഹാ പുരുഷനാണ് ഇസ്മായീൽനബി; ഇബ്രാഹീംനബിയും ഇസ്മായീൽനബിയും ഒരുമിച്ചു പടുത്തുയർത്തിയതാണ് കഅബയുടെ അസ്തിവാരങ്ങൾ; എന്നാൽ മതപ്രവാചകന്മാർ ഗോത്രങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലഘട്ടങ്ങളിലുംകൂടി കഅ്ബ മാനിക്കപ്പെടുകയും അതിന്റെ പവിത്രത അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. ഗോത്രമയുഗങ്ങളുടെ കാലങ്ങൾ കഴിഞ്ഞു മനുഷ്യൻ സാർവ്വലൗകികമായ അടിസ്ഥാനത്തിൽ ചിന്തിക്കാൻ പ്രാപ്തനായ ദശയിലാണ് കഅ്ബ അതിന്റെ തികഞ്ഞ പദവിയെ (ഖിബ്‌ലയായിത്തീരുകയെന്ന നിലയെ) പ്രാപിച്ചത്. കഅ്ബയുടെ നിർമ്മാണത്തിൽ സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്ന ഇസ്മായീൽനബി (അ) യുടെ സന്തതികളിൽപ്പെട്ട മുഹമ്മദുനബി (സ) ക്കു് പ്രവാചകത്വം ലഭിച്ചതും, മനുഷ്യൻ സാർവ്വലൗകികമായ അടിസ്ഥാനത്തിൽ ചിന്തിക്കുവാൻ പ്രാപ്തി നേടിയ ദശയെക്കുറിക്കുന്നു.

ഇനി, കഅബയുടെ നിർമ്മാണത്തിന്നു പ്രേരണ നല്കിയ പ്രധാന സംഗതിയെ ഖുർആൻ വെളിപ്പെടുത്തുന്നതു നോക്കുക; താൻ ചെയ്യുന്ന പ്രവൃത്തികൾ സ്വീകാര്യമായിരിക്കണമെന്നുള്ള ധാർമ്മികമായ ചിന്ത മനുഷ്യനിൽ സഹജമായിത്തന്നെ കുടികൊള്ളുന്ന വസ്തുവാണ്. സകല മനുഷ്യനിലും സ്വതവേ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നൊരു നൈസർഗ്ഗികമായ കർമ്മശീലമാണത്. വിശ്വാസിയും ധിക്കാരിയും കൂട്ടുദൈവക്കാരനും തങ്ങളുടെ പ്രവൃത്തികൾ തങ്ങളുദ്ദേശിക്കുന്ന സ്ഥാനങ്ങളിൽ സ്വീകരിക്കപ്പെടേണമെന്ന കാര്യവിചാരത്തിൽ സ്വതവേ

യോജിക്കുന്നുണ്ടു്. പക്ഷെ, തങ്ങളുട പ്രവൃത്തികൾ സ്വീകരിക്കപ്പെടേണ്ട സ്ഥാനങ്ങളെ നിർണ്ണയിക്കുന്ന വിഷയത്തിലാണു് മേല്പറഞ്ഞ കൂട്ടർക്കിടയിൽ വൈപരീത്യങ്ങൾ കാണപ്പെടുക. തങ്ങളുടെ പ്രവൃത്തികൾ തങ്ങൾക്കുതന്നെ സ്വീകാര്യമാകണമെന്നതിൽ കൂടുതലായി യാതൊന്നും ചിന്തിക്കാത്തവരാണു് ധിക്കാരികൾ. തങ്ങൾക്കു സ്വീകാര്യമാണെങ്കിൽ പിന്നെയവർ മറ്റൊരു വസ്തുതയും ചിന്തിക്കുകയില്ല. തങ്ങൾക്കു സ്വന്തത്തിൽ സ്വീകാര്യമല്ലെങ്കിൽ മറ്റാർക്കു് സ്വീകാര്യമായാൽകൂടി ധിക്കാരികൾക്കു അതു വിചാരവിഷയമാവുകയുമില്ല. കൂട്ടുദൈവക്കാരുടെ നില കൂടുതൽ വികൃതമാണു്; തങ്ങൾക്കു സ്വീകാര്യമല്ലെങ്കിൽത്തന്നെ, തങ്ങൾ സേവ ചെയ്തുകൊണ്ടിരിക്കുന്നതും പൂജിച്ചുപോരുന്നതുമായ മിഥ്യാദൈവങ്ങൾക്കു സ്വീകാര്യമാണെന്ന കേട്ടുകേൾവിയിൽകൂടുതൽ യായൊന്നുമവർ പ്രതീക്ഷിക്കുന്നില്ല. നിരർത്ഥകങ്ങളായ കേട്ടുകേൾവികളെ മാനദണ്ഡമാക്കിക്കൊണ്ടു് തങ്ങളുടെ പ്രവൃത്തികളുടെ സ്വീകാര്യതയെപ്പററി വിശ്വസിക്കുവാനല്ലതെ, തങ്ങളുടെ കർമ്മങ്ങൾ പരമാർത്ഥത്തിൽ സ്വീകാര്യങ്ങളാണോ അല്ലയോ എന്ന കാര്യവിചാരത്തിന്നു കൂട്ടുദൈവക്കാരൻ മുതിരുകയില്ല. പക്ഷെ സത്യവിശ്വാസിയുടെ നില മേല്പറഞ്ഞ രണ്ടു കൂട്ടരിൽനിന്നും തീരെ വ്യത്യസ്തമാണു്; തൻെറ കർമ്മങ്ങൾ യാഥാർത്ഥ്യത്തിൽ സ്വീകാര്യമാകണമെന്നതാണു് സത്യവിശ്വാസി പ്രധാനമായി പ്രത്യാശിക്കുന്നതു്; തനിക്കു സ്വീകാര്യമായതുകൊണ്ടോ, തന്നെപ്പോലെയുള്ള ചരാചരസൃഷ്ടികൾക്കോ ഭാവനാവസ്തുക്കൾക്കോ സ്വീകാര്യമാണെന്നു മനസ്സിലാക്കുന്നതുകൊണ്ടോ സത്യവിശ്വാസി തൃപ്തിപ്പെടുകയില്ല. താൻ സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്ന തൻെറ രക്ഷിതാവിങ്കൽ സ്വീകരിക്കപ്പെടുകയാണെങ്കിലല്ലാതെ, സത്യവിശ്വാസിക്കു തൻെറ പ്രവൃത്തികൾ സ്വീകാര്യമാണെന്നു സമാധാനിക്കുവാൻ നിർവ്വാഹമില്ല. സാക്ഷാൽ സത്യമായ ദൈവത്തിൻെറ ഹിതത്തിന്നു സ്വീകാര്യമാണെന്നു വന്നാൽ പിന്നെ, തൻെറയോ മററു ചരാചരലോകങ്ങളുടെയോ ഹിതാഹിതങ്ങളെ സത്യവിശ്വാസി പരിഗണിക്കാറില്ല. സത്യത്തിന്നു പരിപൂർണ്ണമായി സമർപ്പിച്ചു കഴിഞ്ഞാൽ പിന്നെ സാക്ഷാൽ സത്യമായ ദൈവത്തിൻെറ ഹിതത്തെയല്ലാതെ സത്യവിശ്വാസിക്കു കർമ്മവിഷയത്തിൽ സ്വന്തമായി യാതൊന്നിനെയും തൃപ്തിപ്പെടുത്തുവാനുണ്ടാവുകയില്ല. കഅ്ബയുടെ അസ്ഥിവാരങ്ങളെ ഉയർത്തിക്കൊണ്ടിരുന്നപ്പോൾ ഇബ്രാഹിംനബി(അ)യും ഇസ്മായീൽനബി(അ)യും തങ്ങളുടെ രക്ഷിതാവിനോടു ചെയ്തുകൊണ്ടിരുന്ന പ്രാർത്ഥനയെ മനസ്സിലാക്കുമ്പോൾ, പ്രത്യേകമായി ഗ്രഹിച്ചിരിക്കേണ്ട വസ്തുതയാണിതു്. തങ്ങളുടെ പ്രവൃത്തികൾ ദൈവത്തിങ്കൽ സ്വീകാര്യമായിത്തീരുവാൻ വേണ്ടിയാണു് ഭരണാധികാരികളുടെ ധിക്കാരതാല്പര്യങ്ങളേയും ഹിതാഹിതങ്ങളേയും വിഗണിച്ചുകൊണ്ടു നിരാധാരമായൊരു വിജനപ്രദേശത്തു പ്രസ്തുത പുണ്യപുരുഷന്മാർ താമസമുറപ്പിച്ചതു്. ധിക്കാരികളായ ഭരണാധികാരികളുടെ പ്രതാപത്തിന്നു മാററു കൂട്ടുവാനും മിഥ്യാദൈവങ്ങളായ വിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുന്നതിന്നും മാത്രമായി വിനിയോഗിക്കപ്പെട്ടിരുന്ന ബാബിലോണിയയിലെ കലാപാരമ്പര്യത്തിൻെറ സ്പർശമേല്ക്കാത്ത വിധത്തിലാണു് കഅ്ബ പടുത്തുണ്ടാക്കപ്പെട്ടിരിക്കുന്നതു്. കഅ്ബയുടെ നിർമ്മാണത്തിൽ കാണപ്പെടുന്ന നൈസർഗ്ഗികതയും നിരാഡംബരത്വവും, ബാബിലോണിയൻ ശില്പത്തിൻെറ ആഡംബരതകളുമായി തട്ടിനോക്കുമ്പോൾ തങ്ങളുടെ പാരമ്പര്യത്തിൽപ്പെട്ട ജീവിത ശീലങ്ങൾ, കഅ്ബയെ പടുത്തുയർത്തിയ കൈകളെ ബാധിച്ചിട്ടുണ്ടായിരുന്നില്ലെന്നു വ്യക്തമാകുന്നതാണു്. ദൈവത്തിങ്കൽ സ്വീകാര്യമായൊരു പ്രവൃത്തിയായിത്തീരണമെന്നതിൽ കൂടുതലായി യാതൊരു വിധ ചിന്തകൾക്കും കഅ്ബയുടെ നിർമ്മാണത്തിൽ പരിഗണന കൊടുത്തിട്ടില്ല. നിരന്തരമായി കേട്ടുകൊണ്ടിരിക്കുകയും നിരുപാധികമായി അറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന തങ്ങളുടെ സാക്ഷാൽ രക്ഷിതാവിനെയല്ലാതെ മററാരെയെങ്കിലും കേട്ടറിയിക്കുവാനോ പറഞ്ഞറിയിക്കുവാനോ വേണ്ടിയുള്ള താല്പര്യത്താൽ പടുത്തുണ്ടാക്കപ്പെട്ട വസ്തുവല്ല കഅബ. രേഖയുടെ പര്യവസാനത്തിൽനിന്നു വ്യക്തമായിത്തീരുന്ന വസ്തുതയാണിതു്. കലയും ശാസ്ത്രവും, ധർമ്മവിരുദ്ധവും ബുദ്ധിശൂന്യവുമായ മാർഗ്ഗങ്ങളിൽ പ്രവർത്തിക്കപ്പെടുന്നതിനോടു പ്രതിഷേധിക്കുകയും പ്രസ്തുത പ്രതിഷേധത്തെ സാക്ഷാൽക്കരിക്കുന്നതിന്നായി ജീവിതസൗകര്യങ്ങളെ ബലിയർപ്പിച്ചുകൊണ്ടു സത്യമാർഗ്ഗപ്രിയന്മാരുടെ പ്രഥമസ്ഥാപനത്തിൻെറ അസ്ഥിവാരങ്ങൾ പടുക്കുകയും ചെയ്ത ധർമ്മയോദ്ധാവിൻെറ നിർവ്വികാരതയും ത്യാഗമനസ്ഥതയുമാണു് കഅബയുടെ നിരാഡംബരമായ പവിത്രതയിൽ നാം കണ്ടറിയേണ്ടതു്. പ്രാർത്ഥനകളെ കേൾക്കുവാനോ ഗ്രഹിക്കുവാവോ കഴിയാത്ത നിർജ്ജീവങ്ങളായ വിഗ്രഹങ്ങളെ ബഹിഷ്ക്കരിച്ചതിനാൽ, വിഗ്രഹാരാധകന്മാരാൽ ബഹിഷ്ക്കരിക്കപ്പെടുകയും യാതനയേല്പിക്കപ്പെടുകയും ചെയ്ത രണ്ടു മനുഷ്യാത്മാക്കൾ, നിരന്തരമായി കേട്ടുകൊണ്ടിരിക്കയും നിർവ്വിഘ്നാതമായി മനുഷ്യൻെറ ഗതി

128. ഞങ്ങളുടെ രക്ഷിതാവേ,
ഞങ്ങളെ നിനക്കു സമർപ്പിക്കുന്നവരുമാക്കേണമേ!
ഞങ്ങളുടെ സന്തതികളിൽ നിന്നും,
നിനക്കു സമർപ്പിക്കുന്നതായൊരു സമുദായത്തെയാക്കേ
ഞങ്ങളുടെ തീർത്ഥാടന മാർഗ്ഗങ്ങളെ– [ണമേ!
നീ ഞങ്ങൾക്കു കാണിച്ചുതരികയും ചെയ്യേണമേ!
ഞങ്ങളുടെ നേരെ കനിഞ്ഞുമടങ്ങുകയും വേണമേ!
നിശ്ചയമായിട്ടു, നീയാണ് വളരെയേറെ
കനിഞ്ഞുമടങ്ങുന്നവൻ, മഹാദാക്ഷിണ്യശാലി.[157]

١٢٨- رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ
وَمِنْ ذُرِّيَّتِنَا أُمَّةً مُسْلِمَةً لَكَ
وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا
إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ ○

ഗദ്യഭാഷ

128. ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങളെ നിനക്കു സമർപ്പിച്ചവരുമാക്കേണമേ! ഞങ്ങളുടെ സന്തതികളിൽ നിന്നും നിനക്കു സമർപ്പിക്കുന്നതായൊരു സമുദായത്തെയാക്കേണമേ! ഞങ്ങളുടെ പുണ്യകർമ്മ മാർഗ്ഗങ്ങളെ നീ ഞങ്ങൾക്കു കാണിച്ചുതരികയും ചെയ്യേണമേ! ഞങ്ങളുടെ നേരെ കനിഞ്ഞു മടങ്ങുകയും ചെയ്യേണമേ! നിശ്ചയമായിട്ടു നീയാകുന്നു വളരെയേറെ കനിഞ്ഞുമടങ്ങുന്നവൻ; മഹാ ദാക്ഷിണ്യശാലി.

---

വിഗതികളെ കണ്ടറിഞ്ഞുകൊണ്ടിരിക്കയും ചെയ്യുന്ന സാക്ഷാൽ സത്യമായ ദൈവത്തെ സ്വതന്ത്രമായാരാധിക്കുന്നതിന്നുവേണ്ടി സ്ഥാപിച്ച പുണ്യാശ്രമമാണ് കഅബ. ഇബ്രാഹീംനബി (അ) യും പുത്രനായ ഇസ്മായീൽ നബി (അ) യും കഅബയുടെ അസ്ഥിവാരങ്ങളെ പടുത്തുയർത്തിക്കൊണ്ടിരുന്നപ്പോൾ ചെയ്തുകൊണ്ടിരുന്ന പ്രാർത്ഥനയുടെ പ്രധാന വശങ്ങളെയാണ് ഖുർആൻ ഇവിടെ സ്മരിപ്പിക്കുന്നതു്. മേല്പറഞ്ഞ പ്രാർത്ഥനയുടെ ഭാഗങ്ങൾ രേഖ 127 മുതൽ രേഖ 130 വരെയുള്ള പ്രതിപാദനവിഷയമായി നീണ്ടുകിടക്കുന്നതു നോക്കുക. ഇസ്മാഈൽ നബി(അ)യെ സംബന്ധിച്ചുള്ള വിശദീകരണങ്ങൾക്കു സംഹിത 37ൽ രേഖ 100 മുതൽ 102 വരെയുള്ള ഭാഗങ്ങൾ ഗ്രഹിക്കുക.

157. കഅബയെ പടുത്തുയർത്തിക്കൊണ്ടിരുന്നപ്പോൾ ഇബ്രാഹീംനബി (അ) ചെയ്തുകൊണ്ടിരുന്ന പ്രാർത്ഥന ഒരു കൂട്ടുപ്രാർത്ഥനയായിരുന്നു; തൻെറ പിതൃഭൂമിയിൽവെച്ചു അനുഭവിച്ചിരുന്ന ധാർമ്മികമായ ഏകാന്തതയുടെ അവസാനത്തെ അതു സൂചിപ്പിക്കുന്നു; തൻെറ പുത്രൻ കഅബയെ കെട്ടിപ്പടുക്കുന്നതിൽ സഹകരിക്കുവാൻ പ്രാപ്തനായിത്തീർന്നിരിക്കുന്നുവെന്നുള്ളതു ഈ കൂട്ടുപ്രാർത്ഥന തികച്ചും അർത്ഥവത്താണെന്ന വസ്തുതയെ തെളിയിക്കുന്നുണ്ടല്ലോ? ചുരുക്കത്തിൽ, ആദ്ധ്യാത്മികമായ ഐക്യബോധത്തോടുകൂടി ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിക്കുന്ന രണ്ടു ആന്തരാത്മാക്കളുടെ അടിസ്ഥാനപരങ്ങളായ ആവശ്യങ്ങളുടെ അനുസ്മരണങ്ങളാണ് നാം ഇവിടെ കാണുന്നതു്. ഒരേ ലക്ഷ്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രണ്ടു ആത്മാക്കൾ അവരുടെ രക്ഷിതാവിങ്കൽ അവരുടെ ആവശ്യങ്ങളെ അർപ്പിക്കുന്നു. പ്രാർത്ഥനയുടെ ആന്തരതത്വമായ ആവശ്യബോധവും അതിൻെറ സാക്ഷാൽക്കാരവും അവ നിറവേററിക്കിട്ടുന്നതിന്നുള്ള അദ്ധ്വാനവും എല്ലാം ഇവിടെ ഒരുമിച്ചുകൂടിയിരിക്കുന്നതു സ്മരിക്കത്തക്കതാണ്. ഇനി പ്രാർത്ഥനയിൽ ഉൾക്കൊള്ളിക്കപ്പെട്ടിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്നു ആലോചിക്കുക: പ്രധാനമായി തങ്ങളുടെ പ്രവൃത്തികൾ സാക്ഷാൽ സത്യമായ ദൈവത്തിങ്കൽ സ്വീകാര്യമായിരിക്കണമെന്നുള്ളതു തന്നെ. രേഖ 127ൽ വെളിപ്പെടുത്തപ്പെട്ട വസ്തുത അതാണ്. സ്വീകരിക്കപ്പെടുകയെന്നതു സ്വീകരിക്കുന്ന വ്യക്തിയിൽനിന്നുണ്ടാകേണ്ടതായ പ്രവൃത്തിയാണല്ലോ? തങ്ങളുടെ പ്രവൃത്തികളുടെ ഫലമായി തങ്ങളുടെ രക്ഷിതാവു് തങ്ങൾക്കുവേണ്ടി പ്രവർത്തിക്കേണമെന്നതാണ് മേല്പറഞ്ഞ പ്രാർത്ഥനയുടെ ലക്ഷ്യമായി കാണപ്പെടുന്നതു്. പക്ഷെ, മററാരെങ്കിലും സ്വീകരിക്കണമെന്നുദ്ദേശിച്ചുകൊണ്ടല്ല തങ്ങൾ പ്രവർത്തിക്കുന്നതെന്ന പരമാർത്ഥത്തെക്കൂടി അതു വ്യക്തമാക്കുന്നുണ്ടു്. അന്യതാല്പര്യങ്ങളുടെ അംഗീകാരത്തിന്നുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ചുററുപാടുകളിൽനിന്നു ഉണ്ടാകുന്ന ആദ്ധ്യാത്മികമായ മോചനത്തിൻെറ ആദ്യത്തെ പടിയാണിതു്. എന്നാൽ അതിനെ തുടർന്നുകൊണ്ടു രേഖ 128ൽ കൊണ്ടുവരപ്പെട്ടിരിക്കുന്ന പ്രാർത്ഥനാംശങ്ങൾ നോക്കുക; ഞങ്ങൾ പ്രവർത്തിക്കുന്നു; ആ പ്രവർത്തികളെ അങ്ങു സ്വീകരിക്കണം എന്ന നിലയിൽനിന്നു, ഞങ്ങളെ സർവ്വാത്മനാ അങ്ങക്കുവേണ്ടി സമർപ്പിക്കുന്നവരാക്കിത്തീർക്കണമെന്ന നിലയിലേക്കു് അതു ഉയർന്നിരിക്കുന്നു. ഇതു ആദ്ധ്യാത്മികജീ

വിതത്തിൽ മനുഷ്യാത്മാവു് പ്രകടിപ്പിക്കുന്ന ആന്തരമായ ആവശ്യത്തെ വെളിപ്പെടുത്തുന്നു. തങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വസ്തുതയെ വിഗണിക്കുന്നില്ലെങ്കിലും തങ്ങളുടെ പ്രവൃത്തികൾകൊണ്ടു എന്തു ചെയ്യപ്പെടണമെന്നുള്ള അപേക്ഷയും ആവശ്യവും ഈ അവസ്ഥയിൽ പ്രശ്നമായി വരുന്നില്ല. തങ്ങൾ സർവ്വാത്മനാ ദൈവത്തിന്നു സമർപ്പിക്കുന്നവരായിക്കഴിഞ്ഞാൽ പിന്നെ തങ്ങളുടെ ചലനങ്ങൾ സർവ്വത്ര പുണ്യകർമ്മങ്ങളായി മാറാതിരിക്കയില്ല. തങ്ങളുടെ രക്ഷിതാവിങ്കൽ സ്വീകരിക്കപ്പെടാത്ത ചലനങ്ങൾ തങ്ങളിൽനിന്നു വന്നുപോവുകയില്ല. തങ്ങളുടെ പ്രവൃത്തികളെ സാക്ഷാൽ സത്യമായ ലോകരക്ഷിതാവു് സ്വീകരിക്കാതിരിക്കയില്ല; എന്തുകൊണ്ടെന്നാൽ, ആ നിലയിൽ ഒന്നും ആരും സ്വന്തഹിതത്താൽ പ്രവർത്തിക്കുകയെന്നതുണ്ടാവുകയില്ല. കർമ്മജീവിതത്തിലെ മികച്ച ധാർമ്മിക സമാധാനത്തെയാണു്, സത്യത്തിന്നു സർവ്വാത്മനാ സമർപ്പിക്കുകയെന്ന ജീവിതപദ്ധതി കുറിക്കുന്നതു്. മനുഷ്യന്റെ സാർവ്വത്രികമായ വളർച്ചയുടെ പാരമ്യതയിൽ തങ്ങളെ പ്രാപിപ്പിക്കണമെന്നതാണു് മേല്പറഞ്ഞ പ്രാർത്ഥനയിലെ പ്രചോദനവസ്തു. സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചുകഴിഞ്ഞാൽ പിന്നെ ദൈവത്തിങ്കൽ സ്വീകാര്യമല്ലാത്ത പ്രവൃത്തികൾ മനുഷ്യൻ പ്രവർത്തിക്കയില്ലെന്നുള്ളതു വ്യക്തമാണല്ലോ? സത്യവിശ്വാസികൾ പ്രാപിക്കാവുന്ന വിശാലമായ കർമ്മരംഗത്തെയാണു് പ്രസ്തുത പദവി കുറിക്കുന്നതു്. ദൈവഹിതത്തിന്നു വിരുദ്ധമല്ലാത്തതും സദുദ്ദേശത്താൽ ചെയ്യപ്പെടുന്നതുമായ പ്രവൃത്തികളെല്ലാംതന്നെ മേല്പറഞ്ഞ നിലയിൽ ദൈവാരാധനയായിത്തീരുന്നു. കൃഷിയും കൈത്തൊഴിലും കച്ചവടവും സർവ്വത്ര അങ്ങിനെ ആദ്ധ്യാത്മികമൂല്യങ്ങൾക്കു വിഷയമായിത്തീരുന്നു; മനുഷ്യനിൽ നൈസർഗ്ഗികമായിക്കിടക്കുന്ന താല്പര്യങ്ങളെ ഗുണകരമായ വിധത്തിൽ പോഷിപ്പിക്കുവാനുള്ള സ്വാതന്ത്ര്യവും ചുമതലയും അതിനോടുകൂടി അവനിൽ വന്നുകൂടുകയും ചെയ്യുന്നു. ഇത്രയും മനസ്സിലാക്കിയാൽ ഇബ്രാഹീംനബി (അ) യുടെയും പുത്രൻ ഇസ്മായീൽനബി (അ) യുടെയും പ്രാർത്ഥനയിൽ, ഇവിടെ മൂന്നാമതായി എടുത്തുപറഞ്ഞിരിക്കുന്നതും തങ്ങളുടെ സന്തതികളെ സംബന്ധിക്കുന്നതുമായ ഭാഗത്തെ വിശദമായി ഗ്രഹിക്കാവുന്നതാണു്. ഒരാൾ പ്രവേശിച്ചിരിക്കുന്നതു മനുഷ്യന്നു ഏററവും ഉത്തമമായ ജീവിത മാർഗ്ഗമാണെന്നു ബോദ്ധ്യമായിക്കഴിഞ്ഞാൽ തങ്ങളുടെ സന്തതികളിൽ ചിലർ അതേ മാർഗ്ഗത്തെ സ്വീകരിക്കുന്നവരായിത്തീരണമെന്ന ആവശ്യബോധമുണ്ടാകുകയെന്നതു വളരെ മിതമായിട്ടുള്ള ഒരു നൈസർഗ്ഗിക സ്വഭാവമാണു്. വിശേഷിച്ചു താൻ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗത്തിൽ മററുള്ളവർ നടക്കുവാൻ വിസമ്മതിക്കുന്നു എന്നു കണ്ടുകഴിഞ്ഞാൽ, തന്റെ സന്തതികളിൽനിന്നു തന്നെ ആ മാർഗ്ഗത്തെ പിൻപററുന്നവർ ഉണ്ടാകേണ്ട ആവശ്യകതയെ അറിഞ്ഞു, അതിന്നു ആവശ്യമായ ആനുകൂല്യങ്ങൾക്കായി പരിശ്രമിക്കുകയെന്നതു ഏററവും ഉചിതമാണു്. "ഞങ്ങളുടെ സന്തതികളിൽനിന്നുംകൂടി നിനക്കു (സർവ്വാത്മനാ) സമർപ്പിച്ചിട്ടുള്ളൊരു സമുദായത്തെ ഉണ്ടാക്കേണമേ" എന്ന പ്രാർത്ഥനയുടെ വിശദീകരണത്തിൽ മേല്പറഞ്ഞ വസ്തുതകൾ വ്യക്തമായിത്തീരുന്നുണ്ടു്.

തങ്ങളുടെ സന്താനങ്ങളെ സംബന്ധിച്ചുള്ള പ്രതീക്ഷാപൂർവ്വമായ പ്രാർത്ഥനയെത്തുടർന്ന് തങ്ങൾ കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന സംസ്കാരത്തിന്റെ പ്രാഥമികദശയെ വിസ്മരിക്കപ്പെടാത്ത വിധത്തിൽ വെളിപ്പെടുത്തുന്നതിന്നുള്ള താല്പര്യത്തെ വ്യക്തമാക്കുന്നു. ബാഹ്യജീവിതത്തിൽ പ്രതിഫലിപ്പിക്കപ്പെടാത്ത സാംസ്കാരികബന്ധങ്ങൾ ഗ്രഹിക്കത്തക്കതല്ല; കർമ്മങ്ങളുടെ ലക്ഷ്യത്തിൽ മാത്രം ഐക്യം ഉണ്ടായാൽ സാംസ്കാരികമായ ഐക്യം ഉളവാകുന്നതല്ല; കർമ്മമാർഗ്ഗത്തിലുംകൂടി ഐക്യഭാവമുണ്ടായാൽ മാത്രമേ ആന്തരമായ കർമ്മലക്ഷ്യത്തിന്നു ഉചിതമായ ഒരു ഐക്യസാമൂഹ്യ സംസ്കാരം ഉടലെടുക്കുകയുള്ളു. വ്യക്തികളിലും കുഡുംബങ്ങളിലും ദേശകാലങ്ങളിലുമുള്ള വകഭേദങ്ങളാൽ അലങ്കോലപ്പെടാത്ത ചില കർമ്മമാർഗ്ഗങ്ങൾ കണ്ടുകിട്ടിയില്ലെങ്കിൽ തങ്ങളുടെ ആന്തരമായ ഐക്യത്തെ അനുഭവത്തിൽ വരുത്തുകയെന്നതു പ്രയാസമായിത്തീരുമെന്നു വെറും രണ്ടു വ്യക്തികൾ മാത്രമായിരുന്ന പ്രാരംഭദശയിൽത്തന്നെ ആ ദീർഘനിരീക്ഷകന്മാർ മനസ്സിലാക്കി പ്രവർത്തിച്ചു.

"മനാസിക്കനാ" എന്ന വാക്യാംശത്തെയാണു് ഇവിടെ, പുണ്യകർമ്മ മാർഗ്ഗങ്ങൾ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. കഅബയുമായി സമ്പർക്കം പുലർത്തിക്കൊണ്ടു കൃത്യനിഷ്ഠയോടുകൂടി ചെയ്തുകൊള്ളേണ്ടതായ കർമ്മങ്ങളുടെ വിശദമായ മാർഗ്ഗങ്ങളെയാണു് അതു കുറിക്കുന്നതു്. തങ്ങൾക്കു കാണിച്ചുതരേണമെന്നു ഇബ്രാഹീം നബി(അ)യും ഇസ്മായീൽനബി(അ)യും തങ്ങളുടെ രക്ഷിതാവിനോടു പ്രാർത്ഥിച്ചതും, അങ്ങിനെ അവർക്കു കാണിച്ചുകൊടുക്കപ്പെട്ടതും, അതുവഴി സത്യത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിച്ചുകൊള്ളുന്ന പിൻമുറക്കാരോടു പിൻതുടരുവാൻ കല്പിക്കപ്പെട്ടതുമായ പ്രസ്തുത പുണ്യകർമ്മ മാർഗ്ഗങ്ങളാണു് ഹജ്ജ്കർമ്മത്തിന്റെ രൂപ

١٢٩ رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ
يَتْلُوا عَلَيْهِمْ ءَايَٰتِكَ
وَيُعَلِّمُهُمُ الْكِتَٰبَ وَالْحِكْمَةَ وَيُزَكِّيهِمْ ۚ
إِنَّكَ أَنتَ الْعَزِيزُ الْحَكِيمُ ۝

129. ഞങ്ങളുടെ രക്ഷിതാവേ,
നീ അവരിൽ നിയോഗിക്കയും ചെയ്യേണമേ !
അവരിൽ നിന്നൊരു (സത്യ)ദൂതനെ;
അവരിൽ അവൻ പാരായണം ചെയ്യുന്നതാണ്
നിൻെറ രേഖകളെ;
അവൎക്കവൻ പഠിപ്പിക്കുന്നതുമാണ്;
ഗ്രന്ഥത്തേയും (പരമാൎത്ഥ) വിജ്ഞാനത്തേയും;
അവരെ അവൻ സംസ്കരിക്കുന്നതുമാണ്;
(അങ്ങിനെയുള്ള സത്യദൂതനെ നിയോഗിക്കേണമേ !)
നിശ്ചയമായിട്ടു, നീയാണു പ്രതാപശാലി;
പരമാർത്ഥ വിജ്ഞാനി.[158]

ഗദ്യഭാഷ

129. ഞങ്ങളുടെ രക്ഷിതാവേ, അവരിൽ നിൻെറ രേഖകളെ പാരായണം ചെയ്കയും, അവൎക്കു ഗ്രന്ഥത്തേയും വിജ്ഞാനീയത്തേയും പഠിപ്പിക്കയും അവരെ സംസ്കരിക്കയും ചെയ്യുന്ന, അവരിൽ നിന്നുള്ള ഒരു ദൂതനെ നീയവരിൽ നിയോഗിക്കേണമേ ! നിശ്ചയമായിട്ടു നീ തന്നെയാണ് പ്രതാപശാലി; പരമാൎത്ഥവിജ്ഞാനി.

ത്തിൽ പിൻകാലങ്ങളിലായി സ്ഥിരപ്പെടുത്തപ്പെട്ടതു്. ഹജ്ജുകൎമ്മത്തിൽ ചെയ്യപ്പെടുന്ന പുണ്യനിഷ്ഠകളിൽ സൎവ്വത്ര, കഅബയെ പടുത്തുയൎത്തിയ പുണ്യപുരുഷന്മാരുടെ ജീവചരിത്രത്തിൻെറ സ്മാരകചിഹ്നങ്ങൾ പതിഞ്ഞു കാണാവുന്നതാണ്. മനുഷ്യൻെറ സത്യമാൎഗ്ഗത്തിൽക്കൂടിയുള്ള ജീവിത പുരോഗതിയുടെ ഭിന്നദശകളെ സ്മരിപ്പിക്കുന്ന കൎമ്മപരമ്പരകളാണ് ഹജ്ജുകർമ്മങ്ങളിൽ താരതമ്യ ബന്ധത്തോടെ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നതു്. വിശദീകരണത്തിന്നു ഖുർആൻ പരിഭാഷയുടെ മുഖവുര നോക്കുക. തങ്ങളുടെ പുണ്യകർമ്മ മാൎഗ്ഗങ്ങളെ കാണിച്ചുതരുവാൻ വേണ്ടിയുള്ള പ്രാൎത്ഥനയോടുകൂടെത്തന്നെ, തങ്ങളുടെ മേൽ കനിഞ്ഞുമടങ്ങുവാനായി പ്രസ്തുത പുണ്യാത്മാക്കൾ തങ്ങളുടെ രക്ഷിതാവിനോടു പ്രാൎത്ഥിച്ചിരിക്കുന്നതു നോക്കുക; സത്യാരാധനയുടെ മികച്ച മാതൃകയായിത്തീരുമാറു ത്യാഗസുന്ദരമായ ജീവിതഗതിയാണ് തങ്ങൾ നയിക്കുന്നതെങ്കിൽകൂടി, സത്യമാൎഗ്ഗത്തിൽ തങ്ങൾ ചെയ്തിട്ടുള്ള ത്യാഗങ്ങൾ തങ്ങളുടെ പിൻമുറയിൽപെട്ട സത്യാരാധകന്മാർ ചെയ്യുവാനിരിക്കുന്ന ത്യാഗങ്ങളെ വെച്ചുനോക്കുമ്പോൾ പരിമിതങ്ങളാണ്. മനുഷ്യൻെറ ത്യാഗശേഷി പരിപൂൎണ്ണമായ പ്രായോഗികതയെ പ്രാപിച്ചതു, ഖുർആനിൻെറ പ്രഖ്യാപകനായ പ്രവാചകൻെറ കൎമ്മദശയിലാണെന്നു മനസ്സിലാക്കിയാൽ മേല്പറഞ്ഞ സംഗതി വ്യക്തമാകുന്നതാണ്. തങ്ങളുടെ കഴിവിൽ പെട്ട ത്യാഗങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്നല്ലാതെ, ത്യാഗമാൎഗ്ഗത്തിൻെറ പാരമ്യതയെ തങ്ങളുടെ പ്രവൃത്തികൾ പ്രാപിച്ചിരിക്കുന്നതായി മേല്പറഞ്ഞ പുണ്യാത്മാക്കൾ വിചാരിക്കുന്നില്ല. കൂടാതെ തങ്ങളുടെ രക്ഷിതാവിൻെറ സൎവ്വസ്വതന്ത്രമായ ദയാദൃഷ്ടികൾക്കു പാത്രമായിത്തീരുവാൻ വെമ്പൽകൊള്ളുകയെന്നതു മനുഷ്യൻെറ ധാൎമ്മിക ജിജ്ഞാസയുടെ നൈസൎഗ്ഗികമായ സ്വഭാവവുമാണ്; സത്യാരാധനയിൽ മാതൃകാപരമായ സ്ഥാനത്തെ പ്രാപിച്ചാൽകൂടി മനുഷ്യന്നു തൻെറ സിദ്ധിയിൽ പെരുമയും പാരമ്യതയും നടിക്കുവാൻ പാടില്ലാത്തതാണെന്നു മനസ്സിലാക്കേണ്ടതാണ്. തങ്ങളുടെ കഴിവിൽപെട്ടതു സൎവ്വത്ര സത്യമാൎഗ്ഗത്തിൽ ചെയ്തുകൊണ്ടിരിക്കവെത്തന്നെ തങ്ങളുടെ നേരെ കനിഞ്ഞുമടങ്ങേണമെന്നുള്ള പ്രാൎത്ഥന, തൻെറ പിൻമുറക്കാരായ ജനസമുദായങ്ങളുടെ മാതൃകയായിത്തീൎന്ന പ്രസ്തുത പുണ്യാത്മാവിൽ കൂടി കൊണ്ടിരുന്നുവെന്നതിൽനിന്നു, മേല്പറഞ്ഞ സംഗതികൂടി മനസ്സിലാക്കേണ്ടതുണ്ടു്. സത്യാരാധനയിൽ മനുഷ്യൻ കൈക്കൊള്ളേണ്ട ധാർമ്മിക വിനയത്തിൻെറ നല്ലൊരു മാനദണ്ഡമാണിതു കുറിക്കുന്നതു്. യഹൂദനോ ക്രിസ്ത്യാനിയോ ആയിട്ടുള്ളവനല്ലാതെ സ്വൎഗ്ഗത്തിൽ പ്രവേശിക്കയില്ലെന്നും കുറച്ചു ദിവസത്തേക്കല്ലാതെ തങ്ങളെ നരകാഗ്നി സ്പൎശിക്കയില്ലെന്നും നടിച്ചുകൊണ്ടു സത്യമാൎഗ്ഗത്തിൽ വിലങ്ങടിച്ചു കഴിച്ചുകൂട്ടുന്ന ജനങ്ങൾ തങ്ങളുടെ പൂൎവ്വപിതാവിൻെറ ധാർമ്മിക വിജയത്തിൽനിന്നു എത്ര അകന്നുപോയിരിക്കുന്നുവെന്നു ഈ വാക്യാംശത്തിൽ നിന്നു അനുമാനിക്കാവുന്നതാണ്. (രേഖ 135 നോക്കുക) കൂടാതെ, തന്നിലേക്ക് മടങ്ങുന്നവരുടെ നേരെ

[158-ാമത്തെ കുറിപ്പ് മറുപുറത്തു്]

കനിഞ്ഞു പ്രവർത്തിക്കുക, ദയാദാക്ഷിണ്യങ്ങൾ ചെയ്യുക തുടങ്ങിയ സവിശേഷതകൾ സത്യമായ ദൈവത്തിന്റെ സ്വന്തമായിട്ടുള്ള പ്രത്യേകതകളാണ്. പാപവൃത്തികളിൽ പെട്ടവർ മാത്രമല്ല, പുണ്യപുരുഷന്മാരായ മാതൃകാ മനുഷ്യന്മാർകൂടി പ്രത്യാശയോടുകൂടെ കണ്ടറിഞ്ഞു ദയാദാക്ഷിണ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കത്തക്ക മഹിമകളാണ് ലോകരക്ഷിതാവായ ദൈവത്തിന്റെ ദയാദാക്ഷിണ്യങ്ങൾ. തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പാപങ്ങളേയോ പുണ്യങ്ങളേയോ സംബന്ധിച്ചുള്ള പ്രതീക്ഷയാലും ഭയത്താലും മാത്രമല്ല, തങ്ങളുടെ രക്ഷിതാവിന്റെ സർവ്വസ്വതന്ത്രമായ സവിശേഷതകൾ എന്ന നിലക്കുകൂടി മനുഷ്യർ സാക്ഷാൽ സത്യമായ ദൈവത്തോടു പൊറുതിക്കും ദയാദാക്ഷിണ്യത്തിന്നും വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. "നീയാണ് സർവ്വോപരി കനിഞ്ഞു മടങ്ങുന്നവൻ; മഹാ ദാക്ഷിണ്യശാലി" എന്നു പര്യവസാനിക്കുന്ന വാക്യാംശത്തിന്റെ ആശയമൂല്യമിതാണ്.

158- മലിനവും ബുദ്ധിശൂന്യവുമായ ദുരാചാരങ്ങൾ വെച്ചുപുലർത്തുന്ന ചുററുപാടുകളിൽനിന്നു രക്ഷപ്പെടുവാനുള്ള കഴിവുകൾ കഅബയെ പടുത്തുയർത്തിയ പ്രവാചകനു—ഇബ്രാഹി (അ) മിന്നു—സുലഭമായി നല്കപ്പെട്ടിരുന്നു. മേൽപറഞ്ഞ കഴിവുകളെ സമുചിതമായി വിനിയോഗിക്കുന്നകൂട്ടത്തിൽ ചെയ്തുകൊള്ളേണ്ടതായി വന്ന ത്യാഗകർമ്മങ്ങളിലുണ്ടായ ധാർമ്മികവിജയത്താലാണു സത്യത്തിന്നു സമർപ്പിച്ചുജീവിക്കുന്ന പിൻമുറകളുടെ പ്രാഥമികമാതൃകയായി ഇബ്രാഹീംനബി (അ) അംഗീകരിക്കപ്പെട്ടതു; മാലിന്യങ്ങളുടെ പിടിയിൽപെട്ടുകിടന്നിരുന്ന സ്വജനങ്ങളുടെ ശേഷിയും ദുരാചാരസ്ഥാപനങ്ങളുടെ കഠിനമായ ശക്തിയും വെച്ചുനോക്കുമ്പോൾ, മേൽപറഞ്ഞവിധത്തിലുണ്ടായിരുന്ന ചുററുപാടുകളിൽനിന്നു രക്ഷപ്പെട്ടുപോരുകയെന്നതുതന്നെ മനുഷ്യന്റെ അന്നത്തെ ദശാസന്ധിയിൽ വളരെ വലിയ നേട്ടമായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. എന്നാൽ അതു മനുഷ്യന്റെ ധാർമ്മികമായ നേട്ടങ്ങളുടെ അവസാനമായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ? അന്നു എല്ലാ ഇടത്തും അനുഭവപ്പെട്ടിരുന്ന ആത്മബോധശൂന്യതയിൽനിന്നു ആദ്ധ്യാത്മികമായ ജീവിതസാക്ഷാൽക്കാരത്തിലേക്കുള്ള ആദ്യത്തെ കാൽവെപ്പുമാത്രമായിരുന്നു അതു; എന്നാൽ അതും മാതൃകാപരമായിരുന്നു എന്നതിൽ സന്ദേഹമില്ല; പക്ഷെ ആദ്ധ്യാത്മികമായ സത്യാരാധനയുടെ മാർഗ്ഗത്തിൽ മനുഷ്യന്നു കയറിച്ചെല്ലുവാനിരിക്കുന്ന പദവികളെക്കുറിച്ചു മനസ്സിലാക്കിയാൽ ആ മാർഗ്ഗത്തിൽ മനുഷ്യൻ ഇനിയും ചെയ്യേണ്ടിയിരിക്കുന്ന പാരായണവും പഠനവും പരമാർത്ഥജ്ഞാനതാല്പര്യവും ശുചീകരണവും ബഹുവിധമായിരുന്നു; ഈ വസ്തുത ഇബ്രാഹീംനബി(അ)മനസ്സിലാക്കുകയും അക്കാര്യത്തിൽ തനിക്കുള്ള ആത്മാർത്ഥമായ ആവശ്യത്തേയും തല്പരതയേയും അപേക്ഷാമൂലമായി തന്റെ രക്ഷിതാവിങ്കൽ വ്യക്തമാക്കുകയും ചെയ്തിരുന്നു; തന്റെ പിതാവിന്റെ പ്രാർത്ഥനയിൽ ഇസ്മായിൽ നബിയുംകൂടി പങ്കുകൊണ്ടിരുന്നുവെന്ന വസ്തുതയുംമനസ്സിലാക്കേണ്ടതാണു; കഅബയുടെ അസ്തിവാരങ്ങൾ പടുത്തുയർത്തിക്കൊണ്ടിരുന്നപ്പോൾ തന്നെ ദൂരവ്യാപകമായ ഈ പ്രാർത്ഥനയെ അവർ ലോകരക്ഷിതാവിങ്കൽ അർപ്പിക്കുകയും ചെയ്തിരുന്നു. തന്റെ ഭാവിതലമുറകളിൽ ഉണ്ടാകുവാനിരിക്കുന്ന ആത്മീയമായ വളർച്ചയും അതിന്റെ പ്രത്യാഘാതങ്ങളും അതിന്നുള്ള പരിഹാരവും എല്ലാം ആ പ്രാർത്ഥനയിലെ പദശബ്ദങ്ങളിൽ പ്രതിഫലിച്ചിരിക്കുന്നതായി നമുക്കു കാണുവാൻ സാധിക്കുന്നതാണ്; തങ്ങൾ കെട്ടിപ്പടുത്തുകൊണ്ടുവരുന്ന സത്യസംസ്കാരസ്ഥാപനത്തെ പരിപൂർണ്ണതയിലേക്കു കൊണ്ടുവരുവാനാവശ്യമായ പിൽക്കാലസാഹചര്യങ്ങൾ സൃഷ്ടിക്കുവാനായി തങ്ങളുടെ രക്ഷിതാവിനോടു ചെയ്യുന്ന ദൂരവ്യാപകമായ പ്രാർത്ഥനയാണിതു്. യിസ്രായേലിന്റെ സന്തതികളെ സംബോധനചെയ്തുകൊണ്ടു ഖുർആൻ തുടങ്ങിയ അനുസ്മരണകളുടെ കൂട്ടത്തിൽ തങ്ങളുടെ കുലപതിയായ ഇബ്രാഹീംനബി(അ)യും, ഗോത്രപിതാവായ ഇസ്രായേലിന്റെ—യഅ്ഖൂബ് നബി(അ)—യുടെ പിതൃസഹോദരനായ ഇസ്മായിൽനബി(അ)യും ഒരുമിച്ചുചെയ്ത പ്രാർത്ഥനയെ എടുത്തുപറയുന്നതിൽ ചില പ്രത്യേക താല്പര്യങ്ങൾ ഉണ്ടു; തങ്ങളുടെ പിൻമുറകളുടെ വളർച്ചക്കും മാർഗ്ഗദർശനത്തിന്നും വേണ്ടി ജനമദ്ധ്യത്തിൽ സത്യദൌത്യങ്ങൾ നല്കുന്ന പ്രവാചകന്മാർ നിയോഗിക്കപ്പെടേണമെന്നതിനോടുകൂടെത്തന്നെ ഇസ്മായീലിന്റെ സന്തതികളിൽ നിന്നുള്ളതായൊരു പ്രവാചകനെ നിയോഗിക്കേണമെന്നു വ്യക്തമായി അവർ പ്രാർത്ഥിച്ചിട്ടുണ്ടു്. ഇസ്മായീൽനബി(അ)യുടെ സന്തതികളിൽപെട്ടവരാണ് അറബികൾ; അന്ത്യപ്രവാചകനായ മുഹമ്മദുനബി(സ)യല്ലാതെ മററൊരു പ്രവാചകൻ ഇസ്മായേൽസന്തതികളിൽനിന്നു ഉണ്ടായിട്ടുമില്ല; അതിനാൽ അന്ത്യപ്രവാചകനായ മുഹമ്മദുനബി(സ)യുടെ വെളിപാടു തങ്ങളുടെ പൂർവ്വകുലപതിയായ ഇബ്രാഹീമിന്റെ പ്രാർത്ഥനയുടെ സാക്ഷാൽക്കാരത്തിൽപെട്ടതായി യിസ്രായേൽസന്തതികൾ മനസ്സിലാക്കേണ്ടതാണ്. ഗോത്രപരമായ പരിഗണനകളെ മുൻനിറുത്തിക്കൊണ്ടല്ലാതെ സത്യമാർഗ്ഗത്തെക്കുറിച്ചു ചിന്തിക്കുവാൻ ശീലിച്ചിട്ടില്ലാത്ത യിസ്രായേൽസന്തതി

കളെ, തങ്ങളുടെ വിചാരശീലത്തെത്തന്നെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു സത്യസാക്ഷീകരണത്തിന്നായി ഖുർആൻ സമീപിക്കുന്ന പ്രായോഗികരീതി നാമിവിടെ മനസ്സിലാക്കേണ്ടതുണ്ട്; സത്യസാക്ഷീകരണത്തിന്നായി പ്രതിയോഗികളെ സമീപിക്കുമ്പോൾ, സത്യത്തിന്റെ മൗലികസിദ്ധാന്തങ്ങൾക്കു വിപരീതമല്ലാത്തതും പ്രതിയോഗികളുമായി ബന്ധപ്പെട്ടതുമായ ജീവിതവസ്തുതകളെത്തന്നെ തെളിവുകളായി പ്രയോജനപ്പെടുത്തുന്നതിനെ ഖുർആൻ പ്രോത്സാഹിപ്പിക്കുന്നു; യിസ്രായേൽസന്തതികളെ സംബോധനചെയ്തുകൊണ്ടു, തങ്ങളുടെ കുലപതി ഇബ്രാഹീം നബി(അ) ദൈവത്തോടു ചെയ്ത പ്രാർത്ഥനയുടെ ഭിന്നവശങ്ങളെപ്പററി പ്രതിപാദിക്കുകയും, അങ്ങിനെ തങ്ങളുടെ നിലയെ അവരുടെ സ്വന്തം പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുവാൻ പ്രേരിപ്പിക്കുകയും അതിന്റെ പര്യവസാനത്തിൽ ഇസ്മായീലിന്റെ സന്തതികളിൽനിന്നുള്ളൊരു പ്രവാചകനുണ്ടാവാനായുള്ള പ്രാർത്ഥനയെ വ്യക്തമാക്കുകയും ചെയ്തിരിക്കുന്നതു നോക്കുക; പ്രതിയോഗികളെ ബുദ്ധിപൂർവ്വമായി നേടുന്നതിൽ അവരെത്തന്നെ സംബന്ധിക്കുന്ന പരമാർത്ഥങ്ങളെ എങ്ങിനെ വിനിയോഗിക്കാമെന്നതിന്നു ഉത്തമമായൊരു നിദർശനമാണിതു്.

ഇസ്മായിൽ സന്തതികളിൽനിന്നൊരു പ്രവാചകനെ നിയോഗിക്കേണമെന്ന പ്രാർത്ഥനയുടെ ചിന്താപരമായ പശ്ചാത്തലത്തിൽ, യിസ്രായേൽ സന്തതികളുടെ കുലപതികൂടിയായ ഇബ്രാഹീംനബി(അ) പ്രത്യേകമായി അനുസ്മരിച്ചിരിക്കുന്ന ദൈവനാമങ്ങൾ (വിശേഷണങ്ങൾ) ശ്രദ്ധാർഹങ്ങളാണു്. തങ്ങളുടെ രക്ഷിതാവിനെ സംബോധനചെയ്തുകൊണ്ടു, നീ തന്നെയാണു് പ്രതാപശാലി; പരമവിജ്ഞാനി എന്നിങ്ങനെ പ്രസ്തുത അപേക്ഷയെ ഉപസംഹരിച്ചിരിക്കുന്നതു പ്രത്യേകമായ ആലോചനയെ അർഹിക്കുന്നു. ഇസ്മായീൽസന്തതികളിൽനിന്നുണ്ടായിവരുന്ന പ്രവാചകനെ, ഗോത്രപരമായ പ്രതാപ മനസ്ഥിതി വെച്ചുപുലർത്തുന്ന യിസ്രായേല്യർ മുൻകയ്യെടുത്തു സ്വീകരിക്കുവാൻ സംഗതിയില്ലെന്നു, ദീർഘദൃഷ്ടിയായ ആ ഭാവിനിരീക്ഷകൻ മുൻകൂട്ടി കണ്ടറിഞ്ഞിരുന്നുവെന്നു വിചാരിക്കേണ്ടതായി ഇതിൽനിന്നും മനസ്സിലാകുന്നു; എന്നാൽ യഥാർത്ഥമായ പ്രതാപശാലി സാക്ഷാൽ സത്യമായ ദൈവമാണെന്നും മററു വ്യക്തികളിലും ഗോത്രങ്ങളിലും കാണപ്പെടുന്ന പ്രതാപഗുണങ്ങൾ സാക്ഷാൽ സത്യമായ ദൈവത്താൽ നല്കപ്പെട്ടവ മാത്രമാണെന്നും ദൈവഹിതമുണ്ടായാൽ മേല്പറഞ്ഞ വിധത്തിലുള്ള പ്രതാപശക്തികൾ, തന്റെ പ്രാർത്ഥന ഫലിക്കുന്നതിന്നു വിരോധമായി നിലനില്ക്കുകയില്ലെന്നും, കൂടാതെ, വസ്തുതകളുടെ പരമാർത്ഥനിലകളെ ശരിയായി യഥാർത്ഥത്തിൽ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നവനാണു്, തന്റെ പ്രാർത്ഥനയെ സ്വീകരിക്കുന്നവനായ രക്ഷിതാവെന്ന വസ്തുതയുംകൂടി സ്മരിക്കപ്പെട്ടിരിക്കുന്നു. കാലദേശഗോത്രവ്യവസ്ഥിതികൾ വിലങ്ങുനില്ക്കാത്ത വിധത്തിൽ തന്റെ പ്രാർത്ഥനയെ പ്രവർത്തിയിൽ കൊണ്ടുവരുവാൻ ജ്ഞാനശേഷിയുള്ളവനാണു് താൻ ആരാധിക്കുന്ന രക്ഷിതാവു്; പരമാർത്ഥത്തിൽ മുഹമ്മദുനബി (സ) യുടെ വെളിപാടു, മനുഷ്യൻ സ്വന്തമാണെന്നു നടിച്ചുവെച്ചിരുന്ന കാലദേശ ഗോത്രപരമായ പ്രതാപങ്ങളുടെ പര്യവസാനത്തെ കുറിക്കുന്നു. പാരസീക രാജാവായ കിസ്റായുടെ വിശ്വവിഖ്യാതമായ കൊട്ടാരത്തിന്റെ ഭിത്തികൾ പിളർന്നതു മുതൽ നാളിതുവരെ രാജവാഴ്ചയുടെ ചരിത്രത്തിൽ കണ്ടുവന്നിട്ടുള്ള പരിവർത്തനങ്ങൾ, ദൈവീകപ്രതാപത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്ന പ്രവാചകന്റെ പ്രബോധനങ്ങൾക്കു സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള കാലഘട്ടത്തെ കുറിക്കുന്നുവെന്നു മനസ്സിലാക്കേണ്ടതാണു്.

കഅ്ബയെ പടുത്തുയർത്തിയിരുന്ന കാലത്തുതന്നെ പ്രാർത്ഥിക്കപ്പെട്ടിരുന്നിട്ടുകൂടി, ഇസ്മായീൽനബിയുടെ സന്തതികളിൽനിന്നു ഒരു പ്രവാചകൻ നിയോഗിക്കപ്പെടുവാൻ ആയിരക്കണക്കിന്നു വർഷങ്ങൾ കഴിഞ്ഞു; ഗോത്രജന്മപരമായ പ്രതാപത്തിന്റെ പാരമ്യതയെക്കുറിക്കുന്ന രാജവാഴ്ചകൾ ജനസമ്മതത്തിന്നെതിരിൽ തകർന്നുവീഴുവാൻ തുടങ്ങിയ കാലഘട്ടത്തിലാണു് ഖുർആനിന്റെ പ്രഖ്യാപകനായ മുഹമ്മദുനബി (സ) യുടെ വെളിപാടുണ്ടായതെന്നു മനസ്സിലാക്കിയാൽ, ഹാജറയുടെ സന്തതികളിൽപ്പെട്ട ഒരു വ്യക്തിക്കു അധികാരപൂർവ്വമായി ജനസമുദായങ്ങളെ അഖിലലോകാടിസ്ഥാനത്തിൽ ആഹ്വാനം ചെയ്യുന്നതിന്നാവശ്യമായ നിലയിൽ മനുഷ്യരാശി അന്നു വളർന്നെത്തിയിരുന്നുവെന്നും കാണാവുന്നതാണു്. പരമവിജ്ഞാനിയായ ലോകരക്ഷിതാവിന്റെ ജ്ഞാനമഹിമകൂടി ഈ വസ്തുതയിൽനിന്നു പ്രത്യേകമായി മനസ്സിലാക്കേണ്ടതുണ്ടു്. ഇസ്മായീൽ നബി (അ) യുടെ മാതാവായ ഹാജറായെ സംബന്ധിച്ച വിശദീകരണത്തിന്നു ഖുർആൻ മുഖവുര നോക്കുക.

# സന്ധി 16

## ഇബ്രാഹീമിൻെറ മതമാർഗ്ഗം; അനന്തിരവന്മാരുടെ ആത്മചരിത്രങ്ങളിൽക്കൂടി.

(അതിൽ നീരസപ്പെടുന്നവർ എങ്ങിനെയുള്ളവരാണ്? അതു ജീവിതത്തിൻെറ ഏതെങ്കിലും ഒരു വശത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല; സാക്ഷാൽ സത്യമായ ദൈവത്തിന്നു സർവ്വാത്മനാ സമർപ്പിക്കുന്നതുകൊണ്ടു ചരാചര ലോകങ്ങളോടുള്ള ബന്ധങ്ങൾ നഷ്ടപ്പെടുന്നില്ല; ഇസ്ലാമിൻെറ ആദ്യമാതൃകയായ ഇബ്രാഹീംനബി മാത്രമല്ല, തൻെറ പുത്രൻെറ പുത്രനായ യഅ്ക്കൂബ് നബിയുംകൂടി തങ്ങളുടെ ബന്ധങ്ങളെ ഗണ്യമായി വിചാരിക്കുകയും ആ വക ബന്ധങ്ങളോടുള്ള ചുമതലകളെ നിറവേററുകയും ചെയ്തിട്ടുണ്ട്. പുണ്യപുരുഷന്മാരുമായി രക്തബന്ധങ്ങൾ വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു മാത്രം പിൻമുറക്കാരുടെ നില നന്നായിത്തീരുകയില്ല; തത്വപരമായ യാഥാർത്ഥ്യങ്ങളെ വിഗണിച്ചാൽ പിന്നെ വാദിക്കുന്നതു ഗോത്രമതങ്ങൾക്കുവേണ്ടി മാത്രമാണ്; സാക്ഷാൽ സത്യമായ ദൈവത്തിന്നു സർവ്വാത്മനാ സമർപ്പിച്ചിട്ടുള്ള മനുഷ്യൻ പ്രസ്താവിക്കേണ്ടതായ ചില സംഗതികൾ; പറയുന്നതു മററുള്ളവരെ കേൾപ്പിക്കുവാൻവേണ്ടി മാത്രമായിക്കൂടാ; പുരോഹിതന്മാർ കൊടുക്കുന്ന ജ്ഞാനസ്നാനത്തിന്നു ദൈവീകമായ നിലവാരഗുണമില്ല; ദൈവീകമായ കാര്യങ്ങളിൽ കൃത്തകയില്ല; മനുഷ്യരോട് മറച്ചുവെച്ചാൽ ദൈവത്തോട് മറച്ചുവെക്കുവാൻ സാധിക്കുകയില്ല; ആരും അന്യൻെറ തെററിന്നു ഉത്തരവാദിയല്ല.)

130. ആരാണ് വിപ്രതിപത്തികൊള്ളുകയും ചെയ്യുന്നു ?
ഇബ്രാഹീമിൻെറ മതമാർഗ്ഗത്തെക്കുറിച്ചു;
തൻെറ ആത്മാവിനെ മൂഢമാക്കിയവനല്ലാതെ.
ദൃഢമായിട്ടു നാമവനെ (തിരഞ്ഞെടുത്തു)
ശുദ്ധീകരിക്കയും ചെയ്തിരിക്കുന്നു, ഇഹത്തിൽവെച്ചു;
ഇനി പാരത്രികത്തിൽ നിശ്ചയമായിട്ടു അവൻ
ഗുണവാന്മാരുടെ കൂട്ടത്തിലാണ്തന്നെ.[159]

١٣٠- وَمَنْ يَّرْغَبُ عَنْ مِّلَّةِ اِبْرٰهٖمَ اِلَّا مَنْ سَفِهَ نَفْسَهٗ ۗ وَلَقَدِ اصْطَفَيْنٰهُ فِى الدُّنْيَا ۚ وَاِنَّهٗ فِى الْاٰخِرَةِ لَمِنَ الصّٰلِحِيْنَ ○

ഗദ്യഭാഷ

130. സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മററാരാണ് ഇബ്രാഹീമിൻെറ മതമാർഗ്ഗത്തെക്കുറിച്ചു വെറുപ്പു കൊള്ളുക ? ഇഹലോകത്തിൽ നാം അവനെ വിശേഷമായി ശുദ്ധീകരിച്ചിട്ടുമുണ്ട്. ഇനി, പാരത്രികത്തിൽ നിശ്ചയമായിട്ടവൻ സജ്ജനങ്ങളുടെ കൂട്ടത്തിലാണ്താനും.

---

159. സത്യമാർഗ്ഗത്തിൽ മനുഷ്യന്നു മുമ്പോട്ടു പോകുവാനിരിക്കുന്ന യാത്രയുടെ വ്യാപ്തിയെ മുൻകൂട്ടി കണ്ടറിഞ്ഞുകൊണ്ടു, പരിപൂർണ്ണതയിലേക്ക് നീങ്ങുന്ന മനുഷ്യൻെറ പ്രാഥമിക മാതൃകയായി ഇബ്രാഹീംനബി (അ) പ്രദർശിപ്പിച്ച ദീർഘദൃഷ്ടിയാണ് രേഖ 129ൻെറ ഉള്ളടക്കത്തിൽ നാം കാണേണ്ടതു്. മനുഷ്യൻെറ ജീവിതപന്ഥാവിൽ വരാനിരിക്കുന്ന വളർച്ചകളേയും അതിനാൽ മനുഷ്യനിൽ ഉണ്ടാകുവാനിരിക്കുന്ന കാലോചിതങ്ങളായ ആവശ്യങ്ങളേയും രേഖ 129ലെ പ്രാർത്ഥന സൂചിപ്പിക്കുന്നു. ഇബ്രാഹീംനബിയുടെ കാലത്തിന്നു പിറകെ മനുഷ്യലോകത്തിൽ വളർന്നുവന്നിട്ടുള്ള ധാർമ്മികപ്രസ്ഥാനങ്ങളും അതിന്നു നേതൃത്വംവഹിച്ച പ്രവാചകന്മാരും ആ പ്രാർത്ഥനയുടെ അടിസ്ഥാനഫലത്തെ സാധിക്കുന്നതിന്നുള്ള മുന്നോടികളായിരുന്നുവെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. ഓരോ പ്രവാചകനും മനുഷ്യൻെറ ധാർമ്മികമായ പുരോഗതിയെ, അല്ലെങ്കിൽ പൂർണ്ണതയിലേക്കുള്ള ചലനത്തിൻെറ ഓരോ അളവിനെയാണ് കുറിക്കുന്നതു്; മനുഷ്യൻെറ വളർച്ചയോടുകൂടെ മതവും (ദീനും) അവൻെറ ധാർമ്മികസംസ്കാരവും(മില്ലത്തും)കൂടി വളർന്നുകൊണ്ടിരുന്നതായി ഗ്രഹിക്കേണ്ടതാണ്. എന്നാൽ പരിപൂർണ്ണതയിലേക്കുള്ള ഗതിയിൽ സഹകരിച്ച ജനങ്ങൾ എല്ലാവരും തങ്ങളുടെ കഴിവിൻെറ അങ്ങേ അററംവരെ കടന്നുചെല്ലുവാൻ താല്പര്യവും ധൈര്യവും കാണിക്കുകയുണ്ടായില്ല; ഏതാനും ചിലർ അങ്ങിനെ, അങ്ങേ അററംവരെ തുടർന്നുപോകാതെയുമിരുന്നില്ല; എങ്കിലും അങ്ങിനെ അധൈര്യപ്പെടാതെ മുമ്പോട്ടു നീങ്ങിയവരുടെ സംഖ്യ താരതമ്യേന കുറവായിരുന്നു; ഉദാഹരണമായി, മൂസാ(അ)യുടെ ജനങ്ങൾ (പഴയ നിയമത്തെ) തൗറാത്തിനെ പിന്തുടരുകയും, തൗറാത്തു പ്രായോഗികമല്ലാത്ത ദശാസന്ധിയിലേക്ക് മനുഷ്യൻ പുരോഗമിച്ചപ്പോൾ അക്കാലത്തേക്കുള്ള അവരുടെ മാർഗ്ഗ

ദർശനത്തിന്നായി നല്കപ്പെട്ട ഗ്രന്ഥത്തെ, ഈസാ (അ) ഉപദേശിച്ച ഇഞ്ചീലിനെ (പുതിയ നിയമപുസ്തകത്തെ) കൈക്കൊണ്ടു മുമ്പോട്ടു നീങ്ങുവാൻ കൂട്ടാക്കിയില്ല; മനുഷ്യത്വത്തിൻേറയും ആദ്ധ്യാത്മിക സംസ്കാരത്തിൻേറയും വളൎച്ചയ്ക്കനുസരിച്ചു തങ്ങൾ വളരുവാൻ ഒരുക്കമില്ലെന്നു അവർ ശഠിച്ചു; അങ്ങിനെ പുതിയ നിയമത്തിന്നു വിലങ്ങടിച്ചു നിന്നു. സാക്ഷാൽ സത്യമായ ദൈവത്തിന്നു സൎവ്വാത്മനാ സമൎപ്പിച്ചു ജീവിക്കുകയെന്നതു ഉപേക്ഷിച്ചുകൊണ്ടു വളരുന്ന സത്യമതത്തിന്നെതിരായി മരവിപ്പിക്കുന്ന യഹൂദമതത്തെ സ്ഥാപിച്ചു വളൎച്ചക്കെതിരായി വിലങ്ങടിച്ചു നിന്നു, എങ്കിലും മനുഷ്യൻെറ വളൎച്ച അവിടെവെച്ചു അവസാനിച്ചില്ല; മതത്തിൻേറയും അങ്ങിനെ തന്നെ. അതിനാൽ ഇഞ്ചീലി(പുതിയ നിയമം)ന്നും അനുയായികൾ ഉണ്ടായി; മനുഷ്യൻ വളരുകയായിരുന്നു. അങ്ങിനെ അതും അപൎയ്യാപ്തമായിത്തീരുമാറു മനുഷ്യൻ വളൎന്നുകൂടിയ കാലമായപ്പോൾ, ജന്മാവകാശങ്ങളുടെയും ഗോത്രതാല്പൎയ്യങ്ങളുടെയും ഉച്ചനീചത്വങ്ങളുടെ വലയങ്ങളിൽ ഒതുങ്ങി നില്ക്കാനാകാത്ത നിലയിൽ മനുഷ്യൻെറ ധാൎമ്മികമായ പുരോഗമനവീഥി വികസിച്ചപ്പോൾ, പുതിയ നിയമത്തിൻെറ പിൻഗാമികൾപോലും തങ്ങൾ പിൻപാറി വന്നതായ ജീവിത പുരോഗതിയെ തുടൎന്നുകൊണ്ടു മുമ്പോട്ടു നീങ്ങുവാൻ സമ്മതിച്ചില്ല. ദൈവീകമായ സത്യമതത്തിന്നെതിരിൽ പുരോഹിതനിൎമ്മിതമായ ക്രിസ്തുമതമെന്നപേരിൽ ഒരു മതത്തെ അവർ സ്ഥാപിച്ചു; കാലദേശവൎണ്ണജന്മവ്യത്യാസങ്ങൾക്കു അതീതങ്ങളായ സാൎവ്വലൌകിക സിദ്ധാന്തങ്ങൾക്കുമാത്രം പ്രവൎത്തിക്കുവാൻ സാധിക്കുന്ന മാനുഷിക വളൎച്ചയുടെ പൎയ്യവസാനദശയിൽ തങ്ങൾ ചെന്നെത്തിയിരിക്കുന്നുവെന്നുള്ളതു ക്രൈസ്തവർ നിഷേധിച്ചു. മനുഷ്യത്വത്തിൻെറ പൂൎത്തീകരണത്തിന്നായി നിയോഗിക്കപ്പെട്ട പ്രവാചകനെയും, പ്രസ്തുത പ്രവാചകൻവഴിയായി പരിപൂൎണ്ണതയിലേക്കു വളൎന്നു നീങ്ങുന്ന മനുഷ്യന്നു നല്കപ്പെട്ട ജീവിതനിൎദ്ദേശങ്ങളെയും ധിക്കരിച്ചു. ഖുർആനിൻെറ പുറപ്പാടു് സത്യമതത്തിൻെറ പരിപൂൎണ്ണതയെക്കുറിക്കുന്നു. ഖുർആനിൻെറ പ്രഖ്യാപകനിൽ പ്രവാചകത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും പരിപൂൎണ്ണത വെളിപ്പെട്ടിരിക്കുന്നു. പക്ഷെ ഗോത്രമതക്കാരായ ജനങ്ങൾ മനുഷ്യത്വത്തിൻെറ വളൎച്ചയേക്കാൾ തങ്ങളുടെ ഗോത്രപരമായ നിലനില്പിനെയാണു് പരിഗണിച്ചതു്; സാക്ഷാൽ സത്യമായ ദൈവത്തിൻെറ ശാസനകളേക്കാൾ സ്വാൎത്ഥതാല്പൎയ്യങ്ങളുടെയും സങ്കുചിതവിചാരങ്ങളുടെയും നിലനില്പിന്നാണവർ വില കല്പിച്ചതു്; ഖുർആനിൻെറ പ്രഖ്യാപകനായ നബി(സ)യുടെ കാലത്തോടുകൂടി പ്രവാചകത്വം പൎയ്യവസാനിക്കയും മനുഷ്യത്വത്തിൻെറ വളൎച്ച പൂൎണ്ണപ്രായത്തെ പ്രാപിക്കയും ചെയ്തിരിക്കുന്നു. കാലാന്തരങ്ങളിലായി സത്യവേദഗ്രന്ഥങ്ങളുടെയും പ്രവാചകന്മാരുടെയും മാറിമാറിയുള്ള വരവു് മനുഷ്യൻെറ പുരോഗതിയുടെ തെളിവുകളാണു്. സത്യവേദഗ്രന്ഥങ്ങൾ മാറിമാറി വന്നിരുന്നുവെങ്കിൽകൂടി, സാക്ഷാൽ സത്യമായ ദൈവത്തിന്നു സൎവ്വാത്മനാ സമൎപ്പിക്കുകയെന്ന മതത്തിൻെറ മൌലികതത്വത്തിൽ മാററമുണ്ടായിട്ടില്ല; അബ്രഹാമിൻെറ ആത്മപരിശോധനകൾവഴി അനുഷ്ഠാനത്തിൽ വന്ന ആ നിയമങ്ങൾതന്നെയാണു അന്ത്യപ്രവാചകൻെറ ആഹ്വാനത്തിൻേറയും അടിസ്ഥാനതത്വമായി നിലകൊള്ളുന്നതു; എന്നാൽ കൎമ്മമാൎഗ്ഗത്തിൽ വന്നിട്ടുള്ള ഭേദഗതികൾക്കു ഹേതു അവ മനുഷ്യൻെറ വളൎച്ചക്കും പുരോഗതിക്കുമനുസരിച്ചു സംസ്കരിക്കയും ശുദ്ധീകരിക്കയും ചെയ്യപ്പെട്ടുവെന്നുള്ളതാണു്; അതിനാൽ അന്ത്യപ്രവാചകൻെറ ആഹ്വാനത്തോടു വിരസമായി പ്രവൎത്തിക്കുകയെന്നതു തത്വത്തിൽ അബ്രഹാമിൻെറ മതമാൎഗ്ഗത്തോടു വെറുപ്പു കാണിക്കുകയെന്നതാണു്; എന്നാൽ അബ്രാഹാമിൻെറ പാരമ്പൎയ്യത്തെ അവകാശപ്പെടുന്ന യഹൂദരിലും ക്രൈസ്തവരിലും തന്നെ പ്രവൃത്തിയിൽ അങ്ങിനെ വെറുക്കുന്നവരുണ്ടല്ലോ? ഖുർആൻ രേഖ 130ൽ, അത്തരക്കാർ എങ്ങിനെയുള്ളവരാണെന്നു മുൻകൂറായി അറിവുതരുന്നു; നോക്കുക: "ഇബ്രാഹീമിൻെറ മതമാൎഗ്ഗത്തെക്കുറിച്ചു ആർ നീരസപ്പെടുന്നു" എന്ന ചോദ്യത്തെയാണു് ഖുർആൻ അനുവാചകൻെറ ശ്രദ്ധയിൽ ആദ്യമായി കൊണ്ടുവരുന്നതു്; ആ മഹാനുഭാവൻെറ ജീവിതമാൎഗ്ഗത്തെക്കുറിച്ചു, ഒരു ഏകദേശജ്ഞാനമുള്ള വ്യക്തിയിൽ, ആരും അതിനെ നിരസിക്കുകയില്ല എന്ന ഉത്തരമാണു് ഇവിടെ കിട്ടുവാൻ ഇടയാകുക; എന്നാൽ ആരും അതിനെ നിരസിക്കുകയില്ല എന്ന അഭിപ്രായത്തിൽ അനുവാചകൻ എത്തിച്ചേരുന്നതിന്നു മുമ്പുതന്നെ, ചോദ്യത്തെ, ആലോചനയിൽ കൊണ്ടുവന്ന അതേ വാചകത്തിൽ തന്നെ, ആ മതമാൎഗ്ഗത്തെ നിരസിക്കുന്നവരുണ്ടു് എന്ന യാഥാൎത്ഥ്യത്തിലേക്കു്, അനുവാചകൻെറ കാൎയ്യബോധത്തെ ഖുർആൻ നയിക്കുന്നു. "ഇല്ലാ മൻ സഫിഹ നഫ്സഹു" എന്ന വാക്യാംശത്തെ പരിശോധിക്കുക; സ്വന്തം ആത്മാവിനെ അല്ലെങ്കിൽ മനസ്സിനെ മൌഢ്യത്തിൽ ഒതുക്കിനിറുത്തുന്നവനല്ലാതെ മററാരും അതിനെ നിരസിക്കുകയില്ല എന്ന ആശയമാണു് അതിൽ അടങ്ങിയിരിക്കുന്നതു്. ഇവിടെ ഇസ്ലാമിൻെറ ആദ്ധ്യാത്മിക

സിദ്ധാന്തങ്ങൾ മനുഷ്യന്റെ ആത്മാവിന്റേയും മനസ്സിന്റേയും വികാസത്തെ എങ്ങിനെ സമീപിക്കുന്നു എന്ന വസ്തുത വെളിപ്പെടുന്നുണ്ട്. വളരുവാൻ സന്നദ്ധതയില്ലാത്ത ആത്മാവിനോടും മനസ്സിനോടും ഇസ്ലാമിന്റെ സിദ്ധാന്തങ്ങൾ അനുകൂലിക്കുന്നില്ല; അവയുടെ വളർച്ചക്കും ഉന്നമനത്തിന്നുമാണതു നിലകൊള്ളുന്നത്; വളർച്ചയെ ത്വരിതപ്പെടുത്തുവാനും ക്രമപ്പെടുത്തുവാനും അതിനെ ഉന്നമനത്തിലെത്തിക്കുവാനും ആവശ്യമായതും ഉപകരിക്കുന്നതുമായ സിദ്ധാന്തങ്ങളാണ് ഇസ്ലാമിന്റെ നിയമക്രമങ്ങളുടെ അടിസ്ഥാന വസ്തുക്കൾ. അതിനാൽ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങളെ രക്ഷിക്കുവാനാവശ്യമായതിലധികമായി തങ്ങളുടെ ജ്ഞാനശക്തികളെ വളർത്തുവാൻ കൂട്ടാക്കാത്ത മനുഷ്യർക്ക്, വളർച്ചയുടെ പാരമ്യതയെ പ്രാപിക്കുവാൻ വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇബ്രാഹീമിന്റെ മതമാർഗ്ഗത്തോടു, ഇസ്ലാമിനോടു, നീരസമായ നില കൈക്കൊള്ളുന്നത്, അവരുടെ സ്വാർത്ഥതാല്പര്യങ്ങളെ സംബന്ധിച്ചേടത്തോളം അസംഭവ്യമല്ല. ചുരുക്കത്തിൽ, ആത്മാവിന്റെ വളർച്ചയെ—ജ്ഞാനമൂലമായ പുരോഗതിയെ—കാംക്ഷിക്കുന്നവർക്ക് ഇസ്ലാമിനെ നിരസിക്കുവാനും, തൻമൂലമായ വളർച്ചയെ സ്വീകരിക്കുവാൻ കൂട്ടാക്കാത്തവർക്ക് അതിനെ നിരസിക്കാതിരിക്കുവാനും സംഗതിയില്ലാത്തതാണ്. എന്നാൽ അങ്ങിനെ തങ്ങളുടെ ആത്മാക്കളെ മൗഢ്യവാസനകളിൽ ഒതുക്കിനിർത്തുവാൻ ശ്രമിക്കുന്ന ജനങ്ങൾ, അങ്ങിനെ ചെയ്യുന്നതു തങ്ങളുടെ ലൗകിക താല്പര്യങ്ങൾ രക്ഷിക്കുവാൻ വേണ്ടിയാണെന്നതിൽ സന്ദേഹമില്ല; പക്ഷെ, ലൗകിക താല്പര്യങ്ങളെ രക്ഷിക്കുന്നതിന്നായി ഇസ്ലാമിനെ—ഇബ്രാഹീമിന്റെ മതമാർഗ്ഗത്തെ—നിരസിക്കുന്നതും മൗഢ്യത്വത്തിന്റെ മറ്റൊരു അമളി മാത്രമാണെന്നു ഖുർആൻ സൂചിപ്പിക്കുന്നു. ഐഹികമായി നോക്കിയാൽത്തന്നെ ഇബ്രാഹീമിന്റെ ജീവിതം ഒരു പരാജയമല്ല; ഇഹത്തിൽ തന്നെയും ഇബ്രാഹീം തന്റെ ത്യാഗജീവിതത്തിന്റെ ഫലമായി ഉന്നതമായ ജീവിതമഹിമയുടെ പദവിയിലേക്കു തിരഞ്ഞെടുക്കപ്പെടുകയാണുണ്ടായിട്ടുള്ളത്; ഇസ്ലാം ഗോത്രപരിധികളെ കടന്നു സാർവ്വലൗകികമായ നിലയിൽ വികസിച്ചു വ്യാപിച്ചതായ, വളർച്ചയുടെ അവസാന ദശവരെ ഇബ്രാഹീംനബി(അ)യുടെ മതമാർഗ്ഗത്തിന്നു പിന്തുടർച്ച ലഭിച്ചു; ലോകാവസാനം വരെ അതു തുടർന്നു ലഭിക്കുന്നതുമാണ്. ഗോത്ര നീതികളെ കവച്ചുവെച്ചുകൊണ്ടു ആ മഹാ പുരുഷൻ നാടു വിട്ടുകടന്നു കെട്ടിപ്പടുത്ത കഅ്ബ തന്നെ ഇസ്ലാമിന്റെ സാർവ്വലൗകിക ദശയിലെ ആദ്ധ്യാത്മിക ബന്ധത്തിന്റെ കേന്ദ്രസ്ഥാനമായിത്തീർന്നു; തന്നെയല്ല, ഇബ്രാഹീമിനെ അടിസ്ഥാനപരമായി പിന്തുടർന്ന അവസാനത്തെ പ്രവാചകൻതന്നെ ലോകത്തിലെ എല്ലാ പ്രവാചകന്മാരിലുംവെച്ചു ഏററവും വിജയിയായിത്തീരുകയും ചെയ്തു; (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക). ഇബ്രാഹീമിന്റെ മതമാർഗ്ഗം ഐഹികമായി നോക്കിയാൽ തന്നെ ഒരു പരാജയമല്ലെന്നതിന്നു അന്ത്യപ്രവാചകന്റെ ജീവിത വിജയങ്ങൾ സാക്ഷി നില്ക്കുന്നു; എന്നാൽ അന്യായമായ അധികാര താല്പര്യങ്ങൾക്കു ഇസ്ലാമിൽ അംഗീകാരമില്ലെന്നുള്ളതു മാത്രം ഇസ്ലാമിനെ വെറുക്കുന്നവർക്കു ഒരു അടിസ്ഥാനകാരണമായി തുടർന്നുപോകുന്നു; എന്തുകൊണ്ടെന്നാൽ ഇബ്രാഹീംനബി (അ) പരലോകത്തിലുംകൂടി പുണ്യവാന്മാരായ മഹാ വ്യക്തികളുടെ കൂട്ടത്തിൽ പെട്ട ഭാഗ്യശാലിയാണ്; ആ മഹാനുഭാവനെ പിന്തുടരുന്നവർക്കും അങ്ങിനെ പാരത്രികമായ പുണ്യഫലാപ്തിയെ ലക്ഷ്യമാക്കിയല്ലാതെ ജീവിക്കുവാൻ തരമില്ല; അതിനാൽ അന്യായമായ മാർഗ്ഗങ്ങളിൽക്കൂടി ഐഹികമായ വിജയത്തിന്നു വേണ്ടി പ്രവർത്തിക്കുവാൻ അവർക്കു സാദ്ധ്യമല്ല; അതിനാൽ ഐഹികമായ നേട്ടങ്ങൾക്കുവേണ്ടി മാത്രം ബുദ്ധിയെ വിനിയോഗിക്കുകയും അതിന്നു വേണ്ടി മൗഢ്യവാസനകളെ പ്രചരിപ്പിക്കുകയും ചെയ്യുന്ന ജനങ്ങൾ ഇബ്രാഹീമിന്റെ മതമാർഗ്ഗത്തെ—ഇസ്ലാമിനെ—നിരസിക്കുന്നു; അവർ മാത്രമേ നിരസിക്കുന്നുള്ളു. അതിനെ നിരസിക്കുന്നവരെന്നു ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്, സ്ഥാപിത മതക്കാരായ യഹൂദരേയും ക്രിസ്ത്യാനികളേയും ഉദ്ദേശിച്ചുകൊണ്ടാണെന്നു ഇതിൽ ഒരു വ്യാഖ്യാനമുണ്ട്; (തബരി). "സഫിഹ നഫ്സഹു" എന്നതിന്നു, തന്നത്താൻ മഠയനായിത്തീർന്നു എന്നു അർത്ഥമുണ്ട്; (അബൂഹയ്യാൻ). മാനസികമായ ജ്ഞാനഗേഷികൾ പ്രവർത്തിക്കാത്ത നിലയെ പ്രാപിച്ചു എന്ന അർത്ഥവും ഇതിന്നുണ്ട്; (സജ്ജാജ്). തന്നത്താൻ നഷ്ടപ്പെട്ടു അല്ലെങ്കിൽ തന്റെ ആത്മാവു നഷ്ടപ്പെട്ടു എന്ന അർത്ഥമാണ് മറ്റൊരു വ്യാഖ്യാനമായി ഇതിന്നു നല്കപ്പെട്ടിട്ടുള്ളത്; (ഇബ്നു അബ്ബാസ്, റ:). മൗഢ്യവാസനകളെ വെച്ചുപുലർത്തുവാനുള്ള ശ്രമത്തിന്റെ ഫലമായി വന്നുകൂടുന്ന മാനസികവും ആത്മീയവുമായ അമളിയുടെ ഭിന്നമായ നിലവാരങ്ങളെയാണ് ഓരോ വ്യാഖ്യാനവും വെളിപ്പെടുത്തുന്നത് എന്നു് അറിയുവാൻ പ്രയാസമില്ല.

131. അവന്റെ രക്ഷിതാവു അവനോടു പറഞ്ഞപ്പോൾ;
നീ (സത്യത്തിന്നു സർവ്വാത്മനാ) സമർപ്പിക്കുക;
(എന്നു പറഞ്ഞപ്പോൾ)
അവൻ പറഞ്ഞു:–
ഞാൻ സർവ്വാത്മനാ സമർപ്പിച്ചിരിക്കുന്നു,
ലോകങ്ങളുടെ രക്ഷിതാവിന്നു.[160]

١٣١- إِذْ قَالَ لَهُ رَبُّهُ
أَسْلِمْ
قَالَ أَسْلَمْتُ لِرَبِّ الْعٰلَمِيْنَ ○

ഗദ്യഭാഷ

131. അവന്റെ രക്ഷിതാവ് അവനോടു, നീ (സത്യത്തിന്നു) സമർപ്പിക്കുകയെന്നു പറഞ്ഞപ്പോൾ, ലോകങ്ങളുടെ രക്ഷിതാവിന്നു ഞാൻ (സർവ്വാത്മനാ) സമർപ്പിച്ചിരിക്കുന്നു എന്നു അവൻ പറഞ്ഞു.

160. മൗഢ്യവാസനകളെ വെച്ചുപുലർത്തുന്നവരല്ലാതെ ഇസ്ലാമിന്റെ മൗലികസിദ്ധാന്തങ്ങളെ—ഇബ്രാഹീമിന്റെ മതമാർഗ്ഗത്തെ—നിരസിക്കുന്നില്ലെന്ന വസ്തുതയാണ് രേഖ 130ൽ വ്യക്തമാക്കപ്പെട്ടതു. സ്വാർത്ഥലാഭത്തിന്നു വേണ്ടി വെച്ചുപുലർത്തപ്പെടുന്നതായ മൗഢ്യവാസനകൾക്കു ഇബ്രാഹീമിന്റെ മതമാർഗ്ഗത്തിൽ അംഗീകാരം ലഭിക്കുകയില്ലെന്നും പാരത്രികമായ ജീവിതത്തെ ദോഷകരമായി ബാധിക്കുന്ന ഐഹിക ലാഭങ്ങൾക്ക് ആ പ്രസ്ഥാനത്തിൽ സ്ഥാനമില്ലെന്നുമുള്ള പരമാർത്ഥത്തെ വെളിപ്പെടുത്തുകയും ചെയ്തു. രേഖ 131ൽ ഈ നിഗമനത്തിന്നുള്ള ആന്തരവും നിർമ്മാണപരവുമായ അടിസ്ഥാനസംഗതിയെ ഖുർആൻ വിശദീകരിക്കുന്നു; എന്തുകൊണ്ടു മൗഢ്യവാസനകളെ പുലർത്തുന്നവർ ഇബ്രാഹീമിന്റെ മതമാർഗ്ഗത്തെ വെറുക്കുന്നു, നിരസിക്കുന്നു എന്ന പ്രശ്നത്തിന്നു ലഭിക്കാവുന്ന ഉത്തരത്തിന്റെ ആകെത്തുകയാണ് ഈ രേഖയുടെ ഉള്ളടക്കമായി വെളിപ്പെടുന്നതു്. ഇബ്രാഹീം എങ്ങിനെ ജീവിച്ചു എന്നു ഗ്രഹിച്ചുകഴിഞ്ഞാൽ വ്യക്തമായിത്തീരുന്ന സംഗതിയാണതു്. മിഥ്യാദൈവങ്ങളുടെ കൂട്ടുകെട്ടുകളിൽനിന്നു മാനസീകമായി രക്ഷപ്പെട്ടുകൊണ്ടു, സാക്ഷാൽ സത്യമായ ദൈവത്തെ മനസ്സിലാക്കുവാൻ ആ മഹാനുഭാവൻ പ്രാപ്തിനേടിയ കാലഘട്ടത്തെയാണ് ഖുർആൻ ഇവിടെ ആദ്യമായി അനുവാചകന്റെ ശ്രദ്ധയിൽ പെടുത്തുന്നതു്. അങ്ങിനെ ഇബ്രാഹീംനബി സത്യദൈവത്തിന്റെ പ്രഭാഷണത്തെ ഗ്രഹിക്കുന്നതിന്നു പ്രാപ്തനായിത്തീർന്നപ്പോൾ ആ ധീരാത്മാവിന്റെ മുമ്പിൽ ഉയർന്നുവന്ന പ്രശ്നത്തിന്നു രണ്ടു വശങ്ങൾ ഉണ്ടായിരുന്നു; ഒന്നുകിൽ തന്റെ പ്രവൃത്തികളെ, തന്റെ സ്വന്തമായ ജീവിതസുഖങ്ങളുടെയും ഗോത്രതാല്പര്യങ്ങളുടെയും നിലനില്പിന്നായി തന്നെ പണയപ്പെടുത്തുക; ഐഹികമായ ആനുകൂല്യങ്ങൾക്കു അതു എളുപ്പവഴിയാണ്. അല്ലെങ്കിൽ തന്റെ രക്ഷിതാവായ സത്യദൈവത്തിന്നു തന്നെ ചിന്ത, വാക്ക്, പ്രവൃത്തി എന്നീ തുറകളിൽ പരിപൂർണ്ണമായി സമർപ്പിക്കുക; അതു അന്നത്തെ അന്തരീക്ഷത്തിൽ ജീവിതമരണങ്ങളെ നിർണ്ണയിക്കുന്ന കൂട്ടത്തിൽപ്പെട്ടൊരു പ്രശ്നമായിരുന്നു; ആദ്യത്തെ അഭിപ്രായത്തെ സ്വീകരിക്കുവാൻ അനുവദിക്കാത്ത നിലയിൽ ഇബ്രാഹീം നബിയുടെ മാനസീക ശക്തികൾ ഉണർന്നു ഉറച്ചുകഴിഞ്ഞിരുന്നു; അങ്ങിനെ തന്നെ തുറിച്ചുനോക്കുന്ന പ്രശ്നത്തിന്റെ അവസാന തീരുമാനത്തെ അസന്നിദ്ധമായി അംഗീകരിക്കുവാൻ ആ ധീരാത്മാവ് സന്നദ്ധനായിരുന്നു; അതു അങ്ങിനെത്തന്നെ സ്വീകരിക്കയും ചെയ്തു. ആ തീരുമാനം ഒരു ആശയം എന്ന നിലയിൽനിന്നു വളർന്നു ജീവിതത്തിന്റെ ഓരോ ചലനത്തിലും പ്രതിഫലിച്ചുകാണുന്ന ഒരു കർമ്മപദ്ധതിയെന്ന നിലയിലേക്ക് അതു വ്യാപിക്കേണ്ടതുണ്ടായിരുന്നു. അപ്പോൾ ആ തീരുമാനത്തെ അങ്ങിനെത്തന്നെ പ്രവൃത്തിയിലേക്ക് പകർത്തുവാനുള്ള കല്പന തന്റെ രക്ഷിതാവ് ആ പുണ്യാത്മാവിന്നു നല്കി; സ്വാർത്ഥതാല്പര്യങ്ങളുടേയും മൗഢ്യവാസനകളുടേയും സമ്മർദ്ദങ്ങളെ വിജയകരമായി നേരിടുവാനുള്ള കല്പനയാണ്, "അസ്‌ലിം=നീ സത്യത്തിന്നു സമർപ്പിക്കുക" എന്ന വാക്യാംശത്തിൽ അടങ്ങിയിരിക്കുന്നതു്. "ഖാല അസ്‌ലംതു=ഞാൻ സർവ്വാത്മനാ സമർപ്പിച്ചു" എന്ന വാക്യാംശത്തിൽ, ഇബ്രാഹീംനബി (അ), ദൈവകല്പനയെത്തുടർന്നുകൊണ്ടു തന്റെ സുദീർഘമായിരുന്ന ജീവിതകാലത്തെയാകെ സാക്ഷാൽ സത്യമായ ദൈവത്തിന്റെ ഹിതത്തെ മാത്രം മാനിച്ചുകൊണ്ടു നിർമ്മാണപരമായി, ത്യാഗമധുരമായി വിനിയോഗിച്ചു എന്ന വസ്തുത ചുരുക്കിവെക്കപ്പെട്ടിരിക്കുന്നു. മൗഢ്യവാസനകൾ വെച്ചുപുലർത്തുന്ന വ്യക്തികൾക്കു നിരസിക്കാതെ നിവൃത്തിയില്ലാത്തൊരു ജീവിതരീതിയാണതു്. പക്ഷെ, സ്വാർത്ഥലാഭങ്ങളെ വെടിഞ്ഞുകൊണ്ടു സത്യശാസനകളെ മാനിച്ചു ജീവിക്കുന്ന വ്യക്തിക്കു തന്റെ നിലനില്പിനെപ്പററി ഭയപ്പെട

١٣٢- وَوَصَّىٰ بِهَآ إِبْرَٰهِيمُ بَنِيهِ وَيَعْقُوبُ
يَٰبَنِيَّ إِنَّ ٱللَّهَ ٱصْطَفَىٰ لَكُمُ ٱلدِّينَ
فَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ۝

132. അതുകൊണ്ടു(തന്നെ) മരണശാസന നല്കുകയും ചെയ്തു
ഇബ്രാഹീമു്, തന്റെ പുത്രന്മാർക്കു;
യഅ്ക്കൂബും (മരണശാസന ചെയ്തു) :–
എന്റെ പുത്രന്മാരേ,
നിശ്ചയമായിട്ടു അല്ലാഹു നിങ്ങൾക്കായിട്ടു,
തെളിയിച്ചു തിരഞ്ഞെടുത്തിരിക്കുന്നു, മതത്തെ.
അതിനാൽ നിശ്ചയമായിട്ടു നിങ്ങൾ മരിക്കായ്കിൻ!
നിങ്ങൾ സത്യത്തിന്നു സമർപ്പിച്ചവരായിട്ടല്ലാതെ.[161]

ഗദ്യഭാഷ

132. അതുകൊണ്ടുതന്നെ, ഇബ്രാഹീം തന്റെ പുത്രന്മാൎക്കും, യഅ്ക്കൂബ് (അവന്റെ പുത്രന്മാൎക്കും) മരണകാല കല്പന നല്കുകയും ചെയ്തു; എന്റെ പുത്രന്മാരെ നിശ്ചയമായിട്ടു അല്ലാഹു നിങ്ങൾക്കു മതത്തെ തെളിയിച്ചു തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ സത്യത്തിന്നു സമർപ്പിച്ചവരായിട്ടല്ലാതെ നിങ്ങൾ മരണപ്പെടരുതുതന്നെ.

വാനില്ല; താൻ തന്റെ താല്പൎയ്യങ്ങളെ ദൈവഹിതത്തിന്നായി വിട്ടുകൊടുക്കുന്നെങ്കിൽത്തന്നെ സകല ചരാചര ലോകങ്ങളുടെയും രക്ഷിതാവായ ദൈവത്തിന്റെ രക്ഷാനടപടികൾ തനിക്കു നഷ്ടമാകുന്നില്ല; ലോകങ്ങളുടെ രക്ഷിതാവിന്നു ഞാൻ സൎവ്വാത്മനാ സമൎപ്പിച്ചു എന്ന ഇബ്രാഹീംനബിയുടെ പ്രസ്താവനയിൽനിന്നു ഇതു പ്രത്യേകമായി അറിഞ്ഞിരിക്കേണ്ടതാണ്. സാക്ഷാൽ സത്യമായ ദൈവത്തിന്നു സൎവ്വാത്മനാ സമൎപ്പിച്ചു ജീവിച്ചിട്ടുള്ള മഹാ പുരുഷന്മാരുടെ ജീവിതചരിത്രങ്ങളിൽനിന്നു തെളിഞ്ഞുകാണുന്ന സംഗതികൂടിയാണിതു്.

161. മനുഷ്യൻ ബുദ്ധിയുപയോഗിക്കുവാൻ തുടങ്ങിയ, അല്ലെങ്കിൽ നന്മതിന്മകളെ ശരിയായി തിരിച്ചറിയുവാൻ തുടങ്ങിയ ദശ, അവന്റെ അറിവിനെ പ്രവൃത്തിയിലേക്കു് പകൎത്തുന്നതിന്നുള്ള പരിശ്രമത്തിന്റെ പ്രാരംഭത്തെക്കുറിക്കുന്നു; ഇസ്ലാമിന്റെ പ്രാരംഭദശയും ഇതുതന്നെ. എന്നാൽ അങ്ങിനെ താൻ അറിഞ്ഞിട്ടുള്ള സംഗതികളെ അവൻ പ്രവൃത്തിയിലേക്കു പകൎത്തുന്നതു, രണ്ടു ലക്ഷ്യങ്ങളിൽ ഒന്നിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടേ ആകുവാൻ തരമുള്ളു. ഒന്നാമത്തേതു അവന്റെ താല്പൎയ്യത്തെ ഉത്തമമായി ഗണിച്ചു അതിനെ രക്ഷിക്കുക എന്നതു തന്നെ; ഈ ലക്ഷ്യത്തിൽ അറിവിനെ ഉപയോഗിക്കുകയെന്നുള്ളതു മനുഷ്യനിൽ മാത്രമുള്ള ഒരു ഗുണമല്ല; മുള്ളുചെടികളുമായി ഒരിക്കൽ പരിചയപ്പെട്ട മൃഗങ്ങൾ മുള്ളിന്റെ ഗുണദോഷങ്ങൾ അനുഭവിച്ചറിയുകയും, അതിനാൽ ആ ചെടികളെ ഒഴിച്ചുനിറുത്തിക്കൊണ്ടു് മുള്ളില്ലാത്ത ചെടികളെ തിരഞ്ഞു കണ്ടുപിടിച്ചു തിന്നുകയും ചെയ്യുന്നതു സാധാരണമാണ്. ഈ വിധത്തിലുള്ള അറിവിന്റെ ഉപയോഗമുറ മൃഗങ്ങളിൽ പൊതുവെ കാണപ്പെടുന്നതാണെന്നു മാത്രമല്ല, സസ്യജീവികളിലുംകൂടി ചില പരിതസ്ഥിതികളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. തന്നോടു അടുത്തും അകലെയുമായി നില്ക്കുന്ന രണ്ടു കുററികളുണ്ടെങ്കിൽ അവയിൽ ഏററവും അടുത്തു നില്ക്കുന്നതിലേക്കാണ് പടൎച്ചെടികൾ വളൎന്നു നീങ്ങുക; അതിനാൽ അറിവിനെ സ്വന്തതാല്പൎയ്യത്തിന്നു അനുകൂലമായി ഉപയോഗിക്കുകയെന്നതു, മനുഷ്യന്റെയെന്നല്ല മൃഗങ്ങളുടെകൂടി പ്രത്യേകതയല്ല; സസ്യങ്ങളിലുംകൂടി അതു പ്രവൃത്തിക്കുന്നു എന്നു മനസ്സിലാക്കിയാൽ, അതു വ്യക്തമായിത്തീരുന്നുണ്ടല്ലോ? തന്നെയല്ല, അങ്ങിനെ സ്വന്തതാല്പൎയ്യത്തിന്നു മാത്രമായി ആ വാസനാഗുണത്തെ, അറിവിനെ ഉപയോഗിക്കുകയെന്നതു മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഐച്ഛികമായിട്ടുള്ളൊരു സംഗതിയല്ല; അവയുടെ പ്രകൃതിയിൽ അവ അതിനെ അങ്ങിനെ ഉപയോഗിച്ചുതീരു; എന്നു മാത്രമല്ല, തല്ക്കാലം തന്റെ താല്പൎയ്യത്തിന്നു പിടിക്കാത്തതായൊരു പ്രവൃത്തി പിന്നീടുണ്ടാകുവാനിരിക്കുന്ന ഗുണത്തെ ഉദ്ദേശിച്ചു ചെയ്യുക എന്നതും അവയ്ക്കു സാധിക്കുന്ന കാൎയ്യമല്ല. അതുപോലെത്തന്നെ വരാനിരിക്കുന്ന ദോഷത്തെ കണ്ടറിഞ്ഞുകൊണ്ടു താല്ക്കാലികമായ ഗുണത്തെ വിട്ടുകളയുകയെന്നതും അവക്കു സാദ്ധ്യമല്ല. മനുഷ്യന്റെ നില ഇതിൽനിന്നും വ്യത്യസ്തമാണ്; അവന്റെ അറിവു സ്വതന്ത്രമാണ്; അതിനെ ഉപയോഗിക്കുവാനും ഉപയോഗിക്കാതിരിക്കുവാനും ദുരുപയോഗിക്കുവാനും അവന്നു കഴിവുണ്ടു്. അങ്ങിനെ അവൻ അതിനെ ഉപയോഗിക്കുമ്പോൾ തന്നെ അതിനെ സ്വന്തതാല്പൎയ്യത്തിന്നു മാത്രമായോ, തന്റേതല്ലാത്ത മറെറാരു താല്പൎയ്യത്തിന്നു മാത്ര

മായയാ ഉപയോഗിക്കുവാൻ അവന്നു കഴിയുന്നു. എന്നാൽ സ്വന്തതാല്പര്യത്തിന്നു മാത്രമായി അറിവിനെ ഉപയോഗിക്കയാണെങ്കിൽ, അതുകൊണ്ടു അവൻെറ അറിവു് സസ്യമൃഗാദികളുടെ അറിവിൻെറ നിലവാരത്തിൽ നിന്നു ഭേദപ്പെട്ടതായി കാണപ്പെടുകയില്ല. അതിനാൽ അവൻേറതല്ലാത്ത ഒരു താല്പര്യത്തെ വെച്ചുകൊണ്ടു അവൻെറ അറിവിനെ വെളിപ്പെടുത്തിയാൽ—പ്രവൃത്തിയിൽ കൊണ്ടുവന്നാൽ—മാത്രമേ അവൻെറ പ്രത്യേകതകൾ, പ്രയോജനപ്പെടുകയുള്ളു; ഈ സംഗതിയിൽ ലോകത്തിലെ എല്ലാ മതവിഭാഗങ്ങളും പ്രവൃത്തിയിൽ യോജിക്കുന്നതായി കാണാൻ കഴിയുന്നതാണു്. തന്നിൽനിന്നു വ്യത്യസ്തങ്ങളായ വസ്തുക്കളെ പ്രീതിപ്പെടുത്തുക അല്ലെങ്കിൽ തൻേറതിൽനിന്നു വ്യത്യസ്തമായ ഒരു താല്പര്യത്തെ പുലർത്തുവാൻ ശ്രമിക്കുക എന്നതു മതങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന എല്ലാ പ്രസ്ഥാന വിഭാഗങ്ങളിലും കാണപ്പെടുന്നതാണു്. തൻേറതല്ലാത്ത താല്പര്യത്തെ മാത്രമുദ്ദേശിച്ചു പ്രവൃത്തിക്കുക എന്ന തത്വത്തിൽ ഇസ്ലാംമതവും പരിപൂർണ്ണമായി യോജിക്കുന്നു. എന്നാൽ അതിന്നു സൃഷ്ടിപരവും പ്രയോഗികവും വ്യക്തവുമായ ഒരു പദ്ധതിയുണ്ടു്; മനുഷ്യൻ പ്രവൃത്തിക്കുന്നതു തൻേറതല്ലാത്തൊരു കാര്യത്തിന്നു വേണ്ടിയാകണമെന്നുള്ളതിൽ ഇസ്ലാമിന്നു ഭിന്നാഭിപ്രായമില്ല; എന്നാൽ തൻെറ താല്പര്യത്തിന്നു വേണ്ടിയല്ലെന്നുള്ളതുകൊണ്ടു മാത്രം അതു മതിയാവുകയില്ല. കൂടാതെ, അങ്ങിനെ ചെയ്യുന്ന പ്രവൃത്തി, തന്നെ അധഃപതിപ്പിക്കുന്നതോ തൻെറ അറിവിനെ ഉചിതമായി ഉപയോഗിക്കുവാൻ അനുവദിക്കാത്തതോ ദുരുപയോഗിക്കുവാൻ ഇടവരുത്തുന്നതോ ആയിക്കൂടാ; ഇതുംകൂടാതെ, താല്ക്കാലിക ഗുണങ്ങളെ വേണ്ടിവന്നാൽ ബലിയർപ്പിച്ചുകൊണ്ടു ഭാവിഗുണങ്ങളെ സമ്പാദിക്കുവാൻ സഹായിക്കുന്നതും, സസ്യമൃഗാദി ജീവികളിൽ കാണപ്പെടാത്തതും, മനുഷനിൽ മാത്രം കാണപ്പെടുന്നതുമായ വിജ്ഞാനവ്യാപ്തിക്കു അതു വിരോധമായിക്കൂടാ. അതുപോലെതന്നെ, തൻെറ പ്രവൃത്തികൾ തന്നെ നാശത്തിലേക്കു നയിക്കുന്ന കൂട്ടത്തിലുള്ളതായിക്കൂടാ; മനുഷ്യൻെറ ശ്രേഷ്ഠതയേയും, തന്നോടും താനുംകൊള്ളുന്ന ലോകത്തോടുമുള്ള ബന്ധങ്ങളെയും തകർത്തുകളയുന്ന വിധത്തിലുള്ളതുമാകുവാൻ പാടില്ല; തന്നേയും താനുംകൊള്ളുന്ന പരാപരാ ലോകങ്ങളേയും സൃഷ്ടിച്ചു, തന്നെ സൃഷ്ടികളിൽ ശ്രേഷ്ഠനായിരിക്കുവാൻ കനിവു കാണിച്ചു പരിപാലിച്ചുപോരുന്ന ലോകരക്ഷിതാവിൻെറ, സാക്ഷാൽ സത്യമായ ദൈവത്തിൻെറ ഹിതത്തിന്നുവേണ്ടി സർവ്വാത്മനാ സമർപ്പിച്ചു ജീവിതനിമിഷങ്ങളെ കൃത്യബോധത്തോടുകൂടെ വിനിയോഗിക്കുകയാണെങ്കിലേ മനുഷ്യന്നു തൻെറ പ്രത്യേകതയായ ജ്ഞാനവിശേഷതകളെ സമുചിതമായി വിനിയോഗിക്കുവാൻ സാധിക്കുകയുള്ളു. മൃഗസസ്യാദികളിൽനിന്നു വിഭിന്നമായ തൻെറ നില സുരക്ഷിതമായിരിക്കത്തക്ക വിധത്തിൽ ജീവിതത്തെ നയിച്ചുപോകുവാൻ മനുഷ്യന്നു വേറെ പോംവഴിയില്ല. മേല്പറഞ്ഞ ബോധത്തിൽ മനുഷ്യബുദ്ധി ചെന്നുകൂടിയ ദശാസന്ധി ഇസ്ലാമിൻെറ ആരംഭത്തെക്കുറിക്കുന്നു; മതത്തിൻെറ ആരംഭവും അതു തന്നെ. അങ്ങിനെ ഈ തത്വത്തെ അനുസരിച്ചു ആദിമ മനുഷ്യൻ മുതൽ, അതിനെ അംഗീകരിച്ചു ജീവിക്കുന്ന അവസാനത്തെ മനുഷ്യൻ വരെയുള്ളവർ ഒരു ഒററ മതക്കാരും ഒരു ഒററ സമുദായവുമാണു"; ഇതിന്നാണു് ഇസ്ലാം എന്നു പറയുന്നതു്. ഇബ്രാഹീംനബി (അ) ഈ മഹാ സമുദായത്തിലെ ഒരു അംഗമായി ജീവിക്കുന്നതിൽ അസാധാരണമായ വിജയം നേടിയിരുന്നു. അങ്ങിനെ ഇസ്ലാമിക ജീവിതത്തിൻെറ അനുഭവ മാതൃകയായി ആ മഹാനുഭാവൻ ചരിത്രലോകത്തിൽ ശേഷിച്ചു; "ലോകരക്ഷിതാവിന്നു ഞാൻ സർവ്വാത്മനാ സമർപ്പിച്ചു" എന്നു പര്യവസാനിക്കുന്ന രേഖ 131ൽ ഈ സംഗതിയാണു് വ്യക്തമാക്കപ്പെട്ടതു്. എന്നാൽ മനുഷ്യൻെറ പ്രത്യേകതകളെ പുലർത്തുവാൻ സമ്മതിക്കാത്ത മററനേകം മതപ്രസ്ഥാനങ്ങൾ ലോകത്തിൽ നിലവിലുണ്ടു്; അതു ഒരു അതിശയം തന്നെ; എന്നാൽ ഇതിനേക്കാൾ അതിശയമായിട്ടുള്ളതു ഇസ്ലാമിൻെറ അടിസ്ഥാന മാതൃകയായ ഇബ്രാഹീംനബി (അ) യുടെ സന്തതികളാണെന്നു അറിയുകയും അഭിമാനിക്കയും ചെയ്യുന്ന ജനങ്ങൾ അന്യമാർഗ്ഗങ്ങൾ അവലംബിച്ചു കാണുന്നു എന്നുള്ളതാണു്. അതും അവരുടെ പിതാക്കന്മാരുടെ അന്ത്യകാലശാസനകൾ അവർക്കു ലഭിച്ചിട്ടുകൂടി! രേഖ 132ൽ ഖുർആൻ കൊണ്ടുവന്നിരിക്കുന്ന പ്രസ്താവനയുടെ മൂലവസ്തുതയിതാണു്. ഇബ്രാഹീംനബി (അ) തൻെറ പുത്രന്മാരോടു അന്ത്യകാലശാസന ചെയ്തതിന്നു പിറകെ, ഇബ്രാഹീംനബിയുടെ മകൻെറ മകനും യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ഗോത്രപിതാവുമായ യഅ്ഖൂബു്നബിയും തൻെറ സന്താനങ്ങളോടു ഇസ്ലാമിനെ സ്വീകരിക്കുവാൻ അന്ത്യകാലശാസന ചെയ്തിട്ടുണ്ടു്. ഇതു അക്കാര്യത്തിൽ അവരുടെ പിൻമുറക്കാർ കൈക്കൊണ്ട വൈപരീത്യങ്ങളെആശ്ചര്യകരമായ വിധത്തിൽ വെളിപ്പെടുത്തുന്നു. ലോകത്തിൽ ഉണ്ടായിട്ടുള്ള എല്ലാ പ്രവാചകന്മാരും അതതു കാലങ്ങളിലെ അവസ്ഥകൾക്കനുസരിച്ചു അനുസരിക്കയും ഉപദേശിക്കയും ചെയ്തിട്ടുള്ള ജീവിതപദ്ധതിയുടെ

133. അഥവാ നിങ്ങൾ ദൃക്സാക്ഷികളായിരുന്നുവോ
യഅ്ക്കൂബിന്നു മരണം സന്നിഹിതമായപ്പോൾ?
അവൻ തന്റെ പുത്രന്മാരോടു പറഞ്ഞപ്പോൾ
നിങ്ങളെന്തിനെയാണാരാധിക്കുക
എന്റെ പിറകിനാലെ? (എന്നു പറഞ്ഞപ്പോൾ)
അവർ പറഞ്ഞു: ഞങ്ങൾ ആരാധിക്കുന്നതാണ്,
നിന്റെ ദൈവത്തെ;
നിന്റെ പിതാക്കളുടെ—
ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും
ഇസ്ഹാക്കിന്റെയും ദൈവത്തെ—
ഏക ദൈവമായിട്ടു (ഞങ്ങൾ ആരാധിക്കുന്നതാണ്)
ഞങ്ങളവന്നു തന്നെ
സർവ്വാത്മനാ സമർപ്പിക്കുന്നവരുമാണ്.[162]

١٣٣- أَمْ كُنتُمْ شُهَدَآءَ إِذْ حَضَرَ يَعْقُوبَ
الْمَوْتُ إِذْ قَالَ لِبَنِيهِ مَا تَعْبُدُونَ
مِنْ بَعْدِى ۖ قَالُوا نَعْبُدُ إِلَٰهَكَ وَ
إِلَٰهَ ءَابَآئِكَ إِبْرَٰهِيمَ وَإِسْمَٰعِيلَ وَإِسْحَٰقَ
إِلَٰهًا وَٰحِدًا ۚ
وَنَحْنُ لَهُ مُسْلِمُونَ ۝

ഗദ്യഭാഷ

133, അല്ലെങ്കിൽ, യഅ്ക്കൂബിന്നരികിൽ മരണം സന്നിഹിതമായപ്പോൾ, നിങ്ങൾ ദൃക്സാക്ഷികളായിരുന്നുവോ? . എന്റെ പിറകിനാലെ നിങ്ങൾ എന്തിനെയാണ് ആരാധിക്കുക എന്നു തന്റെ പുത്രന്മാരോടു അവൻ പറഞ്ഞപ്പോൾ, അവർ പറഞ്ഞു:– ഞങ്ങൾ നിന്റെ ദൈവത്തെയും, നിന്റെ പിതാക്കന്മാരുടെ—ഇബ്രാഹീമിന്റെയും ഇസ്മായീലിന്റെയും ഇസ്ഹാക്കിന്റെയും—ദൈവത്തെയും ഏക ദൈവമായിട്ടു ആരാധിക്കുന്നതാണ്; ഞങ്ങൾ അവന്നു തന്നെ സർവ്വാത്മനാ സമർപ്പിക്കുന്നവരുമാണ്.

---

പേരാണ് ഇസ്ലാം എന്നതു്. അതുകൊണ്ടാണ് മതമെന്നാൽ, സാക്ഷാൽ സത്യമായ ദൈവത്തിന്റെ പക്കൽ, ഇസ്ലാം ആണെന്നു ഖുർആൻ പ്രഖ്യാപിക്കുന്നതു് (സംഹിത 3ൽ രേഖ 18). ആദംനബി (അ) യുടെ കാലം മുതല്ക്കു്, സത്യമാർഗ്ഗത്തിൽ മനുഷ്യൻ ചെയ്തിട്ടുള്ള സേവനങ്ങളെല്ലാംതന്നെ ഇസ്ലാമിന്റെ സംഭാവനകളാണ്; ആ സേവനങ്ങൾക്കെല്ലാം അടിസ്ഥാനമായി പുലർന്നുപോരുന്ന മതത്തെയാണ്, "നിങ്ങൾക്കുവേണ്ടി സാക്ഷാൽ സത്യമായ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു" എന്നു ഇബ്രാഹീംനബിയും യഅ്ക്കൂബ്നബിയും തങ്ങളുടെ സന്തതികളോടു മരണശയ്യക്കരികിൽ നിവർത്തിക്കൊണ്ടു പറഞ്ഞറിയിച്ചിട്ടുള്ളതു്; ആ മതത്തിന്റെ അനുയായികളുടെ നിലക്കല്ലാതെ നിങ്ങൾ മരിക്കുവാൻ സംഗതിയാകരുതു് എന്നുകൂടി ആ പുണ്യാത്മാക്കൾ തങ്ങളുടെ സന്തതികളോടു കല്പിച്ചിട്ടുണ്ടു്; എന്നിട്ടു അവർ എവിടെ എത്തിയിരിക്കുന്നു എന്നു ആലോചിക്കുവാൻ ഖുർആൻ അവരെ ആഹ്വാനം ചെയ്യുന്നു. ഈ രേഖയുടെ ആശയമൂല്യമിതാണ്.

യഅ്ക്കൂബ്നബിയെ സംബന്ധിച്ച കൂടുതൽ വിശദീകരണത്തിനു, സംഹിത 2ൽ 133, 136, 140 എന്നീ രേഖകളും, സംഹിത 3ൽ രേഖ 83ഉം 92ഉം, സംഹിത 4ൽ രേഖ 163ഉം, സംഹിത 10ൽ രേഖ 85ഉം, സംഹിത 12ഉം, സംഹിത 21ൽ 72, 73 എന്നീ രേഖകളും, സംഹിത 38ൽ 45 മുതൽ 47 വരെയുള്ള രേഖകളും നോക്കുക.

162. തങ്ങൾ എവിടെ എത്തിയിരിക്കുന്നു എന്നു ആലോചിക്കുവാൻ യിസ്രായേൽ സന്തതികളിൽനിന്നു പിളർന്നുണ്ടായ സ്ഥാപിത മതക്കാരോടു ആഹ്വാനം ചെയ്യുകയും തങ്ങളുടെ പിതാക്കന്മാരുടെ മരണകാല ശാസനകളെ അവർക്കു അനുസ്മരിപ്പിക്കുകയും ചെയ്തതിൽ പിന്നെ, യിസ്രായേൽ ഗോത്രക്കാരോടു ഏററവും അടുത്തുനില്ക്കുന്ന ഗോത്രപിതാവിന്റെ മരണവേളയിലെ സംഭവപരമ്പരകളെ ഖുർആൻ അനുസ്മരിപ്പിക്കുന്നു; നോക്കുക: അനുസ്മരണത്തിനു തിരഞ്ഞെടുത്തിരിക്കുന്നതു, യിസ്രായേലിന്റെ—യഅ്ക്കൂബ്നബിയുടെ—മുൻപാകെ മരണം വന്നുനില്ക്കുന്ന സന്ദർഭത്തെയാണ്; നിങ്ങൾ അതിന്റെ ദൃക്സാക്ഷികളായിരുന്നുവോ എന്ന ഒരു ചോദ്യത്തോടുകൂടെ, ലോകത്തിലുണ്ടാകുന്ന സകല ചലനങ്ങളുടെയും ദൃക്സാക്ഷിയിൽനിന്നുള്ളൊരു സംഭവ ചിത്രീകരണത്തിനു ഖുർആൻ പശ്ചാത്തലമൊരുക്കുന്നു. യഅ്ക്കൂബിന്നു മരണം നേരിട്ടു നില്ക്കുന്ന സന്ദർഭമായിരുന്നു അതെന്നു

134. ഇതു ഒരു സമുദായമാണു്,
ദൃഢമായിട്ടു ഇതു കഴിഞ്ഞുപോയിരിക്കുന്നു.
അവൎക്കുണ്ടു അവർ സമാൎജ്ജിച്ചതു്;
നിങ്ങൾക്കുമുണ്ടു നിങ്ങൾ സമാൎജ്ജിച്ചതു.
നിങ്ങളോടു ചോദ്യം ചെയ്യപ്പെടുകയുമില്ല,
അവർ പ്രവൎത്തിക്കുന്നുണ്ടായിരുന്നതിനെക്കുറിച്ചു.[163]

١٣٤- تِلْكَ أُمَّةٌ قَدْ خَلَتْ لَهَا مَا كَسَبَتْ وَلَكُم مَّا كَسَبْتُمْ وَلَا تُسْـَٔلُونَ عَمَّا كَانُوا يَعْمَلُونَ ۝

ഗദ്യഭാഷ—

134. ഇതു കഴിഞ്ഞുപോയിട്ടുള്ളൊരു സമുദായമാണു്. അവർ സമ്പാദിച്ചതു അവൎക്കുണ്ടു്; നിങ്ങൾ സമ്പാദിച്ചതു നിങ്ങൾക്കുമുണ്ടു്. അവർ പ്രവൃത്തിക്കുന്നുണ്ടായതിനെക്കുറിച്ചു നിങ്ങളോടു ചോദിക്കപ്പെടുകയുമില്ല.

വ്യക്തമാക്കിയതിനെത്തുടൎന്നു അതിലെ ഒരു പ്രത്യേക സമയത്തെ എടുത്തുകാണിക്കുന്നു. “യഅ്ഖൂബു് അവസാനമായി തന്റെ സന്തതികളോടു സംസാരിച്ചതു” എന്നതാണു് ആ കാലഘട്ടത്തിന്റെ പ്രത്യേകത. യഅ്ഖൂബു് പുത്രന്മാരോടു അവസാനമായി സംസാരിച്ചതു് ചോദ്യരൂപത്തിലായിരുന്നു; തന്റെ കാലത്തിന്നു ശേഷമായി തന്റെ പുത്രന്മാർ എങ്ങിനെ ജീവിക്കണമെന്നാണു് തങ്ങളുടെ പിതാവു് ആഗ്രഹിക്കുന്നതെന്നു അവൎക്കു മനസ്സിലാക്കുവാൻ എളുപ്പമായിരുന്നു; അതിനെ അവർ എങ്ങിനെ എടുത്തിരിക്കുന്നു എന്നു വ്യക്തമാക്കുകയാണു് ആ ചോദ്യംകൊണ്ടു ഉദ്ദേശിച്ചിരുന്നതു്; അവർ എന്തിനെ ആരാധിക്കണമെന്നാണു് അവരുടെ പിതാവു് തന്റെ അവസാന ശ്വാസത്തിൽകൂടി ആഗ്രഹിക്കുന്നതെന്നു അവൎക്കു അറിയാമായിരുന്നു; അവർ ആ ചോദ്യത്തിന്നു കൊടുത്ത ഉത്തരം അതിനെ വെളിപ്പെടുത്തുന്നുമുണ്ടു്; അവരുടെ കുഡുംബതാല്പൎയ്യങ്ങളെ അല്ലെങ്കിൽ ഗോത്രപരമായ നിലനില്പിനെ എങ്ങിനെ സാധിക്കുമെന്നതായിരുന്നില്ല ആ പുണ്യാത്മാവിന്നുണ്ടായിരുന്ന ആശങ്ക; അവർ എന്തു താല്പൎയ്യത്തെ മുൻനിൎത്തിക്കൊണ്ടു് ജീവിക്കുമെന്നതായിരുന്നു ആ പുണ്യചരിതന്റെ ആശങ്കയുടെ ആകെത്തുക. യഥാൎത്ഥത്തിൽ അവർ ആരാധിക്കേണ്ടവനെത്തന്നെ അവർ ആരാധിക്കുമോ എന്ന പ്രശ്നമാണു് അതിൽ ഉത്ഭവിച്ചിരിക്കുന്നതു്; അവരുടെ മറുപടി അവർ അങ്ങിനെത്തന്നെ ചെയ്യുമെന്നായിരുന്നു; എന്തുകൊണ്ടെന്നാൽ, അവർ ആരാധിക്കണമെന്നു അവരുടെ പിതാവു് ആഗ്രഹിക്കുന്നതു്, തങ്ങളുടെ ഗോത്രത്തിലെ എല്ലാ പ്രധാനികളുടെയും പൂൎവ്വപുരുഷന്മാരുടെയും ആരാധന അൎപ്പിക്കപ്പെട്ടു വന്നിട്ടുള്ള സാക്ഷാൽ സത്യമായ ദൈവത്തേയാണു്തന്നെ. അവരുടെ എല്ലാവരുടെയും ദൈവം ഒന്നുതന്നെയാണല്ലോ? ഗോത്രപരമായും ധാൎമ്മികമായും രണ്ടു പ്രകാരേണയും ഏകദൈവാരാധനയെ തങ്ങൾക്കു് അനുകൂലിക്കാവുന്നതാണെന്നും അതു അവർ തുടൎന്നുപോകുന്നതാണെന്നും ഉറപ്പു കൊടുക്കുകയും, അവന്റെ ഹിതത്തിന്നുവേണ്ടി തങ്ങളെ സൎവ്വാത്മനാ സമൎപ്പിച്ചുകൊണ്ടു തുടൎന്നുപോകുന്നവരാണു് തങ്ങളെന്നു അവർ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കയും ചെയ്തിരുന്നു. മരണശയ്യയിൽ കിടക്കുന്ന തങ്ങളുടെ ഗോത്രപിതാവിന്റെ മുമ്പാകെ തങ്ങളുടെ പൂൎവ്വികന്മാർ ചെയ്ത പ്രതിജ്ഞ സ്ഥാപിത താല്പൎയ്യങ്ങളെ സേവിക്കുന്നതിന്നായി മാറിനില്ക്കുന്ന ഗോത്രമതക്കാൎക്കു പ്രത്യേകമായി ചിന്താവിഷയമാകേണ്ടതാണു്. ഈ വസ്തുതയാണു ഖുർആൻ ഇവിടെ അനുസ്മരിപ്പിക്കുന്നതു്.

ഇബ്രാഹീംനബിയുടെ മകനായ ഇസ്ഹാക്ക്നബിയുടെ മകനാണു് അ്ഖൂബ്നബി; തൗറാത്തിൽ ഇസ്രായീൽ എന്ന പേരിൽകൂടി യഅ്ഖൂബ്നബി അറിയപ്പെടുന്നു. ഇസ്രായേൽക്കാർ എന്ന ഗോത്രപ്പേരിൽ യഅ്ഖൂബ് നബിയുടെ സന്തതികളാണു് അറിയപ്പെടുന്നതു്. യഹൂദമതത്തിന്റെ സ്ഥാപനത്തിന്നു മുമ്പു് അവർ മുസ്ലിംകളായിരുന്നു; സാക്ഷാൽ സത്യമായ ദൈവത്തിന്നു സമൎപ്പിച്ചു ജീവിക്കുന്നവർ എന്നു വിവക്ഷ. ഇസ്മാഈൽനബി(അ), ഇസ്ഹാക്ക്നബി(അ)യുടെ സഹോദരനാണു്; ഇബ്രാഹീംനബി(അ)യുടെ രണ്ടാമത്തെ ഭാൎയ്യ—ഹാജറ—യിൽ ജനിച്ച പുത്രൻ.

തങ്ങളുടെ പൂൎവ്വപിതാക്കന്മാരുടെ ദൈവത്തെ തങ്ങൾ ആരാധിക്കുമെന്നു വ്യക്തമാക്കുന്ന കൂട്ടത്തിൽ, പിതാക്കന്മാരെ സംബന്ധിച്ച വിശദീകരണത്തിൽ, യഅ്ഖൂബ്നബിയുടെ പുത്രന്മാർ, ഇസ്മായീൽനബിയേയും ഇസ്ഹാക്ക്നബിയേയും വ്യത്യാസപ്പെടുത്തിയിരുന്നില്ലെന്നു മനസ്സിലാക്കാവുന്നതാണു്. യഹൂദർ വാദിക്കുന്നതുപോലെ തങ്ങളുടെ കാരണവന്മാർ യഹൂദികളായിരുന്നില്ലെന്ന വസ്തുതയാണു് ഈ രേഖയിൽ തെളിയിക്കപ്പെട്ടിരിക്കുന്നതു്.

[163-ാമത്തെ കുറിപ്പു് മറുപുറത്തു്]

135. അവർ പറയുകയും ചെയ്തു:-
നിങ്ങൾ ആയിത്തീരുവിൻ; യഹൂദർ
അല്ലെങ്കിൽ നസ്രാണികൾ; (ആയിത്തീരുവിൻ)
(എന്നാൽ) നിങ്ങൾ നേർവഴി പ്രാപിക്കുന്നതാണ്.
നീ പറയുക:- പക്ഷെ (ഞങ്ങൾ പിൻപറ്റുന്നതു)
സത്യതല്പരനായിട്ടുള്ള
ഇബ്രാഹിമിന്റെ മതമാർഗ്ഗത്തെയത്രേ;
അവൻ കൂട്ടുദൈവക്കാരിൽ പെട്ടവനായിരുന്നുമില്ല.[164]

١٣٥- وَقَالُوا كُونُوا هُودًا أَوْ نَصٰرٰى تَهْتَدُوا ۗ قُلْ
بَلْ مِلَّةَ إِبْرٰهِمَ حَنِيفًا ۖ
وَمَا كَانَ مِنَ الْمُشْرِكِينَ ۝

ഗദ്യഭാഷ

135. നിങ്ങൾ യഹൂദരാകുവിൻ; അല്ലെങ്കിൽ നസ്രാണികളാകുവിൻ; എന്നാൽ നിങ്ങൾ നേർവഴി പ്രാപിക്കുന്നതാണ് എന്നു അവർ പറയുകയും ചെയ്തു. പക്ഷെ, നിഷ്കപടനായിട്ടുള്ള ഇബ്രാഹിമിന്റെ മതമാർഗ്ഗത്തെയാണ് (ഞങ്ങൾ തുടരുന്നതു) എന്നു നീ പറയുക. അവൻ കൂട്ടുദൈവക്കാരിൽ പെട്ടവനായിരുന്നില്ല.

163. യിസ്രായേല്യരുടെ പൂർവ്വപിതാക്കന്മാർ—ഇബ്രാഹീംനബി (അ) തുടങ്ങി യഅ്ക്കൂബ് നബി (അ) യും അവരുടെ പിൻമുറക്കാരിൽനിന്നും എഴുന്നേല്പിക്കപ്പെട്ട പ്രവാചകന്മാരും—സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി സത്യതല്പരതയെ ബലിയർപ്പിച്ചവരായിരുന്നില്ല; സത്യമാർഗ്ഗത്തിൽനിന്നു വിട്ടുമാറിയവരായിരുന്നില്ല. നേരെമറിച്ചു, അവർ എല്ലാവരും തങ്ങളുടെയും ലോകങ്ങളുടെയും രക്ഷിതാവായ, സാക്ഷാൽ സത്യമായ ദൈവത്തിന്റെ ഹിതത്തിന്നു സർവ്വാത്മനാ സമർപ്പിച്ചു ജീവിച്ചുപോന്നവരായിരുന്നു. ഈ വസ്തുതയാണ് രേഖ 133ൽ യിസ്രായേല്യരുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടതു്. സാധാരണ പരിതസ്ഥിതിയിൽ പാരമ്പര്യത്തിന്നു വിരുദ്ധമായി പെരുമാറുകയെന്നതാണ് പ്രയാസമായിരിക്കുക; അതിനാൽ ഖുർആൻ യിസ്രായേല്യരെ ഉണർത്തുന്നതു്, സത്യത്തെ മാനിച്ചു സത്യമാർഗ്ഗത്തെ സ്വീകരിച്ചു ജീവിക്കയെന്നതു യിസ്രായേല്യരുടെ പാരമ്പര്യത്തെ വെച്ചുനോക്കുമ്പോൾ പ്രയാസകരമായൊരു സംഗതിയല്ലെന്നാണ്; അവരുടെ ഗോത്രപിതാക്കളുടെ ചരിത്രം അതിന്നു തെളിവായി ഖുർആൻ കൊണ്ടുവന്നിരിക്കയും ചെയ്തിരിക്കുന്നു. ഗോത്രബന്ധങ്ങളെ എല്ലാററിനും ഉപരിയായി ഉയർത്തിപ്പിടിക്കുന്ന ജനങ്ങൾ തന്നെ അവരുടെ ഗോത്രപിതാക്കന്മാരുടെ ആദ്ധ്യാത്മിക മഹിമയെ അനുസരിക്കാതിരിക്കുന്നതു എങ്ങിനെയാണെന്നു ആലോചിക്കുവാൻ ഖുർആൻ അതുവഴി അവരെ ആഹ്വാനം ചെയ്യുന്നു. എന്നാൽ, അവരുടെ പൂർവ്വികന്മാർ പുണ്യശാലികളായ സത്യസേവകന്മാരായിരുന്നു എന്നു അസന്നിഗ്ദ്ധമായി വെളിവാക്കുകയും പ്രസ്താവിക്കയും വഴിയാണ് ഖുർആൻ അതിന്റെ ആഹ്വാനത്തെ അവരുടെ ശ്രദ്ധയിൽ എത്തിച്ചതു്. തങ്ങളുടെ പൂർവ്വപിതാക്കന്മാർ പുണ്യശാലികളായിരുന്നു എന്ന പ്രസ്താവനയെ, സ്വാർത്ഥതാല്പര്യങ്ങളുടെ രക്ഷക്കു വേണ്ടി സകല ധാർമ്മികമൂല്യങ്ങളേയും ബലിയർപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്ന ജനങ്ങൾ, അതു അർഹിക്കുന്ന വിധത്തിൽ ഉപയോഗിക്കയില്ല; അവർക്കു ആവശ്യമുള്ള രൂപത്തിൽ അതിനെ പ്രയോജനപ്പെടുത്തുകയും ചൂഷണം ചെയ്കയുമാണ് ചെയ്യുക; പുണ്യശാലികളായ പൂർവ്വികന്മാരുടെ ഗുണാധികാരങ്ങൾ വഴി തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ദുഷ്കർമ്മങ്ങളെ പൊറുപ്പിച്ചു വാങ്ങിക്കൊള്ളാമെന്ന വ്യാമോഹമാണ് അക്കൂട്ടർ അതിൽനിന്നും എടുത്തുകാട്ടുവാൻ ഇടയാവുക. രേഖ 134, അങ്ങിനെയുള്ള വ്യാമോഹങ്ങളുടേയും മിഥ്യാവകാശങ്ങളുടെയും അടിസ്ഥാനമില്ലായ്മയെ വെളിപ്പെടുത്തുന്നു. അങ്ങിനെ ഇസ്ലാമികമായ കർമ്മസിദ്ധാന്തത്തിന്റെ മറുവശത്തെ അവർക്കെതിരായി തിര നീക്കി കാണിക്കയും ചെയ്യുന്നു. പുണ്യാധികാരങ്ങൾ പ്രവൃത്തിയുടെ ഫലങ്ങളാണ്. ഒരാൾ പ്രവർത്തിക്കുക; മറെറാരാൾ അതിന്റെ കർതൃസ്ഥാനത്തിന്നു അവകാശിയായിത്തീരുക എന്നതു ഉണ്ടാവുകയില്ല. പ്രവൃത്തികൾ തങ്ങളുടേതല്ലെങ്കിൽ, ആ പ്രവൃത്തികളുടെ കർതൃസ്ഥാനത്തുള്ളവർക്കു മാത്രം അവകാശപ്പെട്ടതായ ഫലങ്ങളും അവർക്കു അവകാശപ്പെട്ടുകൂടാ; അനുഭവിച്ചുംകൂടാ. ഇതു സൽക്കർമ്മത്തിന്റെ കാര്യത്തിൽ മാത്രമായിട്ടുള്ളൊരു സംഗതിയല്ല; ദുഷ്കർമ്മത്തിന്റെ കാര്യത്തിലും നിയമം ഇതുതന്നെയാണ്. അതിനാൽ തങ്ങൾക്കു മുമ്പു കഴിഞ്ഞുപോയിട്ടുള്ള കാരണവന്മാരുമായിട്ടുള്ള ഗോത്രബന്ധങ്ങളെച്ചൊല്ലിക്കൊണ്ടു അവരുടെ കർമ്മങ്ങളുടെ ഗുണാധികാരങ്ങൾ തങ്ങൾക്കു അനുഭവിക്കുവാൻ സാധിക്കുന്നതാണെന്നു ആരെങ്കിലും പ്രത്യാശിക്കുകയോ; അവരുടെ

[ 164-ാമത്തെ കുറിപ്പ് അടുത്ത പേജിൽ ]

പൂർവ്വീകന്മാരുടെ ദുരിതഫലങ്ങൾക്ക തങ്ങൾ ഉത്തരവാദികളായേക്കുമെന്നും ആരും ശങ്കിക്കുകയോ ചെയ്യേണ്ടതില്ല. അവനവന്റെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും, പ്രവൃത്തി ചെയ്യുവർ എന്ന നിലക്ക അവനവന്റെ പ്രവൃത്തികളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതു മാത്രമാണ്.

164. തങ്ങളുടെ പൂർവ്വപിതാക്കന്മാരെ സംബന്ധിച്ച സത്യവാർത്തകളെ സ്വാർത്ഥപരങ്ങളായ ഗോത്രതാല്പര്യങ്ങൾക്കവേണ്ടി വിനിയോഗിക്കുന്നതിന്നെതിരിൽ യിസ്രായേൽ സന്തതികൾക്ക് നീതിനിഷ്ഠമായ കർമ്മസിദ്ധാന്തത്തെക്കുറിച്ച വിധി നല്കുകയാണ് രേഖ 134ൽ സാധിച്ചതു്; തങ്ങളുടെ സ്വന്തമായിട്ടുള്ള പ്രവൃത്തികൾ വെച്ചുകൊണ്ടു തങ്ങൾ അനന്തരകാലങ്ങളിൽ എവിടെ എത്തിച്ചേർന്നിരിക്കുന്നു എന്നു പരിശോധിക്കുവാനുള്ള ഒരു ആഹ്വാനവും, അങ്ങിനെ തങ്ങളുടെ നിലയെ പരിശോധിക്കുന്നതിന്നു അവക്കു ഉപകരിക്കേണ്ടതായ ധാർമ്മിക മാനദണ്ഡവുമാണു അതിൽ വ്യക്തമാക്കിയതു്. അതിനെത്തുടൎന്നു രേഖ 135ൽ, ഗോത്രമതക്കാരുടെ മുദ്രാവാക്യമായിത്തീർന്നിട്ടുള്ള രണ്ടു വാദങ്ങളെ ഖുർആൻ ചിന്താവിഷയമായിക്കൊണ്ടു വരുന്നു. എന്നിട്ടു ഇബ്രാഹീ(അ)മിന്റെ സത്യമതമാർഗ്ഗത്തെ പിൻതുടരുവാൻ ഖുർആൻ കല്പിക്കുന്നതു്, ഗോത്രമതക്കാരുടെ പൂർവ്വപിതാവാണ് ആ വ്യക്തി എന്നുള്ളതുകൊണ്ടല്ലെന്നും, പ്രത്യുത, സാക്ഷാൽ സത്യമായ ദൈവത്തിന്റെ ഹിതത്തെയല്ലാതെ മറെറാന്നിന്റേയും താല്പര്യത്തെ ദൈവത്തോടു കൂട്ടിച്ചേൎക്കാത്ത സത്യമാത്രവാദിയായതു കൊണ്ടാണെന്നും ഖുർആൻ സ്ഥാപിക്കുന്നു; തലമുറകൾക്ക പിൻമുറകളോടുള്ള രക്തബന്ധത്തെയല്ല ഖുർആൻ പിന്തുടർച്ചയുടെ നിയമത്തിൽ മാനദണ്ഡമായി സ്വീകരിക്കുന്നതു; കർമ്മമൂലമായ ഗുണാധികാരത്തെയാണു മനുഷ്യൻ ധാർമ്മികമായ പിന്തുടർച്ചയിൽ പരിഗണിക്കേണ്ടതായി ഖുർആൻ സ്ഥാപിക്കുന്നതു്; ഒരാൾ കാരണവനോ അനന്തിരവനോ ആയതുകൊണ്ടു ആരും ആരേയും പിന്തുടരണമെന്നോ പിന്തുടരാതിരിക്കണമെന്നോ ഇല്ല; പിന്തുടരപ്പെടേണ്ടതായ ഗുണവിശേഷങ്ങൾ ആ മഹാനുഭാവനിൽ തെളിഞ്ഞുകാണപ്പെടുന്നതുകൊണ്ടാണ് ഇബ്രാഹീം നബി(അ)യെ പിന്തുടരുവാൻ ഖുർആൻ ശാസിച്ചിരിക്കുന്നതു്. എന്നാൽ പാരമ്പര്യത്തിന്റെ സാധാരണ നിയമങ്ങളെ വെച്ചുനോക്കുമ്പോൾ, പൂർവ്വീകന്മാരുടെ സംസ്കാരഗുണങ്ങളെ പിൻപററുകയെന്നതു ആ തലമുറകളിൽനിന്നു ജനിച്ചവൎക്കു ജനങ്ങൾക്കുണ്ടാകുന്നപോലെ, അന്യ ജനങ്ങൾക്ക അത്ര എളുപ്പമായി അനുഭവപ്പെടണമെന്നില്ല; അതിനാൽ സ്വന്തം തലമുറയിൽത്തന്നെ ആദ്ധ്യാത്മികസംസ്കാരത്തിന്റെ പ്രാഥമിക മാതൃകയായ വ്യക്തി ഉണ്ടായിട്ടുള്ള നിലക്ക സത്യമാത്രപ്രധാനമായ മികച്ച സംസ്കാരഗുണത്തെ കൈക്കൊണ്ടു നല്ല പിൻമുറകളെ പുലൎത്തിപ്പോരുകയെന്നതു, യിസ്രായേൽ ഗോത്രത്തിൽപ്പെട്ട വ്യക്തികൾക്ക കൂടുതൽ സുഗമമായിട്ടുള്ളൊരു പദ്ധതിയാണ്; തങ്ങളുടെ പൂർവ്വീകന്മാർ നടന്നിട്ടുള്ളതിന്നു വിപരീതമായി നടക്കുകയെന്നതാണു മനുഷ്യന്നു പ്രയാസമായിട്ടുള്ളതു്; എന്നാൽ തന്റെ പൂർവ്വീകന്മാരുടെ ജീവിതപന്ഥാവു ശരിയല്ലെന്നു കണ്ടതിനാൽ ശരിയായ കർമ്മജ്ഞാനമാർഗ്ഗത്തെ സ്ഥാപിക്കുന്നതിന്നുവേണ്ടി തന്റെ സ്വന്തം പൂർവ്വീകന്മാരുടെ ജീവിതമാർഗ്ഗത്തെ ബഹിഷ്കരിച്ചുകളഞ്ഞിട്ടുള്ള മാതൃകാവ്യക്തിയാണ് യിസ്രായേല്യരുടെ പൂർവ്വീകനായ ഇബ്രാഹീംനബി (അ); അതാണ് ഇബ്രാഹീമിന്റെ മതമാർഗ്ഗമെന്നതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നതു്; അല്ലാതെ ഗോത്രതാല്പര്യത്തെ രക്ഷിക്കുവാൻവേണ്ടി സത്യമാർഗ്ഗത്തിൽ വിലങ്ങടിക്കുകയെന്നതു ഇബ്രാഹീ(അ)മിന്റെ മതമാർഗ്ഗമല്ല; പൂർവ്വീകന്മാരുടെ ദുരാചാരങ്ങളെ ബഹിഷ്കരിക്കുന്നതു പ്രയാസകരമാണെങ്കിൽകൂടി അതിനെ ബഹിഷ്കരിക്കുന്നതിൽ വിജയിച്ചിട്ടുള്ള പാരമ്പര്യമാണ് യഥാർത്ഥത്തിൽ ഇസ്രായേല്യരുടെ പാരമ്പര്യമായിരിക്കേണ്ടതു്; അല്ലാതെ യഹൂദനാവുക ക്രിസ്ത്യാനിയാവുക എന്നിങ്ങനെ ഗോത്രമതങ്ങളെ കൈക്കൊള്ളുന്നതുകൊണ്ടു നേരായ സത്യമാർഗ്ഗത്തിൽ മനുഷ്യൻ ചെന്നെത്തുകയില്ല; സത്യത്തിന്നു വിരുദ്ധമായ ഗോത്രതാല്പര്യങ്ങളെ കൈക്കൊള്ളുന്നതിനാൽ നേർവഴി പ്രാപിക്കയില്ല; യഹൂദനോ ക്രിസ്ത്യാനിയോ ആയാൽ നേർവഴി പ്രാപിക്കുന്നതാണെന്നുള്ള സ്ഥാപിതമതക്കാരുടെ പ്രസ്താവനകളെ നേരിട്ടുകൊണ്ടു നൈസർഗ്ഗീകമായ സത്യനിഷ്ഠയുടെ മാതൃകയായ ഇബ്രാഹീമിന്റെ മതമാർഗ്ഗത്തെയാണ് ഞങ്ങൾ കൈക്കൊള്ളുന്നതെന്നു പറയുക എന്ന ശാസനയുടെ സാരാംശമിതാണ്. ദൈവഹിതത്തിന്റേകൂടെ മറേറതെങ്കിലും താല്പര്യങ്ങളെ കൂട്ടിച്ചേൎക്കുന്നതുകൂടി “ശിർക്ക” എന്ന ദുർഗ്ഗുണത്തിൽ പെടുന്നു; കൂട്ടുദൈവക്കാർ പലതരക്കാരാണ്; അവരുടെ ദൈവങ്ങളും പലതുതന്നെ. മൂഢജനങ്ങളാൽ തെററിദ്ധരിക്കപ്പെട്ട സത്യദൂതനായൊരു പ്രവാചകൻ തുടങ്ങി സ്വാർത്ഥതാല്പര്യങ്ങൾ, കളിമണ്ണുരൂപങ്ങൾവരെ മനുഷ്യർ പൂജിച്ചാരാധിക്കുന്ന വസ്തുതകളെല്ലാംതന്നെ കൂട്ടുദൈവങ്ങളാണ്; ദൈവത്തോടു യാതൊന്നിനെയും കൂട്ടിച്ചേർത്തുകൂടാ. സത്യവിശ്വാസി തന്റെ മതത്തെയോ പ്രവാചകനേയോ, അവന്റെ സ്വന്തം വിശ്വാസത്തെത്തന്നെയോ ആരാധിക്കുന്നവനല്ല; സാക്ഷാൽ സത്യമായ ദൈവത്തെ മാത്രമേ അവന്നു ആരാധിക്കുക സാദ്ധ്യമാകൂ.

“ഹനീഫൻ=സത്യതല്പരതയുള്ള” എന്നതു ഹൻഫൻ എന്ന ധാതുവിൽനിന്നു ഉത്ഭവിക്കുന്ന വിശേഷണശബ്ദമാണ്; പ്രാഥമീകമായ അവസ്ഥയിൽ ചായുക എന്ന അർത്ഥമാണു ഈ ശബ്ദത്തിന്നുള്ളതു; അതിനാൽ

136, നിങ്ങൾ പറയുവിൻ:—
ഞങ്ങൾ വിശ്വസിച്ചു, അല്ലാഹുവിൽ;
ഞങ്ങളിലേക്കു അവതരിപ്പിക്കപ്പെട്ടതിലും;
ഇബ്രാഹീമിന്നും ഇസ്മാഈലിന്നും
ഇസ്ഹാക്കിന്നും യഅ്ക്കൂബിന്നും
ഗോത്രങ്ങൾക്കും അവതരിപ്പിക്കപ്പെട്ടതിലും;
മൂസാക്കും, ഈസാക്കും നല്കപ്പെട്ടതിലും;
തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നു
പ്രവാചകന്മാർക്കും നല്കപ്പെട്ടതിലുംതന്നെ.
ഞങ്ങൾ പക്ഷഭേദപ്പെടുത്തുന്നുമില്ല
അവരിൽനിന്നു ഒരാളുടെയും മദ്ധ്യത്തിൽ;
ഞങ്ങളവന്നു സർവ്വാത്മനാ സമർപ്പിക്കുന്നവരുമാണ്.165

١٣٦- قُولُوٓا اٰمَنَّا بِاللّٰهِ وَمَآ اُنْزِلَ اِلَيْنَا وَمَآ
اُنْزِلَ اِلٰٓى اِبْرٰهٖمَ وَاِسْمٰعِيلَ وَاِسْحٰقَ وَ
يَعْقُوبَ وَالْاَسْبَاطِ وَمَآ اُوتِيَ مُوسٰى وَ
عِيسٰى وَمَآ اُوتِيَ النَّبِيُّونَ مِنْ رَبِّهِمْ لَا نُفَرِّقُ
بَيْنَ اَحَدٍ مِنْهُمْ وَنَحْنُ لَهُ مُسْلِمُونَ ۝

ഗദ്യഭാഷ

136. നിങ്ങൾ പറയുവിൻ:— അല്ലാഹുവിലും ഞങ്ങളിലേക്ക് അവതരിക്കപ്പെട്ടതിലും, ഇബ്രാഹീമിന്നും ഇസ്മായീലിന്നും ഇസ്ഹാകിന്നും യഅ്ക്കൂബിന്നും ഗോത്രങ്ങൾക്കും അവതരിക്കപ്പെട്ടതിലും, മൂസാക്കും ഈസാക്കും നല്കപ്പെട്ടതിലും, പ്രവാചകന്മാർക്കു, തങ്ങളുടെ രക്ഷിതാവിങ്കൽനിന്നു നല്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; അവരിൽനിന്നു ഒരാളെയും മറ്റൊരാളിൽ നിന്നു ഞങ്ങൾ പക്ഷഭേദപ്പെടുത്തുന്നുമില്ല; ഞങ്ങളവന്നുതന്നെ സർവ്വാത്മനാ സമർപ്പിച്ചവരാണ്താനും.

മിഥ്യയെ വിട്ടു സത്യത്തിലേക്കു ചായത്തക്ക നിലയിൽ മനുഷ്യനിൽ, നൈസർഗ്ഗികമായുള്ള സത്യതാല്പര്യ്യ വാസനയെ വെളിപ്പെടുത്തുന്നതു എന്നു 'ഹനീഫൻ' എന്ന പദത്തിന്നു അർത്ഥനിർണ്ണയം ചെയ്യപ്പെട്ടിരിക്കുന്നു. (റാഗിബ് & തബരി). ആദ്യമാതൃകയായ ഇബ്രാഹീം നബി(അ)യുടെയും അവസാന മാതൃകയായ മുഹമ്മദ് നബി (സ) യുടെയും മഹിമയെ പ്രത്യേകമായി പ്രതിപാദിച്ചുകൊണ്ടു ഖുർആനിൽ ഈ വാക്കു പല വശങ്ങളിൽ കൂടി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. അന്ത്യപ്രവാചകന്റെ പിൻഗാമികളായ മുസ്ലീംകളോടും കൂടി ഹനിഫ് എന്ന സ്വഭാവഗുണത്തെ പുലർത്തുവാൻ ശാസിക്കപ്പെട്ടിട്ടുണ്ട്, ഇബ്രാഹീംനബി(സ) അനുഷ്ഠിച്ചിരുന്ന ആദ്ധ്യാത്മിക മുറകളും, അതിനെ കൈക്കൊണ്ടു പുലർത്തിപ്പോരുന്ന വ്യക്തികളും "ഹനീഫുൻ" എന്നു പറയപ്പെടുന്നു. മിഥ്യക്കെതിരായി സത്യത്തിലേക്കു ചായുന്നതു എന്ന അർത്ഥത്തിൽ ഈ വാക്കു പ്രയോഗിക്കപ്പെട്ടു തുടങ്ങിയതു ഖുർആനിന്റെ വെളിപാടിന്നു പിറകെയാണെന്നു തെളിഞ്ഞിരിക്കുന്നു.

165. സ്ഥാപിത മതക്കാരുടെ മതവാദങ്ങളുടെ സങ്കുചിതരീതികളെയാണ് രേഖ 135ൽ ഖുർആൻ വെളിവാക്കിയത്. രേഖ 136ൽ, സത്യാരാധകന്മാരായ ജനങ്ങളുടെ പ്രത്യേകതയായിരിക്കേണ്ടതായ, വിപുലമായ വിശ്വാസപ്രമാണത്തെ ഖുർആൻ വിസ്തരിച്ചുകാണിക്കുന്നു; അതിനെ പ്രഖ്യാപിക്കുവാനുള്ള ശാസനയോടുകൂടെയാണ് അതും ഖുർആൻ വിസ്തരിക്കുന്നത്. സത്യമായിട്ടുള്ള ജീവിതമൂല്യങ്ങളിൽ വിശ്വസിക്കയും സത്യമായിട്ടുള്ളതു പ്രവർത്തിക്കയും മാത്രം ചെയ്താൽ, സത്യവിശ്വാസിയുടെ ധാർമ്മിക ധീരത പരിപൂർണ്ണതയെ പ്രാപിക്കയില്ല; താൻ വിശ്വസിച്ചു അനുസരിച്ചു പ്രവർത്തിക്കുന്ന വസ്തുതയെ പരസ്യമായി പ്രഖ്യാപിക്കയും തന്റെ ആശയങ്ങളുടെയും ആന്തര ബോധത്തിന്റെയും ചലനങ്ങൾ അന്തരീക്ഷത്തിലേക്ക് വളർന്നു വികസിച്ചു മററ ആത്മാക്കളിൽ മാറെറാലി കൊള്ളുകയും ചെയ്താലേ അതു പൂർത്തിയാവുകയുള്ളു.

ഇബ്രാഹീംനബി(അ)യുടെ മതമാർഗ്ഗമെന്നതു സത്യതല്പരതയെ പുലർത്തുന്നതിന്നു വേണ്ടിയുള്ള സ്വാർത്ഥത്യാഗമാണല്ലോ? അല്ലാതെ, ഇബ്രാഹീംനബി (അ) തന്റെ കാലത്തു കൈക്കൊണ്ടതായ കർമ്മപരിപാടികളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒന്നല്ല അതു്. അതിനാൽ പില്ക്കാലത്തിലുണ്ടായ സത്യാരാധനാമാർഗ്ഗങ്ങളെ നിഷേധിച്ചുകൊണ്ടു ഇബ്രാഹീംനബി (അ) യുടെ കാലത്തെ സന്മാർഗ്ഗപദ്ധതിയെ അതേ രൂപത്തിൽ കൈക്കൊള്ളുന്നതിനാൽ ഒരാൾ സത്യാരാധകനായിത്തീരുന്നില്ല; നേരെമറിച്ചു, ഇബ്രാഹീംനബിയുടെ ആരാധകനായിട്ടാണ് അയാൾ രൂപമെടുക്കുക; അതു ഇബ്രാഹീംനബിയുടെ മതമാർഗ്ഗവുമല്ല; ഈ ആശയവൈപരീത്യത്തിൽന്ന് യിസ്രായീൽ സന്ത

| | |
|---|---|
| 137. അങ്ങിനെ അവർ വിശ്വസിച്ചുവെങ്കിൽ;<br>നിങ്ങൾ വിശ്വസിച്ചിട്ടുള്ള അതേ വിധത്തിൽ<br>അപ്പോൾ ദൃഢമായിട്ട്,<br>അവർ നേർവഴി പ്രാപിച്ചിരിക്കുന്നു.<br>ഇനിയവർ പിന്തിരിഞ്ഞുവെങ്കിൽ<br>അപ്പോൾ നിശ്ചയമായിട്ടവർ<br>പരസ്പരമായൊരു പിളർപ്പിലാണ്‌തന്നെ.<br>അപ്പോൾ അവർക്ക് എതിരായി,<br>നിനക്കു മതിയാകുന്നതാണ് അല്ലാഹു;<br>അവനാണ് (സർവ്വത്ര) ശ്രവിച്ചുകൊണ്ടിരിക്കുന്നവൻ;<br>മഹാ വിജ്ഞാനശാലി.[166] | ١٣٧- فَإِنْ اٰمَنُوا بِمِثْلِ مَا اٰمَنْتُمْ بِهٖ<br>فَقَدِ اهْتَدَوْا ۚ وَإِنْ تَوَلَّوْا فَإِنَّمَا<br>هُمْ فِي شِقَاقٍ ۚ فَسَيَكْفِيكَهُمُ اللّٰهُ ۚ<br>وَهُوَ السَّمِيعُ الْعَلِيمُ ۝ |

ഗദ്യഭാഷ

137, അങ്ങിനെ നിങ്ങൾ വിശ്വസിച്ചിട്ടുള്ളതുപോലെതന്നെ അവർ വിശ്വസിച്ചുവെങ്കിൽ, അപ്പോൾ ദൃഢമായിട്ട് അവർ നേർവഴി പ്രാപിച്ചു. ഇനി അവർ പിന്തിരിഞ്ഞുപോയെങ്കിൽ, അപ്പോൾ നിശ്ചയമായിട്ടവർ വലിയൊരു പരസ്പര വിരോധത്തിൽ തന്നെയാണ്. അപ്പോൾ അവക്കെതിരായി, നിനക്കു അല്ലാഹു മതിയാകുന്നതാണ്; അവനാണ് നിരന്തരമായി കേട്ടുകൊണ്ടിരിക്കുന്നവൻ; മഹാ വിജ്ഞാനശാലി.

തികളെ തട്ടിമാററുകയാണ്, ഇവിടെ രേഖ 136ൽ, ഖുർആൻ കൊണ്ടുവന്നിരിക്കുന്ന സത്യവിശ്വാസ വിശദീകരണത്തിൽ ചെയ്യപ്പെട്ടിരിക്കുന്നത്. സാക്ഷാൽ സത്യമായ ദൈവത്താൽ നല്കപ്പെട്ട വസ്തുതകൾ എന്ന നിലക്കാണ്, അല്ലാതെ വേദഗ്രന്ഥങ്ങളുടെയോ വേദനായകന്മാരായ പ്രവാചകന്മാരുടെയോ വ്യക്തിഗതങ്ങളായ വ്യത്യാസങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടല്ല, സത്യവിശ്വാസി വേദസത്യങ്ങളിൽ വിശ്വസിക്കേണ്ടത്; സത്യമായിട്ടുള്ളതിൽ വിശ്വസിക്കുവാൻ കടപ്പെട്ടതുകൊണ്ടു സത്യദൂതന്മാരിലും സത്യവേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നുവെന്നല്ലാതെ സങ്കുചിതമായ വ്യക്തിവ്യത്യാസ താല്പര്യങ്ങൾക്കു, സത്യാരാധകനായ വിശ്വാസിയുടെ വിശ്വാസനിയമത്തിൽ സ്ഥാനമില്ല. രേഖ 136ൻെറ പര്യവസാന വാക്യാംശത്തെ പരിശോധിക്കുക; ഓരോ സത്യവേദഗ്രന്ഥത്തിലും ഓരോ സത്യദൂതനിലും സത്യവിശ്വാസികൾ വിശ്വസിക്കുന്നു; എന്നാൽ അവർ തങ്ങളെത്തന്നെ സർവ്വാത്മനാ സമർപ്പിക്കുന്നതു ആ ദൂതന്മാർക്കോ അവർ കൊണ്ടുവന്ന വേദഗ്രന്ഥങ്ങൾക്കോ അല്ല; സാക്ഷാൽ സത്യമായ ദൈവത്തിനു മാത്രമാണ്. ക്രിസ്ത്യാനികൾ, തങ്ങൾ ക്രിസ്ത്യാനികളാണെന്നു വാദിക്കുന്നതോ, യഹൂദർ തങ്ങൾ യഹൂദരാണെന്നു വാദിക്കുന്നതോ ആയ അർത്ഥത്തിൽ, മുഹമ്മദീയർ തങ്ങൾ മുഹമ്മദീയരാണെന്നു പറഞ്ഞുകൂടാ; ഖുർആനിൻെറ പിൻഗാമികൾ മുഹമ്മദീയരാണ്; എന്നാൽ മുഹമ്മദനബി (സ) യെ പൂജിച്ചുകൊണ്ടു സത്യമാർഗ്ഗത്തിൽനിന്നു മാറിനില്ക്കുന്നവരല്ല; മാത്രമല്ല, സാക്ഷാൽ സത്യമായ ദൈവത്തിനു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്നതും സത്യാരാധകന്മാരുടെ പ്രാരംഭദശ മുതൽ തുടർന്നുവരുന്നതുമായ മനുഷ്യ മഹാസമുദായത്തിലെ ധാർമ്മിക സംസ്കാരത്തിൻെറപാരമ്പര്യത്തെ സ്വീകരിച്ചിട്ടുള്ള ജനവിഭാഗമാണ് അവർ. മേൽപറഞ്ഞ സിദ്ധാന്തത്തെയാണ് രേഖ 136ൽ, ഖുർആൻ പ്രഖ്യാപിക്കുവാൻ ശാസിക്കുന്നത്.

166. യഥാർത്ഥ സത്യവിശ്വാസിയുടെ വിശ്വാസപ്രമാണത്തിൻെറ വിപുലമായ വ്യാപ്തിയെയാണ് ഖുർആൻ രേഖ 136ൽ വിശദീകരിക്കപ്പെട്ടത്. അന്ത്യപ്രവാചകൻെറ അനുയായികളുടെ വിശ്വാസവും അതുതന്നെ. അവർ അങ്ങിനെ വിശ്വസിച്ചിരിക്കുന്നു എന്ന വസ്തുതയെ രേഖ 137ൽ ഖുർആൻ ഉറപ്പിച്ചു പറയുന്നു. എന്നിട്ട്, യഹൂദനോ ക്രിസ്ത്യാനിയോ ആയാൽ മനുഷ്യൻ നേർവഴി പ്രാപിക്കുന്നതാണെന്നു വാദിക്കുന്ന സ്ഥാപിത മതക്കാരെ ഖുർആൻ അനുസ്മരണത്തിനു വിഷയമാക്കുന്നു; അതിനെത്തുടർന്നു അവരുടെ വാദങ്ങളെ സംബന്ധിച്ചു ഖുർആൻ അതിൻെറ താത്വികമായ അടിസ്ഥാനവിധി പ്രഖ്യാപിക്കയും ചെയ്യുന്നു; വ്യക്തിഗതങ്ങളും ഗോത്രപരങ്ങളും കാലദേശാന്തരമൂലങ്ങളുമായ സങ്കുചിത താല്പര്യങ്ങളെ കാര്യമാക്കാതെ, സത്യത്തിനു സർവ്വാത്മനാ സമർപ്പിച്ചു ജീവിക്കുന്നവർ വിശ്വസിച്ചിട്ടുള്ള വിധത്തിലാണ് ഗോത്രമതക്കാർ വിശ്വസിച്ചിട്ടുള്ളതെങ്കിൽ അവർ സത്യമാർഗ്ഗത്തെ പ്രാപിച്ചു എന്നാണ് ചുരുക്കത്തിൽ ഖുർആൻ പ്രസ്താവിക്കുന്നത്. അവർ

138. അല്ലാഹുവിൻെറതായ നിറംപിടിപ്പിനെയാണ്
(ഞങ്ങൾ കൈക്കൊള്ളുന്നത്)
ആരാണ് കൂടുതൽ വിശിഷ്ടനായിട്ടുള്ളത്,
അല്ലാഹുവിനേക്കാൾ,
നിറം പിടിപ്പിക്കുന്നതിൽ ?
ഞങ്ങൾ അവൻെറതാണ് ആ്രാധകന്മാർ.[167]

١٣٨- صِبْغَةَ اللّٰهِ ۚ وَمَنْ أَحْسَنُ مِنَ اللّٰهِ صِبْغَةً ۖ وَنَحْنُ لَهُ عٰبِدُونَ ○

ഗദ്യഭാഷ

138. അല്ലാഹുവിൻെറ ജ്ഞാനസ്നാനത്തെ (ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു); ആരാണ് ജ്ഞാനസ്നാനത്തെ നല്കുന്നതിൽ അല്ലാഹുവിനേക്കാൾ നന്മയുള്ളവൻ. ഞങ്ങൾ അവൻെറമാത്രം ആരാധകന്മാരാണ്.

പിന്നെ സ്ഥാപിത മതക്കാരായി തുടരുകയില്ല എന്ന അർത്ഥമാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. സത്യമാർഗ്ഗത്തിൽക്കൂടിയുള്ള വളർച്ചക്കെതിരായി അവർ അപ്പോൾ തിരിഞ്ഞുനില്ക്കുകയില്ല; ദൈവാരാധന വെടിഞ്ഞ പ്രവാചകാരാധനക്കും വേദാരാധനക്കും തുനിയുകയില്ല; അഥവാ അവർ അങ്ങിനെ വളരുന്നതിന്നെതിരായി പിന്തിരിഞ്ഞുപോവുകയാണെങ്കിൽ, സത്യമായ ദൈവത്തിന്നെതിരായി തങ്ങളുടെ വേദങ്ങളേയും പ്രവാചകന്മാരേയും പൂജിക്കുന്നതിന്നു മുതിരുകയാണെങ്കിൽ, അവരിൽ അടിസ്ഥാനപരമായ ഐക്യത്തിന്നു അവകാശമില്ല; അവരുടെ വേദങ്ങളും പ്രവാചകന്മാരും പലതാകയാൽ അവയിൽ ഓരോന്നിൻെറയും ആരാധകന്മാർ ഓരോ കക്ഷിയായി കലഹിച്ചു പിരിയാതിരിക്കയില്ല; അവർ ഐക്യത്തിലല്ല പിളപ്പിൽ മാത്രമാണ് ചെന്നു അടിയുക. സ്വന്തം താല്പര്യങ്ങളെ അടിസ്ഥാനമാക്കി വെച്ചുകൊണ്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങളുടെ പിന്തുണ, സത്യാരാധകനായ മനുഷ്യന്നു, പ്രത്യേകിച്ചു സത്യാരാധനക്കു വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനത്തെ നയിക്കുന്ന ജനനേതാവിന്നു നഷ്ടപ്പെട്ടുപോകുന്നു; തന്നെയല്ല, അവരുടെ ശത്രുത സമ്പാദിക്കുവാൻ സംഗതിയായിത്തീരുകയും ചെയ്യുന്നു. എന്നാൽ അപ്പോഴും അങ്ങിനെയുള്ള വ്യക്തിക്കു അവശതയെ അവലംബിക്കേണ്ടതില്ല; എല്ലാം എതിരായാലും അജയ്യമായ സത്യത്തിൻെറ ആനുകൂല്യം അങ്ങിനെയുള്ള മനുഷ്യൻ അവകാശപ്പെടുന്നു; സത്യവിശ്വാസിയുടെ ആത്മാർത്ഥതയെ അടിയറ വെക്കുകയാണെങ്കിൽ ആർജ്ജിക്കാവുന്നതാണു അവരുടെ ആനുകൂല്യങ്ങൾ. പക്ഷെ, സാക്ഷാൽ സത്യമായദൈവത്തെ, തൻെറ രക്ഷിതാവായി സ്വീകരിച്ചിട്ടുള്ള മനുഷ്യന്നു, അവരുടെ ആനുകൂല്യങ്ങൾ അവൻെറ ആവശ്യങ്ങളുടെ മുമ്പിൽ അപര്യാപ്തങ്ങളാണ്; അവക്കും അവരുടെ ദൈവങ്ങൾക്കും അവൻെറ ആന്തരമായ പ്രാർത്ഥനയെ തുടർച്ചയായി ശ്രവിക്കുവാനോ അന്യാശ്രയമില്ലാതെ ഗ്രഹിക്കുവാനോ സാദ്ധ്യമല്ല; എന്നിട്ടല്ലേ, അവക്കു അവൻെറ ആവശ്യങ്ങളെ നിവർത്തിക്കുവാൻ സാധിക്കുമോ ഇല്ലയോ എന്നു ആലോചിക്കുവാൻ; സത്യമാത്രതല്പരനായ മനുഷ്യന്നു വിരോധികൾക്കെതിരായി ജീവിതരക്ഷ നല്കുവാൻ സാക്ഷാൽ സത്യമായ ദൈവമത്രേ മതിയായവൻ. സ്ഥാപിതമതക്കാരെപ്പററി തുടങ്ങിയ പ്രതിപാദനത്തിൻെറ ഗതി വിശ്വാസികളെ പരാമർശിച്ചുകൊണ്ടു ഖുർആനിൻെറ പ്രഖ്യാപകനായ നബി (സ) യുടെ ചുററുപാടുകളിലേക്കു് തിരിയുന്നതു നോക്കുക; സത്യാരാധകന്മാരുടെ പരിപൂർണ്ണ മാതൃകയായ മഹാ പുരുഷനെ അനുവാചകന്നു പരിചയപ്പെടുത്തുകയാണ് ഇവിടെ പ്രത്യേകമായി സാധിച്ചിരിക്കുന്നത്; അവക്കെതിരായി നിനക്കു അല്ലാഹു മതിയാകുന്നതാണ് എന്ന വാക്യാംശത്തിന്നു, ഇസ്ലാമിൻെറ വിരോധികളുടെ അന്യായ നടപടികളിൽനിന്നു നിന്നെ രക്ഷിക്കുവാൻ അല്ലാഹു മതിയായവനാണ് എന്നൊരു വ്യാഖ്യാനവുംകൂടിയുണ്ട്. (അബൂഹയ്യാൻ).

ശിഖാഖ്=പിളപ്പ് എന്ന ശബ്ദത്തിന്നു കലഹം എന്നും പിരിഞ്ഞുപോകൽ എന്നും അർത്ഥമുണ്ട്; (തബരി) എതിർപ്പു എന്നും ഇതിന്നു അർത്ഥനിർണ്ണയം ചെയ്യപ്പെട്ടിരിക്കുന്നു; (ഇമാം ഇബ്നു അബ്ബാസ് റ:) സത്യവും ന്യായവുമായ മാർഗ്ഗങ്ങളിൽക്കൂടി പരിശ്രമിച്ചാൽ നികത്താൻ സാധിക്കാത്ത വിധത്തിലുള്ള ഭിന്നിപ്പിലാണ് മേല്പറഞ്ഞ കൂട്ടർ ചെന്നുവീണിരിക്കുന്നതെന്ന ആശയത്തെ അവ വ്യക്തമാക്കുന്നു.

167. സാക്ഷാൽ സത്യമായ ദൈവത്തിൻെറ ഹിതത്തെ അവഗണിച്ചുകൊണ്ടു മററു താല്പര്യങ്ങളെ ആരാധിക്കുന്ന മനുഷ്യരുടെ ഗതിവിഗതികളെക്കുറിച്ചാണ് രേഖ 137ൽ പ്രതിപാദിക്കപ്പെട്ടത്. രേഖ 138ൽ അവരുടെ സ്വന്തമായ മതപരിവർത്തന സിദ്ധാന്തത്തെപ്പററി ഖുർആൻ ഉള്ളുകള്ളികൾ എടുത്തുകാട്ടുന്നു; അതുവഴിയായി അവ

രുടെ സ്ഥാപിതസമ്പ്രദായത്തിലുള്ള മാററങ്ങളും ഇസ്ലാമിക വ്യവസ്ഥിതിയും തമ്മിലുള്ള ആന്തരമായ വ്യത്യാസങ്ങളെ ഖുർആൻ വെളിപ്പെടുത്തുകയും ചെയ്യുന്നു. നൈസർഗ്ഗികമായ മനുഷ്യപ്രകൃതിയെ സ്ഥാപിത സമ്പ്രദായങ്ങളിലേക്ക് പരിവർത്തനപ്പെടുത്തിക്കൊണ്ടാണ് തങ്ങളുടെ സമുദായവലയത്തെ സ്ഥാപിത മതക്കാർ വികസിപ്പിക്കുന്നത്. മനുഷ്യപ്രകൃതിക്കാവശ്യമില്ലാത്ത ചില കർമ്മങ്ങൾക്ക വിധേയമായാലല്ലാതെ ഒരാൾ അവരുടെ സ്ഥാപിത മതത്തിൽ അംഗമായിത്തീരുക സാദ്ധ്യമല്ല; പേരിടൽ ചരടുകെട്ടൽ തുടങ്ങി "മാമോദീസ"വരെ ഭിന്ന താല്പര്യങ്ങളെ വെച്ചാരാധിക്കുന്ന സമുദായക്കാർക്കിടയിൽ കാണപ്പെടുന്ന ചടങ്ങുകൾ തങ്ങളുടെ മതങ്ങളിലേക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ പരിവർത്തനം ചെയ്യിപ്പിക്കുവാനുള്ള ശ്രമങ്ങളാണ്. നൈസർഗ്ഗികമായ മനുഷ്യപ്രകൃതി പരിവർത്തനത്തിന്നു—തങ്ങളുടെ ആചാരപരിധികളിൽ ഒതുങ്ങിനില്ക്കുവാൻ അത്യാവശ്യമാണെന്നു അവർ അനുമാനിച്ചുവെച്ചിട്ടുള്ള ഒരുതരം പരിവർത്തനത്തിന്നു—വിധേയമായാലേ തങ്ങളുടെ ജാതിമതവലയത്തിൽ പ്രവേശിക്കുകയുള്ളു എന്ന വസ്തുതയാണ് ആ വിധമുള്ള ആചാരങ്ങളുടെ ആകെത്തുക. മനുഷ്യന്റെ സ്വാർത്ഥതാല്പര്യങ്ങളെപ്പോലെ തന്നെ, അവന്റെ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മതങ്ങളുടെ സംഖ്യയും അനവധിയാണ്; അങ്ങിനെയുള്ള ഓരോ മതങ്ങളുടേയും ആചാരങ്ങളും അനവധി തന്നെ. എന്നാൽ അവയിൽ ഖുർആൻ പ്രത്യേകമായി എടുത്തുകാണിക്കുന്ന ആചാരം ക്രൈസ്തവ മതത്തിന്റേതാണ്; പക്ഷെ ക്രൈസ്തവരുടെ പരിവർത്തന കർമ്മത്തിന്റെ ആശാസ്യതയേയോ അനാശാസ്യതയേയോ സംബന്ധിച്ച ഖുർആൻ ഒരു അവസാന വിധി ഇവിടെ കൊടുക്കുന്നില്ല; അതു എത്രകണ്ടു അർത്ഥശൂന്യമാണെന്നുള്ളതു, അതിനെപ്പററിയുള്ള ഒരു വിധിപ്രസ്താവന കൂടാതെത്തന്നെ വ്യക്തമാകുന്ന സംഗതിയാണ്; കൂടാതെ മനുഷ്യപ്രകൃതിയെ അതിന്റെ ദൈവദത്തങ്ങളായ നൈസർഗ്ഗിക ഗുണങ്ങളിൽനിന്നു, "മാറിയ നിലവാര"ത്തിലേക്ക് മാററിക്കൊണ്ടു പോകുന്ന മതപരിവർത്തനസിദ്ധാന്തത്തിന്നു പൊതുവിൽതന്നെ ഖുർആൻ അനുകൂലമല്ല; ക്രിസ്ത്യാനികളായ മാതാപിതാക്കന്മാർക്ക ജനിക്കുന്ന സന്തതി തന്നെ മാമോദീസ മുക്കിയില്ലെങ്കിൽ ക്രിസ്ത്യാനിയാവുകയില്ലെന്നുള്ളതാണ് ക്രൈസ്തവമത പരിവർത്തനസിദ്ധാന്തത്തിന്റെ പ്രത്യേകത. ഈ വസ്തുതയെ ഇസ്ലാമിന്റെ നൈസർഗ്ഗികമായ മതസിദ്ധാന്തത്തോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ, മനുഷ്യനെ മനുഷ്യത്വത്തിന്നെതിരായി പരിവർത്തനപ്പെടുത്താതെ മാനുഷ മഹിമകളെ വികസിപ്പിക്കുവാനും രക്ഷിക്കുവാനുമാണ് ഖുർആൻ സിദ്ധാന്തിക്കുന്നതെന്നു വ്യക്തമാകുന്നതാണ്. (സംഹിത 30ൽ രേഖ 30.) ക്രിസ്ത്യാനിയുടെയെന്നല്ല, സകല ജാതിക്കാരുടേയും കുഞ്ഞുങ്ങൾ പ്രായപൂർത്തി പ്രാപിച്ചു സ്വമനസ്സാ സ്ഥാപിതമതങ്ങളിലേക്ക് പരിവർത്തനപ്പെടുന്നതുവരെ മുസ്ലിംകളായിട്ടാണ് ഗണിക്കപ്പെടുക; പക്ഷെ പ്രായപൂർത്തിക്ക ശേഷമല്ലാതെ ധാർമ്മികമായ ചുമതലകൾ കുഞ്ഞുങ്ങൾക്ക ബാധകമല്ലാത്തതിനാൽ, മതനിബന്ധനകൾ അവക്കും മററു മുസ്ലിം കുഞ്ഞുങ്ങൾക്കും ബാധകമല്ലെങ്കിലും, തങ്ങളുടെ മാതാപിതാക്കന്മാരുടേയും രക്ഷിതാക്കന്മാരുടേയും സ്വാധീനത്തിൽ കുഞ്ഞുങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന നടവടികളിൽ വ്യത്യാസങ്ങൾ കാണാമെന്നല്ലാതെ, വ്യക്തിഗതമായ നിലയിൽ പ്രായപൂർത്തി വരാത്ത കുട്ടികൾക്കിടയിൽ ഇസ്ലാമിന്റെ ധാർമ്മിക വ്യവസ്ഥിതി യാതൊരു വിധ വ്യത്യാസവും കല്പിക്കുന്നില്ല; കുഞ്ഞുങ്ങളുടെ പ്രവൃത്തികളിൽ കാണുന്ന ഗുണദോഷങ്ങൾക്ക അവകാശികളും ഉത്തരവാദികളുമായി ഇസ്ലാം അംഗീകരിക്കുന്നതു അവരുടെ മാതാപിതാക്കളേയും രക്ഷിതാക്കളേയും ആണ്; ഇതിൽനിന്നു മനുഷ്യൻ ജനിക്കുന്നതിനോടുകൂടെ ആരംഭിക്കുന്ന അതേ ധാർമ്മിക ഗുണങ്ങളുടെ ഉത്തരവാദിത്വപൂർവ്വമായ പ്രവർത്തനമാണ് ഇസ്ലാം എന്നു വ്യക്തമാകുന്നുണ്ടല്ലോ? ഇതു നൈസർഗ്ഗികവുമാണ്; ഇതിനെയാണ് സ്രഷ്ടാവായ ദൈവത്തിന്റെ വകയായി നല്കപ്പെട്ട ജ്ഞാനസ്നാനം വർണ്ണലബ്ധി, നിറംപിടിപ്പ് അഥവാ മാമോദീസ എന്നു ഖുർആൻ എടുത്തുപറയുന്നതു. നൈസർഗ്ഗികമായ മനുഷ്യത്വവും ഇതു തന്നെ; ഈ വർണ്ണലബ്ധിയെയാണ് കൈക്കൊള്ളുവാൻ ഖുർആൻ ശാസിക്കുന്നത്; പുരോഹിതന്മാർ തേച്ചുപിടിപ്പിക്കുന്ന കൃത്രിമവർണ്ണത്തിന്നു വഴിപ്പെടാതെ ദൈവദത്തമായ ധാർമ്മികവർണ്ണത്തെ, സവിശേഷമായ മനുഷ്യത്വത്തെ, പുലർത്തിപ്പോരേണ്ടവനാണ് മനുഷ്യൻ എന്നു ഇതു സ്ഥാപിക്കുന്നു. സൃഷ്ടികളുടെ ലോകത്തിൽ മനുഷ്യനെ വേർതിരിച്ചുകാണിക്കുന്ന മനുഷ്യത്വത്തെ, ചരാചരസൃഷ്ടികളുടെ കൂട്ടരിൽനിന്നൊരു വിഭാഗത്തിൽ—മനുഷ്യരിൽ—നൈസർഗ്ഗികമായി തേച്ചുപിടിപ്പിച്ചവനായ സാക്ഷാൽ സത്യമായ ദൈവത്തേക്കാൾ മികച്ച ചായപ്പൂണിക്കാരനില്ല; ചിത്രകാരനില്ല; മനുഷ്യനേക്കാൾ മികച്ച ചിത്രവും, മനുഷ്യത്വത്തേക്കാൾ മികച്ച ചായവുമില്ല; അതിനാൽ പുരോഹിതന്മാർ തേക്കുന്ന ചായവും അവരുടെ ചായപ്പൂണിയും അവരുണ്ടാക്കുന്ന

١٣٩- قُلْ أَتُحَاجُّونَنَا فِي اللَّهِ
وَهُوَ رَبُّنَا وَرَبُّكُمْ
وَلَنَا أَعْمَالُنَا وَلَكُمْ أَعْمَالُكُمْ
وَنَحْنُ لَهُ مُخْلِصُونَ ۝

139. നീ പറയുക:
നിങ്ങൾ ഞങ്ങളോടു മത്സരിച്ചു വാദിക്കുന്നുവോ?
അല്ലാഹുവി(ൻെറ കാര്യത്തി)ൽ;
അവനാണെങ്കിൽ ഞങ്ങളുടെ രക്ഷിതാവാണ്;
നിങ്ങളുടെയും രക്ഷിതാവാണ്.
ഞങ്ങൾക്കു ഞങ്ങളുടെ കർമ്മങ്ങളുണ്ടു;
നിങ്ങൾക്കും നിങ്ങളുടെ കർമ്മങ്ങളുണ്ടു.
ഞങ്ങൾ അവന്നാണ് നിഷ്കപടത പുലർത്തുന്നവർ.[168]

ഗദ്യഭാഷ

139. നീ പറയുക: നിങ്ങൾ ഞങ്ങളോടു അല്ലാഹുവിൻെറ കാര്യത്തിൽ മത്സരിച്ചു, വാദപ്രതിവാദം ചെയ്യുന്നുവോ? അവനാണെങ്കിൽ, ഞങ്ങളുടെ രക്ഷിതാവാണ്; നിങ്ങളുടേയും രക്ഷിതാവാണ്; ഞങ്ങൾക്കു ഞങ്ങളുടെ കർമ്മങ്ങളുണ്ടു്; നിങ്ങൾക്കു നിങ്ങളുടെ കർമ്മങ്ങളുമുണ്ടു്. ഞങ്ങൾ അവന്നു കലർപ്പില്ലാത്ത യാഥാർത്ഥ്യമുള്ളവരുമാണ്.

ചിത്രവും, മനുഷ്യൻേറയും മനുഷ്യത്വത്തിൻേറയും മനുഷ്യൻെറ സ്രഷ്ടാവായ ദൈവത്തിൻേറയും മുമ്പിൽ വിലപ്പോവുകയില്ല; ചായപ്പണി ചെയ്യുന്നതിൽ സാക്ഷാൽ സത്യമായ ദൈവത്തേക്കാൾ മെച്ചപ്പെട്ടതു ആരാണെന്നുള്ള ചോദ്യത്തിൻെറ ആശയമൂല്യമിതാണ്. ഈ വസ്തുത മനുഷ്യൻ അറിയണമെന്നുള്ളതാണ് ഈ രേഖയുടെ ആന്തരമായ അടിസ്ഥാനസംഗതി; ഇതു അറിഞ്ഞില്ലെങ്കിൽ പുരോഹിതന്മാരുടെ കൃത്രിമപ്പണികൾക്ക് അടിപ്പെട്ടു അവൻെറ മനുഷ്യത്വം നഷ്ടപ്രായമായിപ്പോകുന്നതാണ്; അങ്ങിനെ വന്നാൽ പിന്നെ അവൻ ആരാധിക്കുന്നതു തൻെറ സ്രഷ്ടാവായ ദൈവത്തെയായിരിക്കുകയില്ല; സ്വാർത്ഥതാല്പര്യങ്ങൾ, ഗോത്രമനസ്ഥിതികൾ, യാഥാസ്ഥിതിക വാസനകൾ തുടങ്ങിയ മററു ദൈവങ്ങളെയായിരിക്കും അവൻ ആരാധിക്കുക. അതിനാൽ ദൈവദത്തമായ വർണ്ണത്തെ, മനുഷ്യത്വത്തെ, പാലിച്ചുകൊള്ളുവാനുള്ള ശാസനയുടെ പിന്നിൽതന്നെ അങ്ങിനെ ചെയ്യുന്നതിനാലുണ്ടാകുന്ന കർമ്മഫലത്തെക്കൂടി ഖുർആൻ വ്യക്തമാക്കുന്നു. തങ്ങൾ സാക്ഷാൽ സത്യമായ ദൈവത്തെ മാത്രം ആരാധിക്കുന്ന കൂട്ടരാണ്, മററു താല്പര്യങ്ങൾക്കു വഴങ്ങുന്നവരല്ല എന്ന സംഗതിയാണ് മുസ്ലിംകൾക്കു, 'മാമോദീസ' മുതലായ പുരോഹിതാചാരങ്ങളെ വെടിഞ്ഞ മനുഷ്യത്വത്തെ പുലർത്തിപ്പോരുവാനുള്ള ധാർമ്മികമായ ഹേതു; ഇവിടെ മനുഷ്യത്വത്തിൻെറ ധാർമ്മികമൂല്യത്തെയാണ് ഖുർആൻ വെളിപ്പെടുത്തുന്നതു്. മനുഷ്യത്വത്തിന്നു വേണ്ടിയുള്ള മനുഷ്യത്വത്തേയല്ല, സത്യസേവകു വേണ്ടിയുള്ള മനുഷ്യത്വത്തേയാണു ഖുർആൻ, മുസ്ലിംകളോടു പാലിച്ചുപോരുവാൻ സിദ്ധാന്തിക്കുന്നതു്. രേഖ 138ൻെറ പര്യവസാനത്തിൽനിന്നു വ്യക്തമായിത്തീരുന്ന സംഗതിയാണിതു്.

സ്വബ്ഗ: എന്ന വാക്കിന്നു ചായം കൊടുത്തു., വർണ്ണംപിടിപ്പിച്ചു എന്നു അർത്ഥമാണ്. വെള്ളത്തിൽ മുക്കുന്നതിന്നുംകൂടി ഈ വാക്ക് ഉപയോഗിക്കപ്പെടുന്നു; ജ്ഞാനസ്നാനം എന്നു അറിയപ്പെടുന്നതും മനുഷ്യനെ ക്രിസ്ത്യാനിയാക്കുന്നതിന്നു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ ഒരു മതാചാരത്തിന്നും ഈ വാക്കു തന്നെയാണ് അറബിഭാഷയിൽ ഉപയോഗിക്കപ്പെടുന്നതു്. അറബി രാജ്യങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന, ജ്ഞാനസ്നാന ജലത്തിൽ പുരോഹിതന്മാർ ചില വർണ്ണവസ്തുക്കൾ ചേർത്തിരുന്നു എന്നും, അതുകൊണ്ടാണ് ചായംമുക്കുക എന്ന അർത്ഥത്തിൽ ഉടലെടുത്ത ഒരു പദം ഈ ആചാരത്തെ ഉദ്ദേശിച്ചു ഉപയോഗിക്കുവാൻ ഇടയായതെന്നും ഒരു ബലമായ അഭിപ്രായഗതിയുണ്ടു്. എന്നാൽ ഖുർആൻ ഇവിടെ പ്രതിപാദിക്കുന്നതു സാക്ഷാൽ സത്യമായ ദൈവത്തിൻേറതായൊരു ജ്ഞാനസ്നാനത്തെ അല്ലെങ്കിൽ വർണ്ണദാനത്തെക്കുറിച്ചാണല്ലോ? അല്ലാഹുവിൻെറ "സ്വിബ്ഗത്ത്" എന്നു പറഞ്ഞാൽ, സാക്ഷാൽ സത്യമായ ദൈവത്താൽ മനുഷ്യന്നു നൈസർഗ്ഗികമായി നല്കപ്പെട്ട പ്രത്യേകത എന്ന അർത്ഥമാണുള്ളതു്. മനുഷ്യന്നു പൊതുവെയുള്ള വർണ്ണവും അതുതന്നെ. മനുഷ്യനെ മററു സൃഷ്ടികളുടെ കൂട്ടത്തിൽനിന്നു വ്യത്യസ്തനായിക്കാണിക്കുന്ന വിശേഷത തന്നെയാണതു. വർണ്ണങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു വസ്തുക്കളെ തിരിച്ചറിയാൻ സാധിക്കുന്നു; മനുഷ്യൻെറ പ്രത്യേകത, മനുഷ്യനെ മൃഗങ്ങളിൽനിന്നു വേർതിരിച്ചുകാണുവാനുപകരിക്കുന്നു; വിപുലമായ അർത്ഥത്തിൽ മനുഷ്യന്നു പൊതുവെ ദൈവദത്തമായി ലഭിച്ചിട്ടുള്ള പ്രത്യേകതയും മനുഷ്യത്വവും മനുഷ്യപ്രകൃതിയും ഒന്നു തന്നെ. അതിനെ

[ 168-ാമത്തെ കുറിപ്പ് അടുത്തപേജിൽ ]

140. അഥവാ, നിങ്ങൾ പറയുന്നുവോ?
നിശ്ചയമായിട്ടു, ഇബ്രാഹിമും, ഇസ്മായിലും,
ഇസ്ഹാക്കും, യാക്കൂബും ഗോത്രങ്ങളും തന്നെ,
യഹൂദികളോ നസ്രാണികളോ ആയിരുന്നെന്നു.
നീ പറയുക: നിങ്ങളോ കൂടുതൽ അറിയുന്നതു?
അതല്ല; അല്ലാഹുവോ? (ആരാണ്?)
ഇനി ആരുണ്ടു് കൂടുതൽ അക്രമകാരിയായിട്ടു,
അല്ലാഹുവിൽ നിന്നു, തൻെറ പക്കലുള്ള
സാക്ഷ്യത്തെ പൂഴ്ത്തിവെച്ചവനേക്കാൾ?
അല്ലാഹു അജാഗ്രത കൊള്ളുന്നവനുമല്ല;
നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു.[169]

١٤٠- أَمْ تَقُولُونَ إِنَّ إِبْرٰهِمَ وَإِسْمٰعِيلَ
وَإِسْحٰقَ وَيَعْقُوبَ وَالْأَسْبَاطَ كَانُوا هُودًا
أَوْ نَصٰرٰى ۗ قُلْ ءَأَنْتُمْ أَعْلَمُ أَمِ اللّٰهُ ۗ
وَمَنْ أَظْلَمُ مِمَّنْ كَتَمَ شَهَادَةً عِنْدَهُ
مِنَ اللّٰهِ ۗ
وَمَا اللّٰهُ بِغَافِلٍ عَمَّا تَعْمَلُونَ ○

ഗദ്യഭാഷ

140. (അങ്ങിനെ) അല്ലെങ്കിൽ നിശ്ചയമായിട്ടു, ഇബ്രാഹീമും ഇസ്മായിലും ഇസ്ഹാക്കും യഅ്ക്കൂബും ഗോത്രങ്ങളും യഹൂദികളോ നസ്രാണികളോ ആയിരുന്നെന്നു നിങ്ങൾ പറയുന്നുവോ? നീ പറയുക: നിങ്ങൾക്കോ കൂടുതൽ അറിവുള്ളതു; അതല്ല അല്ലാഹുവിന്നോ? അല്ലാഹുവിൽനിന്നു തൻെറ പക്കലുള്ളസാക്ഷ്യ(പത്ര)ത്തെ പൂഴ്ത്തിവെച്ചവനേക്കാൾ കൂടുതൽ അക്രമകാരിയായിട്ടു ഇനി ആരുതന്നെയുണ്ടു്? നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു അല്ലാഹു അജാഗ്രതയായിരിക്കുന്നവനുമല്ല.

പുലർത്തുന്ന വിശ്വാസകർമ്മപദ്ധതിയുടെ പേരു അവൻെറ മതത്തിൻെറ പേരുമാണ്. അതും ദൈവദത്തമായിട്ടുള്ളതു തന്നെയാണ്; അതും അവനിൽ മാത്രം കാണപ്പെടുന്ന പ്രത്യേകതയാണല്ലോ? അതിനാൽ ഇവിടെ പ്രയോഗിക്കപ്പെട്ടിട്ടുള്ളതായ, അല്ലാഹുവിൻെറ സ്വിബ്ഗത്ത്=ഛായക്കൂട്ടു എന്ന വാക്യാംശത്തിന്നു, ദൈവദത്തമായ മതം എന്നും, ദൈവദത്തമായ മനുഷ്യൻെറ നൈസർഗ്ഗീക പ്രകൃതി എന്നും രണ്ടു വ്യാഖ്യാനങ്ങൾ ഉണ്ടു്; (അബൂഹയ്യാൻ). രണ്ടും മനുഷ്യസൃഷ്ടിയുടെ പ്രത്യേകതയെക്കുറിക്കുന്നതും അന്യോന്യം അനുരഞ്ജിച്ചുകൊണ്ടു അഭിവൃദ്ധിയെ പ്രാപിക്കുന്നതുമായ രണ്ടു ജീവിതവ്യവസ്ഥകൾ തന്നെ എന്നു മനസ്സിലാക്കാവുന്നതാണ്.

168. മനുഷ്യനെ മററു സൃഷ്ടികളിൽനിന്നു വ്യത്യാസപ്പെടുത്തിക്കാണിക്കുന്ന വർണ്ണത്തെ, നൈസർഗ്ഗികമായ മനുഷ്യത്വത്തെ, പുരോഹിതന്മാർ തേച്ചുപിടിപ്പിക്കുന്ന ഛായത്താൽ മലിനപ്പെടുവാൻ സംഗതിയാകരുതെന്ന വസ്തുതയാണ് രേഖ 138ൽ വെളിവാക്കപ്പെട്ടതു്. എന്നാൽ മനുഷ്യത്വത്തെ പാലിച്ചു പോഷിപ്പിക്കുന്നതു അതിനെത്തന്നെ ഒരു ആരാധനാവസ്തുവാക്കി മാററുവാനല്ലെന്നും നേരെമറിച്ചു, സാക്ഷാൽ സത്യമായ ദൈവത്തിന്നു മാത്രമായി ആരാധന ചെയ്തു ജീവിക്കുവാൻ വേണ്ടിയാണെന്നുംകൂടി അവിടെ വ്യക്തമാക്കപ്പെടുകയുണ്ടായി. ഇതിൽനിന്നു, പുരോഹിതന്മാർ കൊടുക്കുന്ന വർണ്ണസ്നാനങ്ങളെ സ്വീകരിക്കാതിരിക്കുന്നതുകൊണ്ടു—മനുഷ്യത്വത്തെ സ്വീകരിച്ചു പോഷിപ്പിക്കുന്നതുകൊണ്ടു—സ്ഥാപിതമതക്കാരുടെ കൂടി രക്ഷിതാവായ ദൈവത്തെ തങ്ങൾ സ്വീകരിക്കുന്നില്ലെന്നു വരുന്നില്ല. അതിനാൽ പുരോഹിതന്മാർ കൊടുക്കുന്ന വർണ്ണവ്യത്യാസങ്ങളെച്ചൊല്ലി, സാക്ഷാൽ സത്യമായ ദൈവത്തിൻെറ കാര്യത്തിൽ മത്സരവാദങ്ങൾ നടത്തുന്നതു ബുദ്ധിശൂന്യതയാണ്. ഈ വസ്തുതയെ പരസ്യമായി പറഞ്ഞുമനസ്സിലാക്കുവാൻ സത്യവിശ്വാസിയെ ശാസിക്കുകയാണ് രേഖ 139ൽ ഖുർആൻ ചെയ്യുന്നതു്. പക്ഷെ, ഒരു സംഗതികൂടി അതിനോടുകൂടെ വ്യക്തമാക്കണമെന്നു ഖുർആൻ അനുസ്മരിപ്പിക്കുന്നു; തങ്ങളുടെ രക്ഷിതാവു് മനുഷ്യത്വവിരുദ്ധങ്ങളായ വർണ്ണവ്യത്യാസങ്ങളെ സ്വീകരിക്കുന്നവർക്കും അവയെ ബഹിഷ്കരിക്കുന്നവർക്കും, അതുവഴി ദൈവദത്തമായ വർണ്ണവിശേഷതയെ, മനുഷ്യത്വത്തെ, പുലർത്തുന്നവർക്കും തകർക്കുന്നവർക്കും പൊതുവെയുള്ള രക്ഷാധികാരിയാണെന്നല്ലാതെ, തങ്ങൾ ചെയ്യുന്ന പ്രവൃത്തികളിൽ തങ്ങൾക്കു കൂട്ടും കൂറുമില്ല; ഓരോ വ്യക്തിക്കും വിഭാഗങ്ങൾക്കുമുള്ളതു അവരുടെ കർമ്മങ്ങൾ മാത്രമാണ്; അവ അവരുടെ ഉദ്ദേശങ്ങൾക്കും കർമ്മഗുണങ്ങൾക്കും അനുസരിച്ചു അന്യോന്യം വ്യത്യസ്തവുമാണ്. അതിനാൽ തങ്ങളുടെ പ്രവൃത്തികളുടെ ഗുണദോഷങ്ങളുടെ കാര്യത്തിൽ വിശകലനങ്ങളും വാദപ്രതിവാദങ്ങളും നടത്താമെന്നല്ലാതെ, തങ്ങളുടെ എല്ലാവരുടെയും പൊതുവെയുള്ള രക്ഷിതാവായ ദൈവത്തിൻെറ കാര്യത്തിൽ ആരും തർക്കിക്കേണ്ടതില്ല. നിങ്ങൾ ചെയ്യുന്നതു ഈ വേണ്ടാത്ത പ്രവൃത്തിയാ

[169-ാമത്തെ കുറിപ്പ് മറുപുറത്തു്]

ണോ എന്ന ചോദ്യത്തിന്റെ രൂപത്തിലാണ് ഈ വസ്തുത പ്രഖ്യാപിക്കുവാൻ ഖുർആൻ ശാസിക്കുന്നത്. എന്നിട്ട്, പുരോഹിതവർഗ്ഗങ്ങളെ സ്വീകരിക്കാത്തതിനാൽ തനിക്ക് പ്രത്യേകമായി ഉളവായിട്ടുള്ള ഒരു വിശേഷതയെക്കൂടി വ്യക്തമാക്കുവാൻ, പുരോഹിതവർഗ്ഗങ്ങളെ ബഹിഷ്കരിച്ചിരിക്കുന്ന വിശ്വാസി ശാസിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ സത്യാരാധനയിൽ മററു താല്പര്യങ്ങളെ കലർത്താത്തവരാണ് തങ്ങളെന്നു സത്യവിശ്വാസികളിൽ പെട്ട വ്യക്തി തന്റെ നിലയെ വിശദീകരിക്കേണ്ടതുണ്ട്. ദൈവത്തിന്റെ രക്ഷക്ക് വിധേയമാകുന്ന കാര്യത്തിൽ ഞങ്ങളും നിങ്ങളും തുല്യമാണെങ്കിൽക്കൂടി, രക്ഷിതാവിനെ മാനിച്ചുകൊണ്ടു ചെയ്യുന്ന പ്രവൃത്തികളിൽ മററു താല്പര്യങ്ങളെ കലർത്തുന്നില്ലെന്ന വിഷയത്തിൽ ഞങ്ങളും നിങ്ങളും വ്യത്യാസമുള്ളവരാണ് എന്നു തന്നെ. യിസ്രായേൽ സന്തതികളെയാണ് ഇവിടെ സംബോധന ചെയ്തിരിക്കുന്നതെങ്കിലും, ദൈവത്തെച്ചൊല്ലി അന്യതാല്പര്യങ്ങളെ ആരാധിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ഇതു ബാധകമാണ്.

169. സ്രഷ്ടാവായ ദൈവത്തിന്റെ രക്ഷാധികാരത്തിനുള്ളിൽ പുലർന്നുപോരുന്നവർ എന്ന നിലക്ക് തങ്ങൾക്ക് പ്രത്യേകതകളില്ലെന്നും, അതിനാൽ ദൈവത്തിന്റെ കാര്യത്തിൽ തങ്ങളോടു വിപരീതമായി വാദിക്കേണ്ടതില്ലെന്നും, എന്നാൽ കർമ്മമാർഗ്ഗത്തിൽ തങ്ങളുടെ നിലക്ക് പ്രത്യേകതയുണ്ടെന്നും ആ വ്യത്യാസത്തിന്റെ അടിസ്ഥാനം കലർപ്പില്ലാത്ത സത്യസേവയുടേതാണെന്നും ഉള്ള പരമാർത്ഥത്തെ വെളിപ്പെടുത്തുവാൻ വിശ്വാസിയുടെ മികച്ച മാതൃകയായ നബി (സ) ശാസിക്കപ്പെടുകയുണ്ടായി; രേഖ 139ൽ വിശദീകരിക്കപ്പെട്ടതു ആ വസ്തുതയാണ്. അതിനെത്തുടർന്നു രേഖ 140ൽ, ഗോത്രമതക്കാരുടെ പ്രതിനിധികളായിത്തീർന്നിരിക്കുന്ന യഹൂദരേയും ക്രൈസ്തവരേയും ഖുർആൻ അഭിമുഖീകരിക്കുന്നു; അവർ പറയുന്നുണ്ടോ എന്നു അക്കൂട്ടർ അവരോടു തന്നെ ചോദിക്കേണ്ടതായ ഒരു ചോദ്യത്തെയാണ് ഖുർആൻ അവരെ നേരിട്ടുകൊണ്ടു, അവരുടെ മുമ്പാകെ വെക്കുന്നത്. അതിന്റെ ഉദ്ദേശം, ഈ ചോദ്യത്തിൽനിന്നു അവരുടെ വാദങ്ങളുടെ അടിസ്ഥാനശൂന്യത അവർക്കു വെളിപ്പെടണമെന്നുള്ളതാണ്; ഇങ്ങിനെയുള്ള അടിസ്ഥാനശൂന്യങ്ങളായ അനുമാനങ്ങളുടെ ഉള്ളുകള്ളി തുറന്നുകാട്ടുന്നതിന്നു വേണ്ടി ചോദ്യങ്ങൾ ഉപയോഗിക്കുകയെന്നതു ഖുർആനിൽ കാണപ്പെടുന്ന പ്രതിപാദനരീതിയാണ്; (സംഹിത 7ൽ രേഖ 195 നോക്കുക). യഹൂദ മതത്തേയും ക്രിസ്തുമതത്തേയും തങ്ങൾ സ്ഥാപിച്ച കാലത്തിന്നു മുമ്പുണ്ടായിരുന്ന പുണ്യശാലികളായ പ്രവാചകന്മാർ, യഹൂദരോ ക്രിസ്ത്യാനികളോ ആയിരുന്നോ എന്നുള്ളതാണ്, ക്രൈസ്തവനോ യഹൂദനോ ആയാലല്ലാതെ മോക്ഷമില്ലെന്നു വാദിക്കുന്ന സ്ഥാപിത മതക്കാർ, തങ്ങളോടു തന്നെ ചോദിക്കേണ്ടതു്. സ്ഥാപിത മതങ്ങളുടെ മുന്നണിയിൽ നില്ക്കുന്ന യിസ്രായേൽ മതങ്ങൾ തന്നെ നേർമാർഗ്ഗത്തിന്റെ പ്രവാചകന്മാരായി സമ്മതിച്ചിട്ടുള്ള വ്യക്തികളെയാണ്, അവർ ക്രിസ്ത്യാനികളോ യഹൂദരോ ആയിരുന്നുവോ എന്ന പ്രശ്നത്തിൽ ചിന്താവിഷയമായി ഖുർആൻ കൊണ്ടുവന്നിരിക്കുന്നതു്. യഹൂദരുടെ പ്രധാന പ്രവാചകനായ മോശെ തന്നെ താൻ യഹൂദനാണെന്നു പറഞ്ഞിട്ടില്ല; ക്രിസ്തുവും താൻ ഒരു ക്രിസ്ത്യാനിയാണെന്നു പറഞ്ഞിട്ടില്ല; എന്നാൽ പിന്നെ അവർ എന്തായിരുന്നു എന്നാണ് അപ്പോൾ ആലോചിക്കേണ്ടതു്. അവർ സാക്ഷാൽ സത്യമായ ദൈവത്തിന്നു സമർപ്പിച്ചു ജീവിച്ചിരുന്ന വ്യക്തികളായിരുന്നു; മുസ്ലിംകൾ തന്നെ. അവർ അങ്ങിനെയാണ് ജീവിച്ചിട്ടുള്ളതെന്നും അങ്ങിനെ ജീവിക്കുവാൻ തങ്ങളുടെ അനുയായികളെ ശീലിപ്പിക്കുന്നതിന്നാണ് അവർ എല്ലാവരും അദ്ധ്വാനിച്ചിട്ടുള്ളതെന്നുമുള്ള പരമാർത്ഥത്തെ, പിൻകാലത്തുണ്ടായ ഗോത്രമതക്കാരേക്കാൾ കൂടുതൽ അടുത്തും അസന്നിഗ്ദ്ധമായും അറിയുന്നവൻ അല്ലാഹുവാണ്; ഈ സംഗതിയും ഒരു ചോദ്യത്തിന്റെ രീതിയിലാണ് ഖുർആൻ വെളിപ്പെടുത്തുന്നതു്; ഉത്തരത്തിൽ ഒരിക്കലും തെററു പററാത്ത വിധത്തിൽ ചെയ്യപ്പെടുന്ന ചോദ്യങ്ങളാണിവ; എന്നാൽ സ്ഥാപിത മതക്കാർ ശരിയായ ഉത്തരം അറിയുന്നവരാണെങ്കിൽത്തന്നെ തങ്ങളുടെ താല്പര്യങ്ങൾക്കെതിരായി അവയെ വെളിപ്പെടുത്തുന്ന കൂട്ടരല്ല; തങ്ങളുടെ പക്കലുള്ള സത്യസാക്ഷ്യങ്ങളേയും സ്വന്തം മനസ്സാക്ഷിയേയും തന്നെ പൂഴ്ത്തിവെച്ചുകൊണ്ടെങ്കിലും താല്പര്യങ്ങളെ രക്ഷിക്കുവാൻ ശീലിച്ചിട്ടുള്ളവരാണ് അവർ; എങ്കിലും സത്യത്തെ ഗ്രഹിക്കുവാൻ മനുഷ്യന്നു നൈസർഗ്ഗികമായി നല്കപ്പെട്ടിട്ടുള്ള കഴിവിനെ ഖുർആൻ അവരുടെ കാര്യത്തിലുംകൂടി നിരാകരിക്കുന്നില്ല; അതിനാൽ അവർ ചെയ്തുകൊണ്ടിരിക്കുന്ന അക്രമത്തെ—സത്യസാക്ഷ്യത്തെ പൂഴ്ത്തിവെക്കുക എന്ന മഹാ പാതകത്തെ—കുറിച്ചുള്ള ചോദ്യവുംകൂടി അവരുടെ നേരെത്തന്നെ ഖുർആൻ ചോദിക്കുന്നു. അവസാനമായി അവരിൽ കാണപ്പെടുന്ന എല്ലാ വൈപരീത്യങ്ങൾക്കും കൂടിയുള്ള അടിസ്ഥാനകാരണത്തെ ഖുർആൻ അവരുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുന്നു. ആന്തരമായി പരിശോധി

141. അതു് ഒരു സമുദായമാണു്.
അവർ ദൃഢമായിട്ടു് കഴിഞ്ഞുപോയിരിക്കുന്നു.
അവർക്കുണ്ടു, അവർ സമാർജ്ജിച്ചതു;
നിങ്ങൾക്കുമുണ്ടു നിങ്ങൾ സമാർജ്ജിച്ചതു.
നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമല്ല;
അവർ പ്രവർത്തിക്കുന്നുണ്ടായതിനെക്കുറിച്ചു.[170]

١٤١- تِلْكَ أُمَّةٌ قَدْ خَلَتْ ۖ
لَهَا مَا كَسَبَتْ وَلَكُم مَّا كَسَبْتُمْ ۖ
وَلَا تُسْأَلُونَ عَمَّا كَانُوا يَعْمَلُونَ ۝

ഷ

141. അതു കഴിഞ്ഞുപോയിട്ടുള്ളതായൊരു (ജന) സമുദായമാണു്. അവർ സമ്പാദിച്ചതു ക്കുണ്ടു്; നിങ്ങൾ സമ്പാദിച്ചതു നിങ്ങൾക്കുമുണ്ടു്. അവർ പ്രവർത്തിക്കുന്നുണ്ടായതിനെക്കുറിച്ചു് ങ്ങളോടു ചോദിക്കപ്പെടുകയുമില്ല.

ച്ചാൽ അവരെസംബന്ധിച്ചുള്ള ഒരു അടിസ്ഥാനവസ്തുതയെപ്പററി അവർ വേണ്ട വിധത്തിൽ ഉണർന്നിട്ടില്ലെന്ന വസ്തുതയാണു് ഖുർആൻ എടുത്തുകാട്ടുന്നതു്; അതായതു, തങ്ങൾ ചെയ്തുകൂട്ടുന്ന പ്രവൃത്തികളെക്കുറിച്ചു തങ്ങളുടെ സ്രഷ്ടാവു്, സാക്ഷാൽ സത്യമായ ലോകരക്ഷിതാവു്, ജാഗ്രതയില്ലാത്തവനല്ലെന്ന വസ്തുതയെ സ്ഥാപിതമതക്കാർ ഫലപ്രദമായ വിധത്തിൽ ഗ്രഹിച്ചിട്ടില്ല; അതിനാൽ, ആ വസ്തുതയെ ഖുർആൻ അവരുടെ ആന്തരമായ ആലോചനയിൽ കൊണ്ടുവരുന്നു. രേഖ 140ൻെറ പ്രചോദനമൂല്യമിതാണു്.

170. തങ്ങളുടെ പ്രവൃത്തികളെക്കുറിച്ചു സാക്ഷാൽ സത്യമായ സ്രഷ്ടാവു് ജാഗ്രതയില്ലാത്തവനല്ലെന്ന വസ്തുതയാണു് സ്ഥാപിത മതക്കാരുടെ പ്രവൃത്തികളിലെ വൈപരീത്യങ്ങൾക്കുള്ള പരിഹാരബോധത്തിന്നായി ഖുർആൻ പ്രഖ്യാപിച്ചതു്. ആ സംഗതി അറിഞ്ഞിട്ടും അതിൽ വിശ്വസിച്ചിട്ടുംകൂടി വൈപരീത്യങ്ങളെ വിട്ടകലയാത്ത ചിലരുണ്ടു്; സ്ഥാപിത മതക്കാരുടെ പുരോഹിതന്മാരിൽ വളരെപ്പേർ അങ്ങിനെയുള്ളവരാണു്. അവർ ചെയ്യുന്നതു അക്രമമാണെന്നും അതെല്ലാം അവരുടെ രക്ഷിതാവായ ദൈവം ജാഗ്രതയോടെ കണ്ടുകൊണ്ടിരിക്കയാണെന്നും അവക്കു അറിയാവുന്ന വസ്തുതയാണു്. എന്നിട്ടും അവർ അവരുടെ വൈപരീത്യശീലങ്ങളെ അകററി നിറുത്തുന്നില്ല; തങ്ങളുടെ പരമ്പരയിൽ പെട്ട പുണ്യവാന്മാർ ചെയ്തു സമ്പാദിച്ചുപോയിട്ടുള്ള ഗുണാധികാരങ്ങൾ കൊണ്ടു, തങ്ങളുടെ പാപങ്ങൾക്കു പരിഹാരങ്ങൾ ചെയ്യാമെന്നു വിചാരിക്കുന്നവരാണു് മേല്പറഞ്ഞ കൂട്ടരിൽ മിക്കവാറുമുള്ളതു്; പുണ്യവാന്മാരായ പ്രവാചകന്മാരുമായി തങ്ങൾക്കുള്ള ഗോത്രബന്ധത്തെ വെച്ചുകൊണ്ടു സ്വന്തം ദുഷ്കർമ്മങ്ങളെപ്പററി സമാധാനപ്പെടുന്ന കൂട്ടത്തിലാണവർ. രേഖ 141ൽ ഖുർആൻ മേല്പറഞ്ഞ വിധത്തിലുള്ള സമാധാനഭാവത്തെ, യാഥാർത്ഥ്യങ്ങളുടെ നേരെ തട്ടിയുണർത്തുകയാണു് ചെയ്യുന്നതു്. ഈ രേഖയുടെ വാക്യാംശങ്ങളുടെ വിശദീകരണത്തിന്നു, രേഖ 134ഉം കുറിപ്പുകളും നോക്കുക. പ്രവാചകന്മാരെ സംബന്ധിച്ച ചരിത്രരേഖകൾക്കു് ഖുർആൻ പരിഭാഷയുടെ മുഖവുര നോക്കാവുന്നതാണു്.

രേഖ 134ൽ, മനുഷ്യൻെറ പ്രവൃത്തിയുടെ ഗുണദോഷാധികാരങ്ങളെപ്പററി തുടങ്ങിയ പ്രതിപാദനങ്ങൾ, രേഖ 141ൽ അതേ ആശയങ്ങളുടെ ആവർത്തനത്തെ ആവശ്യപ്പെടുന്ന ക്രമത്തിൽ ഈ സന്ധിയിൽ വളർന്നുകൂടിയിരിക്കുന്നതു നോക്കുക; അനുവാചകൻെറ ഹൃദയത്തിൽ ആവിർഭവിക്കുന്ന അനുമാനങ്ങളെ ആന്തരമായ അടിസ്ഥാന സത്യത്തിന്നു എതിരാകാത്ത വിധത്തിൽ ഓരോ വശങ്ങളിൽക്കൂടി അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു അടിസ്ഥാനവിഷയത്തിലേക്കു് ഖുർആൻ തിരിച്ചുകൊണ്ടുപോയിരിക്കുന്നതും ശ്രദ്ധിക്കുക; കർമ്മങ്ങളുടെ ഗുണദോഷാവകാശങ്ങളിൽ വ്യക്തിക്കു നല്കപ്പെട്ടിരിക്കുന്ന ഭേദഗതിയില്ലാത്ത നിലപാടിനെയാണതു സ്ഥാപിക്കുന്നതു്. രേഖ 134ൽ ഗുണവാന്മാരെ സംബന്ധിച്ച പ്രതിപാദനത്തോടും, രേഖ 141ൽ ദോഷവൃത്തികൾ പുലർത്തുന്നവരെ സംബന്ധിച്ച പ്രസ്താവനയോടും പ്രസ്തുത കർമ്മസിദ്ധാന്തത്തെ ആവർത്തിച്ചു വെളിപ്പെടുത്തിയിരിക്കുന്നു; രണ്ടു അവസരങ്ങളിലും, വാക്യത്തിൻെറ ശബ്ദങ്ങളും ശൈലിയും എല്ലാം ഒന്നു തന്നെ; നന്മയ്ക്കും തിന്മയ്ക്കും ഒരുപോലെ ബാധകമായൊരു സിദ്ധാന്തമാണു് ഈ രേഖയിലെ പ്രതിപാദനവസ്തുവെന്നു ഇതിൽനിന്നു ഗ്രഹിക്കേണ്ടതാണു്.

— സ്തുതി സർവ്വശക്തനായ ലോകരക്ഷിതാവിന്നു —

*Printed at:* THE UNION PRINTERS, 25, Khazi St. Basavangudi, BANGALORE-4.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 297.12 Acc. No. 86190

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 7 MAR 2002 | | |
| 29 JAN 2006 | | |
| 4 APR 2006 | | |
| 2 FEB 2014 | | |
| | | |
| 20 AUG 2014 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

297.12    86190

Mcon.K.

[illegible]

[illegible] പരിഭാഷ [illegible]

ഭാഗം I

KOTTAYAM PUBLIC LIBRARY

Call No. 297:12 Acc. No. 86190

Author [illegible]

Title ഖുർആൻ പരിഭാഷ. Vol-I

Indic Digital Archive Foundation

gpura.org